www.malankaralibrary.com

ജി. ചേടിയത്ത്

# ആദിമ സഭാപിതാക്കന്മാർ

കോട്ടയം

1983

www.malankaralibrary.com

ഗീവർഗീസ് ചേടിയത്ത്

# ആദിമസഭാപിതാക്കന്മാർ

(നാലും അഞ്ചും നൂററാണ്ടുകളിലെ ദൈവശാസ്ത്രജ്ഞന്മാർ
കൃതികൾ, ദൈവവിജ്ഞാനീയം)

NO· 65

പൗരസ്ത്യവിദ്യാപീഠം
വടവാതൂർ—കോട്ടയം
686010

1983

www.malankaralibrary.com

Aadimasabhapitakanmar
A publication of the Oriental Institute of Religious Studies,
P. B. No. 1. Vadavathoor, Kottayam, 686010, India.

Nihil Obstat: Rev. Dr. Xavier Koodapuzha
Imprimatur: Most Rev. Benedict Mar Gregorios,
Archbishop–Metropolitan of Trivandrum.

Copyright: Geevarghese Chediath, 1983.

Price: Rs. 24.00

Printed at the Ashram Press,
Manganam, Kottayam-18

www.malankaralibrary.com

# ഉള്ളടക്കം


ഉള്ളടക്കം vii

മുഖവുര xii

അവതാരിക xiii

ആമുഖം xv

അദ്ധ്യായം 1: നിഖ്യാവിശ്വാസപ്രമാണം 1

ആരിയൻ ചരിത്രം 2. അന്ത്യോക്യൻ സിനഡ് (325) 2. നിഖ്യാ സുനഹദോസ് 4. ആരിയനിസം_ വളർച്ച 5. അന്ത്യോക്യൻ സിനഡ് (341) 7. സിർമിയം സിനഡ് (349) 13. **അനുബന്ധം:** 325 നും 381 നും ഇടയ്ക്കു കൂടിയ സിനഡുകൾ 15. അടിക്കുറിപ്പ് 17.

അദ്ധ്യായം 2: ആരിയൂസ് 19

**കൃതികൾ:** നിക്കൊമേദിയയിലെ എവുസേബിയസിനെഴുതിയ കത്ത് 22. അലക്സാന്ത്രിയായിലെ അലക്സാണ്ടറിനെഴുതിയ കത്ത് 23. താലിയ 25. കോൺസ്റ്റൻടൈനുള്ള കത്ത് 27. ആരിയനിസം_അവശേഷിക്കുന്ന പ്രശ്നങ്ങൾ 28. **അനുബന്ധം 1:** ആരിയൂസും പാഷണ്ഡതയും 29. 2:ആരിയനിസത്തിന്റെ ഉത്ഭവത്തെക്കുറിച്ച് സൊക്രാട്ടസ് 31.

അദ്ധ്യായം 3: അലക്സാന്ത്രിയായിലെ അലക്സാണ്ടർ 32

**കൃതികൾ** 32. ദൈവശാസ്ത്രം 35. **അനുബന്ധം:**നിഖ്യായിൽ സംബന്ധിച്ച പിതാക്കന്മാർ അലക്സാന്ത്രിയൻ സഭയ്ക്കയച്ച സിനഡൽ ലേഖനം 36.

അദ്ധ്യായം 4: വി. അത്തനാസ്യോസ് 40

**കൃതികൾ** 42: വിശ്വാസ സമർത്ഥന—താത്വിക കൃതികൾ 43. അയഥാർത്ഥ താത്വിക കൃതികൾ 45. ചരിത്രപരവും താത്വികവുമായ കൃതികൾ 47. ഭാഷ്യകൃതികൾ 49. ആധ്യാത്മിക കൃതികൾ 49. കത്തുകൾ 51: ഫെസ്റ്റൽ കത്തുകൾ 52. സിനൊഡൽ കത്തുകൾ 52. ചാക്രിക ലേഖനങ്ങൾ 53. ദൈവശാസ്ത്രവും താർക്കികവുമായ കത്തുകൾ 53. എപ്പിക്റ്ററസിനുള്ള കത്ത് 54. സംശയാസ്പദമായ കത്തുകൾ 67. **ദൈവശാസ്ത്രം** 67: ത്രിത്വം 69. വചനവും മനുഷ്യരക്ഷയും 71. ക്രിസ്തുശാസ്ത്രം 71. പരിശുദ്ധാത്മാവ് 72. മാമോദീസാ 72.

അദ്ധ്യായം 5: ത്മുയിസിലെ സെറാപ്പിയോൻ 73

**കൃതികൾ** 73. എവുക്കൊലോഗിയോൻ 74. **അനുബന്ധം:** മർക്കോസിന്റെ അനാഫറ (സ്ട്രാസ്ബർഗ് പപ്പീറസ്) 96.

www.malankaralibrary.com




അദ്ധ്യായം 6: മൂന്ന് അലക്സാണ്ഡ്രിയൻ ചിന്തകന്മാർ 98

1. ദിദിമൂസ് 98: കൃതികൾ 99: ത്രിത്വത്തെപ്പറ്റി 99. പരിശുദ്ധാത്മാവിനെപ്പറ്റി 100. മനിക്കെയർക്കെതിരെ 100. നഷ്ടപ്പെട്ട താത്വിക കൃതികൾ 100. ഭാഷ്യകൃതികൾ 101. ദൈവശാസ്ത്രം 101: ത്രിത്വം 102. ക്രിസ്തുശാസ്ത്രം 102. പരിശുദ്ധാത്മാവ് 103: സഭ 103. ഉത്ഭവപാപവും മാമോദീസായും 104. ദൈവമാതാവ് 104. മനുഷ്യൻ 104. അപ്പൊകതസ്റ്റസിസ് 105. 2 തെയോഫീലസ് 105. കൃതികൾ 106: പാസ്കൽ കാനൻ 106. ലേഖനങ്ങൾ 106. പാസ്കൽ ലേഖനങ്ങൾ 107. 3. വി. സിറിൽ 107. കൃതികൾ 109: പഴയനിയമ ഭാഷ്യങ്ങൾ 110. പുതിയനിയമഭാഷ്യങ്ങൾ 111. ആര്യർക്കെതിരെയുള്ള താത്വിക—താർക്കിക കൃതികൾ 112. നെസ്തോറിയർക്കെതിരെയുള്ള താത്വിക_താർക്കിക കൃതികൾ 112. ജൂലിയനെതിരെയുള്ള വിശ്വാസസമർത്ഥനം 114. നോമ്പുകാലലേഖനങ്ങൾ 114. പ്രസംഗങ്ങൾ 115. കത്തുകൾ 115. ദൈവശാസ്ത്രം 116: ദൈവശാസ്ത്ര രീതി 116. ക്രിസ്തുശാസ്ത്രം 117. മരിയശാസ്ത്രം 118. അനുബന്ധം 1: സിനേസിയൂസ് 119. കൃതികൾ 119. രാജത്വത്തെപ്പറ്റിയുള്ള പ്രഭാഷണം 119. ഈജിപ്ഷ്യൻ പ്രഭാഷണം 120. ദിയോൺ 120. പത്തു ഗീതങ്ങളുടെ ഒരു സമാഹാരം 120. രണ്ടു പ്രസംഗങ്ങൾ 120. അനുബന്ധം 2: പനോപ്പൊളീസിലെ നോന്നൂസ് 121. അനുബന്ധം. 3: ദെർ_ബലിസെ പപ്പീറസ്. 121.

അദ്ധ്യായം 7: ഈജിപ്തിലെ സന്ന്യാസപിതാക്കന്മാർ 122

1 അന്തോണിയോസ് 124; 2. അമ്മോണാസ് 125; 3. പക്കോമിയസ് 125; പക്കോമിയസിന്റെ നിയമാവലി 126; 4. ഹോർസിയെസി 126; 5 തിയഡോർ 126; 6. ഈജിപ്തിലെ മക്കാരിയൂസ് 127; 7. അലക്സാണ്ഡ്രിയയിലെ മക്കാരിയൂസ് 127:8. പോന്തൂസിലെ എവാഗ്രിയസ് 128: കൃതികൾ 129: ആന്റിറേറ്റിക്കോസ് 129. സന്ന്യാസി 130. കണ്ണാടി 130. ഗ്നോസ്റ്റിക് പ്രശ്നങ്ങൾ 100. പ്രാർത്ഥനയെപ്പറ്റി 130. എവുളോഗിയൂസ് സന്ന്യാസിക്ക് 130. ബിബ്ളിക്കൽ ഭാഷ്യങ്ങൾ 131. കത്തുകൾ 131. 9. പല്ലാഡിയൂസ് 131: കൃതികൾ 132; ലൗസിയാക് ചരിത്രം 132. വി. യോഹന്നാന്റെ ജീവിതത്തെക്കുറിച്ചുള്ള സംവാദം 132. ഇൻഡ്യയിലെ ആളുകളെക്കുറിച്ചും ബ്രാഹ്മണരെക്കുറിച്ചും 132, 10. പെലൂസിയത്തിലെ ഇസിദോർ 132;11. അത്രിപ്പെയിലെ ഷെനൂദ് 134; 12. അപ്പൊഫ്തെഗ്മാതാ പാത്രും. 135: 13. ക്ളിസ്മായിലെ മാർ ഔഗേൻ 135.

അദ്ധ്യായം 8: ഏഴ സീറോ–പലസ്തീനിയൻ ചിന്തകന്മാർ 136

ആമുഖം 136. അന്ത്യോക്യൻ വിദ്യാപാഠശാല 137; ചെസാറിയൻ വിദ്യാപാഠശാല 138. സാമസോട്ടയിലെ പൗലോസ് 138; അന്ത്യോക്യയിലെ മാൽക്കിയോൻ 138; ലൂസിയൻ 139. ഡൊറോത്തെയൂസ് 140. അന്ത്യോക്യയിലെ ഒസ്താത്യോസ് 140. അന്ത്യോക്യയിലെ ഏസിയൂസ് 143. സിസിക്കൂസിലെ എവുണോമിയൂസ് 144: കൃതികൾ 145: ഒന്നാം അപ്പൊളജി 145; രണ്ടാം അപ്പോളജി 145; വിശ്വാസ പ്രഖ്യാപനം 146; റോമാലേഖനഭാഷ്യം 146. കത്തുകൾ. 146. അനുബന്ധം 1: അന്ത്യോക്യ 147; 2. സത്യവിശ്വാസ സംബന്ധമായ സംവാദം 150.

www.malankaralibrary.com



അദ്ധ്യായം 9: ചെസറിയായിലെ എവുസേബിയസ് 151

കൃതികൾ 153: 1. ചരിത്രകൃതികൾ 154; ദിനവൃത്താന്തം 154; സഭാചരിത്രം 156; പാലസ്റ്റൈൻ രക്തസാക്ഷികൾ; 157. 2. കോൺസ്റ്റൻടൈനുള്ള ആശംസാപ്രസംഗം 157: കോൺസ്റ്റൻടൈൻെറ ജീവചരിത്രം 157; വിശുദ്ധരുടെ സമൂഹത്തിനു് 158; കോൺസ്റ്റൻടൈനുള്ള ആശംസ 159; 3. അപ്പോളജെററിക്കൽ കൃതികൾ 160: പൊതുവായ പ്രാഥമികാമുഖം 160; സുവിശേഷത്തിനൊരുക്കം 161; സുവിശേഷത്തിനുള്ള തെളിവു് 161; പ്രത്യക്ഷീകരണം 162; പൊർഫീരിക്കെതിരെ 163; ഹിയെരൊക്ലെസിനെതിരെ 163; 4. വേദപുസ്തകഭാഷ്യകൃതികൾ 163: എവാൻജെലിക്കൽ കാനൻ 163; ഒണൊമാസ്റ്റിക്കോൺ 164;വേദപുസ്തകചോദ്യോത്തരങ്ങൾ 164. സങ്കീർത്തനഭാഷ്യം 165; ഏശായാഭാഷ്യം 165; ബഹുഭാര്യാത്വവും പിതാക്കന്മാരുടെ വലിയ കുടുംബങ്ങളും 165; ഉയിർപ്പിനെപ്പററി 165; 5. താത്വികകൃതികൾ 166: മർസെല്ലൂസിനെതിരെ 166; സഭാദൈവശാസ്ത്രം 167; 6. പ്രസംഗങ്ങൾ 167; 7. ലേഖനങ്ങൾ 168; ചെസറിയായിലെ ജനങ്ങൾക്കയച്ച കത്തു് 168.

അദ്ധ്യായം 10: എവുസേബിയസിൻെറ പിൻഗാമികൾ 172

1. അകാചിയൂസ് 172; 2. ജലാസിയൂസ് 173; 3. എവുസോയ്യൂസ് 174; 4. എമേസയിലെ എവുസേബിയസ് 174; അനുബന്ധം: എമേസയിലെ നെമേസിയൂസ് 176.

അദ്ധ്യായം 11: യറുശലേമിലെ വി. സിറിൽ 179

കൃതികൾ 180: മതാധ്യാപന പ്രസംഗങ്ങൾ 180; കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്കുള്ള കത്തു് 181; പ്രഭാഷണങ്ങൾ 182; ദൈവശാസ്ത്രം 182: ക്രിസ്തുശാസ്ത്രം 183; പരിശുദ്ധാത്മാവ് 185; മാമോദീസാ 185; കർബാന 187.

അദ്ധ്യായം 12: ദിയദോറും തിയഡോറും 189

1. **തർസോസിലെ ദിയദോർ** 189: കൃതികൾ 191,2. **മൊപ്സുവെസ്ത്യയിലെ തിയഡോർ** 192:**കൃതികൾ** 193: 1.പഴയനിയമഗ്രന്ഥഭാഷ്യങ്ങൾ 193: ഉത്പത്തിഭാഷ്യം 193; സങ്കീർത്തനഭാഷ്യം 194; പന്ത്രണ്ടു് ചെറിയ പ്രവാചകന്മാരുടെ ഭാഷ്യം 195; 2. പുതിയനിയമ ഭാഷ്യങ്ങൾ 195:യോഹന്നാൻെറ സുവിശേഷത്തിനുള്ള ഭാഷ്യം 195; പൗലോസിൻെറ പത്തു ചെറിയ ലേഖനങ്ങളുടെ ഭാഷ്യം 195; പൗലോസിൻെറ നാലു വലിയ ലേഖനങ്ങളുടെ ഭാഷ്യം 196; 3. ആരാധനക്രമസംബന്ധമായവ 196; മതാധ്യാപന പ്രസംഗങ്ങൾ 196; തിരുവവതാരം 197; മററു കൃതികൾ 198; ദൈവശാസ്ത്രം 200: ക്രിസ്തുശാസ്ത്രം 200. മനുഷ്യൻ 204. ജ്ഞാനസ്നാനവിശ്വാസപ്രമാണം 204. കർബാന 205. കമ്പസാരം 205. തിയഡോർ_വ്യക്തി 206. തിയഡോറും പേർഷ്യൻ സഭയും 209.

അദ്ധ്യായം 13: നെസ്തോറിയൂസും തിയഡോറെററും 210

1. **നെസ്തോറിയൂസ്** 210: **നെസ്തോറിയൂസിൻെറ പ്രശ്നങ്ങൾ** 213: ഹൈപ്പോസ്റ്റാററികവും സ്വാഭാവികവുമായ ഐക്യം 213; ദൈവഘാതകത്വം 214; ദൈവമാതാവു് 214. കൃതികൾ 216. 2. **സൈറ-**

www.malankaralibrary.com



**സ്സിലെ തിയഡൊറെററ്** 217: **കൃതികൾ** 219: ഭാഷ്യകൃതികൾ 219. അപ്പോളജെററിക്കൽ കൃതികൾ 222. ഡോഗ്മാററിക് താർക്കിക കൃതികൾ 224. ചരിത്രകൃതികൾ 226. പ്രസംഗങ്ങൾ 227. കത്തുകൾ 227. **അനുബന്ധം**: അപ്പമേയായിലെ പോളിക്രോണിയോസ് 228.

അദ്ധ്യായം 14: വി. ജോൺ ക്രിസോസ്തോം 229

**കൃതികൾ** 233: പ്രസംഗങ്ങൾ 234: പഴയനിയമ ഹോമിലികൾ 235 പുതിയനിയമ ഹോമിലികൾ 236. ലേഖനഭാഷ്യ ഹോമിലികൾ 238. താത്വിക_താർക്കിക കൃതികൾ 242. ധാർമ്മിക പ്രതിപാദനങ്ങൾ 242. പെരുന്നാൾ പ്രസംഗങ്ങൾ 243. സ്തുതിപ്രഭാഷണങ്ങൾ 244. സാന്ദർഭിക പ്രഭാഷണങ്ങൾ 245. പ്രതിപാദനങ്ങൾ 246. കത്തുകൾ 251. അയഥാർത്ഥ കൃതികൾ 251. **ദൈവശാസ്ത്രം** 252: ക്രിസ്തുശാസ്ത്രം 253. കന്യകമറിയം 254. ഉത്ഭവപാപം 254. പാപമോചനം 255. കർബാന 255.

അദ്ധ്യായം 15: നാലും അഞ്ചും നൂററാണ്ടുകളിലെ ഏഷ്യ ചിന്തകന്മാർ 258

1. ലവദീക്യയിലെ അപ്പൊളിനാരിസ് 258. ഭാഷ്യകൃതികൾ 259; അപ്പോളജെററിക്കൽ കൃതികൾ 259. താർക്കിക കൃതികൾ 259. താത്വിക കൃതികൾ 259. കവിതകൾ 259. കത്തുകൾ 259. ദൈവശാസ്ത്രം 260.
2. ബേറോയായിലെ അകാചിയൂസ് 263.
3. ഹ്പ്തോളെമായിസിലെ അന്ത്യോക്കസ് 264.
4. ബോസ്ത്രായിലെ ടൈററസ് 264.
5. ഗാബാലായിലെ സെവേരിയൻ 266.
6. യറുശലേമിലെ ഹെസിക്കിയൂസ് 267.
7. സലാമീസിലെ എപ്പിഫാനിയസ് 271.

അനുബന്ധം:കോൺസ്റ്റാൻറിനോപ്പിൾ വിശ്വാസപ്രമാണം 277.

അദ്ധ്യായം 16: ഏഷ്യാമൈനറിലെ എഴുത്തുകാർ 278

1. നിക്കോമേദിയായിലെ എവുസേബിയസ് 279; 2. നിഖ്യായിലെ തെയോഗ്നിസ് 281. 3. അസ്തേരിയൂസ് എന്ന സോഫിസ്റ്റ് 282; 4. അൻസീറായിലെ മർസെല്ലൂസ് 283; 5. അൻസീറായിലെ ബേസിൽ 285; 6. തിയാനായിലെ എവുത്തേരിയൂസ് 287; 7. കോൺസ്റ്റാൻറിനോപ്പിളിലെ പ്രോക്ലൂസ് 288; 8. കോൺ. ജന്നാഡിയൂസ് 290; 9. സെലൂഷ്യയിലെ ബേസിൽ 291; 10. മെത്തോഡിയൂസ് 292; 11. ഇക്കോണിയത്തിലെ ആംഫിലോക്കിയൂസ് 293; 12. അമാസെയായിലെഅസ്തേരിയൂസ് 296; 13. മക്കാരിയോസ് മാഗ്നെസ് 296; 14. അൻസീറായിലെ നീലൂസ് 297; 15. സന്യാസിയായ മർക്കോസ് 301; 16. ഫൊത്തീസിലെ ഡിയഡോക്കസ് 304.

അദ്ധ്യായം 17: മഹാനായ വി. ബേസിൽ 306

ആമുഖം 306. **കൃതികൾ** 311; ദൈവശാസ്ത്രപരം 311; ആധ്യാത്മികകൃതികൾ 312; പ്രബോധകകൃതികൾ 313; പ്രസംഗങ്ങൾ 314; കത്തുകൾ 315. ആരാധനാക്രമം 316. **ദൈവശാസ്ത്രം** 316: ത്രിത്വം 316; സമസത്ത 317;പരിശുദ്ധാത്മാവ് 318; കർബാന 318; കമ്പസാരം 319. **ബേസിലും സന്യാസവും** 319. **ബേസിലും സാമൂഹ്യപ്രവർത്തനവും** 320.

www.malankaralibrary.com



അദ്ധ്യായം 18: വി. ഗ്രിഗറി നസ്യാൻസൻ 323

കൃതികൾ 326; പ്രഭാഷണങ്ങൾ 326; കവിതകൾ 327; കത്തുകൾ 327. ദൈവശാസ്ത്രം 328; ത്രിത്വം 328; പരിശുദ്ധാത്മാവ് 329; ക്രിസ്തുശാസ്ത്രം 330; കന്യകമറിയം 331; ഗ്രിഗറി നസ്യാൻസൻ— വ്യക്തി 332.

അദ്ധ്യായം 19: നീസ്സായിലെ വി. ഗ്രിഗോറിയോസ് 338

കൃതികൾ 339; താത്വികകൃതികൾ 340; ഭാഷ്യകൃതികൾ 342; ആദ്ധ്യാത്മിക കൃതികൾ 345; പ്രസംഗങ്ങളും പ്രഭാഷണങ്ങളും 347; കത്തുകൾ 349; ദൈവശാസ്ത്രം 349; തത്വശാസ്ത്രവും ദൈവശാസ്ത്രവും 350; ത്രിത്വപഠനം 350; കന്യകമറിയം 351; കാലാന്ത്യം 351; മിസ്റ്റിസിസം 352.

അദ്ധ്യായം 20: കോൺസ്റ്റാൻറിനോപ്പിളിലെ നാലു സഭാചരിത്രകാരന്മാർ 355

1. സീദിലെ ഫിലിപ്പ് 355; 2. ഫിലൊസ്റ്റോർജിയൂസ് 357; 3. സൊക്രാട്ടസ് 359; 4. സൊസോമെൻ 360; അനുബന്ധം 1: അൻസീറാ സിനഡ് (314_ൽ) 361; കാനോനാകൾ 362; 2. നെയോചെസാറിയാ സിനഡ് (315_ൽ) 368; കാനോനാകൾ 368; 3. ഗാംഗ്ര സിനഡ് 371: കാനോനാകൾ 372.

പേരുകൾ മലയാളം_ഇംഗ്ലീഷ് 376.

സ്ഥലനാമങ്ങൾ 378.

ചുരുക്കെഴുത്തുകളുടെ പൂർണരൂപം 379.

Bibliography 380.

www.malankaralibrary.com

# മുഖവുര

ആദിമസഭാപിതാക്കന്മാരുടെ സജീവസന്ദേശം ദിഗന്തങ്ങളിൽ മാറെറാലിക്കൊള്ളുന്നു. ചക്രവാളങ്ങളെ ഭേദിച്ചുകൊണ്ടു് യുഗാന്ത്യം വരെ ആ ശബ്ദം പ്രതിധ്വനിക്കുന്നു. 'സത്യത്തിനു സാക്ഷ്യം വഹിക്കുക' എന്ന കാഹളസമാന ശബ്ദം തലമുറകളെ ഉണർത്തുകയും കർമ്മനിരതരാക്കുകയും ചെയ്യുന്നു. മലമുകളിൽ കയറിയപ്പോഠം ഒരിക്കൽ ആ ശബ്ദം കേട്ടു. ആ ശബ്ദമെന്നെ വിളിച്ചു. ഞാൻ ഉണർന്നുനോക്കിയപ്പോഠം മുന്നിൽ കണ്ട ചിലരുടെ ചിത്രങ്ങഠം വരച്ചുവയ്ക്കാൻ ബദ്ധപ്പെട്ടു. അങ്ങനെ ഈ കൃതി ഒരു യാഥാർത്ഥ്യമായി.

നാലും അഞ്ചും നൂററാണ്ടുകളിൽ ജീവിച്ച സഭാപിതാക്കന്മാരാണു് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. ജെ. ക്വാസ്റ്റന്റെ 'പട്രോളജി' എന്ന കൃതിയുടെ മൂന്നാം വാല്യത്തെ മുഖ്യമായും ആധാരമാക്കിയാണു് ഇതു് തയ്യാറാക്കിയിരിക്കുന്നതു്. ആദിമ ക്രൈസ്തവ സഭയിലെ എല്ലാ ചിന്തകരെയും ഉഠംപ്പെടുത്തിയുള്ള ബൃഹത്തായ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗമാണിതു്.

രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്ത നവീകരണം ഒരു യാഥാർത്ഥ്യമായിത്തീരാൻ ക്രിസ്തീയ സഭയുടെ ഉത്ഭവത്തിലേക്കു കുതിക്കുക അപരിത്യാജ്യമായ സംഗതിയത്രേ. പിതാക്കന്മാരാകുന്ന ഉറപ്പുള്ള അടിത്തറയുമായി ബന്ധപ്പെട്ട നവീകരണം ശാശ്വതീകരിക്കപ്പെടും; സ്ഥായിയായ ഫലം പുറപ്പെടുവിക്കും; നല്ല നാളയെ പണിതുയർത്തും. എല്ലാ സഭാനവീകരണത്തിന്റെയും അടിസ്ഥാനം സഭാപിതാക്കന്മാരായിരിക്കണം.

ഈ കൃതിക്കു് രൂപം നൽകാൻ സഹായിച്ച എല്ലാവരെയും നന്ദിപൂർവം അനുസ്മരിക്കുന്നു. കൈയെഴുത്തുപ്രതി മുഴുവൻ വായിച്ചു് തെററുതിരുത്തിത്തന്ന റവ. സിസ്റ്റർ വിജീലിയ, എസ്. എച്ച്., എം. എ., ഗുരുഭൂതന്മാർ, സഹാധ്യാപകർ, പ്രസ്പ്രൂഫ് തിരുത്താൻ സഹായിച്ച വിദ്യാർത്ഥി സുഹൃത്തുക്കഠം എന്നിവരെ പ്രത്യേകം കൃതജ്ഞതാപൂർവം ഓർക്കുന്നു. ഈ ഗ്രന്ഥം രൂപസൗഷ്ഠവത്തോടെ വെളിച്ചത്തുകൊണ്ടുവരാൻ ബുദ്ധിമുട്ടിയ മാങ്ങാനം ക്രൈസ്തവാശ്രമം പ്രസ്സിലെ അധികാരികഠംക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

വടവാതൂർ സെമിനാരിയിലെ 'പൗരസ്ത്യവിദ്യാപീഠ'ത്തിന്റെ ഉദ്ഘാടന സ്മാരകമായി (ഒക്ടോബർ 26, 1983) ഈ കൃതി സമർപ്പിച്ചുകൊള്ളുന്നു.

ഫാ. ഗീവർഗീസ് ചേടിയത്തു്

പൗരസ്ത്യവിദ്യാപീഠം, കോട്ടയം—686010.
30–10–1983.

www.malankaralibrary.com

# അവതാരിക

വെളിപാടുറങ്ങുന്നതു് സഭാപിതാക്കന്മാരിലാണെന്നു പറഞ്ഞാൽ അതെല്ലാവരും അംഗീകരിക്കും. കാരണം, അപ്പസ്തോലന്മാർ കഴിഞ്ഞാൽ, അവരാണ് ക്രിസ്തുസംഭവവുമായി ഏറ്റവും അധികം ബന്ധപ്പെട്ടിട്ടുള്ളവരും ആ സംഭവം തങ്ങളുടെ ജീവിതത്തിൽ പകർത്തിയവരും. തന്മൂലം അവരുടെ ആശയങ്ങളും ജീവിതവും, സുവിശേഷപ്രബോധനങ്ങളുടെ ആന്തരാർത്ഥം അറിയുന്നതിനും ശരിയായ ദൈവശാസ്ത്രതത്വങ്ങൾ മനസ്സിലാക്കുന്നതിനും തെററുകൾ ഗ്രഹിക്കുന്നതിനും ഉപകരിക്കുമെന്നുള്ളതു് നിസ്തർക്കമാണ്.

കേരള ക്രിസ്ത്യാനികൾക്കു സുപരിചിതനായ ഡോക്ടർ ഗീവർഗീസ് ചേടിയത്തു് സഭാപിതാക്കന്മാരെപ്പററി രചിച്ചിരിക്കുന്ന അഞ്ചാമത്തെ ആധികാരിക ഗ്രന്ഥമാണ് ആദിമ സഭാപിതാക്കന്മാർ. 'സഭാചരിത്രപഠനങ്ങൾ' എന്ന അദ്ദേഹത്തിൻെറ കൃതിക്കു് മലങ്കര കത്തോലിക്കാസഭ 1983-ലെ മാർ ഈവാനിയോസ് അവാർഡു നൽകി ബഹുമാനിച്ചുവെന്ന വസ്തുത ചേടിയത്തച്ചൻെറ സ്ഥിരോത്സാഹത്തേയും അത്യദ്ധ്വാനത്തേയും ആധികാരികതയേയും വിളിച്ചറിയിക്കുകയാണ ചെയ്യുക.

ഇപ്പോൾ പ്രകാശനം ചെയ്യുന്ന 'ആദിമസഭാപിതാക്കന്മാർ' 20 അധ്യായങ്ങളും 380-ൽ പരം പേജുകളുമുള്ള ഒരു വിശിഷ്ട ഗ്രന്ഥമാണ്. ആരിയൂസിൻെറ പാഷണ്ഡതയേയും നിഖ്യാ വിശ്വാസപ്രമാണത്തെയും വിലയിരുത്തി ആരംഭിച്ചു് അഞ്ചാം നൂററാണ്ടിലെ നാലു് ചരിത്രകാരന്മാരെപ്പററിയുള്ള പഠനത്തോടുകൂടിയാണ് പുസ്തകമവസാനിക്കുന്നതു്. അത്തനാസ്യോസ്, കെസറിയായിലെ എവുസേബിയസ്, യറുശലേമിലെ സിറിൽ, ജോൺ ക്രിസോസ്തോം, ബേസിൽ, ഗ്രിഗറി നസ്യാൻസൻ, ആദിയായ പിതാക്കന്മാർക്കു കൂടുതൽ പ്രാധാന്യം കൊടുത്താണ് പുസ്തകം രചിച്ചിരിക്കുന്നതു്. അതങ്ങനെവേണംതാനും. നെസ്തോറിയുസിനെ പുതിയൊരു കാഴ്ചപ്പാടിൽ വിലയിരുത്താനും ഗ്രന്ഥകർത്താവു് ശ്രമിക്കുന്നുണ്ടു്. സഭാപിതാവിൻെറ ചെറിയ ജീവചരിത്രം, കൃതികൾ, ദൈവശാസ്ത്രം എന്നീ ക്രമത്തിലുള്ള അവതരണമാണ് പൊതുവെ ഓരോ അധ്യായത്തിലും സ്വീകരിച്ചിരിക്കുന്ന രൂപ്ലാൻ.

സഭാജീവിതത്തിലും പ്രത്യേകിച്ചു് ദൈവശാസ്ത്രത്തിലും ആധ്യാത്മികതയിലും നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ള കുറേ സഭാപിതാക്കന്മാരെപ്പററി പൊതുവായ ഒരു ധാരണ ലഭിക്കുവാൻ ഈ കൃതി സഹായകമാണ്. സഭയുടെ പൈതൃകം

www.malankaralibrary.com



എന്താണെന്നറിയുവാൻ അതു സഹായിക്കും. ഒരുപക്ഷെ ചേടീയത്തച്ചൻ ഈ ഗ്രന്ഥംവഴി സാധിക്കാൻ ഉദ്ദേശിക്കുന്നതും അതുവഴി സാധിച്ചിരിക്കുന്നതുമായ പ്രധാന കാര്യം ഇതല്ലാതെ മറ്റൊന്നുമല്ല. ആ വിധത്തിൽ പൊതുവായ ക്രിസ്തീയ പൈതൃകത്തിന്റെ കണ്ടെത്തൽ എന്ന നിലയിൽ എക്യുമെനിസത്തിനുള്ള ഒരു സംഭാവനകൂടിയാണ് ഈ കൃതി.

പ്രശ്നസങ്കീർണമായ ഈ ലോകത്തിൽ അടിപതറാതെ ബാലൻസുള്ളവരായി ജീവിക്കുവാൻ 'ആദിമ സഭാപിതാക്കന്മാർ അനേകരെ സഹായിക്കട്ടെ. പിതാക്കന്മാരുടെ കാലടികളെ പിഞ്ചെല്ലുവാനും സാക്ഷാത്തായ ക്രിസ്തീയജീവിതം നയിക്കുവാനും ഈ പുസ്തകം പ്രചോദനം നൽകട്ടെ. ഈ പുസ്തകരചനയ്ക്കുവേണ്ടി ത്യാഗപൂർവം പ്രവർത്തിച്ച അച്ചനെ ഹൃദയപൂർവ്വം അനുമോദിക്കുകയും അദ്ദേഹത്തിന്റെ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും വിജയമാശംസിക്കുകയും ചെയ്തുകൊണ്ട് ഈ നല്ല പുസ്തകം സസന്തോഷം ബഹുജനസമക്ഷം അവതരിപ്പിക്കുന്നു.

ഡോ. ജോസഫ് കോയിക്കക്കുടി, റെക്ടർ,

കോട്ടയം, സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി.

10–11–1983.

www.malankaralibrary.com

# ആമുഖം

സഭാപിതാക്കന്മാരുടെ പ്രസക്തിയെന്താണ്? സഭാ പിതാക്കന്മാർ വികസിപ്പിച്ചെടുത്ത ദൈവശാസ്ത്രത്തിന്റെ പ്രത്യേകതകളെന്തെല്ലാം? ഇരുപതാം നൂററാണ്ടിന്റെ അവസാനഘട്ടത്തിൽ സഭാപിതാക്കന്മാരുടെ പ്രാധാന്യം എന്താണ്? നൂററാണ്ടുകൾ പിന്നിട്ട സഭാപിതാക്കന്മാരെ എപ്രകാരം പരിഗണിച്ചിരുന്നു?

'സഭാപിതാക്കന്മാർ സഭയുടെ ബലിഷ്ഠസ്തംഭങ്ങളാണ്. സർവ്വകാലികസഭയ്ക്കുവേണ്ടി അവർ കാലികധർമ്മം നിർവഹിക്കുന്നു. അവരുടെ പ്രബോധനത്തോടും അദ്ധ്യാപനത്തോടും പൊരുത്തപ്പെട്ടു പോയെങ്കിലേ ഇന്നത്തെ സുവിശേഷ പ്രഘോഷണവും ഔദ്യോഗിക പ്രബോധനവും അവികലമാകൂ. സഭാപിതാക്കന്മാരാകുന്ന സജീവ ഉറവയിൽനിന്ന് ഉത്ഭവിക്കേണ്ടവയാണ് എല്ലാ ആദ്ധ്യാത്മിക സിദ്ധികളും സഭാശുശ്രൂഷകളും. അനുദിനം വളരുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വിശുദ്ധമായ സഭാ സൗധത്തോട് കൂട്ടിച്ചേർത്ത് പണിയുന്ന ഓരോ പുതിയ കല്ലും സഭാപിതാക്കന്മാർ നേരത്തേ പണിതിട്ടുള്ളതിനോട് അനുരൂപപ്പെടുന്നതായിരിക്കണം; ഈ സൗധത്തോട് ഓരോ കല്ലും ഇളകാത്തവിധം സ്ഥാപിക്കണം.'[1] ക്രിസ്തു മൂലക്കല്ലും വി. ശ്ലീഹന്മാർ അടിസ്ഥാനവുമായ സൗധത്തിലെ ബലമേറിയ തൂണുകളാണ് സഭാപിതാക്കന്മാർ എന്ന് പരിശുദ്ധ മാർപ്പാപ്പ പഠിപ്പിക്കുന്നതു് തികച്ചും ശരിയാണ്. സഭയുടെ ഉത്ഭവത്തിൽ വി. ശ്ലീഹന്മാർക്കുള്ള അതുല്യസ്ഥാനം പോലൊന്ന് സഭയുടെ വളർച്ചയിൽ സഭാപിതാക്കന്മാർക്കുണ്ട്. അവർ നിർവ്വഹിച്ച ധർമ്മം സാർവ്വത്രികസഭയ്ക്കുവേണ്ടിയാണ്. തങ്ങളുടെ ചുററുപാടുമുള്ളവരെ മുന്നിൽ കണ്ടുകൊണ്ടാണ് അവർ വചനം പ്രസംഗിച്ചതു്. എന്നാൽ ക്രിസ്ത്വനുഭവത്തോട് അടുത്തു പെരുമാറുകയും അതു സ്വാംശീകരിക്കയും വ്യാഖ്യാനിച്ചു കൊടുക്കുകയും ചെയ്തുകൊണ്ട് അവരുടെ വ്യാഖ്യാനങ്ങൾക്ക് സഭയിൽ സവിശേഷമായൊരു സ്ഥാനമുണ്ട്.

ആധുനിക സഭയുടെ ആരാധനാക്രമം, കാനൻ നിയമം, സന്യാസപ്രസ്ഥാനം ആദിയായവയെല്ലാം സഭാപിതാക്കന്മാരാകുന്ന സജീവസ്രോതസ്സിലൂടെ വരുന്നവയാണ്. അവരുടെ പ്രാർത്ഥനാജീവിതമാണ് പിൻതലമുറയുടെ മാതൃക. അവരുടെ പ്രാർത്ഥ

1. ജോൺപോൾ II മാർപ്പാപ്പ. 'പാത്രെസ് എക്ളേസിയേ' ജാനുവരി 2, 1980: A A S 72 (1980) 5-6.

www.malankaralibrary.com



നാനുഭവം പിൽക്കാല സഭയുടെ പ്രാർത്ഥനാനിയമമായി. കെട്ടിടത്തിൽ പുതിയ കല്ലുകൾ കണക്കെ, തലമുറകൾ ഈ സഭാസൗധത്തിൽ കൂട്ടിച്ചേർക്കപ്പെടുന്നു; പണിതുയർത്തപ്പെടുന്നു. നേരത്തെ കൂട്ടിച്ചേർക്കപ്പെട്ട കല്ലുകളോട് ചേർന്നുപോകുന്നതായിരിക്കണം പിന്നെപ്പിന്നെ വയ്ക്കപ്പെടുന്ന കല്ലുകൾ; അതായത്, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളോടു പൊരുത്തപ്പെട്ടു പോകണം. എങ്കിലേ അവ ഫലദായകമാകൂ.

സ്ഥലകാല സംസ്കാരങ്ങളുടെ കാര്യത്തിൽ കുറെയൊക്കെ വിഭിന്നമായിരുന്നെങ്കിലും സത്യവിശ്വാസപ്രഘോഷണത്തിൽ സഭാപിതാക്കന്മാർ ഏകാഭിപ്രായക്കാരായിരുന്നു. അവികലമായും പൂർണ്ണമായും ഗ്രഹിച്ച രക്ഷാസന്ദേശം ജീവിതത്തിന്റെ ഭാഗമാക്കുകയും കളങ്കരഹിതമായി പകർന്നുകൊടുക്കുകയും ചെയ്യുന്നതിൽ അവർ ദത്തശ്രദ്ധരായിരുന്നു. സത്യവിശ്വാസത്തോടുള്ള വിശ്വസ്തമായ ഒന്നുചേരലും അവരുടെ മുഖമുദ്രയായിരുന്നു. അക്കാരണത്താൽ അവർ പിൻതലമുറയുടെ മാർഗദർശികളായി; എല്ലാക്കാലത്തുമുള്ള ക്രൈസ്തവരുടെ മാതൃകകളായി; നിയമദാതാക്കളായി.

പ്രാചീനസഭ തന്നെയും തൊട്ടുമുൻപേ കടന്നുപോയ പണ്ഡിതരും പരിശുദ്ധരുമായ സഭാനേതാക്കന്മാരെ സഭാപിതാക്കന്മാർ എന്ന് അഭിസംബോധനചെയ്യുകയും ആദരിക്കയും ചെയ്തു. അങ്ങനെ 'ക്രിസ്ത്യാനികളുടെപിതാവ്' 'പിതാവ്എവുത്തേക്കുസ്' 'സിപ്രിയാൻപാപ്പാ' (പിതാവ്) എന്നു തുടങ്ങുന്ന പദപ്രയോഗങ്ങൾ നാം ദർശിക്കുന്നു.[2] നിഖ്യാ സൂനഹദോസിനു ശേഷം (325) ജീവിച്ച സഭാതനയർ നിഖ്യായിലെ '318' മെത്രാന്മാരെ 'പിതാക്കന്മാർ' എന്നു വിളിക്കുന്നു. ചെസറിയായിലെ വി. ബേസിൽ (+379) എഴുതുന്നു: 'ഞങ്ങളുടെ പ്രബോധനം ഞങ്ങളുടെ ചിന്താസന്താനമൊന്നുമല്ല, പിന്നെയോ, വിശുദ്ധ പിതാക്കന്മാരിൽനിന്ന് ഞങ്ങൾക്കു ലഭിച്ചിട്ടുള്ളതാണ്'[3]. നാലും അഞ്ചും നൂറ്റാണ്ടുകളിലെ സഭാസംബന്ധമായ തർക്കങ്ങളിൽ പിതാക്കന്മാരിലേക്കു തിരികയും അവരുടെ പ്രബോധനങ്ങളുമായി താരതമ്യപ്പെടുത്തി സത്യവിശ്വാസത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുകയും ചെയ്യുക എന്ന രീതി ഒരു പൊതുസവിശേഷതയായിത്തീർന്നു. ഏതെങ്കിലും വിശ്വാസസത്യം തെളിയിക്കാൻ പിതാക്കന്മാരിൽ നിന്നുള്ള ഉദ്ധരണി

2. പോളിക്കാർപ്പിന്റെ രക്തസാക്ഷി വിവരണം 12: 2: Cf ജി. ചേടിയത്ത്, സഭാപിതാക്കന്മാർ, കോട്ടയം, 1980 പേ. 14; എവുസേബിയസ്, സഭാചരിത്രം, 5, 4, 2; സിപ്രിയാൻ, ലേഖനം, 30.
3. ലേഖനം, 140,2.

www.malankaralibrary.com



കളുടെ സമാഹാരങ്ങളും ശേഖരിക്കുന്ന ഒരു പ്രവണത ഉടലെടുത്തു. അവയെ ഉദ്ധരണിസമാഹാരങ്ങൾ എന്നു വിളിക്കുന്നു. വി. സിറിൽ (+444), നെസ്തോറിയൂസ് (+451), തിയഡോറേറ്റ് (+466), ബൈസാൻസിയത്തിലെ ലെയോൺസ്യൂസ് (+600), അന്ത്യോക്യയിലെ സെവേറൂസ് (+638), മാബുഗിലെ ഫീലൊക്സീനോസ് (+523), ബാബായ് (+628), യോഹന്നാൻ പാത്രിയർക്കീസ് (+648) എന്നിവരുടെ ഉദ്ധരണിസമാഹാരങ്ങൾ പ്രസിദ്ധങ്ങളാണ്.[4] 'എരാനിസ്റ്റേസ്' എന്ന കൃതിയിൽ തിയഡോറേറ്റ് എൺപത്തെട്ട് സഭാപിതാക്കന്മാരുടേതായി 238 ഭാഗങ്ങൾ ഉദ്ധരിക്കുന്നു.[5] അന്ത്യോക്യയിലെ സെവേറൂസ് തന്റെ 'ഫിലാലെത്തേസ്' എന്ന കൃതിയിൽ കൽക്കദോൻ അനുഭാവികൾക്കും നെസ്തോറിയർക്കും എതിരെ പിതാക്കന്മാരിൽനിന്നുള്ള ഒരു ഉദ്ധരണിസമാഹാരം നൽകുന്നു. ബൈസാൻസിയത്തിലെ ലെയോൺസ്യൂസിനു് 122 ഉദ്ധരണികളാണുള്ളതു്. ഫീലൊക്സേനൂസിന്റെ സമാഹാരത്തിൽ 226 ഉദ്ധരണികളുണ്ട്. ചെറുതും വലുതുമായ നിരവധി 'ഉദ്ധരണിസമാഹാരങ്ങൾ' തുടർന്നുണ്ടായി. സഭാപിതാക്കന്മാരുടെ പൊതുവായ പ്രബോധനാധികാരത്തിൽ പാദമൂന്നി മുന്നേറുന്നൊരു പ്രവണത അവിടെ കാണാം. നെസ്തോറിയന്മാർ, ഏകസ്വഭാവവാദികൾ, കൽക്കദോന്യർ എന്നിങ്ങനെ സഭ പിളർന്നപ്പോൾ ഓരോരോ കൂട്ടർ സ്വന്ത നിലയുറപ്പിക്കാൻ പററിയ ഉദ്ധരണികൾ തേടിയിറങ്ങി. അക്കാരണത്താൽ പ്രസ്തുത സമാഹാരങ്ങൾ തീർത്തും അവികലമാണെന്നു കരുതുകവയ്യ.

മദ്ധ്യകാലഘട്ടത്തിൽ വളരെ ചെറിയതോതിൽ മാത്രമേ പിതാക്കന്മാരിലേക്കു് എഴുത്തുകാർ തിരിഞ്ഞിട്ടുള്ളു എന്നതു് ആ കാലഘട്ടത്തിന്റെ പ്രത്യേകതയായി കണക്കാക്കാവുന്നതാണ് . ഹ്യൂമനിസത്തിന്റെ കാലത്തു് സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിലേക്കു ആഴ്ന്നിറങ്ങാനുള്ള പ്രവണത പലയിടങ്ങളിലും ദൃശ്യമായി. പിതാക്കന്മാരുടെ കൃതികളെ വിമർശനബുദ്ധിയോടുകൂടി സമീപിക്കാൻ പ്രൊട്ടസ്റ്റൻറിസം ശക്തമായ പ്രേരണ നല്കി. സഭാപിതാക്കന്മാരുടെ കൃതികളുപയോഗിച്ച് ദൈവശാസ്ത്രം

---

4- M. Richard, 'Les Florileges diphysites,' in A. Grillmeier, 'Das Konzil von Chalkedon: Geschichte und Gegenwart, vol. I, Wurzburg 1951. p 721–748. F. Graffin, 'Le Florilege patristique de Philoxene de Mabboug, in Symposium Syracum 1972' Rome 1974, (OCA 197), p. 267–290. G. Chediath, The Christology of Mar Babai the Great, Kottayam 1981. p. 30. W. Strothmann, Patriarch Johannes in OCA 197. p, 247 ff.

5. PG 83, 28–336

www.malankaralibrary.com



വികസിപ്പിക്കുന്നരീതിഅക്കാലത്തും തുടർന്നുകൊണ്ടിരുന്നു.16_19 നൂററാണ്ടുകളിലുണ്ടായ മതപരമായ തർക്കങ്ങളിൽ സഭാപിതാക്കന്മാർ വിരുദ്ധചേരികളിലുള്ളവരുടെ കക്ഷിയിലെ (കത്തോലിക്കാ_പ്രോട്ടസ്റ്റൻറു വിഭാഗങ്ങൾ) യുദ്ധോപകരണമായിരുന്നു. സഭാപിതാക്കന്മാരുടെ നിരവധി കൃതികളുടെ പുതിയ പതിപ്പുകൾ ഇക്കാലത്തുണ്ടായി. സെൻറ് മോറിലെ ബനഡിക്ടൈൻ സന്യാസികൾ അഗസ്റ്റിൻ, അത്തനേഷ്യസ്,- ക്രിസോസ്റ്റോം, അംബ്രോസ്, ഹിലരി, ഇരനെയൂസ്, ജസ്റ്റിൻ ആദിയായവരുടെ കൃതികൾ പ്രസിദ്ധീകരിച്ചു (1679_ 1742). തുടർന്നുള്ള നൂററാണ്ടുകളിൽ കൂടുതൽ വിമർശന പതിപ്പുകൾ പുറത്തുവരാൻ തുടങ്ങി. വിയന്നാ, ബർളീൻ, പാരീസ്, ലൂവെയിൻ, ലൈപ്സിഗ് എന്നിവിടങ്ങളിൽ നിന്നുള്ള 'വിമർശനപതിപ്പുകൾ' സഭാപിതാക്കന്മാരിലേക്ക് ആഴ്ന്നിറങ്ങാനുള്ള ഒരു നവീനാവേശം പകർന്നുകൊടുത്തു. മീഞ്ഞ്, മായ്, പിത്ര, ഹാർനാക്, ഗ്രഫേൻ, നൗ, എന്നിവരുടെ പേരുകൾ ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്. 20_ാം നൂററാണ്ടിൽ സഭാപിതാക്കന്മാരെ സംബന്ധിച്ച് ഈടുററ ധാരാളം പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ലീഷ് ഭാഷകളിലാണ് ഏററവും കൂടുതൽ കൃതികൾ ഉണ്ടായിട്ടുള്ളത്. പൗരസ്ത്യസഭകളിലെ പിതാക്കന്മാരുടെ കൃതികൾ പണ്ഡിതലോകത്തിന് ലഭ്യമായത് ഈ നൂററാണ്ടിൻെറ പ്രത്യേകതയാണ്. ദൈവശാസ്ത്രത്തിലെ ഒരു പ്രമുഖശാഖയായി കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരും സഭാപിതാക്കന്മാരുടെ ശാസ്ത്രത്തെ (Patristics) കരുതുകയും വിലമതിക്കുകയും ചെയ്യുന്നു. [6]

'സഭാപിതാക്കന്മാർ ഉജ്ജ്വല പ്രകാശം ലഭിച്ച ദൈവശാസ്ത്രജ്ഞന്മാരാണ്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ ഉയർത്തിപ്പിടിക്കാൻ അവർ സർവ്വാത്മനാ ശ്രദ്ധിച്ചു. ജനങ്ങളോട് അവികലമായി ദൈവവചനം പ്രസംഗിക്കാനും അവരുടെ ക്രൈസ്തവജീവിതത്തിന് അവ ഉപയുക്തമാക്കു വാനും പരിശ്രമിച്ച അജപാലകാരാണവർ. അപ്പസ്തോലിക പ്രസംഗത്തിന് നിശ്ചിത രൂപഭാവങ്ങൾ നൽകാൻ ശ്രമിച്ച ആദ്യവ്യക്തികളാണവർ. അജപാലകർ എന്നനിലയിൽ സുവിശേഷസന്ദേശം ചുററുപാടുമുള്ള മനുഷ്യർക്ക് മനസ്സിലാകത്തക്ക രീതിയിൽ വിവരിച്ചു കൊടുക്കാൻ പിതാക്കന്മാർ തത്രപ്പെട്ടു. വേദപാഠം, ദൈവശാസ്ത്രം, വി. ഗ്രന്ഥം, ലിററർജി, അജപാലനജോലികൾ എന്നിവയെല്ലാം ഒന്നിച്ചു പോകുന്നവയായിരുന്നു; വെറും ബൗദ്ധികതലത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അവ

6. A, Benoite L'actualite des Peres de l' Eglise, Neuchatel, 1961, p. 6 ff.

www.malankaralibrary.com



രുടെ പ്രവർത്തനം; പിന്നെയോ, സമ്പൂർണവ്യക്തിയെ ഉന്നം വച്ചുകൊണ്ടുള്ളതായിരുന്നു'. 7

വി. ഗ്രന്ഥം വ്യാഖ്യാനിച്ച് ദൈവശാസ്ത്രം അവർ വളർത്തിയെടുത്തു. വേദപുസ്തക വ്യാഖ്യാനത്തിൽ സഭാപിതാക്കന്മാർ നമ്മുടെ പ്രബോധകരും ഗുരുക്കന്മാരുമാണ്. അവരുടെ വ്യാഖ്യാനത്തെ മറികടന്ന് വി. ഗ്രന്ഥത്തിന് സ്വതന്ത്ര വ്യാഖ്യാനം നൽകുന്നത് വലിയ തെററാണ്. അവരെല്ലാം സ്ഥാപകനെപ്പോലെ രക്ഷകനായ മിശിഹായിലേക്ക് വിരൽചൂണ്ടി ഇരുപത് നൂററാണ്ടുകൾക്കിപ്പുറത്തു ജീവിക്കുന്ന നമുക്ക് അവരുടെ വ്യാഖ്യാനവും വ്യാഖ്യാനരീതികളും തള്ളിക്കളയാനാവില്ല. അവരും നാമും ഒരേ സംഗതിയെപ്പററി ചിന്തിക്കുന്നു: 'നമുക്കുവേണ്ടി ദൈവം മനുഷ്യനായി നമ്മുടെയിടയിൽ അവതരിച്ചു.' അതിനപ്പുറത്തൊന്നും നമുക്കു പറയാനില്ല. സ്ഥലകാലസാഹചര്യങ്ങൾക്കനുസൃതം ഇക്കാര്യംവിവരിക്കുമ്പോൾ വ്യത്യാസം വരുമെങ്കിലും അടിസ്ഥാനതത്വം ഒന്നുതന്നെ. വി. ഗ്രന്ഥം പഠിപ്പിക്കുന്ന പ്രസ്തുത യാഥാർത്ഥ്യം ശ്ളീഹന്മാരിൽനിന്നും അവരുടെ അടുത്ത പിൻഗാമികളിൽനിന്നും പിതാക്കന്മാർ ഗ്രഹിച്ചു. ആ അനുഭവം അവർ പകർന്നുകൊടുത്തു. ശാസ്ത്രസാങ്കേതികജ്ഞാനം പുരോഗമിച്ചെങ്കിലും പിതാക്കന്മാരുടെ അതുല്യാവസ്ഥ ഇന്നും നിലനിൽക്കുന്നു. സഭാപിതാക്കന്മാർക്ക് വി. ഗ്രന്ഥത്തോടുള്ള സ്നേഹത്തെപ്പററി ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഇപ്രകാരം പ്രസ്താവിക്കുന്നു: 8

'പിതാക്കന്മാർ ദൈവവചനം തങ്ങളുടെ ആധ്യാത്മിക ജീവിതത്തിന്റെയും അജപാലനജീവിതത്തിന്റെയും ഭക്ഷണവും നിരന്തര ചിന്താവിഷയവുമാക്കി; അവർ വിശുദ്ധ ഗ്രന്ഥം പഠിക്കുകയും ഭാഷ്യങ്ങൾ രചിക്കുകയും ജനങ്ങൾക്ക് വ്യാഖ്യാനിച്ചുകൊടുക്കുകയും ചെയ്തു. വി. ഗ്രന്ഥത്തിന്റെ ആഴം, പ്രസക്തി, അപ്രമാദിത്വം എന്നിവയ്ക്ക് അവർ വലിയ പ്രാധാന്യം നൽകി. 'നിങ്ങൾക്ക് ദൈവവചനമുണ്ടല്ലോ. മറെറാരു പ്രബോധകനെ അന്വേഷിക്കേണ്ട' എന്ന് വി. ഗ്രന്ഥം വ്യാഖ്യാനിച്ചുകൊണ്ട് നിരവധി വിശിഷ്ട പ്രഭാഷണങ്ങൾ നടത്തിയ വി. ജോൺ ക്രിസോസ്തോം പറയുന്നു. 9 'നിന്റെ വിശുദ്ധ ലിഖിതങ്ങൾ എന്റെ കലർപ്പില്ലാത്ത ആനന്ദമാകട്ടെ; അവയുടെ പഠനത്തിൽ എനിക്കു വഞ്ചന പററാതെയും, വഞ്ചനയ്ക്ക് വിധേയനായി ഞാൻ അവയെ ഉപേക്ഷിച്ചുകളയാതെയുമിരിക്കട്ടെ' എന്ന് വി. ഗ്രന്ഥം മനസ്സിലാക്കാനുള്ള കൃപയ്ക്കായി അപേക്ഷിച്ച വി. അഗസ്തീനോ

7. ജി. ചേടിയത്തു് 'ആദിമസഭയുടെ സന്ദേശം, കോട്ടയം p. XIX.
8. ജോൺ പോൾ രണ്ടാമൻ, അഗസ്തീനിയൻ ഓഡിറേററിയത്തിൽ മെയ് 7, 1983 -ൽ ചെയ്ത പ്രസംഗം: Augustinianum, 23, 1_2 (1983), പേ. 7-13. (=മാർപാപ്പാ): പേ. 9_10.
9. കൊളോസ്യ ലേഖനഭാഷ്യം 9. 1; P.G. 11, 361.

www.malankaralibrary.com



സിൻെറ പ്രാർത്ഥന അനുസ്മരിക്കാത്തവരില്ലല്ലോ.[10] വി. ഗ്രന്ഥത്തിൽ പൂർവാപരവിരുദ്ധമായി ഒന്നുമില്ല; വി. ഗ്രന്ഥത്തിൽ തെററുകൾ ആരോപിക്കാതെ സ്വന്തം അജ്ഞത ഏററുപറയുകയാണ് ശരിയായ മനോഭാവം എന്ന് വി. ജസ്റ്റിൻ പറയുന്നു.[11] ഇതു് സഭാപിതാക്കന്മാരുടെ പൊതുവായ മനോഭാവമാണ്. ഹിപ്പോയിലെ മെത്രാൻ ഇതാവർത്തിച്ചുകൊണ്ടു് വളരെ ശക്തിയായ ഭാഷയിൽ പറയുന്നു, '....ഈ ഗ്രന്ഥത്തിൻെറ കർത്താവു് സത്യം പറഞ്ഞിട്ടില്ല' എന്നു നീ പറയാൻ പാടില്ല; പിന്നെയോ, 'ഈ കയ്യെഴുത്തു പ്രതിയിൽ തെററുവരാം; വിവർത്തനത്തിലും തെററു വരാം നിനക്കു മനസ്സിലായില്ലെന്നുംവരാം' എന്നേ പറയാവൂ'.[12]

പിതാക്കന്മാരെല്ലാവരും വി. ഗ്രന്ഥത്തിൽ അഗാധപാണ്ഡിത്യമുള്ളവരായിരുന്നു. അവരെല്ലാവരുംതന്നെ വചനത്തിൻെറ ശുശ്രൂഷയ്ക്കായി സ്വയം സമർപ്പിച്ചു; വി. ഗ്രന്ഥപഠനത്തിനായി ജീവിതം സമർപ്പിച്ചു. ബൈബിൾ വിജ്ഞാനീയത്തിൻെറ മഹാസമുദ്രമാണ് പിതാക്കന്മാരുടെ കൃതികൾ. ബൈബിൾ വ്യാഖ്യാനത്തിൻെറ പ്രഥമ ഗുരുക്കന്മാർ എന്ന് അവരെ വിളിക്കാവുന്നതാണ്.[13] ദൈവവചനാധിഷ്ഠിതമായ ദൈവശാസ്ത്രം പടുത്തുയർത്താൻ അവർ തത്രപ്പെട്ടു. അതു് അജപാലനോന്മുഖമായിരിക്കാൻ അവർ ശ്രദ്ധിച്ചു. വിശ്വാസത്തിൻെറ വെളിച്ചത്തിൽ തങ്ങൾ വിശദീകരിച്ചുകൊടുത്തവ അതേ അരൂപിയിൽ വിശ്വാസികൾ സ്വീകരിക്കണം എന്ന് അവർക്കു നിർബന്ധമായിരുന്നു. വിവിധ രീതികളിലുള്ള വ്യാഖ്യാനങ്ങൾ പിതാക്കന്മാരിൽ നിന്ന് നമുക്കു ലഭിച്ചിട്ടുണ്ടു്.[14] വി. സുവിശേഷംതന്നെ വൈവിധ്യാധിഷ്ഠിതമായതിനാലും ഭാഷ്യകാരന്മാർ വൈവിധ്യമുള്ളവരാകയാലും വിവിധതരം ഭാഷ്യങ്ങൾ നമുക്ക് ലഭിച്ചിരിക്കുന്നു. അവയൊക്കെ സമഗ്ര ക്രിസ്തുരഹസ്യം നന്നായി മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നവയാണ്.

പ്രതീകാത്മ വ്യാഖ്യാനം, രൂപകാത്മകവ്യാഖ്യാനം, അന്തർവിജ്ഞാനീയ വ്യാഖ്യാനം എന്നിങ്ങനെ വ്യാഖ്യാനരീതികളെ മൂന്നായി തിരിക്കാം.[15] എങ്കിലും ഒരു സംഗതിയിൽ അവർ

10. ആത്മകഥ, 11, 2, 3. PL. 32, 810.
11. ട്രീഫോയുമായുള്ള സംവാദം, 65.
12. ഫൗസ്റ്റസിനെതിരെ, 11. 5.
13. ജെ. നെടുവിലേഴം, 'ബൈബിൾ വിജ്ഞാനീയത്തിൽ സഭാപിതാക്കന്മാരുടെ സംഭാവന', മതവും ചിന്തയും 61, 6 (1981), പേ. 536–7.
14. അതേലേഖനം, പേ. 538_9.
15. അതേലേ. പേ. 540—542: പ്രതീകാത്മക വ്യാഖ്യാനം (typological interpretation): പഴയനിയമത്തിലെ വ്യക്തികൾ, സംഭവങ്ങൾ, പ്രവൃത്തികൾ എന്നിവയെ പുതിയ നിയമത്തിലെ വ്യക്തികൾ, സംഭവങ്ങൾ, പ്രവൃത്തികൾ എന്നിവയുമായി ബന്ധിപ്പിച്ചു്; പഴയവയുടെ പൂർത്തീകരണം പുതിയവയിൽ നടന്നു എന്നു്

www.malankaralibrary.com



യോജിക്കുന്നു. അവരെല്ലാവരുടെയും വ്യാഖ്യാനം ക്രിസ്തു കേന്ദ്രീകൃതമാണ്. 'വെളിപാടിന്റെയും രക്ഷാകര പദ്ധതിയുടെയും ആരംഭവും കേന്ദ്രബിന്ദുവും അവസാനവും' ക്രിസ്തുവാണ്. വി. ഗ്രന്ഥത്തിന്റെ മൊത്തത്തിലുള്ള ഐക്യവും, രക്ഷാകര പദ്ധതിയുടെ ക്രമേണയുള്ള വെളിപ്പെടുത്തലും പുരോഗതിയും രക്ഷകന്റെ ഏകത്വവും പിതാക്കന്മാരുടെ ബൈബിൾ വിജ്ഞാനീയത്തിൽ മുഴച്ചു നിൽക്കുന്ന സംഗതികളത്രേ. ഗാഢമായ വേദപുസ്തക പരിചയവും അടിയുറച്ച വിശ്വാസവും അവരെ നലം തികഞ്ഞ ബൈബിൾ ഭാഷ്യകാരന്മാരാക്കി. അതുപോലെ ക്രിസ്തീയ ജീവിതവുമായി ബന്ധപ്പെടുത്തി പഠിപ്പിച്ചതിനാൽ പിതാക്കന്മാർ ശാശ്വതീകരിക്കപ്പെട്ടു.[16]

അപ്പസ്തോലിക പ്രബോധനങ്ങളിലാണ് തങ്ങൾ പാദമൂന്നിയിരിക്കുന്നതെന്ന് പിതാക്കന്മാർ വിശ്വസിച്ചിരുന്നു, അവർ അതു് ആവർത്തിച്ചു പ്രഖ്യാപിച്ചിരുന്നു. സൂനഹദോസുകളിൽ പാസ്സാക്കുന്ന നിയമങ്ങൾ (കാനനുകൾ) അപ്പസ്തോലിക പ്രബോധനത്തിലധിഷ്ഠിതമായിരിക്കണമെന്ന് അവർക്കു നിർബന്ധമുണ്ടായിരുന്നു. ഇതേപ്പററി ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പറയുന്നതു് ശ്രദ്ധേയമാണ്:[17]

'പാരമ്പര്യത്തോടുള്ള അദമ്യമായ ഒന്നുചേരൽ എന്നതാണ് പിതാക്കന്മാർ നൽകുന്ന രണ്ടാമത്തെ വലിയ പാഠം. നമ്മുടെ

---

ഈ രീതി കാട്ടുന്നു. ക്രിസ്തുവിന്റെയും തന്റെ പെസഹാരഹസ്യത്തിന്റെയും, സഭയുടെയും കൂദാശകളുടെയും സഭാജീവിതത്തിന്റെയും പ്രതീകങ്ങൾ പഴയനിയമത്തിൽ കണ്ടെത്താനുള്ള പ്രവണതയാണിവിടെ. ചെങ്കടൽ മാമോദീസായുടെയും, മേഘം പരിശുദ്ധാത്മാവിന്റെയും, മോശ ക്രിസ്തുവിന്റെയും പ്രതീകങ്ങളാണ്. ഒരു വശത്തു് വാഗ്ദാനവും (promise), രൂപവും (type), ഛായയും (image) മറുവശത്തു് പൂർത്തീകരണവും (fulfilment), പ്രതിരൂപവും (antitype), യാഥാർത്ഥ്യവും (reality) ദർശിക്കാൻ പിതാക്കന്മാർക്കു് സാധിക്കുന്നു. രൂപകാത്മക വ്യാഖ്യാനം (allegorical interpretation): വി. ഗ്രന്ഥത്തിന്റെ വാച്യാർത്ഥത്തിനു പുറമെ അന്തർലീനമായിരിക്കുന്ന ആന്തരികാർത്ഥത്തിലേക്കു് ഈ വ്യാഖ്യാനം വിരൽ ചൂണ്ടുന്നു. ഒരിജനും അലക്സാണ്ഡ്രിയൻ ചിന്തകരുമാണ് ഇതിന്റെ വക്താക്കൾ. ഉത്തമഗീതം 'ക്രിസ്തുവും സഭയും തമ്മിലുള്ള മിസ്റ്റിക്കൽ വിവാഹത്തെ സൂചിപ്പിക്കുന്നു' എന്ന വ്യാഖ്യാനം ഇതിൽപ്പെടുന്നു. അന്തർ വിജ്ഞാനീയ വ്യാഖ്യാനം (intuitive interpretation): അക്ഷരാർത്ഥത്തിൽനിന്നു തുടങ്ങി ആധ്യാത്മികാർത്ഥത്തിലെത്തുന്ന രീതിക്കു് തെയോറിയാ (theoria-intuition) എന്നു പറയുന്നു. തിയഡോറും മററു് അന്ത്യോക്യൻ ചിന്തകരും ഇതിന്റെ വക്താക്കളാണ്.

16. അതേലേഖനം.
17. മാർപാപ്പാ, പേ. 10.

www.malankaralibrary.com



ചിന്ത പെട്ടെന്നു് ഇരനേയൂസിലേക്കു് തിരിയുന്നു; അതു് ന്യായവുമാണു്. എന്നാൽ അദ്ദേഹം അനേകരിൽ ഒരുവൻ മാത്രമാണു്. പാരമ്പര്യത്തോടുള്ള അവശ്യാവശ്യമായ ഒന്നുചേരൽ എന്ന തത്വം ഒരിജനിലും, തെർത്തുല്യനിലും വി. അത്തനാസ്യോസിലും വി. ബേസിലിലും നാം കാണുന്നു. ഈ തത്വം തന്നെ ആഴമായും സദാ ഓർമ്മയിൽ നിലനിർത്തത്തക്ക രീതിയിലും ഒരിക്കൽക്കൂടി വി. അഗസ്റ്റീനോസ് ആവർത്തിക്കുന്നു: 'കത്തോലിക്കാസഭയുടെ അധികാരം എന്നെ ആനയിച്ചില്ലായിരുന്നെങ്കിൽ ഞാൻ സുവിശേഷത്തിൽ വിശ്വസിക്കുമായിരുന്നില്ല.' [18] 'അതു് ക്രിസ്തുവിൽ അധിഷ്ഠിതമാണു്; ശ്ലീഹന്മാരിലൂടെ, ഇടമുറിയാത്തുള്ള ശ്ലൈഹിക പിൻതുടർച്ചവഴി അതു് നമ്മുടെ പക്കലെത്തിയിരിക്കുന്നു.' [19]

സഭാപിതാക്കന്മാരുടെയെല്ലാം ചിന്താവിഷയമായിരുന്നു അവതരിച്ച വചനമായ മിശിഹായെ വിവരിച്ചു കൊടുക്കുക എന്ന സംഗതി. ദൈവപുത്രൻ എങ്ങനെ മനുഷ്യപുത്രനാകും? പിതാവിന്റെ ഏകജാതൻ എങ്ങനെ കന്യകയുടെ ആദ്യജാതനാകും? ഈശോമിശിഹാ എന്ന ഏകവ്യക്തി എങ്ങനെ ഒരേ സമയം ദൈവവും മനുഷ്യനുമാകും? ഒരേ വ്യക്തിയിൽ എങ്ങനെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഒന്നിച്ചു നിലകൊള്ളും?—എന്നുതുടങ്ങിയ പ്രശ്നങ്ങൾക്കു് ഉത്തരം കണ്ടെത്താൻ സഭാപിതാക്കന്മാർ ശ്രമിച്ചു. ചിലർ മാനുഷിക വശത്തിനു് കൂടുതൽ ഊന്നൽ നൽകിയെങ്കിൽ, മറ്റുചിലർ ദൈവിക വശത്തിനു് ഊന്നൽ കൊടുത്തു. തദ്ഫലമായി തർക്കങ്ങളും വാദപ്രതിവാദങ്ങളും ഉണ്ടായി. എങ്കിലും ഇന്നത്തെ എക്യുമെനിക്കൽ വീക്ഷണത്തിൽ ചിന്തിക്കുമ്പോൾ ഈ വൈവിധ്യങ്ങളൊക്കെ പരസ്പര പൂരകങ്ങളായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണു്. ക്രിസ്തുഭാഷ്യം വ്യാഖ്യാനിക്കുന്നതിൽ ചിലർ പരാജയപ്പെടുകയും പാഷണ്ഡതകളുടെ നീർച്ചുഴിയിൽ പെടുകയും സത്യവിശ്വാസത്തിൽ മായംചേർക്കുകയും ചെയ്തു. ക്രിസ്തുവിന്റെ മനുഷ്യത്വം നിഷേധിച്ചവർ, മനുഷ്യാത്മാവില്ലെന്നു് സങ്കൽപ്പിച്ചവർ, മനുഷ്യശരീരം മായയാണെന്നു കരുതിയവർ, ദൈവസ്വഭാവത്തിൽ മനുഷ്യസ്വഭാവം ലയിച്ചു് ഏകസ്വഭാവമായിത്തീർന്നു എന്നു വാദിച്ചവർ, രണ്ടു് വ്യക്തിത്വങ്ങളുടെ ഉടമയാണു് ക്രിസ്തു എന്നു് കരുതിയവർ, ദത്തെടുക്കൽ വഴി യേശു ദൈവപുത്രനായി എന്നു് പഠിപ്പിച്ചവർ, യേശു സ്നാനംവഴി മിശിഹാ ആയിത്തീർന്നു എന്നു വിചാരിച്ചവർ, യേശുവിലെ ബൗദ്ധികാത്മാവിനെയും, ബൗദ്ധികേച്ഛയേയും നിഷേധിച്ചവർ, ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുകയും ക്രിസ്തു

18. Contra ep. Man. 5, 6: PL 42, 176.
19. ഫൗസ്റ്റുസിനെതിരെ, 28, 2: PL. 42, 486.

ഒരു സൃഷ്ടിയും നിർമ്മിക്കപ്പെട്ട വസ്തുവുമാണ് എന്ന് കരുതിയവർ– ഇങ്ങനെ പോകുന്നു അബദ്ധ പ്രബോധകരുടെ നീണ്ട പട്ടിക. ഇവരുടെ മധ്യത്തിൽ ശ്ലീഹന്മാരിൽനിന്നു ലഭിച്ച സത്യവിശ്വാസം കളങ്കരഹിതമായി പിൻതലമുറയിലേക്ക് പിതാക്കന്മാർ പകർന്നുകൊടുത്തു. സമ്പൂർണമനുഷ്യനും സമ്പൂർണദൈവവുമായ, മനുഷ്യനുവേണ്ടി മനുഷ്യനായിത്തീർന്ന, മനുഷ്യന്റെ ദൈവമായ അവതരിച്ച വചനത്തെ അവർ വസ്തുനിഷ്ഠമായി പഠിപ്പിച്ചു. ഇവിടെയും ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ വാക്കുകൾ ശ്രദ്ധേയമാണ്: [20]

'മനുഷ്യരക്ഷകനായ മിശിഹായെപ്പറ്റിയുള്ള പ്രതിപാദനമാണ് പിതാക്കന്മാർ നൽകുന്ന മൂന്നാമത്തെ വലിയ പാഠം. ക്രിസ്തുരഹസ്യം വിശദമാക്കാനും പാഷണ്ഡതകളെ എതിർക്കാനും ചെയ്ത പരിശ്രമത്തിനിടയിൽ മനുഷ്യനെപ്പറ്റിയുള്ള പ്രബോധനം അവ്യക്തമായി മാത്രമേ പിതാക്കന്മാർ പഠിപ്പിച്ചുള്ളു എന്ന് ചിന്തിക്കുന്നവരുണ്ടാകാം. എന്നാൽ ആഴമായി വിശകലനം ചെയ്യുന്നവർക്ക് മറിച്ചുതന്നെ മനസ്സിലാകും. അവർ സ്നേഹപൂർവ്വം ബൗദ്ധികമായി ക്രിസ്തുരഹസ്യത്തെ ഉറ്റുനോക്കി. അപ്പോൾ ആ ക്രിസ്തുരഹസ്യത്തിൽ മനുഷ്യരഹസ്യം പ്രകാശിതമാകുന്നതും അർത്ഥസമ്പുഷ്ടമാകുന്നതും അവർ ദർശിച്ചു. മനുഷ്യരക്ഷയെ സംബന്ധിച്ചുള്ള ക്രിസ്തീയ പ്രബോധനം—അതിസ്വാഭാവിക മനുഷ്യശാസ്ത്രം—ക്രിസ്തുരഹസ്യം സംബന്ധിച്ചുള്ള പ്രബോധനത്തെ അരക്കിട്ടുറപ്പിക്കുവാൻ പലപ്പോഴും പര്യാപ്തമാണ്. 'ക്രിസ്തു ദൈവമല്ലെങ്കിൽ, അവിടുന്നു നമ്മെ ദൈവങ്ങളാക്കിയിട്ടില്ല' എന്ന് ആര്യൻ തർക്കത്തിനിടയിൽ വി. അത്തനാസ്യോസ് ശക്തിയായി വാദിക്കുന്നു.[21] 'വചനം ബൗദ്ധികാത്മാവുൾപ്പെട്ട സമ്പൂർണമനുഷ്യനെ എടുത്തിട്ടില്ലെങ്കിൽ, സമഗ്രമനുഷ്യനെ അവിടുന്ന് സമുദ്ധരിച്ചിട്ടില്ല. കാരണം, എടുക്കപ്പെടാത്തത് രക്ഷിക്കപ്പെട്ടിട്ടില്ല' എന്ന് അപ്പൊള്ളിനാരിയൻ തർക്കത്തിനിടയിൽ വി. ഗ്രിഗറി നസ്യാൻസൻ പറയുന്നു.[22] ക്രിസ്തു ഒരേ സമയം ദൈവവും മനുഷ്യനുമല്ലെങ്കിൽ–പൂർണമനുഷ്യനും പൂർണദൈവവും–ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയ്ക്ക് മധ്യസ്ഥനായിരിപ്പാൻ അവിടുത്തേക്ക് സാധിക്കയില്ല' എന്ന് 'ദൈവനഗര'ത്തിൽ വി. അഗസ്റ്റീനോസ് പഠിപ്പിക്കുന്നു. 'വെറുമൊരു മനുഷ്യൻ മാത്രമല്ലാത്ത, ദൈവംകൂടിയായ മനുഷ്യനെ അന്വേഷിക്കുക' എന്നും അദ്ദേഹം എഴുതുന്നു.[23]

---

20. മാർപാപ്പാ, പേ. 10–11.
21. ദെ സിനൊദിസ്, 51; PG. 26, 784.
22. I Ep. ad Cledonium, 101.
23. Sermo. 293. 7.

www.malankaralibrary.com



രണ്ടാം വത്തിക്കാൻ സൂനഹദോസും ഇതുതന്നെ വിളംബരം ചെയ്യുന്നു: 'അവതരിച്ച വചനത്തിൻെറ രഹസ്യത്തിൽ മാത്രമേ മനുഷ്യ രഹസ്യത്തിനു യഥാർത്ഥത്തിൽ പ്രകാശിതമാകാൻ സാധിക്കൂ... പുതിയ ആദാമായ ക്രിസ്തു പിതാവിൻെറയും അവിടുത്തെ സ്നേഹത്തിൻെറയും രഹസ്യത്തെ ശരിയായി വെളിപ്പെടുത്തിക്കൊണ്ട് മനുഷ്യനു മനുഷ്യനെ പൂർണമായി വെളിപ്പെടുത്തുന്നു. 24

ക്രിസ്തു മാത്രമാണ് മനുഷ്യൻെറ യഥാർത്ഥരക്ഷ എന്ന് സഭ തളരാതെ പ്രഘോഷിക്കുന്നു. ഈ പ്രഘോഷണ ചരിത്രമാണ് പിതാക്കന്മാരുടെ പ്രബോധനം.

ഇന്നിൻെറ പ്രശ്നങ്ങളുടെ നടുവിൽ നട്ടംതിരിയുന്ന ആധുനിക മനുഷ്യനു് സംഭാവന ചെയ്യുവാൻ സഭാപിതാക്കന്മാരുടെ പക്കലുള്ള അമൂല്യ നിക്ഷേപങ്ങൾ നാം വെളിച്ചത്തു കൊണ്ടുവരണം. അപ്പസ്തോലിക പാരമ്പര്യത്തോട് അവർക്കുണ്ടായിരുന്ന അതേ ബഹുമാനം നമുക്കും ഉണ്ടായിരിക്കണം; ഐക്യത്തിനു് അവർ കൊടുത്ത പ്രാധാന്യം നാം അംഗീകരിക്കണം. അരൂപിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തി, സമകാലീന പ്രശ്നങ്ങളെ നവംനവങ്ങളായ കാഴ്ചപ്പാടുകളിലൂടെ കാണണം; സഭാപിതാക്കന്മാരിലുണ്ടായ പാളിച്ചകൾ തിരസ്കരിച്ചുകൊണ്ട്, അവരുടെ നല്ല മാതൃക സ്വീകരിക്കാം. പുതിയ ആകാശത്തിൻെറയും പുതിയ ഭൂമിയുടെയും പൊൻപുലരിക്കായി പരിശ്രമിക്കാം.

---

24. സഭ ആധുനികലോകത്തിൽ, 22.

www.malankaralibrary.com

അദ്ധ്യായം 1

# നിഖ്യാവിശ്വാസപ്രമാണം

ഏഷ്യാമൈനറിലെ നിഖ്യായിൽവച്ച്[1] ക്രി. വ. 325–ൽ സഭാചരിത്രത്തിലെ ഒരു വലിയ സൂനഹദോസ് കൂടി. മഹാനായ കോൺസ്റ്റൻറൈൻ ചക്രവർത്തി (+337) ആണ് ഇതു വിളിച്ചുകൂട്ടിയത്. '318' പിതാക്കന്മാർ ഇതിൽ സംബന്ധിച്ചു എന്നാണ് പാരമ്പര്യം.[2] സൂനഹദോസിൽ സംബന്ധിച്ച മിക്കവരും പൗരസ്ത്യരായിരുന്നു. താഴെ പറയുന്ന പാശ്ചാത്യരും പങ്കെടുത്തു: കൊർദോവായിലെ ഹോസിയൂസ് (+375)—മതപരമായ കാര്യങ്ങളിൽ കോൺസ്റ്റൻറൈൻ ചക്രവർത്തിയുടെ പ്രധാനപ്പെട്ട ഉപദേശകനായിരുന്നു അദ്ദേഹം—കാർത്തേജിലെ ചെചീലിയൻ (+345), കലാബ്രിയായിലെ മർക്കോസ്, ദീയോനിലെ നിക്കോസിയൂസ്, സ്ത്രീദോയിലെ ദോമ്നസ്, റോമൻ വൈദികരായ വീത്തൂസ്, വിൻസെൻറ്.

ആരിയൂസ് എന്ന അലക്സാന്ത്രിയൻ വൈദികൻ പുത്രനെപ്പററി ദൈവദൂഷണം പഠിപ്പിച്ചപ്പോഴാണ് ആദിമസഭയിൽ കലക്കമുണ്ടായി. സഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനും, സത്യവിശ്വാസ പ്രഖ്യാപനം നടത്തുന്നതിനും, അബദ്ധോപദേശകരെ സഭയിൽനിന്നു പുറംതള്ളുന്നതിനുമാണ് നിഖ്യായിൽ സൂനഹദോസു കൂടിയത്. വിശ്വാസസംബന്ധമായി പുതിയ സിദ്ധാന്തങ്ങൾ പഠിപ്പിക്കാനല്ല, പിന്നെയോ തങ്ങൾക്കു കിട്ടിയ പ്രബോധനം അഭംഗുരം പിൻതലമുറയ്ക്കു പകർന്നുകൊടുക്കാനാണ് അവർ യത്നിച്ചത്. 'സത്യവിശ്വാസത്തിൽ മായം ചേർക്കാൻ പാടില്ല; അതനുവദിക്കരുത്; സത്യവിശ്വാസ പ്രബോധനത്തിൽ പാളിച്ച പററാൻ പാടില്ല' തുടങ്ങിയ കാര്യങ്ങളിൽ അവർ സർവ്വ ശ്രദ്ധയും കേന്ദ്രീകരിച്ചു.

ഒരു വിശ്വാസ പ്രമാണവും ഇരുപതു് കാനോനാകളും പിതാക്കന്മാർ തയാറാക്കി. നിഖ്യാവിശ്വാസപ്രമാണം അംഗീകരിക്കാത്തവരെ സഭയിൽനിന്ന് പുറത്താക്കി: ആരിയൂസ്, തൊളേമായിസിലെ സെക്കൻഡസ്, മർമറിക്കായിലെ തെയോനാസ് എന്നിവർ നിഖ്യാവിശ്വാസപ്രമാണത്തിൽ ഒപ്പുവച്ചില്ല. അവരെ

www.malankaralibrary.com



ഇല്ലിറിക്കം എന്ന പ്രദേശത്തേക്ക് നാടുകടത്തി. നിക്കൊമേദിയായിലെ എവുസേബിയസ്, നിഖ്യായിലെ തെയോഗ്നിസ് എന്നിവരും അവസാനം ഒപ്പുവച്ചു. 'ആരിയൂസിന്റെ പ്രബോധനം വളരെ തെററിദ്ധരിച്ചാണ് മററുള്ളവർ മനസ്സിലാക്കിയിരിക്കുന്നതു്; അതുകൊണ്ട് ആരിയൂസിനെതിരെയുള്ള വിധി അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്'' എന്ന് ഇരുവരും വിസമ്മതം പ്രകടിപ്പിച്ചു. 325 അവസാനത്തോടുകൂടി അവരിരുവരും ഗാളിലേക്ക് നാടുകടത്തപ്പെട്ടു. എന്നാൽ 328 ഓടുകൂടി എവുസേബിയൂസും തെയോഗ്നീസും തിരികെ സ്വന്തം രൂപതകളിൽതന്നെ നിയമിതരായി.

## ആരിയൻ ചരിത്രം

ആരിയൂസ് തന്റെ പാഷണ്ഡത പ്രചരിപ്പിക്കാൻ തുടങ്ങിയ ഉടനെ അലക്സാന്ദ്രിയൻ മെത്രാൻ അലക്സാണ്ടർ ഒരു സിനഡ് കൂടി. ക്രി. വ. 318–ൽ അലക്സാന്ദ്രിയായിൽ കൂടിയ ഈ സിനഡിൽ ഏതാണ്ട് നൂറോളം മെത്രാന്മാർ പങ്കെടുത്തു. ആരിയൂസിനെ സിനഡ് സഭാഭ്രഷ്ടനാക്കി. ആരിയൂസ് ഉടനെ പലസ്തീനയിലും മററും ഉള്ള സുഹൃത്തുക്കളുടെ പക്കലെത്തി തന്നെ പിൻതുണയ്ക്കുന്നവരെ തേടിക്കൊണ്ടിരുന്നു. ക്രി. വ. 325ൽ അന്ത്യോക്യയിൽവച്ച് ഒരു സിനഡ് കൂടി. 56 മെത്രാന്മാർ അതിൽ സംബന്ധിച്ചു. അവരിൽ 49 പേർ നിഖ്യായിലും സംബന്ധിച്ചു.[3] സിനഡിനുശേഷം എല്ലാ മെത്രാന്മാർക്കുമായി ഒരു സർക്കുലർ അയച്ചു. അതിൽ ഒരു വിശ്വാസപ്രമാണവും ഉണ്ട്. അതിപ്രകാരമാണ്:[4]

''വിശ്വാസം ഇപ്രകാരമാണെന്നു'' എഴുത്തുകാർ പറയുന്നു 'പിതാവും സർവശക്തനും, അഗ്രാഹ്യനും, വ്യതിയാനരഹിതനും മാററമില്ലാത്തവനും, പ്രപഞ്ചത്തിന്റെ സംരക്ഷകനും, ഭരണകർത്താവും, നീതിമാനും, നല്ലവനും, ഭൂവാനങ്ങളെയും അവയിലുള്ള എല്ലാററിനെയും നിർമ്മിച്ചവനും, നിയമത്തിന്റെയും പ്രവാചകരുടെയും പുതിയ ഉടമ്പടിയുടെയും കർത്താവും ആയ ഏകദൈവത്തിൽ വിശ്വസിക്കണം. ഏകജാതനായ പുത്രനും, കർത്താവുമായ ഈശോമിശിഹായിലും (വിശ്വസിക്കണം); ഇല്ലായ്മയിൽ നിന്നല്ല, പിതാവിൽനിന്നാണ് അവിടുന്ന് ജാതനായതു്. അവിടുന്നു നിർമ്മിക്കപ്പെട്ടതല്ല; യഥാർത്ഥത്തിൽ സന്തതിയാണ്. അവാച്യവും അത്ഭുതാവഹവുമായ രീതിയിൽ അവിടുന്ന് ജാതനായി. ജനിപ്പിച്ച പിതാവും ജനിച്ച പുത്രനും മാത്രമേ അതു് അറിയുന്നുള്ളു (പുത്രനല്ലാതെ പിതാവിനെയും പിതാവല്ലാതെ പുത്രനെയും ആരും അറിയുന്നില്ല). അവിടുന്ന് നിത്യമായി സ്ഥിതിചെയ്യുന്നു; അവിടുന്ന് ഇല്ലായിരുന്ന ഒരു സമയവും ഉണ്ടായിട്ടില്ല. അവിടുന്നു മാത്രമാണ് സ്പഷ്ടമായ സാദൃശ്യം എന്ന്

www.malankaralibrary.com



വി. ഗ്രന്ഥത്തിൽനിന്ന് നാം പഠിച്ചിട്ടുണ്ട്; പിതാവിൽനിന്ന് ജനിക്കാത്തവനായി അവൻ നിൽക്കമായിരുന്ന എന്നർത്ഥത്തിലല്ല, ഒരുതുടക്കാൻ വഴിയുമല്ല (അങ്ങനെ പറയുന്നതു് അഭക്തമാണ്, ദൈവദൂഷണവുമാണ്). അവിടുന്ന് സത്യമായും നൈയാമികമായും പുത്രനായി ജനിച്ചവനാണെന്ന് വിശുദ്ധഗ്രന്ഥം വിവരിക്കുന്നു. അങ്ങനെ, അവിടുന്ന് വ്യതിയാനരഹിതനും മാററമില്ലാത്തവനുമാണെന്നും ഇച്ഛയാലോ, ഒരുതുടക്കൽവഴിയോ ഉണ്ടായതല്ല പിന്നെയോ, ജനിച്ചവനാണെന്നും നാം വിശ്വസിക്കുന്നു; ഇല്ലായ്മയിൽനിന്ന് ഉണ്ടായി എന്ന രീതിയിലല്ല, അവനു ചേർന്ന രീതിയിൽ ജനിപ്പിക്കപ്പെട്ടു എന്നാണ് (നാം മനസ്സിലാക്കുക). അവനിലൂടെ യാഥാർത്ഥ്യത്തിലെത്തിയ മറെറതെങ്കിലും വസ്തുവിന്റെ സാദൃശ്യത്തിലോ, സ്വഭാവത്തിലോ, കൂട്ടിച്ചേർക്കലിലോ, അല്ല (അങ്ങനെ ചിന്തിക്കാൻപോലും പാടില്ല) പിന്നെയോ, എല്ലാ അറിവിനേയും, ചിന്തയേയും, പദപ്രയോഗങ്ങളേയുംകാരം ഉന്നതമായ രീതിയിൽ, ജനിക്കാത്ത പിതാവിൽനിന്ന് ദിവ്യവചനവും, സത്യപ്രകാശവും, നീതിയും എല്ലാവരുടെയും രക്ഷകനുമായ കർത്താവീശോമിശിഹാ ജനിച്ചെന്ന് നാം ഏററു പറയുന്നു. അവിടുന്നു പിതാവിന്റെ ഇച്ഛയുടെയോ മറെറന്തിന്റെയോ, സാദൃശ്യമല്ല, മറിച്ച് അവിടുന്ന് തന്റെ പിതാവിന്റെ സത്തയിൽനിന്നുള്ളവനാണ് (ഹ്യൂപ്പൊസ്തസെയോസ്). ദൈവവചനമായ ഈ പുത്രൻ ദൈവമാതാവായ മറിയാമിൽനിന്ന് ശരീരത്തിൽ ജനിച്ച് തിരുഅവതാരം ചെയ്തു. അവിടുന്ന് കഷ്ടപ്പെട്ടു; മരിച്ചു; മരിച്ചവരിൽനിന്നു ഉത്ഥാനം ചെയ്ത്, സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു; അത്യുന്നതസിംഹാസനത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു; അവിടുന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരും. കൂടാതെ നമ്മുടെ രക്ഷകനിലെന്നപോലെ ഏകപരിശുദ്ധാത്മാവിലും, ഏകകത്തോലിക്കാ സഭയിലും, ശരീരത്തിന്റെ ഉത്ഥാനത്തിലും, ശരീരത്തിൽ നന്മയോ തിന്മയോ ആയി ഓരോരുത്തർ പ്രവർത്തിച്ചതിനു് പ്രതിഫലം നൽകുന്ന വിധിയിലും വിശ്വസിക്കാൻ വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. 'ദൈവപുത്രൻ ഒരു സൃഷ്ടിയാണ്, യാഥാർത്ഥ്യത്തിലേക്കുവന്നു, നിർമ്മിക്കപ്പെട്ടതാണ്, സത്യമായി ജനിപ്പിക്കപ്പെട്ടവനല്ല, അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നൊക്കെ ചിന്തിക്കുകയും പറയുകയും പ്രസംഗിക്കുകയും ചെയ്യുന്നവരെ ഞങ്ങൾ ശപിക്കുന്നു. കാരണം, അവിടുന്ന് ഉണ്ടായിരുന്നെന്നും, ഉണ്ടെന്നും, പ്രകാശമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. 'തന്റെ സ്വന്തം ഇച്ഛയാൽതന്നെ അവിടുന്ന് വ്യതിയാനാതീതനാണ്; ഇല്ലായ്മയിൽനിന്ന് ഉരുവായി; പിതാവ് വ്യതിയാനാതീതനായതുപോലെ പുത്രനല്ല' എന്നെല്ലാം പറയുന്നവരെയും ഞങ്ങൾ ശപിക്കുന്നു. കാരണം എല്ലാ സംഗതികളിലും നമ്മുടെ രക്ഷകൻ തന്റെ

www.malankaralibrary.com



പിതാവിന്റെ ഛായ ആയിരിക്കുന്നതുപോലെ, ഈ കാര്യത്തിലും അവിടുന്ന് പിതാവിന്റെ ഛായയായി പ്രകീർത്തിക്കപ്പെടുന്നു.'

പുത്രൻ സൃഷ്ടിയല്ലെന്നും, ഇല്ലായ്മയിൽ നിന്നുണ്ടാക്കപ്പെട്ടതല്ലെന്നും അവാച്യമായി പിതാവിൽനിന്ന് ജനിച്ചെന്നും എല്ലാ സംഗതികളിലും അവിടുന്ന് പിതാവിന്റെ ഛായയാണെന്നും ഈ വിശ്വാസപ്രമാണം സ്പഷ്ടമായി പഠിപ്പിക്കുന്നു. ഇത് തികച്ചും ആരിയൂസിന്റെ പ്രബോധനങ്ങൾക്ക് എതിരാണ്. പില്ക്കാലത്തുണ്ടായ എല്ലാ സിനഡൽ വിശ്വാസപ്രമാണങ്ങൾക്കും മുന്നോടിയായിരുന്നു ഇത്. സ്ഥലത്ത് സ്നാനാർത്ഥികൾക്കായി ഉപയോഗിച്ചിരുന്ന വിശ്വാസ പ്രമാണമായിരിക്കാം ഇതിന്റെ അടിസ്ഥാനം.

ഈ സിനഡ് കഴിഞ്ഞ് കുറേ മാസങ്ങൾക്കുശേഷം നിഖ്യായിൽ സിനഡുകൂടി. ആദ്യം അൻസീറായിൽവച്ച് കൂടാൻ ആലോചിച്ചെങ്കിലും [5] നിഖ്യാതന്നെ തെരഞ്ഞെടുക്കപ്പെട്ടു. 325 മെയ് 20നാണ് സിനഡ് തുടങ്ങിയതെന്ന് സൊക്രാട്ടസ് പറയുന്നെങ്കിലും [6] ജൂൺ 19നാണ് തുടങ്ങിയതെന്നാണ് ഭൂരിപക്ഷാഭിപ്രായം. [7] ഒക്ടോബർ 10 ന് രണ്ടാം സമ്മേളനത്തിൽ, തയ്യാറാക്കപ്പെട്ട വിശ്വാസ പ്രമാണം വായിക്കപ്പെട്ടു. ചർച്ചകൾക്കുശേഷം മഹാഭൂരിപക്ഷത്തോടെ ഈ വിശ്വാസപ്രമാണം അംഗീകരിക്കപ്പെട്ടു. [8]

നിഖ്യാവിശ്വാസപ്രമാണത്തിന് അടിസ്ഥാനമായി സ്വീകരിക്കപ്പെട്ടത് ഏത് പ്രാദേശിക വിശ്വാസപ്രമാണമാണ് എന്നതിനെ സംബന്ധിച്ചുള്ള ചർച്ച അവസാനിച്ചിട്ടില്ല. കേസാറിയായിലെ എവുസേബിയസിന്റെ വിശ്വാസപ്രമാണം ചില ചില്ലറ വ്യതിയാനങ്ങളോടുകൂടി സ്വീകരിക്കപ്പെട്ടു എന്ന ചിന്ത ഇന്ന് പൊതുവെ സ്വീകാര്യമല്ല. [9] ഏതോ സീറോ—പലസ്തീനിയൻ സഭയിലെ വിശ്വാസ പ്രമാണത്തിൽ ആരിയൻ–വിരുദ്ധ ഘടകങ്ങൾ കൂട്ടിച്ചേർത്താണ് നിഖ്യാവിശ്വാസപ്രമാണം തയ്യാറാക്കിയിരിക്കുന്നത് എന്നതാണ് പൊതുവെയുള്ള അഭിപ്രായം. [10]

നിഖ്യാവിശ്വാസപ്രമാണം ഇപ്രകാരമാണ്:

'സർവ്വശക്തിയുള്ള പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമ്മാതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ പുത്രനും, പിതാവിൽനിന്ന് ജനിച്ചവനും, ഏകജാതനും, പിതാവിന്റെ സത്തയിൽനിന്നുള്ളവനും, ദൈവത്തിൽനിന്നുള്ള ദൈവവും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സത്തയിൽ പിതാവിനോട് സമത്വമുള്ളവനും, തന്നാൽ

www.malankaralibrary.com



ആകാശത്തിലും ഭൂമിയിലുമുള്ള സകലവും നിർമ്മിക്കപ്പെട്ടവനും ആയ ഏക കർത്താവീശോമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി താഴേയ്ക്കിറങ്ങി, ശരീരമെടുത്ത് മനുഷ്യനായി. അവൻ കഷ്ടപ്പെട്ട് മരിക്കുകയും, വീണ്ടും മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും, സ്വർഗത്തിലേക്ക് കരേറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. 'അവൻ ഇല്ലായിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നോ, 'ജനിക്കുന്നതിനു മുൻപ് അവൻ ഇല്ലായിരുന്നു' എന്നോ, 'ഇല്ലാതിരുന്ന അവസ്ഥയിൽനിന്ന് അവൻ നിർമ്മിക്കപ്പെട്ടു' എന്നോ, 'അവൻ മറെറാരു സാരാംശത്തിൽ അഥവാ, സത്തയിൽ നിന്നാണ്' എന്നോ, 'അവൻ ഒരു സൃഷ്ടിയാണ്' എന്നോ 'മാററത്തിനും വ്യതിയാനത്തിനും വിധേയനാണ്' എന്നോ ദൈവപുത്രനെപ്പററി പറയുന്ന എല്ലാവരെയും കാതോലികവും ശ്ലൈഹികവുമായ സഭ പുറന്തള്ളുന്നു.'

'മൊണോഗെനേ' (ഏകജാതൻ), 'ത്തുഔസ്‌തിൻ എക് തേസ് ഉസിയാസ് തു പത്രോസ്' (അതായത്, പിതാവിൻെറ സത്തയിൽനിന്ന്), 'തെഓൻ അലേതിനോൻ എക്തെഊ അലേതിനു' (സത്യദൈവത്തിൽനിന്നുള്ള സത്യദൈവം), 'ഗെന്നേതെൻതാ ഉപൊയ്എതെൻതാ' (ജനിച്ചവനും നിർമ്മിക്കപ്പെടാത്തവനും), ഹോമോഉസിയോൻ തോ പാത്രി' (പിതാവുമായി സമസത്ത) എന്നീ ആരിയൻ–വിരുദ്ധ പദപ്രയോഗങ്ങൾ നിഖ്യാവിശ്വാസപ്രമാണത്തിൽ കാണാം.[11] അതുപോലെ ആരിയൂസിൻെറ ചില അബദ്ധ പ്രസ്താവനകൾ പ്രത്യേകം എടുത്തു ശപിച്ചിട്ടുണ്ട്.[12]

'ഹോമോഉസിയോസ്' (സമസത്ത) എന്ന പദം അതേ വാക്കുകളിൽ വേദപുസ്തകത്തിൽ കാണുന്ന പ്രയോഗമല്ലാത്തതിനാൽ പലരും എതിർപ്പു പ്രകടിപ്പിച്ചു. അതുപോലെ വൈവിധ്യമാർന്ന അർത്ഥമാണ് പ്രസ്തുത പദം സംബന്ധിച്ച് വ്യത്യസ്ത പശ്ചാത്തലങ്ങളിൽനിന്നുള്ള പിതാക്കന്മാർക്കുണ്ടായിരുന്നത്. അവസാനം എല്ലാവരും ഇതു സ്വീകരിച്ചെങ്കിലും, ഓരോരുത്തരും അവരവരുടേതായ അർത്ഥം കൊടുത്ത് നിഖ്യാവിശ്വാസപ്രമാണം വ്യാഖ്യാനിച്ചു. തത്ഫലമായി നിഖ്യായ്ക്കുശേഷവും വളരെ നാളത്തേക്ക് ആരിയൻ ചിന്ത ആദിമസഭയിൽ കോളിളക്കം ഉണ്ടാക്കിക്കൊണ്ടിരുന്നു.

## ആരിയനിസം–വളർച്ച

ആരിയൻ ചിന്തയ്ക്ക് സാർവത്രിക പ്രചരണം ലഭിക്കാനുള്ള കാരണങ്ങൾ ചിലർ അപഗ്രഥിക്കുന്നു: (1) ദൈവവചനത്തെ സംബന്ധിച്ച് കൃത്യമായി ദൈവശാസ്ത്രം വികസിച്ചിരുന്നില്ല. (2) അത്തനാസ്യോസിനെപ്പോലെ തലയെടുപ്പുള്ള ദൈവശാസ്ത്രജ്ഞന്മാർ ആരിയൻ പ്രശ്നം ഉടലെടുത്തപ്പോൾ ഇല്ലായിരുന്നു;

www.malankaralibrary.com



അത്തനാസ്യോസ് തന്നെയും മെത്രാനായശേഷം വളരെനാൾ ഒളിവിലായിരുന്നു. (3) ആരിയൂസിന്റെ സഹപാഠികളായ മെത്രാന്മാർ അദ്ദേഹത്തെ പല രീതികളിൽ സഹായിച്ചുകൊണ്ടിരുന്നു. (4) ആരിയൂസിന്റെ 'ദൈവശാസ്ത്ര റാഷണലിസം' ഉപരിപ്ലവ ചിന്താഗതിക്കാരെ തൃപ്തിപ്പെടുത്താൻ പര്യാപ്തമായിരുന്നു. (5) ആരിയൂസ് ഒരു ആത്മീയ മനുഷ്യനായി അറിയപ്പെട്ടിരുന്നു; സന്യാസിനികളുടെയും മറ്റ് മനുഷ്യരുടെയും ഇടയിൽ സ്വാധീനം ഉണ്ടായിരുന്നു. (6) പല റോമൻ ചക്രവർത്തിമാരും കൊട്ടാരസേവകരും ആരിയൻ ചിന്താഗതി പുലർത്തി, ആരിയനിസത്തെ താലോലിച്ചു. (7) ആഴമായ വിശ്വാസതീക്ഷ്ണത മുററിനിന്നവരല്ലായിരുന്നു എല്ലാ മെത്രാന്മാരും. (8) അവ്യക്തത നിറഞ്ഞ ദൈവശാസ്ത്രപദങ്ങളാണ് പൊതുവെ പരന്നിരുന്നത്.

ആരിയൻ പ്രശ്നത്തിന്റെ കാലഘട്ടത്തെ നാലായി തിരിക്കുന്നവരുണ്ട്. (1) ക്രി. വ. 318 മുതൽ 325 വരെ: ഇക്കാലഘട്ടത്തിൽ ആരിയൻ ചിന്ത പ്രചരിച്ചുകൊണ്ടിരുന്നു. വെറും അലക്സാണ്ഡ്റിയൻ പ്രശ്നമായിരുന്ന ആരിയനിസം ഒരു സാർവത്രിക പ്രശ്നമായിത്തീർന്നു. ആരിയൂസിന്റെ സുഹൃത്തുക്കളായ മെത്രാന്മാർ ഇതിൽ നല്ല പങ്കു വഹിച്ചു. (2) ക്രി. വ. 325 മുതൽ 330 വരെ: സത്യവിശ്വാസം വിജയിച്ച കാലഘട്ടമാണിത്. ആരിയനിസം അബദ്ധാഭിപ്രായമായി മുദ്രകുത്തപ്പെട്ടു. ആരിയൻ ചിന്താഗതിക്കാരെ നാടുകടത്തി. (3) ക്രി. വ. 330 മുതൽ 362 വരെ: ആരിയൻ ചിന്താഗതിക്കാരുടെ താൽക്കാലിക വിജയകാലഘട്ടം. ഇക്കാലഘട്ടത്തിൽ സെമി–ആരിയൻ ചിന്താഗതിക്കാർ നിഖ്യാവിശ്വാസപ്രമാണം മാററിവച്ചിട്ട് ഒന്നിനു പിറകെ ഒന്നായി വിശ്വാസ പ്രമാണങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. ചില റോമൻ ചക്രവർത്തിമാർ ഇത്തരം പ്രവണതകളെ പ്രോത്സാഹിപ്പിച്ചു. പൗരസ്ത്യദേശത്തെ സത്യവിശ്വാസികളായ മെത്രാന്മാരെല്ലാം തന്നെ നാടുകടത്തപ്പെട്ടു; മിക്കയിടങ്ങളിലും ആരിയൻ മെത്രാന്മാർ കടന്നുകൂടി. (4) ക്രി. വ. 362 മുതൽ 381 വരെ: വി. അത്തനാസ്യോസ്, കപ്പദോചിയൻ പിതാക്കന്മാർ എന്നിവർ ആരിയനിസത്തെ പരാജയപ്പെടുത്തി നിഖ്യാ വിശ്വാസ പ്രമാണം ഉറക്കെ പ്രഘോഷിക്കുകയും ഉറപ്പിക്കുകയും ചെയ്തു. മഹാനായ തിയഡോഷ്യസ് ഒന്നാമൻ ചക്രവർത്തിയുടെ കാലത്തോടു കൂടി (379–395) ആരിയനിസം റോമാസാമ്രാജ്യത്തിൽ നിന്ന് തുടച്ചുമാററപ്പെട്ടു.

ക്രി. വ. 335–ൽ ടയറിൽവച്ച് നടന്ന സിനഡ് ആരിയൂസിനെ തിരികെ സഭയിലേക്കു സ്വീകരിക്കാൻ ചക്രവർത്തിയോട് ശുപാർശ ചെയ്തു. പ്രസ്തുത വർഷം തന്നെ യറുശലേമിൽ മറെറാരു സിനഡുകൂടി. ടയറിലെ സിനഡിൽ വിവിധ ഭാഗങ്ങളിൽ നിന്നായി അറുപതോളം മെത്രാന്മാർ പങ്കെടുത്തു. അൻപതു പേർ

www.malankaralibrary.com



ഈജിപ്തുകാരായിരുന്നു. അവരെ കൂടാതെ ചെസാറിയായിലെ എവുസേബിയസ്, നിക്കൊമേദിയായിലെ എവുസേബിയസ്, അന്ത്യോക്യയിലെ ഫ്ലാച്ചില്ലസ്, നിഖ്യായിലെ തെയോഗ്നിസ്, നെറോണിയാദിലെ നർചീസൂസ്, ഷിതോപ്പൊളീസിലെ പത്രോഫീലൂസ്, മൂർസായിലെ വാലെൻസ്, സിൻജിദൂണമിലെ ഉർസാചിയൂസ് (ഇരുവരും ഇല്ലീറിയായിൽ നിന്ന്), തെസ്സലോനിക്കായിലെ അലക്സാണ്ടർ, അൻസീറയിലെ മർസെല്ലൂസ് എന്നിവരും ഉണ്ടായിരുന്നു. ടയറിൽ സംബന്ധിച്ചവരിൽ പലരും ആരിയൻ പക്ഷപാതികളും അത്തനാസ്യോസിനോട് പകയുള്ളവരുമായിരുന്നു.[13]

## അന്ത്യോക്യൻ സിനഡ് (341)

ക്രി. വ. 340–ൽ റോമിലും 341–ൽ അന്ത്യോക്യയിലും സിനഡുകൾ നടന്നു. റോമൻ സിനഡ് അത്തനാസ്യോസിന്റെ സത്യവിശ്വാസം അംഗീകരിച്ചു. അന്ത്യോക്യൻ സിനഡിൽ 97 മെത്രാന്മാർ സംബന്ധിച്ചു. അവരെല്ലാം തന്നെ ആരിയൂസിന്റെ സുഹൃത്തായ എവുസേബിയസിന്റെ പക്ഷക്കാരായിരുന്നു. അന്ത്യോക്യയിൽ കോൺസ്റ്റൻടൈൻ പണികഴിച്ച ദേവാലയപ്രതിഷ്ഠയോടനുബന്ധിച്ചായിരുന്നു ഈ സിനഡ്. അതിനാൽ ഇതിനെ 'പ്രതിഷ്ഠാ സിനഡ്''[14] എന്നു് വിളിക്കുന്നു. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി (+361) നേരിട്ട് സിനഡിൽ സംബന്ധിച്ചിരുന്നു. സിനഡിന്റെ പ്രധാനലക്ഷ്യം അത്തനാസ്യോസിനെ ഒരിക്കൽ കൂടി തറപററിക്കുക എന്നുള്ളതായിരുന്നു. 335 ലെ ടയർ സിനഡ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിയിരുന്നു. 335 ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡ് അൻസീറയിലെ മർസെല്ലൂസിനെ സ്ഥാനഭ്രഷ്ടനാക്കി. 337–ൽ കോൺസ്റ്റൻറടൈൻ മരിച്ചപ്പോൾ ഇരുവർക്കും തിരികെ വരാൻ അനുവാദം ലഭിച്ചു. എന്നാൽ ആര്യൻ പക്ഷപാതികളായ എവുസേബിയൻ മെത്രാന്മാർ[15] അവർക്കെതിരെ ഉപജാപങ്ങളുമായി രംഗത്തിറങ്ങി. അവർ റോമിലെത്തി. 340–ൽ ജൂലിയസ്മാർപാപ്പായുടെ നേതൃത്വത്തിൽ കൂടിയ സിനഡ് ഇരുവരെയും അംഗീകരിക്കുകയും എവുസേബിയൻ മെത്രാന്മാർ ആരിയൻ പാഷണ്ഡത ഉള്ളവരാണെന്നു കുററപ്പെടുത്തുകയും ചെയ്തു. അതിനെതിരെ ഒരു വിശ്വാസ പ്രഖ്യാപനം നടത്തുക എന്നതായിരുന്നു 341 ലെ അന്ത്യോക്യൻ സിനഡിന്റെ ലക്ഷ്യം. അവർ ഒന്നിനു പിറകെ ഒന്നായി നാലു് വിശ്വാസ പ്രമാണങ്ങൾ ഉണ്ടാക്കി. 'വെറും ഒരു വൈദികനായ ആരിയൂസിനെ മെത്രാന്മാരായ ഞങ്ങൾ എങ്ങനെ പിൻചെല്ലും' എന്നു് അവർ ചോദിക്കുകയുണ്ടായി. അവരുടെ ആദ്യവിശ്വാസപ്രമാണം ഇപ്രകാരമാണ്:[16]

'ദൃശ്യാദൃശ്യങ്ങളായ എല്ലാവസ്തുക്കളുടെയും സ്രഷ്ടാവും നിയന്താവും, പ്രപഞ്ചത്തിന്റെ ദൈവവും ആയ ഏക ദൈവത്തിലും

www.malankaralibrary.com



ദൈവത്തിന്റെ ഏക ജാതനും, തന്നെ ജനിപ്പിച്ച പിതാവിനോടു കൂടെ യുഗങ്ങൾക്കെല്ലാം മുൻപേ സ്ഥിതിചെയ്യുന്നവനും, ഉണ്ടായിരുന്നവനും ആയ ഏക പുത്രനിലും വിശ്വസിക്കുവാൻ ആരംഭം മുതലേ ഞങ്ങൾ പ്രബോധിപ്പിക്കപ്പെട്ടിരിക്കുന്നു. ദൃശ്യാദൃശ്യങ്ങളായവയെല്ലാം അവനിലൂടെ യാഥാർത്ഥ്യവൽക്കരിക്കപ്പെട്ടു. അവൻ പിതാവിന്റെ നല്ല ഇഷ്ടത്താൽ അവസാന നാളുകളിൽ താഴേക്കിറങ്ങിവന്ന് കന്യകയിൽ നിന്ന് ശരീരിയായി, പിതാവിന്റെ എല്ലാ തിരുഹിതവും നിവർത്തിയാക്കി. കഷ്ടപ്പെട്ട് മരിക്കുകയും ഉത്ഥാനം ചെയ്യുകയും സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും പിതൃവലഭാഗത്ത് ഉപവിഷ്ടനാകുകയും ചെയ്തു. അവൻ ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ വീണ്ടും വരാനിരിക്കുന്നു. അവൻ യുഗങ്ങൾക്കെല്ലാം രാജാവും ദൈവവുമായി സ്ഥിതി ചെയ്യുന്നു. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഇനിയും എന്തെങ്കിലും കൂട്ടിച്ചേർക്കണമെങ്കിൽ, ശരീരത്തിന്റെ ഉയിർപ്പിലും നിത്യജീവിതത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.'

കപ്പദോചിയയിലെ തിയാനാശ്രുപതാധ്യക്ഷൻ തെയോഫ്രോണിയൂസ് തന്റെ സത്യവിശ്വാസം തെളിയിക്കാൻ 341 ലെ സിനഡിൽ ഒരു വിശ്വാസ പ്രമാണം അവതരിപ്പിച്ചു. 'മൂന്നാം വിശ്വാസപ്രമാണം' എന്നാണിതറിയപ്പെടുന്നത്. സിനഡിൽ സംബന്ധിച്ചവർ ഇതും അംഗീകരിച്ചു. 'ഞാൻ ഇപ്രകാരം വിശ്വസിക്കുന്നു എന്ന് ദൈവം അറിയുന്നു; അവനെ ഞാൻ സാക്ഷി നിർത്തുന്നു' എന്നു പറഞ്ഞുകൊണ്ടാണ് ഇതു തുടങ്ങുന്നത്:[17]

'സർവശക്തനും പ്രപഞ്ച സ്രഷ്ടാവും നിർമ്മാതാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. എല്ലാ വസ്തുക്കളും അവനിൽ നിന്നാകുന്നു; അവിടുത്തെ ഏകജാതനും, ദൈവവും, വചനവും, ശക്തിയും, വിജ്ഞാനവും ആയ കർത്താവീശോമിശിഹായിലും വിശ്വസിക്കുന്നു; എല്ലാം അവനിലൂടെ ആകുന്നു. അവൻ യുഗങ്ങൾക്കെല്ലാം മുൻപ് പിതാവിൽനിന്ന് സത്യ ദൈവത്തിൽ നിന്നുള്ള സത്യ ദൈവമായി ജനിച്ചു. അവൻ ദൈവത്തോടുകൂടി ഒരു വ്യക്തിയായി (ഹ്യപ്പൊസ്റ്റസെയി) സ്ഥിതി ചെയ്യുന്നു. അവൻ അവസാനനാളുകളിൽ ഇറങ്ങിവന്ന്, വിശുദ്ധ ഗ്രന്ഥമനുസരിച്ച് കന്യകയിൽ നിന്നു ജനിച്ചു, മനുഷ്യനായി, കഷ്ടപ്പെട്ടു മരിച്ചു; അവൻ മരിച്ചവരിൽ നിന്നുയിർത്തു, സ്വർഗത്തിലേക്കെടുക്കപ്പെട്ടു, തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ മാഹാത്മ്യത്തോടും ശക്തിയോടും കൂടി വീണ്ടും വരും. അവൻ യുഗങ്ങളോളം സ്ഥിതി ചെയ്യുന്നു. ആശ്വാസപ്രദനും സത്യത്തിന്റെ അരൂപിയുമായ പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. തന്റെ ദാസന്മാരുടെ മേൽ ചൊരിയപ്പെടുമെന്ന് അവൻ പ്രവാചകർ വഴി പ്രവചിച്ചിട്ടുണ്ട്. തന്റെ ശിഷ്യരുടെ മേൽ അയയ്ക്കുമെന്ന് കർത്താവു് വാഗ്ദാനം

www.malankaralibrary.com



ചെയ്കയും ചെയ്തു. ശ്ലീഹന്മാരുടെ നടപടി സാക്ഷിക്കുന്നതുപോലെ അവനെ അവിടുന്ന് അയച്ചു. ഈ വിശ്വാസത്തിൽനിന്ന് വ്യത്യസ്തമായി വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനു പാപം....അൻസീറയിലെ മർസെല്ലൂസ്, സബെല്ലിയൂസ്, സാമസോട്ടക്കാരൻ പൗലോസ് എന്നിവരുടെ ആശയങ്ങൾ പങ്കുവയ്ക്കുന്നവരും, പങ്കുചേരുന്ന എല്ലാവരും ശപിക്കപ്പെടട്ടെ.'

അന്ത്യോക്യയിലെ 'രണ്ടാം വിശ്വാസപ്രമാണം' എന്ന് അറിയപ്പെടുന്ന ഒന്നുകൂടി ഈ സിനഡ് പാസാക്കി. ഇതിനാധാരമായിരുന്നത് ലൂചിയന്റെ വിശ്വാസപ്രമാണമാണ് എന്നൊരു പ്രാചീന പാരമ്പര്യം ഉണ്ട്. ഈ സിനഡിന്റെ ഔദ്യോഗിക വിശ്വാസപ്രമാണം ഇതു മാത്രമാണ്:[18]

'സുവിശേഷപരവും അപ്പസ്തോലികവുമായ പാരമ്പര്യങ്ങളോട് യോജിച്ചുകൊണ്ട്, സർവശക്തനും പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിർമാതാവും നിയന്താവും പിതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. തന്നിൽ നിന്നാണ് എല്ലാ വസ്തുക്കളും. ദൈവത്തിന്റെ പുത്രനും, ഏകജാതനായ ദൈവവും ആയ ഏക കർത്താവീശോമിശിഹായിലും വിശ്വസിക്കുന്നു; എല്ലാം അവനിലൂടെയാകുന്നു. അവൻ യുഗങ്ങൾക്കു മുൻപ് പിതാവിൽ നിന്നു ജനിച്ചു; ദൈവത്തിൽ നിന്നുള്ള ദൈവം, തികവിൽ നിന്നുള്ള തികവ്, ഏകനിൽനിന്നുള്ള ഏകൻ, പൂർണതയിൽ നിന്നുള്ള പൂർണത, രാജാവിൽനിന്നുള്ള രാജാവ്, കർത്താവിൽ നിന്നുള്ള കർത്താവ്, സജീവ വചനം, സജീവവിജ്ഞാനം, സത്യപ്രകാശം, വഴി, സത്യം, ഉത്ഥാനം, ഇടയൻ, വാതിൽ, മാററമില്ലാത്തവനും വ്യതിയാനരഹിതനും, ദൈവത്വത്തിന്റെ കൃത്യമായ സാദൃശ്യം, പിതാവിന്റെ മഹത്വവും, ശാന്തിയും, ഇച്ഛയും, സത്തയും, എല്ലാ സൃഷ്ടികളുടെയും ആദ്യജാതൻ, 'അവൻ ആദിയിൽ ദൈവത്തോടുകൂടിയായിരുന്നു.' 'വചനം ദൈവമായിരുന്നു' എന്നു സുവിശേഷത്തിൽ പറയപ്പെട്ടിരിക്കുന്നതുപോലെ ദൈവവചനം; അവൻ വഴി എല്ലാം യാഥാർത്ഥ്യത്തിലെത്തിച്ചേർന്നു; എല്ലാം അവനിൽ നിലനിൽക്കുന്നു; അവൻ അവസാന നാളുകളിൽ മുകളിൽ നിന്ന് താഴേക്കിറങ്ങിവന്നു, വിശുദ്ധ ലിഖിതപ്രകാരം അവൻ കന്യകയിൽ നിന്നു ജനിച്ച് മനുഷ്യനായി. 'ഞാൻ സ്വർഗത്തിൽ നിന്നുവന്നതു് എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുവാനാണ്' എന്ന് അവൻ പറയുന്നതുപോലെ അവൻ ദൈവത്തിനും മനുഷ്യർക്കും ഇടയിലെ മധ്യസ്ഥനും, നമ്മുടെ വിശ്വാസത്തിന്റെ ശ്ലീഹായും ജീവന്റെ രാജകുമാരനുമാണ്. അവൻ നമുക്കുവേണ്ടി കഷ്ടപ്പെട്ടു മരിച്ചു. മൂന്നാം ദിവസം വീണ്ടും ഉത്ഥാനം ചെയ്തു, സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു, പിതാവിന്റെ വലത്തു ഭാഗത്തിരുന്നു, ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ

www.malankaralibrary.com



അവൻ മഹത്ത്വത്തിലും ശക്തിയിലും വീണ്ടും വരും. പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. വിശ്വാസികൾക്ക് ആശ്വാസത്തിനും വിശുദ്ധീകരണത്തിനും ക്രൈസ്തവാരംഭത്തിനും ആയി അവൻ നൽകപ്പെട്ടിരിക്കുന്നു. നമ്മുടെ കർത്താവ് തന്റെ ശിഷ്യരോട് കൽപിച്ചരുളിച്ചെയ്തു: 'പോയി എല്ലാ ജനതകളെയും പഠിപ്പിക്കുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ.' അതായത് സത്യമായും പിതാവായ പിതാവിന്റെയും, സത്യമായും പുത്രനായ പുത്രന്റെയും, സത്യമായും പരിശുദ്ധാത്മാവായ പരിശുദ്ധാത്മാവിന്റെയും (നാമത്തിൽ). അർത്ഥമില്ലാതെയോ, ഫലരഹിതമായോ അല്ല ഈ നാമങ്ങൾ നൽകപ്പെട്ടിരിക്കുന്നത്. പിന്നെയോ പേരു വിളിക്കപ്പെടുന്ന ഓരോരുത്തരുടെയും പ്രത്യേക അസ്തിത്വവും ക്രമവും, മഹത്വവും കൃത്യമായി അത് സൂചിപ്പിക്കുന്നു. അങ്ങനെ അവർ മൂന്ന് ആളുകളുണ്ട്, യോജിപ്പിൽ അവർ ഒന്നാണ്.

ഈ വിശ്വാസം പ്രഖ്യാപിച്ചുകൊണ്ടും, അത് ആദ്യന്തം മുറുകെപ്പിടിച്ചുകൊണ്ടും, ദൈവത്തിന്റെയും ക്രിസ്തുവിന്റെയും മുൻപാകെ എല്ലാ അബദ്ധ പാഷണ്ഡതകളെയും ഞങ്ങൾ ശപിച്ചതുള്ളന്നു. വിശുദ്ധ ലിഖിതങ്ങളുടെ നേരായതും ശരിയായതുമായ വിശ്വാസത്തിനെതിരെ ആരെങ്കിലും പഠിപ്പിച്ചാൽ, ആ കാലത്തോ, സമയത്തോ, വയസ്സിലോ, പുത്രന്റെ ജനനത്തിനു മുൻപോ, പിൻപോ ആയിക്കൊള്ളട്ടെ, അവൻ ശപിക്കപ്പെട്ടവനാകുന്നു. പുത്രനെപ്പററി സൃഷ്ടികളിലൊരുവനായ സൃഷ്ടിയാണെന്നോ പ്രജകളെപ്പോലെ ഒരു പ്രജയാണെന്നോ, കർമ്മങ്ങളെപ്പോലെ ഒരു കർമ്മമാണെന്നോ, പറയുകയും, മുകളിൽ പറഞ്ഞ പ്രകാരം വിശുദ്ധ ലിഖിതം കൈമാറിയതുപോലെ പറയാതിരിക്കുകയും, നാം സ്വീകരിച്ചതുപോലെ പഠിപ്പിക്കാതെയും പ്രസംഗിക്കാതെയും ഇരിക്കുകയും ചെയ്താൽ അവനും ശപിക്കപ്പെട്ടവനാകട്ടെ.

വിശുദ്ധ പ്രവാചകരും വിശുദ്ധ ശ്ലീഹന്മാരും വഴി വിശുദ്ധ ഗ്രന്ഥത്തിൽ പകർന്നു തരുന്ന സകലതും ഞങ്ങൾ സത്യമായി ഭക്തിപൂർവം വിശ്വസിക്കുകയും അനുധാവനം ചെയ്യുകയും ചെയ്യുന്നു.'

നാലാമതൊരു വിശ്വാസപ്രമാണവും 341 ലെ ഈ സിനഡുമായി ബന്ധപ്പെടുത്തി അറിയപ്പെടുന്നു.[19]

'സർവശക്തനും പിതാവും എല്ലാവസ്തുക്കളുടെയും സ്രഷ്ടാവും നിർമാതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവനിൽ നിന്നാണ് ആകാശത്തിലും ഭൂമിയിലും ഉള്ള ഓരോ കുടുംബവും പേർ വിളിക്കപ്പെടുന്നത്. തന്റെ ഏകജാതനായ നമ്മുടെ കർത്താവീശോമിശിഹായിലും വിശ്വസിക്കുന്നു.

www.malankaralibrary.com



അവിടന്ന് എല്ലാ യുഗങ്ങൾക്കും മുൻപേ പിതാവിൽ നിന്നുജനിച്ചു. ദൈവത്തിൽ നിന്നുള്ള ദൈവം, പ്രകാശത്തിൽ നിന്നുള്ള പ്രകാശം, ആകാശത്തിലും ഭൂമിയിലുമുള്ള ദൃശ്യാദൃശ്യവസ്തുക്കളെല്ലാം അവനിലൂടെ യാഥാർത്ഥ്യത്തിലെത്തിച്ചേർന്നു. അവൻ വചനവും വിജ്ഞാനവും ശക്തിയും ജീവനും സത്യപ്രകാശവുമാണ്; അവിടന്ന് നമുക്കുവേണ്ടി അവസാനനാളുകളിൽ മനുഷ്യനായി, വിശുദ്ധ കന്യകയിൽ നിന്നു ജനിച്ചു. അവൻ ക്രൂശിക്കപ്പെട്ടു, മരിച്ചു, സംസ്ക്കരിക്കപ്പെട്ടു, മൂന്നാംദിവസം മരിച്ചവരിൽ നിന്നുയിർത്തു. സ്വർഗത്തിലേക്കെടുക്കപ്പെട്ടു, പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാനും ഓരോരുത്തരുടെയും പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം നൽകാനും യുഗാന്ത്യത്തിൽ വരും. അവിടത്തെ ഭരണം അഴിവില്ലാത്തതും യുഗങ്ങളോളം നിലനിൽക്കുന്നതുമാണ്.കാരണം, അവിടന്ന് ഈ യുഗത്തിൽ മാത്രമല്ല, വരാനിരിക്കുന്ന യുഗത്തിലും പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കും. ആശ്വാസപ്രദനായ പരിശുദ്ധാത്മാവിലും (വിശ്വസിക്കുന്നു). എല്ലാ കാര്യങ്ങളും പഠിപ്പിക്കാനും അനുസ്മരിപ്പിക്കാനും, കർത്താവ് വാഗ്ദാനം ചെയ്തതുപോലെ താൻ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടശേഷം ശ്ളീഹന്മാരുടെ മേൽ പരിശുദ്ധാത്മാവിനെ അയച്ചു. തന്നിൽ ആത്മാർത്ഥമായി വിശ്വസിക്കുന്ന ആത്മാക്കൾ അവൻ വഴി പവിത്രീകരിക്കപ്പെടുന്നു. 'പുത്രൻ ഇല്ലായ്മയിൽ നിന്നാണ്, ദൈവത്തിൽ നിന്നല്ല, മറ്റൊരു സത്തയിൽ നിന്നാണ്, അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്ന് പറയുന്നവരെ കത്തോലിക്കാ സഭ അന്യരായി കരുതുന്നു.'

ഈ നാലാം വിശ്വാസപ്രമാണം ത്രേവെസിൽ ആയിരുന്ന കോൺസ്റ്റാൻസ് ചക്രവർത്തിക്ക് എത്തിച്ചു കൊടുത്തു എന്നു പറയപ്പെടുന്നു. സിനഡിന്റെ ഔദ്യോഗിക വിശ്വാസപ്രമാണം കാണിക്കാതെ ഇതാണ് ചക്രവർത്തിക്കു സമർപ്പിച്ചത്. നെറോണിയാസിലെ നർചീസൂസ്, കൽക്കദോനിയായിലെ മാരിസ്, ഹെരാക്ലെയായിലെ തിയഡോർ, അരെത്തൂസായിലെ മക്കോസ്, എന്നിവരാണ് ഇത് ത്രേവെസിൽ (ഗാറം) എത്തിച്ചത്. [20]

ഈ നാല് വിശ്വാസപ്രമാണങ്ങളും 'ഹോമോഉസിയോസ്' എന്ന പദം ഉപേക്ഷിച്ചു. എവുസേബിയൻ പക്ഷക്കാരുടെ ദൈവശാസ്ത്രചിന്താഗതി ഇവയിൽ പ്രസ്പഷ്ടമായിരുന്നു. 'അന്ത്യോക്യയിൽ സംബന്ധിച്ചവരെല്ലാം നിഖ്യാസ്സൂതിരായിരുന്നു എന്ന ചിന്ത ശരിയല്ല. അത്തനാസ്യോസ് ഇവരെ തെററിദ്ധരിച്ച്, തനി ആര്യന്മാരായി ചിത്രീകരിച്ചു; അതുപോലെ അത്തനാസ്യോസിനെ മർസെല്ലൂസിന്റെ പക്ഷക്കാരനായി മറേറ കൂട്ടരും ചിത്രീകരിച്ചു' എന്ന് കരുതുന്നവരുണ്ട്. [21]

www.malankaralibrary.com



ക്രി. വ. 342/3ൽ സാർദിക്കായിൽ വച്ച് മറ്റൊരു സിനഡു കൂടി. ഇന്നത്തെ ബൾഗേറിയായിലെ സോഫിയായുടെ പ്രാചീന നാമമാണ് സാർദിക്കാ. കിഴക്കും പടിഞ്ഞാറും ഉള്ള മെത്രാന്മാർക്ക് സൗകര്യപൂർവം പങ്കെടുക്കാനാണ് പാശ്ചാത്യ റോമാസാമ്രാജ്യത്തിന്റെ അതിർത്തി നഗരമായ സർദിക്കാ തിരഞ്ഞെടുക്കപ്പെട്ടതു്. കിഴക്കു നിന്ന് 76 എവുസേബിയൻ മെത്രാന്മാർ പങ്കെടുത്തു. സ്ഥാനഭ്രഷ്ടരാക്കപ്പെട്ട അത്തനാസ്യോസ്, മർസെല്ലൂസ് ആദിയായവരെ സിനഡിൽ സംബന്ധിപ്പിക്കരുതെന്ന് അവർ നിർബന്ധം പിടിച്ചു. പാശ്ചാത്യസഭയിൽ നിന്നുള്ള സംഘത്തെ നയിച്ചതു് കൊർദോബയിലെ ഹോസിയൂസ് ആയിരുന്നു. ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരൈക്യഫോർമുല ഉണ്ടാക്കാൻ അദ്ദേഹം ശ്രമിച്ചെങ്കിലും സാധിച്ചില്ല. എന്തോ മുടന്തൻ ന്യായം പറഞ്ഞു് കൗൺസിലിൽ മുഴുവനും പങ്കെടുക്കാതെ പൗരസ്ത്യ മെത്രാന്മാർ ഒന്നടങ്കം സ്ഥലംവിട്ടു. അതിനു മുമ്പ് അവർ ഒന്നിച്ചുകൂടി ലോകം മുഴുവനുമുള്ള മെത്രാന്മാർക്കും, വൈദികർക്കും ജനങ്ങൾക്കുമായി ഒരു ചാക്രിക ലേഖനം അയച്ചു കൊടുത്തു. അതിന്റെ അവസാന ഭാഗത്തു് ഒരു വിശ്വാസപ്രമാണം ഉണ്ട്. അതു് അന്ത്യോക്യയിലെ നാലും വിശ്വാസപ്രമാണം തന്നെയാണ്., അതിൽ താഴെ പറയുന്നതുകൂടി കൂട്ടിച്ചേർത്തിരിക്കുന്നു: [22]

'അതുപോലെ 'മൂന്നുദൈവങ്ങൾ ഉണ്ട്' എന്നോ, 'ക്രിസ്തു ദൈവമല്ല' 'എന്നോ, യുഗങ്ങൾക്കു മുമ്പ് അവിടുന്നു ക്രിസ്തുവോ, ദൈവപുത്രനോ അല്ല' എന്നോ, 'പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നുതന്നെയാണ്'' എന്നോ 'പുത്രൻ ജനിച്ചവനല്ല' എന്നോ, 'പിതാവു് തന്റെ ഇച്ഛയാലോ, തിരഞ്ഞെടുപ്പിനാലോ പുത്രനെ ജനിപ്പിച്ചില്ല' എന്നോ പറയുന്നവരെ കത്തോലിക്കാസഭ ശപിക്കുന്നു.'

അവരയച്ച സർക്കുലർ ലേഖനത്തിന്റെ ഭൂരിഭാഗവും അത്തനാസ്യോസിനും മർസെല്ലൂസിനുമെതിരായിരുന്നു. അവരെ സിനഡിൽ പങ്കെടുപ്പിക്കുകയും ന്യായീകരിക്കുകയും ചെയ്ത ഹോസിയൂസ്, ജൂലിയസ് എന്നിവരെ സഭാഭ്രഷ്ടരാക്കിയ ശേഷം പൗരസ്ത്യ മെത്രാന്മാർ സ്ഥലം വിട്ടു. ശേഷിച്ചവരെല്ലാം ഒന്നിച്ചുകൂടി, അത്തനാസ്യോസ്, മർസെല്ലൂസ്, ഗാസായിലെ അസ്ക്ലേപാസ് എന്നിവരെ പുനഃപ്രതിഷ്ഠിച്ചു; പൗരസ്ത്യരും ആരിയൻ പക്ഷക്കാരുമായ കുറേ മെത്രാന്മാരുടെ പട്ടിക ഉണ്ടാക്കി അവരെ സ്ഥാനഭ്രഷ്ടരാക്കി. ഹോസിയൂസും സാർദിക്കായിലെ പ്രോത്തോജെനെസും കൂടി ഒരു വിശ്വാസപ്രമാണം ഉണ്ടാക്കി. 'സാർദിക്കയിലെ പാശ്ചാത്യ വിശ്വാസപ്രമാണം' എന്നു് ഇതു് അറിയപ്പെടുന്നു. [23]

www.malankaralibrary.com



ഈ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെട്ട മററു രണ്ടു വിശ്വാസ പ്രമാണങ്ങൾ കൂടിയുണ്ട്. (1) 'നീണ്ട വിശ്വാസപ്രമാണം' (എക്തെസിസ് മാക്രോസ്റ്റിക്കോസ്).[24] 345-ൽ മിലാനിലേക്കു നാലു പൗരസ്ത്യ മെത്രാന്മാർ ഈ വിശ്വാസപ്രമാണം കൊണ്ടുപോകുകയും പൗരസ്ത്യ വീക്ഷണം പാശ്ചാത്യ മെത്രാന്മാർക്കും കോൺസ്റ്റൻസ് ചക്രവർത്തിക്കും വിവരിച്ചുകൊടുക്കുകയും ചെയ്തു. സാർദിക്കയിലെ പൗരസ്ത്യ വിശ്വാസപ്രമാണമായിരുന്നിതു്; അതായതു് അന്ത്യോക്യയിലെ നാലാം വിശ്വാസപ്രമാണം. അതോടുകൂടി വേറെ കുറേ 'ശാപങ്ങളും' ചേർത്തു് വിപുലപ്പെടുത്തിയിരുന്നു. എന്നാൽ പാശ്ചാത്യ മെത്രാന്മാർ ഇതു് സ്വീകരിക്കാൻ തദവസരം സന്നദ്ധരായിരുന്നില്ല. സിർമിയം മെത്രാൻ ഫൊത്തീനൂസിനെ സിനഡ് മുടക്കി.

349-ൽ സിർമിയം[25] എന്ന സ്ഥലത്തു കൂടിയ സിനഡ് സ്ഥലത്തെ മെത്രാനായ ഫൊത്തീനൂസിനെ സഭാഭ്രഷ്ടനാക്കി.[26] 351/2ൽ സിർമിയത്തു കൂടിയ രണ്ടാം സിനഡിൽ പൗരസ്ത്യമെത്രാന്മാർ മാത്രം പങ്കെടുത്തു. ഈ സിനഡ് ഒരു വിശ്വാസപ്രമാണം പ്രസിദ്ധീകരിച്ചു. (2) 'സിർമിയത്തെ ഒന്നാം വിശ്വാസ പ്രമാണം.' അന്ത്യോക്യയിലെ നാലാം വിശ്വാസപ്രമാണവും 26 ശാപങ്ങളും ചേർന്നതായിരുന്നിതു്. ഫൊത്തീനൂസിനെ ഒരിക്കൽ കൂടി മുടക്കി.[27]

353-ൽ ആറൽസിൽകൂടിയ സിനഡ് അത്തനാസ്യോസിനെ വീണ്ടും സഭാഭ്രഷ്ടനാക്കി.[28] റോമിലെ ലിബേരിയൂസ് ഇതംഗീകരിച്ചില്ല. മറെറാരു സിനഡുകൂടി പ്രശ്നങ്ങൾ അവസാനിപ്പിക്കണമെന്നു് അദ്ദേഹം ചക്രവർത്തിയായ കോൺസ്റ്റാൻസ്യൂസിനോടു് അഭ്യർത്ഥിച്ചു. 355-ൽ പ്രസ്തുത സിനഡ് മിലാനിൽ കൂടി. വെർചെള്ളിയിലെ എവുസേബിയൂസ് (+371) പാശ്ചാത്യ സംഘത്തിൻെറ നേതാവായിരുന്നു. മററു ചർച്ചകൾക്കെല്ലാം മുൻപേ നിഖ്യാ വിശ്വാസപ്രമാണത്തിൽ എല്ലാവരും ഒപ്പുവയ്ക്കണമെന്നു് അദ്ദേഹം നിഷ്കർഷിച്ചു. വലിയ തർക്കമായി. മൂർസായിലെ വാലെൻസ് ഇതിനെ ശക്തിയായി എതിർത്തു. ഇക്കാലത്താണു് വി. ഹിലരി (+367) നിഖ്യാവിശ്വാസപ്രമാണത്തെപ്പററി നേരിട്ടു് മനസ്സിലാക്കുന്നതു്. അതുപോലെ നിഖ്യായുടെ വക്താവായി മാരിയൂസ് വിക്തൊറീനൂസും രംഗത്തുവന്നു. അതുകൊണ്ടു് നിഖ്യാവിശ്വാസം തന്നെ മിലാൻ അംഗീകരിച്ചു എന്നു പറയാം. എന്നാൽ അതിൻെറ ഫലമായി ഹിലരി, ലിബേരിയൂസ്, ഹോസിയൂസ്, എന്നിവർ നാടുകടത്തപ്പെട്ടു. അത്തനാസ്യോസ് ഒളിച്ചോടിപ്പോയി.[29]

www.malankaralibrary.com



357—ൽ സിർമിയത്തുവച്ച് മൂന്നാമതൊരു സിനഡ്കൂടി ഇതിൽ പങ്കെടുത്തവരിൽ മിക്കവരും പാശ്ചാത്യ മെത്രാന്മാരായിരുന്നു. അവർ തയ്യാറാക്കിയ വിശ്വാസപ്രമാണം എല്ലാവർക്കും അയച്ചുകൊടുത്തു, സ്ഥലത്തെ മെത്രാൻ ജർമീനിയൂസ്, സിൻജിദൂണമിലെ (ബെൽഗ്രേഡ്) ഉർസാചിയൂസ്, മൂർസായിലെ വാലെൻസ് എന്നിവർ ഈ സിനഡിൽ പ്രധാന പങ്കുവഹിച്ചു. അവസാനത്തവർ ചക്രവർത്തിയുടെ ദൈവശാസ്ത്രജ്ഞന്മാരായി തീർന്നു ദൈവത്തിൻെറ ഏകത്വം വളരെ തറപ്പിച്ച് ഈ വിശ്വാസപ്രഖ്യാപനം പഠിപ്പിക്കുന്നു. 'ഹോമോഉസിയോസ്,' 'ഹോമോയ് ഉസിയോസ്' എന്നീ പദങ്ങൾ ഉപയോഗിച്ചില്ല 'ക്രിസ്തുവിൻെറ ദൈവത്വം കൃത്യമായി വിവരിക്കുന്നതിൽ ഈ വിശ്വാസപ്രഖ്യാപനം പരാജയപ്പെട്ടു. പുത്രൻെറ ജനനം കൃത്യമായി വിവരിക്കാഞ്ഞതിനാൽ വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾക്ക് ഇതു് വഴിതെളിക്കും. അതുകൊണ്ടു് ഇതിനെ സിർമിയത്തിലെ'ദൈവദൂഷണം' എന്ന പേരു് നൽകാൻ ഹിലരി മുതിർന്നു. 'ആരിയനിസം നേരിട്ടു് പ്രസംഗിക്കാതെ, അതിനെയും വളരാൻ അനുവദിച്ച ഒരു ഫോർമുലയായിരുന്നു ഇതു്. എന്നാൽ നിഖ്യാവിശ്വാസപ്രമാണം അനുസരിച്ചവർക്കു് ഈ അവകാശം അംഗീകരിക്കപ്പെട്ടുമില്ല. നിഖ്യാവിശ്വാസപ്രമാണം തന്നെ തെററു് അഥവാ പാഷണ്ഡതയാണു് എന്ന ചിന്താഗതി പരക്കെ വളർത്താൻ ഇതു സഹായിച്ചു. സാമ്രാജ്യത്തിൻെറ ഒരററം മുതൽ മറേറയററംവരെ ഈ ഫോർമുല പ്രസിദ്ധപ്പെടുത്തി. [30]

358—ൽ അൻസീറയിലെ ബേസിലിൻെറ നേതൃത്വത്തിൽ ഒരു യോഗം കൂടി മറെറാരു ഫോർമുല ഉണ്ടാക്കുവാൻ ശ്രമം നടത്തി. 'സിർമിയത്തിലെ മൂന്നാം വിശ്വാസപ്രമാണം' എന്ന പേരിൽ അറിയപ്പെടുന്ന ഒരു ഫോർമുല ഉണ്ടാക്കാൻ കോൺസ്റ്റാൻസ്യൂസും സമ്മതിച്ചു. [31] 358ൽ സിർമിയത്തു കൂടിയ സബ് കമ്മിററി ചക്രവർത്തിയുടെ സാന്നിധ്യത്തിൽ ഒരു ഫോർമുല തയ്യാറാക്കി, റിമിനിയിലും സെലൂഷ്യയിലും കൂടാൻ പോകുന്ന സിനഡുകൾക്കയച്ചു കൊടുത്തു. നാലാം സിർമിയൻ വിശ്വാസപ്രമാണം എന്നു് ഇതു് അറിയപ്പെടുന്ന [32]. അരേത്തൂസായിലെ മർക്കോസാണു് ഇതിൻെറ അവസാന ഡ്രാഫ്ററു് തയ്യാറാക്കിയതു്. റിമിനിയിൽ കൂടിയവർ നിഖ്യാസൂനഹദോസ് അംഗീകരിച്ചു. [33] സെലൂഷ്യയിൽ കൂടിയവർ അന്ത്യോക്യയിലെ രണ്ടാം വിശ്വാസപ്രമാണം ഔദ്യോഗികമായി അംഗീകരിച്ചു. എന്നാൽ ഒരു വിഭാഗം അംഗീകരിക്കാതെ സിർമിയത്തിലെ നാലാം വിശ്വാസപ്രമാണം അംഗീകരിച്ചു. എന്നാൽ വിവിധ വിഭാഗക്കാരെ യോജിപ്പിക്കാൻ 360—ൽ കോൺസ്റ്റാൻറിനോപ്പിളിൽ ഒരു സിനഡുകൂടി.[34] അവർ ഒരു വിശ്വാസപ്രമാണം പ്രസിദ്ധീകരിച്ചു. ഇതിനു മുമ്പുള്ള

www.malankaralibrary.com



എല്ലാ ഫോർമുലകളും തള്ളിക്കളഞ്ഞു. ഭാവിയിൽ ഒന്ന് ഉണ്ടാക്കാൻ പാടില്ലെന്ന് കർശനമായി വിലക്കുകയും ചെയ്തു. ലോകം മുഴുവനുള്ള മെത്രാന്മാർക്ക് ഇതു് അയച്ചുകൊടുത്തു.

തുടർന്നുള്ള കാലഘട്ടങ്ങളിൽ ആരിയനിസം സാവധാനം അസ്തമിക്കാൻ തുടങ്ങി. 381–ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡോടുകൂടി വീണ്ടും നിഖ്യാവിശ്വാസപ്രമാണത്തിലേക്ക് സഭ തിരികെവന്നു. കപ്പദോച്ചിയൻ പിതാക്കന്മാർ ഇതിൽ സാരവത്തായ പങ്കുവഹിച്ചു.

ആരിയൻ വിഭാഗത്തിൽ മൂന്ന് അവാന്തര വിഭാഗങ്ങളുണ്ടായിരുന്നു. (1) അനോമയർ (അനോമൊയ്യോസ്): പിതാവും പുത്രനും തമ്മിലുള്ള വ്യത്യാസം പ്രഖ്യാപിക്കാൻ അവർ വെമ്പൽ പൂണ്ടു. പിതാവും പുത്രനും തമ്മിൽ സാമ്യമില്ലെന്ന് അവർ പഠിപ്പിച്ചു. ഏഷ്യസും എവുണോമിയൂസുമാണ് ഇവരുടെ നേതാക്കന്മാർ. (2) ഹൊമൊയർ (ഹൊമൊയ്ഓസ്). വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതുപോലെ പുത്രന് പിതാവുമായി സാമ്യമുണ്ട് എന്നു പഠിപ്പിച്ചു. ദൈവശാസ്ത്ര ഫോർമുലകൾ ഉപയോഗിക്കാൻ ഇക്കൂട്ടർ വിസമ്മതിച്ചു. ചെസാറിയായിലെ അകാചിയൂസ് ഇവരുടെ നേതാവായിരുന്നു. (3) സെമി–ആര്യർ: 'ഹൊമൊയ് ഉസിയോസ്' എന്ന പദം ഇവർ ഉപയോഗിച്ചു. പിതാവും പുത്രനും തമ്മിൽ സാമ്യവും വ്യത്യാസവുമുണ്ട് എന്ന് അവർ പഠിപ്പിച്ചു. അൻസീറയിലെ ബേസിൽ, കോൺസ്റ്റാൻറിനോപ്പിളിലെ മാസിഡോണിയൂസ്, ലവദീക്യയിലെ ജോർജ്, സെബസ്റ്റെയിലെ എവുസ്താത്യോസ്, സിസിക്കൂസിലെ എലെവുസിയോസ് എന്നിവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

നിഖ്യായുടെ 'ഹോമോഉസിയോസ്' എന്ന പദപ്രയോഗം മാത്രം സ്വീകരിക്കാൻ ഇവർ കൂട്ടാക്കിയില്ല. എന്നാൽ 381 ഓടുകൂടി എല്ലാവരും തന്നെ നിഖ്യാവിശ്വാസപ്രമാണത്തിലേക്ക് തിരികെ വന്നു.

## അനുബന്ധം

### 325 നും 381 നും ഇടയ്ക്ക് കൂടിയ സിനഡുകൾ

| വർഷം | സ്ഥലം | ഉദ്ദേശ്യം |
|---|---|---|
| 325 | അന്ത്യോക്യ | ആരിയൂസിനെതിരെ |
| 325 | നിഖ്യാ | ആരിയൂസിനെതിരെ |
| 328 | അലക്സാണ്ഡ്രിയ | അത്തനാസ്യോസിനെ അനുകൂലിച്ച് |

www.malankaralibrary.com



| | | |
|---|---|---|
| 330 | അന്ത്യോക്യ | എവുസ്ഥാത്യോസിനെതിരെ എവുസേബിയർ |
| 335 | ടയർ | ആരിയൂസിനുവേണ്ടി_അത്തനാസ്യോസിനെതിരെ |
| | യറുശലേം | ,, ,, |
| | കോൺസ്റ്റാൻറിനോപ്പിൾ | മർസെല്ലൂസിനെതിരെ |
| 338 | ,, ,, | എവുസേബിയർ–കോൺസ്റ്റാൻറിനോപ്പിളിലെ പൗലോസിനും, മർസെല്ലൂസിനും എതിരെ |
| | അലക്സ്. | അത്തനാസ്യോസിനെ അനുകൂലിച്ച് |
| 339 | അന്ത്യോക്യ | എവുസേബിയർ |
| 340 | റോമൻ | അത്തനാസ്യോസിനെയും മർസെല്ലൂസിനെയും അനുകൂലിച്ച് |
| 341 | അന്ത്യോക്യ | 'ഇൻ എൻകേനിയിസ്'_ നാലു് ഫോർമുലകൾ |
| 342/3 | സാർദിക്കാ | എവുസേബിയർക്കെതിരെ |
| 344 | അന്ത്യോക്യ | സ്ഥലത്തെ സ്റ്റീഫനെതിരെ |
| 345 | മിലാൻ | ഫൊത്തീനൂസിനെതിരെ |
| 347 | മിലാൻ | ,, ,, |
| 349 | സിർമിയം | ,, ,, |
| 351/2 | സിർമിയം | ഒന്നാം ഫോർമുല |
| 353 | ആറംസ് | അത്തനാസ്യോസിനെതിരെ |
| 355 | മിലാൻ | നിഖ്യാക്കുവേണ്ടി |
| 357 | സിർമിയം | രണ്ടാം ഫോർമുല |
| 358 | അൻസീറാ | സിർമിയം മൂന്നാംഫോർമുല |
| | അന്ത്യോക്യ | അനോമയർ |
| | മിലാൻ | അത്തനാസ്യോസിനെതിരെ |
| | സിർമിയം | നാലാം ഫോർമുല |
| 359 | റിമിനി | സിർമിയം നാലാം ഫോർമുല |
| | സെലൂഷ്യാ | ,, ,, സ്വീകരിച്ചു |
| 360 | കോൺസ്റ്റാൻറിനോപ്പിൾ | ഹോമൊയർക്കെതിരെ |
| 362 | അന്ത്യോക്യ | ആര്യൻ സിനഡ് |
| | അലക്സാൻഡ്രിയ | നിഖ്യാക്കുവേണ്ടി |
| | സേലാ | ഹോമൊയർ |
| 363 | അന്ത്യോക്യ | നിഖ്യായ്ക്കുവേണ്ടി |
| | അലക്സാൻഡ്രിയ | ,, |
| 366 | നിക്കൊമേദിയാ | ആരിയൻ |

www.malankaralibrary.com



| | | |
|---|---|---|
| 367 | തിയാനാ | ഹോമൊഉസിയൻ |
| 375 | അൻസീറ | ആരിയൻ |
| 379 | അന്ത്യോക്യൻ | ആര്യക്കെതിരെ |
| 381 | കോൺസ്റ്റാൻറിനോപ്പിൾ | നിഖ്യായ്ക്കുവേണ്ടി |

---

## അടിക്കുറിപ്പ്

1. ഇന്നു ടർക്കിയിലെ ഇസ്നിക്

2. '318' എന്നതു് ആലങ്കാരിക ഭാഷയിൽ മനസ്സിലാക്കണം എന്നു കരുതുന്നവരുണ്ട്. അബ്രഹാമിൻെറ 318 ദാസന്മാരെപ്പററി ഉത്പത്തി. 14: 14 രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ ലഭ്യമായ കയ്യെഴുത്തുപ്രതികളിൽ 194 പേരുകളേ ഉള്ളു. (ജി. ചേടിയത്തു്, *സഭാചരിത്രപഠനങ്ങൾ*, കോട്ടയം, 1982, പേ. 175_181).

3. E. Seeberg, *Die Synode von Antiochien im Jahre 324/325*, Berlin 1913, (Aalen 1973²), *p. 67.* പ്രസ്തുത സിനഡിൽ സംബന്ധിച്ചവരുടെ പട്ടികയും ഇതിൽ നൽകുന്നു.

4. J.N.D.Kelly, *Early Christian Creeds, London, 1972³*, (=കെല്ലി) *p. 209–210; W. A. Jurgens, The Faith of the Early Fathers, Collegeville 1970, p. 281.*

5. കെല്ലി, പേ. 211.

6. സഭാ. 1:3.

7. കെല്ലി, പേ.211. നമ്പർ, 3.

8. ജി. ചേടിയത്തു്, സഭാപിതാക്കന്മാർ, കോട്ടയം, 1980, പേ. 200.

9. ജി. ചേടിയത്തു്, സഭാപിതാ. പേ. 200_201.

10. കെല്ലി, അതേ കൃതി, പേ. 229_230.

11. കെല്ലി, പേ. 234—239.

12. കെല്ലി, പേ. 239_242; *A. Hahn, Bibliothek, p.160–1.*

13. M. Simonetti, *La Crisi Ariana nel IV Secolo, Roma, 1975, p. 124ff,* അർസേനിയൂസ് എന്നയാളുടെ കൈവെട്ടി അത്തനാസ്യോസ് മന്ത്രവാദത്തിനുപയോഗിച്ചു എന്നു തുടങ്ങിയ അപവാദങ്ങൾ ടയറിലെ സിനഡിൽ അത്തനാസ്യോസിനെതിരെ ഉയർന്നുവന്നു. ഒരു പെട്ടിക്കകത്തു് വെട്ടപ്പെട്ട കരം ഹാജരാക്കപ്പെട്ടു. 'അർസേനിയൂസിനെ വ്യക്തിപരമായി അറിയാവുന്നവർ ആരെങ്കിലും ഉണ്ടോ' എന്ന് അത്തനാസ്യോസ് തിരക്കി. നിരവധി പേർ 'അറിയാം' എന്നു വിളിച്ചുപറഞ്ഞു. ഉടൻതന്നെ അർസേനിയൂസിനെ ഹാജരാക്കി. ശരീരം തുണികൊണ്ടു മൂടിയ അർസേനിയൂസിനെ കണ്ടപ്പോൾ 'ഇയാൾ തന്നെ' എന്നു് സാക്ഷികൾ തെളിവു നൽകി. ഉടനെ അത്തനാസ്യോസ് ഒരു വശത്തെ വസ്ത്രം മാററി; കൈ അവിടെ ഉണ്ടായിരുന്നു. മററെ വശത്തെ വസ്ത്രം മാററി; അവിടെയും കൈ ഉണ്ടായിരുന്നു. ''അർസേനിയൂസിൻെറ

www.malankaralibrary.com



മൂന്നാമത്തെ കൈ വെട്ടിയ സ്ഥലം ആർക്ക കാണിക്കാൻ കഴിയും?'' എന്ന് ഉടനെ വെട്ടിത്തുറന്ന് അത്തനാസ്യോസ് ചോദിച്ചു! *(G. L. Prestige, Fathers and Heretics, London 1968, p. 71)*

14. Dedication Council — (ഹേ എൻ തോയിസ് എങ്കൈനിഓഇസ്)
15. ചെസാറിയായിലെ എവുസേബിയസ് (+339) നിക്കോമേദിയായിലെ എവുസേബിയസ് (+342) എന്നിവർ ആരിയൂസിൻെറ സുഹൃത്തുക്കളായിരുന്നു. അവരുടെകൂടെ നിന്നവരാണ് ഈ പേരിൽ അറിയപ്പെട്ടത്.
16. കെല്ലി, 265
17. കെല്ലി, 266_267.
18. കെല്ലി, 268_270.
19. കെല്ലി, 272.
20. കെല്ലി, 272—273.
21. കെല്ലി, 274.
22. കെല്ലി, 275—276.
23. കെല്ലി, 276*ff*.
24. "Long Lined Creed": സൊക്രാട്ടെസ്, സഭാ.2.19; അത്തനാസ്യോസ്, ദെ സിനൊദിസ്, 26; കെല്ലി, 279.
25. Sirmium
26. അൻസീറയിലെ മർസെല്ലൂസിൻെറ ശിഷ്യനായിരുന്നു അദ്ദേഹം.344—ൽ സിർമിയത്തെ മെത്രാനായി.345 ൽ മർസെല്ലൂസിനെ വിധിച്ച അന്ത്യോക്യൻ സിനഡിൽ പങ്കെടുത്തു. 351 വരെ അദ്ദേഹം സിർമിയം മെത്രാനായി തുടർന്നു എന്നു പറയപ്പെടുന്നു. *(F. L. Cross, The Oxford Dictionary of the Christian Church, London, 1974, p. 1087).* ഒരു തരം 'സബെല്ലിയനിസ'മാണ് ഫൊത്തീനസ് പഠിപ്പിച്ചത് എന്നു പറയപ്പെടുന്നു. 381 ലെ കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസ് ഔദ്യോഗികമായി ഫൊത്തിനൂസിനെ ശപിച്ചു.
27. കെല്ലി, 28.
28. M. Simonetti, *op. cit. p. 214 ff.*
29. കെല്ലി, 284 *ff.*
30. കെല്ലി, 285—288.
31. കെല്ലി, 288.
32. കെല്ലി, 289—290; ഇത് "*Dated Creed*" എന്നും അറിയപ്പെടുന്നു.
33. കെല്ലി, 291: നാനൂറിൽ പരം മെത്രാന്മാർ റിമിനിയിൽ സംബന്ധിച്ചു.
34. കെല്ലി, 293—294.

www.malankaralibrary.com

അദ്ധ്യായം 2

# ആരിയൂസ്

(256—336)

ലിബിയയിൽനിന്നുള്ള ഒരു ക്രിസ്ത്യാനിയായിരുന്ന ആരിയൂസ്. അദ്ദേഹം ലൂചിയന്റെ അന്ത്യോക്യൻ പാഠശാലയിൽനിന്നു് ദൈവശാസ്ത്രപരിശീലനം നേടി; തുടർന്നു് അലക്സാന്ത്രിയായിലെത്തുകയും അവിടെവച്ചു ഡീക്കനും പിന്നീടു വൈദികനുമായിത്തീരുകയും ചെയ്തു. അലക്സാന്ത്രിയായ്ക്കടുത്തുള്ള ബൗകാലിസിലെ ഇടവകയുടെ ചുമതല ഇദ്ദേഹത്തിനു ലഭിച്ചു. ക്രി. വ. 318–ാട്ടുകൂടി ഒരു പുതിയ ചിന്താരീതി ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കാൻ ആരിയൂസ് ശ്രമിച്ചു. ഇതാണു് പില്ക്കാലത്തു് ആരിയനിസം എന്ന പേരിലറിയപ്പെടുകയും സഭയിലാകമാനം കോളിളക്കങ്ങൾ ഉണ്ടാക്കുകയും ചെയ്ത അബദ്ധസിദ്ധാന്തം.

ആരിയൂസിനെപ്പററിയുള്ള അറിവു് അക്കാലത്തെ സഭാപിതാക്കന്മാരിൽനിന്നും സഭയിലെ എഴുത്തുകാരിൽനിന്നുമാണു ലഭിക്കുന്നതു്. ആരിയൂസിന്റെ കൃതികളുടെ ചില ശകലങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. അലക്സാന്ത്രിയായിലെ അലക്സാണ്ടർ (+328), ചെസാറിയായിലെ എവുസേബിയസ് (+339), വി. അത്തനാസ്യോസ് (+373) വി. ഹിലരി (+367), ചെസാറിയായിലെ വി. ബേസിൽ (+379), വി. ഗ്രിഗറി നസ്യാൻസൻ (+389), വി. ഗ്രിഗറിനീസ്സാ (+395), വി. ജറോം (+420), വി. എപ്പിഫാനിയസ് (+403), ചെസാറിയായിലെ ജലാസിയൂസ് (+395), റൂഫീനൂസ് (+410), ഫിലൊസ്തോർജിയൂസ് (+439), സൊക്രാട്ടെസ് (+450), സൊസൊമെൻ (5th c.), തിയഡൊറെററ് (+466), സിസിക്കൂസിലെ ജലാസിയൂസ് (+5th c.), സുൽപീചിയൂസ് സെവേരൂസ് (+420) എന്നിവർ ആരിയൂസിനെയും ആര്യനിസത്തെയും സംബന്ധിച്ചു ചർച്ചചെയ്തവരാണു്. ഇവരിൽ ചിലർ ആരിയൻപക്ഷപാതികളും മററുള്ളവർ ആരിയൂസിന്റെ വീക്ഷണങ്ങളെ എതിർത്തവരുമാണു്.

www.malankaralibrary.com



പിതാവും പുത്രനും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്ന തിൽ ആരിയൂസിന്ന് അടിസ്ഥാനപരമായി തെറ്റുപററി: 'ദൈവത്വം സൃഷ്ടിയല്ലാത്തതും ജനിക്കാത്തതും ആണ്' എന്ന് അ യാൾ പഠിപ്പിച്ചു. അതിൻെറ അനന്തരഫലമെന്താണ്? വചന മായ ദൈവപുത്രൻ യഥാർത്ഥത്തിൽ ദൈവമല്ല. അവൻ ദൈവ ത്തിൻെറ സൃഷ്ടികരംക്കെല്ലാം മുമ്പനാണ്. മററു സൃഷ്ടികളെ പ്പോലെ അവനും ഇല്ലായ്മയിൽനിന്ന് ഉളവായതാണ്. ദൈ വികസത്തയിൽനിന്നല്ല പുത്രൻ. അവൻ സത്താപരമായി പി താവിൽനിന്നു വ്യത്യസ്തനാണ്, അവൻ രണ്ടാം ദൈവമാണ്. ദൈവപുത്രനില്ലാതിരുന്ന ഒരു സമയമുണ്ടായിരുന്നു. ധാർമികാ ർത്ഥത്തിൽ മാത്രമാണ് അവൻ ദൈവസുതൻ; സത്താപരമായി ട്ടല്ല. 'ദൈവം' എന്ന പദം അവനിലാരോപിച്ചിരിക്കുന്നതു ശരിയായിട്ടല്ല; ഏകനായ സത്യദൈവം അവനെ സുതനായി സ്വീകരിച്ചു. ദത്തെടുക്കൽവഴി ദൈവികസത്തയിൽ പുത്രന് ഒരു ഭാഗഭാഗിത്വവും കിട്ടുന്നില്ല; ദൈവത്തിനു തുല്യനാരുമില്ല. ദൈവത്തിനും ലോകത്തിനുമിടയ്ക്കുള്ളൊരു മധ്യസ്ഥാനമാണ് വചന ത്തിന്. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം അവനെ സൃഷ്ടിച്ചു. അവൻ സൃഷ്ടികർമ്മത്തിൽ ദൈവത്തിൻെറ ഉപകരണമായി രുന്നു. പരിശുദ്ധാത്മാവ് പുത്രൻെറ ആദ്യസൃഷ്ടിയാണ്. വചന ത്തെക്കാരം താണനിലയിലുള്ളൊരു ദേവനാണവൻ, എന്നിങ്ങ നെപോകുന്നു ആരിയൂസിൻെറ ചിന്താധാര.

ഈ വഴിപിഴച്ച ചിന്ത 'ദൈവശാസ്ത്രറാഷണലിസ'ത്തിൻെറ സന്തതിയാണ്. ഉപരിപ്ലവചിന്താഗതിക്കാരെ തൃപ്തിപ്പെടുത്തു വാൻ ഈ ചിന്ത മതിയായിരുന്നു. എന്നാൽ ക്രൈസ്തവവിശ്വാസ ത്തിൻെറ തായ്‌വേരറുക്കുന്നതാണ് ഈ ചിന്താഗതി എന്നു കണ്ട് സഭാപിതാക്കന്മാർ ഇതിനെ എതിർത്തു. 'നെയോപ്ലറേറാണിക്' ചിന്താധാര വച്ചുപുലർത്തിയവക്ക് ഈ പുതിയ ആശയം സ്വീകാ ര്യമായിത്തോന്നി. അഗ്രാഹ്യമായ ദൈവികസത്തയും ദൈവത്വ ത്തിലെ ആന്തരികജീവിതവും വ്യക്തമാക്കാൻ ഈ 'സബോർ ഡിനേഷൻ' ചിന്ത സഹായിക്കും എന്നവർ കരുതി. സബെല്ലി യൂസ് എന്ന ലിബിയാക്കാരൻ പഠിപ്പിച്ച 'സബോർഡിനേഷ നിസ'ത്തിൻെറ മറെറാരു പതിപ്പായിരുന്നിതു്. സബെല്ലിയ സിൻെറ അനുയായികരംക്ക് ആരിയൂസിനെ മനസ്സിലാക്കാൻ വളരെ എളുപ്പമായിരുന്നു. അതുപോലെ മെലീഷ്യൻ മത്സര ത്തിൽ ഉരംപ്പെട്ടിരുന്നവരും ആരിയൂസിനു പിന്തുണ നല്കി. ആരിയൂസ് കുറെനാരം ഒരു മെലീഷ്യനായിരുന്നു. അന്ത്യോക്യ യിലെ ലൂചിയൻെറ ശിഷ്യഗണത്തിൽപ്പെട്ടിരുന്ന പലരും ആരി യൂസിനെ പിന്താങ്ങി. 'കൊള്ളൂഷ്യനിസ്റ്റുകരം' എന്നറിയപ്പെ ട്ടിരുന്ന ഇക്കൂട്ടർ ആരിയൂസിൻെറ വക്താക്കളായി മാറി.

www.malankaralibrary.com



ആരിയനിസം അലക്സാന്ത്രിയായിലെ ഒരു വൈദികൻ തുടങ്ങിയതും ഈജിപ്ഷ്യൻ സഭയിലെ മാത്രം ഒരു ചെറിയ പ്രശ്നമായിരുന്നെങ്കിലും വളരെവേഗം അതു പൗരസ്ത്യസഭകളെയൊക്കെ പിടിച്ചുകുലുക്കി.

ആരിയൂസ് പഠിപ്പിച്ചതു പാരമ്പര്യത്തിനു കടകവിരുദ്ധമാണെന്നു ഉടനെ വിധിയെഴുതപ്പെട്ടു. ഈ അബദ്ധാഭിപ്രായം തള്ളിക്കളയണമെന്നു അലക്സാന്ത്രിയായിലെ മെത്രാൻ അലക്സാണ്ഡർ ആവശ്യപ്പെട്ടു. അലക്സാണ്ഡർ 'സബെല്ലിയനിസം' പഠിപ്പിക്കുന്നു എന്നു ആരിയൂസ് കരുതിയതായി ചിലർ സൂചിപ്പിക്കുന്നു.

ക്രി. വ. 318—ൽ അലക്സാണ്ഡർ അലക്സാന്ത്രിയായിൽ ഒരു സിനഡ് വിളിച്ചുകൂട്ടി. ഏതാണ്ട് നൂറോളം മെത്രാന്മാർ അതിൽ സംബന്ധിച്ചു. പ്രസ്തുത സിനഡ് ആരിയൂസിനെ സഭാഭ്രഷ്ടനാക്കി. ആരിയൂസ് ആ 'മഹറോൻ' സ്വീകരിക്കാതെ അന്ത്യോക്യയിലുള്ള തന്റെ സുഹൃത്തുക്കളുടെ സഹായം തേടി. നിക്കൊമേദിയയിലെ എവുസേബിയസ് (+341) ഉടനെ സഹായഹസ്തം നീട്ടി. ഇപ്രകാരം ആരിയൻ പ്രശ്നം ഈജിപ്തിൽ നിന്നു ഗ്രീക്കസഭകളിലേക്കു കടന്നു. ഈ പാഷണ്ഡത അവസാനിപ്പിക്കാനാണു കോൺസ്റ്റൻടൈൻ 325—ൽ നിഖ്യായിൽ സൂനഹദോസ് വിളിച്ചുകൂട്ടിയതും നിരവധി മെത്രാന്മാർ പങ്കെടുത്തതും. അവിടെവച്ചു ആരിയൂസ് സഭാഭ്രഷ്ടനാക്കപ്പെട്ടു; നിഖ്യാവിശ്വാസപ്രമാണം ക്രോഡീകരിക്കപ്പെട്ടു.

കോൺസ്റ്റൻടൈൻ ചക്രവർത്തി ആരിയൂസിനെ ഇല്ലിരിക്കം എന്ന പ്രദേശത്തേക്കു നാടുകടത്തി. 328 വരെ അദ്ദേഹം അവിടെ കഴിഞ്ഞു. 335—ൽ ടയറിലും യറുശലേമിലും കൂടിയ സിനഡുകൾ ആരിയൂസിനെ തിരികെ സ്വീകരിക്കാൻ തീരുമാനിച്ചു. എന്നാൽ തിരികെയെടുക്കാൻ നിശ്ചയിച്ചിരുന്നതിന്റെ തലേദിവസം (336—ൽ) കോൺസ്റ്റാന്റിനോപ്പിളിലെ ഒരു തെരുവിൽ വച്ചു പെട്ടെന്നു ആരിയൂസ് മരിച്ചു.

ആരിയൂസിനു നിരവധി സുഹൃത്തുക്കളുണ്ടായിരുന്നു. നിക്കൊമേദിയായിലെ എവുസേബിയസ്, നിഖ്യായിലെ തെയോഗ്നിസ്, ലവദീക്യയിലെ തെയോഡോട്ടസ്, നെറോണിയയിലെ നർചീസുസ്, ചെസ്സാറിയായിലെ എവുസേബിയസ്, ഷിത്തോപ്പോലീസിലെ പത്രോഫിലുസ്, കൽക്കദോനിയയിലെ മാരിസ്, ബരിത്തുസിലെ ഗ്രിഗോറിയോസ്, ലിദ്ദായിലെ ഏത്യൂസ്, ടയറിലെ പൗളീനസ്, അനസർബായിലെ അത്തനാസ്യോസ്, തർസോസിലെ അന്തോണിയൂസ് ആദിയായവർ.

www.malankaralibrary.com

# ആരിയൂസിൻെറ കൃതികൾ

## 1. നിക്കോമേദിയായിലെ എവുസേബിയസിനു് എഴുതിയ കത്തു്

ക്രി. വ. 318—ൽ അലക്സാണ്ഡറിനാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതിനുശേഷം ആരിയൂസ് എഴുതിയതാണിതു്. എപ്പിഫാനിയസ് 'പനാരിയോൻ' എന്ന തൻെറ കൃതിയിലും (69,6) തിയഡൊറെററ് 'സഭാചരിത്രം' എന്ന കൃതിയിലും (1,5,1—4) ഇതുദ്ധരിക്കുന്നു. ഇവയ്ക്കു പുറമെ രണ്ടു് ലത്തീൻ വിവർത്തനങ്ങളും ലഭിച്ചിട്ടുണ്ടു്. അലക്സാണ്ഡർ തങ്ങളെ പീഡിപ്പിക്കുന്നെന്നും, അനേകം കഷ്ടതകൾക്കു് വിധേയരാക്കുന്നെന്നും പ്രസ്തുത കത്തിൽ ആരിയൂസ് ആവലാതിപ്പെടുന്നു.

'സത്യവിശ്വാസിയും ദൈവത്തിൻെറ വിശ്വസ്ത മനുഷ്യനും ഏററം പ്രിയപ്പെട്ട മെത്രാനുമായ എവുസേബിയസിനു്: പരിചകൊണ്ടെന്നപോലെ നീയും കാക്കുന്നതും എല്ലാററിനേയും ജയിക്കുന്നതുമായ സത്യവിശ്വാസത്തെപ്രതി അലക്സാണ്ഡർ മാർപ്പാപ്പായാൽ അനീതിയായി പീഡിപ്പിക്കപ്പെടുന്ന ആരിയൂസ്, കർത്താവിൽ ആശംസകൾ അയക്കുന്നു!

എൻെറ പിതാവു് അമ്മോണിയാസ് നിക്കോമേദിയായിലേയ്ക്കു പോയപ്പോൾ അവൻവഴി നിനക്കെഴുതുന്നതും, ദൈവത്തിനും തൻെറ മിശിഹായ്ക്കുംവേണ്ടി സഹോദരന്മാരോടു നീ കാണിക്കുന്ന സഹജമായ സ്നേഹവും ദയാമസൃണമായ രീതികളും അനുസ്മരിക്കുന്നതും, ഉചിതവും എൻെറ വലിയ കർത്തവ്യവുമായി എനിക്കു തോന്നി. ഞങ്ങളെ സംബന്ധിച്ചു് മെത്രാൻ വലിയ ഒച്ചപ്പാടുണ്ടാക്കുകയും, ഞങ്ങളെ വളരെയധികം പീഡിപ്പിക്കുകയും തികച്ചും ഞങ്ങൾക്കെതിരായി വർത്തിക്കയും ചെയ്യുന്നു എന്നു് നിന്നോടു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നിരീശ്വരന്മാരെയെന്നവണ്ണം അദ്ദേഹം ഞങ്ങളെ നഗരത്തിനു പുറത്താക്കി; അദ്ദേഹം പരസ്യമായി പ്രസംഗിക്കുന്ന വസ്തുതകളോടു് ഞങ്ങൾ യോജിക്കുന്നില്ല എന്നതാണു് കാരണം. അദ്ദേഹം പഠിപ്പിക്കുന്നതു് ഇപ്രകാരമാണു്: 'ദൈവം എപ്പോഴും ഉണ്ടായിരുന്നു; പിതാവും പുത്രനും ഒന്നിച്ചു് സ്ഥിതിചെയ്യുന്നു. ദൈവത്തോടുകൂടെയാണു ജനിക്കാത്ത പുത്രൻെറ അസ്തിത്വം; ജനിച്ചവനാണെങ്കിലും അവൻ ഉത്പാദിപ്പിക്കപ്പെട്ടവനല്ല. ചിന്തകൊണ്ടോ മറെറന്തെങ്കിലുംകൊണ്ടോ പിതാവു് പുത്രനേക്കാൾ മുൻപല്ല; ദൈവം എപ്പോഴും ഉണ്ടായിരുന്നു; പുത്രൻ പിതാവിൽനിന്നുതന്നെയാണു്.'

www.malankaralibrary.com



2. നിൻെറ സഹോദരനായ ചെസാറിയായിലെ എവുസേബിയസ്, തെയൊഡോട്ടസ്, പൗളീനസ്, അത്തനാസ്യോസ്, ഗ്രിഗോറിയോസ്,ഏസ്യൂസ് തുടങ്ങി കിഴക്കുള്ള മെത്രാന്മാരെല്ലാം മുടക്കപ്പെട്ടിരിക്കയാണ്; കാരണം, പുത്രനു മുൻപേ ആരംഭം കൂടാതെ പിതാവിനു് അസ്തിത്വം ഉണ്ടെന്നു് അവർ എല്ലാവരും പറഞ്ഞു. പാഷണ്ഡരും അജ്ഞരുമായ ഫിലൊഗോണിയൂസ്, ഹെല്ലാനിക്കസ്, മക്കാരിയൂസ് എന്നിവരൊഴിച്ചു് എല്ലാവരും ഇങ്ങനെയാണ് പഠിപ്പിക്കുന്നതു്. പുത്രൻ ഒരു പ്രവാഹമാണെന്നു് (effusion) ഒരാളും, നിർഗ്ഗമനം ആണെന്നു് (emission) മററൊരാളും, ജനിച്ചവനല്ലെന്നു് (unbegotten) വേറൊരാളും പറയുന്നു.

3. പാഷണ്ഡികഠം ഒരായിരം പീഡനംകൊണ്ടു് നമ്മെ ഭീഷണിപ്പെടുത്തിയാലും നമുക്കിതൊന്നും ശ്രദ്ധിക്കാൻ സാധിക്കയില്ല. എന്നാൽ എന്താണു നാം പറയുന്നതും, വിശ്വസിക്കുന്നതും, പഠിപ്പിച്ചതും, ഇപ്പോഴും പഠിപ്പിക്കുന്നതും? പുത്രൻ ജനിച്ചവനാണ്; അവൻ ജനിക്കാത്തവൻെറ ഭാഗമല്ല; താഴ്ന്ന സത്തയിൽനിന്നല്ല അവൻ. പിന്നെയോ, പിതാവിൻെറ തന്നെ തിരുമനസ്സിനാലും തിരുവിഷ്ടത്താലും അവൻ സമയങ്ങഠംക്കും യുഗങ്ങഠംക്കും മുൻപു കൃപയും സത്യവും നിറഞ്ഞ ദൈവമായും ഏകജാതനായും മാററമില്ലാത്തവനായും സ്ഥിതിചെയ്തിരുന്നു.

4. സൃഷ്ടിക്കപ്പെടുകയും ജനിപ്പിക്കപ്പെടുകയും സ്ഥാപിക്കപ്പെടുകയും നിർണയിക്കപ്പെടുകയും ചെയ്യുന്നതിനു മുൻപു് അവനില്ലായിരുന്നു. അവൻ ജനനവിഹീനനല്ല. 'പുത്രനു് ഒരാരംഭം ഉണ്ടു്; എന്നാൽ ദൈവം ആരംഭരഹിതനാണ്' എന്നു പറയുന്നതിനാണ് ഞങ്ങഠം പീഡിപ്പിക്കപ്പെടുന്നതു്; ഞങ്ങളുടെ പീഡനത്തിൻെറ യഥാത്ഥകാരണം ഇതാണ്; അതുപോലെ അവൻ ഇല്ലായ്മയിൽനിന്നാണ് എന്നു് ഞങ്ങഠം പറയുന്നതിനാലുമത്രേ! അവൻ ദൈവത്തിൻെറ ഭാഗമല്ല; ഏതെങ്കിലും താഴ്ന്ന സത്തയിൽനിന്നുമല്ല എന്നതിനാലാണ് ഞങ്ങഠം ഇതു പറയുന്നതു്. ഇതുകൊണ്ടാണ് ഞങ്ങഠം പീഡിപ്പിക്കപ്പെടുന്നതു്. ശേഷമുള്ളതു നിനക്കറിയാമല്ലോ! കർത്താവിൽ അഭിവാദ്യങ്ങഠം! ലൂചിയൻെറ ഒരു സഹശിഷ്യനെന്ന നിലയിലും, നിൻെറ നാമം സൂചിപ്പിക്കുന്നതുപോലെ യഥാർത്ഥത്തിലുള്ള ഭക്തനായ വ്യക്തി എന്ന നിലയിലും, ഞങ്ങളുടെ കഷ്ടതകളെ ഓർക്കുമല്ലോ'. (J. Stevenson, A New Eusebios, London, 1974, p.344–5)

## 2. അലക്സാണ്ഡ്രിയായിലെ അലക്സാണ്ഡറിനു് എഴുതിയ കത്തു്

ക്രി. വ. 310–ൽ നിക്കൊമേദിയയിൽനിന്നെഴുതിയതാണ് ഈ കത്ത്. അത്തനാസ്യോസും (ദെ സിനൊദിസ്, 16) എപ്പി

www.malankaralibrary.com



ഫാനിയസും (പാഷ. 69, 7–8) വി. ഹിലാരിയൂസും (ത്രിത്വം, 4,12–13; 6,5–6) ഇതു് ഉദ്ധരിക്കുന്നു:

'ഞങ്ങളുടെ ഭാഗ്യവാനായ മാർപ്പാപ്പായും അലക്സാണ്ഡ്രിയായിലെ മെത്രാനുമായ അലക്സാണ്ടർക്കു് പ്രെസ്ബിററർമാരും ഡീക്കന്മാരുംകൂടി കർത്താവിൽ അഭിവാദനങ്ങൾ അയയ്ക്കുന്നു്

നമ്മുടെ പൂർവ്വപിതാക്കന്മാരിൽനിന്നും ഭാഗ്യവാനായ മാർപ്പാപ്പായായ അങ്ങിൽനിന്നും ഞങ്ങൾ പഠിച്ച വിശ്വാസം ഇതാകുന്നു:

ഞങ്ങൾ ഏകദൈവത്തെ അംഗീകരിക്കുന്നു. അവൻ മാത്രം ജന്മവിഹീനനും, നിത്യനും, ആരംഭരഹിതനും, സത്യവാനും, അമർത്ത്യനും, ബുദ്ധിമാനും, നല്ലവനും, സർവ്വനാഥനും, ന്യായാധിപനും, ഭരണാധിപനും, എല്ലാററിന്റെയും ഭരണകർത്താവും, വ്യതിയാനരഹിതനും, മാററമില്ലാത്തവനും, നീതിമാനും, നന്മതന്നെയായവനും, നിയമത്തിന്റെയും പ്രവാചകരുടെയും പുതിയനിയമത്തിന്റെയും ദൈവവും ആകുന്നു. നിത്യതയ്ക്കു മുൻപേ പിതാവു് ഒരേകജാതനെ ജനിപ്പിച്ചു; അവനിലൂടെ അവിടുന്നു പ്രപഞ്ചത്തേയും യുഗങ്ങളേയും നിർമ്മിച്ചു. സാദൃശ്യത്തിലല്ല, സത്യമായും അവിടുന്നു് അവനെ ജനിപ്പിച്ചു. മാററം കൂടാതെയും വ്യതിയാനം കൂടാതെയും തന്റെ ഇച്ഛാനുസരണം ആയിരിക്കുന്നതിനു് അവനെ അവിടുന്നുണ്ടാക്കി. അവൻ ദൈവത്തിന്റെ സൃഷ്ടികളിൽ പൂർണ്ണനാണു്, എന്നാൽ സൃഷ്ടികളിൽ ഒന്നുപോലെയല്ല. അവൻ സന്തതിയാണു്; എന്നാൽ ഉണ്മയിലേക്കു വന്ന വസ്തുക്കളിൽ ഒന്നുപോലെയല്ല. വലന്തീനസ് പഠിപ്പിച്ചതുപോലെ പിതാവിന്റെ സന്തതി ഒരു ബഹിർഗമനവസ്തു അല്ല. അല്ലെങ്കിൽ മനിക്കേയസ് പഠിപ്പിച്ചതുപോലെ ഈ സന്തതി പിതാവിന്റെ ഒരു ഭാഗമോ സമസത്തയോ (homoousios) അല്ല; സബെല്ലിയസ് പഠിപ്പിക്കുന്നതുപോലെ പിതാവും പുത്രനും മോണാഡ് (Monad) വിഭജിച്ചതുമല്ല; ഹിയെരാക്കസ് പറയുന്നതുപോലെ ഒരു ജ്വാലയിൽനിന്നു് മറെറാന്നല്ല; ഒരു വിളക്കിന്റെ ദീപം രണ്ടാകുന്നതുപോലെയുമല്ല; നേരത്തെ സ്ഥിതി ചെയ്തിരുന്നവൻ പിന്നീട്ടു് പുത്രനായി ജനിച്ചവനോ, വീണ്ടും സൃഷ്ടിക്കപ്പെട്ടതോ അല്ല. ഭാഗ്യവാനായ പാപ്പാ, ഈ അബദ്ധാഭിപ്രായങ്ങളെ അങ്ങുതന്നെ സഭയിലും ചർച്ചകളിലും പലതവണ തള്ളിക്കളഞ്ഞിട്ടുള്ളതാണല്ലോ. ഞങ്ങൾ പറയുന്നതു് ഇപ്രകാരമാണു്: അവൻ ദൈവത്തിന്റെ ഇഷ്ടത്താൽ യുഗങ്ങൾക്കും കാലങ്ങൾക്കും മുൻപ് സൃഷ്ടിക്കപ്പെടുകയും, പിതാവിൽനിന്നു ജീവനും അസ്തിത്വവും മഹത്വവും പ്രാപിക്കുകയും ചെയ്തു. അവൻ തന്നോടുകൂടിയുള്ളവയ്ക്കെല്ലാം യഥാർത്ഥമായ അസ്തിത്വം നല്കി. അവനു് സകലത്തിന്റെയും അവകാശം കൊടുത്തതുവഴി ജനനവിഹീനനായ അവസ്ഥയിൽ തനിക്കുള്ളവയൊന്നും പിതാവു് നഷ്ടമാക്കിയില്ല; കാരണം,

www.malankaralibrary.com



അവൻ സകലത്തിൻേറയും ഉറവിടമാണ്. മൂന്ന് 'ഹൃപ്പോസ്റ്റസെയിസാ'ണുള്ളത്. സകലത്തിൻേറയും കാരണമായ ദൈവം ആരംഭരഹിതനും, അനന്യനമാണ്. എന്നാൽ പുത്രനാകട്ടെ സമയങ്ങൾക്ക മുൻപു പിതാവിൽനിന്ന ജനിച്ചവനും, സൃഷ്ടിക്കപ്പെട്ടുന്നവനും, യുഗങ്ങൾക്ക മുൻപ് കാണപ്പെട്ടവനും, തൻെറ ജനനത്തിന മുൻപ് ഇല്ലാതിരുന്നവനുമത്രേ. സമയങ്ങൾക്കും എല്ലാ വസ്തുക്കൾക്കും മുമ്പ് ജനിച്ച് പിതാവിനാൽ അസ്തിത്വത്തിലെത്തിച്ചേർന്നത് അവൻ മാത്രമാണ്. എന്തെന്നാൽ അവൻ നിത്യനല്ല, പിതാവിനോടുകൂടി ജനനവിഹീനനോ നിത്യനോ അല്ല. ബന്ധങ്ങളെപ്പററി ചിലർ പറയുന്നതുപോലെ അവൻെറ അസ്തിത്വം പിതാവിനോടൊപ്പമല്ല; ഇത്തരക്കാർ ജനനരഹിതരായ രണ്ടു യാഥാർത്ഥ്യങ്ങളെപ്പററി സംസാരിക്കുന്നു. മൊണാഡ് ആയ ദൈവം എല്ലാ വസ്തുക്കൾക്കും മുമ്പനും എല്ലാററിൻെറയും ആരംഭവുമാണ്.

അതുകൊണ്ട്, അവിടുന്ന് പുത്രനേക്കാൾ മുമ്പുള്ളവനാണ്. സഭയിൽ അങ്ങയുടെ പ്രസംഗത്തിലും ഞങ്ങൾ ഇതു് കേട്ടിട്ടുള്ളതാണല്ലോ. അവൻെറ അസ്തിത്വവും, മഹത്വവും, ജീവനും ദൈവത്തിൽനിന്നാണ്. എല്ലാം അവനു നല്കപ്പെട്ടിരിക്കയുമാണ്. ഈ അർത്ഥത്തിലാണ് ദൈവം അവൻെറ ഉത്ഭവമായിരിക്കുന്നതു്. അവൻെറ ദൈവവും അവനു മുമ്പുള്ളവനും എന്ന നിലയ്ക്ക് പിതാവ് പുത്രനേക്കാൾ ഉപരിസ്ഥനാണ്. 'അവനിൽനിന്ന്', 'ഉദരത്തിൽ നിന്ന്', 'ഞാൻ പിതാവിൽനിന്ന വന്നു' 'ഞാൻ വരുന്നു', എന്നിത്യാദി പ്രയോഗങ്ങൾ ചിലർ മനസ്സിലാക്കുന്നതു് അവൻെറ സമസത്തയായ ഒരു ഭാഗം, ഒരു ബഹിർഗമനം എന്നൊക്കെയുള്ള അർത്ഥത്തിലാണ്. അതനുസരിച്ച് അശരീരിയായ പിതാവായ ദൈവം സങ്കലനവും വിഭജിക്കാവുന്നവനും, വ്യതിയാന വിധേയനും, ഭൗതികനും ശരീരത്തിന് സംഭവിക്കുന്നതുപോലൊക്കെ സംഭവിക്കുന്നവനുമത്രേ (J. Stevenson, op. cit, p. 346-7).

## 3. താലിയ

നിക്കൊമേദിയയിൽ വച്ചാണ് താലിയ (സദ്യ) എഴുതിയതു്. അത്തനാസ്യോസിൻെറ ഉദ്ധരണികളിലൂടെ മാത്രമേ ഈ ഗ്രന്ഥം നമുക്ക കൈവന്നിട്ടുള്ളൂ. ഏതാണ്ട് പദ്യരൂപത്തിൽ തൻെറ പാഷണ്ഡത പ്രചരിപ്പിക്കാനാണ് ആരിയൂസിനെഴുതിയതു് എന്ന് ഫിലൊസ്റ്റോർജിയൂസ് രേഖപ്പെടുത്തുന്നു (സഭാ. 2,2). ഗദ്യവും പദ്യവും കൂടിക്കലർന്നതാകാമിതു്.

(അത്തനാസ്യോസ്, റിമിനി, സെലൂഷ്യ, എന്നീ സിനഡുകളെപ്പററി, 15)

www.malankaralibrary.com



'........അപ്പോഠം, ദൈവംതന്നെ, തൻെറ തന്നെ സ്വഭാവത്തിൽ സർവമനുഷ്യരേക്കാളും ഉപരിസ്ഥനാണ്. സമനായോ, തുല്യനായോ, തന്നോടുകൂടി മഹത്വത്തിൽ ഒന്നായിരിക്കുന്നവനായോ തനിക്കുമാത്രം ആരുമില്ല. സ്വഭാവത്താൽ ജനിച്ചവൻമൂലം അവനെ നാം ജനനവിഹീനൻ എന്നു വിളിക്കുന്നു.

ആരംഭമുള്ളവൻമൂലം അവനെ നാം ആരംഭരഹിതൻ എന്നു പ്രകീർത്തിക്കുന്നു.

കാലത്തിൽ ഉണ്ടായവൻമൂലം അവനെ നാം എന്നും നിലനിൽക്കുന്നവനായി ആരാധിക്കുന്നു.

ആരംഭരഹിതൻ. ഉത്ഭവിച്ച വസ്തുക്കാഠംക്കുമുൻപ് പുത്രന് ഒരാരംഭം ഉണ്ടാക്കി; ദത്തെടുക്കൽവഴി അവനെ അവൻ തന്നോടു ചേർത്തു പുത്രനാക്കി. സത്താപരമായി (കത്ത് ഹ്യപ്പൊസ്റ്റസിൻ) ദൈവത്തിനുള്ള പ്രത്യേകതകളൊന്നും അവനില്ല.

കാരണം, അവൻ അവൻെറ തുല്യനല്ല; ഒരിക്കലുമല്ല, സമസത്തയുമല്ല (ഹോമോഉസിയോസ്). ദൈവം വിജ്ഞാനിയാണ്; കാരണം, വിജ്ഞാനത്തിൻെറ പ്രബോധകനാണവൻ.

ദൈവം സമസ്ത സൃഷ്ടികഠംക്കും —പുത്രനും അവനിലൂടെ സൃഷ്ടിക്കപ്പെട്ടവസ്തും— അദൃശ്യനാണ് എന്നതിനു ധാരാളം തെളിവുകളുണ്ട്.

പുത്രൻവഴി അദൃശ്യനെ എങ്ങനെ ദർശിക്കാം എന്നു ഞാൻ വ്യക്തമാക്കാം. ദൈവം കാണുന്ന ശക്തികൊണ്ടും, അനുവദിക്കപ്പെട്ടതനുസരിച്ച്, തൻെറ കഴിവിനനുസരിച്ചും, പുത്രൻ പിതാവിനെ ദർശിക്കുന്നു.

ഒരു ത്രിത്വമുണ്ട്. എന്നാൽ ഒരേ തരത്തിലുള്ള മഹത്വമല്ല. അവരുടെ ഹ്യപ്പോസ്റ്റസിസ് തമ്മിൽ കൂടികലരുന്നില്ല. ഒന്നു മറെറാന്നിനേക്കാഠം അനന്തമായി മഹത്ത്വത്തിൽ മഹനീയമത്രേ. സത്തയിൽ പുത്രനിൽനിന്നു വ്യത്യസ്തനാണ് പിതാവ്; കാരണം, അവിടുന്ന് ആരംഭരഹിതനാണ്.

മൊണാഡ് (Monad) ഉണ്ടായിരുന്നെന്നു മനസ്സിലാക്കുക അസ്തിത്വത്തിലേക്കു വരുന്നതിനു മുൻപു ഡിയാഡ് (Dyad) ഉണ്ടായിരുന്നില്ല. പുത്രൻ ദൈവം അല്ലാതിരുന്നപ്പോഴും പിതാവു ദൈവമായിരുന്നെന്ന് ഇതിൽനിന്ന് ഉടനെ വ്യക്തമാകുന്നു. അതുകൊണ്ടു പുത്രൻ ഉണ്മയല്ല; (അവൻ പിതാവിൻെറ ഇച്ഛയാൽ സ്ഥിതിചെയ്തു) ഏകജാതനായ ദൈവമാണ്. അവൻ മററതിൽനിന്ന് അന്യനാണ്. വിജ്ഞനായ ദൈവത്തിൻെറ ഇഷ്ടത്താൽ വിജ്ഞാനം വിജ്ഞാനമായി സ്ഥിതിചെയ്തു.

www.malankaralibrary.com



അതിനാൽ അവൻ നിരവധി ആശയങ്ങളാൽ സങ്കൽപ്പിക്കപ്പെടുന്നു. അരൂപി, ശക്തി, വിജ്ഞാനം, ദൈവമഹത്വം, സത്യം, ഛായ, വചനം.

അവൻ പ്രകാശവും കിരണവുമായി സങ്കല്പിക്കപ്പെടുന്നു; പുത്രനു തുല്യനും ഉപരിസ്ഥനുമായ ആരെ ജനിപ്പിക്കാൻ കഴിവുററവനാണ്; എന്നാൽ അവൻ കുറേക്കൂടി ശ്രേഷ്ഠനും ഉന്നതനും ഉപരിസ്ഥനും കഴിവുററവനുമാണ്.

പുത്രൻ എന്താണോ, എന്തായിരിക്കുന്നവോ അതു ദൈവേഷ്ടത്താലാണ്. ഉണ്ടായപ്പോൾ മുതൽ അവൻ ദൈവത്തിൽനിന്ന് അസ്തിത്വം സ്വീകരിച്ചു.

അവൻ ശക്തനായ ദൈവമാകയാൽ തൻെറ ശ്രേഷ്ഠനെ സ്തുതിക്കുന്നു. ചുരുക്കത്തിൽ, ദൈവം തൻെറ പുത്രന് അഗ്രാഹ്യനാണ്. അവൻ എന്തായിരിക്കുന്നുവോ, അതു് അവൻ അവനിൽത്തന്നെയാണ്. അതായതു് അവൻ അവാച്യനാണ്. അഗ്രാഹ്യം എന്നു വിളിക്കപ്പെടുന്നവ പുത്രനു വിവരിക്കാൻ സാധ്യമല്ല. തന്നാൽ തന്നെയുള്ള പിതാവിനെ അപഗ്രഥിപ്പാൻ പുത്രനു കഴിയില്ല. പുത്രനു തൻെറതന്നെ സത്ത എന്താണെന്ന് അറിയില്ല; കാരണം, പുത്രനാകയാൽ പിതാവിൻെറ ഇഷ്ടത്താൽ അവൻ അസ്തിത്വത്തിലെത്തി.

പിതാവിൽനിന്നുള്ളവൻ, തൻെറ പിതാവിനെ അറിയുക എന്നതു യുക്തമല്ലേ എന്നു വാദിക്കുന്നവരുണ്ടോ? ആരംഭമുള്ളവൻ ആരംഭരഹിതനെ ഗ്രഹിക്കുക എന്നതു് സാധ്യമല്ല എന്നു വ്യക്തമാണല്ലോ (J. Stevenson, op. cit, p. 350–1).

## 4. കോൺസ്ററൻൈറനുള്ള കത്തു്

ക്രി. വ. 327 ൻെറ അവസാനം ആരിയൂസും സുഹൃത്തായ എവുസോയിയൂസും കൂടി കോൺസ്റ്റൻൈറന് ഒരു കത്തയച്ചു. സൊക്രാട്ടസും (സഭാ. 1,26, 2) സൊസോമനും (സഭാ. 2, 27,6) ഈ കത്തു് ഉദ്ധരിക്കുന്നു. സത്യവിശ്വാസം തെളിയിക്കാൻ ആരിയൂസും സുഹൃത്തും പരിശ്രമിക്കുന്നു. ഒരു വിശ്വാസപ്രമാണവും ഈ കത്തിലുൾപ്പെടുത്തുന്നുണ്ട്:

'ദൈവസ്നേഹിതനും, ഭക്തി നിറഞ്ഞ നാഥനുമായ കോൺസ്റ്റൻൈറൻ ചക്രവർത്തിക്ക് ആരിയൂസും, എവുസോയിയൂസും എഴുതുന്നതു്:

പരമാധികാരിയായ നാഥാ, അങ്ങയുടെ ശ്രേഷ്ഠമായ കല്പനാനുസരണം ഞങ്ങൾ ഞങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുകയും, ഞങ്ങളും

www.malankaralibrary.com



ഞങ്ങളുടെ അനുഗാമികളും താഴെ പറയുംപ്രകാരം വിശ്വസിക്കുന്നു എന്നു് ദൈവമുൻപാകെ രേഖപ്പെടുത്തുകയും ചെയ്യുന്നു:

'സർവശക്തനായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. തന്റെ ഏകജാതനായ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു. അവൻ യുഗങ്ങൾക്കുമുമ്പ് പിതാവിൽനിന്നു പിറന്നു; ആകാശത്തിലും ഭൂമിയിലുമുള്ള സമസ്തവും ദൈവവചനമായ അവൻവഴി നിർമ്മിക്കപ്പെട്ടു. അവൻ ഇറങ്ങിവന്ന്, ശരീരം ധരിച്ച്, കഷ്ടപ്പെട്ട് ഉയിർത്തെഴുന്നേററു്, സ്വർഗത്തിലേക്ക് കരേറി അവൻ ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ വീണ്ടും വരാനിരിക്കുന്നു. പരിശുദ്ധാത്മാവിലും, ശരീരത്തിന്റെ ഉയിർപ്പിലും, നിത്യജീവിതത്തിലും, ദൈവരാജ്യത്തിലും, ലോകത്തിൽ ഒററം മുതൽ മറേറ അററം വരെ വ്യാപിച്ചു കിടക്കുന്ന ഏക കത്തോലിക്കാ സഭയിലും വിശ്വസിക്കുന്നു.'

ഈ വിശ്വാസം വി. സുവിശേഷങ്ങളിൽനിന്നു ഞങ്ങൾക്കു ലഭിച്ചിട്ടുള്ളതാണ്. കർത്താവ് തന്റെ ശിഷ്യരോട് അരുൾ ചെയ്തു: 'നിങ്ങൾ പോയി എല്ലാ ജനതകളെയും പഠിപ്പിക്കുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുകയും ചെയ്യുവിൻ.' വി. കത്തോലിക്കാ സഭയും വി. ഗ്രന്ഥങ്ങളും പഠിപ്പിക്കുന്നതുപോലെ ഞങ്ങൾ വിശ്വസിക്കാതിരിക്കുകയും, പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സത്യമായും സ്വീകരിക്കാതിരിക്കയും ചെയ്താൽ ഇപ്പോഴും, വിധിദിവസത്തിലും ദൈവം ഞങ്ങളുടെ വിധിയാളനായിരിക്കട്ടെ. അതുകൊണ്ടു ദൈവത്തിനു് ഏററം പ്രിയംകരനായ ചക്രവർത്തീ, അങ്ങയുടെ ഭക്തിയോട് അപേക്ഷിക്കുന്നതെന്തെന്നാൽ, ശുശ്രൂഷയ്ക്കായി പട്ടംകെട്ടപ്പെട്ടവരും, സഭയുടേയും വി. ലിഖിതങ്ങളുടേയും വിശ്വാസവും മനഃസ്ഥിതിയും ഉള്ളവരുമായ ഞങ്ങളെ അങ്ങയുടെ ശാന്തവും ഭക്തിനിറഞ്ഞതുമായ തിരുവുള്ളം സഭാമാതാവുമായി പുനരൈക്യപ്പെടുത്തണമെന്നു് അപേക്ഷിക്കുന്നു. എല്ലാ അനാവശ്യ ചർച്ചകളും കലഹങ്ങളും അവസാനിപ്പിക്കുകയും നാമും സഭ മുഴുവനും സമാധാനത്തിൽ വർത്തിക്കുകയും ചെയ്യുന്നതിനും അങ്ങയുടെ ശാന്തിയും ദൈവഭയവും നിറഞ്ഞ ഭരണത്തിനും അങ്ങയുടെ ഭവനം മുഴുവനും ഐശ്വര്യം ഉണ്ടാകുന്നതിനും നാം പ്രാർത്ഥിക്കുന്നതിനു് ഇടയാകട്ടെ.'

(J. Stevenson, op. cit. p.375–6)

## ആരിയനിസം—അവശേഷിക്കുന്ന പ്രശ്നങ്ങൾ

ആരിയൻ ചിന്തയുടെ ഉത്ഭവത്തിനും വളർച്ചയ്ക്കും ഒരിജന്റെ ചിന്ത വഴിതെളിച്ചെന്നു് കരുതുന്നവരുണ്ട്. എന്നാൽ മററു ചിലർ

www.malankaralibrary.com



അതു നിഷേധിക്കുന്നു. ആദിമ ക്രൈസ്തവസഭയിലെ പണ്ഡിത സദസ്സിന്റെ ആസ്ഥാനമായിരുന്ന അലക്സാന്ത്രിയായിൽ തന്നെ ആരിയനിസം എന്ന അബദ്ധാഭിപ്രായം പൊട്ടിപ്പുറപ്പെട്ട എന്നതു് തികച്ചും അത്ഭുതം ഉളവാക്കുന്ന ഒന്നാണു്.

അക്കാലഘട്ടത്തിലെ മിക്കവാറും എല്ലാ എഴുത്തുകാരും ഈ പ്രശ്നത്തിലിടപെട്ടു. എല്ലാവരും തന്നെ ഒന്നുകിൽ ആരിയനിസത്തെ എതിർത്തു; അല്ലെങ്കിൽ പിൻതാങ്ങി.

അലക്സാന്ത്രിയായിൽ ഉത്ഭവിച്ചെങ്കിലും ആരിയനിസത്തിന്റെ വേരുകൾ ലിബിയയിലും സിറിയായിലും ആയിരുന്നു. ഏഷ്യാമൈനറിലെയും സിറിയായിലെയും മെത്രാന്മാർ ആരിയൂസിനെ താങ്ങും തണലും നല്കി സംരക്ഷിച്ചു. ആരിയനിസത്തിന്റെ വളർച്ചയിൽ അവർക്കും പ്രധാനമായൊരു പങ്കുണ്ടു്.

ആരിയനിസത്തിന്റെ ഉത്ഭവത്തെയും വളർച്ചയെയും സംബന്ധിച്ച നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നും അതു് അവ്യക്തമായിത്തന്നെ നിലകൊള്ളുകയാണു്. ഉത്തരം കാണാത്ത നിരവധി പ്രശ്നങ്ങൾ ഇന്നും അതിൽ അവശേഷിക്കുന്നു.

ആരാണു് യഥാർത്ഥത്തിൽ ആരിയനിസത്തിന്റെ ഗുരു? ഒരിജനോ സാമസോട്ടക്കാരൻ പൗലോസോ? അതോ അന്ത്യോക്യാക്കാരൻ ലൂചിയനോ? തർക്കമററ ഉത്തരമല്ല നമുക്കു കിട്ടുക.

അതുപോലെ ആരിയനിസത്തിന്റെ ആദ്യകാല വളർച്ചയെ സംബന്ധിച്ച പല തീയതികളും ചർച്ചചെയ്യപ്പെടുന്നുണ്ടു്. ചിലരുടെ വീക്ഷണത്തിൽ 318–ലോ, 320–ലോ ആണു് ആരിയൻ തർക്കം ഉത്ഭവിച്ചതു്. മററു ചിലരുടെ അഭിപ്രായത്തിൽ 323 ലാണു് ആരിയൂസ് തന്റെ മെത്രാനുമായി ഏററുമുട്ടലിനൊരുമ്പെട്ടതും മുടക്കപ്പെട്ടതും. അവരുടെ നോട്ടത്തിൽ നിഖ്യാ (325) വരെയുള്ള സംഭവങ്ങൾ വളരെ വേഗം (18–22 മാസങ്ങൾകൊണ്ടു്) നടന്നു.

നെയോ–ആരിയൻ ചരിത്രം (336–381) പഠനവിഷയമാക്കുക വളരെ പ്രയോജനപ്രദമാണു്. ധാരാളം കൃതികൾ ഈ കാലഘട്ടത്തിലുണ്ടായി. സന്ദർഭാനുസരണം അവയെപ്പററി പരാമർശിക്കാം.

അനുബന്ധം 1

## ആരിയൂസും പാഷണ്ഡതയും

(സൊസോമെൻ, സഭാ. 1. 15. 1–6)

1. ഈ വിധത്തിലും മററു പല തരത്തിലും ക്രിസ്തുമതം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു. എങ്കിലും ചില തർക്കങ്ങൾ

www.malankaralibrary.com



മൂലം സഭകളിൽ കലക്കം ഉണ്ടായി. ഭക്തിയുടെ പേരിലും, ദൈവത്തെപ്പററിയുള്ള സമ്പൂർണമായ അറിവു നേടുന്ന എന്ന ഭാവേനയും ഇതുവരെ പരിശോധനാ വിഷയമാകാതിരുന്ന ചില പ്രശ്നങ്ങളും ചർച്ചാവിഷയമായി. ഈ വാദപ്രതിവാദങ്ങളുടെ കാരണക്കാരൻ ആരിയൂസ് ആയിരുന്നു.

2. ഈജിപ്പിൽ അലക്സാണ്ഡ്രിയായിലെ ഒരു പ്രെസ്ബിററർ ആയിരുന്നു ആരിയൂസ്. തന്റെ നവീനോപദേശങ്ങളിൽ മെലീഷ്യസിന്റെ പക്ഷം ചേർന്നെങ്കിലും സത്യത്തിനുവേണ്ടി നിലകൊള്ളുന്ന തീക്ഷ്ണമതിയായ ഒരാളായി അയാൾ പ്രത്യക്ഷപ്പെട്ടു. കാലാന്തരത്തിൽ അയാൾ മെലീഷ്യസിനെ ഉപേക്ഷിച്ചു. അലക്സാണ്ഡ്രിയാക്കാരുടെ മെത്രാൻ പത്രോസ് അയാൾക്കു ഡീക്കൻ പട്ടം നൽകി. എന്നാൽ പത്രോസ് മെലീഷ്യസിനെ സഭാഭ്രഷ്ടനാക്കുകയും അയാളുടെ മാമോദീസ നിരാകരിക്കുകയും ചെയ്തപ്പോൾ ആരിയൂസ് നിശ്ശബ്ദത പാലിക്കാതെ പത്രോസിന്റെ നടപടിയെ കുററപ്പെടുത്തി. അക്കാരണത്താൽ പത്രോസ് ആരിയൂസിനെ സഭയിൽനിന്ന് ബഹിഷ്ക്കരിച്ചു. പത്രോസിന്റെ രക്തസാക്ഷിത്വത്തിനുശേഷം ആരിയൂസ് അക്കില്ലെസിനോട് മാപ്പിരന്നു; ഒരു ഡീക്കനായി തുടരുവാൻ അനുവദിച്ചു; പിന്നീട് പ്രെസ്ബിററായി ഉയർത്തപ്പെടുകയും ചെയ്തു. ഇതിനുശേഷം അലക്സാണ്ഡറും അയാളെ വളരെയധികം ബഹുമാനിച്ചു.

3. നല്ലൊരു താർക്കികനായിരുന്ന ആരിയൂസ് അർത്ഥശൂന്യമായ വാദപ്രതിവാദങ്ങളിലേക്കു എടുത്തുചാടി. മുമ്പൊരുത്തനും പറയാൻ മുതിരാതിരുന്ന സംഗതികളൊക്കെ സഭയിൽ പ്രസംഗിക്കാൻ ആരിയൂസ് ധൈര്യം കാണിച്ചു. 'ഇല്ലായ്മയിൽനിന്നാണു ദൈവപുത്രൻ ഉണ്ടായതു'', 'അവൻ ഇല്ലാതിരുന്ന സമയം ഉണ്ടായിരുന്നു'; 'സ്വാതന്ത്ര്യബുദ്ധി ഉള്ളതിനാൽ നന്മയ്ക്കും തിന്മയ്ക്കും അവൻ ശക്തനായിരുന്നു' 'അവൻ സൃഷ്ടിക്കപ്പെട്ടവനും നിർമ്മിക്കപ്പെട്ടവനുമാണ്.' ഇത്തരം ആശയം വച്ചുപുലർത്തുന്നവർ ജല്പിക്കുന്ന ഇതുപോലെയുള്ള പ്രസ്താവനകൾ തട്ടിവിടാൻ അയാൾക്കൊരു മടിയുമില്ലായിരുന്നു.

4. സത്യവിശ്വാസ വിരുദ്ധമായ ഇത്തരം ജല്പനങ്ങൾ കേട്ടിട്ടും ആരിയൂസിനെ ശാസിക്കാഞ്ഞതിന്, ഇതുകേട്ട ചിലർ അലക്സാണ്ഡറെ കുററപ്പെടുത്തി, സംശയം ഉള്ള സംഗതികളിൽ തർക്കിക്കുന്ന വിഭാഗക്കാർ എല്ലാം തങ്ങളുടെ അഭിപ്രായം പൊതുവായി പറഞ്ഞുതീർക്കണം എന്ന ആശയമായിരുന്നു അലക്സാണ്ഡറിന്റേതു്. നിർബന്ധിച്ചല്ല, പ്രേരണവഴി കലഹം അവസാനിപ്പിക്കണം എന്നദ്ദേഹം അഭിപ്രായപ്പെട്ടു. തന്റെ വൈദികവൃന്ദത്തോടൊപ്പം അദ്ദേഹം വിസ്താരത്തിനിരുന്നു; രണ്ടു വിഭാഗ

www.malankaralibrary.com



ക്കാരേയും വിളിപ്പിച്ചു. എന്നാൽ എല്ലാ തർക്കങ്ങളിലും സംഭവി ക്കുന്നതുപോലെ ഓരോ വിഭാഗവും പരിപൂർണ്ണ വിജയം നേടാൻ പരിശ്രമിക്കയാണു ചെയ്തതു്. ആരിയൂസ് തൻെറ അഭിപ്രായ ങ്ങൾക്കുവേണ്ടി വാദിച്ചു. എന്നാൽ, പുത്രൻ പിതാവുമായി സമ സത്തയും, നിത്യത്വത്തിൽ തുല്യനുമാണെന്നു മററുള്ളവർ വാദി ച്ചു. ഇത്തരം പ്രാധാന്യമേറിയ സംഗതികൾ ഉന്നയിക്കപ്പെട്ടതി നാൽ, രണ്ടാമതൊരു യോഗം കൂടിയെങ്കിലും ഒരു ഫലവും ഉണ്ടാ യില്ല. വാദഗതികൾ ഉന്നയിക്കപ്പെട്ടപ്പോൾ അലക്സാണ്ഡർ മാറിമാറി കക്ഷിചേരുന്നതായിതോന്നി' (J. Stevenson, op. cit. p. 341.)

അനുബന്ധം 2

## ആരിയനിസത്തിൻെറ ഉത്ഭവത്തെക്കുറിച്ചു്

(സൊക്രാട്ടെസ് സഭാ. I. 5)

1. 'അലക്സാണ്ഡ്രിയായിലെ അലക്സാണ്ഡർ ഒരു ദിവസം തൻെറ പ്രെസ്ബിററർമാരുടെയും മററു വൈദിക സമൂ ഹത്തിൻെറയും സാന്നിദ്ധ്യത്തിൽ 'ത്രിത്വത്തിലെ ഏകത്വം' എന്ന വിഷയത്തെ പുരസ്ക്കരിച്ചു ത്രിത്വത്തെപ്പററി ഒരു പ്രസം ഗം പറയാൻ ഉദ്യമിച്ചു.

2. അദ്ദേഹത്തിൻെറ ഭരണാധികാരത്തിൻ കീഴിലുള്ള കുശാ ബുദ്ധിയായ ഒരു വൈദികനായിരുന്ന ആരിയൂസ്, തൻെറ മെത്രാൻ ലിബിയാക്കാരനായ സബെല്ലിയസിൻെറ പ്രബോധന മാണു പഠിപ്പിക്കുന്നതെന്നു് അയാൾ ധരിച്ചുവശായി. തർക്ക പ്രിയനായ ആരിയൂസ് ലിബിയാക്കാരൻെറ ആശയത്തിനു് കടകവിരുദ്ധമായ ഒന്നു് മുന്നോട്ടുവച്ചു, അങ്ങനെ മെത്രാൻെറ പ്രസ്താവനകൾ ഒരു തർക്കവിഷയമായിത്തീർന്നു. ആരിയൂസ് പറഞ്ഞു: 'പിതാവ് പുത്രനെ ജനിപ്പിച്ചെങ്കിൽ, ജനിപ്പിക്കപ്പെ ട്ടുന്നവൻെറ അസ്തിത്വത്തിനു് ആരംഭം ഉണ്ടായിരിക്കണം; പുത്രൻ ഇല്ലാതിരുന്ന ഒരവസ്ഥ ഉണ്ടായിരുന്നു എന്നു് ഇതിൽനിന്നു് വ്യ ക്തമാണു്. അവൻെറ സത്ത ഇല്ലായ്മയിൽനിന്നാണു് എന്നു് ഇതിൽനിന്നു് അവശ്യം അനുമാനിക്കാം.' (J. Stevenson, op. cit. p. 140.)

www.malankaralibrary.com

അദ്ധ്യായം 3

# അലക്സാണ്ഡ്രിയായിലെ അലക്സാണ്ഡർ

(250–328)

നിഖ്യാസുനഹദോസിലെ ഒരു പ്രധാന വ്യക്തിയായിരുന്നു അലക്സാണ്ഡർ. ക്രി.വ. 312–ൽ അലക്സാണ്ഡ്രിയായിൽ അക്കില്ലെസിന്റെ പിൻഗാമിയായി അലക്സാണ്ഡർ മെത്രാനായി. ആര്യൻ പാഷണ്ഡത ഉടലെടുത്തത് ഇദ്ദേഹത്തിന്റെ കാലത്താണ്. ഇക്കാലത്തു തന്നെ മെലീഷ്യൻ ശീശ്മയും ഈജിപ്ഷ്യൻ സഭയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. അബദ്ധോപദേശങ്ങളിൽ നിന്ന് ആരിയൂസിനെ പിൻതിരിപ്പിക്കാൻ അലക്സാണ്ഡർ പരിശ്രമിച്ചു. എന്നാൽ ഒരു ഫലവും ഉണ്ടായില്ല. 318–ലെ അലക്സാണ്ഡ്രിയൻ സിനഡിൽവച്ച് അദ്ദേഹം ആരിയൂസിനെയും കൂട്ടരെയും മുടക്കി. 325–ലെ നിഖ്യാസുനഹദോസ്, മെലീഷ്യസിനെയും ആരിയൂസിനെയും സഭയിൽ നിന്നു പുറത്താക്കി. ആരിയനിസവുമായുള്ള പോരാട്ടത്തിൽ അലക്സാണ്ഡക്ക് വളരെയധികം ക്ലേശങ്ങൾ സഹിക്കേണ്ടിവന്നു. 328–ൽ അദ്ദേഹം മരിച്ചു.

## കൃതികൾ

(1) കത്തുകൾ: എപ്പിഫാനിയസിന്റെ അഭിപ്രായപ്രകാരം (പാഷ. 69,4), അലക്സാണ്ഡറിന്റേതായി എഴുപതു കത്തുകളുടെ ഒരു സമാഹാരം ഉണ്ടായിരുന്നു. ആരിയനിസത്തെ സംബന്ധിച്ച രണ്ടെണ്ണമൊഴിച്ച് ബാക്കിയെല്ലാം നഷ്ടപ്പെട്ടു.

(a) സൈറസിലെ തിയഡൊറെറ്റ് തന്റെ സഭാചരിത്രത്തിൽ (1,4) ‘ബൈസാൻസ്യത്തിലെ മെത്രാനായ അലക്സാണ്ഡറിന് അലക്സാണ്ഡർ അയച്ച ഒരു കത്ത്’’ ഉദ്ധരിക്കുന്നു. ഈജിപ്തിനു പുറത്തുള്ള എല്ലാമെത്രാന്മാർക്കും ഇതിന്റെ കോപ്പികളയച്ചു. ആരിയനിസത്തിനെതിരായിട്ടാണിത്. 324–ൽ ആയിരിക്കാം ഇതെഴുതിയത് എന്ന് കരുതപ്പെടുന്നു. ആരിയനിസത്തെപ്പറ്റി അവരെ ബോധവാന്മാരാക്കാനും ആരിയനിസത്തെ തള്ളി

www.malankaralibrary.com



ക്കളെയാണമാണ് അലക്സാണ്ഡർ ഇതെഴുതുന്നത്. സാമസോട്ടക്കാരൻ പൗലോസിൽനിന്നും ലൂചിയനിൽനിന്നുമാണ് ആരിയൂസിനിതു കിട്ടിയതെന്ന് അലക്സാണ്ഡർ തറപ്പിച്ചു പറയുന്നു. ബൈസാൻസിയത്തിലെ അലക്സാണ്ഡറിനാണയച്ചതെന്നു തിയഡൊറെറ്റ് പറയുന്നെങ്കിലും ഒപിററ്സിൻെറ അഭിപ്രായത്തിൽ തെസ്സലോനിക്കയിലെ അലക്സാണ്ഡറിനാണിതയച്ചത്.

(b) സൊക്രാട്ടസ്(സഭാ.1,6:4–13),അലക്സാണ്ഡറിൻെറ മറെറാരു കത്തുദ്ധരിക്കുന്നുണ്ട്: 'എല്ലായിടങ്ങളിലുമുള്ള കത്തോലിക്കാ സഭയിലെ ഏററം പൂജ്യരും പ്രിയപ്പെട്ടവരുമായ സഹശുശ്രൂഷകർക്ക്.' ആരിയനിസത്തിൻെറ ആരംഭത്തിൽ (319) എല്ലാ മെത്രാന്മാർക്കുമായി എഴുതിയതാണിതു്. ആരിയൂസിനെതിരായും, ആരിയൂസിനെ തുണയ്ക്കുന്നവർക്കെതിരായുമാണിതെഴുതുന്നതു്. ആരിയനിസത്തിൻെറ ചുരുക്കം ഈ കത്തിൽ നൽകുന്നുണ്ട്. ഈ കത്തു് അത്തനാസ്യോസിൻെറ കൃതികളുടെ ചില കൈയെഴുത്തു പ്രതികളിൽ കാണുന്നു. അലക്സാണ്ഡർ, അലക്സാണ്ഡ്രിയയിലെയും മരെയോട്ടിസിലെയും വൈദികർക്കയച്ച ഒരു കത്തു് ഇതിൻെറ കൂടെയുണ്ട്:

'4. ഈ കലഹം അമർച്ചചെയ്യണമെന്നു് ഞാൻ ആഗ്രഹിച്ചു; ഇതിൻെറ വക്താക്കളുടെയിടയിൽ മാത്രം ഈ തിന്മ ഒതുക്കിനിർത്തണമെന്നായിരുന്നു താൽപര്യം. മററു സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിച്ച്, സാധാരണജനങ്ങളെക്കൂടി വഴി തെററിക്കാതിരിക്കട്ടെ എന്നും ഇച്ഛിച്ചു. 5. എന്നാൽ ഇപ്പോൾ നിക്കൊമേദിയായിലെ മെത്രാനായിരിക്കുന്ന എവുസേബിയസ് സഭാകാര്യങ്ങൾ തൻെറ നിയന്ത്രണത്തിൽ ആണെന്നു് ചിന്തിക്കുകയും ആ വിശ്വാസഘാതകരുടെ നേതൃത്വം ഏറെറടുക്കുകയും അവരെപ്പററി നാനാ ഭാഗങ്ങളിലേയ്ക്കും ശുപാർശക്കത്തുകൾ അയയ്ക്കുകയും ചെയ്തു. അയാൾ ബെരീത്തുസിലുള്ള സഭയുടെ ചുമതല ഉപേക്ഷിച്ചിട്ടാണ് നിക്കൊമേദിയായിക്കു് പോയതു്. ഈ നടപടി തികച്ചും തെററാണ്. ക്രിസ്തുവിനു വിരോധമായ ഈ കൊടിയ പാഷണ്ഡതയിലേക്കു് അജ്ഞരായ കുറെ ജനങ്ങളെക്കൂടി അയാൾ വശീകരിച്ചുകൊണ്ടുപോയി ദുഷിപ്പിക്കാതിരിക്കാൻ, നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ, നിശ്ശബ്ദത പാലിക്കുന്നതു് ഉചിതമല്ലെന്ന് എനിക്കു ബോധ്യപ്പെട്ടു. 6. അതുകൊണ്ടു് ഈ സംഗതികളെക്കുറിച്ചു നിങ്ങളെ അറിയിക്കാനും ആ വിശ്വാസധ്വംസകർ ആരൊക്കെയാണെന്നും അവരുടെ കൊടിയ പാഷണ്ഡതയുടെ സ്വഭാവം എന്താണെന്നും അറിഞ്ഞു്. എവുസേബിയസ് നിങ്ങൾക്കെഴുതുന്ന യാതൊന്നും ശ്രദ്ധിക്കാതിരിക്കാനും, ഞാൻ നിങ്ങൾക്കു് എഴുതുന്നു. 7. കാലപ്പഴക്കത്തിൽ വിസ്മൃതിയിൽ

www.malankaralibrary.com



ആണ്ടുപോയി എന്നു കരുതപ്പെട്ട അവന്റെ മുൻകാലദുഷ്ടത പുനർജീവിപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ടു് അവൻ അവർക്കുവേണ്ടി എഴുത്തുകാരം എഴുതുകയാണു്; എന്നാൽ തന്റെ ഉദ്ദേശ്യങ്ങളാ സാധിക്കാനാണു് അയാളിപ്രകാരം ചെയ്യുന്നതു്. ഇതു പകൽപോലെ വ്യക്തമാണു്. 8. താഴെപ്പറയുന്നവരാണു വിശ്വാസധ്വംസകർ ആയിത്തീർന്നതു്: ആരിയൂസ്, അക്കില്ലാസ്, ഐത്താലെസ്, കാർപോണെസ് മറെറാരു ആരിയൂസ്, സർമാത്തെസ് (ഇവരെല്ലാം മുൻപ് പ്രെസ്ബിററർമാരായിരുന്നു). എവുസോയിയൂസ് ലൂചിയൂസ്, മേനാസു്, ഹെല്ലാഡിയൂസ്, ഗായൂസ് (ഇവരെല്ലാം മുൻപ് ഡീക്കന്മാരായിരുന്നു) മുൻപ് മെത്രാന്മാർ എന്നു് വിളിക്കപ്പെട്ടിരുന്ന സെക്കൻഡൂസ്, തെയോനാസ് എന്നിവരും ഇവരുടെ ഗണത്തിൽ ഉൾപ്പെടുന്നു. 9. വി. ഗ്രന്ഥത്തിനു് കടക വിരുദ്ധമായി അവർ ജൽപിക്കുന്നതു് ഇപ്രകാരമാണു്: 'ദൈവം എപ്പോഴും പിതാവായിരുന്നില്ല; അവിടുന്നു് പിതാവല്ലാതിരുന്ന അവസ്ഥ ഉണ്ടായിരുന്നു; വചനമായ ദൈവം നിത്യത്വം മുതലില്ല, പിന്നെയോ, ഇല്ലായ്മയിൽനിന്നു് ഉണ്ടാക്കപ്പെട്ടതാണു്. എന്നും സ്ഥിതിചെയ്യുന്ന ദൈവം മുൻപ് ഇല്ലാതിരുന്നവനെ ഇല്ലായ്മയിൽനിന്നു് ഉണ്ടാക്കി.' അതുകൊണ്ടു് 'അവൻ ഇല്ലാതിരുന്ന ഒരവസ്ഥ ഉണ്ടായിരുന്നു.' അതായതു്, തത്ത്വശാസ്ത്രപ്രകാരം 'പുത്രൻ ഒരു സൃഷ്ടിയും നിർമ്മിക്കപ്പെട്ട ഒരു വസ്തുവുമാണു്: 10. അവൻ സത്തയിൽ പിതാവിനു്സമനല്ല; സ്വഭാവത്താലെ പിതാവിന്റെ യഥാർത്ഥവചനമോ, യഥാർത്ഥവിജ്ഞാനമോ അല്ല. പിന്നെയോ, പിതാവിന്റെ സൃഷ്ടികളിൽ ഒന്നും, പ്രവൃത്തികളിലൊന്നും മാത്രമാണു്. ദൈവത്തിൽ വസിക്കുന്ന ദൈവവിജ്ഞാനവും ദൈവവചനവും വഴി അവൻ യാഥാർത്ഥ്യത്തിലേയ്ക്കു വന്നതിനാൽ ഭാഷയുടെ വൈകല്യംകൊണ്ടു വചനമെന്നും വിജ്ഞാനമെന്നും വിളിക്കപ്പെടുന്നു. എല്ലാ വസ്തുക്കളെയും അവനെയും പിതാവു് സൃഷ്ടിച്ചതു വചനംവഴിയാണു്.' അതുകൊണ്ടു മററു ബുദ്ധിജീവികളെപ്പോലെ അവനും സ്വഭാവത്താലെ വ്യതിയാനവിധേയനാണു്. മാററമുള്ളവനുമാണു്. 11. വചനം, ദൈവിക സത്തയ്ക്കു് അന്യമാണു്; അതിൽനിന്നു് അകലത്താണു്; അതിനു പുറത്താണു്; പിതാവു് പുത്രനു് അദൃശ്യനാണു്. പുത്രൻ പൂർണമായും കൃത്യമായും പിതാവിനെ അറിയുന്നില്ല; പൂർണമായി അവനെ ദർശിക്കാനും പുത്രനു് സാധിക്കയില്ല. തന്റെ തന്നെ സത്ത എന്താണെന്നുപോലും പുത്രനറിയില്ല; ഒരുപകരണം കണക്കെ അവനിലൂടെ നാം സൃഷ്ടിക്കപ്പെടുവാൻ ദൈവം തിരുമനസ്സായില്ലായിരുന്നെങ്കിൽ അവൻ അസ്തിത്വത്തിലെത്തുകപോലുമില്ലായിരുന്നു.' 12. ദൈവവചനം മാററത്തിനു വിധേയമാണോ എന്നു് ആരോ അവരോടു് ചോദിച്ചപ്പോൾ, ഭയലേശമെന്യേ അവർ ഉത്തരം നൽകി: 'അതേ, തീർച്ചയായും മാററത്തിനു വിധേയനാണു്; ജനിച്ചവനും സൃഷ്ടിക്കപ്പെട്ടവനുമാകയാൽ

www.malankaralibrary.com



അവൻെറ സ്വഭാവം മാററത്തിനു വിധേയമാണ്.' 13. അതുകൊണ്ട് ഈജിപ്തിലും ലിബിയായിലുമുള്ള നൂറോളം മെത്രാന്മാർ ഒന്നിച്ചുകൂടി ഈ മ്ലേച്ഛമായ പാഷണ്ഡതകൾ പഠിപ്പിക്കുന്നതു നിമിത്തം ആരിയൂസിനെയും അയാളെ പിൻതുണയ്ക്കുന്നവരെയും മുടക്കി."
(J. Stevenson, op. cit. p. 342–3).

(2) പ്രസംഗങ്ങൾ: ഒരെണ്ണം സുറിയാനിയിലും കോപ്ററിക്കിലും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. 'ആത്മാവ്, ശരീരം, കർത്താവിൻെറ പീഡാസഹനം എന്നിവയെപ്പററി' എന്നാണ് അതിൻെറ തലക്കെട്ട്. ആമുഖം ആത്മശരീരങ്ങളുടെ ബന്ധം ചർച്ചചെയ്യുന്നു; പ്രധാന ഭാഗം കർത്തൃപീഡാനുഭവവും. മെലിറേറായുടെ പെസഹാപ്രസംഗത്തിൻെറ സ്വാധീനം ഈ പ്രസംഗത്തിൽ കാണാനുണ്ട്.

## ദൈവശാസ്ത്രം

ആരിയൂസിനെ സാമസോട്ടക്കാരൻ പൗലോസിൻെറയും, അന്ത്യോക്യയിലെ ലൂചിയൻെറയും ശിഷ്യനായിട്ടാണ് അലക്സാണ്ഡർ കാണുന്നത്. ആരിയൂസ് തന്നെ അന്ത്യോക്യയിലെ എവുസേബിയസിനയച്ച കത്തിൽ ഇക്കാര്യം അംഗീകരിക്കുന്നുമുണ്ട്.

ഇല്ലായ്മയിൽനിന്നല്ല പുത്രനുണ്ടായതു്, അവനില്ലായിരുന്ന ഒരു സമയമില്ലായിരുന്നു (1, 4); അവൻ പിതാവിൽനിന്നു ജനിച്ചവനാണ് (1, 11); അവൻ പിതാവിനു തുല്യനാണ്; പിതാവിനെപ്പോലെതന്നെ മാററമില്ലാത്തവനും വ്യതിയാനാതീതനുമാണ്, അവനൊന്നിനും കുറവില്ല; അവൻ പിതാവിൻെറ യഥാർത്ഥഛായയാണ്: അവനിൽനിന്നൊരുരീതിയിലും വ്യത്യസ്തനല്ല (1, 12); 'ഞാനും എൻെറ പിതാവും ഒന്നാകുന്നു' (യോഹ. 10, 30) എന്നു കർത്താവു് പറയുമ്പോൾ താൻ പിതാവാണെന്നല്ല കർത്താവു പറയുന്നതു്. രണ്ടു വ്യക്തികളുംകൂടി ഒരു വ്യക്തി മാത്രമാകുന്നു എന്നുമല്ല. പിന്നെയോ, പിതാവിൻെറ ഛായ ഏററം പൂർണമായി പുത്രനുണ്ടെന്നാണ്. എല്ലാവിധത്തിലും സ്വഭാവത്താൽതന്നെ ഈ ഛായ അവനിൽ പിതാവു് പതിപ്പിച്ചു (1, 9).

പിതാവു് ജനിച്ചവനല്ല, പുത്രൻ പിതാവിൽനിന്നു കാലാതീതനായി, ആരംഭമില്ലാതെ ജനിച്ചു. 'ജനനാതീതൻ' എന്ന യാഥാർത്ഥ്യം പിതാവിനേയുള്ളൂ. പുത്രൻ പിതാവിൽനിന്നു ജനിച്ചവനാണ് (1, 12). 'ഹോമോഉസിയോസ്' (സമസത്ത) എന്ന വാക്ക് അലക്സാണ്ഡർ ഉപയോഗിച്ചതായി കാണുന്നില്ല. എന്നാൽ 'പുത്രൻ പിതാവിൽനിന്നുതന്നെ ജനിച്ചവനാണ്' (1, 11) 'എക്സ് ഔതു ഓൻതോസ് പത്രോസ്' എന്നതു് 'എക്സ് തേസ്

www.malankaralibrary.com



ഉസിയാസ്' (സത്തയിൽനിന്ന്) എന്നതുതന്നെയാണ്. പരിപൂർണ്ണ ഛായയും പിതാവിൻെറ പ്രകാശവും ആയവനും, 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' എന്ന് പറഞ്ഞവനും എങ്ങനെയാണ് പിതാവിൻെറ സത്തയിൽനിന്ന് വ്യത്യസ്തനാകുന്നത്' എന്ന് അദ്ദേഹം ചോദിക്കുന്നു. പുത്രൻ പിതാവിൻെറ വചനവും വിജ്ഞാനവും ചിന്തയുമാണെങ്കിൽ എങ്ങനെ 'അവനില്ലാത്ത ഒരു സമയ'മുണ്ടാകും? 'ദൈവം ബുദ്ധിയും വിജ്ഞാനവും ഇല്ലാത്തവനായിരുന്ന സമയം ഉണ്ടായിരുന്നു' (അലോഗോസ് കായ് അസോഫോസ്) എന്ന് പറയുന്നതിന് തുല്യമാണിത് (2, 4).

വചനം ദൈവസുതനാണ്. ദത്തെടുക്കൽ (ഥേസെയി) വഴിയല്ല, സ്വഭാവത്താലെ (ഫ്യൂസെയി) യാണ്. രക്ഷകൻെറ പുത്രത്വത്തിന് തുല്യമായൊരു പുത്രത്വവുമില്ല. അത് അതുല്യമാണ് (1, 8).

ഇക്കാരണത്താൽ മറിയം യഥാർത്ഥത്തിൽ ദൈവമാതാവാണ്. അലക്സാണ്ഡർ അവളെ ദൈവമാതാവ് (തെയൊതോക്കോസ്) എന്ന് വിളിക്കുന്നു (1, 11).

## അനുബന്ധം

### നിഖ്യായിൽ സംബന്ധിച്ച പിതാക്കന്മാർ അലക്സാണ്ഡ്റിയൻ സഭയ്ക്കു് അയച്ച സിനഡൽ ലേഖനം

ദൈവകൃപയാൽ വിശുദ്ധവും മഹനീയവുമായ അലക്സാണ്ഡ്രിയൻ സഭയ്ക്ക്: ഈജിപ്ത്, പെൻറാപ്പൊളീസ്, ലിബിയാ എന്നിവിടങ്ങളിലും ആകാശത്തിൻകീഴിൽ ഉള്ള എല്ലാ രാജ്യങ്ങളിലുംപെട്ട ഞങ്ങളുടെ ഏററം പ്രിയപ്പെട്ട സഹോദരന്മാരും സത്യവിശ്വാസികളുമായ വൈദികർക്കും ജനങ്ങൾക്കും:

നിഖ്യായിൽ സമ്മേളിച്ച മെത്രാന്മാരുടെ ഈ പരിശുദ്ധവും ശ്രേഷ്ഠവുമായ സിനഡ് കർത്താവിൽ ആയുരാരോഗ്യങ്ങൾ ആശംസിക്കുന്നു.

ക്രിസ്തുവിൻെറ കൃപയാൽ അതിശ്രേഷ്ഠനായ കോൺസ്റ്റൻറൈൻ ചക്രവർത്തി വിവിധ പ്രോവിൻസുകളിൽനിന്നും നഗരങ്ങളിൽനിന്നും ഞങ്ങളെ ക്ഷണിച്ച് പരിശുദ്ധവും മഹനീയവുമായ ഈ സിനഡ് നിഖ്യായിൽ വിളിച്ചുകൂട്ടി. സഭയുടെ വിശ്വാസം സംബന്ധിച്ച സംഗതികൾ ഞങ്ങൾ ചർച്ചചെയ്തു. ചില സംഗതികൾ നിങ്ങളെ എഴുതി അറിയിക്കുന്നത് അത്യാവശ്യമാണെന്നു ഞങ്ങൾക്കു തോന്നി. ചർച്ചചെയ്ത വിശകലനവി

www.malankaralibrary.com



ധേയമാക്കിയവയും, തീരുമാനിച്ചുറപ്പിച്ചവയും ഏവയാണെന്ന് അറിയുവാൻ നിങ്ങൾക്ക് ഇതുവഴി സൗകര്യം ലഭിക്കും.

ആദ്യമായി ആരിയൂസിന്റേയും അയാളുടെകൂടെ നില്ക്കുന്നവരുടേയും അഭക്തി, വഴിപിഴപ്പുകൾ എന്നിവ സംബന്ധിച്ച് അതിശ്രേഷ്ഠനായ കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ മുൻപിൽ വച്ച് അന്വേഷണം നടന്നു; ആരിയൂസിനെയും അയാളുടെ ഭക്തിരഹിതമായ അഭിപ്രായത്തെയും, ദൈവദൂഷണംനിറഞ്ഞ വാക്കുകളെയും ചിന്തകളെയും ശപിച്ചുതള്ളണമെന്നു ഐകകണ്ഠ്യേന തീരുമാനിക്കപ്പെട്ടു; 'ഇല്ലായ്മയിൽനിന്നാണ് ദൈവപുത്രൻ; അവൻ ജനിപ്പിക്കപ്പെടുന്നതിനു മുമ്പ് അവനില്ലായിരുന്നു; ദൈവപുത്രൻ സ്വാതന്ത്ര്യേച്ഛയാൽ സുകൃതത്തിനും തിന്മയ്ക്കും കഴിവുള്ളവനാണ്; അവൻ ഒരു സൃഷ്ടിയാണ്'' എന്നിങ്ങനെ ദൈവപുത്രനെപ്പററി അവൻ ദൈവദൂഷണം നടത്തി. അവന്റെ ഭക്തിരഹിതമായ പ്രബോധനവും, ഭ്രാന്തും, ദൈവദൂഷണംനിറഞ്ഞ വാക്കുകളും കേട്ട് അസഹ്യമായപ്പോൾ വിശുദ്ധ സിനഡ് ഇവയെല്ലാം ശപിച്ചു. അവനെതിരെയുള്ള ആരോപണങ്ങളും അതിന്റെ മറുപടിയും നിങ്ങൾ ഇതിനോടകം കേട്ടുകാണുമല്ലോ; വിശദവിവരങ്ങൾ പിന്നാലെ നിങ്ങൾക്കു കേൾക്കാൻ സാധിക്കും. അവനു തന്റെ പാപത്തിനുതക്ക ശിക്ഷ കിട്ടി. ഞങ്ങൾ അവനെ കൂടുതൽ പീഡിപ്പിക്കുന്നു എന്ന തോന്നൽ കൊടുക്കാതിരിക്കുവാൻ കൂടുതലൊന്നും പറയുന്നില്ല. മർമറിക്കായിലെ തെയോനാസ് തൊളേമായിസിലെ സെക്കൻഡസ് എന്നിവരെ നശിപ്പിക്കത്തക്കവിധം അവന്റെ അഭക്തി ശക്തമായി; അവരും അവനെപ്പോലെയുള്ള വിധി സമ്പാദിച്ചു.

ദൈവകൃപയാൽ ഈ പാഷണ്ഡതയിൽനിന്നും ദൈവദൂഷണത്തിൽനിന്നും സമാധാനത്തിൽ വർത്തിച്ച ജനങ്ങളുടെ ഇടയിൽ കലഹവും പിളർപ്പും ഉണ്ടാക്കാൻ മുതിർന്ന ആളുകളിൽനിന്നും, ഈജിപ്ററ് വിമോചിതയായി. പിന്നെ അവശേഷിച്ചതു് മെലീഷ്യസിന്റെ അഹങ്കാരവും അവൻ പട്ടംകൊടുത്തവരുടെ കാര്യവുമായിരുന്നു. പ്രിയ സഹോദരരേ, തൽസംബന്ധമായി സിനഡിന്റെ ഡിക്രികൾ നിങ്ങളെ ഞങ്ങൾ അറിയിക്കാൻ പോകയാണ്. മെലീഷ്യസിനോടു ശാന്തമായി പെരുമാറാൻ സിനഡ് തീരുമാനിച്ചു. അയാൾ തന്റെ പട്ടണത്തിൽ വസിക്കണമെന്നും, മറെറാരിടത്തും പട്ടം കൊടുക്കാനോ, ഭരിക്കാനോ, നിയമനം നടത്താനോ പാടില്ലെന്നും കല്പിച്ചു. ഈ കാര്യങ്ങൾക്കായി പട്ടണത്തിലോ നാട്ടിൻപുറത്തോ കാണപ്പെടാൻ പാടില്ല; ഈ സ്ഥാനത്തിന്റെ സംജ്ഞ മാത്രം ഉണ്ടായിരിക്കും. അയാൾ പട്ടം കൊടുത്തവർക്ക് വീണ്ടും കുറേക്കൂടി പാവനമായ ഒരു കൈ-

www.malankaralibrary.com



വെപ്പ് നൽകി താഴെപ്പറയുന്ന നിബന്ധനകൾക്ക വിധേയമായി സഭാസംസർഗത്തിൽ ഉൾപ്പെടുത്താം: അവർക്ക് അവരുടെ സ്ഥാനത്തിൽ തുടരാം. കർമ്മങ്ങൾ നടത്താനുള്ള അവകാശവും ഉണ്ടായിരിക്കാം. എന്നാൽ ഏതെങ്കിലും പള്ളിയിലോ, ഇടവകയിലോ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള മററാളുകൾ ഉണ്ടെങ്കിൽ അവരുടെയും നമ്മുടെ ബഹുമാന്യ സഹോദരനായ അലക്സാണ്ഡറിനാൽ നിയമിക്കപ്പെട്ടവരുടെയും കൂട്ടത്തിൽ അവസാന സ്ഥാനമേ ഇവർക്കുണ്ടായിരിക്കൂ.

നമ്മുടെ സഹപ്രവർത്തകനായ അലക്സാണ്ഡറിൻെറ കീഴിൽ സേവനം അനുഷ്ഠിക്കുന്നവരും കാതോലികവും അപ്പസ്തോലികവും ആയ സഭയിലെ മെത്രാന്മാരും ആയവരുടെ സമ്മതം കൂടാതെ തങ്ങൾക്ക് ഇഷ്ടമുള്ളവരെ നിയമിക്കുന്നതിനോ, നാമനിർദ്ദേശം ചെയ്യുന്നതിനോ, മററെന്തെങ്കിലും ചെയ്യുന്നതിനോ ഈ ആളുകൾക്ക് ഒരധികാരവും ഇല്ല. നിയമനങ്ങൾ നടത്താനും, വൈദികരുടെ ഇടയിൽനിന്നു യോഗ്യരായവരെ നാമനിർദ്ദേശം നടത്താനും, എന്നുവേണ്ട, സഭയുടെ നിയമവും ചട്ടങ്ങളുമനുസരിച്ച് എല്ലാം പ്രവർത്തിക്കുന്നതിനു് അർഹതയുള്ളവർ, ദൈവകൃപയാലും നിങ്ങളുടെ പ്രാർത്ഥനയാലും ഒരു ശീശ്മയിലും ഉൾപ്പെടാത്തവരും, കാതോലികവും ശ്ലൈഹികവുമായ സഭയിലെ കളങ്കരഹിതരായ മെത്രാന്മാരുമായ ആളുകളാണ്. എന്നാൽ ഇപ്പോൾ സഭയിലുള്ള വൈദികഗണത്തിലാരെങ്കിലും മരിച്ചാൽ, പുതുതായി സഭയിൽ സ്വീകരിക്കപ്പെട്ട ആളെ പിൻഗാമിയായി നിയമിക്കാം; എന്നാൽ അവർ യോഗ്യരായിരിക്കണം; ജനങ്ങൾ തെരഞ്ഞെടുക്കണം, അലക്സാണ്ഡ്രിയായിലെ മെത്രാൻ അതു് അംഗീകരിച്ചുറപ്പിക്കണം. ഇതു് എപ്പോഴും പാലിക്കപ്പെടണം. ഈ സൗജന്യം എല്ലാവർക്കും അനുവദിച്ചിരിക്കുന്നു; എന്നാൽ തൻെറ ക്രമരഹിതമായ നടപടിമൂലവും സ്വഭാവത്തിൽ കാണുന്ന എടുത്തുചാട്ടവും സാഹസികതയും നിമിത്തവും, ഈ ഡിക്രി മെലീഷ്യസിനു് ബാധകമല്ല. ആദ്യം കാണിച്ച ക്രമരാഹിത്യം ആവർത്തിക്കപ്പെടാൻ ഇടയുള്ളതിനാൽ ഒരധികാരവും അവകാശവും അയാൾക്ക് അനുവദിക്കുന്നില്ല.

ഈജിപ്തിനും അലക്സാണ്ഡ്രിയയിലെ അതിവിശുദ്ധ സഭയ്ക്കും താത്പര്യമുള്ള വിശദാംശങ്ങൾ ഇവയൊക്കെയാണ്; എന്നാൽ അതിശ്രേഷ്ഠനും ഞങ്ങളുടെ സഹപ്രവർത്തകനും സഹോദരനുമായ അലക്സാണ്ഡറിൻെറ സാന്നിധ്യത്തിൽ കാനൻ ആയോ ഡിക്രിയായോ മററു് എന്തെങ്കിലും ഞങ്ങൾ ഉണ്ടാക്കിയാൽ വിശദമായി അദ്ദേഹം അതു് നിങ്ങൾക്ക വിവരിച്ചുതരും; നടന്ന സംഗതികളിലൊക്കെ അദ്ദേഹം ഒരു മാർഗദർശിയും സഹ

www.malankaralibrary.com



പ്രവർത്തകനുമായിരുന്നു. വിശുദ്ധ ഉയിർപ്പിനെ സംബന്ധിച്ച് ധാരണയിലെത്തി എന്ന സദ്വാർത്തയും നിങ്ങളെ ഞങ്ങൾ അറിയിക്കുന്നു: നിങ്ങളുടെ പ്രാർത്ഥനമൂലം ഈ സംഗതിയെക്കുറിച്ചും ശരിയായ തീരുമാനമുണ്ടായി. മുമ്പ് യൂദക്രമമനുസരിച്ച് ഉയിർപ്പു കൊണ്ടാടിയിരുന്ന കിഴക്കുള്ള സഹോദരന്മാർ ഇനിമേൽ റോമാക്കാരുടെയും, നിങ്ങളുടെയും, ആരംഭം മുതൽ ഉയിർപ്പ് കൊണ്ടാടിയിരുന്നവരുടെയും രീതി അനുസരിച്ച് ഈ അതിശ്രേഷ്ഠമായ ഉയിർപ്പ് ആചരിക്കണം.

ഈ സദ്ഫലങ്ങളിലും നമ്മുടെ പൊതുവായ സമാധാനത്തിലും ഐകമത്യത്തിലും സന്തോഷിച്ചുകൊണ്ടും, എല്ലാ പാഷണ്ഡതകളും വെട്ടിമാററിക്കൊണ്ടും നിങ്ങളുടെ മെത്രാനും ഞങ്ങളുടെ സഹപ്രവർത്തകനുമായ അലക്സാണ്ഡറെ, കൂടുതൽ ബഹുമാനത്തോടും വർദ്ധമാനമായ സ്നേഹത്തോടുംകൂടെ സ്വീകരിക്കുവിൻ. അദ്ദേഹം തന്റെ സാന്നിദ്ധ്യംകൊണ്ട് ഞങ്ങളെ സന്തുഷ്ടരാക്കി. നിങ്ങളുടെയിടയിലും നമ്മുടെ എല്ലാവരുടെയും മദ്ധ്യത്തിലും സമാധാനം ഉണ്ടാകുവാനായി തന്റെ വാർദ്ധക്യത്തെ വകവയ്ക്കാതെ വളരെയധികം ക്ഷീണത്തിനും യാത്രയ്ക്കും വിധേയനായി. ഞങ്ങൾ തീരുമാനിച്ചവ നടപ്പായി കാണാൻ ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുവിൻ. സർവ്വശക്തനായ ദൈവത്തിന്റെയും തന്റെ ഏകജാതനും നമ്മുടെ കർത്താവുമായ ഈശോമ്ശീഹായുടെയും പരിശുദ്ധാത്മാവിന്റെയും മഹത്വത്തിനായിട്ടാണ് ഞങ്ങൾ ഇപ്രകാരം പ്രവർത്തിച്ചതെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അവന് എന്നും മഹത്വമുണ്ടായിരിക്കട്ടെ. ആമെൻ. (സൊക്രാട്ടെസ്, **സഭാ.** 1. 9. 1–14; തിയഡൊറെററ്, **സഭാ.** 1. 9. 2–13; J. Stevenson, P. 368—370)

www.malankaralibrary.com

അദ്ധ്യായം 4

# വി. അത്തനാസ്യോസ്

(295—373)

അലക്സാണ്ഡറുടെ പിൻഗാമിയായി ക്രി. വ. 328-ൽ അത്തനാസ്യോസ് അലക്സാണ്ഡ്രിയായിലെ മെത്രാനായി. അലക്സാണ്ഡ്രിയൻ മെത്രാന്മാരിൽ ഏററം വലിയ ദൈവശാസ്ത്രജ്ഞനും സഭാപിതാവുമാണ് അത്തനാസ്യോസ്. നിഖ്യാവിശ്വാസം ഉറക്കെ പ്രഖ്യാപിക്കുന്നതിനും പഠിപ്പിക്കുന്നതിനും അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു. എതിർപ്പുകളെ വകവയ്ക്കാതെ ധൈര്യപൂർവം സത്യവിശ്വാസത്തിൻെറ പടയാളിയായി നിലകൊണ്ടു. ഗ്രിഗറി നസ്യാൻസൻ പ്രസ്താവിക്കുന്നതുപോലെ, 'സഭയുടെ തൂണാണ' ദ്ദേഹം. ആരിയൂസിൻെറ പിൻഗാമികൾ അദ്ദേഹത്തെ അവരുടെ വലിയ ശത്രുവായി കരുതുകയും വളരെയധികം ഉപദ്രവിക്കുകയും ചെയ്തു. രാജകീയ ശക്തിയും അതിനായി അവർ ഉപയോഗിച്ചു. അഞ്ചു പ്രാവശ്യം അദ്ദേഹം നാടുകടത്തപ്പെട്ടു. ഏതാണ്ട 17 വർഷം അദ്ദേഹം വിപ്രവാസത്തിൽ കഴിക്കേണ്ടിവന്നു. എന്നാലിതൊന്നും അദ്ദേഹത്തെ പിൻതിരിപ്പിച്ചില്ല; അവസാനംവരെ അദ്ദേഹം സത്യവിശ്വാസം പ്രഘോഷിച്ചു. ശരിയെന്നു കരുതി അബദ്ധത്തിൽ വഴുതിവീണവരോട്ട സഹതാപമാണദ്ദേഹം കാട്ടിയതു്. പൗരസ്ത്യമെത്രാന്മാരിൽ പലരും സമസത്ത (ഹോമോഉസിയോസ്) എന്ന പദപ്രയോഗം ഉപേക്ഷിച്ച് ആരിയൻ പദപ്രയോഗങ്ങൾ സ്വീകരിച്ചപ്പോഴും അവരെ തിരികെ കൊണ്ടുവരുന്നതിൽ അദ്ദേഹം വളരെയേറെ ശാന്തത കാട്ടി. ഗ്രീക്കുസഭ 'ഓർത്തഡോക്സിയുടെ പിതാവെ'ന്ന് അത്തനാസ്യോസിനെ വിളിക്കുന്നു. ലത്തീൻസഭ നാലു വലിയ പൗരസ്ത്യപിതാക്കന്മാരിൽ ഒരാളായി അദ്ദേഹത്തെ പരിഗണിക്കുന്നു.

അത്തനാസ്യോസിൻെറ ജീവിതത്തിലേക്കു വെളിച്ചം വീശുന്നവയാണ് അദ്ദേഹത്തിൻെറ കൃതികൾ. അതിനും പുറമെ, അദ്ദേഹത്തിൻെറ കത്തുകളുടെ സുറിയാനിയിലുള്ള ആമുഖം,

www.malankaralibrary.com



ലത്തീനിലുള്ള 'ജീവചരിത്രം', ഗ്രിഗറി നസ്യാൻസന്റെ ഒരു പ്രസംഗം, ചില കോപ്റ്റിക് രേഖാശകലങ്ങൾ എന്നിവയും ഇതിന് സഹായകമാണ്.

അലക്സാന്ത്രിയായിൽ 295ലാണ് അത്തനാസ്യോസ് ജനിച്ചത്. താത്വികവും ദൈവശാസ്ത്രപരവുമായ ശിക്ഷണം അവിടെത്തന്നെ ലഭിച്ചു. തേബായിസിലെ സന്യാസികളുമായി അത്തനാസ്യോസിന് ബന്ധമുണ്ടായിരുന്നു. 319–ൽ ഡീക്കനായിത്തീർന്ന അദ്ദേഹം മെത്രാനായ അലക്സാണ്ടറിന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു;325–ൽ നിഖ്യായിൽ അലക്സാണ്ടറോടൊപ്പം സംബന്ധിച്ചു; 328–ൽ അലക്സാണ്ടറുടെ പിൻഗാമിയായി.

അത്തനാസ്യോസിന്റെ ജോലി എളുപ്പമായിരുന്നില്ല. നിഖ്യായിൽ പുറംതള്ളപ്പെട്ടെങ്കിലും ആര്യനിസം അലക്സാണ്ഡ്രിയായിൽ ഒരു ശക്തിയായിരുന്നു. അതുപോലെ മെലീഷ്യൻ വിഭാഗക്കാർക്ക പുതിയ മെത്രാനെ ഒട്ടും ഇഷ്ടപ്പെട്ടില്ലത്രേ. അവർ ഓരോരോ ആരോപണങ്ങൾ അദ്ദേഹത്തിന്റെ പേരിലുന്നയിക്കാൻ തുടങ്ങി. ഇതിനിടെ ആരിയൂസിനെ തിരികെയെടുക്കാൻ കോൺസ്റ്റൻടൈൻ കല്പനയിട്ടു. എന്നാൽ അത്തനാസ്യോസ് അതു നിരസിച്ചു. 335–ൽ ടയറിൽ കൂടിയ ആരിയൻ സിനഡ് അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കി. ഉടനെ ചക്രവർത്തി അദ്ദേഹത്തെ ത്രേവസിലേക്ക നാടുകടത്തി. 337–ൽ കോൺസ്റ്റൻടൈൻ മരിച്ചപ്പോൾ തിരികെ രൂപതയിലെത്തി.

എന്നാൽ നിക്കൊമേദിയയിലെ എവുസേബിയസിന്റെ പ്രേരണയാൽ 339–ൽ ഒരന്ത്യോക്യൻ സിനഡ് അത്തനാസ്യോസിനെ വീണ്ടും സ്ഥാനഭ്രഷ്ടനാക്കി. പകരം മുടക്കപ്പെട്ട പിസ്–ത്തുസ് എന്ന വൈദികനെ മെത്രാനായി അവർ തിരഞ്ഞെടുത്തു. എന്നാൽ പിസ്തുസിന് തൽസ്ഥാനം സ്വീകരിക്കാൻ സാധിക്കാതെ വന്നപ്പോൾ കപ്പദോചിയാക്കാരൻ ഒരു ഗ്രിഗറിയെ അവർ മെത്രാനായി നിയമിച്ചു. അത്തനാസ്യോസ് റോമിലഭയം തേടി. 340–ൽ പോപ്പ് ജൂലിയസ് ഒന്നാമൻ ഒരു റോമൻ സിനഡിൽവച്ച് അത്തനാസ്യോസിന്റെ നിലപാട് അംഗീകരിച്ചു. അത്തനാസ്യോസ് മാത്രമാണ് അലക്സാണ്ഡ്രിയായിലെ യഥാർത്ഥ മെത്രാനെന്ന് 342/3 ലെ സാർദിക്കാ സിനഡ് പ്രഖ്യാപിച്ചു.

345 ൽ കപ്പദോച്യക്കാരൻ ഗ്രിഗറി മരിച്ചു. 346 ഒക്ടോബറിൽ അത്തനാസ്യോസ് അലക്സാന്ത്രിയയിലെത്തി. ഉടനെ വീണ്ടും കുഴപ്പങ്ങളായി. അത്തനാസ്യോസിനെ പിൻതുണച്ചി

www.malankaralibrary.com



രുന്ന കോൺസ്റ്റൻസ് ചക്രവർത്തി 350-ൽ മരിച്ചു. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി കിഴക്കിന്റെയും പടിഞ്ഞാറിന്റെയും ഭരണാധികാരിയായി. അദ്ദേഹം 353-ൽ ആറംസിലും 355-ൽ മിലാനിലും ഓരോ സിനഡു വിളിച്ചുകൂട്ടി. അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കി. പകരം കപ്പദോച്ചിയക്കാരൻ ഒരു ജോർജിനെ തൽസ്ഥാനത്ത് നിയമിച്ചു. മൂന്നാം പ്രാവശ്യം അത്തനാസ്യോസ് രൂപത വിടേണ്ടിവന്നു. ഇത്തവണ ഈജിപ്റ്റിലെ സന്യാസികളുടെ ഇടയിൽ അദ്ദേഹം അഭയം പ്രാപിച്ചു. ആറു വർഷം അവിടെക്കഴിഞ്ഞു. അതിനിടയിൽ കോൺസ്റ്റാൻസ്യൂസിനുള്ള അപ്പോളജി', 'തന്റെ ഒളിച്ചോട്ടത്തിനുള്ള അപ്പോളജി', 'സന്യാസികൾക്കുള്ള കത്ത്', 'ആരിയനിസത്തിന്റെ ചരിത്രം' എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം തയ്യാറാക്കി.

361-ൽ കോൺസ്റ്റാൻസ്യൂസ് മരിച്ചപ്പോൾ സംഗതികൾ മാറി. ആ വർഷം ഡിസംബർ 3ന് കപ്പദോച്ചിയക്കാരൻ ജോർജ്ജ് മെത്രാൻ വധിക്കപ്പെട്ടു. പുതിയ ചക്രവർത്തി ജൂലിയൻ നാടുകടത്തപ്പെട്ടവരെയെല്ലാം തിരികെ വിളിച്ചു. അങ്ങനെ 362 ഫെബ്രുവരി 22-ന് അത്തനാസ്യോസ് അലക്സാണ്ഡ്രിയയിലെത്തി.

പ്രസ്തുത വർഷംതന്നെ അത്തനാസ്യോസ് ഒരു സിനഡ് വിളിച്ചുകൂട്ടി; തെററുധാരണകൾ നീക്കുന്നതിനും അർദ്ധ-ആരിയൻ ചിന്താഗതിക്കാരെയും സത്യവിശ്വാസികളെയും യോജിപ്പിക്കുന്നതിനും ശ്രമിച്ചു. അതു ജൂലിയൻ ചക്രവർത്തിക്ക് ഇഷ്ടപ്പെട്ടില്ല. അത്തനാസ്യോസിനെ സമാധാന ധ്വംസകനെന്നും ദേവന്മാരുടെ ശത്രുവെന്നും മുദ്രകുത്തി ഉടനെ നാടുകടത്തി. 363-ൽ ജൂലിയൻ മരിച്ചപ്പോൾ അത്തനാസ്യോസ് തിരികെവന്നു. വാലൻസ് ചക്രവർത്തി പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ ഭരണാധികാരിയായപ്പോൾ (364) അത്തനാസ്യോസ് അഞ്ചാം പ്രാവശ്യവും നാടുകടത്തപ്പെട്ടു. നാലുമാസം പട്ടണത്തിനു പുറത്ത് ഒരു ഗ്രാമത്തിൽ അദ്ദേഹം താമസിച്ചു. ജനമിളകും എന്നു കണ്ടു നാലുമാസം കഴിഞ്ഞു വാലൻസ് അദ്ദേഹത്തെ തിരികെ വിളിച്ചു. 366 ഫെബ്രുവരി ഒന്നിന് തിരികെ എത്തിയ അദ്ദേഹം 373 മെയ് രണ്ടിനു മരിക്കുന്നതുവരെ സമാധാനപരമായി അലക്സാണ്ഡ്രിയയിൽ ഭരിച്ചു.

## കൃതികൾ

നിഖ്യാവിശ്വാസത്തോടു് ബന്ധപ്പെട്ടവയാണ് അത്തനാസ്യോസിന്റെ മിക്ക കൃതികളും. വേദപുസ്തകജ്ഞാനം, ഉത്തമബോധ്യം എന്നിവ അദ്ദേഹത്തിന്റെ കൃതികളിലുടനീളം സ്പഷ്ട

www.malankaralibrary.com



മായി കാണാം. ഫോസിയൂസ് പറയുന്നു: 'അദ്ദേഹത്തിന്റെ ശൈലി വളരെ വ്യക്തമാണ്; ഋജുവുമാണ്. എന്നാൽ അതേ സമയം ആഴമേറിയതും തീക്ഷ്ണവുമാണത്. അദ്ദേഹത്തിന്റെ വാദഗതികൾ തികച്ചും ശക്തിയുള്ളവയാണ്.' കൃതികളിൽ ചിലയിടങ്ങളിൽ ആവർത്തനവും, അടുക്കും ചിട്ടയുമില്ലായ്മയും ദൃശ്യമാണ്. ചില കൃതികളിൽ പുതിയ സാഹിത്യശൈലികൾ തന്നെയും അദ്ദേഹം ആവിഷ്ക്കരിച്ചിട്ടുണ്ട്. കൃതികളെ ആറായി തിരിക്കാം.

1. വിശ്വാസ സമർത്ഥന–താത്ത്വികകൃതികൾ
2. അയഥാർത്ഥ–താത്ത്വിക കൃതികൾ
3. ചരിത്രപരവും താർക്കികവുമായ കൃതികൾ
4. വ്യാഖ്യാന കൃതികൾ
5. ആധ്യാത്മിക കൃതികൾ
6. കത്തുകൾ

ഇവയിലോരോന്നിനെപ്പററി ചുരുക്കമായി ചർച്ചചെയ്യാം.

## 1. വിശ്വാസ സമർത്ഥന–താത്ത്വിക കൃതികൾ

(a) ജാതികൾക്കെതിരെ
(b) ആരിയർക്കെതിരെ
(c) അവതാരത്തെപ്പററിയും ആരിയർക്കെതിരെയും

(a) ജാതികൾക്കെതിരെ: 'ലോഗോസ് കത്ത ഹെല്ലേനോൻ' (ജാതികൾക്കെതിരെ) എന്നതും 'ലോഗോസ് പെരി തേസ് എനാൻത്രോപ്പേസെയോസ്' (വചനത്തിന്റെ അവതാരം സംബന്ധിച്ച പ്രസംഗം) എന്നതും ഒരു കൃതിയുടെ രണ്ടു ഭാഗങ്ങളാണ്. ജറോം 'ജാതികൾക്കെതിരെ രണ്ടു ഗ്രന്ഥം' എന്നു പറയുന്നത് ഇതേപ്പററിയാണ്.

ആദ്യഭാഗം (ജാതികൾക്കെതിരെ) പുറജാതികളുടെ പുരാണങ്ങൾ, ആരാധന, വിശ്വാസങ്ങൾ എന്നിവയുടെ ഒരു ഖണ്ഡനമാണ്. തിന്മയുടെ സ്വഭാവം, ഉദ്ഭവം, ചരിത്രം എന്നിവ വിവരിച്ചിട്ടുണ്ട്, വിഗ്രഹാരാധനയുടെ അധാർമികതയും ഭോഷത്തവും ചൂണ്ടിക്കാണിക്കുന്നു. സാധാരണക്കാരുടെ ബഹുദേവതാരാധനയും പ്രകൃത്യാരാധനയും താത്ത്വികരുടെ പ്രാപഞ്ചികാരാധനയും ഖണ്ഡിക്കുന്നു. പ്രകൃതിയും പ്രകൃതിനാഥനും തികച്ചും വ്യത്യസ്തങ്ങളാകയാൽ ഏകദൈവവിശ്വാസം മാത്രമാണു ബുദ്ധിശക്തിയുള്ള മനുഷ്യനു യോജിച്ചത്. ദൈവസാദൃശ്യത്തിലാണു മനുഷ്യൻ. അതുകൊണ്ടു ദൈവത്തെപ്പററിയുള്ള അറിവു

www.malankaralibrary.com



മനുഷ്യന് തികച്ചും സാധ്യമാണ് എന്നു പോകുന്നു അത്തനാസ്യോസിൻെറ വാദഗതി. രണ്ടാം നൂററാണ്ടിലെ വിശ്വാസ സംരക്ഷകരുടെ ശൈലിയിലാണ് അത്തനാസ്യോസ് ഇവിടെ ചർച്ച ചെയ്യുന്നത്.

തിരുവവതാരം വഴിയേ മനുഷ്യകുലത്തിൻെറ വീഴ്ചയ്ക്കുള്ള പ്രതിവിധി ഉണ്ടാകൂ എന്ന് അദ്ദേഹം രണ്ടാം ഭാഗത്തു സ്പഷ്ടമായി പ്രഖ്യാപിക്കുന്നു. കറപുരണ്ട മനുഷ്യകുലത്തെ ഉദ്ധരിക്കാൻ മറെറാന്നും പര്യാപ്തമല്ല. കർത്താവിൻെറ അവതാരം, മരണം, ഉത്ഥാനം എന്നിവയുടെ കാരണങ്ങൾ വ്യക്തമായി ഇതിൽ വിവരിക്കുന്നു. യൂദന്മാരിൽനിന്നും ജാതികളിൽനിന്നും ഉള്ള തടസ്സവാദങ്ങളെ ഖണ്ഡിച്ചുകൊണ്ടു പെസഹാ രഹസ്യത്തിൻെറ ആഴം ആവർത്തിച്ചുറപ്പിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്.

'തിരുവവതാരം സംബന്ധിച്ച്' എന്ന പേരിൽ മറെറാരു ചെറിയ കൃതി ഈയടുത്തകാലത്തു കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇതും സത്തയിൽ മററതുമായി വ്യത്യാസമില്ല. രണ്ടും അത്തനാസ്യോസിൻെറ തൂലികയിൽനിന്നാണ് എന്ന് പൊതുവേ കരുതപ്പെടുന്നു.

ഈ കൃതി 336—ൽ ത്രേവെസിലെ വിപ്രവാസത്തിൽ എഴുതപ്പെട്ടതാണ് എന്നു കരുതുന്നവരുണ്ട്. എന്നാലിതിൽ ആരിയനിസത്തെപ്പററിയോ, നിഖ്യായെപ്പററിയോ പരാമർശമില്ലാത്തതുകൊണ്ട് ആരിയനിസത്തിനു മുമ്പ് വിരചിതമാണ് എന്ന് ചിലർ തറപ്പിച്ചു പറയുന്നു.

(b) ആര്യക്കെതിരെ: ആര്യക്കെതിരെയുള്ള മൂന്നുപ്രതിപാദനങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. ഇതൊരു താത്വിക കൃതിയാണ്. 'താലിയാ'യിൽ ആരിയൂസ് വിവരിക്കുന്ന ആരിയൻചിന്ത ചുരുക്കി വിവരിക്കയാണ് ഒന്നാമത്തേത്. നിഖ്യാസൂനഹദോസിൻെറ വിശ്വാസത്തെ നീതീകരിച്ചുകൊണ്ട് അദ്ദേഹം ന്യായങ്ങൾ നിരത്തിവയ്ക്കുന്നു. നിത്യനും സൃഷ്ടിയല്ലാത്തവനും വ്യതിയാനരഹിതനും ആയ പുത്രനും തൻെറ പിതാവും തമ്മിലുള്ള ബന്ധം, ദൈവത്തിലുള്ള ഐക്യം, ദൈവികസത്തയിലുള്ള ഭാഗഭാഗിത്വം എന്നിവയും വിശദീകരിക്കുന്നു. രണ്ടും മൂന്നും ഗ്രന്ഥങ്ങൾ പുത്രൻെറ ജനനം (എബ്രാ. 3:2; നട. 2:36; സദൃ. 8:22), പിതാവും പുത്രനും തമ്മിലുള്ള ബന്ധം (മത്താ. 28,18; യോഹ. 3:35; മത്താ. 26,29; യോഹ. 12,27; മക്കാ. 13,32; ലൂക്കൊ. 2:52) എന്നിവ വേദപുസ്തകത്തെ ആധാരമാക്കി ചർച്ചാവിഷയമാക്കുന്നു. ഈ വേദഭാഗങ്ങളുടെ ആരിയൻ വ്യാഖ്യാനം തിരസ്ക്കരിച്ച്, യഥാർത്ഥത്തിലുള്ള അർത്ഥം വ്യക്തമാക്കുന്നു.

www.malankaralibrary.com



356-നും 362-നും ഇടയ്ക്ക് ഇതു് എഴുതപ്പെട്ടു എന്ന് ചിലർ കരുതുന്നു. അത്തനാസ്യോസിൻെറ മൂന്നാം നാടുകടത്തൽ കാലത്തു് ഈജിപ്തിലെ സന്യാസാശ്രമത്തിൽ വച്ചാണെന്നും അവർ വാദിക്കുന്നു. എന്നാൽ വേറെ ചിലരുടെ അഭിപ്രായത്തിൽ 338-ലോ 339-ലോ രണ്ടാം വിപ്രവാസത്തിനു തൊട്ടുമുമ്പാണു് ഇതു വിരചിതമായതു്.

പല കൈയെഴുത്തു പ്രതികളിലും നാലാമതൊന്നുകൂടി കാണാം. ബെനഡിക്ടൈൻ സന്യാസികൾ പ്രസിദ്ധീകരിച്ച പതിപ്പിൽ ഇതും കൊടുത്തിട്ടുണ്ടു്. കെട്ടിലും മട്ടിലും, ഉള്ളടക്കത്തിലും ശൈലിയിലും ഇതു മററു മൂന്നെണ്ണത്തിൽനിന്നു തികച്ചും വ്യത്യസ്തമാണു്. ഇതു് ആരിയർക്കെതിരായിട്ടല്ല എഴുതിയിരിക്കുന്നതു്. അവരെപ്പററി പരാമർശിക്കുന്നു എന്നതു നേരുതന്നെ. എന്നാൽ മർസെല്യർ എന്ന വിഭാഗക്കാർക്കു് എതിരായിട്ടു് ആരോ എഴുതിയ ഒരു പ്രതിപാദനമാണിതു്. രൂപത്തിലും ഭാവത്തിലും ഇതിനു് അത്തനാസ്യോസിൻെറ ശൈലിയല്ല.

(c) അവതാരത്തെപ്പററിയും ആര്യർക്കെതിരെയും: ഈ കൃതി അത്തനാസ്യോസിൻേറതാണോ എന്നു് സംശയിക്കുന്നവരുണ്ടു്. എന്നാൽ സുവ്യക്തമായ തെളിവുകളൊന്നും അവക്കില്ല. മാത്രമല്ല, ഇതു് അത്തനാസ്യോസിൻേറതുതന്നെ എന്നു തിയഡൊറെററ് സാക്ഷിക്കുന്നുമുണ്ടു്. അദ്ദേഹമിതിനെ 'ആര്യക്കെതിരായ പ്രഭാഷണ'മെന്നാണു വിളിക്കുന്നതു്. ജലാസിയൂസ് ആകട്ടെ 'രണ്ടു സ്വഭാവങ്ങളെപ്പററി' എന്ന ശീർഷകത്തിലാണു് ഇതു് അറിഞ്ഞിരുന്നതു്. പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും ദൈവത്വം വേദപുസ്തകത്തിൽനിന്നു് തെളിയിക്കുകയാണു് ഇതിൻെറ ഉദ്ദേശ്യം.

## 2. അയഥാർത്ഥ താത്ത്വിക കൃതികൾ

പ്രശസ്തനായ അത്തനാസ്യോസിൻെറ പേരിൽ നിരവധി കൃതികൾ പ്രചരിച്ചു.

(a) അപ്പൊള്ളിനാരിയൂസിനെതിരെ തിരുവവതാരത്തെപ്പററി: ക്രി. വ. 380-നോടടുത്തു് എഴുതപ്പെട്ടതാണു് ഈ കൃതി. ഭാഷയും ശൈലിയും അത്തനാസ്യോസിൻേറതല്ല. ഒരു കൃതിയായി കാണപ്പെടുന്നെങ്കിലും രണ്ടു സ്വതന്ത്രകൃതികൾ ഒന്നിച്ചു ചേർത്തു വച്ചിരിക്കുന്നതാണു്.

(b) വിശ്വാസസംബന്ധമായ വലിയ പ്രതിപാദനം (സെർമോ മായോർ ദെ ഫിദെ): അത്തനാസ്യോസിൻെറ ആദ്യകൃതിക

www.malankaralibrary.com



ളോട്ട് ഇതിനു സാമ്യം ഉണ്ട്. അത്തനാസ്യോസിൻേറതാണ് ഈ കൃതി എന്നു തിയോഡൊറേററ് സാക്ഷിക്കുന്നു. എന്നാൽ ഇതു് അത്തനാസ്യോസിൻേതല്ല എന്നാണ് ഇന്നു പണ്ഡിതമതം. ഒരുപക്ഷേ അദ്ദേഹത്തിൻെറ കൃതികളിൽനിന്ന് ആരോ സമാഹരിച്ചെഴുതിയതായിരിക്കാം. അന്ത്യോക്യായിലെ എവുസ്റ്റാത്യോസോ അൻസീറയിലെ മർസെല്ലസോ ആയിരിക്കാം ഇതിൻെറ കർത്താവ് എന്ന കരുതുന്നവരുമുണ്ട്. അർമേനിയൻ വിവർത്തനത്തിൽ മാത്രമേ ഈ കൃതി പൂർണമായി കൈവന്നിട്ടുള്ളു.

(c) വിശ്വാസവിശകലനം (എക്തെസിസ് പിസ്റ്റേയോസ്): ത്രിത്വോന്മുഖമായ ഒരു വിശ്വാസപ്രമാണവും അതിൻെറ വിശദീകരണവും ആണ് ഈ കൃതി. എവുസ്റ്റാത്യോസോ മർസെല്ലസോ ആണ് കർത്താവ്.

(d) വിശ്വാസപ്രമാണ വ്യാഖ്യാനം: അലക്സാന്ത്രിയയിലെ പീററോ, തിമോത്തിയോ എഴുതിയതാകാം എന്നു ചിലർ കരുതുമ്പോൾ ഈജിപ്റ്റ് തന്നെയാണോ ഉത്ഭവസ്ഥാനം എന്നു സംശയിക്കുന്നവരുമുണ്ട്.

(e) ചർച്ചകൾ: വിശുദ്ധ ത്രിത്വത്തെപ്പററി അഞ്ചു സംവാദം: മാസിഡോണിയർക്കെതിരെ രണ്ടു സംവാദം. അലക്സാന്ത്രിയയിലെ ദിദിമൂസിൻെറ ശൈലിയും ദൈവശാസ്ത്രവുമാണ് ഇതിൽ മുഴച്ചുനിൽക്കുന്നതു്. അനോമയൻ (Anomoean) മാസിഡോണിയൻ, അപ്പൊള്ളിനാരിയൻ അബദ്ധോപദേശകർക്കെതിരായിട്ടാണ് ചർച്ചകൾ.

(f) അത്തനേഷ്യൻ വിശ്വാസപ്രമാണം: (Symbolum Athanasianum–Symbolum Quicunque) ഏഴാം നൂററാണ്ടിനുമുമ്പ് ഇതു് അത്തനാസ്യോസിൻെറ പേരിനോടു ചേർത്തു് ആരും പറഞ്ഞുവന്നില്ല. എന്നാൽ പിൽക്കാലങ്ങളിൽ ഇതു് അത്തനാസിയോസിൻേറതായി പ്രചരിച്ചു. അത്തനാസ്യോസല്ല ഇതിൻെറ കർത്താവ് എന്ന ചിന്താഗതി 17–ാം നൂററാണ്ടു മുതൽ പ്രബലപ്പെട്ടുവരുന്നു. 5–ാം നൂററാണ്ടിൽ പാശ്ചാത്യലോകത്തു് ഉടലെടുത്ത ഈ വിശ്വാസപ്രമാണത്തിൻെറ കർത്താക്കളായി പലരുടേയും പേരുകൾ നിർദേശിക്കപ്പെടുകയുണ്ടായി. മൂലകൃതി ലത്തീനാണ്. ഗ്രീക്കിലുള്ളതു് വിവർത്തനവും.

പൗരസ്ത്യ സഭകൾ ഇതുപയോഗിക്കുന്നില്ല. എന്നാൽ പാശ്ചാത്യസഭ ഇതു വളരെ പൂജ്യമായി കരുതുന്നു. ആംഗ്ലിക്കൻ സഭയും മററു പ്രൊട്ടസ്റ്റൻറു് സഭകളും ഇതിന് വലിയ സ്ഥാനം നൽകുന്നുണ്ട്. ഗാള്ളിക്കൻ സഭയിൽ അഞ്ചാം നൂററാണ്ടിലായിരിക്കാം ഇതു് രൂപീകൃതമായതു്.

www.malankaralibrary.com



(g) സെവുഡോ—അത്തനാസ്യൻ ത്രിത്വകൃതികൾ (12) ആഫ്രിക്കൻ മെത്രാൻ വിജിലിയൂസിൻെറ കൃതികളുടെ കൂടെ ഇതു പ്രസിദ്ധീകൃതമായിട്ടുണ്ട്. ഈ കൃതികൾ (12 എണ്ണം) അത്തനാസ്യോസിൻേറതോ, വിജിലിയൂസിൻേറതോ അല്ല. പാശ്ചാത്യലോകത്തെ അറിയപ്പെടാത്ത ചില കർത്താക്കളുടെ ചെറുകൃതികളുടെ ഒരു സമാഹാരമാണിത്. 381—നു മുമ്പ് എഴുതപ്പെട്ടു എന്ന് എം. സിമൊണെററി കരുതുന്നു. ഈ കൃതികൾ അമ്പ്രോസ്സും അഗസ്റ്റിനും ഉപയോഗിച്ചിട്ടുണ്ട്.

## 3. ചരിത്രപരവും—താർക്കികവുമായ കൃതികൾ

(a) ആര്യർക്കെതിരെയുള്ള അപ്പോളജി
(b) കോൺസ്റ്റാൻസ്യൂസിനുള്ള അപ്പോളജി
(c) ഒളിച്ചോട്ടത്തെപ്പററിയുള്ള അപ്പോളജി
(d) ആരിയൻ ചരിത്രം

അപവാദങ്ങൾക്കെതിരായി പലപ്പോഴും ചരിത്രത്തിലേയ്ക്കും പാരമ്പര്യത്തിലേയ്ക്കും തിരിയുക അത്തനാസിയോസിനു പതിവായിരുന്നു. അപവാദികളെ മിണ്ടടക്കിയശേഷം, സത്യം തുറന്നുകാട്ടാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

(a) ആര്യർക്കെതിരെയുള്ള അപ്പോളജി: ക്രി. വ. 357—ൽ വിപ്രവാസത്തിൽനിന്നു തിരിച്ചെത്തിയപ്പോൾ എഴുതപ്പെട്ടതാണിതു്. ആര്യൻ പക്ഷക്കാർ വീണ്ടും അപവാദ ശരങ്ങൾ തൊടുത്തുവിടാൻ തുടങ്ങി. തദവസരം തൻെറ നിലപാടു വ്യക്തമാക്കാനായി എഴുതപ്പെട്ടതാണിതു്. പല സിനഡുകളുടെ തീരുമാനങ്ങൾ, പ്രധാനപ്പെട്ടയാളുകൾ അത്തനാസ്യോസിനെപ്പററി പറഞ്ഞിരിക്കുന്നവ എന്നിവ ഉൾപ്പെടെ നിരവധി രേഖകൾ കണ്ടുപിടിച്ച് ഈ കൃതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആരിയൻ തർക്കത്തിൻെറ ചരിത്രം പഠിക്കാനിതൊരു നല്ല സഹായകഗ്രന്ഥമാണ്. അത്തനാസ്യോസ് റോമിലേക്കു തിരിച്ചതിൻെറ തലേദിവസം മുതൽ അലക്സാണ്ഡ്രിയയിൽ തിരികെ എത്തുന്നതുവരെ (339—347) യുള്ള കാലത്തിനിടയ്ക്കുണ്ടായ പ്രധാന സംഭവങ്ങൾ (3—19 ഖണ്ഡികകൾ), 338—ൽ നടന്ന ഈജിപ്ഷ്യൻ സിനഡിൻെറ ലേഖനം, അത്തനാസ്യോസിൻെറ തെരഞ്ഞെടുപ്പ്, അദ്ദേഹത്തിനെതിരായ അപവാദങ്ങൾ തന്നെപ്പററി മററുള്ളവരുടെ സാക്ഷ്യങ്ങൾ (20—35) എന്നിവ ഇതിൽ ഉൾപ്പെടുന്നു. അന്ത്യോക്യായിലെ എവുസേബിയൻ വിഭാഗക്കാർക്കു് ഒരു റോമൻ സിനഡിൻെറ അപേക്ഷയനുസരിച്ച് 340—ൽ ജൂലിയസ് എഴുതിയ കത്തും ഇതിലുണ്ട്. അതു് അത്തനാസ്യോസിനെ ന്യായീകരിക്കുന്നു. നിഖ്യാസൂനഹ

www.malankaralibrary.com



ദോസിനെയും റോമാസിംഹാസനത്തെയും ധിക്കരിച്ചവരെ ശാസിക്കുന്നു. 36–50 അദ്ധ്യായങ്ങൾ സാർദിക്കാ സിനഡിന്റെ മൂന്നു ലേഖനങ്ങൾ ഉൾക്കൊള്ളുന്നു. പോപ്പ് ജൂലിയസിന്റെ തീരുമാനത്തെ പിൻതാങ്ങിക്കൊണ്ടും അലക്സാണ്ഡ്രിയൻ സഭയെ പ്രോത്സാഹിപ്പിച്ചുകൊണ്ടും എഴുതിയതാണ് ഒന്നു. മറ്റൊന്ന് ഈജിപ്തിലെയും, ലിബിയായിലെയും മെത്രാന്മാർക്കുള്ളതാണ്. മൂന്നാമത്തേത്, സിനഡിന്റെ ചാക്രിക ലേഖനമാണ്. അതിൽ അത്തനാസ്യോസ്, മർസെല്ലസ്, അസ്ക്ലേപ്പാസ് എന്നിവരെ അവരുടെ ശുദ്ധതകളിൽ ഉറപ്പിച്ചുകൊണ്ടും ആരിയൻ നേതാക്കന്മാരെ സ്ഥാനഭ്രഷ്ടരാക്കിക്കൊണ്ടും സിനഡ് തീരുമാനമെടുത്ത കാര്യം വിവരിക്കുന്നു. 51 മുതൽ 58 വരെ അദ്ധ്യായങ്ങളിൽ കോൺസ്റ്റാൻസ്യൂസ്, പോപ്പ് ജൂലിയസ്, പലസ്തീനായിലെ മെത്രാന്മാർ, വാലൻസ്, ഉർസാചിയസ് എന്നിവരുടെ കത്തുകൾ കാണാം.

രണ്ടാം ഭാഗത്ത് അത്തനാസ്യോസ് കുറെക്കൂടി പുരാതനമായ രേഖകൾ ഉദ്ധരിക്കുന്നു. ടയറിലെ സിനഡിനു (335) മുമ്പ് 331ലെ ഒരു രേഖ (59–63), ഈ സിനഡിന്റെ നടപടി (71–83), ഇതിനുശേഷമുള്ള രേഖകൾ (84–88) എന്നിവ കാണാം. ഇറ്റലി, ഗോൾ, സ്പെയിൻ എന്നീ നാടുകളിലെ മെത്രാന്മാർ അത്തനാസ്യോസിനെ തള്ളിപ്പറയാതെ അദ്ദേഹം സഹിച്ച ത്യാഗങ്ങൾ തുടർന്നു വിവരിക്കുന്നു. (89–90). പോപ്പ് ലിബേരിയൂസിനെയും, ഹോസിയൂസിനെയും അത്തനാസ്യോസ് പേരെടുത്തു പറഞ്ഞിട്ടുണ്ട്.

(b) കോൺസ്റ്റാൻസ്യൂസിനുള്ള അപ്പോളജി: കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി അത്തനാസ്യോസിനെതിരായി ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ അതിനെതിരെ അത്തനാസ്യോസ് തയ്യാറാക്കിയതാണിത്.

(c) ഒളിച്ചോട്ടത്തെപ്പറ്റിയുള്ള അപ്പോളജി: അത്തനാസ്യോസ് ഭീരുവായതിനാൽ ഒളിച്ചോടിയതാണെന്നു ചിലർ ആരോപണം ഉന്നയിച്ചു. അതിനെതിരായി എഴുതിയതാണിത്.

(d) ആരിയൻ ചരിത്രം: ക്രി. വ. 335 ലെ യറുശലേം സിനഡ് ആരിയൻ ചിന്താഗതിക്കാരെ സഭയിൽ സ്വീകരിക്കാൻ തീരുമാനിച്ചു. പ്രസ്തുത വർഷം മുതൽ 357 വരെയുള്ള ആരിയൻ ചരിത്രം ഈ കൃതിയിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശത്രുവെന്നും, പാഷണ്ഡതയുടെ രക്ഷാധികാരിയെന്നും അന്തിക്രിസ്തുവിന്റെ മുന്നോടിയെന്നുമൊക്കെ അത്തനാസ്യോസ് കോൺസ്റ്റാൻസ്യൂസിനെ വിളിക്കുന്നു. സന്യാസികൾക്കുള്ള

www.malankaralibrary.com



സമർപ്പണവും, ബിഷപ്പ് സെറാപ്പിയോനുള്ള ഒരു കത്തും ഇതിന്റെ ആരംഭത്തിലുണ്ട്.

## 4. ഭാഷ്യകൃതികൾ

ഭാഷ്യകൃതികളുടെ ചില ഭാഗങ്ങഠം 'കത്തേന' കളിൽ അവശേഷിക്കുന്നതേ നമുക്ക് കിട്ടിയിട്ടുള്ളു. അതുകൊണ്ട് അവയുടെ തീയതി നിർണയിക്കാൻ പ്രയാസമാണ്.

(a) സങ്കീർത്തന വ്യാഖ്യാനത്തെക്കുറിച്ച് മർസെല്ലീനുസിനുള്ള ലേഖനം: സങ്കീർത്തനങ്ങളുടെ ഉള്ളടക്കം, അവയുടെ ക്രിസ്തോന്മുഖ സ്വഭാവം, ഭക്തിപരമായ ഉപയോഗം എന്നിവയെപ്പറ്റി ഈ കൃതി ചർച്ച ചെയ്യുന്നു. സങ്കീർത്തനങ്ങളുടെ മാധുര്യം, സാർവത്രികത തുടങ്ങിയവ ഇതിൽ അത്തനാസ്യോസ് വ്യക്തമാക്കുന്നു. ഭക്തിപൂർവം ധ്യാനിക്കുന്നതിനു സഹായകമായിട്ടത്രേ ആരാധനക്രമത്തിൽ സങ്കീർത്തനങ്ങളുടെ ഉപയോഗം തുടങ്ങിയതു് എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

(b) സങ്കീർത്തനഭാഷ്യം: ഹെരാക്ലെയായിലെ നിസേററസിന്റെ (11—ാം നൂററാണ്ട്) 'കത്തേന'യിലൂടെയാണ് ഈ കൃതി ഭാഗികമായി കൈവന്നിരിക്കുന്നതു്.

(c) സഭാപ്രസംഗകൻ, ഉത്തമഗീതം എന്നിവയുടെ ഭാഷ്യം: ഇവയെപ്പററി ഫോസിയുസിന്റെ സാക്ഷ്യം മാത്രമേ നമുക്കുള്ളു.

(d) ഉത്പത്തിഭാഷ്യം: ഇതിന്റെയും ശകലങ്ങളേ ലഭിച്ചിട്ടുള്ളു.

## 5. ആധ്യാത്മിക കൃതികൾ

(a) വി. അന്തോണിയോസിന്റെ ജീവചരിത്രം: സഭയിലെ സന്ന്യാസ ജീവിതത്തിന്റെ പിതാവായ ഈജിപ്റ്റിലെ വി. അന്തോണിയോസിന്റെ ഒരു ജീവചരിത്രം 357—ൽ അത്തനാസ്യോസ് രചിച്ചു. സന്ന്യാസികഠം ആവശ്യപ്പെട്ടതിനാലാണ് ഈ കൃതി രചിക്കാൻ അത്തനാസ്യോസ് ഉദ്യമിച്ചതു്. ദൈവസേവനത്തിനു സ്വയം സമർപ്പിച്ചവർക്ക് ഒരു മാതൃകാജീവിതം കാട്ടിക്കൊടുക്കുകയാണിതുവഴി അത്തനാസ്യോസ് ചെയ്തതു്. അന്തോണിയോസിന്റെ ദർശനങ്ങളും അത്ഭുതങ്ങളുമല്ല, ജീവിത വിശുദ്ധിയത്രേ അനുകരിക്കേണ്ടതെന്ന് അത്തനാസ്യോസ് വായനക്കാരോടാവശ്യപ്പെടുന്നു. വി. അന്തോണിയോസിനെപ്പററി അത്തനാസ്യോസിനു നേരിട്ടറിവുണ്ടായിരുന്നു. ഈ ഗ്രന്ഥത്തിനു തന്റെ ജീവിതത്തിലുണ്ടായ സ്വാധീനത്തെപ്പററി വി. അഗ

www.malankaralibrary.com



സ്തീനോസ് തൻെറ ആത്മകഥയിൽ സൂചിപ്പിക്കുന്നു. വി. ജെറോമിനു് ഈ കൃതിയുടെ ഗ്രീക്കും ലത്തീനും പതിപ്പുകൾ പരിചയമുണ്ടായിരുന്നു. ഇതിൻെറ സുറിയാനി, കോപ്റ്റിക് വിവർത്തനങ്ങളും വളരെ നേരത്തെതന്നെ ഉണ്ടായിട്ടുണ്ട്. പൊർഫീരിയെഴുതിയ 'പ്ലൊത്തീനസിൻെറ ജീവചരിത്ര'വുമായി പല കാര്യത്തിലും ഇതിനു സാമ്യം കാണുന്നവരുണ്ട്.

(b) കന്യാത്വത്തെപ്പററി: ഒന്നിലേറെ പ്രാവശ്യം കന്യാത്വത്തെപ്പററി അത്തനാസ്യോസ് ചർച്ചചെയ്തിട്ടുണ്ട് എന്നു ജറോം സാക്ഷിക്കുന്നു.

'പെരി പാർത്തെനിയാസ്' എന്നൊരു കൃതി അത്തനാസ്യോസിൻേറതാണെന്നും അല്ലെന്നും പറയുന്നവരുണ്ട്. ക്രിസ്തുവിൻെറ മണവാട്ടി എങ്ങനെ വ്യാപരിക്കണമെന്നും എങ്ങനെ സ്വയം നിയന്ത്രിക്കണമെന്നും മററും ഇതിൽ വിവരിക്കുന്നു. കന്യകകൾക്കു വേണ്ടിയുള്ള മനോഹരമായ പ്രാർത്ഥനകളും ഇതിൽ കാണാം.

'കന്യകകൾക്കുള്ള ലേഖനം' എന്നൊരു കൃതിയെപ്പററി അന്ത്യോക്യായിലെ എഫ്രേം (+544) സാക്ഷിക്കുന്നു. അത്തനാസ്യോസാണു് ഇതിൻെറ കർത്താവെന്നു ചിലർ കരുതുന്നു. വി. അംബ്രോസ് ഈ ലേഖനം ഉപയോഗിച്ചിട്ടുണ്ട്.

'ലോഗോസ് പെരി പാർതെനിയാസ്' എന്ന മറെറാരു കൃതിയുണ്ട്. സുറിയാനിയിൽ ചില ഭാഗങ്ങളും, അർമേനിയനിൽ പൂർണമായും ഈ കൃതി കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. മൂലം ഗ്രീക്കാണെന്നു പൊതുവെ കരുതപ്പെടുന്നു. ഭവനങ്ങളിൽ കന്യകകളായി കഴിയുന്നവർക്കുള്ള ഉപദേശങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. പൊതുവിനോദങ്ങളും പൊതുകളികളും മററും ഉപേക്ഷിച്ചു സങ്കീർത്തനപാരായണത്തിലും പ്രാർത്ഥനയിലും ചെലവഴിക്കാൻ അത്തനാസ്യോസ് കന്യകകളെ ഉപദേശിക്കുന്നു. ക്രിസ്തുവിൻെറ മണവാട്ടികളായി അവരെയും അദ്ദേഹം കാണുന്നു. പഴയനിയമത്തിൽ നിന്നു കന്യാത്വത്തിൻെറ പല ഉദാഹരണങ്ങളദ്ദേഹം വരച്ചു കാണിക്കുന്നു. ആറോ ഏഴോ, നൂററാണ്ടിലെ ഒരു സുറിയാനി കയ്യെഴുത്തുപ്രതി, ഈ കൃതി അത്തനാസ്യോസിൻേറതെന്നു് സാക്ഷിക്കുന്നു.

മേൽപറഞ്ഞ കയ്യെഴുത്തു പ്രതിയിൽ തന്നെ കന്യകകൾക്കുള്ള മറെറാരു കൃതി ഉൾക്കൊള്ളുന്നുണ്ട്; 'യറുശലേമിലേയ്ക്കു പ്രാർത്ഥിക്കാൻ പോകയും തിരിച്ചു വരികയും ചെയ്ത കന്യകകൾക്ക് അലക്സാണ്ഡ്രിയായിലെ ആർച്ചുബിഷപ്പു മാർ അത്തനാസ്യോസ് അയച്ച കത്തു്' എന്ന തലക്കെട്ടു കാണാം.

www.malankaralibrary.com



ബേത്ലഹേം, യറുശലേം ആദിയായ വിശുദ്ധ സ്ഥലങ്ങളിൽ നിന്നു തിരിച്ചുവന്നെങ്കിലും വിശുദ്ധ ജീവിതം വഴി എന്നും ക്രിസ്തുവുമായി ഒന്നുചേർന്നു ജീവിക്കാൻ സാധിക്കും എന്ന് അവർക്കെഴുതുകയാണ് ഒന്നാം ഭാഗത്ത്. രണ്ടാം ഭാഗം കന്യാത്വത്തെപ്പറ്റിയാണ്. കന്യാത്വ ജീവിതത്തിന്റെ വിവിധ വശങ്ങളെപ്പറ്റി വിശദമായി ഈ ഭാഗത്തു ചർച്ചചെയ്യുന്നു. അവിവാഹിതരും അപ്പിതജീവിതക്കാരുമായ സ്ത്രീപുരുഷന്മാർ ഒരേ ഭവനത്തിൽ ഒന്നിച്ചു താമസിക്കുന്ന പതിവിനെ അത്തനാസ്യോസ് കർശനമായി വിലക്കുന്നു. പിശാചിനെതിരെ കരുതലുള്ളവരായിരിക്കാൻ അവരെ ഉപദേശിക്കുന്നു. സഭയിൽ മാന്യമായും, യോജ്യമായും പെരുമാറാൻ കന്യകകൾ ശ്രദ്ധിക്കണം, സംസാരത്തിൽ സ്നേഹം മുററിനിൽക്കണം എന്നു തുടങ്ങിയ ഉപദേശങ്ങളും അദ്ദേഹം നൽകുന്നു. അതോടു ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്ന ചില കൃതികൾകൂടി അത്തനാസ്യോസിന്റെ പേരിൽ പ്രചരിക്കുന്നുണ്ട്.

(c) മററ് ആദ്ധ്യാത്മിക കൃതികൾ: 'രോഗം, ആരോഗ്യം എന്നിവയെപ്പററി' എന്നൊരു കൃതി കോഡക്സ് വത്തിക്കാൻ 2000–ൽ (ക്രി. വ. 750–850 ലേതു്) ഉണ്ട്. അതുപോലെ ബ്രിട്ടീഷ് മ്യൂസിയത്തിലും മാൻചെസ്റ്ററിലെ ജോൺറൈലൻഡ് ലൈബ്രറിയിലും ഉള്ള ചില കയ്യെഴുത്തു പ്രതികളും അത്തനേഷ്യൻ ഉത്ഭവം അവകാശപ്പെടുന്നു. ഈ രേഖകൾ ക്രൈസ്തവജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിൽ മിതത്വം ആവശ്യപ്പെടുന്നു. ഇതിൽനിന്നു ഷെനൂതായുടെ ശിഷ്യനായ ബേശാ ഉദ്ധരിക്കുകയും അത്തനാസ്യോസിന്റേതാണെന്നു സാക്ഷിക്കുകയും ചെയ്യുന്നു.

(d) പ്രസംഗങ്ങൾ: കോപ്ററിക്, സുറിയാനി കയ്യെഴുത്തു പ്രതികളിൽ അത്തനാസ്യോസിന്റേതായി നിരവധി പ്രസംഗങ്ങൾ കണ്ടെത്തപ്പെട്ടിട്ടുണ്ട്. അവയിൽ പലതും അദ്ദേഹത്തിന്റേതല്ല എന്നു കരുതുന്നവരുണ്ട്.

## 6. കത്തുകൾ

(a) ഫെസ്റ്റൽ കത്തുകൾ
(b) സിനൊഡൽ കത്തുകൾ
(c) ചാക്രിക ലേഖനങ്ങൾ
(d) ദൈവശാസ്ത്രവും താർക്കികവുമായ കത്തുകൾ
(e) ആദ്ധ്യാത്മിക കത്തുകൾ
(f) സംശയാസ്പദമായ കത്തുകൾ

അത്തനാസ്യോസിന്റെ നിരവധി കത്തുകളിൽ വളരെ കുറച്ചേ നമുക്കു കിട്ടിയിട്ടുള്ളു. മിക്കതും ഔദ്യോഗിക കാര്യങ്ങൾ

www.malankaralibrary.com



ളാംക്കൊള്ളുന്നവയാണ്. ആരിയനിസത്തെപ്പററിയും നാലാം നൂററാണ്ടിലെ ദൈവശാസ്ത്ര വികസനത്തെപ്പററിയും അറിയുന്നതിനു് ഈ കത്തുകാം വളരെ സഹായകമാണ്.

## (a) ഫെസ്റ്റൽ കത്തുകൾ

ദനഹാ കഴിഞ്ഞു് വലിയ നോമ്പു തുടങ്ങുന്നതിനു മുമ്പ് ഉയിർപ്പു തിരുനാാം തീയതി അറിയിച്ചുകൊണ്ടു് ഈജിപ്തു മുഴവനുമുള്ള മെത്രാന്മാർക്കു് ഒരു ലേഖനമയയ്ക്കുക മൂന്നാം നൂററാണ്ടിൽ അലക്സാണ്ഡ്രിയൻ മെത്രാന്മാരുടെ പതിവായിരുന്നു. നോമ്പ് ആചരിക്കുന്ന വിധം, ദാനധർമ്മം, കൂദാശകളുടെ സ്വീകരണം തുടങ്ങിയവയ്ക്കു് പ്രേരിപ്പിക്കുക എന്നിവയ്ക്കു പുറമേ, അതാതവസരങ്ങളിൽ സഭയിലുണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങാം, സംഭവവികാസങ്ങാം എന്നിവയെ സംബന്ധിച്ച് ഈജിപ്തു മുഴവനെയും അറിയിക്കാനും ഈ കത്തുകാം ഉപകരിച്ചു. അലക്സാണ്ഡ്രിയായിലെ ദിവന്നാസ്യോസാണ് ആദ്യം ഈ വിധം കത്തയയ്ക്കാൻ തുടങ്ങിയത്. അത്തനാസ്യോസ് ആ പാരമ്പര്യം തുടർന്നു. വിപ്രവാസത്തിൽവച്ചും അത്തനാസ്യോസ് കത്തുകാം അയച്ചിരുന്നു. അദ്ദേഹത്തിന്റെ മരണത്തിനുശേഷം ഈ കത്തുകാം ഒന്നിച്ചുചേർത്തു പ്രസിദ്ധീകൃതമായി. ഗ്രീക്കിൽ പല ഭാഗങ്ങാം മാത്രമേ ലഭിച്ചിട്ടുള്ളു. സുറിയാനിയിൽ 329 മുതൽ 348 വരെയുള്ള വർഷങ്ങളിലെ കത്തുകളിൽ 13 എണ്ണം പൂർണമായിട്ടുണ്ടു്. കോപ്ററിക്കിൽ 17 എണ്ണം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്.

ക്രിസ്തുവർഷം 367_ൽ എഴുതപ്പെട്ട 39—ാം ലേഖനം വളരെയധികം ശ്രദ്ധയാകർഷിച്ചിട്ടുണ്ടു്. ബൈബിാം ഗ്രന്ഥങ്ങളുടെ പട്ടിക അതിൽ നൽകുന്നു. ചിലയാളുകാം അപ്പോക്രിഫൽ ഗ്രന്ഥങ്ങാം ചമയ്ക്കുകയും അവ ബൈബിളിൽ ചേർക്കാൻ പരിശ്രമിക്കയും ചെയ്യുപ്പോാം അതിൽനിന്നു് അവരെ പിൻതിരിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. പുതിയ നിയമത്തിലെ 27 ഗ്രന്ഥങ്ങാം, പലസ്തീനിയൻ ഹീബ്രു കാനനിലെ പഴയനിയമം എന്നിവ മാത്രമേ അത്തനാസ്യോസ് അംഗീകരിക്കുന്നുള്ളു. ഗ്രീക്കു കാനനിൽ ശേഷിക്കുന്നവ ആദ്ധ്യാത്മിക പാരായണത്തിനുപയോഗിക്കാം. എന്നാൽ ബൈബിളിൽ വേണ്ട എന്ന ചിന്താഗതിയായിരുന്നു അത്തനാസ്യോസിനു് ഉണ്ടായിരുന്നതു്.

## (b) സിനൊഡൽ കത്തുകൾ

(a) അന്ത്യോക്യൻ ജനങ്ങാംക്കുള്ള കത്തു്: ക്രി. വ. 362—ലെ അലക്സാണ്ഡ്രിയൻ സിനഡിന്റെ നാമത്തിലാണ് ഈ കത്തു്. ശാന്തിയും, ഐക്യവും കൈവരുത്താൻ ഏററം ഉചിതമായ വഴികാം തെരഞ്ഞെടുക്കണമെന്നു് അന്ത്യോക്യയിലെ ജനങ്ങളെ

www.malankaralibrary.com



അദ്ദേഹം അറിയിക്കയാണ്. നിഖ്യാ സൂനഹദോസ് സ്വീകരിക്കുന്നതിനു പുറമെ ആര്യൻ പാഷണ്ഡത പൂർണമായി ഉപേക്ഷിക്കുക എന്നതൊഴിച്ച്, മറ്റൊന്നും ഐക്യത്തിനു കാംക്ഷിക്കുന്നവരിൽനിന്നാവശ്യപ്പെടരുതെന്നു പ്രസ്തുത കത്തിൽ അദ്ദേഹം ഉപദേശിക്കുന്നു.

(b) വിശ്വാസം സംബന്ധിച്ച് ജോവിയൻ ചക്രവർത്തിക്കുള്ള കത്ത്: ക്രി. വ. 363-ലെ അലക്സാണ്ഡ്രിയൻ സിനഡിന്റെ നിർദ്ദേശമനുസരിച്ച് സത്യവിശ്വാസത്തിന്റെ ഒരു വിശദീകരണം എഴുതി ഉണ്ടാക്കപ്പെട്ടു. അതു ജോവിയനു് അയച്ചുകൊടുത്തു.

(c) ആഫ്രിക്കൻ മെത്രാന്മാർക്കുള്ള കത്ത്: ക്രി. വ. 369—ലെ അലക്സാണ്ഡ്രിയൻ സിനഡിൽ സന്നിഹിതരായ 90 ഈജിപ്ഷ്യൻ_ലിബിയൻ മെത്രാന്മാരുടെ നാമത്തിൽ ആഫ്രിക്കൻ മെത്രാന്മാർക്കുള്ള കത്താണിത്. ആരിയനിസത്തിന്റെ വളർച്ചയെ തടയാൻവേണ്ടിയാണിതു് എഴുതപ്പെട്ടതു്.

## (c) ചാക്രികലേഖനങ്ങൾ

(a) ലോകം മുഴുവനുമുള്ള മെത്രാന്മാർക്കുള്ള ലേഖനം: ഗ്രിഗറിയെന്ന ആരിയൻ മെത്രാൻ അലക്സാണ്ഡ്രിയൻ സഭയിൽ നിയമിക്കപ്പെട്ടപ്പോൾ അയാൾക്കെതിരെ തന്റെ പക്ഷത്തു നിൽക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അത്തനാസ്യോസ് 339—ൽ എല്ലാ കത്തോലിക്കാ മെത്രാന്മാർക്കും എഴുതിയതാണിതു്.

(b) ഈജിപ്തിലും ലിബിയായിലുമുള്ള മെത്രാന്മാർക്കുള്ള ലേഖനം: ക്രി. വ. 356 ഫെബ്രുവരി 9 നു് അത്തനാസ്യോസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. 357 ഫെബ്രുവരി 24_നാണു് ആരിയൻ മെത്രാൻ ജോർജ് ചാർജെടുത്തതു്. ഇതിനിടയിൽ എഴുതപ്പെട്ടതാണീ കത്ത്. ആരിയനിസത്തിനെതിരെ എല്ലാവരെയും ബോധവാന്മാരാക്കിക്കൊണ്ട്, നിഖ്യായെ മുറുകെ പിടിക്കാൻ അദ്ദേഹം അവരെ ഉപദേശിക്കുന്നു.

## (d) ദൈവശാസ്ത്രവും താർക്കികവുമായ കത്തുകൾ

(a) പരിശുദ്ധാത്മാവിനെ സംബന്ധിച്ച കത്തുകൾ

(b) എപ്പിക്റ്റെറ്റസിനുള്ള കത്ത് (ക്രിസ്തുവിനെ സംബന്ധിച്ച്)

(c) അദെൽഫിയുസിനുള്ള കത്ത്

(d) മാക്സിമുസ് എന്ന താത്ത്വികനുള്ള കത്ത്

(e) നിഖ്യായുടെ ഡിക്രികളെ സംബന്ധിച്ച കത്ത്

www.malankaralibrary.com



(f) റിമിനി, സെല്യൂഷ്യ എന്നിവിടങ്ങളിൽവച്ച 359–ൽ നടത്തപ്പെട്ട സിനഡുകളെ സംബന്ധിച്ച്

(g) റുഫിയാനസിനുള്ള കത്ത്

(h) സന്യാസികൾക്കുള്ള കത്ത്

ഈ കത്തുകളൊക്കെ ആരിയനിസത്തിനെതിരായിട്ടുള്ളവയാണ്.

(a) പരിശുദ്ധാത്മാവിനെ സംബന്ധിച്ച കത്തുകൾ (നാല്): ക്രി. വ. 359–നും 360–നും ഇടയ്ക്ക് എഴുതപ്പെട്ട നാലു കത്തുകൾ ത്മൂയിസിലെ സെറാപിയോനെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണ്. ആരിയനിസം ഉപേക്ഷിച്ച ചിലയാളുകൾ പരിശുദ്ധാത്മാവിനെപ്പററി തെററായ പ്രബോധനങ്ങൾ വച്ചുപുലർത്തി. അവരെക്കുറിച്ച സെറാപിയോൻ അത്തനാസ്യോസിനെഴുതി. അതിനു മറുപടിയായിട്ടാണ് ഈ നാലു കത്തുകൾ.

ഇവയ്ക്കു പുറമെ സെറാപിയോനു് അത്തനാസ്യോസെഴുതിയ മററു രണ്ടു കത്തുകളും കൈവന്നിട്ടുണ്ട്. ഒന്ന് 339–ൽ എഴുതപ്പെട്ടതാണ്. അതു 'ഫെസ്റ്റൽ' കത്തുകളുടെ കൂടെയാണ്. രണ്ടാമത്തേത് 356–നും 358–നും മദ്ധ്യേ വിരചിതവും ആരിയൂസിന്റെ മരണത്തെപ്പററി പ്രതിപാദിക്കുന്നതുമാണ്.

(b) എപ്പിക്ററററസിനുള്ള കത്ത്: (എപ്പിസ്തുളാ ആദ് എപ്പിക്തെത്തും എപ്പിസ്കോപ്പും കോറിന്തി): ചരിത്രപുരുഷനായ ക്രിസ്തുവും നിത്യനായ പുത്രനും തമ്മിലുള്ള ബന്ധം ഇതിൽ ചർച്ചാവിഷയമാക്കുന്നു. തന്റെ രൂപതയിൽ ഉടലെടുത്ത ചില പ്രശ്നങ്ങളെ സംബന്ധിച്ച് എപ്പിക്ററററസ് അത്തനാസ്യോസിനെഴുതി. ഡോസെററിക് വീക്ഷണഗതിയുള്ള ആരിയൻ–അപ്പൊള്ളിനാരിയൻ സംശയങ്ങളാണ് രൂപതയിൽ ഉയർന്നുവന്നതു്.

പിൽക്കാല ക്രിസ്തുശാസ്ത്ര തർക്കങ്ങളിൽ ഈ കത്ത് വളരെ പ്രാമാണ്യത്തിലെത്തി.

'1. വത്സലസഹോദരനും സഹശുശ്രൂഷകനും ശ്രേഷ്ഠമിത്രമായ എപ്പിക്ററററസിന്, അത്തനാസ്യോസ് കർത്താവിൽ ആശംസകൾ! നിഖ്യായിൽ കൂടിയ സിനഡു വഴി വിവിധങ്ങളായ നിരവധി പാഷണ്ഡികളുടെ നിരർത്ഥക ചർച്ചകൾ ഇല്ലാതാക്കി എന്ന് ഞാൻ കരുതി. വി. ഗ്രന്ഥമനുസരിച്ച് നിഖ്യായിൽ പിതാക്കന്മാർ പ്രഖ്യാപിച്ച വിശ്വാസം ഒരേ അവസരം എല്ലാ അഭക്തിയും നിർമ്മാർജ്ജനം ചെയ്യുന്നതിനും ക്രിസ്തുവിലുള്ള സത്യ

www.malankaralibrary.com



വിശ്വാസം ഉറപ്പിക്കുന്നതിനും പര്യാപ്തമത്രേ. ഇക്കാരണത്താൽ ഇക്കാലത്ത് ഗോൾ, സ്പെയിൻ, വലിയറോമാ എന്നിവിടങ്ങളിൽ വച്ച് നടത്തപ്പെട്ട വിവിധ സിനഡുകളിൽ പങ്കെടുത്തവർ ഒരേ അഭിപ്രായത്താൽ പ്രേരിതരായി, ഇപ്പോഴും രഹസ്യമായി ആരിയൂസുമായി യോജിക്കുന്ന മിലാനിലെ ഔക്സെൻസ്യൂസ്, ഉർസാചിയൂസ്, വാലെൻസ്, പന്നോണിയായിലെ ഗായൂസ് എന്നിവരെ മഹറോൻ ചൊല്ലി. ഇവർ തങ്ങളുടെ അഭിപ്രായ സ്ഥിരീകരണത്തിനു സിനഡുകളെ ഉദ്ധരിക്കുന്നു; എന്നാൽ നിഖ്യായിൽ കൂടിയ സിനഡല്ലാതെ കത്തോലിക്കാസഭയിൽ മറ്റൊരു സിനഡിൽനിന്നും ഉദ്ധരിക്കാൻ പാടില്ല. എല്ലാ പാഷണ്ഡതകളുടെയുംമേൽ, പ്രത്യേകിച്ച് ആരിയനിസത്തിന്മേലുള്ള വലിയ വിജയമായിരുന്നല്ലോ നിഖ്യാസൂനഹദോസ്. പ്രസ്തുത സിനഡ് കൂടാനുണ്ടായ പ്രധാന കാരണവും അതുതന്നെയായിരുന്നു എന്നു പിതാക്കന്മാർ എല്ലാവരെയും എഴുതി അറിയിച്ചു. ഇവയെല്ലാം ശേഷം എങ്ങനെയാണു സംശയങ്ങളുന്നയിക്കാനും ചോദ്യം ചോദിക്കാനും ചിലർ മുതിരുന്നത്? അവർ ആരിയരുടെ പക്ഷത്താണെങ്കിൽ, അവർക്കെതിരായി എഴുതപ്പെട്ടതിൽ അവർ കുററം കണ്ടുപിടിക്കും എന്നതിൽ അത്ഭുതപ്പെടാനില്ല. 'ജാതികളുടെ വിഗ്രഹങ്ങൾ മനുഷ്യരുണ്ടാക്കിയ വെള്ളിയും സ്വർണവുമാണ്' എന്നു കേൾക്കുന്ന ജാതികൾ, വിശുദ്ധ കുരിശിൻെറ പ്രബോധനം ഭോഷത്തമായി കണക്കാക്കുന്നതുപോലെയാണിത്. എന്നാൽ ചിലർ സംശയങ്ങളുന്നയിച്ച് സമസ്തവും പുനഃപരിശോധന ചെയ്യാൻ തുനിയുകയാണ്. തങ്ങൾ ശരിയായി വിശ്വസിക്കുന്നു എന്നും, പിതാക്കന്മാർ പ്രഖ്യാപിച്ചത് തങ്ങൾ മാനിക്കുന്നു എന്നും അവർ പ്രചരിപ്പിക്കുന്നു. 'തങ്ങളുടെ അയൽക്കാർക്ക് ഹീനമായ അപമാനം അവർ പകർന്നുകൊടുക്കുന്നു' എന്നു പ്രവാചകൻ പറഞ്ഞതുപോലെയാണ് അവരുടെ പ്രവൃത്തികൾ. സാധാരണക്കാരെ ചിന്താക്കുഴപ്പത്തിലാക്കാൻ വേണ്ടി, തീർത്തും പ്രയോജനരഹിതമായ വാക്കുകളെപ്രതി അവർ കലഹിക്കുന്നു.

2. താങ്കൾ സമർപ്പിച്ച മെമ്മോറാണ്ഡം വായിച്ചതിനു ശേഷമാണ് ഞാനിതെഴുതുന്നത്. അത് എഴുതപ്പെടാതിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചുപോകുന്നു. പിൻതലമുറയിൽ അതിൻെറ ഒരു രേഖപോലും ഉണ്ടാകുകയില്ലായിരുന്നു. കാരണം ഇത്തരം സംഗതികൾ ആരു് കേട്ടിട്ടുണ്ട്! ആരു് ഇവ പഠിപ്പിച്ചിട്ടുണ്ട്! ആരു് ഇവ ദർശിച്ചിട്ടുണ്ട്! 'ദൈവത്തിൻെറ നിയമം സീയോനിൽ നിന്നും കർത്താവിൻെറ വചനം യറുശലേമിൽ നിന്നു വരും' എന്നാൽ ഇതെവിടെ നിന്നു വന്നു? മറിയാമിൽനിന്നു പിറന്ന ശരീരം വചനത്തിൻെറ ദൈവത്വവുമായി സമസത്തയാണ് എന്ന് ഏതു് അധമഭാഗമാണു വിസർജ്ജിച്ചു വച്ചത്! അഥവാ

www.malankaralibrary.com



വചനം മാംസവും, അസ്ഥികളും, തലമുടിയും, ശരീരം മുഴുവനായും മാറി, തന്റെ സ്വന്തമായ സ്വഭാവത്തിൽനിന്നു മാറി എന്നോ? 'കർത്താവു് ഒരു ശരീരം ധരിച്ചു എന്നു തോന്നിച്ചതേയുള്ളു എന്നും സ്വാഭാവികമായി ഇല്ലായിരുന്നു' എന്നും ഏതെങ്കിലും പള്ളിയിൽ നിന്നോ ഏതെങ്കിലും ക്രിസ്ത്യാനിയിൽ നിന്നോ ആരാണു് കേട്ടിട്ടുള്ളതു്?

'പിതാവുമായി സമസത്തയുള്ള ഈ ദൈവത്വം സ്ഥലബന്ധിതമാണു് എന്നും പൂർണമാകുന്നതിനുപകരം അപൂർണമായി ത്തീർന്നു എന്നും മരത്തിൽ തൂങ്ങപ്പെട്ടുകിടന്നതു ശരീരമല്ല സ്രഷ്ടാവിന്റെ സത്തയും വിജ്ഞാനവുമാണു്'' എന്നും പറയത്തക്കവിധം ഭക്തിരാഹിത്യം നിറഞ്ഞവനാരാണു്? 'വചനം മറിയാമിന്റെ ശരീരമല്ല, സ്വയം രൂപാന്തരപ്പെട്ടു് സഹനാധീനമായ ശരീരം എടുക്കയാണു് ചെയ്തതു്'' എന്നു പറയുന്നവനെ എങ്ങനെ ക്രിസ്ത്യാനി എന്നു് വിളിക്കാനാവും? 'കർതൃശരീരം മറിയാമിൽനിന്നെടുത്തു എന്നു പറയുന്നതു്, ദൈവത്വത്തിൽ ത്രിത്വത്തിനു പകരം 'ടെട്രാഡ്'' ആണു് എന്നു പറയുന്നതിനു തുല്യമാണു്'' എന്നു ചിന്തിക്കുകയും പറയുകയും ചെയ്യുന്ന മ്ലേച്ഛമായ അഭക്തി മെനഞ്ഞെടുത്തു് ആരാണു്? 'മറിയത്തിൽ നിന്നു ധരിച്ച ശരീരം ത്രിത്വത്തിന്റെ സത്തയാണു്'' എന്നു് ഇങ്ങനെ വിശ്വസിക്കുന്നവർ പറയുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെയുള്ള ഭീകരമായ അഭക്തി ചിലർ പ്രചരിപ്പിക്കുന്നുണ്ടു്; അതായതു്, 'വചനത്തിന്റെ ദൈവത്വത്തേക്കാൾ പുതുതൊന്നുമല്ല ശരീരം, പിന്നെയോ വിജ്ഞാനത്തിന്റെ സത്തയുമായി അതു സമ്മിശ്രമാകയാൽ സദാ അതോടുകൂടി നിത്യമായിരുന്നു.' 'സത്തയിലും സ്വഭാവത്തിലും ദൈവപുത്രനായിരിക്കെ, ശരീരപ്രകാരം മറിയാമിൽനിന്നു ജനിച്ച കർത്താവു്, ജഡപ്രകാരം ദാവീദിന്റെ വംശത്തിൽനിന്നു വിശുദ്ധ മറിയാമിന്റെ ശരീരത്തിൽ നിന്നാണു് എന്ന സംഗതി ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്നവർക്കു് എങ്ങനെ സംശയിക്കാനാകും. ജഡത്തിൽ പീഡയനുഭവിക്കുകയും ക്രൂശിക്കപ്പെടുകയും ചെയ്ത ക്രിസ്തു, കർത്താവും, രക്ഷകനും, ദൈവവും പിതാവിന്റെ പുത്രനും അല്ലെന്നു പറയുവാൻ ആരാണു് ധൈര്യപ്പെടുക! 'വചനം പ്രവാചകരിലെന്നപോലെ ഒരു വിശുദ്ധ മനുഷ്യനിലിറങ്ങി, മറിയാമിൽനിന്നുള്ള ശരീരമെടുത്തു് യഥാർത്ഥത്തിൽ മനുഷ്യനായില്ല; ക്രിസ്തു ഒരു വ്യക്തിയും മറിയാമിനുമുമ്പും യുഗങ്ങൾക്കുമുമ്പും ഉണ്ടായിരുന്ന ദൈവപുത്രനും വചനവുമായ ദൈവം മറ്റൊരു വ്യക്തിയുമാണു്'' എന്നു പറയുന്നവർ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടാൻ എങ്ങനെയാണു് ആഗ്രഹിക്കുക? പുത്രൻ ഒരാളും ദൈവവചനം മറ്റൊരാളും ആണെന്നു പറയുന്നവർ എങ്ങനെ ക്രിസ്ത്യാനികളാകും?

www.malankaralibrary.com



3. മെമ്മോറാണ്ഡത്തിന്റെ ചുരുക്കം ഇതൊക്കെയാണ്. പ്രസ്താവനകൾ വിവിധങ്ങളാണെങ്കിലും അന്തസ്സത്തയിലും അർത്ഥത്തിലും ഒന്നുതന്നെ: അഭക്തിയിലേക്കു നയിക്കൽ!! നിഖ്യായിൽ വച്ച് പിതാക്കന്മാർ രൂപീകരിച്ച പ്രഖ്യാപനത്തിൽ വീമ്പടിക്കുന്നവർ തർക്കിക്കുകയും പരസ്പരം കലഹിക്കുകയും ചെയ്യുന്നത് ഈ കാര്യങ്ങൾക്കുവേണ്ടിയാണ്. നീയിതൊക്കെ അനുവദിച്ചതിലും, ഇത്തരം സംഗതികൾ പറഞ്ഞു നടക്കുന്നവരെ നീ തടഞ്ഞ് സത്യവിശ്വാസം പ്രഖ്യാപിക്കാഞ്ഞതിലും ഞാൻ അത്ഭുതപ്പെടുന്നു. നിന്റെ വാക്കുകേട്ട് അവർ നിശ്ശബ്ദരാകും; എതിർത്താൽ അവരെ പാഷണ്ഡികളായി പരിഗണിക്കണം. ഇത്തരം പ്രസ്താവനകൾ നടത്തുകയോ ശ്രവിക്കുകയോ ചെയ്യുക ക്രിസ്ത്യാനികൾക്ക് ഉചിതമല്ല; മറിച്ച് അവ സർവപ്രകാരേണയും അപ്പസ്തോലിക പ്രബോധനത്തിൽനിന്ന് വിദൂരസ്ഥമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ അവർ പറഞ്ഞവയുടെ ഭക്തിരാഹിത്യവും അതിന്റെ തിന്മയും ശ്രോതാക്കൾ ഗ്രഹിക്കുവാനാണ് എന്റെ കത്തിൽ വ്യസനസമേതം എഴുതിച്ചേർത്തത്. ഇത്തരക്കാരുടെ തെറ്റുകൾ പൂർണമായി തുറന്നുകാട്ടി അവരുടെ ആശയം തള്ളിപ്പറയുന്നത് യുക്തമാണ്; എങ്കിലും എന്റെ കത്ത് ഇവിടെ അവസാനിപ്പിക്കുകയും തുടർന്ന് ഒന്നും എഴുതാതിരിക്കുകയും ചെയ്യുന്നതാണു നല്ലത് എന്നും തോന്നുന്നു. തിന്മയെന്നു സ്പഷ്ടമായി തെളിയിക്കപ്പെട്ട സംഗതികൾ കൂടുതൽ വിശദീകരിച്ച് സമയം കളയേണ്ട കാര്യമില്ല. 'ഇവ സംശയരഹിതമല്ല' എന്നു നിരർത്ഥകതർക്കങ്ങളിലേർപ്പെടുന്ന മനുഷ്യർ ചിന്തിക്കാതിരിക്കാനാണിത്. അതുകൊണ്ട് താഴെ വരുംവിധം ഇതിനുത്തരം പറഞ്ഞാൽ മതിയാകും; ഇത് കത്തോലിക്കാസഭയുടെ പ്രബോധനമല്ല എന്ന വസ്തുതകൊണ്ട് നാം തൃപ്തരാണ്; പിതാക്കന്മാർ ഇതു പഠിപ്പിച്ചിട്ടില്ല. എന്നാൽ ദുഷ്ടസംഗതികളുടെ കണ്ടുപിടുത്തക്കാർ നമ്മുടെ നിശ്ശബ്ദത, അവരുടെ കുസലില്ലായ്മയ്ക്കൊരു മറയായി കരുതാതിരിപ്പാൻ, വിശുദ്ധഗ്രന്ഥത്തിൽ നിന്നു ചില സംഗതികൾ പരാമർശിക്കുന്നത് ശ്രേഷ്ഠമാണ്. അങ്ങനെയെങ്കിലും അവർ ലജ്ജിതരായി തങ്ങളുടെ കുതന്ത്രങ്ങളിൽ നിന്നു പിന്മാറട്ടെ!

4. 'വചനത്തിന്റെ ദൈവത്വവുമായി ശരീരം ഒരു സത്തയാണെന്ന്' സാറന്മാരേ, നിങ്ങൾക്ക് എങ്ങനെ പറയാൻ കഴിയും? ഈ സംഗതികൊണ്ടാരംഭിക്കുന്നതു യുക്തമാണ്. ഇതു പരമാബദ്ധമെന്നു കാണിക്കുന്നതുവഴി മറ്റുള്ളവയും ഇത്തരമാണ് എന്നു തെളിയിക്കപ്പെടാൻ സാധിക്കും. വി. ലിഖിതങ്ങളിൽ ഇത്തരം സംഗതികളൊന്നും നാം കണ്ടെത്തുകയില്ല. 'ദൈവം ഒരു മനുഷ്യശരീരത്തിൽ ആഗതനായി' എന്ന് അവർ പറയുന്നു.

www.malankaralibrary.com



എന്നാൽ നിഖ്യായിൽ കൂടിയ പിതാക്കന്മാർ പറയുന്നതു് 'ജഡമല്ല, പുത്രൻതന്നെയാണ പിതാവുമായി സമസത്ത'യെന്നത്രേ. പുത്രൻ പിതാവിൻെറതന്നെ സത്തയാണെങ്കിലും, വി. ഗ്രന്ഥത്തിലേതു് അവർ അംഗീകരിച്ചതുപോലെ, ശരീരം മറിയാമിൽ നിന്നാണ് എന്നാകുന്നു. അതുകൊണ്ടു് ഒന്നുകിൽ നിഖ്യാ സൂനഹദോസിനെ തള്ളിപ്പറഞ്ഞു് അവരുടെ പക്ഷത്തുനിന്നു നിങ്ങളുടെ തത്ത്വങ്ങൾ രൂപീകരിക്കുക; പിതാക്കന്മാരുടെ മക്കളായിരിക്കുവാനാണ് താൽപര്യമെങ്കിൽ അവർ എഴുതിയതിനു വിരുദ്ധമായി ഒരഭിപ്രായവും വച്ചുപുലർത്തരുതു്. ഇവിടെയും ഇതു് എത്രമാത്രം രക്ഷണീയമാണെന്നു നിനക്കു കാണാൻ സാധിക്കും. ഭൗമിക സ്വഭാവമുള്ള ശരീരവുമായി വചനം സമസത്തയാണെങ്കിൽ നിങ്ങളുടെതന്നെ പ്രഖ്യാപനമനുസരിച്ചു വചനം പിതാവുമായി സമസത്തയാണെങ്കിൽ, പിതാവുതന്നെയും ധരയിൽനിന്നുളവായ ശരീരവുമായി സമസത്തയാണെന്നു വരുമല്ലോ. അസ്ഥിയും മാംസവും മുടിയും ഞരമ്പുകളും ശരീരം മുഴുവനായും വചനം മാറി, സ്വഭാവത്തിനുതന്നെ മാററം ഉണ്ടായി എന്നു പറഞ്ഞു മറെറാരു തരം ഭക്തിരാഹിത്യത്തിലേക്കു നിങ്ങൾ നീങ്ങുമ്പോൾ പുത്രനെ സൃഷ്ടി എന്നു വിളിക്കുന്നതിൽ ആര്യരെ എന്തിനു കുററപ്പെടുത്തുന്നു? അവൻ ധരയിൽനിന്നാണ ജനിച്ചതെന്നു പരസ്യമായി നിങ്ങൾക്കു പറയാനുള്ള സമയമാണിതു്. അസ്ഥികളും എല്ലാ ജഡങ്ങളും ധരയിൽനിന്നാണ്. നിങ്ങൾ പരസ്പരം യുദ്ധം ചെയ്യുന്ന ഈ വലിയ തെററു് എന്താണ്? 'വചനം ജഡവുമായി സമസത്തയാണ്' എന്നു പറയുമ്പോൾ നിങ്ങൾ ഒന്നിനെ മറെറാന്നിൽനിന്നു വേർതിരിക്കുന്നു; 'അവൻ ജഡമായി മാറി' എന്നു പറയുമ്പോൾ വചനത്തിനുതന്നെ മാററം ഉണ്ടായി എന്നു നിങ്ങൾ സങ്കൽപിക്കുന്നു. ഇത്തരം അഭിപ്രായങ്ങൾ നിങ്ങൾ തട്ടിവിട്ടാൽ ആരതു വകവയ്ക്കും? പാഷണ്ഡതകളേക്കാൾ കൂടിയ അഭക്തിയിലേക്കു നിങ്ങൾ കടന്നിരിക്കുന്നു. വചനം ജഡവുമായി സമസത്തയാണെങ്കിൽ, മറിയാമിൻെറ കർമ്മങ്ങളും അനുസ്മരണയും അധികപ്പററാകുമല്ലോ; അങ്ങനെയെങ്കിൽ വചനം നിത്യമായതുപോലെ ജഡം മറിയാമിനു മുമ്പുണ്ടായിരിക്കണമല്ലോ. വചനം തന്നോടുതന്നെ സമസത്തയായ ഒന്നു ധരിക്കാനും ശരീരിയായിത്തീരാനുംവേണ്ടി നമ്മുടെയിടയിൽ വരുന്നതിൻെറ ആവശ്യമെന്തു്? തൻെറ തന്നെ സത്ത ധരിക്കുവാൻ ദൈവത്വം സ്വയം സ്വന്തമാക്കുന്നില്ല. മററുള്ളവരുടെ പാപത്തിനു മറുവിലയായിത്തീർന്ന വചനം സ്വയം പാപം ചെയ്യുന്നു. ജഡമായി മാറുന്നതു വഴി തനിക്കായി ബലിയായി സമർപ്പിക്കുകയും സ്വയം മറുവിലയായി കൊടുക്കുകയും ചെയ്യുന്നു.

5. എന്നാൽ അങ്ങനെയൊന്നുമല്ല യാഥാർത്ഥ്യം! അത്തരം ചിന്ത ദൂരെയകലട്ടെ! ശ്ലീഹാ പ്രസ്താവിക്കുന്നതുപോലെ,

www.malankaralibrary.com



'അവൻ അബ്രഹാമിൻെറ വംശത്തിൽനിന്നാണു്'; നമ്മുടെ ജഡം എടുത്തു് 'എല്ലാ കാര്യങ്ങളിലും തൻെറ സഹോദരന്മാർക്കു തുല്യനാകുക' എന്നതു് അവനു യുക്തമായിരുന്നു. അതുകൊണ്ടാണു് അവളിൽനിന്നു ശരീരം എടുക്കുന്നതിനും, തൻേറതായി നമുക്കുവേണ്ടി അതു് അർപ്പിക്കുന്നതിനുംവേണ്ടി മറിയം മുൻ നിർണയം ചെയ്യപ്പെട്ടതു്. ഏശായാ ഇതു തൻെറ പ്രവചനത്തിൽ സൂചിപ്പിച്ചു: 'ഇതാ ഒരു കന്യക.' ഗബ്രിയേൽ അവളുടെ പക്കലേക്കയയ്ക്കപ്പെട്ടു; വെറുമൊരു കന്യകയുടെ പക്കലേക്കല്ല, 'ഒരു പുരുഷനുമായി വിവാഹനിശ്ചയം ചെയ്യപ്പെട്ട കന്യകയുടെ പക്കലേക്കാ'ണു്. 'വിവാഹനിശ്ചയം ചെയ്യപ്പെട്ട' എന്നതുവഴി മറിയം ഒരു മനുഷ്യജീവിയാണെന്നു് കാണിക്കാനാണു് അതു്. ഇക്കാരണത്താൽ 'മറിയം പ്രസവിച്ചു' എന്നും 'അവനെ പിള്ളക്കച്ചകളിൽ ചുററി' എന്നും വി. ഗ്രന്ഥം സാക്ഷിക്കുന്നു; അതുകൊണ്ടു് അവൻ 'കുടിച്ച മുലകളും ഭാഗ്യമുള്ളവ' എന്നു പറയപ്പെട്ടു. ജനിച്ചവൻ ഗർഭപാത്രം തുറന്നു; അവൻ ഒരു ബലിയായി അർപ്പിക്കപ്പെട്ടു. കന്യക പ്രസവിച്ചു എന്നതിനു തെളിവാണിവയെല്ലാം. 'നിന്നിൽ' എന്നല്ല 'നിന്നിൽനിന്നു് പിറക്കുന്നവൻ' എന്നാണു് ഗബ്രിയേൽ അവളോടു പറഞ്ഞതു്; 'ബാഹ്യമാത്രമായി ശരീരം അവളിലൂടെ പുറത്തുവന്നു എന്നു് ആരും ചിന്തിക്കാതിരിക്കാനാണിതു്. മറിച്ചു് 'ജനിച്ചവൻ സ്വാഭാവികമായി അവളിൽ നിന്നുളവായി' എന്നു വിശ്വസിക്കുന്നതിനാണിതു്; പ്രസവിക്കാതെ പാൽ ചുരത്താൻ സാധിക്കുകയില്ല എന്നും സ്വാഭാവികമായി ജനിക്കാതെ, പാൽ കുടിച്ചു വളരാനും പിള്ളക്കച്ചകളാൽ ചുററപ്പെടാനും സാധ്യമല്ലെന്നും പ്രകൃതി വ്യക്തമായി കാണിക്കുന്നു. 'അവൻ എട്ടാം ദിവസം പരിച്ഛേദനം ചെയ്യപ്പെട്ടെ'ന്നും, 'ശിമയോൻ അവനെ കൈകളിൽ എടുത്തെന്നും', അവൻ ഒരു ശിശുവായിരുന്നെന്നും, അവനു പന്ത്രണ്ടു വയസ്സായി എന്നും, അവനു മുപ്പതു വയസ്സായി എന്നും പറയുന്നതിൻെറ അർത്ഥമിതാണു്. ചിലർ കരുതുന്നതുപോലെ, വചനത്തിൻെറ സത്തയല്ല മാറിയതും പരിച്ഛേദനം ചെയ്യപ്പെട്ടതും; കാരണം, അതു മാററത്തിനും വ്യതിയാനത്തിനും അതീതമാണു്. രക്ഷകൻ തന്നെ പറയുന്നു: 'ഇതാ, ഇതാ, ഞാൻ; ഞാൻ മാറുന്നില്ല.' പൗലോസ് എഴുതുന്നു: (ഈശോമ്'ശിഹാ ഇന്നലെയും ഇന്നും എന്നേക്കും ഒരുവൻ തന്നെയാകുന്നു) എന്നാൽ പരിച്ഛേദനം ചെയ്യപ്പെടുകയും, ആളുകാം എടുത്തുകൊണ്ടു നടക്കുകയും, ഭക്ഷിക്കുകയും, കുടിക്കുകയും, ക്ഷീണിതനാകുകയും, മരത്തിൽ തറയ്ക്കപ്പെടുകയും, കഷ്ടത അനുഭവിക്കുകയും ചെയ്ത ശരീരത്തിൽ സഹനാതീതവും, രൂപരഹിതവുമായ ദൈവവചനം ഉണ്ടായിരുന്നു. ആത്മാവു വേർപെട്ട ഈ ശരീരമാണു് കല്ലറയിൽ വയ്ക്കപ്പെട്ടതു്; എങ്കിലും വചനം അതിൽനിന്നു വേർപെട്ടില്ല. പത്രോസ് പറയുന്നതുപോലെ

www.malankaralibrary.com



കാരാഗൃഹത്തിലെ ആത്മാക്കളോടു പ്രസംഗിക്കാനാണ് ഇപ്രകാരം സംഭവിച്ചതു്.

6. 'വചനം അസ്ഥിയും മാംസവുമായി മാറി' എന്നു പറയുന്നവരുടെ ഭോഷത്തം ഇതു വെളിപ്പെടുത്തുന്നു. കാരണം, ഇപ്രകാരമായിരുന്നെങ്കിൽ ഒരു കല്ലറയുടെ ആവശ്യമില്ലായിരുന്നു; ജഡം തന്നെ പാതാളത്തിൽ പോയി ആത്മാക്കളോടു പ്രസംഗിക്കുമായിരുന്നു. എന്നാൽ യൗസേപ്പ് ശരീരത്തെ വെള്ള വസ്ത്രത്തിൽ പൊതിഞ്ഞു ഗോൽഗോത്തായിൽ വച്ചപ്പോൾ കർത്താവു തന്നെ പാതാളത്തിൽ പോയി ആത്മാക്കളോടു് പ്രസംഗിച്ചു. ജഡം വചനമല്ലെന്നും, വചനത്തിന്റെ ശരീരമാണെന്നും ഇപ്രകാരം വ്യക്തമാക്കപ്പെട്ടു. മരിച്ചവരിൽനിന്നുയിർത്തപ്പോൾ തോമാ സ്പർശിച്ചതു് ഈ ശരീരമാണ്. വചനം തന്നെ സഹിച്ച ആണിപ്പഴുതുകൾ കണ്ടതും ഈ ശരീരത്തിലാണ്. അവനു തടയാമായിരുന്നിട്ടും അങ്ങനെയൊന്നും ചെയ്തില്ല. മറിച്ച്, അശരീരിയായ വചനം ശരീരത്തിന്റെ പ്രത്യേകതകൾ തന്റെ സ്വന്തശരീരമാകയാൽ തന്റെ തന്നെയാക്കി. പട്ടാളക്കാരൻ അടിച്ചപ്പോൾ വേദനിച്ച കർത്താവ്, 'നീയെന്നെ അടിക്കുന്നതെന്തു്?' എന്നു ചോദിച്ചതു് എന്തിനാണ്? സ്വഭാവത്താലെ വചനം സ്പർശനാതീതനാണെങ്കിലും, 'ഞാനെന്റെ മുതുകിനെ ദണ്ഡിപ്പിക്കുന്നവർക്കും, എന്റെ കവിളിനെ അടിക്കുന്നവർക്കും ഏൽപിച്ചുകൊടുത്തു; ലജ്ജയിൽനിന്നും തുപ്പലിൽനിന്നും എന്റെ മുഖം തിരിച്ചില്ല' എന്നു പറയുകയുണ്ടായല്ലോ. കാരണം, വചനത്തിന്റെ മനുഷ്യസ്വഭാവം സഹിച്ചതു ശരീരത്തിൽ വസിക്കുന്ന വചനം തന്റേതായി കണക്കാക്കി. അങ്ങനെ വചനത്തിന്റെ ദൈവത്വത്തിലുള്ള ഭാഗഭാഗിത്വം അതിനും ലഭ്യമായി. സഹിച്ചവനും സഹനാതീതനും അവനാണ് എന്നതു സത്യമായും വിചിത്രതരമാണ്. തന്റെ സ്വന്തം ശരീരം സഹിച്ചതിനാൽ അവൻ സഹിച്ചു; സഹിച്ച ശരീരത്തിലായിരുന്നു അവൻ. സ്വഭാവത്താലേ ദൈവമായ വചനം സഹനാതീതനാകയാൽ സഹിച്ചില്ല. അശരീരി സഹനാധീന ശരീരത്തിലായിരുന്നു; ശരീരത്തിനുള്ള ദുർബലതകൾ നശിപ്പിക്കുന്ന സഹനാതീതനായ വചനം ശരീരത്തിലായിരുന്നു. അവൻ അപ്രകാരം ചെയ്തു; അതു് അങ്ങനെ ആയിരുന്നു. അവൻ നമ്മുടേതു് എടുക്കുകയും ഒരു യാഗമായി അതിനെ അർപ്പിക്കുകയും ചെയ്തു. അതുവഴി അവൻ അതിനെ നീക്കിക്കളഞ്ഞു് തന്റേതു് നമുക്കായി സ്ഥാപിച്ചു. അതാണ് അപ്പസ്തോലൻ പറഞ്ഞതു്, 'നശ്വരത അനശ്വരതയും, മർത്ത്യത അമർത്ത്യതയും ധരിക്കണം,' എന്നു്.

7. ചിലർ കരുതിയതുപോലെ, 'സംഭവിച്ച എന്നു തോന്നി'യതല്ല. ഒരിക്കലുമല്ല; മറിച്ച് സത്യമായും രക്ഷകൻ മനുഷ്യ

www.malankaralibrary.com



നായി, മനുഷ്യകുലം മുഴുവൻെറയും രക്ഷ സാധിച്ചു. അവർ പറയുന്നതുപോലെ 'വചനം ശരീരത്തിൽ ആയിരുന്നു എന്നു ഗണിക്കപ്പെടുക മാത്രമാ'ണെങ്കിൽ, അതായത് 'ഗണിക്കപ്പെടുക' എന്നതിന് 'വെറും ഭാവനാസൃഷ്ടി' യെന്നർത്ഥമാകുകയാണെങ്കിൽ, തികച്ചും അഭക്തരായ മാനിക്കേയർ പഠിപ്പിച്ചതുപോലെ, മനുഷ്യരക്ഷയും ഉത്ഥാനവും വെറും തോന്നലുകൾ മാത്രമാണെന്നു വരും. എന്നാൽ നമ്മുടെ രക്ഷ ഒരിക്കലും ഒരു മിഥ്യയല്ല; അതു ശരീരത്തെ മാത്രമല്ല ആത്മാവും ശരീരവുമുള്ള സമ്പൂർണ്ണമനുഷ്യനെ ബാധിക്കുന്നതാണ്; വചനത്തിൽ തന്നെ സത്യമായും ആ രക്ഷ സാധിച്ചു കഴിഞ്ഞു. മറിയാമിൽനിന്നു ജനിച്ചവൻ വി. ലിഖിതപ്രകാരം സ്വഭാവത്താലെ മനുഷ്യനാണ്; കർത്തൃശരീരം ഒരു യാഥാർത്ഥ്യം തന്നെയായിരുന്നു. അതു നമ്മുടെ ശരീരംപോലെയുള്ള ശരീരം തന്നെയായിരുന്നു. നാം എല്ലാവരും ആദാമിൽനിന്നായതിനാൽ മറിയം നമ്മുടെ സഹോദരിയാണ്. ലൂക്കോസ് എഴുതിയത് അനുസ്മരിക്കുന്നവന് ഇക്കാര്യങ്ങളെക്കുറിച്ചു സംശയിക്കാൻ സാധിക്കുകയില്ല. 'അവിടുന്നു മരിച്ചവരിൽ നിന്നുയിർത്തപ്പോൾ, മറിയാമിൽ നിന്നുള്ള ശരീരത്തിൽ തന്നെ അവനെ ദർശിച്ചില്ല; ഒരുരൂപിയെയത്രേ കണ്ടതു'' എന്നു ചിലർ ചിന്തിച്ചതിനാൽ കർത്താവ് അവരോടു പറഞ്ഞു: 'എൻെറ കൈകളും എൻെറ പാദങ്ങളും ആണിപ്പഴുതുകളും കണ്ടു് ഇതു ഞാൻ തന്നെ എന്നു ഗ്രഹിപ്പിൻ. എന്നെ തൊട്ടു നോക്കുവിൻ; എനിക്കുള്ളതായി നിങ്ങൾ കാണുന്നതുപോലെ ഭൂതത്തിനു മാംസവും അസ്ഥികളും ഇല്ലല്ലോ, അവൻ ഇപ്രകാരം അരുൾ ചെയ്തിട്ട് തൻെറ കൈകളും പാദങ്ങളും അവരെ കാണിച്ചു.' 'കർത്താവ് മാംസവും അസ്ഥികളുമായി രൂപാന്തരപ്പെട്ടു' എന്നു പറയാൻ ധൈര്യപ്പെടുന്നവരെ തറപറ്റിക്കാൻ ഇതു പര്യാപ്തമാണ്. 'അസ്ഥിയും മാംസവുമായി എന്നെ നിങ്ങൾ കാണുന്നതുപോലെ,' എന്നല്ല, 'എനിക്കുള്ളതായി നിങ്ങൾ കാണുന്നതുപോലെ' എന്നാണ് കർത്താവു പറഞ്ഞത്. വചനം ഈ സംഗതികളായി രൂപാന്തരപ്പെട്ടു എന്നു കരുതപ്പെടാതിരിക്കുന്നതിനും തൻെറ മരണത്തിനു മുമ്പെന്നപോലെ മരണാനന്തരവും തനിക്കു് ഇവ ഉണ്ടായിരുന്നു എന്നു വിശ്വസിക്കുന്നതിനും വേണ്ടിയായിരുന്നു ഇത്.

8. ഇതിത്രയും വിശദീകരിച്ചതിനാൽ മററു സംഗതികളെപ്പററി പരാമർശിക്കുന്നതും ചർച്ചചെയ്യുന്നതും അധികപ്പററാണ്. വചനം വസിച്ച ശരീരം ദൈവത്വവുമായി സമസത്ത അല്ല. പിന്നെയോ യഥാർത്ഥത്തിൽ മറിയാമിൽനിന്നു ജനിച്ചതാണ്; വചനം മാംസവും അസ്ഥികളുമായി മാറാതെ തന്നെ ശരീരത്തിലേക്കു വന്നു. 'വചനം മാംസമായി' എന്നു യോഹന്നാൻ പറയുന്നതിൻെറ അർത്ഥം ഇതാണ്; ഇതിനു സമമായ മറെറാരു വാചകവുമുണ്ട്: 'ക്രിസ്തു നമുക്കുവേണ്ടി ശാപമായിതീർന്നു,' എന്നു പൗലോ

www.malankaralibrary.com



സിൽ എഴുതപ്പെട്ടിരിക്കുന്നു. അവൻ തന്നെ ശാപമായി മാറാതെ നമ്മെ പ്രതി ശാപം തൻെറ മേൽ സ്വീകരിക്കുകയാണുണ്ടായത്. അതുപോലെ അവൻ മാംസമായത് മാംസമായി മാറിക്കൊണ്ടല്ല, പിന്നെയോ, നമ്മെ പ്രതി ജീവനുള്ള മാംസംസ്വീകരിച്ച് അവൻ മനുഷ്യനായി തീർന്നതിനാലത്രേ. 'വചനം മാംസമായി' എന്നു പറയുന്നതിനു തുല്യമാണ് 'വചനം മനുഷ്യനായി' എന്നത്. "ഞാൻ സർവ ജഡത്തിന്മേലും എൻെറ ആത്മാവിനെ ചൊരിയും" എന്നു യോവേലിൽ പറയപ്പെട്ടിരിക്കുന്നു. ബുദ്ധിയില്ലാത്ത മൃഗങ്ങളെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല; പിന്നെയോ, മനുഷ്യനെ മാത്രം; മനുഷ്യരെ പ്രതിയാണല്ലോ കർത്താവു മനുഷ്യനായത്. ഈ വാചകത്തിൻെറ അർത്ഥം ഇതായിരിക്കെ മറിയാമിൽനിന്നുളവായ ശരീരം അവൾക്കു മുമ്പേതന്നെ സ്ഥിതിചെയ്തിരുന്നെന്നും അവൾക്കുമുമ്പേവചനത്തിനു് ഒരു മനുഷ്യാത്മാവുണ്ടായിരുന്നെന്നും വചനത്തിൻെറ വരവിനുമുമ്പ് അതു തന്നിൽ സ്ഥിതിചെയ്തിരുന്നെന്നും മററും ചിന്തിച്ചിരുന്നവർ സ്വയം വിധിക്കേൽപ്പിക്കുന്നു. അതുപോലെ, 'ശരീരം മരണരഹിതമാണ്; അതു് അമർത്യഗണത്തിൽ പെട്ടതാണ്' എന്നൊക്കെ പറഞ്ഞവരും മൗനികളായിത്തീരും. അവൻ മരിച്ചില്ലെങ്കിൽ, 'വി. ഗ്രന്ഥപ്രകാരം അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു' എന്നു് പൗലോസ് എങ്ങനെ കോറിന്തോസുകാരോടു പ്രസംഗിക്കും; അവൻ മരിച്ചില്ലെങ്കിൽ എങ്ങനെയാണവൻ ഉയിർക്കുന്നതു്? 'ശരീരം മറിയത്തിൽ നിന്നാണ് എന്നു പറഞ്ഞാൽ, ത്രിത്വത്തിനുപകരം ഒരു ടെട്രാഡിനാണു സാധ്യത' എന്നു ചിന്തിക്കുന്നവർ ലജ്ജിതരാകും. "ശരീരം വചനവുമായി ഒരു സത്തയാണ്" എന്നു പറഞ്ഞാൽ, ത്രിത്വം ത്രിത്വമായിതന്നെസ്ഥിതിചെയ്യും. കാരണം, പുറമെനിന്നുള്ള ഘടകമൊന്നും അതിൽ ഉൾക്കൊള്ളിക്കുന്നില്ല; മറിയാമിൽനിന്നുള്ള ശരീരം മാനുഷികമാണെന്നു നാം അംഗീകരിച്ചാൽ, ശരീരം സത്തയിൽ വൈദേശികമായാലും, വചനം അതിൽ വസിക്കയാലും ശരീരംമൂലമുള്ള കൂട്ടിച്ചേർക്കൽ ത്രിത്വത്തിനുപകരം ഒരു ടെട്രാഡിനു് ഇടവരുത്തുന്നു' എന്നും അവർ വാദിക്കുന്നു.

9. ഇപ്രകാരം വാദിക്കുന്നവർ തങ്ങളുടെ വാദത്തിലെ പരസ്പര വിരുദ്ധമായ സംഗതികൾ മനസ്സിലാക്കുന്നില്ല. 'ശരീരം മറിയത്തിൽനിന്നല്ല, വചനവുമായി സമസത്തയാണ്' എന്നൊക്കെ അവർ പറഞ്ഞാലും, അവരുടെ വാദത്തിൽതന്നെ ടെട്രാഡ് ഉൾക്കൊള്ളുന്നു എന്നു തെളിയിക്കാൻ സാധിക്കും. പിതാക്കന്മാർ പറയുന്നതുപോലെ 'പുത്രൻ പിതാവുമായി സമസത്തയാണ്'; എന്നാൽ പുത്രൻ പിതാവല്ല;പുത്രനെന്നനിലയിൽ പിതാവുമായി സമസത്തയാണ്. അതുപോലെ 'ശരീരം, വചനവുമായി സമസത്തയാണെന്നു്' അവർ (പാഷണ്ഡികൾ) പറയുന്നു; അപ്പോൾ

www.malankaralibrary.com



ശരീരം വചനമല്ല, വ്യത്യസ്തമായ ഒരു യാഥാർത്ഥ്യമാണല്ലോ. അങ്ങനെയാണെങ്കിൽ അവരുടെ വാദമനുസരിച്ച് ത്രിത്വം ഒരു ടെട്രാഡ് തന്നെ ആയിരിക്കണം. ഈ ആളുകളുടെ ഭാവനാസൃഷ്ടിയായ ത്രിത്വം (Triad) പോലെയല്ല യഥാർത്ഥവും, പൂർണവും, അദൃശ്യവും കൂട്ടിച്ചേർക്കലുകൾക്ക് അതീതവുമായ ത്രിത്വം. യഥാർത്ഥ ദൈവത്തിൽനിന്ന് വ്യത്യസ്തമായ ഒരു ദൈവത്തെപ്പററി വിഭാവനം ചെയ്യുന്നവർ എങ്ങനെയാണ് ക്രിസ്ത്യാനികളായിരിക്കുക? അവരുടെ മറെറ കുതർക്കത്തിൽനിന്ന് അവരുടെ ബുദ്ധിശൂന്യതയുടെ ഗൗരവം മനസ്സിലാക്കാവുന്നതാണ്. 'രക്ഷകൻെറ ശരീരം കന്യകയിൽനിന്നുരുവായതും മാനുഷികവുമാണ്'' എന്ന് വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ 'ത്രിത്വത്തിനു പകരം ടെട്രാഡായിരുന്നു' എന്ന് അവർ ചിന്തിക്കുന്നെങ്കിൽ, ശരീരംവഴി കൂട്ടിച്ചേർക്കൽ നടന്നു എന്നു കരുതുന്നതിനാൽ അവർ ഗൗരവമേറിയ തെററു ചെയ്യുന്നു; അവർ സൃഷ്ടിയെ സ്രഷ്ടാവുമായി തുല്യനിലയിലാക്കുകയും ദൈവത്വത്തിനു കൂട്ടിച്ചേരൽ സാധ്യമാണെന്നു പഠിപ്പിക്കയും ചെയ്യുന്നു. ദൈവത്വത്തോടു കൂട്ടിച്ചേർന്നല്ല വചനം മാംസമായത്, പിന്നെയോ, മാംസം പുനരുദ്ധാരണം ചെയ്യാനാണ് എന്ന് അവർ ഗ്രഹിച്ചില്ല. തനിക്കെന്തെങ്കിലും ശ്രേഷ്ഠത ഉണ്ടാക്കാനല്ല, പിന്നെയോ, മനുഷ്യകുലത്തെ വീണ്ടെടുക്കാനാണ് വചനം കന്യകയിലൂടെ വന്നത്. അപ്പോൾ, വചനത്താൽ വീണ്ടെടുക്കപ്പെടുകയും പുനർജീവൻ പ്രാപിക്കുകയും ചെയ്യുന്ന മാംസം, തന്നെ ജീവിപ്പിച്ച വചനത്തിൻെറ ദൈവത്വത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ നടത്തിയതു് എങ്ങനെയാണ്? മറിച്ച്, വചനവുമായുള്ള സംസർഗം കൊണ്ടും ഐക്യംകൊണ്ടും മനുഷ്യശരീരത്തിനു വലിയൊരു കൂട്ടിച്ചേർക്കൽ ഉണ്ടായി. മർത്ത്യതയുടെ സ്ഥാനത്തു് അതു് അമർത്ത്യമായിത്തീർന്നു, മൃഗാത്മാവായിരുന്നതു് ആത്മീയമായി; ഭൗതികമായിരുന്നതു് സ്വർഗീയ കവാടത്തിൽ പ്രവേശിച്ചു. വചനം മറിയാമിൽനിന്നു ശരീരം എടുത്തെങ്കിലും കൂട്ടിച്ചേർക്കലുകൾക്കോ നീക്കിക്കളയലിനോ, വിധേയമാകാതെ ത്രിത്വം ത്രിത്വമായിത്തന്നെ നിലനിൽക്കുന്നു. അതു് എപ്പോഴും പരിപൂർണമാണ്; ഒരു ത്രിത്വത്തിൽനിന്ന് ഏക ദൈവത്വം അംഗീകരിക്കപ്പെട്ടിരിക്കുന്നു; അതുകൊണ്ടു് വചനത്തിൻെറ പിതാവായ ഏകദൈവം സഭയിൽ പ്രസംഗിക്കപ്പെടുന്നു. 'മറിയാമിൽനിന്നു പുറപ്പെട്ടവൻ ക്രിസ്തുവോ, കർത്താവോ, ദൈവമോ അല്ല' എന്നു പറഞ്ഞവർ ഇക്കാരണത്താൽ ഇതിനുശേഷം നിശ്ശബ്ദരായിരിക്കും. ശരീരത്തിൽ അവൻ ദൈവമല്ലെങ്കിൽ, മറിയത്തിൽനിന്നുത്ഭവിച്ചപ്പോൾ എങ്ങനെയാണ് 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള അമ്മാനുവേൽ എന്നു വിളിക്കപ്പെട്ടതു്? വചനം മാംസത്തിൽ സ്ഥിതിചെയ്തില്ലെങ്കിൽ, 'ജഡപ്രകാരം ക്രിസ്തു അവനിൽനിന്നാണ്';

www.malankaralibrary.com



അവൻ എല്ലാററിനും ഉപരിസ്ഥനായ നിത്യം ശ്രേഷ്ഠനായ ദൈവമാണ്; ആമ്മീൻ' എന്ന പൗലോസ് എങ്ങനെയാണ് റോമാക്കാർക്കെഴുതുക? അതുകൊണ്ട് ക്രൂശിക്കപ്പെട്ടവന്റെ ദൈവത്വം നിഷേധിച്ചവർ 'തെററുപററിപ്പോയി' എന്ന് ഏററുപറയട്ടെ; വി. ഗ്രന്ഥവും, കർത്താവിന്റെ ആണിപ്പഴുതുകൾ ദർശിച്ച് 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്നു വിളിച്ചു പറഞ്ഞ തോമായും ഇത് ആജ്ഞാപിക്കുന്നു. ദൈവവും മഹത്വത്തിന്റെ കർത്താവുമായ പുത്രൻ ജഡത്തിൽ ആയിരുന്നു; ആ ജഡം അപമാനിക്കപ്പെട്ടുകയും, ഹീനമായി ആണി തറയ്ക്കപ്പെട്ടുകയും ചെയ്തു. എന്നാൽ പീഡനം ഏററപ്പോഴും മരണത്തോടുചേർത്ത് ആണി അടിക്കപ്പെട്ടപ്പോഴും, പാർശ്വത്തിൽനിന്ന് രക്തവും വെള്ളവും ഒഴുകിയപ്പോഴും ഈ ശരീരം വചനത്തിന്റെ ആലയമായിരുന്നതിനാൽ ദൈവത്വത്തിന്റെ പൂർണതയാൽ നിറയപ്പെട്ടിരുന്നു. ഇക്കാരണത്താൽ തന്റെ സ്രഷ്ടാവ് കൊടിയ ദ്രോഹത്താൽ സ്വന്തം ശരീരത്തിൽ വേദന അനുഭവിക്കുന്നതു ദർശിച്ച സൂര്യൻ തന്റെ കിരണങ്ങളെ പിൻവലിച്ച് ഭൂതലത്തെ അന്ധകാരമയമാക്കി. എന്നാൽ സ്വഭാവത്താലെ മർത്ത്യമായ ശരീരം, അതിനുള്ളിൽ വസിച്ച വചനം നിമിത്തം സ്വഭാവത്തിന് ഉപരിസ്ഥമായ നിലയിൽ ഉത്ഥാനംചെയ്തു; സ്വാഭാവികമായ ചീയലിന് അതു വിധേയമായില്ല; പിന്നെയോ, അമാനുഷികനായ വചനം ധരിച്ച് അത് അഴിയലിന് അതീതനായിത്തീർന്നു.

11. 'വചനം പ്രവാചകരിലിറങ്ങിയപോലെ മറിയാമിന്റെ മകൻ എന്ന പ്രത്യേക വ്യക്തിയിൽ വന്നിറങ്ങി' എന്ന് ചിലർ വിഭാവന ചെയ്യുന്നു. അത് ചർച്ചാവിഷയമാക്കുന്നത് അധികപ്പററാണ്. കാരണം, അവരുടെ വിഭ്രാന്തി അതോടൊപ്പം അതിന്റെ വിധിയും സംവഹിക്കുന്നു. അവൻ അങ്ങനെയാണു വന്നതെങ്കിൽ, ആ മനുഷ്യൻ മററു മനുഷ്യരെപ്പോലെ സ്ത്രീപുരുഷസംസർഗത്തിൽനിന്നു ജനിക്കാതെ എന്തിനാണ് കന്യകയിൽനിന്ന് ജനിച്ചത്? വിശുദ്ധരും സ്ത്രീപുരുഷസംസർഗത്തിലൂടെയാണല്ലോ ഭൂജാതരായത്! വചനം ഇപ്രകാരമാണു വന്നതെങ്കിൽ, ഇയാളുടെ മരണം മാത്രം നമുക്ക വേണ്ടിയായത് എങ്ങനെ? മററുള്ളവരുടെ മരണം നമുക്കവേണ്ടിയാണെന്നു പറയാറില്ലല്ലോ. വചനം പ്രവാചകരുടെ കാര്യത്തിലെന്നവണ്ണമേ നമ്മുടെ ഇടയിൽ വസിച്ചുള്ളുവെങ്കിൽ, മറിയാമിൽനിന്നു ജനിച്ചവനെപ്പററിമാത്രം 'കാലപൂർണതയിൽ' അവൻ എത്തി എന്ന് പറയുന്നതെന്താണ്? മററുള്ളവരെപ്പററി പറയാറില്ലല്ലോ.' മുൻകാല വിശുദ്ധരിലെന്നപോലെമാത്രം അവൻ വന്നുള്ളുവെങ്കിൽ, മറിയാമിന്റെ പുത്രൻ മാത്രമല്ലേ മൂന്നാംനാരം ഉയിർത്തുള്ളു. മററുള്ളവരൊക്കെ മരിച്ചിട്ടും ഉയിർത്തില്ല. മററുള്ളവരുടെ കാര്യത്തിലെന്നപോലെ മാത്രമേ

www.malankaralibrary.com



വചനം വന്നുള്ളവെങ്കിൽ, ദൈവത്വത്തിന്റെ പൂർണ്ണതയാൽ നിറയപ്പെട്ട ഒരു ശരീരം അവളിൽനിന്നു പിറന്നു എന്ന അർത്ഥത്തിൽ മറിയാമിന്റെ മകനെ മാത്രം അമ്മാനുവേൽ എന്നു വിളിക്കാമോ? അമ്മാനുവേൽ എന്നാൽ 'ദൈവം നമ്മോടുകൂടെ' എന്നാണർത്ഥം. വചനം ഇങ്ങനെയാണു് വന്നതെങ്കിൽ, വിശുദ്ധർ ഭക്ഷിക്കുകയും കുടിക്കുകയും, ജോലി ചെയ്യുകയും, മരിക്കയും ചെയ്തപ്പോൾ വചനം ഭക്ഷിക്കയും, കുടിക്കയും, ജോലിചെയ്യുകയും, മരിക്കയും ചെയ്തെന്നു് പറഞ്ഞിട്ടില്ലല്ലോ. മറിയാമിന്റെ പുത്രനെപ്പററിയേ ഇതൊക്കെ പറയാൻ സാധിക്കൂ. ആ ശരീരം സഹിച്ചതു വചനത്തിന്റെ സഹനമായിട്ടത്രേ ചിത്രീകരിക്കപ്പെടുന്നതു്. മററുള്ളവരൊക്കെ ജനിക്കയും ജനിപ്പിക്കപ്പെടുകയും ചെയ്തു എന്നേ പറയപ്പെട്ടന്നുള്ളൂ. മറിയാമിന്റെ പുത്രനെപ്പററിയാകട്ടെ 'വചനം മാംസമായി' എന്നു പറയുന്നു.

12. പ്രവചനവരം പ്രദാനം ചെയ്വാൻ മററുള്ളവരിൽ വചനം വന്നപ്പോൾ, മറിയാമിൽനിന്നു വചനം മാംസമെടുത്തു; മനുഷ്യനായി അവളിൽനിന്നു പിറന്നു; പൗലോസ് പറയുന്നതുപോലെ സ്വഭാവത്തിലും സത്തയിലും അവൻ ദൈവവചനമായിരുന്നു. ജഡപ്രകാരമോ ദാവീദിന്റെ വംശത്തിൽ നിന്നുള്ള മറിയാമിൽനിന്നു ശരീരമെടുത്തു. 'ഇവൻ എന്റെ പ്രിയപുത്രനാണു്; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്നു് യോർദ്ദാനിലും മലയിലും വച്ചു് പിതാവു ചൂണ്ടിക്കാണിച്ചതു് ഇവനെയാണു്. അവനെ ആരിയർ നിഷേധിക്കുന്നു; പുത്രനേയും വചനത്തേയും വേർതിരിക്കാതെ, പുത്രൻ വചനമാണെന്നു ഗ്രഹിച്ചുകൊണ്ടു് നാം അവനെ മനസ്സിലാക്കി ആരാധിക്കുന്നു. അവൻവഴി എല്ലാം സൃഷ്ടിക്കപ്പെട്ടു; അവൻവഴി നാം രക്ഷിക്കപ്പെട്ടു. അതിനാൽ ഇത്ര വ്യക്തമായ സംഗതികളെ സംബന്ധിച്ചു് നിങ്ങളുടെയിടയിൽ തർക്കങ്ങൾ ഉയർന്നു എന്നു് ഓർത്തു ഞാൻ അത്ഭുതപ്പെട്ടുപോകുന്നു. നിങ്ങളുടെ മെമ്മോറാണ്ഡം വായിച്ചപ്പോൾ ദുഃഖിച്ചതുപോലെ, അതിന്റെ അവസാനഭാഗം വായിച്ചപ്പോൾ ദൈവകൃപയാൽ നമുക്കു് സന്തോഷമുണ്ടായി. കാരണം, അവർ ഭക്തി നിറഞ്ഞതും ശരിയായിട്ടുള്ളതുമായ വിശ്വാസം ഏററുപറയുവാൻ സമ്മതിക്കയും യോജിപ്പോടുകൂടെ വർത്തിക്കുകയും ചെയ്തല്ലോ. വലിയ പരിചിന്തനത്തിനുശേഷം നിങ്ങൾക്കു ചുരുക്കമായി എഴുതാൻ ഈ സംഗതിയാണു് എന്നെ പ്രേരിപ്പിച്ചതു്. നിങ്ങളുടെ ഐകമത്യം തികച്ചും സന്തോഷകാരണമത്രേ. ഈ കാര്യത്തിലുള്ള എന്റെ നിശ്ശബ്ദത നിങ്ങൾക്കു് സന്തോഷത്തിനുപകരം ദുഃഖം ഉണ്ടാകാതിരിക്കാൻ ഞാൻ അതീവശ്രദ്ധാലുവാണു്. അതുകൊണ്ടു് താങ്കളും ശ്രോതാക്കളും എന്റെ ഈ ലേഖനം നല്ല രീതിയിൽ തന്നെ എടുക്കണം എന്നു് ഞാൻ അപേക്ഷിക്കുന്നു. ഭക്തിസംബ

www.malankaralibrary.com



ന്ധമായി ഇതിനെന്തെങ്കിലും കുറവുണ്ടെന്നു കണ്ടാൽ ആ കുറവ് പരിഹരിച്ച് വിവരം എന്നെ അറിയിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു. ഭാഷാവൈദഗ്ദ്ധ്യം കൂടാതെയും, അപൂർണമായും വിഷയത്തോട് നീതിചെയ്യാതെയും ആണ് എഴുതപ്പെട്ടതെങ്കിൽ, സംസാരത്തിലുള്ള എന്റെ കഴിവുകേട് ക്ഷമിക്കുവിൻ. നിന്റെ കൂടെയുള്ള സഹോദരങ്ങൾക്കെല്ലാം അഭിവാദനം! ഞങ്ങളുടെകൂടെയുള്ളവർ നിങ്ങളെ അഭിവാദനം ചെയ്യുന്നു! പ്രിയപ്പെട്ടവനും നാം നോക്കിപാർത്തിരിക്കുന്നവനുമായ കർത്താവിൽ ആരോഗ്യത്തോടെ വസിക്കുക!'

(c) അഡെൽഫിയൂസിനുള്ള കത്ത്: നിഖ്യായുടെ ക്രിസ്തുശാസ്ത്രം സൃഷ്ടിയാരാധനയിലേക്കു നയിക്കുന്നു എന്ന് ചില ആരിയർ വാദിച്ചു. അതിനു മറുപടിയായി 370/1–ൽ അഡെൽഫിയൂസിന് അയച്ചതാണീ ലേഖനം.

(d) മാക്സിമൂസിനുള്ള കത്ത്: ക്രിസ്തു ദൈവത്തിന്റെ ദത്തുപുത്രനാണ് എന്ന ആരിയൻ വീക്ഷണത്തെ എതിർത്ത് സത്യവിശ്വാസം ഉയർത്തിപ്പിടിച്ച മാക്സിമൂസ് എന്ന താത്വികനെ അത്തനാസ്യോസ് ഈ കത്തിലൂടെ പ്രശംസിക്കുന്നു.

(e) നിഖ്യാ സൂനഹദോസിന്റെ ഡിക്രികളെ സംബന്ധിച്ച കത്ത്: നിഖ്യാവിശ്വാസപ്രമാണത്തെ ന്യായീകരിക്കയാണ് ഈ കത്തിലൂടെ അത്തനാസ്യോസ് ചെയ്യുന്നത്. 'സത്തയിൽനിന്ന്'(എക് തേസ് ഉസിയാസ്) 'സമസത്ത' (ഹോമോഉസിയോസ്) എന്നീ പദങ്ങളുടെ പ്രയോഗത്തെയും അദ്ദേഹം ന്യായീകരിക്കുന്നു. വി. ഗ്രന്ഥത്തിലെ പ്രബോധനങ്ങൾക്ക വിരുദ്ധമല്ല ഈ പദപ്രയോഗങ്ങളെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ഒരിജെൻ, റോമിലെ ദിവന്നാസ്യോസ്, അലക്സാന്ത്രിയായിലെ ദിവന്നാസ്യോസ്, തെയൊഗ്നോസ്റ്റുസ് എന്നിവർക്ക് ഇവ പരിചിതങ്ങളായിരുന്നു. നിഖ്യാസൂനഹദോസിന്റെ നടപടികൾ ഗ്രഹിക്കാൻ ഈ കത്ത് സഹായകമാണ്.

(f) റിമിനി, സെലൂഷ്യാ സിനഡുകളെ സംബന്ധിച്ച കത്ത്: ഇററലിയിലെ റിമിനി (Arimini) ഇസൗറിയായിലെ സെലൂഷ്യ എന്നിവിടങ്ങളിൽവച്ച് 359–ൽ രണ്ടു സിനഡുകൾ നടന്നു. ഈ രണ്ടു സിനഡുകളുടെ നടപടിക്രമങ്ങൾ, ഇവയുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ ഇതിൽ ചർച്ചാവിഷയമാകുന്നു.

(g) റൂഫിയാനൂസിനുള്ള കത്ത്: ആരിയനിസത്തിൽനിന്നു തിരികെ വരുന്നവരെ സഭയിൽ ചേർക്കുന്നതിനുള്ള നിബന്ധനകളെപ്പററി ആരാഞ്ഞുകൊണ്ട് റൂഫിയാനൂസ് ക്രി. വ. 362–ൽ അത്തനാസ്യോസിനെഴുതി. അതിനു മറുപടിയായിട്ടാണ്

www.malankaralibrary.com



ഈ കത്ത്. ഗ്രീക്കസഭയുടെ കാനോനിക സമാഹാരത്തിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്.

(h) സന്യാസികൾക്കുള്ള കത്ത്: ഏകാന്തജീവിതക്കാരായ സന്യാസികളുടെ ഇടയിൽ ചിലയാളുകൾ ചുററിക്കറങ്ങി ആരിയനിസം പ്രചരിപ്പിക്കുന്നതായി അത്തനാസ്യോസ് കേട്ടു. അതിനെതിരായിട്ടാണ് ഈ കത്ത്.

## (e) ആധ്യാത്മിക കത്തുകൾ

(a) ആമൂനുള്ള കത്ത്: ഒരു സന്യാസിയായ ആമൂന് എഴുതിയ കത്തിൽ (356) സംശയഗ്രസ്തരായ ചില സന്യാസികളെ ശാന്തമാക്കാൻ പരിശ്രമിക്കയാണ് അത്തനാസ്യോസ്.

(b) ഡ്രാക്കോൻസ്യസിനുള്ള കത്ത്: മെത്രാൻസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഡ്രാക്കോൻസ്യസ് എന്ന സന്യാസശ്രേഷ്ഠൻ വിസമ്മതം പറഞ്ഞു. മെത്രാൻസ്ഥാനം സ്വീകരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് അത്തനാസ്യോസ് എഴുതി. ഡ്രാക്കോൻസ്യസ് അത്തനാസ്യോസിന്റെ പ്രേരണ സ്വീകരിച്ചു മെത്രാനായി.

## (f) സംശയാസ്പദമായ കത്തുകൾ

മുകളിൽ പ്രതിപാദിച്ചവയ്ക്കു പുറമേ മററുചില കത്തുകൾ കൂടി അത്തനാസ്യോസിന്റേതാണോ എന്നു സംശയിക്കപ്പെടുന്നുണ്ട്. അവയെപ്പററി വിവിധാഭിപ്രായങ്ങൾ നിലവിലുണ്ട്.

## അത്തനാസ്യോസിന്റെ ദൈവശാസ്ത്രം

ഒരു ശാസ്ത്രീയ പ്രതിപാദകനായിരുന്നില്ല അത്തനാസ്യോസ്. ദൈവശാസ്ത്ര ശാഖകൾ വികസിപ്പിച്ചെടുക്കാനോ, താത്വികമായി പുതിയ സംഭാവനകൾ നൽകാനോ അദ്ദേഹം മെനക്കെട്ടില്ല. തെർത്തുല്യനെപ്പോലെ പുതിയ ദൈവശാസ്ത്ര പദങ്ങളും അദ്ദേഹം ഉണ്ടാക്കിയില്ല.

എന്നാൽ നാലാം നൂററാണ്ടിലെ ദൈവശാസ്ത്രത്തിന്റെ ചരിത്രം അത്തനാസ്യോസിന്റെ ചരിത്രമാണെന്ന് തീർത്തു പറയാം. ആരിയൂസിലും പിൻഗാമികളിലും മറഞ്ഞിരുന്ന 'ഹെല്ലനീകരണത്തിന്റെ' അപകടത്തിൽനിന്നു പരമ്പരാഗത ദൈവശാസ്ത്രത്തെ കാത്തു സൂക്ഷിക്കയും, അതിന്റെ വക്താവായി മാറുകയും ചെയ്തയാളാണ് അത്തനാസ്യോസ്. കർത്താവിൽനിന്ന് കിട്ടിയതും, അപ്പസ്തോലന്മാർ പ്രസംഗിച്ചതും പിതാക്കന്മാർ കാത്തു സൂക്ഷിച്ചതുമായ പാരമ്പര്യങ്ങളും, പ്രബോധനങ്ങളും, ആരംഭം മുതലുള്ള കത്തോലിക്കാസഭയുടെ വിശ്വാസവും വ്യക്തമാക്കുകയും

www.malankaralibrary.com



പഠിപ്പിക്കുകയും ചെയ്യുക മാത്രമായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. എല്ലാററിനുമുപരി വിശ്വാസത്തെ അദ്ദേഹം മുറുകെ പിടിച്ചു. അതുകഴിഞ്ഞേ താത്വിക വിചിന്തനങ്ങൾക്കും വാദപ്രതിവാദങ്ങൾക്കുമൊക്കെ സ്ഥാനമുണ്ടായിരുന്നുള്ളു. ബുദ്ധികൊണ്ടു മാത്രം തന്നേപ്പററിയും പ്രാപഞ്ചിക യാഥാർത്ഥ്യങ്ങളെപ്പററിയും പൂർണമായി ഗ്രഹിക്കാൻ തികച്ചും അശക്തനായ മനുഷ്യൻ, അവാച്യമായ ദൈവികസത്തയുടെ ആഴം എങ്ങനെ ഗ്രഹിക്കും എന്ന് അദ്ദേഹം ചോദിക്കുന്നു.

സ്വഭാവംകൊണ്ടും കഴിവുകൊണ്ടും അത്തനാസ്യോസ് ഒരു താർക്കികനായിരുന്നു. എന്നാൽ വെറും ഫോർമുലകളെക്കാൾ ആശയത്തിനത്രേ അദ്ദേഹം പ്രാധാന്യം കൊടുത്തത്. സുവിശേഷസത്യത്തിന് എന്തെങ്കിലും കോട്ടം വരാൻ സാദ്ധ്യതയുള്ള സാഹചര്യങ്ങളിലൊക്കെ ഗ്രീക്ക് തത്ത്വശാസ്ത്രം എടുത്തു ദൂരെയെറിഞ്ഞിട്ട്, സുവിശേഷത്തിൻെറ ഋജുവും, ലാളിത്യപൂർണവും, വസ്തുനിഷ്ഠവുമായ സത്യം മുറുകെ പിടിക്കുന്ന കാര്യത്തിൽ അദ്ദേഹം വളരെ കൃത്യനിഷ്ഠ പാലിച്ചു.

പിതൃപുത്രബന്ധം, പിതാവിൽനിന്നുള്ള പുത്രൻെറ ജനനം എന്നിവ, തനിക്കു മുമ്പുണ്ടായിരുന്നവരേക്കാൾ വ്യക്തമായും ആഴമായും അത്തനാസ്യോസ് സ്വതസിദ്ധമായ ശൈലിയിൽ പഠിപ്പിച്ചു.

## 1. ത്രിത്വം

സെറാപിയനുള്ള ആദ്യ കത്തിൽത്തന്നെ അത്തനാസ്യോസ് പറയുന്നു: 'വിശുദ്ധവും, പൂർണവുമായ ഒരു ത്രിത്വമുണ്ട് (Triad). പുറത്തുനിന്നുള്ളതും വൈദേശികമായതും ഒന്നും അതിൽ കലർത്തപ്പെട്ടിട്ടില്ല. സൃഷ്ടിക്കപ്പെട്ടതും ജനിച്ചതുമായ ഒന്നാലും ഉണ്ടാക്കപ്പെട്ടതല്ലതു്. പിന്നെയോ, മുഴുവൻ സൃഷ്ടിക്കുന്നതാണ്. അതിനെ പിതാവ്, പുത്രൻ പരിശുദ്ധാത്മാവ് എന്ന ദൈവമായി നാം പ്രഖ്യാപിക്കുന്നു. അതു് സുസ്ഥിതമാണ്, സ്വഭാവത്തിൽ അവിഭക്തമാണ്. അതിൻെറ പ്രവർത്തനം ഒന്നാണ്. പിതാവ് പുത്രൻവഴി പരിശുദ്ധാത്മാവിൽ എല്ലാം ചെയ്യുന്നു. ഇങ്ങനെ പരിപാവനമായ ത്രിത്വത്തിൻെറ ഐക്യം പരിപാലിക്കപ്പെടുന്നു. അപ്രകാരം ഏകദൈവം സഭയിൽ പ്രസംഗിക്കപ്പെടുന്നു. അവൻ എല്ലാററിനും മീതെയും (എഫെ. 4, 6) എല്ലാററിലൂടെയുമാകുന്നു. ആരംഭവും മൂലവും പിതാവുമായി എല്ലാററിനും മീതെയാകുന്നു. നാമത്തിലും സംസാരരീതിയിലും മാത്രമല്ല ത്രിത്വം; സത്യത്തിലും യാഥാർത്ഥ്യത്തിലും അങ്ങനെയാകുന്നു. പിതാവ് സ്ഥിതനാകുന്നതുപോലെ (He that is) അവൻെറ

www.malankaralibrary.com



വചനവും സ്ഥിതവും എല്ലാററിൻമീതെ ദൈവവുമാകുന്നു. പരിശുദ്ധാത്മാവും യഥാർത്ഥ അസ്തിത്വമില്ലാതെയല്ല, പിന്നെയോ, സ്ഥിതി ചെയ്യുന്നു; അവന്നു് യഥാർത്ഥമായ അസ്തിത്വമുണ്ടു്. ഇതിൽനിന്നു വ്യത്യസ്തമായി കത്തോലിക്കാ സഭ പഠിപ്പിക്കുന്നില്ല.'

ആരിയൂസ് പഠിപ്പിച്ചു. 'വചനം എന്ന മാദ്ധ്യമം വഴിയേ പിതാവിനു് സൃഷ്ടിക്കാൻ കഴിയൂ. വചനം ആദ്യസൃഷ്ടിയാണു്. പരിശുദ്ധാത്മാവു് വചനത്തിൻെറ ആദ്യസൃഷ്ടിയാണു്.' അതു് നെയോപ്ലറേറാണിക ചിന്താസന്താനമാണു്. അത്തനാസ്യോസിൻെറ വിശദീകരണം പ്രസ്തുത ചിന്താധാര പാടെ തള്ളിക്കളയുന്നു. 'ദൈവം ഏകനാണു്. മൂന്നാളുകളിൽ സ്ഥിതിചെയ്യുന്നു. ഏകനും അദ്വിതീയനും മൂന്നാളുകളിൽ സ്ഥിതിചെയ്യുന്നവനുമായ ദൈവം സൃഷ്ടികർമ്മം നടത്തി.'

ആരിയൂസ് വചനത്തേയും പരിശുദ്ധാത്മാവിനേയും സൃഷ്ടികളുടെ പക്ഷത്തു ചേർത്തു. അത്തനാസ്യോസാകട്ടെ, ദൈവമായിരിക്കുന്നപോലെ ദൈവികപക്ഷത്തു് വചനത്തെയും പരിശുദ്ധാത്മാവിനെയും കണ്ടു. വചനം സൃഷ്ടിയല്ല, ജനിച്ചവനാണു്. ആരിയൂസ് പറഞ്ഞു, 'പുത്രൻ പിതൃമനസ്സിൽ നിന്നുടലെടുത്ത സൃഷ്ടിയാണു്.' അത്തനാസ്യോസാകട്ടെ 'പുത്രൻ എന്നു പറഞ്ഞാൽ തന്നെ, ജനിപ്പിക്കൽ എന്ന ക്രിയയാണർത്ഥമാകുന്നതു്' എന്നു വാദിച്ചു. പിതൃമനസ്സിൽനിന്നല്ല, പിതൃസത്തയിൽ നിന്നാണു പുത്രൻ. ജനിപ്പിക്കൽ സ്വഭാവത്തിൻെറ പ്രവൃത്തിയാണു്; മനസ്സിൻെറ പ്രവൃത്തിയല്ല. ഇക്കാരണത്താൽ പുത്രനെ സൃഷ്ടിയെന്നു പറയാൻ പാടില്ല. പിതാവിനോടുകൂടി പിതാവിൻെറ ദൈവത്വത്തിൻെറ പൂർണത പുത്രനുമുണ്ടു്. പുത്രൻ പൂർണ്ണമായി ദൈവമാണു്. അവൻ പ്രകാശത്തിൽനിന്നുള്ള പ്രകാശമാണു്. സൂര്യനിൽനിന്നു വെളിച്ചം പരക്കുന്നതുപോലെയാണവൻ. അലക്സാണ്ഡ്രിയൻ വിദ്യാപാഠശാലയ്ക്കു പ്രിയംകരമായ ഈ തത്വം പല പ്രാവശ്യം അത്തനാസ്യോസ് ആവർത്തിക്കുന്നുണ്ടു്. പിതാവിനെപ്പോലെ പുത്രനും നിത്യനാകുന്നു. പിതാവും പുത്രനും രണ്ടാളുകളാകുന്നു. എന്നാൽ ഒന്നാകുന്നു. 'ഞാനും എൻെറ പിതാവും ഒന്നാകുന്നു.' 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' (ആദിയായ വാക്യങ്ങൾ) പിതാവിനും പുത്രനും ഉള്ള ഒരേ സ്വഭാവമത്രേ വ്യക്തമാക്കുന്നതു്.

'അവർ ഒന്നാകുന്നു. ഒരു വസ്തു രണ്ടു ഭാഗങ്ങളായി വിഭജിക്കപ്പെട്ടതുപോലല്ല. ഇതങ്ങനല്ല. പൂർണമായി ഒന്നാകുന്നു. ഒരു വസ്തു രണ്ടായി പേർ പറയപ്പെടുന്നതുമല്ല. അതായതു്, ഒരാൾ തന്നെ ഒരിക്കൽ പിതാവായും പിന്നൊരിക്കൽ തൻെറതന്നെ

www.malankaralibrary.com



പുത്രനായും വരുന്നതല്ല. ഇങ്ങനെ പഠിപ്പിച്ച സബെല്ലിയസ്, പാഷണ്ഡി എന്നു വിധിയെഴുതപ്പെട്ടല്ലോ. എന്നാൽ അവർ രണ്ടാകുന്നു. കാരണം, പിതാവ് പിതാവാകുന്നു. അവൻ പുത്രനല്ല. പുത്രൻ പുത്രനാണ്, പിതാവല്ല. എന്നാൽ സ്വഭാവം (ഫ്യൂസിസ്) ഒന്നാകുന്നു....... പിതാവിനുള്ളതെല്ലാം പുത്രനുമുണ്ട്. അതുകൊണ്ട് പുത്രൻ മറ്റൊരു ദൈവമല്ല; കാരണം അവൻ പുറത്തു നിന്നൊന്നും ലഭിച്ചവനല്ല. പിതാവിൽ നിന്നു വ്യത്യസ്തമായൊരു ദൈവത്വം പുറത്തു നിന്ന് അവനു ലഭിച്ചതല്ല. പുത്രൻ സന്തതി എന്ന നിലയിൽ പിതാവിൽ നിന്നു വ്യത്യസ്തനാണെങ്കിലും, ദൈവത്വത്തിൽ അവൻ ഒന്നാകുന്നു. ഗുണവിശേഷങ്ങളിലും, സ്വഭാവത്തിൻെറ പ്രത്യേകതകളിലും അവനും പിതാവും ഒന്നാകുന്നു. അതുപോലെ, നേരത്തേ പറഞ്ഞതുപോലെ ഒരേ ദൈവത്വത്തിൻെറ സമത്വത്തിലും ഒന്നാകുന്നു. കാരണം, കിരണവും പ്രകാശവും സൂര്യനിൽ നിന്ന് തരം താഴ്ന്നതല്ല; വ്യത്യസ്തമായ പ്രകാശവുമല്ല, അതിൽനിന്നുള്ള ഭാഗഭാഗിത്വവുമല്ല. പിന്നെയോ അതിൻെറ പൂർണവും സ്വന്തവുമായ സന്തതിയാകുന്നു. ഇത്തരമൊരു സന്തതി അവശ്യാവശ്യം ഒരു പ്രകാശമായിരിക്കണം. അവ രണ്ടും രണ്ട് പ്രകാശമെന്നാരും പറയാറില്ല. സൂര്യനും കിരണവും രണ്ടാണെങ്കിലും ഒന്നുതന്നെയാകുന്നു. സൂര്യനിൽനിന്നുള്ള പ്രകാശം കിരണത്താൽ എല്ലാററിനെയും പ്രകാശിപ്പിക്കുന്നു. അതുപോലെ പുത്രൻെറ ദൈവത്വം പിതാവിൻെറതാണ്. അതുകൊണ്ടതു് അവിഭാജ്യമത്രേ. അക്കാരണത്താൽ ഒരു ദൈവമേയുള്ളു. അവനല്ലാതെ മററാരുമില്ല. അവർ ഒന്നും, ദൈവത്വം ഏകവുമായതിനാൽ പിതാവിനെപ്പററി പറയുന്നതൊക്കെ പുത്രനെപ്പററി പറയാം. എന്നാൽ അവൻ പിതാവാണ് എന്നു പറയാൻ പാടില്ല. മറെറല്ലാം പറയാം.'

'ഒരു പുത്രനേ പാടുള്ളു. രണ്ടില്ല. പിതൃത്വത്തിനു മാത്രം മതി. മാനുഷികജനനത്തിൽനിന്നു തികച്ചും വ്യത്യസ്തമാണ് ദൈവിക ജനനം. ദൈവത്തിന് മനുഷ്യനെപ്പോലെ ശരീരമോ ഭാഗമോ ഇല്ല. വിഭജനമോ, വികാരമോക്കൂടാതെയാണ് 'ദൈവം പുത്രൻെറ പിതാവായിരിക്കുന്നതു്. അവൻ ഏകജാതൻെറ പിതാവാണ്. അവൻ മാത്രം പിതൃമാർവിടത്തിൽ വസിക്കുന്നു. അവനെ മാത്രം പിതാവംഗീകരിച്ചു. 'ഇവനെൻെറ പ്രിയ സുതൻ; ഇവനിൽ ഞാൻ സംപ്രീതൻ' (മത്താ.3:17). അവൻ വചനമായതിനാൽ അതു തികച്ചും ശ്രേഷ്ഠമായ രീതിയിലാണ് സംഭവിച്ചിരിക്കുന്നതു്.'

സബോർഡിനേഷനിസത്തിന് ഇവിടെ ഒരു സ്ഥാനവുമില്ല. 'എൻെറ പിതാവ് എന്നേക്കാൾ വലിയവനാകുന്നു.' എന്നു പുത്രൻ പറയുമ്പോൾ 'പിതാവ് ഉത്ഭവവും പുത്രൻ അവനിൽനിന്നുള്ള

www.malankaralibrary.com



വനം എന്നേ അർത്ഥമുള്ളു.' പിതാവിൻെറ സത്തയിൽനിന്നു നിത്യതയിലേ ജനിച്ചവനാണവൻ. (എക് തേസ് ഉസിയാസ് തു പത്രോസ്). അവൻ പിതാവിനോടുകൂടി സമസത്തയാണ് (ഹോമോഉസിയോസ്).'

ഹൊമൊയ്ഓസ് എന്ന പദം തികച്ചും അപര്യാപ്തമാണെന്ന് അത്തനാസ്യോസ് കരുതുന്നു. സ്വഭാവത്തിൽ സാദൃശ്യമുണ്ട്. (ഹൊമൊയ്ഓസ് കത് ഉസിയാൻ) എന്നു പറയുന്നതും, സത്തയിൽനിന്നുള്ള സത്ത (എക്തേസ് ഉസിയാസ്) എന്നു പറയുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. അതുകൊണ്ട് സമസത്ത (ഹോമോഉസിയോസ്) എന്ന പദം തന്നെ ഉപയോഗിക്കണം എന്നാണ് അത്തനാസ്യോസ് പറയുന്നത്.

## 2. വചനവും മനുഷ്യരക്ഷയും

വചനത്തെ സംബന്ധിച്ച അത്തനാസ്യൻ പ്രബോധനത്തിൻെറ നാരായവേരു് മനുഷ്യരക്ഷയാണ്. 'നാം ദൈവം ആകുവാൻ അവൻ മർത്ത്യൻ ആയി' അദൃശ്യതാതനെപ്പററി മനുഷ്യർക്ക് ഒരാശയം കൊടുക്കുവാൻ വചനം ശരീരത്തിൽ വെളിപ്പെട്ടു. 'നാം അമർത്ത്യതയ്ക്ക് അവകാശികളാകാൻ അവൻ മർത്ത്യരുടെ നിന്ദനമേററു. ക്രിസ്തു ദൈവമായിരുന്നില്ലെങ്കിൽ, ദൈവം മനുഷ്യനായില്ലായിരുന്നെങ്കിൽ, നാം രക്ഷിക്കപ്പെടുകയേ ഇല്ലായിരുന്നു. മനുഷ്യ സ്വഭാവം സ്വീകരിച്ച വചനം മനുഷ്യകുലത്തെ ദിവ്യമാക്കി. സ്വഭാവത്താലേ അല്ലാതെ, ഭാഗഭാഗിത്വംവഴി മാത്രമാണ് ക്രിസ്തു ദൈവമായിരുന്നതെങ്കിൽ, ഒററ മനുഷ്യനിൽ പോലും ദൈവമായ രൂപീകരിക്കാൻഅവനു കഴിവുണ്ടാവുകയില്ലായിരുന്നു. കാരണം, കടം വാങ്ങിയവൻ മററുള്ളവർക്ക് എന്തു കൊടുക്കുവാനാണ്?

എന്നാൽ ഇപ്പോഴാകട്ടെ പുത്രനിലുള്ള ഭാഗഭാഗിത്വംവഴി, നാം ദൈവത്വത്തിൽ ഭാഗഭാഗിത്വം നേടുന്നു. കാരണം, വചനം എന്തോ അതു പിതാവിൻേറതാകുന്നു.

## 3. ക്രിസ്തുശാസ്ത്രം

യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും ഉണ്ട്. അവതന്നിൽ യഥാർത്ഥമായി വ്യത്യസ്തമാണ്. കൂടിക്കലർന്ന് ഒന്നായി തീർന്നിട്ടില്ല. രണ്ടും ചേർന്ന് മൂന്നാമതൊന്ന് ഉണ്ടായിട്ടില്ല. ഒന്ന് മറെറാന്നിനെ കീഴമർത്തിയിട്ടില്ല. എന്നാൽ ഏകവ്യക്തിയിലിതു രണ്ടും ഒന്നിച്ചു വസിക്കുന്നു. അതുകൊണ്ട് വ്യക്തിപരമായ ഐക്യത്തിന് ഒരു കോട്ടവും തട്ടിയിട്ടില്ല.

'മനുഷ്യനെന്നോ, ദൈവമെന്നോ, ഉള്ള നിലകളിൽ ഈശോമിശിഹാ ചെയ്യതെല്ലാം ഒരാളിൻെറ പ്രവൃത്തികളാണ്. അവൻ

www.malankaralibrary.com



യഥാർത്ഥമായി ദൈവപുത്രനായിരിക്കെ, മനുഷ്യപുത്രനായി ദൈവത്തിന്റെ ഏകജാതനായിരിക്കെ അനേക സഹോദരന്മാരിൽ ആദ്യജാതനായിത്തീർന്നു. അതുകൊണ്ട് അബ്രഹാമിനു മുമ്പും, അതിനു പിൻപും ഒരേ ഒരു ദൈവപുത്രൻതന്നെ. ലാസറിനെപ്പറ്റി അന്വേഷിച്ചവനും ലാസറിനെ ഉയിർപ്പിച്ചവനും ഒരുവൻ തന്നെ. മനുഷ്യൻ എന്ന നിലയിൽ 'ലാസർ എവിടെ കിടക്കുന്നു' (യോഹ. 11:34) എന്നു ചോദിച്ചവനും, ദൈവമെന്ന നിലയിൽ അവനെ ഉയിർപ്പിച്ചവനും ഒരുവനാകുന്നു. മനുഷ്യനെന്ന നിലയിൽ നിലത്തു തുപ്പിയവനും, ദൈവികമായി ദൈവപുത്രനെന്ന നിലയിൽ പിറവിക്കുരുടനു് കാഴ്ച നൽകിയവനും ഒരുവനാകുന്നു. പത്രോസ് പറയുന്നതുപോലെ (1 പത്രോ. 4:1) അവൻ ശരീരത്തിൽ പീഡ ഏറ്റെങ്കിലും ദൈവമെന്ന നിലയിൽ കല്ലറ തുറക്കുകയും മരിച്ചവനെ എഴുന്നേൽപ്പിക്കുകയും ചെയ്തു.'

ക്രിസ്തുവിലെ മനുഷ്യാത്മാവിനെപ്പറ്റി അത്തനാസ്യോസ് അധികമൊന്നും പറഞ്ഞിട്ടില്ല. ഒരു സ്ഥലത്തു മാത്രം ചെറുതായൊരു പരാമർശനം നടത്തുന്നു. 'വചന—മാംസ' (ലോഗോസ്—സാർക്സ്) ക്രിസ്തുശാസ്ത്രമായിരുന്നല്ലോ അലക്സാന്ത്രിയൻ ചിന്താലോകത്തു് മുഴച്ചുനിന്നതു്. യേശുവിന്റെ വ്യക്തിപരമായ ഐക്യം ആവർത്തിച്ചുറപ്പിക്കുന്നതുകൊണ്ട് കന്യകമറിയാമിനെ ദൈവമാതാവെന്നു വിളിക്കുന്നതിനു് അത്തനാസ്യോസ് ഒട്ടും മടിക്കുന്നില്ല.

## 4. പരിശുദ്ധാത്മാവു്

പരിശുദ്ധാത്മാവു് ദൈവമാണെന്നും, അവൻ വ്യക്തിത്വം ഉള്ളവനും കർത്താവുമാണെന്നും, പിതാവിൽനിന്നു പുറപ്പെട്ടവനാണെന്നും അത്തനാസ്യോസ് പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവു് സൃഷ്ടിയല്ല. ദൈവികസത്തയിലുള്ള ഭാഗഭാഗിത്വമത്രേ അവിടത്തേക്കുള്ളതു്. പരിശുദ്ധാത്മാവു് പിതാവിനോടുകൂടെ സമസത്ത (ഹോമോഉസിയോസ്) ആണു്.

## 5. മാമോദീസാ

ആരിയൻ മാമോദീസാ കൂദാശയേ അല്ല എന്ന ചിന്താഗതിയാണ് അത്തനാസ്യോസിനുള്ളതു്. ത്രിത്വഫോർമുല കൂടാതുള്ള മാമോദീസാ കൂദാശയല്ല. ത്രിത്വത്തെപ്പറ്റി അബദ്ധധാരണകൾ ഉള്ളവർക്കെങ്ങനെ ത്രിത്വനാമത്തിൽ മാമോദീസാ നൽകാനാകും! അവരുടെ സ്നാനം അധിഷ്ഠിതമായിരിക്കുന്ന വിശ്വാസം തന്നെ തെറ്റാണു്.

പൗലോസ് സാമസോട്ടയുടെ പാൻഗാമികൾ ത്രിത്വനാമത്തിലാണു് സ്നാനം സ്വീകരിച്ചതെങ്കിലും അവരെ വീണ്ടും സ്നാനപ്പെടുത്തണമെന്നു നിഖ്യാസൂനഹദോസ് തീർച്ചപ്പെടുത്തി. അക്കാര്യം അത്തനാസ്യോസ് അനുസ്മരിക്കുന്നു.

www.malankaralibrary.com

അദ്ധ്യായം 5

# ത്മുയിസിലെ സെറാപ്പിയോൻ

സെറാപ്പിയോൻ ദക്ഷിണ ഈജിപ്തിലെ ഒരു പട്ടണമായ ത്മുയിസിലെ മെത്രാനായിരുന്നു. മെത്രാനാകുന്നതിനുമുൻപ് അദ്ദേഹം ഒരു സന്യാസശ്രേഷ്ഠനായി കുറെനാരം ജീവിച്ചു. 'ജീവിത വിശുദ്ധികൊണ്ടും വാചാലതകൊണ്ടും പ്രത്യേകം പരിഗണനാർഹനായ ഒരു മെത്രാനായിരുന്നിദ്ദേഹം' എന്നു സഭാചരിത്രകാരനായ സൊസോമൻ പറയുന്നു (സഭാ. 4.9). തന്റെ വലിയ പാണ്ഡിത്യംമൂലം 'സ്കൊളാസ്റ്റിക്കസ്' എന്ന സ്ഥാനപ്പേരു് ഇദ്ദേഹത്തിനുണ്ടായിരുന്നു എന്നു് ജറോം പറയുന്നു (മഹത്. 99). സെറാപ്പിയോൻ വി. അത്തനാസ്യോസിന്റെ ഉത്തമ സ്നേഹിതനായിരുന്നു (അന്തോ. ജീവ. 82). അത്തനാസ്യോസ് പല സുപ്രധാന കത്തുകളും സെറാപ്പിയോനു് അയച്ചിട്ടുണ്ടു്, (മുകളിൽ പേജ് 54 കാണുക) 339–ൽ അത്തനാസ്യോസ് ഒരു 'ഫെസ്റ്റൽ' കത്തു് സെറാപ്പിയോനു് അയച്ചു. അതിനുമുമ്പു സെറാപ്പിയോൻ മെത്രാനായിരിക്കണമെന്നു് അനുമാനിക്കാം. പരിശുദ്ധാത്മാവിനെ സംബന്ധിച്ച നാലു കത്തുകൾ അത്തനാസ്യോസ് സെറാപ്പിയോനു് അയച്ചുകൊടുത്തു. 356–ൽ കോൺസ്റ്റാൻറിനോപ്പിളിലേക്കു് അത്തനാസ്യോസ് അയച്ച ഒരു ദൗത്യസംഘത്തിൽ സെറാപ്പിയോനും ഉണ്ടായിരുന്നു. സെറാപ്പിയോന്റെ മരണം ക്രി. വ. 362നു ശേഷമാണെന്നു കരുതപ്പെടുന്നു.

## കൃതികൾ

മാനിക്കേയർക്കെതിരായി സെറാപ്പിയോൻ ഒരു കൃതി എഴുതി എന്നു വി. ജറോം സാക്ഷിക്കുന്നു. (മഹത്. 99). നന്മതിന്മകളെപ്പററിയുള്ള മനിക്കേയൻ ദ്വൈതവാദം സെറാപ്പിയോൻ എതിർക്കുന്നു. അതുപോലെ വി. ഗ്രന്ഥം സംബന്ധിച്ചുള്ള മാനിക്കേയൻ തടസ്സവാദങ്ങൾക്കും അദ്ദേഹം ഉത്തരം പറയുന്നു.

11–ാം നൂററാണ്ടിലെ ഒരു കൈയെഴുത്തുപ്രതി (ms. of the Laura Monastery of Mt. Athos, 149) സെറാപ്പിയോന്റെ പേരി

www.malankaralibrary.com



ലുള്ള എവുക്കോലോഗിയോൻ (Euchologion) ഉൾക്കൊള്ളുന്നു. 30 പ്രാർത്ഥനകളുണ്ടിതിന്. ഒന്നും അഞ്ചും പ്രാർത്ഥനകൾക്ക മുമ്പിൽ സെറാപിയോൻെറ പേരുണ്ട്. എന്നാൽ മററുള്ളവയും അദ്ദേഹംതന്നെ ഉണ്ടാക്കിയതാകാനാണിട. കർബാനയുമായി ബന്ധപ്പെട്ടത്തി 18; സ്നാനം 17; പട്ടം 3; തൈലാശീർവാദവും ശവസംസ്കാരവും 2. ഒരു അനാഫറയുണ്ടിതിൽ. അതിന് വി. മർക്കോസിൻെറ അനാഫറയുമായി സാമ്യവും ചില കാര്യങ്ങളിൽ വ്യത്യാസവും ഉണ്ട്.

സെറാപിയോൻെറ കത്തുകളുടെ ചില ശകലങ്ങൾ മാത്രമാണ് ഇപ്പോൾ അവശേഷിക്കുന്നത്. സങ്കീർത്തനങ്ങളെപ്പററി സെറാപിയോൻ രചിച്ച കൃതിയും നഷ്ടപ്പെട്ടു.

## ത്മുയിസിലെ സെറാപിയോൻെറ എവുക്കൊലോഗിയോൻ*

### 1. ഞായറാഴ്ചക്കുള്ള ആദ്യപ്രാർത്ഥന

ഏക ജാതൻെറ പിതാവേ,
എല്ലാററിൻെറയും കർത്താവേ,
സൃഷ്ടലോകത്തിൻെറ സ്രഷ്ടാവേ,
അസ്തിത്വമുള്ളവയുടെ നിർമാതാവേ,
അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ കളങ്കരഹിതമായ കരങ്ങൾ
ഞങ്ങൾ അങ്ങേ പക്കലേക്ക നീട്ടുന്നു
ഒപ്പം ഞങ്ങളുടെ അരൂപികളെയും
ഞങ്ങൾ അങ്ങേ പക്കലേക്ക് ഉയർത്തുന്നു.

അങ്ങയുടെ ദയയോടും അങ്ങേ സഹാനുഭൂതിയോടും
അങ്ങേ നന്മയോടും
ഞങ്ങൾ അപേക്ഷിക്കുന്നു.
ഞങ്ങളെ തിരുത്തണമെ
ഞങ്ങളിൽ ശക്തിയും വിശ്വാസവും
അറിവും വർദ്ധിപ്പിക്കണമെ.

കർത്താവേ, അങ്ങേ ദൃഷ്ടി ഞങ്ങളിൽ പതിപ്പിക്കണമെ.
ഞങ്ങൾ ഞങ്ങളുടെ ബലഹീനത അങ്ങേ പക്കൽ
നിരത്തിവയ്ക്കുന്നു

* L. Deiss (ed.), Early Sources of the Liturgy, p. 97–134.

www.malankaralibrary.com



ഞങ്ങളോട് ക്ഷമിച്ച്, ഞങ്ങളെല്ലാവരിലും കാരുണ്യം വർഷിക്കണമെ.
അങ്ങയുടെ ജനത്തോട് ദയയായിരിക്കണമെ; അങ്ങയുടെ നന്മ അവരെ കാണിക്കണമെ.
അവരെ വിശാലഹൃദയരും, നിർമ്മലരും വിശുദ്ധരുമാക്കി ത്തീർക്കണമെ.

അങ്ങയുടെ ജനസമൂഹം മുഴുവൻ
വിശുദ്ധരും കളങ്കരഹിതരുമായിരിക്കാൻ
വാനരൂപികളെ അയച്ചുതരണമെ.

ഞങ്ങളുടെ ആത്മാക്കളിൽ നിന്റെ പരിശുദ്ധാത്മാവിനെ അയച്ചു തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. അവിടുന്ന് നിവേശിച്ച വിശുദ്ധ ഗ്രന്ഥങ്ങൾ മനസ്സിലാക്കുവാനും ഇവിടെ സന്നിഹിതരായിരിക്കുന്നവർക്കെല്ലാം പ്രയോജനപ്രദമാംവിധം വ്യക്തമായും യോഗ്യമായും അവ വ്യാഖ്യാനിക്കുവാനും കൃപ നൽകണമെ. നിന്റെ ഏകജാതനായ യേശുമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 2. പ്രസംഗത്തിനുശേഷമുള്ള പ്രാർത്ഥന

രക്ഷകനായ ദൈവമേ, പ്രപഞ്ചത്തിന്റെ ദൈവമേ, എല്ലാവസ്തുക്കളുടെയും സ്രഷ്ടാവും പരമാധികാരിയുമേ, ഏകജാതനായ പുത്രന്റെ പിതാവേ, അവൻ നിന്നിൽനിന്നു ജനിച്ച സജീവവും യഥാർത്ഥവുമായ ഛായയാകുന്നു. മനുഷ്യകുലത്തിന്റെ നന്മയ്ക്കുവേണ്ടി അവനെ നീ അയച്ചു; അവനിലൂടെ എല്ലാ മനുഷ്യരെയും നീ വിളിക്കുകയും രമ്യപ്പെടുത്തുകയും ചെയ്തു.

ഈ ജനത്തിനുവേണ്ടി ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. കൃപയുടെ ദൈവമേ, കർത്താവായ ഈശോ അവരെ സന്ദർശിക്കുന്നതിനു വരുന്നതിനും ഓരോരുത്തരുടെയും ആത്മാവിൽ അവൻ സംസാരിക്കുന്നതിനും വിശ്വാസത്തിനുവേണ്ടി അവൻ അവരുടെ ഹൃദയങ്ങളെ ഒരുക്കുന്നതിനും അവൻ അവരുടെ ആത്മാക്കളെ നിന്നിലേക്കു നയിക്കുന്നതിനും പരിശുദ്ധാത്മാവിനെ അവർക്കയച്ചു കൊടുക്കണമേ.

നിന്റെ ശ്രേഷ്ഠമായ അജഗണത്തെ സ്വന്തമാക്കണമേ. ഈ പട്ടണത്തിലെ നിന്റെ ജനത്തെ സ്വന്തമാക്കണമേ. നിന്റെ ഏകജാതനായ യേശുമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

www.malankaralibrary.com



## 3. സ്നാനാർത്ഥിക്കുവേണ്ടിയുള്ള പ്രാർത്ഥന

പ്രപഞ്ചകർത്താവേ, നീ ഞങ്ങളുടെ സഹായം (ആകുന്നു). വിമോചിതരുടെ വിമോചകനേ, രക്ഷിക്കപ്പെട്ടവരുടെ യജമാനനേ, നിന്റെ കൈയിലിരിക്കുന്നവരുടെ പ്രതീക്ഷയേ,

അതിക്രമം നീക്കിക്കളയുകയും നിന്റെ ഏകജാതനിലൂടെ സാത്താനെ തകർക്കുകയും അവന്റെ പ്രവർത്തനങ്ങൾക്ക വിരാമം ഇടുകയും അവൻ ബന്ധിച്ചവരെ വിമോചിപ്പിക്കുകയും ചെയ്യുവൻ നീയാകുന്നു.

നിന്റെ ഏകജാതനിലൂടെ നീ വിളിക്കുകയും നിന്നെ അറിയുവാൻ അനുവാദം ലഭിക്കുകയുംചെയ്യ ഈ സ്നാനാർത്ഥികളെപ്രതി ഞങ്ങൾ നിനക്കു നന്ദി പറയുന്നു.

ഏകസത്യദൈവമായ നിന്നെയും നീ അയച്ച ഈശോമിശിഹായേയും അറിയുന്നതിനുള്ള ഈ ജ്ഞാനത്തിൽ അവരെ ശക്തരാക്കണമെന്ന് ഇക്കാരണത്താൽ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

നിന്റെ പ്രബോധനങ്ങളിലും നിന്റെ പാവനമായ അദ്ധ്യാപനത്തിലും അവരെ കാത്തുസൂക്ഷിക്കണമെ. അവർ അതിൽ പുരോഗമിക്കുകയും പുനർജന്മസ്നാനത്തിനും നിന്റെ വിശുദ്ധ രഹസ്യങ്ങൾക്കും യോഗ്യരായിത്തീരുകയും ചെയ്യട്ടെ.

നിന്റെ ഏകജാതനായ കർത്താവേശുമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ഇപ്പോഴും എന്നുമെന്നേക്കും. ആമ്മീൻ.

## 4. സ്നാനാർത്ഥികൾക്കുള്ള ആശീർവാദം

ഈ ജനത്തെ ആശീർവദിക്കുവാൻ നിന്റെ ദിവ്യവും ജീവദായകവുമായ കരം നീട്ടണമെന്ന് ഉടയവനേ, നിന്റെ പക്കലേക്ക് ഞങ്ങളുടെ കൈകളുയർത്തി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

നിത്യനായ പിതാവേ, നിന്റെ ഏകജാതനിലൂടെ നിന്റെ മുൻപാകെ ഇവർ തലകുനിച്ചിരിക്കുന്നതു കാണുക.

നിന്റെ ആശീർവാദം, വിജ്ഞാനത്തിന്റെയും ഭക്തിയുടെയും ആശീർവാദം, നിന്റെ വിശുദ്ധ രഹസ്യങ്ങളുടെ ആശീർവാദം, ഈ ജനങ്ങളുടെമേൽ ഇറങ്ങി ആവസിക്കട്ടെ.

നിന്റെ ഏകജാതനായ ഈശോമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും, എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

www.malankaralibrary.com



## 5. ജനങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന

മനുഷ്യസ്നേഹിയായ ദൈവമേ, നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. ഞങ്ങളുടെ ബലഹീനത നിന്റെ മുമ്പാകെ ഞങ്ങൾ നിരത്തിവയ്ക്കുന്നു. നീ ഞങ്ങളുടെ ബലമായിരിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ മുൻകാലപാപങ്ങൾ ക്ഷമിക്കണമേ, ഞങ്ങളുടെ മുൻകാലതെറ്റുകൾ ക്ഷമിക്കണമേ; ഞങ്ങളെ പുതിയ മനുഷ്യരാക്കണമേ; ഞങ്ങളെ നിർമ്മലരും വിശാലമനസ്കരും ആയ ദാസന്മാരാക്കണമേ.

ഞങ്ങൾ സ്വയം നിനക്കു സമർപ്പിക്കുന്നു. സത്യദൈവമേ, ഞങ്ങളെ സ്വീകരിക്കണമേ; ഇവർ പൂർണമായി നിന്റെ സത്യജനമാകുവാൻവേണ്ടി ഇവരെ നീ സ്വീകരിക്കണമേ. ഇവർ പൂർണമായി നിഷ്കളങ്കതയിലും നീതിയിലും ജീവിക്കുവാൻ ഇടയാക്കണമേ, ഇവർ സ്വർഗീയാത്മാക്കളോടുകൂടെ ചേരട്ടെ; ഇവർ മാലാഖമാരോടുകൂടി എണ്ണപ്പെടട്ടെ. ഇവരെല്ലാവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധരുമായിത്തീരട്ടെ.

കർത്താവീശോമിശിഹായിൽ വിശ്വസിക്കുകയും അവനെ അംഗീകരിക്കുകയും ചെയ്യുന്നവർക്കുവേണ്ടി ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു. അവർ വിശ്വാസത്തിലും അറിവിലും പ്രബോധനത്തിലും ഉറപ്പിക്കപ്പെടട്ടെ.

ഈ ജനങ്ങൾക്കെല്ലാവർക്കുംവേണ്ടി ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു. അവരോടെല്ലാം ക്ഷമിച്ച്, നിന്നെത്തന്നെ അവരെ കാണിക്കുക, നിന്റെ പ്രകാശം അവർക്ക് വെളിപ്പെടുത്തുക. അങ്ങനെ നിന്റെ ഏകജാതനായ ഈശോമിശിഹായോടുകൂടി നിത്യപിതാവായ നിന്നെ എല്ലാവരും അംഗീകരിക്കട്ടെ.

എല്ലാ ന്യായാധിപന്മാർക്കുംവേണ്ടി ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു; സഭയുടെ സുസ്ഥിതിക്കുവേണ്ടി അവരുടെ ഭരണം സമാധാനപൂർണമാക്കണമെ.

കരുണ നിറഞ്ഞ ദൈവമേ, സ്വതന്ത്രർക്കും ബന്ധിതർക്കും, പുരുഷന്മാർക്കും സ്ത്രീകൾക്കും, ധനികർക്കും, ദരിദ്രർക്കുംവേണ്ടി നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. സകലർക്കും നിന്റെ സന്മനസ്സ് കാട്ടണമെ. നിന്റെ നന്മ ഞങ്ങളിലേക്കു വ്യാപിപ്പിക്കണമെ. എല്ലാവരോടും ദയ കാണിക്കണമെ. അവരുടെ പാദങ്ങളെ നിന്നിലേക്കു നയിക്കണമെ. മാനസാന്തരത്തിനുള്ള കൃപ എല്ലാവർക്കും നൽകണമെ.

www.malankaralibrary.com



യാത്രചെയ്യുന്നവർക്കുവേണ്ടി നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരെ അനുഗമിക്കുവാൻ സമാധാനദൂതനെ അയച്ചുകൊടുക്കണമെ. അവർക്കൊരു ദോഷവും സംഭവിക്കരുതേ. അവർ സുരക്ഷിതരായി അവരുടെ ലക്ഷ്യത്തിലും തുറമുഖത്തിലും എത്തിച്ചേരട്ടെ.

പീഡിതർക്കും, ബന്ധിതർക്കും, ദരിദ്രർക്കും വേണ്ടി ഞങ്ങൾ അങ്ങയോടു പ്രാർത്ഥിക്കുന്നു. അവരെ ശക്തിപ്പെടുത്തണമെ, അവരുടെ ബന്ധനത്തിൽനിന്ന് അവരെ വിടുവിക്കണമെ, അവരുടെ നികൃഷ്ടാവസ്ഥയിൽനിന്ന് അവരെ രക്ഷിക്കണമെ. ആശ്വാസവും ആലംബവുമായ നീ തന്നെ അവരെയെല്ലാം സമാശ്വസിപ്പിക്കണമെ.

രോഗികൾക്കുവേണ്ടി ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു. അവർക്ക് ആരോഗ്യം നൽകണമെ. അവരുടെ രോഗത്തിൽനിന്ന് വിടുതൽ നൽകണമെ. അവർക്ക് ആത്മാവിൻെറയും ശരീരത്തിൻെറയും പരിപൂർണ്ണ സൗഖ്യം പ്രദാനം ചെയ്യണമെ. നീ രക്ഷകനും ഉപകാരിയുമാകുന്നു. നീ എല്ലാവരുടെയും കർത്താവും രാജാവുമാകുന്നു. നിൻെറ ഏകജാതനായ ഈശോമിശിഹായിലൂടെ സകലർക്കുംവേണ്ടി നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവനിലൂടെ ശക്തിയും മഹത്വവും ഇപ്പോഴുമെന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 6. ജനങ്ങളുടെമേലുള്ള ആശീർവാദം

സജീവവും വിശുദ്ധവുമായ വലത്തുകൈ,
നിൻെറ ഏകജാതൻെറ വലത്തുകൈ,
സകല തിന്മയും നീക്കിക്കളയുന്ന വലത്തുകൈ,
എല്ലാ വിശുദ്ധരെയും ശക്തിപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്യുന്ന വലത്തുകൈ,
നമ്രശിരസ്കരായി നിൽക്കുന്ന ഈ ജനത്തിന്മേൽ ആവസിക്കട്ടെ.

പരിശുദ്ധാരൂപിയുടെ ആശീർവാദത്താൽ
സ്വർഗീയമായ ആശീർവാദത്താൽ
പ്രവാചകരുടെയും ശ്ലീഹന്മാരുടെയും ആശീർവാദത്താൽ
ഈ ജനം ആശീർവദിക്കപ്പെടട്ടെ.

ശുദ്ധരും പാവനരുമായിത്തീരാൻ
ഇവരെല്ലാവരുടെയും ശരീരങ്ങൾ ആശീർവദിക്കപ്പെടട്ടെ.
അറിവിനും ജ്ഞാനത്തിനും രഹസ്യങ്ങൾക്കുംവേണ്ടി
ഇവരുടെ ആത്മാക്കൾ ആശീർവദിക്കപ്പെടട്ടെ.

www.malankaralibrary.com



നിൻെറ ഏകജാതനായ ഈശോമിശിഹായിൽ എല്ലാവരും ആശീർവദിക്കപ്പെടട്ടെ. അവനിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്ത്വവും ഇപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു ആമ്മീൻ.

## 7. രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥന

ശരീരത്തിൻെറ നിർമ്മാതാവും, ആത്മാവിൻെറ സ്രഷ്ടാവുമായ കർത്താവും സംരക്ഷകനുമേ, ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു; മനുഷ്യകുലത്തോടു നിനക്കുള്ള സ്നേഹം നിമിത്തം, നീ മനുഷ്യനെ മണ്ണിൽനിന്നു രൂപപ്പെടുത്തുന്നു; നീ എല്ലാം ഭരിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. നീ മനുഷ്യവർഗത്തെ മുഴുവൻ രക്ഷിക്കുന്നു. നീ എല്ലാററിനെയും രമ്യപ്പെടുത്തുകയും സമാധാനം നൽകുകയും ചെയ്യുന്നു.

കർത്താവേ, കാരുണ്യം കാണിക്കണമെ. എല്ലാ രോഗികളെയും സന്ദർശിച്ച് സഹായിക്കണമെ. അവരുടെ രോഗങ്ങൾ നിയന്ത്രിക്കണമെ; വേദനിക്കുന്നവരെ സമാശ്വസിപ്പിക്കണമെ. നിൻെറ ഏകജാതനായ ഈശോമിശിഹായിലൂടെ 'നിൻെറ നാമത്തിനു മഹത്ത്വം നൽകണമെ' (സങ്കീ. 115. 1).

അവനിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്ത്വവും ഇപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 8. രോഗികളെ ആശീർവദിക്കൽ

കരുണനിറഞ്ഞ ദൈവമായ കർത്താവേ, തൃക്കൈകൾ നീട്ടുവാൻ തിരുവുള്ളമുണ്ടാകണമെ. നിൻെറ ദയയാൽ എല്ലാ രോഗികളെയും സുഖപ്പെടുത്തണമേ. നിൻെറ ദയയാൽ ആരോഗ്യത്തിനു് അവരെ അർഹരാക്കണമെ. അവരുടെ ഈ രോഗത്തിൽനിന്നു് അവരെ രക്ഷിക്കണമെ; നിൻെറ ഏകജാതൻെറ നാമത്തിൽ അവർക്കു് വിടുതൽ നൽകണമെ. ഈ പരിശുദ്ധനാമം തന്നെ ആരോഗ്യത്തിനും സൗഖ്യത്തിനും നിദാനമാകട്ടെ.

അവനിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്ത്വവും ഇപ്പോഴുമെന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 9. കൊയ്ത്തു പ്രാർത്ഥന

ഭുവാനങ്ങളുടെ സ്രഷ്ടാവേ,
നീ ആകാശത്തെ നക്ഷത്രനിരകൊണ്ടു് അലങ്കരിച്ചിരിക്കുന്നു;
പ്രകാശധോരണിയാൽ അതിനെ പ്രകാശിപ്പിക്കുന്നു;

www.malankaralibrary.com



മനുഷ്യരുടെ ഉപയോഗത്തിനായി നീ ഭൂമിയെ ഫലമൂലാദി
കാരംകൊണ്ടു് സമൃദ്ധമാക്കുന്നു.
നക്ഷത്രങ്ങളുടെ ശോഭയാലും പ്രകാശത്താലും സന്തോഷി
ധരയുടെ ഫലത്താൽ പുഷ്ടിപ്പെടുവാനും [ക്കാനും
നിന്റെ ദയയാൽ നീ സൃഷ്ടിച്ച
മനുഷ്യകുലത്തിനുവേണ്ടി (അവയെ) നീ നൽകുന്നു.

ഞങ്ങൾക്കു സമൃദ്ധവും ഫലഭൂയിഷ്ഠവുമായ മഴയെ
നൽകണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

നിനക്കു് മനുഷ്യകുലത്തോടുള്ള സ്നേഹത്താലും
നിന്റെ സന്മനസ്സിനാലും
ഭൂമി ധാരാളമായി ഫലങ്ങൾ പുറപ്പെടുവിക്കാൻ
അനുഗ്രഹം നൽകണമെ.

നിന്നെ നോക്കിവിളിക്കുന്നവരുടെ കാര്യത്തിൽ നീ ശ്രദ്ധാലുവായിരിക്കണമെ. ഏകവും വിശുദ്ധവും കാതോലികവുമായ നിന്റെ സഭയെ മഹത്വപ്പെടുത്തണമെ. ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കേട്ടു്, യേശുമിശിഹാ എന്ന നിന്റെ ഏകജാതനിലൂടെ ധര മുഴുവനെയും അനുഗ്രഹിക്കണമെ. അവനിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 10. സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന

യുഗങ്ങളുടെ ദൈവമായ കർത്താവേ,
സ്വർഗീയാരൂപികളുടെ ദൈവമേ,
ആത്മാർത്ഥതയോടും ഹൃദയവിശുദ്ധിയോടുംകൂടെ
തന്നെ വിളിക്കുന്നവരുടെയും
വിശുദ്ധാത്മാക്കളുടെയും ദൈവമേ,
നീ സ്വർഗത്തിൽ സ്വയം വെളിപ്പെടുത്തുന്നു.
പാവനാരൂപികൾക്കു് നിന്നെത്തന്നെ
വെളിപ്പെടുത്തുകയും ചെയ്യുന്നു.
നിനക്കു് ധരയിൽ ഗീതങ്ങൾ ആലപിക്കപ്പെടുന്നു.
നീ കത്തോലിക്കാ സഭയിൽ വസിക്കുന്നു.
നിന്നെ വിശുദ്ധ മാലാഖമാരും പാവനാരൂപികളും
ശുശ്രൂഷിക്കുന്നു
സത്യത്തെ പ്രകീർത്തിക്കുവാനും മഹത്വപ്പെടുത്തുവാനും
നീ സ്വർഗത്തെ ഒരു സജീവ ഗായകസമൂഹം ആക്കുന്നു.

ഈ സഭയെ സജീവവും പാവനവുമാക്കണമെ.
അവർക്കു ദിവ്യശക്തികൾ നൽകണമേ
പാവനരായ മാലാഖമാർ അവർക്കു് ശുശ്രൂഷ ചെയ്യട്ടെ.

www.malankaralibrary.com



അങ്ങനെ അവരും നിന്നെ പാവനമായി അർപ്പിക്കാൻ
ഇടയാകട്ടെ
ഈ സഭയിലെ സകല മനുഷ്യർക്കുംവേണ്ടി നിന്നോട്
ഞങ്ങൾ അപേക്ഷിക്കുന്നു.
എല്ലാവർക്കും നിന്റെ പ്രീതിയും അനുരഞ്ജനവും പാപ
മോചനവും നൽകണമെ.
മേലിൽ ഒരിക്കലും പാപംചെയ്യാൻ അവരെ അനുവദി
നീ അവർക്ക് കോട്ടയമായിരുന്ന് ക്കരുതേ
എല്ലാ പ്രലോഭനങ്ങളെയും നശിപ്പിക്കണമെ
പുരുഷന്മാരോടും സ്ത്രീകളോടും കുട്ടികളോടും ദയകാണി
നിന്നെത്തന്നെ അവർക്ക് കാണിച്ചുകൊടുക്കുക ക്കണമെ
അങ്ങനെ നിന്നെക്കുറിച്ചുള്ള ജ്ഞാനം അവരുടെ ഹൃദയങ്ങ
ളിൽ എഴുതപ്പെടട്ടെ

നിന്റെ ഏകജാതനായ കർത്താവേശുമിശിഹാവഴി പരി ശുദ്ധാത്മാവിൽ ശക്തിയും മഹത്ത്വവും ഇപ്പോഴും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 11. വൈദികർക്കും ജനങ്ങൾക്കും വേണ്ടിയുള്ള ലുത്തിനിയാ

രക്ഷകനും കർത്താവും സർവ്വജഡത്തിന്റെയും ദൈവവും എല്ലാ അരൂപികളുടെയും കർത്താവും ആയ നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. നീ വാഴ്ത്തപ്പെട്ടവനും എല്ലാ അനുഗ്രഹങ്ങളും വിതരണം ചെയ്യുന്നവനും ആകുന്നു.

ഞങ്ങളുടെ മെത്രാനെ വിശുദ്ധീകരിക്കണമെ. എല്ലാ പരീക്ഷകളിൽനിന്നും സംരക്ഷിക്കണമെ. അദ്ദേഹത്തിന് വിജ്ഞാനവും അറിവും പ്രദാനം ചെയ്യണമെ. നിന്നെക്കുറിച്ചുള്ള അറിവ് അദ്ദേഹത്തിനു വർദ്ധിപ്പിച്ചു കൊടുക്കണമെ.

അദ്ദേഹത്തോടുകൂടി വൈദികരായിരിക്കുന്നവർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരെ വിശുദ്ധീകരിക്കണമെ. അവർക്ക് വിജ്ഞാനവും അറിവും ശരിയായ പ്രബോധനവും നൽകണമെ. നിന്റെ വിശുദ്ധ പ്രബോധനങ്ങൾ ശരിയായും അന്യൂനമായും പകർന്നു കൊടുക്കുവാൻ സഹായിക്കണമെ.

ശെമ്മാശ്ശന്മാരെയും വിശുദ്ധീകരിക്കണമെ. അവർ ഹൃദയത്തിലും ശരീരത്തിലും വിശുദ്ധരായിരിക്കട്ടെ. കർത്താവിന്റെ വിശുദ്ധ ശരീരവും രക്തവും നൽകുവാനും ശുദ്ധമനസ്സാക്ഷിയോടുകൂടി അവ

www.malankaralibrary.com



രുടെ ശുശ്രൂഷ നിർവഹിക്കുവാനും അവർക്കു സാധിക്കട്ടെ. വായനക്കാർക്കും വ്യാഖ്യാതാക്കൾക്കും സബ്ഡീക്കന്മാർക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. സഭയിലെ എല്ലാ ശുശ്രൂഷകർക്കും നീ ശക്തിയും ആശ്വാസവും ആയിരിക്കണമെ. അവർക്കെല്ലാവർക്കും ആത്മീയ വളർച്ചയും ദയയും കൃപയും നൽകണമെ.

ഏകാന്തവാസക്കാർക്കും ബ്രഹ്മചാരികൾക്കുംവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവർ അവരുടെ ഓട്ടം കുററംകൂടാതെ പൂർത്തിയാക്കട്ടെ. സ്ഥിരതയോടുകൂടി അവരുടെ ജീവിതം നയിക്കട്ടെ. വിശുദ്ധിയിലും ശുദ്ധതയിലും അവർ എല്ലാ ദിവസവും ചെലവഴിക്കട്ടെ. വിവാഹിതരായ ആളുകളുടെമേലും പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെമേലും കരുണചെയ്യണമെ.

അവർക്കെല്ലാം നിന്റെ അനുഗ്രഹം നൽകണമെ. അവർ പുരോഗമിച്ച് മെച്ചപ്പെടട്ടെ. അവർ ജീവിക്കുന്നവരുടെയും തെരഞ്ഞെടുക്കപ്പെട്ടവരുടെയും ഇടയിൽ കാണപ്പെടട്ടെ.

നിന്റെ ഏകജാതനായ യേശുമിശിഹാവഴി പരിശുദ്ധാത്മാവിൽ ശക്തിയും മഹത്ത്വവും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 12. മുട്ടുകുത്തുമ്പോഴുള്ള പ്രാർത്ഥന

ഏകജാതന്റെ പിതാവേ, നന്മയുടെയും ദയയുടെയും പൂർണതയേ, നിന്റെ പക്കലേക്ക് തിരിയുന്നവരുടെ നന്മദാതാവേ, നീ മനുഷ്യരേയും ആത്മാക്കളേയും സ്നേഹിക്കുന്നവനാകുന്നു. ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ. ഞങ്ങൾക്ക് അറിവും വിശ്വാസവും ഭക്തിയും വിശുദ്ധിയും നൽകണമെ.

എല്ലാ ദുരാശകളെയും ജഡിക വികാരങ്ങളെയും നിന്റെ ജനത്തിന്റെ എല്ലാ കുറവുകളെയും ഇല്ലാതാക്കണമെ. അവരെ എല്ലാവരെയും വിശുദ്ധീകരിക്കണമെ. അവരുടെ കുററങ്ങളെല്ലാം പരിഹരിച്ച് അവരെ രമ്യപ്പെടുത്തണമെ.

നിത്യനായ പിതാവേ, നിന്റെ ഏകജാതനിലൂടെ നിന്റെ മുൻപാകെ അത്രേ ഞങ്ങൾ മുട്ടുകൾ കുത്തുന്നത്. ഞങ്ങൾക്ക് പാവനാരൂപിയെ, ഒരു പരിപൂർണസഹായിയെ, നൽകണമെ. നിന്നെ അന്വേഷിക്കുന്നതിനും നിന്നെ സ്നേഹിക്കുന്നതിനും നിന്റെ ദിവ്യവചനങ്ങൾ പരിശോധിച്ച് കണ്ടുപിടിക്കുന്നതിനും സഹായിക്കണമെ.

യജമാനനേ, നിന്റെ കൈ നീട്ടി ഞങ്ങളെ ഉദ്ധരിക്കണമെ. ദയാപരനായ ദൈവമേ, ഞങ്ങളെ ഉയർത്തണമെ. ഞങ്ങൾ നിന്നിലേക്ക് ഉയർത്തപ്പെടട്ടെ. ഞങ്ങളുടെ കണ്ണുകൾ തുറക്കപ്പെടട്ടെ.

www.malankaralibrary.com



നിൻെറ ദയയിൽ ഞങ്ങരംക്ക് ആത്മവിശ്വാസം നൽകണമെ. ഞങ്ങരം ലജ്ജിക്കുവാനോ സംഭ്രമത്താൽ മൂടപ്പെടുവാനോ, ഞങ്ങളുടെമേൽതന്നെ വിധി പ്രസ്താവിക്കപ്പെടുവാനോ ഞങ്ങളെ അനുവദിക്കരുതേ.

ഞങ്ങരംക്കെതിരായുള്ള വിധിവാചകം മായിച്ചു കളയണമെ. ജീവൻെറ പുസ്തകത്തിൽ ഞങ്ങളുടെ പേരെഴുതണമെ. നിൻെറ വിശുദ്ധ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും ഇടയിൽ ഞങ്ങളെ എണ്ണണമെ.

നിൻെറ ഏകജാതനായ യേശുമിശിഹാവഴി പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## സ്തോത്രാർപ്പണം (കുർബാന)

### 13. അനാഫറയിലെ പ്രാർത്ഥന

പ്രുമിയോൻ(preface): ഏകജാതനായ ഈശോമിശിഹായുടെ നിത്യപിതാവേ, അങ്ങയെ പ്രകീർത്തിക്കുന്നതും, വാഴ്ത്തുന്നതും, മഹത്വപ്പെടുത്തുന്നതും, യുക്തവും ന്യായവുമാകുന്നു.

വിശകലനാതീതനും വിവരണാതീതനും സൃഷ്ടവസ്തുക്കരംക്കെല്ലാം അപരിമിതനുമായ നിത്യദൈവമേ, അങ്ങയെ ഞങ്ങരം പ്രകീർത്തിക്കുന്നു.

നീ ഏകജാതന് അറിയപ്പെട്ടവനാകുന്നു; അവൻ നിന്നെ വെളിപ്പെടുത്തുന്നു; അവൻ നിന്നെപ്പററി വിവരിക്കുന്നു; സൃഷ്ടികരംക്ക് അവൻ നിന്നെ വ്യക്തമാക്കുന്നു; നിന്നെ ഞങ്ങരം പ്രകീർത്തിക്കുന്നു.

പുത്രനെ അറിയുകയും, വിശുദ്ധർക്ക് അവൻെറ മഹത്വം വെളിപ്പെടുത്തുകയും ചെയ്യുന്ന നിന്നെ ഞങ്ങരം പ്രകീർത്തിക്കുന്നു. നീ ജനിപ്പിച്ച നിൻെറ പുത്രന് നീ അറിയപ്പെട്ടവനാകുന്നു; അവൻ വിശുദ്ധർക്ക് നിന്നെ വെളിപ്പെടുത്തുകയും വ്യക്തമാക്കുകയും ചെയ്യുന്നു.

അമർത്യത പ്രദാനം ചെയ്യുന്ന അദൃശ്യപിതാവേ, നിന്നെ ഞങ്ങരം പ്രകീർത്തിക്കുന്നു. നീ ജീവൻെറ ഉറവയാകുന്നു; പ്രകാശത്തിൻെറ ഉറവയാകുന്നു; എല്ലാ കൃപയുടെയും എല്ലാ സത്യത്തിൻെറയും ഉറവയാകുന്നു; നീ മനുഷ്യസ്നേഹിയാകുന്നു; നീ സകലരുമായി രമ്യപ്പെടുന്നവനാകുന്നു; നിൻെറ ഏകജാതൻെറ ആഗമനത്തിലൂടെ നീ എല്ലാവരേയും നിന്നിലേക്ക് വലിച്ചടുപ്പിക്കുന്നു.

www.malankaralibrary.com



ഞങ്ങളെ ജീവനുള്ള മനുഷ്യരാക്കണമെന്നു് നിന്നോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു. സത്യമായ നിന്നെയും നീ അയച്ച ഈശോമിശിഹായെയും ഞങ്ങൾ അറിയുവാൻ ഞങ്ങൾക്കു് പ്രകാശത്തിൻെറ ആത്മാവിനെ പ്രദാനം ചെയ്യണമെ.

അവർണനീയ രഹസ്യങ്ങൾ പ്രഖ്യാപിക്കാനും വിവരിച്ചുകൊടുക്കാനും ഞങ്ങൾ യോഗ്യരാകുവാൻ ഞങ്ങൾക്കു പരിശുദ്ധാത്മാവിനെ നൽകണമെ. കർത്താവായ ഈശോയും പരിശുദ്ധാത്മാവും ഞങ്ങളിൽ സംസാരിക്കട്ടെ. ഞങ്ങളിലൂടെ ഗീതങ്ങളാൽ അവൻ നിന്നെ പ്രഘോഷിക്കട്ടെ.

എന്തെന്നാൽ നീ എല്ലാ ശക്തികൾക്കും, അധികാരങ്ങൾക്കും, സൈന്യങ്ങൾക്കും, പരമാധികാരങ്ങൾക്കും, ഈ യുഗത്തിലും വരുവാനിരിക്കുന്ന യുഗത്തിലും പേർ പറയപ്പെടുന്ന എല്ലാ നാമങ്ങൾക്കും ഉപരിസ്ഥനാകുന്നു.

## പരിശുദ്ധൻ (Sanctus)

ആയിരങ്ങളുടെ ആയിരങ്ങളും, പതിനായിരങ്ങളുടെ പതിനായിരങ്ങളുമായ മാലാഖമാർ, പ്രധാന മാലാഖമാർ, സിംഹാസനസ്ഥന്മാർ, ശക്തികൾ, അധികാരികൾ, രാജത്വങ്ങൾ എന്നിവർ നിനക്കു് ശുശ്രൂഷചെയ്യുന്നു. ആറാറു ചിറകുകളുള്ള ശ്രേഷ്ഠരായ രണ്ടു് സ്രാപ്പേന്മാർ നിൻെറ സമീപത്തു് നിൽക്കുന്നു. രണ്ടുകൊണ്ടു് അവർ അവരുടെ മുഖം മൂടുന്നു; രണ്ടുകൊണ്ടു് അവരുടെ പാദം മൂടുന്നു; രണ്ടു ചിറകുകൾകൊണ്ടു് അവർ പറക്കുന്നു. അവർ നിൻെറ വിശുദ്ധിയെ പാടിപ്പുകഴ്ത്തുന്നു. നിൻെറ വിശുദ്ധി ഞങ്ങൾ പ്രകീർത്തിക്കുന്നതു ഞങ്ങളിൽനിന്നു സ്വീകരിക്കണമെ. ശാബതിൻെറ കർത്താവു് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ആകാശവും ഭൂമിയും നിൻെറ മഹത്വത്താൽ നിറഞ്ഞിരിക്കുന്നു (ഏശ. 6: 2–3). നിൻെറ അത്ഭുതകരമായ മഹത്വത്താൽ ആകാശം നിറഞ്ഞിരിക്കുന്നു, ഭൂമിയും നിറഞ്ഞിരിക്കുന്നു.

## സ്ഥാപനവിവരണം

ശക്തികളുടെ കർത്താവേ, നിൻെറ ശക്തികൊണ്ടും നിൻെറ ഭാഗഭാഗിത്വംകൊണ്ടും ഈ ബലി നിറയ്ക്കണമെ. ഈ സജീവ ബലിയെ, ഈ രക്തരഹിതബലിയെ നിനക്കാണല്ലോ ഞങ്ങൾ അണച്ചതു്. നിൻെറ ഏകജാതൻെറ ശരീരത്തിൻെറ പ്രതിരൂപമായ ഈ അപ്പത്തെ നിനക്കാണല്ലോ ഞങ്ങൾ അർപ്പിച്ചതു്. വി. ശരീരത്തിൻെറ പ്രതിരൂപമാണു് അപ്പം.

എന്തെന്നാൽ, കർത്താവായ ഈശോ, താൻ ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ അപ്പമെടുത്തു മുറിച്ചു് തൻെറ ശിഷ്യന്മാർക്കു്

www.malankaralibrary.com



നൽകിക്കൊണ്ടു് അരുളിച്ചെയ്തു. 'എടുത്തു ഭക്ഷിക്കുവിൻ; ഇതു് എന്റെ ശരീരമാകുന്നു; ഇതു് കടങ്ങളുടെ പരിഹാരത്തിനായി നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്നു.'

ഇക്കാരണത്താൽ, തന്റെ മരണത്തിന്റെ ഓർമ്മ ആചരിച്ചു കൊണ്ടു് ഞങ്ങളും ഈ അപ്പം അർപ്പിച്ചു പ്രാർത്ഥിക്കുന്നു. സത്യദൈവമേ, ഈ ബലി വഴി ഞങ്ങളെല്ലാവരെയും നിന്നോടു് രമ്യപ്പെടുത്തേണമേ; ഞങ്ങളോടു് ദയാപൂർവം വർത്തിക്കണമേ. കാരണം, മലമുകളിൽ ചിതറപ്പെട്ടു കിടക്കുകയും, കൂട്ടിച്ചേർക്കപ്പെട്ടു് ഒന്നായി തീരുകയുംചെയ്ത ഈ അപ്പംപോലെ നിന്റെ പരിശുദ്ധ സഭയെ എല്ലാ ജനപദങ്ങളിൽനിന്നും, എല്ലാ സ്ഥലത്തുനിന്നും, എല്ലാ പട്ടണങ്ങളിൽനിന്നും, ഗ്രാമങ്ങളിൽനിന്നും ഭവനങ്ങളിൽനിന്നും ഒന്നിച്ചുചേർത്തു് സജീവവും കാതോലികവുമായ നിന്റെ ഏക സഭയാക്കിത്തീർക്കണമേ.

അതുപോലെ രക്തത്തിന്റെ പ്രതിരൂപമായ ഈ കാസായും നിനക്കു ഞങ്ങൾ അർപ്പിക്കുന്നു. എന്തെന്നാൽ, കർത്താവായ ഈശോ ഭക്ഷണത്തിനുശേഷം കാസായെടുത്തു്, ശിഷ്യന്മാരോടു് അരുളിച്ചെയ്തു: 'എടുത്തു് കുടിക്കുവിൻ; ഇതു് എന്റെ രക്തമാകുന്നു. ഇതു് പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി ചൊരിയപ്പെടുന്ന പുതിയനിയമമാകുന്നു.' ഇക്കാരണത്താൽ നിന്റെ രക്തത്തിന്റെ പ്രതിരൂപമായ ഈ കാസാ ഞങ്ങൾ നിനക്കർപ്പിക്കുന്നു.

## വചനത്തോടുള്ള പ്രാർത്ഥന

സത്യദൈവമേ, നിന്റെ വിശുദ്ധ വചനം ഈ അപ്പത്തിന്മേലും കാസായിന്മേലും വന്നു് ആവസിക്കട്ടെ. ഇതു് വചനത്തിന്റെ ശരീരവും സത്യത്തിന്റെ രക്തവും ആയിത്തീരട്ടെ. ഇതു സ്വീകരിക്കുന്നവർക്കെല്ലാം ഇതു ജീവദായകമായ ശമനം പ്രദാനം ചെയ്യട്ടെ; ഇതു അവരിലുള്ള എല്ലാവിധ ബലഹീനതകളെയും സുഖമാക്കട്ടെ; എല്ലാവിധ പുരോഗതിയിലും സുകൃതത്തിലും ഇതു് അവരെ ശക്തീകരിക്കട്ടെ. സത്യദൈവമേ, ഇതു് അവക്കു് വിധിക്കോ, സംഭ്രമത്തിനോ ലജ്ജയ്ക്കോ കാരണമാകരുതേ.

## ജീവനുള്ളവരുടെ അനുസ്മരണ

പരിശുദ്ധാത്മാവിൽ, നിന്റെ ഏകജാതനിലൂടെ നിത്യദൈവമേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു: ഈ ജനത്തിന്റെമേൽ കരുണ തോന്നണമേ; പുരോഗതിക്കർഹരായി ഇവരെ വിധിക്കണമേ. നിന്റെ മാലാഖമാരെ ഈ ജനത്തിന്റെ പക്കലയയ്ക്കണമേ; അങ്ങനെ ദുഷ്ടന്റെ മേൽ ഇവർ വിജയം വരിക്കാൻ

www.malankaralibrary.com



സഹായിക്കണമെ; നിൻെറ സഭയെ ശക്'തിപ്പെടുത്തുകയും ചെയ്യണമെ;

## മരിച്ചവരുടെ ഓർമ

നിദ്ര പ്രാപിച്ചവരും ഞങ്ങൾ അനുസ്'മരിക്കുന്നവരുമായ എല്ലാ പരേതർക്കുവേണ്ടിയും ഞങ്ങൾ നിന്നോട്' അപേക്ഷിക്കുന്നു.

## അവരുടെ പേരുകൾ അനുസ്'മരിച്ചശേഷം

ഈ ആത്'മാക്കളെ വിശുദ്'ധീകരിക്കണമെ; എന്തെന്നാൽ നീ അവരെയെല്ലാം അറിയുന്നുവല്ലോ. കർത്താവിൽ നിദ്ര പ്രാപിച്ചവരെ വിശുദ്'ധീകരിക്കണമെ. നിൻെറ വിശുദ്'ധ 'ശക്തി' കളോടൊപ്പം അവരെ എണ്ണണമെ. നിൻെറ രാജ്യത്തിൽ അവർക്കു സ്ഥലവും വാസസ്ഥാനവും നൽകണമെ.

## അവസാനപ്രാർത്ഥനയും സ്തുതിപ്പും

നിൻെറ ജനത്തിൻെറ കൃതജ്'ഞതാസ്തോത്രം സ്വീകരിച്ചാലും. ഈ കാഴ്ചകളും സ്തോത്രാർപ്പണങ്ങളും അർപ്പിച്ചവരെ അനുഗ്രഹിച്ചാലും. ഇവർക്കെല്ലാവർക്കും ആരോഗ്യവും, ഐശ്വര്യവും സന്തോഷവും ആത്മാവിൻെറയും ശരീരത്തിൻെറയും എല്ലാ അനുഗ്രഹങ്ങളും പ്രദാനം ചെയ്യണമെ.

നിൻെറ ഏകജാതനായ ഈശോമിശിഹായിലൂടെ പരിശുദ്'ധാത്മാവിൽ അവൻ ആയിരിക്കുന്നതുപോലെയും, ആകുന്നതുപോലെയും, വരാനിരിക്കുന്നതുപോലെയും സ്തുതിയും സ്തോത്രവും തലമുറതലമുറയോളം എന്നുമെന്നേക്കും. ആമ്മീൻ.

## 14. അപ്പം മുറിക്കുമ്പോഴുള്ള പ്രാർത്ഥന

സത്യദൈവമേ, നിന്നോടു സംസർഗം ചെയ്യാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങളുടെ ശരീരങ്ങൾ ശുദ്'ധതയിലും ഞങ്ങളുടെ ആത്'മാക്കൾ അറിവിലും ജ്'ഞാനത്തിലും പുരോഗമിക്കാൻ കൃപ നൽകണമെ. കൃപയുടെ ദൈവമേ, ക്രിസ്തുവിൻെറ ശരീരവും രക്'തവും സ്വീകരിക്കുന്നതിലൂടെ ഞങ്ങൾക്കു വിജ്ഞാനം പ്രദാനം ചെയ്യണമെ.

നിൻെറ ഏകജാതനിലൂടെ പരിശുദ്'ധാത്മാവിൽ ശക്'തിയും മഹത്വവും ഇപ്പോഴും എന്നുമെന്നേയ്ക്കും നിനക്കുള്ളതാകുന്നു.

ആമ്മീൻ.

www.malankaralibrary.com



## 15. അപ്പം മുറിച്ചശേഷം ജനങ്ങളുടെമേലുള്ള പ്രാർത്ഥന

കൃപയുടെ ദൈവമേ, നിന്റെ മനുഷ്യസ്നേഹത്തെ പ്രതിയും, ഞങ്ങൾ അർപ്പിക്കുന്ന ഈ ദിവ്യരഹസ്യങ്ങളെ പ്രതിയും, നിന്റെ സത്യകരം നീട്ടി നിന്റെ ഈ ജനത്തെ ആശീർവദിക്കണമെന്ന് ഈ ജനത്തിന്മേൽ കൈ ആവസിപ്പിച്ചുകൊണ്ടു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ്നേഹത്തിന്റെയും ശക്തിയുടെയും വിജ്ഞാനത്തിന്റെയും ശുദ്ധതയുടെയും, എല്ലാ വിശുദ്ധിയുടെതുമായ കരം ഈ ജനത്തെ ആശീർവദിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ. അങ്ങനെ അവർ പുരോഗമിക്കുകയും മെച്ചപ്പെടുകയും ചെയ്യട്ടെ. നിന്റെ ഏകജാതനായ കർത്താവീശോമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ഇപ്പോഴും എന്നുമെന്നേക്കും ആമ്മീൻ.

## 16. ജനങ്ങളുടെ കുർബാനസ്വീകരണാനന്തരമുള്ള പ്രാർത്ഥന

പാപികളെ രമ്യപ്പെടുത്തിയതിനും തെററിപ്പോയവരെ തിരികെ വിളിച്ചതിനും, യജമാനനേ, ഞങ്ങൾ നിനക്കു നന്ദി പറയുന്നു. ഞങ്ങളുടെമേൽ ചുമത്തപ്പെട്ട വാറം നീ നീക്കിക്കളഞ്ഞു; നിന്റെ മനുഷ്യസ്നേഹത്താൽ നീ അതു പിൻവലിച്ചു. ഞങ്ങൾ അനുതപിച്ചതിനാൽ നീ അതുപേക്ഷിച്ചു; നിന്റെ അറിവാൽ നീ അതു തള്ളിക്കളഞ്ഞു.

'രക്തത്തിലും ശരീരത്തിലും ഞങ്ങളെ ഭാഗഭാക്കുകൾ' (1 കൊരി. 10:19) ആക്കിയതിനു ഞങ്ങൾ നിനക്കു നന്ദി പറയുന്നു. ഞങ്ങളെയും ഈ ജനത്തെയും അനുഗ്രഹിക്കേണമെ. ശരീരത്തിലും രക്തത്തിലും ഉള്ള ഭാഗഭാഗിത്വം ഞങ്ങൾക്കു നൽകണമെ. നിന്റെ ഏകജാതനിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 17. എണ്ണയുടെയും ജലത്തിന്റെയും ആശീർവാദം

നിന്റെ ഏകജാതനായ യേശുമിശിഹായുടെ നാമത്തിൽ ഞങ്ങൾ ഈ സൃഷ്ടികളെ ആശീർവദിക്കുന്നു. കഷ്ടതകൾ സഹിക്കുകയും ക്രൂശിക്കപ്പെടുകയും മരിച്ചവരിൽനിന്നു് ഉയിർക്കുകയും നിത്യപിതാവിന്റെ വലത്തു ഭാഗത്തു് ഇരിക്കുകയും ചെയ്യുന്നവന്റെ നാമം ഈ ജലത്തിന്മേലും എണ്ണയുടെ മേലും ഞങ്ങൾ ഉച്ചരിക്കുന്നു. സുഖപ്പെടുത്തുവാനുള്ള ശക്തി ഈ സൃഷ്ടികൾക്കു നൽകണമെ. എല്ലാവിധ പനിയെയും, എല്ലാ ദുഷ്ടാരൂപികളെയും എല്ലാ രോഗങ്ങളെയും ഇതു് ആട്ടി ഓടിക്കട്ടെ. നിന്റെ

www.malankaralibrary.com



ഏകജാതനായ ഈശോമിശിഹായുടെ നാമത്തിൽ ഇതു് ഉപയോഗിക്കുന്നവർക്കു സൗഖ്യവും ജീവദായകമായ പ്രതിവിധിയും ലഭിക്കട്ടെ. അവനിലൂടെ പരിശുദ്ധാത്മാവിൽ ഇപ്പോഴും എന്നും എന്നേക്കും സ്തുതി നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 18. ജലവും എണ്ണയും വാഴ്ത്തിയ ശേഷമുള്ള കൈകൂപ്പ്

മനുഷ്യസ്നേഹിയായ സത്യദൈവമേ, നിന്റെ ശരീരത്തിലും രക്തത്തിലും ഉള്ള ഭാഗഭാഗിത്വത്തിൽ നിന്റെ ജനത്തെ സംരക്ഷിക്കണമെ.

അവരുടെ ശരീരങ്ങൾ സജീവശരീരങ്ങളായിരിക്കട്ടെ. അവരുടെ ആത്മാക്കൾ പാവനാത്മാക്കളായിരിക്കട്ടെ. നിന്റെ ശരീരത്തിലും രക്തത്തിലുമുള്ള ഭാഗഭാഗിത്വത്തിൽ നിലനിൽക്കുന്നതിനുള്ള അനുഗ്രഹം അവർക്കു പ്രദാനം ചെയ്യണമെ.

അവർക്കു സുരക്ഷിതത്വം ലഭിക്കാൻ ഞങ്ങൾ അർപ്പിച്ച സ്തോത്രാർപ്പണത്തിനു് കൃതജ്ഞത. അവർ എല്ലാവരെയും വാഴ്ത്തപ്പെട്ടവരാക്കി, നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെകൂടെ ചേർക്കണമെ: നിന്റെ ഏകജാതനായ യേശുമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ഇപ്പോഴും എന്നും എന്നേക്കും ആമ്മീൻ.

# മാമോദീസാക്രമം, മൂറോൻ അഭിഷേകം പട്ടംകൊട

## 19. മാമോദീസാജലം വാഴ്ത്തൽ

എല്ലാററിന്റെയും കർത്താവും രാജാവും, പ്രാപഞ്ചിക സ്രഷ്ടാവുമേ, നിന്റെ ഏകജാതനായ ഈശോമിശിഹായുടെ മനുഷ്യാവതാരംവഴി നീ എല്ലാ സൃഷ്ടവസ്തുക്കൾക്കും രക്ഷയുടെ കൃപ പ്രദാനം ചെയ്തു: നിന്റെ അവാച്യവചനത്തിന്റെ അവതാരത്താൽ നീ നിന്റെ സൃഷ്ടിയെ രക്ഷിച്ചു, സ്വർഗീയോന്നതങ്ങളിൽനിന്നു് താഴേയ്ക്കു് നോക്കണമെ: ഈ ജലത്തിന്മേൽ നിന്റെ ദയാദൃഷ്ടി പതിക്കണമേ; (സങ്കീ. 80: 15). ഇതിനെ നിന്റെ പരിശുദ്ധാത്മാവുകൊണ്ടു നിറയ്ക്കണമേ,

നിന്റെ അവാച്യവചനം ഇതിൽ വസിക്കട്ടെ. അവൻ ഇതിന്റെ പണി മാററട്ടെ. ഇതു ഫലസമൃദ്ധമാകുന്നതിനു് അവൻ അനുഗ്രഹം നൽകട്ടെ. അവൻ ഇതിനെ നിന്റെ കൃപയാൽ നിറയ്ക്കട്ടെ. അങ്ങനെ പൂർത്തീകരിക്കപ്പെടുവാൻ പോകുന്ന രഹസ്യം

www.malankaralibrary.com



പുനർജന്മം പ്രാപിക്കുന്നവരിൽ ഫലം പുറപ്പെടുവിക്കട്ടെ. സ്നാനജലത്തിൽ ഇറങ്ങുകയും സ്നാനപ്പെടുകയും ചെയ്യുന്നവരെയെല്ലാം നിന്റെ ദിവ്യകൃപയാൽ നിറയ്ക്കുകയും ചെയ്യട്ടെ.

മനുഷ്യരെ സ്നേഹിക്കുന്നവനേ, കരുണാപൂർവം വർത്തിക്കണമേ; നീ സൃഷ്ടിച്ചവരിൽ ദയ തോന്നണമെ. നിന്റെ വലത്തു കരത്തിന്റെ വേലയായ നിന്റെ സൃഷ്ടിയെ രക്ഷിക്കണമെ. പുനർജന്മം സ്വീകരിക്കുവാൻ അണയുന്നവരെ എല്ലാം ദിവ്യവും, അവാച്യവുമായ നിന്റെ സൗന്ദര്യത്താൽ രൂപാന്തരപ്പെടുത്തണമേ. രൂപാന്തരവും നവീകരണവും പ്രാപിച്ച് അവർ രക്ഷ പ്രാപിക്കുകയും നിന്റെ രാജ്യത്തിന് യോഗ്യരായി എണ്ണപ്പെടുകയും ചെയ്യട്ടെ.

നിന്റെ ഏകജാതനായ വചനം യോർദ്ദാൻ നദിയിലെ വെള്ളത്തിന്മേൽ ഇറങ്ങി അതിനെ വിശുദ്ധീകരിച്ചതുപോലെ, ഈ വെള്ളത്തിന്മേലും ഇറങ്ങി ഇതിനെ വിശുദ്ധവും ആത്മീയവും ആക്കിത്തീർക്കട്ടെ. അങ്ങനെ, സ്നാനപ്പെടുന്നവർ വെറും 'ജഡവും രക്തവും' (യോഹ. 3: 6) ആയിരിക്കാതെ ആത്മീയരായിത്തീരട്ടെ. അവർ യേശുമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ നിത്യപിതാവായ നിന്നെ ആരാധിക്കുവാൻ ഇടയാകട്ടെ. അവനിലൂടെ ശക്തിയും മഹത്വവും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 20. പിശാചിനെ ഇറക്കുന്ന പ്രാർത്ഥന

സത്യദൈവമേ, ഇവിടെ സന്നിഹിതനായിരിക്കുന്ന നിന്റെ ദാസനുവേണ്ടി നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിന്റെ ദിവ്യരഹസ്യങ്ങൾക്കും വർണനാതീതമായ നിന്റെ പുനർജന്മത്തിനും ഇവനെ യോഗ്യനാക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. എന്തെന്നാൽ മനുഷ്യസ്നേഹിയായ നിനക്കാണ് ഞങ്ങൾ ഇവനെ കാഴ്ചവയ്ക്കുന്നത്. നിനക്കാണ് ഞങ്ങൾ ഇവനെ സമർപ്പിക്കുന്നത്.

നിന്റെ കൃപാവരത്താൽ ഇവൻ ഈ പുനർജന്മത്തിൽ ഭാഗഭാക്കാകട്ടെ. ദുഃഖപൂരിതവും ദുഷ്ടവുമായ ഒരുരൂപിയുടെയും സ്വാധീനത്തിൽ വരാതിരിക്കട്ടെ; ഇവൻ സദാ നിന്നെ ശുശ്രൂഷിക്കട്ടെ; ഇവൻ നിന്റെ കല്പനകൾ അനുസരിക്കുന്നവനാകട്ടെ; നിന്റെ ഏകജാതനായ വചനം ഇവനെ നയിക്കട്ടെ.

അവനിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

www.malankaralibrary.com



## 21. (പിശാചിനെ) ഉപേക്ഷിക്കലിനുശേഷമുള്ള പ്രാർത്ഥന

സർവശക്തിയുള്ള കർത്താവേ, നിന്റെ ഈ ദാസൻ ഇപ്പോൾ നൽകിയ സമ്മതത്തെ നിന്റെ അംഗീകരണത്താൽ മുദ്രകുത്തണമെ.

ഇവന്റെ ധാർമികജീവിതത്തെയും സ്വഭാവത്തെയും ഉറപ്പിച്ചു നിർത്തണമെ. ഇവൻ ഇനിമേൽ ദുഷ്ടന്റെ അടിമ ആയിരിക്കരുതേ; പിന്നെയോ, സത്യദൈവമായ നിന്നെ സേവിക്കട്ടെ.

ഇവൻ അന്ത്യംവരെ പ്രപഞ്ചസ്രഷ്ടാവായ നിനക്ക് കീഴ്പ്പെട്ടിരിക്കുകയും ഒരുത്തമ മകനായി കാണപ്പെടുകയും ചെയ്യട്ടെ.

നിന്റെ ഏകജാതനായ ഈശോമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 22. സ്നാനാർത്ഥികളെ പൂശുമ്പോഴുള്ള പ്രാർത്ഥന

മനുഷ്യരെ സ്നേഹിക്കുന്നവനേ, ആത്മാക്കളെ സ്നേഹിക്കുന്ന യജമാനനേ, ദയയുടെയും, സത്യത്തിന്റെയും കാരുണ്യത്തിന്റെയും ദൈവമേ, നിന്നെ പിൻതുടരാനായി അടുത്തുവന്നിരിക്കുന്നവർക്കുവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു; 'നിങ്ങൾ ആരുടെ പാപം മോചിക്കുന്നുവോ അതു് മോചിക്കപ്പെട്ടിരിക്കും.' എന്നരുൾചെയ്ത നിന്റെ ഏകജാതന്റെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ ഇവരെ സമർപ്പിക്കുന്നു.

ദിവ്യമായ ഈ പുനർജന്മത്തിനായി സമർപ്പിതരായിരിക്കുന്ന ഈ സ്ത്രീപുരുഷന്മാരെ ഞങ്ങൾ ഈ തൈലത്താൽ പൂശുന്നു.

സുഖപ്പെടുത്തുന്നതും ശക്തിപ്പെടുത്തുന്നതുമായ ശക്തി അവർക്കു് നൽകണമെന്നു് ഞങ്ങളുടെ കർത്താവീശോമിശിഹായോടു് ഞങ്ങൾ അപേക്ഷിക്കുന്നു.

ഈ തൈലത്തിലൂടെ അവൻ സ്വയം വെളിപ്പെടുത്തട്ടെ. അവൻ ഇവരുടെ ആത്മാക്കളിൽനിന്നും ശരീരങ്ങളിൽനിന്നും അശുദ്ധികളിൽനിന്നും പാപത്തിന്റെയും ദുഷ്ടതയുടേയും ദുഷ്ടന്റെ പ്രവർത്തനങ്ങളുടെയും എല്ലാ അടയാളങ്ങളും നീക്കിക്കളയട്ടെ.

തന്റെ കൃപയാൽ അവൻ അവർക്കു് പാപമോചനം നൽകട്ടെ. അവർ പാപവിമുക്തരായി നീതിക്കായി ജീവിക്കട്ടെ.

www.malankaralibrary.com



ഈ പൂശൽവഴി ഇവർ നവസൃഷ്ടിയായിത്തീർന്നു. ഈ സ്നാനത്താൽ ശുദ്ധീകരിക്കപ്പെട്ടും അരൂപിയാൽ നവീകരിക്കപ്പെട്ടും, ഈ ലോകത്തിന്റെ എല്ലാവിധ ചതിയും, അവർക്കെതിരെ ഉയരുന്ന ശത്രുവിന്റെ എല്ലാ ശക്തിയും ഇനിമുതൽ ജയിക്കാൻ ഇവർക്കു ശക്തി ലഭിക്കട്ടെ. നമ്മുടെ രക്ഷകനും കർത്താവുമായ ഈശോമിശിഹായുടെ ആട്ടിൻകൂട്ടത്തിൽ ഇവർ ചേർക്കപ്പെടുകയും പുനരൈക്യപ്പെടുകയും ചെയ്യട്ടെ. വാഗ്ദാനം ചെയ്യപ്പെട്ട അവകാശം വിശുദ്ധരോടുകൂടെ ഇവർ പ്രാപിക്കട്ടെ. അവനിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 23. തൈലാഭിഷേകത്തിനു ശേഷമുള്ള പ്രാർത്ഥന

മനുഷ്യസ്നേഹിയായ ഗുണകാംക്ഷീ, നിന്റെ പക്കലേക്കു തിരിയുന്നവരുടെ രക്ഷകാ,

നിന്റെ ഈ ദാസനോടു കരുണകാണിക്കണമെ.
നിന്റെ വലതുകരം ഇവനെ പുനർജന്മത്തിലേക്കു നയിക്കട്ടെ.
നിന്റെ ഏകജാതനായ വചനം ഇവനെ സ്നാനത്തിന്റെ ഉറവയിലേക്ക് അടുപ്പിക്കട്ടെ.
ഈ നവജന്മം ബഹുമാനിക്കപ്പെടട്ടെ. നിന്റെ കൃപാവരം ഫലരഹിതമായി തീരരുതേ.
നിന്റെ വിശുദ്ധ വചനം ഇവന്റെ പക്കൽ വസിക്കട്ടെ;
നിന്റെ പരിശുദ്ധാരൂപി ഇവനോടുകൂടെ ആയിരിക്കട്ടെ,
അവ എല്ലാ പരീക്ഷകളെയും അകററി ഓടിക്കട്ടെ.
നിന്റെ ഏകജാതനായ ഈശോമിശിഹായിലൂടെ ശക്തിയും മഹത്വവും ഇപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

# മാമോദീസായ്ക്കുശേഷം

## 24. സ്നാനം സ്വീകരിച്ച നവജാതർക്കുവേണ്ടിയുള്ള പ്രാർത്ഥന

ദൈവമേ, സത്യദൈവമേ, പ്രപഞ്ചസ്രഷ്ടാവേ, സർവസൃഷ്ടികളുടെയും കർത്താവേ, നിന്റെ അനുഗ്രഹങ്ങൾകൊണ്ടു നിന്റെ ദാസനെ സമൃദ്ധമായി അനുഗ്രഹിക്കണമെ. നിന്റെ സ്വർഗീയ ശക്തികളിൽ ഇവനെയും പങ്കുകാരനാക്കണമെ. അങ്ങനെ നിന്റെ ദിവ്യവും ശ്രേഷ്ഠവുമായ കൃപയിൽ ഭാഗഭാഗിത്വം ലഭിച്ചവൻ

www.malankaralibrary.com



മേലിൽ ജഡികനായിട്ടല്ല, ആത്മീയനായി വ്യാപരിക്കാൻ (യോഹ. 3: 6) സാധിക്കട്ടെ. എല്ലാററിൻെറയും സ്രഷ്ടാവേ, ഇവനെ നിനക്കായി അന്ത്യംവരെ കാത്തുസൂക്ഷിക്കണമെ.

നിൻെറ ഏകജാതനായ ഈശോമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## മൂറോനഭിഷേകം

### 25. മൂറോനഭിഷേക പ്രാർത്ഥന

സ്വർഗീയ സൈന്യങ്ങളുടെ ദൈവമേ, നിൻെറ പക്കലേക്ക് തിരിയുകയും നിൻെറ ഏകജാതൻെറ ശക്തമായ സംരക്ഷണയിൽ സ്വയം സമർപ്പിക്കുകയും ചെയ്യുന്നവരുടെ സഹായമേ, ഞങ്ങൾ നിന്നെ വിളിച്ചപേക്ഷിക്കുന്നു. ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ ദിവ്യവും അദൃശ്യവുമായ ശക്തിയാൽ ഈ തൈലത്തിലൂടെ നിൻെറ ദിവ്യവും സ്വർഗ്ഗീയവുമായ കർമ്മം നിർവഹിക്കണമെ. സ്നാനപ്പെട്ടവർ അഭിഷേകം സ്വീകരിക്കുന്നു. ഏകജാതൻെറ രക്ഷാകരസ്ളീബായുടെ മുദ്രയാൽ അവൻ റൂശ്മാ ചെയ്യപ്പെടുന്നു. ഈ സ്ളീബായാൽ സാത്താനും എല്ലാ എതിർശക്തികളും പരാജിതരാക്കപ്പെടുകയും വിജയഘോഷയാത്രയിൽ തടവുകാരായി നയിക്കപ്പെടുകയും ചെയ്യുന്നു.

പുനർജന്മസ്നാനത്താൽ നവീകരിക്കപ്പെട്ടും പുനർജന്മം പ്രാപിച്ചും സന്നിഹിതരായ ഇവരും പരിശുദ്ധാത്മദാനങ്ങളിൽ ഭാഗഭാക്കുകളാകട്ടെ.

മുദ്രയാൽ ശക്തരാക്കപ്പെട്ട് എല്ലാവിധ ആക്രമണങ്ങളിൽനിന്നും കൊള്ളയടിക്കലിൽനിന്നും സുരക്ഷിതരായി, കുററപ്പെടുത്തലിനും, അക്രമത്തിനും വിധേയരാകാതെ ഇവർ സ്ഥിരതയുള്ളവരും ഉറപ്പുള്ളവരും ആയി നിലനില്ക്കട്ടെ.

ഇവർ അന്ത്യംവരെ വിശ്വാസത്തിലും സത്യത്തിൻെറ അറിവിലും നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നിത്യമായ വാഗ്ദാനങ്ങളിലും സ്വർഗ്ഗീയജീവൻെറ ശരണത്തിലും ഉള്ള പ്രതീക്ഷയിലും ജീവിക്കട്ടെ.

അവനിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നുമെന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

www.malankaralibrary.com



# പട്ടത്വപ്രാർത്ഥനകൾ

## 26. ശെമ്മാശ്ശപട്ടത്തിൻെറ കൈവെപ്പു പ്രാർത്ഥന

വിജ്ഞാനത്തിൽ ഭൂമിയിലെ സംഗതികാം ക്രമീകരിക്കുകയും സ്വസുതനെ അയയ്ക്കുകയും അജഗണത്തിൻെറ രക്ഷയ്ക്കും നന്മയ്ക്കുംവേണ്ടി നിൻെറ സഭയ്ക്ക് കല്പനകളും നിയമങ്ങളും നൽകുകയും നിൻെറ കത്തോലിക്കാസഭയെ സേവിക്കാൻ മെത്രാന്മാരെയും വൈദികരെയും ശെമ്മാശ്ശന്മാരെയും തിരഞ്ഞെടുക്കുകയും നിൻെറ ഏകജാതനിലൂടെ ഏഴ് ശെമ്മാശ്ശന്മാരെ തിരഞ്ഞെടുക്കുകയും, നിൻെറ കൃപയ്ക്കൊത്തവണ്ണം അവർക്കു പരിശുദ്ധാത്മാവിനെ നൽകുകയുംചെയ്ത ആദ്യജാതൻെറ പിതാവേ, ഈ ദാസനെയും നിൻെറ കത്തോലിക്കാസഭയുടെ ഒരു ശെമ്മാശ്ശനായി നിയമിക്കണമെ. ഇവന് അറിവും വിവേകവും നൽകണമെ. അങ്ങനെ ഇവൻ നിൻെറ വിശുദ്ധജനത്തിൻെറ മധ്യത്തിൽ പാവനവും കളങ്കരഹിതവുമായ രീതിയിൽ ഈ ശുശ്രൂഷ നിർവഹിക്കാൻ ഇടയാകട്ടെ.

നിൻെറ ഏകജാതനായ ഈശോമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ഇപ്പോഴും എന്നുമെന്നേക്കും ആമ്മീൻ.

## 27. വൈദികപ്പട്ടത്തിൻെറ കൈവെപ്പു പ്രാർത്ഥന

ഏകജാതൻെറ പിതാവേ, സ്വർഗത്തിൻെറ ദൈവമേ, യജമാനനേ, ഞങ്ങാം ഈ വ്യക്തിയുടെമേൽ കൈകളാവസിപ്പിച്ച് നിന്നോടു പ്രാർത്ഥിക്കുന്നു. സത്യത്തിൻെറ അരൂപി ഇവനിൽ വസിക്കട്ടെ. നിൻെറ കൃപയ്ക്കൊത്തവണ്ണം ഇവന് അറിവും വിജ്ഞാനവും സന്മനസ്സും നൽകണമെ.

നിത്യപിതാവേ, ദിവ്യാരൂപി ഇവൻെറ കൂടെയായിരിക്കട്ടെ. അങ്ങനെ, നിൻെറ ജനത്തെ ശുശ്രൂഷിക്കുന്നതിനും, നിൻെറ ദിവ്യവചനങ്ങളുടെ വക്താവായിരിക്കുന്നതിനും, നിൻെറ ജനത്തെ നിന്നോടു രമ്യപ്പെടുത്തുന്നതിനും ഇവനു സാധിക്കട്ടെ.

നിൻെറ കൃപയ്ക്കൊത്തവണ്ണം മോശയുടെ അരൂപിയിലൂടെ വിശുദ്ധിയുടെ അരൂപിയെ നീ തിരഞ്ഞെടുക്കപ്പെട്ടവരുടെമേൽ ചൊരിഞ്ഞു. നിൻെറ ഏകജാതൻെറ അരൂപിയിലൂടെ ഈ മനുഷ്യനു വിജ്ഞാനത്തിൻെറയും അറിവിൻെറയും ശരിയായ വിശ്വാസത്തിൻെറയും കൃപയിൽ പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യണമെ. ശുദ്ധമനസ്സാക്ഷിയോടുകൂടെ നിന്നെ ശുശ്രൂഷിക്കാൻ ഇവനു സാധിക്കട്ടെ.

www.malankaralibrary.com



നിൻെറ ഏകജാതനായ ഈശോമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും എപ്പോഴും എന്നന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 28. മെത്രാഭിഷേകത്തിനുള്ള കൈവപ്പു പ്രാർത്ഥന

ലോകത്തെ മുഴുവൻ തിരികെ വാങ്ങുവാൻ കർത്താവായ ഈശോമിശിഹായെ അയയ്ക്കുകയും അവൻവഴി ശ്ലീഹന്മാരെ തിരഞ്ഞെടുക്കുകയും, തലമുറ തലമുറയായി മെത്രാന്മാരെ വാഴിക്കുകയുംചെയ്ത സത്യദൈവമേ, ഈ നിൻെറ ദാസനെ ഒരു സജീവ മെത്രാനാക്കി ശ്ലീഹന്മാരുടെ പിൻതുടർച്ചയിൽ ഒരു വിശുദ്ധ മെത്രാനാക്കിത്തീർക്കണമെ. പാത്രിയർക്കീസന്മാർക്കും പ്രവാചകന്മാർക്കും എല്ലാ യഥാർത്ഥ ദാസന്മാർക്കും നീ കല്പിച്ചുകൊടുത്ത ദിവ്യാത്മരൂപിയാകുന്ന കൃപ ഇവനു നൽകണമെ.

നിൻെറ അജഗണത്തെ മേയിക്കുന്നതിന് ഇവനെ യോഗ്യനാക്കണമെ. കുററമോ നിന്ദയോ കൂടാതെ ഇവൻ മെത്രാൻ സ്ഥാനത്തു നിൽക്കട്ടെ. നിൻെറ ഏകജാതനായ ഈശോമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

# രോഗികൾക്കും പരേതർക്കുംവേണ്ടിയുള്ള പ്രാർത്ഥന

## 29. രോഗികൾക്കുള്ള തൈലത്തിന്മേലും അപ്പത്തിന്മേലും ജലത്തിന്മേലുമുള്ള പ്രാർത്ഥന

എല്ലാ ശക്തിയും അധികാരവും നിയന്ത്രിക്കുന്നവനും മനുഷ്യരക്ഷകനും ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ പിതാവുമായ നിന്നെ ഞങ്ങൾ വിളിച്ചപേക്ഷിക്കുന്നു.

നിൻെറ ഏകജാതൻ ഭരിക്കുന്ന സ്വർഗീയോന്നതങ്ങളിൽ നിന്നു സുഖമാക്കാനുള്ള ശക്തി ഈ തൈലത്തിനു അയയ്ക്കണമെന്നു നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

അഭിഷേകം സ്വീകരിക്കുന്നവരിൽനിന്നും ഈ വസ്തുക്കൾ ഉപയോഗിക്കുന്നവരിൽനിന്നും എല്ലാവിധ രോഗങ്ങളും എല്ലാ വ്യാധികളും ദൂരെയകലട്ടെ. എല്ലാ പിശാചുക്കളുടെയും വിഷത്തിൽ ഇതു വിഷം കലർത്തട്ടെ.

എല്ലാ അശുദ്ധാത്മരൂപികളെയും ഇതു പുറംതള്ളട്ടെ. ഇതു എല്ലാ ദുഷ്ടാത്മരൂപികളെയും ഓടിക്കട്ടെ. ഇതു എല്ലാ പനിയും, വിറയലും ക്ഷീണവും അകററട്ടെ. ഇതു കൃപാവരവും പാപമോചനവും ജീവൻെറയും രക്ഷയുടെയും പ്രത്യൗഷധവും ആരോഗ്യവും

www.malankaralibrary.com



സൗഖ്യവും പൂർണശക്തിയും ആത്മാവിൻെറയും ശരീരത്തിൻെറയും അരൂപിയുടെയും സൗഖ്യവും പൂർണമായ ആരോഗ്യവും നേടിത്തരട്ടെ. കർത്താവേ, ഞങ്ങൾ ഉച്ചരിക്കുന്ന നിൻെറ നാമത്തെയും നിൻെറ ഏകജാതൻെറ വിശുദ്ധ നാമത്തെയും എല്ലാ പൈശാചിക ശക്തികളും പിശാചുക്കളും, എതിരാളിയുടെ ഗൂഢതന്ത്രങ്ങളും പകർച്ചവ്യാധിയും, പീഡനങ്ങളും കഷ്ടതകളും, വേദനയും, ബന്ധനങ്ങളും സ്തംഭനങ്ങളും, ഭയാശങ്കകളും ഭയപ്പെടട്ടെ. ബാഹ്യമായും ആന്തരികമായും നിൻെറ ദാസരിൽനിന്ന് അവ അകന്നുപോകട്ടെ. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെടുകയും മരിച്ചവരിൽനിന്ന് ഉയിർക്കുകയും ഞങ്ങളുടെ രോഗങ്ങളും ആകുലതകളും വഹിക്കുകയും, ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ വരുകയും ചെയ്യുന്ന ഈശോമിശിഹായുടെ നാമം പരിശുദ്ധമാക്കപ്പെടട്ടെ. അവനിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## 30. മരിച്ച സ്ത്രീപുരുഷന്മാർക്കു വേണ്ടിയുള്ള പ്രാർത്ഥന

ജീവൻെറയും മരണത്തിൻെറയുംമേൽ അധികാരമുള്ള ദൈവമേ, അരൂപികളുടെയും സർവജഢത്തിൻെറയും ദൈവമായ കർത്താവേ, ജീവനും മരണവും നൽകുന്നവനും പാതാളവാതിലിലേക്കു നയിക്കുകയും അവിടെനിന്നു തിരികെ വിളിക്കുകയും ചെയ്യുന്ന ദൈവമേ,

നീ മനുഷ്യനിൽ ആത്മാവിനെ സൃഷ്ടിക്കുന്നു; നീ വിശുദ്ധന്മാരുടെ ആത്മാക്കളെ കൂട്ടിച്ചേർക്കുകയും വിശ്രമം പ്രദാനം ചെയ്യുകയും ചെയ്യുന്നു. നീതിപൂർവവും പ്രയോജനപ്രദവുമായ രീതിയിൽ നീ നിൻെറ സൃഷ്ടികളെ മാററുകയും രൂപാന്തരപ്പെടുത്തുകയും, രൂപഭേദപ്പെടുത്തുകയും ചെയ്യുന്നു. നീ മാത്രം മാററമില്ലാത്തവനും നിത്യനും അഴിഞ്ഞുപോകാത്തവനും ആകുന്നു. ഈ ദാസൻെറ (ദാസിയുടെ) നിദ്രയ്ക്കും വിശ്രമത്തിനുംവേണ്ടി ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. അവൻെറ ആത്മാവിനെയും അരൂപിയെയും അബ്രാഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും എല്ലാ വിശുദ്ധരോടുംകൂടെ മേച്ചിൽസ്ഥലത്തും വിശ്രമസ്ഥലത്തും സന്തുഷ്ടിപ്പെടുത്തണമെ. നിൻെറ സത്യവാഗ്ദാനങ്ങളനുസരിച്ച്, നീ നിശ്ചയിച്ചിരിക്കുന്ന ദിവസം, ഇവൻെറ ശരീരത്തെ ഉയിർപ്പിക്കേണമെ. നിൻെറ വിശുദ്ധ മേച്ചിൽ സ്ഥലങ്ങളിൽ അതിനു അർഹമായ അവകാശഭാഗം നൽകണമെ. ഇവൻെറ പാപങ്ങളും തെററുകളും നീ ഓർക്കരുതേ. ഇവൻെറ മരണം ശാന്തവും അനുഗ്രഹീതവുമായിരിക്കട്ടെ. ആശ്വസിപ്പിക്കുന്ന നിൻെറ ആത്മാവാൽ അവശേഷിക്കുന്നവരുടെ ദുഃഖം നീക്ക

www.malankaralibrary.com



ണമെ. ഞങ്ങൾക്കെല്ലാവർക്കും ഭാഗ്യകരമായ അന്ത്യം നൽകണമെ. നിന്റെ ഏകജാതനായ കർത്താവീശോമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## അനുബന്ധം:

## മർക്കോസിന്റെ അനാഫറ*

### (സ്ട്രാസ്ബുർഗ് പപ്പീറസ്)

സ്ട്രാസ്ബുർഗിലെ യൂണിവേഴ്സിററി ഗ്രന്ഥശേഖരത്തിൽ 'മർക്കോസിന്റെ അനാഫറ'യുടെ ചില ഭാഗങ്ങൾ പപ്പീറസിൽ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഈ അനാഫറയുടെ ഏററം പ്രാചീന കയ്യെഴുത്തുപ്രതി ഇതാണ് (4/5 നൂററാണ്ട്). ഈ കയ്യെഴുത്തുപ്രതിതന്നെയും ഒരു പകപ്പാണ്. ഈ രീതിയിൽ അത്തനാസ്യോസിന്റെ കാലത്ത് ഇത് പ്രചരിച്ചിരുന്നു എന്ന് ചിലർ കരുതുന്നു.

### സ്ട്രാസ്ബുർഗ് പപ്പീറസ്

ആമുഖം

രാപകൽ അങ്ങയെ ആരാധിക്കുന്നതും, വാഴ്ത്തുന്നതും, ആഘോഷിക്കുന്നതും, സ്തുതിക്കുന്നതും യഥാർത്ഥത്തിൽ ന്യായവും യുക്തവുമാകുന്നു.

നീ ആകാശത്തെയും അതിലുള്ള എല്ലാററിനേയും ഭൂമിയേയും അത് ഉൾക്കൊള്ളുന്ന എല്ലാററിനേയും, ആഴത്തെയും നദികളെയും അവയിലുള്ള എല്ലാററിനെയും സൃഷ്ടിച്ചു. നിന്റെ ഛായയിലും സാദൃശ്യത്തിലും നീ മനുഷ്യനെ സൃഷ്ടിച്ചു.

ഞങ്ങളുടെ കർത്താവും രക്ഷകനും, സത്യപ്രകാശവും, നിന്റെ പുത്രനും നിന്റെ വിജ്ഞാനവുമായ ഈശോമിശിഹായിലൂടെ നീ പ്രപഞ്ചത്തെ സൃഷ്ടിച്ചു.

അവനിലൂടെയും അവനോടുകൂടെയും പരിശുദ്ധാത്മാവോടുകൂടെയും, സൂര്യോദയം മുതൽ സൂര്യാസ്തമനം വരെയും, വടക്കുനിന്ന് തെക്കുവരെയും എല്ലാ ജനങ്ങളും നിനക്ക് അർപ്പിക്കുന്ന ഈ ആത്മീയാർപ്പണം, ഈ രക്തരഹിതബലി, നന്ദിപൂർവം നിനക്ക് ഞങ്ങൾ അർപ്പിക്കുന്നു. എന്തെന്നാൽ നിന്റെ നാമം പുറജാതികളുടെ ഇടയിൽ വലുതാകുന്നുവല്ലോ. എല്ലായിടങ്ങളിലും അവർ നിന്റെ പാവന നാമത്തിന് ധൂപം, ഒരു പാവനമായ കാഴ്ച, ഒരു ബലി, ഒരർപ്പണം അർപ്പിക്കുന്നു.

* L. Deiss, op. cit. p. 145–147.

www.malankaralibrary.com



## മധ്യസ്ഥപ്രാർത്ഥന

ഞങ്ങൾ നിന്നോട് പ്രാർത്ഥിച്ചപേക്ഷിക്കുന്നു:

ഏകവും, പരിശുദ്ധവും, കാതോലികവുമായ നിന്റെ സഭയെയും, എല്ലാ ജനങ്ങളെയും നിന്റെ എല്ലാ അജഗണങ്ങളെയും അനുസ്മരിക്കണമെ.

സ്വർഗത്തിൽനിന്നു വരുന്ന സമാധാനം ഞങ്ങളുടെ ഹൃദയങ്ങളിലുറപ്പിക്കണമെ. അതുപോലെ നിന്റെ കൃപയ്ക്കനുസൃതമായി ഈ ജീവിതത്തിലും സമാധാധം നൽകണമെ.

ഞങ്ങളോടും നിന്റെ പാവന നാമത്തോടും സമാധാനപരമായ ചിന്തകൾ ഭൂമിയിലെ ഭരണാധികാരികൾക്ക് നൽകണമെ.

നിന്റെ ജനത്തിന്റെ ഇടയിലെ പാവപ്പെട്ടവർക്കും നിന്നിൽ ശരണപ്പെടുന്ന, നിന്റെ വിശുദ്ധ നാമം വിളിച്ചപേക്ഷിക്കുന്ന, ഞങ്ങളെല്ലാവർക്കുംവേണ്ടി, ധരയിലെ ഫലങ്ങൾ കൊയ്ത്തിനും മെതിക്കും സംരക്ഷിക്കണമെന്ന് കർത്താവേ, അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

നിദ്ര പ്രാപിച്ച എല്ലാവരെയും ഓർക്കണമെ; അവർക്കാശ്വാസം നൽകണമെ.

ഞങ്ങൾ ഇന്ന് അനുസ്മരിക്കുന്നവരെയും, ഞങ്ങൾ വിളിച്ചപേക്ഷിച്ച് പ്രാർത്ഥിക്കുന്നവരെയും ഞങ്ങൾ പ്രത്യേകം പേരെടുത്ത് പറയുന്നവരേയും ഓർക്കണമെ........

സത്യവിശ്വാസം പ്രഖ്യാപിക്കുന്ന മെത്രാന്മാരെയും വിശുദ്ധപിതാക്കന്മാരെയും ഓർക്കണമേ.

നിന്റെ വിശുദ്ധ പ്രവാചകന്മാരുടെയും, ശ്ലീഹന്മാരുടെയും, രക്തസാക്ഷികളുടെയും മഹനീയ സമൂഹത്തിൽ... ....

ഞങ്ങൾക്ക് അവകാശവും ഭാഗഭാഗിത്വവും നൽകണമേ.

നിനക്ക് ഞങ്ങളുടെ കർത്താവിലും രക്ഷകനിലുംകൂടി എന്നും എന്നേയ്ക്കും മഹത്വം ആമ്മീൻ.

www.malankaralibrary.com

അദ്ധ്യായം 6

# മൂന്ന് അലക്സാണ്ഡ്റിയൻ ചിന്തകന്മാർ

വി. അത്തനാസ്യോസിനുശേഷം ഈജിപ്തിലെ സഭയിൽ ജീവിച്ചിരുന്ന പ്രസിദ്ധരായ മൂന്ന് സഭാനേതാക്കന്മാരാണ് ദിദിമൂസും, തെയോഫിലസും സിറിലും. ദിദിമൂസ് അലക്സാന്ത്രിയൻ കലാലയാദ്ധ്യക്ഷനും തെയോഫിലസും സിറിലും അലക്സാണ്ഡ്റിയായിലെ മെത്രാന്മാരുമായിരുന്നു.

## I. ദിദിമൂസ് (313–398)

നാലാം വയസ്സിൽ കാഴ്ചനഷ്ടപ്പെട്ട ദിദിമൂസ് 'അന്ധൻ' എന്നറിയപ്പെട്ടു, (പല്ലാഡിയൂസ്, ലൗസിയാക് ചരിത്രം, 4). ജീവിതകാലം മുഴുവൻ അന്ധനായിരുന്നിട്ടും അദ്ദേഹം സമ്പാദിച്ച വിജ്ഞാനം, അതും കലാലയങ്ങളിൽ കയറിയിറങ്ങാതെ നേടിയത്, അദ്ദേഹത്തെ വിഖ്യാതനാക്കി. ഒരു വിജ്ഞാനകോശമായിരുന്നു അദ്ദേഹം.

തന്റെ കാലത്തുണ്ടായിരുന്ന ദൈവശാസ്ത്രതർക്കങ്ങളിൽ നിന്ന് അദ്ദേഹം അകന്നു ജീവിച്ചു. എന്നാൽ സമകാലീന ചിന്താലോകത്ത് അദ്ദേഹത്തിന്റെ സ്വാധീനം ദൃശ്യമായിരുന്നു. അത്തനാസ്യോസ് ദിദിമൂസിനെ അലക്സാണ്ഡ്റിയൻ കലാലയത്തിന്റെ അധിപനായി നിയമിച്ചു (റൂഫീനൂസ്, സഭാചരിത്രം. 2, 7). ആ കലാലയത്തിലെ അവസാനത്തെ പ്രഗൽഭനായ അദ്ധ്യാപകൻ ദിദിമൂസ് ആയിരുന്നു. അദ്ദേഹത്തിനുശേഷം അത് അടച്ചുപൂട്ടപ്പെട്ടു. ദിദിമൂസിന്റെ ഏററം പ്രധാനപ്പെട്ട ശിഷ്യന്മാർ റൂഫീനൂസും, ജെറോമും ആണ്. ജെറോം ആവർത്തിച്ചാവർത്തിച്ച് ദിദിമൂസിനെ തന്റെ ഗുരുവെന്ന് വിളിക്കുന്നു (ലേഖനം 50, 1; 84, 3; ഹോശിയാഭാഷ്യം, ആമുഖം; എഫേസ്യാലേഖനഭാഷ്യം, ആമുഖം). വളരെ സ്തുതിച്ചാണ് ജെറോം ദിദിമൂസിനെപ്പററി പറയുന്നത്. റൂഫീനൂസ് ദിദിമൂസിനെ 'പ്രവാച

www.malankaralibrary.com



കനെന്നും, അപ്പസ്തോലിക മനുഷ്യനെന്നും' വിളിക്കുന്നു. വിജ്ഞാനത്തോടൊപ്പം ആദ്ധ്യാത്മികതയിലും ദിദീമൂസ് ഖ്യാതി നേടിയിരുന്നു. വലിയ താപസജീവിതമത്രേ അദ്ദേഹം നയിച്ചിരുന്നതു്. 398–ൽ മരിക്കുമ്പോൾ അദ്ദേഹത്തിനു് 85 വയസ്സുണ്ടായിരുന്നു.

## കൃതികൾ

പഴയനിയമവും പുതിയനിയമവും പദാനുപദം എടുത്തു് ഏററം കൃത്യമായി ദിദീമൂസ് വ്യാഖ്യാനിച്ചു; തൻെറ മുൻഗാമികളുടെ അറിവിനെയെല്ലാം ഉല്ലംഘിച്ചുകൊണ്ടു് ഒന്നാം നിരയിൽ തന്നെ അദ്ദേഹം എത്തി. ഈ സംഗതി സമകാലീനരിൽ വലിയ അത്ഭുതവും, അദ്ദേഹത്തെപ്പററി വലിയ മതിപ്പും ഉളവാക്കിയെന്നു് പല്ലാഡിയസ് പറയുന്നു (ലൗസി. ചരിത്രം 4). വി. ജെറോമിൻെറ സാക്ഷ്യം ഇതോടു യോജിക്കുന്നു. മിക്ക വേദപുസ്തക ഗ്രന്ഥങ്ങളുടെയും ഭാഷ്യങ്ങൾക്കു പുറമെ പരിശുദ്ധാത്മാവിനെ സംബന്ധിച്ചു്, ആര്യർക്കെതിരെ രണ്ടു ഗ്രന്ഥങ്ങൾ തുടങ്ങി, നിരവധി കൃതികൾ അദ്ദേഹം എഴുതി. അവയെപ്പററി വിവരിക്കുവാൻ തുടങ്ങിയാൽ അതുതന്നെ ഒരു ഗ്രന്ഥമാകും എന്നാണു് ജറോമിൻെറ പ്രസ്താവന (മഹത്. 109).

എന്നാൽ ഈ അമൂല്യനിക്ഷേപത്തിൽനിന്നു് വളരെ കുറച്ചേ നമുക്കു കിട്ടിയിട്ടുള്ളു. ഒരുപക്ഷേ ഒരിജെൻെറ ഒരാരാധകനായിരുന്നതിനാൽ ആയിരിക്കാം, ഒരിജെനെപ്പററിയുള്ള തർക്കത്തിനിടയിൽ ദിദീമൂസിൻെറ ഗ്രന്ഥങ്ങൾ സംശയിക്കപ്പെടാൻ ഇടയായതും അപ്രത്യക്ഷമായതും. ഒരിജെൻെറ 'ആദ്യതത്ത്വങ്ങൾ' (പെരി ആർക്കോൻ) മുഴുവൻ അപ്പാടേ സ്വീകാര്യമാണെന്നു് ദിദീമൂസ് വാദിച്ചു. തൽഫലമായി ചില അബദ്ധാഭിപ്രായങ്ങളുടെ വക്താവായി മുദ്രയടിക്കപ്പെട്ട ദിദീമൂസ് സാവധാനം അപ്രത്യക്ഷനായിക്കൊണ്ടിരുന്നു. 553–ലെ അഞ്ചാം സാർവത്രിക സൂനഹദോസ് (കോൺസ്റ്റാൻറിനോപ്പിൾ II) ഒരിജനെയും ദിദീമൂസിനെയും ഡീക്കൻ എവാഗ്രിയൂസ് പോന്തിക്കൂസിനെയും അവരുടെ അബദ്ധാഭിപ്രായങ്ങളെപ്രതി മഹറോൻ ചൊല്ലി. ഇതിൻെറശേഷം ദിദീമൂസിൻെറ ഗ്രന്ഥങ്ങൾ വിസ്മൃതങ്ങളായി.

### 1. ത്രിത്വത്തെപ്പററി

ക്രി. വ. 381–നും 392–നും ഇടയ്ക്കു് ത്രിത്വത്തെപ്പററി അദ്ദേഹം രചിച്ച മൂന്നു ഗ്രന്ഥങ്ങൾ നമുക്കു കിട്ടിയിട്ടുണ്ടു്. ഇതിൽ ഒരിജെനിസ്റ്റ് ഛായ്‌വുകളൊന്നുമില്ല. ജറോം പറയുന്നു: 'നിശ്ചയമായും 'ത്രിത്വത്തിൽ' അദ്ദേഹം കത്തോലിക്കനാണു്'' (Certe in Trinitate Catholicus est). ത്രിത്വത്തെപ്പററി അത്തനാസ്യോസിൻ

www.malankaralibrary.com



നുള്ള അഭിപ്രായംതന്നെയാണു് ഇതിൽ ദിദിമൂസിനുള്ളതു്. ഒന്നാം ഗ്രന്ഥം പുത്രനെപ്പററി; രണ്ടാമത്തേതു് പരിശുദ്ധാത്മാവിനെപ്പററി; മൂന്നാമത്തേതു് രണ്ടിന്റെയും ചുരുക്കം. എതിരാളികൾ പാദമൂന്നിയിരിക്കുന്ന ചില വേദപുസ്തകഭാഗങ്ങളുടെ വിശകലനം, അപഗ്രഥനം, മൂന്നു് ദൈവിക ആളുകൾ തമ്മിലുള്ള ഐക്യം എന്നിവ ഇതിൽ ചർച്ചാവിഷയമാക്കുന്നുണ്ടു്. ആരിയൻ, മാസിഡോണിയൻ തടസ്സവാദങ്ങളെല്ലാം ഒന്നൊന്നായി അദ്ദേഹം ഖണ്ഡിക്കുന്നു.

## 2. പരിശുദ്ധാത്മാവിനെപ്പററി

ത്രിത്വത്തെപ്പററിയുള്ള തന്റെ കൃതിയിൽ രണ്ടു പ്രാവശ്യം (3; 16, 21) ഇതെപ്പററി ദിദിമൂസ് പരാമർശിക്കുന്നു. ഗ്രീക്കിലുള്ള മൂലകൃതി നഷ്ടപ്പെട്ടു. ദമാസൂസ് മാർപ്പാപ്പായുടെ നിർദ്ദേശാനുസരണം ജറോം 384–നം 392–നം ഇടയ്ക്കു് ഒരു ലത്തീൻ വിവർത്തനം ഉണ്ടാക്കി. 381–ൽ വി. അംബ്രോസ് 'പരിശുദ്ധാത്മാവിനെപ്പററി' എന്ന കൃതി എഴുതാൻ ഇതിന്റെ ഗ്രീക്കു് ഉപയോഗിച്ചു. നാലാം നൂററാണ്ടിൽ പരിശുദ്ധാത്മാവിനെപ്പററി എഴുതിയ ഏററം ഉത്തമഗ്രന്ഥം ദിദിമൂസിന്റേതാണു്. പരിശുദ്ധാത്മാവിന്റെ ദൈവത്വം, സമസത്ത എന്നിവ ഇതു വ്യക്തമായി പഠിപ്പിക്കുന്നു.

## 3. മാനിക്കേയർക്കെതിരെ

ഈ ഗ്രന്ഥം ഗ്രീക്കിൽതന്നെ നമുക്കു് ലഭിച്ചിട്ടുണ്ടു്. പതിനെട്ടു് ചെറിയ അദ്ധ്യായങ്ങളാണു് ഇതിനുള്ളതു്. വലിയ ഒരു കൃതിയുടെ ഭാഗമാണോ എന്നു് ചിലർ സംശയിക്കുന്നു.

## 4. നഷ്ടപ്പെട്ട താത്വിക കൃതികൾ

(a) ഡോഗ്മകളെക്കുറിച്ചും ആര്യർക്കെതിരെയും: ത്രിത്വത്തെപ്പററിയുള്ള കൃതിയിൽ 14 പ്രാവശ്യം 'ആദ്യവചനം' (പ്രൊത്തോസ് ലോഗോസ്) എന്ന തന്റെ കൃതിയെപ്പററി ദിദിമൂസ് പരാമർശിക്കുന്നു. ഇതു് നഷ്ടപ്പെട്ടു എന്നു കരുതപ്പെട്ടിരുന്നു. എന്നാൽ ജറോം പരാമർശിക്കുന്ന (മഹത് 109) 'ദെ ദോഗ്മാത്തിബൂസ് എത്തു് കോന്ത്രാ അരിയാനോസ്' എന്ന കൃതി ഇതുതന്നെയാണു് എന്നാണു് പണ്ഡിതമതം. ബസ്സേലിയോസ്സിന്റെ 'എവുണോമിയസിനെതിരെ' (കോൺത്രാ എവുണോമിയും) എന്ന കൃതിയുടെ അനുബന്ധമായി ചേർത്തിരിക്കുന്ന നാലും അഞ്ചും കൃതികൾ ജറോം പരാമർശിക്കുന്ന രണ്ടു കൃതികൾതന്നെ. ത്രിത്വത്തെപ്പററിയുള്ള കൃതിയിലെ പരാമർശനങ്ങൾ മേൽപറഞ്ഞ അനുബന്ധങ്ങളുമായി ഒത്തുപോകുന്നവയാണു്.

www.malankaralibrary.com



(b) Sectarum Volumen: 'പരിശുദ്ധാത്മാവിനെപ്പററിയുള്ള' തൻെറ കൃതിയിൽ (5; 20) ഉള്ള പരാമർശനമൊഴിച്ച് മറെറാന്നും ഇതേപ്പററി നമുക്കറിയില്ല.

(c) ഒരിജെൻെറ ന്യായീകരണം: ഒരിജെൻെറ ആദ്യതത്വങ്ങളെ ന്യായീകരിച്ചുകൊണ്ട് ദിദിമൂസ് ഒരു ഗ്രന്ഥമെഴുതിയെന്ന് സൊക്രാട്ടസ് സാക്ഷിക്കുന്നു (സഭാ. 4, 25). ഒരിജെനെ മനസ്സിലാക്കാൻ കഴിവില്ലാത്ത സാധാരണക്കാർ അദ്ദേഹത്തെ തെററിദ്ധരിച്ചു. അപ്പോഠം ഒരിജെന് ഒരു 'ഓർത്തഡോക്സ്' ഭാഷ്യം നൽകാൻ ദിദിമൂസ് ശ്രമിച്ചു. എന്നാൽ അതോടൊപ്പം ഒരിജെൻെറ ചില തെററുകളും സ്വീകരിച്ചു. മാലാഖമാരുടെ പാപം, ആത്മാവിൻെറ പ്രസ്ഥിതി (preexistence), അപ്പൊക്കത്തസ്റ്റസിസ്—എന്നീ ഒരിജെനിസ്റ്റ് വീക്ഷണങ്ങഠം ദിദിമൂസിനും ഉണ്ടായിരുന്നു എന്ന് വി. ജെറോം സാക്ഷിക്കുന്നു (റൂഫീനസിനെതിരെ, 7, 6; 2, 16).

(d) 'താത്വികന്', 'ശരീരരാഹിത്യത്തെപ്പററി' എന്നിങ്ങനെ രണ്ട് കൃതികളെപ്പററി വി. ജോൺ ഡമഷേൻ സംസാരിക്കുന്നു. 'സാക്രാപാരല്ലെലാ' എന്ന ഡമഷേൻ കൃതി ഇവയിൽനിന്ന് ഉദ്ധരിക്കുന്നു.

(e) ദിദിമൂസിൻേറതായി മററ് ചില കൃതികഠംകൂടി അറിയപ്പെടുന്നു. മററ് സഭാപിതാക്കന്മാരുടെ കൃതികളുടെക്കൂടെ കാണപ്പെടുന്ന ഇവയെപ്പററി അന്തിമാഭിപ്രായം പറയാൻ സാധ്യമല്ല.

## 5. ഭാഷ്യകൃതികൾ

പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും നിരവധി ഗ്രന്ഥങ്ങഠംക്ക് ദിദിമൂസ് ഭാഷ്യങ്ങളെഴുതി. പലതിനെപ്പററിയും ഉള്ള പരാമർശനങ്ങഠം മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു. ഒരിജെൻെറയും അലക്സാണ്ഡ്രിയൻ വിദ്യാപാഠശാലയുടെയും ഭാഷ്യരീതിയിൽ തന്നെയാണ് ദിദിമൂസും ഭാഷ്യരചന നടത്തിയതു്.

## ദിദിമൂസിൻെറ ദൈവശാസ്ത്രം

ദൈവശാസ്ത്ര വികസനചരിത്രം പഠിക്കുവാൻ ദിദിമൂസ് വളരെ സഹായകമാണ്; വളരെ അവശ്യാവശ്യവുമാണ്. അത്തനാസ്യോസിനും കപ്പദോച്ചിയൻ പിതാക്കന്മാർക്കുമിടയ്ക്കു് ദിദിമൂസ് വർത്തിക്കുന്നു. ക്ലെമെൻറ്, ഒരിജെൻ ആദിയായവരുടെ ഭാഷാശൈലി ദിദിമൂസിൻെറ ചിന്തയിലൂടെ വി. സിറിലിലെത്തുന്നതും വളരെ പ്രാധാന്യമർഹിക്കുന്നു. ദിദിമൂസിൻെറ കൃതികളൊക്കെ അലക്സാണ്ഡ്രിയൻ കലാലയത്തിൽ എടുത്ത ക്ലാസ്സു-

www.malankaralibrary.com



കളുടെ നോട്ടുകളാണു്. അവ വൻപന്മാരായ വിദ്യാർത്ഥികളിലും സമകാലീനവും പില്ക്കാലികവുമായ ചിന്താലോകത്തും വലിയ സ്വാധീനം ചെലുത്തി.

## 1. ത്രിത്വം

ത്രിത്വത്തിന്റെ ദൈവശാസ്ത്രജ്ഞനാണു് ദിദീമൂസ്. അദ്ദേഹത്തിന്റെ പ്രധാനശൈലിയായിരുന്നു, 'മിയാ ഉസിയാ—ത്രെയിസ് ഹ്യൂപ്പൊസ്റ്റസെയിസ്'' (ഒരു സത്ത, മൂന്നാളുകൾ) എന്നതു്. അത്തനാസ്യോസാകട്ടെ ഈ ഫോർമുല ഉപയോഗിക്കുന്നില്ല. ആദ്യമായി ഈ ഫോർമുല പ്രത്യക്ഷപ്പെടുന്നതു് 'ആരിയൂസിനും സബെല്ലിയസിനും എതിരായ ചർച്ച്'യിലാണു് (358—ൽ). ത്രിത്വത്തിനു് ഒരു സത്ത; അതുകൊണ്ടു ഒരു പ്രവർത്തനവും (പരിശുദ്ധാത്മാവിനെപ്പററി, 17). പ്രവർത്തനത്തിലുള്ള ഐക്യത്തിൽനിന്നു് സ്വഭാവത്തിലുള്ള ഐക്യം തെളിയുന്നു (ത്രിത്വം. 2, 6, 4). പരിപാലനകർമ്മവും മൂന്നാളുകളുടെയും പ്രവൃത്തിയാണു്. ഇതു് മാനുഷിക ചിന്തയ്ക്കപ്പുറത്തുള്ള അഗ്രാഹ്യ യാഥാർത്ഥ്യമാണു്.

## 2. ക്രിസ്തുശാസ്ത്രം

അത്തനാസ്യോസിനെപ്പോലെ രക്ഷാകരശാസ്ത്രത്തിൽ പാദമൂന്നിയല്ല ദിദീമൂസിന്റെ ക്രിസ്തുശാസ്ത്രം. ക്രിസ്തുവിന്റെ മനുഷ്യാത്മാവിനുള്ള പ്രാധാന്യത്തെ അദ്ദേഹം ഊന്നിപ്പറയുന്നു. 'യേശുക്രിസ്തുവിനു് മനുഷ്യാത്മാവില്ല' എന്ന അബദ്ധചിന്ത അദ്ദേഹം പാടേ തള്ളിക്കളയുന്നു. 'വചനം മനുഷ്യാത്മാവുവഴി ശരീരവുമായി ബന്ധപ്പെട്ടു' എന്ന ചിന്ത വച്ചുപുലർത്തിയ ഒരിജെൻ അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ടു്. മനുഷ്യാത്മാവില്ലാതെ മാനുഷിക പ്രവർത്തനങ്ങൾ സാധ്യമല്ല. 'ക്രിസ്തു മാനുഷികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. അതുകൊണ്ടു് മനുഷ്യാത്മാവുണ്ടായിരിക്കണം.' (ത്രിത്വം 3. 2. 27; 3. 21). വചനവും മനുഷ്യാത്മാവും തമ്മിൽ ക്രിസ്തുവിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതു നിത്യമായ ബന്ധമാണു്.

ക്രിസ്തുവിന്റെ ഉയിർപ്പു് അത്തനാസ്യോസിനെ സംബന്ധിച്ചു് ശരീരവും വചനവും തമ്മിലുള്ള ബന്ധമാണു്. ദിദീമൂസ് പറയുന്നതു് ജഡം കബറിലായിരുന്ന മൂന്നു ദിവസങ്ങൾ ക്രിസ്തുവിന്റെ മനുഷ്യാത്മാവു് മൂന്നു രാവും മൂന്നു പകലും പാതാളത്തിലായിരുന്നു. മൂന്നാംനാൾ ഉയിർക്കാൻ കാത്തിരുന്നു. ദൈവത്വവും മനുഷ്യത്വവും കൂടിക്കലർന്നു് മൂന്നാമതൊന്നുണ്ടായില്ല. മാററം കൂടാതെയും കലർപ്പുകൂടാതെയും രണ്ടും യോജിച്ചു. രണ്ടു സ്വഭാവത്തിനും മാററം വന്നില്ല (അത്രെപ്റ്റോസ്'' അസ്യങ്ക്രുതോസ്''). ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നു് രണ്ടു സ്വഭാ

www.malankaralibrary.com



വവും രണ്ട് ഇച്ഛയും ഉണ്ട്. രണ്ട സ്വഭാവം (ദ്വവോ ഫ്യൂസെയിസ്) എന്ന ഫോർമുല കൃത്യമായുപയോഗിക്കുന്നില്ലെങ്കിലും, ഈ ചിന്താധാരയിൽ ഒരു വലിയ മുന്നേററമാണ് അദ്ദേഹത്തിന്റെ ചിന്ത. 'രണ്ട സ്വഭാവമുണ്ടെങ്കിലും ഒരു വ്യക്തി മാത്രം. പിതാവിൽനിന്നുള്ള പുത്രൻ ഒരാളും (അല്ലോസ്), ജഡമെടുത്ത് ക്രൂശിതനായവൻ മറെറാരാളുമായി (കായ് അല്ലോസ്) നാം കരുതുന്നില്ല.' (ത്രിത്വം 3, 6; പരിശുദ്ധാ. 52).

## 3. പരിശുദ്ധാത്മാവ്

ദിദിമൂസ് തന്റെ ത്രിത്വകൃതി രണ്ടാംപുസ്തകത്തിനപ്പുറമെ പരിശുദ്ധാത്മാവിനെപ്പററിത്തന്നെ ഒരു പ്രത്യേക കൃതി എഴുതി. പരിശുദ്ധാത്മാവിന്റെ ദൈവശാസ്ത്രജ്ഞൻ എന്നറിയപ്പെടുന്നത് ദിദിമൂസാണ്. പിതാവിൽനിന്ന് പുറപ്പെടുകയും പുത്രനിൽനിന്നെടുക്കപ്പെടുകയും ചെയ്യുന്ന പരിശുദ്ധാത്മാവിനെപ്പററി സമ്യക്കായി വിവരിച്ചതിന് ഫ്ളോറൻസ് സിനഡ് ദിദിമൂസിനെ വളരെയധികം പ്രശംസിച്ചിട്ടുണ്ട്.

'പരിശുദ്ധാത്മാവ് സൃഷ്ടിയാണ്' എന്ന ആരിയൻ ചിന്തയ്ക്കെതിരായി, അവിടുന്ന് പുത്രനെപ്പോലെതന്നെ ദൈവമാണെന്ന് തുടർച്ചയായി ദിദിമൂസ് പഠിപ്പിക്കുന്നു. വിശുദ്ധീകരണകർമ്മം പരിശുദ്ധാത്മാവിന്റെ കർമ്മമായിട്ടാണ് അദ്ദേഹം ചിത്രീകരിക്കുന്നത്. എല്ലാ ദാനങ്ങളുടെയും പൂർണതയാണ് പരിശുദ്ധാത്മാവ്. അവിടുത്തെ കൂടാതെ ദൈവത്വത്തിൽ നിന്നൊന്നും കൊടുക്കപ്പെടുന്നില്ല. പരിശുദ്ധാത്മാവ് ദൈവമാണെന്ന് മാത്രമല്ല, പിതാവിനു സമനുമാണ്. പിതാവിൽനിന്ന് പുറപ്പെട്ട് പരിശുദ്ധാത്മാവ് പുത്രനിൽ വസിക്കുന്നു (ത്രിത്വം 1.31). പുത്രന്റെ ഛായയാണ് അവിടുന്ന്; പുത്രൻ പിതാവിന്റെ ഛായയും. പിതാവ് വസിക്കുന്നിടത്ത് പുത്രനും പരിശുദ്ധാത്മാവുമുണ്ട്. മനുഷ്യാത്മാവു ത്രിത്വത്തിന്റെ വാസകേന്ദ്രമാണ്. മൂന്നുപേരും ഒന്നിച്ചുവസിക്കുന്നു (ത്രിത്വം 2,10).

## 4. സഭ

യേശുക്രിസ്തു സ്ഥാപിച്ച സഭയിൽ പരിശുദ്ധാത്മാവ് തന്റെ ദാനങ്ങളം ചിന്തുന്നു. 'അവിടുന്ന് നദികളിന്മേൽ തന്റെ സഭയെ സ്ഥാപിച്ചു; തന്റെ കല്പനയാൽ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ ശക്തി നൽകി; ഉറവയിൽ നിന്നെന്നപോലെ ജീവജലത്തിന്റെ നീരുറവയാകുന്ന കൃപകളം അവനിൽ നിറഞ്ഞൊഴുകുന്നു.' (സങ്കീർത്തനഭാഷ്യം, 23, 4). പരിശുദ്ധാത്മാവുവഴി സഭ എല്ലാവരുടെയും മാതാവായിത്തീരുന്നു. മാമോദീസാത്തൊട്ടിയിൽ കന്യകയായ തന്റെ ഉദരത്തിൽനിന്ന് അവരം

www.malankaralibrary.com



മക്കളെ പ്രസവിക്കുന്നു. ത്രിത്വത്തിൻെറ മാമോദീസാ തൊട്ടി വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടിയുള്ള രക്ഷയുടെ പണിപ്പുരയാണു്. അതിൽ കഴുകപ്പെടുന്നവരെ സർപ്പ ദംശനത്തിൽ നിന്നു് രക്ഷപ്പെടുത്തുന്നു. കന്യകയായിത്തന്നെ നിന്നുകൊണ്ടു്, പരിശുദ്ധാത്മാവു് വഴി അവരും എല്ലാവരുടേയും മാതാവായിത്തീരുന്നു (ത്രിത്വം 2,13). 'ക്രിസ്തുവിൻെറ വധു'. 'ക്രിസ്തുവിൻെറ ഭൗതികശരീരം', 'നമ്മുടെ മാതാവു്' എന്നിങ്ങനെ ദിദീമൂസ് സഭയെ വിളിക്കുന്നു.

## 5. ഉത്ഭവ പാപവും മാമോദീസായും

ആദ്യ മാതാപിതാക്കന്മാരുടെ വീഴ്ചയിൽനിന്നുളവായ പഴയ പാപത്തിൽ നിന്നു് (പലയ്യാ ഹമർതിയ) യോർദാനിലെ സ്നാനം വഴി ക്രിസ്തു നമ്മെ രക്ഷിച്ചു (ത്രിത്വ. 2,12). ലൈംഗികവേഴ്ചവഴി ആദ്യ പാപം പിൻതലമുറകളിലേക്കു് പകർന്നു. എന്നാൽ കന്യകയിൽനിന്നുരുവായ ക്രിസ്തുവിനാകട്ടെ ആദ്യപാപം ഇല്ലായിരുന്നു (മനിക്കെയർക്കെതിരെ, 8).

മാമോദീസാ, കറകരം കഴുകുകയും ദത്തെടുക്കയും കൃപ നൽകുകയും പൂർണരാക്കുകയും ചെയ്യുന്നു. ഇതു് രക്ഷയ്ക്കു് കൂടിയേ തീരൂ (ത്രിത്വം 2,12). ഇതിനൊരേയൊരു അപവാദം മാത്രം: പരിശുദ്ധാത്മാവിൻെറ കർമ്മമായ രക്തസാക്ഷിത്വം. മോണ്ടനിസ്റ്റുകളുടേയും എവുണോമിയസിൻെറ പിൻഗാമികളുടേയും സ്നാനം സഭ അംഗീകരിക്കുന്നില്ലെന്നു് അദ്ദേഹം പറയുന്നു (ത്രിത്വ. 2.15).

## 6. ദൈവമാതാവ്

കന്യകാമറിയത്തെ അദ്ദേഹം ദൈവമാതാവു് (തെയൊത്തോക്കോസ്) എന്നു് വിളിക്കുന്നു. അവരും നിത്യകന്യകയാണു്. പ്രസവത്തിനു് മുമ്പും പ്രസവാവസരത്തിലും അതിനു ശേഷവും അവരും കന്യക തന്നെയായിരുന്നു (ആരിയർക്കെതിരെ, 2,70).

## 7. മനുഷ്യൻ

ഒരിജനെപ്പോലെ നെയോപ്ലാറേറാണികചിന്ത ദിദീമൂസിനെയും സ്വാധീനിച്ചിരുന്നു. മനുഷ്യനിൽ ബൗദ്ധികാത്മാവു് (നൂസ്) മൃഗീയാത്മാവു് (പ്സ്യുക്കെ), ജഡം (ഫ്യുസിസ്) എന്നിങ്ങനെ മൂന്നു് ഘടകങ്ങളുണ്ടു്. ശരീരവുമായി യോജിക്കുന്നതിനു മുമ്പു് ആത്മാവു് പ്രത്യേകമായൊരു യാഥാർത്ഥ്യമായി കഴിഞ്ഞിരുന്നു. അതായതു് ആത്മാവിൻെറ പ്രസ്ഥിതി ഒരിജനെപ്പോലെ ഇദ്ദേഹവും ഉയർത്തിക്കാട്ടുന്നു. ചെയ്ത പാപത്തിനു് പ്രായശ്ചിത്തമായി അവ ജഡത്തിൽ അടയ്ക്കപ്പെടുന്നു (ത്രിത്വ. 3.1).

www.malankaralibrary.com



8. അപ്പൊകത്തസ്റ്റസീസ്

കാലാന്ത്യത്തിൽ ദൈവം എല്ലാം പൂർവസ്ഥിതിയിലെത്തിക്കും എന്നു ദിദീമൂസ് പഠിപ്പിച്ചിരുന്നു എന്നു ജറോം പറയുന്നു. അതായത് നിത്യമായ നരകശിക്ഷയൊന്നുമില്ലെന്നർത്ഥം.

## 2. തെയോഫിലസ് (385–412)

അത്തനാസ്യോസിൻെറ മൂന്നാമത്തെ പിൻഗാമിയും സിറിലിൻെറ മാതൃസഹോദരനും മുൻഗാമിയുമായിരുന്ന തെയോഫിലസ്. അതിബുദ്ധിമാൻ ആയിരുന്ന തെയോഫിലസ് കഴിവത്രയും തൻെറ അധികാരം ഉറപ്പിക്കാൻ ശ്രമിച്ചു. അതിനെന്തുചെയ്യാനും ഒരു മടിയും കാട്ടിയിരുന്നില്ലെന്നു ചിലർ പറയുന്നു. അദ്ദേഹത്തെപ്പററി ചരിത്രകാരന്മാർക്കു വിവിധാഭിപ്രായങ്ങളുണ്ട്.

അക്കാലത്തെ പല രാഷ്ട്രീയ—മതാത്മക പ്രശ്നങ്ങളിലും തലയിട്ടു വിജയകരമായി തലയൂരിപ്പോരുവാൻ തെയോഫിലസിനു സാധിച്ചു; എന്നാൽ ഒരു മെത്രാനു പ്രത്യേകിച്ചു അലക്സാണ്ഡ്രിയായിലെ പാത്രിയർക്കീസിനു അവയിൽ പലതും യോജിച്ചതായിരുന്നില്ല. മൂന്നു സംഭവങ്ങൾ തെയോഫിലസിൻെറ പേരിനോടു്, ചേർന്നറിയപ്പെടുന്നു: (1) ഈജിപ്റ്റിൽ 'പേഗനിസത്തിൻെറ' മരണമണി (2) ഒരിജെൻെറ പേരിലുള്ള വാഗ്വാദം (3) വി. ജോൺ ക്രിസൊസ്തോമിൻെറ സ്ഥാനഭ്രംശവും വിപ്രവാസവും. ചക്രവർത്തിയുടെ അനുവാദത്തോടുകൂടി ഈജിപ്തിൽ അവശേഷിച്ചിരുന്ന പേഗനിസത്തെ തുടച്ചുമാററുവാൻ ക്രി. വ. 391–ൽ അദ്ദേഹം ഇറങ്ങിത്തിരിച്ചു. അക്രൈസ്തവരുടെ നിരവധി ആരാധനാലയങ്ങൾ ചുട്ടുകരിക്കപ്പെട്ടു. അവയിൽ സറാപെവും (Sarapeum), മിത്രേവും (Mithreum), ദിയനിസോസും (Dionysos) ഉൾപ്പെടുന്നു. അതിനുപകരം അലക്സാണ്ഡ്രിയായിലുടനീളം വലിയ ക്രൈസ്തവ ദേവാലയങ്ങൾ ഉയർന്നുവന്നു. ഒരിജെനെ സംബന്ധിച്ചുള്ള വാഗ്വാദത്തിൽ തരംനോക്കി തെയോഫിലസ് കക്ഷിചേർന്നു. 399 വരെ അദ്ദേഹം ഒരിജെൻെറ ആരാധകനായിരുന്നു; ഒരിജെൻെറ ഒരാരാധകനായിരുന്ന യറുശലേമിലെ ജോണിൻെറ ഒരു സുഹൃത്തുമായിരുന്നു. കുറേ കഴിഞ്ഞപ്പോൾ രാഷ്ട്രീയ നേട്ടത്തിൽ ഉന്നം വച്ചു്, ഒരു ലഹളയൊഴിവാക്കാൻ, ഒരിജനെതിരായി തിരിഞ്ഞു. 401 ലെ അലക്സാണ്ഡ്രിയൻ സിനഡിൽ വച്ചു് ഒരിജെനിസത്തെ ശപിച്ചു എന്നു സൊക്രാട്ടസും സൊസോമനും സാക്ഷിക്കുന്നു (സഭാ. 6,75; സഭാ. 8,11). നിത്രിയൻ മരുഭൂമിയിൽ ഒരിജെൻെറ നിരവധി ആരാധകരുണ്ടായിരുന്നു. അവരുടെ മേൽ ഒരാക്രമണത്തിനു തെയോഫിലസ് ചുക്കാൻ പിടിച്ചു

www.malankaralibrary.com



എന്നു് പറയപ്പെടുന്നു. ദിയൊസ്ക്കോറോസ്, അമ്മോൻ, എവു സേബിയസ്, എവുത്തിമൂസ് എന്നിങ്ങനെ നാല് 'ലോങ് സഹോദരന്മാർ'(the four long Brothers) ആക്രമണത്തിനു് വിധേയരായവരിൽ പെടുന്നു. തെയോഫിലസിന്റെ ഏററം ക്രൂരമായ പ്രവൃത്തി ജോൺ ക്രിസൊസ്തോമിനെ സ്ഥാനഭ്രഷ്ടനാക്കിയതാണു്. 403–ൽ 'സിനഡ് ഓഫ് ഓക്ക്' എന്നറിയപ്പെടുന്ന സമ്മേളനത്തിൽ വച്ചു് ക്രിസൊസ്തോമിനെ സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തി.

മറെറാരു കാര്യം ഈ തരുണത്തിൽ നാം വിസ്മരിക്കരുതു്. തെയോഫിലസിങ്ങനെയെല്ലാം ചെയ്തു എന്നു് ആരാണു് പറഞ്ഞിരിക്കുന്നതു്? തെയോഫിലസിന്റെ എതിരാളികളിൽ നിന്നാണു് അദ്ദേഹത്തെപ്പററി നമുക്കറിവു് ലഭിക്കുന്നതു്. മറിച്ചു്, പല്ലാഡിയൂസ്, അർനോബിയസ്, തിയോഡൊറെററ് ലെയോ മാർപ്പാപ്പാ, വിജീലിയൂസ് തുടങ്ങിയവർ തിയോഫിലസിനെ ഹോനായും സഭാപിതാവായും കരുതുന്നു. സന്യാസികളുടെയിടയിൽ വലിയ സ്ഥാനമായിരുന്നു അദ്ദേഹത്തിനു്. കോപ്ററിക് സഭ ഒക്ടോബർ 15 നും, സിറിയൻ സഭ ഒക്ടോബർ 17 നും അദ്ദേഹത്തിന്റെ പെരുന്നാൾ ഘോഷിക്കുന്നു.

## കൃതികൾ

തെയോഫിലസ് ഒരു വലിയ എഴുത്തുകാരനായിരുന്നു. തിയോഡൊറെററ്, ലെയോ, ജലാസ്യൂസ്, ജന്നാഡിയൂസ് എന്നിവർ ഇതേപ്പററി സംസാരിക്കുന്നു. പക്ഷേ വളരെ കുറച്ചു് കൃതികളേ നമുക്കു് കിട്ടിയിട്ടുള്ളു.

### 1. പാസ്ക്കൽ കാനൻ

380 മുതൽ 479 വരെയുള്ള 'ഉയിർപ്പുതിരുനാൾ' കാണിക്കുന്ന ഒരു പഞ്ചാംഗമുണ്ടാക്കി. 388–ൽ തിയോഡോഷ്യസ് ചക്രവർത്തിക്കു് അതു് കൊടുത്തു. ചക്രവർത്തി ആ കലണ്ടർ സ്വീകരിച്ചില്ല. അതിന്റെ ആമുഖം മാത്രമേ നമുക്കു് ലഭിച്ചിട്ടുള്ളു.

### 2. ലേഖനങ്ങൾ

തെയോഫിലസ് നിരവധി കത്തുകളെഴുതിയെങ്കിലും വളരെ കുറച്ചു്, അതും ജറോമിന്റെ ലത്തീൻ വിവർത്തനത്തിലൂടെ മാത്രമേ നമുക്കു് കിട്ടിയിട്ടുള്ളു.

www.malankaralibrary.com



## 3. പാസ്ക്കൽ ലേഖനങ്ങൾ

അലക്സാണ്ഡ്രിയൻ പതിവനുസരിച്ച് തെയോഫിലസും പാസ്ക്കൽ കത്തുകളയച്ചിരുന്നു. കുറഞ്ഞത് 26 എണ്ണമുണ്ട്. ജറോമിൻെറ ലത്തീൻ വിവർത്തനത്തിൽ അവയിൽ മൂന്നെണ്ണം മാത്രം ശേഷിക്കുന്നു. ക്രി. വ. 401, 402, 404 എന്നീ വർഷങ്ങളിലേതാണ് ഈ ലേഖനങ്ങൾ. ഒരിജെൻ, അപ്പൊള്ളിനാരിസ് എന്നിവർക്കെതിരാണ് ഈ ലേഖനങ്ങളുടെ ചായ്വ്. മററു പാസ്കൽ ലേഖനങ്ങളെപ്പററി പലരും പരാമർശിക്കുന്നു. ചിലർ അതിൽ നിന്ന് ഉദ്ധരിക്കുന്നുണ്ട്. എന്നാൽ മിക്കതും നഷ്ടപ്പെട്ടവയിൽ ഉൾപ്പെടുന്നു.

നിരവധി പ്രഭാഷണങ്ങളുടെ കർത്താവാണ് തെയോഫിലസ്. എന്നാൽ പലതിൻേറയും പേരു് മാത്രമെ നമുക്കറിയൂ.

ഒരിജെൻ, ക്രിസൊസ്തോം എന്നിവർക്കെതിരെയും തെയോഫിലസ് കൃതികളെഴുതിയതായി ചില ചരിത്രകാരന്മാർ പറയുന്നു. (ജന്നാഡിയുസ്, മഹത്. 33; ഫക്കൻഡുസ്, മൂന്നധ്യായങ്ങൾ 6,5).

തിയോഫിലസിൻേറതായി മററ് ചില കൃതികൾ അറിയപ്പെടുന്നുണ്ട്. അവയെപ്പററി പണ്ഡിതന്മാർ അവസാനവാക്ക് പറഞ്ഞിട്ടില്ല.

## 3. വി. സിറിൽ (378–444)

ക്രി. വ. 412 ഒക്ടോബർ 15 ന് തെയോഫിലസ് മരിച്ചപ്പോൾ തിമോത്തി എന്ന ആർച്ചുഡീക്കനെ പാത്രിയർക്കീസായി അവരോധിക്കാനായിരുന്നു രാഷ്ട്രീയാധികാരികളുടെ പദ്ധതി. എന്നാൽ രണ്ടുദിവസത്തിനകം തെയോഫിലസിൻെറ അനന്തിരവനായ സിറിൽ (കൂറില്ലോസ്) തിരഞ്ഞെടുക്കപ്പെടുകയും ആ സ്ഥാനത്തവരോധിക്കപ്പെടുകയും ചെയ്തു. 431—ലെ എഫേസൂസ് സൂനഹദോസിലേക്കു നയിച്ച ക്രിസ്തുശാസ്ത്രതർക്കവുമായി ബന്ധപ്പെടുത്തിയാണ് സിറിലിൻെറ പേരറിയപ്പെടുക.

അലക്സാണ്ഡ്രിയായിൽ ജനിച്ചു വളർന്ന സിറിൽ ഈജിപ്തിലെ സന്യാസികളുടെ കൂടെ കുറേനാൾ താമസിച്ചു എന്ന ധാരണ വി. ഇസിദോറിൻെറ കത്തുകൾ പകർത്തുന്നുണ്ട്. എന്നാൽ അന്ത്യോക്യയിലെ സെവേരുസ് ഈ കത്തുകളുടെ വാസ്തവികതയെപ്പററി സംശയം പ്രകടിപ്പിക്കുന്നു. സിറിലാകട്ടെ തൻെറ കൃതികളിലൊന്നും സന്ന്യാസികളുമായി തനിക്കുള്ള ബന്ധത്തെപ്പററി പറയുന്നില്ല.

www.malankaralibrary.com



ക്രി. വ. 403–ൽ തിയോഫിലസുമൊത്തു് ജോൺ ക്രിസസ്റ്റോമിനെ സ്ഥാനഭ്രഷ്ടനാക്കാൻ സിറിലും കോൺസ്റ്റാൻറിനോപ്പിളിൽ പോയിരുന്നു. ജോൺക്രിസസ്റ്റോമിനോടുള്ള എതിർപ്പ് സിറിലിൽ പിൽക്കാലത്തും നിലനിന്നു. 417–ൽ മാത്രമാണു് ക്രിസസ്റ്റോമിൻെറ പേരു് അലക്സാണ്ഡ്രിയൻ സഭയുടെ അനുസ്മരണപ്പട്ടികയിൽ (diptychs) ചേർത്തതു്. എതിരാളികളോടു് അൽപം പോലും കാരുണ്യം കാണിക്കാത്ത തെയോഫിലസിൻെറ വീക്ഷണഗതികൾ സിറിലിനെയും സ്വാധീനിച്ചിരുന്നു. യെഹൂദരെയും നൊവേഷ്യൻ വിഭാഗക്കാരെയും അലക്സാന്ധ്രിയൻ പട്ടണത്തിൽനിന്നു് സിറിൽ പുറത്താക്കി. അവരുടെ വസ്തുവകകൾ കണ്ടുകെട്ടി. പേഗനിസത്തിൻെറ അവസാനത്തരികൂടി ഈജിപ്ഷ്യൻ മണ്ണിൽ നിന്നു് തുടച്ചുനീക്കാൻ തിയോഫിലസിനേക്കാൾ തീക്ഷ്ണതയോടെ സിറിൽ മുന്നോട്ടിറങ്ങി. ഹിപ്പാസ്യ എന്ന പ്രശസ്തയായ തത്ത്വശാസ്ത്രജ്ഞയെ നിഷ്കരുണം 415 മാർച്ചിൽ ഒരു ദേവാലയത്തിൻെറ മുമ്പിൽവച്ചു് കഷണം കഷണമായി പിച്ചിച്ചീന്തി കൊല്ലാൻ ജനക്കൂട്ടം മുതിർന്നതും സിറിലിൻെറ പിൻതുണകൊണ്ടാണു് എന്നു് സൊക്രാട്ടസ് കുററപ്പെടുത്തുന്നു (സഭാ. 7.15). ഈ ഹീനകർമ്മത്തിൽ സിറിലിനു പങ്കുണ്ടോ എന്നതിനു് ഒരു തെളിവും ഇല്ല.

ക്രി. വ. 428–ൽ നെസ്റ്റോറിയുസിനെതിരായുള്ള പ്രവർത്തനങ്ങളിലൂടെയാണു് സിറിൽ കൂടുതൽ അറിയപ്പെടാൻ തുടങ്ങിയതു്. മറിയത്തെ ദൈവമാതാവു് (തെയോതോക്കോസ്) എന്നു പറയാൻ പാടില്ലെന്നു് കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസ് നെസ്റ്റോറിയുസ് ഒരു പ്രസംഗത്തിൽ പറഞ്ഞത്രേ. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രം നെസ്റ്റോറിയുസിൻെറ പ്രസംഗങ്ങളിലൂടെ പുറത്തു വന്നപ്പോൾ ഗ്രഹിക്കാൻ പലർക്കും വിഷമം തോന്നി. 429–ലെ ഒരു ഇടയ ലേഖനത്തിൽ സിറിൽ നെസ്റ്റോറിയുസിൻെറ സംസാര രീതിയെ അപലപിക്കുകയും അദ്ദേഹത്തെ കുററപ്പെടുത്തുകയും ചെയ്തു. അലക്സാന്ധ്രിയായിലെ സന്ന്യാസികൾക്കു് തത്സംബന്ധമായി അതോടൊപ്പം ഒരു നീണ്ട ലേഖനം സിറിലെഴുതി. സിറിലും നെസ്റ്റോറിയുസും പരസ്പരം കത്തുകൾ കൈമാറി. രണ്ടുപേരും റോമിലെ മെത്രാൻ സെലസ്റ്റിൻ മാർപ്പാപ്പായ്ക്കു് കത്തുകളെഴുതി. 430 ആഗസ്റ്റിൽ റോമിൽ കൂടിയ സിനഡു് നെസ്റ്റോറിയൻ വീക്ഷണങ്ങളും ചർച്ചാരീതികളും അസ്വീകാര്യങ്ങളെന്നു വിധിച്ചു. സിറിലിൻെറ വീക്ഷണം മാർപ്പാപ്പാ സ്വീകരിച്ചു. ഈ തർക്കത്തിൽ പ്രശ്നം കൈകാര്യം ചെയ്യാൻ മാർപ്പാപ്പാ ഇരുകക്ഷികളിലൊരാളായ സിറിലിനെ തന്നെ ചുമതലപ്പെടുത്തി. സിറിലാകട്ടെ തൻെറ കത്തിൻെറ കൂടെ പത്തു് ശാപങ്ങൾ (anathema) ചേർത്തു് നെസ്റ്റോറിയുസിനയച്ചു. പത്തുദിവസങ്ങൾക്കകം തെററായ

www.malankaralibrary.com



പ്രസ്താവനകൾ പിൻവലിക്കാത്തപക്ഷം സ്ഥാനഭ്രഷ്ടനാക്കുകയും മഹറോൻ ചൊല്ലുകയും ചെയ്യുമെന്ന് സിറിൽ നെസ്തോറിയസിനെ ഭീഷണിപ്പെടുത്തി. പ്രശ്നം സങ്കീർണമായതിനാൽ 431-ൽ തെയഡോഷ്യസ് രണ്ടാമൻ ചക്രവർത്തി പെന്തക്കോസ്തിദിനത്തിൽ എഫേസൂസിൽ ഒരു സിനഡ് വിളിച്ചുകൂട്ടി. ആദ്യസമ്മേളനത്തിൽ (ജൂൺ 22, 431)സിറിൽതന്നെ അദ്ധ്യക്ഷത വഹിച്ചു; നെസ്തോറിയസിനെ സ്ഥാനഭ്രഷ്ടനാക്കി; സഭയിൽനിന്നദ്ദേഹത്തെ പുറത്താക്കി.സിറിലിൻെറ പന്ത്രണ്ടുശാപങ്ങൾ ഔദ്യോഗിക രേഖയായി അംഗീകരിച്ചു. നെസ്തോറിയസിൻെറ ക്രിസ്തുശാസ്ത്രതത്വങ്ങൾ തള്ളപ്പെട്ടു. ദൈവമാതാവ് (തെയോതോക്കൊസ്) എന്ന പദപ്രയോഗം അംഗീകരിക്കപ്പെട്ടു.

നാലുനാൾ കഴിഞ്ഞ് അന്ത്യോക്യയിലെ യോഹന്നാൻ പൗരസ്ത്യപ്രവിശ്യയിലെ (Oriens) തൻെറ മെത്രാന്മാരോടൊത്തു സ്ഥലത്തെത്തി. മറെറാരു മീററിഗ് കൂടി സിറിലിനെ സ്ഥാനഭ്രഷ്ടനാക്കുകയും സഭയ്ക്കു പുറത്താക്കുകയും ചെയ്തു. ചക്രവർത്തി സിറിലിനെയും നെസ്തോറിയസിനെയും സ്ഥാനഭ്രഷ്ടരാക്കി ജയിലിലടച്ചു. കുറെ ദിവസങ്ങൾക്കുശേഷം സിറിൽ ജയിൽവിമുക്തനായി. ഒക്ടോബർ 30-ന് ഒരു രണ്ടാം അത്തനാസ്യോസായി സിറിൽ അലക്സാണ്ഡ്രിയായിൽ സ്വീകരിക്കപ്പെട്ടു. നെസ്തോറിയസാകട്ടെ അന്ത്യോക്യയിലെ ഒരാശ്രമത്തിലേക്ക് അയയ്ക്കപ്പെട്ടു.

ക്രി. വ. 433 വരെ അന്ത്യോക്യയും അലക്സാണ്ഡ്രിയായും തമ്മിലുള്ള പിണക്കം തുടർന്നു. അവസാനം അന്ത്യോക്യയിലെ യോഹന്നാൻ നെസ്തോറിയസിൻെറ മുടക്കംഗീകരിച്ചു. സിറിൽ, സൈറസിലെ തിയഡൊറേററ് ഉണ്ടാക്കിയതും പൗരസ്ത്യർക്ക് സ്വീകാര്യമായതുമായ ഫോർമുല സ്വീകരിച്ചു. അതിൽ ദൈവമാതൃത്വം സ്പഷ്ടമാക്കിയിരുന്നു. തുടർന്നും സിറിൽ നെസ്തോറിയസിനെതിരായി പ്രവർത്തിച്ചുകൊണ്ടിരുന്നു. 444 ജൂൺ 27-ന് സിറിൽ മരിച്ചു.

## കൃതികൾ

ആദ്യകാല ക്രിസ്തീയസാഹിത്യത്തിലെ ഒരതികായകനാണ് സിറിൽ. കൃതികളിൽ ധാരാളം നഷ്ടപ്പെട്ടെങ്കിലും മീഞ്ഞിൻെറ (J. P. Migne) പത്ത് വാല്യങ്ങൾ സിറിലിൻെറ കൃതികൾ തന്നെയാണ് (68–77). ചില കൃതികളുടെ വിവർത്തനങ്ങൾ സിറിലിൻെറ ജീവിതകാലത്തുതന്നെ ഉണ്ടായി. മാരിയൂസ് മെർകാതോർ ലത്തീനിലും. എഡേസ്സയിലെ റാബുള്ള സുറിയാനിയിലും ചില കൃതികൾ വിവർത്തനം ചെയ്തു. അർമേനിയൻ, എത്യോപ്യൻ, അറബിക് വിവർത്തനങ്ങളും അതിനുശേഷം ഉണ്ടായി.

www.malankaralibrary.com



ഗ്രീക്കിൽ ഇല്ലാത്ത പല കൃതികളും ഈ വിവർത്തനങ്ങളിൽനിന്നാണു് നമുക്കു കിട്ടിയിട്ടുള്ളതു്. സിറിലിന്റേതു് ആകർഷകമായ ശൈലിയല്ല. എന്നാൽ അഗാധമായ ചിന്താശക്തിയുടെ ഉടമയായിരുന്നു അദ്ദേഹം. ആശയസമ്പുഷ്ടമായിരുന്നു ഓരോ വരിയും. ആശയ വ്യക്തത സിറിലിന്റെ പ്രത്യേകതയാണു്. 428 വരെയുള്ള കാലഘട്ടം ആര്യനിസത്തിനെതിരെയുള്ള അത്തനേഷ്യൻ സമരത്തിന്റെ തുടർച്ചയായിരുന്നു. ഈ കാലത്തു് പല ഭാഷ്യകൃതികളും അദ്ദേഹം എഴുതിയിട്ടുണ്ടു്. 428 നുശേഷം നെസ്തോറിയനിസത്തിനെതിരെയുള്ള പ്രവർത്തനങ്ങളിലത്രേ സിറിൽ സർവശ്രദ്ധയും കേന്ദ്രീകരിച്ചതു്. ഭാഷ്യകൃതികളിൽ അലക്സാണ്ഡ്രിയൻ രീതിതന്നെയാണു് സിറിൽ പിന്തുടരുന്നതു്. എന്നാൽ പഴയ നിയമത്തിലെ എല്ലാ കാര്യങ്ങൾക്കും ആധ്യാത്മികാർത്ഥം കൊടുക്കുന്ന ഒരിജന്റെ വീക്ഷണം സിറിൽ അപ്പാടെ സ്വീകരിക്കുന്നില്ല. പുതിയനിയമ ഭാഷ്യങ്ങൾ കൂടുതൽ വാച്യാർത്ഥ പ്രാധാനമാണു്, എന്നാൽ ചരിത്രപരവും നിരുക്തിപരവുമായ ഭാഷ്യങ്ങൾക്കൊന്നും സിറിൽ പ്രാധാന്യം നൽകുന്നില്ല.

## 1. പഴയനിയമഭാഷ്യങ്ങൾ

(a) ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നതു സംബന്ധിച്ചു് 17 പുസ്തകങ്ങൾ (പഞ്ചഗ്രന്ഥിഭാഷ്യം): സിറിലും പല്ലാഡിയസും തമ്മിലുള്ള ഒരു സംഭാഷണമായിട്ടാണിതു് എഴുതിയിരിക്കുന്നതു്. പഴയനിയമത്തിനു് രൂപകാർത്ഥം നൽകാൻ ഗ്രന്ഥകാരൻ ഇവിടെ ശ്രദ്ധിക്കുന്നു. പ്രത്യേകം തെരഞ്ഞെടുത്ത പഞ്ചഗ്രന്ഥിഭാഗങ്ങളുടെ ഭാഷ്യമാണിതു്. പഴയനിയമത്തെ അക്ഷരത്തിൽ മാത്രമെ കർത്താവു നീക്കിയുള്ളു. ആന്തരാർത്ഥത്തിൽ നിയമം ഇപ്പോഴും നിലനിൽക്കുന്നു എന്നു് കാട്ടുകയാണതിൽ. അരൂപിയിലുള്ള ആരാധനയുടെ മുൻകുറികളും സൂചനകളുമാണു് പഴയനിയമ സ്ഥാപനങ്ങളെന്നാണു് സിറിലിന്റെ വാദം. മനുഷ്യകുലം എപ്രകാരം പാപദാസ്യത്തിൽനിന്നും, പൈശാചികാടിമത്തത്തിൽനിന്നും മോചിക്കപ്പെട്ടെന്നു് ആദ്യഗ്രന്ഥം വിശദീകരിക്കുന്നു. 'ക്രിസ്തുവിലൂടെയുള്ള നീതീകരണം' രണ്ടും മൂന്നും പുസ്തകങ്ങളിൽ ചർച്ചാവിഷയമാണു്. തുടർന്നു് ദൈവസ്നേഹം, പരസ്നേഹം, പൗരോഹിത്യം, ദൈവാരാധന, യഹൂദരുടെ തിരുനാളുകൾ ആദിയായവ ചർച്ചചെയ്യുന്നു. 412 നും 420 നും ഇടയ്ക്കു് ഇതു് എഴുതപ്പെട്ടു.

(b) ഗ്ലഫീറാ (Glaphyra): മേല്പറഞ്ഞ ഗ്രന്ഥത്തോടു് അഭേദ്യം ബന്ധപ്പെട്ടതാണിതു്. 13 പുസ്തകങ്ങളിലായി എഴുതപ്പെട്ട ഈ കൃതി അരൂപിയിലുള്ള ആരാധനയുടെ അർത്ഥം കുറേക്കൂടി വ്യക്തമാക്കുന്നു. തിരഞ്ഞെടുത്ത പഞ്ചഗ്രന്ഥിഭാഗങ്ങളുടെ

www.malankaralibrary.com



ഭാഷ്യമാണിതു്. പഴയനിയമ ഗ്രന്ഥങ്ങളുടെ അനുക്രമണിക ഇതിൽ കാണാം. സംഭാഷണശൈലിയല്ല ഇതിനുള്ളതു്.

(c) ഏശായാഭാഷ്യം: ഏശായാ ഒന്നുമുതൽ 66 വരെയുള്ള അധ്യായങ്ങളുടെ ഭാഷ്യം അഞ്ചു് പുസ്തകങ്ങളിലായി നൽകുന്നു. വാച്യാർത്ഥം; പിന്നെ ആന്തരികാർത്ഥം: ഇതാണു് ഭാഷ്യരീതി.

(d) പ്രവാചകഭാഷ്യം: പന്ത്രണ്ടു് ചെറിയ പ്രവാചകന്മാർക്കു് സിറിൽ രചിച്ച ഭാഷ്യമാണു് ഉള്ളടക്കം.

മററു് പല പഴയനിയമഗ്രന്ഥങ്ങൾക്കും സിറിൽ ഭാഷ്യം ചമച്ചെങ്കിലും ശകലങ്ങൾ മാത്രമെ നമുക്കു് കിട്ടിയിട്ടുള്ളു. 'കത്തേന'കൾ വഴി ചിലവ നമുക്കു് കിട്ടിയിട്ടുണ്ടു്. രാജാക്കന്മാർ, സങ്കീർത്തനം, ഉത്തമഗീതം, സദൃശ്യവാക്യങ്ങൾ, യറമിയ, എസക്കിയേൽ, ദാനിയേൽ എന്നിവയാണു് 'കത്തേന'വഴി കിട്ടിയിട്ടുള്ള ഭാഷ്യശകലങ്ങൾ.

## 2. പുതിയ നിയമഭാഷ്യങ്ങൾ

(a) യോഹന്നാൻെറ സുവിശേഷത്തിൻെറ ഭാഷ്യം: താത്വികവും താർക്കികവുമായ ചായ്‌വാണു് ഈ കൃതിക്കുള്ളതു്. പുത്രൻ പിതൃസത്തയിൽ നിന്നുതന്നെ ഉള്ളവനാണെന്നും, പിതാവിനും പുത്രനും വ്യക്‌തിത്വമുണ്ടെന്നും സുവിശേഷത്തിൽനിന്നു് സിറിൽ തെളിയിക്കുന്നു. ആരിയൂസ്, എവുണോമിയൂസ് എന്നിവർക്കെതിരായും അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിനെതിരായും കടന്നാക്രമണം നടത്താൻ സിറിൽ ഉദ്യമിക്കുന്നു. 429 ന മുമ്പാണിതു് എഴുതിയതു് എന്നു കരുതപ്പെടുന്നു. പന്ത്രണ്ടു് ഗ്രന്ഥങ്ങളിലായിട്ടാണു് ഇതു് തയ്യാറാക്കിയിരിക്കുന്നതു്.

(b) ലൂക്കായുടെ സുവിശേഷത്തിൻെറ ഭാഷ്യം: ലൂക്കായുടെ സുവിശേഷത്തെ ആധാരമാക്കിയുണ്ടാക്കിയ കുറെ പ്രഭാഷണങ്ങളാണിവ. കൂടുതലും പ്രായോഗിക കാര്യങ്ങളിലേക്കാണിതു് വെളിച്ചം വീശുന്നതു്. 430 നശേഷം എഴുതപ്പെട്ടതാകാം. ഗ്രീക്കിൽ മൂന്നു് പ്രഭാഷണങ്ങൾ പൂർണമായും, മററു് ചിലവ ഭാഗികമായും ലഭിച്ചിട്ടുണ്ടു്. എന്നാൽ സുറിയാനി വിവർത്തനത്തിൽ 156 പ്രഭാഷണങ്ങളുണ്ടു്. നെസ്തോറിയ വിരുദ്ധചിന്താധാര ഇതിൽ വ്യക്‌തമാണു്.

(c) മത്തായിയുടെ സുവിശേഷത്തിൻെറ ഭാഷ്യം: ചില ഭാഗങ്ങളൊഴിച്ചു് വളരെയൊന്നും ഈ ഭാഷ്യത്തിൽനിന്നു് നമുക്കു് ലഭിച്ചിട്ടില്ല. ബൈസാൻസ്യത്തിലെ ലെയോൺസ്യൂസും അന്ത്യോക്യയിലെ എഫ്രേമും ഈ ഭാഗത്തെ പരാമർശിക്കുന്നു.

www.malankaralibrary.com



(d) മററുള്ളവ: റോമാലേഖനഭാഷ്യം, കൊറിന്തോസുകാർക്കെഴുതിയ ലേഖനങ്ങളുടെ ഭാഷ്യം, എബ്രായർക്കെഴുതിയ ലേഖനത്തിൻെറ ഭാഷ്യം എന്നിവയുടെ ചില ശകലങ്ങൾ 'കത്തേന' കളിലൂടെ നമുക്ക് ലഭിച്ചിട്ടുണ്ട്.

## 3. ആര്യർക്കെതിരെയുള്ള താത്ത്വിക-താർക്കിക കൃതികൾ

(എ) നിക്ഷേപം (തെസൗരുസ്): ഇതിൽ ത്രിത്വം സംബന്ധിച്ചുള്ള ആര്യൻ തടസ്സവാദങ്ങളും അവരുടെ ഖണ്ഡനങ്ങളും കാണാം. തൻെറ ഗുരുവായ അത്തനാസ്യോസിൻെറ കാലടികളെയാണ് സിറിൽ ഈ കൃതിയിൽ പിൻതുടരുന്നത്. കൃതിയുടെ മൂന്നിലൊരു ഭാഗം അത്തനാസ്യോസിൻെറ 'ആര്യർക്കെതിരെ III (കോൻത്രാ അരിയാനോസ് III) ൻെറ ആവർത്തനമാണ്. അതുപോലെ ദിദീമൂസിൻെറ 'എവുണോമിയൂസിനെതിരെ' (കോൻത്രം എവുണോമിയും) എന്ന കൃതിയും സിറിൽ ഉപയോഗിച്ചിട്ടുണ്ട്. സിറിലിൻെറ കൃതികളിലേററം കൂടുതൽ വ്യക്തത ഇതിനാണ് എന്ന് ഫോസ്യൂസ് പറയുന്നു. നെസ്തോറിയൻ തർക്കത്തിന് മുൻപാണിതെഴുതപ്പെട്ടത്. കൃത്യ തീയതി തർക്കവിഷയമാണ്. 423—നും 425—നും ഇടയ്ക്കെന്ന് കരുതുന്നവരുണ്ട്. അതിനു മുൻപുള്ള ഒരു തീയതിയെപ്പററിയും ചിലർ (412) സംസാരിക്കുന്നു.

(ബി) സമസത്തയായ പരിശുദ്ധ ത്രിത്വം: (ദെ സാങ്താ എത് കൊൺസുബ്സ്റ്റാൻ സ്യാലി ത്രിനിത്താത്തെ)

ആദ്യത്തേത് എഴുതിയതിന് തൊട്ടുപിൻപെയാണ് ഈ രണ്ടാം ആര്യവിരുദ്ധ കൃതിയും വിരചിതമായത്. തൻെറ 'സഹോദരൻ' നെമേസിയൂസിനാണിതും സമർപ്പിച്ചിരിക്കുന്നത്. തൻെറ സുഹൃത്ത് ഹെർമിയാസുമായുള്ള ഏഴ് സംഭാഷണങ്ങളാണിതിൻെറ ഉള്ളടക്കം. ആദ്യകൃതിയുടെ 35 അദ്ധ്യായങ്ങളേക്കാൾ കുറേക്കൂടി വ്യക്തിപരമാണ് ഈ ഏഴ് സംഭാഷണങ്ങളും.

## 4. നെസ്തോറിയർക്കെതിരെയുള്ള താത്ത്വിക താർക്കിക കൃതികൾ

(എ) നെസ്തോറിയൂസിൻെറ ദൈവദൂഷണങ്ങൾക്കെതിരെ: നെസ്തോറിയൂസിനെതിരെ അഞ്ച് വാല്യങ്ങളിലായി സിറിൽ 430 ൽ ഒരു കൃതിയെഴുതി. 429 ൽ നെസ്തോറിയൂസ് പ്രസിദ്ധീകരിച്ച പ്രസംഗങ്ങളുടെ വിശകലനമാണിത്. പേരെടുത്ത് പറഞ്ഞിട്ടില്ലെങ്കിലും നെസ്തോറിയൂസിൻെറ പ്രസംഗസമാഹാരത്തിൽ നിന്ന് നിരവധി ഉദ്ധരണികൾ സിറിലെടുക്കുന്നുണ്ട്. ദൈവ

www.malankaralibrary.com



മാതൃത്വത്തെ എതിർക്കുകയും 'ഇരു വ്യക്തിത്വം കാട്ടുകയും' ചെയ്യുന്ന ഭാഗങ്ങളാണ് സിറിൽ അപഗ്രഥനാ വിഷയമാക്കിയിരിക്കുന്നത്.

(ബി) സത്യവിശ്വാസം (ദെ റെക്താ ഫീദെ): നെസ്തോറിയൻ തർക്കങ്ങൾ തുടങ്ങിയ ഉടനെ രാജസദസ്സിൽ സിറിൽ സമർപ്പിച്ച മൂന്നു മെമ്മോറാണ്ടങ്ങളാണിവ. നെസ്തോറിയൻ സ്വാധീനം രാജസദസ്സിൽ ഉണ്ടാകാതിരിക്കാനാണ് അദ്ദേഹം ഇപ്രകാരം എഴുതിയത്. ഒന്ന് തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തിക്കാണ്. മററുള്ളവയിൽ ഒന്ന് അർകേഡിയ, മരീനാ എന്നീ രണ്ടു സഹോദരികൾക്കും, മറെറാന്ന് പുൾക്കേറിയ എന്ന മൂത്ത സഹോദരിക്കും, എവുഡോക്കിയ എന്ന രാജഭാര്യയ്ക്കും ആയിരിക്കാം എന്ന് ചെസാറിയായിലെ യോഹന്നാൻ (ആറാം നൂററാണ്ട്) പറയുന്നു.

(സി) നെസ്തോറിയുസിനെതിരെയുള്ള പന്ത്രണ്ട് ശാപങ്ങൾ:

430–ൽ സെലെസ്റ്റിൻ മാർപ്പാപ്പയുടെ ലേഖനത്തോടുകൂടി ഇത് നെസ്തോറിയുസിനയച്ചു. ഉടനെതന്നെ അവയെ ന്യായീകരിക്കേണ്ട ആവശ്യം നേരിട്ടു. അതിനായി അത്തരം മൂന്നെണ്ണമെഴുതി. (1) പൗരസ്ത്യ മെത്രാന്മാർക്കെതിരെ: സാമസോട്ടയിലെ അന്ത്രയോസ് സിറിലിൽ അപ്പൊള്ളിനാരിയനിസം ഉന്നയിച്ചു. ഇതിനു മറുപടിയായിട്ടാണിത്. (2) എവുപ്സിയസിനുള്ള കത്ത് (Euoptius): സൈറസിലെ തെയഡോറെററ് സിറിലിൽ ഏകസ്വഭാവവാദം ഉന്നയിച്ചു. അതിനെതിരെയാണിത്. (3) മൂന്നാമതൊരപ്പോളജികൂടിയെഴുതി: അത് താൻ രചിച്ച 12 ശാപങ്ങളെ നീതീകരിച്ചുകൊണ്ട് 431 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ എഫേസൂസ് ജയിലിൽ കിടക്കുമ്പോളെഴുതിയതാണ്. വേദപുസ്തകത്തിൽനിന്ന് തൻെറ ശാപങ്ങളോരോന്നും തെളിയിക്കാൻ ബദ്ധപ്പെടുകയാണ് സിറിൽ.

(ഡി) രാജാവിനെഴുതിയ അപ്പോളജി: ജയിൽവിമുക്തനായി നാട്ടിലെത്തിയശേഷം തിയഡോഷ്യസ് രണ്ടാമനെഴുതിയതാണിത്. 431–ലെ കൗൺസിലിന് മുമ്പും പിമ്പുമുള്ള തൻെറ പ്രവൃത്തികളെ ന്യായീകരിച്ചുകൊണ്ടാണിതെഴുതിയിരിക്കുന്നത്.

(ഇ) ഏകജാതൻെറ മനുഷ്യാവതാരം സംബന്ധിച്ച്: ഗ്രീക്കിൽ ചില ശകലങ്ങൾ മാത്രമേ അവശേഷിച്ചിട്ടുള്ളു. ലത്തീൻ അർമേനിയൻ, സിറിയൻ വിവർത്തനങ്ങളിൽ കൃതി പൂർണമായി ലഭിച്ചിട്ടുണ്ട്. ആദ്യം, 'ക്രിസ്തു' 'എമ്മാനുവേൽ' 'ഈശോ' എന്നീ നാമങ്ങളുടെ അർത്ഥം വ്യക്തമാക്കുന്നു. അതിനുശേഷം ക്രിസ്തുവിൻെറ വ്യക്തിപരമായ ഐക്യം (hypostatic union) അപഗ്രഥിക്കുന്നു.

www.malankaralibrary.com



(എഫ്) മറിയത്തെ ദൈവമാതാവായി അംഗീകരിക്കാത്തവക്കെതിരെ: ഇത് സിറിലിൻെറ കൃതിയാണെന്ന് ജസ്റ്റീനിയൻ ചക്രവർത്തി തൻെറ 'ഏകസ്വഭാവവാദികൾക്കെതിരെയുള്ളകൃതി' യിൽ 542–ൽ പറയുന്നു.

(ജി) തിയഡോറിനും ദിയദോറിനുമെതിരെ (കോൻത്രാ ദിയദോറും എത് തിയഡോറും) ക്രി.വ. 438 ലാണിതെഴുതിയത്. ഗ്രീക്കിലും സുറിയാനിയിലും വളരെയധികം ഭാഗങ്ങൾ ലഭിച്ചിട്ടുണ്ട്.

(എച്ച്) ക്രിസ്തു ഏകനാണ്: ക്രിസ്തുവിൻെറ വ്യക്തിത്വം ഏകമാണ് എന്ന ആശയം വ്യക്തമാക്കുയാണിതിൽ. ഇതിനെതിരായതിനെയെല്ലാം ത്തുത്ത് എറിയത്തക്ക ശൈലിയാണ് സിറിലിൻേറത്.

## 5. ജൂലിയനെതിരെയുള്ള വിശ്വാസ സമർത്ഥനം

വിശ്വാസത്യാഗിയായ ജൂലിയൻ 'ഗ്ലീലായർക്കെതിരെ' (Against the Galilaeans) എന്നൊരു ഗ്രന്ഥമെഴുതി. അതിനെതിരെയാണ് സിറിൽ ഇതെഴുതിയത്. 'മതത്യാഗിയായ ജൂലിയൻെറ ഗ്രന്ഥങ്ങൾക്കെതിരെ ക്രിസ്ത്യാനികളുടെ പരിശുദ്ധ മതത്തിനുവേണ്ടി' എന്നാണ് പൂർണമായ തലക്കെട്ട്. തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തിക്കാണിത് സമർപ്പിച്ചിരിക്കുന്നത്. ആദ്യത്തെ പത്തു കൃതികൾ മാത്രമേ ഗ്രീക്കിൽ അവികലമായി നമുക്ക് കിട്ടിയിട്ടുള്ളു. ഒരിജൻെറ 'ചെൽസൂസിനെതിരെ' എന്ന കൃതിയുടെ ചുവടുപിടിച്ച്, അതേ രീതിയിലാണിതെഴുതിയിരിക്കുന്നത്. സിറിലിത് അന്ത്യോക്യയിലെ ജോണിനയച്ചുകൊടുത്തു എന്ന് സൈറസിലെ തിയഡൊറെറ്റ് പറയുന്നു (ലേഖനം, 83). അതുകൊണ്ടിത് 441 നു മുമ്പാകാം എഴുതപ്പെട്ടത്. 433 നു ശേഷവും. കാരണം, അന്നാണല്ലോ ജോണും സിറിലും തമ്മിൽ യോജിച്ചത്.

## 6. നോമ്പുകാല ലേഖനങ്ങൾ (പാസ്കൽ കത്തുകൾ)

ഈജിപ്റ്റിലെ പാരമ്പര്യാനുസരണം സിറിലും നോമ്പുകാല ലേഖനങ്ങൾ അയച്ചിട്ടുണ്ട്. അത്തരം 29 എണ്ണം അച്ചടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ Homiliae Paschales എന്ന തെററുധാരണാജനകമായ തലക്കെട്ടിലാണ് അച്ചടിക്കപ്പെട്ടിരിക്കുന്നത്. നോമ്പ്, ഉപവാസം തുടങ്ങിയ പ്രായോഗിക കാര്യങ്ങളിലേക്കാണ് അവ കൂടുതൽ ഊന്നം വയ്ക്കുന്നതെങ്കിലും, അന്നത്തെ സമാന്തരീക്ഷത്തിലുണ്ടായിരുന്ന തർക്കങ്ങളൊക്കെ തുടരെത്തുടരെ കടന്നുവരുന്നുണ്ട്.

www.malankaralibrary.com



403 മുതൽ 512 വരെയുള്ള വർഷങ്ങളിലേയ്ക്കു് സിറിൽ തയാറാക്കിയ 'പാസ്കൽ ടേബിറം' (Paschal Table) നഷ്ടപ്പെട്ടുപോയി. സിറിലിൻെറ ആമുഖം മാത്രം അർമേനിയൻ വിവർത്തനത്തിൽ കൈവന്നിട്ടുണ്ടു്.

## 7. പ്രസംഗങ്ങൾ

22 പ്രസംഗങ്ങരം നമുക്കു കിട്ടിയിട്ടുണ്ടു്. ആവയിൽതന്നെ ചിലതു് ഭാഗികമായി മാത്രം. Homiliae Diversae എന്നാണു് പ്രസാധകർ അവയ്ക്കു് കൊടുത്തിരിക്കുന്ന പേർ. ആദ്യത്തെ 8 എണ്ണം എഫേസൂസ് സൂനഹദോസിൽ (431) സിറിൽ ചെയ്ത പ്രസംഗങ്ങളാണു്. നാലാമത്തേതു്, മാതാവിനെപ്പററി പ്രാചീനകാലത്തു നടത്തിയ ഏററം പ്രസിദ്ധമായ പ്രഭാഷണമാണു്. 431 ജൂൺ 23നും 27നും ഇടയ്ക്കു് എഫേസൂസിൽ ദൈവമാതാവിൻെറ പള്ളിയിൽ സിറിൽ പ്രസംഗിച്ചതാണത്രേ അതു്. പതിനൊന്നാമത്തേതു് നാലാമത്തേതിൻെറ വേറൊരു പതിപ്പാണു്.

## 8. കത്തുകൾ

മീഞ്ഞു് (Migne) 88 എണ്ണം പ്രസിദ്ധീകരിച്ചു. അവയിൽ പലതും സിറിലിൻേറതല്ല എന്നു കരുതുന്നവരുണ്ടു്. 17 എണ്ണം മററുള്ളവർ സിറിലിനയച്ചതാണു്. ഷാർത്സ് പുതുതായി അഞ്ചു് എണ്ണത്തിൻെറ ഗ്രീക്കു പതിപ്പു് പ്രസിദ്ധീകരിച്ചു. നാലെണ്ണം തികച്ചും പുതിയതാണു്. ഒന്നു് ലത്തീനിൽമാത്രം അറിയപ്പെട്ടിരുന്നു. സിറിയൻ, കോപ്ററിക്, അർമേനിയൻ ഭാഷകളിലും സിറിലിൻെറ കത്തുകരം നിലവിലുണ്ടു്. അന്നത്തെ സാമൂഹ്യ രാഷ്ട്രീയാന്തരീക്ഷമെല്ലാമറിയാൻ ഈ കത്തുകരം വളരെ സഹായിക്കും.

നാലാം ലേഖനം (Epistola dogmatica) സിറിൽ നെസ്തോറിയൂസിനയച്ച രണ്ടാം കത്താണു്. എഫേസൂസിതു് അംഗീകരിച്ചു. നിഖ്യാവിശ്വാസപ്രമാണത്തിൻെറ വ്യാഖ്യാനമായി എഫേസൂസിൽ (431) കൂടിയ 125 മെത്രാന്മാർ ഈ കത്തു് സ്വീകരിച്ചു. 451-ൽ ലെയോയും ഇതിനോടു യോജിപ്പു പ്രകടിപ്പിച്ചു. 451-ലെ കൽക്കദോനിയാ സിനഡും 553-ലെ കോൺസ്റ്റാൻറിനോപ്പിരം സിനഡും ഈ കാരണത്താൽ ഇതംഗീകരിച്ചു.

സിറിൽ 430-ൽ നെസ്തോറിയൂസിനയച്ച മൂന്നാം കത്തു് (ലേഖ. 17) കുറെ പ്രശ്നങ്ങരം സൃഷ്ടിച്ചു. 12 ശാപങ്ങളും കത്തിൻെറ പ്രത്യേക ശൈലിയും തർക്കങ്ങരംക്കു കാരണമായി. മറേറ കത്തിനു കിട്ടിയ സ്വാഗതം എഫേസൂസിൽ ഇതിനു ലഭി

www.malankaralibrary.com



ച്ചില്ല. എങ്കിലും കൗൺസിലിന്റെ നടപടികളിൽ ഇതും ചേർക്കപ്പെട്ടു. പിൽക്കാലത്തു് ഇതിനു വലിയ അംഗീകാരം ലഭിച്ചു.

'എക്യുമെനിക്കൽ കത്തു്' എന്നു് അറിയപ്പെടുന്നതാണു് ലേഖനം 39; 433–ൽ സിറിൽ അന്ത്യോക്യയിലെ ജോണിനയച്ചതാണിതു്. പിൽക്കാലത്തു് 'Symbolum Ephesinum' എന്നു് ഇതു് അറിയപ്പെടാൻ തുടങ്ങി. രണ്ടു മെത്രാന്മാരും തമ്മിൽ ഐക്യത്തിലെത്തിച്ചേർന്നതിൽ സിറിൽ സന്തുഷ്ടി പ്രകടിപ്പിച്ചുകൊണ്ടു് എഴുതിയതാണു്. കൽക്കദോൻ സിനഡു് (451–ൽ) ഒരു തടസ്സവും കൂടാതെ ഈ കത്തു് അംഗീകരിച്ചു. 'Laetentur Coeli' എന്നും ഇതു് അറിയപ്പെടുന്നു.

## ദൈവശാസ്ത്രം

സിറിലിന്റെ സമകാലികനായ സെലസ്റ്റിൻ മാർപ്പാപ്പാ (422–32) സിറിലിനെ കത്തോലിക്കാ വിശ്വാസത്തിന്റെ ഉത്തമസംരക്ഷകൻ (Bonus Fidei Catholicae Defensor) അപ്പസ്തോലിക മനുഷ്യൻ (Vir Apostolicus) സുസമ്മത പുരോഹിതൻ (Probatissimus Sacerdos) എന്നിങ്ങനെ വിളിക്കുന്നു. മരണശേഷം അദ്ദേഹത്തിന്റെ ഖ്യാതി വളരെയധികം വർദ്ധിച്ചു. ക്രിസ്തുശാസ്ത്രം സംബന്ധിച്ചു് അവസാന വാക്കായി സിറിലിനെ ഗ്രീക്കുസഭ അംഗീകരിച്ചു. 7–ാം നൂററാണ്ടിൽ അനസ്താസ്യസ് അദ്ദേഹത്തെ പിതാക്കന്മാരുടെ മുദ്ര (Seal of the Fathers) എന്നു വിളിച്ചു. 1882–ൽ റോമൻ തിരുസംഘം 'സഭാമൽപ്പാൻ' (Doctor Ecclesiae) എന്ന സ്ഥാനനാമം നൽകി.

### 1. ദൈവശാസ്ത്രരീതി

സിറിലിന്റെ ആശയങ്ങൾ മാത്രമല്ല, പ്രതിപാദനരീതിയും സഭാതലത്തിൽ വലിയ സ്വാധീനം ചെലുത്തി. ഗ്രീക്കു പിതാക്കന്മാരുടെയിടയിലെ 'സ്കോളാസ്റ്റിക്കായി' സിറിലിനെ കണക്കാക്കാം. ബൈബിളിൽനിന്നുള്ള ഉദ്ധരണികളും തെളിവുകളുംകൊണ്ടു് വാദങ്ങളുറപ്പിക്കാൻ സിറിൽ ശ്രദ്ധിച്ചു. അതോടൊപ്പം പിതാക്കന്മാരുടെ കൃതികളിൽനിന്നു് ശാസ്ത്രീയമായും കൃത്യമായും തെളിവുകൾ നിരത്തിവയ്ക്കാൻ തുടങ്ങിയതു് സിറിലിനോടുകൂടെയാണു്. മുൻഗാമികൾ അങ്ങനെ ചെയ്തെങ്കിലും അതു് വളരെ കൃത്യമായി വരച്ചുകാണിച്ചതു് സിറിലത്രേ.

മറെറാന്നു്, സഭാശാസ്ത്രത്തിൽ ബൗദ്ധിക തെളിവുകൾ കൂടി കൂട്ടിച്ചേർക്കുന്ന രീതി അനുവർത്തിച്ചു തുടങ്ങിയതു് സിറിലാണു്. സിറിലിനു മുമ്പു് ആര്യരും അപ്പൊള്ളിനാര്യരും ഈ രീതി സ്വീകരിച്ചു. അതിനാലായിരിക്കാം സിറിൽ അവരോടു് സംസാരിക്കുമ്പോൾ ഇതു കൂടുതൽ സ്വീകരിച്ചതു്.

www.malankaralibrary.com



## 2. ക്രിസ്തുശാസ്ത്രം

സിറിലിൻെറ കൃതികൾ പരിശോധിച്ചാൽ ക്രിസ്തുശാസ്ത്രത്തിൽ പടിപടിയായ ഒരു വികസനം കാണാൻ സാധിക്കും. ആദ്യകാല കൃതികളൊക്കെ അത്തനാസ്യോസിനെ ആവർത്തിക്കുക മാത്രമായിരുന്നു. അക്കാലത്തു് മനുഷ്യാത്മാവിനു പ്രാധാന്യമൊന്നും നൽകാതെ 'ലോഗോസ് സാർക്സ്' ക്രിസ്തുശാസ്ത്രത്തിൻെറ വക്താവായ സിറിലിനെയാണു് നാം കാണുക.

നെസ്തോറിയൻ തർക്കത്തോടുകൂടെ സിറിലിൻെറ ക്രിസ്തുശാസ്ത്രം വികസിക്കാൻ തുടങ്ങി. വ്യക്തിപരമായ ഐക്യം (ഹൈപ്പോസ്റ്റാസ്റ്റിക് യൂണിയൻ) എന്ന പേരിലറിയപ്പെടുന്ന തത്വം സിറിൽ വിശദീകരിക്കാൻ തുടങ്ങി. അതായതു്, രണ്ടു സ്വഭാവങ്ങളും കലർപ്പോ, ഭേദമോ കൂടാതെ ഒരു വ്യക്തിയിൽ യോജിച്ചിരിക്കുന്നു. വചനം മനുഷ്യനിൽ വസിക്കയല്ല, രണ്ടു സ്വഭാവങ്ങളും തമ്മിൽ ധാർമ്മിക ബന്ധം മാത്രമല്ല, പ്രത്യുത, ഏകനായ ദൈവപുത്രനിൽ രണ്ടു സ്വഭാവങ്ങളും കലർപ്പോ, ഭേദമോ കൂടാതെ യോജിച്ചിരിക്കുന്നു. ക്രിസ്തു രണ്ടു സ്വഭാവമുള്ള ഏക വ്യക്തിയാണു്. ആളിൽനിന്നു് ഏകത്വവും സ്വഭാവത്തിൽ നിന്നു് ദൈ്വതവും ഉത്ഭവിക്കുന്നു.

എന്നാൽ സ്വഭാവം (Physis) ഹൈപ്പോസ്റ്റസിസ് (hypostasis) എന്നീ പദങ്ങൾ അർത്ഥക്ളിപ്തത കൂടാതെയാണു് സിറിലുപയോഗിച്ചിരിക്കുന്നതു്. ഒരിടത്തു സിറിൽ പറയുന്നു. 'മിയാ ഫ്യൂസിസ് തൂ ലോഗൂ സെസക്കോമെനേ' (ലേ. 46.2). അതിൻെറ അർത്ഥം 'അവതരിച്ച വചനത്തിൻെറ ഏകസ്വഭാവം' സിറിലുദ്ദേശിച്ചതെന്താണു്? ഏകവ്യക്തിത്വം!

ഈ പ്രയോഗത്തിൻെറ ആരംഭകൻ ലവഡിഷ്യയിലെ അപ്പൊള്ളിനാരിസാണു്. അദ്ദേഹം സ്വഭാവവും (physis) വ്യക്തിത്വവും (person) തമ്മിൽ ഒന്നായി കണ്ടയാളാണു്. മേൽപറഞ്ഞ ശൈലി വി. അത്തനാസ്യോസിൽ നിന്നു വന്നുവെന്നു തെററിദ്ധരിച്ചാണു് സിറിൽ ഉപയോഗിച്ചതു്. അതിൻെറ വെളിച്ചത്തിൽ സിറിൽ പറഞ്ഞു, 'ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളു. യോജിക്കുന്നതിനു് മുമ്പു രണ്ടു സ്വഭാവം (duo physeis) യോജിച്ചുകഴിഞ്ഞു് ഒന്നു' (mia physis). അതായതു്, ഈഭാഗത്തു സിറിലിനു് വ്യക്തതയുണ്ടെങ്കിലും കേൾവിക്കാർക്കു് വ്യക്തത കുറവാണു്. അതുകൊണ്ടാണു് ചിലർ സിറിലിൽ അപ്പൊള്ളിനാരിസവും, ഏകസ്വഭാവവാദവും ആരോപിക്കുന്നതു്. ഇതിനെതിരായിട്ടും സിറിൽ പോരാടി. 451—ൽ കൽക്കദോനിയാ സിനഡിലാണു് ഈ പ്രബോധനം ഏറെ വ്യക്തമായതു്. അതായതു് രണ്ടു സ്വഭാവങ്ങളും ഒരു വ്യക്തിയിൽ സമ്മേളിക്കുന്നു (duo physeis hen prosopon kai mian hypostasin).

www.malankaralibrary.com



## 3. മരിയശാസ്ത്രം

സിറിൽ മറിയത്തെ 'തെയോതോക്കോസ്' (ദൈവമാതാവ്) എന്നു വിളിക്കുന്നു. 433-ലെ 'ഐക്യഫോർമുലയിൽ' 'വചനമായ ദൈവത്തിന്റെ അമ്മ' എന്നുപയോഗിക്കാൻ സിറിൽ സമ്മതിച്ചു.

'ദൈവമാതാവു്' (തെയോതോക്കോസ്) എന്നു പറഞ്ഞാൽ അവതരിച്ച യേശുവിന്റെ അമ്മ എന്നാണർത്ഥം. മറിയത്തിൽ ജന്മപാപത്തിന്റെ ലാഞ്ചനപോലുമില്ല. വിവിധ വിശേഷണങ്ങളാൽ സിറിൽ മറിയത്തെ വിശേഷിപ്പിക്കുന്നു (പ്രസംഗം. 4).

ക്രിസ്തു ഏക വ്യക്തിയാണു് എന്ന ചരിത്രസത്യം ഉയർത്തിക്കാട്ടാൻ സിറിൽ രാപകൽ അദ്ധ്വാനിച്ചു. സർവശക്തിയും അതിനായി വിനിയോഗിച്ചു. ദൈവശാസ്ത്രത്തിൽ സിറിൽ ചെയ്ത സംഭാവന തികച്ചും വലിയ മുതൽക്കൂട്ടാണു്, ആധുനിക കാലത്തെ സഭൈക്യ ചർച്ചകളിൽ ക്രിസ്തുശാസ്ത്രം സംബന്ധിച്ചു് സിറിലിന്റെ വ്യാഖ്യാനമാണു് അടിസ്ഥാനപ്രമാണമായി സഭകൾ സ്വീകരിക്കുന്നതു്.

അനുബന്ധം 1

## സിനെസിയൂസ്

ലിബിയായിൽ സൈറീനിൽ 370 നും 375 നും ഇടയ്ക്കു് സിനേസിയൂസ് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം നാട്ടിൽ കഴിച്ചിട്ടു് ഉപരിപഠനത്തിനു് അലക്സാണ്ഡ്രിയായിലെത്തി. ഹിപ്പാസ്യാ (Hypatia) എന്ന പണ്ഡിത വനിത നെയോപ്ലറ്റോണിക സാഹിത്യത്തിലേക്കും 'മിസ്റ്ററി'കളിലേക്കും ഇദ്ദേഹത്തെ തിരിച്ചുവിട്ടു. ജീവിതകാലം മുഴുവൻ ദൃഢമായൊരു മമത അവളോടദ്ദേഹം പുലർത്തി. തന്റെ ഗുരുവും മാതാവും സ്നേഹിതയുമായി സിനേസിയൂസ് ഹിപ്പാസ്യായെ കരുതുന്നു. അദ്ദേഹം ആഥൻസിൽ ഒരു സന്ദർശനം നടത്തി. അവിടെ നിന്നു തത്വശാസ്ത്രം പണ്ടേ പമ്പകടന്നതുകണ്ടു് അദ്ദേഹം നിരാശനായിപ്പോയത്രേ. 399-ൽ പെൻറാപ്പൊളീസിലെ ജനം ദൗത്യവാഹകനായി അദ്ദേഹത്തെ കോൺസ്റ്റാൻറിനോപ്പിളിലയച്ചു. അമിതകരം വെട്ടിക്കുറപ്പിച്ചുകൊണ്ടു് 402 ൽ അദ്ദേഹം തിരിച്ചെത്തി. അധികം കഴിയാതെ വിവാഹം കഴിക്കാൻ അലക്സാണ്ഡ്രിയയിലേക്കു് പുറപ്പെട്ടു. അലക്സാണ്ഡ്രിയൻ പാർത്രിയർക്കീസ് തെയോഫിലസ് വിവാഹം ആശീർവദിച്ചുകൊടുത്തു എന്നു് ഒരു കത്തിൽ നിന്നു തെളിയുന്നു

www.malankaralibrary.com



(ലേ. 105). 410ൽ പെൻററാപ്പൊളീസിലെ ജനങ്ങൾ സിനെസിയൂസിനെ മെത്രാനായി തിരഞ്ഞെടുത്തു. സിനെസിയൂസ് കട്ടായം നിരസിച്ചു. ജനം വിടാൻ കൂട്ടാക്കിയില്ല.

'വിവാഹജീവിതം തുടരാൻ അനുവദിക്കണം, നെയോപ്ളറേറാണിക വീക്ഷണങ്ങൾ ഉപേക്ഷിക്കാൻ നിർബന്ധിക്കരുതു്' എന്നിങ്ങനെ രണ്ടു് കാര്യങ്ങൾ സിനെസിയൂസ് ആവശ്യപ്പെട്ടു. ജനം രണ്ടും അംഗീകരിച്ചു. അലക്സാന്ത്രിയൻ പാത്രിയർക്കീസ് അദ്ദേഹത്തെ മെത്രാനായി വാഴിച്ചു. വളരെ കാര്യക്ഷമമായി അദ്ദേഹം രൂപത ഭരിച്ചു എന്നു പറയപ്പെടുന്നു. 413 നു മുമ്പു തന്നെ ഇദ്ദേഹം മരിച്ചു.

## കൃതികൾ

ഒരു ക്രൈസ്തവൻ എന്നതിൽ കൂടുതൽ ഒരു നെയോപ്ളറേറാണിക താത്വികനായിരുന്നു അദ്ദേഹം. ഇതു് കൃതികളിൽ വ്യക്തവുമാണു്.

### 1. രാജത്വത്തെപ്പററിയുള്ള പ്രഭാഷണം

ക്രി. വ. 400–ൽ കോൺസ്റ്റാൻറിനോപ്പിളിൽ വച്ചു ചെയ്ത പ്രസംഗമാണിതു്. തന്നിലുള്ള ദൈവഛായയെ മാനിക്കാൻ രാജാവും കടപ്പെട്ടവനാണെന്നു് അർക്കേഡിയൂസിനോടു് ധൈര്യപൂർവം പറഞ്ഞു. അന്നു കോൺസ്റ്റാൻറിനോപ്പിളിലെ രാജസദസ്സുകളിലെ സ്ഥിതി ഒട്ടും മറച്ചുവയ്ക്കാതെ നിർഭയമായി അദ്ദേഹം വിവരിക്കുന്നു:

'തീയേററുകളിലെ പ്രൗഢിസമാനവും, ദിവ്യരഹസ്യം കണക്കെയും രാജാവിനു ചുററും ആളുകൾകൂടി നിൽക്കുന്ന പതിവു പോലെ റോമൻസാമ്രാജ്യത്തിനു് ദോഷംചെയ്ത മറെറാന്നും ഇല്ല. ഞാൻ പറയുന്നതിൽ ഉൽക്കണ്ഠാകുലനാകേണ്ട. കുററം നിൻേറതല്ല. ഈ ദുഷ്ടനടപടി ആരംഭിച്ചവരും അഭിമാനിക്കത്തക്ക സംഗതിയായി പിൻതലമുറയ്ക്കു് കൈമാറിയവരുമാണു് കുററക്കാർ. നിന്നെ കൂടെക്കൂടെ കണ്ടാൽ നീ സാധാരണക്കാരുടെ നിലയിലേക്കു് താണുപോകും എന്ന ഭീതി നിന്നെ രാജ്യത്തിലെ തടവുകാരനാക്കുന്നു. നിനക്കു പ്രായോഗിക വിജ്ഞാനം പകരാനുതകുന്ന ഒന്നും നീ കാണുന്നില്ല; കേൾക്കുന്നുമില്ല. ശാരീരിക സുഖഭോഗങ്ങളാണു് നിൻെറ ഏകസുഖം. നിൻെറ ജീവിതം കടൽ ചിപ്പിപ്രാണിയുടെ (sea anemone) ജീവിതമാണു്. മനഃപൂർവമുള്ള ഈ അടച്ചിട്ടിരിക്കലിൻെറ ഫലമായി വിജ്ഞരും കുലീനരുമായ മനുഷ്യരെ നീ അകററുന്നു. മനുഷ്യത്വത്തിൻെറ കള്ളനാണയങ്ങ

www.malankaralibrary.com



ളായ നികൃഷ്ടജീവികളെ നിൻെറ സഖിത്വത്തിലേക്ക് നീ സ്വീകരിക്കുന്നു; ചെറിയ തലയും അൽപം തലച്ചോറും ഉള്ള ജീവികൾ. അവർ വിഡ്ഢികളെപ്പോലെ പെരുമാറുന്നു. കോമാളിവേഷം കെട്ടി സമയം കൊല്ലാനും നിൻെറ ജീവിതത്തിൻെറ അസ്വാഭാവികതയിൽ നിന്നുളവാകുന്ന ഭാരം കുറയ്ക്കാനും അതു് സഹായിക്കുന്നു'.

## 2. ഈജിപ്ഷ്യൻ പ്രഭാഷണം

കോൺസ്റ്റാൻറിനോപ്പിളിലെ കാര്യങ്ങളൊക്കെ ഒരു പ്രത്യേക ശൈലിയിലെഴുതിയിരിക്കയാണിതിൽ.

## 3. ദിയോൺ

മററു് പല നെയോപ്ളറേറാണിക കൃതികളും ഇദ്ദേഹം രചിച്ചിട്ടുണ്ടു്. കഷണ്ടിയുടെ മാഹാത്മ്യം, സ്വപ്നങ്ങളെപ്പററി എന്നിവ അത്തരത്തിൽപെടുന്നു. നെയോപ്ളറേറാണിസത്തിൻെറ അവസാനകണ്ണിയായി ഇദ്ദേഹത്തെ കരുതാം.

4. നിരവധി കത്തുകളും ഇദ്ദേഹം എഴുതിയിട്ടുണ്ടു്. മനസ്സിൻെറയും ഹൃദയത്തിൻെറയും വിശിഷ്ട ഗുണങ്ങളുള്ള ഒരു പണ്ഡിതനാണു് അദ്ദേഹമെന്നു് ഈ കത്തുകൾ വ്യക്തമാക്കുന്നു. എവാഗ്രിയുസും ഫോസ്യസും ഇക്കാര്യത്തിൽ അദ്ദേഹത്തെ പ്രശംസിക്കുന്നു.

## 5. പത്തു് ഗീതങ്ങളുടെ ഒരു സമാഹാരം

ക്രൈസ്തവ നെയോപ്ളറേറാണിക് ആശയങ്ങളിൽ നിന്നുരൂപം പൂണ്ട വിവിധ വിഷയങ്ങളെ പുരസ്ക്കരിച്ചാണീ ഗീതങ്ങൾ.

## 6. രണ്ടു പ്രസംഗങ്ങൾ

മെത്രാനായ ശേഷമുള്ളവയാണു് രണ്ടും. പ്രഭാഷക ശൈലിയുടെ അതിപ്രസരം അവയിൽ ദൃശ്യമാണു്. അദ്ദേഹത്തിൻെറ പ്രഭാഷണങ്ങളുടെ ശകലങ്ങൾ മാത്രമേ നമുക്കു് ലഭിച്ചിട്ടുള്ളു.

മരിച്ചുകൊണ്ടിരിക്കുന്ന ഹെല്ലനിസത്തിൻേറയും കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന ക്രിസ്തുമതത്തിൻെറയും ഇടയിൽ നിൽക്കുന്ന 'താത്വികൻ' എന്ന ചിന്തയാണു് സിനെസിയുസിനെപററി അവലോകനം ചെയ്യുമ്പോൾ നമുക്കു് കാണാൻ കഴിയുക. 'കിരീടം വച്ച പ്ളറേറാണിസ്റ്റ്' എന്നു് അദ്ദേഹത്തെ വിളിക്കുന്നതിൽ തെററില്ല. മെത്രാനായതിനു ശേഷവും ഉള്ളിൻെറ ഉള്ളിൽ നെയോപ്ളറേറാണിസ്റ്റായി തന്നെയദ്ദേഹം കഴിഞ്ഞുകൂടി.

www.malankaralibrary.com



അനുബന്ധം 2

## പനോപ്പോളീസിലെ നോണ്ണുസ്

ഈജിപ്തിലെ ഒരു അക്രൈസ്തവ കവിയായിരുന്ന നോണ്ണുസ് ക്രിസ്ത്യാനിയായി. ഈജിപ്തിലെ പനോപ്പോളീസിൽ 400–ൽ പിറന്നു. ഗ്രീക്കിലുള്ള ഏററം നീളം കൂടിയ എപ്പിക് എഴുതിയതു് നോണ്ണുസാണ്. 'ദിയോണിനിസിയാക' എന്ന പേരിലറിയപ്പെടുന്ന ഈ കൃതി 48 പുസ്തകങ്ങളിലായിട്ടാണദ്ദേഹം എഴുതിയിരിക്കുന്നതു്. ദിയനീസുസ് എന്ന പേഗൻ ദേവൻെറ അലക്സാന്ത്രിയയിൽ നിന്നുള്ള ഭാരതയാത്രയാണ് ഇതിഹാസവിഷയം.

413 ന ശേഷം എഴുതപ്പെട്ട, 'യോഹന്നാൻെറ സുവിശേഷത്തിൻെറ ചുരുക്കം' എന്ന കൃതി നോണ്ണുസിൻെറതായി കരുതപ്പെടുന്നു. ഇതിൻെറ ശൈലി, ദിയോണീസിയാകത്തിൻേറതു തന്നെ. ചില കയ്യെഴുത്തു പ്രതികളിൽ പനോപ്പോളീസിലെ നോണ്ണുസ് എന്നു് ഈ കൃതിയോടുകൂടെ കാണുന്നുണ്ടു്. ക്രിസ്ത്യാനിയായ ശേഷം നോണ്ണുസെഴുതിയതാകാം ഈ 'ചുരുക്കം.' മാതാവിനെ 'തെയോതോക്കോസ്' എന്നു് ഈ കൃതി അഭിസംബോധന ചെയ്യുന്നു.

അനുബന്ധം 3

## ദെർ_ബലിസെ പപ്പീറസ്

1907–ൽ ഈജിപ്തിൽ അസ്യൂതിനടുത്തു് ദെർ_ബലിസെ എന്ന സ്ഥലത്തുള്ള ഒരാശ്രമത്തിൽ നിന്ന ഗ്രീക്കിലുള്ള കുറേ പപ്പീറസ് രേഖകൾ കണ്ടുകിട്ടി. അവയിൽ ഒരെണ്ണം ഈജിപ്തിൽ ഉപയോഗിച്ചിരുന്ന ഒരു പ്രാചീന എവുക്കലോഗിയോൻെറ ഭാഗങ്ങളായിരുന്നു. കുർബാനയുടെ പ്രാരംഭഭാഗത്തേക്കുള്ള മൂന്ന പ്രാർത്ഥനകൾ, അനാഫറ, കുർബാന സ്വീകരണ പ്രാർത്ഥന എന്നിവ ഇതിൽ അടങ്ങിയിരിക്കുന്നു. 'സാങ്ക്ത്തുസിനും' സ്ഥാപനവാക്കുകൾക്കും ഇടയ്ക്കാണ് 'റൂഹാക്ഷണം'. ഈ രേഖയിൽ ഒരു പ്രാചീന വിശ്വാസപ്രമാണവും ഉണ്ടു്, 'സർവശക്തനായ പിതാവായ ദൈവത്തിലും തൻെറ ഏകജാതനായ പുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിലും പരിശുദ്ധാത്മാവിലും ശരീരത്തിൻെറ ഉയിർപ്പിലും വിശുദ്ധ കത്തോലിക്കാസഭയിലും ഞാൻ വിശ്വസിക്കുന്നു'. ഈ പപ്പീറസ് ആറാം നൂററാണ്ടിലേതാണ്. എന്നാൽ പ്രാർത്ഥനകൾ വളരെ പ്രാചീനമാണ്.

(L. Deiss. op. cit. p. 187–194)

www.malankaralibrary.com

അദ്ധ്യായം 7

# ഈജിപ്ററിലെ സന്യാസ പിതാക്കന്മാർ

ക്രൈസ്തവാശ്രമപ്രസ്ഥാനം ഈജിപ്തിലാണു തുടങ്ങിയത്. ഹെല്ലനിക ലോകത്തിലെ താത്വികരല്ല; ഗ്രീക്ക് ആശയങ്ങളും ലവലേശമേശാത്ത നൈൽ തീരവാസികളായിരുന്നു അതിനാരംഭം കുറിച്ചത്. ക്രിസ്തീയ പ്രബോധനങ്ങളിൽ ഉറങ്ങുകിടന്ന ആശയങ്ങളിൽ അടിയുറച്ച് അവർ ആശ്രമപ്രസ്ഥാനം തുടങ്ങി. ഈജിപ്തിൽ സന്യാസപ്രസ്ഥാനം തുടങ്ങുന്നതിനു മുമ്പും സഭയിൽ സന്യാസജീവിതക്കാരുണ്ടായിരുന്നു. എന്നാലതു് വെറും വ്യക്തികളായിട്ടും സാമൂഹ്യചുററുപാടുകളിൽ ജീവിച്ചുകൊണ്ടും ആയിരുന്നു. പുതിയ പ്രസ്ഥാനത്തിൻെറ വക്താക്കൾ ലോകത്തിൽനിന്നോടിയകന്ന് ഏകാന്തതയിൽ അഭയം പ്രാപിച്ചു.

അക്കാലത്തെ സാഹചര്യം അതിനനുകൂലമായിരുന്നു. ഡേഷ്യൻ മതമർദ്ദനകാലത്തു് (250) നിരവധിയാളുകൾ മരുഭൂമികളിൽ അഭയം തേടി. ചിലരവിടെ കുറേനാൾ തങ്ങി (എവു. സഭാ. 6, 42). മററുചിലരാകട്ടെ, ഏകാന്തവും പാവനവുമായ ജീവിതം നയിക്കാൻ അവിടെ സ്ഥിരതാമസക്കാരാക്കി. അവരാണ് ആശ്രമപ്രസ്ഥാനത്തിൻെറ മുന്നോടികൾ.

സഭ രാഷ്ട്രീയമായി സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ ഒരുതരം 'ലൗകായതികത്വം' സഭയിലെങ്ങും കാണപ്പെട്ടു. അതിനോടുള്ള എതിർപ്പായിട്ടാണ് ആശ്രമപ്രസ്ഥാനം വ്യാപകമായത് എന്ന് കരുതുന്നവരുണ്ട്. സാർവത്രികമായി വളർന്നുവന്ന ലൗകായതികത്വം ലോകത്തിൽ നിന്നുള്ള ഓട്ടം വഴി നിയന്ത്രിതമായി.

ആരംഭദശയിൽ ആശ്രമപ്രസ്ഥാനം പഠനങ്ങളോടെല്ലാം വിപ്രതിപത്തി കാട്ടിയിരുന്നു. വിശ്വാസവും തത്വശാസ്ത്രവും തമ്മിലുള്ള യോജിപ്പിക്കലും ഒത്തുചേർക്കലും അവർ ഇഷ്ടപ്പെട്ടില്ല.

www.malankaralibrary.com



ക്രിസ്തുമതവും ഹെല്ലനിക സംസ്കാരവും തമ്മിൽ ഒരു ബന്ധവും അവർ കണ്ടില്ല. ചില സന്യാസികൾ അലക്സാണ്ട്രിയൻ വിദ്യാപാഠശാലയോട്, പ്രത്യേകിച്ച് ഒരിജനോട്, കടുത്ത വിരോധത്തിലായിരുന്നു.

എന്നാൽ ഈ എതിർപ്പ് അധികനാൾ നീണ്ടുനിന്നില്ല. വിദ്യാഭ്യാസത്തോടും വിജ്ഞാനസമ്പാദനത്തോടും കൂടുതൽ അനുകമ്പാപൂർണമായ ഒരു നയം അവർ സ്വീകരിച്ചുതുടങ്ങി. സന്യാസികളുടെയിടയിൽ നിരവധി എഴുത്തുകാർ ഉണ്ടായി. അവർ അവരുടേതായ ഒരു സാഹിത്യശാഖ വളർത്തിയെടുത്തു. സന്യാസനിയമങ്ങളും ആധ്യാത്മിക പ്രതിപാദനങ്ങളും മരുഭൂമിയിലെ പിതാക്കന്മാരുടെ ആധ്യാത്മിക ചൊല്ലുകളുടെ സമാഹാരങ്ങളും, ആത്മകഥാകഥനങ്ങളും, ആത്മീയ ജീവിതസഹായികളായ കൃതികളും, പ്രസംഗങ്ങളും കത്തുകളും അവരുടെ തൂലികയിൽനിന്നു പുറത്തുവന്നു.

പിന്നെപ്പിന്നെ തികച്ചും ആശ്രമപരമായ ജീവിതസാഹചര്യം വരച്ചുകാട്ടുന്ന കൃതികളുടെ ചട്ടക്കൂട്ടിൽനിന്നു പുറത്തുകടന്ന്, പണ്ഡിതോചിതമായ ലേഖനങ്ങൾ വിരചിതമായി. ദൈവശാസ്ത്രപരമായും ചരിത്രപരമായും വളരെയധികം പ്രാധാന്യമുള്ള കൃതികൾ അവർ രചിച്ചു. പല ആശ്രമങ്ങളും കീർത്തികേട്ട പഠനകേന്ദ്രങ്ങളായിത്തീർന്നു.

ഈജിപ്ഷ്യൻ സന്യാസത്തെപ്പറ്റിയുള്ള വിവരണങ്ങൾ ഏറിയപങ്കും സന്യാസാംഗങ്ങളിൽനിന്നാണ് നാം ഗ്രഹിക്കുന്നത്. എന്നാൽ രണ്ട് രേഖകൾ പ്രത്യേകമായി എടുത്തുപറയത്തക്കവയായിട്ടുണ്ട്. ഒന്ന്, ഹെലേനൊപ്പോളീസിലെ മെത്രാനായ പല്ലാഡിയൂസിന്റെ ലൗസിയാക് ചരിത്രമാണ്. രണ്ടാമത്തേത് 'ഈജിപ്ഷ്യൻ സന്യാസികളുടെ ചരിത്രം' എന്ന ഗ്രന്ഥമാണ്. അതിന്റെ കർത്താവാരെന്നറിയില്ല. റൂഫീനസ് അതു് ലത്തീനിലേക്ക് വിവർത്തനം ചെയ്തു. സൊക്രാട്ടസും സൊസോമനും സന്യാസികളെപ്പറ്റി വിവരണം നൽകുന്നുണ്ട്. അതുപോലെ 'പിതൃസൂക്തങ്ങൾ' എന്ന കൃതിയുടെ ചില ഭാഗങ്ങളും സഹായകമാണ്.

ആശ്രമപ്രസ്ഥാനം രണ്ടു രീതിയിൽ ഈജിപ്റ്റിൽ പ്രചരിച്ചു. ഒന്നാമത്തേത് ഏകാന്തജീവിതം.—'ആൻക്കൊറിറ്റിസം' അഥവാ 'ഹെർമിററിസം' എന്നറിയപ്പെടുന്നു. രണ്ടാമത്തേത്, 'സാമൂഹ്യജീവിതം' 'സെനോബിററിസം.' അഥവാ 'മൊണാസ്റ്റിസിസം' എന്നറിയപ്പെടുന്നു. ഹെർമിററിസമാണ് ആദ്യം തുടങ്ങിയതു്.

www.malankaralibrary.com



## 1. അന്തോണിയോസ് (250–356)

ഈജിപ്റ്റിൽ ഏകാന്തസന്യാസപ്രസ്ഥാനം തുടങ്ങിയത് വി. അന്തോണിയാണ്. അലക്സാന്ത്രിയായിലെ അത്തനാസ്യോസ് അന്തോണിയുടെ മനോഹരമായൊരു ജീവചരിത്രം തയ്യാറാക്കി.

മദ്ധ്യ ഈജിപ്റ്റിലെ കോമായിൽ 250–ൽ അന്തോണി ജനിച്ചു. മാതാപിതാക്കന്മാർ മരിച്ചപ്പോഠം ഉള്ളതെല്ലാം പാവങ്ങഠംക്ക് നൽകി. ഭവനത്തിൽ നിന്നകലെയല്ലാതെ ഒരു സ്ഥലത്ത് ഏകാന്തജീവിതം നയിക്കാൻ തുടങ്ങി. പതിനഞ്ചു വർഷങ്ങഠംക്കശേഷം 35–ാം വയസ്സിൽ അദ്ദേഹം പിസ്പിർ എന്ന സ്ഥലത്ത്, ഉപേക്ഷിക്കപ്പെട്ടിരുന്ന ഒരു കോട്ടയിൽ താപസ്സജീവിതമാരംഭിച്ചു. 25 വർഷത്തോളം അവിടെ താമസിച്ചു. അദ്ദേഹത്തിൻെറ മാതൃക അനുകരിച്ചുകൊണ്ട് അനേകർ അദ്ദേഹത്തിനു ചുററുംകൂടി ഏകാന്തജീവിതം തുടങ്ങി. അങ്ങനെ വലിയ സമൂഹങ്ങഠംതന്നെ ഉണ്ടാകാൻ തുടങ്ങി. നിത്രിയ, ഷേത്ത് എന്നിവിടങ്ങളിലെ സമൂഹങ്ങളാണേററം പ്രസിദ്ധം. അന്തോണി അവരുടെ നേതാവായെങ്കിലും ഏകാന്തജീവിതത്തിൽ തന്നെയദ്ദേഹം കഴിഞ്ഞുകൂടി. അന്തോണിയുടെ ശിഷ്യരും ഏകാന്തജീവിതക്കാരായി ജീവിച്ചു. 356–ൽ ചെങ്കടലിനടുത്തുള്ള കോഠംസിം മലയിൽവച്ച് 105–ാം വയസ്സിൽ അന്തോണി മരിച്ചു.

ദിവ്യവിജ്ഞാനമുള്ള ഒരാളായിരുന്നു അന്തോണിയെന്നാണ് അത്തനാസ്യോസ് എഴുതിയിരിക്കുന്നത്. അല്പംപോലും എഴുത്തും വായനയും പഠിച്ചിട്ടില്ലെങ്കിലും, കൃപയാലും മനസ്സംസ്കരണത്താലും നിറഞ്ഞവനായിരുന്നദ്ദേഹം. ദൈവത്തിനായി നിരന്തരം ജീവിച്ചുകൊണ്ട് ദൈവത്തിൽ നിന്നുള്ള ദിവ്യജ്ഞാനം അദ്ദേഹം സമ്പാദിച്ചു. പ്രകൃതി അദ്ദേഹത്തിൻെറ ഉത്തമ ഗുരുനാഥനായിരുന്നു.

എന്നാൽ മററു സന്യാസികളോടും ചക്രവർത്തിമാരോടും കത്തുകഠംവഴി അദ്ദേഹം സമ്പർക്കം പുലർത്തിയിരുന്നു എന്ന് ജീവചരിത്രത്തിൽ അത്തനാസ്യോസ് പറയുന്നു. വിവർത്തനങ്ങളിൽ ചില കത്തുകഠം പ്രസിദ്ധീകൃതമായിട്ടുണ്ട്.

സ്വയം അറിയുക എന്നതാണ് സന്യാസിയുടെ ഒന്നാമത്തെ ധർമ്മം എന്ന് അന്തോണി ഉദ്ബോധിപ്പിക്കുന്നു. സ്വയം അറിയുന്നവൻ ദൈവത്തെയറിയാൻ ശക്തനായിത്തീരുന്നു. നമുക്കു നൽകിയിരിക്കുന്ന ദൈവികകൃപയെ അറിയുകയാണ് സ്വയം അറിവ്.

www.malankaralibrary.com



തുടർന്ന് ദൈവം വഴിനടത്തുന്ന വിവിധഘട്ടങ്ങളെപ്പററിയും പ്രലോഭനങ്ങളെപ്പററിയും ഒക്കെയുള്ള പ്രതിപാദനങ്ങൾ കത്തുക ളിൽ കാണാം.

'അന്തോണിയുടെ നിയമം' എന്ന പേരിലറിയപ്പെടുന്ന കൃതി അദ്ദേഹത്തിൻേറതല്ല. വി. അത്തനാസ്യോസ് അതേപ്പററി ഒന്നും പറഞ്ഞുകാണുന്നില്ല.

ആശ്രമജീവിതം തുടങ്ങിയവരെ അതിലുറപ്പിക്കുന്നതിലും മററുള്ളവരെ അതിനു പ്രേരിപ്പിക്കുന്നതിലും അനുസ്യൂതം സമ്മേള നങ്ങൾ സംഘടിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യുന്ന തിൽ അദ്ദേഹം തൽപ്പരനായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ പേരിലറിയപ്പെടുന്ന 'പ്രസംഗസമാഹാരം' അദ്ദേഹത്തിൻെറ തല്ല. വി. അത്തനാസ്യോസ് നൽകുന്ന ഒരു ചർച്ചാസംഗ്രഹം മാത്രമേ അദ്ദേഹത്തിൻേറതായി നമുക്കംഗീകരിക്കാനാവൂ.

## 2. അമ്മോണാസ്

അന്തോണിയുടെ മരണശേഷം പിസ്പീറിലെ ഏകാന്ത വാസികളുടെ കൂട്ടം അമ്മോണാസ് എന്ന സന്യാസവര്യൻെറ നേ തൃത്വത്തിലെത്തി അന്തോണിയുടെ ആദ്യശിഷ്യരിലൊരാളാണ ദ്ദേഹം. അദ്ദേഹത്തിൻെറ ഏഴ് കത്തുകൾ ഗ്രീക്കിലും പതിനഞ്ച് കത്തുകൾ സുറിയാനിയിലും നമുക്ക് കിട്ടിയിട്ടുണ്ട്. അലക്സാ ണ്ഡ്രിയൻ താത്ത്വിക ചിന്തയുടെ ലക്ഷണങ്ങളൊന്നും അമ്മോ ണാസിൻെറ കത്തുകളിൽ കാണാനില്ല. അതുപോലെ പിൽക്കാല സന്യാസികളുടെ കൃതികളിൽനിന്ന് അവ വളരെ വ്യത്യസ്തങ്ങളാ യിരുന്നു.

## 3. പക്കോമിയസ് (290–346)

ഈജിപ്റ്റിൻെറ വടക്കൻ പ്രവിശ്യകളിൽ ഏകാന്തജീവിതക്കാ രായ സന്യാസികൾ സന്യാസപ്രസ്ഥാനം തുടങ്ങിയപ്പോൾ തെ ക്കൻപ്രവിശ്യകളിൽ പക്കോമിയസ് എന്ന സന്യാസിയുടെ നേതൃ ത്വത്തിൽ സാമൂഹ്യജീവിതക്കാരായ സന്യാസികൾ വർദ്ധിച്ചു വരാൻ തുടങ്ങി. 'അക്രൈസ്തവ മാതാപിതാക്കളിൽനിന്നു ജനിച്ച പക്കോമിയസ് 20-ാം വയസ്സിൽ ക്രിസ്ത്യാനിയായി. പലേമോൻ എന്ന താപസ്സൻെറ കൂടെ കുറെനാൾ ജീവിച്ചു. 320-ൽ ഒന്നാമ ത്തെ സാമൂഹ്യജീവിതകേന്ദ്രം (സെനോബിയം) താബെന്നീസി യിൽ തുടങ്ങി. നൈലിൻെറ വലത്തുഭാഗത്ത് തേബായ്ഡ് തീരത്താണ് താബെന്നീസി. അതിനും പുറമെ പുരുഷന്മാർക്കാ യി എട്ടും സ്ത്രീകൾക്കായി രണ്ടും ഭവനങ്ങൾ തുടങ്ങി. അവയുടെ പൊതുപിതാവായി ജീവിച്ചു.

www.malankaralibrary.com



പൊതുജീവിതവും സന്യാസികളുടെയിടയിലുള്ള സ്നേഹനിർഭരമായ കൂട്ടായ്മയും സൃഷ്ടിക്കാനദ്ദേഹം പരിശ്രമിച്ചു. ആദ്യ നിയമങ്ങൾ സാമൂഹ്യാശ്രപിയേയും, ദാരിദ്ര്യത്തേയും ഐകമത്യത്തേയും, അനുസരണയേയും നിയന്ത്രിക്കുന്നവയാണ്.

## പക്കോമിയസിൻെറ നിയമാവലി

പക്കോമിയസിൻെറ പേരിലറിയപ്പെടുന്ന നിയമാവലിക്കൊരു നീണ്ട ചരിത്രമുണ്ട്. പല്ലാഡിയൂസിൻെറ വിവരണമനുസരിച്ച് (ലൗസി. ച. 32, 1) ഒരു ദൂതൻ പക്കോമിയസിനു ഈ നിയമാവലി പറഞ്ഞുകൊടുത്തു. പിൽക്കാല സന്യാസനിയമ ദാതാക്കൾക്കെല്ലാം പക്കോമിയസിൻെറ നിയമാവലി മാതൃകയായിതീർന്നു. ജറോം ഇതിൻെറ ഒരു ലത്തീൻ വിവർത്തനം ഉണ്ടാക്കി. ജറോമിൻെറ ലത്തീൻ വിവർത്തനത്തോടൊപ്പം, സന്യാസികൾക്ക് പക്കോമിയസ് കൊടുത്ത ഉപദേശങ്ങളും പതിനൊന്ന് കത്തുകളും ചേർത്തിട്ടുണ്ട്.

പക്കോമിയസിൻെറ ആറ് ജീവചരിത്രം നമുക്ക് ലഭിച്ചിട്ടുണ്ട്. അവയെഴുതുന്നതിനുമുമ്പ് സന്യാസ സമൂഹങ്ങളിൽ അവ പ്രചരിച്ചിരുന്നു എന്നു വേണം കരുതുവാൻ.

## 4. ഹോർസിയെസി (+380)

പക്കോമിയസ് മരിക്കുന്നതിനുമുമ്പ് പെത്രോണിയൂസിനെ പിൻഗാമിയായി നിയമിച്ചു. എന്നാൽ അദ്ദേഹം രണ്ടു മാസമേ ജീവിച്ചുള്ളു. അതിനുശേഷം ഹോർസിയെസി സന്യാസ സമൂഹങ്ങൾക്ക് നേതൃത്വം നൽകി. ആശ്രമവാസികൾ ധാരാളമായി വർദ്ധിച്ചു. 350-ൽ സമൂഹത്തിൽ പ്രയാസങ്ങളുണ്ടായപ്പോൾ അദ്ദേഹം ഒരു സഹായിയായി തിയഡോറിനെ നിയമിച്ചു. ജറോമിൻെറ ലത്തീൻ വിവർത്തനത്തോടൊപ്പം ഹോർസിയെസിയുടെ ചെറിയൊരു കൃതിയും ചേർത്തിട്ടുണ്ട്. 'Doctrina de institutione monachorum' എന്നാണതിന് ജറോം കൊടുത്തിരിക്കുന്ന പേര്. 56 അദ്ധ്യായങ്ങളിലായി, സന്യാസികളുടെ കർത്തവ്യങ്ങളെപ്പററി അദ്ദേഹം വിവരിക്കുന്നു.

## 5. തിയഡോർ (+368)

ഹോർസിയെസിയുടെ സഹപ്രവർത്തകനായ തിയഡോർ വളരെയധികം കഴിവുകളുള്ള വ്യക്തിയായിരുന്നു. തൻെറ സമകാലികരുടെയെല്ലാം അഭിനന്ദനത്തിനദ്ദേഹം പാത്രമായി. പക്കോമിയൻ സമൂഹത്തിലുടലെടുത്ത കലഹം ശമിപ്പിക്കാൻ തിയഡോറിനു കഴിഞ്ഞു. അദ്ദേഹം പല പുതിയ സമൂഹങ്ങളും തുടങ്ങി. 368 ഏപ്രിൽ 27ന് അദ്ദേഹം മരിച്ചു. 18 വർഷത്തോളം അദ്ദേഹം അദ്ധ്യക്ഷനായിരുന്നു.

www.malankaralibrary.com



തിയഡോറിന്റെ മൂന്നു കത്തുകളെപ്പറ്റി ജന്നാഡിയസ് പറയുന്നുണ്ട് (മഹത്. 8–9). ജറോമിന്റെ വിവർത്തനത്തിൽ ഒരെണ്ണം നമുക്കു ലഭിച്ചിട്ടുണ്ട്. 'Ad Omnia monasteria de pascha' എന്നാണതിന്റെ പേര്.

## 6. ഈജിപ്തിലെ മക്കാരിയൂസ്

ഷെത്തിലെ സന്യാസസമൂഹം തുടങ്ങിയത് അന്തോണിയുടെ സമകാലികനായ അമ്മോനാണെങ്കിലും, അതിലെ പ്രശസ്തനായ നേതാവായിരുന്നു ഈജിപ്തിലെ മക്കാരിയൂസ് എന്നറിയപ്പെടുന്ന സന്യാസി. 'മക്കാരിയൂസ് ദി എൽഡർ' എന്നും 'മഹാനായ മക്കാരിയൂസ്' എന്നും ഇദ്ദേഹം അറിയപ്പെടുന്നു. ഈജിപ്ഷ്യൻ സന്യാസ പ്രസ്ഥാനത്തിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനത്തെപ്പറ്റി പല്ലാഡിയൂസും (ലൗസി. ച. 17) റൂഫിനസും (സന്യാ. ച. 28) 'അപ്പൊഫ്തെഗ്മാതാ'യും സൂചിപ്പിക്കുന്നു. ഉത്തര ഈജിപ്തിലെ ഒരു ഗ്രാമത്തിൽ 300–ൽ മക്കാരിയൂസ് ജനിച്ചു. മുപ്പതാം വയസ്സിൽ ഷെത്തിലെ മരുഭൂമിയിൽ ഏകാന്ത ജീവിതക്കാരനായി ജീവിക്കാൻ ഇറങ്ങിത്തിരിച്ചു. 60 വർഷം അവിടെ താമസിച്ചു. നിരവധി ശിഷ്യന്മാരദ്ദേഹത്തിനു ചുററും കൂടി. അദ്ദേഹം വളരെ വേഗം ശിഷ്യന്മാരുടെ വിശ്വാസം ആർജിക്കുകയും സുകൃതത്തിന്റെ ഉത്തമമാതൃകയായി തീരുകയും ചെയ്തു. 40 വയസ്സായപ്പോഴം രോഗശാന്തിവരവും ഭാവികാര്യങ്ങളറിയാനുള്ള വരവും അദ്ദേഹത്തിനു ലഭിച്ചു.

സന്യാസികളുടെ പിതാവായ അന്തോണിയെ മക്കാരിയൂസ് പല പ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്. വാർദ്ധക്യകാലത്ത് മക്കാരിയൂസിനെ ആരിയൻ ബിഷപ്പായ ലൂചിയസ് നൈൽ നദിയിലെ ഒരു ദ്വീപിൽ നാടുകടത്തി. എന്നാൽ അധികം താമസിയാതെ അദ്ദേഹം തിരികെ വരികയും 390 നുമുമ്പ് മരിക്കുകയും ചെയ്തു.

പല കൃതികളും മക്കാരിയൂസിന്റേതായി അറിയപ്പെടുന്നുണ്ട്. പല്ലാഡിയൂസോ, റൂഫീനസോ, മക്കാരിയൂസിന്റെ കൃതികളെപ്പററി ഒന്നും പറയുന്നില്ല. എന്നാൽ പിൽക്കാല കയ്യെഴുത്തുപ്രതികളിൽ പല മൊഴികളും, കത്തുകളും, പ്രാർത്ഥനകളും, പ്രഭാഷണങ്ങളും, കൃതികളും മക്കാരിയൂസിന്റേതായി കാണുന്നുണ്ട്. അൻപത് ആദ്ധ്യാത്മിക പ്രഭാഷണങ്ങൾ, മക്കാരിയൂസിന്റെ പേരിൽ അറിയപ്പെടുന്നു.

## 7. അലക്സാണ്ഡ്രിയായിലെ മക്കാരിയൂസ് (+394)

ഈജിപ്തിലെ മക്കാരിയൂസിന്റെ സമകാലികനായിരുന്നു ദ്ദേഹം. പ്രവചനവരവും, ദുഷ്ടാരൂപികളെ ഒഴിക്കാനുള്ള

www.malankaralibrary.com



വരവും അദ്ദേഹത്തിനുമുണ്ടായിരുന്നു. 300_മാണ്ടിനുമുമ്പേ ജനിച്ചു, 394_ൽ ചരമമടഞ്ഞു. 335-ൽ കെല്ലിയാ മരുഭൂമിയിൽ താമസം തുടങ്ങി. ഇവിടെ വച്ചാണ് ലൗസിയാക് ചരിത്ര കർത്താവായ പല്ലാഡിയൂസ് മക്കാരിയൂസിനെ കാണുന്നത്. മക്കാരിയൂസിന്റെ ആധ്യാത്മിക ജീവിതത്തെപ്പററി പല്ലാഡി യൂസ് വിവരിക്കുന്നു. മക്കാരിയൂസ് വൈദികനായിരുന്നു എന്നും പറയപ്പെടുന്നു.

മക്കാരിയൂസിന്റെ കൃതികളെപ്പററിയൊന്നും പല്ലാഡിയൂസ് പറയുന്നില്ല. മിക്കവാറും അദ്ദേഹം ഒന്നും തന്നെ എഴുതിക്കാണാനിടയില്ല. അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന ചൊല്ലുകളും, പ്രസംഗങ്ങളും, നിയമങ്ങളും അദ്ദേഹത്തിന്റേതല്ല എന്നു വേണം കരുതുവാൻ.

## 8. പോൻതുസിലെ എവാഗ്രിയസ് (+399)

രണ്ടു മക്കാരിയൂസിന്റെയും ശിഷ്യനാണ് എവാഗ്രിയസ്. പോൻതുസിലെ ഇബോറയിൽ ജനിച്ചതുകൊണ്ടു് പോൻതുസിലെ എവാഗ്രിയസ് എന്ന് അദ്ദേഹം അറിയപ്പെടുന്നു, (സൊക്രാട്ടസ്, സഭാ. 4. 23). മഹാനായ ബസ്സേലിയോസ് അദ്ദേഹത്തെ കോറൂയോ (വായനക്കാരൻ) ആയി നിയമിച്ചു. ഗ്രിഗറി നസ്യാൻസൻ ഡീക്കനാക്കി. 381-ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡിൽ നസ്യാൻസനൊടൊപ്പം അദ്ദേഹം പങ്കെടുത്തു. അബദ്ധോപദേശങ്ങൾക്കെതിരായ വാദഗതികളിൽ നിപുണനായിരുന്നതിനാൽ കോൺ. പാത്രിയർക്കീസായ നെക്താരിയൂസ് എവാഗ്രിയസിനെ തന്റെ സഹായിയാക്കി എന്ന് പല്ലാഡിയസ് പറയുന്നു. കോൺസ്റ്റാൻറിനോപ്പിളിലെ വാസം തന്റെ സുകൃത ജീവിതത്തിനു് തടസ്സമാണെന്നു കണ്ടു് ആദ്യം യറുശലേമിലേക്കും പിന്നെ അവിടെ നിന്നു് ഈജിപ്തിലേക്കും പോയി. നിത്രിയൻ മലകളിൽ രണ്ടു വർഷം അജ്ഞാതവാസം കഴിച്ചു. അതിനുശേഷം കെല്ലിയ മരുഭൂമിയിൽ സന്യാസം ആരംഭിച്ചു. അവിടെ 14 വർഷം ജീവിച്ചു. ഇവിടെ വച്ചാണ് രണ്ടു മക്കാരിയൂസുമാരുമായി പരിചയപ്പെടാനദ്ദേഹത്തിനു സാധിച്ചതു്; ഗ്രന്ഥരചനവഴി ഉപജീവനമാർഗം നേടി എന്നു് ശിഷ്യനായ പല്ലാഡിയൂസ് പറയുന്നു (ലൗസി.ച. 38,10). അലക്സാണ്ട്രിയയിലെ തിയോഫിലസ് എവാഗ്രിയസിനെ മെത്രാനാക്കാൻ ആഗ്രഹിച്ചപ്പോൾ അദ്ദേഹം വഴിപ്പെട്ടില്ല. 54-ാം വയസ്സിൽ 399-ൽ എവാഗ്രിയസ് പോന്തിക്കസ് മരിച്ചു.

www.malankaralibrary.com



## കൃതികൾ

ക്രിസ്തീയ ഭക്തിസംവർദ്ധകങ്ങളായ നിരവധി കൃതികളെഴുതിയ ആദ്യത്തെ സന്യാസി എവാഗ്രിയസാണ്. 'മൊണാസ്റ്റിക് മിസ്റ്റിസിസം' എന്നു ഒന്നു പറയാമെങ്കിൽ അതിന്റെ കർത്താവാണ് എവാഗ്രിയസ്. ഈജിപ്ഷ്യൻ മരുഭൂമിയിലെ ഏററം നല്ല ആദ്ധ്യാത്മിക എഴുത്തുകാരനായി ഇദ്ദേഹത്തെ കണക്കാക്കാം.

കിഴക്കും പടിഞ്ഞാറുമുള്ള സന്യാസികൾ ഒപ്പം എവാഗ്രിയസിന്റെ കൃതികൾ പാഠപുസ്തകങ്ങളായി വായിച്ചു പഠിച്ചിരുന്നു. പിൽക്കാലത്തെ നിരവധി മഹാന്മാരിൽ എവാഗ്രിയസിന്റെ സ്വാധീനം ദൃശ്യമത്രേ. പല്ലാഡിയസ്, ജോൺ ക്ലിമാക്കുസ്, ഹെസിക്കിയുസ്, വിശ്വാസസാക്ഷിയായ മാക്സിമുസ്, നിചെത്താസ് സ്റ്റെത്താത്തോസ്, മാബുഗ്ഗിലെ ഫീലക്സിനോസ്, നിനിവേയിലെ ഇസഹാക്ക്, ജോൺ ബർ കാൽദൂൻ, ബാർ എബ്രായാ, ജോൺ കാസ്സിയൻ എന്നിവർ അവരിൽ പ്രധാനികളാണ്. എവാഗ്രിയൻ മിസ്റ്റിസിസം നാലാം നൂററാണ്ടു മുതൽ 15-ാം നൂററാണ്ടുവരെ–അല്ല ഇരുപതാം നൂററാണ്ടുവരെ വ്യാപിച്ചു കിടക്കുന്നു.

ചില കൃതികളുടെ ശകലങ്ങളൊഴിച്ച് ഗ്രീക്കിലുള്ള മിക്ക കൃതികളും നഷ്ടപ്പെട്ടു. അഞ്ചാമത്തെ സാർവത്രിക സൂനഹദോസും (553) തുടർന്നുള്ള പല സിനഡുകളും ഒരിജെനിസ്റ്റെന്നു മുദ്രയടിച്ച് എവാഗ്രിയസിനെ തള്ളിക്കളഞ്ഞു. റൂഫീനസിന്റെയും ജന്നാഡിയസിന്റെയും ലത്തീൻ വിവർത്തനങ്ങളിലും, സിറിയൻ, അർമേനിയൻ, അറബിക്, എത്യോപ്യൻ വിവർത്തനങ്ങളിലുമായി കൃതികൾ മിക്കതും നമുക്കു കിട്ടിയിട്ടുണ്ട്. മററു ചിലവ ബേസിലിന്റെയും അൻസീറായിലെ നീലൂസിന്റെയും കൃതികളുടെ കൂടെ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

### 1. ആൻറിറെററിക്കോസ് (Antirrhetikos).

'ആൻറിറെററിക്കോസ്' എന്നൊരു ഗ്രന്ഥം എവാഗ്രിയസ് എഴുതിയെന്നു സൊക്രാട്ടെസ് (സഭാ. 4, 23) പറയുന്നു. പരിക്ഷിക്കുന്ന അരൂപികൾക്കെതിരായി വേദപുസ്തക വാക്യങ്ങൾ ശേഖരിച്ച് എട്ടു ഭാഗങ്ങളായി തിരിച്ചിരിക്കുകയാണ് ഈ ഗ്രന്ഥം. ജന്നാഡിയസും ഇതേപ്പററി പറയുന്നുണ്ട് (മഹത്. 11). പരീക്ഷണ വിധേയനായപ്പോൾ കർത്താവ് വേദപുസ്തകവാക്യങ്ങളുദ്ധരിച്ച് പിശാചിനെ പരാജയപ്പെടുത്തിയതിന്റെ മാതൃകയിലാണിതെഴുതിയിരിക്കുന്നത്. ജന്നാഡിയസിതു ലത്തീനിലേക്കു വിവർത്തനം ചെയ്തു. എന്നാൽ ഗ്രീക്കുമൂലകൃതിയും ഈ

www.malankaralibrary.com



ലത്തീൻ വിവർത്തനവും നഷ്ടപ്പെട്ടു. സുറിയാനി, അർമേനിയൻ, പതിപ്പുകളിൽ ഈ കൃതി പൂർണ്ണമായി നമുക്ക് ലഭിച്ചിട്ടുണ്ട്.

സന്യാസിയെ അലട്ടുന്ന എട്ട് അശുദ്ധാശ്രുപികളെപ്പററിയാണ് എട്ടു പുസ്തകങ്ങളിലായി ചർച്ച. ഭോജനപ്രിയം, വ്യഭിചാരം, ദ്രവ്യാഗ്രഹം, നൈരാശ്യം, ക്രുണ്ടി, സന്യാസജീവിതത്തോടുള്ള മടുപ്പ്, നിഷ്ക്രിയത്വം, ഔദ്ധത്യം എന്നിവയാണീ അഷ്ടാശ്രുപികൾ.

## 2. സന്യാസി (Monachikos)

സന്യാസി എന്ന പേരിൽ രണ്ടു ഭാഗങ്ങളുള്ള ഒരു കൃതി എവാഗ്രിയസ് എഴുതിയിട്ടുണ്ട്. ഒന്നാം ഭാഗത്തിൽ (praktikos) നൂറ് വാചകങ്ങളുണ്ട്. രണ്ടാം ഭാഗം (gnostikos) അൻപതു് വാചകങ്ങളും. രണ്ടാം ഭാഗം ഗ്രീക്കിലും ഒന്നാം ഭാഗം സുറിയാനിയിലുമായി നമുക്ക് കിട്ടിയിട്ടുണ്ട്. റുഫീനസിൻെറയും ജന്നാഡിയസിൻെറയും ലത്തീൻ വിവർത്തനങ്ങൾ രണ്ടും നഷ്ടപ്പെട്ടു. അന്തോണി, ഈജിപ്തിലെ മാർ മക്കാരിയോസ്, അത്തനാസ്യോസ്, സെറാപിയോൻ, ദിദിമൂസ്, ബസ്സേലിയൂസ് എന്നിവരുടെ മൊഴികളാണിതിലെ ഉള്ളടക്കം.

## 3. സന്യാസികൾക്കും സന്യാസിനികൾക്കുമുള്ള കണ്ണാടി

ഈ തലക്കെട്ടിൽ 50 വാചകങ്ങൾ ഗ്രീക്ക മൂലത്തിൽ നമുക്ക കിട്ടിയിട്ടുണ്ട്. റുഫീനസ് അവ ലത്തീനിലേക്ക് തർജമ ചെയ്തു.

## 4. ഗ്നോസ്റ്റിക് പ്രശ്നങ്ങൾ (Problemata Gnostica)

600 വാചകങ്ങളുടെ ഒരു സമാഹാരമാണിതു്. 100 വീതമുള്ള 6 പുസ്തകങ്ങളിലായി അവ തിരിച്ചിരിക്കയാണ്. അവ 'സെൻച്യൂറീസ്' (Centuries) എന്നറിയപ്പെടുന്നു. ഗ്രീക്ക് കൃതി നഷ്ടപ്പെട്ടെങ്കിലും സുറിയാനി, അർമേനിയൻ വിവർത്തനങ്ങളിൽ ഈ കൃതി നമുക്ക ലഭിച്ചിട്ടുണ്ട്. താത്ത്വിക–ആധ്യാത്മിക സ്വഭാവമുള്ള പ്രശ്നങ്ങൾ ഇതിൽ ചർച്ചാവിഷയമാണ്.

## 5. പ്രാർത്ഥനയെപ്പററി (പെരി പ്രൊസെവുക്കേസ്)

അൻസീറായിലെ നീലൂസിൻെറ കൃതികളുടെ കൂടെ കാണുന്ന 'പ്രാർത്ഥനയെപ്പററി' എന്ന കൃതി എവാഗ്രിയസിൻേറതാണ്.

6. De malignis Cogitationibus: നീലൂസിൻെറ കൃതികളുടെ കൂടെയാണിതും കാണുന്നതു്.

## 7. എവുളോഗിയൂസ് സന്യാസിക്ക്

www.malankaralibrary.com



## 8. ബിബ്ളിക്കൻ ഭാഷ്യങ്ങൾ

ഒരിജെനാണിവിടെയും എവാഗ്രിയസിൻെറ ഗുരു. മൊഴികളായിട്ടാണ് എവാഗ്രിയൻ വാക്യങ്ങളെല്ലാം. സങ്കീർത്തനം, സഭാപ്രസംഗി, ഇയ്യോബ്, ലൂക്കോസ്, എന്നിവയ്ക്കെല്ലാം അദ്ദേഹം ഭാഷ്യങ്ങളെഴുതിയിട്ടുണ്ട്.

## 9. കത്തുകൾ

എവാഗ്രിയസിൻെറ 67 കത്തുകൾ സുറിയാനി വിവർത്തനങ്ങളിൽ നമുക്കു കിട്ടിയിട്ടുണ്ട്. ആരിയനിസത്തിനെതിരായി പഠിപ്പിക്കയും ത്രിത്വസംബന്ധമായ സത്യവിശ്വാസം വരച്ചുകാട്ടുകയും ചെയ്യാൻ ഈ കത്തുകളിൽ എവാഗ്രിയസ് ശ്രമിക്കുന്നു.

## 9. പല്ലാഡിയൂസ്

എവാഗ്രിയസിൻെറ ശിഷ്യനായ പല്ലാഡിയൂസ്സാണ് ഈജിപ്ഷ്യൻ സന്ന്യാസപ്രസ്ഥാന ചരിത്രകർത്താക്കളിൽ ഏററം ഗണനീയൻ. 363/4 ൽ ഗലാത്യയിൽ ജനിച്ചു. ക്ലാസ്സിക്കൽ സാഹിത്യത്തിലൊരുറച്ച വിദ്യാഭ്യാസം സമ്പാദിച്ചശേഷം 388 ൽ ഈജിപ്തിലെത്തി. ഇസിദോർ എന്ന വൈദികൻ സന്ന്യാസജീവിതത്തിനുള്ള പ്രാരംഭ പാഠങ്ങളൊക്കെ അലക്സാന്ത്രിയായിൽ വച്ച് നൽകി; ഒരു വർഷത്തിനുശേഷം ഡൊറോത്തെയൂസ് എന്ന സന്ന്യാസിയെ ഏല്പിച്ചു. നൊവിഷ്യേററ് രീതിയിലുള്ള പരിശീലനം അവിടെ നടത്തുന്നതിനായിരുന്നത്. എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ 390 ൽ നിത്രിയായിലേക്കും, പിന്നീട് ചെല്ലിയായിലേക്കും പോയി. ചെല്ലിയായിൽ ആദ്യം മക്കാരിയോസുമൊത്തും, പിന്നീട് എവാഗ്രിയസുമൊത്തും ഒൻപതു വർഷം താമസിച്ചു.

വീണ്ടും ആരോഗ്യം തകരാറിലായപ്പോൾ പലസ്തീനായിൽ പോകാൻ സുഹൃത്തുക്കൾ പ്രേരിപ്പിച്ചു. 400–ാമാണ്ടിൽ പല്ലാഡിയൂസ് ബിഥീനിയായിലെ ഹെലേനോപ്പോലീസിലെ മെത്രാനായി അഭിഷിക്തനായി. ഒരിജെനിസ്റ്റ് തർക്കങ്ങളിൽ അതിവേഗം കടുങ്ങി. 405 ൽ ജോൺ ക്രിസൊസ്റ്റോമിനുവേണ്ടി വാദിക്കാൻ അദ്ദേഹം റോമിലേക്ക് യാത്രചെയ്തു. പിറേറവർഷം അർക്കേഡിയൂസ് ചക്രവർത്തി അദ്ദേഹത്തെ ഉത്തരഈജിപ്തിലേക്ക് നാടുകടത്തി. 412–13 ൽതിരികെ വരാൻ അനുവാദം കിട്ടി. അപ്പോൾ ഗലാത്യയിലെ അസ്പൂനാ രൂപതയുടെ മെത്രാനായി. 431 ലെ എഫേസൂസ് സൂനഹദോസിനു തൊട്ടുമുമ്പ് പല്ലാഡിയൂസ് മരിച്ചു.

www.malankaralibrary.com



## കൃതികൾ

### 1. ലൗസിയാക് ചരിത്രം (Historia Lausiaca)

പല്ലാഡിയൂസിന്റെ ഏററം വലിയ കൃതിയാണിതു്. തിയഡോഷ്യസ് രണ്ടാമന്റെ കൊട്ടാരത്തിലെ ചേംബർലൈനായിരുന്ന ലൗസൂസിനു് സമർപ്പിക്കപ്പെട്ടതാണീ കൃതി. അതുകൊണ്ടാണു് ലൗസിയാക് ചരിത്രം എന്നറിയപ്പെടുന്നതു്.

ക്രി. വ. 419/20 ൽ എഴുതപ്പെട്ട ഈ കൃതി ഈജിപ്ററ്, പലസ്തീനാ, സിറിയാ, ഏഷ്യാമൈനർ, എന്നിവിടങ്ങളിൽ നാലാം നൂററാണ്ടിൽ ഉണ്ടായ സന്യാസപ്രസ്ഥാനങ്ങളെപ്പററി വിവരിക്കുന്നു. നേരിട്ടു് കണ്ടറിഞ്ഞ സംഗതികളും മററുള്ളവരിൽനിന്നു കേട്ട വിവരണങ്ങളും ഒന്നിച്ചു ചേർത്താണു് പല്ലാഡിയൂസിതെഴുതിയിരിക്കുന്നതു്. കഥകളും സംഭവങ്ങളും നിരത്തിവച്ചിരിക്കുന്നു. കഥാരൂപത്തിൽ പലതും കാണപ്പെടുമെങ്കിലും പല്ലാഡിയൂസ് നേരിട്ടു് കണ്ടവ യാഥാർത്ഥ്യങ്ങളല്ലെന്നു് വരുന്നില്ല.

ലത്തീനിലേക്കും പൗരസ്ത്യഭാഷകളിലേക്കും ഇതു് വളരെ വേഗം വിവർത്തനം ചെയ്യപ്പെട്ടു. റൂഫീനൂസാണിതു് ലത്തീനിലേക്കു് ഭാഷാന്തരം ചെയ്തതു്.

### 2. വി. യോഹന്നാന്റെ ജീവിതത്തെക്കുറിച്ചുള്ള സംവാദം

408 ൽ വിപ്രവാസത്തിൽ ആയിരിക്കവേ, ജോൺ ക്രിസസ്തോമിന്റെ ജീവിതത്തെ സംബന്ധിച്ചു് സംഭാഷണശൈലിയിൽ ഒരു കൃതിയെഴുതി. ക്രിസസ്തോമിനെ സംബന്ധിച്ചു് വളരെയധികം കൃത്യമായ വിവരണം ഈ കൃതി നൽകുന്നു. പ്ലേറോയുടെ 'ഫേഡോ'യുടെ മാതൃകയിലാണിതെഴുതപ്പെട്ടിരിക്കുന്നതു്.

### 3. ഇൻഡ്യയിലെ ആളുകളെക്കുറിച്ചും ബ്രാഹ്മണരെക്കുറിച്ചും

ഈ കൃതിക്കു് നാലു ഭാഗങ്ങളുണ്ടു്. ഇതിൽ ഒന്നാമത്തേതേ പല്ലാഡിയൂസ് എഴുതിയിട്ടുള്ള എന്നു് കരുതുന്നവരുണ്ടു്. ഒരീജിപ്ഷ്യൻ പണ്ഡിതന്റെ ഭാരത പര്യടനവേളയിലെ അനുഭവങ്ങളിതിൽ വിവരിക്കുന്നു.

## 10. പെലൂസിയത്തിലെ ഇസിദോർ (360–435)

ഈജിപ്തിൽ പെലൂസിയത്തിലെ ഒരു വൈദികനായിരുന്നു ഇസിദോർ. അന്ത്യോക്യയിലെ സെവേരൂസ് സാക്ഷിക്കുന്നതുപോലെ ഭക്തിയിലും വേദപുസ്തക ജ്ഞാനത്തിലും അദ്ദേഹം കീർത്തിമാനായിരുന്നു. ഇസിദോറിന്റേതായി 2000 കത്തുകൾ നമു

www.malankaralibrary.com



ക്ക് ലഭിച്ചിട്ടുണ്ട്. അദ്ദേഹം തികഞ്ഞ സന്യാസജീവിതം നയിക്കയും സന്യാസികളുടെയിടയിൽ പൂജ്യനായി ഗണിക്കപ്പെടുകയും ചെയ്തു. ഇസിദോർ സന്യാസസമൂഹത്തിൻെറ തലവനായിരുന്നുവോ എന്നതു് തർക്കമററ സംഗതിയല്ല. അല്ലായിരുന്നു എന്ന അഭിപ്രായത്തിനാണ് മുൻതൂക്കം.

ക്ലാസ്സിക്കൽ വിദ്യാഭ്യാസവും കൃത്യമായ ദൈവശാസ്ത്ര പരിശീലനവും ഉള്ള ഒരാളെയാണ് ഇസിദോറിൻെറ കത്തുകളിൽ കാണാൻ കഴിയുക. അദ്ദേഹം പ്രധാനമായി വി. ഗ്രന്ഥത്തെയാണ് ആശ്രയിച്ചിരുന്നതു്. എങ്കിലും പ്രാചീന സഭാപിതാക്കളെയൊക്കെ അദ്ദേഹത്തിനു് പരിചിതമായിരുന്നു. ചില കത്തുകൾ പദാനപദം അലക്സാണ്ഡ്രിയയിലെ ക്ലെമെൻറിൽനിന്നു് പകർത്തിയെഴുതിയതാണ്. ഡെമോസ്തനസ്, പ്ളേറോ, അരിസ്റ്റോട്ടൽ, ഹോമർ എന്നിവർ ഇസിദോറിനു് പ്രിയംകരരായിരുന്നു.

ക്രിസ്തുശാസ്ത്രം സംബന്ധിച്ചു് സഭാപ്രബോധനം ഉയർത്തിക്കാട്ടാൻ ഇസിദോർ ശ്രമിച്ചിട്ടുണ്ട്. ക്രിസ്തുവിൻെറ ദൈവത്വം, മനുഷ്യത്വം എന്നിവ നന്നായി വേദപുസ്തകവാക്യങ്ങളുപയോഗിച്ചു് അദ്ദേഹം തെളിയിച്ചു.

താൻ രചിച്ച രണ്ടു് കൃതികളെപ്പററി ഇസിദോർ തൻെറ കത്തുകളിൽ സൂചിപ്പിക്കുന്നു. എന്നാലവ നമുക്കു് കിട്ടിയിട്ടില്ല.

## ദൈവശാസ്ത്രം

ഇസിദോർ ഒരു ദൈവശാസ്ത്രജ്ഞനായിരുന്നെന്നു് കത്തുകൾ സാക്ഷിക്കുന്നു. അക്കാലത്തു് പ്രചരിച്ചിരുന്ന അബദ്ധപ്രബോധനങ്ങൾക്കെതിരെ ശരിയായ ക്രിസ്തുശാസ്ത്രം ഉയർത്തിപ്പിടിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. വി. ഗ്രന്ഥത്തിൽ നിന്നുള്ള തെളിവുകൾ ഉദ്ധരിച്ചുകൊണ്ടും അവയെ ശരിയായി വ്യാഖ്യാനിച്ചുകൊണ്ടും ആര്യർക്കെതിരെ ക്രിസ്തുവിൻെറ ദൈവത്വം അദ്ദേഹം പഠിപ്പിച്ചു. അന്ത്യോക്യൻ വിദ്യാപാഠശാലയുടെ സ്വാധീനം അദ്ദേഹത്തിൻെറ വ്യാഖ്യാനങ്ങളിലും, താത്വികാപഗ്രഥനത്തിലും ദൃശ്യമത്രേ. തുടർച്ചയായി 'ഹോമോഉസിയോസ്' (സമസത്ത) എന്നപദം അദ്ദേഹം ഉപയോഗിക്കുന്നു. 'നിഖ്യായിലെ പ്രബോധനം പരിശുദ്ധാത്മപ്രേരിതമാകയാൽ അതു് സത്യമാണ് പഠിപ്പിച്ചിരിക്കുന്നതു്. എല്ലാവരും അതു് പിൻചെല്ലണം' എന്നു് അദ്ദേഹം ഉപദേശിച്ചു.

മനിക്കെയർക്കെതിരായി ക്രിസ്തുവിൻെറ മനുഷ്യത്വം പ്രഘോഷിക്കാനും ഇസിദോർ മടിച്ചില്ല.

അലക്സാണ്ഡ്രിയായിലെ വി. സിറിലുമായി ഇസിദോർ നിരന്തരം സമ്പർക്കം പുലർത്തി എന്നു് കത്തുകൾ വെളിപ്പെടുത്തുന്നു. എഫേസോസിൽ വച്ചു് 431—ൽ സിറിൽ ചെയ്ത സംഗ

www.malankaralibrary.com



തികളോടു് പൂർണമായി യോജിക്കാൻ ഇസിദോറിനു് കഴിഞ്ഞി ല്ല. അതിനു് സിറിലിനെ അദ്ദേഹം കുററപ്പെടുത്തുന്നു. 'അനുക മ്പ സംഗതികൾ വികലമായേ കാണൂ; വെറുപ്പ് ഒട്ടും കാണുക യേ ഇല്ല. കാഴ്ച വികലമാകുന്ന ഇവ രണ്ടിൽനിന്നും നീ വിമു ക്തനാകണമെങ്കിൽ, തറപ്പിച്ച് നിഷേധിക്കാൻ പോകാതെ നിനക്കെതിരായി ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ നീതിമാ നായ ന്യായാധിപന്റെ വിധിക്കു് സമർപ്പിക്കുക. സംഭവിക്കു ന്നതിനു മുമ്പ് എല്ലാ സംഗതികളും അറിയുന്ന ദൈവം താഴേക്കിറ ങ്ങി വരാനും സോദോമിന്റെ നിലവിളി കേൾക്കാനും തിരു മനസ്സായി; സംഗതികൾ അടുത്തു മനസ്സിലാക്കണമെന്നും അവ യെ കൃത്യമായി തൂക്കിനോക്കണമെന്നും ദൈവം അതുവഴി നമ്മെ പഠിപ്പിക്കുന്നു. എഫേസൂസിൽ സമ്മേളിച്ച പലരും അവജ്ഞാ പൂർവമാണു് നിന്നെപ്പററി സംസാരിക്കുന്നതു്. ഈശോമിശിഹാ യെ സംബന്ധിച്ച സംഗതികളുടെ ശരിയായ വിശ്വാസം തേടുന്ന ആളായിട്ടല്ല, വ്യക്തിപരമായ വൈരാഗ്യങ്ങൾക്കനുസൃതം പ്ര വർത്തിക്കുന്ന ആളായിട്ടാണു് അവർ നിന്നെ കാണുന്നതു്. അവർ പറയുന്നു.' അവൻ തെയോഫിലസിന്റെ സഹോദരീപുത്രനാണു് അവന്റെ സ്വഭാവരീതിയും അപ്രകാരം തന്നെയാണു്. ദൈവ പ്രേരിതനും ദൈവസ്നേഹിതനുമായ ജോണിനെതിരായി പരസ്യ മായി തെയോഫിലസ് ക്രുദ്ധനായി. അനന്തിരവനും അതുപോലെ പ്രവർത്തിക്കുവാൻ തുനിയുന്നു. രണ്ടു സംഗതികളും തമ്മിൽ വളരെ യധികം അന്തരമുണ്ടെന്നുള്ളതു് മറെറാരു സംഗതി (ലേഖ. 1:310).

## 11. അത്രിപ്പെയിലെ ഷെന്നുദ്

ഈജിപ്ഷ്യൻ സാമൂഹ്യസന്യാസ ജീവിതത്തിൽ പക്കോ മിയസ് കഴിഞ്ഞാലേററം ഗണനീയനായ വ്യക്തി ഷെന്നുദാണു്. 83 വർഷം (383–466) ഇദ്ദേഹം തെബൈഡു് മരുഭൂമിയിലെ അ ത്രിപ്പെ സമൂഹത്തിന്റെ അധിപനായിരുന്നു. 2200 സന്യാസി കളും 1800 സന്യാസിനികളും അദ്ദേഹത്തിന്റെ കീഴിലുണ്ടായിരു ന്നെന്നു് ബേശാ എന്ന ശിഷ്യൻ സാക്ഷിക്കുന്നു.

തന്റെ നിയമാവലിയിൽ പക്കോമിയസിൽ നിന്നു് പല തും ഷെന്നൂദ് മാററിക്കുറിച്ചു. സമർത്ഥനായ നേതാവായിരു ന്നദ്ദേഹം. 431 ൽ സിറിലിനോടൊപ്പം ഷെന്നൂദ് എഫേസൂസ് സൂനഹദോസിൽ സംബന്ധിച്ചു. 118 വയസ്സുള്ളപ്പോൾ അദ്ദേഹം മരിച്ചു. കോപ്ററിക്, അറബി, സുറിയാനി, ജീവചരിത്ര ങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും നേട്ടങ്ങളെയും പുക ഴ്ത്തുന്നു. നിരവധി പ്രസംഗങ്ങളും കത്തുകളും ഷെനൂദിന്റേതാ യിട്ടുണ്ടു് എന്നു് ബേശാ സാക്ഷിക്കുന്നു.

www.malankaralibrary.com



## 12. അപ്പൊഫ്തെഗ്മാതാ പാത്രും

'പിതാക്കന്മാരുടെ മൊഴികൾ' എന്ന കൃതി ഈജിപ്ഷ്യൻ സന്യാസപ്രസ്ഥാനത്തെപ്പററി മറേറതൊരു സ്രോതസ്സിനെക്കാളും വ്യക്തമായും കൃത്യമായുമുള്ള വിവരണങ്ങൾ നൽകുന്നുണ്ട്. അഞ്ചാം നൂററാണ്ടിന്റെ അവസാനത്തിലാകാം ഇതെഴുതപ്പെട്ടത്. കീർത്തിമാന്മാരായ സന്യാസശ്രേഷ്ഠരുടെയും ഏകാന്തവാസികളുടേയും മൊഴികൾ, അവരുടെ സുകൃതങ്ങളുടേയും പ്രവൃത്തികളുടേയും ചെറിയ വിവരണങ്ങൾ എന്നിവ ഇതിലടങ്ങിയിരിക്കുന്നു. ഗ്രീക്കിലിതെഴുന്നതിനു മുമ്പ് കോപ്ററിക്കിൽ വാമൊഴിയായി ഇത് പ്രചരിച്ചിരുന്നു. ആറാം നൂററാണ്ടിൽ അക്ഷരമാലക്രമത്തിൽ ഇത് ക്രമീകരിക്കപ്പെട്ടു. ആദ്യത്തെ സന്യാസി അന്തോണിയും അവസാനത്തേത് ഓറും ആണ്.

## 13 ക്ളിസ്മായിലെ മാർ ഔഗേൻ

ഈജിപ്തിലെ ക്ളിസ്മായിൽ ജനിച്ച മാർ ഔഗേൻ പാവപ്പെട്ടവരെ സഹായിക്കുന്നതിൽ അതീവ തൽപ്പരനായിരുന്നു. ഏതാണ്ട് 25 വർഷത്തോളം കടലിൽ മുങ്ങിത്തപ്പി മുത്തുച്ചിപ്പികൾ ശേഖരിച്ച് ദരിദ്രർക്ക് വിതരണം ചെയ്തുവന്നു. അതിനുശേഷം സന്യാസശ്രേഷ്ഠനായ പക്കോമിയസിന്റെ പക്കൽ ചെന്നു സന്യാസവസ്ത്രം സ്വീകരിക്കയും സന്യാസജീവിതം ആരംഭിക്കുകയും ചെയ്തു. അദ്ദേഹം പേർഷ്യയിൽ നിസിബിസിനടുത്തുള്ള ഈസ്ളാമലയിൽ പോയി കൂട്ടുകാരുമൊത്ത് സന്യാസജീവിതം ആരംഭിച്ചു. പേർഷ്യയിലെ ക്രിസ്ത്യാനികളുടെ ഇടയിൽ സന്യാസപ്രസ്ഥാനത്തിന് ആരംഭമിട്ടത് മാർ ഔഗേനാണെന്ന് പറയപ്പെടുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കുമായി അദ്ദേഹം നിരവധി സന്യാസഭവനങ്ങൾ സ്ഥാപിച്ചു. ഷപ്പൂർ രണ്ടാമൻ എന്ന പേർഷ്യൻ രാജാവിന്റെ മുൻപാകെ (309–379) നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്തു. പ്രഗത്ഭരായ നിരവധി ശിഷ്യന്മാർ അദ്ദേഹത്തിനുണ്ടായി. ഔഗേൻ തുടങ്ങിയ അടിത്തറയിൽ പേർഷ്യൻ സന്യാസപ്രസ്ഥാനം വളർന്നു പുഷ്ടിപ്രാപിച്ചു. ഏകാന്തവാസികളും കൂട്ടജീവിതക്കാരുമായ സന്യാസികൾ പേർഷ്യയിലെങ്ങും ഉണ്ടായി.

www.malankaralibrary.com

അദ്ധ്യായം 8

# ഏഴ് സീറോ—പലസ്തീനിയൻ ചിന്തകന്മാർ

## ആമുഖം

ഇന്നത്തെ സിറിയ, ടർക്കി, ഇസ്രായേൽ, ഇറാക്ക് എന്നിവയുടെ ചില ഭാഗങ്ങളും, ലെബനോൻ, യോർദ്ദാൻ എന്നിവ ഉൾപ്പെട്ടതാണ് സഭാരംഭകാലത്തെ 'സിറിയ'. കൂടെക്കൂടെ അതിർത്തികൾ മാററിക്കുറിക്കപ്പെട്ടിരുന്നു. സിറിയായുടെ തലസ്ഥാനമായിരുന്നു പ്രശസ്തനഗരമായ അന്ത്യോക്യാ. സഭാരംഭകാലത്തു റോമൻ സാമ്രാജ്യത്തിലെ പലസ്തീന മൂന്നായി തിരിക്കപ്പെട്ടിരുന്നു. കേസറിയാ ആയിരുന്നു തലസ്ഥാനം (ജി. ചേടിയത്ത്, സഭാചരി. പേജ്, 16 ff). സിറിയായും പലസ്തീനായും ഒന്നിച്ച് ചർച്ച ചെയ്യാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഈ രണ്ടു പ്രദേശങ്ങളിലെ പ്രധാന ചിന്തകരെ അപഗ്രഥിക്കാം.

ലോകരക്ഷകനായ മിശിഹാ പിറന്നുവീണ പലസ്തീന ക്രൈസ്തവർക്ക് സംപൂജ്യമായിരുന്നു. റോമാക്കാർ യറുശലേം തകർത്തപ്പോൾ യേശുവിന്റെ ശിഷ്യന്മാർ നാലുപാടും ഓടിപ്പോയി. സിറിയായുടെ തലസ്ഥാനമായ അന്ത്യോക്യാ സഭാപരമായി പ്രാമാണ്യത്തിലേയ്ക്കുയർന്നു (അനുബന്ധം കാണുക). ഒന്നിലേറെ ശ്ലീഹന്മാരുടെ പരിലാളനം ഏൽക്കാനുള്ള ഭാഗ്യം അന്ത്യോക്യായ്ക്കുണ്ടായി. യറുശലേമിലെ സഭയുടെ തുടർച്ചയായി വേണം അന്ത്യോക്യായിലെ സഭയെ കാണുവാൻ. പെന്തിക്കോസ്തി ദിവസം യറുശലേമിൽ ഉണ്ടായിരുന്നവരും മതപീഡനം ഭയന്ന് ഓടിയവരും വളരെ ആരംഭകാലത്തുതന്നെ അന്ത്യോക്യായിൽ സുവിശേഷത്തിന്റെ വക്താക്കളായി തീർന്നു. ശ്ലീഹന്മാർ അന്ത്യോക്യയിൽ എത്തുന്നതിനു മുൻപുതന്നെ അവിടെ ഒരു ക്രൈസ്തവ സമൂഹം ഉണ്ടായിരുന്നു (നട. 11). സുവിശേഷപ്രചരണം വർദ്ധിച്ചപ്പോൾ യൂദന്മാരിൽനിന്നും ജാതികളിൽനിന്നും നിരവധി ആളുകൾ

www.malankaralibrary.com



ക്രിസ്ത്യാനികളായി. അവർ തമ്മിലുള്ള അകൽച്ച ശ്ളീഹന്മാരുടെ ചർച്ചകൾ വഴി പരിഹരിക്കപ്പെട്ടു. യേശുവിന്റെ ശിഷ്യന്മാർ 'ക്രിസ്ത്യാനികൾ' എന്നറിയപ്പെട്ടതു് അന്ത്യോക്യായിൽ വച്ചാണു് (നടപടി 11:26). അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസാണു് (+110) ക്രിസ്തീയ സഭയെ 'കത്തോലിക്കാസഭ എന്നു് ആദ്യമായി വിളിക്കുന്നതു് (സ്മിർണാക്കാർക്കുള്ള ലേഖനം, 8:2).

## അന്ത്യോക്യൻ വിദ്യാപാഠശാല

സഭാരംഭകാലത്തു് അന്ത്യോക്യയിൽ വളരെ പ്രശസ്തമായ ഒരു ദൈവശാസ്ത്ര കലാലയം ഉയർന്നുവന്നു. സമസോട്ടക്കാരൻ ലൂസിയനാണു് (+312) അതിന്റെ സ്ഥാപകൻ. അലക്സാണ്ഡ്രിയൻ വിദ്യാപാഠശാലയോടു് കിടപിടിക്കത്തക്ക ചിന്താസരണി ഈ കലാലയത്തിൽനിന്നു് ഉടലെടുത്തു. അലക്സാണ്ഡ്രിയായിലെ ഒരിജനും മറ്റു് അലക്സാണ്ഡ്രിയൻ ചിന്തകരും വ്യംഗ്യാത്ഥഭാഷ്യത്തിനു് മുൻതൂക്കം നൽകുന്ന ഒരു ദൈവശാസ്ത്രശാഖ വളർത്തി എടുത്തപ്പോൾ അതിലെ കുറവു് നീകത്താനുള്ള സംരംഭം എന്ന നിലയിൽ ചരിത്രപരവും വാച്യാർത്ഥപരവും ആയ അംശങ്ങൾക്കു മുൻതൂക്കം നൽകിക്കൊണ്ടു് ഒരു ദൈവശാസ്ത്രശാഖ വികസിപ്പിച്ചെടുക്കാൻ അന്ത്യോക്യക്കാർ തത്രപ്പെട്ടു. അരിസ്റ്റോട്ടലിന്റെ തത്ത്വശാസ്ത്രത്തിൽ പാദമൂന്നിക്കൊണ്ടു് ഒരുതരം 'റാഷണലിസത്തിനു്' അന്ത്യോക്യയിൽ മുൻതൂക്കം കൊടുത്തിരുന്നു. അലക്സാണ്ഡ്രിയയാകട്ടെ പ്ലേറ്റോയുടെ മിസ്റ്റിസിസത്തിലത്രേ അടിസ്ഥാനമുറപ്പിച്ചു മുന്നേറിയതു്. ക്രിസ്തുശാസ്ത്രത്തിലും ഈ വൈവിധ്യം ദൃശ്യമായിരുന്നു. വേദപുസ്തകത്തിലും ചരിത്രത്തിലും അധിഷ്ഠിതമായി യേശുക്രിസ്തുവിൽനിന്നാണു് അന്ത്യോക്യാ ക്രിസ്തുശാസ്ത്രം പണിതുയർത്തി മുകളിലേക്കു് കയറുന്നതു്. അലക്സാണ്ഡ്രിയയാകട്ടെ, 'വചന'മായ ദൈവത്തിൽ ആരംഭിച്ചു് താഴേക്കുവന്നു് ചരിത്രത്തിൽ പ്രവേശിക്കുന്നു. അലക്സാണ്ഡ്രിയ വചനമായ ദൈവത്തിനു് പ്രാധാന്യം കൊടുക്കുമ്പോൾ അന്ത്യോക്യാ, വചനം എപ്രകാരം മനുഷ്യരക്ഷ മനുഷ്യനിലൂടെ നിർവഹിക്കുന്നു എന്ന സംഗതി പ്രസ്പഷ്ടമാക്കുന്നു. അതായതു്, യേശുക്രിസ്തുവിന്റെ മാനുഷിക വശത്തിനു് പ്രാധാന്യം നൽകുന്നു. ദിയദോർ, തിയഡോർ, നെസ്തോറിയൂസ്, തിയഡൊറെറ്റ്, ജോൺ ക്രിസൊസ്തോം എന്നിവർ ഈ വിദ്യാപാഠശാലയിലെ പ്രഗത്ഭന്മാരാണു്. സീറോ–പലസ്തീനായിലെ എല്ലാ ചിന്തകരും അന്ത്യോക്യൻ ചിന്താസ്വാധീനത്തിൽ വരുന്നവരല്ല. എങ്കിലും ഈ പ്രദേശത്തുള്ളവരെപ്പറ്റി ഒന്നിച്ചു് ചർച്ച ചെയ്യുന്നു (ജി. ചേടിയത്തു്, സഭാചരിത്രം. 44).

www.malankaralibrary.com



## ചെസാറിയൻ വിദ്യാപാഠശാല

ക്രി. വ. 232—ൽ അലക്സാന്ത്രിയയിൽ നിന്ന് ഒരിജൻ പലസ്തീനയിലെ ചെസാറിയായിൽ വന്നു. അവിടെ അദ്ദേഹം തുടങ്ങിയ ദൈവശാസ്ത്രകലാലയം ഒരു വലിയ പഠനകേന്ദ്രമായി വളർന്നു. ഒരിജന്റെ കൃതികൾ വലിയൊരു ഗ്രന്ഥശേഖരത്തിന്റെ ആരംഭമിട്ടു. പ്രെസ്ബിറററായ പംഫീലസ് അതുവളർത്തി, വികസിപ്പിച്ചെടുത്തു. ഒരിജന്റെ പാരമ്പര്യങ്ങൾ ഇപ്രകാരം പലസ്തീനാപ്രദേശങ്ങളിലും വ്യാപിച്ചു. അത്ഭുതപ്രവർത്തകനായ ഗ്രിഗോറിയോസ്, ചെസാറിയായിലെ എവുസേബിയസ് എന്നിവർ ദൈവശാസ്ത്രപരിശീലനം നേടിയതു് ഇവിടെയാണ്. കപ്പദോചിയൻ പിതാക്കന്മാർക്ക് അലക്സാന്ത്രിയൻ ദൈവശാസ്ത്രത്തോട്ട് ആഭിമുഖ്യം ഉണ്ടാക്കാൻ ഈ കലാലയം വളരെ സഹായിച്ചു.

### 1. സാമൊസാട്ടയിലെ പൗലോസ് (മൂന്നാം നൂററാണ്ട്)

റോമൻ സാമ്രാജ്യത്തിലെ കൊമാഞ്ഞു് എന്ന സിറിയൻ പ്രോവിൻസിന്റെ തലസ്ഥാനമായ സാമൊസാട്ടയിലാണ് പൗലോസ് പിറന്നതു്. പിൽക്കാലത്ത് അദ്ദേഹം പൽമീറയിലെ രാജ്ഞി സെനോബിയയുടെ സെക്രട്ടറിയും ധനകാര്യമന്ത്രിയും (ducenarius)ആയിത്തീർന്നു. 260—ൽ അന്ത്യോക്യൻ മെത്രാനായശേഷം ക്രിസ്തുവിനെപ്പററി അബദ്ധസിദ്ധാന്തങ്ങൾ പഠിപ്പിക്കാൻ തുടങ്ങി. ക്രിസ്തു ഒരു സാധാരണ മനുഷ്യൻ മാത്രമാണെന്നും ദൈവം യേശുവിനെ ദത്തെടുത്ത് ദൈവപുത്രനാക്കിയെന്നും അദ്ദേഹം പഠിപ്പിച്ചു. 264 നും 268 നും ഇടയ്ക്കു് അന്ത്യോക്യയിൽ വച്ച് മൂന്നു സിനഡുകൾ കൂടുകയും 268_ൽ പൗലോസിനെ മുടക്കുകയും ചെയ്തു (എവു. സഭാ. 7:27.2).

### 2. അന്ത്യോക്യയിലെ മാൽക്കിയോൻ(മൂന്നാം നൂററാണ്ട്)

മാൽക്കിയോൻ എന്ന വൈദികൻ ഈ യോഗത്തിൽ സാരമായ പങ്കുവഹിച്ചു. 'ത്രിത്വം' മൂന്നു പേരുകളിൽ ഒതുങ്ങി നിൽക്കുന്നു 'ക്രിസ്തു ദത്തുപുത്രനാണ്'' എന്നിവ അബദ്ധാഭിപ്രായങ്ങളായി തള്ളപ്പെട്ടു. പൗലോസും മാൽക്കിയോനും തമ്മിൽ നടന്ന ചർച്ച കുറിപ്പെഴുത്തുകാർ കുറിച്ചിരുന്നു. അതു് ബൈസാൻസ്യത്തിലെ ലെയോൺസ്യസ്, ജസ്റ്റീനിയൻ ചക്രവർത്തി, ഡീക്കനായ പീററർ എന്നിവരുടെ രേഖകളിൽ കാണാം. സിനഡുകഴിഞ്ഞപ്പോൾ മെത്രാന്മാർക്കെല്ലാം അയച്ച ലേഖനത്തിന്റെ കർത്താവ് മാൽക്കിയോൻ ആണെന്നു് ജറോം സാക്ഷിക്കുന്നു. (മഹത്. 71)ഈ ചർച്ചയിൽനിന്നു എവുസേബിയസ് ഉദ്ധരിക്കുന്നു. കൂടുതലായി പൗലോസിന്റെ ധാർമിക ജീവിതത്തെയും സ്വഭാവ

www.malankaralibrary.com



ത്തെയും പരാമർശിക്കുന്ന ഭാഗങ്ങളാണ് എവുസേബിയസ് ഉദ്ധരിക്കുന്നത്. പിതാവും പുത്രനും തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ അപര്യാപ്തമാണ് എന്ന കാരണത്താൽ കൗൺസിൽ പിതാക്കന്മാർ 'സമസത്ത' (ഹോമോഉസിയോസ്) എന്ന പദം സ്പഷ്ടമായി തിരസ്കരിച്ചു എന്നു വി. ഹിലാരിലും (ദെ സിനോദിസ്, 81, 86) വി. ബേസിലും (ലേഖനം, 52) സാക്ഷിക്കുന്നു. പൗലോസ് ഏതർത്ഥത്തിലാണ് ഈ പദം ഉപയോഗിച്ചതെന്നു നമുക്കറിയില്ല. പിതാവും പുത്രനും തമ്മിലുള്ള വ്യക്തിപരമായ ബന്ധം നിഷേധിച്ചുകൊണ്ടുള്ള വ്യാഖ്യാനമാകാം കൊടുത്തതു് (സഭാചരിത്രം പേ. 43–44).

## 3. ലൂസിയൻ (+ 312)

സാമസോട്ടായിൽ ജനിച്ച ലൂസിയനെപ്പററി എവുസേബിയസ് പറയുന്നതു് ശ്രദ്ധാർഹമാണ്. 'ലൂസിയൻ എല്ലാവിധത്തിലും ശ്രേഷ്ഠവ്യക്തിയായിരുന്നു. അദ്ദേഹത്തിനു് നല്ലൊരു ജീവിതക്രമം ഉണ്ടായിരുന്നു; ദിവ്യവിജ്ഞാനീയത്തിൽ അദ്ദേഹം അഗാധപാണ്ഡിത്യം സമ്പാദിച്ചിരുന്നു; അന്ത്യോക്യൻ സഭയിലെ ഒരു വൈദികനായ അദ്ദേഹത്തെ ചക്രവർത്തി താൻ അപ്പോഠം പാർത്തിരുന്ന നിക്കൊമോദിയായിലേക്കു് കൊണ്ടുവന്നു. അദ്ദേഹം ചക്രവർത്തിയുടെ മുൻപാകെ താൻ പ്രസംഗിച്ചിരുന്ന വിശ്വാസ സത്യം വിശദീകരിക്കുകയും ന്യായീകരിക്കുകയും ചെയ്തു. ചക്രവർത്തി ഉടനെ അദ്ദേഹത്തെ ജയിലിൽ അടയ്ക്കുകയും കൊല്ലുകയും ചെയ്തു' (സഭാ. 9, 6, 3). ഇവിടെ പരാമർശിക്കപ്പെടുന്ന ചക്രവർത്തി മക്സിമിയൻ ഡയാ ആണു്.

ലൂസിയൻ ധാരാളം കൃതികൾ എഴുതിയിട്ടുണ്ടു്. ഹീബ്രു ഭാഷയിൽ അഗാധപാണ്ഡിത്യം ഉണ്ടായിരുന്ന ലൂസിയൻ ഗ്രീക്ക ബൈബിളിൽ കടന്നുകൂടിയ തെററുകൾ തിരുത്തി സിറിയ, ഏഷ്യാമൈനർ എന്നിവിടങ്ങളിലെ അനേകം സഭകൾ ലൂസിയൻെറ ഈ പതിപ്പു് ഉപയോഗിച്ചിരുന്നു എന്നു് ജറോം സാക്ഷിക്കുന്നു (റുഫീനസിനെതിരെ, 2, 27).

'വിശ്വാസം സംബന്ധിച്ചു്' ലൂസിയൻ ഒരു ചെറിയ കൃതി എഴുതിയെന്നു് ജറോം പറയുന്നു. (മഹത് 77). അന്ത്യോക്യൻ കലാലയം സ്ഥാപിച്ച ആളാണ് ലൂസിയൻ.

ക്രി. വ. 270 മുതൽ അദ്ദേഹം അവിടെ പഠിപ്പിച്ചിരുന്നു. ലൂസിയൻെറ ശിഷ്യന്മാരെപ്പററി ഫിലോസ്റ്റോർജിയൂസ് പറയുന്നുണ്ടു്: നിക്കോമേദിയായിലെ എവുസേബിയസ്, കൽക്കദോനിയായിലെ മാരീസ്, നിഖ്യായിലെ തെയോഗ്നിസ്,

www.malankaralibrary.com



അന്ത്യോക്യയിലെ ലെഓൻസ്യസ്, താർസോസിലെ അന്തോണിയോസ്, എഫേസോസിലെ മെനോഫാൻതെസ്, നമീന്യസ്, എവുഡോക്സിയൂസ്, അലക്സാണ്ഡർ, അസ്റ്റേരിയൂസ് ആദിയായവർ.

ആദിമസഭയിൽ വലിയ കോളിളക്കം സൃഷ്ടിച്ച ആരിയനിസം എന്ന അബദ്ധോപദേശത്തിൻെറ കർത്താവായ ആരിയൂസും ലൂസിയൻെറ ഒരു ശിഷ്യനായിരുന്നു.

ചിലർ ആരിയനിസത്തിൻെറ പിതാവായി ലൂസിയനെയാണ് കാണുന്നത്. താൻ ലൂസിയൻെറ ഒരു ശിഷ്യനാണെന്നതിൽ ആരിയൂസ് അഭിമാനിച്ചിരുന്നു. 'ലൂസിയനിസ്റ്റ്' എന്ന് സ്വയം വിളിക്കാനും അദ്ദേഹം താല്പര്യം കാണിച്ചു. സഹപാഠികൾ 'കൊള്ളൂഷ്യനിസ്റ്റ്' എന്നും അറിയപ്പെട്ടിരുന്നു (എപ്പിഫാനസ്, പാഷ. 69, 6). മുകളിൽ പേർ പറയപ്പെട്ട ശിഷ്യന്മാർ എല്ലാവരും ആരിയൻ ചിന്താഗതിക്കാരായിരുന്നു.

സാമസോട്ടയിലെ പൗലോസ് എന്ന അന്ത്യോക്യൻ മെത്രാൻെറ അബദ്ധോപദേശം വളർന്ന് വികസിച്ചതാണ് ആരിയനിസം എന്ന് ചിന്തിക്കുന്നവരുണ്ട്. പുത്രൻ പിതാവിനെക്കാൾ താണവനാണെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ അബദ്ധോപദേശത്തിൻെറ അടിസ്ഥാന തത്വം. യേശുക്രിസ്തു പരിപൂർണമായി ദൈവമാണ് എന്ന അടിസ്ഥാനതത്വത്തിൻെറ വേരറുക്കുന്നതായിരുന്നു ഈ ചിന്താരീതി.

ആര്യനിസത്തെ എതിർക്കുന്നതിനും സത്യവിശ്വാസം ആവർത്തിച്ചുറപ്പിക്കുന്നതിനുംവേണ്ടിയാണ് 325—ൽ നിഖ്യാ സൂനഹദോസ് കൂടിയത്.

## 4. ഡൊറോത്തേയൂസ് (നാലാം നൂററാണ്ട്)

ലൂസിയൻെറ ഒരു ശിഷ്യനായിരുന്ന ഡൊറോത്തേയൂസ് എന്ന് പറയുന്നവരുണ്ട്. അന്ത്യോക്യൻ സഭയിലെ ഒരു പട്ടക്കാരനായിരുന്നെന്ന് എവുസേബിയസ് സാക്ഷിക്കുന്നു (സഭാ. 7, 32, 2—4) ഹീബ്രുഭാഷ നന്നായി പഠിച്ച് ഹീബ്രുവിൽതന്നെ ദൈവവചനം ഗ്രഹിക്കുയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹത്തിൻെറ കൃതികളെ സംബന്ധിച്ച് എവുസേബിയസ് ഒന്നും പറയുന്നില്ല.

## 5. അന്ത്യോക്യയിലെ ഒസ്റ്റാത്യോസ്

നിഖ്യാസൂനഹദോസിൽ സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടവരിൽ ഒസ്റ്റാത്യോസ് (എവുസ്റ്റാത്യോസ്) മുൻപന്തി

www.malankaralibrary.com



യിൽ വരുന്നു. പംഫീലിയായിലെ സീദിൽ ജനിച്ച ഒസ്സ്താത്യോസ് സിറിയായിൽ ബേറോയായിൽ മെത്രാനായി ത്തീർന്നു. 323–ലോ 324 ലോ സിറിയൻ തലസ്ഥാനമായ അന്ത്യോക്യായിൽ മെത്രാനായി. നിഖ്യാസൂനഹദോസിൽ ആദ്യമായി സംസാരിച്ചതു് ഒസ്സ്താത്യോസ് ആണത്രേ. അതുപോലെ കോൺസ്റ്റൻൈറൻ ചക്രവർത്തി കൗൺസിൽ ഹാളിൽ പ്രവേശിച്ചപ്പോൾ സ്വാഗതപ്രസംഗം നടത്തി അദ്ദേഹത്തെ സ്വീകരിച്ചതും ഇദ്ദേഹമാണെന്നു് തിയഡൊറെററു് പറയുന്നു (സഭാ. 1, 7). 330 ൽ അന്ത്യോക്യയിൽ കൂടിയ ആരിയൻ സിനഡ് ഒസ്സ്താത്യോസിനെ സ്ഥാനഭ്രഷ്ടനാക്കി. 330–ൽ കോൺസ്റ്റൈൻറൈൻ തന്നെ അദ്ദേഹത്തെ ത്രേസിലെ ത്രാജാനൊപ്പൊലീസിലേക്കു് നാടുകടത്തി. 337–നു് മുൻപു് അവിടെവച്ചു മരിച്ചു.

## കൃതികൾ

'ആര്യൻ സിദ്ധാന്തത്തിനെതിരെ' ഒസ്സ്താത്യോസ് എഴുതിയ കൃതിയാണു് ഏററം പ്രധാനം എന്നു് ജറോം പറയുന്നു (മഹത്. 85). 'ആത്മാവിനെപ്പററി' (ദെ ആനിമ), ഒരിജെനെതിരെ നിരവധി കത്തുകൾ, എന്നിവയെപ്പററി ജറോം പ്രത്യേകം എടുത്തുപറയുന്നു (ലേഖ. 70. 4; 73, 2). ഒസ്സ്താത്യോസ് ഒരു നല്ല പ്രസംഗകനായിരുന്നു; വാക്കുകൾ തെരഞ്ഞെടുക്കുന്നതിലും അവതരിപ്പിക്കുന്നതിലും ഒസ്സ്താത്യോസ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിൻെറ ശൈലിക്കൊരു പ്രത്യേക മാധുര്യമുണ്ടായിരുന്നു (സൊസോമെൻ; സഭാ. 2. 19). അദ്ദേഹത്തിൻെറ മിക്ക കൃതികളും നമുക്കു് നഷ്ടപ്പെട്ടിരിക്കയാണു്. 'ഒരിജെനെതിരെ എൻഡോറിലെ പ്രശ്നക്കാരിയെക്കുറിച്ചു്' (1 രാജാ. 28) എന്ന കൃതി മാത്രമേ പൂർണമായി നമുക്കു കിട്ടിയിട്ടുള്ളു. ഈ വേദപുസ്തകഭാഗത്തിനു് ഒരിജൻ നൽകുന്ന വ്യാഖ്യാനം ഒസ്സ്താത്യോസ് ത്യജിക്കുന്നു. ഒരിജൻെറ രൂപകാർത്ഥപ്രതിപാദനരീതിതന്നെയും അദ്ദേഹം അസ്വീകാര്യമായി കരുതുന്നു. വേദപുസ്തകത്തെ അതിൻെറ ചരിത്രപശ്ചാത്തലത്തിൽ നിന്നെടുത്തു മാററിക്കളയുന്നതാണു് ഒരിജെൻെറ വ്യാഖ്യാനരീതിയെന്ന ധാരണയായിരുന്നു ഒസ്സ്താത്യോസിനുണ്ടായിരുന്നതു്. ആര്യൻ തർക്കങ്ങൾക്കുമുമ്പായിരിക്കാം അദ്ദേഹം ഇതെഴുതിയതു്.

മററുകൃതികളുടെ ശകലങ്ങൾ മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു 'ഡോഗ്മാററിക് ഫ്ളോറിലെജ്ജുകളിലൂടെ' ആണു് അവ കൈവന്നിരിക്കുന്നതു്. 'അദ്‌വേർസുസ് അരിയാനോസ്' (ആര്യർക്കെതിരെ) എന്ന പേരിൽ എട്ടു വാല്യങ്ങളിലായി എഴുതിയതാണു് ഒസ്സ്താത്യോസിൻെറ ഏററം പ്രധാനകൃതി. അലക്സാന്ത്രഡി

www.malankaralibrary.com



യായിലെ എവുളോഗിയസിൻെറ, 'വചനത്തിൻെറ മനുഷ്യാവതാരം സംബന്ധിച്ച് പിതാക്കന്മാരുടെ പ്രബോധനം' എന്ന കൃതിയിൽ ഈ കൃതിയുടെ ചില ഗ്രീക്ക് ശകലങ്ങളുണ്ട്. അതുപോലെ ഡമാസ്കസിലെ ജോണിൻെറ കൃതിയിലും ഗ്രീക്ക് ശകലങ്ങൾ കാണാം. ലത്തീനിൽ ഹെർമിയാനയിലെ ഫക്കൻഡുസിലും, പോപ്പ് ജലാസിയൂസിലും ചില ഭാഗങ്ങളുണ്ട്. 'ദെ ആനിമാ' എന്ന കൃതിക്ക് രണ്ടു ഭാഗങ്ങളുണ്ട്: ഒന്നാം ഭാഗം പ്ലറ്റോണിക് തത്വശാസ്ത്രത്തിലുള്ള അബദ്ധാഭിപ്രായങ്ങളുടെ ഖണ്ഡനമാണ്; രണ്ടാം ഭാഗം ആര്യൻ അബദ്ധങ്ങൾക്കെതിരെയും.

വചനം മനുഷ്യാത്മാവിനെ കൂടാതെ നേരിട്ട് ശരീരമെടുത്തു എന്ന ആര്യൻ ചിന്തയെ ഇതിൽ ഖണ്ഡിക്കുന്നു. ക്രിസ്തുവിൻെറ പൂർണദൈവത്വവും പൂർണമനുഷ്യത്വവും ഒസ്താത്യോസ് പഠിപ്പിച്ചിരുന്നു എന്ന് ലഭ്യമായ രേഖകൾ വ്യക്തമാക്കുന്നു.

സങ്കീർത്തനഭാഷ്യങ്ങളുടെ ചില ഭാഗങ്ങൾ, പ്രത്യേകിച്ച്, സങ്കീ. 15 ൻെറയും 92 ൻെറയും ഭാഗങ്ങൾ ക്രിസ്തുശാസ്ത്രം സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്നവയത്രേ. സാദൃശവാക്യം 8, 22ന്, ('തൻെറ സൃഷ്ടികൾക്കു മുമ്പ്, തൻെറ വഴികളുടെ ആരംഭത്തിൽ കർത്താവ് എന്നെ സൃഷ്ടിച്ചു' എന്ന ഭാഗത്തിന്) ഒസ്താത്യോസ് ഒരു ഭാഷ്യമെഴുതിയിട്ടുണ്ട്. തിയൊഡൊറെറ്റ് സഭാചരിത്രത്തിൽ ഇതിൽനിന്ന് ഉദ്ധരിക്കുന്നു.

ഒസ്താത്യോസിൻെറ കത്തുകൾ എല്ലാം നഷ്ടപ്പെട്ടു. ബെറോയായിലെ മെത്രാനായിരുന്ന അവസരം അലക്സാണ്ഡ്രിയായിലെ അലക്സാണ്ഡറിനയച്ച ഒരു കത്ത് കത്തേനകളിൽനിന്ന് പുനരുദ്ധരിച്ചിട്ടുണ്ട്. 'മൽക്കിസദേക്യർ' എന്ന കൂട്ടർക്കെതിരായി എഴുതിയതാണിത്. 'മൽക്കിസദേക്ക് ക്രിസ്തുവിനെക്കാൾ വലിയവനാണെന്ന്' ചിലർ പറഞ്ഞുനടന്നു; മററുചിലർ 'ക്രിസ്തുവും പരിശുദ്ധാത്മാവും ഒരാളാണ്' എന്നു പഠിപ്പിച്ചു. ഒസ്താത്യോസ് തൻെറ കത്തിൽ ഈ പ്രബോധനം തിരസ്കരിക്കുകയും ഖണ്ഡിക്കുകയും ചെയ്യുന്നു.

## ക്രിസ്തുശാസ്ത്രം

ക്രിസ്തുശാസ്ത്രം സംബന്ധിച്ച് സാമസോട്ടയിലെ പൗലോസിൻെറ പിൻഗാമിയാണ് ഒസ്താത്യോസ് എന്ന് ചിലർ കുററപ്പെടുത്തുന്നു. നെസ്തോറിയനിസത്തിൻെറ ആരംഭം ഒസ്താത്യോസിൽ ചിലർ കാണുന്നുണ്ട്. നമുക്കു കിട്ടിയിരിക്കുന്ന രേഖകളിൽനിന്ന് ആരോപണങ്ങൾ തെളിയിക്കാൻ സാധ്യമല്ല. മറിച്ച് ഈ ആരോപണങ്ങൾ ഖണ്ഡിക്കാൻ അവ സഹായകമാണ്. കലവറ കൂടാതെ മറിയത്തെ ദൈവമാതാവെന്ന് ഒസ്താ

www.malankaralibrary.com



ത്യോസ് വിളിക്കുന്നു. (രേഖാശകലം, 68). അന്ന് പരക്കെ പ്രചരിച്ചിരുന്ന അലക്സന്ത്രിയൻ 'വചന–മാംസ (ലോഗോസ്–സാർക്സ്) ക്രിസ്തുശാസ്ത്രത്തിന് സമാന്തരമായി 'വചന–മനുഷ്യൻ' (ലോഗോസ്–ആന്ത്രോപ്പോസ്) ക്രിസ്തുശാസ്ത്രം വികസിപ്പിച്ചെടുക്കാൻ ഒസ്താത്യോസിന്റെ ചിന്ത സഹായിച്ചു. 'വചനം മനുഷ്യാത്മാവിനെ കൂടാതെ നേരിട്ട് മനുഷ്യശരീരമെടുത്തു' എന്ന് ആര്യൻ ചിന്തകർക്ക് പറയാൻ അലക്സാണ്ഡ്രിയൻ ചിന്ത ഇടംകൊടുത്തു് എന്നായിരുന്നു ഒസ്താത്യോസിന്റെ വാദം. വചനവും ശരീരവും! മാററമെല്ലാം അവർ വചനത്തിലാരോപിച്ചു. അതിന്റെ അർത്ഥം വചനത്തിന്റെ ദൈവത്വം നിഷേധിക്കുക എന്നതായിരുന്നു. അതിനെതിരായിട്ടാണ് ഒസ്താത്യോസ് 'വചന–മനുഷ്യൻ' ക്രിസ്തുശാസ്ത്രം രൂപപ്പെടുത്തിയതു്. ക്രിസ്തുവിലുള്ള രണ്ടു സ്വഭാവങ്ങൾ തമ്മിൽ അന്തരം ഉണ്ടു്. ക്രിസ്തുവിന്റെ മാനുഷികവശത്തിന് കൂടുതൽ പ്രാധാന്യം നല്കുന്ന ക്രിസ്തുശാസ്ത്രം പടുത്തുയർത്താൻ ശ്രമിച്ചപ്പോളാണ് അദ്ദേഹം ഉണ്ടാക്കിയ ചില പദപ്രയോഗങ്ങൾ തെററുധരിക്കപ്പെട്ടതു്. അവയുടെ പശ്ചാത്തലത്തിൽ നിന്നടർത്തി മാററിയാൽ നെസ്തോറിയനിസ്സമോ ദത്തെടുക്കൽ വാദമോ ധ്വനിക്കും. എന്നാൽ ഒസ്താത്യോസ് എന്നും ഒരു സത്യവിശ്വാസിയായിരുന്നു. അതിനുവേണ്ടി നാടുകടത്തലും പീഡകളും സഹിച്ചു.

## 6. അന്ത്യോക്യയിലെ ഏത്സിയൂസ്'

ഒസ്താത്യോസ് നാടുകടത്തപ്പെട്ടശേഷം അന്ത്യോക്യ ആര്യനിസത്തിന്റെ ഒരു കേന്ദ്രമായിത്തീർന്നു. അന്ത്യോക്യയിലെ ആര്യൻ മെത്രാനായിരുന്ന ലെയോൺസ്യൂസ് (344–358) ഏത്സിയൂസിനെ ഡീക്കനാക്കി. 362–ൽ ഏത്സിയൂസ് മെത്രാനായി (ഫിലോസ്തോജിയൂസ്, സഭാചരിത്രം, 7. 6). വളരെ ഉപരിപ്ലവചിന്താരീതിക്കാരനായിരുന്നദ്ദേഹം. വേദപുസ്തകത്തിലോ പിതാക്കന്മാരുടെ വ്യാഖ്യാനങ്ങളിലോ വളരെയൊന്നും അറിവില്ലായിരുന്നു എന്ന് സൊക്രാട്ടസ് പറയുന്നു (സഭാചരിത്രം, 2, 35).

എപ്പിഫാനിയൂസ് ഏത്സിയൂസിന്റെ 'സിന്തഗ്മാസ്യോൻ' എന്ന ഒരു ചെറുകൃതി തന്റെ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ടു്.' (പാഷ. 76, 11). 'അനൊമൊയ്ഓസ്'' എന്ന ആര്യൻ പദത്തെ ന്യായീകരിക്കയാണ് ഈ കൃതിയിൽ ഏത്സിയൂസ് ചെയ്യുന്നതു്. പിതാവും പുത്രനും തമ്മിലുള്ള സത്താപരമായ വ്യത്യാസം സ്പഷ്ടമാക്കാനുള്ള ബദ്ധപ്പാടാണിതിൽ. 47 തീസിസുകളായിട്ടാണവ എഴുതിയിരിക്കുന്നതു്. തന്റെ 'സോഫിസം' പ്രകടമാക്കുന്ന നിരവധി ലേഖനങ്ങൾ ഏത്സിയൂസ് എഴുതിയിട്ടുണ്ടു്. അതിൽ

www.malankaralibrary.com



കോൺസ്റ്റൻടൈൻ ചക്രവർത്തിക്കെഴുതിയതും ഉൾപ്പെടുന്നു എന്ന് സൊക്രാട്ടസ് പറയുന്നു. (സഭാ. 2, 35). 'വചനത്തിന്റെ മനുഷ്യവതാരത്തെ സംബന്ധിച്ച് പിതാക്കന്മാരുടെ പ്രബോധനം' എന്ന സമാഹാരം ഉണ്ടാക്കിയയാൾ, മാസോൺ എന്നയാളിന് ഏസിയൂസ് അയച്ച കത്തിൽനിന്ന് അഞ്ച് വാചകങ്ങൾ ഉദ്ധരിക്കുന്നു.

## 7. സിസിക്കുസിലെ എവുണോമിയൂസ് (+ 394)

ഏസിയൂസിന്റെ ശിഷ്യനായിരുന്ന എവുണോമിയസ് കൃതികളിലൂടെ ആരിയനിസത്തെ ന്യായീകരിച്ചു. എന്നാൽ നെയോ–ആര്യനിസത്തിന്റെ നേതാവും ഉന്നതവക്താവുമായി. ഏസിയൂസിനെക്കാൾ പ്രാഗത്ഭ്യം നേടിയയാൾ എവുണോമിയസായിരുന്നു. അദ്ദേഹത്തിന്റെ ആദ്യകാല ജീവിതത്തെപ്പററി വളരെയൊന്നും നമുക്കറിവില്ല. അയാളുടെ പിതാവു് ഒരു കൃഷിക്കാരനായിരുന്നു എന്നാണ് നിസ്സായിലെ വി. ഗ്രിഗോറിയോസ് പറയുന്നതു്, 'ഇങ്ങനെയൊരു സന്തതിയുണ്ടായി എന്നതൊഴിച്ചാൽ ആ പിതാവു് വളരെ ഉത്തമനായിരുന്നു' എന്നാണ് അദ്ദേഹത്തിന്റെ പരാമർശനം (എവുണോമിയസിനെതിരെ, 1). ചുരുക്കെഴുത്ത് അഭ്യസിച്ച എവുണോമിയസ് ഏസിയൂസിന്റെ സെക്രട്ടറിയായിത്തീർന്നു. അങ്ങനെ അയാളുടെ സോഫിസ്റ്റിക് ചിന്താരീതികൾ വശമാക്കിയെന്ന് സൊക്രട്ടസ് പറയുന്നു (സഭാ. 4, 7).

അന്ത്യോക്യയിലെ എവുഡോക്സിയൂസ് അദ്ദേഹത്തെ ഒരു ഡീക്കനാക്കി ഉയർത്തി. 360–ൽ എവുഡോക്സിയൂസ് കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായപ്പോൾ എവുണോമിയസിനെ സിസിക്കുസിലെ മെത്രാനാക്കി. വാചകകസർത്തു കൊണ്ട് അദ്ദേഹം സിസിക്കുസിലുള്ളവരെ അമ്പരപ്പിച്ചുകളഞ്ഞു. അവസാനം സഹികെട്ട അവർ എവുണോമിയസിനെ അവിടെനിന്ന് ഓടിച്ചു. അയാൾ കോൺസ്റ്റാൻറിനോപ്പിളിലെത്തി, എവുഡോക്സിയൂസിന്റെ കൂടെ ഒരു സ്ഥാനികമെത്രാനായി കാലം കഴിച്ചുകൂട്ടി എന്ന് സൊക്രാട്ടസ് പറയുന്നു (സഭാ. 4. 7). ഏസിയൂസ് മരിച്ചപ്പോൾ എവുണോമിയസ് അനോമെയനിസം എന്ന ആര്യൻ വിഭാഗത്തിന്റെ നേതാവായി. ആ വിഭാഗം പിന്നീട് 'എവുണോമിയൻ' എന്നറിയപ്പെടുന്നു. കൽക്കദോനിലുള്ള തന്റെ എസ്റ്റേററിലേക്ക് പിൻവാങ്ങിയ എവുണോമിയസിനെ (ഫിലോസ്റ്റോർജിയസ്, സഭാ. 9. 4) 383 നുശേഷം തിയഡോഷ്യസ് ചക്രവർത്തി നാടുകടത്തി. മീസിയയിലെ ഹൽമീറിസിലും കപ്പദോച്ചിയായിലെ ചെസാറിയായിലും, ഡക്കോറയിലുമായി ജീവിച്ചു. 394–ൽ മരിച്ചു.

www.malankaralibrary.com



## കൃതികൾ

എവുണോമിയസ് ധാരാളം കൃതികളെഴുതി. ധാരാളമാളുകൾ പ്രസ്തുത കൃതികളെ എതിർത്ത് കൃതികളെഴുതിയിട്ടുണ്ട്. ദിദിമൂസ്, വി. ബേസിൽ, നിസ്സായിലെ വി. ഗ്രിഗോറിയോസ്, സൊഫ്രോണിയുസ്, ലവദീക്യയിലെ അപ്പൊള്ളിനാരിയുസ്, മൊപ്സുവെസ്ത്യായിലെ തിയഡോർ എന്നിവർ അവരിൽ പ്രധാനികളാണ്. ബസ്സേലിയോസിന്റെയും ഗ്രിഗോറിയോസിന്റേയും ഖണ്ഡന കൃതികളൊഴിച്ച് മറ്റുള്ളവയെല്ലാം നഷ്ടപ്പെട്ടുപോയി. എവുണോമിയസിന്റെ കൃതികൾ സൂക്ഷിക്കുന്നത് രാജ്യദ്രോഹകുറ്റമായി 398 മുതലുള്ള രാജകൽപനകൾ വിധിച്ചതിനാൽ മിക്ക കൃതികളും അഗ്നിക്കിരയായി.

### 1. ഒന്നാം അപ്പോളജി

ക്രി. വ. 361–ൽ പ്രസിദ്ധീകരിച്ച ഈ കൃതി നമുക്ക് കിട്ടിയിട്ടുണ്ട്. എവുണോമിയസിനെതിരെ ഗ്രന്ഥങ്ങൾ രചിക്കാൻ ബേസിലിനും, ഗ്രിഗറിക്കും, ദിദിമൂസിനും, അപ്പൊള്ളിനാരിയസിനും പ്രേരണ ലഭിച്ചതു് ഈ ചെറുകൃതിയിൽ നിന്നാണ്.

നെയോപ്ളറ്റോണിക്–അരിസ്റ്റോട്ടേലിയൻ ശൈലിയോടുകൂടി 'റാഷണലിസവും' 'നോമിനലിസവും' ചേരുമ്പോൾ അപ്പോളജിയുടെ തത്ത്വശാസ്ത്രമാകും. 'എവുണോമിയസിനു് ദൈവശാസ്ത്രം ടെക്നോളജിയാണ്' എന്നാണ് തിയഡൊറെറ്റിന്റെ കുറിപ്പ് (പാഷ. 4.3). 'ജനിച്ചവനല്ല' എന്നതാണ് ദൈവത്തിന നൽകാവുന്ന ഏകനാമം. 'ജനിക്കാതിരിക്കുക' എന്നതാണ് ദൈവീകസത്ത. പുത്രൻ ജനിച്ചവനാകയാൽ, അവന് പിതാവായ ദൈവത്തിൽ നിന്നു വ്യത്യസ്തമായൊരു സത്തയാണ് (anomoios). 'ജനിച്ചവനല്ല' എന്ന ആശയം ദൈവത്തെ എല്ലാ സൃഷ്ടികളിൽ നിന്നും വ്യത്യസ്തനായി കാണാൻ പ്രാപ്തി നൽകുന്നു. പുത്രൻ ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കപ്പെട്ടവനാണ്. പിതാവ് പുത്രനെ ആരംഭത്തിൽ തന്നെ ദൈവപുത്രനായി ദത്തെടുത്തു. ഇതാണ് എവുണോമിയസിന്റെ ദൈവദൂഷണം! ഇതു് ആരിയൂസിൽ നിന്നു് അൽപം വ്യത്യസ്തമാണ്. ആരിയൂസ് പറഞ്ഞതു്, സുകൃതജീവിതാനന്തരം പിതാവു് ക്രിസ്തുവിനെ ദൈവസുതനായി സ്വീകരിച്ചു എന്നത്രേ.

### 2. രണ്ടാം അപ്പോളജി

ആദ്യകൃതി പുറത്തു വന്ന ഉടൻതന്നെ പലരും ഇതിലെ ദൈവദൂഷണങ്ങളെ ഖണ്ഡിച്ച് കൃതികളെഴുതി. ഉടനെ രണ്ടാമതൊരപ്പോളജി എഴുതാൻ എവുണോമിയസ് ബദ്ധപ്പെട്ടു. 378–ൽ അതു

www.malankaralibrary.com



പുറത്തുവന്നു, കുറഞ്ഞപക്ഷം മൂന്നു പുസ്തകങ്ങളിലായിട്ടാണി തെഴുതിയതു്, ചിലപ്പോഴം അഞ്ചാകാം എന്നു കരുതുന്നവരുമുണ്ടു്. ഈ കൃതി നഷ്ടപ്പെട്ടുപോയി. എന്നാൽ വി. ഗ്രിഗറിയുടെ 'എവുണോമിയസിനെതിരെ' എന്ന കൃതിയിൽ ഇതിൽ നിന്നു നിരവധി ഉദ്ധരണികളുണ്ടു്. ഈ രണ്ടാം അപ്പോളജി ഒന്നും രണ്ടും ഗ്രന്ഥങ്ങൾ ബേസിലിന്റെ 'എവുണോമിയസിനെതിരെ' എന്ന ഒന്നാം കൃതിയെ ഖണ്ഡിക്കയാണു്. അവസാനത്തെ രണ്ടെണ്ണ ത്തെപ്പററി ഫിലോസ്റ്റോർജിയുസ് മാത്രം പറയുന്നു (സഭാ.8,12). മൂന്നാം പുസ്തകം ബേസിലിന്റെ രണ്ടാം കൃതിയുടെ ഖണ്ഡന മായിരിക്കാം. അവസാനത്തെ രണ്ടെണ്ണം ബേസിലിന്റെ മൂന്നാം പുസ്തകത്തിന്റെ ഖണ്ഡനവും. ഏതായാലും ഇതെഴുതാൻ എവു ണോമിയസ് പന്ത്രണ്ടു വർഷമെടുത്തു. ഈ കൃതി ഒന്നിച്ചു് പ്ര സിദ്ധീകരിച്ചോ എന്നു സംശയമാണു്. ഫോസിയസ് മൂന്നു കൃതികളെപ്പററിയെ പറയുന്നുള്ളു (ബിബ്ളി. കോഡ. 138).

## 3. വിശ്വാസപ്രഖ്യാപനം

ക്രി. വ. 383–ൽ എവുണോമിയസ് ഒരു വിശ്വാസ പ്രഖ്യാ പനം എഴുതി ചക്രവർത്തിയായ തെയഡോഷ്യസിനു് അയച്ചു കൊടുത്തു. നിസ്സായിലെ ഗ്രിഗറി തന്റെ ഖണ്ഡനങ്ങളിൽ ഇതിനെ അതിനിശിതമായി വിമർശിച്ചിട്ടുണ്ടു്.

## 4. റോമാക്കാർക്കുള്ള ലേഖനത്തിന്റെ ഭാഷ്യം

ഏഴു് ഗ്രന്ഥങ്ങളിലായി എഴുതിയെന്നു് സോക്രാട്ടസ് പറ യുന്നു (സഭാ. 4.7).

## 5. കത്തുകൾ

പലയാളുകൾക്കായി എഴുതപ്പെട്ട നാൽപതു് എവുണോ മിയൻ കത്തുകൾ ഫോസിയസ് വായിച്ചിട്ടുണ്ടു് എന്നു പറ യുന്നു (ബിബ്ളി. കോഡ. 138). എന്നാൽ അവയിൽ ഒന്നുമവ ശേഷിച്ചിട്ടില്ല.

എവുണോമിയസിന്റെ മറേറതു കൃതിയേക്കാളും ഫിലോ സ്റ്റോർജിയുസ് ഇഷ്ടപ്പെട്ടിരുന്നതു് ഈ കത്തുകളാണു് (സഭാ.10,6). എന്നാൽ ഫോസിയസ് അതിൽ വലിയ താൽപര്യം കാണിച്ചി ല്ല. 'ലേഖനമെഴുതാൻ എവുണോമിയസിനറിയില്ല. കാരണം, അ തിനുള്ള ശിക്ഷണം കിട്ടിയിട്ടില്ല' എന്നതാണു് ഫോസിയസി ന്റെ കുറിപ്പു്.

www.malankaralibrary.com



# അനുബന്ധം I

## അന്ത്യോക്യ

ഇന്നത്തെ ടർക്കിയിലെ അൻറാക്കിയയുടെ സ്ഥാനത്താണ് പ്രാചീന അന്ത്യോക്യാ നഗരം. പ്രാചീനകാലത്ത് അന്ത്യോക്യ എന്ന പേരിൽ പതിനാറ് പട്ടണങ്ങൾ അറിയപ്പെട്ടിരുന്നു. ഈ പട്ടണം ഡഫ്നെയിലെ അന്ത്യോക്യ എന്നു വിളിക്കപ്പെട്ടു. ഡഫ്നെ എന്ന പട്ടണത്തിൽ നിന്നു എട്ടു കിലോമീററർ മാത്രം അകലെ സ്ഥിതി ചെയ്യുതിനാലാണ് ഈ പേരു കിട്ടിയത്. 'വലിയ അന്ത്യോക്യ', 'മനോഹരമായ അന്ത്യോക്യ' 'സിറിയായിലെ ആഥൻസ്', 'തെവൂപ്പൊളീസ്' (ദൈവനഗരം) എന്നീ പേരുകളിൽ ഇതറിയപ്പെട്ടു. അഥേനാ, അർത്തേമിസ്, അപ്പൊള്ളോ എന്നിവരുടെ അമ്പലങ്ങൾ ഡഫ്നെയിലായിരുന്നു. അന്ത്യോക്യയും ഡഫ്നെയും തമ്മിൽ വലിയ രാജപാതകളാൽ ബന്ധിതമായിരുന്നു. അന്ത്യോക്യയിൽ നിന്നു 22 കിലോമീററർ ദൂരെ സ്ഥിതി ചെയ്തിരുന്ന സെലൂഷ്യയായിരുന്നു അന്ത്യോക്യയുടെ തുറമുഖം.

ക്രി. മു. 300—ൽ അലക്സാണ്ടറുടെ ഒരു സൈന്യാധിപനും പിൻഗാമിയുമായ സെലെവുക്കസ് (305—258) ഒറോന്തസ് നദീതീരത്ത് സ്ഥാപിച്ചതാണ് അന്ത്യോക്യാ പട്ടണം. കസിയോൻ, പിയേറിയ മലകൾക്കിടയിലുള്ള സമതലത്തിൽ സിൽപിയോസ് മലയുടെ വശത്താണ് ഈ നഗരം. സെലൂസിഡ് ഭരണത്തിനുമുമ്പ് ഹിത്യർ, അസ്സീറിയർ, ബാബിലോണിയർ, ഈജിപ്തുകാർ, പേർഷ്യാക്കാർ, കർട്ടികൾ തുടങ്ങിയവർ ഈ സ്ഥലത്തു പാർത്തിരുന്നു. സിറിയായുടെ തലസ്ഥാനമായി സെലൂസിഡ് ഭരണാധികാരികൾ അന്ത്യോക്യ തിരഞ്ഞെടുത്തു. സിറിയാ, ഏഷ്യാമൈനർ, പേർഷ്യാ, സൂസിയാന, ബാബിലോണിയാ, അസ്സീറിയാ, ഇൻഡ്യാ, ബാക്ട്രിയ ആദിയായ ഭൂവിഭാഗങ്ങൾ സെലൂസിഡ് ഭരണത്തിൽ കീഴിൽ ഉൾപ്പെട്ടിരുന്നു. ഗ്രീക്കുകാർ, സിറിയാക്കാർ, യഹൂദന്മാർ, പ്രാചീന താമസക്കാരായ ആളുകൾ, എന്നു തുടങ്ങി ഒരു സങ്കരസമൂഹം അന്ത്യോക്യയിൽ ഉണ്ടായിരുന്നു. ആഥൻസിൽ നിന്നുള്ള നിരവധിയാളുകളുടെ സാന്നിദ്ധ്യം നിമിത്തം 'സിറിയായിലെ ആഥൻസ്', എന്നു് ഈ നഗരം അറിയപ്പെട്ടു.

ആദ്യമാദ്യം നദീതീരത്ത് നീളത്തിലായിരുന്നു നഗരം. പിന്നീട് സ്ഥലവാസികളായ ആളുകൾ താമസിക്കുന്നിടം ഇതോടു ചേർക്കപ്പെട്ടു. സെലെവുക്കസ് II (246—226) മൂന്നാമതൊന്നു് ഇതോടു ചേർത്തു. നെയാപ്പോലീസ് എന്നു് ഈ ഭാഗം അറിയപ്പെട്ടു.

www.malankaralibrary.com



അന്ത്യോക്കസ് എപ്പിഫാനസ് (175–163) എപ്പിഫാനിയ എന്ന് നാലാമതൊരു ഭാഗം ഇതോടു ചേർത്തു. ഈ നാലു് ഭാഗത്തിനും പ്രത്യേകം കോട്ടകൊത്തളങ്ങളുണ്ടായിരുന്നു. നാലു് നഗരങ്ങളായി ഇതു് കാണപ്പെട്ടു. സ്ട്രാബോ ഇതിനെ ടെട്രാപ്പൊളീസ് എന്നു വിളിച്ചു. റോമും അലക്സാണ്ഡ്രിയായും കഴിഞ്ഞാൽ ലോകത്തിലെ ഏററം പ്രശസ്ത നഗരമായി ഇതു് കരുതപ്പെട്ടു. അഞ്ചുലക്ഷം ആളുകൾ അന്നു് അവിടെ പാർത്തിരുന്നു. സെലൂസിഡ് രാജാക്കന്മാർ വിവിധ രീതികളിൽ ഇതിനെ മോടിപിടിപ്പിച്ചു.

കിഴക്കും പടിഞ്ഞാറുമുള്ള കച്ചവടത്തിന്റെ കേന്ദ്രമായി അന്ത്യോക്യ വളർന്നു; ധനസമൃദ്ധിയിലും കീർത്തിയിലും ഉയർന്നുയർന്നുവന്നു. അപ്പോളോ ആയിരുന്നു അവിടുത്തെ പ്രധാന ദേവൻ.

ക്രി. മു. 64—ൽ പോംപെ ഈ നഗരം കീഴടക്കി, റോമിന്റെ അധീനതയിൽ കൊണ്ടുവന്നു. നഗരത്തെ കൂടുതൽ മോടിപിടിപ്പിക്കാൻ റോമാക്കാരും വലിയ താത്പര്യം കാണിച്ചു. ക്രി. മു. 48—ൽ ഫർസാലായിൽവച്ചു് ജൂലിയസ്സീസർ പോംപെയെ തോല്പിച്ചു. 47 മെയ് 20 ന് അന്ത്യോക്യയിലെ തിയേററിൽവച്ചു് ജൂലിയസ് ഏകാധിപതിയായി പ്രഖ്യാപിക്കപ്പെട്ടു. റോമൻ സാമ്രാജ്യത്തിന്റെ പൗരസ്ത്യ തലസ്ഥാനമായി അന്ത്യോക്യ പ്രഖ്യാപിക്കപ്പെട്ടു. പ്രത്യേകാവകാശങ്ങളും, അധികാരങ്ങളും കല്പിച്ചു. അന്ത്യോക്യ ഒരു 'സ്വതന്ത്രനഗര'മായിത്തീർന്നു. സ്വന്ത നാണയവും ബഹുമാന്യ സ്ഥാനവും ലഭിച്ചു. സീസർ അന്ത്യോക്യയെ മോടിപിടിപ്പിക്കുന്നതിൽ പ്രത്യേക താത്പര്യം കാണിച്ചു. മാർക്കാൻറണിയും ക്ലെയോപാട്രയും അതിനുശേഷം ഒക്ടേവിയനും അന്ത്യോക്യയിൽ വലിയ ആഘോഷപരിപാടികൾ സംഘടിപ്പിച്ചു.

ക്രി. വ. 37—ൽ കലിഗുളയുടെ കാലത്തുണ്ടായ ഭൂകമ്പം ഭാഗികമായി നഗരത്തിൽ നാശനഷ്ടങ്ങളുണ്ടാക്കി. ട്രാജന്റെ കാലത്തു് 115—ൽ മറെറാരു ഭൂകമ്പം നഗരത്തെ പിടിച്ചുകുലുക്കി. ട്രാജൻ തദവസരം അന്ത്യോക്യയിലായിരുന്നു. ഈ രണ്ടു ചക്രവർത്തിമാരും നഗരത്തെ പുനരുദ്ധരിക്കാൻ വേണ്ടതെല്ലാം ചെയ്തു.

അന്ത്യോക്യയിൽ എല്ലാത്തരം ദേവന്മാരുടെയും ആരാധനയുണ്ടായിരുന്നു. സിറിയായിലെ എഴുപതുലക്ഷം ജനങ്ങളിൽ 10 ലക്ഷം യഹൂദന്മാരായിരുന്നു. അന്ത്യോക്യയിൽ കെരാതെയ്യോൻ എന്ന ഭാഗത്തു് പ്രധാനമായി അവർ പാർത്തിരുന്നു. നിരവധി സിനഗോഗുകൾ അവിടെ അവർക്കുണ്ടായിരുന്നു. ക്രിസ്തുമതപ്രചരണത്തിന് ഈ സിനഗോഗുകൾ വളരെ സഹായിച്ചു.

www.malankaralibrary.com



കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ കാലം മുതൽ (+337) ബൈസൻറയിൻകാർ അന്ത്യോക്യയിൽ പ്രത്യേകം താത്പാര്യം കാണിച്ചു.

ക്രി. വ. 526–ൽ ഉണ്ടായ ഭൂകമ്പത്തിൽ രണ്ടരലക്ഷം പേർ മരണമടഞ്ഞു. 528–ൽ മറെറാരു ഭൂകമ്പമുണ്ടായി. 540 ഖുസ്രോ I എന്ന പേർഷ്യൻ രാജാവ് നഗരം കീഴടക്കി, നിരവധിയാളുകളെ പേർഷ്യയിലേക്ക് അടിമകളായി കൊണ്ടുപോയി. ജസ്റ്റീനിയൻ നഗരം തിരികെ പിടിച്ച്, മോടിപിടിപ്പിച്ചു; അററകുററപ്പണികൾ തീർത്ത് 'ദൈവനഗരം' എന്നർത്ഥമുള്ള 'തെവുപ്പോളീസ്' എന്നു പേരിട്ടു. 638–ൽ അറബികൾ സിറിയായും അന്ത്യോക്യയും കീഴടക്കി. പിന്നൊരിക്കലും അന്ത്യോക്യ ഔന്നത്യത്തിലേക്കുയർന്നിട്ടില്ല. ഗ്രീക്കിനും സുറിയാനിക്കും പകരം അറബിഭാഷ പ്രാബല്യത്തിൽവന്നു. നിരവധിയാളുകൾ സ്ഥലം വിട്ടുപോകുകയോ മുസ്ളീമായിത്തീരുകയോ ചെയ്തു. 969–ൽ നിസെഫൊറൂസ് II ഫോകാസ് മുസ്ളീങ്ങളിൽനിന്ന് അന്ത്യോക്യയെ സ്വതന്ത്രയാക്കി. എന്നാൽ 1098–ൽ സെല്യൂക്ക് തുർക്കികൾ വീണ്ടും അതു് കൈവശപ്പെടുത്തി. 1098–ൽ കുരിശുയുദ്ധക്കാർ അന്ത്യോക്യയും ചുററുമുള്ള പ്രദേശങ്ങളും കീഴടക്കി. ഒരു നാട്ടുരാജ്യം സ്ഥാപിച്ചു. മമ്ലൂക് തുർക്കികൾ കുരിശുയുദ്ധക്കാരിൽനിന്ന് അതു് തിരികെ പിടിക്കയും ദീർഘകാലം (1268–1517) ഭരിക്കയും ചെയ്തു. അവിടുത്തെ നിരവധി ജനങ്ങളെ ഈ തുർക്കികൾ കൊന്നുകളഞ്ഞു.

സലിം I എന്ന സുൽത്താൻ 1517–ൽ അന്ത്യോക്യയെ ഓട്ടോമൻ സാമ്രാജ്യത്തിൽ ഉൾപ്പെടുത്തി. 1831–ൽ മഹമ്മദ് ആലി പാഷാ എന്ന ഈജിപ്ഷ്യൻ ഗവർണർ അന്ത്യോക്യാ കീഴ്പ്പെടുത്തി എങ്കിലും 1840–ൽ ഒട്ടോമൻ തുർക്കികൾക്കുതന്നെ തിരികെ കൊടുക്കാൻ നിർബന്ധിതനായി. അന്ന് 5000 ആയിരുന്നു അന്ത്യോക്യയിലെ ജനസംഖ്യ. ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ അതു് 25,000 ആയിത്തീർന്നു. അതിൽ 8000 അറബികളുണ്ടായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഫ്രഞ്ചുകാരുടെ അധീനതയിലുള്ള സിറിയായിൽ ഉൾപ്പെട്ടു. 1939–ൽ അന്ത്യോക്യ ടർക്കിയുമായി ചേർക്കപ്പെട്ടു. ഹതായ് എന്ന പ്രോവിൻസിൻെറ തലസ്ഥാനമായി. നഗരം പുതുക്കി പണിയാൻ ടർക്കികൾ പദ്ധതികൾ ആവിഷ്കരിച്ചു. 1970–ൽ 60,000 ജനങ്ങൾ ഉള്ളതിൽ 4000 പേർ ക്രിസ്ത്യാനികളായിരുന്നു.

മെഡിററേനിയൻ കടലിൽ നിന്നുള്ള കുളിർകാററും മലകളുടെ ഇടയ്ക്കുള്ള സ്ഥാനവും നദീതീരത്തായതുകൊണ്ടും വളരെ സുഖപ്രദമായ കാലാവസ്ഥയാണ് അന്ത്യോക്യയിൽ. കൃഷിയും ചെ-

www.malankaralibrary.com



റിയതോതിൽ വ്യവസായവും അവിടെ വികസിച്ചിരുന്നു. നിരവധി പുരാവസ്തുക്കളുടെ സമാഹാരമുള്ള ഒരു കാഴ്ചബംഗ്ളാവ് അന്ത്യോക്യയിലുണ്ട് (ജി. ചേടിയത്ത്, സഭാചരിത്രം പേജ് 37 മുതൽ കാണുക; Vasil Istaurides, Antioch: The Church by the Orontes; in Orthodox Theology and Diakonia, (ed) D. J. Constantelos. Brookline (Mass.), 1981, P. 261–271).

അനുബന്ധം 2

## സത്യവിശ്വാസസംബന്ധമായ സംവാദം

'ദെ റെക്ത ഇൻ ദെവും ഫീദെ' (പെരി തേസ് എയ്സ് തെയോൻ ഓർത്തേസ് പിസ്തെയോസ്) എന്നൊരു കൃതി ഗ്രീക്കമൂലത്തിലും റുഫീനസിന്റെ (+ 410) ലത്തീൻ വിവർത്തനത്തിലും കൈവന്നിട്ടുണ്ട്. ഗ്രന്ഥകർത്താവ് ആരാണെന്ന് നിശ്ചയമില്ല. മെത്തോഡിയസിന്റെ (+ 311) സമകാലീനനായ ഒരെഴുത്തുകാരനാണെന്ന് കരുതപ്പെടുന്നു. ഒരിജനാണ് (+253) ഇതിന്റെ കർത്താവ് എന്ന് ചിന്തിക്കുന്നവരുണ്ടായിരുന്നു. ഗ്രീക്ക് കൈയെഴുത്തുപ്രതികളും റുഫീനസും അദ്ദേഹത്തിന്റെ പേരെടുത്തുപറയുന്നുണ്ട്. എന്നാൽ ഒരിജന്റെ എതിരാളികളാരോ എഴുതിയതാണിത് എന്ന് ഉള്ളടക്കം സൂചിപ്പിക്കുന്നു. മെത്തോഡിയസിന്റെ കൃതികളായ 'സ്വതന്ത്ര മനസ്സ്', 'ഉയിർപ്പിനെപ്പറ്റി' എന്നീ കൃതികൾ ഗ്രന്ഥകർത്താവ് ഉപയോഗിച്ചിട്ടുണ്ട്. മാർസിയൻ, ബർദൈസാൻ, വലൻറീനസ് എന്നിവരുടെ അബദ്ധസിദ്ധാന്തങ്ങളെ കൃതി എതിർക്കുന്നു. മെത്തോഡിയസിനെ ആശ്രയിച്ച് എഴുതിയതാണെങ്കിൽ, മുന്നൂറാമാണ്ടിനുശേഷം പ്രസിദ്ധീകൃതമായിരിക്കും. സിറിയായിൽവച്ച് വിരചിതമായി. സംവാദത്തിൽ, സത്യവിശ്വാസത്തിനുവേണ്ടി വാദിക്കുന്നയാളിന്റെ പേര് അഡമാൻസ്യൂസ് എന്നാണ്. ഒരിജനും ഈ പേരുണ്ടായിരുന്നതിനാലാകാം ഇത് ഒരിജന്റെ കൃതിയാണെന്ന് ചിലർ ധരിച്ചത്. 'യഹൂദർക്കും ക്രിസ്ത്യാനികൾക്കുമായി രണ്ടു വ്യത്യസ്ത ദൈവങ്ങളുണ്ട്; ഗ്നോസ്റ്റിക് സുവിശേഷം മാത്രമാണ് ശരിയായിട്ടുള്ളത്' എന്നു തുടങ്ങുന്ന അബദ്ധോപദേശങ്ങളെ ആദ്യഭാഗം ഖണ്ഡിക്കുന്നു. 'മനുഷ്യാവതാരത്തിൽ വചനം മനുഷ്യശരീരം എടുത്തില്ല; ഉത്ഥാനത്തിൽ ശരീരത്തിനു ഭാഗഭാഗിത്വമില്ല' എന്നു തുടങ്ങിയ അഭിപ്രായങ്ങളെ രണ്ടാം ഭാഗം ഖണ്ഡിക്കുന്നു. ബർദൈസാനും അനുയായിയായ മരീനൂസും ഇത്തരം ആശയങ്ങൾ വച്ചുപുലർത്തിയിരുന്നു. അവസാനം, മധ്യസ്ഥനായി വർത്തിച്ച എവുത്രോപിയൂസ് എന്നയാൾ അഡമാൻസ്യൂസിന്റെ വാദഗതികൾ അംഗീകരിക്കുന്നു. ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും നല്ല പരിശീലനം ലഭിച്ചയാളാണ് ഗ്രന്ഥകാരൻ എന്ന് കൃതിയിൽനിന്ന് വ്യക്തമാണ്.

www.malankaralibrary.com

അധ്യായം 9

# ചെസറിയായിലെ എവുസേബിയസ്

സഭാചരിത്രപിതാവെന്നറിയപ്പെടുന്ന എവുസേബിയസിനോടുകൂടി പട്രിസ്റ്റിക് സാഹിത്യത്തിൻെറ സുവർണകാലമാരംഭിച്ചെന്നു പറയാം. പലസ്തീനായിലെ ചെസാറിയാ രൂപതയുടെ മെത്രാനായിരുന്ന എവുസേബിയസ് പംഫീലി. ഭൂതകാല സംഭവങ്ങളിലും കാര്യങ്ങളിലും എവുസേബിയസിനു് വളരെയധികം താൽപര്യം ഉണ്ടായിരുന്നു; അതുപോലെ വർത്തമാനകാലത്തിനു രൂപം നൽകുന്നതിൽ സജീവമായി അദ്ദേഹം പങ്കെടുത്തു. ഒരു ചരിത്രകാരനും അതേ സമയം ഒരു താർക്കികനുമാണു് അദ്ദേഹം. തൻെറ കാലത്തുണ്ടായ സഭാപരമായ പ്രശ്നങ്ങളിൽ തലയെടുപ്പുള്ള ഒരു നേതാവായിത്തന്നെ എവുസേബിയസ് ഇടപെട്ടു. വിശ്വാസ സംരക്ഷകരിൽ അവസാനത്തെ ആളായും ആദ്യത്തെ ദിനവൃത്താന്തകനായും (Chronicler) ആദ്യത്തെ റിക്കാർഡു സൂക്ഷിപ്പുകാരനായും (Archivist) എവുസേബിയസിനെ കണക്കാക്കാം. തൻെറ കാലത്തു് ചുററുമുള്ള ലോകത്തുണ്ടായിക്കൊണ്ടിരുന്ന വലിയ മാററങ്ങളുടെ പ്രതിധ്വനികരം മററാരേക്കാളും കൂടുതൽ എവുസേബിയസിൽ ദൃശ്യമാണു്. ഒന്നാമത്തെ ക്രൈസ്തവരാജാവിനെ കാണാൻ ഭാഗ്യമുണ്ടായ തലമുറയുടെ പ്രതിനിധിയുമാണദ്ദേഹം.

ചെസറിയായിൽ 263—ൽ എവുസേബിയസു് പിറന്നു; അവിടെത്തന്നെ പഠിച്ചു; അവിടെത്തന്നെ മെത്രാനായി; സാഹിത്യകൃതികരം എല്ലാം തന്നെ അവിടെ വച്ചു് എഴുതി. ഒരിജെൻ തുടങ്ങിയ വിദ്യാപാഠശാലയും ഗ്രന്ഥശാലയും വളർത്തിയെടുത്തതു് പംഫീല്യസാണു്. എവുസേബിയസിനെ ശാസ്ത്രപഠനങ്ങളിലേക്കു് നയിച്ചതും പരിശീലിപ്പിച്ചതുമെല്ലാം അദ്ദേഹം തന്നെ. ഗുരുവിനോടുള്ള ബഹുമാനാർത്ഥം പംഫീല്യസിൻെറ ആത്മിക സന്താനമെന്നർത്ഥത്തിൽ 'എവുസേബിയസു് പംഫീലി' എന്നു് സ്വയം വിളിക്കുന്നതിൽ അദ്ദേഹം അഭിമാനിച്ചു. പംഫീല്യസിൻെറ ഒരു ജീവചരിത്രമെഴുതി അദ്ദേഹത്തെ ബഹുമാനിക്കുവാനും എവു

www.malankaralibrary.com



സേബിയസ് മറന്നില്ല. 310 ഫെബ്രുവരി 6 ന് അതായത്, ഡയക്ലീഷൻെറ മതപീഡനത്തിൻെറ ഏഴാം വർഷം പംഫീലൂസ് രക്തസാക്ഷിയായി. എവുസേബിയസ് ആദ്യം ടയറിലേക്കും, പിന്നെ ഈജിപ്ഷ്യൻ മരുഭൂമിയിൽ (തേബായ്ഡിൽ) സന്യാസികളുടെ ഇടയിലേക്കും ഓടിപ്പോയി എന്നാൽ അവിടെ വച്ച് പിടിക്കപ്പെട്ട്, തടവിലാക്കപ്പെട്ടു.

313–ൽ കോൺസ്റ്റൻറൈൻ സഭയ്ക്ക് സ്വാതന്ത്ര്യം അനുവദിച്ച വർഷം തന്നെ, എവുസേബിയസ് ചെസറിയാ മെത്രാനായി ഉയർത്തപ്പെട്ടു. ഒരു മെത്രാനെന്ന നിലയിൽ അക്കാലത്തുടലെടുത്ത ആരിയൻ തർക്കങ്ങളിൽ എവുസേബിയസും ഇടപെട്ടു. തത്വം ബലികഴിക്കാതെ ഇരുകൂട്ടരെയും രഞ്ജിപ്പിക്കാൻ തനിക്കു കഴിഞ്ഞേക്കുമെന്നായിരുന്നു എവുസേബിയസ് കരുതിയത്. ചെസറിയായിൽ കൂടിയ ഒരു സിനഡിൽ ആരിയൂസിൻെറ വിശ്വാസം സത്യമായിട്ടുള്ളതാണെന്ന് അവിടെ കൂടിയവർ വിധിച്ചു. അതിൽ എവുസേബിയസിന് വലിയ സ്വാധീനം ഉണ്ടെന്ന് കരുതപ്പെടുന്നു. എന്നാൽ അലക്സാന്ത്രിയൻ മെത്രാന് കീഴ്പ്പെടണമെന്ന് പ്രസ്തുത സിനഡ് ആരിയൂസിനോടാവശ്യപ്പെട്ടു.

ആരിയൻ പ്രബോധനങ്ങൾക്കെതിരായ ഒരു ഫോർമുല സ്വീകരിക്കാൻ വിസമ്മതിച്ച ആ ചെസറിയൻ മെത്രാനെ ഒരു അന്ത്യോക്യൻ സിനഡ് സഭാഭ്രഷ്ടനാക്കി. 325–ലെ നിഖ്യാ സൂനഹദോസിലും ഐക്യം സ്ഥാപിക്കുന്ന ആളായിട്ടാണ് എവുസേബിയസ് നിലകൊണ്ടത്. 'വേദപുസ്തകത്തിൽ പറയുന്ന പദപ്രയോഗങ്ങൾ അംഗീകരിച്ചുകൊണ്ട് യേശുക്രിസ്തുവിൻെറ ദൈവത്വം അംഗീകരിക്കുക; 'ഹോമോഉസിയോസ്' (സമസത്ത) എന്ന അത്തനാസ്യൻ പദം സബെല്ലിയനിസത്തിൻെറ ചുവയുള്ളതിനാൽ ഉപേക്ഷിക്കുക' എന്നതായിരുന്നു എവുസേബിയസിൻെറ നിലപാട്.

അവസാനം നിഖ്യാസൂനഹദോസിലെ ഫോർമുലയിൽ എവുസേബിയസും ഒപ്പുവച്ചു. ചക്രവർത്തിയുടെ ഹിതം മാനിക്കാനായിട്ടാണ് ഈ ബാഹ്യകർമ്മം നടത്തിയതെന്ന് പറയപ്പെടുന്നു. ആന്തരികമായി അദ്ദേഹത്തിന് ഈ ഫോർമുല സ്വീകരിക്കാൻ ഇഷ്ടമില്ലായിരുന്നത്രേ!

ക്രി. വ. 330–ൽ എവുസേബിയസ് നിക്കൊമേദിയായിലെ എവുസേബിയസിനോട് കൂടിച്ചേർന്ന് അന്ത്യോക്യയിൽ വന്നൊരു സിനഡുകൂടി. സ്ഥലത്തെ മെത്രാനായ ഒസ്താത്യോസിനെ സ്ഥാനഭ്രഷ്ടനാക്കി. 335–ൽ ടയറിലെ സിനഡിൽ വച്ച് അത്തനാസ്യോസിനെയും സഭാഭ്രഷ്ടനാക്കി. ഇതിനു പുറമേ അൻ

www.malankaralibrary.com



സിറിയിലെ മർസെല്ലസിനെതിരായി രണ്ടു കൃതികളെഴുതി; ഒരു വർഷം കഴിഞ്ഞു മർസെല്ലസിൻെറയും സിംഹാസനം നഷ്ടപ്പെടുത്തി.

രക്തരൂക്ഷിതമായ മതപീഡനത്തിനന്ത്യം കുറിച്ച ചക്രവർത്തിയോട്ട് (കോൺസ്റ്റൻൈറൻ) എവുസേബിയസിന് അവാച്യമായ മതിപ്പായിരുന്നു. ചക്രവർത്തിയും എവുസേബിയസിനെ വളരെ മതിപ്പോടുകൂടി കരുതുകയും ബഹുമാനിക്കുകയും ചെയ്തു. ചക്രവർത്തിയുടെ ഭരണത്തിൻെറ ഇരുപതാം വാർഷികത്തിലും മുപ്പതാം വാർഷികത്തിലും ആശംസാപ്രസംഗം നടത്തിയതു് എവുസേബിയസാണ്. 337–മെയ് 22 ന് കോൺസ്റ്റൻൈറൻ മരിച്ചപ്പോൾ എവുസേബിയസ് വളരെ ദീർഘമായ ഒരു പ്രസംഗം അദ്ദേഹത്തിൻെറ ഓർമ്മയ്ക്കായി നടത്തുകയുണ്ടായി. കോൺസ്റ്റൻൈറൻെറ ഒരു വലിയ ദൈവശാസ്ത്രോപദേശകൻ കൂടിയായിരുന്നിദ്ദേഹം.

## കൃതികൾ

ഒരിജൻ കഴിഞ്ഞാൽ ഗവേഷണത്തിലും പാണ്ഡിത്യത്തിലും ഗ്രീക്ക പിതാക്കന്മാരിൽ മുൻപന്തിയിൽ നിൽക്കുന്നതു് എവുസേബിയസത്രേ. തളർച്ചയും ക്ഷീണവും എന്തെന്നറിയാഞ്ഞ ഒരെഴുത്തുകാരനായിരുന്നദ്ദേഹം. വളരെ പ്രായം ചെല്ലുന്നതുവരെയും എഴുതിക്കൊണ്ടിരുന്നു. ഇന്നു സമൂലം നഷ്ടപ്പെട്ടുപോയ അനേക കൃതികളിൽ നിന്നുള്ള വിജ്ഞാനമെല്ലാം എവുസേബിയസ് തൻെറ കൃതികളിൽ സമാഹരിച്ചിട്ടുണ്ട്. വേദപുസ്തകത്തിലും, ചരിത്രത്തിലും പ്രാചീന സാഹിത്യത്തിലും, തത്ത്വശാസ്ത്രത്തിലും, ഭൂമിശാസ്ത്രത്തിലും, സാങ്കേതിക കാലഗണനത്തിലും, വ്യാഖ്യാനശാസ്ത്രത്തിലും, ശബ്ദശാസ്ത്രത്തിലും, പുരാവസ്തുശാസ്ത്രത്തിലും അദ്ദേഹം അഗാധപണ്ഡിതനായിരുന്നു.

പക്ഷേ, സാഹിത്യ ഗുണം കൃതികളിൽ കുറവാണ് എന്നൊരാരോപണം ഉണ്ട്. 'അഗാധ പണ്ഡിതനാണെങ്കിലും സ്വീകാര്യമോ ഉന്നതമോ അല്ല അദ്ദേഹത്തിൻെറ ശൈലി'യെന്നു് ഫോസിയസ് കുറിച്ചിരിക്കുന്നു. ഒരു വലിയ വിശ്വാസസംരക്ഷകനായിരുന്നെങ്കിലും ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ വളരെ ഉയർന്ന നിലയിലല്ല എവുസേബിയസിൻെറ സ്ഥാനം. അതുപോലെ ആരിയനിസത്തിൻെറ ചുവ ചില കൃതികളിൽ ദൃശ്യമത്രേ. എവുസേബിയസ് അമർത്യനായി നിലനിൽക്കുന്നതു് ചരിത്രകൃതികൾ വഴിയത്രേ. കൃതികളെ ഏഴായി തിരിക്കാം.

www.malankaralibrary.com



1. ചരിത്രകൃതികൾ
2. കോൺസ്റ്റന്റൈനുള്ള ആശംസാപ്രസംഗം
3. അപ്പോളജെററിക്കൽ കൃതികൾ
4. വേദപുസ്തകഭാഷ്യകൃതികൾ
5. താത്ത്വികകൃതികൾ
6. പ്രസംഗങ്ങൾ
7. ലേഖനങ്ങൾ

## I. ചരിത്രകൃതികൾ

(i) ദിനവൃത്താന്തം (ക്രോണിക്കിൾ) എന്നു പരക്കെ അറിയപ്പെടുന്ന കൃതി ഒരാദ്യകാല കൃതിയത്രേ.

'ക്രോണിക്കോയ് കാനോനെസ് കായ് എപ്പിറെറാമേ പാൻതൊദാപേസ് ഹിസ്റ്റോറിയാസ് ഹെല്ലേനോൻതെ കായ് ബാർബരോൺ' എന്നാണ് എവുസേബിയസ് കൊടുത്തിരിക്കുന്ന പേര്. 330 നോടടുത്താണിതെഴുതപ്പെട്ടത്. ഇതിനു രണ്ടു ഭാഗങ്ങളുണ്ട്: ഒന്നാം ഭാഗം ഒരാമുഖമാണെന്നു പറയാം: വിവിധ ജനങ്ങളുടെ ചരിത്രം വളരെ സംഗ്രഹിച്ചെഴുതിയിരിക്കുന്നു. അലക്സാണ്ഡർ പോളിഹിസ്റ്റർ, അബിദെനോസ്, ജൊസേഫൂസ് എന്നിവരെ ആധാരമാക്കി കൽദായരുടെ ചരിത്രം; അബിദെനോസ്, കാസ്റ്റോർ, ദിയാദോറൂസ്, കെഫാലിയോൻ എന്നിവരെ ആധാരമാക്കി അസ്സീറിയൻ ചരിത്രം; പഴയ നിയമം, ജോസേഫൂസ്, അലക്സാണ്ഡ്രിയായിലെ ക്ലെമെൻറ് എന്നിവരെ ആധാരമാക്കി യഹൂദചരിത്രം; ദിയദോറൂസ് മനെത്തോ, പൊർഫീരി എന്നിവരെ ആധാരമാക്കി ഈജിപ്ഷ്യൻ ചരിത്രം; കാസ്റ്റോർ, പൊർഫീരി, ദിയദോറൂസ് എന്നിവരെ ആധാരമാക്കി ഗ്രീക്കു ചരിത്രം; ഹലിക്കർന്നാസുസിലെ ഡയനീഷ്യസ്, ദിയദോറൂസ്, കാസ്റ്റോർ എന്നിവരെ ആധാരമാക്കി റോമൻ ചരിത്രം—ഇതാണ് ഒന്നാം ഭാഗം.

രണ്ടാം ഭാഗത്ത് ഒരു പട്ടിക കാണാം (Synchronous table): സാമാന്തര കോളങ്ങളിലായി ലോക ചരിത്രവും വിശുദ്ധചരിത്രവും നൽകുന്നു. ക്രി. മു. 2016/15 ലാണ് ഈ ചരിത്രം തുടങ്ങുന്നത്: അബ്രഹാമിന്റെ ജനനം, പിന്നെയുള്ള കാലത്തെ അഞ്ചായി തിരിച്ചിരിക്കുന്നു; അബ്രഹാം മുതൽ ട്രോയ് (Troy) കീഴടക്കപ്പെടുന്നതുവരെ ഒന്ന്; ട്രോയി മുതൽ ഒന്നാം ഒളിംപിയാഡ് വരെ രണ്ട്; ഒന്നാം ഒളിംപിയാഡു മുതൽ ഡേറിയസിന്റെ വാഴ്ചയുടെ രണ്ടാം വർഷം വരെ മൂന്ന്; ഡേറിയസിന്റെ വാഴ്ചയുടെ രണ്ടാം വർഷം മുതൽ ക്രിസ്തുവിന്റെ മരണം വരെ നാല്; ക്രിസ്തുവിന്റെ മരണം മുതൽ ക്രി. വ. 303 വരെ അഞ്ച്; യൂദമതവും അതിന്റെ

www.malankaralibrary.com



തുടർച്ചയായ ക്രിസ്തുമതവും മററെല്ലാററിനെക്കാളും പ്രാചീനതയു ള്ളതാണ് എന്നു് കാണിക്കയാണിവിടെ. രണ്ടാം നൂററാണ്ടിലെ വിശ്വാസ സമർത്ഥകർ ഈ വാദഗതി തന്നെ വളരെ നേരത്തെ സ്വീകരിച്ചിരുന്നു. അവരെ പിൻതുടർന്നു് മൂന്നാം നൂററാണ്ടി ൻെറ ആരംഭത്തിൽ ജൂലിയസ് ആഫ്രിക്കാനസ് ഈ തത്വത്തി ൻെറ അടിസ്ഥാനത്തിൽ തൻെറ 'ക്രോണിക്കിറം' ഉണ്ടാക്കി. എവുസേബിയസിനു് വഴി തെളിച്ചതു് ആഫ്രിക്കാനസാണ്. ആഫ്രിക്കാനസിൽ നിന്നു് മാതൃകയും, ഒട്ടനവധി രേഖകളും എ വുസേബിയസ് എടുത്തു; അക്കാര്യം എവുസേബിയസ് പറയു ന്നില്ല; എങ്കിലും ആഫ്രിക്കാനസിനെക്കാറം ശ്രേഷ്ഠമാണ് എവു സേബിയസിൻെറ ക്രോണിക്കിറം. കൂടുതൽ മെച്ചപ്പെട്ടവരും പ്രാ ചീനരുമായ എഴുത്തുകാരെയാണ് എവുസേബിയസ് ആധാരമാ ക്കുന്നതു്. അതുപോലെ കുറേക്കൂടി വിമർശന ബുദ്ധിയോടുകൂടിയ സമീപനമാണ് അദ്ദേഹത്തിൻേറതു്. ആഫ്രിക്കാനസിൻെറ സഹസ്രാബ്ദചിന്താഗതി (മില്ലെനരിസം) എവുസേബിയസി ലില്ല എന്നതൊരു വലിയ മെച്ചമാണ്. ആഫ്രിക്കാനസിൻെറ ക്രമീകരണം തെററും അശാസ്ത്രീയവുമാണെന്നു് എവുസേബിയസ് തെളിയിക്കുന്നു. 'ആദാമും പറുദീസായും' കൊണ്ടു് തുടങ്ങാൻ എവുസേബിയസ് കൂട്ടാക്കുന്നില്ല. കാരണം, എത്രനാറം മനുഷ്യൻ പറുദീസായിൽ ജീവിച്ചെന്നാർക്കാണറിവുള്ളതു്. അബ്രഹാം മുത ലുള്ളതേ നാം സ്വീകാര്യമായി കരുതാവൂ. ഇവിടെ ബൈബിളി നെ വിമർശനബുദ്ധ്യാ വീക്ഷിക്കുന്ന എവുസേബിയസിനെ നാം കാണുന്നു.

ഈ കൃതിയുടെ ഗ്രീക്കുമൂലത്തിൻെറ ചില ഭാഗങ്ങറം മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. ആറാം നൂററാണ്ടിലെ ഒരു അർമേനിയൻ വിവർത്തനത്തിൽ ഈ കൃതി പൂർണമായി കൈവന്നിട്ടുണ്ടു്. 380—ൽ കോൺസ്റ്റാൻറിനോപ്പിളിൽവച്ചു് ജറോം തയാറാക്കിയ ഒരു ലത്തീൻ വിവർത്തനത്തിൽ ഇതിൻെറ രണ്ടാം ഭാഗമുണ്ടു്. അർമേനിയൻ, ലത്തീൻ വിവർത്തനങ്ങറം മൂലകൃതിയെ ആധാര മാക്കിയല്ല; പിന്നെയോ 303 നു ശേഷവും ഉള്ള കാര്യങ്ങറം വിവ രിക്കുന്ന ഒരു പാഠസംശോദനത്തെയാണ്. ജറോം തൻെറ വിവ ർത്തനത്തിൽ കുറെ സ്വാതന്ത്ര്യം കാട്ടി. എവുസേബിയസിനെ പദാനുപദം വിവർത്തനം ചെയ്തുവച്ചില്ല, ചിലയിടങ്ങളിൽ വി കസിപ്പിച്ചെടുത്തു. പുതിയവ പ്രത്യേകിച്ചു് റോമൻ ചരിത്രം സംബന്ധിച്ചു് പലതും കൂട്ടിച്ചേർത്തു. 325 മുതൽ 378-ൽ വാ ലെൻസ് ചക്രവർത്തി മരിക്കുന്നതുവരെയുള്ള കാര്യങ്ങളും ജറോം ഉറപ്പെടുത്തി കാലോചിതമാക്കി. പാശ്ചാത്യലോകത്തു് ഈ രീതിയിലാണ് എവുസേബിയസിൻെറ 'ക്രോണിക്കിറം' പ്രച

www.malankaralibrary.com



രിച്ചതു്. ചരിത്രസംബന്ധമായി ഇത്രയധികം ഗവേഷണപാഠം ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ പ്രാചീനലോകത്തു് ചുരുക്കമാണു്.

(ii) സഭാചരിത്രം

എവുസേബിയസിനെ അമർത്യനാക്കിയതു് സഭാചരിത്രം (എക്ളേസിയാസ്റ്റിക്കേ ഹിസ്തോറിയാ) എന്ന കൃതിയാണു്. പത്തു് ഗ്രന്ഥങ്ങളായിട്ടാണിതു് നമുക്കു കിട്ടിയിരിക്കുന്നതു്. സഭാരംഭം മുതൽ ക്രി. വ. 324—ൽ ലിചീനിയസിന്റെ പരാജയവും കോൺസ്റ്റൻടൈന്റെ ഏകാധികാരവും വരെയുള്ള സംഭവവികാസങ്ങളാണു് ചർച്ചാവിഷയം. സഭയുടെ ക്രമാനുഗതമായ വളർച്ചയോ, വളർച്ചയ്ക്കിടയിലുണ്ടായ തടസങ്ങളോ ഒന്നും വ്യക്തമായി വരച്ചുകാട്ടുകയല്ല ഈ 'സഭാചരിത്രം' ചെയ്യുന്നതു്. പൂർണ്ണവും ക്രമാനുഗതവുമായ ഒരു ചരിത്രമല്ലിതു്. ചരിത്ര സംഭവങ്ങളുടെ ഒരു വലിയ സമാഹാരം! രേഖകളും ഉദ്ധരണികളും തുടർച്ചയായി അടുക്കിയടുക്കിവച്ചിട്ടുണ്ടു്. ആമുഖത്തിൽ എവുസേബിയസ് തന്നെ തന്റെ ലക്ഷ്യം വ്യക്തമാക്കുന്നു.

(1) പ്രധാന കേന്ദ്രങ്ങളിലെ മെത്രാന്മാരുടെ പട്ടിക, (2) ക്രിസ്തീയ പ്രബോധകരും എഴുത്തുകാരും, (3) പാഷണ്ഡികൾ, (4) മതപീഡകർ, (5) യഹൂദർക്കുണ്ടായ ദൈവശിക്ഷ, (6) രക്തസാക്ഷിത്വവും സഭയുടെ അന്തിമവിജയവും എന്നീ സംഗതികൾ ചർച്ചചെയ്യുക എന്ന ലക്ഷ്യാനുസൃതമാണു് എവുസേബിയസ് പ്രയത്നിച്ചതു്.

എവുസേബിയസിന്റെ കാലം വലിയ വലിയ പരിവർത്തനങ്ങളുടെ അവസരമായതിനാൽ പല പ്രാവശ്യം സഭാചരിത്രത്തിൽ മാററങ്ങൾ വരുത്തേണ്ടിവന്നു. പല കൂട്ടിച്ചേർക്കലുകൾ എവുസേബിയസ് തന്നെ നടത്തിയിട്ടുണ്ടു്. നാലു ഘട്ടങ്ങളിൽകൂടി ഈ കൃതി കടന്നുപോയി എന്നു് ഈ. ഷ്വാർത്സ് പറയുന്നു. ആദ്യമെഴുതിയ കൃതി എട്ടു പുസ്തകങ്ങളിൽ ഉൾക്കൊണ്ടിരുന്നു; അതു് 312—ൽ പുറത്തുവന്നു. 315—ൽ ഒൻപതാം പുസ്തകം; 325—ൽ പത്താം പുസ്തകം; ലിചീനിയസിന്റെ പതനത്തിനനുസരിച്ചു് മാററങ്ങൾ വരുത്തി. നിഖ്യായുടെ കാലത്തു് ഗ്രന്ഥം പുറത്തുവന്നു!

വേറെ ചിലർ പറയുന്നതു് ഒന്നു മുതൽ ഏഴു വരെയുള്ള ഭാഗങ്ങൾ ഡയോക്ളീഷന്റെ മതപീഡനത്തിനുമുമ്പേ 303—ൽ പുറത്തുവന്നുവെന്നാണു്! ഏതായാലും വളരെയധികം പഠനങ്ങൾ ഇതിനെ സംബന്ധിച്ചു് നടത്തിയിട്ടുണ്ടു്.

നാലാം നൂററാണ്ടിൽത്തന്നെ ഇതിന്റെ സുറിയാനി വിവർത്തനം ഉണ്ടായി. 403—ൽ റൂഫീനസുണ്ടാക്കിയ ലത്തീൻ വിവർത്ത

www.malankaralibrary.com



നത്തെക്കാൾ മെച്ചമാണിത്. അർമേനിയൻ ഭാഷാന്തരം സുറിയാനിയെ ആധാരമാക്കിയുള്ളതാണ്. റൂഫീനസ് പലയിടത്തും ചുരുക്കിയാണ് വിവർത്തനം ചെയ്തത്. അതുപോലെ പലയിടത്തും തെററായി വ്യാഖ്യാനിക്കുന്നുമുണ്ട്. എന്നാൽ 395–ൽ തിയഡോഷ്യസ് ചക്രവർത്തിവരെയുള്ള കാലത്തെ ചരിത്രം കൂട്ടിച്ചേർത്തു എന്നൊരു മേന്മ റൂഫീനസിൻെറ വിവർത്തനത്തിനുണ്ട്. റൂഫീനസിൻെറ ഈ ലത്തീൻ വിവർത്തനത്തിലൂടെയാണ് എവുസേബിയസിൻെറ സഭാചരിത്രം പാശ്ചാത്യലോകത്തു് പ്രചരിച്ചത്.

(iii) പാലസ്റ്റൈൻ രക്തസാക്ഷികൾ

സഭാചരിത്രം എഴുതുന്നതിനുമുമ്പ് പലസ്തീനയിലെ രക്ത. സാക്ഷികളുടെ നടപടികൾ കൊള്ളുന്ന ഒരു സമാഹാരം എവുസേബിയസ് പ്രസിദ്ധീകരിച്ചു. സഭാചരിത്രം നാലും അഞ്ചും ഗ്രന്ഥങ്ങളിൽ തുടരെത്തുടരെ ഇതേപ്പററി പരാമർശനങ്ങളുണ്ട്. എന്നാലിന്ന് മൂലകൃതി നഷ്ടപ്പെട്ടുപോയി.

ഗ്രീക്കിൽ ഒരു ചെറിയ പതിപ്പും സുറിയാനിയിൽ ഒരു വലിയ പതിപ്പും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. 303–നും 311 നും ഇടയ്ക്ക് പലസ്തീനയിൽ ഉണ്ടായ രക്തസാക്ഷികളുടെ ചരിത്രം ഇതിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്.

## 2. കോൺസ്റ്റൻൈറനുള്ള ആശംസാപ്രസംഗം

കോൺസ്റ്റൻൈറനെപ്പററിയുള്ള കൃതികളിൽ ഒരു ചരിത്രകാരൻ എന്നതിലുപരിയായി ഒരു സ്തുതിപാഠകനായിട്ടാണ് എവുസേബിയസ് കാണപ്പെടുന്നത്. ക്രിസ്തീയ പ്രത്യാശയുടെ പൂവണിയൽ കോൺസ്റ്റൻൈറയിനിലാണ് എവുസേബിയസ് ദർശിക്കുന്നത്. അതുകൊണ്ട് കോൺസ്റ്റൻൈറൻെറ ജീവിതകാലത്തും മരണശേഷവും തൻെറ തൂലികയെ കോൺസ്റ്റൻൈറനെ സ്തുതിക്കാൻ എവുസേബിയസ് വിനിയോഗിച്ചു. അതും കലവറ കൂടാതെതന്നെ! പീഡനങ്ങളിൽനിന്നു സഭയെ രക്ഷിക്കാൻ ദൈവനിയുക്തനായി അയക്കപ്പെട്ടവനായിട്ടത്രേ കോൺസ്റ്റൻൈറനെ എവുസേബിയസ് കാണുന്നത്.

(i) കോൺസ്റ്റൻൈറൻെറ ജീവചരിത്രം

നാലു ഗ്രന്ഥങ്ങളിലായിട്ടാണ് എവുസേബിയസിതെഴുതിയത്. 'ആദ്യത്തെ ആത്മാർത്ഥതയില്ലാത്ത ചരിത്രകാരൻ' എന്നവരെ ഇതുമൂലം ചിലർ എവുസേബിയസിനെ വിളിക്കുന്നു. ഇതത്ര ശരിയല്ല. കാരണം, ഇതൊരു ചരിത്രഗ്രന്ഥമേയല്ല. ചരിത്രഗ്രന്ഥമായി എവുസേബിയസ് ഉദ്ദേശിച്ചുമില്ല. രാജ

www.malankaralibrary.com



സ്തുതി (encomixum) എന്നതിലുപരിയൊന്നുമില്ല. നിരീശ്വരരായ രാജാക്കന്മാരുടെ സ്തുതിപ്പുകൾകൊണ്ട് വാല്യങ്ങൾ നിറയുമ്പോൾ ഈ ക്രിസ്തീയ രാജാവിന്റെ സ്തുതിപ്പുകളെഴുതാൻ താൻ ധാർമികമായി കടപ്പെട്ടവനാണെന്ന് അദ്ദേഹം കരുതുന്നു. ഏതായാലും ഈ കൃതി നിശിതമായ വിമർശനങ്ങൾക്ക് വിധേയമായി. 'Vita Constantini' (കോൺസ്റ്റന്റൈന്റെ ജീവചരിത്രം) എന്ന തലക്കെട്ടിലാണ് ഈ കൃതി പ്രചരിച്ചത്. അതായിരിക്കാം നിശിത വിമർശനത്തിനു പലരേയും പ്രേരിപ്പിച്ചത്! ഗ്രീക്കിലുള്ള തലക്കെട്ട് ഈ തെററിദ്ധാരണ ജനിപ്പിക്കില്ല. ക്രിസ്തുമതത്തിന്റെ വളർച്ചയ്ക്കു സഹായകമായി ചക്രവർത്തി ചെയ്ത പ്രവൃത്തികൾ മാത്രമേ എവുസേബിയസ് ഇതിൽ പരാമർശിക്കുന്നുള്ളു.

ദൈവനിയുക്തനായ കോൺസ്റ്റന്റൈൻ പുതിയ ഇസ്രായേലിനെ നയിക്കുന്ന മോശയാണ്. ദൈവമാണദ്ദേഹത്തെ ഒരുജ്ജ്വലതാരമായി ഉയർത്തിയതെന്ന് എവുസേബിയസ് പറയുന്നു. അതുപോലെ 'സ്ലീബായുടെ ദർശനം' കോൺസ്റ്റന്റൈനുണ്ടായ കാര്യവും വളരെ വിശദമായി വിവരിക്കുന്നുണ്ട്. ചക്രവർത്തിയുടെ പതിനാറ് രാജകല്പനകളും കത്തുകളും അദ്ദേഹം ഇതിൽ ചേർത്തിരിക്കുന്നു. ഇവ ഗ്രന്ഥത്തിന്റെ നാലിലൊന്നുവരും. വളരെയധികം വിലയേറിയ രേഖകളാണിവ.

എവുസേബിയസിന്റെ മരണശേഷം ഈ കൃതിയിൽ ചില തിരുത്തലുകളുണ്ടായിരിക്കാമെന്ന് ചിലർ കരുതുന്നു. 'സാരസത്ത മാത്രമേ എവുസേബിയസിന്റേതുള്ളു; ശേഷമെല്ലാം പിന്നെ ചേർത്തതാണ്' എന്ന് ചിന്തിക്കുന്നവരുമുണ്ട്. നാലാം നൂററാണ്ടിൽ ഈ കൃതി അറിയപ്പെട്ടിരുന്നതേയില്ല. അതുകൊണ്ട് അതിനുശേഷം ഉണ്ടായതാണെന്നു ചിലർ പറയുന്നു. സ്ലീബാസംബന്ധിച്ച ഭാഗം തിയഡോഷ്യസിന്റെ കാലത്ത് ചേർത്തതാണെന്ന് കരുതുന്നവരുമുണ്ട്. എന്നാൽ ഈ അടുത്തകാലത്തുണ്ടായ ചില കണ്ടുപിടുത്തങ്ങൾ എവുസേബിയൻ കർതൃത്വം ഉറപ്പിക്കയത്രേ ചെയ്യുന്നത്.

(ii) വിശുദ്ധരുടെ സമൂഹത്തിന് (ആദ് ചേത്തും സാങ്തോരും)

കോൺസ്റ്റന്റൈൻ പ്രസംഗങ്ങൾ എഴുതാനും പ്രസംഗിക്കാനും വളരെ സമയം ചെലവഴിച്ചിരുന്നുവെന്ന് ജീവചരിത്രത്തിൽ എവുസേബിയസ് പറയുന്നു. ബഹുദേവതാവാദവും ജാതികളുടെ അനാചാരങ്ങളും അതുവഴി കോൺസ്റ്റന്റൈൻ ഖണ്ഡിച്ചിരുന്നു. 'കോൺസ്റ്റന്റൈന്റെ ജീവചരിത്രം' നാലാം പുസ്തകത്തിന്റെ അന്ത്യത്തിൽ വിശുദ്ധരുടെ സമൂഹത്തിൽ കോൺ

www.malankaralibrary.com



സ്റ്റൻടൈൻ ചെയ്ത പ്രസംഗം ചേർത്തിട്ടുണ്ട്. ചില കൈയെഴുത്തു പ്രതികൾ ഒരഞ്ചാം പുസ്തകമായിട്ടാണ് ചേർത്തിരിക്കുന്നത്. ക്രിസ്തുമതത്തിനുള്ള 'ഒരപ്പോളജി'യാണിത്.

ഒന്നാം ഭാഗത്ത്, പെസഹാ, ഉയിർപ്പ് എന്നിവ അനുസ്മരിക്കപ്പെടുന്നു. പിതാവിനെയും രക്ഷകനായ ക്രിസ്തുവിനെയും പററി പ്രതിപാദിക്കുന്നു. വിഗ്രഹാരാധനയുടെ അബദ്ധങ്ങളെ ഇവിടെ ഖണ്ഡിക്കുന്നു.

രണ്ടാം ഭാഗത്ത്, രക്ഷയെപ്പററിയുള്ള ക്രിസ്തീയതത്വങ്ങൾ പഠിപ്പിക്കുകയാണ്. ദൈവവും ദൈവസുതനുമായ മിശിഹാ കുരിശുവഴി നേടിയരക്ഷ; പഴയനിയമം മുതൽ ഇതാണ് പറഞ്ഞിരുന്നതെന്ന് ഗ്രന്ഥകർത്താവു സമർത്ഥിക്കുന്നു. യേശുക്രിസ്തു ദൈവപുത്രൻ, എന്നതിൻെറ ഗ്രീക്കിലുള്ള ആദ്യാക്ഷരങ്ങൾ (ഇക്തൂസ്) ചേർത്ത് 'സിബില്ലിയൻ ഓറക്കിൾസ്'' രക്ഷയെ സൂചിപ്പിക്കുന്നു എന്ന് അദ്ദേഹം വ്യാഖ്യാനിക്കുന്നു.

മൂന്നാംഭാഗത്ത്, തൻെറ വിജയങ്ങൾക്കെല്ലാം ഹേതു ക്രിസ്തുവാണെന്ന് കോൺസ്റ്റൻടൈൻ സമ്മതിക്കുന്നു. സഭയെ പീഡിപ്പിച്ചവരുടെ ദുരിതപൂർണമായ അന്ത്യം വരച്ചുകാട്ടുന്നു. ദൈവം ചൊരിഞ്ഞ നന്മകൾക്ക നന്ദിപറയാൻ സകലരെയും ക്ഷണിക്കുകയാണ് അവസാനത്തെ അദ്ധ്യായത്തിൽ.

ക്രി. വ. 313 ലെ ദുഃഖവെള്ളിയാഴ്ച ദിവസം കോൺസ്റ്റൻടൈൻ നടത്തിയ പ്രസംഗമായിരിക്കാം ഇത് എന്നു പലരും കരുതുന്നു. എന്നാൽ ഇതിൻെറ വാസ്തവികതയെപ്പററി സംശയിക്കുന്നവരും ഇല്ലാതില്ല. 'ശൈലിയും പ്രയോഗങ്ങളും കോൺസ്റ്റൻടൈൻേറതാണ്; അതുകൊണ്ട് സംശയിച്ചു തള്ളിക്കളയേണ്ട കാര്യമില്ല' എന്ന് മററുചിലർ കരുതുന്നു.

### (iii) കോൺസ്റ്റൻടൈനുള്ള ആശംസ

'വിശുദ്ധന്മാരുടെ സമൂഹത്തിനു'' എന്ന കൃതി കഴിഞ്ഞ് കൈയെഴുത്തു പ്രതികളിൽ 'കോൺസ്റ്റൻടൈനുള്ള ആശംസ' എന്നൊരു കൃതിയുണ്ട്. രണ്ടു കൃതികളുടെ ഒരു സമാഹാരമാണിത്. ഒന്നു മുതൽ പത്തു വരെ അദ്ധ്യായങ്ങൾ 335 ജൂലൈ 25 ന് കോൺസ്റ്റാൻറിനോപ്പിളിലെ കൊട്ടാരത്തിൽ എവുസേബിയസ് ചെയ്ത ഒരു ആശംസാപ്രസംഗമാണ്. അതായത്, കോൺസ്റ്റൻടൈൻെറ ഭരണത്തിൻെറ മുപ്പതാം വാർഷികാവസരം! 'മററു മനുഷ്യരെപ്പോലെയാണെങ്കിലും, വിജ്ഞാനത്തിലും, നന്മയിലും, നീതിയിലും, ധൈര്യത്തിലും, ഭക്തിയിലും, ദൈവ

www.malankaralibrary.com



ചിന്തയിലും ചക്രവർത്തി മികച്ചു നിൽക്കുന്നു. ഒരു താത്വികനെന്നു പറയുവാൻ പററിയ ചക്രവർത്തി അദ്ദേഹമേ ഉള്ളു. കാരണം, അദ്ദേഹം സ്വയം അറിയുന്നു; നിരവധിയായി ലഭിച്ച ദാനങ്ങളും അറിയുന്നു. സൂര്യനോടാണ് എവുസേബിയസ് ചക്രവർത്തിയെ താരതമ്യപ്പെടുത്തിയതു്. സാമ്രാജ്യത്തിൻെറ അതിർത്തികൾവരെയുള്ളവരെ ചക്രവർത്തി തൻെറ രശ്മികളാൽ പ്രശോഭിപ്പിക്കുന്നു. സ്വർഗീയഭരണത്തിൻെറ ഒരനുകരണമാണ് ഈ ഭരണം എന്നു പോകുന്നു പ്രസംഗം. കോൺസ്റ്റൻൈറൻ ചെയ്യുന്ന പ്രസംഗങ്ങൾ ലോകം ശ്രവിക്കുന്നതു് ഹൃദയംനിറയെ ആനന്ദത്തോടെയാണ് എന്നും എവുസേബിയസ് അനുസ്മരിക്കുന്നു.

പതിനൊന്നു മുതൽ പതിനെട്ടു വരെ അദ്ധ്യായങ്ങൾ 335–ൽ യറുശലേമിലെ വി. കല്ലറയിലെ ദേവാലയപ്രതിഷ്ഠാവസരം കോൺസ്റ്റൻൈറന് എവുസേബിയസ് സമർപ്പിച്ച ഒരു പ്രബന്ധമാണ്. ഒരു മനോഹര ദേവാലയം നിർമിച്ചതിന് അദ്ദേഹത്തെ പ്രകീർത്തിക്കയാണ്. ഇത്ര വലിയ ഒരു ദേവാലയം നിർമിച്ചതു് നീതീകരിക്കാനും എവുസേബിയസ് ഈ അവസരം ഉപയോഗിക്കുന്നു.

## 3. അപ്പോളജെററിക്കൽ കൃതികൾ

തനിക്കു മുമ്പ് എഴുതപ്പെട്ട എല്ലാ വിശ്വാസസമർത്ഥന കൃതികളും ഈ കൃതിയിൽ സമാഹരിക്കാൻ എവുസേബിയസ് പരിശ്രമിക്കുന്നു. രണ്ടാം നൂററാണ്ടിലെ ഗ്രീക്ക് വിശ്വാസസമർത്ഥകരുടെ ആശയങ്ങൾ തൻെറ തൂലികയിൽക്കൂടി, പുറത്തുവന്നപ്പോൾ തികച്ചും പുതുമ നിറഞ്ഞതായിരുന്നു. ഇത്തരം കൃതികളിൽ കൃത്യമായ പദ്ധതിയനുസരിച്ചു തന്നെയാണ് എവുസേബിയസിൻെറ പുറപ്പാട്. എന്നാൽ എവുസേബിയസ് പദ്ധതിയനുസരിച്ചു തയ്യാറാക്കിയ ഗ്രന്ഥങ്ങളെല്ലാം നമുക്കു കിട്ടിയിട്ടില്ല എന്നതു് ഒരു ദുഃഖസത്യമാണ്.

### (i) പൊതുവായ പ്രാഥമികാമുഖം

മെത്രാനാകുന്നതിനു മുമ്പ് എവുസേബിയസ് എഴുതിയതാണ് ഈ പ്രാഥമികാമുഖം. വേദപുസ്തകത്തിനുള്ള ഒരു പൊതു ആമുഖമത്രേയിതു്. പത്തു ഗ്രന്ഥങ്ങളായിട്ടാണ് എവുസേബിയസ് ഇതെഴുതിയതു്. ആറു മുതൽ ഒൻപതുവരെയുള്ള കൃതികളും കുറെ ശകലങ്ങളുമേ നമുക്കിതുവരെ കിട്ടിയിട്ടുള്ളു. ഈ ഭാഗത്തിൽ പഴയനിയമത്തിലെ 'മിശിഹാ പ്രവചനങ്ങൾ' സമാഹരിച്ചു് വിവരണം നൽകിയിരിക്കയാണ്.

www.malankaralibrary.com



(ii) സുവിശേഷത്തിനൊരുക്കം

'സുവിശേഷത്തിനൊരുക്കം', 'സുവിശേഷത്തിനു തെളിവ്' എന്നീ രണ്ടു വലിയ 'അപ്പോളജററിക്കൽ' കൃതികൾക്കാമുഖമായിട്ടാണ് 'പൊതുവായ പ്രാഥമികാമുഖം' എഴുതപ്പെട്ടതു്. 'സുവിശേഷത്തിനൊരുക്കം' പതിനഞ്ചു കൃതികളിലായിട്ടാണ്. അതു് മൂലഭാഷയായ ഗ്രീക്കിൽ പൂർണമായി നമുക്കു് കിട്ടിയിട്ടുണ്ടു്. സുവിശേഷത്തിന് വഴിയൊരുക്കിയ യൂദമതത്തിന്റെ ഔന്നത്യം കാണിച്ചുകൊണ്ടു് ബഹുദേവതാരാധനയെ ഖണ്ഡിക്കയാണിതിന്റെ ലക്ഷ്യം. ജാതികളിൽനിന്നു സഭയിലേക്കു വരുന്നവർക്കു് ഒരു പ്രാഥമിക ജ്ഞാനത്തിനു വേണ്ടിയാണിതെഴുതിയതെന്നു് എവുസേബിയസ് പറയുന്നു. പതിനഞ്ചാം പുസ്തകത്തിന്റെ ആരംഭത്തിൽ 'സുവിശേഷത്തിനൊരുക്ക'ത്തിന്റെ ഒരു ചുരുക്കം കാണാം. പുറജാതികളുടെ ദുഷിച്ചതും ഞെട്ടിപ്പിക്കുന്നതുമായ തിന്മകളുടെ വിവരണം ഒന്നും രണ്ടും മൂന്നും ഗ്രന്ഥങ്ങളിൽ കാണാം. അതോടൊപ്പം നെയോപ്ളേറോണിസ്റ്റുകൾ അവയെ വ്യംഗ്യാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നതിനെ എതിർക്കുന്നു. നാലും അഞ്ചും പുസ്തകങ്ങൾ ജ്ഞാനികളുടെ വെളിച്ചപ്പാടുകളെപ്പററിയാണ്. വിധിയിൽ (Fate) വിശ്വസിക്കുന്നവർക്കുള്ള മറുപടിയാണ് ആറാം പുസ്തകം. ഏഴു മുതൽ പതിന്നാലുവരെയുള്ളവ, ഗ്രീക്കുകാരുടെ തത്വശാസ്ത്രവും മതവും ഉപേക്ഷിച്ചു് യഹൂദരുടെ ഗ്രന്ഥങ്ങളെടുത്തതിൽ ക്രിസ്ത്യാനികളെ നീതീകരിക്കുന്നു. മോശയും മററു പ്രവാചകരും ഗ്രീക്കുതാത്വികർക്കെല്ലാം മുൻപേ ജീവിച്ചു. പ്ളേറോ തുടങ്ങിയ ഗ്രീക്കുപണ്ഡിതന്മാർ ഹീബ്രു മതത്തിൽ നിന്നു നിരവധി ആശയങ്ങൾ കടമെടുത്തതാണ്. പതിനാലും പതിനഞ്ചും ഗ്രന്ഥങ്ങൾ ഗ്രീക്കു ചിന്തകരുടെയിടയിലുള്ള പരസ്പരവിരുദ്ധങ്ങളായ ആശയങ്ങളെ വെളിപ്പെടുത്തുകയും അവരുടെ ചിന്തയിലുള്ള വൈകല്യങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. വിഗ്രഹാരാധനയെ ഖണ്ഡിക്കാൻ അക്രൈസ്തവരായ ചിന്തകരെതന്നെ അദ്ദേഹം ഉദ്ധരിക്കുന്നു. 314—നു ശേഷമാണിതെഴുതപ്പെട്ടതു് എന്നു കരുതാം.

(iii) സുവിശേഷത്തിനു തെളിവ്

'സുവിശേഷത്തിനൊരുക്കം', 'പേഗൻ' മതത്തിനും 'പേഗൻ' ചിന്തകർക്കുമെതിരായി ക്രിസ്തുമതത്തിന്റെ ഔന്നത്യം തെളിയിക്കുന്നു. എന്നാൽ ഈ കൃതിയാകട്ടെ, യൂദന്മാരുടെ ആരോപണങ്ങളെ ഖണ്ഡിക്കയാണ്. 'നിയമം' അനുസരിക്കാതെ തന്നെ വാഗ്ദാനങ്ങളുടെ അവകാശികളാകുവാൻ വേണ്ടിയാണ് ക്രിസ്ത്യാനികൾ യഹൂദമതം സ്വീകരിച്ചതു് എന്ന യഹൂദാരോപണത്തെ അർത്ഥമില്ലാത്തതെന്നു തെളിയിക്കയാണ് എവുസേ

www.malankaralibrary.com



ബിയസ്. ഇരുപതു പുസ്തകങ്ങളിലായി അദ്ദേഹം ഈ ആരോപണങ്ങൾക്ക് മറുപടി പറയുന്നു. ഇവയിൽ ആദ്യത്തെ പത്തും പതിനഞ്ചിന്റെ ചില ഭാഗങ്ങളും മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു. ക്രിസ്തുമതമാണ് യഹൂദമതത്തിന്റെ പൂർണതയെന്നും അദ്ദേഹം ഇവിടെ തെളിയിക്കുന്നു. യൂദന്മാർക്കും ജാതികൾക്കും എതിരായിട്ടാണ് ഈ ഗ്രന്ഥങ്ങൾ എഴുതിയതെങ്കിലും യഥാർത്ഥത്തിൽ ഇതിൽ എവുസേബിയസ് എതിർക്കുന്നത് പൊർഫീരി എന്നനെയോ–പ്ളറ്റോണിസ്റ്റ് താത്ത്വികനെയാണ്. 'ക്രിസ്ത്യാനികൾക്കെതിരെ' എന്ന ശീർഷകത്തിൽ പൊർഫീരി ഒരു ഗ്രന്ഥമെഴുതി. എവുസേബിയസ് പലപ്പോഴും പൊർഫീരിയുടെ ഗ്രന്ഥത്തിലേക്ക് വിരൽ ചൂണ്ടുന്നു. മററു ചില സന്ദർഭങ്ങളിൽ പൊർഫീരിയെ പദാനുപദം ഉദ്ധരിച്ച് ക്രിസ്ത്യാനികൾക്കെതിരെയുള്ള ആരോപണങ്ങൾ ഖണ്ഡിക്കുന്നു.

ചെൽസൂസ് ക്രിസ്ത്യാനികൾക്കെതിരെ ഒരു കൃതി എഴുതി. 'ചെൽസൂസിനെതിരെ' എന്ന കൃതിയിലൂടെ ഒരിജൻ അതിനു മറുപടി നൽകി. ഏതാണ്ട് ആ രീതിയിലാണ് എവുസേബിയസിന്റെയും പോക്ക്. എന്നാൽ ഒരിജൻ ചെയ്തതുപോലെ ആശയങ്ങൾ ഓരോന്നായി വേർതിരിച്ച് ഖണ്ഡിക്കാൻ എവുസേബിയസ് മുതിരുന്നില്ല.

വേദപുസ്തകത്തിന്റെ ഒരു വിശദീകരണമെന്ന രീതിയിൽ വളരെ നല്ല പദ്ധതിയനുസരിച്ചെഴുതപ്പെട്ട ഇതിന്റെ ഏതെങ്കിലും ഭാഗം അടർത്തി മാററി എതിരാളിക്കാക്രമിക്കാൻ സാദ്ധ്യമല്ലാത്ത വിധമാണ് എവുസേബിയസ് എഴുതിയിരിക്കുന്നത്. ആദ്യ കൃതിയെഴുതിയശേഷമായിരിക്കാം ഇതുമെഴുതിയത്. ഏതായാലും നിഖ്യാ തുടങ്ങുന്നതിനു മുമ്പുതന്നെയെന്നതിന് സംശയമില്ല.

(iv) പ്രത്യക്ഷീകരണം (തെയോഫനിയാ)

വചനത്തിന്റെ തിരുവവതാരത്തിലൂടെ ദൈവം പ്രത്യക്ഷമായ സംഗതിയാണ് ഈ ഗ്രന്ഥത്തിന്റെ വിഷയം. അഞ്ചു പുസ്തകങ്ങളിലായിട്ടാണിതെഴുതിയിരിക്കുന്നത്.

സൃഷ്ടിയിൽ പ്രത്യക്ഷപ്പെടുന്ന വചനം, മനുഷ്യനിൽ വസിക്കുന്ന ദൈവവചനം, വീണ്ടെടുപ്പാവശ്യമായിത്തീർന്ന മനുഷ്യന്റെ സ്ഥിതി എന്നിവ ആദ്യത്തെ മൂന്നു പുസ്തകങ്ങൾ വ്യക്തമാക്കുന്നു. നാലാം പുസ്തകം പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണം എടുത്തുകാട്ടുന്നു. 'ക്രിസ്തു മാന്ത്രികനും ശിഷ്യന്മാർ ചതിയരുമാണ്', എന്ന ആരോപണത്തിന്റെ ഭോഷത്തം വ്യക്തമാക്കുകയാണ് അഞ്ചാമത്തേത്. ആദ്യത്തെ മൂന്നു കൃതികൾ 'സുവിശേഷത്തിനൊരുക്കം' 'സുവിശേഷത്തിനു തെളിവ്' എന്നീ കൃതികളെ വളരെയധികം ആശ്ര

www.malankaralibrary.com



യിച്ചിട്ടുണ്ട്. ഈ കൃതി മൂലഭാഷയായ ഗ്രീക്കിൽ വളരെ കുറച്ചേ കിട്ടിയിട്ടുള്ളു. സുറിയാനിയിൽ ഒരു വിവർത്തനം ഉണ്ട്. പ്രസ്തുത വിവർത്തനം പ്രാചീനമാണെങ്കിലും ഉത്തമമല്ല.

(v) പൊർഫീരിക്കെതിരെ

'ക്രിസ്ത്യാനികൾക്കെതിരെ' പതിനഞ്ച് പുസ്തകങ്ങളിൽ പൊർഫീരിയെന്ന നെയോപ്ളറേറാണിസ്റ്റ് ഒരു കൃതി രചിച്ചു. എവുസേബിയസ് ഇരുപത്തഞ്ച് പുസ്തകങ്ങളിലായി അതിനു മറുപടി നൽകി. ഈ കൃതി പൂർണമായും നഷ്ടപ്പെട്ടുപോയി. ജറോം (മഹത്. 81; ലേഖനം,70) സൊക്രാട്ടസ് (സഭാ. 3.23) ഫിലൊസ്റ്റോർജിയൂസ്, (സഭാ. 8,14) എന്നിവർ ഈ കൃതിയെപ്പററി സൂചിപ്പിക്കുന്നു. ജറോം ചില സൂചനകളും നൽകുന്നുണ്ട്. പൊർഫീരി വേദപുസ്തകം വളച്ചൊടിച്ച് വ്യാഖ്യാനിച്ചു. അതിനെതിരെ എപ്രകാരം വേദപുസ്തകവ്യാഖ്യാനം നടത്തണം എന്ന് എവുസേബിയസ് വ്യക്തമാക്കുകയാണിവിടെ.

(iv) ഹിയെരോക്ളെസിനെതിരെ

ബിത്തീനിയൻ ഗവർണ്ണറായിരുന്ന ഹിയെരോക്ലെസ്. തിയാനയിലെ അപ്പോള്ളോണിയസ് ദേവൻ യേശുവിനേക്കാൾ വലിയവനാണെന്ന് തെളിയിക്കാൻ ഹിയെരോക്ളെസ് ഒരു കൃതി രചിച്ചു. അതിനെതിരായിട്ടാണ് 311നും 313നും ഇടയ്ക്ക് എവുസേബിയസിതെഴുതിയത്.

## 4. വേദപുസ്തക ഭാഷ്യകൃതികൾ

വേദപുസ്തകത്തിൻെറ വിശ്വസിക്കാവുന്ന ഒരു പതിപ്പുണ്ടാക്കിയത് പംഫീലുസും എവുസേബിയസും കൂടിയാണ്. ഒരിജൻെറ 'ഹെക്സപ്ളായുടെ' അഞ്ചാം കോളത്തിൽനിന്നു സെപ്തജിന്തെടുത്തു. മററുവായനകളും ചേർത്തു. കോൺസ്റ്റൻടൈൻ വി. ഗ്രന്ഥത്തിൻെറ അൻപതു കോപ്പികൾ ആവശ്യമായി വന്നപ്പോൾ എവുസേബിയസിനെയാണ് ആ ചുമതല ഏൽപിച്ചത്.

(i) എവാൻജെലിക്കൽ കാനൻ

എവുസേബിയസ് ബൈബിൾ കൈയെഴുത്തു പ്രതികളിൽ ഒരു സുപ്രധാന നവീകരണം നടത്തി. അതായത് സമാന്തര ഭാഗങ്ങൾ ചൂണ്ടിക്കാട്ടുക. അതുവഴി ഒരു സുവിശേഷഭാഗം മറെറ എവിടെല്ലാം ഉണ്ടെന്നറിയുവാൻ സാധിക്കും. അലക്സാണ്ഡ്രിയായിലെ അമോണിയസിൽനിന്നാണ് താൻ ഈ രീതി പഠിച്ചതെന്ന് കർപിയാനൂസിനുള്ള കത്തിൽ എവുസേബിയസ് പറയുന്നു.

www.malankaralibrary.com



അമോണിയസിന്റെ രീതിയിലുള്ള കുറവുകൾ പരിഹരിച്ചുകൊണ്ടാണ് എവുസേബിയസ് തന്റെ രീതി ഉണ്ടാക്കിയിരിക്കുന്നത്.

സുവിശേഷങ്ങളെ ചെറിയ ഗ്രൂപ്പുകളായി തിരിച്ച് നമ്പരിട്ടു. പത്തു കാനനുള്ള ഒരു പട്ടിക ഉണ്ടാക്കി. കാനൻ ഒന്ന്: നാലു സുവിശേഷങ്ങൾക്കും പൊതുവായ ഭാഗങ്ങൾ. കാനൻ രണ്ട്: സിനോപ്റ്റിക് സുവിശേഷങ്ങൾക്കു പൊതുവായവ. കാനൻ മൂന്ന്, മത്തായി, യോഹന്നാൻ, ലൂക്കാ എന്നിവർക്കു പൊതുവായവ. കാന.4: മത്താ., മർക്കോ., യോഹ. എന്നിവർക്കു പൊതുവായവ.കാനൻ അഞ്ച്: മത്തായിക്കും യോഹന്നാനും പൊതുവായവ. കാനൻ ആറ്:മത്തായിക്കും മർക്കോസിനും പൊതുവായവ. കാനൻ ഏഴ്: മത്തായിക്കും യോഹന്നാനും പൊതുവായവ. കാനൻ എട്ട്: ലൂക്കോസിനും മർക്കോസിനും പൊതുവായവ. കാനൻ ഒൻപത്: ലൂക്കോസിനും യോഹന്നാനും പൊതുവായവ. കാനൻ പത്ത്: ഓരോ സുവിശേഷത്തിനും പ്രത്യേകമായവ. ഈ കാനൻ സുറിയാനിയിലേക്കും ലത്തീനിലേക്കും വിവർത്തനം ചെയ്യപ്പെട്ടു. എവുസേബിയൻ കാനൻ എന്നറിയപ്പെടുന്നതിതാണ്. ജറോം ഇതു് വൾഗേററിൽ സ്വീകരിച്ചു.

(ii) ഒണൊമാസ്റ്റിക്കോൺ

വേദപുസ്തകത്തിൽ പറയുന്ന സ്ഥലങ്ങളുടെ അക്ഷരമാലക്രമത്തിലുള്ള വിശദീകരണവും ഭൂമിശാസ്ത്രപരവും, ചരിത്രപരവുമായ വിവരണങ്ങളും എവുസേബിയസ് ഈ ഗ്രന്ഥത്തിൽ നൽകുന്നു. ഇതു കിഴക്കും പടിഞ്ഞാറും വളരെയധികം ബഹുമാനിക്കപ്പെട്ടിരുന്നു. ഇതു ജറോം ലത്തീനിലേക്ക് വിവർത്തനം ചെയ്തു. എന്നാൽ ജറോം ചിലയിടങ്ങളിൽ തിരുത്തലുകളും ചിലയിടങ്ങളിൽ കൂട്ടിച്ചേർക്കലുകളും നടത്തി. നമുക്കു ഗ്രീക്കു മൂലകൃതിയും ലത്തീൻ വിവർത്തനവും കിട്ടിയിട്ടുണ്ട്. ഇതു പലസ്തീനയുടെ സ്ഥലവിവരപഠനത്തിന് (ടോപ്പോഗ്രഫി) വളരെ സഹായകമത്രേ.

ടയറിലെ മെത്രാനായ പൗളീനൂസിന്റെ നിർദ്ദേശാനുസരണം നാലു വാല്യങ്ങളിൽ വേദപുസ്തക ഭൂമിശാസ്ത്രം എവുസേബിയസ് എഴുതിയിരുന്നു. 331-ൽ പൗളീനൂസ് മരിക്കുന്നതിനു മുൻപ് ഇതെഴുതിക്കാണും. ഇതിൽ നാലാമത്തേതാണ് ഒണൊമാസ്തിക്കോൺ. നാലു വാല്യങ്ങളിൽ ഇതു മാത്രമേ കിട്ടിയിട്ടുള്ളൂ.

(iii) വേദപുസ്തക ചോദ്യോത്തരങ്ങൾ

ഈ കൃതിക്ക് രണ്ടു ഭാഗങ്ങളുണ്ട്. ഒന്നാംഭാഗം രണ്ടു പുസ്തകങ്ങളായിട്ടാണ്. 'സ്തേഫാനോസിനു: സുവിശേഷ ചോദ്യങ്ങളും

www.malankaralibrary.com



ഉത്തരങ്ങളും' എന്നാണ് ഈ ഭാഗത്തിൻെറ പേര്. സുവിശേഷത്തിലെ 'ബാല്യകാല വിവരണങ്ങളിൽ' ഉണ്ടെന്നു കരുതപ്പെടുന്ന പൊരുത്തക്കേടുകളെപ്പററിയാണ് ചർച്ച. 'മരീനൂസിന്: സുവിശേഷചോദ്യങ്ങളും ഉത്തരങ്ങളും' എന്ന രണ്ടാം ഭാഗം ഒരു പുസ്തകമേ ഉള്ളു. യേശുവിൻെറ ഉയിർപ്പിനെ സംബന്ധിച്ചുള്ള വേദപുസ്തകഭാഗങ്ങളിൽ ഉണ്ടെന്നു കരുതപ്പെടുന്ന പൊരുത്തക്കേടുകളെപ്പററിയാണ് ഈ ഭാഗം ചർച്ചചെയ്യുന്നത്. ഗ്രീക്കിലും സുറിയാനിയിലുമുള്ള ചില ഭാഗങ്ങളൊഴിച്ച് മററുള്ളവയെല്ലാം നഷ്ടപ്പെട്ടു. എന്നാൽ ഇതിൻെറ ഒരു സംഗ്രഹം കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

(iv) സങ്കീർത്തനഭാഷ്യം

എവുസേബിയസിൻെറ സങ്കീർത്തനഭാഷ്യം വളരെ വലുതും വിശിഷ്ടവുമായിരുന്നു. രണ്ടുപ്രാവശ്യം ഇതു ലത്തീനിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. വി. ഹിലരി, വെർചെല്ലിയിലെ എവുസേബിയസ് എന്നിവരാണ് ലത്തീൻ വിവർത്തനങ്ങൾ നടത്തിയത്. എന്നാൽ രണ്ടു ലത്തീൻ വിവർത്തനങ്ങളും നഷ്ടപ്പെട്ടു. മൂലകൃതിയുടെ ചില ഭാഗങ്ങൾ ഗ്രീക്കിൽ നമുക്കു ലഭിച്ചിട്ടുണ്ട്.

(v) ഏശയാഭാഷ്യം

ഒരിജൻെറ ഏശയാഭാഷ്യത്തെ ആശ്രയിച്ച് എഴുതിയതാണിത്. പത്തു പുസ്തകങ്ങളിലായിട്ടാണ് എഴുതിയതെന്ന് ഒരിടത്ത് ജറോം പറയുന്നു (മഹത്. 81). മറെറാരിടത്ത് പതിനഞ്ചെന്നും കാണുന്നു (ഏശയാ ഭാഷ്യം, പുസ്തകം അഞ്ച്, ആമുഖം). ഈ അടുത്തകാലത്ത് ഈ കൃതി ഏതാണ്ടു പൂർണമായി ഫ്ളോറൻസിലുള്ള ഗ്രന്ഥശേഖരത്തിൽനിന്ന് കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

(vi) ബഹുഭാര്യത്വവും പിതാക്കന്മാരുടെ വലിയ കുടുംബങ്ങളും

പിതാക്കന്മാരുടെ ബഹുഭാര്യത്വം സംബന്ധിച്ച ഈ കൃതി പൂർണമായി നഷ്ടപ്പെട്ടു. എവുസേബിയസ് തന്നെയും ഈ കൃതിയെപ്പററി പരാമർശിക്കുന്നുണ്ട് (സുവിശേഷത്തിനു തെളിവ് 1. 9. 20).

(vii) ഉയിർപ്പിനെപ്പററി

പെസഹായുടെ ആന്തരികാർത്ഥങ്ങളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് എവുസേബിയസ് കോൺസ്റ്റൻറൈന് ഒരു കൃതി സമർപ്പിച്ചു. അതിനു നന്ദി പറഞ്ഞുകൊണ്ട് ഈ വിഷയം സംബന്ധിച്ച് കോൺസ്റ്റൻറൈൻ എവുസേബിയസിനെഴുതി. എവു-

www.malankaralibrary.com



സേബിയസിൻെറ ഈ കൃതി നഷ്ടപ്പെട്ടു. എന്നാൽ ഹെരാക്ലെയായിലെ നിചേററസിൻെറ 'കത്തേനയി'ൽ നല്ലൊരുഭാഗം സൂക്ഷിച്ചിട്ടുണ്ട്.

നിഖ്യായിൽ ഉയിർപ്പു തിരുനാാപ്രശ്നം ചർച്ചയ്ക്കുവന്നു. സിറിയ, മെസപ്പൊട്ടേമിയ, കിലിക്യയുടെ ഭാഗങ്ങൾ എന്നിവിടങ്ങളിൽ നീസാൻ മാസം 14 ന ശേഷമുള്ള ഞായറാഴ്ചയായിരുന്നു ഉയിർപ്പുതിരുനാൾ. മററു പൗരസ്ത്യർ അലക്സാന്ത്രിയൻ കണക്കുകൂട്ടലനസരിച്ചും പാശ്ചാത്യർ റോമൻ തീയതി അനുസരിച്ചും ഉയിർപ്പ് ആഘോഷിച്ചു. നിഖ്യായിലെ ചർച്ചയനുസരിച്ച് ഉയിർപ്പിൻെറ തീയതി ഏകീകരിക്കപ്പെട്ടു. എന്നാൽ അതിനു ശേഷവും എല്ലായിടത്തും പരക്കെ ഇതു് അംഗീകരിക്കപ്പെട്ടില്ല.

## 5. താത്ത്വിക കൃതികൾ

ഒരിജൻെറ ന്യായീകരണം' എന്നൊരു കൃതി പംഫീലൃസ് എഴുതി അഞ്ചു് വാല്യങ്ങൾ പൂർത്തിയാക്കി. 308 നും 309 നും മദ്ധ്യേ ജയിലിൽ കിടന്നപ്പോൾ എവുസേബിയസിൻെറ സഹായത്തോടെയാണ് പംഫിലൂസ് ഇതു് എഴുതിയതു്. ആറാമത്തേതു് എവുസേബിയസ് പൂർത്തിയാക്കി. ഒന്നാമത്തേതു മാത്രം റൂഫീനസിൻെറ ലത്തീൻ വിവർത്തനത്തിൽ ഉണ്ടു്. ആ വിവർത്തനം കൃത്യമല്ല. ആറാം പുസ്തകത്തിൻെറ യാതൊന്നും അവശേഷിച്ചിട്ടില്ല. ഒരിജനതിരെ മററുള്ളവർ, പ്രത്യേകിച്ച് മെത്തോഡിയസ്, ഉന്നയിച്ച ആരോപണങ്ങളെ ഒരിജൻെറ കൃതികൾകൊണ്ടുതന്നെ ബന്ധിക്കയാണിതിൽ. ഈ കൃതി നഷ്ടപ്പെട്ടതു് ഒരു വലിയ നഷ്ടംതന്നെ.

### (i) മർസെല്ലൂസിനെതിരെ

എവുസേബിയസിൻെറ ജീവിതാവസാനം എഴുതിയതാണിതു്. രണ്ടു് പുസ്തകങ്ങളായിട്ടാണ് എഴുതപ്പെട്ടതു്. 335 ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡ് മർസെല്ലൂസിനെ സ്ഥാനഭ്രഷ്ടനാക്കിയതിനുശേഷമാണ് ഇതു് പ്രസിദ്ധീകരിച്ചതു്. ആരിയൻ നേതാക്കൾക്കെതിരായി മർസെല്ലൂസ് ഉന്നയിച്ച ആരോപണങ്ങൾ ഒന്നാം കൃതിയിൽ ഖണ്ഡിക്കുന്നു. രണ്ടാമത്തേതിൽ മർസെല്ലൂസിൻെറ പ്രബോധനം സബെല്ല്യസിൻെറതും സാമസോട്ടയിലെ പൗലോസിൻെറതുമാണെന്നു് സമർത്ഥിക്കുകയാണ്. ഈ രണ്ടു് കൃതികളും നമുക്കു ലഭിച്ചിട്ടുണ്ടു്.

www.malankaralibrary.com



(ii) സഭാദൈവശാസ്ത്രം

ഈ കൃതി മൂന്നു വാല്യങ്ങളിലായി മർസെല്ലസിനെതിരായി തന്നെ 337–ൽ എഴുതിയ മറെറാരു കൃതിയാണ്. അന്ത്യോക്യയിലെ ആരിയൻ മെത്രാൻ ഫ്ളച്ചില്ലസിനു് (333–342) സമർപ്പിക്കപ്പെട്ടിരിക്കുന്നു. 'മർസെല്ലസിനെതിരെ' എന്ന കൃതി കുറേക്കൂടി വിപുലപ്പെടുത്തിയതാണിതു്.

## 6. പ്രസംഗങ്ങൾ

രാജസന്നിധിയിൽ വച്ചുതന്നെ നിരവധി പ്രസംഗങ്ങൾ ചെയ്യാൻ തനിക്കു് അവസരം ലഭിച്ചിട്ടുണ്ടെന്നു് എവുസേബിയസ് പറയുന്നു (കോൺ. ജീവ. 1, 1; 3. 6 0 6). നിഖ്യായിലും അദ്ദേഹം പ്രസംഗിച്ചു. എവുസേബിയസിൻെറ ചുരുക്കം ചില പ്രസംഗങ്ങൾ ഒഴിച്ചു് മററുള്ളവയെല്ലാം നഷ്ടപ്പെട്ടു.

## 7. ലേഖനങ്ങൾ

അക്കാലത്തെ തർക്കങ്ങളിലൊക്കെ ഇടപെട്ട ആളായിരുന്നതിനാൽ എവുസേബിയസ് ധാരാളം കത്തുകൾ എഴുതിയിട്ടുണ്ടു്. എന്നാൽ അവ ശേഖരിക്കാൻ ആരും കൂട്ടാക്കിയില്ല. മൂന്നെണ്ണം മാത്രം ശേഷിക്കുന്നു. 'ഒന്നു്', 'സഭാ ദൈവശാസ്ത്ര'ത്തിനു് ആമുഖമായിട്ടുള്ളതു്. രണ്ടു്, 'എവാൻജെലിക്കൽ കാനനു്' ആമുഖമായിട്ടുള്ളതു്. മൂന്നാമതു് നിഖ്യാ കഴിഞ്ഞയുടനെ ചെസറിയായിലെ ജനങ്ങൾക്കു് അയച്ചതു്.

ഈ അവസാന കത്തു് അത്തനാസ്യോസ് തൻെറ 'നിഖ്യാസൂനഹദോസിൻെറ ഡിക്രി' കളുടെ അവസാനം ചേർത്തിട്ടുണ്ടു്. സൊക്രാട്ടസ് (സഭാ. 1, 8, 35—മുതൽ) തിയഡൊറെററ് (സഭാ. 1, 12. 1), ജലാസിയൂസ് (നിഖ്യാസൂന. 2. 35, 1) എന്നിവർ അത്തനാസ്യോസിൽനിന്നു് ഈ കത്തു് പകർത്തി എടുത്തിട്ടുണ്ടു്.

നിഖ്യായിൽ നടന്നതു് എന്താണെന്നും താൻ അവിടെ എന്തു ചെയ്തെന്നും താൻ നിഖ്യാവിശ്വാസപ്രമാണം സ്വീകരിച്ചതെന്തുകൊണ്ടാണെന്നും ഈ കത്തിൽ എവുസേബിയസ് വ്യക്തമാക്കുന്നു. കത്തിൻെറ കൂടെ രാജസന്നിധിയിൽ കൗൺസിലിൻെറ അവസരം വായിച്ച ഒരു നീണ്ട പ്രബന്ധവും ചേർത്തിട്ടുണ്ടു്. ചെസാറിയൻ സഭയുടെ വിശ്വാസപ്രമാണമാണു് അവിടെ വായിച്ചതു്. അതു കേട്ട ചക്രവർത്തി, 'ഇതു് സത്യവിശ്വാസം തന്നെ' എന്നു് എല്ലാവരെയും അറിയിച്ചു. ഇതോടുകൂടി ചില സംഗതികൾ കൂട്ടിച്ചേർക്കുവാൻ ചക്രവർത്തി കല്പിച്ചു.

www.malankaralibrary.com



അയച്ചുകൊണ്ടു് നമ്മുടെ കർത്താവു് ഇപ്രകാരം പറഞ്ഞു: 'നിങ്ങാം പോയി സകല ജാതികളെയും സ്നാനപ്പെടുത്തുവിൻ.' അവനെ സംബന്ധിച്ചു് നാം ഇപ്രകാരം വിശ്വസിക്കുന്നു എന്നു് ഉറപ്പായി പ്രഖ്യാപിക്കുന്നു; ഇപ്രകാരം നാം ചിന്തിക്കുന്നു; മുമ്പു് ഇപ്രകാരം തന്നെ വിശ്വസിച്ചിരുന്നു. മരണംവരെ ഈ വിശ്വാസം നാം പാലിക്കുകയും ചെയ്യും. അതോടൊപ്പം എല്ലാ പാഷണ്ഡതകളെയും നാം പരിത്യജിക്കുന്നു. ഓർമ്മവച്ച നാാം മുതൽ ഇങ്ങനെ തന്നെ എപ്പോഴും നമ്മുടെ ആത്മാവിലും മനസ്സിലും നാം ചിന്തിച്ചിരുന്നു; ഇപ്പോഴും ഇപ്രകാരം തന്നെ ചിന്തിക്കയും സംസാരിക്കുകയും സർവശക്തനായ ദൈവത്തിൻെറ മുമ്പാകെ സാക്ഷ്യപ്പെടുത്തുകയും നമ്മുടെ കർത്താവീശോമിശിഹായെ സാക്ഷിയായി നാം പ്രഖ്യാപിക്കുകയും ചെയ്യുന്നു. മുൻപും ഇതു തന്നെയായിരുന്നു നമ്മുടെ വിശ്വാസവും പ്രബോധനവും എന്നു് തെളിവുകാംകൊണ്ടു് നിങ്ങളെ കാണിക്കാനും ബോദ്ധ്യപ്പെടുത്താനും നമുക്കു സാധിക്കും.

4. നാം പരസ്യമായി പ്രഖ്യാപിച്ച വിശ്വാസപ്രമാണത്തിൽ പരസ്പരവിരുദ്ധമായി ഒന്നും ഇല്ലായിരുന്നു; പിന്നെയോ ഏററം സത്യവിശ്വാസപരമായ പ്രസ്താവനകളാണു് ഇതിലുള്ളതെന്നു് നമ്മുടെ ഏററം ഭക്തനായ ചക്രവർത്തി എല്ലാവരെക്കാളും മുമ്പേ സാക്ഷ്യപ്പെടുത്തി. താനും ഇപ്രകാരം തന്നെയാണു് ചിന്തിക്കുന്നതെന്നു് അദ്ദേഹം ഏററുപറയുകകൂടി ചെയ്തു. ഇതോടും ഇതിൻെറ പ്രഖ്യാപനങ്ങളോടും 'സത്തയിൽ ഒന്നു്' എന്ന ഏകപദം മാത്രം കൂട്ടിച്ചേർത്തു് ഇതംഗീകരിക്കാൻ അദ്ദേഹം സന്നിഹിതരായവരെ ഉപദേശിച്ചു. 'ജഡങ്ങളുടെ ബന്ധം' എന്നയർത്ഥത്തിലല്ല അതു വ്യാഖ്യാനിച്ചതു്; വിഭജനം വഴിയോ മറേറതെങ്കിലും വേർതിരിക്കൽ വഴിയോ പുത്രൻ പിതാവിൽനിന്നു് ജനിച്ചു എന്ന അർത്ഥത്തിലല്ല; കാരണം പദാർത്ഥരഹിതവും ബൗദ്ധികവും അശരീരവുമായ സ്വഭാവത്തിനു് ശാരീരിക വേദനകാംക്കു് വിധേയമാകാൻ സാദ്ധ്യമല്ലല്ലോ? അത്തരം സംഗതികളെ ദൈവികവും അവാച്യവുമായ രീതിയിലാണു് നാം പരിഗണിക്കുന്നതു്. ഏററം ബുദ്ധിമാനും ഭക്തിനിറഞ്ഞവനുമായ നമ്മുടെ ചക്രവർത്തിയുടെ പരാമർശനങ്ങാം ഇങ്ങനെ ഒക്കെ ആയിരുന്നു. 'സത്തയിൽ ഒന്നു്' എന്ന പ്രയോഗം ചേർത്തു് അവർ താഴെപ്പറയുന്ന ഫോർമുല ഉണ്ടാക്കി (ഇവിടെ നിഖ്യാവിശ്വാസപ്രമാണം: മുകളിൽ പേജു് 4–5 നോക്കുക).

5. 'പിതാവിൻെറ സത്തയിൽ നിന്നു്' 'പിതാവിനോടുകൂടെ ഏകസത്ത' എന്നീ ഫോർമുലകാം ഏതർത്ഥത്തിലാണവർ ഉപയോഗിച്ചതെന്നു് ചച്ച് ചെയ്യാതെയല്ല ഞങ്ങാം സ്വീകരിച്ചിരിക്കുന്നതു്. തദനുസരണം പദങ്ങളെപ്രതി ചോദ്യോത്തരങ്ങളും നടന്നു.

www.malankaralibrary.com



'സത്തയിൽനിന്ന്'' എന്നത്, 'യഥാർത്ഥത്തിൽ പിതാവിൽനിന്നാണ് പുത്രന്റെ അസ്തിത്വം എന്നും അങ്ങനെയാണെങ്കിലും പിതാവിന്റെ ഭാഗമല്ലെന്നും സൂചിപ്പിക്കുന്നു'. ഈ അർത്ഥത്തിൽ, പുത്രൻ പിതാവിൽനിന്നാണെന്നും, എങ്കിലും പിതാവിന്റെ സത്തയുടെ ഭാഗമല്ലെന്നും മററുമുള്ള മതതത്വത്തിന്റെ സാരസത്ത അംഗീകരിക്കുന്നതു് യുക്തമാണെന്ന് ഞങ്ങൾക്ക് തോന്നി. സമാധാനം കാംക്ഷിക്കുന്നതിനാലും സത്യവിശ്വാസത്തിൽ സ്ഥിരതയോടിരിക്കാൻ താൽപര്യമുള്ളതിനാലും 'സത്തയിൽ നിന്ന്'' എന്ന പദപ്രയോഗം തള്ളിക്കളയാതെ, നാമും ഇതെല്ലാം അംഗീകരിച്ചു.

6. അതുപോലെ, 'ജനിച്ചവനും സൃഷ്ടിയല്ലാത്തവനും' എന്നതും നാം അംഗീകരിച്ചു. 'സൃഷ്ടിക്കപ്പെട്ട' എന്നതു് പുത്രനിലൂടെ സൃഷ്ടിക്കപ്പെട്ട സൃഷ്ടികൾക്കുള്ള പൊതുവായ പ്രയോഗമാണ്. പുത്രന് അവയോട്ട് സാദൃശ്യം ഇല്ല. അതുകൊണ്ട് അവർ പറയുന്നു, അവനിലൂടെ സൃഷ്ടിക്കപ്പെട്ട വസ്തുക്കളെപ്പോലെ അവൻ ഒരു വസ്തുവല്ല; മറിച്ച് എല്ലാസൃഷ്ടികളെക്കാളും ഉപരിസ്ഥമായ സത്തയാണ് അവനുള്ളതു്. 'അവൻ പിതാവിൽനിന്നു ജനിച്ചു' എന്ന് ദിവ്യപ്രബോധനം പഠിപ്പിക്കുന്നു. എന്നാൽ ജനനരീതി സൃഷ്ടിക്കപ്പെട്ട എല്ലാ സ്വഭാവത്തിനും വിശകലനാതീതവും അവാച്യവുമാണ്.

7. 'പുത്രൻ പിതാവിനോട്ട് സത്തയിൽ ഒന്നാണ്'' എന്ന് പറയുന്നതിന് അടിസ്ഥാനമുണ്ടെന്ന് വിശകലനത്തിൽ നമുക്ക് മനസ്സിലായി. പദാർത്ഥങ്ങളെപ്പോലെയല്ല; നശ്വരവസ്തുക്കളെപ്പോലെയുമല്ല; കാരണം അവൻ അങ്ങനെ സത്ത വിഭജിച്ചോ, വേർപെട്ടോ, മറെറന്തെങ്കിലും ബന്ധംകൊണ്ടോ വ്യതിയാനംകൊണ്ടോ പിതാവിന്റെ സത്തയും ശക്തിയും മാറിയോ ഉണ്ടായതല്ല. (ഉത്ഭവമില്ലാത്ത പിതൃസ്വഭാവം ഇവയിൽനിന്നെല്ലാം അന്യമാണ്). മറിച്ച്, 'സത്തയിൽ പിതാവുമായി ഒന്ന്'' എന്നതു് സൃഷ്ടിവസ്തുക്കളുമായി ദൈവപുത്രന് 'സാദൃശ്യ'മില്ലെന്ന് സൂചിപ്പിക്കുന്നു. തന്നെ ജനിപ്പിച്ച പിതാവിനോടാണ് അവൻ എല്ലാവിധേനയും സദൃശ്യനായിരിക്കുന്നതു്. അവന് പിതാവിനോടല്ലാതെ മററു യാതൊരു സത്തയുമായും 'ഹൃപ്പോസ്റ്റാസിസു'മായും' സാമ്യമില്ല. ഇപ്രകാരം വ്യാഖ്യാനിക്കപ്പെട്ട ഈ പദവും അംഗീകരിക്കുന്നതു് യുക്തമാണെന്നു തോന്നി; കാരണം, പ്രാചീനരുടെ ഇടയിൽ പണ്ഡിതരും പ്രശസ്തരുമായ ചില മെത്രാന്മാരും എഴുത്തുകാരും 'സത്തയിൽ ഒന്ന്'' എന്ന് പിതാവിനെയും പുത്രനെയും പററി അവരുടെ ദൈവശാസ്ത്രപ്രബോധനത്തിൽ പ്രയോഗിച്ചിട്ടുണ്ടെന്ന' നമുക്ക് അറിവുള്ളതുമാണ്.

8. ഏററം ഭക്തനായ ചക്രവർത്തിയുടെ മുമ്പാകെ പ്രസിദ്ധീകൃതമായ വിശ്വാസം ചർച്ചചെയ്യാതെയല്ല, വിശകലനത്തി

www.malankaralibrary.com



നശേഷം മാത്രം ഞങ്ങളെല്ലാവരും അംഗീകരിച്ചു. പിന്നെയോ, മുകളിൽ പറഞ്ഞ ന്യായങ്ങളാലാണ് അത് സ്വീകരിക്കപ്പെട്ടതു്. അതേപ്പററി ഇത്രയും മതി. വിശ്വാസപ്രമാണത്തോടുകൂടി പ്രസിദ്ധീകൃതമായ ശാപങ്ങളെപ്പററി: അത് ഞങ്ങളെ വേദനിപ്പിച്ചില്ല; കാരണം, വി. ഗ്രന്ഥത്തിലില്ലാത്ത വാക്കുകൾ ഉപയോഗിക്കുന്നതു് അതു വിലക്കി; സഭയിലെ എല്ലാ കലക്കവും പ്രശ്നങ്ങളും അതിൽനിന്നാണല്ലോ ഉളവായതു്. ദിവ്യപ്രചോദിത ഗ്രന്ഥങ്ങളൊന്നും 'ഇല്ലായ്മയിൽ നിന്നു്,' 'ഒരിക്കൽ അവൻ ഇല്ലായിരുന്നു.' എന്നിത്യാദി പദങ്ങളൊന്നും ഉപയോഗിക്കാഞ്ഞതിനാൽ, അവ ഉപയോഗിക്കുവാനോ പഠിപ്പിക്കുവാനോ ഒരു ന്യായീകരണവും കണ്ടില്ല. അതു് ഒരു നല്ല തീരുമാനമായി കണ്ടതിനാൽ ഞങ്ങൾ അംഗീകരിച്ചു. ഈ പദങ്ങൾ ഉപയോഗിക്കുക ഇതുവരെ നമ്മുടെ പതിവായിരുന്നില്ല.

9. 'തൻെറ ജനനത്തിനുമുൻപ് അവനില്ലായിരുന്നു' എന്ന പ്രസ്താവനയെ ശപിച്ചതു് തെററായി തോന്നിയില്ല; കാരണം, ശാരീരികമായ തൻെറ ജനനത്തിനു മുൻപ് ദൈവപുത്രനുണ്ടായിരുന്നു എന്നതു് എല്ലാവരും പ്രഖ്യാപിക്കുന്ന സംഗതിയത്രേ.

10. 'യുഗങ്ങൾക്കു് മുമ്പുള്ള തൻെറ ദൈവികജനനമനുസരിച്ച് അവനുണ്ടായിരുന്നു' എന്നു് ഏററം ഭക്തനായ നമ്മുടെ ചക്രവർത്തിതന്നെ തദവസരം ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി. ശക്തിയിൽ അവൻ ജനിപ്പിക്കപ്പെടുന്നതിനു മുൻപു് ജനനം കൂടാതെ അവൻ പിതാവിലായിരുന്നു; പിതാവു് സദാ പിതാവാണു്; സദാ രാജാവാണു്; സദാ രക്ഷകനാണു്; അതുപോലെ എല്ലാ കാര്യങ്ങളിലും എല്ലാ വിധത്തിലും ഒരുപോലെയാണു്.

11. പ്രിയരേ, ഞങ്ങളുടെ ചർച്ചയുടെയും തീരുമാനത്തിൻെറയും ഫലങ്ങൾ ഇവയാണ്. നമ്മുടേതിൽനിന്നു് വ്യത്യസ്തമായ പ്രസ്താവനകൾ എത്ര ന്യായമായി അവസാന നിമിഷം വരെ നാം എതിർത്തുകൊണ്ടിരുന്നു എന്നും വാക്കുകളുടെ കൃത്യമായ അർത്ഥം വിശകലനം ചെയ്തിട്ടു്, നമുക്കു് ബുദ്ധിമുട്ടില്ലാത്തവ ചർച്ചകളൊന്നും കൂടാതെ എത്രവേഗം നാം അംഗീകരിച്ചെന്നും നാം പ്രസംഗിച്ചതും പ്രഖ്യാപിക്കുന്നതുമായ നമ്മുടെ വിശ്വാസപ്രമാണവുമായി എത്രമാത്രം ഒത്തുപോകുന്നെന്നും നിങ്ങളെ അറിയിക്കാൻ നാം ബാദ്ധ്യസ്ഥനായിരിക്കയാണു് (J. Stevenson, A New Eusebius, p. 364–7).

www.malankaralibrary.com

അദ്ധ്യായം 10

# എവുസേബിയസിന്റെ പിൻഗാമികൾ

## 1. ചെസറിയായിലെ അകാചിയുസ്

ചെസറിയാ രൂപതയിൽ എവുസേബിയസിന്റെ പിൻഗാമിയായി, അദ്ദേഹത്തിന്റെ ശിഷ്യനായ അകാചിയുസ് 340–ൽ തിരഞ്ഞെടുക്കപ്പെട്ടു. 366 വരെ ആ നിലയിൽ തുടർന്നു. "ഒരു കണ്ണിനു കാഴ്ചയില്ലാതിരുന്നതിനാൽ, അകാചിയുസിനു 'ഒററക്കണ്ണൻ' എന്ന ഇരട്ടപ്പേരുണ്ടായിരുന്നു" എന്നാണ് ജറോം അകാചിയുസിനെപ്പററി പറയുന്നത്. 'സഭാപ്രസംഗി'യെപ്പററി പതിനേഴ് വാല്യങ്ങളും മററ് പല പ്രശ്നങ്ങളെപ്പററി ആറ് വാല്യങ്ങളും വേറെ നിരവധി കൃതികളും അദ്ദേഹം എഴുതിയിട്ടുണ്ട്. കോൺസ്റ്റാൻസ്യസ് ചക്രവർത്തിയുടെ പക്കൽ അകാചിയുസിനു വലിയ സ്വാധീനമായിരുന്നു.; അതുപയോഗിച്ച് 'ലിബേരിയുസിന്റെ സ്ഥാനത്തു ഫേലിക്സിനെ റോമൻ മെത്രാനാക്കാൻ ഇദ്ദേഹത്തിനു സാധിച്ചു' എന്ന് പറയപ്പെടുന്നു (മഹത്. 98). ഇതു് അതിശയോക്തിയും ആലങ്കാരികപ്രയോഗവും ആയിരിക്കാം.

അന്നത്തെ സഭാരാഷ്ട്രീയത്തിൽ അകാചിയുസ് വളരെയധികം ചരടുവലികരം നടത്തി എന്നു ഫിലസ്റ്റോർജിയുസ് സാക്ഷിക്കുന്നു (സഭാ. 5, 1). ഹോമോയൻ (Homoean) എന്ന ആരിയൻ വിഭാഗത്തിന്റെ നേതാവായിരുന്നു അകാചിയുസ്. വിവിധ വിഭാഗക്കാരെ യോജിപ്പിക്കാനുള്ള മാദ്ധ്യസ്ഥരായി ഈ വിഭാഗം പ്രവർത്തിച്ചുനോക്കി. 'എല്ലാററിലും ഒരുപോലെ' (like in all respects) എന്നതായിരുന്നവരുടെ ശൈലി. 359–ലെ സെലൂഷ്യാ സിനഡിൽ അകാചിയുസ് സമർപ്പിച്ച വിശ്വാസപ്രമാണം അത്തനാസ്യോസും (ദെ സിനൊദിസ്, 29) എപ്പിഫാനിയസും (പാഷാ. 73, 25) സൊക്രാട്ടസും (സഭാ. 2, 40) ഉദ്ധരിക്കുന്നു. 360–ൽ കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ

www.malankaralibrary.com



'ഹോമോയൻ' സിനഡിന്റെ നടപടികൾ കുറിച്ചതു് അകാചിയൂസാണു് എന്നു് ഫിലസ്റ്റോർജിയസ് പറയുന്നു (സഭാ. 4, 12). എന്നാലതിലൊന്നുമവശേഷിച്ചിട്ടില്ല. 363_ൽ ജോവിയൻ ചക്രവർത്തിയുടെ കാലത്തു് അന്ത്യോക്യയിൽവച്ചു് നിഖ്യാവിശ്വാസപ്രമാണത്തിൽ അകാചിയൂസ് ഒപ്പുവെച്ചെങ്കിലും വാലൻസിന്റെ കാലത്തു് ആരിയൂനിസത്തിലേക്കു് മടങ്ങി. 365_ലെ ഒരു സിനഡ് അകാചിയൂസിനെ സ്ഥാനഭ്രഷ്ടനാക്കി.

അകാചിയൂസിന്റെ കൃതികളെല്ലാംതന്നെ നശിച്ചുപോയി. കുറെ ശകലങ്ങളൊഴിച്ചൊന്നും നമുക്കു് ലഭിച്ചിട്ടില്ല. എവുസേബിയസിന്റെ ഒരു ജീവചരിത്രവും അകാചിയൂസ് എഴുതിയെന്നു് സൊക്രാട്ടസ് പറയുന്നു (സഭാ. 2, 4). അൻസീറയിലെ മർസെല്ലൂസിനെതിരെ ഒരു കൃതിയെഴുതിയതായി എപ്പിഫാനിയസ് പറയുന്നു (പാഷാ. 72, 5_10). പാണ്ഡിത്യത്തിൽ ഉയർന്നുനിന്ന ചെസാറിയൻ പാരമ്പര്യം അകാചിയൂസും പുലർത്തിയെന്നു് ഇവയിൽനിന്നു ഗ്രഹിക്കാം. ചെസാറിയൻ ഗ്രന്ഥശേഖരം നവീകരിക്കുന്നതിനും അകാചിയൂസ് ശ്രമിച്ചു എന്നു് ജറോം പറയുന്നു (ലേഖനം. 34, 1).

## 2. ചെസറിയായിലെ ജലാസിയൂസ്

അകാചിയൂസിന്റെ പിൻഗാമിയായി ചെസറിയായിൽ മെത്രാനായതു് യറുശലേമിലെ സിറിലിന്റെ അനന്തിരവനായ ജലാസിയൂസായിരുന്നു. സത്യവിശ്വാസവും ജീവിതവിശുദ്ധിയും ജലാസിയൂസിനെ മററുള്ളവരിൽനിന്നു് വ്യത്യസ്തനാക്കിയെന്നു് തിയഡൊറെററ് പറയുന്നു (സഭാ. 5, 8). 367 ൽ ജലാസിയൂസ് ചെസാറിയൻ മെത്രാനായി. നിഖ്യായുടെ ഒരു വലിയ വക്താവായിത്തന്നെ ജലാസിയൂസ് നിലകൊണ്ടു. വാലൻസിന്റെ ഭരണകാലത്തു് ജലാസിയൂസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. എന്നാൽ 379—ൽ തിയഡോഷ്യസ് അധികാരത്തിൽ വന്നപ്പോൾ ജലാസിയൂസ് തിരികെ അധികാരത്തിൽ വന്നു. വളരെ കുലീനമായൊരു ശൈലിയിലാണദ്ദേഹം എഴുതിയിരുന്നതെങ്കിലും കൃതികളൊന്നും പ്രസിദ്ധീകരിച്ചില്ല എന്നു ജറോം പറയുന്നു (മഹത്. 130). ചില കൃതികളെങ്കിലും പ്രചാരത്തിലിരുന്നിരിക്കാം. കാരണം, തിയഡോറെററ്, ബൈസാൻസ്യത്തിലെ ലെയോൻസ്യസ് തുടങ്ങി നിരവധി എഴുത്തുകാരിൽ ജലാസിയൂസിൽനിന്നുള്ള ഉദ്ധരണികൾ കാണാം.

### കൃതികൾ

1. 'സഭാചരിത്രം' എന്ന കൃതി ജലാസിയൂസെഴുതി. ഫോസിയസ് പറയുന്നതു് ഇതു് എവുസേബിയസിന്റെ കൃതിയുടെ തുട

www.malankaralibrary.com



ച്ചയായിട്ടാണു് എന്നത്രേ (ബിബ്ലി. കോ. 89). യറുശലേമിലെ സിറിലിൻെറ പ്രേരണയാലാണു് ജലാസിയസിതെഴുതാൻ മുതിന്നതു്. ഈ കൃതി നഷ്ടമായെങ്കിലും മററു പലരുടെ കൃതികളിലും ഇതിൻെറ നിരവധി ഉദ്ധരണികളുണ്ടു്.

2. വിശ്വാസ പ്രമാണവ്യാഖ്യാനം: ഇതിൻെറ ചില ശകലങ്ങഠം മാത്രമേ നമുക്കു് ലഭിച്ചിട്ടുള്ളു. 'പിതാക്കന്മാരുടെ പ്രബോധനം' എന്ന കൃതി ഈ വ്യാഖ്യാനത്തെപ്പററി സൂചിപ്പിക്കുന്നു.

3. അനോമയർക്കെതിരെ ഒരു ഗ്രന്ഥം ജലാസിയസ് എഴുതിയെന്നു് ഫോസിയസ് പറയുന്നു (ബിബ്ലി. കോ. 88). ഇതും നഷ്ടപ്പെട്ടവയിൽ ഉഠംപ്പെടുന്നു.

## 3. ചെസറിയായിലെ എവുസോയ്യൂസ്

ജലാസിയൂസിനെ സ്ഥാനഭ്രഷ്ടനാക്കിയപ്പോഠം ആരിയൻ മെത്രാനായ എവുസോയ്യൂസ് ചെസറിയായിലെ മെത്രാനായി. ഗ്രിഗറി നസ്യാൻസനോടൊപ്പം ചെസറിയായിൽ തെസ്പിയൂസ് എന്ന പ്രഭാഷകൻെറ കീഴിൽ എവുസോയ്യൂസും പഠിച്ചിരുന്നു എന്നു് ജറോം സാക്ഷിക്കുന്നു (മഹത്. 113). ചെസാറിയൻ ഗ്രന്ഥശേഖരം സമുദ്ധരിക്കാൻ എവുസോയ്യൂസ് പരിശ്രമിച്ചു. തെയഡോഷ്യസ് ചക്രവർത്തി അധികാരത്തിൽ വന്നപ്പോഠം ഇദ്ദേഹം സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. നിരവധി കൃതികഠം എഴുതിയെന്നും അവ പ്രചാരത്തിലുണ്ടെന്നും ജറോം പറയുന്നെങ്കിലും ഒന്നിൻെറ പേരുപോലും നമുക്കറിയില്ല.

## 4. എമേസയിലെ എവുസേബിയസ്

ചെസറിയയിലെ എവുസേബിയസിൻെറ ഒരു ശിഷ്യനായിരുന്നു എമേസയിലെ എവുസേബിയസ്. മുന്നൂറാമാണ്ടിൽ എഡേസ്സയിൽ ജനിച്ച എവുസേബിയസ് വേദപുസ്തകപഠനങ്ങളിൽ തൽപ്പരനായി. മാതൃഭാഷ സുറിയാനി ആയിരുന്നതിനാൽ ഗ്രീക്കു പഠിക്കാൻ അടുത്തുള്ള ഒരു പാഠശാലയിൽ ചേർന്നു. ഷിത്തൊപ്പൊളീസിലെ പത്രോഫിലസ് എന്ന ആരിയൻ മെത്രാനായിരുന്നു ആദ്യഗുരു. എന്നാൽ ചെസറിയായിലെ എവുസേബിയസാണു് ഇദ്ദേഹത്തിൻെറ ദൈവശാസ്ത്രം രൂപീകരിച്ചതിൽ പ്രധാന പങ്കു വഹിക്കുന്നതു്. വേദപുസ്തക വ്യാഖ്യാന രീതികഠം പഠിക്കാൻ അദ്ദേഹം പിന്നീടു് അന്ത്യോക്യയിൽ പോയി. 330-ൽ ഒസ്താത്യോസിനെ സ്ഥാനഭ്രഷ്ടനാക്കിയപ്പോഠം എവുസേബിയസ് അന്ത്യോക്യയിൽ ഉണ്ടായിരുന്നു. അന്ത്യോക്യയിലെ പഠനങ്ങളെല്ലാം പൂർത്തി

www.malankaralibrary.com



യാക്കിയപ്പോഠം തത്വശാസ്ത്രപഠനത്തിന് അലക്സാണ്ഡ്രിയയിൽ പോയി. പിന്നീട് ലവദീക്യയിലെ മെത്രാനായി തീന്ന ജോർജുമായി അവിടെ വച്ച് വലിയ സൗഹൃദബന്ധത്തിൽ ഏർപ്പെട്ടു. ഈ ജോർജ് അലക്സാണ്ഡ്രിയക്കാരനും ആരിയൻ പക്ഷക്കാരനുമായിരുന്നു. അന്ത്യോക്യയിൽ തിരിച്ചെത്തിയപ്പോഠം 339ലെ അന്ത്യോക്യൻ സിനഡ് അത്തനാസ്യോസിനുപകരം അലക്സാണ്ഡ്രിയൻ മെത്രാനായി എവുസേബിയസിനെ തിരഞ്ഞെടുത്തു. അദ്ദേഹം ബുദ്ധിപൂർവം അതു നിരസിച്ചു. അധികം താമസിയാതെ ലബനീസ് ഫിനീഷ്യയുടെ തലസ്ഥാനമായ എമേസ(ഹോംസ്)യിലെ മെത്രാനായിത്തീർന്നു. ജനങ്ങഠക്ക് പണ്ഡിതനായൊരു മെത്രാനെ ആവശ്യമില്ലാഞ്ഞതിനാൽ അവർ കലഹമുണ്ടാക്കിയെന്ന് സൊക്രാട്ടസ് പറയുന്നു (സഭാ. 9,9). ഉടനെ എവുസേബിയസ് ലവദീക്യയിൽ ജോർജിന്റെ പക്കൽ അഭയം തേടി. അന്ത്യോക്യൻ പാത്രിയർക്കീസിന്റെ ഇടപെടൽ മൂലം വീണ്ടും എമേസയിൽ അധികാരത്തിലെത്താൻ അദ്ദേഹത്തിനു സാധിച്ചു. 359 ലെ സെലൂഷ്യൻ സിനഡിനു മുൻപ് എവുസേബിയസ് മരിച്ചു. അദ്ദേഹത്തെ അന്ത്യോക്യയിൽ അടക്കിയെന്ന് ജറോം പറയുന്നു (മഹത്. 91). ലവദീക്യയിലെ ജോർജ് എവുസേബിയസിനെക്കുറിച്ചൊരു സ്തുതിപ്പ് എഴുതിയിട്ടുണ്ട്. അതിന്റെ ഒരു ഭാഗം സൊക്രാട്ടസും (സഭാ. 2,9) സൊസോമനും (സഭാ. 3,6) ഉദ്ധരിക്കുന്നു.

ജറോം എവുസേബിയസിനെ ആര്യൻ പക്ഷത്താണ് കാണുന്നത്. എന്നാൽ അദ്ദേഹത്തെ ആരിയനായി കാണുന്നതിൽ നീതീകരണമൊന്നുമില്ല: അദ്ദേഹം നിഖ്യാവിരുദ്ധനായിരുന്നു. ആരിയനിസത്തെ അതിന്റെ ശുദ്ധരൂപത്തിൽ എതിർത്തുമിരുന്നു. സെമി–ആരിയൻ പക്ഷത്തു് ഇദ്ദേഹത്തെ ചേർക്കുന്നതാണ് ഏറെ ശരി. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായിരുന്നു എവുസേബിയസ് എന്നു ജറോം സാക്ഷിക്കുന്നു. യൂദർക്കും ജാതികഠക്കും നോവേഷ്യർക്കുമെതിരെ, സുവിശേഷ സംബന്ധമായ പ്രഭാഷണങ്ങഠ, ഗലാത്യലേഖന ഭാഷ്യം തുടങ്ങിയവയെപ്പററി ജറോം തിയഡോറെററ് ആദിയായവർ സൂചിപ്പിക്കുന്നു. എവുസേബിയസിന്റെ പല കൃതികളും പൂർണമായോ ഭാഗികമായോ ഈയടുത്തകാലത്തു് സിറിയൻ, അർമേനിയൻ വിവർത്തനങ്ങളിൽ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

www.malankaralibrary.com



## അനുബന്ധം 1

# എമേസയിലെ നെമേസിയുസ്

എമേസയിൽ എവുസേബിയസിന്റെ ഒരു പിൻഗാമിയായിരുന്നു നെമേസിയുസ്. ഇതിനപ്പുറം അദ്ദേഹത്തെപ്പററി അധികമൊന്നും നമുക്കറിയില്ല. എന്നാൽ 'മനുഷ്യസ്വഭാവത്തെപ്പററി' എന്നൊരു ഗ്രന്ഥം അദ്ദേഹം രചിച്ചു. ആ ഗ്രന്ഥം വളരെ പ്രാധാന്യമുള്ള ഒന്നാണ്. ഗ്രന്ഥകാരനെപ്പററി കുറെയൊക്കെ വെളിച്ചം വീശുന്നതാണ് ഈ കൃതി. അദ്ദേഹം കുറെയൊക്കെ ലിബറൽ ഗ്രീക്ക് വിദ്യാഭ്യാസം നേടി. തത്വശാസ്ത്രവും വൈദ്യവും പഠിച്ചു, മനഃശാസ്ത്രത്തിലും ശരീരശാസ്ത്രത്തിലും നൈപുണ്യം നേടി. വെളിപാടുമായി ഒത്തുപോകത്തക്ക ഒരു മനുഷ്യശാസ്ത്രം പ്ളറേറാണിക തത്വചിന്തയിൽ പണിതുയർത്തുക എന്നതായിരുന്നു ലക്ഷ്യം. ആത്മാവും ശരീരവുമുള്ള മനുഷ്യന്റെ അപഗ്രഥനം സാമാന്യം ഭംഗിയായി അദ്ദേഹം നടത്തി. 'പ്രാതിഭാസിക ലോകത്തിന്റെയും യാഥാർത്ഥ്യലോകത്തിന്റെയും ഇടയ്ക്കുള്ള കണ്ണിയാണ് മനുഷ്യൻ ഈ ലോകം മനുഷ്യനുവേണ്ടിയാണ്; സമസ്ത സൃഷ്ടികളും മനുഷ്യസേവനാർത്ഥമാണ് എന്നു പോകുന്നു അദ്ദേഹത്തിന്റെ ചിന്ത.

മനുഷ്യനെപ്പററി വളരെ സമഗ്രമായി ഒരപഗ്രഥനം നടത്താനായിരുന്നു അദ്ദേഹത്തിന്റെ പദ്ധതി. എന്നാൽ അതു പൂർണമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മൊത്തം നാൽപത്തിനാല് അദ്ധ്യായങ്ങളുണ്ട്: ഒരാമുഖം (1), ആത്മാവിനെപ്പററി (2); ആത്മാവും ശരീരവും തമ്മിലുള്ള ബന്ധം (3); ശരീരം (4); പദാർത്ഥങ്ങൾ (5); ഭാവന (6); കാഴ്ച (7); സ്പർശനം (8); രുചി (9); കേൾവി (10); മണം (11); ബുദ്ധിശക്തി (12); ഓർമശക്തി (13); ചിന്തയും പ്രകടിപ്പിക്കലും (14); ആത്മാവിന്റെ വിഭജനം (15); വികാരം (16); മോഹം (17); സന്തോഷം (18;) ദുഃഖം (19); ഭയം (20); കോപം (21) ബുദ്ധിയുടെ നിയന്ത്രണത്തിനു കീഴ്‌വഴങ്ങാത്ത മൃഗീയാത്മാവ് (irrational part) (22); വളർച്ച (23); നാഡിയിടിപ്പ് (24); ജനിപ്പിക്കുന്ന ശക്തി (25); ഒരു ജീവിയുടെ ജീവിതത്തെ നിയന്ത്രിക്കുന്ന ശക്തികളെ (faculties) മറെറാരു നോട്ടത്തിൽ (26); മനസ്സിനെ (will) ആശ്രയിച്ചുള്ള പ്രവർത്തനം (impulsion) (27); ശ്വസനം (28); ഇച്ഛാനുസരണവും അല്ലാതെയുമുള്ള പ്രവർത്തനങ്ങൾ (29–34); ഫേററലിസത്തിനെതിരെ (35–38); സ്വാതന്ത്ര്യമനസ്സ് (39–41); ദൈവികപരിപാലന സംബന്ധിച്ചുള്ള ക്രിസ്തീയ പ്രബോധനം (42–44) എന്നിങ്ങനെയാണ് വിഷയവിഭജനം.

www.malankaralibrary.com



പ്ളേറോ, അരിസ്റ്റോട്ടൽ, എപ്പിക്കൂരുസ്, സ്റ്റോയിക് താത്വികർ എന്നിവരെ നെമേസിയുസ് അപഗ്രഥിക്കുന്നു. അതുപോലെ ഗാലൻ എന്ന ഭിഷഗ്വരൻ, പെരിപ്പതെററിക് ഏസ്യുസ്, അമ്മോണിയുസ്, പ്ളൊത്തീനസ്, പൊർഫീരി, യാംബ്ളിക്കസ് തുടങ്ങിയവരുടെ ഗ്രന്ഥങ്ങളും അദ്ദേഹം പഠിച്ചിരുന്നു.

പ്ളേറോയെപ്പോലെ ആത്മാവിൻെറ പ്രസ്ഥിതിയിൽ അദ്ദേഹം വിശ്വസിക്കുന്നു. എന്നാൽ നെയോപ്ളറോണിക് ദ്വൈതം തള്ളിക്കളയുന്നു. മനുഷ്യാത്മാവിനെ അപഗ്രഥിക്കുമ്പോൾ അരിസ്റ്റോട്ടലിൻെറ ചിന്തകൾ സ്വീകരിക്കുന്നു. ദൈവശാസ്ത്രം അന്ത്യോക്യനാണെങ്കിലും ക്രിസ്തുശാസ്ത്രം സംബന്ധിച്ച് തിയഡോറിയൻ ശൈലി സ്വീകരിക്കുന്നില്ല.

കൃതിയിൽ ഒരിടത്ത് എവ്വുണോമിയസിനെപ്പററിയും മൂന്നിടത്ത് ലവദീക്യയിലെ അപ്പൊള്ളിനാരിയസ്സിനെപ്പററിയും തൻെറ സമകാലീനരായി പറയുന്നുണ്ട്. തിയഡോർ 392–ൽ മൊപ്സുവെസ്ത്യയിലെ മെത്രാനായി. തിയഡോറിയൻ വീക്ഷണം പ്രത്യക്ഷമായത് 'തിരുവവതാരം' എന്ന തിയഡോറിയൻ കൃതിയിലാണ്. എവ്വുണോമിയസ് 392 ൽ മരിച്ചു. അപ്പൊള്ളിനാരിയസും ഏതാണ്ട് ആ അവസരം മരിച്ചു. അതിൻെറയർത്ഥം ഏതാണ്ട് 400–ാമാണ്ടിലായിരിക്കാം നെമേസിയസ് തൻെറ കൃതിയെഴുതിയതെന്നത്രേ; ഒരിജനെ ശപിച്ചതിനെപ്പററിയും നെസ്തോറിയൻ–എവ്വുത്തീക്കിയൻ–പെലാജിയൻ വീക്ഷണങ്ങൾ പ്രചരിച്ചതിനെപ്പററിയും ഒന്നും ഇതിൽ പറഞ്ഞിട്ടില്ല.

മധ്യകാലഘട്ടത്തിലെ ജനങ്ങൾ നെമേസിയുസ്സിൻെറ കൃതി ധാരാളമായി വായിച്ചിരുന്നു. സ്രോതസ്സിനെപ്പററിയൊന്നും പറയാതെ ജോൺ ഡമഷീൻ തൻെറ 'സത്യവിശ്വാസ വിശകലനം' എന്ന കൃതിയെഴുതാൻ ഇതു വളരെയധികം ഉപയോഗിച്ചു. ഒരു നൂററാണ്ടു കഴിഞ്ഞ്, ഫ്രീജിയയിലെ ഒരു സന്യാസിയായ മെലേസ്യുസ് പദാനുപദമിത് പകർത്തി 'മനുഷ്യഘടന' എന്നൊരു കൃതിയെഴുതി. മെലേസ്യൻ പകർപ്പ് മറെറാരു കോപ്പിയായി വേണമെങ്കിൽ കരുതാം. എന്നാൽ മെലേസ്യുസ് നെമേസ്യുസിൻെറ പേരൊരിടത്തും ചേർത്തിട്ടില്ല. നിസ്സായിലെ വി. ഗ്രിഗോറിയോസിൻെറ De hominis opificio എന്ന കൃതിയുടെ തലക്കെട്ട് നെമേസ്യുസിൻെറതുമായി സാമ്യമുള്ളതിനാൽ നെമേസ്യുസിൻെറ കൃതി ഗ്രിഗറിയുടെ കൃതിയായി വളരെ നാളത്തേക്ക് പലരും കരുതിയിരുന്നു. എട്ടാം നൂററാണ്ടിൽ അർമേനിയനിലേക്കു വിവർത്തനം ചെയ്ത അർമേനിയൻ മെത്രാൻ ഇതു് ഗ്രിഗറിയുടെ കൃതിയായിട്ടാണ് കരുതിയത്. രണ്ടു ലത്തീൻ വിവർത്തനങ്ങൾ ഉണ്ടായവയിൽ ഒന്ന് ഗ്രന്ഥകർത്താവിൻെറ പേര് നൽകുന്നില്ല. മററത് ഗ്രിഗറിയുടെ പേരാണ് നൽകുന്നത്.

www.malankaralibrary.com



ലെർണോയിലെ ആർച്ചുബിഷപ്പ് നിക്കൊളാവൂസ് അൽഫാസ്സൂസ് (+1085) ആണു് ഒരു വിവർത്തകൻ. മററത്തു് ഒരു റിച്ചാർഡ് ബുർഗ്ഗുൻഡിയോ (1194). രണ്ടാമത്തേതു് പീററർ ലൊംബാർഡും തോമസ് അക്വിനാസും ആദ്യത്തേതു് മഹാനായ ആൽബർട്ടും ഉപയോഗിച്ചു. നവോത്ഥാനകാലത്തു് രണ്ടു പുതിയ ലത്തീൻ വിവർത്തനങ്ങൾ കൂടിയുണ്ടായി. ഒന്നു് ജോർജിയോ വല്ല (1499) എന്നയാളും മററത്തു് ജോൺ കൊനോവ് എന്ന ഡൊമിനിക്കൻ സന്യാസിയും. ഗ്രിഗറിയുടെതായിട്ടാണു് പലരുമിതു് അച്ചടിച്ചതു്. മനുഷ്യനെ സംബന്ധിച്ചുള്ള പഠനങ്ങൾക്കു് വി. തോമസ് അക്വിനാസിനെ ഈ കൃതി വളരെയധികം സഹായിച്ചിട്ടുണ്ടു്.

www.malankaralibrary.com

അദ്ധ്യായം 11

# യറുശലേമിലെ വി. സിറിൽ

നാലാം നൂററാണ്ടിൽ യറുശ്ലേമിൽ ഉണ്ടായിരുന്ന മെത്രാന്മാരിൽ എഴുത്തുകാരനെന്നനിലയിൽ സിറിൽ മാത്രമേ വിഖ്യാതനായിട്ടുള്ളു. അദ്ദേഹത്തിൻെറ മതാധ്യാപനപ്രസംഗങ്ങളാണു് അദ്ദേഹത്തെ പ്രശസ്തനാക്കിയതു്. അദ്ദേഹത്തിൻെറ ജന്മസ്ഥലവും ജനനത്തീയതിയും കൃത്യമായി നമുക്കറിവില്ല. 315 നോടടുത്തു് യറുശ്ലേമിൽ അദ്ദേഹം ജനിച്ചു എന്നു് കരുതപ്പെടുന്നു. 348 ൽ അദ്ദേഹം അവിടത്തെ മെത്രാനായി. ചെസറിയയിലെ മെത്രാപ്പോലീത്താ ആയ അകാചിയുസാണു് സിറിലിനു പട്ടംകൊടുത്തതു്. അകാചിയുസാകട്ടെ ആരിയൻ ചിന്താഗതിക്കാരനായിരുന്നു. ആരിയൻ പക്ഷപാതത്തിലേക്കു ചാഞ്ഞതുവഴിയാണു് സിറിൽ മെത്രാനായതെന്നു് ചിലർ ആരോപണം ഉന്നയിച്ചു. എന്നാൽ തിയഡൊറെററിൻെറ (സഭാ. 2, 22) അഭിപ്രായം സിറിൽ തികച്ചും സത്യവിശ്വാസിയായിരുന്നു എന്നത്രേ. 382–ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡിലെ സിനൊഡൽ ലേഖനവും ഇതുതന്നെ സാക്ഷിക്കുന്നു (സഭാ. 5, 9).

മെത്രാനായി അധികം കഴിയുന്നതിനുമുമ്പേ സിറിലും അകാചിയുസും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. നിഖ്യാസ്സുനഹദോസിൻെറ ഒരു വക്താവായി ആരിയൻ പക്ഷക്കാർ സിറിലിനെ കുററപ്പെടുത്തി. മൂന്നു പ്രാവശ്യം തൻെറ രൂപതയിൽനിന്നു് സിറിൽ ബഹിഷ്കൃതനായി. 357–ൽ യറുശ്ലേമിൽ കൂടിയ സിനഡു് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി; സിറിൽ തർസോസിൽ അഭയം തേടി. അടുത്ത വർഷം സെലൂഷ്യൻ സിനഡു് അദ്ദേഹത്തെ വീണ്ടും രൂപതയിൽ തിരികെയിരുത്തി; എങ്കിലും 360–ൽ അകാചിയുസ് വീണ്ടും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. 362–ൽ ജൂലിയൻ ഭരണാധികാരിയായപ്പോൾ തിരികെ വരുന്നതിനു് സിറിലിനെ അനുവദിച്ചു. 366ൽ അകാചിയുസ് മരിച്ചെങ്കിലും സിറിലിനു് നീണ്ട വിപ്രവാസം വരാനിരുന്നതേയുള്ളു. 367–ൽ വാലൻസ് എന്ന ചക്രവർത്തി

www.malankaralibrary.com



സിറിലിനെ നാടുകടത്തി. അദ്ദേഹം പതിനൊന്നു വർഷം വിപ്രവാസത്തിൽ കഴിയേണ്ടിവന്നു. 378-ൽ വാലൻസ് മരിക്കുന്നതുവരെ ഈ നില തുടർന്നു. 381-ലെ എക്യുമെനിക്കൽ സിനഡിൽ സിറിൽ പങ്കെടുത്തു. 386 മാർച്ച് 18-ാം തീയതി അദ്ദേഹം മരിച്ചു. കിഴക്കും പടിഞ്ഞാറുമുള്ള സഭകൾ മാർച്ച് 18-ാം തീയതി സിറിലിന്റെ ഓർമ്മദിവസമായി കൊണ്ടാടുന്നു.

## കൃതികൾ

### 1. മതാധ്യാപനപ്രസംഗങ്ങൾ (Catechetical homilies)

യറുശലേമിലെ തിരുക്കല്ലറ ദൈവാലയത്തിൽ (Church of the Holy Sepulcre) സിറിൽ ചെയ്ത 24 മതാധ്യാപന പ്രസംഗങ്ങൾ വളരെ വിഖ്യാതങ്ങളാണ്. അവ സിറിൽതന്നെ എഴുതിയവയല്ല; പ്രത്യുത, ശ്രോതാക്കളിലൊരാൾ പ്രസംഗാവസരങ്ങളിൽ കുറിച്ചുവച്ചവയാണ്. പല കയ്യെഴുത്തു പ്രതികളിലും ഈ കുറിപ്പു കാണാം. ഈ പ്രസംഗങ്ങളെ രണ്ടായി തിരിക്കാം: ഒന്ന്: പ്രാരംഭപ്രബോധനങ്ങൾ (Procatecheses); അവ 18 എണ്ണം ഉണ്ട്. അടുത്തു വരുന്ന ഉയിർപ്പു തിരുനാളിന്റെ അവസരം സ്നാനം സ്വീകരിക്കാനുള്ള സ്നാനാർത്ഥികൾക്കുള്ളതാണവ. വലിയ നോമ്പിന്റെ അവസരമാണ് സ്നാനാർത്ഥികൾ ഒരുങ്ങുക. രണ്ട്: അവസാനത്തെ അഞ്ചു പ്രസംഗങ്ങൾ; അവ മിസ്റ്റഗോഗിക്കൽ കാററക്കെസെസ് (Mystagogical Catecheses) എന്നറിയപ്പെടുന്നു. സ്നാനം പ്രാപിച്ചവർക്ക് ഉയിർപ്പുവാരത്തിൽ നൽകിയ ഉപദേശങ്ങളാണവ.

പ്രാരംഭ പ്രബോധനങ്ങൾ സ്നേഹവും താൽപര്യവും ഏറുന്നവയാണ്: 'സന്തുഷ്ടിയുടെ രക്ഷകൻ നിങ്ങളുടെമേൽ ഇപ്പോഴെ വന്നുകഴിഞ്ഞു. നിങ്ങൾ പ്രകാശിതരാകാൻ തുടങ്ങിക്കഴിഞ്ഞു. സ്വർഗീയ കിരീടം മെടയുന്നതിനുള്ള നിർമല കുസുമങ്ങൾ പറിക്കാൻ നിങ്ങളിപ്പോഴേ തുടങ്ങിക്കഴിഞ്ഞു. പരിശുദ്ധാത്മാവിന്റെ പരിമളം നിങ്ങളുടെമേൽ ഇപ്പോഴേ വന്നുകഴിഞ്ഞു. നിങ്ങളിതാ രാജകീയ മണവറയിൽ ആഗതരായിരിക്കുന്നു. രാജാവുതന്നെ നിങ്ങളെ മണവറയിലേക്ക് ആനയിക്കട്ടെ'.

സ്നാനാർത്ഥികൾക്കുണ്ടായിരിക്കേണ്ട ചൈതന്യത്തെപ്പററി അദ്ദേഹം തുടർന്നു പ്രതിപാദിക്കുന്നു: തപസ്സിൻേറയും പ്രാർത്ഥനയുടേയും അരൂപി, സ്വയംനിഗ്രഹം, മനഃശുദ്ധത, ശുദ്ധനിയോഗം, ഏററം പാവനമായ ഉദ്ദേശ്യം എന്നിവയെപ്പററി അവരെ ബോധവാന്മാരാക്കുന്നു. രക്ഷാകരരഹസ്യം നിഗൂഢമായൊരു യാഥാർത്ഥ്യമായതിനാൽ ഇതു രഹസ്യമായിത്തന്നെ കാക്കണമെന്ന് വളരെ ശക്തിയായി അദ്ദേഹം അനുശാസിക്കുന്നു.

www.malankaralibrary.com



സ്നാനത്തിനു് ആവശ്യമായ മാനസിക നിലയെപ്പററി സിറിൽ ഉദ്ബോധിപ്പിക്കുന്നു. എല്ലാ ലൗകിക വ്യഗ്രതകളും ദൂരെയെറിയണം; യാതൊരു വിരോധവും വച്ചുകൊണ്ടിരിക്കാതെ എല്ലാവരോടും ക്ഷമിക്കണമെന്നും വി. ഗ്രന്ഥപാരായണംവഴി ആത്മീകഭക്ഷണം കഴിച്ചു് ആത്മാവിനെ ശക്തിപ്പെടുത്തണം എന്നും പഠിപ്പിക്കുന്നു.

അതുപോലെ, അനുതാപം, പാപമോചനം, പ്രലോഭനങ്ങൾ, സ്നാനം, രക്ഷ, സ്നാനകർമ്മം, അതിന്റെ അർത്ഥവും ഫലങ്ങളും എന്നിവയും സിറിൽ വിവരിക്കുന്നു. നാലാം പ്രസംഗത്തിൽ ക്രിസ്തീയ തത്ത്വസംഹിത ചുരുക്കി വിവരിക്കുന്നു. അഞ്ചാമത്തേതിൽ, വിശ്വാസത്തിന്റെ ഉത്ഭവവും സ്വഭാവവും.

ആറു മുതൽ 18 വരെയുള്ള കാററക്കെററിക്കൽ പ്രസംഗങ്ങൾ യറുശലേമിൽ നിലവിലിരുന്ന വിശ്വാസപ്രമാണത്തെ അപഗ്രഥിക്കയാണു്. 381-ലെ കോൺസ്റ്റാൻറിനോപ്പിളിലെ വിശ്വാസപ്രമാണത്തോടു് വളരെ സാമ്യമുള്ളതായിരുന്നു പ്രസ്തുത പ്രമാണം.

അഞ്ചു് മിസ്റ്റഗോഗിക്കൽ പ്രസംഗങ്ങൾ സ്നാനം, പരിശുദ്ധാത്മാവിന്റെ ആവാസം, കുർബാന എന്നിവയെപ്പററി വിവരിക്കുന്നു. സ്നാനാർത്ഥികൾ ആദ്യമായി പ്രാപിച്ച ഈ മൂന്നു രഹസ്യങ്ങൾ കൂടുതൽ ആഴമായി വിവരിച്ചുകൊടുക്കുകയാണിവിടെ.

ഏതു വർഷമാണു് ഈ പ്രസംഗങ്ങൾ നടത്തിയതു് എന്നതു സംബന്ധിച്ചു് പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടു്. 350-ൽ മെത്രാനായിരുന്ന അവസരത്തിലാണു് സിറിൽ ഈ പ്രസംഗം ചെയ്തതെന്നാണു് പൊതുവായ ധാരണ.

## 2. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്കുള്ള കത്തു്

351 മെയ് 7-ാം തീയതി യറുശലേമിൽ ആകാശത്തൊരു വലിയ കുരിശു പ്രത്യക്ഷമായി. അതുസംബന്ധിച്ചാണു് ഈ കത്തു്:

'വിശുദ്ധ പെന്തിക്കോസ്തി പെരുന്നാളിന്റെ ഈ ദിവസങ്ങളിൽ മേയ് മാസത്തിൽ ഏതാണ്ടു് മൂന്നുമണി സമയത്തു് പ്രകാശത്താൽ രൂപീകൃതമായ ഭീമാകാരമായൊരു സ്ലീബാ ആകാശത്തിൽ കാണപ്പെട്ടു. ഗോഗുൽത്തായുടെ മുകളം മുതൽ ഒലിവുമലവരെ അതു് വ്യാപിച്ചിരുന്നു. ഒന്നോ രണ്ടോ പേർ മാത്രമല്ല, നഗരത്തിലുള്ള എല്ലാവരും അതു് വ്യക്തമായി കണ്ടു. ഒരു

www.malankaralibrary.com



ഭാവനാസൃഷ്ടിപോലെ അത്ര പെട്ടെന്ന് അത്ര കടന്നു പോയതുമില്ല; ഏതാനും മണിക്കൂറുകൾ സമയം ഭൂമിക്ക് മുകളിൽ അതു കാണപ്പെട്ടു. സൂര്യകിരണങ്ങളേക്കാൾ ശോഭയേറിയ പ്രകാശം അതു ബഹിർഗമിപ്പിച്ചുകൊണ്ടിരുന്നു. അപ്രകാരം അല്ലായിരുന്നെങ്കിൽ നഗരവാസികൾ അതു ദർശിക്കയില്ലായിരുന്നു. മറിച്ച് നഗരത്തിലുള്ളവരെല്ലാം ഈ സ്വർഗീയ ദർശനംകൊണ്ടുണ്ടായ ഭയത്താലും ആനന്ദത്താലും നിറഞ്ഞു് മർത്തീരി (Martyry)യിലേക്ക് ഓടിക്കൂടി. യുവാക്കളും വൃദ്ധരും എല്ലാ പ്രായത്തിലുമുള്ള സ്ത്രീകളും പുരുഷന്മാരും, ക്രിസ്ത്യാനികളും അല്ലാത്തവരും ഒററ നാവിൽ എല്ലാ അത്ഭുതങ്ങളും പ്രവർത്തിക്കുന്ന ദൈവത്തിൻെറ ഏകജാതനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന് ഒരു സ്തോത്രഗീതം പാടി.'

'നമ്മുടെ ദൈവം രാജാവിനു് ശാന്തിയും അനുഗ്രഹവും പ്രദാനം ചെയ്യട്ടെ' എന്ന പ്രാർത്ഥനയോടു കൂടി സിറിൽ കത്തു് അവസാനിപ്പിക്കുന്നു. 351–ൽ ഉണ്ടായ ഈ അത്ഭുതത്തിൻെറ വാർത്ത തീർത്ഥകർ ലോകം മുഴുവൻ പരത്തി എന്നു സൊസോമെൻ(സഭാ. 4:5) സാക്ഷിക്കുന്നു.

കോൺസ്റ്റൻറൈൻ ചക്രവർത്തിയുടെ കാലത്തു്, കർത്താവിൻെറ സ്ളീബാ കണ്ടെടുക്കപ്പെട്ടെന്നു് കത്തിൽ പറയുന്നു. എന്നാൽ അതു കണ്ടുപിടിക്കപ്പെട്ട അവസരം നടന്ന അത്ഭുതങ്ങളെപ്പററി സിറിലൊന്നും പറയുന്നില്ല.

## 3. പ്രഭാഷണങ്ങൾ

പൂർണമായി ഒരു പ്രഭാഷണമേ നമുക്കു ലഭിച്ചിട്ടുള്ളു. മററുള്ളവയുടെ ചില ഭാഗങ്ങൾ കൈവന്നിട്ടുണ്ട്. കുളക്കരയിൽ നാൽപ്പതുവർഷം കർത്താവിൻെറ ദൂതനെ കാത്തുകിടന്ന തളർവാതരോഗിയെപ്പററിയാണു് ഈ പ്രസംഗം.

### ദൈവശാസ്ത്രം

ആരിയൻ ചിന്താഗതിക്കാരെന്നു് ചിലർ സിറിലിനെ കററപ്പെടുത്തിയെങ്കിലും, കൃതികളിലൊന്നിലും പ്രസ്തുത ചിന്താഗതി കാണുന്നില്ല. സമകാലീനതത്വികതർക്കങ്ങളിൽ നിന്നകന്നു ജീവിക്കാൻ സിറിൽ ശ്രമിച്ചു. താത്വികതർക്കങ്ങളേക്കാൾ പ്രായോഗിക കാര്യങ്ങളിലായിരിക്കാം സിറിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചതു്.

www.malankaralibrary.com



## 1. ക്രിസ്തുശാസ്ത്രം

തന്റെ പതിനൊന്നാം പ്രസംഗത്തിൽ സിറിൽ ക്രിസ്തുവിന്റെ ദൈവത്വം പഠിപ്പിക്കുന്നു. 'അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്ന ആരിയൻ വാദം പാടേ തള്ളിക്കളയുന്നു. 'അവൻ ദത്തെടുക്കലാലല്ല; സ്വഭാവത്താലെതന്നെ ദൈവപുത്രനാകുന്നു' എന്നു സ്പഷ്ടമായി പ്രബോധിപ്പിച്ചു:

'അവൻ സ്വഭാവത്താലെ ദൈവപുത്രനാകുന്നു; ദത്തെടുക്കൽ വഴിയല്ല; അവൻ പിതാവിൽനിന്നു ജനിച്ചവനാകുന്നു....ദൈവം ജനിപ്പിക്കുന്നു എന്നു കേൾക്കുമ്പോൾ ശാരീരികമായി ചിന്തിക്കരുതു്. നശ്വരമായ ജനനത്തെപ്പററി വിഭാവന ചെയ്തു് ദൈവദൂഷണത്തിൽ വീഴാനിടയാകരുതു്. ദൈവം ആത്മാവാകുന്നു (യോഹ. 41,24). ദൈവികജനനം ആത്മീയമാകുന്നു. ജഡങ്ങൾ ജഡങ്ങളിൽനിന്നു ജനിക്കുന്നു. അതു പൂർണമാകാൻ കുറേ സമയപരിധി അത്യാവശ്യമാണു്. പിതാവിൽ നിന്നു പുത്രൻ ജനിക്കുന്നതു് സമയത്തിലല്ല; ജഡങ്ങൾ അപൂർണമായിട്ടാണു് ജനിക്കുന്നതു്; എന്നാൽ ദൈവപുത്രൻ പരിപൂർണനായിട്ടത്രേ പിറന്നതു്. കാരണം, ഇപ്പോളവനെന്താകുന്നുവോ, ആദിയിൽ കാലാതീതമായി ജനിച്ചപ്പോഴേ ആകുന്നു. ശിശുത്വത്തിൽ നിന്നു പുരുഷത്വത്തിലേയ്ക്കു് വികസിക്കാനായി നാം ജനിക്കുന്നു. മനുഷ്യനെന്ന നിലയിൽ ആദ്യഘട്ടത്തിൽ നീ അപൂർണനാണു്; പടിപടിയായി നീ പുരോഗമിക്കുന്നു. ദൈവികജനനത്തിൽ ഇങ്ങനെയൊന്നും ചിന്തിക്കരുതു്; സ്രഷ്ടാവിനു് കഴിവില്ലെന്നു് കരുതുകയുമരുതു്. ജനിച്ചവൻ ആദ്യം അപൂർണനായിരുന്നു; സമയത്തിൽ അവൻ പൂർണനായി എന്നു കരുതിയാൽ സ്രഷ്ടാവിനു കഴിവില്ലെന്നു നീ ചിന്തിക്കുകയായിരിക്കും ചെയ്യുക. അതായതു്, പിന്നീടു നൽകി എന്നു കരുതപ്പെടുന്നവ തന്നേ ജനിപ്പിച്ചവൻ ആരംഭത്തിൽ നൽകിയില്ലെന്നു് വരുമല്ലോ.

അബ്രഹാം ഇസഹാക്കിനെ ജനിപ്പിച്ചതുപോലെ മാനുഷികജനന ഭാഷയിൽ ചിന്തിക്കരുതു്. കാരണം, അബ്രഹാം യഥാർത്ഥത്തിൽ ഇസഹാക്കിനെ ജനിപ്പിച്ചു. എന്നാൽ അവൻ ജനിപ്പിച്ചതു് അവന്റെ മനസ്സിന്റെ സൃഷ്ടിയല്ല; പ്രത്യുത, മററൊരാൾ അവനു് കൊടുത്തതത്രേ. എന്നാൽ എന്തായിത്തീരും എന്നു് അറിവില്ലാതെയല്ല; വിചിന്തനത്തിനുശേഷവുമല്ല ദൈവം ജനിപ്പിച്ചതു്. താൻ ജനിപ്പിക്കുന്നവനെ ദൈവം അറിഞ്ഞില്ല എന്നു പറയുന്നതു് ഏററവും വലിയ ദൈവദൂഷണമായിരിക്കും; വിചിന്തനത്തിനുശേഷം മാത്രമേ പിതാവു് പിതാവായുള്ളു എന്നു ചിന്തിക്കുന്നതും അതുപോലെ ഗർഹണീയമാണു്. ദൈവം ആദ്യം സന്താനരഹിതനായിരുന്നില്ല. അവൻ കുറേ കഴിഞ്ഞു്

www.malankaralibrary.com



പിതാവായി തീർന്നതല്ല. പിന്നെയോ, നിത്യത്വത്തിലേ അവന്ന് തന്റെ പുത്രനുണ്ടായിരുന്നു; മനുഷ്യൻ മനുഷ്യരെ ജനിപ്പിക്കുന്നതുപോലെയല്ല; എന്നാൽ അതെങ്ങനെയെന്നു ജനിപ്പിച്ചവനായ അവനു മാത്രമറിയാം. അവൻ യുഗങ്ങൾക്കു മുമ്പേ ദൈവമാകുന്നു. സത്യദൈവമായ പിതാവ് തന്നെപ്പോലെ സത്യദൈവമായ പുത്രനെ ജനിപ്പിച്ചു.'

നിഖ്യായുടെ പ്രബോധനത്തോട് ഏറ്റവുമധികം യോജിക്കുന്നതാണ് സിറിലിന്റെ ഈ പ്രബോധനം. 'പിതാവ് ദൈവമായിരിക്കുന്നതുപോലെ ക്രിസ്തു സത്യമായും ദൈവമാണ്' (Cat. 11,14). അവനും പിതാവും ഒന്നാകുന്നു. ദൈവത്വത്തിലുള്ള മഹത്വത്തിൽ മൂവരും ഒന്നാകുന്നു. അവരുടെ രാജ്യം സംബന്ധിച്ചും ഒന്നാകുന്നു. അവരുടെയിടയിൽ പിളർപ്പോ, പിണക്കമോ, ഇല്ല എന്നതിലും ഒന്നാകുന്നു. ക്രിസ്തുവിന്റെ സൃഷ്ടികർമ്മങ്ങൾ പിതാവിന്റേതുതന്നെയാകുന്നു എന്നതിൽ ഒന്നാകുന്നു (11,16). സിറിൽ പറയുന്നു, മനുഷ്യരെ പ്രതി പാതാളത്തിലേക്കിറങ്ങിയവൻ, സത്യമായും ആദിയിൽ കളിമണ്ണിൽ നിന്നു് മനുഷ്യനെ ഉണ്ടാക്കിയ നിർമ്മാതാവാകുന്നു (11,24). നിഖ്യായുടെ 'ഹോമോ ഉസിയോസ്' എന്ന പദം സിറിൽ ഉപയോഗിച്ചുകാണുന്നില്ല. വേദപുസ്തകത്തിലെ ഭാഷയോടാണ് സിറിൽ പ്രതിപത്തി കാണിക്കുന്നത്. സന്മാർഗശാസ്ത്രത്തിൽ നിന്നും മററും കടമെടുത്ത പദങ്ങൾ അദ്ദേഹം അധികം ഇഷ്ടപ്പെടുന്നില്ല (5,12). മറെറാന്ന്, 'ഹോമോ ഉസിയോസ്' എന്ന പദം സബെല്ലിയൻ പാഷാണ്ഡതയുമായി ബന്ധപ്പെടുത്തി ചിലർ മനസ്സിലാക്കിയിരുന്നു. തുടരെത്തുടരെ സിറിൽ സബെല്ലിയനിസത്തിനെതിരെ ശ്രോതാക്കളെ ബോധവാന്മാരാക്കുന്നുണ്ട്. താൻ ഒരേ സമയം ആരിയസിനും സബെല്ലിയസിനും എതിരാണെന്ന് സിറിൽ കാണിക്കുന്നു:

'ദൈവപുത്രനിലും വിശ്വസിക്കുക. നമ്മുടെ ഏക രക്ഷകൻ അവനാകുന്നു. കർത്താവായ യേശുക്രിസ്തു! ദൈവത്തിൽ നിന്നുള്ള ദൈവം; ജീവനിൽ നിന്നു ജനിച്ച ജീവൻ; പ്രകാശത്തിൽ നിന്നുള്ള പ്രകാശം; ജനിപ്പിച്ചവനെപ്പോലെ എല്ലാററിലും തുല്യൻ (എൻ പാസിൻ ഹൊമൊയ്യോസ് തോ ഗെഗെന്നേക്കോതി). അവൻ കാലത്തിലല്ല തന്റെ അസ്തിത്വം സ്വീകരിച്ചത്; പ്രത്യുത യുഗങ്ങൾക്കു മുമ്പേ പിതാവിൽ നിന്നു ജനിച്ചവനാകുന്നു. അതു് നിത്യവും അഗ്രാഹ്യവുമായ വിധത്തിലത്രേ. ദൈവത്തിന്റെ ജ്ഞാനവും, ശക്തിയും, നീതിയും വ്യക്തിപരമായി അവനിൽ സ്ഥിതി ചെയ്യുന്നു (existing hypostatically). യുഗങ്ങൾക്കു മുമ്പേ അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനാകുന്നു. ചിലർ പറയുന്നതുപോലെ, തന്റെ പീഡാനുഭവത്തിനു

www.malankaralibrary.com



ശേഷമല്ല അവൻ കിരീടം ധരിപ്പിക്കപ്പെട്ടതു്; കുരിശിലെ സഹനത്തിന്റെ പ്രതിഫലമായി ദൈവം അവനെ വലത്തുഭാഗത്തിരുത്തി എന്നു കരുതുക ശരിയല്ല. താനരുവായ ഉറവിടത്തിന്റെ രാജകീയ മഹത്വം അവനുണ്ടു്. അവൻ നിത്യമായി താതനിൽ നിന്നു ജനിച്ചതിനാൽ നിത്യമായി തന്നെ അതവനുണ്ടു്. അവൻ ദൈവമെന്ന നിലയിൽ ദൈവത്തിന്റെ ജ്ഞാനവും ശക്തിയും പിതാവിന്റെ സിംഹാസനത്തിന്റെ ഓഹരിക്കാരനുമാകുന്നു. അവൻ പിതാവിനോടൊപ്പം ഭരിക്കുന്നു. പിതാവുവഴി അവൻ എല്ലാററിന്റേയും സ്രഷ്ടാവുമാകുന്നു. ദൈവത്തിന്റെ മഹത്വത്തിൽ അവനൊന്നിനും കുറവില്ല; പിതാവു് അവനെ അറിയുന്നതുപോലെ, തന്നെ ജനിപ്പിച്ച പിതാവിനേയും അവൻ അറിയുന്നു. ചുരുക്കത്തിൽ, 'പിതാവല്ലാതെ പുത്രനെയാരും അറിയുന്നില്ല; പുത്രനല്ലാതെ പിതാവിനെയാരും അറിയുന്നില്ല (മത്താ. 11,27) എന്ന സുവിശേഷം ഞാൻ നിങ്ങളെ ഓർപ്പിക്കുന്നു (ആരിയസ് ചെയ്യുതുപോലെ). പിതാവിനെ പുത്രനിൽ നിന്നു കററരുതു്. പിതാവിനേയും പുത്രനേയും ഒരാളായി കരുതി, അവനിൽ നിങ്ങളുടെ വിശ്വാസം വയ്ക്കരുതു് (സബെല്ലിയസ് ചെയ്യതുപോലെ). നിങ്ങളോ, ഏകദൈവത്തിന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കണം. അവൻ യുഗങ്ങൾക്കെല്ലാം മുൻപേ ദൈവമാകുന്നു, ദൈവത്തിന്റെ വചനമാകുന്നു' (4,7/8).

## 2. പരിശുദ്ധാത്മാവു്

പുത്രനെപ്പോലെ പരിശുദ്ധാത്മാവും ദൈവികസത്തയിൽ പങ്കാളിയാണു്. പരിശുദ്ധാത്മാവിന്റെ വ്യക്തിത്വത്തെപ്പററി സ്പഷ്ടമായി സിറിൽ പഠിപ്പിക്കുന്നു. അവിഭക്തമാണു് നമ്മുടെ വിശ്വാസം. വേർപെടുത്താൻ അസാധ്യമാണു് നമ്മുടെ ഭക്തി. നാം ത്രിത്വത്തെ വേർപെടുത്തുന്നില്ല; സബെല്ലിയസ് പഠിപ്പിച്ചതുപോലെ കൂട്ടിക്കുഴയ്ക്കുന്നുമില്ല (16,14).

## 3. മാമോദീസാ

മാമോദീസാ സംബന്ധിച്ചുള്ള സഭാപഠനം വ്യക്തമാക്കാൻ റോമർക്കുള്ള ലേഖനം ആറാം അദ്ധ്യായം സിറിൽ ചർച്ചാവിഷയമാക്കുന്നു. ക്രിസ്തു കബറിൽ അടക്കപ്പെട്ടതുപോലെ, പാപി സ്നാനജലത്തിൽ മുങ്ങുന്നു; ക്രിസ്തുവിനെപ്പോലെ അവൻ ജലത്തിൽ നിന്നു പുതിയ ജീവനിലേയ്ക്കു പുറത്തുവരുന്നു (2,4); സ്നാനം കല്ലറയും അമ്മയുമാണു്. 'ഒരേ സമയം നിങ്ങൾ മരിക്കയും ജനിക്കയും ചെയ്യു. രക്ഷാകരജലം ഒരേ സമയം നിങ്ങൾക്കു് കല്ലറയും മാതാവുമായി തീർന്നു. മററുള്ളവരെപ്പററി സോളമൻ പറഞ്ഞതു് നിങ്ങളെപ്പററിയും പറയാം. അവൻ പറഞ്ഞു: 'ജനിക്കാനൊരു

www.malankaralibrary.com



കാലം മരിക്കാനൊരു കാലം' (സഭാപ്രസംഗി 3,2). എന്നാൽ നിങ്ങളെ സംബന്ധിച്ച് അതിൻെറ എതിരാണ്. മരണസമയം ജനനസമയമാണ്. ഒരേ കാലം ഇവ രണ്ടും ഒന്നിച്ചു കൊണ്ടുവരുന്നു; നിങ്ങളുടെ മരണത്തോടൊപ്പം നിങ്ങളുടെ ജനനവുമാകുന്നു' (2,4).

സ്നാനം ക്രിസ്തുവിൻെറ മരണത്തിലും ഉയിർപ്പിലും, അനുകരണവും സാമ്യവും വഴിയുള്ള ഭാഗഭാഗിത്വമാണ്. പാപമോചനത്തേയും ദത്തെടുക്കലിനേയുംകാൾ ഉപരിസ്ഥമാണിത്:

'അഗ്രാഹ്യവും അവാച്യവുമായ യാഥാർത്ഥ്യം! നാം യഥാർത്ഥത്തിൽ (അലേത്തോസ്) മരിച്ചില്ല, നാം യഥാർത്ഥത്തിൽ ക്രൂശിക്കപ്പെട്ടില്ല, നാം യഥാർത്ഥത്തിൽ ഉയിർപ്പിക്കപ്പെട്ടില്ല. നമ്മുടെ അനുകരണം ഒരു ആലങ്കാരികമായിരുന്നു (Figure-എൻ എയ്കോണി ഹേ മിമേസിസ്). എന്നാൽ നമ്മുടെ രക്ഷയാകട്ടെ, യാഥാർത്ഥ്യവും. ക്രിസ്തു യഥാർത്ഥത്തിൽ ക്രൂശിക്കപ്പെട്ടു; അവൻ യഥാർത്ഥത്തിൽ കബറടക്കപ്പെട്ടു; അവൻ യഥാർത്ഥത്തിൽ ഉയിർത്തെഴുന്നേററു. ഇതെല്ലാം നമുക്കുവേണ്ടിയാകുന്നു. നാം യഥാർത്ഥമായി രക്ഷനേടുവാൻ വേണ്ടി അനുകരണം വഴിഅവൻെറ കഷ്ടതകളിൽ ഭാഗഭാഗിത്വം നേടി. ഓ, അത്ഭുതാവഹവും സ്നേഹനിർഭരവുമായ കാരുണ്യം! തൻെറ കളങ്കരഹിതമായ കൈകളിലും കാലുകളിലും ക്രിസ്തു ആണികളേററു; അവൻ വേദന സഹിച്ചു. എന്നാൽ കഷ്ടതയോ ആണിയോ കൂടാതെ അവൻെറ വേദനയിലുള്ള ഭാഗഭാഗിത്വം വഴി അവൻ എനിക്കു രക്ഷ നേടിത്തന്നു. സ്നാനം യോഹന്നാൻെറ സ്നാനംപോലെ പാപമോചനത്തിനുള്ള ഒരു കൃപാവരമോ, ദത്തെടുക്കലോ മാത്രമാണെന്ന് ആരും കരുതാതിരിക്കട്ടെ. ഇതു പാപം കഴുകുന്നു എന്നു നമുക്കറിയാം; ഇതു പരിശുദ്ധാത്മാവിനെ നമുക്കു പ്രദാനം ചെയ്യുന്നു. ഇതു ക്രിസ്തുവിൻെറ കഷ്ടതകളുടെ പകർപ്പാണ്. അതുകൊണ്ടാണ് വി. പൗലോസ്ശ്ളീഹാ ഉച്ചത്തിൽ വിളിച്ചു പറയുന്നത്, 'യേശുക്രിസ്തുവിൽ' സ്നാനം സ്വീകരിച്ച നിങ്ങൾ അവൻെറ മരണത്തിലാകുന്നു സ്നാനം സ്വീകരിച്ചതു് എന്നു നിങ്ങൾ അറിയുന്നില്ലയോ? (റോമ. 6,3). സ്നാനം, പാപമോചനവും ദത്തെടുക്കലും മാത്രമാണ്; ക്രിസ്തുവിൻെറ യഥാർത്ഥമായ കഷ്ടതകളിൽ പ്രതിരൂപങ്ങൾ വഴി ഭാഗഭാഗിത്വം നൽകുന്നില്ല എന്ന ചിന്താഗതിക്കാരോടാണ് പൗലോസ് പറയുന്നത്'.

'ക്രിസ്തു സഹിച്ചതെല്ലാം നമുക്കുവേണ്ടിയും നമ്മുടെ രക്ഷയെ പ്രതിയുമാണ്, കാഴ്ചയിൽ മാത്രമല്ല, യഥാർത്ഥമായും നാമും അവൻെറ കഷ്ടതയുടെ പങ്കുകാരാണ്. ഇതു നമ്മെ ഗ്രഹിപ്പിക്കാൻ പൗലോസ് യഥാർത്ഥമായി വിളിച്ചു പറയുന്നു: 'അവൻെറ

www.malankaralibrary.com



മരണത്തിന്റെ ഛായയിൽ അവനോടുകൂടെ ഉറപ്പിക്കപ്പെട്ട നാം അവന്റെ ഉയിർപ്പിന്റെ ഛായയിൽ അവനോടൊത്തു വാഴും' (റോമ. 6,5)'(മിസ്റ്റ. കാററ. 2,5–7).

പ്രരംഭപ്രബോധനത്തിൽ (16) സ്നാനത്തെ 'മാഞ്ഞുപോകാത്ത മുദ്ര'യെന്നു സിറിൽ വിളിക്കുന്നു. അടിമകൾക്ക് വിട്ടതലും, തെറ്റുകൾക്കു മോചനവും, പാപത്തിന് മൃതിയും, ആത്മാവിന് നവജനനവും അതു നേടിത്തരുന്നു. സ്നാനമോ, രക്തസാക്ഷിത്വമോ കൂടാതെ ഒരുവനും രക്ഷ പ്രാപിക്കാൻ സാധ്യമല്ല എന്നു സിറിൽ ഉറപ്പായി വിശ്വസിച്ചിരുന്നു.

## 4. കുർബാന

കുർബാനയെ സംബന്ധിച്ച പ്രബോധനത്തിലാണ് സിറിൽ തന്റെ മുൻഗാമികളേക്കാൾ വളരെ പുരോഗമിച്ചിരിക്കുന്നത്. കുർബാനയാൽ ക്രിസ്തു യഥാർത്ഥമായി സന്നിഹിതനാണെന്ന യാഥാർത്ഥ്യം വളരെ സ്പഷ്ടമായി അദ്ദേഹം പഠിപ്പിക്കുന്നു. 1 കൊറിന്ത്യർ 11:23–25 ഉദ്ധരിച്ചശേഷം അദ്ദേഹം പറയുന്നു.

'ഇതെന്റെ അപ്പമാകുന്നു' എന്ന് അവൻ തന്നെ വെളിപ്പെടുത്തുകയും പറയുകയും ചെയ്തിട്ടും അതേപ്പററി സംശയിക്കാൻ ആരാണ് മുതിരുന്നത്! 'ഇതെന്റെ രക്തമാകുന്നു' എന്ന് അവൻ തറപ്പിച്ചു പറഞ്ഞിട്ടും 'ഇതവന്റെ രക്തമല്ല' എന്നു പറഞ്ഞ് ആരാണ് സംശയിക്കുന്നത് (മിസ്റ്റ. കാററ. 4,1).

'അതുകൊണ്ട് പൂർണ ഉറപ്പോടുകൂടി കർത്തൃശരീരരക്തങ്ങളിലെന്നവണ്ണം അപ്പവീഞ്ഞുകളിൽ സംബന്ധിക്കാം. അപ്പത്തിന്റെ രൂപത്തിൽ അവന്റെ ശരീരം നിനക്കു നൽകപ്പെടുന്നു. വീഞ്ഞിന്റെ സാദൃശ്യത്തിൽ അവന്റെ രക്തവും. അവന്റെ ശരീരരക്തങ്ങളിലുള്ള ഭാഗഭാഗിത്വംവഴി, നീ അവനോടൊപ്പം ഒരു ശരീരവും ഒരു രക്തവുമായി തീരുവാൻ തന്നെ. അവന്റെ ശരീരരക്തങ്ങൾ നമ്മുടെ അവയവങ്ങളിൽ നാം വഹിക്കുന്നതിനാൽ നാം ക്രിസ്തുവാഹകരായിത്തീരും (ക്രിസ്റ്റോഫൊറോയ്). പത്രോസ് ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ (2 പത്രോ. 1:4) 'നാം അവന്റെ ദൈവികസ്വഭാവത്തിൽ ഭാഗഭാക്കുകളാകും'(മിസ്റ്റ. കാററ. 4.3).

'രുചിയിൽ അപ്പമായിരുന്നാലും, അപ്പമായി കാണപ്പെടുന്നത് അപ്പമല്ല, ക്രിസ്തുവിന്റെ ശരീരമാകുന്നു. വീഞ്ഞിന്റെ രുചിയാണെങ്കിലും വീഞ്ഞായി കാണപ്പെടുന്നത് വീഞ്ഞല്ല, ക്രിസ്തുവിന്റെ തിരുരക്തമാകുന്നു' (അതേ കൃതി, 4.9).

www.malankaralibrary.com



'അപ്പവീഞ്ഞുകളെ വെറും പദാർത്ഥങ്ങളായി കണക്കാക്കരുത്' കർത്തൃവചനാനുസൃതം അവ തൻെറ ശരീരവും രക്തവുമാകുന്നു. ഇന്ദ്രിയങ്ങൾ അപ്രകാരം കാട്ടിയാലും വിശ്വാസം നിന്നെ ഉറപ്പിക്കട്ടെ. പദാർത്ഥത്തെ രുചിയിൽനിന്നു വിധിക്കരുത്; പ്രത്യുത വിശ്വാസത്തിൽനിന്നു നിനക്കുറപ്പുകിട്ടണം. അതായത്, അവ യഥാർത്ഥമായി ക്രിസ്തുവിൻെറ ശരീരവും രക്തവുമാകുന്നെന്ന് (4.6).കാനായിൽ വെള്ളത്തെ വീഞ്ഞാക്കിയവന്ന് വീഞ്ഞിനെ തൻെറ രക്തമാക്കി മാററാൻ കഴിവുണ്ടെന്ന് നാം വിശ്വസിക്കണം'(4,2). റൂഹായുടെ ആവാസമാണു അപ്പവീഞ്ഞുകളെ ശരീരരക്തങ്ങളാക്കുന്നതെന്നു സിറിൽ പഠിപ്പിക്കുന്നു (1,7).

കുർബാന ബലിയാണെന്ന ആശയവും സിറിൽ വിശദീകരിക്കുന്നു. 'ആത്മീയബലി', 'രക്തരഹിതമായ ബലി' ,'നിരപ്പാക്കുന്ന ബലി,' 'ആവശ്യക്കാർക്കെല്ലാംവേണ്ടി അർപ്പിക്കപ്പെട്ടുന്ന മാധ്യസ്ഥ്യയാഗം' എന്നെല്ലാം സിറിൽ കുർബാനയെ വിളിക്കുന്നു. നമ്മുടെ പാപപരിഹാരാർത്ഥം നറുക്കപ്പെട്ട ക്രിസ്തുവാകുന്ന ബലിവസ്തുതന്നെയാണ് കുർബാനയിലെ അർപ്പണത്തിലും നറുക്കപ്പെടുന്നത് (5,8–10).

കുർബാനയെ ഭീതികരവും ഭക്തിജന്യവുമായ യാഥാർത്ഥ്യം (awful or awe inspiring) എന്ന് ആദ്യമായി വിളിക്കുന്നതും സിറിലാണ്.

www.malankaralibrary.com

അദ്ധ്യായം 12

# ദിയദോറും തിയഡോറും

അന്ത്യോക്യൻ വിദ്യാപാഠശാലയിലെ പ്രഗത്ഭരും ശ്രേഷ്ഠരുമായ ആചാര്യന്മാരായിരുന്നു തർസോസിലെ ദിയദോറും മൊപ്സുവെസ്ത്യായിലെ തിയഡോറും. 'സത്യവിശ്വാസത്തിന്റെ മഹാസ്തംഭമായി' ജീവിതകാലത്തു് ദിയദോർ പ്രകീർത്തിക്കപ്പെട്ടിരുന്നു. എന്നാൽ മരണശേഷം ഒരു നൂററാണ്ടു കഴിഞ്ഞു്, നെസ്തോറിയനിസത്തിന്റെ ആരംഭകൻ എന്ന നിലയിൽ ദിയദോർ വിധിക്കപ്പെട്ടു. ദിയദോറിനേക്കാൾ ഉയർന്ന ഒരു ചിന്തകനും ദൈവശാസ്ത്രജ്ഞനുമായിരുന്നു തിയഡോർ. ജീവിതകാലത്തു് ദിയദോറിനെപ്പോലെ സത്യവിശ്വാസത്തിന്റെ ഒരുറച്ച പ്രബോധകനായി തിയഡോറും പ്രകീർത്തിക്കപ്പെട്ടെങ്കിലും, മരിച്ചു് 125 വർഷം കഴിഞ്ഞപ്പോൾ ദിയദോറിന്റെ വിധിതന്നെ തിയഡോറിനും ലഭിച്ചു. ഒരബദ്ധോപദേശകനായി മുദ്രകുത്തപ്പെട്ടു്, വിധിക്കപ്പെട്ടു.

## 1. തർസോസിലെ ദിയദോർ

അന്ത്യോക്യയിൽ ജനിച്ച ദിയദോർ ആഥൻസിൽ ക്ലാസ്സിക്കൽ പഠനം വളരെ പ്രശസ്തരീതിയിൽ നടത്തി. അവിടത്തെ പഠനം കഴിഞ്ഞു്, അന്ത്യോക്യയിലെത്തി സിൽവാനോസിന്റെയും എമേസയിലെ എവുസേബിയൂസിന്റെയും കീഴിൽ ദൈവശാസ്ത്ര പരിശീലനം നടത്തി. പഠനമെല്ലാം കഴിഞ്ഞപ്പോൾ അദ്ദേഹം സന്യാസജീവിതം തെരഞ്ഞെടുത്തു. അന്ത്യോക്യയ്ക്കടുത്തു് ഒരു സന്യാസാശ്രമത്തിൽ അദ്ദേഹം അദ്ധ്യക്ഷനായിരുന്നെന്നു് സൊക്രാട്ടസും (സഭാ. 6:3), സൊാസോമനും (സഭാ. 8:2) പറയുന്നു. ഒരു പണ്ഡിതനും അദ്ധ്യാപകനും എന്ന നിലയിൽ പുറജാതികൾക്കും പാഷണ്ഡികൾക്കുമെതിരെ നിഖ്യാവിശ്വാസം ഉയർത്തിക്കാട്ടാൻ ദിയദോർ വളരെയധികം പരിശ്രമിച്ചു. ജോൺ ക്രിസസ്തോം, തിയഡോർ എന്നിവർ ദിയദോറിന്റെ ശിഷ്യഗണത്തിൽ ഉൾ

www.malankaralibrary.com



പ്പെടുന്നു. വിശ്വാസത്യാഗിയായ ജൂലിയൻ ചക്രവർത്തി 362 ജൂൺ മുതൽ 363 മാർച്ചുവരെ അന്ത്യോക്യയിൽ താമസിച്ചുകൊണ്ട് വിഗ്രഹാരാധന പുനർജീവിപ്പിക്കാൻ ആവുന്നത്ര ശ്രമിച്ചു. ദിയദോർ അതൊരു വലിയ വെല്ലുവിളിയായി കണക്കാക്കി. 'ഗ്ലീലായർക്കെതിരെ' എന്നൊരു ഗ്രന്ഥമെഴുതാൻ ജൂലിയൻ അന്ത്യോക്യയിൽ വച്ച് വളരെ പണിപ്പെട്ടു. 'അനേക രാത്രികൾ അതിനായി അദ്ധ്വാനിച്ചു.' 'യേശുക്രിസ്തുവിന്റെ ദൈവത്വം ഉയർത്തിക്കാട്ടുന്നതിൽ സമുദ്രത്തിലെ ഒരുയർന്ന പാറപോലെ ദിയദോർ ഉയർന്നു' (തിയഡോറെറ്റ്, സഭാ. 4:22). ജൂലിയൻ ദിയദോറിനെ അപലപിക്കാനും തറപറ്റിക്കാനും ശ്രമിച്ചു. 'ഗ്ലീലായരുടെ ഒരു പുരോഹിതക്ഷുദ്രക്കാരൻ,' 'കൃഷിക്കാരുടെ മതത്തിന്റെ വക്താവ്' എന്നു തുടങ്ങിയ പദപ്രയോഗങ്ങൾ ജൂലിയന്റെ തൂലികയിൽ നിന്നടർന്നുവീണു. 'അവന്റെ (ദിയദോറിന്റെ) നിർജീവമുഖവും വികൃതരൂപവും അനാരോഗ്യവും ദേവകോപം വിളിച്ചറിയിക്കുന്നു' എന്ന് ജൂലിയൻ കൊട്ടിഘോഷിച്ചു. ക്രിസ്തുവിന്റെ ദൈവത്വം ദിയദോറിന്റെ കണ്ടുപിടിത്തമായിവരെ ജൂലിയൻ വ്യാഖ്യാനിച്ചു: 'നസ്രായരുടെ മന്ത്രവാദിയായ ദിയദോർ ക്ഷുദ്രപ്രയോഗങ്ങളാൽ തന്റെ ഭോഷത്തങ്ങൾ വർദ്ധിപ്പിച്ചു. എല്ലാദേവന്മാരും ദേവിമാരും കലാദേവികളും ഭാഗ്യദേവികളും എന്നെ സഹായിച്ചാൽ, വെറുമൊരു കെട്ടുകഥയുടെ അടിസ്ഥാനത്തിൽ ദിയദോർ പ്രഖ്യാപിക്കുന്ന അവന്റെ പുതിയ ഗ്ലീലായദൈവം ഹീനമായ മരണവും കല്ലറയും വഴി ദിയദോർ അവന് ആരോപിച്ച ദൈവത്വത്തിൽ നിന്ന് എങ്ങനെ നീക്കപ്പെട്ടു എന്ന് ഞാൻ കാണിക്കാം' (PL. 67:621) എന്നു പോകുന്നു ജൂലിയന്റെ പ്രസ്താവനകൾ. 372-ൽ ജൂലിയന്റെ പിൻഗാമിയായ വാലൻസ് ദിയദോറിനെ അർമേനിയായിലേയ്ക്ക് നാടുകടത്തി. അവിടെ വച്ച് അദ്ദേഹം മഹാനായ വിശുദ്ധ ബസേലിയോസുമായി ബന്ധപ്പെടാൻ തുടങ്ങി. വാലൻസ് മരിച്ചപ്പോൾ ദിയദോർ തിരികെ വരികയും 378-ൽ സിലിഷ്യയിലെ തർസോസിൽ മെത്രാനാകുകയും ചെയ്തു. 381-ൽ കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിൽ സംബന്ധിച്ചു. 381 ജൂലൈ 30 ലെ രാജകീയ വിളംബരം അദ്ദേഹത്തെ സത്യവിശ്വാസത്തിന്റെ ഒരുത്തമവക്താവായി പ്രഖ്യാപിച്ചു. 394 നു മുമ്പേ മരിച്ചു എന്നു കരുതപ്പെടുന്നു. 438-ൽ അലക്സാന്ത്രിയായിലെ സിറിൽ 'ദിയദോറിനും തിയഡോറിനുമെതിരെ' എന്ന കൃതിയിൽ നെസ്തോറിയസിന്റെ പ്രബോധനങ്ങളുടെ ഹേതുഭൂതരായി ദിയദോറിനെയും തിയഡോറിനെയും ചിത്രീകരിച്ചു. ഇക്കാരണം പറഞ്ഞു തന്നെ 499-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡ് ദിയദോറിനെ കുറ്റക്കാരനായി വിധിച്ചു.

www.malankaralibrary.com



## കൃതികൾ

ദിയദോർ വലിയൊരു എഴുത്തുകാരനായിരുന്നു. ബൈബിൾ ഭാഷ്യം, വിശ്വാസസമർത്ഥന കൃതികൾ, താർക്കികകൃതികൾ, താത്വികകൃതികൾ, വാനശാസ്ത്രം, ഭൂമിശാസ്ത്രം, എന്നിവ സംബന്ധിച്ച കൃതികൾ ആദിയായവ രചിച്ചിട്ടുണ്ട്. അബ്ദീശോയുടെ (+1318) കണക്കനുസരിച്ച് ദിയദോർ 60 കൃതികൾ എഴുതി. എന്നാൽ ഈ കൃതികളുടെ വളരെ കുറച്ചു ഭാഗങ്ങൾ മാത്രമേ ഇന്ന് കൈവന്നിട്ടുള്ളു. പാഷണ്ഡി എന്ന് മുദ്രകുത്തി തള്ളപ്പെട്ടതിനാലാണ് ദിയദോറിന്റെ കൃതികൾ നഷ്ടമാകാൻ ഇടയായത്. അബ്ദീശോ പറയുന്നു: 'തർസോസിലെ ദിയദോർ അറുപതു കൃതികളെഴുതി. അവയിൽ മിക്കതും ആരിയർ കത്തിച്ചുകളഞ്ഞു. അവശേഷിക്കുന്നവ താഴെ പറയുന്നവയാണ്: ദൈവപരിപാലന, ജ്യോതിഷർക്കെതിരെ, എവുണോമിയർക്കെതിരെ, മററ് പാഷണ്ഡികൾക്കെതിരെ, യൂദന്മാർക്കെതിരെ, മാനിക്കേയർക്കെതിരെ, അപ്പൊള്ളിനാരിയസിനെതിരെ, മത്തായിയുടെ സുവിശേഷത്തിന്റെ ഒരു ഭാഗത്തിന്റെ ഭാഷ്യം' (B. O. 3.1,28 = ജി. ചേടിയത്ത്, സുറിയാനിസഭാപിതാക്കന്മാർ, കോട്ടയം, 1982, p. 11, n. 15).

അലക്സാണ്ഡ്രിയൻ കലാലയത്തിന്റെ രൂപകാർത്ഥപ്രതിപാദനഭാഷ്യരീതി ദിയദോർ പാടെ ഉപേക്ഷിച്ചു. ചരിത്രപരവും നിരുക്തിപരവുമായ രീതിയാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. വി. ഗ്രന്ഥത്തിന്റെ ഗൂഢാർത്ഥത്തിലേക്കാഴ്ന്നിറങ്ങാൻ ദിയദോർ കൂട്ടാക്കുന്നില്ല. നിവേശിതഗ്രന്ഥകാരൻ ഉദ്ദേശിച്ച അർത്ഥം കണ്ടുപിടിക്കാനാണ് ശ്രമിക്കുന്നത്. മിക്കവാറും എല്ലാ ബൈബിൾ ഭാഗങ്ങൾക്കും അദ്ദേഹം ഭാഷ്യങ്ങൾ എഴുതിയിരുന്നു. 'തീയറിയും അല്ലെഗൊറിയും (Theoria and Allegoria) തമ്മിലുള്ള വ്യത്യാസം' എന്ന ശീർഷകത്തിൽ ഭാഷ്യതത്വങ്ങൾ ചർച്ച ചെയ്യുന്ന ഒരു ഗ്രന്ഥം ദിയദോർ രചിച്ചതായി സുയിദാസ് എന്ന പണ്ഡിതൻ പറയുന്നു.

പുറജാതികൾക്കും യൂദന്മാർക്കും, പാഷണ്ഡികൾക്കുമെതിരായി ദിയദോർ കൃതികളെഴുതിയിട്ടുണ്ട്. മാനിക്കേയർക്കെതിരെ 25 പുസ്തകങ്ങളെഴുതി എന്ന് കൽക്കദോനിയയിലെ മെത്രാനായ ഹെരാക്ലിയൻ പറയുന്നു (ഫോസിയൂസ്, ബിബ്ലി. കോ. 85). ഇരുപത്തിഅഞ്ചിൽ, ആദ്യത്തെ ഏഴ് പുസ്തകങ്ങൾ മാനിയുടെ ശിഷ്യനായ അദ്ദാസിന്റെ കൃതിയെ ഖണ്ഡിക്കുകയാണ്. ബാക്കി കൃതികളിൽ, മാനിക്കേയർ സ്വന്തം പിൻതുണക്കായി സാധാരണ ഉദ്ധരിക്കാറുള്ള ചില വേദപുസ്തകവാക്യങ്ങളുടെ അർത്ഥം വ്യക്തമാക്കുന്നു. 'സിനൂസിയാസ്റ്റർക്കെതിരെ' എന്ന കൃതി

www.malankaralibrary.com



യിൽ നിന്നു് ഒരു 'സിറിയൻ ഫ്ളോറിലേജ്' 33 ഉദ്ധരണികൾ എടുത്തിട്ടുണ്ട്.

ഫൊത്തീനൂസ്, മാർക്കിയോൻ, സബെല്ലിയസ്, അൻസീറയിലെ മാർസെല്ലസ് എന്നിവർക്കെല്ലാം എതിരായി ദിയദോർ എഴുതിയിട്ടുണ്ടെന്നു് തിയഡൊറെറ്റ് പറയുന്നു (പാഷ. 2,11). 'പരിശുദ്ധാത്മാവിനെപ്പറ്റി' എന്ന ദിയദോറിയൻ കൃതിയേപ്പറ്റി ഫോസിയുസ് സൂചിപ്പിക്കുന്നു. അതിൽ നെസ്തോറിയൻ പാഷണ്ഡതയുടെ സ്പർശനമേറ്റിട്ടുണ്ട് എന്നാണു് ഫോസിയുസിൻെറ കുറിപ്പ് (ബിബ്ലി. കോ. 102).

വാനശാസ്ത്രത്തിൽ അദ്ദേഹം പ്രാവീണ്യം നേടിയിരുന്നു. സുയിദാസിൻെറ അഭിപ്രായത്തിൽ അഞ്ചു് കൃതികളെങ്കിലും അദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ ഒരെണ്ണത്തെപ്പറ്റി മാത്രം ഫോസിയുസ് രേഖപ്പെടുത്തുന്നു (അതേകൃതി, 223). ചെസറിയായിലെ എവുസേബിയസിനെതിരെ 'ക്രോണിക്കോൻ' (Chroicon) എന്നൊരു കൃതിയും ദിയദോർ എഴുതിയതായി സുയിദാസ് പറയുന്നു.

## 2. മൊപ്സുവെസ്ത്യയിലെ തിയഡോർ

ദിയദോറിൻെറ ശിഷ്യനായ തിയഡോറും അന്ത്യോക്യയിലാണു് ജനിച്ചതു്. ലിബാനസ് എന്ന പണ്ഡിതൻെറ കീഴിൽ പ്രഭാഷണകലയും സാഹിത്യവും പഠിച്ചു. അവിടെ വച്ചാണു് ജോൺ ക്രിസസ്തോമുമായുള്ള പരിചയം തുടങ്ങിയതു്. അതു് ജീവിതകാലം മുഴുവൻ നീണ്ടുനിന്നു. ക്രിസസ്തോമിൻെറ മാതൃകയും ഉപദേശവും ഒരു സന്യാസിയാകാൻ തിയഡോറിനെ പ്രേരിപ്പിച്ചു. ഇരുപതു് വയസ്സ് തികയുന്നതിനു മുമ്പ് അന്ത്യോക്യക്കടുത്തുള്ള ഒരാശ്രമത്തിൽ ചേർന്നു. എന്നാൽ പെട്ടെന്നു് തീക്ഷ്ണത തണുത്തുപോയ തിയഡോർ, ഒരഭിഭാഷകനായി ഗാർഹസ്ത്യ ജീവിതം നയിക്കാൻ ആശ്രമത്തിൽനിന്നു് പുറത്തു പോയി. എങ്കിലും ജോൺ ക്രിസസ്തോമിൻെറ രണ്ടു കത്തുകൾ (ആദ് തിയൊഡോറും ലാപ്സും) തിയഡോറിനെ തിരികെ ആശ്രമത്തിലെത്തിച്ചു. 383—ൽ അന്ത്യോക്യൻ മെത്രാൻ ഫ്ലാവിയൻ തിയഡോറിനെ വൈദികനായി അഭിഷേചിച്ചു. 392—ൽ സിലിഷ്യായിലെ മൊപ്സുവെസ്ത്യായുടെ മെത്രാനായി തിയഡോർ നിയമിതനായി. അദ്ദേഹം ഒരഗാധപണ്ഡിതനും ബുദ്ധിരാക്ഷസന്മാരിൽ മുൻപന്തിയിൽ നിൽക്കുന്നവനുമാണു്. സത്യവിശ്വാസത്തിൻെറ പ്രശസ്തവക്താവായി പ്രകീർത്തിക്കപ്പെട്ടു. ഒരു വലിയ സഭാപണ്ഡിതൻ എന്ന വിഖ്യാതിയോടുകൂടി തിയഡോർ 428—ൽമരിച്ചു. എന്നാൽ, മരിച്ച് 125 വർഷം കഴിഞ്ഞപ്പോൾ 553—ൽ തൻെറ ഗുരുവിൻെറ അനുഭവം തന്നെ ശിഷ്യനുമുണ്ടായി: ഒരു പാഷണ്ഡിയായി തിയഡോറും വിധിക്കപ്പെട്ടു.

www.malankaralibrary.com



## കൃതികൾ

അന്ത്യോക്യൻ കലാലയത്തിലെ ഭാഷാശൈലിയുടെ ഉത്തമ വക്താവായി തിയഡോറിനെ കണക്കാക്കാം; അതിലെ ഏററം പ്രശസ്തനായ എഴുത്തുകാരനും തിയഡോർ തന്നെ. വേദപുസ്തകത്തിൻെറ ഏററവും വലിയ ഭാഷ്യകാരനായി പൗരസ്ത്യസുറിയാനി സഭ അദ്ദേഹത്തെ കണക്കാക്കുന്നു. മിക്കവാറും എല്ലാ ബൈബിൾ ഗ്രന്ഥങ്ങൾക്കും തിയഡോർ ഭാഷ്യങ്ങളെഴുതിയിട്ടുണ്ട്.

ഭാഷ്യകൃതികൾക്കു പുറമെ അദ്ദേഹം താത്വികവും താർക്കികവുമായ നിരവധി കൃതികൾ എഴുതിയിട്ടുണ്ട്. സമകാലീന ദൈവശാസ്ത്രപ്രശ്നങ്ങളിലെല്ലാം തിയഡോറിനുണ്ടായിരുന്ന താൽപര്യവും അദ്ദേഹത്തിൻെറ സ്വന്തമായ വിലയിരുത്തലും അവ വിളിച്ചറിയിക്കുന്നു. പാഷണ്ഡത ആരോപിക്കപ്പെട്ട് പലതും നഷ്ടപ്പെട്ടെങ്കിലും ഈ അടുത്തകാലത്തെ പഠനങ്ങളും അന്വേഷണങ്ങളും പല പൗരസ്ത്യ വിവർത്തനങ്ങളും കണ്ടെത്തുവാൻ സഹായിച്ചിട്ടുണ്ട്. തിയഡോറിനെ സംബന്ധിച്ച് ഒരു പുതിയ വെളിച്ചം വീശുന്നവയാണവ. അബ്ദീശോ തിയഡോറിൻെറ കൃതികളുടെ ഒരു പട്ടിക നൽകുന്നു. 13–ാം നൂററാണ്ടിൻെറ ആരംഭത്തിൽ ഉടലെടുത്ത 'സേർത്ത്ക്രോണിക്കിളും' ഒരു പട്ടിക നൽകുന്നു (ജി. ചേടിയത്ത്, സുറിയാനിസഭാപിതാക്കന്മാർ, കോട്ടയം, 1982, p. 12–13 n. 16).

## 1. പഴയനിയമഗ്രന്ഥഭാഷ്യങ്ങൾ

### (i) ഉത്പത്തി ഭാഷ്യം

പഞ്ചഗ്രന്ഥിയെ ആധാരമാക്കി തിയഡോർ മൂന്നു ഗ്രന്ഥങ്ങളെഴുതിയെന്ന് 'സേർത്ത്ക്രോണിക്കിൾ' രേഖപ്പെടുത്തിയിരിക്കുന്നു. ഉത്പത്തിഭാഷ്യം എന്നാണ് അബ്ദീശോയുടെ പരാമർശനം. പ്രസ്തുത ഗ്രന്ഥത്തിൻെറ കുറെഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. 'Catena Nicephori' യിലെ രേഖാശകലങ്ങളും ഡെവ്രീസ് പ്രസിദ്ധീകരിച്ച രേഖാശകലങ്ങളുമാണവ. ഇപ്പോൾ ഉത്പത്തി 1–3 വരെയുള്ള ഭാഷ്യവും അരഡസൻ മററ് രേഖാശകലങ്ങളും ലഭിച്ചിട്ടുണ്ട്. പഞ്ചഗ്രന്ഥിയിൽ പുറപ്പാട് 25:8–20. 23–29. 30–38; ജോഷ്വാ, 7:4–5; ന്യായാ. 13:25; 15:17 എന്നിവയുടെ ഭാഷ്യങ്ങളും, തിയഡോറിൻെറ ഭാഷ്യതത്വങ്ങളും ഭാഷ്യരീതിയും അറിയാൻ വളരെ സഹായകമാണ്.

www.malankaralibrary.com



(ii) സങ്കീർത്തനഭാഷ്യം

സങ്കീർത്തനഭാഷ്യമാണ് തിയഡോറിൻെറ ആദ്യത്തെ കൃതി. വെറും ഇരുപതു വയസ്സുള്ളപ്പോഴാണ് അദ്ദേഹം ഈ ഭാഷ്യ മെഴുതിയതു്. 'Contra allegoricos' എന്ന ഒരു പിൽക്കാല കൃതിയിൽ ഈ കൃതിയുടെ കുറവുകളെപ്പററി തിയഡോർ ദുഃഖിക്കുന്നുണ്ടു്. അഞ്ചു് വാല്യങ്ങളായിട്ടാണ് അദ്ദേഹമിതെഴുതിയതെന്നു് അമ്പ്രോസോ പറയുന്നു. 'കത്തേന'കളിൽനിന്നു് ഈ കൃതിയുടെ വലിയൊരു ഭാഗം ശേഖരിച്ചു് അച്ചടിച്ചിട്ടുണ്ടു്. എന്നാൽ തിയഡോറിൻെറ സങ്കീർത്തനഭാഷ്യഭാഗങ്ങളായി അറിയപ്പെട്ട പലതും അദ്ദേഹത്തിൻേറതല്ല.

'എഴുതപ്പെട്ട ചരിത്രപശ്ചാത്തലത്തിൽ സങ്കീർത്തനങ്ങൾ വ്യാഖ്യാനിക്കപ്പെടണം' എന്നു് ആദ്യമായി പറഞ്ഞയാൾ തിയഡോറാണ്. എല്ലാ സങ്കീർത്തനങ്ങളും ദാവീദ് എഴുതിയതാണെന്നു് അദ്ദേഹം അംഗീകരിച്ചിരുന്നു. എന്നാൽ, പലതിൻെറയും സന്ദർഭവും പശ്ചാത്തലവും ദാവീദിൻെറ പശ്ചാത്തലമല്ല. തിയഡോറതിനൊരുത്തരം കണ്ടുപിടിച്ചു. മററൊരു കാലവും പശ്ചാത്തലവും കാട്ടുന്നവ ദാവീദ് ഒരു പ്രവാചകനെന്ന നിലയിലെഴുതിയിട്ടുള്ളതാണ്; അവ ഇസ്രായേലിൻെറ ഭാവിയെ വരച്ചുകാട്ടുന്നു. ഈ ചിന്താരീതിയിൽ ദാവീദു മുതൽ മക്കബായരുടെ കാലംവരെ കാലഗണനനയനുസരിച്ചു് അദ്ദേഹം സങ്കീർത്തനങ്ങളെ തിരിക്കുന്നു, ദാവീദിൻെറ പ്രവാചകചക്രവാളം മക്കബായക്കാർക്കപ്പുറം കടന്നിട്ടില്ലെന്നത്രേ അദ്ദേഹത്തിൻെറ ചിന്താരീതി. അതുകൊണ്ടു് നേരിട്ടൊരു 'മെസ്സിയാനിക് ടെക്സ്റ്റും' സങ്കീർത്തനങ്ങളിലില്ല. പുതിയനിയമത്തിൽ കാണുന്ന 'മെസ്സിയാനിക' പ്രയോഗങ്ങൾ ഒരു 'അക്കോമഡേഷ'നാണ് (accommodation). എന്നാലിതിനു് നാലു് അപവാദങ്ങളുണ്ടു് (സങ്കീ. 2; 8; 44; 109) എന്നു് അദ്ദേഹം കൂട്ടിച്ചേർക്കുന്നു. കൃത്യമായി പറഞ്ഞാൽ ഇവയും മെസ്സിയാനിക സങ്കീർത്തനങ്ങളല്ല; അതായതു് തെരഞ്ഞെടുക്കപ്പെട്ട ജനത്തിനുവേണ്ടി തയ്യാറാക്കപ്പെട്ട ഭാവിയെ കുറിക്കുന്നതല്ല. എന്നാൽ അവ തിരുവവതാരത്തെയും സഭയെയും വരച്ചുകാട്ടുന്നു. അലക്സാണ്ഡ്രിയൻ കലാലയത്തിൻെറ രൂപാകർത്ഥപ്രതിപാദനരീതിയും അവരുടെ 'മെസ്സയാനിക വ്യാഖ്യാനങ്ങളും' അദ്ദേഹം തള്ളിക്കളയുന്നു. ഓരോ സങ്കീർത്തനവും ഓരോ സാഹിത്യപൂർണതയായി കണക്കാക്കണം. 'ഒരു പാദം മാത്രം സന്ദർഭത്തിൽനിന്നടർത്തിമാററി പരിഗണിക്കാൻ പാടില്ല' എന്ന തത്വത്തെ അലക്സാണ്ഡ്രിയാക്കാർ ലംഘിക്കുന്നു എന്നത്രേ അദ്ദേഹത്തിൻെറ ആരോപണം.

www.malankaralibrary.com



ഒരേ സങ്കീർത്തനത്തിൽതന്നെ ആളുകളും കാലങ്ങളും സാഹചര്യങ്ങളും മാററി വ്യാഖ്യാനിക്കാൻ തിയഡോർ അനുവദിക്കുന്നില്ല. ഉദാഹരണമായി, ഒരു സങ്കീർത്തനം ഭാവിയെ സൂചിപ്പിക്കുന്നതാണെങ്കിൽ എപ്പോഴും അപ്രകാരമായിരിക്കണം. സങ്കീർത്തനങ്ങളുടെ തലക്കെട്ടുകളെല്ലാം പിൽക്കാല കൂട്ടിച്ചേർക്കലുകളാണ്. തിയഡോറിന്റെ സങ്കീർത്തനഭാഷ്യം ഒരു പുതിയ വാതിൽ തുറന്നു.

(iii) പന്ത്രണ്ടു ചെറിയ പ്രവാചകരുടെ ഭാഷ്യം

തിയഡോറിന്റെ ഭാഷ്യകൃതികളിൽ പൂർണമായി ഗ്രീക്കിൽ കിട്ടിയിരിക്കുന്നത് ഈ ഗ്രന്ഥം മാത്രമാണ്. ഇതിൽ ക്രിസ്തുശാസ്ത്രസംബന്ധമായ പ്രശ്നങ്ങളൊന്നുമില്ലാത്തതുകൊണ്ടായിരിക്കാം എതിരാളികളുടെ എതിർപ്പുകളിൽനിന്നിതു രക്ഷപ്പെട്ടതു്. പ്രവാചകകൃതികളിൽ നേരിട്ട് മെസിയാനിക ഭാഗങ്ങളുണ്ടെന്നു് തിയഡോർ അംഗീകരിക്കുന്നു. എന്നാൽ മെസിയാനിക ഭാഗങ്ങളെന്നു കരുതപ്പെടുന്ന പലതും യൂദന്മാരുടെ ഉയർച്ചയെയോ മക്കബായക്കാരുടെ വിജയത്തെയോ കുറിക്കുന്നതാണ്.

ശാമുവേൽ, ഇയ്യോബ്, സഭാപ്രസംഗി, ഏശായാ, യിരെമ്യാവ്, എസക്കിയേൽ, ദാനിയേൽ എന്നിവയ്ക്കു തിയഡോർ ഭാഷ്യങ്ങളെഴുതിയിരുന്നു.

## 2. പുതിയനിയമഭാഷ്യങ്ങൾ

(i) യോഹന്നാന്റെ സുവിശേഷത്തിനുള്ള ഭാഷ്യം

തിയഡോറിന്റെ പുതിയനിയമഭാഷ്യങ്ങളിൽ യോഹന്നാന്റെ സുവിശേഷഭാഷ്യമാണ് ഈയടുത്തകാലത്തു് കണ്ടുപിടിക്കപ്പെട്ടതിലേററം പ്രശസ്തമായിട്ടുള്ളതു്. 1940–ൽ സുറിയാനിയിൽ കണ്ടുപിടിക്കപ്പെട്ട കൃതി ഒരു ലത്തീൻ വിവർത്തനത്തോടുകൂടി വോസ്റ്റെ എന്ന പണ്ഡിതൻ പ്രസിദ്ധീകരിച്ചു. മത്തായി, ലൂക്കോസ് എന്നിവരെഴുതിയ സുവിശേഷത്തിനും തിയഡോർ ഭാഷ്യങ്ങളെഴുതിയെന്നു് അബ്ദീശോ പറയുന്നു. എന്നാൽ അവയുടെ ശകലങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളു. അതുപോലെ നടപടി പുസ്തകത്തിനും തിയഡോർ ഭാഷ്യമെഴുതിയിട്ടുണ്ട്.

(ii) പൗലോസിന്റെ പത്തു ചെറിയ ലേഖനങ്ങളുടെ ഭാഷ്യം

ഗലാത്യർ, എഫേസ്യർ, കൊളോസ്യർ, തെസ്സലോനിക്കർ, തിമോത്തി, തീത്തൂസ്, ഫിലെമോൻ എന്നീ ഗ്രന്ഥങ്ങൾക്ക്

www.malankaralibrary.com



തിയഡോർ എഴുതിയ ഭാഷ്യം ഒരു ലത്തീൻ വിവർത്തനത്തിലൂടെ കൈവന്നിട്ടുണ്ട്. അഞ്ചാം നൂററാണ്ടിലെ ഒരു വിവർത്തനമാണിതു്. അംബ്രോസിൻെറ പേരിൽ ഇതു പ്രചരിച്ചിരുന്നു.

(iii) പൗലോസിൻെറ നാലു് വലിയ ലേഖനങ്ങളുടെ ഭാഷ്യം

റോമാക്കാർ, കൊറിന്തോസുകാർ, എബ്രായക്കാർ എന്നിവർക്കെഴുതിയ ലേഖനങ്ങൾക്കു് തിയഡോർ ഭാഷ്യങ്ങളെഴുതി. എന്നാൽ അവയുടെ ചില ശകലങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളു.

## 3. ആരാധനക്രമസംബന്ധമായവ

(1) മതാധ്യാപനപ്രസംഗങ്ങൾ (Catechetical Homilies)

1932-ൽ മിങ്ഗാന തിയഡോറിൻെറ മതാധ്യാപനപ്രസംഗങ്ങൾ സുറിയാനിയിൽ കണ്ടുപിടിച്ചു് ഇംഗ്ളീഷ് വിവർത്തനത്തോടുകൂടി പ്രസിദ്ധീകരിച്ചു. ദൈവശാസ്ത്രജ്ഞന്മാർക്കു് തിയഡോറിയൻ ചിന്തയിൽ താല്പര്യം തോന്നുവാൻ അതൊരു സന്ദർഭമായി. 'കൂദാശകളെപ്പററി,' വിശ്വാസത്തെപ്പററി,' എന്നു് അബ്ദീശോ പറയുന്ന രണ്ടു കൃതികൾ ഇതുതന്നെയാണു്. '318 പിതാക്കന്മാരുടെ വിശ്വാസപ്രമാണത്തിൻെറ വിശദീകരണവും' കർബ്ബാനയുടെ ഒരു വ്യാഖ്യാനവും അദ്ദേഹം രചിച്ചു എന്നു സേർത് ക്രോണിക്കിൾ പറയുന്നു. 16 കാററക്കൈസെസ് (Catecheses) രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യത്തെ പത്തെണ്ണം നിഖ്യാവിശ്വാസപ്രമാണത്തിൽ കാണുന്ന വിശ്വാസസത്യങ്ങൾ വിശദീകരിക്കുന്നു. ബാക്കിയുള്ള ആറെണ്ണം കർത്തൃപ്രാർത്ഥന (11), മാമോദീസാ (12-14), കർബ്ബാന (15-16) എന്നിവ വ്യാഖ്യാനിക്കുന്നു. ആദ്യത്തേവ സ്നാനത്തിനൊരുക്കമായി നൽകപ്പെടുന്നവയാണു്. മററവ മിസ്റ്റഗോജിക്കൽ കാററക്കൈസെസ്-സ്നാനം പ്രാപിച്ചവർക്കു് സ്നാന സ്വീകരണത്തിനുശേഷമുള്ള ഉപദേശമാണു്. യറുശലേമിലെ സിറിലിൻെറ മതാധ്യാപനപ്രസംഗങ്ങളെപ്പോലെയാണിവയും. വൈദികനായിരിക്കുമ്പോൾ 388 നും 392 നും ഇടയ്ക്കു് അന്ത്യോക്യയിൽവച്ചു് ചെയ്ത പ്രസംഗങ്ങളാണിവ. തിയഡോറിൻെറ മരണശേഷം അവ സുറിയാനിയിലേക്കു് വിവർത്തനം ചെയ്യപ്പെട്ടു. തിയഡോറിയൻ ചിന്താരീതി മനസ്സിലാക്കാൻ ഇവ വളരെയധികം സഹായിക്കും.

കർത്തൃപ്രാർത്ഥനയെ ആധാരമാക്കിയുള്ള പ്രസംഗം സൽപ്രവൃത്തികൾക്കു് കൂടുതൽ പ്രാധാന്യം നൽകുന്നു:' പ്രാർത്ഥന വെറും വാക്കുകളിലല്ല, സൽപ്രവൃത്തികളിലും സ്നേഹത്തിലും കർത്തവ്യ

www.malankaralibrary.com



നിർവ്വഹണത്തിലുള്ള താല്പര്യത്തിലുമത്രേ അടങ്ങിയിരിക്കുന്നത്. പ്രാർത്ഥിക്കാനാഗ്രഹിക്കുന്നെങ്കിൽ അതു് വാക്കുകളിലല്ല, സുകൃത ജീവിതത്തിന്റെ തിരഞ്ഞെടുപ്പിലും ദൈവസ്നേഹത്തിലും കർത്തവ്യനിർവഹണത്തിലും അടങ്ങിയിരിക്കുന്നു എന്നറിഞ്ഞുകൊള്ളുക. ഈ കാര്യങ്ങളിൽ നീ തല്പരനാണെങ്കിൽ ജീവിതം മുഴുവൻ നീ പ്രാർത്ഥിക്കുകയായിരിക്കും.' 'അന്നന്നത്തെയപ്പം' ശാരീരികഭക്ഷണത്തെക്കുറിക്കുന്നു എന്നത്രേ തിയഡോറിന്റെ വ്യാഖ്യാനം. ഈ ഭാഷ്യത്തിൽ തിയഡോർ ഒരിജനിൽനിന്നും യറുശലേമിലെ സിറിലിൽനിന്നും വ്യത്യസ്തമായ വ്യാഖ്യാനം നൽകുന്നു. പ്രസംഗങ്ങൾ 12–14–സ്നാനത്തിനുള്ള ഒരുക്കത്തെപ്പററി സവിസ്തരം പ്രതിപാദിക്കുന്നു. സ്നാനാർത്ഥികളുടെ പേരു കുറിക്കൽ, പിശാചിനെ പുറത്താക്കാനുള്ള വിവിധ പ്രാർത്ഥനകൾ, സ്നാനജലം വാഴ്ത്തുന്ന ക്രമം, സ്നാനശുശ്രൂഷ എന്നിവ ചർച്ചാവിഷയമാകുന്നു.

കുർബ്ബാനയെ സംബന്ധിച്ചുള്ള രണ്ടുപദേശങ്ങൾ (15–16) നാലാം നൂററാണ്ടിൽ അന്ത്യോക്യയിൽ നിലവിലിരുന്ന ആരാധനക്രമത്തെ അപഗ്രഥിക്കുന്നു. ശുശ്രൂഷക്രമങ്ങളുടെ കൃത്യവും പൂർണ്ണവുമായ വിവരണം ഇവിടെ ദർശിക്കാം. കുർബാനയെ സംബന്ധിച്ച സഭാപ്രബോധനങ്ങളും യഥാർത്ഥ സാന്നിദ്ധ്യത്തെ സംബന്ധിച്ച വിശ്വാസവും സുവ്യക്തം വിശദീകരിക്കുന്നു. കുർബ്ബാന സ്വീകരിക്കുവാനുള്ള മാനസിക ഒരുക്കത്തെപ്പററിയും രഹസ്യക്കുമ്പസാരത്തെപ്പററിയും അദ്ദേഹം ചർച്ചചെയ്യുന്നു.

(2) തിരുവവതാരം (De Incarnatione)

തിരുവവതാരത്തെ സംബന്ധിച്ചുള്ള കൃതിയാണ് മററു തിയഡോറിയൻ കൃതികളെക്കാൾ ഏററവും കൂടുതൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതു്. അദ്ദേഹത്തിന്റെ ഏററം പ്രധാന കൃതിയും ഇതുതന്നെ. അതുപോലെ അന്ത്യോക്യൻ കലാലയത്തിന്റെ ഏററം ശ്രേഷ്ഠമായ കൃതിയും മറെറാന്നല്ല. 1905_ൽ ഈ കൃതി പൂർണമായി സുറിയാനി ഭാഷയിൽ കണ്ടെത്തപ്പെട്ടെങ്കിലും ഒന്നാം ലോകമഹായുദ്ധത്തിൽ നഷ്ടപ്പെട്ടു. സേർതിലെ ഗ്രന്ഥാലയത്തിൽ ഈ ഗ്രന്ഥം കണ്ടെടുക്കപ്പെട്ടതായി അദ്ദായ് ഷേർ രേഖപ്പെടുത്തിയിരിക്കുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ ഷേർ മെത്രാപ്പോലീത്താ കൊല്ലപ്പെട്ടു. അദ്ദേഹം മരിക്കുന്നതിനു മുൻപ് തന്റെ ഗ്രന്ഥശേഖരത്തിലെ പ്രധാന ഗ്രന്ഥങ്ങളെല്ലാം പൊതിഞ്ഞുകെട്ടി ഒരു തുകൽ പെട്ടിയിലാക്കി സേർതിൽ ദേവാലയത്തിനടുത്തുള്ള ഒരു കിണററിൽ താഴ്ത്തിവച്ചു. ശത്രുക്കൾവന്ന് അദ്ദേഹത്തെ കൊന്നു്, ദേവാലയവും ശേഷിച്ച ഗ്രന്ഥങ്ങളും ആശ്രമവും എല്ലാം നശിപ്പിച്ചു; ക്രിസ്ത്യാനികളെ ഉന്മൂലനാശം വരുത്തി. ടർക്കിഷ്

www.malankaralibrary.com



ഗവർമ്മെൻറ് പ്രസ്തുത സ്ഥലത്ത് ഒരു സ്തൂപം സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥശേഖരത്തെപ്പററി സൂക്ഷ്മവിവരം ലഭിച്ച ചില പാശ്ചാത്യപണ്ഡിതന്മാർ അവിടെ ഒന്നിലേറെ പ്രാവശ്യം പോയെങ്കിലും കാര്യമായ ഗവേഷണം ഒന്നും നടത്താൻ സാധിച്ചില്ല. ആ ഗ്രന്ഥശേഖരം സേർതിൽ തന്നെ ഉണ്ടെന്നും ഒരിക്കൽ അതു് കണ്ടെടുക്കാൻ സാധിക്കുമെന്നുമാണ് പല പാശ്ചാത്യ പണ്ഡിതന്മാരുടെയും ഉത്തമബോധ്യം. ഷേർ തൻെറ കാററലോഗിൽ സൂചിപ്പിച്ച ചില കൈയെഴുത്തു പ്രതികൾ ഇപ്പോൾ പാരീസിൽ ഉള്ള നാഷണൽ ഗ്രന്ഥശേഖരത്തിൽ ഉണ്ട്. ഷേർ തന്നെ അവ യൂറോപ്പിൽ എത്തിച്ചതാകാനാണിട. 'തിരുവവതാരം' സംബന്ധിച്ച കൃതി ഒരുകാലത്ത് കണ്ടെടുക്കപ്പെടുമെന്ന് പ്രത്യാശിക്കാം. ഗ്രീക്ക്, സുറിയാനി, ലത്തീൻ ഭാഷകളിലുള്ള രേഖാശകലങ്ങളല്ലാതെ പൂർണമായി ഈ കൃതി ഇന്നു നമ്മുടെ പക്കലില്ല. തിയഡോറിൻെറ സുഹൃത്തുക്കളും എതിരാളികളും ഒപ്പമിതുദ്ധരിച്ചിട്ടുണ്ട്. തിയഡോർ ഈ കൃതി രചിച്ചതു് മൊപ്സുവെസ്ത്യായിലെ മെത്രാനാകുന്നതിനു മുമ്പാണ്. ആരിയൂസ്, എവുണോമിയസ്, ലവദീക്യയിലെ അപ്പൊള്ളിനാരിസ് എന്നിവർക്കെതിരായിട്ടാണ് ഈ കൃതി. 15 പുസ്തകങ്ങളിലായിട്ട് ഇതെഴുതപ്പെട്ടു (ജന്നാഡിയൂസ്, മഹത്, 12).

### (3) മാസിഡോണിയരുമായുള്ള സംവാദം

പരിശുദ്ധാത്മാവിൻെറ ദൈവത്വം സംബന്ധിച്ച് മാസിഡോണിയൻ അബദ്ധോപദേശകരുമായി നടത്തിയ ഒരു സംവാദത്തിൻെറ നടപടിക്കുറിപ്പാണിതു്. 'പരിശുദ്ധാത്മാവിനെപ്പററി' എന്നു് അബ്ദീശോയും 'സേർത്തു് ക്രോണിക്കിളും' പറയുന്നതു് ഈ കൃതിയെപ്പററിയാണ്. 392-ൽ അനസർബോസിൽ വച്ചു നടന്ന ഈ സംവാദത്തിൽ തിയഡോർ പങ്കെടുത്തു. ഒരു സുറിയാനി വിവർത്തനത്തിലൂടെ ഈ കൃതി നമുക്കു കൈവന്നിട്ടുണ്ട്. ഏഗെ (Aegae) യിലെ മെത്രാനായ പത്രോഫിലസിനാണിതു സമർപ്പിച്ചിരിക്കുന്നതു് എന്നു് അന്ത്യോക്യയിലെ സെവേരൂസ് പറയുന്നു.

### (4) മൂന്നു് താപസ്സകൃതികൾ

പൗരോഹിത്യം, സന്യാസം, പരിപൂർണത എന്നിവ സംബന്ധിച്ച് മൂന്നു് ആദ്ധ്യാത്മിക കൃതികൾ എഴുതി. അബ്ദീശോയും 'സേർത്തു് ക്രോണിക്കിളും' ഇതേപ്പററി പരാമർശിക്കുന്നു. ദാദീശോ ഖത്രായാ ഈ കൃതികളിൽനിന്നു് ഉദ്ധരിക്കുന്നു.

www.malankaralibrary.com



(5) എവുണോമിയസിനെതിരെ

ബേസിലിനെ ന്യായീകരിച്ചുകൊണ്ടു് എവുണോമിയസിനെതിരെ ഇരുപത്തഞ്ചു് ഗ്രന്ഥങ്ങളെഴുതിയെന്നു് ഫോസിയസ് പറയുന്നു.

(6) എടുക്കുന്നവനെയും എടുക്കപ്പെടുന്നതിനെയുംപററി

'അപ്പോള്ളിനാരിസിനെതിരെ' എന്ന കൃതി തന്നെയാണിതു്. 415-നും 418-നും ഇടയ്ക്കു് എഴുതപ്പെട്ടു. തന്റെ 'തിരു അവതാരം' എന്ന കൃതിയിൽ ചിലയാളുകൾ കുത്തിത്തിരുകലുകൾ നടത്തിയപ്പോൾ ഒരു മറുപടിയായിട്ടാണു് ഈ കൃതിയെഴുതിയതു്.

(7) ഉത്ഭവ പാപത്തെ ന്യായീകരിക്കുന്നവർക്കെതിരെ

'പാപം നമ്മുടെ പ്രകൃതിയുടെ ഒരു ഭാഗമാണു് എന്നു കരുതുന്നവർക്കെതിരെ' തിയഡോർ കൃതികളെഴുതിയെന്നു് അബ്ദീശോയും സേർത്തു് ക്രോണിക്കിളും സാക്ഷിക്കുന്നു. ഈ കൃതികളെപ്പററി ഫോസിയസ് സുദീർഘമായൊരു വിവരണം നൽകുന്നുണ്ടു്. അഞ്ചു് ഗ്രന്ഥങ്ങളെപ്പററി ഫോസിയസ് പറയുന്നെങ്കിലും രണ്ടിനെപ്പററിയേ അബ്ദീശോ സൂചിപ്പിക്കുന്നുള്ളു.

(8) പേർഷ്യൻ മന്ത്രവാദികൾക്കെതിരെ

പേർഷ്യൻ മന്ത്രവാദികൾക്കെതിരെ മൂന്നു കൃതികളെഴുതിയെന്നു് ഫോസിയസ് പറയുന്നു. സൊറൊവാഷ്ട്രനിസത്തിന്റെ അബദ്ധോപദേശങ്ങളെ ഖണ്ഡിച്ചുകൊണ്ടു് ബൈബിളിലെ സൃഷ്ടിവിവരണം വരച്ചുകാട്ടുന്നു (Bibl. Cod. 81). എന്നാൽ അബ്ദീശോ രണ്ടു കൃതികളെപ്പററിയേ പറയുന്നുള്ളു. ഈ കൃതി പാടെ നഷ്ടപ്പെട്ടു.

(9) 'പവിഴങ്ങളുടെ പുസ്തകം' (Liber margaritarum)

തിയഡോറിന്റെ കത്തുകളുടെ സമാഹാരമാണു്. പക്ഷേ, ചില ശകലങ്ങളല്ലാതെ വളരെയൊന്നും കിട്ടിയിട്ടില്ല.

(10) വ്യംഗ്യാർത്ഥ ഭാഷ്യകർക്കെതിരെ

ഒരിജനെതിരെ അഞ്ചു് വാല്യങ്ങളിലായി തിയഡോർ എഴുതിയ ഗ്രന്ഥമാണിതു്. ഒരിജന്റെയും അലക്സാണ്ഡ്രിയൻ കലാലയത്തിന്റെയും വ്യംഗ്യാർത്ഥഭാഷ്യരീതിയെ അപലപിച്ചുകൊണ്ടുള്ളതാണിതു്. ഫക്കൺഡസിൽ ഒരു രേഖാശകലം കാണാം. മററൊന്നും കിട്ടിയിട്ടില്ല.

www.malankaralibrary.com



## തിയഡോറിൻെറ ദൈവശാസ്ത്രം

ഈ അടുത്തകാലത്തു് തിയഡോറിയൻ കൃതികളുടെ ശകലങ്ങൾ കൂടുതൽ കൂടുതലായി കണ്ടുപിടിക്കപ്പെട്ടതോടുകൂടി തിയഡോറിയൻ ദൈവശാസ്ത്രത്തിൽ പണ്ഡിതന്മാർ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. 553-ലെ അഞ്ചാം സാർവത്രിക സൂനഹദോസിൽ വച്ചു് തിയഡോറിനെ ശപിച്ചു തള്ളാനുള്ള കാരണങ്ങൾ പുനഃപരിശോധന ചെയ്യാൻ പലരും ഈ അടുത്തകാലത്തു് തുടങ്ങിയിട്ടുണ്ടു്. 'സമാധാനത്തിലും സഭാസംസർഗത്തിലും' തിയഡോർ മരിച്ച വർഷംതന്നെയാണു് അദ്ദേഹത്തിൻെറ ശിഷ്യനായ നെസ്തോറിയൂസ് കോൺസ്റ്റാൻറിനോപ്പിളിലെ ആർച്ചുബിഷപ്പായി ഉയർത്തപ്പെട്ടതു്. നെസ്തോറിയൻ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടാണു് തിയഡോറിൻെറ വിധിയും. ജീവിതകാലത്തു് തിയഡോറിൻെറ സത്യവിശ്വാസത്തെപ്പററി ആർക്കും ഒരു സംശയവുമില്ലായിരുന്നു. എന്നാൽ 431-ലെ എഫേസൂസ് സൂനഹദോസ് കഴിഞ്ഞപ്പോൾ തിയഡോറിൻെറ സത്യവിശ്വാസത്തെപ്പററി സംശയങ്ങളുയർന്നു തുടങ്ങി. 'കുത്തിത്തിരുകലുകൾ' നടന്ന രേഖകളെ ആധാരമാക്കിയാണു് അഞ്ചാം സാർവത്രിക സൂനഹദോസ് തിയഡോറിനെ വിധിച്ചതു് എന്നു കരുതുന്നവരുമുണ്ടു്. തിയഡോറിയൻ ചിന്താഗതിയറിയണമെങ്കിൽ സുറിയാനി വിവർത്തനങ്ങളിലേക്കു് പോയേ മതിയാവൂ എന്നാണു് പലരുടെയും വാദം. എന്നാൽ സുറിയാനി വിവർത്തനങ്ങളും അത്ര കൃത്യമല്ലെന്നു് ചിലർ കരുതുന്നു.

## 1. ക്രിസ്തുശാസ്ത്രം

തിയഡോറിൻെറ ക്രിസ്തുശാസ്ത്രം സംബന്ധിച്ചാണു് പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുള്ളതു്. നെസ്തോറിയനിസം ആരോപിക്കപ്പെട്ടതും തിയഡോറിയൻ ക്രിസ്തുശാസ്ത്രത്തിൽ പാദമൂന്നിക്കൊണ്ടാണു്. ആരോപണത്തിനാധാരം, 'തിരുവവതാരം' എന്ന കൃതിയിൽനിന്നു് ബൈസാൻസ്യത്തിലെ ലെയോൺസ്യൂസ് ശേഖരിച്ച ഭാഗങ്ങളും 'അപ്പോളിനാരിസിനെതിരെ' എന്ന കൃതിയിൽനിന്നുള്ള ഭാഗങ്ങളുമാണു്. അവ അഞ്ചാം സാർവത്രിക സൂനഹദോസിൽ ചർച്ചാവിഷയമായി. അവയുടെ വെളിച്ചത്തിൽ തിയഡോർ വിധിക്കപ്പെട്ടു. എന്നാൽ തിയഡോറിയൻ മതാധ്യാപനപ്രസംഗങ്ങൾ തികച്ചും സത്യവിശ്വാസമാണു് വരച്ചുകാട്ടുക:

'അവിടുന്നു് ദൈവം മാത്രമല്ല; മനുഷ്യൻ മാത്രവുമല്ല; പിന്നെയോ സ്വഭാവത്താലേ സത്യമായും രണ്ടിലുമാകുന്നു. അവിടുന്നു് ദൈവവും മനുഷ്യനുമാകുന്നു. അവിടുന്നു് എടുക്കുന്നവനായ വചനമായ ദൈവമാകുന്നു. എന്നാൽ അവിടുന്നു് എടുക്കപ്പെടുന്ന മനുഷ്യനുമാകുന്നു. ദൈവത്തിൻെറ സാദൃ

www.malankaralibrary.com



ശ്യത്തിലായിരിക്കുന്നവൻ ദാസന്റെ വേഷമെടുത്തു. ദാസന്റെ രൂപം ദൈവത്തിന്റെ രൂപമല്ല. സ്വഭാവത്താലെ ദൈവമായിരിക്കുന്നവനാണ് ദൈവത്തിന്റെ സാദൃശ്യത്തിലായിരിക്കുന്നത്. അവൻ ദാസന്റെ രൂപമെടുത്തു. എന്നാൽ സ്വഭാവത്താലെ മനുഷ്യനായിരിക്കുന്നവനാണ് ദാസന്റെ രൂപത്തിലായിരിക്കുന്നത്. നമ്മുടെ രക്ഷയ്ക്കുവേണ്ടി അവൻ എടുക്കപ്പെട്ടു.*

'എടുത്തവൻ എടുക്കപ്പെട്ടതുമായി താദാത്മ്യപ്പെട്ടില്ല; എടുക്കപ്പെട്ടത് എടുത്തവനുമായും താദാത്മ്യപ്പെട്ടില്ല. എടുത്തവൻ സ്വഭാവത്താലെ പിതാവായ ദൈവത്തിന്റെ സ്വഭാവം ഉള്ളവനാകുന്നു; കാരണം അവിടുന്ന് ദൈവത്തോടുകൂടെ ദൈവമാകുന്നു. അവനോടുകൂടി ആകുന്നവനും ആയിരുന്നവനും അവിടുന്നാകുന്നു. എന്നാൽ എടുക്കപ്പെട്ടവൻ സ്വഭാവത്താലെ ദാവീദും അബ്രഹാമും ആയിരുന്നതുപോലെയത്രേ. സ്വഭാവത്താലെ അവൻ അവരുടെ സുതനും അവരിൽനിന്നുമുള്ള ബീജവുമാകുന്നു. ഇക്കാരണത്താൽ അവിടുന്ന് ഒരേ സമയം കർത്താവും, ദാവീദിന്റെ സുതനുമാകുന്നു. സ്വഭാവത്താലെ ദാവീദിന്റെ പുത്രനാണ്. അവൻ അർഹിക്കുന്ന ബഹുമാനംമൂലം അവൻ കർത്താവും തന്റെ പിതാവായ ദാവീദിനേക്കാൾ ഉന്നതനും ആകുന്നു. കാരണം, അവിടുന്ന് എടുത്ത സ്വഭാവം ശ്രേഷ്ഠമാകുന്നു' (Cat. Hom. 8. 1).

രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം രണ്ട് ആളുകളെ (പർസോപ്പായെ) കുറിക്കുന്നില്ല:

'ഭാഗ്യവാന്മാരായ നമ്മുടെ പിതാക്കന്മാർ (നിഖ്യായിൽ വച്ച്) അവരുടെ വിശ്വാസപ്രമാണത്തിലെഴുതി....അവർ വിശുദ്ധ ഗ്രന്ഥങ്ങളുടെ ചുവടുപിടിച്ച് ഇരു സ്വഭാവങ്ങളെപ്പററിയും, അവ തമ്മിലുള്ള പരിപൂർണമായ ഐക്യംമൂലം ഒരാളത്വത്തെപ്പററിയും എഴുതി. എടുത്തവനും എടുത്തതും തമ്മിലുള്ള പരിപൂർണ്ണ യോജിപ്പ് അവർ വേർപെടുത്തിയില്ല. ഈ യോജിപ്പ് തകർക്കപ്പെട്ടാൽ എടുക്കപ്പെട്ടവൻ നമ്മെപ്പോലെ വെറുമൊരു മനുഷ്യനായി മാത്രമേ കരുതപ്പെടുകയുള്ളൂ' (അതേകൃതി, 6, 3).

എന്നാൽ ഈ ഐക്യം ഒരിക്കലും തകർക്കപ്പെട്ടില്ല. മറെറാരിടത്ത് തിയഡോർ പറയുന്നു:

'വി. ഗ്രന്ഥങ്ങൾ രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം പഠിപ്പിക്കുന്നു. അതുകൊണ്ട് എടുത്തവനും എടുക്കപ്പെട്ടവനും ആരാണെന്നുള്ളത് സ്പഷ്ടമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നമുക്കുവേണ്ടി എല്ലാം പ്രവർത്തിക്കുന്ന ദൈവസ്വഭാവമാണ് എടുത്തവൻ. എല്ലാററിനും ഹേതുഭൂതനായവൻ മുഖാന്തരം നമുക്കുവേണ്ടി എടുക്കപ്പെട്ട മനുഷ്യസ്വഭാവമാണ് മററത്. അവിഭാജ്യമാം

www.malankaralibrary.com



വിധം, അവാച്യമായ രീതിയിൽ, രണ്ടും പരസ്പരം സംയോജിതമായിരിക്കുന്നു....ഈ ഐക്യത്തെ സംബന്ധിച്ച് വിശുദ്ധ ഗ്രന്ഥങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഓരോ സ്വഭാവത്തെപ്പററി പഠിപ്പിക്കുമ്പോൾ മാത്രമല്ല, ഒരു സ്വഭാവത്തിനുള്ളവ മററതിൻേറതുമാകുന്നു എന്നു് പ്രഖ്യാപിക്കുമ്പോഴും അവർ ഈ ഐക്യത്തെയാണു് ഉദ്ദേശിക്കുന്നതു്. സംഭവിച്ച ഐക്യത്തിൻെറ അത്ഭുതകരമായ ആഴം നാം ഗ്രഹിക്കുവാൻവേണ്ടിയാണിതു്'' (8, 10).

'മനുഷ്യസ്വഭാവവും അതു ധരിച്ച ദൈവസ്വഭാവവും തമ്മിൽ ഒരു സാഹചര്യത്തിലും ഒരിക്കലും വേർപെടുത്താൻ സാദ്ധ്യമല്ല. ഈ അവിഭാജ്യമായ യോജിപ്പിനെപ്പററി നാം ബോധവാന്മാരായിരിക്കണം. രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം പരിപൂർണ്ണമായ ഐക്യത്തെ ഇല്ലാതാക്കുന്നില്ല; പരിപൂർണ്ണമായ ഐക്യം സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസത്തെ നശിപ്പിക്കുന്നില്ല. രണ്ടു സ്വഭാവങ്ങളും വ്യത്യസ്തങ്ങളായിത്തന്നെ സ്ഥിതിചെയ്യുന്നു. അതേ സമയം ഐക്യം പാലിക്കപ്പെട്ടുന്നുണ്ടുതാനും. എടുത്തവൻെറ തിരുഹിതാനുസരണം എടുക്കപ്പെട്ടവൻ ബഹുമാനത്തിലും മഹത്വത്തിലും യോജിക്കപ്പെട്ടിരിക്കുന്നു.'

'രണ്ടു സ്വഭാവങ്ങളുണ്ടെന്നു് നാം പറയുമ്പോൾ രണ്ടു കർത്താക്കളെന്നോ രണ്ടു പുത്രന്മാരെന്നോ പറയാൻ നാം മുതിരുന്നില്ല. അതു് പരമാബദ്ധമായിരിക്കും. ഒരു വീക്ഷണത്തിൽ രണ്ടായും മററൊന്നിൽ ഒന്നായും കാണപ്പെടുന്നവ പരസ്പരൈക്യംവഴി ഒന്നാകുന്നു. എന്നാൽ ആ ഐക്യം സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം ഇല്ലാതാക്കുന്നില്ല. വ്യത്യാസങ്ങൾ ഒന്നായിരിക്കുന്ന അവസ്ഥയെയും തടസ്സപ്പെടുത്തുന്നില്ല' (8, 13).

ഈ വാചകങ്ങൾ തിയഡോറിൻെറ ക്രിസ്തുശാസ്ത്രം വരച്ചു കാട്ടുന്നു. ഇവയിൽ തിയഡോർ സത്യവിശ്വാസിയുമാണു്. ഒരു പക്ഷേ അവിടെയോ ഇവിടെയോ ചില ചില്ലറ കുറവുകൾ തിയഡോറിൻെറ ക്രിസ്തുശാസ്ത്രത്തിൽ കണ്ടേക്കാം. എന്നാൽ തിയഡോർ അർഹിക്കാത്ത ശിക്ഷ തിയഡോറിനു നൽകുന്നതു് തികച്ചും തെററാണു്. ദൈവശാസ്ത്രവളർച്ചയിൽ തിയഡോറിയൻ സംഭാവന വിസ്മരിച്ചിട്ടു് ചെയ്യാത്ത തെററുകൾ കെട്ടിയേല്പിക്കുന്നതു് ശരിയല്ല. തിയഡോറിൻെറ ജീവിതകാലത്തുപോലും ക്രിസ്തുവിൻെറ ആളത്വത്തെ സംബന്ധിച്ച പഠനങ്ങൾ, ഫ്യൂസിസ്–ഹ്യൂപ്പോസ്തസിസ്–പർസോപ്പാ എന്നിവ തമ്മിലുള്ള ബന്ധം തുടങ്ങിയവ കൃത്യമായി ഒരു സാർവത്രിക സൂനഹദോസും വ്യക്തമാക്കിയിരുന്നില്ല. മരണശേഷം 451–ൽ നടന്ന കൽക്കദോനിയാ സൂനഹദോസിൻെറ ക്രിസ്തുശാസ്ത്ര പ്രതിപാദന

www.malankaralibrary.com



രീതികൾ അംഗീകരിച്ചില്ല എന്നു പറഞ്ഞു വിധിച്ചതുള്ളതു് യുക്തിക്കു നിരക്കാത്ത ഒരു കാര്യമാണു്.

381-നും 431-നും ഇടയിൽ ജീവിച്ചിരുന്ന ദൈവശാസ്ത്രജ്ഞന്മാരിൽ ക്രിസ്തുശാസ്ത്രവികസനത്തിനു് തിയഡോറിൻറത്രയും ആരും സംഭാവന ചെയ്തിട്ടില്ല എന്നു തറപ്പിച്ചു പറയാൻ സാധിക്കും. കൽക്കദോനിയായിലേക്കു് വഴിതെളിച്ച പല ചിന്താധാരകളും തിയഡോറിൻെറ നേട്ടങ്ങളായി എടുത്തു പറയേണ്ടവയാണു്.

അപ്പൊള്ളിനാരിസിൻെറയും 'വചന—മാംസ' ക്രിസ്തുശാസ്ത്രത്തിൻെറയും കുറവുകളെ ചൂണ്ടിക്കാട്ടിയതു് തിയഡോറിൻെറ നേട്ടംതന്നെയാണു്. ക്രിസ്തുവിൻെറ മനുഷ്യാത്മാവിനു് അർഹിക്കുന്ന ദൈവശാസ്ത്ര പ്രാധാന്യം നൽകിയതിൽ തിയഡോർ വിജയിച്ചു:

'അവൻ ജഡമേയെടുത്തുള്ളു; ആത്മാവെടുത്തില്ല; ദൈവസ്വഭാവം ആത്മാവിൻെറ സ്ഥാനമേറെറടുത്തു' എന്നു് ആരിയൂസിൻെറയും എവുണോമിയസിൻെറയും പക്ഷക്കാർ പറയുന്നു. 'ഏകജാതൻെറ ദൈവസ്വഭാവം ഔന്നത്യത്തിൽനിന്നു് ഇറങ്ങിവന്നു് മനുഷ്യാത്മാവിൻെറ ജോലി ചെയ്യുകയും ശരീരത്തിൽ ബന്ധിതനാകുകയും ശരീരസന്ധാരണത്തിനു വേണ്ടതെല്ലാം ചെയ്യുകയും ചെയ്യുന്നു' എന്നു പറഞ്ഞു് അവർ അതിനെ തരംതാഴ്ത്തി. ദൈവസ്വഭാവം ആത്മാവിൻെറ സ്ഥാനം എടുത്തെങ്കിൽ അവനു വിശക്കുകയോ, ദാഹിക്കുകയോ ആഹാരത്തിനാവശ്യം വരികയോ ക്ഷീണിതനാകുകയോ ഇല്ലായിരുന്നു. ശരീരത്തിൻെറ ബലഹീനതമൂലം ഉളവാകുന്ന ആവശ്യങ്ങളാണിവയെല്ലാം. ഈ ആവശ്യങ്ങൾ നിറവേററാൻ ആത്മാവു് അശക്തവുമാണു്; ദൈവം അതിനു കൊടുത്തിരിക്കുന്ന സ്വഭാവത്തിനനുസൃതമായ കാര്യങ്ങൾ ചെയ്യുന്നതിനു മാത്രമേ അതിനു ത്രാണിയുള്ളു.'

'ദൈവത്വം ആത്മാവിൻെറ ജോലികൾ ചെയ്തിരുന്നെങ്കിൽ, അവശ്യാവശ്യമായി ജഡത്തിൻെറ ജോലികളും ചെയ്തിരുന്നു. വഴിതെററിക്കുന്ന പാഷണ്ഡികളുടെ അഭിപ്രായങ്ങൾ ഈ തരത്തിലേ ശരിയായിരിക്കു. അവൻ ഒരു ശരീരമെടുത്തു എന്ന യാഥാർത്ഥ്യം അവർ നിഷേധിക്കുന്നു. മാലാഖമാരെപ്പോലെ അവൻ കാണപ്പെടുകമാത്രം ചെയ്തുതേ ഉള്ളു എന്നും മനുഷ്യസ്വഭാവത്തിൻെറ ഗുണങ്ങൾ ഒന്നുമില്ലാതിരുന്നെങ്കിലും മനുഷ്യനായി കാണപ്പെട്ടെന്നും അവർ ജൽപ്പിക്കുന്നു.'

'അതുകൊണ്ടു് ജഡമെടുക്കുക മാത്രമല്ല അമർത്യവും ബൗദ്ധികവുമായ ഒരാത്മാവിനെ സ്വീകരിക്കുന്നതും ആവശ്യമായിരുന്നു;

www.malankaralibrary.com



ശരീരത്തിന്റെ മരണം മാത്രമല്ല, ആത്മാവിന്റെ മരണമായ പാപം കൂടി അവസാനിക്കേണ്ടിയിരുന്നു... '

'ക്രിസ്തു ആത്മാവിനെ സ്വീകരിച്ചു എന്നു് വിശ്വസിക്കാതിരിക്കുന്നതു് ഭ്രാന്താണു്. അവൻ മനുഷ്യമനസ്സു് എടുത്തില്ല എന്നു പറയുന്നതു് അതിലും വലിയ ഭ്രാന്തായിരിക്കും. കാരണം, ഒന്നുകിൽ അവൻ ആത്മാവിനെ സ്വീകരിച്ചില്ല, അല്ലെങ്കിൽ മനുഷ്യന്റെ ആത്മാവിനെയല്ല മൃഗങ്ങളുടേതിനു തുല്യമായ ഒന്നിനെയത്രേ സ്വീകരിച്ചതു് എന്നു വരും'.

'ഇക്കാരണങ്ങളാൽ ഭാഗ്യവാന്മാരായ നമ്മുടെ പിതാക്കന്മാർ നമുക്കു മുന്നറിയിപ്പു നൽകിക്കൊണ്ടു പറയുന്നു 'അവൻ തിരു അവതാരം ചെയ്തു് മനുഷ്യനായിത്തീർന്നു.' എടുക്കപ്പെട്ടവനും, ദൈവവചനം വസിച്ചവനും ഒരു പരിപൂർണ മനുഷ്യനാകുന്നു; മനുഷ്യസ്വഭാവത്തിനുചേർന്ന എല്ലാററിലും അവൻ പൂർണനായിരുന്നു. ഒരു മർത്ത്യശരീരവും ഒരു ബൗദ്ധികാത്മാവും അവനുണ്ടായിരുന്നു; കാരണം, മനുഷ്യനെപ്രതിയും അവന്റെ രക്ഷയെ പ്രതിയുമാണു് അവൻ സ്വർഗത്തിൽനിന്നു് ഇറങ്ങിവന്നതു് എന്നു നാം വിശ്വസിക്കാൻതന്നെ' (5).

## 2. മനുഷ്യൻ

മാരിയൂസ് മെർക്കാത്തോർ, പെലാജിയനിസത്തിന്റെ പിതാവായി തിയഡോറിനെ ചിത്രീകരിക്കുന്നു. ഫോസിയസിനും അതേ അഭിപ്രായമാണു്. എന്നാൽ ഈയടുത്തകാലത്തു് കണ്ടുപിടിക്കപ്പെട്ട രേഖകൾ ഈ അഭിപ്രായത്തിനു് ഉപോൽബലകമല്ല. മാരിയൂസ് മെർക്കാത്തോറിന്റെയും ഫോസിയൂസിന്റെയും ഉദ്ധരണികൾ കുത്തിത്തിരുകലുകളായിട്ടാണു് അവർ കരുതുന്നതു്. ഏതായാലും ഇന്നാരും പെലാജിയനിസത്തിന്റെ പിതാവായി തിയഡോറിനെ കരുതുന്നില്ല.

## 3. ജ്ഞാനസ്നാന വിശ്വാസപ്രമാണം

ആദ്യത്തെ പത്തു് മതാധ്യാപന പ്രസംഗങ്ങളിൽ സ്നാനാർത്ഥികൾക്കു് തിയഡോർ ജ്ഞാനസ്നാന വിശ്വാസപ്രമാണം വിവരിച്ചുകൊടുക്കുന്നു. സത്യവിശ്വാസത്തിനനുസൃതമായ ഒരു വിശ്വാസപ്രമാണമാണു് നാമതിൽ കാണുന്നതു്. അതും, മാരിയസ് മെർക്കാത്തോർ തിയഡോറിനെപ്പററി പറയുന്നതുമായി സാമ്യമൊന്നുമില്ല. അപ്പോൾ, അഞ്ചാം സാർവത്രിക സൂനഹദോസിൽ (553) തിയഡോറിന്റേതായി വരച്ചുകാട്ടിയ വിശ്വാസപ്രമാണം വസ്തുനിഷ്ഠമല്ലെന്നുവേണം കരുതുവാൻ:

www.malankaralibrary.com



'സർവശക്തിയുള്ള പിതാവായി, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായി സകലത്തിൻെറയും സ്രഷ്ടാവായ ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. ദൈവത്തിൻെറ ഏകജാതനും സർവസൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമായ കർത്താവീശോമിശിഹായിലും (ഞാൻ വിശ്വസിക്കുന്നു). അവൻ യുഗങ്ങൾക്കെല്ലാം മുൻപ് പിതാവിൽനിന്ന് ജനിച്ചവനും സൃഷ്ടിക്കപ്പെടാത്തവനും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവുമായി സമസത്തയുമാണ്. അവൻവഴി ലോകങ്ങൾ നിർമ്മിക്കപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങി, ജഡം ധരിച്ച് മനുഷ്യനായി, കന്യകമറിയാമിൽനിന്ന് ജനിക്കുകയും പൊന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ ക്രൂശിക്കപ്പെടുകയും സംസ്കരിക്കപ്പെടുകയും ചെയ്തു. എഴുതപ്പെട്ടപ്രകാരം അവൻ മരിച്ചവരിൽനിന്ന് മൂന്നാംദിവസം ഉത്ഥാനംചെയ്തു. അവൻ സ്വർഗത്തിലേക്ക് കരേറി, പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നു. ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരുവാനിരിക്കുന്നു. പിതാവിൽനിന്ന് പുറപ്പെടുന്നവനും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഏക മാമോദീസായിലും ഏക വിശുദ്ധ കത്തോലിക്കാസഭയിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിൻെറ ഉത്ഥാനത്തിലും നിത്യായുസ്സിലും ഞാൻ വിശ്വസിക്കുന്നു.'

## 4. കുർബാന

കുർബാനയിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യം, കുർബാന ബലിയാണ് എന്ന യാഥാർത്ഥ്യം എന്നിവ തിയഡോർ സവിസ്തരം ചർച്ചചെയ്യുന്നു. കൂദാശയുടെ വെറും 'സിംബോളിക്' വ്യാഖ്യാനം തിയഡോർ ഇഷ്ടപ്പെടുന്നില്ല. പരിശുദ്ധാത്മാവിൻെറ ആവാസം വഴിയാണ് അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ തിരുശരീരവും രക്തവുമാകുന്നത് (6) എന്നു തുടങ്ങിയ വിവരണങ്ങൾ പൗരസ്ത്യചിന്താരീതിക്ക് തികച്ചും യോജിച്ചവയാണ്. കുർബാന സ്വീകരിക്കുന്ന ഓരോ വ്യക്തിയും ക്രിസ്തുവിനെ പൂർണമായി സ്വീകരിക്കുന്നു.

## 5. കുമ്പസാരം

കുമ്പസാരത്തെപ്പററിയും കുർബാന സ്വീകരണത്തിനുമുമ്പുള്ള ഒരുക്കത്തെപ്പററിയും അറിവോടും അറിവുകൂടാതെയും ചെയ്യുന്ന പാപങ്ങളെപ്പററിയും തിയഡോർ ചർച്ചചെയ്യുന്നു. രണ്ടുതരം പാപങ്ങളെപ്പററി തിയഡോർ വ്യക്തമാക്കുന്നു. അതായത്,

www.malankaralibrary.com



ലഘുപാപങ്ങളും ഘനപാപങ്ങളും. ലഘുപാപങ്ങൾ കർബാന സ്വീകരണത്താൽ മായിക്കപ്പെടുന്നതിനാൽ അതുമൂലം കർബാന സ്വീകരണത്തിൽനിന്ന് മാറിനിൽക്കരുത് എന്ന് നവശിഷ്യനെ തിയഡോർ ഉപദേശിക്കുന്നു. എന്നാൽ ഘനപാപങ്ങൾ മോചിക്കപ്പെട്ടശേഷമേ കർബാന സ്വീകരണത്തിനണയാവൂ. രഹസ്യമായി പട്ടക്കാരന്റെയടുത്ത് പാപം ഏററുപറഞ്ഞ് മോചനം പ്രാപിച്ചിട്ടേ അത് പ്രാപിക്കാവൂ.

## തിയഡോർ—വ്യക്തി

ആദിമസഭയിലെ ഒരതികായനായിരുന്നു തിയഡോർ. ഒരിജനുശേഷം സഭയിലുടലെടുത്ത പ്രതിഭാശാലികളിൽ അഗ്രഗണ്യനായിരുന്നു അദ്ദേഹം; ആഴമേറിയ ചിന്ത, ദൈവശാസ്ത്രത്തിൽ സ്വന്തമായൊരു പാത തന്മയത്വത്തോടുകൂടി വെട്ടിത്തുറന്ന ഒരു ധിഷണാശാലി, സമകാലീനരുടെയിടയിൽ സമാരാധ്യനായ സഭാനേതാവ്, അക്കാലത്തും അതിനുമുമ്പും ഉടലെടുത്ത പാഷാണ്ഡതകളെ തറപററിച്ച വ്യാഖ്യാതാവ്, എന്നീ നിലകളിലെല്ലാം തിയഡോർ അറിയപ്പെട്ടു. ക്രി. വ. 394–ൽ അന്ത്യോക്യൻ പാത്രിയർക്കേററിലെ ബോസ്രാദ്രുപതയെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കാൻ കോൺസ്റ്റാൻറിനോപ്പിളിൽ വച്ച് ഒരു സിനഡുകൂടി. തിയഡോറിനെപ്പററി കേട്ടിരുന്ന തിയഡോഷ്യസ് ചക്രവർത്തി പ്രസംഗിപ്പാനായി തദവസരം തിയഡോറിനെ ക്ഷണിച്ചു. ഇപ്രകാരം ഒരു പ്രബോധകനെ താൻ ഒരിക്കലും ശ്രവിച്ചിട്ടില്ലെന്ന് പ്രസംഗത്തിന്റെ അവസാനം ചക്രവർത്തി പറകയുണ്ടായി (ഫക്കൻടുസ് (+571), PL 67. 563). തിയഡോഷ്യസ് ചക്രവർത്തി കത്തുകൾവഴി തിയഡോറുമായി ബന്ധം പുലർത്തിയിരുന്നു എന്ന് പറയപ്പെടുന്നു (അതേസ്ഥലം). അന്ത്യോക്യൻ മെത്രാനായ ജോൺ തിയഡോറിന്റെ പ്രശസ്തിയെപ്പററി വിവരിക്കുന്നുണ്ട് (അതേകൃതി, 562). കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായ വി. ജോൺ ക്രിസൊസ്തോം, തന്റെ സുഹൃത്തായ തിയഡോറിന്റെ മാതൃകാപരമായ യൗവനകാലത്തെപ്പററി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 'തിയഡോർ പകൽ മുഴുവൻ വായനയിലും, രാത്രി മുഴുവൻ പ്രാർത്ഥനയിലും ചെലവഴിച്ചു; ദീർഘമായി ഉപവസിച്ചിരുന്നു; വെറും തറയിൽ കിടന്നാണ് അദ്ദേഹം ഉറങ്ങിയിരുന്നത്. എല്ലാത്തരം താപസ്സകർമ്മങ്ങളിലും സ്വയം ശിക്ഷണത്തിലും അദ്ദേഹം ഏർപ്പെട്ടിരുന്നു' (PG 47. 310 ff). തന്റെ മരണംവരെ ക്രിസസ്തോം തിയഡോറുമായുള്ള സൗഹൃദം നിലനിർത്തി എന്ന് ക്രിസസ്തോമിന്റെ ഒരു കത്തിൽനിന്ന് വ്യക്തമാണ്. ക്രിസസ്തോം കൗക്കാസസിൽ ക്രി. വ. 404–മുതൽ 407–വരെ വിപ്രവാസത്തിലായിരി

www.malankaralibrary.com



ക്കവെയാണ് ഈ കത്തു് രചിച്ചതു്. 'തിയഡോറിന്റെ സ്നേഹം എനിക്കൊരിക്കലും മറക്കാൻ സാധ്യമല്ല; അതു് അത്രമാത്രം നിഷ്കളങ്കവും, ഹൃദ്യവും, ആത്മാർത്ഥവും, നിഷ്കപടവും ആയിരുന്നു; ബാല്യകാലം മുതൽ നിലനിന്ന സ്നേഹമായിരുന്നു അതു്'' (PG 52. 668–9) എന്നു് ക്രിസസ്തോം സന്തോഷപൂർവം രേഖപ്പെടുത്തിയിരിക്കുന്നു. കത്തിന്റെ അവസാനം ക്രിസസ്തോം ഇതുകൂടി കൂട്ടിച്ചേർക്കുന്നു.' 'ജാഗരൂകവും കലർപ്പില്ലാത്തതുമായ ആത്മാവിന്റെ സ്നേഹം എന്ന ധനം എന്റെ ഹൃദയത്തിൽ ഞാൻ സൂക്ഷിക്കുന്നു; നാടുകടത്തപ്പെട്ട ഞാൻ ഇപ്രകാരമൊരു നിക്ഷേപത്തിൽനിന്നു് വളരെ വലിയ ആശ്വാസം അനുഭവിക്കുന്നു'. ഇതിനെക്കാൾ ശ്രേഷ്ഠമായൊരു വിധി ഇതിനെക്കാൾ ശ്രേഷ്ഠനായ ഒരാളിൽനിന്നു് ഉണ്ടാകാനില്ല!

മരണശേഷവും തിയഡോറിന്റെ ഖ്യാതി നിലനിന്നു. 'തിയഡോറിനെതിരെ എന്തെങ്കിലും ഉച്ചരിക്കുന്നതിനെക്കാൾ മരണം കാംക്ഷിക്കുന്നു' എന്നു് മൊപ്സ്വെസ്ത്യായിൽ തിയഡോറിന്റെ പിൻഗാമിയായ മെലേഷ്യസ് പ്രസ്താവിക്കുകയുണ്ടായി. തിയഡോറിന്റെ ക്രിസ്തുശാസ്ത്രത്തെ എതിർത്ത വി. സിറിൽ തന്നെയും തിയഡോറിന്റെ മഹത്വത്തെപ്പറ്റി പറയുന്നു. പൗരസ്ത്യദേശങ്ങളിലെ ജനങ്ങൾ പറയുന്നതായി സിറിൽ രേഖപ്പെടുത്തുന്നു: 'തിയഡോർ വിശ്വസിച്ചതുപോലെ ഞങ്ങൾ വിശ്വസിക്കുന്നു; തിയഡോറിന്റെ വിശ്വാസം എന്നും നിലനിൽക്കട്ടെ' (PG 77. 340). 'തിയഡോറിനെ ശപിക്കുന്നതിനെക്കാൾ ദഹിപ്പിക്കപ്പെടാൻ ഞങ്ങൾ ആഗ്രഹിക്കുന്നു' എന്നു് തിയഡോറിനെ ശപിക്കാൻ ഒരുങ്ങിവന്ന ഒരുകൂട്ടം മെത്രാന്മാരോടു് സിറിയായിലെ മെത്രാന്മാർ തിരിച്ചടിച്ചതായി വി. സിറിൽതന്നെ പ്രസ്താവിക്കുന്നു (അതേകൃതി 343–6). 'സാർവത്രിക സഭയുടെ പ്രബോധകൻ' എന്നാണു് തിയഡൊറെററു് തിയഡോറിനെ വിളിക്കുന്നതു്. 'എല്ലാ സഭകളുടെയും പ്രബോധകൻ' എന്ന നാമമാണു് നിഷേഫൊറുസ് കല്ലിസ്റ്റസ് എന്ന ഗ്രീക്ക ചിന്തകൻ തിയഡോറിനു് നൽകുന്നതു്.

പേർഷ്യൻ സഭയിൽ തിയഡോറിനു് സമുന്നതസ്ഥാനമാണുണ്ടായിരുന്നതു്. അവർക്കു് തിയഡോർ ഗുരുക്കന്മാരുടെ ഗുരുവും, പ്രധാനപ്രബോധകനും, പൊതുമല്പാനും, വ്യാഖ്യാതവും ആയിരുന്നു. എഡേസ്സ, നിസിബിസ് കലാലയങ്ങളിൽ തിയഡോറിയൻ കൃതികളായിരുന്നു പാഠപുസ്തകങ്ങളായി ഉപയോഗിച്ചിരുന്നതു്. ബർ ഹദ്ബ്ശാബ അർബായാ പറയുന്നു: 'തിയഡോർ തന്റെ ജീവിതകാലത്തു മാത്രമല്ല തന്റെ മരണശേഷവും തന്റെ ഗ്രന്ഥങ്ങളിലൂടെ ലോകത്തെ അമ്പരപ്പിച്ചു, ഈ വിജ്ഞാന

www.malankaralibrary.com



സാഗരത്തിന്റെ സദ്പ്രവൃത്തികളെപ്പററി വിവരിക്കാൻ ആക്ക സാധിക്കും? അവനിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവിന്റെ അത്ഭുതകർമ്മങ്ങളെപ്പററി വിവരിക്കാൻ കഴിയുന്നവൻ ആരാണ്? അദ്ദേഹത്തിന്റെ പക്കലെത്തുന്ന മെത്രാന്മാർ, സ്വയം അദ്ദേഹത്തിന്റെ ശിഷ്യരെന്ന് കരുതി. ബൗദ്ധികവ്യാപാരങ്ങളിൽ നിഷ്ണാതരായ താത്ത്വികരും അദ്ദേഹത്തിന്റെ മുമ്പിൽ വിദ്യാർത്ഥികളെപ്പോലെയായിരുന്നു. എത്ര വിഷമം പിടിച്ചതും കെട്ടുപിണഞ്ഞതുമായ പ്രശ്നങ്ങളും അദ്ദേഹത്തിന്റെ പക്കൽ വരുമ്പോൾ അവസാനിക്കമായിരുന്നു; അദ്ദേഹത്തിന്റെ അപ്പുറത്തേക്ക് കടന്നില്ല; ചോദ്യങ്ങൾ ചോദിക്കുന്നവർക്ക് അദ്ദേഹം വ്യാഖ്യാനിച്ചു കൊടുത്തു; സൂര്യപ്രകാശംപോലെ അദ്ദേഹം അവയെല്ലാം വ്യക്തമാക്കി' (PO. 9. 503–4).

ക്രി. വ. 431–ൽ മാരിയൂസ് മെർക്കാത്തോർ (5–ാം നൂ.) നെസ്തോറിയനിസത്തിന്റെയും പെലാജിയനിസത്തിന്റെയും കർത്താവായി തിയഡോറിനെ ചിത്രീകരിച്ചു; സഭയുടെ ഐക്യത്തിലും വിശുദ്ധിയിലും മരിച്ച (428) തിയഡോറിനെതിരെ ഒരുകൂട്ടമാളുകൾ ആരോപണങ്ങളുമായി മുന്നോട്ടു വന്നു. അഞ്ചാം സാർവത്രിക സൂനഹദോസിൽ (553) തിയഡോർ പാഷണ്ഡിയായി വിധിക്കപ്പെട്ടു. തിയഡോർ അസ്കിദാസ്, ലെയോൺസ്യൂസ് എന്നിവർ അതിനു വഴിയൊരുക്കി. ചെസറിയായിലെ (കപ്പദോചിയ) മെത്രാനായിരുന്ന അസ്കിദാസ്. ഏകസ്വഭാവവാദിനാഗതിക്കാരെ തൃപ്തിപ്പെടുത്താനാണ് തിയഡോർ ഈ വഴിക്കു നീങ്ങിയത് എന്നു പറയപ്പെടുന്നു. ലെയോൺസ്യൂസ് (ബൈസാൻസ്യം) തിയഡോറിന്റെമേൽ മഹറോൻതന്നെ വേണം എന്ന് ആവശ്യപ്പെട്ടു ക്രി. വ. 543–ൽ ജസ്റ്റീനിയൻ ചക്രവർത്തി തിയഡോറിനെതിരെയുള്ള ഡിക്രി പുറപ്പെടുവിച്ചു. 553 ലെ സിനഡ് അത് ആവർത്തിച്ചുറപ്പിച്ചു. 'ആരെങ്കിലും അഭക്തനായ തിയഡോറിനെയും അവന്റെ അഭക്തി നിറഞ്ഞ കൃതികളെയും ന്യായീകരിരിച്ചാൽ....അവനെയും അവന്റെ അഭക്തി നിറഞ്ഞ കൃതികളെയും ശപിക്കാതിരുന്നാൽ, അവയെ സംരക്ഷിക്കുകയോ, അവനെ ന്യായീകരിക്കുകയോ, അവന്റെ വ്യാഖ്യാനം ശരിയാണെന്ന് പറയുകയോ ചെയ്താൽ, അവനോ അവന്റെ കൃതികൾക്കോ ഗുണകരമായ രീതിയിൽ എഴുതിയാൽ, അതുപോലുള്ള അഭിപ്രായങ്ങൾ വച്ചുപുലർത്തിയാൽ, വച്ചുപുലർത്തിയിട്ടുണ്ടെങ്കിൽ, ഈ പാഷാണ്ഡതയിൽതന്നെ ഉറച്ചുനിന്നാൽ—അവൻ ശപിക്കപ്പെട്ടവനാകട്ടെ' (കാനൻ–12).

ക്രി. വ. 431 ലെ എഫേസൂസ് സൂനഹദോസിനുശേഷം തിയഡോറിനെതിരായ നീക്കത്തിനു നേതൃത്വം കൊടുത്തത്

www.malankaralibrary.com



സിറിലും എഡേസ്സായിലെ റാബൂളയും കൂടിയാണ്. ഏകസ്വഭാവചിന്താഗതിക്കാരായ അർമേനിയൻ സന്യാസികൾ തിയഡോറിന്റെ കൃതികളിൽനിന്ന് ശകലങ്ങൾ ശേഖരിച്ച് 'കാപ്പിത്തുള' എന്ന പേരിൽ കോൺസ്റ്റാന്റിനോപ്പിളിലെ പ്രോക്ളസിന് സമർപ്പിച്ചു. സിറിൽ തന്നെയും തന്റെ ചില കത്തുകളിൽ തിയഡോറിനെ നിശിതമായി വിമർശിക്കുകയുണ്ടായി (67, 69. 71. 78. 74). പോപ്പ് വിജീലിയൂസ് 553 ലെ വിധി അംഗീകരിക്കുകയുണ്ടായി. എന്നാൽ പാശ്ചാത്യസഭയിൽതന്നെ ഇതിനു ശരിയായ എതിർപ്പുണ്ടായി. ഹെർമിയാനയിലെ ഫക്കൻട്ടസ് മെത്രാൻ തിയഡോറിനെ ന്യായീകരിച്ചുകൊണ്ട് തെളിവുകൾ സഹിതം ഒരു കൃതി രചിച്ചു. ആധുനികകാലത്തും തിയഡോർ ഒരു വിവാദപുരുഷനായി അവശേഷിക്കുന്നു.

## തിയഡോറും പേർഷ്യൻ സഭയും

പേർഷ്യൻ സഭയുടെ ബൗദ്ധികകേന്ദ്രമായിരുന്ന എഡേസ്സാ–നിസിബിസ് കലാലയങ്ങളിൽ ദൈവശാസ്ത്രത്തിലും വ്യാഖ്യാനരീതികളിലും തിയഡോറായിരുന്നു മാർഗദർശി. പേർഷ്യയിലെ ക്രിസ്ത്യാനികളെ സംബന്ധിച്ച് തിയഡോർ 'ദൈവശാസ്ത്രജ്ഞനം,' 'വ്യാഖ്യാതാവും,' 'സത്യവിശ്വാസത്തിന്റെ സ്തംഭവും,' 'മല്പാന്മാരുടെ മല്പാനും' ആയിരുന്നു. സുറിയാനി വിവർത്തനങ്ങളിലൂടെ മിക്ക തിയഡോറിയൻ കൃതികളും പേർഷ്യയിൽ പ്രചരിച്ചിരുന്നു. എന്നാൽ 571 മുതൽ 610 വരെ നിസിബിസ് കലാലയാധ്യക്ഷനായിരുന്ന ഹെനാനാ തിയഡോറിന്റെ ദൈവശാസ്ത്രത്തിൽനിന്നും പാരമ്പര്യങ്ങളിൽനിന്നും വ്യതിചലിച്ചു. അപ്പോൾ കാതോലിക്കാമാരായ ഈശോയാബ് ഒന്നാമൻ 585 ലും സാബാറീശോ 596 ലും ഗ്രിഗറി 605 ലും ഹെനാനായെ കുററപ്പെടുത്തി (J.B. Chabot. SO, p, 137–8; 198; 211). ഉദാ. ഗ്രിഗറിയുടെ സിനഡ്: 'മൊപ്സുവെസ്ത്യായിലെ മെത്രാനും വ്യാഖ്യാതാവും ഭാഗ്യവാനുമായ മാർ തിയഡോറിന്റെ എല്ലാ കൃതികളും എല്ലാ ഭാഷ്യങ്ങളും നാമെല്ലാവരും സ്വീകരിച്ചംഗീകരിക്കണമെന്ന് ഈ സിനഡിൽ ഒന്നിച്ചുകൂടിയിരിക്കുന്ന ഞങ്ങൾ തീരുമാനിക്കുന്നു. രഹസ്യമായോ പരസ്യമായോ പ്രസംഗത്തിലോ കൃതികളിലോ ഈ മതപണ്ഡിതന്റെ കൃതികളെയും പ്രബോധനങ്ങളെയുംപററി ആരെങ്കിലും അപവാദം പറഞ്ഞാൽ, അദ്ദേഹത്തിന്റെ കൃതികൾക്കെതിരെ പഠിപ്പിച്ചാൽ, ദൈവകൃപയുടെ വിജ്ഞാനത്താൽ ഈ ദൈവമനുഷ്യൻ എഴുതിയവ പൂർണഹൃദയത്തോടെ അംഗീകരിക്കാതെയിരുന്നാൽ, ഉയരാഴങ്ങൾ വഹിക്കുന്ന ദൈവത്തിന്റെ വചനത്താൽ ആകാശത്തിലും ഭൂമിയിലും അവൻ ശപിക്കപ്പെട്ടവനും ഭ്രഷ്ടനുമായിരിക്കും' (അതേകൃതി, പേ. 211).

www.malankaralibrary.com

അദ്ധ്യായം 13

# നെസ്തോറിയുസും തിയഡോറെറും

## 1. നെസ്തോറിയുസ്

സിറിയായിൽ ജർമനീഷ്യ എന്ന സ്ഥലത്തു് പേർഷ്യൻ മാതാപിതാക്കളിൽ നിന്നു 381-ന ശേഷം നെസ്തോറിയുസ് ജനിച്ചു. അന്ത്യോക്യയിൽ മൊപ്സുവെസ്ത്യായിലെ തിയഡോറിന്റെ കീഴിൽ ദൈവശാസ്ത്രപരിശീലനം നേടി. അന്ത്യോക്യക്കടുത്തു് വി. എവുപ്രേസിയൂസിന്റെ ആശ്രമത്തിൽ സന്യാസിയായി. അന്ത്യോക്യൻ സഭയിലെ ഒരു വൈദികനെന്ന നിലയിൽ അദ്ദേഹം പ്രശസ്തനായ ഒരു വാഗ്മിയായിത്തീർന്നു എന്നു ജന്നാഡിയുസ് സാക്ഷിക്കുന്നു (മഹത്. 53). 428-ൽ നെസ്തോറിയുസിനെ തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തി കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായി നിയമിച്ചു. പാഷണ്ഡികരം, ശീശ്മക്കാർ, യൂദന്മാർ എന്നിവർക്കെതിരെ അദ്ദേഹം കർശന നടപടികരം എടുത്തു. നഗരത്തെ പവിത്രീകരിക്കാൻ നെസ്തോറിയുസ് തീരുമാനിച്ചു. ആരിയർ, മാസിഡോണിയർ, നൊവേഷ്യർ ആദിയായ അബദ്ധോപദേശകർക്കെതിരെ പോരാടി. എന്നാൽ അധികം താമസിയാതെ നെസ്തോറിയുസും പാഷണ്ഡിയായി മുദ്രകുത്തപ്പെട്ടു. നെസ്തോറിയുസിനു മുൻപ് അന്ത്യോക്യൻ സഭയിൽ നിന്നു കോൺസ്റ്റാൻറിനോപ്പിളിലേക്കു മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടയാളായിരുന്നു ജോൺ ക്രിസസ്തോം. എന്നാൽ അദ്ദേഹം അന്ത്യോക്യൻ ക്രിസ്തുശാസ്ത്രവും ദൈവശാസ്ത്രവും കോൺസ്റ്റാൻറിനോപ്പിളിൽ പരസ്യമായി പ്രസംഗിക്കുന്നതിൽ നിന്നു് ഒഴിഞ്ഞുമാറി. എന്നാൽ നെസ്തോറിയുസ് തന്റെ പ്രസംഗത്തിന്റെ ഒരു പ്രധാന വിഷയമായി അതു തിരഞ്ഞെടുത്തു.

തുടർന്നുണ്ടായ തർക്കങ്ങളും വാദപ്രതിവാദങ്ങളും 431 ലെ എഫേസൂസ് സൂനഹദോസിലെത്തിച്ചു. അവിടെ വച്ചു് നെസ്തോറിയുസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. 431 ൽ തന്നെ അദ്ദേഹം അന്ത്യോക്യയിലെ ആശ്രമത്തിലേക്കു് അയയ്ക്കപ്പെട്ടു. 435 ൽ അവിടെ

www.malankaralibrary.com



നിന്നു് ഈജിപ്തിലെ മണലാരണ്യത്തിലേക്കു നാടുകടത്തപ്പെട്ടു. അവിടെ വിപ്രവാസത്തിൽ വച്ചു 451 നു ശേഷം അദ്ദേഹം മരിച്ചു.

നെസ്തോറിയുസിനെ സ്ഥാനഭ്രഷ്ടനാക്കുന്നതിനും നാടുകടത്തുന്നതിനും നേതൃത്വം കൊടുത്തതു് അലക്സാണ്ഡ്രിയായിലെ സിറിലായിരുന്നു. റോമിലെ മെത്രാൻ ഇക്കാര്യത്തിൽ സിറിലിനോടു് സഹകരിച്ചു. അന്ത്യോക്യാ പാത്രിയർക്കേററിലെ മിക്കവാറും മെത്രാന്മാർ എല്ലാവരും തന്നെ ഈ പ്രവൃത്തിക്കു് ഒട്ടും തന്നെ ന്യായീകരണം കണ്ടില്ല. അന്ത്യോക്യയിലെ മാർ യോഹന്നാൻ ഉൾപ്പെടെയുള്ള മെത്രാന്മാരെല്ലാം വെറുപ്പോടുകൂടിയാണു് എഫേസോസിലെ (431) നടപടികൾ വീക്ഷിച്ചതു്.

അക്കാലത്തു് കോൺസ്റ്റാൻറിനോപ്പിളിൽ നടന്ന സഭാരാഷ്ട്രീയത്തിലെല്ലാം തലയിട്ടു് മുതലെടുക്കാൻ അലക്സാണ്ഡ്രിയൻ മെത്രാന്മാർ പലപ്പോഴും ശ്രമിച്ചിട്ടുണ്ടു്. ഉദാ. (i) ക്രി. വ. 379–ൽ ഗ്രിഗറി നസ്യാൻസനെ കോൺസ്റ്റാൻറിനോപ്പിൾ മെത്രാനാക്കാൻ ചക്രവർത്തി തീരുമാനിച്ചപ്പോൾ, അലക്സാണ്ഡ്രിയായിലെ പത്രോസ് അതിലിടപെട്ടു് തൻെറ ഒരു സ്ഥാനാർത്ഥിയെ അവിടെ മെത്രാനാക്കാൻ ശ്രമിച്ചു. എന്നാൽ പ്രസ്തുത പദ്ധതി പരാജയപ്പെട്ടു. ഗ്രിഗറി കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായിത്തീർന്നു. (ii) അന്ത്യോക്യയിൽ നിന്നുള്ള ജോൺ ക്രിസസ്തോം കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായപ്പോൾ അലക്സാണ്ഡ്രിയയിലെ തെയോഫിലസ് അദ്ദേഹത്തിനെതിരെ ഗൂഢാലോചന നടത്തുകയും അദ്ദേഹത്തെ തരം താഴ്ത്തി, നാടുകടത്തുന്നതിനു് ചരടുവലിക്കുകയും ചെയ്തു. (iii)മൂന്നാമത്തേതു് നെസ്തോറിയുസിൻെറ സംഭവമാണു്. തെയോഫിലസിൻെറ സഹോദരിയുടെ പുത്രനും, പിൻഗാമിയുമായ സിറിൽ പുതിയ റോമാ ആയ കോൺസ്റ്റാൻറിനോപ്പിളിലെ നെസ്തോറിയുസിനെ സ്ഥാനഭ്രഷ്ടനാക്കുന്നതിലും നാടുകടത്തുന്നതിലും വിജയിച്ചു.

പൗരസ്ത്യദേശത്തെ സംഭവവികാസങ്ങൾ വസ്തുനിഷ്ഠമായി കാണാൻ റോമിലെ മെത്രാന്മാർക്കു സാധിക്കാതെപോയതും നെസ്തോറിയുസിൻെറ വീഴ്ചയ്ക്കു് മറെറാരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പൗരസ്ത്യ പ്രശ്നങ്ങളെപ്പററി നന്നായറിയാവുന്നവർ അക്കാലത്തു റോമിൽ കുറവായിരുന്നു. നെസ്തോറിയുസും സിറിലും തമ്മിലുള്ള പ്രശ്നത്തിൽ സിറിലിനെത്തന്നെ ന്യായാധിപനും മധ്യവർത്തിയുമായി നിയമിച്ചതു് അതിലും വലിയ തെററായിപ്പോയി.

www.malankaralibrary.com



സഭാതലത്തിൽ തന്റെ എതിരാളി എന്നു സിറിൽ കരുതിയ നെസ്തോറിയൂസിനെ തറപറ്റിച്ചേ അടങ്ങൂ എന്ന ദുശ്ശാഠ്യവും നിയന്ത്രണാതീതമായ വേഗത്തിൽ നടന്ന സമ്മേളനങ്ങളും ന്യായീകരിക്കാൻ കഴിയാത്തവരുണ്ട്. 431-ലെ എഫേസൂസ് സൂനഹദോസിനുശേഷം ക്രിസ്ത്യാനികളിൽ വലിയൊരു ഭാഗം നെസ്തോറിയൂസിനെ പാഷണ്ഡിയായിട്ടാണ് കരുതുന്നത്.

നെസ്തോറിയൂസിനെ സംബന്ധിച്ച് ആധുനിക കാലത്തുള്ള പണ്ഡിതന്മാരും ഏകാഭിപ്രായക്കാരല്ല. ചിലർ അദ്ദേഹത്തെ പാഷണ്ഡിയായി കരുതുമ്പോൾ മറ്റു ചിലർ അതംഗീകരിക്കുന്നില്ല.

1908-ൽ ബത്തൂൻ ബേക്കർ നെസ്തോറിയൂസിന്റെ സത്യവിശ്വാസം തെളിയിക്കാൻ ഒരു ശ്രമം നടത്തി. 'യേശുക്രിസ്തുവിൽ രണ്ടു വ്യക്തികളുണ്ട്; വചനത്തിന്റെ വ്യക്തിത്വവും, മനുഷ്യന്റെ വ്യക്തിത്വവും; ഒന്ന് സ്വഭാവത്താലെ പുത്രൻ; മറ്റത് ബന്ധം വഴി പുത്രൻ; വാസ്തവത്തിൽ രണ്ടു പുത്രന്മാരും രണ്ട് ക്രിസ്തുവും ആണുള്ളത്; ഒരു ധാർമികമായ ഐക്യമേയുള്ളൂ—ഇതാണല്ലോ സാധാരണയായി നെസ്തോറിയസിൽ ആരോപിക്കുന്ന പാഷണ്ഡത.എന്നാൽ ഇതു് നെസ്തോറിയസ് പഠിപ്പിക്കുന്നില്ല'. (J. F. Bethune Baker, Nestorius and his Teaching, p.82). 1908നു ശേഷം നെസ്തോറിയൂസിനെ ശക്തിയായി അനുകൂലിച്ചയാളാണ് ഡൊമിനിക്കൻ സഭാംഗമായ ഷിപ്പിയോണി. രണ്ട് ഗ്രന്ഥങ്ങളിലായി നെസ്തോറിയൂസിന്റെ സത്യവിശ്വാസവും നിരപരാധിത്വവും വെളിച്ചത്തുകൊണ്ടുവരുവാൻ അദ്ദേഹം ഒരു ശ്രമം നടത്തി (L. I. Scipioni, Ricerche sulla Cristologia del 'libro di Eraclide' di Nestorio, Friburg, 1956; Nestorio e il Concilio di Efeso, Milano 1974). നെസ്തോറിയൂസ് തന്റെ ഗ്രന്ഥത്തിൽ (L H) മിലാനിലെ അംബ്രോസിനെ വിളിച്ചു പ്രാർത്ഥിക്കുന്ന ഒരു ഭാഗമുണ്ട്: 'അംബ്രോസേ, സംസാരിക്കണമേ; പീഡിതനെ അവഗണിക്കരുതേ; പരദൂഷകരെ ശ്രദ്ധിക്കരുതേ; ശ്രദ്ധിക്കപ്പെടാതെ നിർദോഷരക്തം ചിന്തപ്പെടാനിടയാകരുതേ' (L H (Driver), p. 199). ഈ പ്രാർത്ഥനയുടെ ഫലമെന്നോണം, നെസ്തോറിയൂസിനെ ന്യായീകരിച്ചുകൊണ്ട്, കത്തോലിക്കനും മിലാനിൽ താമസിച്ചവനുമായ ഷിപ്പിയോണി (ഒ. പി.) മിലാനിൽനിന്നു തന്നെ ഒരുത്തമഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഇന്നു ലഭ്യമായ എല്ലാ നെസ്തോറിയൻ കൃതികളും ഷിപ്പിയോണി അപഗ്രഥിച്ചു; കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസിന്റെ നിരപരാധിത്വം അദ്ദേഹം തെളിയിച്ചു.

പ്രശസ്ത പട്രിസ്റ്റിക് പണ്ഡിതനായ ഗ്രിൽമയർ ഷിപ്പിയോണിയുടെ ചുവടു പിടിച്ച് നെസ്തോറിയൂസിനെ ന്യായീക

www.malankaralibrary.com



കരിക്കാൻ ശ്രമിച്ചു. 'ക്രിസ്തുവിൽ സത്താപരമായ ഐക്യമാണ് ഗൗരവപൂർവം നെസ്തോറിയൂസ് അന്വേഷിച്ചതു് എന്നതു് നിഷേധിക്കാൻ സാധ്യമല്ല; സ്വഭാവത്തിലാണു് അദ്ദേഹം എപ്പോഴും ഊന്നൽ കണ്ടെത്തിയതു്' (A. Grillmeier, Christ in Christian Tradition, 1, p. 517). നെസ്തോറിയൂസ് ഒരു തീവ്രവാദിയായിരുന്നില്ല; അന്ത്യോക്യൻ ചിന്താഗതിയുള്ള ഒരു മിതവാദിയായിരുന്നദ്ദേഹം എന്നത്രേ ഗ്രിൽമയറിൻെറ ചിന്ത. വത്തിക്കാൻ കൗൺസിലിനുശേഷമുള്ള സഭൈക്യചർച്ചകളിലും നെസ്തോറിയൂസിൻെറ ചിന്താരീതിയെ ന്യായീകരിക്കാൻ ഗ്രിൽമയർ, ഷൂണെൻബർഗ്, വാൻ ദെർ ആൽസ്റ്റ് എന്നീ പണ്ഡിതന്മാർ ശ്രമിച്ചിട്ടുണ്ടു്: 'നെസ്തോറിയൂസിനെ ശരിയായി വ്യാഖ്യാനിക്കാൻ സാധിക്കമായിരുന്നു; അദ്ദേഹത്തിൻെറ കൃതികൾ തെററുധരിക്കപ്പെട്ടു; പരസ്പരവിരുദ്ധമായ വിധികളുമുണ്ടായി' എന്നു വാൻ ദെർ ആൽസ്റ്റ് ഒരു മീററിംഗിൽ പറയുകയുണ്ടായി (WWS, I, p. 61). നെസ്തോറിയൂസിനെതിരെയുള്ള ശാപങ്ങൾ നീക്കണമെന്നുവരെ ആധുനികകാലത്തു വാദിക്കുന്നവരുണ്ടു്.

## നെസ്തോറിയൂസിൻെറ പ്രശ്നങ്ങൾ

അലക്സാണ്ഡ്രിയയിലെ സിറിലിൻെറ ക്രിസ്തുശാസ്ത്രത്തിൽ നെസ്തോറിയൂസ് ചില പ്രശ്നങ്ങൾ കണ്ടു. സിറിലിനെ ശരിയായി വ്യാഖ്യാനിച്ചു് സഭ മനസ്സിലാക്കുന്നു. അത്തരം വ്യാഖ്യാനമൊന്നുംകൊടുത്തു് സിറിലിനെ മനസ്സിലാക്കാൻ നെസ്തോറിയൂസ് കൂട്ടാക്കിയില്ല; സിറിലും നെസ്തോറിയൂസിനെ ശരിയായി മനസ്സിലാക്കാൻ ഒരുമ്പെട്ടില്ല. മറിച്ചു് പരസ്പരം മനസ്സിലാക്കാതിരിക്കാൻ ശ്രമിച്ചു എന്നു തോന്നും അവരുടെ പ്രവർത്തനങ്ങൾ അപഗ്രഥിച്ചാൽ!

### 1. ഹൈപ്പോസ്റ്റാററികവും സ്വാഭാവികവുമായ ഐക്യം

രണ്ടു് സ്വഭാവങ്ങൾ (natures) തമ്മിലുള്ള ഐക്യമാണ് സ്വാഭാവികൈക്യം (ഹെനോസിസ് കത്ത ഫ്യുസിൻ). ആത്മാവും ശരീരവും തമ്മിലുള്ള ഐക്യമാണ് അതിൻെറ ദൃഷ്ടാന്തം! നെസ്തോറിയൂസിനു് ഇതു് സ്വീകാര്യമായില്ല. രണ്ടുംകൂടിക്കലർന്നു് മൂന്നാമതൊന്നു്—മനുഷ്യൻ—ഉണ്ടാകുന്നു. ഇതു് ശാശ്വതമായ ഐക്യമല്ല. മരിക്കുമ്പോൾ ആത്മാവും ശരീരവും വേർപെടുന്നു. അതുപോലെ വേർപെടുന്നതല്ല ക്രിസ്തുവിലെ സ്വഭാവങ്ങൾ. ശരീരത്തിൻെറ വേദനകളിൽ ആത്മാവും വേദനിക്കുന്നു. എന്നാൽ മനുഷ്യത്വത്തിൻെറ വേദന ദൈവത്വം സഹിക്കുന്നില്ല. ആത്മാവും ശരീരവും അപൂർണ സ്വഭാവങ്ങളാണു്. എന്നാൽ ക്രിസ്തു പൂർണമനുഷ്യനും പൂർണ ദൈവവുമാകയാൽ അവിടത്തെ സ്വഭാവങ്ങൾ

www.malankaralibrary.com



രണ്ടും പൂർണമാണ്. ഈ കാരണങ്ങളാൽ നെസ്തോറിയൂസ് ഈ ഉദാഹരണം തിരസ്കരിക്കുന്നു. ദൈവത്വവും മനുഷ്യത്വവും, ദൈവവും മനുഷ്യനും എന്ന യാഥാർത്ഥ്യം വ്യക്തമാക്കാൻ ഹൈപ്പോസ്റ്റാറ്റിക് ആയ ഐക്യം കഴിവില്ലാത്തതാണ് എന്ന നിഗമനത്തിൽ നെസ്തോറിയസ് എത്തി (L. H. (Driver), p. 49–50; 8–9; 33–39. 49_50. 154–155; 161–162; 179.313–314).

അതിനു പകരം വ്യക്തിപരമായ ഐക്യം (പർസോപ്പിക മായ ഐക്യം) എന്ന് അദ്ദേഹം പ്രയോഗിക്കുന്നു. ദൈവസ്വഭാവമുള്ള ദൈവപുത്രന്റെ ആളത്വം (പർസോപ്പാ) മനുഷ്യസ്വഭാവം കൂടി എടുത്തു; ദൈവപുത്രന്റെ ആളത്വം മനുഷ്യസ്വഭാവത്തിന്റെ ആളത്വമായി. യേശുവിനെ താനാക്കിത്തീർക്കുകയും മററുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുകയും ചെയ്യുന്ന ഗുണഗണങ്ങൾ മാനുഷിക തലത്തിൽ നിന്നു ചിന്തിക്കുമ്പോൾ യേശുവിന്റെ പർസോപ്പാ എന്നും പറയാം. എന്നാൽ ദൈവപുത്രന്റെ ആളത്വം ഒന്നു മാത്രമേയുള്ളു.

## 2. ദൈവഘാതകത്വം (Theopaschism)

'ദൈവം മരിച്ചു' എന്ന് പച്ച ഭാഷയിൽ പറയാൻ നെസ്തോറിയൂസ് അറച്ചുനിന്നു; 'ദൈവത്വം മരിച്ചു' എന്നർത്ഥത്തിൽ മനസ്സിലാക്കിയതാണ് അതിനു കാരണം. 'ക്രിസ്തു മരിച്ചു,' 'പുത്രൻ മരിച്ചു,' 'കർത്താവു മരിച്ചു' എന്നൊക്കെ പറയാൻ നെസ്തോറിയൂസിന് ഒരു വിഷമവുമില്ല. വി. ഗ്രന്ഥത്തിൽ അപ്രകാരമാണ് പറഞ്ഞിട്ടുള്ളതു്. 'ദൈവം മരിച്ചു' എന്ന് വി. ഗ്രന്ഥത്തിലില്ലല്ലോ. ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ മേൽപ്പറഞ്ഞ പ്രയോഗം ആണ് കുറേക്കൂടി ശരി; മറേറതു് തെററുധാരണയ്ക്കിടനൽകും എന്നായിരുന്നു നെസ്തോറിയൻ ചിന്ത (Loofs, Nestoriana, p. 169, 14–20).

## 3. ദൈവമാതാവ് (Theotokos)

നെസ്തോറിയൂസ് അന്ത്യോക്യയിൽ ആയിരുന്ന കാലത്തു തന്നെ (428 നു മുമ്പേ) ഈ പദത്തെ സംബന്ധിച്ച് ചർച്ചകൾ നടക്കുന്നുണ്ടായിരുന്നു. രണ്ടു വിഭാഗക്കാരായി തിരിഞ്ഞു് ജനങ്ങൾ തർക്കിച്ചുകൊണ്ടുമിരുന്നു. ദൈവത്വം നിഷേധിക്കാതെ 'മനുഷ്യന്റെ മാതാവ്' എന്നു പറഞ്ഞാലും, മനുഷ്യത്വം നിഷേധിക്കാതെ 'ദൈവമാതാവ്' എന്നു പറഞ്ഞാലും തെററില്ല. ജനങ്ങൾ പരസ്പരം ദുരാരോപണം നടത്തരുതെന്നു മാത്രം. എന്നാൽ ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ 'ക്രിസ്തുവിന്റെ അമ്മ' (ക്രിസ്റ്റോത്തോക്കോസ്) എന്നു പറയുന്നതാകും കുറേക്കൂടി ശരി. വി. ഗ്രന്ഥ

www.malankaralibrary.com



ത്തിലും ഈ ഭാഷയാണല്ലോ കാണുക എന്നായിരുന്നു നെസ്തോറിയുസിന്റെ വാദം. മറിയം തെയോതോക്കോസും ആന്ത്രോപ്പോതോക്കോസുമാണ്. ഒന്ന് സ്വഭാവത്താലെ; മററത് ഐക്യം വഴി. ഫൊത്തീനുസ്, മാനി, ആരിയൂസ്, അപ്പൊള്ളിനാരിയുസ്, സാമസൊട്ടയിലെ പൗലോസ് എന്നിവരുടെ അബദ്ധോപദേശങ്ങളെ ഖണ്ഡിക്കാനും 'ക്രിസ്തുവിന്റെ അമ്മ' എന്ന പ്രയോഗം സഹായിക്കും. നിഖ്യായിലെ പിതാക്കന്മാരും, 'നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ' ജനനത്തെപ്പററിയാണ് പറഞ്ഞത്. സ്ത്രീകൾ ശരീരത്തിന്റെയോ, ആത്മാവിന്റെയോ മാത്രം അമ്മമാരല്ലല്ലോ. സ്ത്രീ മനുഷ്യന്റെ അമ്മയാണ്. അതുപോലെ ക്രിസ്തുവിന്റെ അമ്മയാണ് മറിയാം: 'ക്രിസ്തു' എന്ന പദം ദൈവത്വവും മനുഷ്യത്വവും സൂചിപ്പിക്കുന്നു (L. H. 98–100).

നെസ്തോറിയുസ് തന്റെ അഭിപ്രായത്തിൽ ഉറച്ചുനിന്നു. താൻ പറയുന്നത് ശരിയാണെന്ന് അദ്ദേഹത്തിന് ഉത്തമബോധ്യമുണ്ടായിരുന്നു. എന്നാൽ അക്കാലത്തെ സഭാരാഷ്ട്രീയചരടുവലികൾക്കിടയിൽ നെസ്തോറിയുസിനെ ആരും ഒട്ടും പരിഗണിച്ചില്ല. സിറിൽ പഠിപ്പിച്ച രീതി പൊതുവെ സ്വീകാര്യമായി.

ക്രിസ്തുവിൽ രണ്ട് ആളുകൾ ഇല്ല എന്ന സംഗതി നെസ്തോറിയുസിന് വ്യക്തമായി അറിയാമായിരുന്നു; വ്യക്തമായി അദ്ദേഹം അത് പഠിപ്പിച്ചിരുന്നു. ത്രിത്വത്തിലെ ഐക്യവും ക്രിസ്തുവിലുള്ള ഐക്യവും ഗ്രിഗറി നസ്യാൻസൻ താരതമ്യപ്പെടുത്തുന്നു: ത്രിത്വത്തിൽ മൂന്ന് വ്യക്തികളുണ്ട് (അല്ലോസ് കായ് അല്ലോസ്). ക്രിസ്തുവിൽ രണ്ട് ഘടകങ്ങളേയുള്ളു: 'ഊക് അല്ലോസ് ദെ കായ് അല്ലോസ്; ലേഗോ ദെ അല്ലോ കായ് അല്ലോ' (Ep. 101 to Cledonius: PG. 37.180).

ഈ താരതമ്യം നെസ്തോറിയുസിലുമുണ്ട്. നെസ്തോറിയുസ് ഗ്രിഗറിയിൽനിന്നാണിത് എടുത്തിരിക്കുന്നത്: 'ദൈവവും മനുഷ്യനുമായി രണ്ട് സ്വഭാവങ്ങളുണ്ട്; എന്നാൽ രണ്ട് പുത്രന്മാരില്ല. നമ്മുടെ രക്ഷകൻ ഒന്നും മറെറാന്നും കൊണ്ടാണ്; എന്നാൽ ഒരാളും മറെറാരാളും അല്ല' (LH. p. 207. 247. 200. 215).

ക്രിസ്തുവിലെ ഐക്യം സൂചിപ്പിക്കാൻ നെസ്തോറിയുസ് പല പദങ്ങൾ ഉപയോഗിക്കുന്നു: സ്യൂനഫെയ്യാ (conjunction), ഏററം അടുത്ത ഐക്യം, ഐക്യം (union), വാസം (indwelling), എടുക്കൽ (assumption), വസ്ത്രധാരണം (putting on).

451 ലെ കൽക്കദോനിയാ സൂനഹദോസിനെപ്പററി നെസ്തോറിയുസിന് സന്തോഷമായിരുന്നു. താനൊരിക്കലും 'ഇരു പുത്രന്മാരെ' പററി പറഞ്ഞിട്ടില്ലെന്നും, താൻ പഠിപ്പിച്ചതു തന്നെയാണ്

www.malankaralibrary.com



കൽക്കദോനിയായും ശ്രേഷ്ഠനായ ലെയോയും പഠിപ്പിക്കുന്നതെന്നും, ഇനി സമാധാനത്തിൽ മരിക്കാമെന്നും അദ്ദേഹം മരുഭൂമിയിലെ വിപ്രവാസത്തിൽ വച്ച് എഴുതുന്നു (LH. 374, 379–380).

## കൃതികൾ

നിരവധി വിഷയങ്ങളെ സംബന്ധിച്ച് നെസ്തോറിയുസ് അനേകം കൃതികളെഴുതി എന്ന് ജന്നാഡിയുസ് സാക്ഷിക്കുന്നു (മഹത്. 53). അബ്ദീശോയുടെ (+1308) 'കാററലോഗ്' അതു് സ്ഥിരീകരിക്കുന്നു (B. O. 3.1.35). എന്നാൽ അവയിൽ വളരെ കുറച്ചു മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു. നെസ്തോറിയുസിന്റെ സകല കൃതികളും കണ്ടുകെട്ടി ചുട്ടുകളയുവാൻ 435–ൽ തിയഡോഷ്യസ് ചക്രവർത്തി കൽപ്പിച്ചു. എന്നാൽ പേർഷ്യൻ സഭ ചില കൃതികൾ സൂക്ഷിച്ചു; അവ തന്നെയും വളരെയധികം തിരുത്തലുകൾക്ക് വിധേയമായവയാണ്.

### (i) ദമസ്കോസിലെ ഹെരാക്ലിദെസിന്റെ ബസ്സാർ

ഈ കൃതി മാത്രമേ പൂർണമായി നെസ്തോറിയുസിൽ നിന്ന് നമുക്ക് ലഭിച്ചിട്ടുള്ളു. തന്റെ ജീവിതാവസാനമായിരിക്കാം അദ്ദേഹം ഇതു രചിച്ചതു്. 1895–ൽ ഒരു സുറിയാനി വിവർത്തനത്തിൽ ഇതു് കണ്ടുപിടിക്കപ്പെട്ടു. 1910–ൽ പ്രസിദ്ധീകൃതമായി. സൊഫ്രോണിയുസ് എന്നയാളുമായി നടത്തുന്ന സംഭാഷണത്തിന്റെ രൂപത്തിലാണ് ഈ കൃതി. തന്റെ നിലപാട് ന്യായീകരിക്കാനാണ് നെസ്തോറിയുസ് ഈ കൃതിയിൽ ഉടനീളം പരിശ്രമിക്കുന്നതു്. ഈ ഗ്രന്ഥം പ്രസിദ്ധീകൃതമായതോടുകൂടി നെസ്തോറിയുസിനെപ്പററിയുള്ള പരമ്പരാഗതമായ അഭിപ്രായങ്ങൾ മാററിക്കുറിക്കാൻ പലരും സന്നദ്ധത പ്രകടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ഗ്രന്ഥത്തിനു കൊടുത്തിരിക്കുന്നതു് ഒരു കപടനാമമാണ്. എതിരാളികൾ കത്തിച്ചു കളയാതിരിക്കാനുള്ള ഒരുപാധി മാത്രമാണ് ഈ കപടനാമം!

### (ii) പന്ത്രണ്ട് എതിർശാപങ്ങൾ

അലക്സാണ്ഡ്രിയായിലെ സിറിൽ നെസ്തോറിയുസിനെതിരെ പന്ത്രണ്ട് ശാപങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. അതിന്റെ ഖണ്ഡനമാണിതു് എന്ന് കരുതപ്പെട്ടിരുന്നു. ഒരു ലത്തീൻ വിവർത്തനത്തിലൂടെ ഇതു് കൈവന്നിട്ടുണ്ട്. ഇതു് ഒരു പിൽക്കാലകൃതിയാണെന്നും നെസ്തോറിയുസിന്റേതല്ലെന്നും കരുതുന്ന പണ്ഡിതന്മാരുണ്ട്.

www.malankaralibrary.com



(iii) ട്രാജഡി (ട്രജേഡിയ)

ഇതിൻെറ ചില ശകലങ്ങൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു. 431–നുശേഷം അന്ത്യോക്യയിൽ ആശ്രമത്തിൽ ആയിരിക്കവേ വിരചിതമായ കൃതിയാണ് ട്രാജഡി.

(iv) ദൈവഘാതകർ

സിറിലിനെ ഖണ്ഡിച്ചുകൊണ്ട് സംഭാഷണശൈലിയിൽ എഴുതിയ കൃതിയാണിത്. ഇതിൻെറ ചില സുറിയാനി രേഖാ ശകലങ്ങൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു.

(v) പ്രസംഗങ്ങൾ

ഏതാണ്ട് ഇരുപതു വർഷത്തോളം അന്ത്യോക്യയിലും കോൺസ്റ്റാൻറിനോപ്പിളിലും നെസ്തോറിയുസ് വളരെ പ്രശസ്തമായി പ്രസംഗിച്ചു. നെസ്തോറിയുസ് ചില പ്രസംഗങ്ങൾ സെലസ്റ്റിൻ മാർപാപ്പായ്ക്ക് അയച്ചുകൊടുത്തു. സിറിൽ തന്നെയും ചില പ്രസംഗങ്ങൾ അയയ്ക്കുകയുണ്ടായി. പിൽക്കാലങ്ങളിൽ നെസ്തോറിയന്മാർ അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ പ്രചരിപ്പിച്ചു എന്ന് പറയപ്പെടുന്നു.

ക്രിസസ്തോമിൻെറ നാമത്തിൽ പ്രചരിച്ചിരുന്ന നാലു പ്രസംഗങ്ങൾ നെസ്തോറിയുസിൻേറതാണ് എന്നാണ് പണ്ഡിതമതം.

(vi) കത്തുകൾ

ലൂഫ്സ് എന്ന പണ്ഡിതൻ പതിനഞ്ചു കത്തുകളുടെ പട്ടിക പ്രസിദ്ധീകരിച്ചു; അവയിൽ പത്തെണ്ണം പൂർണ്ണമായും മററുള്ളവ ഭാഗികമായും ലഭിച്ചിട്ടുണ്ട്. മൂന്നെണ്ണം ഗ്രീക്കിലും മററുള്ളവ ലത്തീനിലും സുറിയാനിയിലുമാണ്. ലത്തീനിലുള്ളവ (3) സെലസ്റ്റിൻ മാർപാപ്പായ്ക്കുള്ളതാണ്. കോൺസ്റ്റാൻറിനോപ്പിളിലെ ജനങ്ങൾക്കെഴുതിയ ഒരു കത്ത് സുറിയാനി വിവർത്തനത്തിലൂടെ ലഭിച്ചിട്ടുണ്ട്.

## 2. സൈറസ്സിലെ തിയഡൊറെററ്

അന്ത്യോക്യയിലെ അവസാനത്തെ ഏററം വലിയ ദൈവശാസ്ത്രജ്ഞനാണ് തിയഡൊറെററ്. 393–നോടടുത്ത് അദ്ദേഹം അന്ത്യോക്യയിൽ ജനിച്ചു; അന്ത്യോക്യയിലുള്ള സന്യാസാശ്രമങ്ങളിൽ പരിശീലിപ്പിക്കപ്പെട്ടു. 423–ൽ അന്ത്യോക്യക്കടുത്തുള്ള സൈറസ്സിൻെറ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടു. 35 വർഷം വളരെ കാര്യക്ഷമമായി രൂപതാഭരണം നിർവഹിച്ചു. ജനങ്ങളുടെ

www.malankaralibrary.com



ആത്മീകവും ലൗകികവുമായ കാര്യങ്ങളിൽ വളരെ താല്പര്യത്തോടുകൂടി ശ്രദ്ധിച്ചു. പുറജാതികൾ, യൂദർ, പാഷണ്ഡികൾ എന്നിവർക്കെതിരെ പടപൊരുതി. അതേസമയം സൈറസ് നഗരം മോടിപിടിപ്പിക്കുന്നതിലും, നഗരത്തിൽ പലവിധ സൗകര്യങ്ങൾ നടപ്പാക്കുന്നതിലും ശ്രദ്ധിച്ചു.

തിയഡൊറൈറിന്റെ ഗുരു മൊപ്സുവെസ്ത്യായിലെ തിയഡോറാണെന്നു തെളിയിക്കാൻ വിഷമമാണ്. നെസ്തോറിയുസും, അന്ത്യോക്യായിലെ യോഹന്നാനും തിയഡൊറൈറിന്റെ സഹപാഠികളായിരുന്നു എന്നു ചിലർ പറയുന്നു; എന്നാൽ അതും തെളിയിക്കാൻ പ്രയാസമാണ്. എന്നാൽ അലക്സാണ്ഡ്രിയായിലെ സിറിലും നെസ്തോറിയുസും തമ്മിലുള്ള തർക്കങ്ങളിൽ തിയഡൊറൈറും പങ്കുചേർന്നു. അന്ത്യോക്യൻ ചിന്താഗതി ആഴമായി സ്വാംശീകരിച്ചിരുന്ന തിയഡൊറൈറ്റ്, സിറിലിൽ അപ്പൊള്ളിനാരിയൻ പാഷണ്ഡത ദർശിച്ചു. എഫേസൂസിൽവച്ച് തിയഡൊറൈറ് അന്ത്യോക്യയിലെ യോഹന്നാന്റെ പക്ഷം ചേർന്നു; നെസ്തോറിയുസിനെ സൂനഹദോസ് മുടക്കിയതിനുശേഷവും തിയഡൊറൈറ് തന്റെ അഭിപ്രായങ്ങളിൽ ഉറച്ചുനിന്നു. കൂടാതെ, അഞ്ചു പുസ്തകങ്ങളിലായി ഒരു ബൃഹദ്ഗ്രന്ഥം പ്രസിദ്ധീകരിച്ചു; അതിൽ സിറിലിനെയും എഫേസൂസ് തീരുമാനങ്ങളേയും നിശിതമായി വിമർശിച്ചു. 433–ലെ ഐക്യഫോർമുല തിയഡൊറൈറ് എഴുതിയതാണെന്നു കരുതുന്നവരുണ്ട്! വളരെ വേഗം എവുത്തിക്കൂസിന്റെ പാഷണ്ഡതയിലും തിയഡൊറൈറ് ഇടപെട്ടു. നെസ്തോറിയനിസത്തിന്റെ നേരെ എതിർ പാഷണ്ഡതയാണല്ലൊ എവുത്തീക്കിയനിസം.

449–ലെ രണ്ടാം എഫേസോസ് സിനഡിൽവച്ച് സിറിലിന്റെ പിൻഗാമിയായ ദിയസ്ക്കോറോസ് തിയഡൊറൈറിനെ സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തി. തിയഡൊറൈറ് ലെയോ മാർപാപ്പായെ വിവരം അറിയിച്ചു. ലെയോ സിനഡിന്റെ തീരുമാനങ്ങളെ അംഗീകരിച്ചില്ല. മാർസിയൻ ചക്രവർത്തിയുടെ സഹായത്താൽ 450–ൽ തിയഡൊറൈറ് തിരികെവന്നു. 451–ൽ കൽക്കദോനിയ സൂനഹദോസിൽ തിയഡൊറൈറിന്റെ പ്രവേശനം വലിയ എതിർപ്പുളവാക്കി. സിനഡിന്റെ ഒരു പ്രത്യേക സമ്മേളനം തിയഡൊറൈറിന്റെ പ്രശ്നം ചർച്ച ചെയ്തു. നെസ്തോറിയുസിനെതിരെ ശാപം ഉച്ചരിച്ചെങ്കിലേ സൂനഹദോസിൽ പങ്കെടുപ്പിക്കൂ എന്ന് അവർ ശഠിച്ചു. അവസാനം തിയഡൊറൈറ് അതിനു വഴങ്ങി. 'നെസ്തോറിയുസിനും ഭാഗ്യവതിയായ കന്യകാമറിയം ദൈവമാതാവല്ല എന്നു പ്രഖ്യാപിക്കുന്നവർക്കും, ഏകജാതനായ പുത്രനെ രണ്ടായി വിഭജിക്കുന്നവർക്കും ശാപം' എന്നു തിയഡൊറൈറ് ഉച്ചരിച്ചു. പിതാ

www.malankaralibrary.com



ക്കന്മാർ തിയഡൊറെററിനെ ഔപചാരികമായി തിരികെ എടുത്തു. ഒരു സത്യവിശ്വാസ പ്രബോധകനായി തിയഡൊറെററ് അംഗീകരിക്കപ്പെട്ടു.

സൈറസിലെ സഭയെ തിയഡൊറെററ് ഏഴു വർഷംകൂടി ഭരിച്ചു. 466—ൽ മരിച്ചു.

553—ൽ കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ അഞ്ചാം സാർവ്വത്രിക സൂനഹദോസ് സിറിലിനും എഫേസൂസിനും എതിരായി തിയഡോറെറെറഴുതിയവയെ ശപിച്ചുതള്ളി.

## കൃതികൾ

പൗരസ്ത്യ സഭയിലെ വളരെ പ്രശസ്തനും സമർത്ഥനുമായ ഒരെഴുത്തുകാരനായിരുന്നു തിയഡൊറെററ്. മററ് അന്ത്യോക്യൻ ദൈവശാസ്ത്രജ്ഞന്മാരേക്കാൾ അധികം വ്യാപകമായ വിഷയങ്ങളിൽ അദ്ദേഹം താൽപ്പര്യം കാണിച്ചിരുന്നു. ദൈവശാസ്ത്രത്തിൻെറ മിക്കവാറും എല്ലാ ശാഖകളിലും അദ്ദേഹം കൃതികൾ എഴുതിയിട്ടുണ്ട്. 35 പുസ്തകങ്ങളോളം എഴുതിയെന്ന് 450_ൽ അദ്ദേഹം തന്നെ പറയുന്നു (ലേഖ. 145). എന്നാൽ ഇവയിൽ വളരെ കുറച്ചു കൃതികളേ നമ്മുടെ പക്കൽ വന്നുചേർന്നിട്ടുള്ളു. നമുക്കു കിട്ടിയിട്ടുള്ളവയിൽനിന്ന് അദ്ദേഹത്തിൻെറ അഗാധമായ പാണ്ഡിത്യം ഗ്രഹിക്കാവുന്നതാണ്. അദ്ദേഹത്തിന് ക്ലാസ്സിക്കൽ സാഹിത്യത്തിൽ നല്ല നിപുണതയുണ്ടായിരുന്നു; ഹോമർ, പ്ലേറേറാ ഇസോക്രിട്ടസ്, ഡെമോസ്തനെസ്, ഹെറോഡോട്ടസ്, അരിസ്റ്റോട്ടൽ, പ്ലൊത്തീനുസ്, പ്ലൂട്ടാർക്കു്, പൊർഫീരി എന്നിവരുടെ കൃതികളും അദ്ദേഹം വായിച്ചിരുന്നു. മാതൃഭാഷയായ സുറിയാനിക്കു പുറമേ മററു പല ഭാഷകളും അദ്ദേഹത്തിനു വശമായിരുന്നു. ഗ്രീക്കിലാണ് അദ്ദേഹം കൃതികൾ എഴുതിയതു്. തിയഡൊറെററിൻെറ ഗ്രീക്ക് പൂർണവും, ശൈലി വ്യക്തവും ഋജുവും ആണ് എന്ന് ഫോസിയസ് സാക്ഷിക്കുന്നു.

### 1. ഭാഷ്യകൃതികൾ

തൻെറ കൃതികൾക്ക് അപൂർവ്വ കല്പനാശക്തി ഉണ്ടെന്ന് തിയഡൊറെററ് നടിക്കുന്നില്ലെങ്കിലും അന്ത്യോക്യൻ ദൈവശാസ്ത്ര കലാലയത്തിൻെറ ഒരു നല്ല അദ്ധ്യാപകനായി അദ്ദേഹത്തെ കണക്കാക്കുന്നതിൽ അപാകതയില്ല. അദ്ദേഹം തൻെറ ഭാഷ്യകൃതികളിൽ അന്ത്യോക്യൻ—അലക്സാണ്ഡ്രിയൻ ചിന്തകൾക്കിടയിൽ ഉള്ള മദ്ധ്യമാർഗം സ്വീകരിച്ചു. മൊപ്സുവെസ്റ്റ്യായിലെ തിയഡോറിൻെറ റാഷണലിസമോ കടുത്ത വാച്യാർത്ഥപ്രേമമോ, തിയഡൊറെററ് സ്വീകരിച്ചില്ല. ആവശ്യമുള്ളപ്പോഴൊക്കെ വ്യംഗ്യാർത്ഥ

www.malankaralibrary.com



ഭാഷ്യരീതിയും സ്വീകരിക്കാൻ അദ്ദേഹം മടിച്ചില്ല. നിരവധി വേദപുസ്തക ഗ്രന്ഥങ്ങൾക്ക് അദ്ദേഹം സമ്പൂർണഭാഷ്യം എഴുതിയിട്ടുണ്ട്. കൂടാതെ പ്രയാസമുള്ള ഭാഗങ്ങളെ ആധാരമാക്കി ചോദ്യോത്തര രീതിയിൽ പ്രതിപാദനങ്ങളും എഴുതി.

(1) അഷ്ടഗ്രന്ഥങ്ങളിലെ പ്രശ്നങ്ങൾ

പഞ്ചഗ്രന്ഥിയെ ആധാരമാക്കി നിരവധി ചോദ്യോത്തരങ്ങൾ ഉൾക്കൊള്ളുന്ന ഒരു കൃതിയാണിത്. ഗ്രന്ഥത്തിൽ അനുബന്ധമായി, ജോഷ്വാ, ന്യായാധിപന്മാർ, റൂത്ത് എന്നീ ഗ്രന്ഥങ്ങളെ ആധാരമാക്കിയുള്ള പ്രശ്നങ്ങളും ചർച്ചാവിഷയമാക്കിയിട്ടുണ്ട്. ഹിപ്പാസ്യൂസ് എന്ന 'ഏററം പ്രിയ മകൻെറ' അപേക്ഷയനുസരിച്ച് 453 നു ശേഷം എഴുതിയതാണിത്. 7-ാം നൂററാണ്ടിൽ അനസ്താസിയൂസ് സിനൈയ്ത്തായും ഒൻപതാം നൂററാണ്ടിൽ ഫോസിയസും ഈ കൃതി ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്.

(2) രാജാക്കന്മാർ, ദിനവൃത്താന്തം എന്നിവയിലെ പ്രശ്നങ്ങൾ.

ആദ്യത്തെ കൃതിയുടെ തുടർച്ചയാണിത്. ചോദ്യോത്തര രീതിയിലാണ് രാജാക്കന്മാരുടെ പുസ്തകം ചർച്ചചെയ്യുന്നത്. എന്നാൽ ദിനവൃത്താന്ത പുസ്തകത്തിന് തുടർച്ചയായ വിവരണമാണ് കൊടുക്കുന്നത്.

(3) സങ്കീർത്തനഭാഷ്യം

'സങ്കീർത്തനഭാഷ്യം' എല്ലാ സങ്കീർത്തനങ്ങളുടെയും തുടർച്ചയായ ഒരു ഭാഷ്യമാണ്. നിരവധി സങ്കീർത്തന ഭാഷ്യങ്ങൾ താൻ വായിച്ചിട്ടുണ്ടെന്ന് ആമുഖത്തിലദ്ദേഹം പറയുന്നു. ചിലതു് തികച്ചും രൂപകാർത്ഥ പ്രതിപാദനമാണ്. ചിലതു്, മെസിയാനിക പ്രവചനങ്ങൾ കഴിഞ്ഞകാല സംഭവങ്ങളായി വരച്ചുകാട്ടുന്നു. യൂദന്മാരുടെ ഭാഷ്യങ്ങൾ രണ്ടാമതു പറഞ്ഞ ഇനത്തിൽപ്പെടുന്നു. ഇങ്ങനെയുള്ള അതിരുകടന്ന രീതികൾ മാററി ഒരു മധ്യമാർഗ്ഗം സ്വീകരിച്ച് ഉത്തമമായ ഒരു ഭാഷ്യം ചമയ്ക്കാനാണ് തിയഡൊറെററ് ശ്രമിച്ചതു്. ചരിത്രപരമായിട്ടുള്ളതു ചരിത്രപരമായിത്തന്നെ; മിശിഹായെയും സഭയെയും കുറിച്ചുള്ളതു് ആ രീതിയിലും. എന്നാണ് ഈ ഭാഷ്യം രചിച്ചതെന്ന് കൃത്യമായി പറയുക സാധ്യമല്ല. 441 നും 449 നും ഇടയ്ക്കായിരിക്കാം എന്നു കരുതുന്നവരുണ്ട്.

(4) ഉത്തമഗീതഭാഷ്യം

തിയഡൊറെററിൻെറ ഒരാദ്യകാല ഭാഷ്യകൃതിയാണ് ഉത്തമഗീതഭാഷ്യം. ജർമ്മനീഷ്യയിലെ മെത്രാനായ യോഹന്നാൻെറ

www.malankaralibrary.com



അപേക്ഷപ്രകാരമാണ് തിയഡൊറൈററ് ഈ ഭാഷ്യം രചിച്ചത്. സ്ത്രീപുരുഷ സ്നേഹത്തെപ്പററിയാണ് ഗ്രന്ഥം ചർച്ചചെയ്യുന്നതെന്ന വീക്ഷണം തിയഡൊറൈററ് തള്ളിക്കളയുന്നു, ഗ്രന്ഥത്തിൻെറ ആദ്ധ്യാത്മിക സ്വഭാവത്തിലേയ്ക്കാണ് അദ്ദേഹം വിരൽ ചൂണ്ടുന്നത്. ഒരിജൻെറ ഭാഷ്യരീതി തിയഡൊറൈററ് ഇതിൽ സ്വീകരിച്ചിട്ടുണ്ട്. ക്രിസ്തു വരനും സഭ വധുവും എന്നതാണ് ഉത്തമഗീതത്തിൻെറ സഭാത്മകയർത്ഥം. ഉത്തമഗീതത്തെ സംബന്ധിച്ച് മൊപ്സുവെസ്ത്യായിലെ തിയഡോറിനുണ്ടായിരുന്ന അഭിപ്രായത്തെ 'മുത്തശ്ശികഥ' പോലും പറയാൻ മടിക്കുന്ന കഥയായി' തിയഡൊറൈററ്' പുച്ഛിച്ചു തള്ളുന്നു. അതായത്, സോളമൻ ഫറവോൻെറ മകളെ വിവാഹം കഴിച്ചു; ചിലർ അതിനെ എതിർത്തു; അവർക്ക മറുപടിയായി സോളമൻ ഉത്തമഗീതം എഴുതി. ഇതാണ് തിയഡോറിൻെറ ചിന്ത.

(v) ദാനിയേൽ ഭാഷ്യം

ദാനിയേലിൻെറ പുസ്തകത്തിന് രചിച്ച ഭാഷ്യത്തിൽ യൂദവിരുദ്ധചിന്താരീതി വ്യക്തമാണ്. ദാനിയേലിൻെറ പുസ്തകത്തെ പ്രവാചകനിരയിൽനിന്നു മാററി നിർത്തുന്നതിനെ തിയഡൊറൈററ് പുച്ഛിക്കുന്നു. സൂസന്നായുടെ കഥയും, ബാലിൻെറയും സർപ്പത്തിൻെറയും വിവരണവും തിയഡൊറൈററ് സ്പർശിച്ചിട്ടില്ല. പ്രവാചക കൃതികളിൽ ആദ്യമായി എഴുതിയ ഭാഷ്യം ഇതാണ് എന്ന് സങ്കീർത്തനഭാഷ്യത്തിൻെറ ആമുഖത്തിൽ അദ്ദേഹം പറയുന്നു.

(vi) എസക്കിയേൽ ഭാഷ്യം

ദാനിയേൽ ഭാഷ്യത്തിനു ശേഷമാണ് എസക്കിയേൽ ഭാഷ്യമെഴുതിയത്.

(vii) പന്ത്രണ്ട് ചെറിയ പ്രവാചകരുടെ ഭാഷ്യം

പന്ത്രണ്ട് ചെറിയ പ്രവാചകഭാഷ്യം എസക്കിയേൽ ഭാഷ്യത്തിനുശേഷം എഴുതപ്പെട്ടതാണ്. ഗ്രന്ഥത്തിൻെറ ആമുഖത്തിൽ നിന്നിത് വ്യക്തമത്രേ.

(viii) ഏശായാ ഭാഷ്യം

ഏശായാഭാഷ്യത്തിൻെറ ചില രേഖാശകലങ്ങൾ മാത്രമേ ഈയടുത്തകാലംവരെ നമുക്കു കൈവന്നിരുന്നുള്ളു. 1899–ൽ പപ്പദോപ്പുളസ് കെരമെയൂസ് ഇതിൻെറ മുഴവൻ ഭാഷ്യവും കണ്ടെടുത്തു. അതേപ്പററി തൻെറഗ്രന്ഥത്തിൽ പറയുകയും ചെയ്തു. പക്ഷേ ആരും ശ്രദ്ധിച്ചില്ല. 1929–ൽ എ. മേളെ (Moehle) എന്നയാൾ ഇതേ

www.malankaralibrary.com



പ്പററി പഠിക്കുകയും 1932 ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ചെയ്തു. യിരെമ്യാഭാഷ്യത്തിനു തൊട്ടുമുമ്പാണു ഈ ഭാഷ്യം വിരചിതമായതു എന്നു ആമുഖത്തിൽനിന്നു തെളിയുന്നു. ബൈബിൾഭാഷ്യകാരന്മാർക്കു നല്ലൊരു മാതൃകയാണു തിയഡൊറെററിന്റെ ഏശായാഭാഷ്യം. തിയഡോറിന്റെ തീവ്രവാദവീക്ഷണമിതിലില്ല. വാച്യാർത്ഥവും, ആവശ്യമുള്ളിടത്തു രൂപകാർത്ഥവും തിയഡൊറേററു സ്വീകരിക്കുന്നു. അദ്ദേഹത്തിന്റെ ക്രിസ്തുശാസ്ത്രവീക്ഷണം മനസ്സിലാക്കാൻ ഈ കൃതി വളരെ സഹായകമാണു.

(ix) ജറമിയഭാഷ്യം

ജറമിയ, ബാറൂക്കു, വിലാപങ്ങൾ എന്നീ മൂന്നു കൃതികളെ ആധാരമാക്കിയുള്ള ഭാഷ്യമാണിതു. പ്രവാചക കൃതികളെ ആധാരമാക്കിയുള്ള അവസാനത്തെ ഭാഷ്യകൃതിയാണിതെന്നു കൃതിയിൽ തിയഡൊറെററു സൂചിപ്പിക്കുന്നു.

(x) വി. പൗലോസിന്റെ പതിന്നാലു ലേഖനങ്ങളുടെ ഭാഷ്യം

പൗലോസിന്റെ 14 ലേഖനങ്ങളെ ആധാരമാക്കിയുള്ള ഒരു ഭാഷ്യം ഒരു പില്ക്കാലകൃതിയാണു. പുതിയനിയമഭാഷ്യകൃതികളിൽ ഇതുമാത്രമേ അവശേഷിച്ചിട്ടുള്ളു.

## 2. അപ്പോളജെററിക്കൽ കൃതികൾ

(i) പേഗൻ രോഗങ്ങൾക്കുള്ള പ്രതിവിധി

'പേഗൻ രോഗങ്ങൾക്കുള്ള പ്രതിവിധി' അഥവാ 'സുവിശേഷസത്യം ഗ്രീക്കു തത്വശാസ്ത്രത്തിൽനിന്നു തെളിയിക്കപ്പെടുന്നു' എന്നതാണു തിയഡൊറെററിന്റെ ഏററം പ്രധാനപ്പെട്ട അപ്പോളജെററിക്കൽ കൃതി. ക്രിസ്തീയ വിശ്വാസസംരക്ഷക കൃതികളിൽ ഏററം അവസാനത്തേതാണിതു. ഏററം ഉത്തമമായ 'അപ്പൊളജെററിക്കൽ' കൃതിയായി ഇതു കരുതപ്പെടുന്നു. പന്ത്രണ്ടു പ്രബന്ധങ്ങളിലായി, അടിസ്ഥാനപ്രശ്നങ്ങളെ സംബന്ധിച്ചു ക്രിസ്തുമതവും പേഗനിസവും നൽകുന്ന ഉത്തരം നിരത്തിവയ്ക്കുന്നു. അതുവഴി സുവിശേഷത്തിന്റെ ഔന്നത്യം വരച്ചുകാട്ടാൻ അദ്ദേഹം ശ്രമിക്കുന്നു.

തിയഡൊറെററിന്റെ ക്ലാസ്സിക്കൽ വിജ്ഞാനം ഇതിൽ പ്രസ്പഷ്ടമാണു. നൂറിലേറെ പേഗൻ താത്വികരെ അദ്ദേഹം ഉദ്ധരിക്കുന്നു. എന്നാൽ മിക്ക ഉദ്ധരണികളും മൂലകൃതികളിൽ നിന്നല്ല ഉദ്ധരിച്ചിരിക്കുന്നതു. അലക്സാണ്ഡ്രിയായിലെ

www.malankaralibrary.com



ക്ലെമെൻറിൻെറ 'സ്ട്രോമാത്ത', ചെസറിയയിലെ എവുസേബിയസിൻെറ 'സുവിശേഷത്തിനൊരുക്കം' എന്നിവയിൽ നിന്നാണ് 340 ഉദ്ധരണികളിൽ മിക്കതും എടുത്തിരിക്കുന്നത്. എവുസേബിയസിൻെറ കാര്യം ഒരു പ്രാവശ്യം പറയുന്നു; എന്നാൽ ക്ളെമെൻറിൽനിന്നെടുത്തു എന്നു തിയഡൊറൈററ് എങ്ങും പറയുന്നില്ല. 449–നു മുമ്പേ ഇതെഴുതപ്പെട്ടു എന്നു പലരും കരുതുന്നു. 437–ലാണു ഇതു് പ്രസിദ്ധീകൃതമായതെന്നു മററു് ചിലർ സംശയിക്കുന്നു. മെത്രാനാകുന്നതിനുമുമ്പ്, അതായതു് 423 ൽ ഇതെഴുതി എന്നു് അഭിപ്രായപ്പെടുന്നവരുമുണ്ടു്.

(ii) ദൈവപരിപാലന

തിയഡൊറൈററിൻെറ വാചാലതയും ശൈലിയും പ്രസ്പഷ്ടമാക്കുന്നതാണ് 'ദൈവപരിപാലന സംബന്ധിച്ചുള്ള പത്തു പ്രതിപാദനങ്ങൾ;' അന്ത്യോക്യയിൽ വച്ച് ഒരു പണ്ഡിതസദസ്സിൽ ചെയ്ത പ്രസംഗങ്ങളാണിവ. ആദ്യത്തെ അഞ്ചു പ്രതിപാദനങ്ങൾ സ്വാഭാവിക ക്രമീകരണത്തിൽ നിന്നും പിന്നത്തെ അഞ്ചെണ്ണം ധാർമിക സാമൂഹ്യ ക്രമീകരണങ്ങളിൽ നിന്നും ദൈവപരിപാലന തെളിയിക്കുന്നു. മനുഷ്യരോടു ദൈവത്തിനുള്ള സ്നേഹത്തിൻെറ ഏററം ഉത്തമവും ശ്രേഷ്ഠവുമായ ദൃഷ്ടാന്തമായി രക്ഷകൻെറ തിരു അവതാരം ചൂണ്ടിക്കാട്ടുന്നു. എന്നാണ് ഈ പ്രസംഗങ്ങൾ നടന്നതെന്നതിനെപ്പററി പണ്ഡിതന്മാർ വ്യത്യസ്താഭിപ്രായങ്ങൾ പുലർത്തുന്നു. 431 നും 435 നും ഇടയ്ക്കു് ആയിരിക്കാം.

(iii) പേർഷ്യൻ മാന്ത്രികർക്കെതിരെ

മററു് കൃതികളിൽ തിയഡൊറൈററ് ഈ കൃതി ഉദ്ധരിക്കുന്നു. അല്ലാതെ ഈ കൃതി നമുക്കു് കിട്ടിയിട്ടില്ല. പേർഷ്യൻ മാന്ത്രികരുടെ അഭിപ്രായങ്ങളെ എതിർക്കുകയും അവരെ മുട്ടുകുത്തിക്കയുമാണ് ഈ കൃതിയിൽ തിയഡൊറൈററ് ചെയ്യുന്നതു്. വഹ്റം V, യസ്ദ്ഗേർദ് II, എന്നീ പേർഷ്യൻ രാജാക്കന്മാരുടെ കാലത്തു് ക്രിസ്ത്യാനികളെ പീഡിപ്പിച്ചതിനു് മാന്ത്രികരെ തിയഡൊറൈററ് കുററപ്പെടുത്തുന്നു.

(iv) യൂദന്മാർക്കെതിരെ

'യൂദന്മാർക്കെതിരെ' എന്ന ഈ കൃതിയും നമുക്കു നഷ്ടപ്പെട്ടു. 'പ്രവാചകന്മാർ ക്രിസ്തുവിനെപ്പററി പ്രവചിച്ചു' എന്നു കാണിക്കയാണിതിൻെറ ലക്ഷ്യം എന്നു 145–ാം കത്തിൽ നിന്നു തെളിയുന്നു. 431–നു മുമ്പു് വിരചിതമായി എന്നു എം. റിച്ചാർഡ് എന്ന പണ്ഡിതൻ കരുതുന്നു.

www.malankaralibrary.com



## 3. ഡോഗ്മാററിക്–താർക്കികകൃതികൾ

(i) നെസ്തോറിയുസിനെതിരെ സിറിലെഴുതിയ പന്ത്രണ്ടു് ശാപങ്ങളുടെ ഖണ്ഡനം

അന്ത്യോക്യയിലെ യോഹന്നാന്റെ ആവശ്യപ്രകാരം സിറിലിന്റെ ശാപങ്ങളെ ഖണ്ഡിച്ചുകൊണ്ടു് തിയഡൊറെറ്റ് 431ൽ ഒരു ഖണ്ഡന കൃതി എഴുതി. അന്ത്യോക്യൻ ചിന്താരീതി അതിൽ വരച്ചു കാട്ടുന്നു; നെസ്തോറിയുസിന്റെ സത്യവിശ്വാസം സമർത്ഥിക്കുന്നു. ഈ കൃതി സിറിലിൽ ഏകസ്വഭാവവാദം ആരോപിക്കുന്നു. അഞ്ചാം സാർവത്രികസൂനഹദോസ് ഇതിനെ ശപിച്ചു തള്ളിയതിനാൽ മൂലഗ്രന്ഥം നഷ്ടപ്പെട്ടു. എന്നാൽ സിറിലിന്റെ മറുപടിയിൽ ഈ ഗ്രന്ഥം മിക്കവാറും ലഭിച്ചിട്ടുണ്ടു്.

(ii) പെൻറാലോഗിയം

സിറിലിനും എഫേസൂസിനും എതിരായി 431 ൽ തിയഡൊറെറ്റ് എഴുതിയ അഞ്ചു് കൃതികളും നഷ്ടപ്പെട്ടു. 553–ലെ അഞ്ചാം സാർവത്രിക സൂനഹദോസ് ഇതും നശിപ്പിച്ചുകളഞ്ഞു. എന്നാൽ ചില രേഖാംശകലങ്ങൾ നമുക്കു കൈവന്നിട്ടുണ്ടു്. ഗ്രന്ഥത്തിന്റെ പേരു പറയാതെ, ഫോസിയസ് അതേപ്പററി വിവരിക്കുന്നു (ബിബ്ളി. കോഡ. 46).

(iii) ത്രിത്വത്തെപ്പററിയും തിരുവവതാരത്തെപ്പററിയും

'ത്രിത്വത്തെപ്പററിയും ക്രിസ്തുവിന്റെ തിരുവവതാരത്തെപ്പററിയും' എന്ന രണ്ടു ഗ്രന്ഥങ്ങൾ സിറിലിന്റെ പേരിലാണു് നമുക്കു കിട്ടിയിട്ടുള്ളതു്. എന്നാൽ അവ തിയഡൊറെററിന്റേതാണു് എന്നു് എർഹാർഡ് എന്ന പണ്ഡിതൻ സമർത്ഥിച്ചിട്ടുണ്ടു്. 'തിരുഅവതാരത്തെപ്പററി'യുള്ള കൃതി 'ശാപങ്ങളുടെഖണ്ഡനം' എന്ന കൃതിയുടെ വീക്ഷണം തന്നെ പുലർത്തുന്നു. അപ്പൊള്ളിനാര്യർക്കെതിരെ സത്യവിശ്വാസം വരച്ചുകാട്ടുകയാണു് ലക്ഷ്യമെന്നു ഗ്രന്ഥകാരൻ പറയുന്നു. എന്നാൽ സിറിലും എഫേസൂസ് പിതാക്കന്മാരുമെല്ലാം അതിൽ ഉൾപ്പെടുന്നു; 'ദൈവമാതാവു്' എന്നതിനോടൊപ്പം അതുപോലെ തന്നെ സ്വീകാര്യമാണു് 'മനുഷ്യമാതാവു്' എന്ന സംജ്ഞയും എന്ന നിലപാടു് ഗ്രന്ഥത്തിന്റെ അവസാനം ദൃശ്യമാണു്. കർദ്ദിനാൾ മായ് സിറിലിന്റെ പേരിലാണിതു് പ്രസിദ്ധീകരിച്ചിരിക്കുന്നതു്.

(iv) യാചകൻ

തിയഡൊറെററിന്റെ പ്രധാന ഡോഗ്മാററിക് അഥവാ ക്രിസ്റ്റലോജിക്കൽകൃതിയാണു എറാനിസ്റ്റേസ് അഥവാ യാചകൻ.

www.malankaralibrary.com



ഏകസ്വഭാവവാദികൾക്കെതിരായിട്ടാണ് ഈ കൃതി. സൈമൺ മാഗ്ഗസ്, ചെർദോ, മാർസിയൻ, വലെൻറീനസ്, ബർദൈസാൻ, അപ്പൊള്ളിനാരിസ്, ആരിയൂസ്, എവുണോമിയൂസ് എന്നിവരുടെ അബദ്ധോപദേശങ്ങളിൽ നിന്നു യാചിച്ചെടുത്തതാണ് ഏകസ്വഭാവവാദമെന്നത്രേ ഗ്രന്ഥകാരൻെറ മതം. ഗ്രന്ഥത്തിൻെറ ആമുഖത്തിൽ തൻെറ തലക്കെട്ടിനെയദ്ദേഹം ന്യായീകരിക്കുന്നു. 447–ൽ എഴുതപ്പെട്ട ഈ ഗ്രന്ഥത്തിനു നാലുഭാഗങ്ങളുണ്ട്. ആദ്യത്തെ മൂന്നു പുസ്തകങ്ങൾ ഒരു സത്യവിശ്വാസിയും യാചകനും (ഏകസ്വഭാവവാദിയും) തമ്മിലുള്ള സംവാദരൂപത്തിലാണ്. ക്രിസ്തുവിൻെറ മാററമില്ലാത്ത ദൈവസ്വഭാവം, ഇരുസ്വഭാവങ്ങളും തമ്മിൽ കൂടിക്കലരാതിരിക്കൽ, സഹനാതീതമായ ദൈവസ്വഭാവം എന്നിവ ചർച്ചചെയ്യുന്നു. നാലാം ഗ്രന്ഥം 40 സില്ലൊജിസങ്ങളിലായി മൂന്നു സംവാദങ്ങൾ ചുരുക്കുന്നു. 88 പിതാക്കന്മാരിൽ നിന്നു് 238 ഖണ്ഡികകൾ തിയഡൊറെററു് ഉദ്ധരിക്കുന്നു.

(v) സത്യവിശ്വാസപ്രകാശനം

രക്തസാക്ഷിയായ ജസ്റ്റിൻെറ പേരിൽ ഈ വ്യാഖ്യാനം നമുക്കു കൈവന്നിട്ടുണ്ട്. ഇതിൻെറ കർത്തൃത്വത്തെ സംബന്ധിച്ച് വലിയ തർക്കങ്ങളൊക്കെ ഉണ്ടായിരുന്നു. എന്നാൽ ലെബോൻ എന്ന പണ്ഡിതൻ ഇതു തിയഡോറെററിൻേറതായി സമർത്ഥിച്ചിട്ടുണ്ട്. അന്ത്യോക്യായിലെ സെവേരൂസ് 'അഭക്തനായ വ്യാകരണകാരനെതിരെ' (3,1,5) എന്ന ഗ്രന്ഥത്തിൽ ഈ കൃതി തിയഡൊറെററിൻേറതായി ഉദ്ധരിച്ചിട്ടുണ്ട്. ലെബോൻ ഇതെടുത്തു് കാട്ടിയതോടുകൂടി ഇതു സംബന്ധിച്ചുള്ള തർക്കങ്ങൾ അവസാനിച്ചു. സിറിലും നെസ്തോറിയൂസും തമ്മിലുള്ള തർക്കങ്ങൾ തുടങ്ങുന്നതിനുമുമ്പാണ് ഈ കൃതി വിരചിതമായതു് എന്നത്രേ പണ്ഡിതമതം.

(vi) സത്യവിശ്വാസികൾക്കുള്ള ചോദ്യോത്തരങ്ങൾ

ഈ കൃതിയും ജസ്റ്റിൻെറ പേരിലാണ് പ്രചരിച്ചിരുന്നതു്! ചരിത്രപരവും, താത്വികവും, ധാർമികവും, വ്യാഖ്യാനപരവുമായ നിരവധി പ്രശ്നങ്ങൾ ഇതു ചർച്ചചെയ്യുന്നു.

(vii) നമ്മുടെ കർത്താവേശുക്രിസ്തു എന്ന ഒരു പുത്രൻ മാത്രം

ഇതു് തിയഡൊറെററിൻേറതാണെന്നു പണ്ഡിതന്മാർ തെളിയിച്ചിട്ടുണ്ട്.

ഇവയ്ക്കു പുറമേ മററു പല താർക്കിക കൃതികളും തിയഡൊറെററിൻേറതായി അറിയപ്പെടുന്നു. എന്നാൽ പലതും നഷ്ടപ്പെട്ടു

www.malankaralibrary.com



പോയി. ചിലതിന്റെ ചില ഭാഗങ്ങരം മാത്രമേ നമുക്ക കിട്ടി യിട്ടുള്ള. ചില കൃതികളെപ്പററി തിയഡൊറെററ് തന്നെ തന്റെ കത്തുകളിൽ സൂചിപ്പിക്കുന്നു.

## 4. ചരിത്രകൃതികൾ

### (i) സന്യാസചരിത്രം

സന്യാസചരിത്രമാണ് തിയഡൊറെററിന്റെ ആദ്യത്തെ ചരിത്രഗ്രന്ഥം. 30 അദ്ധ്യായങ്ങളിലായി 28 പുരുഷന്മാരുടേയും 3 സ്ത്രീകളുടേയും ജീവിതം വരച്ചുകാട്ടുന്നു. അവരിൽ മിക്കവരും അന്ത്യോക്യയ്ക്കടുത്തു ജീവിച്ചിരുന്നവരും തിയഡൊറെററിന്റെ പരിചയക്കാരുമായിരുന്നു. ആദ്യത്തെ 20 അദ്ധ്യായങ്ങരം 'നിത്യസമ്മാനം പ്രാപിക്കാൻ പോയ, ക്രിസ്തുവിന്റെ യോദ്ധാക്കളെ'പ്പററി ചർച്ച ചെയ്യുന്നു; അവസാനത്തെ 10 എണ്ണം ഇപ്പോഴും യുദ്ധത്തിലേർപ്പെട്ടിരിക്കുന്നവരെപ്പററിയും. അവരിൽ ശെമയോൻ ദെസ്സനിയും ഉരംപ്പെടുന്നു. 14 മുതൽ 25 വരെയുള്ള അദ്ധ്യായങ്ങരം സൈറസ് രൂപതയിലെ സന്യാസികളെപ്പററിയാണ്. പല്ലാഡിയുസിന്റെ സന്യാസചരിത്രവുമായി ഈ കൃതിയെ താരതമ്യപ്പെടുത്താം. പല്ലാഡിയുസ് റോമൻ സാമ്രാജ്യം മുഴുവനും ഉരംപ്പെടുത്തിയാണ് ചർച്ച ചെയ്തത്. ഗ്രന്ഥത്തിന്റെ അവസാനം 'ദിവ്യവും പരിശുദ്ധവുമായ സ്നേഹത്തെപ്പററിയുള്ള പ്രസംഗം' എന്നൊരു പ്രതിപാദനം അനുബന്ധമായി തിയഡൊറെററ് ചേർത്തു. ദൈവസ്നേഹം മാത്രമാണ് സന്യാസികളുടെ ആയോധനത്തിൽ അവർക്ക ശക്തി പ്രകർന്നുകൊടുത്തത് എന്നു തെളിയിക്കുകയാണിതുവഴി. മിക്കവാറും 444–ലാണ് തിയഡൊറെററിതെഴുതിയത്.

### (ii) സഭാചരിത്രം

എവുസേബിയസ് അവസാനിപ്പിച്ചിടത്തു് തിയഡൊറെററിന്റെ സഭാചരിത്രം തുടങ്ങുന്നു (323 മുതൽ 428 വരെ); അതായത് ആര്യൻ തർക്കാരംഭം മുതൽ മൊപ്സുവെസ്ത്യായിലെ തിയഡൊറിന്റെ മരണം വരെ. 428 ൽ കോൺസ്റ്റാൻറിനോപ്പിരം പാത്രിയർക്കീസായ നെസ്തോറിയുസിനെപ്പററി ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടില്ല. ഗ്രന്ഥകാരൻ കൂടി ഉരംപ്പെട്ട നെസ്തോറിയൻ തർക്കത്തെപ്പററി മിണ്ടിയിട്ടുമില്ല. എന്നാൽ പാഷണ്ഡവിരുദ്ധ, അപ്പൊള്ളിനാരിയൻ വിരുദ്ധ മനോഭാവം കൃതിയിൽ വ്യക്തമാണ്. ആര്യർക്കെതിരെ സഭയുടെ വിജയം കാണിക്കുകയാണിതിലൂടെ അദ്ദേഹം ചെയ്യുന്നത്. പല അമൂല്യരേഖകളും തിയ

www.malankaralibrary.com



ഡൊറെററിൻെറ ഈ സഭാചരിത്രം വഴിയേ നമുക്കു കൈവന്നിട്ടുള്ളൂ. സൊക്രാട്ടസ്, സൊസോമൻ, റുഫീനസ് എന്നിവരുടെ സഭാചരിത്രത്തെപ്പററി ഗ്രന്ഥകാരനറിവുണ്ടായിരുന്നു. 449–50–ൽ അപ്പമേയായിൽ വിപ്രവാസത്തിൽ കഴിയുന്ന കാലത്ത് തിയഡൊറെററ് തൻെറ സഭാചരിത്രം പൂർത്തിയാക്കി.

(iii) പാഷണ്ഡതാചരിത്രം

തിയഡൊറെററിൻെറ അവസാനത്തെ ചരിത്രഗ്രന്ഥമാണിത്. അഞ്ച് ഗ്രന്ഥങ്ങളിലായിട്ടാണ് അദ്ദേഹം ഇതെഴുതിയിരിക്കുന്നത്. സൈമൺ മാഗ്ഗുസ് മുതൽ നെസ്റ്റോറിയുസ്, എവുത്തിക്കുസ് വരെയുള്ള പാഷണ്ഡരെപ്പററി ആദ്യത്തെ നാല് ഗ്രന്ഥങ്ങളിൽ ചർച്ചചെയ്യുന്നു. അഞ്ചാം പുസ്തകത്തിൽ,സഭയുടെ സത്യവിശ്വാസം വരച്ചുകാട്ടി, പാഷണ്ഡികളുടെ കാപട്യം പ്രസ്പഷ്ടമാക്കുന്നു. ജസ്റ്റിൻ, ഇരനെയുസ്, ക്ലെമെൻറ്, ഒരിജൻ, എവുസേബിയസ്, എമേസയിലെ എവുസേബിയസ് തുടങ്ങിയവരെ തൻെറ സ്രോതസ്സുകളായി തിയഡൊറെററ് ചൂണ്ടിക്കാണിക്കുന്നു. ഇരനെയുസിൻെറ 'പാഷണ്ഡതകൾക്കെതിരെ' എന്ന ഗ്രന്ഥത്തിൻെറ ഒന്നാം പുസ്തകവും ഹിപ്പോളിററസിൻെറ ഫിലൊസൊഫുമെനാ'യുടെ പത്താംപുസ്തകവും എവുസേബിയസിൻെറ സഭാചരിത്രവും പ്രധാനമായി ആശ്രയിച്ചാണ് ഇത് എഴുതപ്പെട്ടിരിക്കുന്നത്. ഫിലൊസൊഫുമെന ഹിപ്പോളിററസിൻേറതല്ല, ഒരിജൻേറതത്രേ എന്നാണ് തിയഡൊറെററ് ധരിച്ചിരുന്നത്. എപ്പിഫാനിയസിൻെറ 'പനാരിയോൻ' തിയഡൊറെററിന് അജ്ഞാതമായിരുന്നു. 453 നോടടുത്തുകൂടി തിയഡൊറെററ് ഈ കൃതിയെഴുതി.

## 5. പ്രസംഗങ്ങൾ

തിയഡൊറെററിൻെറ നിരവധി പ്രസംഗങ്ങളിൽ വളരെ കുറച്ചേ നമുക്കു കൈവന്നിട്ടുള്ളൂ. ദൈവപരിപാലന സംബന്ധിച്ചും ദൈവസ്നേഹം സംബന്ധിച്ചുമുള്ള രണ്ടു പ്രസംഗങ്ങളെപ്പററി മുകളിൽ പ്രതിപാദിച്ചുവല്ലോ. നാലും അഞ്ചും സാർവത്രിക സൂനഹദോസ് നടപടികളിൽ, തിയഡൊറെററ് കൗൺസിലിൽ ചെയ്ത പ്രസംഗം ചേർത്തിട്ടുണ്ട്. ജോൺ ക്രിസസ്റ്റോമിനെപ്പററി അഞ്ച് പ്രസംഗങ്ങൾ നടത്തി എന്നു ഫോസിയസ് പറയുന്നു.

## 6. കത്തുകൾ

തിയഡൊറെററിൻെറ അഞ്ഞൂറിലേറെ കത്തുകൾ വായിച്ചു എന്നു 14–ാം നൂററാണ്ടിൽ നിസെഫോറുസ് രേഖപ്പെടുത്തുന്നു. അവയിൽ പകുതിയോളം നമുക്കു കൈവന്നിട്ടുണ്ട്. അവ അഞ്ചാം

www.malankaralibrary.com



നൂററാണ്ടിലെ സഭയെപ്പററി ഗ്രഹിക്കാൻ വളരെ സഹായകമാണ്. അതുപോലെ തിയഡൊറെററിന്റെ ജീവിതം, ഡോഗ്മാകളുടെ ചരിത്രം എന്നിവ മനസ്സിലാക്കാനും വളരെ ഉപകരിക്കും.

## അനുബന്ധം

## അപ്പമേയായിലെ പോളിക്രോണിയോസ്

സിറിയായിൽ അപ്പമെയായിലെ മെത്രാനായിരുന്നു പോളിക്രോണിയോസ്. തിയഡോറിന്റെ സഹോദരനായ ഇദ്ദേഹം ഒരുത്തമനായ ഇടയനായിരുന്നുവെന്ന് തിയഡൊറെററ് പ്രശംസിക്കുന്നു. 428-ൽ തിയഡൊറെററിതെഴുതുമ്പോഴും പോളിക്രോണിയോസ് ജീവിച്ചിരിപ്പുണ്ട്. എന്നാൽ 431 ജൂണിൽ എഫേസൂസ് സൂനഹദോസ് കൂടുന്നതിനു മുൻപ് അദ്ദേഹം മരിച്ചു. പഴയ നിയമഗ്രന്ഥങ്ങൾക്ക് അദ്ദേഹം ഭാഷ്യങ്ങൾ എഴുതിയിട്ടുണ്ട്. അന്ത്യോക്യൻ കലാലയത്തിലെ ഉന്നതരായ ഭാഷ്യകാരന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. എന്നാൽ ചില ചില്ലറ രേഖാശകലങ്ങൾ മാത്രമേ നമുക്കുകിട്ടിയിട്ടുള്ളു. തിയഡോറിനെപ്പോലെപോളിക്രോണിയോസും രൂപകാർത്ഥപ്രതിപാദനരീതിയോട് എതിർപ്പു പ്രകടിപ്പിച്ചിരുന്നു. വിവിധ വിജ്ഞാനശാഖകളുപയോഗിച്ച് വി. ഗ്രന്ഥം വ്യാഖ്യാനിക്കാൻ അദ്ദേഹം പരിശ്രമിച്ചു.

www.malankaralibrary.com

അദ്ധ്യായം 14

# വി. ജോൺ ക്രിസോസ്റ്റോം

നാലു് വലിയ പൗരസ്ത്യപിതാക്കന്മാരിലും ഗ്രീക്കുസഭയുടെ മൂന്നു് എക്യുമെനിക്കൽ പിതാക്കന്മാരിലും അന്ത്യോക്യൻ കലാലയത്തിൽനിന്നൊരാളം മാത്രമേയുള്ളു: വി. ജോൺ ക്രിസോസ്റ്റോം. ജോണിൻെറ ഒന്നിലേറെ ജീവചരിത്രങ്ങൾ എഴുതപ്പെട്ടിട്ടുണ്ടു്. ഹെലേനോപ്പൊലീസിലെ മെത്രാനായ പല്ലാഡിയൂസ് 415—ൽ എഴുതിയ ചരിത്രം മുതൽ പിൽക്കാല ബൈസൻൈൻറൻ കാലം വരെ നീണ്ടുകിടക്കുന്നൊരു ജീവചരിത്രപട്ടിക കാണാൻ സാധിക്കും. എന്നാലവയൊന്നും കൃത്യമായ ജനനത്തീയതി കണ്ടുപിടിക്കാൻ സഹായകമല്ല. 344 നും 354 നും ഇടയ്ക്കു് അന്ത്യോക്യയിൽ തിയഡോറിനെപ്പോലെ കുലീനരും ധനികരുമായ മാതാപിതാക്കളിൽനിന്നു് ജോൺ ജനിച്ചു.

പ്രാഥമിക വിദ്യാഭ്യാസം മാതാവായ അൻന്തുസായിൽ നിന്നു കിട്ടി. ശിശുവായിരുന്നപ്പോഴേ പിതാവു മരിച്ചു. അന്നു് അൻന്തുസായ്ക്കു് വെറും ഇരുപതു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു.

അൻഡ്രഗാത്തിയൂസിൻെറ കീഴിൽ തത്വശാസ്ത്രവും, സോഫിസ്റ്റു് ലിബാനിയൂസിൻെറ കീഴിൽ പ്രഭാഷണകലയും അദ്ദേഹം പഠിച്ചു. '18_ാം വയസ്സിൽ ചെറുപ്പമായിരുന്ന അവസ്ഥയിൽ, ഗുരുക്കന്മാരുടെ വാചകക്കസർത്തുകൾക്കെതിരായി ജോൺ ശബ്ദമുയർത്തി. ബുദ്ധിമാനായ ഈ മനുഷ്യൻ ദൈവിക ജ്ഞാനത്തിൽ ആനന്ദം കണ്ടെത്തി' എന്നു് പല്ലാഡിയൂസ് പറയുന്നു. 'വിശ്വാസസാക്ഷിയായ മെലേസ്യൂസ് ആയിരുന്നു അന്നത്തെ അന്ത്യോക്യൻ മെത്രാൻ. അദ്ദേഹം ഈ യുവാവിനെ ശ്രദ്ധിക്കുകയും അദ്ദേഹത്തിൻെറ സ്വഭാവശ്രേഷ്ഠതയിൽ സന്തുഷ്ടനാകുകയും ചെയ്തു. തൻെറ കൂടെ ജീവിക്കുവാൻ മെലേസ്യൂസ് അദ്ദേഹത്തെ അനുവദിച്ചു. പ്രവാചകദൃഷ്ട്യാ ഈ ആളുടെ ഭാവി അദ്ദേഹം കണ്ടു. മാമോദീസായ്ക്കു് അയാറം അനീതനായി. മൂന്നുവർഷത്തെ സേവനത്തിനു ശേഷം വായനക്കാരൻ (കാറോയാ) എന്ന നിലയിലേക്കുയർത്തപ്പെട്ടു. ഈ കാലത്തു് ജോണിൻെറ ഗുരു തർസോസിലെ

www.malankaralibrary.com



ദിയദോർ ആയിരുന്നു. ജോൺ വളരെ തപശ്ചര്യകരം നിറഞ്ഞ ഒരു ജീവിതം നയിച്ചു. തന്റെ ഭവനത്തിൽനിന്നകന്ന് ഏകാന്തജീവിതത്തിനാഗ്രഹിച്ചെങ്കിലും തന്നെ വീണ്ടും ഒരു വിധവയാക്കരുതെന്ന് തന്റെ അമ്മയപേക്ഷിച്ചതിനാൽ അവളോടൊത്ത് ഭവനത്തിൽത്തന്നെ കഴിച്ചുകൂട്ടി. എങ്കിലും അവസാനം സമീപത്തുള്ള മലകളിലേക്ക തിരിച്ചു; അവിടൊരു പഴയ ആശ്രമം കണ്ടു; നാലുവർഷം ആ ആശ്രമത്തിൽ താമസിച്ചു. പിന്നീട് തനിയെ ഒരു ഗുഹയിലേക്ക പ്രവേശിച്ചു; ലോകത്തിൽ നിന്നു സ്വയം ഒളിക്കാനുള്ള ബദ്ധപ്പാടിൽ ആ ഗുഹയിൽ ഒളിച്ച് 24 മാസം അവിടെ താമസിച്ചു. അവിടെ കൂടുതൽ ജാഗരണത്തിൽ ജാഗ്രൂഗതയോടുകൂടെ സുവിശേഷം പഠിച്ചു. വിശ്രമം കൂടാതെ രണ്ടുവർഷം തപസ്സനുഷ്ഠിച്ചതിനാൽ ആരോഗ്യത്തിന് സാരമായ കേടുപററി; തണുപ്പുകൊണ്ട് കിഡ്നികാംക്ക് തകരാറുമായി.

അന്ത്യോക്യയിൽ തിരിച്ചെത്തിയപ്പോരം 381-ൽ മെലേസ്യൂസ് അദ്ദേഹത്തെ ശെമ്മാശ്ശനാക്കി; 386 ൽ ഫ്ളാവിയൻ അദ്ദേഹത്തിന് വൈദികപട്ടം നൽകി. നഗരത്തിലെ പ്രധാന പള്ളിയിൽ പ്രസംഗിക്കാനുള്ള ജോലി ഫ്ളാവിയൻ അദ്ദേഹത്തെ ഏൽപിച്ചു. 386 മുതൽ 397 വരെ നാലുവർഷം, തീക്ഷ്ണതയോടുകൂടി സ്തുത്യർഹമാംവിധം അദ്ദേഹം ഈ ദൗത്യം നിർവഹിച്ചു; ക്രിസ്തീയ സുവിശേഷ പ്രസംഗകരിൽ ഒന്നാമൻ എന്ന സ്ഥാനം ജനങ്ങരം അദ്ദേഹത്തിനു നൽകി. ഈ കാലഘട്ടത്തിലാണ് അദ്ദേഹം ഏററം പ്രശസ്തങ്ങളായ പ്രഭാഷണങ്ങരം നടത്തിയത്.

397 സെപ്തംബർ 27 ന് കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായ നെക്താരിയൂസ് മരിച്ചപ്പോരം ജോൺ തൽസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അതോടെ ജീവിതത്തിലെ ആനന്ദം നിറഞ്ഞ ഭാഗം അവസാനിച്ചു. ഈ സ്ഥാനം സ്വീകരിക്കാൻ തികച്ചും വൈമനസ്യം പ്രകടിപ്പിച്ച ജോണിനെ അർക്കേഡിയൂസ് ചക്രവർത്തിയുടെ കൽപനയാൽ ബലപ്രയോഗത്തിലും ചതിവിലും ആണ് കോൺസ്റ്റാൻറിനോപ്പിളിലേക്ക കൊണ്ടുവന്നത്. 398 ഫെബ്രുവരി 26 ന് അലക്സാണ്ഡ്രിയൻ പാത്രിയർക്കീസ് തെയോഫിലസ് ജോണിനെ മെത്രാനായി വാഴിച്ചു. നഗരത്തിലെ കുത്തഴിഞ്ഞ ജീവിതം ശരിപ്പെടുത്തുന്നതിന് ക്രിസോസ്റ്റോം ശ്രദ്ധ തിരിച്ചു. എന്നാൽ വളരെവേഗം മെത്രാൻ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് തന്റെ ജീവിതത്തിലെ ഏററം വലിയ നിർഭാഗ്യമായി അദ്ദേഹം മനസ്സിലാക്കി. ആ സ്ഥാനത്തിന് അദ്ദേഹം തികച്ചും അശക്തനായി കാണപ്പെട്ടു! അന്ത്യോക്യയിലെ പരിപാവനമായ അന്തരീക്ഷവും കോൺസ്റ്റാൻറിനോപ്പിളിലെ വിഷലിപ്തമായ അന്തരീക്ഷവും തമ്മിൽ തിരിച്ചറിയാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല! കൊട്ടാരത്തിലെ ചരടുവലി

www.malankaralibrary.com



കം കാണുവാൻ അശക്തമാംവിധം അത്ര പരിശുദ്ധവും കറ തീൎന്നതുമായിരുന്നദ്ദേഹത്തിൻെറ വ്യക്തിത്വം! അവരുടെ മ്ലേച്ഛതകളിലേക്കിറങ്ങിച്ചെല്ലാൻ മെത്രാനെന്ന നില അനുവദിച്ചില്ല. ഇറങ്ങിയിരുന്നെങ്കിൽ എന്നും അവരുടെ സുഹൃത്തായിക്കഴിയാമായിരുന്നു. എന്നാൽ തീവ്രവികാരപ്രകൃതിക്കാരനായിരുന്ന അദ്ദേഹം അവരെയൊന്നും പരിഗണിക്കാതെ ജീവിച്ചു. വൈദികരെയും ജനങ്ങളെയും നവീകരിക്കാനുള്ള പദ്ധതി യാഥാർത്ഥ്യത്തിനു യോജിച്ചതല്ലായിരുന്നു; അതു് തനിക്കെതിരെയുള്ള ശത്രുക്കളുടെ ശക്തികളെ യോജിപ്പിച്ചു.

വളരെ ലാളിത്യപൂർണമായ ഒരു ജീവിതമാണു് അദ്ദേഹം നയിച്ചിരുന്നതെങ്കിലും, സ്വത്തിലധികപങ്കും ആശുപത്രികളും ആതുരാലയങ്ങളും പണിയുവാനും പാവങ്ങളെ സംരക്ഷിക്കാനും സംഭാവന ചെയ്തെങ്കിലും, വൈദികരുടെയും ജനങ്ങളുടെയും ധാർമ്മികനിലവാരം ഉയർത്തുവാനുള്ള പരിശ്രമം കഠിനമായ എതിർപ്പിൽ അവസാനിച്ചു. 401–ൽ കുററക്കാരായ മെത്രാന്മാരെ എഫേസൂസിൽ കൂടിയ ഒരു സിനഡിൽവച്ചു് ക്രിസോസ്തോം സ്ഥാനഭ്രഷ്ടരാക്കിയപ്പോഠം അതു് ഉച്ചകോടിയിലെത്തി. ഉടനെ നാട്ടിലും ദൂരെയുമുള്ള ശത്രുക്കളെല്ലാം കൂടി ക്രിസോസ്തോമിനെ തറപററിക്കാൻ തീരുമാനിച്ചു. കൊട്ടാരത്തിലുണ്ടായിരുന്ന അനുഭാവം ഈ അവസരത്തിൽ തണുത്തുപോയി. ഏററം അടുത്ത സുഹൃത്തുക്കളായിരുന്നഗാബാലായിലെ സെവേരിയൻ, ബേറോയായിലെ അകാചിയുസ്, പ്ടോളെമായിസിലെ അന്തിയോക്കസ് എന്നിവരും എരിതീയിൽ എണ്ണയൊഴിക്കാൻ ശ്രമിച്ചു.

എവുഡോക്സ്യ എന്ന രാജ്ഞി ഒരു സ്ഥലം കൈവശപ്പെടുത്താൻ ശ്രമിച്ചപ്പോഠം ക്രിസോസ്തോം അവളെ മുഖത്തു നോക്കി കുററപ്പെടുത്തി. അലക്സാണ്ഡ്രിയൻ മെത്രാനും ക്രിസോസ്തോമിനു് മെത്രാൻപട്ടം കൊടുത്ത ആളുമായ തെയോഫിലസ് സദാ അസൂയയും വിദ്വേഷവും നിറഞ്ഞ കണ്ണുകളോടെയാണു് അദ്ദേഹത്തെ നോക്കിയിരുന്നതു്. 402 ൽ കോൺസ്റ്റാൻറിനോപ്പിളിൽ വച്ചുള്ള ഒരു സിനഡിൽ വിസ്തരിക്കപ്പെടാൻ വിളിക്കപ്പെട്ടപ്പോഠം തെയോഫിലസിൻെറ വിദ്വേഷം ആളിക്കത്തി. തൻെറ വിസ്താരത്തിനു കാരണക്കാരൻ ക്രിസോസ്തോമാണെന്നു് തെയോഫിലസ് കരുതി. രാജ്ഞിയുടെ പിൻതുണയോടുകൂടി ക്രിസോസ്തോമിനെ അടിച്ചിരുത്താൻതന്നെ തെയോഫിലസ് തീരുമാനിച്ചു. 36 മെത്രാന്മാരുടെ ഒരു മീററിംഗ് കാൽസിഡോണടുത്തു വച്ചു കൂടി. ഓക് സിനഡ് എന്നറിയപ്പെടുന്ന ആ സഭായോഗത്തിൽ വച്ചു് ക്രിസോസ്തോമിനെ അവർ സ്ഥാനഭ്രഷ്ടനാക്കി. അർക്കേഡിയുസ് രാജാവ് സിനഡിൻെറ തീരുമാനം അംഗീകരിച്ചു. ബിഥീനിയാ

www.malankaralibrary.com



യിലേക്ക് ക്രിസോസ്റ്റോമിനെ നാടുകടത്തി. എന്നാൽ പിറേറ ദിവസംതന്നെ തിരികെ വിളിക്കാൻ ചക്രവർത്തി നിർബന്ധിതനായി. ജനക്കൂട്ടം കലഹമുണ്ടാക്കുമെന്ന ഭയവും, കൊട്ടാരത്തിലുണ്ടായ അത്യാഹിതംകൊണ്ടും രാജ്ഞി തന്നെ അദ്ദേഹത്തെ തിരികെ വിളിക്കാൻ ആവശ്യപ്പെട്ടു. ആഘോഷപൂർവം നഗരത്തിലെത്തിയ ക്രിസോസ്റ്റോം ശ്ലീഹന്മാരുടെ പള്ളിയിൽ വച്ച് മനോഹരമായൊരു പ്രസംഗം ചെയ്തു. മറെറാരു പ്രസംഗത്തിൽ രാജ്ഞിയെ സ്തുതിച്ചുകൊണ്ടു സംസാരിച്ചു എന്ന് സൊസോമൻ (സഭാ. 8,18,8) പറയുന്നു.

എന്നാൽ ഈ ശാന്തമായ അന്തരീക്ഷം അധികദിവസം നിലനിന്നില്ല. കത്തീഡ്രൽ ദേവാലയത്തിനടുത്ത് എവുഡോക്സ്യാ രാജ്ഞിയുടെ ഒരു പ്രതിമ സ്ഥാപിക്കാനുള്ള തിരക്കായി. കത്തീഡ്രലിനടുത്ത് വളരെയധികം ഒച്ചപ്പാടാണെന്ന് ക്രിസോസ്റ്റോം പരാതിപ്പെട്ടു. അതൊരു വ്യക്തിപരമായ അവമാനമായി എവുഡോക്സ്യാ കണക്കാക്കി. ക്രിസോസ്റ്റോം വികാരഭരിതനായി സ്നാപകയോഹന്നാന്റെ പെരുന്നാൾ ദിവസം ഒരു പ്രസംഗം ചെയ്തു: 'വീണ്ടും ഹേരോദ്യ ശക്തിപ്രാപിക്കുന്നു; വീണ്ടും അവൾ ക്രുദ്ധയാകുന്നു; വീണ്ടും അവൾ നൃത്തം വയ്ക്കുന്നു; വീണ്ടും അവൾ യോഹന്നാന്റെ തല ആവശ്യപ്പെടുന്നു' (സൊക്രാട്ടസ്, സഭാ. 6,18) എന്നു തുടങ്ങുന്നു പ്രസംഗം.

അത് ശത്രുക്കൾ കരുവായി ഉപയോഗിച്ചു. സഭാജോലികളിൽ നിന്ന് ചക്രവർത്തി അദ്ദേഹത്തെ മുടക്കി. ക്രിസോസ്റ്റോം അത് കൂട്ടാക്കിയില്ല. ഉടനെ ഒരു പള്ളിയിലും കയറിക്കൂടാ എന്ന് ചക്രവർത്തി ഉത്തരവ് പുറപ്പെടുവിച്ചു. 404 ദുഃഖശനിയാഴ്ച കോൺസ്റ്റാൻസിന്റെ കടവിൽ സ്നാനശുശ്രൂഷയ്ക്കായി ക്രിസോസ്റ്റോമും വിശ്വസ്തരായ വൈദികരും ഒന്നിച്ചു കൂടി. ഭടന്മാർ ജനങ്ങളെ വിരട്ടിയോടിച്ച് സ്നാനജലത്തിൽ രക്തം കലർത്തി (പല്ലാഡിയൂസ്, 33:34). 404 ജൂൺ 9ന് നഗരം വിട്ടുകൊള്ളാൻ ഉത്തരവു കിട്ടി. ചെറിയ അർമേനിയയിലെ കുക്കൂസസിലേക്ക് അദ്ദേഹം നാടുകടത്തപ്പെട്ടു. മൂന്നുവർഷം അവിടെ താമസിച്ചു. അന്ത്യോക്യയിൽനിന്ന് തന്റെ പ്രിയ ജനങ്ങൾ കൂട്ടമായി തീർത്ഥയാത്രയായി അവിടേക്കു വരാൻ തുടങ്ങി. ശത്രുക്കളുടനെ ക്രിസോസ്തോമിനെ അവിടെനിന്നോടിച്ചു. കരിങ്കടലിന്റെ കിഴക്കേ തീരത്തുള്ള പിത്യൂസ് എന്ന വനപ്രദേശത്തേക്ക് ചക്രവർത്തി അദ്ദേഹത്തെ മാററി. യാത്രാക്ലേശംകൊണ്ടും ക്ഷീണംകൊണ്ടും പ്രതികൂല കാലാവസ്ഥകൊണ്ടും തകർന്ന് 407 സെപ്തംബർ 14 ന് പോന്തുസിലെ കൊമാനയിൽ വച്ച് ക്രിസോസ്റ്റോം മരിച്ചു.

www.malankaralibrary.com



438 ജനുവരി 27 ന് ഭൗതികാവശിഷ്ടങ്ങൾ കോൺസ്റ്റാൻറിനോപ്പിളിൽ ശ്ലീഹന്മാരുടെ പള്ളിയിൽ കൊണ്ടുവന്നു. പട്ടണം വിടുന്നതിനുമുമ്പ് ക്രിസോസ്റ്റോം റോമിലെ മെത്രാനായ ഇന്നസെൻറ് മൂന്നാമനും, മിലാനിലെ മെത്രാനായ വെനേരിയൂസിനും, അകചീലയിലെ മെത്രാനായ ക്രോമാസ്യൂസിനും കത്തുകളെഴുതിയിരുന്നു. ഒരന്വേഷണം നടത്താൻ റോമൻ മെത്രാനോടാവശ്യപ്പെട്ടു. ഈ സംഗതികൾ പല്ലാഡിയൂസ് രേഖപ്പെടുത്തിയിട്ടുണ്ട് (ഡയലോഗ്, 8–11). ക്രിസോസ്റ്റോമിനെ സ്ഥാനഭ്രഷ്ടനാക്കിയ കാര്യം തിയോഫിലസ് റോമിനെ അറിയിച്ചിരുന്നു. ഇന്നസെൻറ് മാർപാപ്പാ അതംഗീകരിച്ചില്ല; പൗരസ്ത്യരും പാശ്ചാത്യരുമായ മെത്രാന്മാരുടെ ഒരു സംഘത്തെക്കൊണ്ട് ഒരന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടു. അതു നിരാകരിക്കപ്പെട്ടപ്പോൾ പാശ്ചാത്യസഭ പൗരസ്ത്യസഭകളുമായുള്ള ബന്ധം വിച്ഛേദിച്ചു; ഇതിനു പരിഹാരം ചെയ്യുന്നതുവരെ സഭാസംസർഗമില്ലെന്നും റോം കൽപ്പിച്ചു. 405 നവംബർ 11ന് ക്രിസോസ്റ്റോമിൻെറ പിൻഗാമി അർസാചിയൂസ് മരിച്ചു. പിന്നീടു വന്നത് അററിക്കസ് ആയിരുന്നു. അദ്ദേഹം ജോൺ ക്രിസോസ്റ്റോമിൻെറ പേരു് അനുസ്മരണപ്പട്ടികയിൽ ചേർത്തതിനുശേഷം മാത്രമാണ് റോം അദ്ദേഹത്തെ സഭാസംസർഗത്തിൽ ചേർത്തതു്.

## കൃതികൾ

വളരെയധികം കൃതികളുടെ കർത്താവാണ് ജോൺ. അന്ത്യോക്യൻ എഴുത്തുകാരിൽ അദ്ദേഹത്തിൻെറ കൃതികളാണ് കൂടുതലായി സംരക്ഷിക്കപ്പെട്ടിട്ടുള്ളതു്. പിൻതലമുറകളുടെ സ്നേഹവും അഭിനന്ദനവും ആർജിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. കറതീർന്ന വ്യക്തിത്വവും, ആത്മാർത്ഥത നിറഞ്ഞ ജീവിതവും അദ്ദേഹത്തെ 'ദുരന്തത്തിലെത്തിച്ചു.' എന്നാലതു തൻെറ മഹത്വവും പ്രശസ്തിയും വർദ്ധിപ്പിച്ചു! സ്വതസിദ്ധമായ ഒരു വ്യക്തിത്വത്തിൻെറ ഉടമയാണ് ക്രിസോസ്റ്റോം. 'സ്വർണനാവുകാരൻ' (ക്രിസോസ്റ്റോം) എന്ന സ്ഥാനം പ്രസംഗചാതുരിവഴി അദ്ദേഹത്തിനു കിട്ടി. ആറാം നൂററാണ്ടിലാണാദ്യമായി ആ സംജ്ഞ അദ്ദേഹത്തിൻെറ പേരോടുകൂടി ചേർക്കപ്പെട്ടതു്. പിന്നെന്നും അതു് പേരായിത്തീർന്നു. കുലീനശൈലി, സ്വതസിദ്ധമായ ചിന്ത, നൈസർഗികമായ ചാതുരി, എന്നിവ ഒത്തുവന്നപ്പോൾ ജോൺ, ക്രിസോസ്റ്റോമായിത്തീർന്നു. അന്നും ഇന്നും ജോണിൻെറ പ്രഭാഷണശൈലി സമുന്നതമായിത്തന്നെ നിൽക്കുന്നു. മിക്ക കൃതികളും പ്രസംഗരൂപേണയാണ്. ഒരു കാലഘട്ടത്തിൻെറ നാനാവശങ്ങളെയും ഉൾക്കൊള്ളുന്നതാണ് ക്രിസോസ്റ്റോമിൻെറ കൃതികൾ.

www.malankaralibrary.com



പ്രശസ്തനായ ക്രിസോസ്തോമിന്റെ പേരിൽ മററു പലരും ഗ്രന്ഥങ്ങൾ പ്രചരിപ്പിക്കാൻ തുടങ്ങി. അതുകൊണ്ട് നിരവധി ഗ്രന്ഥങ്ങൾ തെററായി, അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെട്ടിട്ടുണ്ട്.

## 1. പ്രസംഗങ്ങൾ (ഹോമിലികൾ)

ആത്മാക്കളുടെ ഒരു യഥാർത്ഥ ഭിഷഗ്വരനായിത്തന്നെയാണ് ക്രിസോസ്തോം പ്രസംഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. അവരുടെ രോഗങ്ങൾ വളരെ കൃത്യമായി വിവേചിച്ചറിയാൻ ഒരു സ്വാഭാവിക കഴിവ് അദ്ദേഹത്തിനുണ്ട്; അതേസമയം മനുഷ്യരുടെ ബലഹീനതയെപ്പററി അദ്ദേഹം തികച്ചും ബോധവാനുമാണ്. എന്നാൽ സ്വാർത്ഥത, ധൂർത്ത്, അഹന്ത തുടങ്ങിയവ കാണുമ്പോഴെല്ലാം നിശിതമായി വിമർശിക്കാനദ്ദേഹം മടിക്കുന്നില്ല. ചില പ്രസംഗങ്ങൾ വളരെ നീണ്ടവയും രണ്ടു മണിക്കൂർവരെ ദീർഘിച്ചവയുമാണ്. ജനഹൃദയങ്ങളെ സ്പർശിക്കുന്നതിനും അവരുടെ ശ്രദ്ധ പിടിച്ചുനിർത്തുന്നതിനും അദ്ദേഹത്തിനു കഴിവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാവന അത്ഭുതാവഹമാണ്; ക്രിസ്തീയ ജീവിതത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ധാരണകൾ ഇന്നും നമ്മുടെ ബഹുമാനവും ആദരവും അർഹിക്കുന്നു.

നമുക്കു ലഭിച്ചിരിക്കുന്ന പ്രസംഗങ്ങൾ പ്രസിദ്ധീകരണത്തിന് ക്രിസോസ്തോം തയ്യാറാക്കിയ രേഖയിൽ നിന്നൊന്നുമല്ല. പ്രസംഗം ശ്രവിച്ചുകൊണ്ടിരുന്ന ശ്രോതാക്കളാരോ എഴുതിയ കുറിപ്പുകളിൽനിന്നാണ്. അന്ന് വലിയ പ്രസംഗകർ എഴുത്തുന്നതിന് കുറിപ്പെഴുത്തുകാരെ നിയമിക്കുക പതിവായിരുന്നു. ഏതായാലും പല പ്രസംഗങ്ങളുടെയും രണ്ടു തരത്തിലുള്ള കയ്യെഴുത്തു പ്രതികൾ നമുക്കു കിട്ടിയിട്ടുണ്ട്. ഒന്നിലെ ഭാഷ ലളിതവും മൃദുവുമാണ്; മററത് കടുപ്പമേറിയതും. ആദ്യത്തേത് പിൽക്കാലത്തു ചെയ്ത തിരുത്തലോടുകൂടിയവയാകാം. ജോണിന്റെ മിക്ക ഹോമിലികളും വേദപുസ്തകത്തെ ആധാരമാക്കിയുള്ള ഭാഷ്യഹോമിലികളാണ്. 386-നും 397-നുമിടയ്ക്ക് അന്ത്യോക്യയിൽ വച്ചു ചെയ്യപ്പെട്ടവയാണവ. അന്ത്യോക്യൻ കലാലയത്തിലെ ശിക്ഷണം നല്ലവണ്ണം സ്വീകരിച്ചതിന്റെ ലക്ഷണങ്ങൾ ഹോമിലികളിൽ വ്യക്തമാണ്. ആദ്ധ്യാത്മികാർത്ഥം കണ്ടുപിടിച്ച് അതു പ്രായോഗിക ജീവിതത്തിന് സഹായകമായ രീതിയിൽ അവതരിപ്പിക്കയാണ് ക്രിസോസ്തോം ചെയ്തിരുന്നത്. ആഴമേറിയ ചിന്തയും, പ്രകടനത്തിനുള്ള പാടവവും അദ്ദേഹത്തിന്റെ പ്രത്യേകതകളായി എടുത്തുപറയേണ്ടവയാണ്. പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ പ്രവീണനായിരുന്നു അദ്ദേഹം. അനുദിനജീവിത പ്രശ്നങ്ങളിലേക്ക് വിരൽ

www.malankaralibrary.com



ചുണ്ടുന്നതിന സഹായകമായ രീതിയിൽ അവയെ അദ്ദേഹം വ്യാഖ്യാനിച്ചു.

## (എ) പഴയനിയമ ഹോമിലികൾ

### (1) ഉൽപ്പത്തി ഹോമിലികൾ

ഉൽപ്പത്തിയെ ആധാരമാക്കി രണ്ടു പരമ്പരയിലുള്ള ഹോമിലികളുണ്ട്. ആദ്യത്തെ ഭാഷ്യഹോമിലി ഉൽപ്പത്തി ഹോമിലിയാണെന്നു തോന്നുന്നു. ആദ്യപരമ്പര 386-ൽ വലിയ നോമ്പിന് അന്ത്യോക്യയിൽവച്ചു ചെയ്തതാണ്. അവസാനത്തേതൊഴിച്ചു മറ്റെല്ലാം ഉൽപ്പത്തിയുടെ ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങളെ ആധാരമാക്കിയുള്ളതാണ്. രണ്ടാമത്തെ പരമ്പര ഉൽപ്പത്തി ഗ്രന്ഥം മുഴുവൻെറയും ഒരു ഭാഷ്യഹോമിലിയാണ്. ഗ്രന്ഥം ആദിമുതൽ അവസാനംവരെ ഭാഗം ഭാഗമായി തിരിച്ച് ഗ്രന്ഥകാരൻ വിശദീകരിക്കുന്നു. 388—ൽ ആയിരിക്കാം ഈ പ്രസംഗങ്ങൾ നടന്നത്. ഒന്നാമത്തേതിൽ ആറും രണ്ടാമത്തേതിൽ 67—ം പ്രസംഗങ്ങളുണ്ട്.

### (2) സങ്കീർത്തന ഹോമിലികൾ

തിരഞ്ഞെടുക്കപ്പെട്ട 58 സങ്കീർത്തനങ്ങളെ ആധാരമാക്കിയുള്ള ഹോമിലികളാണ് പഴയനിയമത്തെ ആധാരമാക്കിയുള്ള ഏററം നല്ല പ്രസംഗങ്ങൾ. ഈ 58 പ്രസംഗങ്ങൾ അദ്ദേഹം നടത്തിയോ എന്നു സംശയിക്കുന്നവരുണ്ട്. അവ വിവരണങ്ങൾ (ഹെർമെനെയ്യാ) എന്ന ശീർഷകത്തിലാണ് നമുക്കു കിട്ടിയിരിക്കുന്നത്. 'ഹോമിലികൾ' എന്ന തലക്കെട്ടിലല്ല. അവയുടെ ഉള്ളടക്കം ക്രിസോസ്റ്റോമിൻെറ കഴിവുകളെ വിളിച്ചറിയിക്കുന്നു. സുകൃതങ്ങളും തിന്മകളും (സങ്കീ. 100, 142, 146), യഥാർത്ഥ പ്രാർത്ഥന (സങ്കീ. 7, 9, 141), സങ്കീർത്തനാലാപം, ക്രിസ്തീയ ഭവനങ്ങളിലെ ഗീതങ്ങൾ (സങ്കീ. 41, 134, 150), തുടങ്ങിയവയെപ്പററി ക്രിസോസ്റ്റോമിന് പ്രിയങ്കരങ്ങളായ ആശയങ്ങൾ ഈ പ്രസംഗങ്ങളിൽ കാണാം. പത്രോസിൻെറ റോമായാത്ര (സങ്കീ.48), വിശുദ്ധ നാട്ടിലേക്കുള്ള തീർത്ഥാടനം (സങ്കീ. 109) പൗരോഹിത്യ ശ്രേഷ്ഠത (സങ്കീ. 113, 116), കന്യാത്വം (സങ്കീ. 44, 113), ഒരുക്കത്തോടുകൂടിയുള്ള കർബ്ബാനസ്വീകരണം (സങ്കീ. 113) എന്നിവയെപ്പററിയും അദ്ദേഹം ഈ ഹോമിലികളിൽ പരാമർശിക്കുന്നു. ആര്യൻ, മനിക്കേയൻ ഗ്രൂപ്പുകാർക്കും സാമസോട്ടയിലെ പൗലോസിനും എതിരായി ചിലയിടങ്ങളിലൊക്കെ വിവാദാത്മകമായ വിവരണം കാണാം (സങ്കീ. 46, 109, 148).

www.malankaralibrary.com



സങ്കീർത്തന ഭാഷ്യങ്ങളിൽ സെപ്റ്റ്വാജിന്റ് ടെക്സ്റ്റ് കൂടാതെ മററു പല പതിപ്പുകളും അദ്ദേഹം ഉപയോഗിച്ചു എന്നതു് ഒരു പ്രത്യേകതയാണ്. 58 ഹോമിലികൾക്കും പുറമേ മററനേകം സങ്കീർത്തന ഹോമിലികൾ ക്രിസോസ്റ്റോമിൻെറ പേരിൽ പ്രചരിച്ചിരുന്നു; എന്നാൽ അവ അദ്ദേഹത്തിൻേറതല്ല എന്നാണ് പണ്ഡിതമതം.

(5) ഏശായാ ഹോമിലികൾ

ഗ്രീക്ക് മൂലത്തിൽ ഏശായായുടെ ഗ്രന്ഥത്തെ ആധാരമാക്കി ആറു് ഹോമിലികൾ നമുക്കു കിട്ടിയിട്ടുണ്ട്. ചിലതു് അന്ത്യോക്യയിൽവച്ചും മററു ചിലതു് കോൺസ്റ്റാൻറിനോപ്പിളിൽവച്ചും ചെയ്തവയാണ്, ഏശായാ മുഴുവൻെറയും ഒരു പൂർണ്ണഭാഷ്യം അർമേനിയൻ വിവർത്തനത്തിൽ കാണുന്നു.

ഇവയാണ് പ്രധാനപ്പെട്ട പഴയനിയമഭാഷ്യഹോമിലികൾ. ഇവക്കു പുറമേ മററു ചില ഗ്രന്ഥങ്ങളെയും ആധാരമാക്കി അദ്ദേഹം പ്രസംഗിച്ചിട്ടുണ്ടെങ്കിലും അവ പൂർണ്ണരൂപത്തിൽ നമുക്കു ലഭിച്ചിട്ടില്ല.

## (ബി) പുതിയനിയമ ഹോമിലികൾ

### (1) മത്തായിയുടെ സുവിശേഷത്തെ ആധാരമാക്കിയുള്ള ഹോമിലികൾ

മത്തായിയുടെ സുവിശേഷത്തെ ആധാരമാക്കി 90 ഹോമിലികൾ ഉണ്ട്. സഭാപിതാക്കന്മാരുടെ കാലഘട്ടത്തിൽനിന്നു് ഒന്നാം സുവിശേഷത്തിൻേറതായി നമുക്കു കിട്ടിയിരിക്കുന്ന ഏററം പ്രാചീനവും പൂർണവുമായ ഹോമിലികളത്രേ ഇവ. അവ അന്ത്യോക്യയിൽവച്ചു് 390_ൽ ചെയ്തവയാകാനാണിട. പലയിടങ്ങളിലും ക്രിസോസ്റ്റോം മനിക്കേയരെ ആക്രമിക്കുന്നു. പഴയനിയമം പുതിയനിയമത്തിൽനിന്നു് വ്യത്യസ്തമാണെന്ന മനിക്കേയൻ പ്രമേയം നിരാകരിക്കുന്നു: അതായതു് 'പഴയനിയമദൈവം കർക്കശനും, നീതിനിഷ്ഠനും, പുതിയനിയമദൈവം സ്നേഹനിധിയും ആണ് എന്ന ആശയം!' 'രണ്ടിലും നിയമദാതാവൊരാൾ തന്നെ' എന്നു് ക്രിസോസ്റ്റോം കാട്ടുന്നു. എന്നാൽ പഴയതു് ഒരുക്കവും പുതിയതിൻെറ മുന്നോടിയും മാത്രമാണ്. ക്രിസ്തുവിൻെറ കൽപ്പനകൾ, യൂദനിയമങ്ങൾ പൂർത്തിയാക്കുന്നു; അവയുടെ കുറവുകൾ പരിഹരിക്കുന്നു. ദൈവിക രാജാവിൻെറ കത്തുകളാണ് സുവിശേഷങ്ങൾ.

ഹോമിലികളിലുടനീളം ആരിയൻ ചിന്തകർക്കെതിരായി പുത്രൻെറ ദൈവത്വവും ദൈവത്വത്തിലുള്ള സമത്വവും അദ്ദേഹം ഉയർത്തിക്കാട്ടുന്നു. തൻെറ മനുഷ്യസ്വഭാവത്തെപ്പററി സംസാരി

www.malankaralibrary.com



ക്കമ്പോൾ മാനുഷികരീതിയവലംബിച്ചാലും പുത്രൻ പിതാവിനു തുല്യനാണ് എന്ന് അദ്ദേഹം തറപ്പിച്ചു പറയുന്നു.

അക്കാലത്തുള്ള വിനോദരംഗങ്ങളെ അദ്ദേഹം കുററപ്പെടുത്തുന്നു; സന്യാസികളെ പുകഴ്ത്തുന്നു. അന്നത്തെ ജീവിതസാഹചര്യങ്ങളിൽ നിന്നു നെയ്തെടുത്ത സംഭവങ്ങളും രീതികളുമെല്ലാം പ്രസംഗങ്ങളിൽ കാണാം. 69–70 ഹോമിലികളിൽ സന്യാസികളുടെ ജീവിതം, വസ്ത്രം, ധ്യാനം, ജോലി, എന്നിവ വിവരിക്കുന്നു. അവരെങ്ങനെ തിന്മകളെ ജയിക്കുന്നെന്നദ്ദേഹം ചൂണ്ടിക്കാട്ടുന്നു. അവരുടെ സുകൃതവും ഭക്തിയും എല്ലാവർക്കും ഒരു മാതൃകയാണ്. ദാനധർമ്മത്തിന് അദ്ദേഹം എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. പാവങ്ങളെ ക്രിസ്തുവിൻെറയും നമ്മുടെയും സഹോദരങ്ങളെന്നദ്ദേഹം വിളിക്കുന്നു.

## 2. നാലാം സുവിശേഷ ഹോമിലികൾ

യോഹന്നാൻെറ സുവിശേഷത്തെ ആധാരമാക്കി എഴുതപ്പെട്ട 88 ഹോമിലികൾ ആദ്യ സുവിശേഷഹോമിലികളെക്കാൾ വളരെ ചെറുതാണ്. മിക്കവാറും 391 ലാണ് ഈ പ്രസംഗങ്ങൾ നടന്നത്. 10 മുതൽ 15 വരെ മിനിററുകൾ നീളുന്നവയാണ് അവ ഓരോന്നും. ഹോമിലി 31, 5;18,2 എന്നിവ പ്രഭാതത്തിൽ ചെയ്ത പ്രസംഗങ്ങളാണ്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ കാര്യം (യോഹ. 7:53–8:11) ജോൺ ചർച്ച ചെയ്തിട്ടില്ല. തൻെറ കൃതികളിലൊരിടത്തും ഈ വേദപുസ്തകഭാഗം ക്രിസോസ്തോം സ്പർശിച്ചിട്ടില്ല. അന്ത്യോക്യയിൽ അദ്ദേഹം ഉപയോഗിച്ച ബൈബിളിൽ ഇതുണ്ടായിരുന്നെങ്കിൽ അദ്ദേഹമിതിനും ഭാഷ്യമെഴുതിയേനേ. ആദ്യ സുവിശേഷ ഹോമിലികളെക്കാൾ താക്കികഛായയുള്ളവയാണ് നാലാം സുവിശേഷ ഹോമിലികൾ. ഒരു പക്ഷേ അക്കാലത്തു യോഹന്നാൻെറ സുവിശേഷത്തിലെ പല ഭാഗങ്ങൾക്കും ആരിയൻ, അനോമയൻ ദുർഭാഷ്യങ്ങൾ നിലവിലിരുന്നിരിക്കാം. പുത്രൻ യഥാർത്ഥത്തിൽ ദൈവമാണെന്ന് സവിസ്തരം അദ്ദേഹം തുടരെത്തുടരെ പ്രതിപാദിക്കുന്നു.

## 3. നടപടി ഹോമിലികൾ

നടപടി ഗ്രന്ഥത്തെയാധാരമാക്കി ക്രിസോസ്തോം 55 ഹോമിലികൾ പ്രസംഗിച്ചു. ആദ്യത്തെ പത്തു നൂററാണ്ടുകളിൽ ഈ ഹോമിലി മാത്രമേ നടപടിയെ ആധാരമാക്കി പൂർണമായി നമുക്കു ലഭിച്ചിട്ടുള്ളു. 400–ാമാണ്ടിൽ കോൺസ്റ്റാൻറിനോപ്പിളിൽ വച്ചു ചെയ്ത പ്രസംഗങ്ങളാണവ. അവയുടെ സാഹിത്യരൂപം അപൂർണമാണ്. അവ ചുരുക്കെഴുത്തുകാരുടെ നോട്ടുകളിൽ നിന്നു

www.malankaralibrary.com



വിപുലപ്പെടുത്തിയതാണ്. എന്നാൽ അവയിൽ വേണ്ട തിരുത്തലുകൾ വരുത്താൻ അദ്ദേഹത്തിനു സാവകാശം കിട്ടിക്കാണില്ല. 'പലരും നടപടി ഗ്രന്ഥത്തെ അവഗണിക്കുന്നു. ഇങ്ങനെയൊരു കൃതിയുണ്ടെന്നുതന്നെ പലർക്കും അറിയില്ല. എന്നാൽ ഇതിൽ നിരവധി അമൂല്യ നിക്ഷേപങ്ങളുണ്ട്. അതുകൊണ്ടിതിനെ ആധാരമാക്കി ഭാഷ്യം ചമയ്ക്കാൻ ഒരുമ്പെടുന്നു' എന്നു ക്രിസോസ്റ്റോം പ്രസ്താവിക്കുന്നു.

അച്ചടിച്ച പതിപ്പ് പലതുകൊണ്ടും അപൂർണ്ണമാണ്. പരസ്പരം വ്യത്യസ്തങ്ങളായ രണ്ടു കയ്യെഴുത്തു പതിപ്പുകൾ ഉണ്ട്. അവയിൽ നിന്നു് ഒരു വിമർശന പതിപ്പ് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

## 4. ലേഖന ഭാഷ്യ ഹോമിലികൾ

പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളെ ആധാരമാക്കി ക്രിസോസ്തോം നിരവധി ഹോമിലികൾ രചിച്ചിട്ടുണ്ട്. ഹോമിലികളിൽ പകുതിയുംലേഖനങ്ങളെ ആധാരമാക്കിയുള്ളവയാണ്. പൗലോസിന്റെ വ്യക്തിത്വവും നേട്ടങ്ങളും പല പ്രാവശ്യം ജോണിനെ കോരിത്തരിപ്പിച്ചിട്ടുണ്ട്. ആത്മാക്കളുടെ ഇടയന്റെ ഉത്തമ മാതൃക പൗലോസിൽ അദ്ദേഹം കാണുന്നു.

### (i) റോമാ ലേഖനഹോമിലികൾ

ക്രിസോസ്തോം ചെയ്ത 32 പ്രസംഗങ്ങളാണ് സഭാപിതാക്കന്മാരുടെ കാലത്തെ ഏററം പ്രധാനപ്പെട്ടറോമാ ലേഖന ഭാഷ്യം. അദ്ദേഹത്തിന്റെ കൃതികളിൽവച്ച് ഏററം മാധുര്യമേറിയതാണിതു്. 'റോമാലേഖന ഭാഷ്യത്തിൽ പണ്ഡിതനായ അദ്ദേഹത്തിന്റെ വിജ്ഞാനഭണ്ഡാരം നിറഞ്ഞു കവിയുന്നു' എന്നു പെലൂസിയത്തിലെ ഇസിദോർ പ്രസ്താവിക്കുന്നു. 'തന്റെ കൃതികൾ 'അററിക്' ശൈലിയിൽ പ്രസ്താവിക്കാൻ ദിവ്യനായ പൗലോസ് ആഗ്രഹിച്ചാൽ ഈ പ്രശസ്തനായ ഗുരു പറഞ്ഞതിൽനിന്നു മറിച്ചു പറയില്ല എന്നു് എനിക്കു തോന്നുന്നു; (ആരെയെങ്കിലും പ്രീതിപ്പെടുത്താനല്ല ഞാനിതെഴുതുന്നതു്). അത്രഗണ്യമാണ് ക്രിസോസ്റ്റോമിന്റെ അവതരണവും രൂപഭംഗിയും പ്രകടന മാധുര്യവും' (ലേഖ. 5,32). 381–നും 398–നും ഇടയ്ക്കു് അന്ത്യോക്യയിൽവച്ചു ഈ പ്രസംഗങ്ങൾ നടത്തി എന്നനുമാനിക്കാം. മിക്കവാറും 4–ാം സുവിശേഷ ഹോമിലികൾക്കു ശേഷം ആയിരിക്കാം ഇവ വിരചിതമായതു്. പെലാജിയൻ തർക്കത്തിൽ 422–ൽ വി. അഗസ്റ്റിൻ പത്താം ഹോമിലിയിൽ നിന്നു് എട്ടു ഭാഗങ്ങൾ ഉദ്ധരിക്കുന്നു (ജൂലിയനെതിരെ, 1,27). 'ഉത്ഭവപാപം സംബ

www.malankaralibrary.com



ന്ധിച്ച ക്രിസോസ്തോം പെലാജിയൻ വീക്ഷണമൊന്നും സ്വീകരിച്ചില്ല' എന്നു തെളിയിക്കാനാണ് അഗസ്റ്റിൻ അപ്രകാരം ഉദ്ധരിച്ചതു്. അന്നു നിലവിലിരുന്ന ഒരു ലത്തീൻ വിവർത്തനത്തിൽനിന്നായിരിക്കാം അഗസ്റ്റിൻ അവയെടുത്തതു്.

റോമാലേഖനം താത്വിക പ്രശ്നങ്ങൾ ചർച്ചചെയ്യുന്നെങ്കിലും താത്വിക ചർച്ചകൾക്കു് അദ്ദേഹം വലിയ താൽപര്യം കാണിച്ചില്ല. ആധ്യാത്മികവും ധാർമികവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനാണ് അദ്ദേഹം കൂടുതൽ താൽപര്യം കാട്ടുക.

23–ാം ഹോമിലി ക്രിസ്തീയ രാഷ്ട്രീയ ചിന്തയെപ്പററിയുള്ളതാണ്. അധികാരം ദൈവത്തിൽനിന്നുവരുന്നു; എന്നാൽ സ്ഥാനങ്ങൾ മനുഷ്യസൃഷ്ടികളാണ്. റോമാഭാഷ്യഹോമിലികളിൽ ചിലവ വളരെ വലിയവയാണ്. അതു പ്രസംഗിക്കണമെങ്കിൽ രണ്ടു മണിക്കൂറെങ്കിലുമെടുക്കും.

(ii) കൊറിന്തോസ് ലേഖനഹോമിലികൾ

ഒന്നാം ലേഖനത്തിനു് 44 ഉം രണ്ടാം ലേഖനത്തിനു് 30 ഉം ഹോമിലികൾ ക്രിസോസ്തോം എഴുതിയിട്ടുണ്ടു്. ഒന്നാം പരമ്പര അന്ത്യോക്യയിൽ വച്ചാണ് താനെഴുതുന്നതെന്നു വ്യക്തമായി ഹോമിലിയിൽ ഒരിടത്തു പറയുന്നു (21,6). രണ്ടാം പരമ്പരയും അവിടെ വച്ചുതന്നെ എന്നു മറെറാരിടത്തു പറയുന്നു (26,5). എഴുതിയ തീയതി കൃത്യമായി പറയുക വിഷമമാണ്.

'ക്രിസ്തീയ രഹസ്യം' എന്ന പൗലോസിന്റെ ആശയം ആദ്യ പരമ്പരയിലെ ഏഴാം ഹോമിലിയിൽ ക്രിസോസ്തോം ചർച്ച ചെയ്യുന്നു (7,1–2). ക്രിസ്തുമതത്തിലെ ഈ 'നിഗൂഢത' തിരസ്കരിച്ച അനോമയൻ ചിന്തകരെ മുന്നിൽ കണ്ടുകൊണ്ടാണ് ക്രിസോസ്തോം സംസാരിക്കുന്നതു്.

ഈ രണ്ടാം പരമ്പരക്കും പുറമേ, 1 കൊരി. 7:1; 2 കൊരി. 4,13; 1 കൊരി. 15,28 എന്നിവക്കു പ്രത്യേകമായി ഏഴ് ഹോമിലികൾ എഴുതിയിട്ടുണ്ടു്.

(iii) ഗലാത്യലേഖനഭാഷ്യം

ഒരാധുനിക കൃതിയുടെ മാതൃകയിലാണ് ഗലാത്യ ലേഖന ഭാഷ്യം: അതായതു്, വാക്യാനുവാക്യാപഗ്രഥനം. എന്നെഴുതിയെന്നു് കൃത്യമായി പറയാൻ പ്രയാസമാണ്. അന്ത്യോക്യയിൽ ആയിരിക്കാം ഇതും പ്രസംഗിച്ചതു്.

www.malankaralibrary.com



(iv) എഫേസ്യ ലേഖന ഹോമിലികൾ

ഇരുപത്തിനാല് ഹോമിലികളായിട്ടാണ് എഫേസ്യലേഖന ഭാഷ്യം. അന്ത്യോക്യയാണ് പ്രസംഗസ്ഥലം. അന്ത്യോക്യൻ നഗരത്തിലെ പ്രിയങ്കരരായ ബാബിലാസിനെയും വി. ജൂലിയനെയും ഹോമിലികളിൽ ക്രിസോസ്റ്റോം അനുസ്മരിക്കുന്നു (9;21,3). വി. ജൂലിയൻ ഒരു പ്രാവശ്യം അന്ത്യോക്യാസന്ദർശനം നടത്തിയിട്ടുണ്ടെന്ന് തിയഡൊറെററ് പറയുന്നു (സഭാ. 4:27). സന്യാസപ്രസ്ഥാനം (6,13), മെലേഷ്യൻ ശീശ്മ (11,5), ക്രിസ്തീയ വിവാഹം (20) എന്നിവ ചർച്ചകളിലുൾപ്പെടുന്നു.

(v) ഫിലിപ്യലേഖനഹോമിലികൾ

കോൺസ്റ്റാൻറിനോപ്പിളിൽ വച്ചെഴുതപ്പെട്ടതാകാനാണിട. എന്നാൽ തിയഡോഷ്യസിൻെറ കാലത്ത് അന്ത്യോക്യയിൽ വച്ചാണെന്നു കരുതുന്നവരുമുണ്ട്.

മാർസ്യനിത്തർ, സാമസോട്ടയിലെ പൗലോസ്, ആര്യർ എന്നിവർക്കെതിരായി ഏഴാം ഹോമിലിയിൽ തിരുവവതാര സത്യം ഉറക്കെ പ്രഖ്യാപിക്കുന്നു. അത് ഫിലി. 2,5–11 നെ ആധാരമാക്കിയുള്ളതാണ്. ക്രിസ്തുവിൻെറ യഥാർത്ഥ ദൈവത്വവും യഥാർത്ഥമനുഷ്യത്വവും ക്രിസോസ്റ്റോം ഊന്നിപ്പറയുന്നു. ക്രിസ്തുവിന് ആത്മാവും ശരീരവും ഉണ്ട്. സ്വഭാവങ്ങളെ കൂട്ടിക്കുഴയ്ക്കുകയോ വെട്ടിമാററുകയോ ചെയ്യരുത്. 'ഒരു ദൈവവും ദൈവപുത്രനായ ഒരു ക്രിസ്തുവും മാത്രമേയുള്ളു. ഒന്നെന്നു ഞാൻ പറയുമ്പോൾ ഐക്യം; ഒരു കൂട്ടിക്കുഴയ്ക്കലല്ല; ഒരു സ്വഭാവം മററതിൽ ലയിച്ചു പോയില്ല; അതുമായി ബന്ധപ്പെട്ടിരുന്നു' എന്നു പോകുന്നു അദ്ദേഹത്തിൻെറ ചിന്ത.

(vi) കൊളോസ്യ ലേഖന ഹോമിലികൾ

കൊളോസ്യ ലേഖനത്തെ ആധാരമാക്കിയുള്ള 12 ഹോമിലികളും കോൺസ്റ്റാൻറിനോപ്പിളിൽ വച്ചെഴുതപ്പെട്ടവയാണ്. മൂന്നാം ഹോമിലിയുടെ അവസാനത്തിൽ തൻെറ മെത്രാൻ സ്ഥാനത്തെപ്പററി അദ്ദേഹം വ്യക്തമായി സംസാരിക്കുന്നു. 'നിങ്ങളെന്നെയല്ല പൗരോഹിത്യത്തെയാണു നിന്ദിക്കുന്നത്. ഇതെന്നിൽ നിന്ന് ഉരിഞ്ഞു മാററപ്പെടുമ്പോൾ എന്നെ നിന്ദിച്ചുകൊള്ളുവിൻ; കാരണം, പിന്നെ ഞാൻ കൽപനകൾ തരാൻ മുതിരില്ല. എന്നാൽ നാം ഈ സിംഹാസനത്തിലിരിക്കുന്നിടത്തോളം കാലം നാം അനർഹനാണെങ്കിലും നമുക്കു മഹത്വവും അധികാരവുമുണ്ട്. മോശയുടെ സിംഹാസനം ബഹുമാനം അർഹിച്ചു എങ്കിൽ, അതിനാലത് ശ്രവിക്കപ്പെടേണ്ടായിരുന്നെങ്കിൽ, അതിലെത്രയോ

www.malankaralibrary.com



അധികമാണ് ക്രിസ്തുവിൻെറ സിംഹാസനം. സ്ഥാനപതികൾ ഏതു തരക്കാരായാലും എംബസിയുടെ മാന്യതയാൽ വളരെ ബഹുമാന്യരാണ്. ഞങ്ങൾ ഒരു ദൗത്യം സ്വീകരിച്ചിരിക്കുന്നു; ഞങ്ങൾ ദൈവത്തിൽ നിന്നു വന്നിരിക്കുന്നു. ഇതത്രേ മെത്രാൻസ്ഥാനത്തിൻെറ മഹത്വം.... മനുഷ്യരുടെ ഇടയിൽ ദൈവത്തിൻെറ സ്ഥാനപതികളായി ഞങ്ങൾ വർത്തിക്കുന്നു; എന്നാലിതിനെ നിങ്ങൾ അവമാനിച്ചാൽ ഞങ്ങളെയല്ല മെത്രാൻ സ്ഥാനത്തെത്തന്നെയാണ് അവഹേളിക്കുന്നത്; ഇയാളെയോ അയാളെയൊ അല്ല മെത്രാനെത്തന്നെയാണ് നിന്ദിക്കുന്നത്'' (3,4).

399—ൽ ആയിരിക്കാം ഈ ഹോമിലി എഴുതപ്പെട്ടത്. കാരണം എവുത്രോപ്പിയൂസിൻെറ വീഴ്ചയെപ്പററി അദ്ദേഹം സംസാരിക്കുന്നു. എവുത്രോപ്പിയൂസ് തറപററിയതു് 399 ലാണ്.

(vii) തെസ്സലോനിക്യലേഖന ഹോമിലികൾ: തെസ്സലോനിക്യർക്കുള്ള ഒന്നാം ലേഖനത്തെ ആധാരമാക്കി പതിനൊന്നും, രണ്ടാം ലേഖനത്തെ ആധാരമാക്കി അഞ്ചും ഹോമിലികൾ ക്രിസോസ്തോം എഴുതിയിട്ടുണ്ട്. ഇവ കോൺസ്റ്റാൻറിനോപ്പിളിൽ വച്ച് എഴുതപ്പെട്ടവയാണ്.

(viii) അജപാലക ലേഖനഹോമിലികൾ

തിമോത്തിക്കെഴുതിയ ഒന്നാം ലേഖനത്തെ ആധാരമാക്കി പതിനെട്ടും, രണ്ടാം ലേഖനത്തെ ആധാരമാക്കി പത്തും ഹോമിലികൾ അന്ത്യോക്യയിൽ വച്ചെഴുതി. തിമോത്തിയുടെ മെത്രാൻസ്ഥാനത്തെപ്പററി തുടരെത്തുടരെ പറയുന്നെങ്കിലും തൻേറതിനെപ്പററി പറയുന്നില്ല. കൂടാതെ നഗരാതിർത്തികളിൽ താമസിക്കുന്ന നിരവധി ഏകാന്തവാസികളെപ്പററിയും അദ്ദേഹം പറയുന്നു. അതു് അന്ത്യോക്യയിലാകാനാണിട.

തീത്തുസിനെഴുതിയ ലേഖനത്തെ ആധാരമാക്കിയുള്ള ആറ് ഹോമിലികൾ അന്ത്യോക്യയിൽ വച്ചെഴുതപ്പെട്ടവയാണ്.

ഫിലമോനെഴുതിയ ലേഖനത്തെ ആധാരമാക്കി മൂന്ന് ഹോമിലികൾ അദ്ദേഹം എഴുതി. ഇവയും അന്ത്യോക്യയിൽ വച്ചു തന്നെ എഴുതപ്പെട്ടവയാകാനാണിട.

(ix) എബ്രായ ലേഖന ഹോമിലികൾ

ക്രി. വ. 403/404 ൽ കോൺസ്റ്റാൻറിനോപ്പിളിൽവച്ച് തൻെറ ഭരണത്തിൻെറ അവസാന ഭാഗത്തെഴുതപ്പെട്ടവയാണ് എബ്രായ ലേഖനത്തിൻെറ മുപ്പത്തിനാല് ഹോമിലികൾ. മുത്തിയാനുസ് എന്നയാൾ തൻെറ നിർദേശാനുസരണം അവ ലത്തീനിലേക്ക് വിവർത്തനം ചെയ്തു എന്ന് കസ്സിയദോർ പറയുന്നു.

www.malankaralibrary.com



## 2. താത്ത്വിക–താർക്കിക കൃതികൾ

### (i) ദൈവത്തിന്റെ അഗ്രാഹ്യ സ്വഭാവത്തെപ്പററി

രണ്ടു പരമ്പരകളിലായി പന്ത്രണ്ടു് ഹോമിലികളുണ്ടു്. ആദ്യത്തേ അഞ്ചെണ്ണം 386 നും 387 നും മദ്ധ്യേ അന്ത്യോക്യയിൽ വച്ചു ചെയ്ത പ്രസംഗങ്ങളാണു്. 'ദൈവം സ്വയം അറിയുന്നതുപോലെ ഞങ്ങൾ ദൈവത്തെ അറിയുന്നു' എന്നു വീമ്പടിച്ച ആര്യൻ തീവ്രവാദവിഭാഗക്കാരായ അനോമയർക്കെതിരെയാണിതു് (2,3). 'പിതാവും പുത്രനും തമ്മിൽ ബന്ധമേ ഇല്ല; വ്യത്യസ്തങ്ങളാണു്' എന്ന തത്ത്വമാണു് അവർ ഉയർത്തിപ്പിടിക്കുന്നതു്. അവരുടെ അബദ്ധജഡിലമായ ചിന്തയെ എതിർത്തുകൊണ്ടു് ദൈവത്തിന്റെ അവാച്യവും അപരിമേയവും അനന്തവുമായ സ്വഭാവത്തെ ക്രിസോസ്തോം ഉയർത്തിക്കാട്ടുന്നു. 'പിതാവും പുത്രനും തുല്യരാണു്. പിതാവിനെപ്പോലെ പുത്രനും ദൈവത്വത്തിൽ ഭാഗഭാഗിത്വമുണ്ടു്' എന്നും സ്പഷ്ടമായി അദ്ദേഹം പഠിപ്പിക്കുന്നു. രണ്ടാം പരമ്പരയിലുള്ള ഹോമിലികൾ 397-ൽ കോൺസ്റ്റാൻറിനോപ്പിളിൽ വച്ചു ചെയ്തവയാണു്.

### (ii) ജ്ഞാനസ്നാനവേദോപദേശം

386 മുതൽ 398 വരെ അന്ത്യോക്യയിൽ പ്രസംഗകനായിരുന്നകാലത്തു് സ്നാനാർത്ഥികളെ ഒരുക്കുന്ന ദൗത്യവും ക്രിസോസ്റ്റോമിനുണ്ടായിരുന്നു. അദ്ദേഹം നൽകിയ ഉപദേശങ്ങൾ ഈ അടുത്തകാലംവരെ വെളിച്ചത്തു വന്നില്ല. എന്നാൽ 1955 ലെ ഒരു കണ്ടുപിടിത്തം വളരെ വെളിച്ചം വീശി. 388–ലെ നോമ്പുകാലത്തും അതിനു ശേഷവും ചെയ്തവയാണു് ഇവ. ഇതിന്റെ ലത്തീൻ വിവർത്തനം വി. അഗസ്തീനോസ് 421 ൽ ഉപയോഗിച്ചിട്ടുണ്ടു് (ജൂലിയനെതിരെ, 1,6,21).

### (iii) യൂദർക്കെതിരെ

തന്റെ ശ്രോതാക്കളായ ക്രിസ്ത്യാനികളെ ഉദ്ദേശിച്ചുള്ളവയാണിവ. ക്രിസ്ത്യാനികൾ യൂദാലയങ്ങൾ സന്ദർശിക്കയും അവരുടെ പെരുന്നാളുകളിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. അവരെ തടയാനാണിവ. യൂദന്മാർ മിശിഹായെ തള്ളിക്കളഞ്ഞു. അവർ ക്രിസ്തുവിനെ ഉപേക്ഷിച്ചതിനാൽ ശിക്ഷാർഹരുമാണു്. 386 നും 387 നും ഇടയ്ക്കു് അന്ത്യോക്യയിൽ വച്ചാണു് ഈ എട്ടു ഹോമിലികൾ വിരചിതമായതു്.

## 3. ധാർമ്മിക പ്രതിപാദനങ്ങൾ

ശ്രോതാക്കളുടെ ധാർമിക നിലവാരം മെച്ചപ്പെടുത്തുക എന്നതാണു് എല്ലാ ഹോമിലികളും വഴി ക്രിസോസ്തോമിന്റെ

www.malankaralibrary.com



ലക്ഷ്യം. എന്നാൽ ഇക്കാര്യം മാത്രം പ്രതിപാദിക്കുന്ന പ്രസംഗങ്ങളും അദ്ദേഹം നടത്തിയിരുന്നു.

'ഇൻ കലെൻദാസ്'' എന്ന പ്രസംഗത്തിൽ നവവത്സരദിനത്തിലെ പേക്കൂത്തുകളെ അദ്ദേഹം നിശിതമായി അപലപിക്കുന്നു. അന്ത്യോക്യയിൽ വച്ചാണ് ഈ പ്രസംഗം നടന്നത്. 'സർക്കസ്സിനും കളികൾക്കും തീയേററുകൾക്കുമെതിരെ' എന്ന പേരിൽ കോൺസ്റ്റാൻറിനോപ്പിളിൽവച്ച് 399 ജൂലൈ മൂന്നിനു ചെയ്ത പ്രസംഗം പ്രസിദ്ധമാണ്. അന്ന് പള്ളിയിൽ പകുതി ആളുകൾ പോലും ഇല്ലായിരുന്നു. ജനക്കൂട്ടം സർക്കസ്സ് കാണാൻ പോയി. ദുഃഖവെള്ളിയാഴ്ചപോലും കുതിരയോട്ടം നടത്തുന്നതിനെയും, ദുഃഖശനിയാഴ്ചപോലും തിയേററിൽ പരിപാടി നടത്തുന്നതിനെയും അദ്ദേഹം നിശിതമായി അപലപിക്കുന്നു. 'തിയേററർ സാത്താന്റെ അസംബ്ലിയാണ്'' എന്ന അഭിപ്രായമാണ് അദ്ദേഹത്തിന്.

സാമൂഹ്യനീതിബോധം അദ്ദേഹത്തിൽ മുന്തിനിന്നു. അന്ത്യോക്യയിലും കോൺസ്റ്റാൻറിനോപ്പിളിലും ഒരുപോലെ കണ്ട തരംതിരിവുകൾ—പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള അന്തരം—അദ്ദേഹത്തെ ഞെട്ടിപ്പിച്ചു. കോൺസ്റ്റാൻറിനോപ്പിളിൽ 50,000 പാവങ്ങൾ ഉണ്ടെന്നാണദ്ദേഹത്തിന്റെ കണക്ക്; ക്രിസ്ത്യാനികൾ ഒരു ലക്ഷവും (നടപടി ഹോമിലി, 11,3). പാവപ്പെട്ടവരെ പരിഗണിക്കാതെ സ്വാർത്ഥരായി നടക്കുന്ന പണക്കാരുടെ അഹങ്കാരത്തെ നിരന്തരമദ്ദേഹം അപലപിച്ചുകൊണ്ടിരുന്നു. ദാനധർമങ്ങൾക്കായി അവരെ അദ്ദേഹം നിർബന്ധിച്ചു. അതുപോലെ ആളുകളുടെ ഭൗതിക മനഃസ്ഥിതിയെയും കുററപ്പെടുത്തി.

## 4. പെരുന്നാൾ പ്രസംഗങ്ങൾ

ക്രിസോസ്തോമിന്റെ പെരുന്നാൾ പ്രസംഗങ്ങളിൽ 386 ഡിസംബർ 25 ന് ചെയ്ത ക്രിസ്മസ് പ്രസംഗമാണ് ഏററവും പ്രശസ്തമായിട്ടുള്ളത് (PG.49,351–362). നീതിസൂര്യനായ ക്രിസ്തുവിന്റെ ജനനദിവസം ഡിസംബർ 25 നാണെന്ന് കാണിക്കുകയാണതിന്റെ ഉദ്ദേശ്യം. ഉദ്ദേശം പത്തുവർഷം മുൻപാണ് അന്ത്യോക്യയിലെ ജനങ്ങൾ ഈ പെരുന്നാൾ കൊണ്ടാടുവാൻ തുടങ്ങിയതെന്ന് പ്രസംഗത്തിൽ പറയുന്നു. രണ്ടാമതൊരു ക്രിസ്മസ് പ്രസംഗം കൂടിയുണ്ട് (PG. 56,385–396). ഈ അടുത്തകാലം വരെ അതിന്റെ ആധികാരികതയെപ്പററി സംശയമായിരുന്നു. എന്നാലിപ്പോൾ അങ്ങനെയല്ല. 387 ജനുവരി 6 ന് നടത്തിയ ദനഹാ പ്രസംഗമാണ് 'ക്രിസ്തുവിന്റെ മാമോദീസായും എപ്പിഫനിയും' എന്നത് (PG. 49,363–372).

www.malankaralibrary.com



പെസഹാ വ്യാഴാഴ്ചയുടെ രണ്ട് പ്രസംഗങ്ങളുണ്ട് (PG. 49, 373–392). അവ രണ്ടും ഒന്നിൻെറ രണ്ടു പതിപ്പുകളാണ്. മൂന്നാമതൊരെണ്ണം കൂടിയുണ്ടെങ്കിലും (PG. 50,715–720) അതു് ക്രിസോസ്തോമിൻേറതല്ല. ദുഃഖവെള്ളിയാഴ്ചയുടെ മൂന്നു പ്രസംഗങ്ങളുണ്ട് (PG. 49,393–418) രണ്ട് ഉയിർപ്പു പ്രസംഗങ്ങളിൽ (PG. 50,433–442). രണ്ടാമത്തേതിൻെറ വാസ്തവികതയെപ്പററി സംശയിക്കുന്നവരുണ്ട്. എന്നാൽ രണ്ട് പെന്തിക്കോസ്തി പ്രസംഗങ്ങളും അദ്ദേഹത്തിൻേറതത്രേ (PG. 50,453–470).

## 5. സ്തുതിപ്രഭാഷണങ്ങൾ

ജോബ്, എലെയാസർ, മക്കബൊയർ, അവരുടെ അമ്മ, തുടങ്ങിയ പഴയ നിയമ വിശുദ്ധരെക്കുറിച്ചും, റൊമാനോസ്, ജൂലിയൻ, ബർലാം, പെലാജിയ, ബെരെനീസ്, പ്രൊസ്ദോസ് തുടങ്ങിയ രക്തസാക്ഷികളെക്കുറിച്ചും അദ്ദേഹം സ്തുതിപ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. അവയിലേററം പ്രധാനപ്പെട്ടവയാണ് ഇഗ്നേഷ്യസ്, ബാബിലാസ്, ഫിലൊഗോണിയൂസ്, എവുസ്താത്യോസ്, മെലേസ്യൂസ് എന്നീ അന്ത്യോക്യൻ മെത്രാന്മാരെക്കുറിച്ചുള്ളവ. തർസോസിലെ ദിയദോറിനെക്കുറിച്ചുള്ളതു് 392 ൽ ഗുരുവിൻെറ സാന്നിദ്ധ്യത്തിൽ വച്ചു തന്നെ ചെയ്തതാണ്. എന്നാൽ വി. പൗലോസിനെക്കുറിച്ചുള്ള സ്തുതിപ്രഭാഷണമാണ് ഏററം ശ്രദ്ധാർഹമായിട്ടുള്ളതു്; പുറജാതികളുടെ ശ്ലീഹായോടു് അദ്ദേഹത്തിനുള്ള മതിപ്പും സ്നേഹവും ആദരവുമെല്ലാം അതിൽ നിന്നും വ്യക്തമാണ്. 415–നും 419_നും ഇടയ്ക്കു് ചെലേദായിലെ അനിയാനസ് അതു് ലത്തീനിലേക്ക് ഭാഷാന്തരം ചെയ്തു. അദ്ദേഹം പറയുന്നതു് 'ക്രിസോസ്തോം ഇവിടെ ഒരു വലിയ ശ്ലീഹായെ വരച്ചുകാട്ടുക മാത്രമല്ല, പുനർജീവിപ്പിക്കുകകൂടി ചെയ്തിരിക്കുന്നു. ക്രിസ്തീയ പൂർണതയുടെ ഒരു സജീവമാതൃകയായി അവനൊരിക്കൽക്കൂടി തീരുന്നു' എന്നാണ്.

എല്ലാ സുകൃതങ്ങളുടെയും സമാഹാരമായി പൗലോസിനെ ക്രിസോസ്തോം കാണുന്നു. ആബേൽ മുതൽ സ്നാപക യോഹന്നാൻ വരെയുള്ള പഴയനിയമ വിശുദ്ധരുമായി പൗലോസിനെ താരതമ്യപ്പെടുത്തുന്നു. ഓരോരോ ഗുണങ്ങളിൽ അവനവരെയെല്ലാം വെല്ലുന്നു. ബലഹീനനായ ഒരു മനുഷ്യന് ദൈവികശക്തിയിൽ എത്രമാത്രം ഉയരാൻ സാധിക്കുമെന്നുള്ളതു് പൗലോസു് കാട്ടി. പതറാത്ത ധൈര്യത്തോടും തളരാത്ത സ്നേഹത്തോടും കൂടി എങ്ങനെ പ്രതിബന്ധങ്ങളെ അവൻ നേരിട്ടു എന്നു് മൂന്നാമതായി ക്രിസോസ്തോം വിവരിക്കുന്നു. അതുപോലെ ഡമാസ്കസിലേക്കുള്ള വഴിമദ്ധ്യേ അവനു് എപ്രകാരം മാനസാന്തരമുണ്ടായി എന്നും വരച്ചുകാട്ടുന്നു. യൂദജനത്തിൻെറ മനഃസ്ഥിതിയെ പൗലോ

www.malankaralibrary.com



സിൻേറതുമായി അദ്ദേഹം താരതമ്യപ്പെടുത്തുന്നു. അത്ഭുതങ്ങൾ കണ്ടിട്ടും യൂദന്മാർ അറച്ചുനിന്നു. എന്നാൽ പൗലോസാകട്ടെ വിളിച്ചവനെ ഉള്ളഴിഞ്ഞു സ്നേഹിച്ച് അവൻെറ പിന്നാലെ പോയി. ഇങ്ങനെ പോകുന്നു സ്തുതിപ്രഭാഷണം.

## 6. സാന്ദർഭിക പ്രഭാഷണങ്ങൾ

### (i) ഒന്നാം പ്രസംഗം

386-ൽ പൗരോഹിത്യത്തിലേക്കുയർത്തപ്പെട്ടപ്പോൾ ചെയ്തതാണ് ഈ പ്രസംഗം. വായും നാവും നൽകിയ ദൈവത്തിന് തൻെറ ഈ പ്രസംഗം സമർപ്പിക്കുന്നു എന്ന് അദ്ദേഹം പറയുന്നു. തന്നെ വൈദികനാക്കിയ ഫ്ളാവിയന് തുടർന്നു നന്ദിപറയുന്നു. അദ്ദേഹത്തിൻെറ അപ്പസ്തോലികാശ്രുപിയെ പ്രതി അദ്ദേഹത്തെ സ്തുതിക്കുന്നു. താനൊരു നല്ല വൈദികനായിരിക്കാൻ തനിക്കു വേണ്ടി പ്രാർത്ഥിക്കണമെന്നവരോടപേക്ഷിക്കുന്നു.

### (ii) ശ്രുപങ്ങളെക്കുറിച്ചുള്ള ഹോമിലികൾ

387 ൽ രാജകുടുംബത്തിൻെറ ശ്രുപങ്ങൾ അക്രമാസക്തരായ ജനക്കൂട്ടം തല്ലിപ്പൊടിച്ചു. ഇതിൽ കുപിതനായ തിയഡോഷ്യസ് ചക്രവർത്തി അന്ത്യോക്യൻ നഗരം പാടെ നശിപ്പിക്കാൻ തീരുമാനിച്ചു. ഫ്ളാവിയൻ കോൺസ്റ്റാൻറിനോപ്പിളിലെത്തി. ഭയചികിതരായി പള്ളിയിൽ തടിച്ചുകൂടിയ ജനങ്ങളെ സമാശ്വസിപ്പിക്കാനായിട്ടാണ് ക്രിസോസ്തോം ഈ പ്രസംഗങ്ങൾ ചെയ്തത്. മൊത്തം 21 എണ്ണം ഉണ്ട്. അവസാനം ഫ്ളാവിയൻെറ പരിശ്രമങ്ങൾ വിജയിച്ചു. ചക്രവർത്തി എല്ലാവരോടും ക്ഷമിച്ചതായി ക്രിസോസ്തോം അറിയിച്ചു. ഈ പ്രസംഗങ്ങൾ പ്രസംഗകനെന്ന സ്ഥാനം അദ്ദേഹത്തിനു നേടിക്കൊടുത്തു.

### (iii) എവുത്രോപ്പിയൂസിനെപ്പററിയുള്ള രണ്ട് ഹോമിലികൾ

399-ൽ എവുത്രോപ്പിയൂസ് അധികാരത്തിൽനിന്ന് താഴെ പോയി. ദേവാലയത്തിൽ ഓടിക്കയറി മരണത്തിൽനിന്ന് രക്ഷപ്പെട്ടു. അതിൻെറ പിറേറ ഞായറാഴ്ച 399 ജനുവരി 17 ന് ക്രിസോസ്തോം സഭാപ്രസംഗി 1, 1 നെ ആധാരമാക്കി ഒരു പ്രസംഗം ചെയ്തു. കുറെ ദിവസങ്ങൾക്കുശേഷം എവുത്രോപ്പിയൂസ് പള്ളിയിൽനിന്നു പോയി. ഉടനെ സൈപ്രസിലേക്ക് അധികാരികൾ അയാളെ നാടുകടത്തി. സഭാധികാരികൾ അയാളെ ഒററിക്കൊടുത്തു എന്ന ആരോപണം മറെറാരു പ്രസംഗത്തിലൂടെ ക്രിസോസ്തോം നിഷേധിക്കുന്നു.

www.malankaralibrary.com



(iv) പ്രവാസത്തിനു മുമ്പും പിപുമുള്ള പ്രസംഗങ്ങൾ

403-ൽ നാടുകടത്തലിനു മുൻപും പിൻപുംചെയ്ത പ്രസംഗങ്ങൾ ഹൃദയസ്പർശിയാണ്; തൻെറ ജീവിതദുരന്തവുമായി അദ്ദേഹം ബന്ധപ്പെട്ടതുമാണ്. ഒന്നാമത്തേതിൽ ശാന്തത കൈവെടിയരുതെന്നും സഭയുടെ അജയ്യ ശക്തിയിൽ വിശ്വസിക്കണമെന്നും ഉപദേശിക്കുന്നു. രണ്ടാമത്തേതിൽ, തന്നെ അനുസരിച്ചവരെ അഭിനന്ദിക്കയും കളങ്കരഹിതയും നിർമ്മലയുമായ കോൺസ്റ്റാൻറിനോപ്പിൾ സഭയെ സ്തുതിക്കുകയും ചെയ്യുന്നു.

## 7. പ്രതിപാദനങ്ങൾ

### (1) പൗരോഹിത്യത്തെപ്പററി

ക്രിസോസ്റ്റോമിൻെറ മറേറതൊരു കൃതിയേക്കാളും കൂടുതൽ അറിയപ്പെടുകയും, ഭാഷാന്തരം ചെയ്യപ്പെടുകയും, പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളത് പൗരോഹിത്യത്തെ സംബന്ധിച്ചുള്ള ആറ് ഗ്രന്ഥങ്ങളാണ്. ക്രിസോസ്റ്റോം മരിച്ച് കുറെ വർഷങ്ങൾക്കു ശേഷം പെലൂസിയത്തിലെ ഇസിദോർ ഇതേപ്പററി പറഞ്ഞത് ശ്രദ്ധേയമാണ്: 'ദൈവസ്നേഹത്താൽ കത്തിജ്വലിക്കുന്നൊരു വികാരം കൂടാതെ ഇതു വായിക്കാനാർക്കും സാദ്ധ്യമല്ല. പൗരോഹിത്യം എത്ര മഹനീയവും എത്ര പ്രയാസമേറിയതുമാണെന്നിത് വ്യക്തമാക്കുന്നു. അത് എപ്രകാരം നിറവേററണമെന്നും ഈ കൃതി കാട്ടുന്നു. ദൈവികരഹസ്യങ്ങളുടെ വ്യാഖ്യാതാവും, സഭ മുഴുവൻെറയും പ്രകാശവുമായ ബൈസാൻസിയത്തിലെ മെത്രാനായ ജോൺ വളരെ ശ്രദ്ധയോടും കൃത്യമായും അവ രചിച്ചു. ദൈവം ആഗ്രഹിക്കുന്നതുപോലെ പൗരോഹിത്യദൗത്യം നിർവഹിക്കുന്നവർ അവരുടെ സുകൃതവും, ശ്രദ്ധയില്ലാതെ നിർവഹിക്കുന്നവർ അവരുടെ കുറവുകളും ഇതിൽ വരച്ചുകാണിച്ചിരിക്കുന്നത് ദർശിക്കും. എന്നാണിതെഴുതപ്പെട്ടതെന്ന് കൃതിയിൽനിന്നു ഗ്രഹിക്കാൻ പ്രയാസമാണ്. ശെമ്മാശ്ശനായിരുന്ന കാലത്തായിരിക്കാം (381–386) എന്ന് സൊക്രാട്ടസ് അഭിപ്രായപ്പെടുന്നു (സഭാ. 6, 3). 392-ൽ ജറോം ഇതു വായിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു (മഹത് 129). ക്രിസോസ്റ്റോമും ബേസിലും തമ്മിലുള്ള ഒരു സംഭാഷണത്തിൻെറ മാതൃകയിലാണ് കൃതി.

പൌരോഹിത്യത്തിൻെറ മഹനീയത പരിഗണിക്കുമ്പോൾ, ആരെങ്കിലും അതു സ്വീകരിക്കാതെ ഓടിപ്പോകുന്നെങ്കിൽ അയാളെ കുററപ്പെടുത്താനില്ല. വി. ശ്ലീഹാപോലും ഭ്രമിച്ചുപോയി പുരോഹിതൻ കുററമററവനായിരിക്കണം; പരിശുദ്ധനായിരിക്കണം. അതും ഈ മണ്ണിൽ ഈ ശരീരത്തിൽ; ഈ സാഹചര്യങ്ങളിൽ അവൻ തന്നിൽനിന്ന് അത്യാഗ്രഹം ദൂരെയകററണം.

www.malankaralibrary.com



അവൻ വിജ്ഞാനിയും വിവേകിയുമായിരിക്കണം; കരുതലുള്ളവനും വ്യക്തമായ വീക്ഷണമുള്ളവനമായിരിക്കണം. കുററപ്പെടുത്തപ്പെട്ടാലും, ശകാരിക്കപ്പെട്ടാലും അവൻ ശാന്തത കൈവെടിയരുതു്. ഒരു സാധാരണ വൈദികനിതത്യാവശ്യമാണെങ്കിൽ, മെത്രാനെത്രയേറെ ആവശ്യമാണിവയെല്ലാം!

വൈദികനാവശ്യമായ ഗുണങ്ങളില്ലാത്തവൻ ഓടിക്കയറാൻ ശ്രമിക്കരുതാത്ത ഒരു തുറയാണു് പൗരോഹിത്യം. പ്രഭാഷണകലയിൽ അവൻ നിപുണനായിരിക്കണം. അതേപ്പററി സവിസ്തരം ക്രിസോസ്റ്റോം ചർച്ചചെയ്യുന്നു. മുഖസ്തുതിക്കുവേണ്ടി പടാർത്ഥ നടത്തുന്നതു് വൈദികനു ചേർന്നതല്ല.

ആറാം പുസ്തകത്തിൽ സന്യാസജീവിതവും മെത്രാൻെറ ജീവിതവും തമ്മിൽ താരതമ്യപ്പെടുത്തുന്നു. അനേകനാൾ സന്യാസിയായി ജീവിക്കയും, സന്യാസത്തെ വളരെയധികം പുകഴ്ത്തുകയും ചെയ്യുന്ന ക്രിസോസ്റ്റോം ഇവിടെ പൗരോഹിത്യത്തിനാണു് ഒന്നാം സ്ഥാനം നൽകുന്നതു്. അനേകരുടെ ആത്മാക്കളെ രക്ഷിക്കുന്നതിലെളുപ്പമാണു് ഒരാത്മാവിനെ മാത്രം രക്ഷിക്കുന്നതു്. സന്യാസി സ്വയം പൂർണ്ണനായി രക്ഷയ്ക്കു ശ്രമിക്കുന്നു; വൈദികൻ ഒരു പടികൂടി കടന്നു് അനേകരുടെ ആത്മരക്ഷയ്ക്കു കാരണക്കാരനാകുന്നു. അതുകൊണ്ടു് പൗരോഹിത്യം ഉപരി പരിപൂർണ്ണത ആവശ്യപ്പെടുന്നു. ഇവയെല്ലാം പരിഗണിക്കുമ്പോൾ മെത്രാൻ സ്ഥാനത്തിനു് താൻ തികച്ചും അയോഗ്യനാണെന്നു് ക്രിസോസ്റ്റോം കരുതുന്നു.

കൃതിയുടെ സംഭാഷണരീതി ഒരു ഭാഷാശൈലിയായി കണക്കാക്കുന്നതാണുത്തമം. കൃതിയിൽ പറഞ്ഞിരിക്കുന്ന ബേസിൽ ആരെന്നു് കൃത്യമായി പറയുക ശ്രമകരമാണു്. ഗ്രിഗറി നസ്യാൻസൻെറ 'ഒളിച്ചോട്ടത്തെപ്പററിയുള്ള പ്രസംഗം, 2' എന്ന പ്രസംഗത്തോടു് ഈ കൃതിയുടെ രചനയിൽ ക്രിസോസ്റ്റോമിനു് വളരെ കടപ്പാടുണ്ടു്. ഗ്രിഗറിയെ അദ്ദേഹം ഇവിടെ മാതൃകയായി സ്വീകരിച്ചിരിക്കയാണു് (NPF, 9, 33–83).

## (2) സന്യാസജീവിതം

സന്യാസജീവിതത്തിൻെറ മഹത്വം ഉയർത്തിക്കാണിക്കാൻ പല കൃതികളും ക്രിസോസ്റ്റോം എഴുതിയിട്ടുണ്ടു്. ആദ്യത്തേതു് തിയഡോറിനെഴുതിയ രണ്ടു് ഉപദേശങ്ങളാണു്. തൻെറ സുഹൃത്തായ തിയഡോർ സന്യാസജീവിതം ഉപേക്ഷിച്ചതിൽനിന്നു് പിൻതിരിപ്പിക്കാനായി 'വീണുപോയ തിയഡോറിനു്' എന്ന കൃതിയെഴുതി. സന്യാസജീവിതത്തിൽ വിരസത തോന്നിയ

www.malankaralibrary.com



തിയഡോർ ഹെർമോയ്നെ എന്ന സ്ത്രീയുമായി ബന്ധത്തിലായി. 'De Compunctione' ഒന്നും രണ്ടും കൃതികളും ഈ കാലഘട്ടത്തിലേതാണ്.

'സന്യാസജീവിതത്തെ എതിർക്കുന്നവർക്കെതിരെ' എന്ന കൃതി മൂന്നു വാല്യത്തിൽ ആൻറിമൊണാസ്റ്റിക് നീക്കങ്ങൾ നടത്തുന്നവർക്കെതിരെയാണ്. ക്രിസ്തീയ മാതാപിതാക്കൾ വിദ്യാഭ്യാസത്തിനായി സന്യാസഭവനങ്ങളിൽ കുട്ടികളെ അയയ്ക്കണമെന്ന് അപേക്ഷിക്കയാണിവിടെ.

(3) കന്യാത്വവും വൈധവ്യവും

I കൊറി. 7, 38 ൻെറ ഒരു വ്യാഖ്യാനമാണ് 'കന്യാത്വം' എന്ന കൃതി. വിവാഹം ശ്രേഷ്ഠമാണ്; എന്നാൽ കന്യാത്വമതിലും ശ്രേഷ്ഠം. കൊറി ഹോമിലി, 19. 6 ൽ ഈ കൃതിയെപ്പററി ക്രിസോസ്തോം സംസാരിക്കുന്നു.

കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായ ഉടൻ (397) അന്ന് നഗരത്തിലെ സഭയിൽ നടപ്പിലിരുന്ന ഒരബദ്ധാചാരത്തിനെതിരെ ക്രിസോസ്തോം രണ്ടു കല്പനകളിറക്കി. പ്രശ്നമിതാണ്: അവിവാഹിതരായ സ്ത്രീപുരുഷന്മാർ—സന്യാസിനീസന്യാസികൾ—ഒന്നിച്ചൊരു ഭവനത്തിൽ താമസിക്കുക. 'ഒന്നാം കല്പന: ചില വൈദികർ തങ്ങളുടെ ഭവനങ്ങളിൽ വ്രതസ്ഥരായ സ്ത്രീകളെ ഭവനസംരക്ഷണത്തിനും മററും ഏർപ്പെടുത്തുന്ന രീതിയുണ്ട്. സഹോദരികളെന്ന ഭാവേനയാണ് ജീവിതം. എന്നാലിതു നല്ലതല്ല. രണ്ടാം കല്പന: വ്രതസ്ഥരായ സ്ത്രീകൾ താമസിക്കുന്ന ഭവനത്തിൽ സ്ഥിരമായി അവരുടെകൂടെ പുരുഷന്മാർ താമസിക്കാൻ പാടില്ല. ഇപ്പോൾ പ്രശ്നമൊന്നുമില്ലെങ്കിലും ഇതിൽനിന്ന് ഉടലെടുക്കാവുന്ന ഇടർച്ച നാമകറേറണ്ടതാണ്'' എന്ന് ക്രിസോസ്തോം ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ക്രിസോസ്തോമിനു വലിയ എതിർപ്പിനെ നേരിടേണ്ടിവന്നു എന്നല്ലാതെ കല്പനകൾ ആരും ചെവിക്കൊണ്ടില്ല. 'ദൈവസ്നേഹമില്ലാത്തവരും' വികാരങ്ങളാൽ കത്തിജ്വലിക്കുന്നവരുമായ പട്ടക്കാർ നഖശിഖാന്തം ഇതിനെ എതിർത്തു' എന്നു പല്ലാഡിയൂസ് പറയുന്നു.

'യുവവിധവയ്ക്ക്' എന്നതു് ഭർത്താവു നഷ്ടപ്പെട്ട ഒരു യുവതരുണിയെസമാശ്വസിപ്പിക്കാനെഴുതിയതാണ്.'De non iterando coniugio' വിധവകളായ സ്ത്രീകൾ പുനർവിവാഹത്തിനു മുതിരാതെ വിധവകളായിത്തന്നെ നിലനിൽക്കാൻ ആഹ്വാനം ചെയ്യുന്നു.

www.malankaralibrary.com



(4) കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച്

രണ്ടു വിഷയങ്ങരം ഒന്നിച്ചൊരു ഗ്രന്ഥത്തിലാക്കിയിരിക്കയാണ്. ഒന്നാമത്തേതു്, 'വ്യർത്ഥാഭിമാനം': അന്ത്യോക്യയിൽ അന്നു പരക്കെ നിലവിലിരുന്ന പ്രധാന തിന്മകളായ ധൂർത്തും വഴിപിഴച്ച ജീവിതവും ആണു് ചർച്ചാവിഷയം. രണ്ടാമത്തേതു് 'കുട്ടികളുടെ വിദ്യാഭ്യാസം:' കുട്ടികളെ ചെറുപ്പത്തിലെ നല്ല വഴിക്കു മാതാപിതാക്കരം വളർത്തിയെങ്കിലേ അവർ മ്ലേച്ഛതകളിലേക്കു തിരിയാതിരിക്കൂ. എല്ലാ അധഃപതനത്തിൻെറയും തായ്വേരു് ഭാവിതലമുറയുടെ ധാർമ്മിക പരിശീലനത്തിലുള്ള കുറവിലധിഷ്ഠിതമാണു് (15). 'ഈ ലോകത്തിൻെറ അധഃപതനം തടയാനാരും പരിശ്രമിക്കുന്നില്ല; കുട്ടികളെപ്പററിയാരും ശ്രദ്ധിക്കുന്നില്ല; ശ്രദ്ധതയെപ്പററി അവരോടാരും സംസാരിക്കുന്നില്ല; ധനത്തിലും മാന്യതയിലും ഹൃദയം വയ്ക്കരുതെന്നോ, ദൈവകല്പനകരം മാനിക്കണമെന്നോ അവരോടാരും പറയുന്നില്ല' (17).

കുട്ടികളുടെ വിദ്യാഭ്യാസമാണു് മാതാപിതാക്കളുടെ ഏററം ഉന്നതവും ഏററം പരിപാവനവുമായ ദൗത്യം. ലൗകിക സമ്പാദ്യം നേടിക്കൊടുക്കുന്നതിനു ശ്രമിക്കാതെ, ആത്മീയ സമ്പാദ്യമാണു് അവർക്കായി സമ്പാദിക്കേണ്ടതു്. കടന്നുപോകുന്ന കാലത്തിനുവേണ്ടിയല്ല, കടന്നുപോകാത്ത നിത്യത്വത്തിനുവേണ്ടിയാണു് കുഞ്ഞുങ്ങളെ ഒരുക്കേണ്ടതു്.

കുട്ടികളുടെ ബൗദ്ധിക പരിശീലനത്തെപ്പററി ക്രിസോസ്തോം ഇവിടെ ചർച്ച ചെയ്യുന്നില്ല. അതുപോലെ മനഃശാസ്ത്രപരമായ കാഴ്ചപ്പാടുകളിൽ ആഴമായറിവുള്ളതായും അദ്ദേഹം അവകാശപ്പെടുന്നില്ല.

(5) വേദനയെപ്പററി

വേദനയെപ്പററിയുള്ള മൂന്നു പുസ്തകങ്ങരം ഒരു ശെമ്മാശ്ശനായിരുന്ന കാലത്തു് ക്രിസോസ്തോം എഴുതിയതാണു്. തൻെറ ഒരു സഹസന്യാസിയായിരുന്ന സ്റ്റഗീറിയുസിൻെറ നിരാശയിലും, ആത്മീയ ഏകാന്തതയിലും അദ്ദേഹത്തെ ആശ്വസിപ്പിക്കാനാണു് ഈ കൃതി എഴുതിയതു്. പരീക്ഷണങ്ങളുടെയുദ്ദേശ്യം ചർച്ചാവിഷയമാക്കുന്നു; ദൈവിക പദ്ധതി ഇതിലെല്ലാം കാണുവാൻ ഉപദേശിക്കുന്നു. രണ്ടും മൂന്നും വാല്യങ്ങരം ആദാം മുതൽ പൗലോസ്ശ്ലീഹാ വരെ വേദന സഹിച്ചവരുടെ ചരിത്രം വിവരിക്കുന്നു. ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ടവർ എന്നും വലിയ പ്രയാസങ്ങരംക്കും പ്രലോഭനങ്ങരംക്കും വിധേയരായിരുന്നു എന്നു് അദ്ദേഹം വരച്ചുകാട്ടുന്നു.

www.malankaralibrary.com



മാനുഷിക കഷ്ടതകളെപ്പററിയുള്ള മററു രണ്ടു കൃതികറം 405 നം 406 നം ഇടയ്ക്കു് എഴുതപ്പെട്ടതാണു്. 'Quod nemo laeditur nisi a seipso' എന്ന കൃതി 'നമ്മുടെ സഹകരണം കൂടാതെ ആർക്കും നമ്മെ ഉപദ്രവിക്കാൻ സാദ്ധ്യമല്ല' എന്നു വ്യക്തമാക്കുന്നു. മറെറാരു കൃതിയിൽ ഇന്നത്തെ തകർന്ന പരിതഃസ്ഥിതിയും ഇരുളടഞ്ഞ അവസ്ഥയും കണ്ടു് ഇടറിയവരെ ആശ്വസിപ്പിക്കുന്നതിനായി അദ്ദേഹം എഴുതിയതാണു്. ദൈവിക പദ്ധതി നമുക്കു് സുവ്യക്തമല്ലെങ്കിലും, നീതിമാൻ പീഡിപ്പിക്കപ്പെട്ടപ്പോറം നാം ദൈവിക പരിപാലനയെ ചോദ്യംചെയ്യരുതു്.

(6) യൂദന്മാർക്കും പുറജാതികറംക്കുമെതിരെ

രണ്ടു കൃതികളുണ്ടു് ഈ ഗണത്തിൽ. 'ജൂലിയനും പുറജാതികറംക്കുമെതിരെ—വി. ബാബിലാസിനെപ്പററി' എന്നതാണു് ഒന്നാമത്തേതു്. 382–ൽ എഴുതപ്പെട്ടതാണിതു്. ഡേഷ്യസിൻെറ മതമർദ്ദനത്തിൽ മൃതനായ രക്തസാക്ഷിയും മെത്രാനുമായ ബാബിലാസിൻെറ ചരിത്രത്തിൽ, ക്രിസ്തുമതത്തിനെന്തുമാത്രം ഉയർച്ചയുണ്ടായെന്നും വിഗ്രഹാരാധന എത്രമാത്രം തറപററിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. വിശ്വാസത്യാഗിയായ ജൂലിയൻ, 362–ൽ ബാബിലാസിൻെറ തിരുശേഷിപ്പു് അന്ത്യോക്യക്കടുത്തുള്ള ഡാഫ്നെയിലെ കല്ലറയിൽനിന്നെടുത്തുമാററി. അവിടെ അപ്പോളോയുടെ ആരാധന പുനഃസ്ഥാപിച്ചു. എന്നാൽ പ്രസിദ്ധമായ ഡഫ്നെ അമ്പലം 362 ഒക്ടോബർ 24നു് കത്തിനശിച്ചു. കഷ്ടിച്ചു് ഒൻപതു മാസം കഴിഞ്ഞപ്പോറം 363 ജൂൺ 26നു് ജൂലിയൻ തന്നെയും തറപററി. ഈ രണ്ടു സംഭവങ്ങളും ബാബിലാസിൻെറ ശക്തിയുടെ തെളിവുകളായി പ്രസംഗിക്കുന്നു.

രണ്ടാമത്തേതു് 'ക്രിസ്തു ദൈവമാണെന്നു്_യൂദർക്കും ജാതികറംക്കുമെതിരെ': പഴയനിയമത്തിൽനിന്നും ക്രിസ്തുവിൻെറ പ്രവചനങ്ങളിൽനിന്നും അദ്ദേഹം ക്രിസ്തുവിൻെറ ദൈവത്വം തെളിയിക്കുന്നു; യറുശലേമിൻെറ നാശവും സഭയുടെ വളർച്ചയും ഇതിനു് മറെറാരു തെളിവാണു്. ഭീകരതയുടെ ചിഹ്നമായിരുന്ന കുരിശു് അനുഗ്രഹത്തിൻെറ അടയാളമായി. 'രാജാക്കന്മാർ കിരീടം മാററിവച്ചിട്ടു് ക്രിസ്തുവിൻെറ മരണത്തിൻെറ അടയാളമായ സ്ളീബായെടുക്കുന്നു. അവരുടെ വസ്ത്രത്തിലും അവരുടെ കിരീടത്തിലും സ്ളീബായുണ്ടു്; അവരുടെ പ്രാർത്ഥനകളിലും ആയുധങ്ങളിലുമതുണ്ടു്. പരിശുദ്ധമായ മേശയിലും കുരിശു് നാട്ടിനിത്തപ്പെട്ടിരിക്കുന്നു. ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും കുരിശു് സൂര്യനേക്കാറം ശോഭയോടെ പ്രകാശിക്കുന്നു.

www.malankaralibrary.com



ക്രിസ്തുവിൻെറ വിജയം പൂർണമാണ്: ലോകം മുഴുവൻ അവൻെറ നാമം പരക്കുന്നു. അവൻെറ ആരാധന എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. ഈ കൃതി ഒരു പൂർണാവസ്ഥയിലല്ല. വളരെ പ്പെട്ടെന്നാണിതു നിർത്തുന്നത്. പിന്നീടു യൂദന്മാരെപ്പററി കൂടുതലായി ചർച്ചചെയ്യാമെന്നു പറയുന്നെങ്കിലും അദ്ദേഹം വാഗ്ദാനം നിറവേററുന്നില്ല.

## 8. കത്തുകൾ

ക്രിസോസ്റ്റോമിൻെറതായി 263 കത്തുകൾ നമുക്കു കിട്ടിയിട്ടുണ്ട്. മിക്കതും വളരെ ഹ്രസ്വമാണ്; തൻെറ രണ്ടാമത്തെ വിപ്രവാസകാലത്ത് എഴുതപ്പെട്ടവയാണവ. സിറിയായിലും കോൺസ്റ്റാൻറിനോപ്പിളിലുമുള്ള തൻെറ സുഹൃത്തുക്കളുടെ കാര്യങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അതിയായ താൽപ്പര്യം അവ വിളിച്ചറിയിക്കുന്നു. വിപ്രവാസത്തിൽ കഴിയുന്ന തൻെറ നിലയേപ്പററി ആകാംക്ഷാപൂർവം തിരക്കുന്നവരെ അവവഴി അദ്ദേഹം സമാശ്വസിപ്പിക്കുന്നു. അവയിൽ 17 എണ്ണം ഒളിംപിയാസ് എന്ന സഭാശുശ്രൂഷകയ്ക്കാണ്. രണ്ടെണ്ണം ഇന്നസെൻറ് മാർപാപ്പായ്ക്കും.

## 9. അയഥാർത്ഥ കൃതികൾ

ക്രിസോസ്റ്റോമിൻെറ കീർത്തിമൂലം അനേകം കൃതികൾ മററുള്ളവർ അദ്ദേഹത്തിൻെറ പേരിൽ പ്രചരിപ്പിച്ചു. അവയിൽ 300 എണ്ണം അച്ചടിക്കപ്പെട്ടിട്ടുണ്ട്; 600 എണ്ണം ഇപ്പോഴും കയ്യെഴുത്തു പ്രതികളിൽതന്നെ കഴിയുന്നു. ചില കൃതികളുടെ യഥാർത്ഥ കർത്താക്കളെ കണ്ടുപിടിക്കുവാൻ പണ്ഡിതന്മാർക്കു കഴിഞ്ഞിട്ടുണ്ട്. നെസ്തോറിയൂസ്, ഗാബാലായിലെ സെവേരിയൻ, അന്ത്യോക്യയിലെ ഫ്ളാവിയൻ, ഇക്കോണിയത്തിലെ ആംഫിലോക്കിയൂസ്, അലക്സാണ്ഡ്രിയായിലെ എവുസേബിയൂസ്, യറുശലേമിലെ ഹെസിക്കിയൂസ്, അന്ത്യോക്യയിലെ ഗ്രിഗോറിയോസ്, സീനായിലെ അനസ്താസ്യോസ്, ജോൺ സമഷീൻ തുടങ്ങി ചിലരുടെ കൃതികൾ ഇവയിൽനിന്ന് തരംതിരിക്കപ്പെട്ടിട്ടുണ്ട്.

### (1) മത്തായിയുടെ സുവിശേഷത്തെക്കുറിച്ചുള്ള അപൂർണകൃതി

മദ്ധ്യകാലഘട്ടത്തിൽ ഇതിന് വലിയ പ്രചാരമായിരുന്നു. ക്രിസോസ്തോമിൻെറതായി മദ്ധ്യകാലഘട്ടത്തിൽ കരുതപ്പെട്ട 'മത്തായിയുടെ സുവിശേഷത്തിൻെറ 54 ഹോമിലികളാ'ണിത്. കൃതി പൂർണമല്ല; അഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു

www.malankaralibrary.com



ആര്യനാണിതിൻെറ കർത്താവ്. വളരെ കാലത്തേക്ക് ലത്തീനാണിതിൻെറ മൂലകൃതിയെന്നും കരുതപ്പെട്ടിരുന്നു.

(2) പഴയനിയമത്തിൻെറയും പുതിയനിയമത്തിൻെറയും ചുരുക്കം

വേദപുസ്തകത്തിലെ ഓരോ ഗ്രന്ഥത്തെപ്പററിയും വിവരിക്കുന്ന ഒരു ബൈബിൾ ആമുഖ കൃതിയാണിത്.

(3) ക്രിസോസ്തോമിൻെറ ലിററർജി

ക്രിസോസ്റ്റോമിൻെറ പേരിൽ അറിയപ്പെട്ടിരുന്ന ലിററർജി അദ്ദേഹത്തിൻെറ കാലത്തിനു വളരെ പിമ്പിലാണ് ഇന്നത്തെ രൂപത്തിലായത്. പല പൗരസ്ത്യസഭകളും ഈ ലിററർജി ഉപയോഗിക്കുന്നുണ്ട്. എട്ടും ഒൻപതും നൂററാണ്ടുകളിലെ കയ്യെഴുത്തു പ്രതികൾ വെറും രണ്ടു പ്രാർത്ഥനകളേ ക്രിസോസ്തോമിൽ ആരോപിക്കുന്നുള്ളു.' അതുപോലെ 629_ലെ കോൺസ്ററാൻറിനോപ്പിൾ സിനഡ് യാക്കോബിൻെറയും ബേസിലിൻെറയും ലിററർജികളെപ്പററി പറയുന്നെങ്കിലും ക്രിസോസ്തോമിൻെറ ലിററർജിയെപ്പററി പറയുന്നില്ല. പിൽക്കാല കയ്യെഴുത്തു പ്രതികളിൽ അനാഫറ മുഴുവൻ ക്രിസോസ്തോമിൻെറതായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്.

## ദൈവശാസ്ത്രം

ഒരു ദൈവശാസ്ത്ര പ്രശ്നം എടുത്തുപഗ്രഥിച്ച് ക്രിസോസ്തോം ഒരു കൃതിയും എഴുതിയിട്ടില്ല. നാലാം നൂററാണ്ടിലെ ദൈവശാസ്ത്ര_താത്ത്വിക തർക്കങ്ങളിലൊന്നും അദ്ദേഹം ഉൾപ്പെട്ടില്ല. പാഷണ്ഡതകൾക്കെതിരെ സംസാരിക്കുന്നതുതന്നെ ശ്രോതാക്കൾക്ക് അതേപ്പററി അറിവും ജ്ഞാനവും പകരുന്നതിനുവേണ്ടിയാണ്. സ്വഭാവംകൊണ്ടും രൂപീകരണംകൊണ്ടും ആത്മാക്കളുടെ ഒരു യഥാർത്ഥ ഇടയനായിരുന്നു അദ്ദേഹം; മനുഷ്യസമുദായത്തിൻെറ ഒരു വലിയ സമുദ്ധാരകനും. വേദപുസ്തക വ്യാഖ്യാനത്തിലും ഈ പ്രായോഗിക ചായ്വ് സുവ്യക്തമാണ്. താത്വിക ചർച്ചകളെക്കാൾ പ്രായോഗിക ചർച്ചകളാണദ്ദേഹമിഷ്ടപ്പെട്ടത്. എന്നാൽ ദുർഗ്രഹമായ ദൈവശാസ്ത്ര പ്രശ്നങ്ങൾ ആഴമായിത്തന്നെ അദ്ദേഹം അറിഞ്ഞിരുന്നു. അദ്ദേഹം തൻെറ പ്രസംഗങ്ങളും ചർച്ചകളുമെല്ലാം ബൈബിളിനെ ആധാരമാക്കിയാണ് നടത്തിയിട്ടുള്ളത്. പരമ്പരാഗതമായി പഠിപ്പിക്കുന്ന സത്യവിശ്വാസം ഏററം വിശ്വസ്തമായും സ്പഷ്ടമായും അദ്ദേഹം വരച്ചുകാട്ടി.

www.malankaralibrary.com



1. ക്രിസ്തുശാസ്ത്രം

ദിയദോറിന്റെ ശിഷ്യനായിരുന്ന ക്രിസോസ്തോമെങ്കിലും, അന്ത്യോക്യൻ കലാലയത്തിന്റെ ക്രിസ്തുശാസ്ത്ര വക്താവായി കോൺസ്റ്റാൻറിനോപ്പിളിൽ ക്രിസോസ്തോം പ്രത്യക്ഷപ്പെട്ടില്ല. അലക്സാന്ത്രിയയും കോൺസ്റ്റാൻറിനോപ്പിളും തമ്മിലുള്ള അകൽച്ച വർദ്ധിപ്പിക്കരുത് എന്നു കരുതിയായിരിക്കാം അദ്ദേഹം ഒഴിഞ്ഞുനിന്നത്. എന്നാൽ ക്രിസ്തുശാസ്ത്രത്തിലും ഭാഷ്യരീതികളിലും അന്ത്യോക്യൻ പാതയിലൂടെയാണ് ക്രിസോസ്തോം ചരിച്ചത് എന്നതിനു രണ്ടു പക്ഷമില്ല. സ്വഭാവത്തെ കുറിക്കാൻ ഉസിയായും (ഫ്യൂസിസ്), വ്യക്തിത്വത്തെ കുറിക്കാൻ ഹ്യൂപ്പോസ്റ്റസിസും (പർസോപ്പായും) അദ്ദേഹം ഉപയോഗിക്കുന്നു. പിതാവിന്റെ സത്തയിൽ നിന്നാണ് പുത്രനും എന്നദ്ദേഹം പഠിപ്പിക്കുന്നു. പിതാവും പുത്രനും തമ്മിലുള്ള ബന്ധം വ്യക്തമാക്കാൻ നിഖ്യാ ഫോർമുലയായ 'ഹോമോഉസിയോസ്' (സമസത്ത) കുറഞ്ഞത് അഞ്ചു പ്രാവശ്യമെങ്കിലും അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്.

'പിതാവിനു തുല്യൻ', 'സത്തയിൽ തുല്യൻ;' 'സത്തയിലുള്ള തുല്യത,' തുടങ്ങിയ പദപ്രയോഗങ്ങളാണ് അദ്ദേഹം കൂടുതൽ ഇഷ്ടപ്പെടുന്നു. പിതാവിൽനിന്നു പുറപ്പെടുന്ന പുത്രനും നിത്യനാണ്.

മററു അന്ത്യോക്യൻ ചിന്തകരേപ്പോലെ ആര്യർക്കെതിരായി ക്രിസ്തുവിന്റെ പരിപൂർണ ദൈവത്വവും, അപ്പൊള്ളിനാര്യക്കെതിരായി ക്രിസ്തുവിന്റെ പരിപൂർണ മനുഷ്യത്വവും ഊന്നിപ്പറയുന്നു, ക്രിസോസ്തോമും. രണ്ടു സ്വഭാവങ്ങളുടേയും യാഥാർത്ഥ്യവും യോജിപ്പും അദ്ദേഹം എടുത്തു പറയുന്നു. പിതാവിന്റെ സ്വഭാവം തന്നെയാണ് ക്രിസ്തുവിനും. ക്രിസ്തുവിനു ഒരു മനുഷ്യശരീരമുണ്ടായിരുന്നു; എന്നാൽ നമ്മുടേതുപോലെ പാപപങ്കിലമല്ലായിരുന്നു. എന്നാൽ സ്വഭാവത്തിൽ നമ്മുടേതു തന്നെയായിരുന്നു (റോമാ. ഹോ. 13. n. 5). രണ്ടു സ്വഭാവങ്ങളുണ്ടെങ്കിലും ഒരു ക്രിസ്തു മാത്രമേയുള്ളു:

'അവനായിരുന്ന നിലയിൽ നിലനിന്നുകൊണ്ടു അവനല്ലാതിരുന്നതിനെ സ്വീകരിച്ചു; അവൻ മനുഷ്യനായി തീർന്നെങ്കിലും ദൈവമായി സ്ഥിതി ചെയ്തു....അവൻ മനുഷ്യനായി, മനുഷ്യനെ സ്വീകരിച്ചു, അവൻ ദൈവമായിരുന്നു. എന്നാൽ കൂടിക്കലരലുകളോ വേർതിരിവോ ഇല്ല. ഒരു ദൈവം, ദൈവപുത്രനായ ഒരു ക്രിസ്തു. ഒരു ക്രിസ്തു എന്നു ഞാൻ പറയുമ്പോൾ, ഐക്യമാണ് ഞാനർത്ഥമാക്കുന്നത്. കൂടിക്കുഴഞ്ഞ അവസ്ഥയല്ല; ഒരു സ്വഭാവം മററതിൽ കലർന്നു എന്നല്ല; മററതുമായി ചേർന്നു എന്നാണ് ഞാന

www.malankaralibrary.com



ത്ഥമാക്കുന്നതു് (ഫിലിപ്യ ഹോ. 7. n. 2–3).ഐക്യവും (ഹെനോസെയ്) യോജിപ്പും (സ്യൂനഫേയ്യാ) വഴി വചനമായ ദൈവവും ജഡവും ഒന്നാണ്. കൂടിക്കുഴഞ്ഞോ, ഒന്നു മററതിനെ കീഴ്പ്പെടുത്തിയോ അല്ല; പ്രത്യുത അവാച്യമായൊരു യോജിപ്പുവഴിയാണ്. അതു ഗ്രഹണശക്തിക്കതീതവുമാണ്. അതു് എങ്ങനെയെന്നു ചോദിക്കരുതു് (യോഹ. ഹോ. 11.2).

## 2. കന്യകമറിയം

അന്ത്യോക്യൻ കലാലയത്തിൻെറ ലക്ഷണങ്ങളായ ക്രിസോസ്തോമിൻെറ മരിയോളജിയിലും ദൃശ്യമാണ്. പല കൃതികളിലും ദൈവമാതാവു് (Theotokos) എന്നു് അദ്ദേഹം ഉപയോഗിക്കുന്നില്ല. എന്നാൽ ക്രിസ്തുവിൻെറ അമ്മ (Christotokos) എന്നോ മനുഷ്യൻെറ അമ്മ (Anthropotokos) എന്നോ പ്രയോഗിച്ചു കാണുന്നില്ല. 380–ൽ ആരംഭിച്ച ചർച്ചകളിൽ നിന്നു മനഃപൂർവം ഒഴിഞ്ഞുനിൽക്കാൻ വേണ്ടിയാകാം അദ്ദേഹം ഈ താർക്കിക പദങ്ങൾ ഉപയോഗിക്കാതിരുന്നതു്.

മറിയാമിൻെറ നിത്യകന്യാത്വം വ്യക്തമായി അദ്ദേഹം പഠിപ്പിക്കുന്നു (മത്താ. ഹോ. 4:3). 'പല കാര്യങ്ങളെപ്പററിയും നാം അജ്ഞരാണ്. ഉദാഹരണമായി, അനന്തത എങ്ങനെ ഉദരത്തിലാണ്. എല്ലാം വഹിക്കുന്നവൻ ഒരു സ്ത്രീയാൽ വഹിക്കപ്പെടുന്നതെങ്ങനെ? കന്യക അവനെ പ്രസവിക്കുകയും തുടർന്നും കന്യകയായിരിക്കുകയും ചെയ്യുന്നതെങ്ങനെ?'

## 3. ഉത്ഭവപാപം

'നവജാതർക്കു്'' എന്ന പ്രസംഗത്തിൽ സ്നാനത്തിൻെറ ഫലങ്ങളെപ്പററി ക്രിസോസ്തോം സവിസ്തരം സംസാരിക്കുന്നു. 'കൊച്ചുകുഞ്ഞുങ്ങൾക്കു പാപങ്ങളില്ലെങ്കിലും നാമവരെ സ്നാനപ്പെടുത്തുന്നു' ഈ വാചകം ഉദ്ധരിച്ചുകൊണ്ടു് എക്ളാനുമിലെ ജൂലിയൻ(പെലാജിയൻ)ഉത്ഭവപാപം നിഷേധിക്കാൻ ക്രിസോസ്തോമിൻെറ കൂട്ടുപിടിക്കാൻ ശ്രമിച്ചു. സെൻറഗസ്റ്റിൻ അതിനു ചുട്ട മറുപടി കൊടുത്തു (ജൂലിയനെതിരെ, 1,22). ഇവ കൂടാതെ മററു് 8 ഭാഗങ്ങളും ക്രിസോസ്തോമിൽ നിന്നു സെൻറഗസ്റ്റിൻ ഉദ്ധരിക്കുകയും ക്രിസോസ്തോം ഉത്ഭവപാപത്തെപ്പററി പഠിപ്പിച്ചിരുന്നു എന്നു സമർത്ഥിക്കുകയും ചെയ്യുന്നു.

സെൻറഗസ്റ്റിൻെറ ആശയങ്ങളോടും മെച്ചപ്പെട്ട പദപ്രയോഗങ്ങളോടും അടുത്തുവരുന്നുണ്ടെങ്കിലും അത്രത്തോളം പൂർണമല്ല ക്രിസോസ്തോമിൻെറ ആശയങ്ങളും പദപ്രയോഗങ്ങളും.

www.malankaralibrary.com



## 4. പാപമോചനം

പാപങ്ങൾ ഏറ്റുപറയുന്നതിനെപ്പററി നിരവധി പ്രാവശ്യം ക്രിസോസ്തോം സംസാരിക്കുന്നു. എന്നാലതു് എല്ലാവരുടെയും മുമ്പാകെ പൊതു പാപോച്ചാരണമോ, ദൈവതിരുമുമ്പാകെ മാത്രം ഹൃദയം തുറന്നു കാട്ടുന്നതോ ആകാം. ഈ രണ്ടാമത്തെ രീതി വീണ്ടും വീണ്ടും അദ്ദേഹം ഊന്നിപ്പറയുന്നു. ദൈവതിരുമുമ്പാകെയുള്ള ഏററുപറച്ചിലിൽ വൈദികൻെറ മുമ്പിലുള്ള പാപോച്ചാരണം ഉൾപ്പെടുന്നതായി അദ്ദേഹം സംസാരിക്കുന്നില്ല. മറിച്ച്, പലയിടത്തും അതു് അദ്ദേഹം ഒഴിവാക്കുന്നുമുണ്ടു് (എബ്രായ. ഹോ. 9)

രഹസ്യ കുമ്പസാരത്തിനു തെളിവായി ചില പണ്ഡിതന്മാർ ക്രിസോസ്തോമിനെ ഉദ്ധരിക്കുന്നുണ്ടു്. എന്നാലതു ശരിയല്ല എന്നു കരുതുന്നവരുമുണ്ടു്. പൗരോഹിത്യത്തിൻെറ കടമകളെപ്പററി ചർച്ചചെയ്യുന്നിടത്തു വൈദികൻെറ പതിനേഴു് കടമകളെപ്പററി പറയുന്നു. എന്നാൽ പാപങ്ങൾ കേട്ടു് മോചനം നൽകണം എന്നതിനെപ്പററി പറഞ്ഞിട്ടില്ല. സ്നാനത്തിലും രോഗിലേപനത്തിലും പാപം മോചിക്കാൻ വൈദികനു കഴിയും എന്നൊരു സ്ഥലത്തു് ക്രിസോസ്തോം പറയുന്നു (പൗരോഹിത്യത്തെപ്പററി. 3.6).

## 5. കുർബാന

കുർബാനയുടെ ദൈവശാസ്ത്രജ്ഞനെന്നു് ആധുനികകാലത്തു വി. ജോൺ ക്രിസോസ്തോം വിളിക്കപ്പെടുന്നു. കുർബാനയിൽ ക്രിസ്തുവിൻെറ സാന്നിധ്യം, കുർബാന ബലി എന്ന സംഗതി എന്നിവ ക്രിസോസ്തോം ചർച്ചാവിഷയമാക്കുന്നു. തത്സംബന്ധമായി നിരവധി ഭാഗങ്ങൾ ഉദ്ധരിക്കാനുണ്ടു്. ഈ കൂദാശയെ ഭയഭക്തികളോടുകൂടെ വേണം സമീപിക്കാൻ. 'പരിശുദ്ധ ഭയത്തിൻെറ മേശ' എന്നു കുർബാനയെ ക്രിസോസ്തോം വിളിക്കുന്നു (ക്രിസ്തുവിൻെറ മാമോദീസായെക്കുറിച്ചുള്ള പ്രസംഗം: (PG.49,370). 'ഭയഭക്തിജനകവും ദൈവികവുമായ മേശ' (കർത്താവിൻെറ ജനനത്തെക്കുറിച്ചുള്ള പ്രസംഗം, PG 49, 360), 'ഭീതിജനകമായ രഹസ്യങ്ങൾ' (മത്താ. ഹോമിലി, 25; യോഹ. ഹോ.46), 'ദിവ്യരഹസ്യങ്ങൾ' (പെസഹാ പ്രഭാഷണം, PG. 52,769), 'അവാച്യമായ രഹസ്യങ്ങൾ' (1കൊറി. ഹോമിലി, 34), ഭയവും ബഹുമാനവും അർഹിക്കുന്ന രഹസ്യങ്ങൾ (കർത്താവിൻെറ ജനനത്തെപ്പററിയുള്ള പ്രസംഗം, PG. 49,392) എന്നെല്ലാം കുർബാനയെ അദ്ദേഹം വിളിക്കുന്നു. കൂദാശ ചെയ്ത കാസായെ 'പാവനഭീതിയുടെ കാസാ (Cat. I ad illum. PG. 49. 223), 'ഭീതിജനകമായ രക്തം' (മത്താ. ഹോ.82), 'അമൂല്യരക്തം' (പൗരോഹിത്യം, 3.4) എന്നു് അദ്ദേഹം വിളിക്കുന്നു. കുർബാന 'ഭയജന്യവും

www.malankaralibrary.com



ഭയങ്കരവുമായ ബലിയാണ്'' (1 കൊറി, ഹോ. 24); അത് 'ഭീതികരവും പാവനവുമായ ബലിയാണ്' (Hom. 2 de prod. Judae: PG. 49, 390) 'ഏററം ഭീതികരമായ ബലി'യാണ് (പൗരോഹിത്യം. 6:3). അൾത്താരയേ ചൂണ്ടിക്കൊണ്ട് അദ്ദേഹം പറയുന്നു: 'അവിടെ ക്രിസ്തു കൊല്ലപ്പെട്ടവനായി കിടക്കുന്നു' (Hom. I and 2 de prod. jud.). 'അവൻെറ ജഡം ഇതാ നമ്മുടെ മുൻപിൽ കിടക്കുന്നു' (മത്താ. ഹോമിലി, 50.n. 2). 'ക്രിസ്തുവിൻെറ പാർശ്വത്തിൽ നിന്നൊഴുകിയതുതന്നെയാണ് കാസയിലേത്'' (1കൊറി. ഹോമിലി, 24. n, 1, 2). 'ഏതു് ബലിമാംസമാണ് നീ നിൻെറ കൈകൾകൊണ്ട് എടുക്കുന്നതെന്നു മനുഷ്യാ, നീ ചിന്തിക്കുക. നീ സമീപിക്കുന്ന അൾത്താരയേതെന്നു് ഓർക്കുക. പൊടിയും ചാരവുമാണ് നീയെങ്കിലും ക്രിസ്തുവിൻെറ ശരീരവും രക്തവുമാകുന്ന സ്വീകരിക്കുന്നതെന്നോർക്കുക' (കർത്താവിൻെറ ജനനത്തെപ്പററിയുള്ളപ്രസംഗം, n. 7).

ചില പ്രയോഗങ്ങൾ അൽപംകട്ടപ്പമേറിയവയാണ്: 'കർത്താവിനെ നാം കാണുക മാത്രമല്ല, നാം നമ്മുടെ കൈകൾകൊണ്ട് അവനെ എടുക്കണം, ഭക്ഷിക്കണം, അവൻെറ മാംസത്തിൽ നമ്മുടെ പല്ലുകൾ അമർത്തണം, അവനുമായി ഏററം അഭേദ്യമായി നമ്മെ ഒന്നിക്കണം' (യോഹ. ഹോ. 46. n. 3). കുരിശിൽ വച്ച് നാഥൻ അനുവദിക്കാതിരുന്നതു് (തൻെറ കാലുകൾ ഒടിക്കാതിരുന്നതു്) നിങ്ങളോടുള്ള സ്നേഹംമൂലം, ഇപ്പോൾ ബലിയിൽ അവൻ അനുവദിക്കുന്നു; എല്ലാവരും ഭക്ഷിച്ച് തൃപ്തരാകാൻ ചെറുകഷണങ്ങളായി തകർക്കപ്പെടാൻ അവൻ അനുവദിക്കുന്നു (1കൊറി. ഹോമിലി, 24, n. 2). ബലിയർപ്പിക്കുന്ന പുരോഹിതൻ ക്രിസ്തു തന്നെയാകുന്നു.

കൂദാശ വചനങ്ങൾ ഉച്ചരിക്കപ്പെടുമ്പോൾ കൂദാശ നടക്കുന്നു. 'ക്രിസ്തു മേശയ്ക്കരുകിൽ ഇരുന്ന അതേ വിരുന്നുതന്നെയാണ് ഇപ്പോഴും നടക്കുന്നതു്; ഈ വിരുന്ന് മററതിൽനിന്ന് ഒരു രീതിയിലും വ്യത്യസ്തമല്ല എന്നു വിശ്വസിക്കുവിൻ. ഈ വിരുന്നു മനുഷ്യനൊരുക്കി, മററതു് അവൻ തന്നെ ഒരുക്കി എന്നു പറയുന്നതു് ശരിയല്ല(മത്തായി ഹോ. 50.3). അന്നും ഇന്നും കർത്താവാണ് പ്രവർത്തിക്കുന്നതും എല്ലാം അർപ്പിക്കുന്നതും (1 കൊറി. ഹോ. 27,4). നാം വേലക്കാരുടെ ഭാഗം ചെയ്യുന്നു; അവനാണ് ആശീർവദിക്കുന്നതും രൂപാന്തരപ്പെടുത്തുന്നതും (ഹോ ദെ ഹാഗിയാസോൻ ഔതാ കായ് മെതാസ് കെവുആസോൻ ഔതോസ്: മത്താഹോ. 82.5). വച്ചുപ്പെട്ടിരിക്കുന്നവയെ ക്രിസ്തുവിൻെറ ശരീരവും രക്തവുമാക്കുന്നതു് മനുഷ്യനല്ല, പിന്നെയോ, നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ട ക്രിസ്തു തന്നെയാണ്. വൈദികൻ പ്രതിനിധിയായി ഈ വാക്കുകൾ ഉച്ചരിക്കുന്നു: എന്നാൽ ശക്തിയും കൃപയും കർത്താവിൻേറതാണ്. അവൻ പറ

www.malankaralibrary.com



യുന്നു: 'ഇതെന്റെ ശരീരമാകുന്നു' നമ്മുടെ മുൻപിൽവയ്ക്കപ്പെട്ടിരിക്കുന്നവയെ ഈ വാക്ക് രൂപാന്തരപ്പെടുത്തുന്നു(മെതാർറുഥ്മിസെയ്); 'വർദ്ധിച്ചുപെരുകുവിൻ' എന്നു് ഒരിക്കൽ ഉച്ചരിക്കപ്പെട്ട വാക്ക് എല്ലാ കാലത്തേക്കും ഉള്ളതും, ജനിപ്പിക്കാൻ നമ്മുടെ സ്വഭാവത്തിനു ശക്തി നൽകുന്നതുമാണു്. അതുപോലെ, 'ഇതെന്റെ ശരീരമാകുന്നു' എന്നു് ഒരിക്കൽ ഉച്ചരിക്കപ്പെട്ട വാക്ക് അന്നുമുതൽ ക്രിസ്തുവിന്റെ വരവുവരെ ബലി പൂർത്തിയാക്കിക്കൊണ്ട്, പള്ളികളിലെ എല്ലാ അൾത്താരകളിലും പ്രവർത്തിക്കുന്നു' (Hom. 2 de prodit. Judae. n.6 and Hom. 1: PG.49. 389. 380).

www.malankaralibrary.com

അധ്യായം 15

# നാലും അഞ്ചും നൂററാണ്ടുകളിലെ ഏഴു ചിന്തകന്മാർ

## 1. ലവദീക്യയിലെ അപ്പൊളിനാരിസ്

സിറിയായിലെ ലവദീക്യയിൽ 310–ൽ അപ്പൊളിനാരിസ് ജനിച്ചു. അദ്ദേഹത്തിൻെറ പിതാവായ അപ്പൊളിനാരിസ് ഒരു വൈദികനും വ്യാകരണപടുവുമായിരുന്നു. വി. അത്തനാസ്യോസിൻെറ ഒരുററ സുഹൃത്തായിരുന്നതിനാൽ ലവദീക്യയിലെ ജോർജ് എന്ന ആരിയൻ മെത്രാൻ 342 ൽ അപ്പൊളിനാരിസിനെയും മുടക്കി. 346–ൽ അത്തനാസ്യോസ് വിപ്രവാസത്തിൽ നിന്ന് മടങ്ങി എത്തിയപ്പോഴം അപ്പൊളിനാരിസ് അദ്ദേഹത്തെ സ്വീകരിച്ചു. 361_ൽ അപ്പൊളിനാരിസ് ലവദീക്യയിലെ നിഖ്യാവിഭാഗത്തിൻെറ മെത്രാനായി. നല്ലൊരദ്ധ്യാപകനും പ്രഭാഷകനുമായിരുന്നു അദ്ദേഹം. ക്ലാസ്സിക്കൽ പഠനങ്ങളും പ്രഭാഷണ കഴിവുകളും അദ്ധ്യാപനത്തിനുപയോഗിച്ചു. 374–ൽ അന്ത്യോക്യയിൽ വച്ച് വി. ജറോം ആദിയായ പ്രഗത്ഭന്മാർ അദ്ദേഹത്തിൻെറ ശിഷ്യഗണത്തിലുണ്ടായിരുന്നു (ലേഖ. 84:3). നിരവധി ഗ്രന്ഥങ്ങൾ എഴുതിയ അപ്പൊളിനാരിസ് അത്തനാസ്യോസിൻെറയും ബസ്സേലിയോസിൻെറയും കൂടെ നിന്ന് നിഖ്യാ വിശ്വാസത്തിനുവേണ്ടി അദ്ധ്വാനിച്ചു. പക്ഷേ അപ്പൊളിനാരിസിൻെറ ചിന്താധാരയിൽ ചില പാളിച്ചകളുണ്ടായി. അതുകൊണ്ട് ഒരു പാഷണ്ഡിയായി ചിലർ അദ്ദേഹത്തെ മുദ്രകുത്തി. 385_ൽ ഗ്രിഗറി നീസ്സാ അപ്പോളിനാരിസിനെതിരായി 'Antirrheticus' എന്ന കൃതി എഴുതുമ്പോഴും അദ്ദേഹം ജീവിച്ചിരിപ്പുണ്ട്. 390–നോടടുത്ത് അദ്ദേഹം മരിച്ചു.

www.malankaralibrary.com



## കൃതികൾ

### 1. ഭാഷ്യകൃതികൾ

വേദപുസ്തക സംബന്ധമായി നിരവധി വാല്യങ്ങൾ അദ്ദേഹം എഴുതിയെന്നു ജറോം സാക്ഷിക്കുന്നു (മഹത്. 104). എന്നാൽ ചില ശകലങ്ങളൊഴിച്ച് മറ്റൊന്നും ലഭിച്ചിട്ടില്ല. ലഭിച്ചവതന്നെയും എതിരാളികൾ വഴിയാണ് കിട്ടിയിട്ടുള്ളത്. അലക്സാണ്ഡ്രിയൻ കലാലയത്തിന്റെ രൂപകാർത്ഥ ഭാഷ്യരീതിയോടോ അന്ത്യോക്യൻ കലാലയത്തിന്റെ വാച്യാർത്ഥ ഭാഷ്യരീതിയോടോ അദ്ദേഹം വലിയ പ്രതിപത്തി കാട്ടിയില്ല.

### 2. അപ്പോളജെറ്റിക്കൽ കൃതികൾ

നെയോപ്ലറ്റോണിസ്റ്റായ പൊർഫീരിസ്സെതിരെ 30 പുസ്തകങ്ങളെഴുതി. അപ്പൊള്ളിനാരീസിന്റെ കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടതിതത്രേ എന്നാണ് ജറോമിന്റെ അഭിപ്രായം (മഹത്. 104). ഫിലസ്തോർജിയൂസിന്റെ അഭിപ്രായത്തിൽ, 'പൊർഫീറിക്കെതിരായി മെത്തോഡിയസും, എവുസേബിയസും എഴുതിയവ അപ്പൊള്ളിനാരിസിന്റെ കൃതിയുടെ ആവിർഭാവത്തോടുകൂടെ മൂല്യമററതായിപ്പോയി' എന്നാണ്. ജൂലിയൻ എന്ന ചക്രവർത്തിക്കെതിരായി 'സത്യം' എന്ന ശീർഷകത്തിൽ അപ്പൊള്ളിനാരിസ് ഒരു കൃതി എഴുതി. ഈ രണ്ടു കൃതികളുടെ ശകലങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളു.

### 3. താർക്കിക കൃതികൾ

'സിസ്സിക്കസിലെ ആരിയൻ മെത്രാനായ എവുസേബിയൂസിനെതിരെ', 'അൻസീറയിലെ മർസെല്ലൂസിനെതിരെ', 'തർസോസിലെ ദിയദോറിനെതിരെ', അന്ത്യോക്യയിലെ ഫ്ളാവിയനെതിരെ', 'ഒരിജനെതിരെ', 'അലക്സാണ്ഡ്രിയായിലെ ദിവന്നാസ്യോസിനെതിരെ' എന്നീ കൃതികൾ അപ്പൊള്ളിനാരിസ് രചിച്ചു. എന്നാൽ അപൂർവം ചില രേഖാശകലങ്ങളൊഴികെ മറെറല്ലാം നഷ്ടപ്പെട്ടു.

### 4. താത്ത്വികകൃതികൾ

താത്ത്വിക കൃതികൾ പലതും നഷ്ടപ്പെടാതെ കിട്ടിയതു് വിസ്മയാവഹമായ സംഗതിയത്രേ. അവ പ്രശസ്തരായ സഭാപിതാക്കന്മാരുടെയും എഴുത്തുകാരുടെയും പേരിൽ പ്രചരിച്ചിരുന്നു. അത്ഭുത പ്രവർത്തകനായ ഗ്രിഗറി അത്തനാസ്യോസ്, പോപ്പ് ജൂലിയൂസ് എന്നിവരുടെ പേരുകളിൽ അപ്പൊള്ളിനാരിസ്സു,

www.malankaralibrary.com



കളും ഏക സ്വഭാവവാദികളും അബദ്ധകൃതികൾ പ്രചരിപ്പിച്ചിരുന്നുവെന്ന് ബൈസാൻസ്യത്തിലെ ലെഓൻസ്യൂസ് (485–543) പറയുന്നു.

(a) അക്കൂട്ടത്തിൽപെടുന്നവയാണ് ഗ്രിഗറിയുടെ നാമത്തിലുള്ള വലിയ വിശ്വാസപ്രഖ്യാപനം. (b) അത്തനാസ്യോസിന്റെ നാമത്തിൽ അറിയപ്പെട്ട മൂന്നു കൃതികൾ: 1. ക്രിസ്തു ഏകനാകുന്നു എന്ന പേരിലുള്ള ദനഹാപ്രസംഗം. 2. വചനത്തിന്റെ തിരു അവതാരം; 3. ജോവിയൻ ചക്രവർത്തിക്കെഴുതിയ ഒരു വിശ്വാസപ്രമാണം; (c) ജൂലിയുസിന്റെ (337–352) പേരിൽ അറിയപ്പെട്ട മൂന്നു കൃതികൾ. (d) ഗ്രിഗറി നസ്യാൻസന്റെ 'ആൻറിറെററിക്കൂസ്' (Antirrheticus) എന്ന ഖണ്ഡനകൃതിയിൽനിന്ന് അപ്പൊള്ളിനാരിസിന്റെ പ്രധാനകൃതി വീണ്ടെടുക്കാനാവും. അതിന്റെ തലക്കെട്ട് 'മനുഷ്യച്ഛായയിലുള്ള ദൈവത്തിന്റെ തിരു അവതാരത്തിനു തെളിവ്.' എന്നാണ്. 376 നും 380 നും മദ്ധ്യേയാണിതെഴുതപ്പെട്ടത്. പ്ലാറേറാണിക് തത്വചിന്തയിൽ ശരീരം, ആത്മാവ്, അരൂപി (body, soul, spirit) എന്നീ മൂന്നു ഘടകങ്ങൾ മനുഷ്യനുണ്ട്. ഈ ചിന്താസരണിയിലൂടെയാണ് അപ്പൊള്ളിനാരിസിന്റെ പ്രയാണവും. ഗ്രിഗറി ഈ മൂന്നു ഘടകതത്വം വേദപുസ്തകാധിഷ്ഠിതമല്ലാത്തതിനാൽ തള്ളിക്കളയുന്നു (8,35). (e) റീകാപ്പിററുലേഷൻ (അനാകെഫാലൈയോസിസ്) ഏതോ വലിയ ഒരു കൃതിയുടെ സംഗ്രഹമാണിത്. സെവുഡോ–അത്തനാസ്യൻ കൃതികളിൽ ഇതു കാണുന്നു. (f) മററ് എഴുത്തുകാരുടെ ശേഖരങ്ങളിൽ അപ്പൊള്ളിനാരിസിന്റെ പ്രബോധനങ്ങളുടെ സംഗ്രഹം കാണാം.

## 5. കവിതകൾ

ക്രി. വ. 362 ൽ ജൂലിയൻ ചക്രവർത്തി ക്രിസ്തീയ വിദ്യാർത്ഥികൾക്കെതിരെ കലാലയങ്ങൾ അടച്ചപ്പോൾ അപ്പൊള്ളിനാരിസും പിതാവും കൂടി വി. ഗ്രന്ഥത്തിന്റെ നല്ലൊരുഭാഗം ക്ലാസ്സിക്കൽ ഗ്രീക്ക് കവിതാരീതിയിലാക്കി കുട്ടികൾക്ക കൊടുത്തു. പ്ലാറേറാണിക സംവാദശൈലിയിൽ സുവിശേഷത്തെ ആധാരമാക്കി അപ്പൊള്ളിനാരിസ് കവിതകൾ എഴുതിയെന്ന് സോക്രാട്ടസ് സാക്ഷിക്കുന്നു (സഭാ. 3,16). എന്നാൽ ഇവയെല്ലാം നഷ്ടപ്പെട്ടു.

## 6. മഹാനായ ബേസിലുമായുള്ള കത്തിടപാടുകൾ

ബേസിലിന്റെ കൃതികളുടെയിടയിൽ അപ്പൊള്ളിനാരിസിന്റെ കൃതികൾ കാണുന്നുണ്ട് (ലേഖ. 361–364). ബേസിലിന്റെ രണ്ടു കത്തുകളും അപ്പൊള്ളിനാരിസിന്റെ രണ്ടു മറുപടികളുമാണവ.

www.malankaralibrary.com



## ദൈവശാസ്ത്രം

ആര്യൻ അബദ്ധാഭിപ്രായക്കാർക്കെതിരെ നിഖ്യായുടെ വിശ്വാസം ഉയർത്തിക്കാട്ടാൻ അപ്പൊള്ളിനാരിസ് ആവുന്നത്ര ശ്രമിച്ചു. ആഴമേറിയ ചിന്താസരണിയുടെ ഉടമയായിരുന്ന അദ്ദേഹം. പെരിപ്പതൊറിക്, സ്റ്റോയിക് ഘടകങ്ങൾ കൂട്ടിച്ചേർത്ത ഒരു സംയുക്ത തത്വശാസ്ത്രമായിരുന്ന അദ്ദേഹത്തിന്റേതു്. ആരിയനിസവുമായുള്ള സമരത്തിലാണു് അപ്പൊള്ളിനാരിസ് തന്റെ ചിന്താധാര വളർത്തിയെടുത്തതു്.

ക്രിസ്തുവിന്റെ വ്യക്തിത്വത്തിലെ ഐക്യം എങ്ങനെ വിശദീകരിക്കും എന്നതിലായിരുന്ന അപ്പൊള്ളിനാരിസിന്റെ ചിന്ത. ദൈവത്വത്തിലുള്ള ഏകത്വം, ക്രിസ്തുവിലെ മനുഷ്യത്വം, രക്ഷകന്റെ ദൈവത്വം എന്നിവ വിശദീകരിക്കുവാൻ അപ്പൊള്ളിനാരിസ് ശ്രമിച്ചു. അന്ത്യോക്യൻ കലാലയത്തിന്റെ ചിന്താരീതി അദ്ദേഹത്തെ തൃപ്തനാക്കിയില്ല. ക്രിസ്തുവിൽ രണ്ടു വ്യക്തിത്വം ഉണ്ടെന്നു് ധ്വനിക്കുന്ന ചിന്താരീതികളെല്ലാം ത്യജിക്കണമെന്നു് അദ്ദേഹം പ്രഖ്യാപിച്ചു. വചനത്തിൽ വ്യക്തിത്വത്തിന്റെ ഐക്യം കാണുക—ഇതായിരുന്ന ചിന്തയുടെ മുൻപന്തിയിൽനിന്ന കാര്യം. എന്നാൽ അപ്പൊള്ളിനാരിസ് നൽകിയ വിശദീകരണം പ്രശ്നപരിഹാരമായിരുന്നില്ല. മറിച്ചു് അദ്ദേഹം ക്രിസ്തുവിന്റെ മനുഷ്യത്വത്തെ വെട്ടിമുറിച്ചു.

പ്ലേറ്റോയുടെ തത്വചിന്തയുടെ ചുവടുപിടിച്ചു് മനുഷ്യനു് മൂന്നു ഘടകങ്ങൾ ഉണ്ടെന്നു് അപ്പൊള്ളിനാരിസ് വാദിച്ചു. ശരീരം, ആത്മാവു് (psyche), അരൂപി (nous); ആത്മാവു് മൃഗാത്മാവാണു്; ബൗദ്ധികാത്മാവാണു് (nous) മനുഷ്യനെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നതു്. ക്രിസ്തുവിൽ മനുഷ്യശരീരവും മൃഗാത്മാവും ഉണ്ടു്. എന്നാൽ മനുഷ്യാത്മാവു് ഇല്ല. അതിന്റെ സ്ഥാനം വചനം (ലോഗോസ്) കരസ്ഥമാക്കി.

ക്രിസ്തുവിനെ സംബന്ധിച്ചുടലെടുത്ത പല സംശയങ്ങൾക്കും ഒരു പരിഹാരമായി അപ്പൊള്ളിനാരിസ് തന്റെ പ്രബോധനത്തെ കരുതി. 'വചനം മാംസമായി' എന്നതിന്റെ യഥാർത്ഥ അർത്ഥം താൻ വരച്ചുകാട്ടിയതാണെന്നു് അദ്ദേഹം ചിന്തിച്ചു. അതായതു് വചനത്തിന്റെ ദൈവത്വം മനുഷ്യന്റെ ശരീരവുമായി മാത്രം യോജിച്ചു; കന്യകമറിയാമിൽനിന്നു് കിട്ടിയ ശരീരത്തിൽ ആത്മാവായി വചനം വസിച്ചു. നാലാം സുവിശേഷത്തിന്റെ പ്രാരംഭ ഭാഗത്തിന്റെ അർത്ഥവും ഇതുതന്നെയാണു്. രണ്ടു കാരണങ്ങളാൽ ക്രിസ്തുവിനു് പൂർണമായ മനുഷ്യത്വം ഉണ്ടാകുവാൻ പാടില്ല എന്നായിരുന്ന അപ്പൊള്ളിനാരിസിന്റെ ചിന്താ-

www.malankaralibrary.com



ഗതി. (1) മനുഷ്യൻ, ദൈവം എന്നീ രണ്ടു യാഥാർത്ഥ്യങ്ങൾ പൂർണ്ണങ്ങളാണ്. രണ്ടു പൂർണ്ണ യാഥാർത്ഥ്യങ്ങൾ ചേർന്ന് എങ്ങനെ ഐക്യമുണ്ടാകും. ഒരു സങ്കരമേ അതിൽനിന്നുണ്ടാകൂ. (hybrid) ഒരു വ്യക്തിയിൽ പൂർണ്ണ ദൈവത്വവും പൂർണ്ണ മനുഷ്യത്വവും ഉണ്ടായിരിക്കുക പരമാബദ്ധമാണ്. കാരണം, രണ്ടു പൂർണ്ണതകൾ ഒരു പൂർണ്ണതയിലാകാൻ സാദ്ധ്യമല്ല. (2) നന്മതിന്മകളുടെ വിവേചനവും തിരഞ്ഞെടുക്കലും മനുഷ്യാത്മാവിലാണ്. എന്നാൽ ക്രിസ്തുവിന് മനുഷ്യാത്മാവുണ്ടെങ്കിൽ പാപത്തിനുള്ള സാദ്ധ്യത ക്രിസ്തുവിൽ ആരോപിക്കലായിരിക്കും ചെയ്യുക. എന്നാൽ രക്ഷകൻ പാപരഹിതനാണല്ലോ. രക്ഷ നേടിത്തരുന്നവൻ നിശ്ചയമായും പാപത്തിനതീതനായിരിക്കണം. ക്രിസ്തുവിന് ഒരു സ്വഭാവമേയുള്ളുവെന്ന് അപ്പോള്ളിനാരിസ് വിശ്വസിച്ചിരുന്നു. അവതരിച്ച 'വചനമായ ദൈവത്തിന്റെ ഒരു സ്വഭാവം' (മിയാഫ്യൂസിസ് ത്തു തെവു ലോഗൂ സെസർക്കോമെനെ) എന്നൊരു ഫോർമുലയ്ക്ക് അദ്ദേഹം രൂപം നൽകി. പൂർണ്ണസ്വഭാവം, ഒരു വ്യക്തിത്വത്തെ (പ്രോസൊപ്പോൺ, ഹ്യൂപ്പോസ്റ്റസിസ്) അതിന്റെ പിന്നിൽ ആവശ്യപ്പെടുന്നു അപ്പോള്ളിനാരിയൻ ചിന്തയിൽ.

ക്രിസ്തുവിനെ സംബന്ധിച്ചുള്ള പല കാര്യങ്ങളും തൃപ്തികരമായി വിശദീകരിക്കാൻ തന്റെ തത്വവും വിശദീകരണവുംമാത്രമേ സഹായിക്കൂ എന്ന് അപ്പൊള്ളിനാരിസ് വിശ്വസിച്ചിരുന്നു. ഉപരിപ്ലവ ചിന്താഗതിക്കാരെ തൃപ്തിപ്പെടുത്താൻ വളരെ സഹായകമായിരുന്നു അപ്പൊള്ളിനാരിയൻ പ്രബോധനം. പൗരസ്ത്യദേശങ്ങളിൽ പല മെത്രാന്മാരും ഈ അഭിപ്രായം സ്വീകരിച്ചു. എന്നാൽ വളരെ വേഗം ഈ തത്വങ്ങളിലുള്ള അപകടം പലരും കണ്ടുപിടിച്ചു. ക്രിസ്തു യഥാർത്ഥമായി മനുഷ്യനാണ്. ക്രിസ്തുവിന് ഒരു മനുഷ്യാത്മാവുണ്ട്. അതു നിഷേധിക്കുന്നത് സഭാപഠനത്തിന് എതിരാണ് എന്ന് അവർ സ്പഷ്ടമാക്കി. അത്തനാസ്യോസ്, മഹാനായ ബേസിൽ, ഗ്രിഗറി നസ്യാൻസൻ, ഗ്രിഗറി നിസ്സാ, ദിയദോർ, തിയഡോർ എന്നിവർ അപ്പൊള്ളിനാരിസിനെതിരായി ഗ്രന്ഥങ്ങളെഴുതി. തത്തുല്യമായ അഭിപ്രായങ്ങൾ അബദ്ധമെന്ന് 362–ലെ അലക്സാന്ത്രിയൻ സിനഡ് വിധി എഴുതി. 377 ലും 382 ലും ദമാസുസ് മാർപാപ്പായുടെ നേതൃത്വത്തിൽ റോമിൽവച്ച് നടന്ന സിനഡുകളിൽ അപ്പൊള്ളിനാരിയൻ ആശയങ്ങൾ അബദ്ധങ്ങളായി തീരുമാനിക്കപ്പെട്ടു. 381–ൽ കോൺസ്റ്റാൻറിനോപ്പിളിൽവച്ചു നടന്ന സൂനഹദോസിൽ ഒരിക്കൽക്കൂടി അപ്പൊള്ളിനാരിയൻ തത്വങ്ങൾ അബദ്ധങ്ങളാണെന്ന് വിധിയെഴുതപ്പെട്ടു. യേശുക്രിസ്തു യഥാർത്ഥമായി ദൈവവും മനുഷ്യനുമാകുന്നു; ദൈവത്വവും മനുഷ്യത്വവും പൂർണ്ണ

www.malankaralibrary.com



രൂപത്തിൽ അവനിൽ സ്ഥിതിചെയ്യുന്നു. ഇരുസ്വഭാവങ്ങളും ഒരേ വ്യക്തിയിൽ ഒന്നിച്ച് ചേർന്നിരിക്കുന്നു. മനുഷ്യശരീരം മാത്രമല്ല മനുഷ്യാത്മാവും അവനുണ്ട്. യഥാർത്ഥ മനുഷ്യനെന്ന നിലയിലാണ് ക്രിസ്തു നമ്മുടെ രക്ഷ നേടി തന്നതു് എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു.

## 2. ബെറോയായിലെ അകാചിയൂസ്

ഒരുകാലത്തു് ജോൺ ക്രിസോസ്റ്റോമിന്റെ ഒരുററ സുഹൃത്തായിരുന്ന അകാചിയൂസ്. എന്നാൽ ക്രിസോസ്റ്റോമിൽനിന്നു വന്ന ഏതോ പാകപ്പിഴയാൽ വ്രണിതനായ അകാചിയൂസ് പിന്നീട് ഒരു കട്ടത്ത ശത്രുവായിത്തീർന്നു. അകാചിയൂസ് ചെറുപ്പത്തിൽ തന്നെ ആശ്രമജീവിതമാരംഭിച്ചു. പരിശുദ്ധിയിലും കട്ടത്ത തപശ്ചര്യയിലും കീർത്തിമാനായിത്തീർന്നു. ഈ കാലഘട്ടത്തിൽ മഹാനായ ബേസിൽ, എപ്പിഫാനിയസ് എന്നിവരുമായി സമ്പർക്കം പുലർത്തി. 'പനാരിയോൻ' എന്ന ഗ്രന്ഥം അകാചിയൂസിന്റെ പ്രേരണയിലാണ് എപ്പിഫാനിയസ് എഴുതിയതു്. 378-ൽ അന്ത്യോക്യയിലെ മെലേസ്യൂസ് അകാചിയൂസിനെ സിറിയായിൽ ബെറോയാ (അലെപ്പോ)യിലെ മെത്രാനായി നിയമിച്ചു.

'അന്ത്യോക്യൻ ശീശ്മ' അവസാനിപ്പിക്കാൻ മെലേസ്യൂസ് ഇദ്ദേഹത്തെ റോമൻ മാർപാപ്പാ ഡമാസൂസിന്റെ പക്കലേക്കയച്ചു. 381-ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡിൽ ഇദ്ദേഹം സംബന്ധിച്ചു. ജോൺ ക്രിസോസ്റ്റോമിനെ വിസ്തരിച്ച ഓക് സിനഡിൽ അകാചിയൂസ് എതിർവിഭാഗത്തിലായിരുന്നു. പ്രായാധിക്യംമൂലം എഫേസൂസ് സൂനഹദോസിൽ സംബന്ധിക്കുവാൻ ഇദ്ദേഹത്തിനു് സാധിച്ചില്ല. എന്നാൽ 433-ൽ 'ഐക്യഫോർമുല' രൂപീകരിക്കുന്നതിൽ അകാചിയൂസിനു് നിർണ്ണായകമായ ഒരു പങ്കുണ്ട്; 433 നു ശേഷം മരിച്ചു. ഭക്തനും കരുണനിറഞ്ഞവനുമായിരുന്നു ഇദ്ദേഹമെന്നു് സൊസോമെനും (സഭാ. 7, 28) തിയഡൊറെററും (സഭാ. 5, 23) സാക്ഷിക്കുന്നു. മാർ ബാലായ് എന്ന കോർഎപ്പിസ്കോപ്പാ അഞ്ചു് സുറിയാനി ഗീതങ്ങളിൽ അകാചിയൂസിന്റെ സുകൃതങ്ങളെ പ്രകീർത്തിക്കുന്നു.

അകാചിയൂസിന്റെ കത്തുകളിൽ ആറെണ്ണമേ അവശേഷിക്കുന്നുള്ളു. നെസ്തോറിയൂസിനുവേണ്ടി അലക്സാണ്ഡ്രിയായിലെ സിറിലിനെഴുതിയതാണ് ഒരെണ്ണം. ഗ്രീക്ക് മൂലത്തിലും ലത്തീൻ വിവർത്തനത്തിലും അതു് കിട്ടിയിട്ടുണ്ട്.

www.malankaralibrary.com



## 3. പ്തൊളെമായിസിലെ അന്ത്യോക്കസ്

ക്രിസോസ്തോമിനു് എതിരായി ഗൂഢാലോചന നടത്തിയ നേതാക്കന്മാരിൽ ഒരാളായിരുന്നു പ്തൊളെമായിസിലെ അന്ത്യോക്കസ്സ് എന്നു് പറയപ്പെടുന്നു. ഫിനീഷ്യയിൽ ഉള്ള പഴയ ആക്കോയാണു് പ്തൊളെമായിസ് (Ptolemais) എന്നു് പിൽക്കാലത്തു് അറിയപ്പെട്ടതു്. അദ്ദേഹം കൂടെക്കൂടെ കോൺസ്റ്റാൻറിനോപ്പിളിൽ പ്രസംഗിച്ചിരുന്നു. അദ്ദേഹത്തിൻെറ സ്വരം വളരെ മാധുര്യമേറിയതായിരുന്നു. അതുകൊണ്ടു് 'സ്വർണ്ണനാവുകാരൻ' എന്നു് ചിലർ അന്ത്യോക്കസിനെ വിളിച്ചിരുന്നു എന്നു് സൊക്രാട്ടസും (സഭാ. 6,11) സൊസൊമനും (സഭാ.8,10) സാക്ഷിക്കുന്നു. 408 നു മുമ്പു് മരിച്ചു. 'അത്യാഗ്രഹത്തിനെതിരെ' ഒരു വലിയ കൃതിയും, 'കുരുടനെ സൗഖ്യമാക്കിയ സംഭവത്തെ' ആധാരമാക്കി ഒരു പ്രഭാഷണവും തയ്യാറാക്കി എന്നു് ജെന്നാഡിയൂസ് (മഹത് 20)പറയുന്നു. എന്നാൽ ഈ രണ്ടു കൃതികളും നഷ്ടപ്പെട്ടു.

## 4. ബോസ്ത്രായിലെ ടൈററസ്

ജൂലിയൻ എന്ന റോമാ ചക്രവർത്തി ബോസ്ത്രായിലെ ടൈററസിനെ കുററപ്പെടുത്തിക്കൊണ്ടു് ജനങ്ങൾക്കൊരു കത്തയച്ചു. ജനങ്ങൾക്കിടയിൽ വിപ്ളവം വിതയ്ക്കുന്നു എന്നായിരുന്നു ആരോപണം. ടൈററസ് ഉടനെ ഒരു മറുപടി അയച്ചു. ജനങ്ങൾക്കിടയിലെ അസ്വസ്ഥത തൻെറ വാക്കുകൾകൊണ്ടാണു് കുറഞ്ഞതു് എന്നു് അദ്ദേഹം അറിയിച്ചു. ജൂലിയനതു കൂട്ടാക്കാതെ ടൈററസിനെ നഗരത്തിനു പുറത്താക്കാൻ ജനങ്ങളോടാഹ്വാനം ചെയ്തു. എന്നാൽ ബോസ്ത്രായിലെ ജനങ്ങൾ അപ്രകാരം ചെയ്തതായി തെളിവൊന്നും കാണുന്നില്ല. പ്രത്യുത 363ലും ടൈററസ് ബോസ്ത്രായിലെ മെത്രാനായിരുന്നു, എന്നു് അന്ത്യോക്യൻ സിനഡിലെ ഒപ്പുകളിൽ നിന്നു് തെളിയുന്നു. വാലൻസിൻെറ ഭരണകാലത്തു് (363–378) ടൈററസ് മരിച്ചു എന്നു് ജറോം സാക്ഷിക്കുന്നു (മഹത്. 102).

### കൃതികൾ

മാനിക്കെയർക്കെതിരായി വളരെ ശക്തിയായി ടൈററസ് തൻെറ തൂലിക ചലിപ്പിച്ചു എന്നു് ജെറോം സാക്ഷിക്കുന്നു.

### 1. മാനിക്കേയർക്കെതിരെ

ടൈററസിൻെറ ഏററം പ്രധാന കൃതി ഇതാണു്. നാലു ഗ്രന്ഥങ്ങളായിട്ടാണീ കൃതി. മിക്കവാറും ജൂലിയൻെറ മരണത്തിനു

www.malankaralibrary.com



ശേഷം, അതായത് 363 ജൂൺ 26-ന ശേഷം, എഴുതപ്പെട്ടതാണെന്നാണ് പണ്ഡിത മതം. രണ്ടാം പുസ്തകം 28-ാം നമ്പറിൽ അതേപ്പററി പ്രതിപാദിക്കുന്നുണ്ട്.

ഒന്നാം പുസ്തകം: ദൈവനീതി തിന്മ അനുവദിക്കുന്നു; എന്നാൽ തിന്മ എന്ന പ്രശ്നം സംബന്ധിച്ച് ഓരോരുത്തരും ഇഷ്ടമുള്ള ചിന്താസരണി അവലംബിച്ചാൽ നിശ്ചയമായും അബദ്ധത്തിൽവീഴും എന്നു ഗ്രന്ഥകർത്താവ് മുന്നറിയിപ്പ് നൽകുന്നു. തിന്മ പ്രാപഞ്ചികവും നിത്യവുമായ തത്വമല്ല. അതു മനുഷ്യൻെറ സ്വാതന്ത്ര്യമനസ്സിൽനിന്നു വരുന്നു; അവൻെറ വികാരങ്ങളിൽനിന്നുടലെടുക്കുന്നു. നന്മയുടേയും തിന്മയുടേയും നിരന്തര സമരമെന്ന മാനിക്കെയൻ അബദ്ധാശയത്തെ ടൈററസ് ഈ ഗ്രന്ഥത്തിൽ ഖണ്ഡിക്കുന്നു.

രണ്ടാം പുസ്തകം പദാർത്ഥവും തിന്മയും നിത്യമായി സ്ഥിതിചെയ്യുന്നു എന്ന മാനിക്കേയൻ അബദ്ധാഭിപ്രായത്തെ ഖണ്ഡിക്കുന്നു. ക്രിസ്തുമതം പഠിപ്പിക്കുന്നതുപോലെ പ്രാപഞ്ചിക സൃഷ്ടിയും ദൈവിക പരിപാലനയും വ്യാഖ്യാനിക്കാൻ ടൈററസ് ഈ ഗ്രന്ഥത്തിൽ ശ്രമിക്കുന്നു.

മൂന്നാം പുസ്തകം: വെളിപാടും ദൈവനിവേശനവും സംബന്ധിച്ച് മാനിക്കേയർക്കുള്ള അഭിപ്രായങ്ങളെ അപഗ്രഥിക്കുന്നു. പഴയ നിയമവും പുതിയ നിയമവും ദൈവിക വെളിപാടിൻെറ ചരിത്രമാണ്. അവ ഒരുപോലെ ദൈവനിവേശിതങ്ങളാണ് എന്ന് അദ്ദേഹം തറപ്പിച്ച് പറയുന്നു. മാനിക്കേയൻ ചിന്തയിൽ പഴയ നിയമം തിന്മയിൽ നിന്നുടലെടുത്തതാണ്; പുതിയനിയമം ഭാഗികമായി മാത്രം ദൈവനിവേശിതവും.

നാലാംപുസ്തകം പുതിയ നിയമത്തിലാണ് ശ്രദ്ധ ചെലുത്തുന്നതു്. മാനിക്കേയൻ സ്വതന്ത്ര ചിന്താഗതികൾക്കനുസരണമായി പുതിയ നിയമം പുതുക്കിയെഴുതാൻ തുടങ്ങിയതിനെതിരായാണ് ടൈററസിൻെറ പുറപ്പാട്.

ടൈററസിൻെറ ഈ കൃതി വളരെയധികം പ്രകീർത്തിക്കപ്പെട്ടു. പിന്നെപ്പിന്നെവന്നമാനിക്കോയൻവിരുദ്ധഗ്രന്ഥകർത്താക്കളൊക്കെ ടൈററസിൻെറ കൃതി അടിസ്ഥാന രേഖയായി ഉപയോഗിച്ചിട്ടുണ്ട്. മാനിക്കേയൻ കൃതികളിൽ നിന്നുള്ള കൃത്യമായ നിരവധി ഉദ്ധരണികളിതിലുണ്ട്. എന്നാൽ മാനിയുടേയും ശിഷ്യരുടേയും പഠനങ്ങൾ തമ്മിൽ വേർതിരിക്കാൻ ടൈററസ് ശ്രമിച്ചിട്ടില്ല.

ഗ്രന്ഥകർത്താവിൻെറ താത്വിക പരിശീലനം, പ്രഭാഷണനിപുണത, ബൈബിൾഭാഷ്യകഴിവ് എന്നിവ ഈ കൃതിയിൽ തെളിഞ്ഞുകാണാം. ബുദ്ധിക്കു സംരക്ഷകനായി സഭയുടെ പ്രബോധനാധികാരം ഉണ്ടായിരിക്കണമെന്ന അഭിപ്രായക്കാരനാണ്

www.malankaralibrary.com



ടൈററസ്. തൻെറ ക്രിസ്തുശാസ്ത്രത്തിൽ താർക്കിക പദപ്രയോഗങ്ങൾ അദ്ദേഹം ഉപേക്ഷിക്കുന്നതായി കാണാം.

## 2. ലൂക്കാ ഭാഷ്യം

ലൂക്കായുടെ സുവിശേഷത്തിനു് ടൈററസ് എഴുതിയ ഭാഷ്യത്തിൻെറ വളരേ കുറച്ചു ഭാഗങ്ങളേ നമുക്കു് കിട്ടിയിട്ടുള്ളു. ഹെരാക്ലിയായിലെ നിസേററസത്തിൻെറ(പതിനൊന്നാം നൂററാണ്ടു്)കത്തേനകളിലൂടെയാണവ നമുക്കു കിട്ടിയിരിക്കുന്നതു്.

## 3. ദനഹാ പ്രസംഗം

ദനഹാ പ്രസംഗത്തിൻെറ പല ഭാഗങ്ങളും ഒരു സുറിയാനി പതിപ്പിൽ നമുക്കു് കിട്ടിയിട്ടുണ്ടു്.

# 5. ഗാബാലായിലെ സെവേരിയൻ

സിറിയയിൽ ലവദീക്യയ്ക്കടുത്തു് ഗാബാലായിലെ മെത്രാനായിരുന്ന സെവേരിയൻ അകാചിയുസിനെക്കാളും അന്ത്യോക്കസിനേക്കാളും പ്രധാനപ്പെട്ട ആളായിരുന്നു. ഇദ്ദേഹം വികാരഭരിതനും തൻെറ കഴിവുകളിൽ വലിയ മതിപ്പുള്ളവനും ആയിരുന്നു എന്നു് പറയപ്പെടുന്നു. തലസ്ഥാന നഗരിയിലെ പ്രസംഗങ്ങൾ വഴി ജനങ്ങളുടെ ഇടയിൽ സ്വാധീനം നേടി. ഒപ്പം രാജസദസ്സിലും, പ്രത്യേകിച്ച് എവുഡോക്സിയ രാജ്ഞിയുടെ പക്കലും നല്ല സ്വാധീനം ഉണ്ടായിരുന്നു. അതുറപ്പിക്കാൻ അദ്ദേഹം പരിശ്രമിച്ചു. ആദ്യമാദ്യം ജോൺ ക്രിസോസ്തോമിനോടു് വളരെ മൈത്രിയിലാണു് അദ്ദേഹം കഴിഞ്ഞതെങ്കിലും, കുറെ കഴിഞ്ഞപ്പോൾ കടുത്ത വൈരാഗ്യം വച്ചുപുലർത്തി. 403—ലെ ഓക്കുസിനഡിൻെറ സംഭവവികാസങ്ങൾക്കു് ചരടു വലിക്കൾ നടത്തിയതിൽ മുഖ്യൻ സെവേരിയനാണു്; പ്രസംഗപീഠത്തിൽ നിന്നുകൊണ്ടു് ക്രിസോസ്തോമിനെ അധികാരത്തിൽനിന്നു മാററിയതിനെ ന്യായീകരിച്ചു പ്രസംഗിച്ചു. (സൊക്രാട്ടസ് സഭാ. 6,16; സൊസോമെൻ, സഭാ. 8,18; പല്ലാഡിയുസ് സഭാ. 11) 'കുക്കുസ്സസിൽ നിന്നു പിത്യൂസിലേക്കു് ക്രിസോസ്തോമിനെ മാററിയതിൻെറ ഉത്തരവാദിത്വം സെവേരിയനാണത്രേ. 408 നു ശേഷം സെവേരിയൻ മരിച്ചു.

അന്ത്യോക്യൻ ബൈബിൾ ഭാഷ്യരീതിയുടെ ഒരു വക്താവാണു് സെവേരിയൻ. പാഷണ്ഡികൾക്കും യൂദർക്കുമെതിരായി നിഖ്യാവിശ്വാസം ഉയർത്തിക്കാട്ടാൻ ശ്രമിച്ചു. ലോകത്തെക്കുറിച്ചു് സെവേരിയനു് ഉണ്ടായിരുന്ന ആശയം തികച്ചും അശാസ്ത്രീയമാണു്. ബൈബിൾ തികച്ചും വാച്യാർത്ഥത്തിലാണു്

www.malankaralibrary.com



അദ്ദേഹം മനസ്സിലാക്കിയിരുന്നതു്; കവിതകളും ഉദാഹരണങ്ങളും അലങ്കാരങ്ങളുമെല്ലാം വാച്യാർത്ഥത്തിൽ തന്നെ മനസ്സിലാക്കി.

## കൃതികൾ

ജന്നാഡിയുസ് (മഹത്. 21) കുറിക്കുന്നു: 'ഗാബാലാസഭയിലെ മെത്രാനായ സെവേരിയൻ ഒരു വേദപുസ്തക പണ്ഡിതനായിരുന്നു; അദ്ദേഹം വളരെ നന്നായി പ്രസംഗിച്ചിരുന്നു. ഇക്കാരണത്താൽ കോൺസ്റ്റാൻറിനോപ്പിളിൽ പ്രസംഗിക്കാൻ ബിഷപ്പ് ജോണും, ചക്രവർത്തി അർക്കേഡിയസും അദ്ദേഹത്തെ കൂടെക്കൂടെ ക്ഷണിച്ചിരുന്നു. അദ്ദേഹത്തിൻെറ ഗലാത്യലേഖനഭാഷ്യം ഞാൻ വായിച്ചിട്ടുണ്ട്. അതുപോലെ 'സ്നാനവും ദനഹായും' എന്ന ആകർഷണീയമായ ചെറിയ കൃതിയും'.

ഗലാത്യലേഖനഭാഷ്യം നഷ്ടപ്പെട്ടു. എന്നാൽ മുപ്പതു് ഹോമിലികൾ ക്രിസോസ്റ്റോമിൻെറ കൃതികളോടൊപ്പം നമുക്കു കിട്ടിയിട്ടുണ്ട്. 'പൗലോസിൻെറ എല്ലാ ലേഖനങ്ങളുടേയും ഭാഷ്യം' എന്ന കൃതിയുടെ ചില രേഖാംശങ്ങൾ 'ബിബ്ലിക്കൻ കത്തേനകൾ' വഴി നമുക്കു കൈവന്നിട്ടുണ്ട്. കൂടെക്കൂടെ താർക്കികരീതി അദ്ദേഹം അവലംബിക്കുന്നു. തർസോസിലെ ദിയദോറിൻെറ ഒരു ശിഷ്യനായാണ് സെവേരിയൻ ഭാഷ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നതു്.

മാലാഖമാരോടുള്ള വണക്കത്തിനു് സെവേരിയൻ വലിയ വിരോധിയായിരുന്നു. ക്രിസ്തു എന്ന ഏകമദ്ധ്യസ്ഥനേയുള്ളു എന്ന കാര്യം ഊന്നിപ്പറയാൻ അദ്ദേഹം ശ്രമിച്ചു.

## 6. യറുശലേമിലെ ഹെസീക്കിയുസ്

ഹെസീക്കിയുസിൻെറ ജീവിതത്തെപ്പററി വളരെയൊന്നും നമുക്കറിയില്ല. വിശ്വാസസാക്ഷിയായ തെയോഫാനസിൻെറ അഭിപ്രായത്തിൽ അദ്ദേഹം ഒരു സന്യാസിയായിരുന്നു. യറുശലേം സഭയിലെ ഒരു പുരോഹിതനും, പ്രസംഗകനും എന്ന നിലയിൽ വളരെയധികം പൂജ്യനായി ഗണിക്കപ്പെട്ടിരുന്നു. സഭയിലെ ഒരു പ്രബോധകനായും, ദൈവശാസ്ത്രജ്ഞനായും, ഒരുജ്ജ്വല താരമായും ഷിത്തോപ്പൊലീസിലെ സിറിൽ അദ്ദേഹത്തെ ചിത്രീകരിക്കുന്നു. എവുത്തീമിയസിൻെറ ആശ്രമദേവാലയകൂദാശയ്ക്കു് 428ലോ 429ലോ യറുശലേം പാത്രിയർക്കീസ് യുവെനാലിൻെറ കൂടെ ഹെസീക്കിയുസ് പോയതായി സിറിൽ പറയുന്നു. 450-നുശേഷം ഹെസീക്കിയുസ് മരിച്ചു. ഗ്രീക്കുസഭ ഒരു വിശുദ്ധനായും ഒരു വലിയ വേദപുസ്തക ഭാഷ്യകാരനായും അദ്ദേഹത്തെ കരുതുന്നു.

www.malankaralibrary.com



## കൃതികൾ

ബൈബിൾ മുഴുവൻ ഹെസീക്കിയൂസ് വ്യാഖ്യാനിച്ചു എന്നു് ഗ്രീക്ക മെനോളജി പറയുന്നു. അലക്സാണ്ഡ്രിയൻ ഭാഷ്യരീതിയാണു് അദ്ദേഹം അനുവർത്തിച്ചതു്. എല്ലാ വാചകങ്ങൾക്കും വാച്യാർത്ഥം കാണണമെന്ന ചിന്താഗതിയെ ഒരിജനോടൊപ്പം ഹെസീക്കിയൂസും എതിർക്കുന്നു.

തത്വശാസ്ത്രത്തിന്റെ ഒരു പ്രഖ്യാപിത ശത്രുവായിരുന്നു ഹെസീക്കിയൂസ്. പലരും തത്വശാസ്ത്രമുപയോഗിച്ചാണു് ദിവ്യരഹസ്യങ്ങൾ (mysteries) വളച്ചൊടിച്ചതു്. അദ്ദേഹത്തിന്റെ ദൈവശാസ്ത്രം വേദപുസ്തകാധിഷ്ഠിതവും ക്രിസ്തുശാസ്ത്രം താത്വിക പദങ്ങൾ കൂടാത്തതുമാണു്.

'വ്യക്തിത്വം, ഹ്യപ്പൊസ്തസിസ്, സത്ത, സ്വഭാവം, അവതാരം' തുടങ്ങിയ പദങ്ങൾ മനഃപൂർവം അദ്ദേഹം ഉപേക്ഷിച്ചിരിക്കയാണു്. അതിനു പകരം ബൈബിൾ ഭാഷയിലാണു് ചർച്ചയെല്ലാം. അലക്സാണ്ഡ്രിയൻ ചിന്തയോടാണു് ഹെസീക്കിയൂസിനു് ചായ്‌വ്. ക്രിസ്തുശാസ്ത്രത്തിൽ അലക്സാണ്ഡ്രിയൻ ചിന്തയിലാണു് അദ്ദേഹം പാദമൂന്നിയിരിക്കുന്നതു്. സിറിലിന്റെ ക്രിസ്തുശാസ്ത്രപാദയിലൂടെ ഹെസീക്കിയൂസ് സഞ്ചരിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ താത്വികപദങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. ആരിയർ, അപ്പൊള്ളിനാര്യർ എന്നിവക്കെതിരെ നിഖ്യാവിശ്വാസം അദ്ദേഹം ഉയർത്തിക്കാട്ടുന്നു. ഹെസീക്കിയൂസിന്റെ നിരവധികൃതികൾ നഷ്ടപ്പെട്ടു. ശേഷിച്ചവതന്നെയും ഇനിയും വളരെയധികം സൂക്ഷ്മപഠനങ്ങൾക്കു് വിധേയമാകേണ്ടിയിരിക്കുന്നു. പലതും അച്ചടിച്ചിട്ടേയില്ല.

(1) ലേവ്യപുസ്തകഭാഷ്യം

ലേവ്യപുസ്തകത്തിന്റെ വളരെ വിസ്തരിച്ചുള്ള ഒരു ഭാഷ്യമാണിതു്. ആറാം നൂററാണ്ടിൽ ജറോം ചെയ്ത ലത്തീൻ വിവർത്തനത്തിലൂടെ ഈ കൃതി കൈവന്നിട്ടുണ്ടു്. ആമുഖത്തിൽതന്നെ 'ഇതു് ഹെസീക്കിയൂസിന്റേതാണു്' എന്നു പറയുന്നുണ്ടു്. എവുത്തീക്കിയാനുസ് എന്ന ഡീക്കനു് ഇതു സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(2) ഇയ്യോബ്ഭാഷ്യം

ഒരു അർമേനിയൻ വിവർത്തനത്തിൽ (6/7 നൂററാണ്ടു്) ഇയ്യോബ് ഒന്നു മുതൽ 20 വരെ 24 പ്രസംഗങ്ങളിലായി നമുക്കു കിട്ടിയിട്ടുണ്ടു്. ഒരുപക്ഷെ മൂലകൃതിയിൽ ഇയ്യോബിന്റെ സമ്പൂർണഭാഷ്യം ഉൾക്കൊണ്ടിരിക്കാം. വിവർത്തകൻ 20-ാം അദ്ധ്യായത്തിൽ കൊണ്ടുനിർത്തി. ബാക്കി ഭാഗത്തിന്റെ ചില

www.malankaralibrary.com



രേഖാശകലങ്ങൾ മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു. സെപ്റ്റ്വജിന്തിനെ ആധാരമാക്കിയാണ് ഭാഷ്യമെങ്കിലും ഹിബ്രുവും മററു വിവർത്തനങ്ങളും ഉപയോഗിച്ചിട്ടുണ്ട്. ജോബിനെ ഒരു പ്രവാചകനും ചരിത്രപുരുഷനുമായിട്ടാണ് ഹെസീക്കിയൂസ് കണക്കാക്കുന്നത്. ജോബിൻെറ പീഡനങ്ങൾ ക്രിസ്തുവിൻെറ പീഡനങ്ങളുടെ മുൻകുറിയായിട്ടാണ് അദ്ദേഹം കാണുന്നത്. ജോബിൻെറ പുസ്തകം മുഴുവൻ സഭയുടേയും ക്രിസ്തുവിൻേറയും രൂപകാർത്ഥ മുൻസൂചന ആയിട്ട് അദ്ദേഹം കരുതുന്നു.

(3) ഏശായായുടെ വിവരണം

1800–ാമാണ്ടിൽ ഈ കൃതി കണ്ടുപിടിക്കപ്പെട്ടു. രൂപകാത്ഥ പ്രതിപാദനത്തിനാണ് ഇവിടെയും മുൻതൂക്കം.

(4) പന്ത്രണ്ട് ചെറിയ പ്രവാചകർക്കുള്ള വിവരണം

ആറ് കയ്യെഴുത്തു പ്രതികളിൽ ഈ ഭാഷ്യം നമുക്കു കിട്ടിയിട്ടുണ്ട്. എന്നാൽ മിക്കതും ഇതുവരെയും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല.

(5) സങ്കീർത്തനഭാഷ്യം

രേഖാശകലങ്ങളിൽ അവശേഷിച്ചിരിക്കുന്ന സങ്കീർത്തന ഭാഷ്യത്തെപ്പററി പലരും സംശയം പ്രകടിപ്പിച്ചിരുന്നെങ്കിലും ഇപ്പോൾ പൊതുവേ ഹെസീക്കിയൂസിൻേറതാണ് അവ എന്നു കരുതപ്പെടുന്നു. ഹെസീക്കിയൂസ് എഴുതിയ വലിയ സങ്കീത്തന ഭാഷ്യത്തിൻെറ മിക്ക ഭാഗങ്ങളും ഇപ്പോഴും അച്ചടിക്കപ്പെടാതിരിക്കയാണ്. സങ്കീർത്തനത്തെ ആധാരമാക്കി ഒന്നിലേറെ ഭാഷ്യങ്ങൾ ഹെസീക്കിയൂസ് എഴുതിയിട്ടുണ്ട് എന്ന് പറയപ്പെടുന്നു.

(6) ബൈബിൾ കീർത്തന വിവരണം

ബൈബിൾ കീർത്തനങ്ങളെ ആധാരമാക്കി ഹെസീക്കിയൂസ് വിവരണങ്ങൾ എഴുതിയിട്ടുണ്ട്. എന്നാൽ അവയും വേണ്ട വിധം അപഗ്രഥന വിഷയമാക്കപ്പെട്ടിട്ടില്ല, അച്ചടിക്കപ്പെട്ടിട്ടുമില്ല.

(7) പ്രസംഗങ്ങൾ

ഹെസീക്കിയൂസിൻെറ പ്രസംഗങ്ങളിൽ വളരെക്കുറച്ചു മാത്രമേ ഇതുവരെ പ്രസിദ്ധീകൃതമായിട്ടുള്ളു. ഒന്ന്, ദൈവമാതാവായ പരിശുദ്ധ മറിയത്തെക്കുറിച്ച്; മറെറാന്ന് മംഗലവാർത്തയെക്കുറിച്ച്; മൂന്നാമതൊന്ന് ശുദ്ധീകരണത്തിരുനാളിനുള്ളത്. ശുദ്ധീ

www.malankaralibrary.com



കരണത്തിരുനാറം യറുശലേമിലാണനുഭവിച്ചതു്. ഇതു സംബന്ധിച്ചുള്ള ഏററം പ്രാചീന പ്രസംഗം ഹെസീക്കിയൂസിൻേറതാണു്.

കയ്യെഴുത്തു പ്രതികളിൽ നിരവധി പ്രസംഗങ്ങാം അച്ചടിക്കാതെ കിടപ്പുണ്ടു്. പ്രസിദ്ധീകരിക്കാത്ത പതിനൊന്നു് പ്രസംഗങ്ങളുടെ പട്ടിക വെൻഗർ എന്നയാറം കൊടുക്കുന്നു. ഒന്നു് ശുദ്ധീകരണത്തിരുനാളിനുള്ളതാണു്. എന്നാൽ മുകളിൽ പറഞ്ഞതിൽ നിന്നു് അതു് വ്യത്യസ്തമാണു്. ഇതിലെ മരിയശാസ്ത്രം പ്രത്യേകിച്ചു് ലൂക്കോസ് 2: 35ൻെറ വ്യാഖ്യാനം വളരെ രസാവഹമാണു്. ഒരിജൻെറയും ബേസിലിൻെറയും ഭാഷ്യരീതിയാണിതിൽ ഗ്രന്ഥകർത്താവു് അവലംബിച്ചിരിക്കുന്നതു്.

ഉപവാസം, ഉയിർപ്പ് എന്നിവ സംബന്ധിച്ചുള്ള പ്രസംഗങ്ങളും അച്ചടിക്കാതെ കിടപ്പുണ്ടു്. ലാസറിൻെറ ഉയിർപ്പിനെപ്പററിയുള്ള പ്രസംഗങ്ങാം പ്രഭാഷണ ശൈലിയിൽ മികച്ചതാണെങ്കിലും, ദൈവശാസ്ത്രം അധികം കാണാനില്ല, എന്നാൽ മരണാനന്തര ജീവിതത്തെ സംബന്ധിച്ചുള്ള ചില ആശയങ്ങാം പ്രത്യേകം ശ്രദ്ധേയങ്ങളാണു്.

'സ്നാപകയോഹന്നാൻ, അന്ത്രയോസ്, പത്രോസ്, പൗലോസ്, സ്റ്റീഫൻ, സന്യാസിയായ അന്തോണിയോസ് എന്നിവരെ സ്തുതിച്ചുകൊണ്ടുള്ള പ്രസംഗങ്ങാം അദ്ദേഹം നടത്തിയിട്ടുണ്ടു്.

ക്രിസ്മസ്പ്രസംഗം, കുരിശിനെ സ്തുതിച്ചുകൊണ്ടുള്ള പ്രസംഗം, മാർതോമാശ്ളീഹാ, മാർ യാക്കോബ് ശ്ളീഹാ എന്നിവരെക്കുറിച്ചുള്ള പ്രസംഗം എന്നിവ നഷ്ടപ്പെട്ടവയിൽപെടുന്നു.

(8) സഭാചരിത്രം

ഹെസീക്കിയൂസ് എഴുതിയ സഭാചരിത്രത്തിൽ മൊപ്സുവെസ്ത്യായിലെ തിയഡോറിനെക്കുറിച്ച് ശ്രദ്ധേയമായ ഒരു അദ്ധ്യായമുണ്ടു്. 553–ലെ അഞ്ചാം സാർവത്രിക സൂനഹദോസിൽ അതു് വായിക്കപ്പെടുകയുണ്ടായി. ഒരു ലത്തീൻ വിവർത്തനത്തിലൂടെ അതു നമുക്കു കിട്ടിയിട്ടുണ്ടു്. നെസ്തോറിയനിസത്തിൻെറ ഒരു വലിയ ശത്രുവായാണു് ഹെസീക്കിയൂസ് ഈ രേഖയിൽ പ്രത്യക്ഷപ്പെടുന്നതു്. 428–ൽ തിയഡോറിൻെറ മരണശേഷമാണിതെഴുതപ്പെട്ടതു്.

(9) പ്രശ്നങ്ങളുടെയും ഉത്തരങ്ങളുടെയും സമാഹാരം

അറുപത്തിഒന്നു് സുവിശേഷ പ്രശ്നങ്ങളുടെ ഉത്തരങ്ങളാണിതിൽ. നഷ്ടപ്പെട്ട ഒരു വലിയ കൃതിയുടെ ചെറിയ പതിപ്പാണിതെന്നു് കരുതുന്നവരുണ്ടു്.

www.malankaralibrary.com



ഇവയ്ക്കുപുറമെ മററനേകം കൃതികൾ ഹെസീക്കിയുസിൻേറതായി അറിയപ്പെടുന്നു. എന്നാൽ ഹെസീക്കിയുസിൽ അവയുടെ കർത്തൃത്വം ആരോപിക്കാൻ പണ്ഡിതന്മാർ മടികാണിക്കുന്നു.

## 7. സലാമിസിലെ എപ്പിഫാനിയസ്

സൈപ്രസ് ദ്വീപിൽനിന്ന് എണ്ണപ്പെട്ട ഒരു ദൈവശാസ്ത്രജ്ഞൻ മാത്രമേ ഉണ്ടായിട്ടുള്ളൂ. അത് കോൺസ്റ്റാൻസ്യാ അഥവാ സലാമിസ് എന്ന സ്ഥലത്തെ മെത്രാനായിരുന്ന എപ്പിഫാനിയസത്രേ. പാലസ്തീനായിൽ ഗാസ്സായിൽനിന്ന് വളരെയകലെയല്ലാതെ എലെവുത്തെരോപ്പോലീസിനടുത്ത് 315—ൽ എപ്പിഫാനിയസ് ജനിച്ചു. ജറോം സാക്ഷിക്കുന്നതുപോലെ, ഗ്രീക്ക്, സുറിയാനി, ഹീബ്രു, കോപ്ററിക്, ലത്തീൻ എന്നീ ഭാഷകളിൽ ജ്ഞാനം സമ്പാദിച്ചു (റുഫീനസിനെതിരെ, 2. 22). 335 നോടടുത്ത് ഈജിപ്ഷ്യൻ സന്ന്യാസാശ്രമങ്ങൾ സന്ദർശിച്ച എപ്പിഫാനിയസ് സന്ന്യാസപ്രസ്ഥാനത്തിൻെറ ഒരു വലിയ വക്താവായിത്തീർന്നു. ഈജിപ്ഷ്യൻ ആശ്രമങ്ങൾ സന്ദർശിച്ച് തിരികെ വന്നശേഷം തൻെറ ജന്മദേശത്തിനടുത്ത് ഒരാശ്രമം തുടങ്ങി. അവിടെ 30 വർഷത്തോളം അതിൻെറ അദ്ധ്യക്ഷനായിരുന്നു.

വിജ്ഞാനത്തിലും വിശുദ്ധിയിലും വിഖ്യാതനായിത്തീർന്ന എപ്പിഫാനിയസിനെ സൈപ്രസിലെ മെത്രാപ്പോലീത്താ ആക്കാൻ അവിടത്തെ മെത്രാന്മാർ തീരുമാനിച്ചു. അങ്ങനെ 367-ൽ എപ്പിഫാനിയസ് കോൺസ്റ്റ്യാൻസ്യായുടെ മെത്രാനായിത്തീർന്നു.

നിഖ്യവിശ്വാസപ്രമാണസംരക്ഷണത്തിൽ എപ്പിഫാനിയസിനുണ്ടായിരുന്ന അതീവ തീക്ഷ്ണത കൃതികളിലെല്ലാം വ്യക്തമാണ്. എന്നാൽ കർശനമനസ്ഥിതിയും, നയരാഹിത്യവും പ്രവർത്തനങ്ങളിലൊക്കെ കാണാം. പിതാക്കന്മാരുടെ വിശ്വാസം ഉയർത്തിപ്പിടിച്ച അദ്ദേഹം വെറും ആശയലോകത്തിൽ മാത്രം നിലനിന്ന താത്ത്വിക ചർച്ചകളോട് എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. ഒരുപക്ഷേ ഒരിജനെ മനസ്സിലാക്കാൻ എപ്പിഫാനിയസിനു കഴിയാഞ്ഞതു് ഇതുകൊണ്ടായിരിക്കാം; ഒരിജനോട് എപ്പിഫാനിയസിന് വെറുപ്പായിരുന്നു. ആരിയനിസത്തിൻെറ കാരണക്കാരനായി ഒരിജനെയാണ് അദ്ദേഹം കാണുന്നത്. എല്ലാ പാഷണ്ഡതകളുടെയും ഉത്ഭവം ഒരിജൻെറ രൂപകാർത്ഥ ഭാഷ്യരീതിയാണ്. ഏററം ആപൽക്കരമായ പാഷണ്ഡതയാണ് ഒരിജനിസം (പാഷാ. 64). ഒരിജനിസത്തെ തറപററിക്കാൻ എപ്പിഫാനിയസ് ആവുന്നത്ര ശ്രമിച്ചു. 392_ൽ അദ്ദേഹം യറുശലേമിലേയ്ക്കു പോയി. ഒരിജൻെറ ആരാധകരും

www.malankaralibrary.com



പിൻതുണക്കാരുമായി വളരെപ്പേർ അന്നു യറുശലേമിൽ ഉണ്ടായിരുന്നു. യറുശലേമിലെ മെത്രാനായ യോഹന്നാൻെറയും ഒരു വലിയ സമൂഹത്തിൻെറ മദ്ധ്യത്തിൽ കർത്താവിൻെറ കബറിടപള്ളിയിൽവച്ച് എപ്പിഫാനിയസ് ഒരിജനെതിരായൊരു പ്രസംഗം ചെയ്തു. അതിൻെറ ഫലമായി ഒരു വലിയ കലഹം തന്നെ ഉണ്ടായി. ഒരിജൻെറ ആരാധകനായിരുന്ന ജറോം കൂറുമാറി. യറുശലേം മെത്രാനിൽ നിന്ന് ഒരിജനെതിരെ ഒരു വിധിപത്രം വാങ്ങുവാൻ ജറോം ശ്രമിച്ചു. യറുശലേം മെത്രാൻ അതിനു വഴിപ്പെട്ടില്ല. ഉടനെ എപ്പിഫാനിയസ് യോഹന്നാനുമായി സഭാസംബന്ധമായ ബന്ധം വിച്ഛേദിച്ചു. അതു് വലിയ തർക്കങ്ങളുടെ ആരംഭം മാത്രമായിരുന്നു. 400--ാമാണ്ടിൽ അലക്സാണ്ഡ്രിയൻ മെത്രാൻ തെയോഫിലസ് ഒരു സിനഡുകൂടി ഒരിജനെ മുടക്കി. 402_ാമാണ്ടിലെ 'ഫെസ്റ്റൽ' കത്തിൽ അദ്ദേഹം ഈ വിവരം നൽകുന്നുണ്ട്. എപ്പിഫാനിയസും തിയഫിലസിൻെറ കൂടെ ചേർന്നു. ഒരിജൻെറ ആരാധകരായിരുന്ന സന്യാസികളെയൊക്കെ ഇരുവരുംകൂടി നിത്രിയൻ മരുഭൂമിയിലെ ആശ്രമങ്ങളിൽനിന്നു് പുറത്താക്കി. അവർ ജോൺ ക്രിസോസ്തോമിൻെറ പക്കൽ അഭയം തേടി. തെയോഫിലസിൻെറ പ്രേരണയാൽ, പ്രായാധിക്യമായിട്ടും 400–മാണ്ടിൽ എപ്പിഫാനിയസ് ജോൺ ക്രിസോസ്തോമിനും കോൺസ്റ്റാൻറിനോപ്പിളിലുള്ള ഒരിജൻ പക്ഷക്കാർക്കും എതിരായി പ്രവർത്തിക്കാൻ കോൺസ്റ്റാൻറിനോപ്പിളിലേക്കു പോയി. എന്നാൽ താൻ തിയോഫിലസിൻെറ കയ്യിൽ ഒരു കരുവാകാൻ പോകുന്നതു കണ്ടു് 'ഓക് സിനഡിൽ' സംബന്ധിക്കാതെ സൈപ്രസിലേക്കു് തിരികെ പോയി. 403 മെയ് 12 നു് മടക്കയാത്രയിൽ എപ്പിഫാനിയസ് മരിച്ചു.

എപ്പിഫാനിയസിൻെറ ഒരു ജീവചരിത്രം എഴുതപ്പെട്ടിട്ടുണ്ട്. ശിഷ്യന്മാരായ ജോണും പൊളീബിയസുംകൂടി എഴുതിയെന്നു് പറയപ്പെടുന്നെങ്കിലും വളരെ പിൽക്കാലത്താണു് അതു് എഴുതപ്പെട്ടതു്. വസ്തുനിഷ്ഠമെന്നതിനെക്കാൾ ഒരു സ്തുതിക്കുറിപ്പാണിതു്.

## കൃതികൾ

'പണ്ഡിതന്മാരും സാധാരണക്കാരുമായ ആളുകൾ ആർത്തിയോടുകൂടെ എപ്പിഫാനിയസിൻെറ കൃതികൾ വായിച്ചിരുന്നു; പ്രതിപാദ്യവിഷയത്തിൻെറ മേന്മകൊണ്ടു് പണ്ഡിതരും, ഭാഷാമാധുര്യംകൊണ്ടു് ഇടത്തരക്കാരും.' എപ്പിഫാനിയസിൻെറ വലിയ ഒരു ആരാധകനായ ജറോമിൻെറ കുറിപ്പാണിതു് (മഹത്. 114).

www.malankaralibrary.com



ജറോം പറയുന്നത്ര ആഴമേറിയ ക്രൈസ്തവവീക്ഷണം എപ്പിഫാനിയസിൽ കാണാനില്ലെങ്കിലും ദൈവശാസ്ത്രത്തിലും സഭാചരിത്രത്തിലും എപ്പിഫാനിയസിന് നല്ലൊരു സ്ഥാനമുണ്ട്. നഷ്ടപ്പെട്ട പല മൂലഗ്രീക്കകൃതികളും എപ്പിഫാനിയസിൽനിന്ന് കണ്ടെടുക്കാൻ സാധിക്കും. ഗ്രീക്ക് ഇരനെയൂസ്, ഹിപ്പോളിററസിന്റെ സിൻതഗ്മ ആദിയായവ ഇത്തരത്തിൽ പെടുന്നു.

എന്നാൽ ആഴമേറിയ ദൈവശാസ്ത്രചിന്ത, കുശാഗ്രബുദ്ധി എന്നിവ എപ്പിഫാനിയസിന്റെ കൃതികളിൽ കുറവാണ്. ഏകപക്ഷീയ ചിന്താഗതി പലയിടത്തും കാണാം. പല കൃതികളും ധൃതിപിടിച്ച് എഴുതപ്പെട്ടവയാണ്. അദ്ദേഹം ധാരാളം വായിച്ചിട്ടുണ്ടെങ്കിലും ഉപരിപ്ലവമായ രീതിയിലും കൃത്യമായ അടുക്കും ചിട്ടയുമില്ലാതെയുമാണ് പലതും കൈകാര്യം ചെയ്തിരിക്കുന്നത് എന്ന ആരോപണം ഉണ്ട്.

നാലാം നൂററാണ്ടിലെ വലിയ ദൈവശാസ്ത്രജ്ഞന്മാരേപോലെ എപ്പിഫാനിയസ് ധാരാളം എഴുതി എന്ന് കരുതപ്പെട്ടിരുന്നു. എന്നാൽ പലതും അയഥാർത്ഥകൃതികളാണ്. എപ്പിഫാനിയസിന്റേതായി എടുത്തു പറയാനുള്ളത്, 'അൻകൊറാത്തുസ്', 'പനാരിയോൻ' എന്നീ രണ്ടു കൃതികളാണ്.

(1) അൻകൊറാത്തുസ്

എപ്പിഫാനിയസിന്റെ ആദ്യത്തെ പാഷണ്ഡതാവിരുദ്ധ കൃതിയാണിത്. പംഫീലിയയിൽ സിയെദ്രയിലെ ക്രിസ്തീയസമൂഹം 'പ്നെവുമാത്തോമാക്കോയ്' എന്ന പാഷണ്ഡർ നിമിത്തം വിഷമത്തിലായി. അവർ ആവശ്യപ്പെട്ടതനുസരിച്ച് 374 ൽ എഴുതപ്പെട്ടതാണ് അൻകൊറാത്തൂസ് എന്ന ഗ്രന്ഥം. പാഷണ്ഡതകളാകുന്ന കൊടുങ്കാററുകൾ ആഞ്ഞടിക്കുമ്പോൾ സംരക്ഷണയായി എപ്പിഫാനിയസ് വിശ്വാസത്തിന്റെ നങ്കൂരം നൽകുന്നു. ത്രിത്വത്തെപ്പററിയും പരിശുദ്ധാത്മാവിനെപ്പററി പ്രത്യേകിച്ചും, ചർച്ച ചെയ്യുന്നുണ്ടെങ്കിലും, ക്രിസ്തീയവിശ്വാസം സംബന്ധിച്ചുള്ള മററു തത്വങ്ങളും ഇതിൽ സമ്യക്കായി വിവരിക്കുന്നു. താർക്കികമനഃസ്ഥിതിയും, പാഷണ്ഡതാവിരുദ്ധ മനോഭാവവും നീക്കിയാൽ ഗ്രിഗറി നിസ്സായുടെ 'വലിയ വേദോപദേശം' എന്ന ഗ്രന്ഥവുമായി ഇതിനെ താരതമ്യപ്പെടുത്താം; വേദപുസ്തകത്തിലും സഭാപാരമ്പര്യത്തിലും പൂർണമായി അധിഷ്ഠിതമാക്കിയാണ് എപ്പിഫാനിയസ് ഇതെഴുതിയിരിക്കുന്നത്. ഒന്നു മുതൽ എഴുപത്തിഅഞ്ചുവരെയുള്ള അദ്ധ്യായങ്ങളിൽ ആരിയൻ, പ്നെവുമാത്തോമാക്കിയൻ വിഭാഗക്കാർ ത്രിത്വത്തിനെതിരായി ഉന്നയിക്കുന്ന ആരോപണങ്ങളെ ഖണ്ഡിച്ച് സഭാതത്വം ഉയർത്തിക്കാട്ടുന്നു. അതി

www.malankaralibrary.com



നുള്ള തെളിവ് ജ്ഞാനസ്നാനഫോർമുലയിലും (അ. 8) ദൂതന്മാരുടെ ത്രിത്വസ്തുതിയിലും (10_26) നിരവധി വേദപുസ്തക ഭാഗങ്ങളിലും കാണുന്നു. പരിശുദ്ധാത്മാവും (5—7) പുത്രനും (45_63) യഥാർത്ഥമായി ദൈവമാണ്. പുത്രൻ പിതാവിനോടു സത്തയിൽ ഒന്നാണ് (65—71). അതുപോലെ പരിശുദ്ധാത്മാവും (72—74). തിരുവവതാരത്തെ സംബന്ധിച്ച് 27_38 വരെയും, അപ്പൊള്ളിനാരിസിനെതിരെ 75—82 വരെയുംഉള്ള അധ്യായങ്ങൾ ചർച്ച ചെയ്യുന്നു. ശരീരത്തിൻെറ ഉത്ഥാനം സംബന്ധിച്ച് 83_100വരെയുള്ള അധ്യായങ്ങൾ വിശദീകരിക്കുന്നു. ശരീരത്തിൻെറ ഉത്ഥാനം സംബന്ധിച്ച് മാനിക്കേയരും മാർസിയണീത്തരും പഠിപ്പിക്കുന്നവയെ എപ്പിഫാനിയസ് ഖണ്ഡിക്കുന്നു. യൂദന്മാരുടെ അവിശ്വാസത്തെയും സബെല്ലിയസിൻെറ പഠനങ്ങളെയും അപലപിക്കുന്നു. അവസാനമായി ആരിയൂസിൻെറയും പ്നെവുമാത്തോമാക്കികളുടെയും അബദ്ധോപദേശങ്ങൾ അപഗ്രഥിക്കുന്നു. വായനക്കാർ സത്യവിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

ജ്ഞാനസ്നാനാവസരം ഉപയോഗിക്കുന്നതിനുള്ള രണ്ടു വിശ്വാസപ്രമാണങ്ങളെപ്പററി അദ്ദേഹം പറയുന്നു. ആദ്യത്തേത് സിലാമിസിലെ മെത്രാപ്പോലീത്തൻ രൂപതയിൽ നടപ്പിലിരുന്ന വിശ്വാസപ്രമാണം ആണ്. 381—ലെ രണ്ടാം സാർവ്വത്രിക സൂന്നഹദോസ് ഈ വിശ്വാസപ്രമാണം ചില ചില്ലറ കൂട്ടിച്ചേർക്കലുകളോടു കൂടി അംഗീകരിച്ചു. അങ്ങനെ അതു് പൗരസ്ത്യദേശം മുഴുവൻെറയും ജ്ഞാനസ്നാന വിശ്വാസപ്രമാണമായിത്തീർന്നു. രണ്ടാമത്തേതു് കുറേക്കൂടി വലുതാണ്. എപ്പിഫാനിയസ് തന്നെ ഉണ്ടാക്കിയതാണതു്.

## (2) പനാരിയോൻ

എപ്പിഫാനിയസിൻെറ ഏററവും വലിയ കൃതിയാണ് പനാരിയോൻ അഥവാ മരുന്നുപെട്ടി. പാഷണ്ഡതകൾ (Haereses) എന്ന പേരിലാണ് അതു് പലപ്പോഴും ഉദ്ധരിക്കപ്പെടുന്നതു്. പാഷണ്ഡതകളാകുന്ന സർപ്പങ്ങളുടെ കടിയേററവർക്കൊരു മരുന്നായും വിശ്വാസത്തിലുറച്ചുനിന്നവർക്കൊരു സംരക്ഷണവുമായിട്ടാണ് ഇതെഴുതിയതു്. അതിനു ചേരുന്നതാണിതിൻെറ തലക്കെട്ടും. മരുന്നുപെട്ടി എൺപതു പാഷണ്ഡതകളെപ്പററി ചർച്ച ചെയ്യുന്നു. ആദ്യത്തെ ഇരുപതെണ്ണം ക്രിസ്തുമതത്തിനു മുൻപുള്ളവയാണ്. ബാർബെറിസം; ഷിത്തിസം; ഹെല്ലനിസവും അതിൻെറ വിവിധ താത്വിക സ്കൂളുകളും; യൂദമതവും അതിൻെറ വിഭാഗങ്ങളും. ക്രിസ്തീയ കാലത്തുള്ള ആദ്യപാഷണ്ഡത സൈമൺ മാഗുസിൻേറതാണ്. അവസാനത്തേതായി എപ്പിഫാനിയസ് വിവരിച്ചിരിക്കുന്നതു് മെസ്സാലിയനിസവും. കൃതിയുടെ അവസാനം

www.malankaralibrary.com



കാതോലികവും അപ്പസ്തോലികവുമായ സഭയുടെ വിശ്വാസം പൂർണ്ണമായി വരച്ചുകാട്ടുന്നു! പാഷണ്ഡതകളെപ്പററി വ്യാപകമായി എഴുതപ്പെട്ട ആദ്യകൃതിയാണ് പനാരിയോൻ. വി. ജസ്റ്റിൻ, ഇരണെയുസിന്റെ 'പാഷണ്ഡതകൾക്കെതിരെ', ഹിപ്പോളിററസിന്റെ 'സിൻതഗ്മാ' എന്നീ കൃതികൾ എപ്പിഫാനിയസ് ഉപയോഗിച്ചിട്ടുണ്ട്. മൂന്നു ഗ്രന്ഥങ്ങളായി അഥവാ ഏഴ് വാല്യങ്ങളായിട്ടാണ് ഇതു് എഴുതപ്പെട്ടിരിക്കുന്നതു്. ഒന്നാംപുസ്തകം മൂന്നു വാല്യവും രണ്ടും മൂന്നും ഈരണ്ടു വാല്യം വീതവും.

### (3) അളവുകളും തൂക്കങ്ങളും

'അളവുകളും തൂക്കങ്ങളും' എന്ന ശീർഷകം ഉള്ളടക്കവുമായി ബന്ധമൊന്നുമുള്ളതല്ല. 392–ൽ കോൺസ്റ്റാൻറിനോപ്പിളിൽ വച്ച് ഒരു പേർഷ്യൻ വൈദികനുവേണ്ടി എഴുതപ്പെട്ടതാണിതു്. ഒരു ബൈബിൾ നിഘണ്ടുവായി ഇതിനെ കണക്കാക്കാം. ഒന്നാം ഭാഗത്തു് ബൈബിൾ കാനൻ, പഴയനിയമ വിവർത്തനങ്ങൾ; രണ്ടാം ഭാഗത്തു് വേദപുസ്തക തൂക്കങ്ങളും അളവുകളും; മൂന്നാം ഭാഗത്തു് പലസ്തീനയുടെ ഭൂമിശാസ്ത്രം എന്നിവയാണ് ഈ കൃതിയിലെ ചർച്ചാവിഷയം.

### (4) പന്ത്രണ്ട് അമൂല്യരത്നങ്ങൾ

'പന്ത്രണ്ട് അമൂല്യരത്നങ്ങൾ' എന്ന കൃതി തർസോസിലെ ദിയദോറിന്റെ ആവശ്യാനുസരണം എഴുതിയതാണ്. പഴയനിയമത്തിൽ പുരോഹിതൻ അണിഞ്ഞിരുന്ന മാർപതക്കത്തിൽ പന്ത്രണ്ട് രത്നങ്ങൾ പതിച്ചിരുന്നു. എപ്പിഫാനിയസ് ഇതിനൊരു വ്യംഗ്യാർത്ഥഭാഷ്യം നൽകുന്നു. ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളെ ഇതു് സൂചിപ്പിക്കുന്നു. ഗ്രീക്കിന്റെ ചില ഭാഗങ്ങളേ ശേഷിച്ചിട്ടുള്ളു. എന്നാൽ ഒരു ജോർജിയൻ വിവർത്തനം വഴി പൂർണകൃതിയും ലഭിച്ചിട്ടുണ്ട്.

### (5) കത്തുകൾ

ഒരിജനിസത്തിനെതിരെ യറുശലേമിലെ യോഹന്നാനും ജറോമിനുമെഴുതിയ രണ്ടു കത്തുകൾ ലത്തീൻ വിവർത്തനങ്ങളിലൂടെ കിട്ടിയിട്ടുണ്ട്. എപ്പിഫാനിയുസിന്റെ വ്യക്തിത്വത്തിലേയ്ക്കു് വെളിച്ചം വീശാൻ ഈ രണ്ടു കത്തുകളും കുറെയൊക്കെ സഹായിക്കും.

www.malankaralibrary.com



(6) രൂപങ്ങൾക്കെതിരെ മൂന്നു കൃതികൾ

രൂപങ്ങളും പടങ്ങളും ഉണ്ടാക്കുകയും വന്ദിക്കുകയും ചെയ്യുന്നതിനോട് എപ്പിഫാനിയസിനെതിരായിരുന്നു. മൂന്നു കൃതികളെങ്കിലും എപ്പിഫാനിയസ് ഇതു സംബന്ധിച്ച് എഴുതിയിട്ടുണ്ടെന്നു കെ. ഹോൾ എന്ന പണ്ഡിതൻ സമർത്ഥിക്കുന്നു.

(i) രൂപങ്ങൾക്കെതിരെ

ക്രിസ്തുവിന്റെയും മാതാവിന്റെയും രക്തസാക്ഷികളുടെയും ദൂതന്മാരുടെയും നിബിയന്മാരുടെയും രൂപങ്ങളും പടങ്ങളും ഉണ്ടാക്കുന്നതു് വിഗ്രഹാരാധനയാണു്. അരൂപികളെ രൂപികളാക്കുന്നതു് ശരിയല്ല. ക്രിസ്തു ഒരിക്കലും ഇതാവശ്യപ്പെട്ടിട്ടില്ല. ബൈബിളിനു് വിലക്കിയതുമാണു് എന്നു പോകുന്നു അദ്ദേഹത്തിന്റെ വാദങ്ങൾ. 394—ൽ ആണു് ഇതെഴുതപ്പെട്ടതു്.

(ii) തിയഡോഷ്യസ് ചക്രവർത്തിക്കു്

ആദ്യമെഴുതിയ കൃതി ആരും വകവെച്ചില്ല. ഉടനെ ചക്രവർത്തിക്കു് ഇതു സംബന്ധിച്ച് എപ്പിഫാനിയസ് എഴുതി. 'ക്രിസ്തീയസഭയിൽ രൂപങ്ങൾ ഉണ്ടാക്കുന്നതു തടയുവാൻ രാജകീയാധികാരം ഉപയോഗിക്കണം. പുതിയതായി ഒന്നും ഉണ്ടാക്കാൻ അനുവദിക്കരുതു്. ദേവാലയങ്ങളിലെ വിഗ്രഹങ്ങളെല്ലാം മാററപ്പെടണം' എന്നു് ചക്രവർത്തിയോടു് അഭ്യർത്ഥിക്കയാണു്.

(iii) വിൽപത്രം

എപ്പിഫാനിയസിന്റെ കത്തു് രാജാവിൽ ഒരു പ്രതികരണവുമുളവാക്കിയില്ല. അതുകൊണ്ടു് മരിക്കുന്നതിനു മുമ്പു് അദ്ദേഹം ഒരു വിൽപത്രമെഴുതി; തന്റെ ക്രിസ്തീയ സമൂഹം ഈ പാരമ്പര്യം അഭംഗുരം കാത്തുസൂക്ഷിക്കണമെന്നാഹ്വാനം ചെയ്യുന്നതായിരുന്നു ആ വിൽപത്രം. ദൈവത്തിന്റെ ഛായ ഹൃദയത്തിലാണു് പേറേണ്ടതു്. പള്ളികളിലൊന്നും വിഗ്രഹങ്ങൾവയ്ക്കാൻ പാടില്ല' എന്നു് അദ്ദേഹം തറപ്പിച്ചു പറഞ്ഞു.

(7) അയഥാർത്ഥ കൃതികൾ

എപ്പിഫാനിയസിന്റെ പേരിൽ മററു പല കൃതികളും പ്രചരിച്ചിരുന്നു. (i) ഫിസിയൊളോഗൂസ്, (ii) ഉത്തമഗീതഭാഷ്യം, (iii) ഹോമിലികൾ, (iv) അനാഫറ. എന്നാൽ ഇവയും മററു പല കൃതികളും എപ്പിഫാനിയസിന്റേതല്ല എന്നാണു് പണ്ഡിതമതം.

www.malankaralibrary.com



അനുബന്ധം

## കോൺസ്ററാൻറിനോപ്പിൾ വിശ്വാസപ്രമാണം

സർവശക്തിയുള്ള പിതാവും, ആകാശത്തിൻെറയും ഭൂമിയുടെയും ദൃശ്യാദൃശ്യങ്ങളായ എല്ലാ വസ്തുക്കളുടെയും നിർമാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിൻെറ ഏകപുത്രനും, യുഗങ്ങൾക്കെല്ലാം മുൻപ് പിതാവിൽനിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിക്കപ്പെടാത്തവനും, പിതാവുമായി സമസത്തയായവനും, തന്നാൽ സകലതും നിർമിക്കപ്പെട്ടവനും ആയ ഏകകർത്താവീശോമിശിഹായിലും (ഞങ്ങൾ വിശ്വസിക്കുന്നു). അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകമറിയാമിൽനിന്ന് ശരീരമെടുത്ത് മനുഷ്യനായി. അവൻ പൊന്തിയോസ് പീലാത്തോസിൻെറ കാലത്ത് നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും, കഷ്ടതകൾ സഹിച്ച് മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്ന പ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവൻ സ്വർഗത്തിലേക്കു കരേറി പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ മഹത്വത്തിൽ വീണ്ടും വരാനിരിക്കുന്നു. അവൻെറ രാജ്യം ഒരിക്കലും അവസാനിക്കുകയില്ല. പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടുംകൂടെ ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും പ്രവാചകരിലൂടെ സംസാരിച്ചവനും കർത്താവും ജീവദാതാവും ആയ പരിശുദ്ധാത്മാവിലും ഏകവും പരിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു). പാപമോചനത്തിനുള്ള ഏക മാമോദീസാ ഞങ്ങൾ ഏററുപറയുന്നു. മരിച്ചവരുടെ ഉയിർപ്പും വരാനിരിക്കുന്ന ലോകത്തിലെ ജീവിതവും ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

(J. Stevenson, op. cit. p. 335)

www.malankaralibrary.com

അദ്ധ്യായം 16

# ഏഷ്യാമൈനറിലെ എഴുത്തുകാർ

ഏഷ്യാമൈനർ ഭൂപ്രദേശം മുഴുവൻ നിഖ്യാസുന്നഹദോസിന്റെ കാലമായപ്പോഴേയ്ക്കും സഭ പടർന്നു പന്തലിച്ച് വേരുറച്ചിരുന്നു. നിഖ്യായിലേക്ക് വഴിതെളിച്ച സംഭവവികാസങ്ങളുടെ ഹേതുഭൂതനായ ആരിയൂസ് 318 ൽ അലക്സാന്ത്രിയായിൽ നിന്നു് ബഹിഷ്കൃതനായപ്പോൾ ഏഷ്യാമൈനറിലെ നിക്കോമേദിയയിലത്രേ അഭയംപ്രാപിച്ചതു്. ഏഷ്യാമൈനറിലെ പല സ്വാധീനമുള്ള മെത്രാന്മാരും ആരിയൂസിനു് താങ്ങായിനിന്നു. 325 ലെ നിഖ്യാസുന്നഹദോസ് യേശുക്രിസ്തുവിനെ സംബന്ധിച്ച് സ്പഷ്ടമായി പഠിപ്പിച്ചു. എന്നാലതുകൊണ്ടു് ആരിയനിസം അവസാനിച്ചില്ല. ഏഷ്യാമൈനറിലെ പോന്തിക്കാ, ആസിയാ എന്നീ രാഷ്ട്രീയരൂപതകളിൽ നിഖ്യാ കഴിഞ്ഞിട്ടും ആരിയനിസത്തിനു് വലിയ സ്വാധീനം ഉണ്ടായി. നിക്കോമേദിയായിലെ എവുസേബിയസ്, സെബാസ്തയിലേ എവുസ്താത്യോസ്, സിസിക്കസിലെ എവുണോമിയൂസ്, അൻസീറായിലെ ബേസിൽ, അസ്തേരിയൂസ് എന്ന സോഫിസ്റ്റ് എന്നീ ആര്യൻ പക്ഷപാതക്കാർ ഏഷ്യാമൈനറിലാണു് ജീവിച്ചിരുന്നതു്. ഏഷ്യാമൈനറിലെ നിക്കോമേദിയായിൽ വച്ചാണു് കോൺസ്റ്റന്റൈൻ ചക്രവർത്തിക്കു് നിക്കോമേദിയായിലെ എവുസേബിയസ് എന്ന ആരിയൻമെത്രാൻ സ്നാനം നൽകുന്നതു്. ആ രാജാവ് ആരിയൂസിനെ വിപ്രവാസത്തിൽനിന്നു് തിരികെ വിളിക്കുകയും അലക്സാണ്ട്രിയായിലെ അത്തനാസ്യോസിനെ സമാധാനധ്വംസകനെന്നു് മുദ്രകുത്തി നാടുകടത്തുകയും ചെയ്തു. സഭാകാര്യങ്ങളിൽ അദ്ദേഹവും പിൻഗാമിയായ കോൺസ്റ്റാൻസ്യൂസും നിക്കോമേദിയായിലെ എവുസേബിയൂസിന്റെ പരിപൂർണ്ണ സ്വാധീനത്തിലായിരുന്നു. ഇങ്ങനെ ഏഷ്യാമൈനർ ആര്യനിസത്തിന്റെ ഒരു കേന്ദ്രമായിത്തീർന്നു.

എന്നാൽ ഏഷ്യാമൈനറിൽതന്നെയാണു് 'വലിയ കപ്പദോചിയൻ പിതാക്കന്മാർ' എന്നറിയപ്പെടുന്ന വി. ബസ്സേലിയോസും

www.malankaralibrary.com



വി. ഗ്രിഗറി നസ്യാൻസൻ, നിസ്സായിലെ വി. ഗ്രിഗോറിയോസും ഉണ്ടായത്. ഇവർ മൂവരും നിഖ്യായിലെ വിശ്വാസം മുറുകെപ്പിടിക്കുകയും അതു് പഠിപ്പിക്കുകയും ക്രിസ്തുവിനെ സംബന്ധിച്ച് കറതീർന്ന തത്വങ്ങൾ പ്രഘോഷിക്കുകയും ചെയ്തു. ത്രിത്വസംബന്ധമായ പഠനങ്ങൾക്ക് ഒരന്തിമരൂപം നൽകിയതു് കപ്പദോച്ചിയൻ പിതാക്കന്മാരാണ്.

ഈ അദ്ധ്യായത്തിൽ, നിക്കോമേദിയായിലെ എവുസേബിയസ്, നിഖ്യായിലെ തെയോഗ്നീസ്, അസ്തേരിയൂസ് എന്ന സോഫിസ്റ്റ്, അൻസീറായിലെ മർസെല്ലൂസ്, അൻസീറായിലെ ബസ്സേലിയോസ് ആദിയായവരെപ്പററി ചർച്ചചെയ്യുന്നു.

## 1. നിക്കോമേദിയയിലെ എവുസേബിയസ്

ആരിയൂസിനേററം കൂടുതൽ സ്വാധീനമുണ്ടായിരുന്ന സുഹൃത്തു് നിക്കോമേദിയയിലെ എവുസേബിയസ് ആയിരുന്നു. അന്ത്യോക്യയിലെ ലൂസിയന്റെ (+312) കീഴിൽ വ്യാഖ്യാനരീതികൾ ആരിയൂസിനോടു കൂടെ പഠിച്ച എവുസേബിയസ് ബെറീത്തൂസിന്റെ മെത്രാനായി ആദ്യം നിയമിതനായി. 318–ന മുമ്പ് ഒരു പ്രധാന രൂപതയായ നിക്കോമേദിയയുടെ ചുമതല എവുസേബിയസിനു് കിട്ടി. രാജാവിന്റെ കൊട്ടാരത്തിനടുത്തായിരുന്നതിനാൽ കോൺസ്റ്റൻറൈൻറെ സഹോദരിയും ലിചീനിയസിന്റെ ഭാര്യയുമായ കോൺസ്റ്റാൻസ്യായുടെ പക്കൽ എവുസേബിയസിനു് വളരെയധികം സ്വാധീനം ഉണ്ടായിരുന്നു. അലക്സാണ്ഡ്രിയയിൽ നിന്നു് ബഹിഷ്കൃതനായ ആരിയൂസിനെ സ്വീകരിക്കാനും ആരിയൂസിനു് സുഹൃത്തുക്കളെയും പിൻതുണയ്ക്കുന്നവരെയും നേടിക്കൊടുക്കാനും വളരെ തീക്ഷ്ണതാപൂർവം എവുസേബിയസ് പണിയെടുത്തു. ഏഷ്യാമൈനറിലും ഓറിയൻറിലുമുള്ള (Oriens) മെത്രാന്മാർക്കെല്ലാം ഇദ്ദേഹം കത്തെഴുതി. പാഷണ്ഡിയായ ആരിയൂസിനുവേണ്ടി ബദ്ധപ്പെട്ടിറങ്ങി പ്രചരണം നടത്തി. 'അനീതിയാണു് അലക്സാണ്ഡ്രിയൻ മെത്രാൻ ചെയ്തതെന്നും, ആരിയൂസിന്റെ മുടക്കു് നീക്കണമെന്നും, അതിനു് സംഘടിക്കണമെന്നും മററും' ആയിരുന്നു പ്രധാനമായി കത്തുവഴി എവുസേബിയസ് ആവശ്യപ്പെട്ടതു്.

നിഖ്യാസൂനഹദോസ് ആരിയനിസം തള്ളിക്കളയുകയും സത്യവിശ്വാസം പഠിപ്പിക്കുകയും ചെയ്തു. നിഖ്യായിൽ വച്ച് എവുസേബിയസ് വിശ്വാസപ്രമാണത്തിൽ ഒപ്പുവച്ചു. എന്നാലതു കഴിഞ്ഞു് അദ്ദേഹം ഒരു വിഭാഗം ആര്യൻ ചിന്താഗതിക്കാരുടെ നേതാവായി. 'എവുസേബിയർ' എന്ന പേരിലറിയപ്പെടുന്ന ഈ വിഭാഗം നിഖ്യായെ ഏററവുമധികം എതിർത്തു. ഇക്കാരണത്താൽ

www.malankaralibrary.com



കൗൺസിൽ കഴിഞ്ഞു് മൂന്നുമാസത്തിനകം കോൺസ്റ്റൻറയിൻ എവുസേബിയസിനെ ഗോളിലേക്ക് നാടുകടത്തി. കോൺസ്റ്റാൻസ്യായുടെ ഇടപെടൽ മൂലം 328–ൽ തിരികെ വിളിക്കപ്പെട്ട എവുസേബിയസ് നിഖ്യാവിശ്വാസം സ്വീകരിച്ച മെത്രാന്മാരെ ഓരോരുത്തരെയായി സ്ഥാനഭ്രഷ്ടരാക്കാൻ ഇറങ്ങിത്തിരിച്ചു. 330 ൽ അന്ത്യോകൃയിലെ എവുസ്താത്യോസിനെയും, 335 ലെ ടയർ സിനഡിൽ വച്ചു് അത്തനാസ്യോസിനെയും 336–ൽ അൻസീറയിലെ മർസെല്ലൂസിനെയും സ്ഥാനഭ്രഷ്ടരാക്കാൻ ചരടു പിടിച്ചു. 337–ൽ കോൺസ്റ്റൻടൈനെ സ്നാനപ്പെടുത്തി. 338 ൻെറ അവസാനം കോൺസ്റ്റാൻറിനോപ്പിൾ സിംഹാസനത്തിലേക്ക് എവുസേബിയസ് ഉയർത്തപ്പെട്ടു. അങ്ങനെ പൗരസ്ത്യദേശത്തെ പുതിയ തലസ്ഥാനത്തെ മെത്രാനായി. 341 ലോ 342 ലോ മരിച്ചു. ഈജിപ്റ്റിൽ മാത്രം ഒതുങ്ങിനിന്ന ഒരു തർക്കത്തെ ക്രിസ്തീയസഭ മുഴുവനും പരത്തി ഒരു സാർവത്രികപ്രശ്നമുണ്ടാക്കിയതിൽ എവുസേബിയസ് വിജയിച്ചു. ഒരു ദൈവശാസ്ത്രജ്ഞൻ എന്നതിലുപരി ഒരു സഭാരാഷ്ട്രീയക്കാരനായിരുന്നു അദ്ദേഹം.

## കൃതികൾ

### 1. ടയറിലെ പൗളീനൂസ്സിനുള്ള കത്തു്

സൈറസിലെ തിയഡൊറെററ് തൻെറ സഭാചരിത്രത്തിൽ പൗളീനൂസ്സിനയച്ച കത്തുദ്ധരിക്കുന്നു (1,5). മററു് മെത്രാന്മാർക്കയച്ച കത്തുപോലെ നിക്കൊമേദിയയിലെത്തിയ ആരിയൂസിനുവേണ്ടിയുള്ളതാണിതു്. മാരിയൂസ് വിക്തൊറീനൂസ് ഒരു ലത്തീൻ വിവർത്തനമുണ്ടാക്കി. ഉടലെടുത്ത തർക്കങ്ങളിൽ പൗളീനൂസ് ഇടപെടാത്തതിലും മൗനമവലംബിക്കുന്നതിലും താൻ നിരാശനാണെന്നു് എവുസേബിയസ് എഴുതുന്നു. ഏതായാലും ശരിയായ നിറം കാണിക്കാതെ ഇനിയും മൗനമായിരിക്കാൻ സാധ്യമല്ലെന്നു് എവുസേബിയസ് അറിയിക്കുന്നു.

### 2. ആരിയൂസിനുള്ള കത്തു്

നിഖ്യാസ്സുമുമ്പു് എവുസേബിയസ് ആരിയൂസിനൊരു കത്തയച്ചതായി അത്തനാസ്യോസ് സാക്ഷിക്കുന്നു. 'താങ്കളുടെ വിചാരങ്ങൾ നല്ലവയായതിനാൽ, എല്ലാവരും അവ സ്വീകരിക്കാനായി പ്രാർത്ഥിക്കുക. കാരണം, 'ഉണ്ടാക്കപ്പെട്ട വസ്തു അതിൻെറ ഉത്ഭവത്തിനു മുൻപ് ഇല്ലായിരുന്നു' എന്നതു് സുവ്യക്തമാണല്ലൊ. 'ഉണ്ടായ വസ്തുവിനു് ഒരാരംഭമുണ്ടു്'' എന്ന വാചകം അത്തനാസ്യോസ് ഉദ്ധരിക്കുന്നു (സിനഡിനെപ്പററി, 17).

www.malankaralibrary.com



3. അത്തനാസ്യോസിനുള്ള കത്ത്

ആരിയൂസിനെയും അനുയായികളെയും സഭയിൽ തിരികെയെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എവുസേബിയസ് ഒരു കത്തെഴുതിയതായി സൊക്രാട്ടസ് സാക്ഷിക്കുന്നു (സഭാ. 1,23). ഈ രേഖ നമുക്ക് കിട്ടിയിട്ടില്ല.

4. നിഖ്യായിലെ പിതാക്കന്മാർക്കുള്ള കത്ത്

നിഖ്യായിൽ സംബന്ധിച്ച പിതാക്കന്മാർക്ക് എവുസേബിയസും തെയോഗ്നിസും കൂടി അയച്ചതാണ് ഈ കത്ത്. സൊക്രാട്ടസും (സഭാ. 1,14) സൊസോമനും (സഭാ. 2,16) ഈ കത്ത് തങ്ങളുടെ ഗ്രന്ഥങ്ങളിൽ നൽകുന്നുണ്ട്. മിക്കവാറും രണ്ടുപേരും വിപ്രവാസത്തിലായിരിക്കവെയാണിതെഴുതിയത്. ഇരുവരെയും തിരികെയെടുക്കണം എന്ന അപേക്ഷയാണിതിൽ. എന്നാൽ ഈ കത്തിന്റെ വാസ്തവികതയെ സംബന്ധിച്ച് സംശയിക്കുന്ന പണ്ഡിതന്മാരുമുണ്ട്.

## 2. നിഖ്യായിലെ തെയോഗ്നിസ്

തെയോഗ്നിസ് നിഖ്യായിലെ മെത്രാനായിരുന്നു; ഇദ്ദേഹം ലൂസിയന്റെ ഒരു ശിഷ്യനായിരുന്നു എന്ന് ഫിലൊസ്തോർജിയസ് തന്റെ സഭാചരിത്രത്തിൽ പറയുന്നു (2,14). തെയോഗ്നിസ് നിഖ്യായുടെ തീരുമാനങ്ങളെ ആദ്യമെതിർത്തെങ്കിലും അവസാനം അംഗീകരിച്ചു. ആരിയൂസുമായി സമ്പർക്കം പുലർത്തിയെന്ന കാരണത്താൽ കൗൺസിലിനുശേഷം മൂന്നു മാസം കഴിഞ്ഞപ്പോൾ, കോൺസ്റ്റന്റൈൻ ഇദ്ദേഹത്തെ ഗാളിലേക്ക് നാടുകടത്തി. എവുസേബിയസിനോടുകൂടെ തിരികെയെത്തിയ തെയോഗ്നിസ് അലക്സാണ്ഡ്രിയായിലെ അത്തനാസ്യോസിന്റെ ഒരു തുറന്ന ശത്രുവായിമാറി. നിഖ്യായുടെ രേഖകൾ സൂക്ഷിച്ചിരുന്ന നോട്ടറിക്ക് കൈക്കൂലികൊടുത്ത്, തന്റെ ഒപ്പ് തെയോഗ്നിസ് മായിച്ചുകളഞ്ഞു എന്നൊരു കഥയുണ്ട്. എവുസ്താത്യോസിനെ സ്ഥാനഭ്രഷ്ടനാക്കിയ അന്ത്യോക്യൻ സിനഡിൽ തെയോഗ്നിസ് സംബന്ധിച്ചു. കോൺസ്റ്റന്റൈന്റെ കൊട്ടാരത്തിൽ അത്തനാസ്യോസിനെതിരായി ഗൂഢാലോചന നടത്തിയവരിൽ പ്രധാനി ഇദ്ദേഹമായിരുന്നെന്ന് സൊക്രാട്ടസ് പറയുന്നു (സഭാ. 1,27,7). സഭയിലെ കുഴപ്പങ്ങൾക്കെല്ലാം കാരണം അത്തനാസ്യോസാണെന്നും സഭയിൽ ചേരാൻ വരുന്നവരെ കൂടി തടയുന്നെന്നും, അദ്ദേഹത്തെ നീക്കിയാൽ ഐക്യം പുനഃസ്ഥാപിക്കപ്പെടുമെന്നും രാജസന്നിധിയിൽ ബോധിപ്പിച്ചു (സൊസോമൻ, സഭാ. 2,22,1).

www.malankaralibrary.com



334—ൽ ചക്രവർത്തി ചെസാറിയായിൽ ഒരു സിനഡ് വിളിച്ചുകൂട്ടി. അതിൽ സംബന്ധിക്കാൻ അത്തനാസ്യോസ് കൂട്ടാക്കിയില്ല. (തിയഡൊറെററ്, സഭാ,1,28,2). അടുത്ത വർഷം ടയർസിനഡിലും തെയോഗ്നിസ് പ്രത്യക്ഷപ്പെടുന്നു. അത്തനാസ്യോസിനെതിരെ തെളിവെടുക്കാൻ ഈജിപ്തിലെ മരെയോട്ടിസിലേയ്ക്ക് അയയ്ക്കപ്പെട്ടകമ്മിഷനിൽ തെയോഗ്നിസ് ഒരംഗമായിരുന്നു. ദൗത്യനിർവഹണാനന്തരം തിരിച്ചെത്തിയ തെയോഗ്നിസ് അത്തനാസ്യോസിനെതിരായി പുതിയ തെളിവുകൾ രാജസമക്ഷം നിരത്തിവെച്ചു. കോൺസ്റ്റാൻസ്യൂസ് രാജാവിൻെറ കാലത്തും ഈ രീതിയിൽ തന്നെ തെയോഗ്നിസ് മുന്നേറി. അത്തനാസ്യോസിനെതിരായി പോപ്പ് ജൂലിയസിനയച്ച കത്തിൽ തെയോഗ്നിസും ഒപ്പുവച്ചു. അത്തനാസ്യോസ്, അൻസീറായിലെ മർസെല്ലൂസ്, ഗാസ്സായിലെ അസ്ക്ളെപ്പാസ് എന്നിവർക്കെതിരായി 343_ലെ സാർദിക്കാ സിനഡിൽ തെയോഗ്നിസ് തയ്യാറാക്കിയ കത്തുകൾ വായിക്കപ്പെട്ടു. (തിയഡോറെററ്, സഭാ. 2.8,4). ഏതായാലും, ആ സിനഡിനു മുൻപ് തെയോഗ്നിസ് മരിച്ചെന്നു തോന്നുന്നു. കാരണം പ്രസ്തുത സിനഡ് സഭാഭ്രഷ്ടരാക്കിയ ആരിയൻ നേതാക്കളുടെ കൂട്ടത്തിൽ തെയോസിഗ്നിസിൻെറ പേരില്ല: 381—ൽ കോൺസ്റ്റാൻെറിനോപ്പിളിൽ കൂടിയ സൂനഹദോസ് തെയോഗ്നിസിൻെറ പ്രബോധനങ്ങൾ തള്ളിക്കളഞ്ഞു.

## 3. അസ്തേരിയൂസ് എന്ന സോഫിസ്റ്റ്

ക്രിസ്ത്യാനിയാകുന്നതിനു മുമ്പുള്ള ജോലിയിൽ നിന്നാണ് സോഫിസ്റ്റ് എന്ന പേരു് ഇദ്ദേഹത്തിനു് കിട്ടിയതു്. ഒരു താത്വികനോ പ്രഭാഷകനോ ആയിരുന്ന അസ്തേരിയൂസ് ലൂസിയൻെറ ശിഷ്യനായി. മാക്സിമിനൂസിൻെറ മതമർദ്ദനകാലത്തു് വിശ്വാസത്യാഗിയായി; ലൂസിയൻ രക്തസാക്ഷിയായി.

ആരിയനിസത്തിൻെറ ആദ്യത്തെ എഴുത്തുകാരനായി ഇയാൾ അറിയപ്പെടുന്നു. നിഖ്യായ്ക്കെതിരായി തെളിവുകൾ തേടിയ ആരിയൂസ് അസ്തേരിയൂസിൻെറ കൃതികളിലാണ് ശരണം വച്ചതു്. അത്തനാസ്യോസ് ഇയാളെ 'വിഗ്രഹങ്ങൾക്ക് ബലി അർപ്പിച്ചവൻ' എന്നാണു് വിളിക്കുന്നതു്. 'ദെ സിനൊദിസ്' എന്ന ഗ്രന്ഥത്തിൽ ഇയാളെപ്പററി അത്തനാസ്യോസ് കൂടുതൽ വിവരം നൽകുന്നു.

നിഖ്യായ്ക്കശേഷം അസ്തേരിയൂസ് എഴുതിയതാണ് 'സിന്തക്മാടസ്യോൻ' എന്ന കൃതി. അത്തനാസ്യോസിലും മർസ്സെലൂസിലും

www.malankaralibrary.com



ഉള്ള രേഖാശകലങ്ങളിലൂടെ ഈ കൃതിയെപ്പററി നമുക്കറിയുവാൻ സാധിക്കുന്നു. ക്രിസ്തുവിനെപ്പററി വളരെയധികം അബദ്ധങ്ങളും അയാളും പഠിപ്പിച്ചു. അയാളുടെ വിഗ്രഹാരാധന പോലെയാണ് കൃതിയും എന്ന് അത്തനാസ്യോസ് പറയുന്നു. നിക്കോമേദിയായിലെ എവുസേബിയസുമായി ബന്ധപ്പെടുത്തിയാണ് അത്തനാസ്യോസ് ഇയാളെപ്പററി സംസാരിക്കുന്നത്. മർസെല്ലുസ് പറയുന്നത്, പൗളീനസിനു് എവുസേബിയസയച്ച കത്തിന്റെ പദപ്രയോഗം ഇയാളും മയപ്പെടുത്തി എന്നാണ്. കുറേക്കൂടി മിതത്വം പുലർത്തുന്ന മനോഭാവമാണ് അസ്റ്റേരിയുസും ഗ്രൂപ്പും എടുത്തിരുന്നതു് എന്നു് എപ്പിഫാനിസ് പറയുന്നു (പാഷ. 86. 3). ലൂസിയന്റെ യഥാർത്ഥ ആര്യൻ ചിന്തകളെ അയാളും വളച്ചൊടിച്ചെന്നു് ഫിലസ്റ്റോർജിയുസ് കുററപ്പെടുത്തുന്നു.(സഭാ. 2.14,15).

മർസെല്ലുസിനെതിരായി അസ്റ്റേരിയുസ് ഒരു കൃതിയെഴുതി. അസ്റ്റേരിയുസ് മർസെല്ലുസിനെ കുററപ്പെടുത്തി സബെല്ലിയനിസം ആരോപിക്കുന്നു എന്നു ജറോം പറയുന്നു (മഹത്. 86). സങ്കീർത്തനങ്ങൾക്കു് ഹോമിലികളും ഭാഷ്യങ്ങളും അസ്റ്റേരിയുസ് എഴുതി (ജറോം. മഹത്. 94). അവ ആരിയനിസത്തിലേയ്ക്കു് വളരെയധികം വെളിച്ചം വീശുന്നവയാണ്. 431-ൽ അസ്റ്റേരിയുസ് മരിച്ചു.

## 4. അൻസീറായിലെ മർസെല്ലുസ്

ഗലാത്യയിൽ അൻസീറായിലെ മെത്രാനായിരുന്ന മർസെല്ലുസ് 325-ൽ നിഖ്യാ സുന്നഹദോസിൽ സംബന്ധിച്ചു. ആര്യനിസത്തിനെതിരെ സത്യവിശ്വാസം ഉയർത്തിപ്പിടിക്കുകയും അത്തനാസ്യോസിനെ പിൻതാങ്ങുകയും ചെയ്തവരിൽ ഒരാളായിരുന്നു അദ്ദേഹം. ആര്യർക്കെതിരായ സമരം നിഖ്യാ കഴിഞ്ഞും അദ്ദേഹം തുടർന്നു. 335-ൽ സോഫിസ്റ്റ് അസ്റ്റേരിയുസിനെതിരായി വളരെ ബൃഹത്തായൊരു ഗ്രന്ഥമെഴുതി. സോഫിസ്റ്റിന്റെ അബദ്ധങ്ങളെ ഖണ്ഡിക്കുകയും നിക്കോമേദിയായിലെ എവുസേബിയസിനെയും ചെസറിയായിലെ എവുസേബിയസിനെയും കടന്നാക്രമിക്കയും ചെയ്തു. എവുസേബിയൻ കക്ഷിക്കാർ ഉടനെ തന്നെ തിരിച്ചടിച്ചു. ചെസറിയായിലെ എവുസേബിയസ് 'മർസെല്ലുസിനെതിരെ' 'സഭാദൈവശാസ്ത്രം' എന്നിങ്ങനെ രണ്ടു് ഗ്രന്ഥങ്ങളെഴുതി സ്വയം നീതീകരിക്കുകയും മർസെല്ലുസിൽ സബെല്ലിയനിസം ആരോപിക്കുകയുംചെയ്തു. മർസെല്ലുസിനെ കുററപ്പെടുത്തുന്ന ഒരു കത്തോടുകൂടി മാർസെല്ലുസിന്റെ കൃതി കോൺസ്റ്റൻന്റൈനു്

www.malankaralibrary.com



സമർപ്പിക്കപ്പെട്ടു. 335—ൽ കോൺസ്റ്റൻറിനോപ്പിളിൽ ഒരു സിനഡ്കൂടി. അതിൽവച്ച് മർസെല്ലുസെഴുതിയ ഗ്രന്ഥം തള്ളി ക്കളയപ്പെട്ടു. മർസെല്ലുസിനെ സ്ഥാനഭ്രഷ്ടനാക്കി നാടുകട ത്തി. 340—ൽറോമിൽ പോപ്പ് ജൂലിയസ് വിളിച്ചുകൂട്ടിയ സിന ഡിൽ അത്തനാസ്യോസുമൊപ്പം മർസെല്ലുസ് സംബന്ധിച്ചു. നിഖ്യായിൽസംബന്ധിച്ചചിലർഅവിടെയുണ്ടായിരുന്നു. നിഖ്യാ യിൽ എപ്രകാരം മർസെല്ലുസ് അരിയൂസിനെതിരെ നിന്നു എന്ന വിവരം ആ റോമൻ സിനഡിൽ അവർ വിവരിച്ചു. പാഷണ്ഡതയാരോപണം വന്നിരിക്കുന്നതിനാൽ വിശ്വാസം എഴു തിക്കാണിക്കാൻ മർസെല്ലുസിനോട് ജൂലിയസ് മാർപ്പാപ്പാ ആ വശ്യപ്പെട്ടു. അദ്ദേഹം അവിടെ നൽകിയ വിശ്വാസപ്രമാണം സത്യം വിശ്വാസപ്രഖ്യാപനമായി അംഗീകരിക്കപ്പെട്ടു. മർസെല്ലുസിനെ പോപ്പ് അംഗീകരിച്ചു. സാർദിക്കാസിനഡും (342/3)മാർസെല്ലു സ് കുററമില്ലാത്തവനെന്ന് വിധിച്ചു. എന്നാൽ സെബെല്ലിയൂസി ൻെറയും സാമസോട്ടയിലെ പൗലോസിൻെറയും മൊന്താനുസിൻെറ യും അബദ്ധാഭിപ്രായങ്ങളുടെ ഒരു കൂട്ടിക്കുഴയ്ക്കൽ മർസെല്ലുസി ൻെറ സിസ്റ്റത്തിലുണ്ടെന്ന് സാർദിക്കാ സിനഡ് പ്രഖ്യാപിച്ചു.അ തിനുശേഷം മർസെല്ലുസിനെ തിരികെ പ്രവേശിപ്പിച്ചു.അത് അൻ സിറാസഭയിൽ വലിയ കുഴപ്പങ്ങൾക്ക് കാരണമായി എന്ന് സൊ ക്രാട്ടസും(സഭാ.2, 24) സൊസോമനും(സഭാ. 3,23—24)പറയുന്നു. കു റെവർഷങ്ങൾക്കുശേഷം347—ൽ മർസെല്ലുസ് സ്ഥാനഭ്രഷ്ടനാക്ക പ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തു. 374—ൽ അദ്ദേഹം മരി ച്ചു. 381—ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡ് മർസെ ല്ലുസിനെ പാഷണ്ഡിയായി വിധിച്ചു.

## കൃതികൾ

മർസെല്ലുസിനെ കീർത്തിമാനാക്കിയതും പ്രശ്നങ്ങൾ ക്കൊക്കെ കാരണമാക്കിയതും അസ്റ്റേരിയൂസിനെതിരായ കൃതിയാ ണ്. നിർഭാഗ്യവശാൽ ആ കൃതി നമുക്ക് ലഭിച്ചിട്ടില്ല.; പേരു പോലും നമുക്കറിയില്ല. മർസെല്ലുസിനെതിരായി എവുസേ ബിയസ് എഴുതിയ കൃതിയിൽ 127 ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. എപ്പിഫാനിയസിൽ കുറെ ഭാഗങ്ങളുണ്ട്. അത് ചെസറി യായിലെ അകാചിയൂസ് മർസെല്ലുസിനെതിരായി തയ്യാറാ ക്കിയ പ്രബന്ധമാണ്.

വചനത്തിന് ആരംഭമുണ്ടെന്ന് മർസെല്ലുസ് പഠിപ്പിച്ചില്ല. എന്നാൽ വചനം അവതാരത്തോടുകൂടിയാണ് പുത്രനായി തീർന്ന ത് എന്നു പഠിപ്പിച്ചതായി തോന്നുന്നു. 'വചനം പിതാവിനോടു കൂടെ സത്തയിൽ സമനാണെങ്കിലും, അവൻ ജനിച്ചവനല്ല, വ്യക്തിയുമല്ല. ദൈവമനുഷ്യനായ ക്രിസ്തു മാത്രമത്രേ വ്യക്തി

www.malankaralibrary.com



ത്വമുള്ളവൻ. അവനെ മാത്രമേ ദൈവപുത്രനായി നാം അറിയുന്നുള്ളു. അവൻ മാത്രമാകുന്നു ദൈവസുതൻ. അവതാരത്തിനു മുൻപ് ഒരു ദൈവസുതനില്ല.' ഇക്കാരണങ്ങളാലാണ് എവുസേബിയസ് മർസെല്ലൂസിനെ കുററപ്പെടുത്തിയത്.

'വിശ്വാസപ്രഖ്യാപനം 'എന്ന പ്രബന്ധം സത്യവിശ്വാസകൃതിയാണ്. എപ്പിഫാനിയസ് തൻെറ കൃതിയിൽ 'മർസെല്ലിയർ' എന്ന അദ്ധ്യായത്തിനൊരാമുഖമായി ഇതു കൊടുക്കുന്നുണ്ട് (പാഷ. 72,2–3).

ഇവയ്ക്കു പുറമേ മററനേകം കൃതികളും മർസെല്ലൂസ് രചിച്ചിട്ടുണ്ട്. ആരിയൻ പാഷണ്ഡതയ്ക്കെതിരായി വാല്യങ്ങൾ തന്നെ രചിച്ചതായി ജറോം സാക്ഷിക്കുന്നു (മഹത്. 86). എന്നാൽ അവയൊന്നും നമുക്കു കിട്ടിയിട്ടില്ല.

## 5. അൻസീറായിലെ ബേസിൽ

മർസെല്ലൂസിനെ സ്ഥാനഭ്രഷ്ടനാക്കിയ കോൺസ്റ്റാൻറിനോപ്പിൾ സിനഡ് (335) ഒരു ബേസിലിനെ മെത്രാനായി നിയമിച്ചു. അദ്ദേഹം ഒരു വൈദ്യനും വലിയ പ്രസംഗകനും പണ്ഡിതനുമായിരുന്നത്രേ (സൊസൊമൻ, സഭാ.2,33).

358–ൽ അൻസീറായിൽ കൂടിയ സിനഡിനു ശേഷം ബേസിൽ എല്ലാ മെത്രാന്മാർക്കുമായി ഒരു കത്തയച്ചു. ആ സിനഡിൽ 'ഹോമോഉസിയോസ്'' (സമസത്ത) എന്ന വാക്ക് തള്ളിക്കളഞ്ഞു. പുത്രന് പിതാവിനോട് സത്താപരമായ സാദൃശ്യം ഉണ്ടെന്ന് അംഗീകരിക്കാത്തവരെയെല്ലാം അതിൽ ശപിക്കുകയും ചെയ്തിരുന്നു. ബേസിൽ 'സെമി–ആരിയർ' അഥവാ 'ഹൊമൊയ് ഉസിയൻ' കക്ഷിയുടെ നേതാവായി. സെബാസ്തയിലെ എവുസ്താത്യോസ്, സിസിക്കുസിലെ എലെവുസിയൂസ് എന്നിവരുംഈ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. മൂവരുംകൂടി മൂന്നാം സിർമിയൻ ഫോർമുല എന്നറിയപ്പെടുന്ന'ഹോമോയ്ഉസിയൻ പ്രമാണം' (Homoiousian Creed) രാജാവിനെക്കൊണ്ടംഗീകരിപ്പിച്ചു. വിവിധ ആരിയൻ മെത്രാന്മാരെ യോജിപ്പിക്കുന്നതിനുവേണ്ടി ഒരു പൊതു സിനഡ് വിളിച്ചു കൂട്ടുവാൻ വേണ്ട ഒരുക്കങ്ങൾ നടത്തുന്നതിനുള്ള ചുമതല ചക്രവർത്തി ബേസിലിനെ ഏൽപിച്ചു. എവിടെ കൂടണമെന്നു ബേസിലാലോചിച്ചുകൊണ്ടിരുന്നപ്പോഴേക്കും 'അനോമയർ' എന്ന ആര്യൻ വിഭാഗക്കാർ രണ്ടു സിനഡ് ഒരേ സമയം കൂടാൻ രാജാവിനോടാവശ്യപ്പെട്ടു. പടിഞ്ഞാറ് റിമിനിയിൽ ഒന്ന്, കിഴക്ക് സെലൂഷ്യയിൽ മറെറാന്ന്.

കോൺസ്റ്റാൻസ്യസ് 359–ൽ സിർമിയത്തു് ഒരു യോഗം വിളിച്ചു കൂട്ടി. രണ്ടു സിനഡുകൾക്കും പൊതുവേ സ്വീകാര്യമായ

www.malankaralibrary.com



ഒരു പ്രമാണം ഉണ്ടാക്കുക എന്നതായിരുന്നു ലക്ഷ്യം. അവിടെ വച്ച് നാലാം സിർമിയൻ ഫോർമുല ഉണ്ടായി. 'ഉസിയാ' എന്ന പദം വേദപുസ്തകാധിഷ്ഠിതമല്ല എന്ന കാരണത്താൽ തള്ളിക്കളയപ്പെട്ടു. അതിനു പകരം 'എല്ലാററിലും സദൃശ്യൻ' ('ഹൊമൊയ്‌ഓസ് കത്ത പാന്ത) എന്ന പ്രയോഗം ചേർത്തു. ബേസിലും ഈ പ്രമാണത്തിൽ ഒപ്പുവച്ചു. 'എല്ലാററിലും സദൃശ്യൻ' എന്നതു് ബേസിൽ വിശദീകരിച്ചു. 'മനസ്സു മാത്രമല്ല, ഹ്യപ്പോസ്റ്റസിസ്, സത്ത, തുടങ്ങിയവയെല്ലാം അതിൽ ഉൾക്കൊള്ളുന്നു. 'ഉസിയാ' വേദപുസ്തകത്തിലില്ലെങ്കിലും അതിൻെറയാശയം വേദപുസ്തകത്തിലുടനീളമുണ്ടു്' എന്നു ബേസിൽ സമർത്ഥിക്കുന്നു. എപ്പിഫാനിയസ് ഈ ഫോർമുല തൻെറ കൃതിയിൽ സൂക്ഷിക്കുന്നു (പാഷ. 73,12_22).

പടിഞ്ഞാറു് റിമിനിയിൽ കൂടിയ സിനഡ് മുകളിൽ പറഞ്ഞ ഫോർമുല അംഗീകരിച്ചില്ല. 'എല്ലാററിലും' (കത്ത പാന്ത) കൂടാതെ, ഹൊമൊയ്‌ഓസ് (സദൃശ്യൻ) മാത്രം എടുത്തു. കിഴക്കു് സെലൂഷ്യയിൽ കൂടിയ സിനഡ് പിണങ്ങിപ്പിരിഞ്ഞു. ബേസിൽ സെബാസ്റ്റെയിലെ എവുസ്‌താത്യോസ്, സിസിക്കുസിലെ എലെവുസിയുസ് എന്നിവർ ചക്രവർത്തിയുടെ പക്കലയയ്ക്കപ്പെട്ടു. 359 ഡിസംബർ 31നു് റിമിനി ഫോർമുലയിൽ ഇവരെക്കൊണ്ടു് ചക്രവർത്തി ഒപ്പുവപ്പിച്ചു. ഇങ്ങനെ 'ഹൊമൊയൻ' രീതിയിലുള്ള ആരിയനിസത്തിനു് എങ്ങും പരിപൂർണ വിജയം സിദ്ധിച്ചു. ഈ സംഭവപരമ്പരകളെയാണു് ജറോം ദുഃഖത്തോടെ നോക്കി പറയുന്നതു്. 'ലോകം മുഴുവൻ ആര്യനായതിൽ ലോകം നെടുവീർപ്പു വിടുകയും അത്ഭുതപ്പെടുകയും ചെയ്യുന്നു' (ലൂസിഫറിനെതിരെ, 19).

അങ്ങനെ 'ഹൊമൊയ്‌ഉസിയൻ' സ്വാധീനം കുറഞ്ഞു. 'ഹൊമൊയൻ' നേതാവു് അകാചിയുസ് ഉയർന്നുവന്നു. 360-ൽ കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ സിനഡിൽ വച്ചു് അകാചിയുസ് ശത്രുക്കളെ സ്ഥാനഭ്രഷ്ടരാക്കി നാടുകടത്തി, അൻസീറയിലെ ബേസിൽ, എവുസ്താത്യോസ്, എലെവുസിയുസ് എന്നിവരതിൽ ഉൾപ്പെടുന്നു. ബേസിലിനെ ഇല്ലീറിയായിലേക്കു് നാടുകടത്തി. 364 നോടടുത്തു് അവിടെ വച്ചു് ബേസിൽ മരിച്ചു.

ബേസിലും ലവഡീഷ്യയിലെ ജോർജും കൂടി തയ്യാറാക്കിയ മുകളിൽ പറഞ്ഞ രേഖമാത്രമല്ല ബേസിലിൻെറ കൃതി. തൻെറ മുൻഗാമിയായ മർസെല്ലുസിനെതിരെ ബേസിൽ ഒരു കൃതിയെഴുതിയതായി ജറോം സാക്ഷിക്കുന്നു (മഹത് 89). കന്യാത്വത്തെപ്പററി ഒന്നു്; പിന്നെ, മററു് പല കൃതികളും. 1905-ൽ കന്യാത്വത്തെപ്പററിയുള്ള കൃതി കവല്ലെരാ തിരിച്ചറിഞ്ഞു. തലക്കെട്ടു്: 'കന്യകകളുടെ യഥാർത്ഥ വിശുദ്ധി'. ഒരു കന്യകയ്ക്കുണ്ടായിരിക്കേണ്ട ഗുണങ്ങളെപ്പററി ഇതിൽ അദ്ദേഹം വിവരിക്കുന്നു; ഒരു വൈ

www.malankaralibrary.com



ദൃനായിരുന്ന ബേസിൽ ശാരീരിക വിശദീകരണങ്ങൾ നടത്തു ന്നുണ്ട്; ഒപ്പം ഒരപ്പോളജിയും. ആഹാരവും ബ്രഹ്മചര്യവും തമ്മി ലുള്ള ബന്ധം വിശദീകരിക്കുന്നതു് വളരെ രസകരമാണു്.

## 6. തിയാനായിലെ എവൃത്തേരിയൂസ്

കപ്പദോച്ചിയായിലെ ദ്രുപതയായ തിയാനായിലെ ആർച്ച്ബിഷപ്പായിരുന്ന എവൃത്തേരിയൂസ്. ആദ്ദേഹം നെസ്തോ റിയൂസിന്റെ ഒരുററസുഹൃത്തായിരുന്നു. 431–ലെ എഫേസൂസ് സൂനഹദോസ് അദ്ദേഹത്തെ സഭാഭ്രഷ്ടനാക്കി. സിറിലും പൗരസ്ത്യ മെത്രാന്മാരും തമ്മിലൊരു ധാരണയുണ്ടാക്കുന്നതിനു് അദ്ദേഹം എതിരായിരുന്നു; ധാരണയുണ്ടാക്കുന്നതിന്റെ പേരിൽ അന്ത്യോ ക്യൻ മെത്രാൻ ജോണിനെ യൂദാസ് എന്നുപോലും വിളിക്കാൻ അദ്ദേഹം മടിച്ചില്ല. 434–ൽ എവൃത്തേരിയൂസ് സ്ഥാനഭ്രഷ്ട നാക്കപ്പെട്ടകയും പലസ്തീനയിലെ ഷിത്തോപ്പൊലീസിലേക്കും അവിടെ നിന്നു ഫിനീഷ്യയിലെ ടയറിലേക്കും നാടുകടത്തപ്പെട്ട കയും ചെയ്തു, അദ്ദേഹം എന്നു മരിച്ചു എന്നു കൃത്യമായി പറ യാൻ സാധ്യമല്ല.

### കൃതികൾ

1. നിരവധി പ്രമേയങ്ങളുടെ ഖണ്ഡനം

അത്തനാസ്യോസിന്റേയും സൈറസിലെ തിയഡൊറെററി ന്റേയും കൃതികളുടെ കൂട്ടത്തിൽ എവൃത്തേരിയൂസിന്റെ ഈ കൃതി കിട്ടിയിട്ടുണ്ട് 431–ൽ എഴുതിയതാണിതു്. ഇരുപത്തൊന്നോ ഇരുപത്തിരണ്ടോ അദ്ധ്യായങ്ങളുണ്ടായിരുന്നു. ഇതു തിയഡൊ റെറെറഴുതിയതാണെന്നാണു് ഫോസിയൂസ് ധരിച്ചിരുന്നതു്. 27 അദ്ധ്യായങ്ങളുണ്ടെന്നു് ഫോസിയൂസ് പറയുന്നു (ബിബ്ളി. കോ. 46). എന്നാൽ 7 മുതൽ 27 വരെ അദ്ധ്യായങ്ങൾ മാത്രമേ എവൃത്തേരിയൂസിന്റെ കൃതിയുള്ളൂ. ഒന്നു മുതൽ ആറുവരെയുള്ളവ തിയഡൊറെററിന്റെ 'പെൻറലോഗ്ഗസ്' എന്ന കൃതിയുടെ ഭാഗ മാണു്.

2. കത്തുകൾ

വളരെ മോശമായ ലത്തീൻ വിവർത്തനത്തിൽ അഞ്ചു കത്തുകൾ കിട്ടിയിട്ടുണ്ട്. അവ അന്ത്യോക്യയിലെ യോഹന്നാൻ, തർസോസിലെ ഹെല്ലാഡിയൂസ്, ഹിയെരാപ്പൊളീസിലെ അലക്സാണ്ഡർ, സൈറസിലെ തിയഡൊറെററ്, റോമിലെ സിക്സ്റ്റസ് മൂന്നാമൻ എന്നിവർക്കു് എഴുതിയവയാണു്.

www.malankaralibrary.com



## 7. കോൺസ്റ്റാൻറിനോപ്പിളിലെ പ്രോക്ളസ്

നെസ്തോറിയുസിൻെറ രണ്ടാം പിൻഗാമിയാണ് പ്രോക്ളസ്. 438–ൽ അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായി. 438–ൽ ജോൺ ക്രീസോസ്തോമിൻെറ ശരീരം ആഘോഷപൂർവം കോൺസ്റ്റാൻറിനോപ്പിളിൽ കൊണ്ടുവരികയും വിശുദ്ധ ശ്ലീഹന്മാരുടെ പള്ളിയിൽ സംസ്കരിക്കുകയും ചെയ്തതു പ്രോക്ളസാണ്.

426–ൽ പ്രൊപോൺതിസിലെ സിസിക്കുസ് എന്ന രൂപതയുടെ ആർച്ചുബിഷപ്പായി പ്രോക്ളസ് നിയമിതനായി. എന്നാൽ രൂപതാഭരണം ഏറ്റെടുക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. അതുകൊണ്ടു കോൺസ്റ്റാൻറിനോപ്പിളിൽത്തന്നെ താമസിച്ചു. വലിയ പ്രസംഗകൻ എന്ന പേരെടുത്തു. 428 ലോ 429 ലോ നെസ്തോറിയുസിൻെറ സാന്നിദ്ധ്യത്തിൽ കന്യകമറിയാമിനെ 'ദൈവമാതാവ്' എന്നു വിളിച്ചുകൊണ്ടു അദ്ദേഹം വളരെ ഗംഭീരമായൊരു പ്രസംഗം ചെയ്തു. പിന്നീടുണ്ടായ തർക്കങ്ങളിലാകട്ടെ എഫേസൂസ് സൂനഹദോസിലാകട്ടെ, പ്രോക്ളസ് സജീവഭാഗഭാഗിത്വം വഹിച്ചില്ല. എന്നാൽ എഫേസിയൻ പ്രബോധനം കോൺസ്റ്റാൻറിനോപ്പിളിൽ സ്വീകരിക്കുന്നതിലും 433–ൽ സിറിലും പൗരസ്ത്യമെത്രാന്മാരും തമ്മിലുണ്ടാക്കിയ ഐക്യമുറപ്പിക്കുന്നതിലും പ്രോക്ളസ് നല്ലൊരു പങ്കുവഹിച്ചു.

### കൃതികൾ

(i) പ്രസംഗങ്ങൾ

പ്രോക്ളസ് പ്രഭാഷണകല നന്നായി അഭ്യസിച്ച് പ്രസംഗിച്ചിരുന്നു എന്ന് തുടരെത്തുടരെ സൊക്രാട്ടസ് പറയുന്നു (സഭാ. 7, 28; 41:43). അഞ്ചാം നൂററാണ്ടിൽ ഗ്രീക്കു സഭയിലെ ഒന്നാം നിര പ്രഭാഷകരിൽ ഒരുവനായിരുന്നു പ്രോക്ളസ്. കോൺസ്റ്റാൻറിനോപ്പിറം സിംഹാസനത്തിൽ ക്രിസസ്തോമിൻെറ യഥാർത്ഥ പിൻഗാമിയുമായിരുന്നു. ഏതാണ്ട് 27 ഹോമിലികൾ പ്രോക്ളസിൻെറ പേരിൽ അറിയപ്പെടുന്നു. അവയിൽ ചിലതിനെപ്പററി പണ്ഡിതന്മാർ സംശയം പ്രകടിപ്പിക്കുന്നു. മൂന്നെണ്ണം സുറിയാനി വിവർത്തനത്തിൽ മാത്രമേ അവശേഷിച്ചിട്ടുള്ളു. കർത്താവിൻെറ തിരുനാളുകളോട് അനുബന്ധിച്ച് ചെയ്ത പ്രസംഗങ്ങളാണ് മിക്കവയും. ജനനം, നാമകരണം, ദനഹാ, തേജസ്ക്കരണം, ഓശാന, ഉയിർപ്പ് ആദിയായവ.

പ്രോക്ളസിൻെറ നിരവധി പ്രസംഗങ്ങൾ ഇനിയും കണ്ടുപിടിച്ച് പ്രസിദ്ധീകരിക്കേണ്ടിയിരിക്കുന്നു. പലതും മററു പ്രശ

www.malankaralibrary.com



സ്തരായ സഭാപിതാക്കളുടെ പേരിലാണിപ്പോഴും അറിയപ്പെടുന്നതു്. പ്രോക്കളുസിൻെറ മിക്ക പ്രസംഗങ്ങളും ദൈവശാസ്ത്ര വിഷയങ്ങൾ, പ്രത്യേകിച്ച് തിരുഅവതാരം, ചർച്ച ചെയ്യുന്നവയത്രേ. മൂന്നാം ഹോമിലിയിൽ അദ്ദേഹം പറയുന്നു: 'ഒരു പുത്രനേയുള്ളു. രണ്ടു സ്വഭാവങ്ങൾ രണ്ടാളുകളിലായി പിച്ചിച്ചീന്തപ്പെട്ടില്ല. എന്നാൽ ആരാധ്യമായ രക്ഷാകരപദ്ധതി രണ്ടു സ്വഭാവങ്ങളെയും ഒരു വ്യക്തിയിൽ ഒന്നിക്കുന്നു.' ഈ വാക്യം ഗ്രീക്കു് സഭാപിതാക്കന്മാർ തുടരെത്തുടരെ ഉദ്ധരിക്കുന്നതു് പില്ക്കാലങ്ങളിൽ കാണാൻ സാധിക്കും. ഗ്രീക്കു്, സുറിയാനി, കോപ്റ്റിക് ഭാഷകളിൽ ഈ ഹോമിലി നമുക്കു് കിട്ടിയിട്ടുണ്ടു്.

## 2. കത്തുകൾ

ഏഴു കത്തുകൾ നമുക്കു് കൈവന്നിട്ടുണ്ടു്. അവ ഏഴും നെസ്റ്റോറിയൻ തർക്കത്തെ പരാമർശിച്ചുള്ളതാണു്. രണ്ടാമത്തേതു് ഏററം പ്രസിദ്ധമാണു്. അർമേനിയർക്കുള്ള ലേഖനം (Tomus ad Armenos) എന്ന പേരിൽ അറിയപ്പെടുന്നു. 'രണ്ടു സ്വഭാവവും ഏകവ്യക്തിത്വവും സംബന്ധിച്ചാണീ കത്തു്. മൊപ്സുവെസ്ത്യായിലെ തിയഡോറിനെതിരായുള്ള ഈ കത്തു ഡയനീഷ്യസ് എക്സീഗുസ് എന്ന എഴുത്തുകാരൻെറ ലത്തീൻ വിവർത്തനത്തിലൂടെയും നമുക്കു് കിട്ടിയിട്ടുണ്ടു്. തിയഡോറിൻെറ പേരു് എടുത്തു പറയുന്നില്ലെങ്കിലും ഉദ്ദേശിച്ചിരിക്കുന്നതു് തിയഡോറിനെയാണു്.

മററു് ആറു കത്തുകളും ലത്തീൻ വിവർത്തനങ്ങളിലേയുള്ളു. പലതും വെട്ടിമുറിച്ച രീതിയിലാണു് എഴുതിച്ചേർത്തിരിക്കുന്നതു്. നാലാം കത്തിലൊരു പ്രസിദ്ധ വാക്യമുണ്ടു്: 'ത്രിത്വത്തിലൊരാൾ ശരീരപ്രകാരം ക്രൂശിക്കപ്പെട്ടു.' ഇതു പില്ക്കാല ഘട്ടത്തിൽ വലിയ ശബ്ദകോലാഹലത്തിനു ഹേതുവായി. ഈ വാക്യം പ്രോക്കളുസിൻേറതല്ല എന്ന അഭിപ്രായമാണു് പണ്ഡിതന്മാർക്കു് ഇപ്പോഴുള്ളതു്.

ആറു കത്തുകൾ, അന്ത്യോക്യയിലെ യോഹന്നാൻ, ദോമ്നുസ്, ഡീക്കൻ മാക്സിമൂസ് എന്നിവർക്കയച്ചവയാണു്.

പ്രോക്കളുസിൻെറ കത്തുകളെ സംബന്ധിച്ചു് വിശദപഠനങ്ങൾ ആവശ്യമാണു്. പലതും ഒരുപക്ഷെ മററു് സഭാപിതാക്കന്മാരുടെ കൃതികളുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരിക്കയാകാം. അതുപോലെ പ്രോക്കളുസിൻെറ പേരിൽ അറിയപ്പെടുന്ന ചില കത്തുകൾ അദ്ദേഹത്തിൻേറതല്ല എന്നും സംശയിക്കപ്പെടുന്നു.

www.malankaralibrary.com



## 8. കോൺസ്റ്റാൻറിനോപ്പിളിലെ ജന്നാഡിയൂസ്

ക്രി. വ. 458 മുതൽ 471 വരെ ജന്നാഡിയൂസ് കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായിരുന്നു. മർസെയിൽസിലെ ജന്നാഡിയൂസ് താഴെപ്പറയുന്നപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു (മഹത് 89): 'കോൺസ്റ്റാൻറിനോപ്പിൾ സഭയിലെ പാത്രിയർക്കീസായ ജന്നാഡിയൂസ് പ്രസംഗത്തിൽ സമർത്ഥനും, ബുദ്ധിശക്തിയിൽ മികച്ചവനുമായിരുന്നു. പിതാക്കന്മാരുടെ കൃതികൾ വായിച്ചു നല്ല വിജ്ഞാനം സമ്പാദിച്ചു. ദാനിയേലിൻെറ പുസ്തകം പദാനുപദമെടുത്ത് വ്യാഖ്യാനിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മററനേകം ഹോമിലികളും അദ്ദേഹം എഴുതിയിട്ടുണ്ട്. ലെയോ ചക്രവർത്തിയുടെ കാലത്ത് അദ്ദേഹം മരിച്ചു.'

എന്നാൽ മേല്പറഞ്ഞ കൃതികളൊന്നും നമുക്ക് കിട്ടിയിട്ടില്ല. ഇവയ്ക്കു പുറമെ, ഉല്പത്തി, പുറപ്പാട്, സങ്കീർത്തനം, പൗലോസിൻെറ ലേഖനങ്ങൾ എന്നിവയ്ക്കെല്ലാം ജന്നാഡിയൂസ് ഭാഷ്യങ്ങളെഴുതി. 'കത്തേന' കളിൽ ചില ഭാഗങ്ങൾ മാത്രമേ നമുക്ക് കിട്ടിയിട്ടുള്ളു. ഭാഷ്യകൃതികളെപ്പോലെ താത്വികകൃതികളും നഷ്ടപ്പെട്ടു. 'സിറിലിൻെറ പന്ത്രണ്ട് ശാപങ്ങൾ'ക്കെതിരെ ഇദ്ദേഹം ഒരു കൃതി എഴുതിയെന്ന് ഹെർമിയാനെയിലെ ഫക്കൻഡ്രസ് പറയുന്നു.

നെസ്തോറിയൂസിൻെറ ഒരു അനുഗാമിയായിരുന്ന പാർത്തേനിയൂസ് എന്ന ആളിനെ അഭിസംബോധന ചെയ്ത് ഒരു കൃതി എഴുതി. ഈ കൃതിയിൽ നിന്ന് വിശുദ്ധ ജോൺ ഡമഷേൻ ഉദ്ധരിക്കുന്നു.

ലെയോ മാർപ്പാപ്പായുടെ 'തോമൂസിനു'' ജന്നാഡിയൂസ് ഒരു 'എൻകോമിയം' എഴുതി. ജന്നാഡിയൂസ് കാൽസിഡോൺ പൂർണ്ണമായി അംഗീകരിച്ചിരുന്നു എന്ന് രേഖാശകലങ്ങളിൽ നിന്ന് തെളിയുന്നു. ജന്നാഡിയൂസ് എഴുതിയ 'സാർവത്രിക ലേഖനം' എന്നൊരു കൃതിപൂർണ്ണമായി നമുക്ക് കൈവന്നിട്ടുണ്ട്. 458 ലോ 459 ലോ കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ ഒരു സിനഡിൽ നിന്നുള്ള കത്താണിത്.

471–ൽ ജന്നാഡിയൂസ് മരിച്ചു. അദ്ദേഹത്തിൻെറ പിൻഗാമിയായി അകാചിയൂസ് കോൺസ്റ്റാൻറിനോപ്പിളിൽ പാത്രിയർക്കീസായി. 'അകാചിയൻശീശ്മ' എന്നറിയപ്പെടുന്ന പിളർപ്പ് ഇദ്ദേഹത്തിൻെറ കാലത്താണ് ഉദ്ഭവിച്ചത്. റോമും കോൺസ്റ്റാൻറിനോപ്പിളും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ട്

www.malankaralibrary.com



518 വരെ ശീശ്മ നിലനിന്നു. 518-ൽ ജസ്റ്റിൻ ചക്രവർത്തി അധികാരത്തിൽ വന്നപ്പോൾ ശീശ്മ അവസാനിച്ചു. പൗരസ്ത്യ സഭ ജന്നാഡിയൂസിനെ ഒരു വിശുദ്ധനായി കരുതുന്നു.

## 9. സെലൂഷ്യയിലെ ബേസിൽ

ഇസൗറിയയിലെ സെലൂഷ്യയുടെ മെത്രാനായിരുന്ന ബേസിൽ. 440-ൽ മെത്രാനായി. 451-ലെ കാൽസിഡോൺ സൂനഹദോസിലേക്കു നയിച്ച സംഭവങ്ങളിൽ ബേസിൽ വളരെ വിചിത്രമായ ഒരു പങ്കുവഹിച്ചു. 448-ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡിൽ ഏകസ്വഭാവവാദത്തിനെതിരെ വോട്ടുചെയ്തു. 449-ലെ രണ്ടാം എഫേസോസ് സിനഡിൽ എവുത്തിക്കൂസിനെ പിൻതാങ്ങി, 451-ലെ കാൽസിഡോൺ സൂനഹദോസിൽ ലെയോ മാർപാപ്പായുടെ ലേഖനത്തെ അംഗീകരിച്ചു. 458-ൽ മററ് ഇസൗറിയൻ മെത്രാന്മാരോടൊപ്പം ലെയോ ഒന്നാമൻ ചക്രവർത്തിക്ക് ഒരു കത്തയച്ചു. കാൽസിഡോൺ തീരുമാനങ്ങൾ നടപ്പാക്കണമെന്നും തിമോത്തി എന്ന ഏകസ്വഭാവ പാത്രിയർക്കീസിനെ അലക്സാണ്ഡ്രിയയിൽനിന്ന് സ്ഥാനഭ്രഷ്ടനാക്കണമെന്നുമായിരുന്നു കത്തിൻെറ സാരം. ഒരു ലത്തീൻ വിവർത്തനത്തിൽ ഈ കത്തും ബേസിലിൻെറ ഒപ്പും ഉണ്ട്.

### കൃതികൾ

ക്ലാസ്സിക്കൽ സാഹിത്യത്തിലും പ്രഭാഷണ കലയിലും ബേസിലിന് നല്ല ജ്ഞാനമുണ്ടായിരുന്നു എന്ന് നമുക്കു കിട്ടിയിട്ടുള്ള കൃതികൾ തെളിയിക്കുന്നു. ഉപമകളും അലങ്കാരങ്ങളും ധാരാളമായി ഉപയോഗിച്ചിരുന്നു. മഹാനായ ബേസിലിൻെറയും ക്രിസോസ്തോമിൻെറയും സ്വാധീനം ഇദ്ദേഹത്തിൻെറ ഭാഷ്യങ്ങളിൽ കാണാം എന്ന് ഫോസിയസ് രേഖപ്പെടുത്തിയിരിക്കുന്നു.

### പ്രസംഗങ്ങൾ

പതിനഞ്ച് ഹോമിലികളെപ്പററി ഫോസിയുസ് പറയുന്നു; ഇവയ്ക്കു പുറമേ മററു കൃതികളെപ്പററിയും പറയുന്നുണ്ട്. മിക്കവാറും പ്രസംഗങ്ങൾ ആയിരിക്കാം. എന്നാൽ അവയെല്ലാം ബേസിലിൻെറയല്ല എന്നാണ് സൂക്ഷ്മനിരീക്ഷണം ചെയ്ത പണ്ഡിതന്മാർ പറയുന്നത്. ശേഷിച്ചവ ബൈബിൾ ഭാഗങ്ങളെ ആധാരമാക്കിയുള്ള ചർച്ചകളാണ്. സംഭവങ്ങൾ വളരെ നാടകീയമായി അവതരിപ്പിക്കുന്നതിലും ബൈബിൾ വ്യക്തികളെക്കൊണ്ട് സംസാരിപ്പിക്കുന്നതിലും ബേസിൽ താൽപ്പര്യം കാണിച്ചിരുന്നു.

www.malankaralibrary.com



ആറാം നൂററാണ്ടിലെ ഗ്രീക്ക് ഗീതരചയിതാവായ റൊമാനോസിനു 'കൊൻറാക്കിയ' രചിക്കാൻ ബേസിലിൻെറ രീതി പ്രേരണ നൽകി.

മററു സഭാപിതാക്കന്മാരുടെ കൃതികൾക്കിടയിൽ ബേസിലിൻെറ കൃതികൾ മറഞ്ഞു കിടപ്പുണ്ട്. അവ സൂക്ഷ്മ നിരീക്ഷണം ചെയ്ത് പ്രസിദ്ധീകരിക്കേണ്ടിയിരിക്കുന്നു.

## 10. മെത്തോഡിയൂസ്

സഭാചരിത്രകാരനായ എവുസേബിയസ് മെത്തോഡിയൂസിനെപ്പററി സൂചിപ്പിക്കുന്നതേയില്ല. അതുകൊണ്ട് അദ്ദേഹത്തിൻെറ ജീവിതത്തെപ്പററി വളരെ കുറച്ചു സംഗതികളെ നമുക്ക് അറിവുള്ളു. മാസിഡോണിയായിലെ ഫിലിപ്പി നഗരത്തിലെ മെത്രാനായിരുന്നു അദ്ദേഹം എന്നു കരുതുന്നവരുണ്ട്. എന്നാൽ ലീസിയായിൽ ദീർഘകാലം താമസിക്കാൻ ഇടയായതിനാൽ അവിടെയുള്ള ഒളിംപുസിലെ മെത്രാനായി അദ്ദേഹം അറിയപ്പെട്ടു. എവുബേയാ (Euboea) യിലെ കാൽചിസിൽ വച്ച് 311—ൽ മെത്താഡിയൂസ് രക്തസാക്ഷിയായി മരിച്ചു.

പണ്ഡിതനും ശ്രേഷ്ഠനുമായ ഒരു ദൈവശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. ഒരിജൻെറ ഒരു വലിയ എതിരാളിയായി അദ്ദേഹത്തെ കണക്കാക്കാം. ആത്മാക്കളുടെ മുൻസ്ഥിതി, ഗോളാകൃതിയിലുള്ള ഉത്ഥാനം (spherical resurrection) ആദിയായ ഒരിജനിസ്റ്റ് ആശയങ്ങളെ അദ്ദേഹം ഖണ്ഡിച്ചു. കൃതികളിൽ വളരെ കുറച്ചു മാത്രമേ നമുക്ക് കൈവന്നിട്ടുള്ളു.

### കൃതികൾ

(1) സദ്യ അഥവാ കന്യാത്വത്തെപ്പററി

പ്ളേറേറായുടെ ഒരു വലിയ ആരാധകനായിരുന്ന മെത്തോഡിയൂസ് പ്ളേറേറായെ അനുകരിച്ച് സംഭാഷണ രീതിയിലാണ് ഈ കൃതി രചിച്ചിരിക്കുന്നത്. പത്തു കന്യകകൾ കന്യാത്വത്തിൻെറ ഔന്നത്യത്തെ പാടിപുകഴ്ത്തുന്നു. ഏററം ശ്രേഷ്ഠമായ ക്രിസ്തീയ ജീവിതമായി കന്യാത്വത്തെ അവർ ഉയർത്തിക്കാട്ടുന്നു. അവസാനം തെക്ലാ എന്ന കന്യക വരനായ ക്രിസ്തുവിനോടും വധുവായ സഭയോടും ഒരു ഗീതം പാടുന്നു.

ഒരിജൻെറ 'ഉത്തമഗീതഭാഷ്യ'ത്തോടു വളരെ അടുത്തുവരുന്ന വ്യാഖ്യാനരീതിയാണ് ഈ കൃതിയിൽ മെത്തോഡിയൂസ് സ്വീക

www.malankaralibrary.com



രിച്ചിരിക്കുന്നത്. ഈ കൃതി രചിച്ച കാലത്ത് അദ്ദേഹം ഒരിജന്റെ ആരാധകനായിരുന്നു എന്ന് ജറോം സാക്ഷിക്കുന്നു.

(2) സ്വാതന്ത്ര്യമനസ്സിനെപ്പററി

മനുഷ്യന്റെ സ്വാതന്ത്ര്യമനസ്സാണ് തിന്മയ്ക്കു കാരണം. തിന്മ ദൈവത്തിൽനിന്നല്ല; അതു നിത്യമല്ല, സൃഷ്ടിക്കപ്പെടാത്തതല്ല. 'അനന്തമായി വന്നുകൊണ്ടിരിക്കുന്ന ലോകങ്ങളുടെ പരമ്പര' എന്ന ഒരിജനിസ്റ്റ് ആശയം അദ്ദേഹം സ്വീകരിക്കുന്നില്ല. ഈ കൃതി ഗ്നോസ്റ്റിക്കുകളുടെ ദ്വൈതവാദത്തിനെതിരായി എഴുതപ്പെട്ടതാണ്. ഇതും സംഭാഷണ ശൈലിയിലാണ്.

(3) ഉയിർപ്പിനെപ്പററി

ഉത്ഥാനത്തെപ്പററി ഒരിജനുണ്ടായിരുന്ന ആശയങ്ങളെ എതിർക്കുകയാണ് മെത്തോഡിയൂസ് മൂന്നു വാല്യങ്ങളുള്ള ഈ കൃതിയിൽ. ആത്മാക്കളുടെ മുൻസ്ഥിതി എന്ന ആശയം ഇവിടെയും തള്ളിക്കളയുന്നു. ശരീരം ആത്മാവിന്റെ തടവറയാണ് എന്ന ആശയം തെററാണെന്ന് അദ്ദേഹം കരുതുന്നു.

മററു നിരവധി കൃതികളും മെത്തോഡിയൂസിന്റെതായി അറിയപ്പെടുന്നു. അത്തരത്തിൽപെട്ടവയാണ് 'പൊർഫീരിക്കെതിരെ', 'ജീവിതത്തെപ്പററിയും ബൗദ്ധികവ്യാപാരങ്ങളെപ്പററിയും'. ഒന്നിലേറെ വ്യാഖ്യാനകൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. അവയൊക്കെ നഷ്ടപ്പെട്ടുപോയി. ചില ശകലങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളു. അവയും വിവർത്തനങ്ങളിൽ മാത്രം.

## 11. ഇക്കോണിയത്തിലെ ആംഫിലോക്കിയൂസ്

കപ്പദോചിയൻ പിതാക്കന്മാരുടെ കൃതികളിൽനിന്നാണ് ആംഫിലോക്കിയൂസിനെപ്പററി ഏററം കൂടുതലായി നാമറിയുന്നത്. അവർ ജന്മസുഹൃത്തുക്കളായിരുന്നു. 'പരിശുദ്ധാത്മാവിനെപ്പററി' എന്ന കൃതി ബേസിൽ അദ്ദേഹത്തിന് സമർപ്പിച്ചു. ഗ്രിഗറി നസ്യാൻസൻ മിക്കവാറും അദ്ദേഹത്തിന്റെ ചാർച്ചക്കാരനാകാനാണിട. 340 നും 345 നും ഇടയ്ക്ക് കപ്പദോചിയയിലെ ദിയോചെസാറിയായിൽ ജനിച്ച ആംഫിലോക്കിയൂസ് അന്ത്യോക്യയിൽ ലിബാനൂസിന്റെ ക്ലാസ്സുകൾ കേട്ടു. 364 നോടടുത്ത് കോൺസ്റ്റാൻറിനോപ്പിളിൽ ഒരഭിഭാഷകനായി. ആറു വർഷങ്ങൾക്കുശേഷം പൊതുജീവിതത്തിൽനിന്ന് പിൻവാങ്ങി, സ്വന്തനഗരത്തിലെത്തി. ഒരു സന്യാസിയായി ജീവിക്കാനദ്ദേഹം ആഗ്രഹിച്ചു. എന്നാലതു സാധിച്ചില്ല. കാരണം 374-ൽ ബേസിൽ അദ്ദേഹത്തെ ഇക്കോണിയത്തിലെ മെത്രാനായി വാഴിച്ചു.

www.malankaralibrary.com



ആംഫിലോക്കിയൂസ് വളരെയധികം വൈമുഖ്യത്തോടെയാണ് ഈ സ്ഥാനമേറെറടുത്തത്. ബേസിൽ പറയുന്നു: 'ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു. അവൻ ഓരോ തലമുറയിലും തനിക്കു പ്രിയരായവരെ തിരഞ്ഞെടുക്കുന്നു. തൻെറ തിരഞ്ഞെടുപ്പിൻെറ പാത്രങ്ങളെ വെളിപ്പെടുത്തുന്നു. തൻെറ വിശുദ്ധരുടെ സേവനത്തിനായി അവരെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. രക്ഷപ്പെടാൻ പ്രയാസമായ തൻെറ കൃപാവരത്തിൻെറ വലയിൽ അവൻ നിന്നെ കുടുക്കി. നീ സമ്മതിക്കുന്നതുപോലെ ഞങ്ങളിൽനിന്നല്ല ഞങ്ങൾ വഴിവിളിച്ച അവനിൽനിന്ന് രക്ഷപ്പെടാനായിരുന്നു നീ പരിശ്രമിച്ചത്; അവൻ നിന്നെ പിസീദിയായുടെ മധ്യത്തിലേക്ക് കൊണ്ടുവന്നു; കർത്താവിനായി ആളുകളെ ചേർക്കുവാനും പിശാചിൻെറ ദാസ്യത്തിൽ പെട്ടവരെ വിടുവിക്കുവാനും, ആഴത്തിൽനിന്ന് പ്രകാശത്തിലേക്ക് തൻെറ ഹിതാനുസരണം നയിക്കാനും തന്നെ (ലേഖ. 161).

ആംഫിലോക്കിയൂസ് വളരെ വിജയകരമായി തൻെറ രൂപതയെ ഭരിച്ചു. എല്ലായിടത്തും ക്രമവും ചിട്ടയും കൊണ്ടുവന്നു. അങ്ങനെ ബേസിലിൻെറ തിരഞ്ഞെടുപ്പ് വിജയിച്ചു. ആരിയൻ, മെസ്സാലിയൻ, എൻക്രത്തീത്ത വിഭാഗക്കാർക്കെതിരായി പ്രസംഗങ്ങളും കൃതികളും വഴി സത്യവിശ്വാസം ഉയർത്തിക്കാട്ടി. 381_ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡിലെ തലയെടുപ്പുള്ള ഒരു സഭാനേതാവായി ആംഫിലോക്കിയൂസ് വർത്തിച്ചു.

391_ൽ സൈഡിൽവച്ചുകൂടിയ സിനഡിൽ അധ്യക്ഷനായിരുന്നു. മെസ്സാലിയൻ ഗ്രൂപ്പുകാരെ സഭയിൽനിന്ന് മുടക്കി.

394_ൽ കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ സിനഡിലാണ് ഇദ്ദേഹം ഏററം അവസാനമായി സംബന്ധിക്കുന്നത്. ഈ സിനഡ് ബോസ്ട്രായിലെ മെത്രാൻ പിൻതുടർച്ച സംബന്ധിച്ച് അന്ത്യതീരുമാനമെടുക്കാനാണ് കൂടിയത്. മരിച്ച വർഷം അജ്ഞാതമാണ്.

## കൃതികൾ

അഞ്ചാം നൂററാണ്ടുമുതലുള്ള കൺസീലിയർ നടപടികളിലും പിതാക്കന്മാരുടെ കൃതികളിലും ആധികാരികമായി ആംഫിലോക്കിയൂസിനെ ഉദ്ധരിക്കുന്നുണ്ടെങ്കിലും മററു കപ്പദോചിയൻ പിതാ

www.malankaralibrary.com



ക്കന്മാരുടെ കൃതികൾ സംരക്ഷിക്കപ്പെട്ടതുപോലെ ഇദ്ദേഹത്തിൻെറ കൃതികൾ സംരക്ഷിക്കപ്പെട്ടില്ല. പലതിൻെറയും പേരുകൾ മാത്രമേ നമുക്കറിയൂ.

(1) സിനൊഡിക്കൽ ലേഖനം

ഇതു് പൂർണമായി നമുക്കു് കിട്ടിയിട്ടുണ്ടു്. 376-ൽ ഇക്കോണിയത്തിൽ കൂടിയ സിനഡ് ലിസിയ രൂപതയിലെ മെത്രാന്മാർക്കു് ഒരു സിനൊഡൽ ലേഖനമയക്കാൻ ആംഫിലോക്കിയൂസിനെ അധികാരപ്പെടുത്തി. 'പ്നെവുമാത്തോമാക്കോയ്' ഗ്രൂപ്പുകാർക്കെതിരെ പരിശുദ്ധാത്മാവിൻെറ ദൈവത്വവും സത്തയിലുള്ള സമത്വവും ആവർത്തിച്ചുറപ്പിക്കയാണു് ഈ കത്തിൽ. ഒരു വർഷം മുമ്പു് ബേസിൽ പരിശുദ്ധാത്മാവിനെ സംബന്ധിച്ചെഴുതിയ കൃതിയുടെ പശ്ചാത്തലത്തിലാണു് ഇതു്.

(2) അപ്പൊതാക്'തിത്തെസിനും ഗെമെല്ലിത്തർക്കുമെതിരെ

ഒരു കോപ്'ററിക് വിവർത്തനത്തിലേ ഈ താക്കിക കൃതി അവശേഷിക്കുന്നുള്ളു. ആമുഖവും ഉപസംഹാരവും തലക്കെട്ടും ഗ്രന്ഥകർത്താവിൻെറ പേരും കൃതിയിലില്ല. എന്നാൽ 373 നും 381 നും ഇടയ്ക്കു് ആംഫിലോക്കിയൂസാണു് ഇതെഴുതിയതെന്നു് ഫിക്കെർ എന്ന പണ്ഡിതൻ സമർത്ഥിച്ചിരിക്കുന്നു. കടുത്ത തപഃശ്ചര്യകളുള്ള വിഭാഗക്കാർക്കെതിരായിട്ടാണിതു്. വിവാഹം വിലക്കുന്നവരും, വീണ്ടു് കടക്കാത്തവരും; കർത്തൃശരീര രക്തങ്ങളിൽ ഭാഗഭാഗിത്വം നടത്താത്തവരും, മാംസം ഭക്ഷിക്കാത്തവരുമായി ഒരു പ്രത്യേകതരം വിഭാഗമുണ്ടായിരുന്നു. 'ഗെമെല്ലിത്ത' വിഭാഗം വളർത്തുമൃഗങ്ങളെക്കൂടി വിലക്കുകയും കമ്പിളിവസ്ത്രങ്ങൾ നിരോധിക്കയും ചെയ്യുന്നവരായിരുന്നു.

സൈമൺ മാഗ്ഗസാണു് ഈ വിഭാഗത്തിൻെറ ഉദ്ഘാടകൻ എന്ന അഭിപ്രായമാണു് ആംഫിലോക്കിയൂസിനുള്ളതു്. സൈമൻെറ ശിഷ്യനത്രേ ഗെമെല്ലിയൂസ്.

(3) Epistula Iambica ad Seleucum

ഇങ്ങനൊരു കൃതി ആംഫിലോക്കിയൂസ് എഴുതിയതായി കോസ്'മോസു് ഇൻഡികൊപ്ലെവുസ്'തെസു് തൻെറ കൃതിയിൽ പറയുന്നു (Top. Christ. 7, 265). ആംഫിലോക്കിയൂസിൻെറ ഏക പദ്യകൃതിയാണിതു്. പഠനത്തിനും സുകൃതത്തിനും സെലെവുക്കസിനെ ഉപദേശിക്കയാണിതിൽ. മററെന്തിനേക്കാളും കൂടുതൽ ബൈബിൾ പഠനത്തിൽ താല്പര്യം കാട്ടണമെന്നും പറ

www.malankaralibrary.com



യുന്നു. ബൈബിൾ ഗ്രന്ഥങ്ങളുടെ ഒരു പൂർണ്ണ പട്ടിക 251–319 വരെയുള്ള വരികളിൽ നൽകുന്നു.

(4) ഹോമിലികൾ

എട്ട് ഹോമിലികൾ വിവിധ വേദപുസ്തകഭാഗങ്ങളെ ആധാരമാക്കി എഴുതിയിട്ടുണ്ട്. അവയിൽ എല്ലാം 'ഏഷ്യാററിക് പ്രഭാഷണകല' പ്രകടമാണ്. വേദപുസ്തകത്തിലെ വ്യക്തികളെക്കൊണ്ട് സംഭാഷണം ചെയ്യിക്കുന്നത് ആംഫിലോക്കിയൂസിനു വലിയ താല്പര്യമായിരുന്നു.

ഇവ കൂടാതെ മററനവധി കൃതികളും അദ്ദേഹം എഴുതിയിട്ടുണ്ടെങ്കിലും ചിലതിന്റെ പേരുകൾ മാത്രമേ നമുക്കറിയുള്ളു.

## 12. അമാസെയായിലെ അസ്റ്റേരിയൂസ്

അമാസെയായിലെ അസ്റ്റേരിയൂസാണ് മറെറാരു കപ്പദോചിയൻ പിതാവ്. ആംഫിലോക്കിയൂസിന്റെയും മററു കപ്പദോചിയൻ പിതാക്കന്മാരുടെയും സമകാലീനനാണ് അസ്റ്റേരിയൂസ്. അദ്ദേഹത്തിന്റെ ജീവിതത്തെപ്പററി വളരെ കുറച്ചേ നമുക്കറിവുള്ളു. മെത്രാനാകുന്നതിനു മുമ്പ് അസ്റ്റേരിയൂസും ഒരു അഭിഭാഷകനായിരുന്നു. 380–നും 390–നും ഇടയ്ക്കു് മെത്രാനായി.

പതിനാറ് ഹോമിലികളും സ്തുതിപ്രഭാഷണങ്ങളും അദ്ദേഹത്തിന്റേതായി അറിയപ്പെടുന്നു. പ്രഭാഷണവൈദഗ്ധ്യം അവയിലെല്ലാം പ്രകടമാണ്.

## 13. മക്കാരിയോസ് മാഗ്നെസ്

മഗ്നേഷ്യായിലെ ബിഷപ്പായ മക്കാരിയോസ് ഓക് സിനഡിൽ എഫേസൂസിലെ ഹെരാക്ലിദസിനെതിരായി വാദിച്ചു എന്നു ഫോസിയസ് (ബിബ്ലി. കോ. 59) പറയുന്നു. ഹെരാക്ളിദസിനെ വാഴിച്ചതു് ജോൺ ക്രിസോസ്റ്റോമായിരുന്നു. ഈ മക്കാരിയോസായിരിക്കാം മക്കാരിയോസ് മാഗ്നെസ് എന്ന ക്രിസ്ത്യൻ അപ്പോളജിസ്റ്റ് 400–ാമാണ്ടിൽ അഞ്ചു് വാല്യങ്ങളിൽ ഒരു കൃതി മാഗ്നെസു് രചിച്ചിട്ടുണ്ട്. അദ്ദേഹവും ഒരു പേഗൻ താത്വികനും തമ്മിൽ അഞ്ചു് ദിവസം നടന്ന തർക്കത്തിന്റെ രൂപത്തിലാണ് കൃതി. രൂപം ഒരു സാഹിത്യസൃഷ്ടിയെന്നു കരുതുന്നതാണുത്തമം.

'അപ്പൊക്രിത്തിക്ക്' എന്ന പേരിൽ ഈ കൃതി പരക്കെ അറിയപ്പെടുന്നു. ഒരു 'അപ്പോളജെററിക്കൽ' കൃതി എന്ന നിലയ്ക്കു്

www.malankaralibrary.com



ഇതിനു് വലിയ സ്ഥാനം കൽപ്പിക്കാനില്ല. എന്നാൽ അക്രൈസ്തവ വീക്ഷണങ്ങൾ വളരെ കാര്യമായി ഇതിൽ വിമർശന വിധേയമാകുന്നുണ്ടു്.

## 14. അൻസിറായിലെ നീലൂസ്

ഈ അടുത്തകാലത്തെ പഠനങ്ങളുടെ വെളിച്ചത്തിൽ, നീലൂസ് അൻസീറായ്ക്കടുത്തുള്ള ഒരാശ്രമത്തിന്റെ ശ്രേഷ്ഠനായിരുന്നു എന്നു് തെളിയിക്കപ്പെട്ടിട്ടുണ്ടു്. നാലാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലും അഞ്ചാം നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിലുമായി അദ്ദേഹം ജീവിച്ചിരുന്നു. ഏതാണ്ടു് 430—നോടടുത്തു് അദ്ദേഹം മരിച്ചു. ഒൻപതാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഗ്രിഗോറിയോസ് മോണക്കോസ് പറയുന്നതു് നീലൂസ് ജോൺ ക്രിസോസ്റ്റോമിന്റെ ശിഷ്യനും പ്രോക്കളൂസ്, പല്ലഡിയൂസ്, സന്യാസിയായ മർക്കൊസ്, പെലൂസിയത്തിലെ ഇസിദോർ എന്നിവരുടെ സമകാലികനുമായിരുന്നു എന്നത്രേ. നീലൂസിന്റെ കത്തുകൾ തന്നെയും അദ്ദേഹത്തെ ക്രിസോസ്റ്റോമിന്റെ ശിഷ്യനായി ചിത്രീകരിക്കുന്നുണ്ടു്. 407-ൽ കോൺസ്റ്റാൻറിനോപ്പിൾ നഗരത്തിൽ വലിയ ഭൂകമ്പവും അഗ്നിബാധയും ഉണ്ടായപ്പോൾ നഗരത്തിനു വേണ്ടി പ്രാർത്ഥിക്കണമെന്നു് അക്േഡിയൂസ് ചക്രവർത്തി നീലൂസിനോടപേക്ഷിച്ചു. തലസ്ഥാന നഗരിയിലെ മെത്രാനായ ജോൺ ക്രിസോസ്റ്റോമിനോടു് ചെയ്ത അപരാധങ്ങൾ മൂലമാണു് ഈ കെടുതികൾ ഉണ്ടായതെന്നും, അതുകൊണ്ടു് പ്രാർത്ഥിക്കുവാൻ സാധിക്കില്ലെന്നും നീലൂസ് ഉത്തരം നല്കി.

എന്നാൽ പരമ്പരാഗതമായി അറിയപ്പെടുന്ന ജീവചരിത്രം ഇതിൽനിന്നും വ്യത്യസ്തമാണു്. നീലൂസിന്റെ കൃതികളുടെ കൂട്ടത്തിൽ വിവരണങ്ങൾ (Narrationes) എന്നൊരു കൃതിയുണ്ടു്. അതനുസരിച്ചു് മഹാനായ തിയഡൊഷ്യസിന്റെ കാലത്തു് (379–395) നീലൂസ് കോൺസ്റ്റാൻറിനോപ്പിളിലെ ഒരു പ്രീഫെക്ടായിരുന്നു. ഈ ജോലി രാജിവച്ചു് പുത്രനായ തെയോഡൊളൂസിനോടൊപ്പം സന്യസിക്കാൻ സീനായ്മലയിലേക്കു പോയി. അപരിഷ്കൃതരായ ആളുകൾ അവരെ ആക്രമിക്കുകയും തിയഡൊളൂസിനെ പിടിച്ചുകൊണ്ടുപോകുകയും ചെയ്തു. നീലൂസ് രക്ഷപെട്ടു. എന്നാൽ അവസാനം തിയഡൊളൂസും രക്ഷപെട്ടു് പിതാവിന്റെ പക്കലെത്തി. പലസ്തീനായിലെ ഒരു മെത്രാൻ അവരിരുവർക്കും വൈദികപട്ടം നൽകി.' ഇതാണു് ചരിത്രം. എന്നാൽ ഈ വിവരണത്തിനു് ഒരു ചരിത്രത്തിന്റെ വിലയില്ല. ഏതോ ഒരു പില്ക്കാല ഗ്രീക്കു സഭാകാരന്റെ ഒരു കൃതിയാണിതു്'.

www.malankaralibrary.com



## കൃതികൾ

നീലൂസിന്റെ കൃതികൾ സമഗ്രമായ പഠനങ്ങൾക്കും വിശകലനത്തിനും പ്രസിദ്ധീകരണത്തിനും വിധേയമാകേണ്ടിയിരിക്കുന്നു. നീലൂസിന്റേതായി അറിയപ്പെടുന്ന പല സന്യാസകൃതികളും മററു ഗ്രന്ഥകാരന്മാരുടേതാണ് എന്നത്രേ പണ്ഡിതമതം. അബദ്ധാഭിപ്രായമുണ്ടെന്നു സംശയിക്കപ്പെട്ട പല കൃതികളും നീലൂസിന്റെ മേന്മയുടെ പശ്ചാത്തലത്തിൽ നഷ്ടപ്പെടാതെ ആധുനികലോകത്തിൽ എത്തിച്ചേർന്നിട്ടുണ്ട്.

### 1. കത്തുകൾ

നിഖ്യായിലെ രണ്ടാം കൗൺസിലും (788) ഫോസിയസും (ബിബ്ലി. കോഡ. 201) നീലൂസിന്റെ കത്തുകളുടെ സമാഹാരത്തെപ്പററി പറയുന്നു. ലെയോ അല്ലാസ്യൂസ് എന്നയാൾ പ്രസിദ്ധീകരിച്ചതാണ് ഏററം നല്ല സമാഹാരം. നാലു ഭാഗങ്ങളിലായി മൊത്തം 1061 ഇനങ്ങളുണ്ടതിൽ. കൃത്യമായ അടുക്കും ചിട്ടയും ഇല്ലാതെയാണ് ഇവ ക്രമീകരിച്ചിരിക്കുന്നത്. ചില കത്തുകൾ വളരെ ചെറുതാണ്— ഒററ വാചകം മാത്രം. ചില കത്തുകൾ പൂർണമായോ, ഭാഗികമായോ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. നീലൂസിന്റെ കൃതികളിൽ നിന്നടർത്തിയെടുക്കപ്പെട്ടവയാണ് ചിലവ. കത്തിന്റെ രൂപം അവസ്സ് കൊടുത്തിരിക്കുന്നു എന്നേയുള്ളു.

നീലൂസിന്റെ കത്തുകൾ ആശ്രമവാസികളിൽ ആരെങ്കിലും സമാഹരിച്ചിരിക്കാം. എന്നാൽ പിൽക്കാലങ്ങളിൽ അവ ആവർത്തനങ്ങൾക്കും തിരുത്തലുകൾക്കും വിധേയമാകാനിടയായി. പലതും കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു.

ഉപദേശത്തിനായി തന്നെ സമീപിച്ചവർക്കു നീലൂസ് കത്തുകൾ അയച്ചിരുന്നു. പല കത്തുകളും വേദപുസ്തക ഭാഗങ്ങളുടെ അപഗ്രഥനമാണ്. രൂപകാർത്ഥ ഭാഷ്യരീതിയാണദ്ദേഹം അവലംബിച്ചിരിക്കുന്നത്. എന്നാൽ ചരിത്രപരമായ അർത്ഥം അഥവാ വാച്യാർത്ഥം ഒട്ടും തള്ളിക്കളയുന്നില്ല എന്നു തുടരെത്തുടരെ അദ്ദേഹം പറയുന്നുണ്ട്. കത്തുകളിൽ താത്വികചർച്ചകൾ വളരെ കുറവാണ്. ഏററം പ്രധാന ചർച്ചാവിഷയം ക്രിസ്തീയ പരിപൂർണതയാണ്. ക്രിസ്തുവിനെ അനുകരിക്കുന്നതിലൂടെ ക്രിസ്തീയ പരിപൂർണത പ്രാപിക്കുവാൻ സാധിക്കും. യഥാർത്ഥ തത്വശാസ്ത്രം പഠിപ്പിക്കുന്ന ഗുരുവാണ് ക്രിസ്തു. നാം അവന്റെ ശിഷ്യരായാൽ മാത്രം പോരാ, അവനെ അനുകരിക്കുന്നവരായി തീരണം. കറതീർന്ന ഒരു ജീവിതത്തിലൂടെ, വികാരങ്ങളിൽ നിന്നു ആത്മാവിനേയും ശരീരത്തേയും വിമുക്തമാക്കുന്നതുവഴി അവനെ അനു

www.malankaralibrary.com



കരിക്കുന്നവരായിത്തീരാൻ നമുക്ക് സാധിക്കും എന്നു പോകുന്നു അദ്ദേഹത്തിൻെറ പ്രബോധനം.

## 2. പ്രതിപാദനങ്ങൾ

സന്ന്യാസ, ധാർമ്മിക വിഷയങ്ങളെ കുറിച്ചാണ് അദ്ദേഹത്തിൻെറ പ്രതിപാദനങ്ങൾ

### (i) ആശ്രമാഭ്യാസങ്ങൾ (ലോഗോസ് അസ്കേതിക്കോസ്)

ആശ്രമാഭ്യാസങ്ങൾ' എന്ന ഈ കൃതി 425 നു മുമ്പേ വിരചിതമാണ്. ഇതിനു മൂന്നു ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം (അദ്ധ്യായം 1–20) സന്ന്യാസപ്രസ്ഥാനത്തിൻെറ ഉത്ഭവവും ആശയവും വ്യക്തമാക്കുന്നു. രണ്ടാം ഭാഗം (21–41) ആശ്രമാധ്യക്ഷൻെറ കടമകളും മൂന്നാം ഭാഗം (42–66) സന്ന്യാസികളുടെ കടമകളും ചർച്ച ചെയ്യുന്നു.

ക്രിസ്തു പഠിപ്പിച്ച യഥാർത്ഥ തത്ത്വശാസ്ത്രമായി നീലൂസ് സന്ന്യാസജീവിതത്തെ ചിത്രീകരിക്കുന്നു; ദാരിദ്ര്യത്തിൻേറയും അധ്വാനത്തിൻേറതുമായ ജീവിതമാണ് സന്ന്യാസികളുടേതു്. മുൻഗാമികളുടെയത്രയും തീക്ഷ്ണത തൻെറ സമകാലീനരായ സന്ന്യാസികൾക്കില്ല എന്നു നീലൂസ് പറയുന്നു.

ആശ്രമാധ്യക്ഷൻെറ കടമ ഗൗരവമേറിയവ തന്നെ. മാതൃകയാലും വചനത്താലും, തിരുത്തലുകളാലും അതൃപ്തിയുടേയും പൂർണ്ണതയുടേതുമായ ഒരു ജീവിതത്തിലേക്ക് അയാൾ മററുള്ളവരെ നയിക്കുന്നു. ആത്മാക്കളെ നയിക്കുക എല്ലാ കലകളിലും ഒന്നാമത്തേതാണ്. അധികാരികൾ വിജ്ഞാനവും പക്വതയും പരിചയവും തികഞ്ഞവരായിരിക്കണം. സ്വന്തം ഇഷ്ടം പരിപൂർണ്ണമായി പരിത്യജിക്കുന്നതിലും, അധികാരിയെ ഒട്ടും എതിർക്കാതിരിക്കുന്നതിലും അനുസരണം അടങ്ങിയിരിക്കുന്നു. അനുസരണവ്രതം എടുത്തവർ കുശവൻെറ കൈയിലെ കളിമണ്ണുപോലെ വർത്തിക്കണം. ആജ്ഞകളെ വിമർശിക്കുകയോ, പരിശോധനാവിഷയമാക്കുകയോ ചെയ്യാൻ പാടില്ല. സ്വയം മറന്ന് അധികാരികളെ അനുസരിക്കണം.

ഈ കൃതിയിലെ 21 വാചകങ്ങൾ നീലൂസിൻെറ കത്തുകളിൽ കാണാം.

### (ii) ദാരിദ്ര്യവ്രതം

'ദാരിദ്ര്യവ്രതം' എന്ന കൃതി അൻസീറായിലെ മാഗ്ന എന്ന സഭാശുശ്രൂഷികയ്ക്കു വേണ്ടി എഴുതിയതാണ്. മൂന്നുതരം ദാരിദ്ര്യ

www.malankaralibrary.com



വ്രതത്തെപ്പററി നീലൂസ് പറയുന്നു. ഉത്തമം, മധ്യമം, അധമം. ഒന്നാമത്തേതു് പരിപൂർണ ദൈവസേവനത്തിനുള്ള അർപ്പണം; അധഃപതനത്തിനു മുമ്പുള്ള ആദാമിൻെറ അവസ്ഥ. രണ്ടാമത്തേതു് ചുരുങ്ങിയ അളവിൽ ശരീരത്തേപ്പററിയും കരുതുന്നു; യഥാർത്ഥസന്യാസി ഈ ഗണത്തിൽ പെടുന്നു. മൂന്നാമത്തേതു്, പരിപൂർണമായി ലൗകികസമ്പാദ്യത്തിനായി പരക്കംപായുന്നു.

നിർഭാഗ്യവശാൽ സന്യാസപ്രസ്ഥാനത്തിൽ മൂന്നാമത്തേതാണു് കൂടുതൽ കൂടുതൽ പ്രാമാണ്യം പ്രാപിച്ചുവരുന്നതു്; അതു് മാതൃകയിൽ നിന്നുള്ള മാർഗഭ്രംശം തന്നെയാണു്. സന്യാസികൾ വിശാലമായ തോട്ടങ്ങളും കന്നുകാലികളും വച്ചുപുലർത്തുന്നതിനെ അപലപിക്കാൻ നീലൂസ് മടിക്കുന്നില്ല. ദാരിദ്ര്യത്തെ സംബന്ധിച്ചു് മധ്യമാർഗം അവലംബിക്കാൻ സന്യാസികളെ അദ്ദേഹം ആഹ്വാനം ചെയ്യുന്നു. കൈകൾകൊണ്ടു് അധ്വാനിച്ചു് ജീവിക്കുന്നതാണു് ദാരിദ്ര്യം; ശേഷിക്കുന്ന സമയം പ്രാർത്ഥനയ്ക്കും ആത്മാക്കളുടെ കാര്യം അന്വേഷിക്കുന്നതിനും വിശുദ്ധഗ്രന്ഥം വായിക്കുന്നതിനും സുകൃതങ്ങൾ അഭ്യസിക്കുന്നതിനുമായി ചിലവഴിക്കണം.

(iii) അൽബിയാനെ സ്തുതിച്ചുകൊണ്ടുള്ള പ്രഭാഷണം

അൽബിയാൻ എന്ന സന്യാസിയെ സ്തുതിച്ചുകൊണ്ടുള്ള ഒരു പ്രസംഗമാണിതു്. ഗലാത്യയിലെ അൻസീറായിൽ ജനിച്ച അൽബിയാൻ, കുറേനാൾ അടുത്തുള്ള സന്യാസാശ്രമത്തിൽ താമസിച്ചു. പലസ്തീനയിലേക്കൊരു തീർത്ഥയാത്ര നടത്തി. നിത്രിയൻ മരുഭൂമിയിൽ വച്ചു മരിച്ചു.

(iv) സന്യാസശ്രേഷ്ഠത

'സന്യാസികൾ നഗരങ്ങളിൽ നിന്നകന്നു് മരുഭൂമിയിൽ ജീവിക്കുന്നതിൻെറ ഗുണങ്ങൾ'—ലോകത്തിലുള്ള താപസ്സജീവിതത്തേക്കാൾ മരുഭൂമിയിലെ ഏകാന്തജീവിതം കാമ്യമായി അദ്ദേഹം കാട്ടുന്നു. പരീക്ഷണങ്ങളും പാപപ്രേരണകളും വശീകരണശക്തികളും മരുഭൂമിയിൽ കുറവാണു്. വ്യർത്ഥാഭിമാനത്തിൽ നിന്നു് രക്ഷിക്കുകയും ചെയ്യുന്നു; മനുഷ്യൻെറ വ്യർത്ഥസ്തുതികളിൽ നിന്നു് രക്ഷിക്കുന്നു; പാപത്തിൻെറ സാഹചര്യങ്ങളിൽ നിന്നകററുന്നു. മനുഷ്യരുടെ സ്തുതി എല്ലാ നല്ല പ്രവർത്തനങ്ങളേയും തകർക്കുന്നു. സന്യാസി മരുഭൂമിയിൽ ദൈവവുമായി അഭേദ്യമായ ഐക്യമാണു് പുലർത്തുന്നതു്.

(v) 'ഗുരുക്കന്മാരെയും ശിഷ്യരെയും സംബന്ധിച്ച കൃതി' സന്യാസപ്രസ്ഥാനം സംബന്ധിച്ചാണു്.

www.malankaralibrary.com



(vi) എട്ടു മൂലപാപങ്ങൾ

അമിതഭോജനം, വ്യഭിചാരം, അത്യാഗ്രഹം, കോപം, അലസത, ദുഃഖഭാവം, വ്യർത്ഥാഭിമാനം, അഹങ്കാരം എന്നിവയാണ് എട്ടു മൂലപാപങ്ങൾ, 'എട്ട്' മൂലപാപങ്ങൾ എന്ന ചിന്താരീതി നാലാം നൂററാണ്ടിൽ സന്യാസികളുടെ ഇടയിൽ പരക്കെ അംഗീകരിക്കപ്പെട്ട ഒരു ചിന്താരീതിയായിരുന്നു. എവാഗ്രിയൂസ് പോന്തിക്കൂസ്, ജോൺ കാസ്സിയൻ എന്നിവർ ഇതു സംബന്ധിച്ച് പ്രത്യേകം പ്രതിപാദനങ്ങൾ എഴുതിയിട്ടുണ്ട്. മററു പാപങ്ങൾക്ക് അവ ഹേതുവാകയാൽ അവയെ മൂലപാപങ്ങൾ എന്നു വിളിക്കുന്നു.

3. നഷ്ടപ്പെട്ട കൃതികൾ

നീലൂസിൻെറ പല കൃതികളും നഷ്ടപ്പെട്ടു: മററുള്ളവർ അവയെപ്പററി പരാമർശിക്കുന്നതിൽ നിന്നു നാം അവയെപ്പററി ഗ്രഹിക്കുന്നു.

1. ഉത്തമഗീതഭാഷ്യം 2. പ്രസംഗങ്ങൾ 3. ജാതികൾക്കെതിരെ 4. എവുക്കാർപ്പിയൂസ് എന്ന സന്യാസിക്ക്.

4. അയഥാർത്ഥ കൃതികൾ

നീലൂസ് ആശ്രമ പ്രസ്ഥാനത്തിലേക്കു വെളിച്ചംവീശിയ ഒരു ദീപമായിരുന്നതിനാൽ പല കൃതികളും അദ്ദേഹത്തിൻെറ പേരിൽ മററുള്ളവർ പ്രചരിപ്പിക്കുവാൻ തുടങ്ങി.

1. പ്രാർത്ഥനയെപ്പററി: ഇതു് എവാഗ്രിയസിൻെറ ഒരു കൃതിയാണ്. എന്നാൽ നീലൂസിൻെറ പേരിലാണ് പ്രചരിച്ചിരുന്നതു്. നീലൂസിൻേറതാണിതെന്നാണ് ഫോസിയസിൻേറയും മതം. സുറിയാനിക്കാർ എവാഗ്രിയസിൻേറതായിട്ടാണ് ഇതു് കണക്കാക്കുന്നതു്

2. De octo vitiosis cotgitationibus: ഇതു് കാസ്സിയനിൽ നിന്നുള്ളതാണ്.

3. എവ്വുളോഗിയൂസ് എന്ന സന്യാസിക്ക്: ഇതും എവാഗ്രിയസിൻേറതാണ്. നിസെഫോറൂസ് കല്ലിസ്റ്റസാണിതു് നീലൂസിൻേറതാണെന്നു് ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നതു്. 4. പെരിസ്റ്റേരിയാസ്സ്. 5. സൂക്തങ്ങൾ

## 15. സന്യാസിയായ മർക്കോസ്

ജോൺ ക്രിസോസ്റ്റോമിൻെറ ഒരു ശിഷ്യനായിരുന്നു മർക്കോസ് എന്ന് നിസെഫോറൂസ് കലിസ്റ്റസ് പറയുന്നു.(സഭാ. 14,30, 53,54). അദ്ദേഹം നീലൂസിൻേറയും ഇസിദോറിൻെറയും സമകാലികനുമായിരുന്നു. അഞ്ചാം നൂററാണ്ടിൻെറ ആരംഭത്തിൽ ഗലാത്യയിൽ അൻസീറായിലെ ഒരാശ്രമത്തിൻെറ അധ്യക്ഷനായിരുന്നു

www.malankaralibrary.com



മർക്കോസ്. എന്നാൽ ജീവിതാവസാനകാലത്ത് പലസ്തീനയിലെ മരുഭൂമിയിൽ ഏകാന്ത സന്യാസിയായി ജീവിച്ചു, നെസ്തോറിയൻ തർക്കങ്ങളിൽ മർക്കോസും പങ്കെടുത്തതിനാൽ മിക്കവാറും 430–ന ശേഷമായിരിക്കാം അദ്ദേഹം മരിച്ചത്.

## കൃതികൾ

നാൽപതു കൃതികളോളം മർക്കോസ് രചിച്ചെന്നും അവയിൽ എട്ടെണ്ണം തൻെറ കയ്യിൽ വന്നുചേർന്നെന്നും നിസെഫോറുസ് പറയുന്നു. ഫോസിയസ് ഒൻപതു് എണ്ണത്തിൽ നിന്നുദ്ധരിച്ച് വിലയിരുത്തുന്നുണ്ട് (ബിബ്ളി. കോഡ. 200). ഈ ഒമ്പതെണ്ണം നമുക്ക കിട്ടിയിട്ടുണ്ട്.

1. ആത്മീയ നിയമം

'ആത്മാവിൻെറ നിയമം' (റോമ. 7.14) എന്താണെന്നു് വ്യക്തമാക്കുകയാണ് ഗ്രന്ഥകാരൻ. ആത്മാവിൻെറ നിയമം പരിപൂർണ ജീവിതമാണ്. 201 സൂക്തങ്ങളായി അതിനെ അപഗ്രഥിക്കുന്നു. സന്യാസ കടമകളെല്ലാം തന്നെ അതിലുംകൊണ്ടിട്ടുണ്ട്. ദൈവത്തെ മറക്കുക എന്നതാണ് എല്ലാ പാപങ്ങളുടേയും മൂലകാരണം; ദൈവിക ചിന്ത എല്ലാ അനുഗ്രഹത്തിൻേറയും ഉറവയും.

2. 'പ്രവൃത്തികളംവഴി നീതീകരിക്കപ്പെടാം എന്ന ചിന്തിക്കുന്നവരെപ്പററി' എന്ന കൃതി 'ആത്മാവിൻെറ നിയമം' എന്ന കൃതിയുടെ ഒരു ഭാഗമായിരുന്നാരംഭത്തിൽ. മററതിൻെറ തുടർച്ചയാണിതു്. സുറിയാനി പതിപ്പിൽ രണ്ടും ഒന്നായി ചേർത്തിരിക്കുകയാണ്.

3. അനുതാപത്തെപ്പററി

പതിമൂന്നു് അദ്ധ്യായങ്ങളുണ്ട് ഈ ചെറുകൃതിക്ക്. പാപവിചാരങ്ങറംക്ക് എതിരായുള്ള നിരന്തര സമരത്തിലും പ്രാർത്ഥനയിലും സഹനത്തിലും അനുതാപം അടങ്ങിയിരിക്കുന്നു.

4. ഉപവാസം

വെറും നാലദ്ധ്യായങ്ങറം ഉള്ള ഈ കൃതി ഉപവാസത്തിൻെറ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു.

5. നിക്കൊളാസിനുള്ള കത്തു്

ഗലാത്യയിലെ നിക്കോളാസ് എന്ന താപസ്സൻെറ ഒരു കത്തിനുള്ള മറുപടിയാണിതു്. ദൈവം നൽകിയിട്ടുള്ള അനുഗ്രഹങ്ങ

www.malankaralibrary.com



ളെപ്പററിയുള്ള ചിന്ത, പ്രത്യേകിച്ച് ക്രിസ്തുവഴി ലഭിച്ച രക്ഷയെപ്പററിയുള്ള ചിന്തയാണ് എല്ലാ വികാരങ്ങളേയും നിയന്ത്രിക്കാൻ പററിയ ഉപാധി. മറവി, അജ്ഞത, ഉപേക്ഷ എന്നീ മൂന്നു തിന്മകളെപ്പററി യുവ സന്യാസികൾക്കദ്ദേഹം മുന്നറിയിപ്പു നൽകുന്നു.

6. സ്നാനത്തെപ്പററി

മെസ്സാലിയൻ വിരുദ്ധ, താർക്കിക പശ്ചാത്തലത്തിലാണ് ഇതു് എഴുതിയിരിക്കുന്നതു്. 'സ്നാനം പാപമെല്ലാം കഴുകുന്നില്ല. സ്നാനാനന്തരവും സുകൃതജീവിതം വഴിയേ പാപം പൂർണമായി മാറൂ' എന്നു മെസ്സാലിയൻ വിഭാഗക്കാർ കരുതി. ഈ ചിന്തയ്ക്കെതിരെ സ്നാനത്തിൻെറ ഫലങ്ങൾ വ്യക്തമായി കാട്ടുകയാണിതിൽ.

7. Cansultatio intellectus cum sua ipsius anima

സ്നാനത്തെപ്പററി എന്ന കൃതിയോടു് ആശയപരമായി സാമ്യമുള്ളതാണിതു്. എന്നാൽ രൂപത്തിൽ വ്യത്യസ്തമാണ്. ഡയലോഗല്ലിതു്; സ്വയം ഭാഷണമാണ്.

8. അഭിഭാഷകനുമായുള്ള ചർച്ച

ഒരഭിഭാഷകനും വയോധികനായ ഒരു താപസ്സനും തമ്മിലുള്ള സംവാദമാണിതു്. താപസ്സൻ മിക്കവാറും മർക്കോസ് തന്നെയായിരിക്കാം. കേസ്സുകൾക്കും വ്യവഹാരങ്ങൾക്കും എതിരായി സന്യാസികൾ പ്രസംഗിച്ചതിനാൽ അഭിഭാഷകൻെറ വരുമാനം കുറഞ്ഞു. അയാൾ കുപിതനായി. അതിനെ സംബന്ധിച്ചാണ് ചർച്ച.

രണ്ടാം ഭാഗത്തിൽ, വൃദ്ധസന്യാസിയും സഹസന്യാസികളും കൂടി മറെറാരു പ്രശ്നം ചർച്ച ചെയ്യുന്നു: ക്രിസ്ത്യാനിക്ക് ആരെയെങ്കിലും കോടതി കയററാമോ? ചർച്ചയുടെ ചുരുക്കം ഗ്രന്ഥത്തിൽ കാണുന്നില്ല. ഒരുപക്ഷെ നഷ്ടപ്പെട്ടതായിരിക്കാം.

9. മൽക്കിസദെക്ക്

മൽക്കിസദേക് വചനത്തിൻെറ അവതാരമായിരുന്നുവെന്ന് ചിലർ കരുതിയിരുന്നു. അവർക്കെതിരായിട്ടാണ് ഇതു്.

www.malankaralibrary.com



10. നെസ്തോറിയർക്കെതിരെ

നെസ്തോറിയൻ അബദ്ധോപദേശത്തിനെതിരെ 430–ലോ 431–ലോ എഴുതിയതാണീകൃതി. ഇവയ്ക്കു പുറമെ മററു പല കൃതികളും അദ്ദേഹത്തിൻെറ പേരിൽ പ്രചരിച്ചിരുന്നു.

## 16. ഫൊത്തീസിലെ ഡിയഡോക്കസ്

5–ാം നൂററാണ്ടിലെ ഒരു വലിയ താപസനായിരുന്നു ഫൊത്തീസിലെ ഡിയഡോക്കസ്. അദ്ദേഹത്തിൻെറ ജീവിതത്തെപ്പററി വളരെയൊന്നും നമുക്കറിവില്ല. എപ്പീറുസിലുള്ള ഫോത്തീസിലെ മെത്രാനായിരുന്നു എന്നു മാത്രം അറിയാം. കാൽസിഡോൺ സൂനഹദോസിൻെറ കാലത്തു് ഏകസ്വഭാവവാദികൾക്കെതിരായി നിലകൊണ്ടവരുടെ കൂട്ടത്തിൽ ഇദ്ദേഹത്തേയും ഫോസിയൂസ് ഉൾപ്പെടുത്തുന്നു (ബിബ്ലി. കോഡ. 231). 468 നോടടുത്തു് മരിച്ചു.

### കൃതികൾ

(1) ആദ്ധ്യാത്മിക പരിപൂർണത സംബന്ധിച്ചുള്ള നൂറു് അദ്ധ്യായങ്ങൾ' എന്നതാണു് ഡിയഡോക്കസിൻെറ ഏററം മികച്ച കൃതി. ക്രിസ്തീയ മിസ്റ്റിസിസവും ആദ്ധ്യാത്മികതയും സംബന്ധിച്ചു് ഇതു് പ്രധാന കൃതിതന്നെയാണു്. യഥാർത്ഥ പാത ചൂണ്ടിക്കാണിക്കുന്നതോടൊപ്പം തെററായ വഴികളും അദ്ദേഹം വ്യക്തമായി വരച്ചുകാട്ടുന്നു. പൂർണ്ണ്യപൂർണത പ്രാപിക്കാനുള്ള ശരിയായ വഴികൾ ഉണ്ടു്. ആ വഴികളിലൂടെ നീങ്ങിയെങ്കിലേ പൂർണതയിൽ എത്തുകയുള്ളൂ. സന്യാസസമൂഹത്തിലെ ആദ്ധ്യാത്മിക പിതാവെന്ന നിലയിലാണു് അദ്ദേഹം ഉപദേശിക്കുന്നതു്. ഈ കൃതി പിൽക്കാല ആദ്ധ്യാത്മിക ഗ്രന്ഥകാരന്മാരിലെല്ലാം വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. മാക്സിമുസു്, സൊഫ്രോണിയുസ്, 'പിതൃസൂക്തങ്ങളുടെ' കർത്താവു്, തലാസ്സിയുസ്, ഫോസിയസ് എന്നിവർ ഈ കൃതിയിൽനിന്നു് ഉദ്ധരിക്കുന്നു. ജോൺ ക്ലിമാക്കസ്, ശിമയോൻ ദി ന്യൂ തിയളോജിയൻ എന്നിവർ ഈ കൃതിയിൽനിന്നു് സ്വാധീനം സ്വീകരിച്ചവരാണു്. 18ാം നൂററാണ്ടിൽ ഇതു് റഷ്യൻ ഭാഷയിൽ അച്ചടിക്കപ്പെട്ടു; ആധുനിക റഷ്യൻ സാഹിത്യത്തിൽ പോലും ഇതിൻെറ സ്വാധീനം ദൃശ്യമത്രേ. ഈ കൃതിയിലെ പല തത്വങ്ങളും ഇഗ്നേഷ്യസ് ലയോളയുടേയും, ആവിലായിലെ വി. ത്രേസ്യായുടേയും തത്വങ്ങളിൽ കാണാം. പിൽക്കാല സന്യാസ സ്ഥാപകരെല്ലാം ഡിയഡോക്കസിൻെറ കൃതിയിൽനിന്നും സ്വാധീനം സ്വീകരിച്ചിട്ടുണ്ടു്.

www.malankaralibrary.com



(2) സ്വർഗാരോഹണ ഹോമിലി

കർത്താവിന്റെ രണ്ടു സ്വഭാവങ്ങൾ വ്യക്തമായി ചിത്രീകരിക്കുന്നുണ്ടിതിൽ. ദൈവപുത്രൻ മനുഷ്യസ്വഭാവം എടുത്തുവഴി മനുഷ്യന്റെ ദൈവികീകരണ പ്രക്രിയ ആരംഭിച്ചു. ഏകസ്വഭാവവാദത്തെ പുറംതള്ളിക്കൊണ്ടുള്ള ഒരു പ്രഖ്യാപനത്തോടുകൂടി കൃതി അവസാനിക്കുന്നു.

(3) ദർശനം

ഒരു സ്വപ്നത്തിൽ സ്നാപകയോഹന്നാനുമായുള്ള സംഭാഷണമാണിത്. ദിവ്യദർശനത്തിന്റെ സ്വഭാവം, ദൈവിക വെളിപാടുകൾ, സ്വർഗീയദർശനം, എന്നിവയെ സംബന്ധിച്ച വ്യക്തമാക്കുവാൻ ദർശനം ശ്രമിക്കുന്നു.

(4) മതപഠനം

ദൈവത്തിന് ലോകവുമായുള്ള ബന്ധം, പ്രത്യേകിച്ച് ദൈവത്തിന്റെ സർവവ്യാപകത്വം, വിവരിക്കുകയാണീ കൃതി. അതോടൊപ്പം മാലാഖമാരെപ്പററിയും. അവരുടെ ജ്ഞാനത്തെപ്പററിയും, സ്വർഗീയ ദർശനത്തെപ്പററിയും ഒക്കെ ചർച്ച ചെയ്യുന്നു. 'ദർശനം' എന്ന കൃതിയോടു് ഇതിനു് സാമ്യമുണ്ടു്.

www.malankaralibrary.com

അദ്ധ്യായം 17

# മഹാനായ വി. ബേസിൽ

## ആമുഖം

അലക്സാണ്ഡ്റിയായിൽ ഉടലെടുത്ത ആര്യനിസം ഏഷ്യാമൈനറിലെ സഭയിലും കോളിളക്കം ഉണ്ടാക്കി. എന്നാൽ ഏഷ്യാമൈനറിലെ കപ്പദോചിയ സഭയിലെ നെടുംതൂണുകളായി മൂന്നു മഹാപണ്ഡിതന്മാർ ഉയർന്നുവരികയും ആര്യനിസത്തിന്റെ അബദ്ധോപദേശങ്ങളിൽനിന്ന് സഭയെ രക്ഷിക്കുകയും ചെയ്തു. ചെസാറിയായിലെ ബസേലിയോസ് (ബേസിൽ), അദ്ദേഹത്തിന്റെ സുഹൃത്തായ ഗ്രിഗറിനസ്യാൻസൻ, ബേസിലിന്റെ സഹോദരനായ നീസ്സായിലെ വി. ഗ്രിഗോറിയോസ് (ഗ്രിഗറി നീസ്സാ). വലിയ കപ്പദോചിയൻ പിതാക്കന്മാർ എന്നറിയപ്പെടുന്നവർ ഇവർ മൂവരുമാണ്. അത്തനാസ്യോസിന്റെ ദൈവശാസ്ത്ര ചിന്താരീതികളുടെ തുടർച്ചയും വളർച്ചയും പൂർണതയും ഈ കപ്പദോചിയൻ പിതാക്കന്മാരിൽ കാണാൻ കഴിയും. അവരുടെ മരണത്തിനുമുൻപേ ആര്യനിസം മരിച്ചുകഴിഞ്ഞിരുന്നു. നിഖ്യായിലെ സത്യവിശ്വാസം സ്പഷ്ടമായി വിശദീകരിക്കാനും പഠിപ്പിക്കാനും ശ്രമിച്ചതിൽ ഈ മൂവരും വിജയിച്ചു. ദൈവശാസ്ത്ര വളർച്ചയിൽ 'ഹെല്ലനിസവും, ക്രിസ്തുമതവും' എങ്ങനെ യോജിപ്പിക്കണം, ആരിയൻ പാഷണ്ഡതമൂലമുണ്ടായ പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണണം തുടങ്ങിയ പ്രശ്നങ്ങളിൽ ഈ മൂവരും ചെലുത്തിയ സ്വാധീനം സാർവത്രിക സഭ മുഴുവൻ അലയടിച്ചു. ജീവിതം മുഴുവൻ സഭയുടെ പൊതുനന്മയെ ലാക്കാക്കി മൂവരും പ്രവർത്തിച്ചു. ജീവിതകാലംമുഴുവൻ മൂവരും ഉററ സുഹൃത്തുക്കളായിരുന്നു. എന്നാൽ മൂന്നുപേരും കറതീർന്ന മൂന്നു വ്യത്യസ്ത വ്യക്തിത്വത്തിന്റെ ഉടമകളായിരുന്നു. ബേസിൽ 'കർമ്മനിരതൻ' എന്നും ഗ്രിഗറി നസ്യാൻസൻ 'പ്രഭാഷകൻ' എന്നും ഗ്രിഗറി നീസ്സാ 'ചിന്തകൻ' എന്നും അറിയപ്പെടുന്നു.

www.malankaralibrary.com



കപ്പദോചിയൻ പിതാക്കന്മാരിൽ 'മഹാൻ' എന്നറിയപ്പെടുന്നതു് ബസേലിയോസ് മാത്രമാണ്. സഭാനേതാവു്, ഒരുത്തമ സംഘാടകൻ, ക്രിസ്തീയ തത്വസംഹിതയുടെ ഒരുത്തമ വ്യാഖ്യാതാവു്, സത്യവിശ്വാസ സംരക്ഷണത്തിൽ 'രണ്ടാം അത്തനാസ്യോസ്', പൗരസ്ത്യസന്യാസജീവിതത്തിൻെറ പിതാവു്, ആരാധന ക്രമപരിഷ്കർത്താവ് എന്നീ നിലകളിൽ സഭയ്ക്കു് ബേസിൽ നൽകിയ സ്തുത്യർഹമായ സംഭാവനകളാണ് 'മഹാൻ' എന്ന സ്ഥാനം അദ്ദേഹത്തിനു നേടിക്കൊടുത്തതു്.

ക്രി. വ. 330-ൽ കപ്പദോചിയയിലെ ചെസാറിയായിൽ ബേസിൽ ജനിച്ചു. ക്രിസ്തീയജീവിതത്തിൽ അടിയുറച്ച മാതാപിതാക്കരം, ഉയന്ന ജീവിതസാഹചര്യങ്ങരം, സമ്പത്തു് എന്നിവ ബേസിലിനൊരു നല്ല തുടക്കം നൽകി. ബേസിലിൻെറ പിതാവായ ബേസിൽ പോൻതുസിലെ നെയോചെസാറിയായിൽ പ്രശസ്തനായൊരു പ്രഭാഷകനായിരുന്നു. അത്ഭുതപ്രവർത്തകനായ വി. ഗ്രിഗോറിയോസിൻെറ ശിഷ്യ വി. മക്രീന ആയിരുന്നു പ്രഭാഷകനായ ബേസിലിൻെറ അമ്മ. അതായതു് മഹാനായ ബേസിലിൻെറ വലിയമ്മ. പിതാവിൽനിന്നുതന്നെ ബേസിൽ പ്രാഥമിക വിദ്യാഭ്യാസം സമ്പാദിച്ചു. വി. ബേസിലിൻെറ അമ്മ എമ്മേലിയാ ഒരു രക്തസാക്ഷിയുടെ മകളായിരുന്നു. പ്രഭാഷകനായ ബേസിലിൻെറയും എമ്മേലിയായുടെയും പത്തു മക്കളിൽ മൂന്നുപേർ മെത്രാന്മാരായി: മഹാനായ വി. ബേസിൽ, വി. ഗ്രീഗറിനീസ്സാ, സെബാസ്റ്റയിലെ വി. പീററർ, അവരുടെ ഏററം മൂത്ത മകളായ വി. മക്രീന താപസജീവിതത്തിൻെറ ഒരുത്തമ മാതൃകയായിത്തീർന്നു. അങ്ങനെ വിശുദ്ധന്മാരുടെ കുടുംബമായിരുന്നു വി. ബേസിലിൻേറതു്.

ബേസിൽ ചെസാറിയായിലും കോൺസ്റ്റാൻറിനോപ്പിളിലും പ്രഭാഷണകലയിൽ അഭ്യസനം നേടി. 351—ൽ ആഥൻസിലും പഠനം നടത്തി. അവിടെവച്ചാണ് ഗ്രീഗറി നസ്യാൻസനുമായി പരിചയപ്പെടാനും ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന സുഹൃത് ബന്ധത്തിനു് തുടക്കമിടാനും ഇടയായതു്. 356 ൽ നാട്ടിൽ തിരിച്ചെത്തിയ ബേസിൽ പിതാവിനെപ്പോലെ പ്രഭാഷകനായി ജോലിതുടങ്ങി. എന്നാൽ അതിലൊട്ടും താത്പര്യം തോന്നാഞ്ഞതിനാൽ വളരെ വേഗം അതുപേക്ഷിച്ചു് ദൈവത്തിനു സ്വയംസമർപ്പിക്കാൻ ബേസിൽ തീരുമാനിച്ചു. അതേപ്പററി ബേസിൽ പറയുന്നു:

'മിഥ്യയിലെൻെറ സമയം ഞാൻ പാഴാക്കി. എൻെറ യൗവ്വനം മുഴുവൻ പാഴ്‌വേലകളിൽ ചിലവാക്കി. ദൈവം ഭോഷ

www.malankaralibrary.com



ത്തമാക്കിയ (1 കൊരി. 1:20) വിജ്ഞാനത്തിനായി ഞാൻ സ്വയം സമർപ്പിച്ചു. പെട്ടെന്ന് ഒരു ഗാഢനിദ്രയിൽ നിന്നെന്ന വണ്ണം ഞാൻ ഞെട്ടിയുണർന്നു. സുവിശേഷസത്യത്തിന്റെ അത്ഭുതാവഹമായ പ്രകാശം ഞാൻ ദർശിച്ചു. അർത്ഥശൂന്യമായ ഈ ലോകത്തിന്റെ (1 കൊരി. 2:6) നേതാക്കന്മാരുടെ വിജ്ഞാനത്തിന്റെ പൊള്ളത്തരം ഞാൻ മനസ്സിലാക്കി. എന്റെ നശിച്ച ജീവിതത്തെപ്പറ്റി ഞാൻ കണ്ണീരൊഴുക്കി. ഭക്തിയുടെ തത്വങ്ങൾ എന്നിൽ രൂപീകരിക്കുന്ന ഒരു നേതാവിനെ കിട്ടാനായി ഞാൻ പ്രാർത്ഥിച്ചു (ലേഖനം 223, 2).

ജ്ഞാനസ്നാന സ്വീകരണമായിരുന്നു ആദ്യപടി; പിന്നീട് ഈജിപ്റ്റ്, പലസ്തീനാ, സിറിയ, മെസപ്പൊട്ടേമിയ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം സഞ്ചരിച്ചു പ്രഗത്ഭരായസന്യാസികളെ കണ്ടുമുട്ടാൻ അദ്ദേഹം ഇറങ്ങിത്തിരിച്ചു. അവരുടെ ജീവിതം അദ്ദേഹത്തിന്റെ ദൈവികാരൂപിയെ കത്തിജ്വലിപ്പിച്ചു: 'അവരുടെ ജീവിതതത്വവും അദ്ധ്വാനനിരതയും എന്നെ ആകർഷിച്ചു. അവരുടെ നിരന്തരമായ പ്രാർത്ഥനകളും ജാഗരണവുംഎന്നെ മാടിവിളിച്ചു. സ്വാഭാവികാവശ്യങ്ങൾക്കൊന്നും കീഴ്വഴങ്ങാതെ ആത്മാവിന്റെ ആവശ്യങ്ങൾ എപ്പോഴും മുന്നിൽ കണ്ടുകൊണ്ട് അവർ ജീവിച്ചു; വിശപ്പിലും ദാഹത്തിലും തണുപ്പിലും നഗ്നതയിലും ജീവിച്ചു. എന്നാൽ അവർ ശരീരത്തിനൊട്ടും കീഴ്പ്പെട്ടില്ല. അതിനായി സമയം വൃഥാ പാഴാക്കിയില്ല. അവരുടേതല്ലാത്ത ഒരു ശരീരത്തിൽ ജീവിക്കുന്ന രീതിയിൽ സ്വഭവനമായ സ്വർഗ്ഗത്തിലെ പൗരത്വത്തിനായി അവർ എല്ലാ കാര്യങ്ങളിലും വർത്തിച്ചു. അവരുടെ ജീവിതം എന്നെ അവരിലേക്ക് വലിച്ചടുപ്പിച്ചു. യേശുക്രിസ്തുവിന്റെ മരണം തങ്ങളുടെ ശരീരത്തിൽ വഹിക്കുന്നവരായി അവർ കാണിച്ചുകൊടുത്തു. അതുകൊണ്ട്, ഭാഗ്യമേറിയ ജീവിതം എന്ന് അവരുടേതിനെ ഞാൻ വിളിക്കുന്നു. എന്റെ കഴിവനുസരിച്ച് അവരെ അനുകരിക്കാൻ കൃപ തരണമേ എന്നു ഞാൻ പ്രാർത്ഥിച്ചു' (അതേസ്ഥലം).

തിരികെയെത്തിയ ബേസിൽ സമ്പത്തെല്ലാം പാവങ്ങൾക്കായി വിതരണം ചെയ്തിട്ട് നെയോചെസാറിയായുടെ സമീപത്ത് ഏകാന്തജീവിതം തേടിയിറങ്ങി. നിരവധി സുഹൃത്തുക്കൾ ഏകാന്തജീവിതം തേടി ആ സ്ഥലത്തെത്തി ജീവിതം തുടങ്ങി. 348–ൽ ഗ്രിഗറി നസ്യാൻസൻ ബേസിലിനെ സന്ദർശിച്ചപ്പോൾ അവരിരുവരുമൊരുമിച്ച് ഒരിജന്റെ കൃതികളുടെ ഒരു സമാഹാരമായ 'ഫീലോകാലിയ' തയ്യാറാക്കി. ബേസിൽ അവിടെവച്ച് രണ്ടു 'നിയമങ്ങൾ' ഉണ്ടാക്കി. ഇങ്ങനെ ബേസിൽ ഗ്രീക്കു സന്യാസത്തിന്റെ നിയമ ദാതാവായി തീർന്നു. അവിടെ താമസിക്കുമ്പോഴും കർമ്മനിരതനായിത്തന്നെ അദ്ദേഹം വർത്തി

www.malankaralibrary.com



ക്കകയും നിരവധി സന്യാസാശ്രമങ്ങളും തുടങ്ങുകയും ചെയ്തു. ചെസാറിയായിലെ മെത്രാപ്പോലീത്തായായ എവുസേബിയസ് ബേസിലിൻെറ കഴിവുകളെ തൻെറ കൃപതസ്ഥായി ഉപയോഗപ്പെടുത്താൻ ആഗ്രഹിച്ചു, ഒരു പുരോഹിതനാകാൻ എവുസേബിയസ് ബേസിലിനെ പ്രേരിപ്പിച്ചു. ബേസിലതു സമ്മതിച്ചു. ഒരു വൈദികനായി, എല്ലാക്കാര്യങ്ങളിലും എവുസേബിയസിൻെറ സഹായിയും തുണയുമായിത്തീർന്നു. 'അദ്ദേഹം എല്ലാററിനും എല്ലാമായിത്തീർന്നു:നല്ലൊരുപദേശകൻ,കഴിവുററ സഹായി, വേദപുസ്തക വ്യാഖ്യാതാവ്, കർത്തവ്യങ്ങൾ ചൂണ്ടിക്കാട്ടുന്നവൻ, വാർദ്ധക്യത്തിലൊരു വടി, വിശ്വാസത്തിൻെറ ഒരു സ്തംഭം, മറെറല്ലാ വൈദികരേക്കാളും വിശ്വസ്തതയേറിയവൻ,ഏതു് അൽമായ നേതാവിനെക്കാളും പരിചയസമ്പന്നൻ.' ഇതാണ്ഗ്രീഗറിനസ്യാൻസൻെറ കുറിപ്പ് (പ്രഭാഷണം 43,33). 370–ൽ എവുസേബിയസ് മരിച്ചപ്പോൾ ബേസിൽ ചെസാറിയായിലെ മെത്രാനായി.

വളരെ വേഗം ബേസിൽ സകല ജനങ്ങളുടേയും പ്രീതി നേടി. രോഗികൾക്കായി ആശുപത്രികൾ സ്ഥാപിക്കുന്നതിലും, പാവങ്ങൾക്കായി ഭവനങ്ങൾ നിർമ്മിക്കുന്നതിലും പരദേശികളെ സൽക്കരിക്കുന്നതിലും അദ്ദേഹം ശ്രദ്ധ ചെലുത്തി. ആരിയനിസത്തിനെതിരെയുള്ള സമരത്തിൽ സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടു. രാജാവായ വാലൻസിൻെറയും മററ്അധികാരികളുടെയും മുൻപിൽ അദ്ദേഹം ഭയരഹിതനായി വ്യാപരിച്ചു. ആര്യനിസത്തെ അംഗീകരിക്കണം എന്നു് പ്രീഫെക്ററ് മൊദെസ്തൂസ് നിർബന്ധിച്ചു. 'കണ്ടുകെട്ടലും നാടുകടത്തലും' എന്ന ഭീഷണി മുഴക്കി. സഭയുടെ യഥാർത്ഥ പുത്രനായി നട്ടെല്ലോടുകൂടി ബേസിൽ നിലകൊണ്ടു. ബേസിലിൻെറ മറുപടി നസ്യാൻസൻ കുറിച്ചു വച്ചിരിക്കുന്നതു് ശ്രദ്ധാർഹമാണ്:

'ഒന്നുമില്ലാത്തവർക്കു് കണ്ടുകെട്ടൽ എന്തു ദോഷം ചെയ്യും! എനിക്കാകെയുള്ള ഈ തുണിയും കുറെ പുസ്തകങ്ങളും ആയിരിക്കാം നീ എന്നെ പീഡിപ്പിച്ചിട്ടു് എടുക്കാൻ പോകുന്നതു്! നാടു കടത്തൽ ഞാനറിയുന്നില്ല. കാരണം, ഞാനൊരു സ്ഥലത്തോടും ബന്ധിതനല്ല. ഞാൻ ജീവിക്കുന്ന ഈ നാടും ഞാൻ നാടുകടത്തപ്പെടുന്ന ഏതു നാടും എൻേറതായി ഞാൻ കരുതുന്നു. എല്ലാ നാടും ദൈവത്തിൻേറതാണ്. അവൻെറ വെറുമൊരു സേവകനാണു ഞാൻ. ഈ ലോകത്തിൽ ഒരു പഥികനും തീർത്ഥാടകനും മാത്രമാണു ഞാൻ. പീഡനങ്ങൾക്കു് എന്നോടെന്തു ചെയ്യാനാവും! എൻെറ ശരീരം ഒരുപക്ഷേ ഒററയടിക്കുതകും! ഈ കാര്യങ്ങളിലേ നിനക്കെന്തെങ്കിലും സാധിക്കൂ. എന്നാൽ എന്നെ സംബന്ധിച്ചു് മരണം കരുണാർദ്രമായ ഒരു കർമം

www.malankaralibrary.com



മാത്രമായിരിക്കും. കാരണം, അതെന്നെ ദൈവത്തോട് കൂടുതൽ അടുപ്പിക്കും. അവനുവേണ്ടി ഞാൻ ജീവിക്കുന്നു. അവനുവേണ്ടി ഞാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവനുവേണ്ടി ഞാൻ മിക്കവാറും മൃതനാണ്. അവൻെറ പക്കലേക്ക് ഞാൻ കുതിക്കുന്നു' (പ്രഭാ. 43,49).

ഇതു കേട്ട ഉദ്യോഗസ്ഥൻ ഞെട്ടിപ്പോയി: 'ഇതുപോലാരും ഇത്ര നിർഭയമായി എന്നോടു സംസാരിച്ചിട്ടില്ല.' അതിനു മറുപടിയായി ബേസിൽ പറഞ്ഞു: 'ഒരുപക്ഷേ നീ ഇതിനു മുൻപ് ഒരു മെത്രാനെ അറിഞ്ഞിട്ടില്ലായിരിക്കാം............ദൈവം അപഹസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നിടത്ത് എല്ലാം ഇല്ലായ്മയായി കരുതപ്പെടുന്നു. അവനെ മാത്രമേ ഞങ്ങൾ ശ്രദ്ധിക്കുന്നുള്ളു. അഗ്നിയും, വാളും, വന്യമൃഗങ്ങളും, ഭീകരമായ ഉപകരണങ്ങളും ഭയഹേതുക്കളായിട്ടല്ല, ആഹ്ലാദകരമായി ഞങ്ങൾ കരുതുന്നു. അബദ്ധ തത്വങ്ങളിലേക്ക് (ആരിയനിസത്തിലേക്ക്) ഞങ്ങളെ നയിക്കാൻ കഴിയുകയില്ലെന്ന് ചക്രവർത്തിയേയും അറിയിച്ചേക്കുക. ഭീഷണികളൊന്നും ഇവിടെ വിലപ്പോകില്ല' (43,50). ഇതേപ്പററി കേട്ട രാജാവു തന്നെ തൻെറ ഉദ്യമത്തിൽ നിന്ന് പിന്മാറി.

സഭൈക്യമായിരുന്നു ബേസിലിൻെറ ഒരു പ്രധാന ചിന്താവിഷയം. പൗരസ്ത്യ ക്രൈസ്തവർ ആര്യനിസം മൂലം പല തട്ടുകളിലായി നിന്നു. കിഴക്കും പടിഞ്ഞാറുമുള്ള മെത്രാൻമാർ തന്നെയും ഐക്യത്തിൽ നിന്നകന്നു പോയി. പൗരസ്ത്യസഭകളും പാശ്ചാത്യസഭകളും തമ്മിൽ ഐക്യം സ്ഥാപിക്കേണ്ടതത്യാവശ്യമാണെന്ന് അദ്ദേഹം കണ്ടു. പൗരസ്ത്യ സഭകളുടെ ദുർഭഗസ്ഥിതികൾ വിവരിച്ചുകൊണ്ട് ദമാസൂസ് മാർപാപ്പായ്ക്ക് ബേസിൽ ഒരു കത്തയച്ചു. പൗരസ്ത്യസഭകളെ സന്ദർശിക്കാൻ ബേസിൽ ദമാസൂസിനെ ക്ഷണിച്ചു (ലേഖനം, 70). വിശ്വാസികളുടെ ഇടയിൽ കിടമത്സരങ്ങളും ഗ്രൂപ്പു വടംവലികളും ഇല്ലാതിരുന്നാൽ മാത്രമേ സത്യവിശ്വാസത്തിൽ വളരാനാവൂ എന്നു അദ്ദേഹം വിശ്വസിച്ചു. കിഴക്കും പടിഞ്ഞാറുമുള്ള സഭകളുടെ ഐക്യത്തിന് വിലങ്ങുതടിയായി നിന്ന ഒരു കാര്യമുണ്ടായിരുന്നു: അന്ത്യോക്യയിലെ പൗളീനുസ്–മെലേഷ്യസ് പ്രശ്നം. ആര്യൻ പ്രശ്നത്തിനു ശേഷമുണ്ടായ പൗളീനുസ് ഗ്രൂപ്പും മെലേഷ്യസ് ഗ്രൂപ്പും അന്ത്യോക്യയിൽ പിൻതുടർച്ച അവകാശപ്പെട്ടു. ബേസിൽ മെലേഷ്യൻ ഗ്രൂപ്പിനെ പിൻതാങ്ങി. പാശ്ചാത്യ മെത്രാന്മാർ മെലേഷ്യൻ ഗ്രൂപ്പിനെതിരായിരുന്നു. അതുകൊണ്ട് ഐക്യശ്രമങ്ങൾ പരിപൂർണ്ണമായി വിജയിച്ചില്ല.

ക്രി. വ. 379 ജനുവരി ഒന്നിന് ബേസിൽ മരിച്ചു. ഒരു വർഷത്തിനു ശേഷം രണ്ടാം എക്യുമെനിക്കൽ കൗൺസിൽ കോൺസ്റ്റാ

www.malankaralibrary.com



ൻറിനോപ്പിളിൽ കൂടി. സഭയിൽ സമാധാനം പുനഃസ്ഥാപിക്കാൻ തിയഡോഷ്യസ് ചക്രവർത്തി പരിശ്രമിച്ചു. നിഖ്യാസുന്നഹദോസിലേക്ക് എല്ലാവരും തിരികെ വന്നു. അതിന് ബേസിൽ വളരെയധികം വഴിയൊരുക്കി.

## കൃതികൾ

ബേസിൽ കർമ്മ നിരതനായിരുന്നു എന്നത് യാഥാർത്ഥ്യം തന്നെ. എന്നാൽ ഇവയുടെയെല്ലാം ഇടയിൽ ഒരു ചിന്തകനെന്ന നിലയിൽ അദ്ദേഹം വ്യാപരിച്ചു. സാർവത്രിക സഭാപിതാക്കന്മാരിൽ ഒന്നാമനായി ബേസിൽ നിലകൊള്ളുന്നു. ജീവിതകാലത്തു തന്നെ അദ്ദേഹത്തിൻെറ കൃതികൾ വളരെയധികം ബഹുമാനിക്കപ്പെട്ടിരുന്നു. ക്രിസ്ത്യാനികളും അക്രൈസ്തവരും അവ വായിച്ചിരുന്നു. ദൈവശാസ്ത്രപരം, ആദ്ധ്യാത്മികം, പ്രബോധനപരം, ആരാധനക്രമപരം എന്നിങ്ങനെ കൃതികളെ തിരിക്കാം. നിരവധി പ്രസംഗങ്ങളും കത്തുകളും ബേസിലിൻേറതായി നമുക്ക് ലഭിച്ചിട്ടുണ്ട്.

### 1. ദൈവശാസ്ത്രപരം

ആരിയനിസത്തിനെതിരെ എഴുതപ്പെട്ടവയാണ് അദ്ദേഹത്തിൻെറ ഡോഗ്മാററിക് കൃതികൾ എല്ലാം.

(എ) എവുണോമിയസിനെതിരെ

ക്രി. വ. 363—നും 365—നും ഇടയ്ക്കെഴുതപ്പെട്ടതാണിതു്. എവുണോമിയസ് എന്ന ആരിയൻ നേതാവ് 361ൽ അപ്പൊളോജിയ എന്നൊരു കൃതിയെഴുതി. അതിനെ ഖണ്ഡിച്ചുകൊണ്ടെഴുതപ്പെട്ടതാണിതു്. ഒന്നാം പുസ്തകം: 'ദൈവികസത്ത' 'ജനിച്ചവനല്ല' (അഗെന്നേസിയാ) എന്നതിലടങ്ങിയിരിക്കുന്നു;അക്കാരണത്താൽ വചനം ദൈവപുത്രനല്ല, അവൻ ജനിച്ചവനാണ്; 'സൃഷ്ടികളിൽ നിന്ന് വ്യത്യസ്തനല്ല' എന്ന എവുണോമിയൻ വാദത്തെ ഖണ്ഡിക്കുന്നു. രണ്ടാം പുസ്തകം: നിഖ്യാ വിശ്വാസം വ്യാഖ്യാനിക്കുന്നു. വചനം സത്താപരമായി (ഹോമോ ഉസിയോസ്) പിതാവിനു തുല്യനാണ് എന്നു് തെളിയിക്കുന്നു. മൂന്നാം പുസ്തകം: പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടുംകൂടി ഒപ്പം വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനാണ്. തുല്യദൈവത്വവും തുല്യസാരാംശവുമാണെന്നു വ്യക്തമാക്കുന്നു.

www.malankaralibrary.com



അച്ചടിച്ച ചില കൃതികളിൽ ഈ മൂന്നു പുസ്തകങ്ങൾക്കു പുറമെ വേറെ രണ്ടു പുസ്തകങ്ങൾകൂടി കാണാം. എന്നാൽ അവ ബേസിലിൻേറതല്ല. മിക്കവാറും അലക്സാണ്ഡ്രിയായിലെ ദിദിമൂസ് രചിച്ചതാകാം.

(ബി) പരിശുദ്ധാത്മാവിനെപ്പററി

പുത്രനും പരിശുദ്ധാത്മാവിനും പിതാവിനോടുള്ള സത്താപരമായ ഐക്യം ഇതിൽ വ്യക്തമാക്കുന്നു. പൊതു ആരാധനയിൽ 'പുത്രനോടും പരിശുദ്ധാത്മാവിനോടുംകൂടി പിതാവിനു സ്തുതി' എന്നു ബേസിൽ ഉപയോഗിച്ചു. അന്നു പൊതുവെ നടപ്പിലിരുന്നതു്, 'പുത്രനിലൂടെ പരിശുദ്ധാത്മാവിൽ പിതാവിനു സ്തുതി' എന്ന ഫോർമുലയായിരുന്നു. ബേസിൽ ഒരു നവീകരണം നടത്തിയെന്നു ചിലർ ആരോപണം ഉന്നയിച്ചു. 'രണ്ടും ഒന്നുതന്നെ; സഭയിൽ ഇതു നടപ്പിലിരുന്നതാണു്; അതുകൊണ്ടു ഒച്ചപ്പാടിൻെറ ആവശ്യമില്ല' എന്നു ബേസിൽ തറപ്പിച്ചു പറഞ്ഞു. പുത്രനും പരിശുദ്ധാത്മാവും പിതാവിൻെറ സാരാംശമുള്ളതിനാൽ തുല്യസ്തുതികൾക്കർഹരാണു്. വേദപുസ്തകവും പാരമ്പര്യവും ഇതുതന്നെ പഠിപ്പിക്കുന്നു.

ആറു വർഷങ്ങൾക്കു ശേഷം 'പരിശുദ്ധാത്മാവിനെപ്പററി' എന്ന കൃതിയെഴുതാൻ വി. അംബ്രോസിനു ഈ കൃതി സഹായിച്ചു. അങ്ങനെ ബേസിലിൻെറ ആശയം പാശ്ചാത്യലോകത്തും എത്തി.

## 2. ആധ്യാത്മിക കൃതികൾ

പതിമൂന്നു പ്രബന്ധങ്ങളുടെ ഒരു സമാഹാരം 'അസെററിക്ക' (Ascetica) എന്ന പേരിൽ ബേസിലിൻേറതായി അറിയപ്പെടുന്നു. ചിലവ ബേസിലിൻേറതുതന്നെ. എന്നാൽ പലതുമല്ല.

(എ) സന്മാർഗശാസ്ത്രം (താ എത്തിക്കാ)

എൺപതു ധാർമ്മിക നിയമങ്ങൾ, അവയ്ക്കാധാരമായ പുതിയനിയമ വാക്യങ്ങൾ ഉൾപ്പെടെ സന്മാർഗ ശാസ്ത്രസംബന്ധമായ ഒരു കൃതിയാണിതു്. സന്യാസ ജീവിതത്തിനു ഈ കൃതി ശക്തിയായി ആഹ്വാനം ചെയ്യുന്നു. ഗ്രിഗറി നസ്യാൻസൻ കൂടെയുള്ള കാലത്തു ഐറീസിൽ (പോൻതുസ്) വച്ചു എഴുതപ്പെട്ടതാണിതു്.

www.malankaralibrary.com



(ബി) രണ്ടു സന്യാസനിയമങ്ങൾ

ബേസിൽ സന്ദർശിച്ച ആശ്രമങ്ങളിലെ സന്യാസികളുടെ സംശയനിവാരണാർത്ഥം എഴുതപ്പെട്ടവയാണിതു്. ഒന്നാമത്തേതു് വലിയ നിയമങ്ങളെന്നറിയപ്പെടുന്നു. 55 തലക്കെട്ടുകളിലായി സന്യാസജീവിതത്തിന്റെ തത്ത്വങ്ങൾ വിവരിക്കുന്നു. ചെറിയനിയമങ്ങൾ എന്നറിയപ്പെടുന്നതു് 313 ശീർഷകങ്ങളാലായി ഒരു സന്യാസ സമൂഹത്തിന്റെ അനുദിനജീവിത സാഹചര്യങ്ങൾക്കുള്ള നിയമങ്ങൾ വിവരിക്കുന്നു. ചോദ്യോത്തര രീതിയിലാണിവ. സന്യാസാംഗങ്ങളുമായുള്ള സംഭാഷണാവസരം കുറിച്ചിട്ട നോട്ടുകളുടെ വെളിച്ചത്തിലാണ് ഇവ എഴുതപ്പെട്ടതു്. ഒന്നാമത്തേതിൽ സെബെസ്റ്റയിലെ എവുസ്താത്യോസിന്റെ സ്വാധീനം കാണാം. ബേസിലിനു മുൻപ് ഏഷ്യാമൈനറിൽ സന്യാസജീവിതത്തിനു് ആരംഭമിട്ടതു് ഇദ്ദേഹമാണു്.

ബേസിലിന്റെ നിയമങ്ങളാണിന്നും ഗ്രീക്കുസന്യാസസമൂഹങ്ങളിൽ പ്രാബല്യത്തിലിരിക്കുന്നതു്. 4-ാം നൂററാണ്ടിന്റെ അവസാനത്തിൽ റൂഫീനുസിന്റെ ലത്തീൻ വിവർത്തനത്തിലൂടെ ഈ നിയമങ്ങൾ പാശ്ചാത്യ ലോകത്തു വ്യാപിച്ചു. കാസിയൻ, വി. ബനഡിക്ടു് എന്നീ പാശ്ചാത്യനിയമ ദാതാക്കളെ ബേസിലിന്റെ നിയമം നന്നായി സ്വാധീനിച്ചിട്ടുണ്ടു്.

## 3. പ്രബോധകകൃതികൾ

(എ) യുവാക്കളോടു്

അക്രൈസ്തവരായ ഗ്രന്ഥകർത്താക്കളുടെ കൃതികളിൽ നിന്നും പഠനങ്ങളിൽനിന്നും ക്രൈസ്തവർ എങ്ങനെ ജ്ഞാനം സമ്പാദിക്കണമെന്ന പ്രശ്നങ്ങളിലേക്കു് വെളിച്ചം വീശുന്നതാണു് ബേസിലിന്റെ ഈ കൃതി. ഗ്രീക്കു കലാലയങ്ങളിൽ പഠിക്കുന്ന തന്റെ അനന്തിരവരോടുള്ള പ്രബോധനമായിട്ടാണു് കൃതിയെങ്കിലും ഗ്രീക്കു ക്ലാസ്സിക്കൽ സാഹിത്യത്തിന്റെ മൂല്യം തെളിവായി വിവരിക്കുന്നു. ഗ്രീക്കു സാഹിത്യം വേദപുസ്തകത്തിൽ നിന്നു വളരെ താണ ഒരു തലത്തിൽ വ്യാപരിക്കുന്നതാണെങ്കിലും പ്രബോധനത്തിൽ അതിനു് സുപ്രധാനമായ ഒരു സ്ഥാനമുണ്ടു്. വിദ്യാർത്ഥികളുടെ ആത്മാക്കൾക്കു് ദോഷം വരുത്തുന്നവ ഒഴിവാക്കിയാൽ ഗ്രീക്കു സാഹിത്യത്തിൽ അമൂല്യമായ നിക്ഷേപങ്ങൾ ഉണ്ടു്. അവ വായിക്കുന്നവർ വിഷം ദൂരെ കളഞ്ഞിട്ടു് തേൻ തിരഞ്ഞെടുക്കണം എന്നു് അദ്ദേഹം ഉപദേശിക്കുന്നു.

(ബി) ആത്മീയ മകനുള്ള ഉപദേശം

ഇതൊരു ലത്തീൻ കൃതിയാണു്. 9-ാം നൂററാണ്ടു മുതൽ ഇതു ബേസിലിന്റേതായി പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ 16-ാം

www.malankaralibrary.com



നൂററാണ്ടു മുതൽ ഇതിൻെറ കർത്തൃത്വം ബേസിലിൽ ആരോപിക്കാൻ പലരും വൈമുഖ്യം കാണിക്കുന്നുണ്ടു്.

## 4. പ്രസംഗങ്ങൾ

ബേസിൽ വേദപുസ്തകങ്ങളുടെ ഭാഷ്യങ്ങളൊന്നും എഴുതിയിട്ടില്ല. എന്നാൽ ഭാഷ്യസാഹിത്യനിപുണത ഹോമിലികളിലുടനീളം വ്യക്തമാണ്. അന്നത്തെ പ്രഭാഷണകലയുടെ പ്രത്യേകതകളെല്ലാം ബസീലിയൻ ഹോമിലികളിൽ കാണാം. എങ്കിലും തൻെറ സഹപ്രവർത്തകരുപയോഗിച്ചത്ര താൽപര്യം പ്രഭാഷണശൈലിയോടു് ബേസിൽ കാണിച്ചില്ല. വാചകക്കസർത്തിനാൽ ശ്രോതാക്കളെ രസിപ്പിക്കാം. എന്നാൽ അതിലുപരി അവരുടെ മനസ്സാക്ഷിയെ സ്പർശിക്കുന്നതിലാണ് ബേസിൽ ശ്രദ്ധിച്ചതു്.

### (എ) ആറു ദിവസത്തെ സൃഷ്ടിവിവരണം

ഒരു വൈദികനായിരുന്ന കാലത്തു് 370-നു മുൻപേ ചെയ്തതാണിതു്. ആറു ദിവസസൃഷ്ടി (ഉത്പ. 1:1-26) യെപ്പററിയാണിതിൽ പ്രതിപാദിക്കുന്നതു്. നോമ്പുകാലത്തെ ഒരാഴ്ചയിൽ നടത്തിയതാണിതു്, ചില ദിവസങ്ങളിൽ കാലത്തും വൈകിട്ടും അദ്ദേഹം പ്രസംഗിച്ചു. കിഴക്കും പടിഞ്ഞാറും ഒപ്പം ഈ പ്രസംഗങ്ങാം സമ്പൂജ്യങ്ങളായി കരുതപ്പെട്ടിരുന്നു. പ്രഭാഷകമാധുര്യം നിറഞ്ഞുതുളുമ്പുന്ന ഈ പ്രസംഗങ്ങളോടു് താരതമ്യപ്പെടുത്താൻ പിൽക്കാല ഗ്രീക്കുസാഹിത്യത്തിൽ ഒരു കൃതിയും എടുത്തുകാട്ടാനില്ല. ഈ വിഷയം സംബന്ധിച്ചുള്ള തൻെറ കൃതിയിൽ വി. അംബ്രോസ് ഇതു് ധാരാളമായി ഉപയോഗിച്ചിട്ടുണ്ടു്. 440 നോടടുത്തു് ഇതിൻെറ ലത്തീൻ വിവർത്തനമുണ്ടായി. ഉൽപത്തികൃതി വ്യംഗ്യാർത്ഥത്തിൽ വ്യാഖ്യാനിക്കാൻ താൻ ഒട്ടും ആഗ്രഹിക്കുന്നില്ലെന്നു് ബേസിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്. അക്രൈസ്തവരുടേയും മനിക്കേയരുടേയും ലോകവിവരണത്തിൽനിന്നു വ്യത്യസ്തമായി യഥാർത്ഥമായൊരു ലോകവിവരണം നൽകാനുള്ള ഒരുമ്പെടലും സൃഷ്ടിയുടെ പിന്നിലെ സ്രഷ്ടാവിനെക്കാട്ടുവാനുള്ള പരിശ്രമവുമാണ് നാം ബേസിലിൽ കാണുക. അരിസ്റ്റോട്ടൽ, പ്ളേറേറാ, പൊസൈഡോണിയോസ് എന്നിവരിൽ നിന്നു് എടുത്തിട്ടുള്ളതാണ് പല ആശയങ്ങളും. പ്ളൊത്തിനൂസിൻെറ സ്വാധീനവും ഇതിൽ ദൃശ്യമാണ്.

### (ബി) സങ്കീർത്തന ഹോമിലികാം

സങ്കീർത്തനങ്ങളെ ആധാരമാക്കി പതിനെട്ടു ഹോമിലികാം ബേസിലിൻെറ പേരിൽ പ്രചരിക്കുന്നുണ്ടു്. അവയിൽ 13

www.malankaralibrary.com



എന്നും ആധികാരികം ആണെന്നു പറയാം. അതിശയോക്തിപര മായ വ്യാഖ്യാനമല്ല, ധാർമ്മിക പ്രബോധനമാണ് പ്രസംഗക ന്റെ ലക്ഷ്യം എന്ന് അദ്ദേഹം തെളിയിക്കുന്നു. ചെസാറിയായി ലെ എവുസേബിയസിന്റെ സങ്കീർത്തനഭാഷ്യം ഗ്രന്ഥകർത്താവ് ഇതിൽ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്.

(സി) ഏശായാ ഭാഷ്യം

ഏശായാ ഒന്നുമുതൽ 16 വരെയുള്ള ഭാഗത്തിന്റെ ഭാഷ്യവു എവുസേബിയസിന്റെ ഏശായാഭാഷ്യത്തെ ആധാരമാക്കിയുള്ള താണ്.

(ഡി) മററു പ്രസംഗങ്ങൾ

ഹോമിലികൾ കൂടാതെ ഇരുപത്തിമൂന്നു മററു പ്രസംഗങ്ങളും ബേസിലിന്റെ പേരിൽ അറിയപ്പെടുന്നു. നിരവധി വിഷയ ങ്ങളെ ആധാരമാക്കിയണവ. കർത്താവിനെയും വിശുദ്ധരെയും സ്തുതിച്ചുകൊണ്ട് ഓർമ്മദിവസങ്ങളിൽ ചെയ്ത ഈ പ്രസംഗങ്ങൾ കൂടുതൽ പ്രായോഗികചായ്‌വുള്ളവയാണ്.

5. കത്തുകൾ

ഹോമിലികളേക്കാളേറെ ബേസിലിന്റെ പാണ്ഡിത്യവും ഭാഷ്യാനിപുണതയും പ്രസ്പഷ്ടമാക്കുന്നതു് കത്തുകളാണ്. അവ കത്തുകളുടെ മാതൃകകളായിത്തീർന്നു. ഒരിക്കലൊരു നിക്കോബുളുസ് കത്തുകൾ എഴുതുന്നതിന്റെ മാതൃക ആവശ്യപ്പെട്ടുകൊണ്ട് ഗ്രിഗറി നസ്യാൻസനെ സമീപിച്ചു. ഗ്രിഗറി ബേസിലിന്റെ പക്ക ലേക്ക് അയാളെ തിരിച്ചുവിട്ടു. ബേസിൽ തന്റെ കത്തുകളുടെ ഒരു സമാഹാരമുണ്ടാക്കി അയാൾക്കു കൊടുത്തു. വി. മൗറിന്റെ (St. Maur) ബെനഡിക്റ്റൈൻ സന്ന്യാസികൾ 365_ഓളം കത്തു കൾ പ്രസിദ്ധപ്പെടുത്തി. അവയിൽ പലതും മററുള്ളവർ ബേ സിലിനയച്ച കത്തുകളാണ്. ഈ സമാഹാരത്തെ മൂന്നായി തരം തിരിക്കാം:

(1) മെത്രാനാകുന്നതിനു് മുൻപെഴുതിയവ (357_370 വരെ) (2) മെത്രാനായിരുന്ന കാലത്തെ കത്തുകൾ (370-378); സമാ ഹാരത്തിന്റെ മൂന്നിൽ രണ്ടു ഭാഗം വരുമിതു്. (3) കാലനിർണയം അസാദ്ധ്യമായവ. നാലാം നൂററാണ്ടിലെ പൗരസ്ത്യസഭയെപ്പ ററി, പ്രത്യേകിച്ച് കപ്പദോചിയൻ സഭയെപ്പററി, വളരെയധികം സംഗതികൾ ഈ കത്തുകളിൽ നിന്നു് ഗ്രഹിക്കാനാവും. ബേസി ലിന്റെ തന്നെ ജീവിതത്തേയും വ്യക്തിത്വത്തേയുംപററി കൂടുത ലായി ഈ കത്തുകളിൽ നിന്നു് മനസ്സിലാക്കാം.

www.malankaralibrary.com



സുഹൃത്തുക്കൾക്കെഴുതിയവ, ശുപാർശ ചെയ്തുകൊണ്ടുള്ളവ, ആശ്വാസം പകർന്നുകൊണ്ടുള്ളവ, കാനോനിക്കൽ കത്തുകൾ (188. 199, 217) ധാർമ്മികവും സന്യാസപരവും ആയ വശങ്ങളെ ആധാരമാക്കിയുള്ളവ, ദൈവശാസ്ത്രസംബന്ധമായ കത്തുകൾ, ചരിത്രപരമായ ചർച്ചകൾ നടത്തുന്ന കത്തുകൾ എന്നിങ്ങനെ കത്തുകളെ തിരിക്കുന്നവരുണ്ട്.

## 6. ബേസിലിൻെറ ആരാധനക്രമം

ഒരു വൈദികനായിരുന്നപ്പോൾതന്നെ ചെസാറിയായിലെ ആരാധനാക്രമം പരിഷ്ക്കരിക്കുന്നതിൽ ബേസിൽ ശ്രദ്ധിച്ചു എന്ന് ഗ്രിഗറി നസ്യാൻസൻ പറയുന്നു. (പ്രഭാഷ. 43, 34). ആരാധനക്രമത്തിൽ നവീകരണം നടത്തിയെന്ന് പലരും ബേസിലിനെ കുററാരോപണം നടത്തി. ഗ്രീക്ക സഭയിൽ 'ബേസിലിൻെറ ആരാധനക്രമം' എന്ന പേരിൽ ഒരു കർബാനക്രമം തന്നെ നിലവിലുണ്ട്. സിസിലി, ഇററലി എന്നിവിടങ്ങളിലും ഇതിന് സ്ഥാനം ലഭിച്ചിട്ടുണ്ട്. ഒൻപതാം നൂററാണ്ടിൽ സിറിലും മെത്തോഡിയസും കൂടി ഇതു് സ്ളവോണിക് ഭാഷയിലേക്ക് ഭാഷാന്തരം ചെയ്തു. വ്ളാഡിമിർ 987–ൽ റഷ്യയിൽ ഇതു നടപ്പാക്കി. വി. ബേസിലിൻെറ 'കോപ്ടിക് ലിററർജി' ഗ്രീക്കിൻെറ ഒരു ചുരുങ്ങിയ പതിപ്പാണ്.

### ദൈവശാസ്ത്രം

വിവിധ ആര്യൻ ഗ്രൂപ്പുകാർക്കെതിരായി ബേസിൽ നിഖ്യാവിശ്വാസം ഉറക്കെ പ്രഖ്യാപിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഈ ലക്ഷ്യമാണ് അത്തനാസ്യൂസുമായി ജീവിതകാലം മുഴുവൻ നീണ്ടുനിന്ന സുഹൃദ്ബന്ധത്തിനിടയാക്കിയതു്. അലക്സാണ്ഡ്രിയൻ മെത്രാനെ സത്യവിശ്വാസത്തിൻെറ നെടുംതൂണായി ബേസിൽ കണക്കാക്കി. 'നിഖ്യാവിശ്വാസപ്രമാണത്തോട് നമുക്കൊന്നും കൂട്ടിച്ചേർക്കാൻ സാധിക്കുകയില്ല. ചെറിയൊരു കാര്യംപോലും ചേർക്കരുതു്. പരിശുദ്ധാത്മാവിൻെറ സ്തുതിപ്പു മാത്രമാണ നാം ചേർത്തതു്. അതു് നമ്മുടെ പിതാക്കന്മാർ സൂചിപ്പിച്ചതുകൊണ്ടുമാത്രം' (ലേഖ.258) എന്നു ബേസിൽ പഠിപ്പിച്ചു. അത്തനാസ്യൻ ചിന്തയിൽനിന്ന് ഒരു പടികൂടി കടന്ന് ഒരു വ്യക്തമായ ത്രിത്വദൈവശാസ്ത്രത്തിനു രൂപം നൽകാൻ ബേസിലിനു സാധിച്ചു.

(1) ത്രിത്വം

സെമി–ആര്യൻ വിഭാഗക്കാരെ സഭയിലേക്ക തിരികെ കൊണ്ടുവരിക, 'ഉസിയ' 'ഹ്യപ്പോസ്റ്റസിസ്' എന്നീ പദങ്ങൾക്ക്

www.malankaralibrary.com



അർത്ഥക്ളിപ്തത നൽകുക എന്നിവയിൽ ബേസിൽ ശ്രദ്ധ ചെലുത്തി. നിഖ്യായിലെ പിതാക്കന്മാരും അത്താനാസ്യോസു മെല്ലാം 'ഉസിയാ'യും 'ഹ്യപ്പോസ്റ്റസിസും' പര്യായപദങ്ങളായാണ് ഉപയോഗിച്ചത്. ഈ അർത്ഥക്ളിപ്തതയില്ലായ്മ അവസാനിക്കാത്ത കലഹങ്ങൾക്കും തർക്കങ്ങൾക്കും വാതിൽ തുറന്നു. 'ഉസിയായും ഹ്യപ്പോസ്റ്റസിസും' തമ്മിൽ വ്യത്യാസമുണ്ടെന്ന് ആദ്യമായി പറഞ്ഞത് ബേസിൽ ആണ്. ദൈവത്തിൽ ഒരു 'ഉസിയയും' മൂന്നു ഹ്യപ്പോസ്റ്റസിസും ഉണ്ട് (മിയാ ഉസിയാ, ത്രെയിസ് ഹ്യപ്പൊസ്റ്റസെയിസ്). 'ഉസിയാ' എന്നു പറഞ്ഞാൽ 'അസ്തിത്വം' അഥവാ 'സത്ത'-അഥവാ ദൈവത്തിന്റെ സത്താപരമായ യാഥാർത്ഥ്യം! അതൊന്നേയുള്ളു. എന്നാൽ 'ഹ്യപ്പോസ്റ്റസിസ്' പ്രത്യേക രീതിയിലുള്ള അസ്തിത്വത്തെ സൂചിപ്പിക്കുന്നു. ഓരോ വ്യക്തിയും ആയിരിക്കുന്ന അവസ്ഥ. അതൊന്നല്ല—മൂന്നാണ്. അതുകൊണ്ട് 'ഉസിയായും ഹ്യപ്പോസ്റ്റസിസും' ഒന്നല്ല—പര്യായപദങ്ങളല്ല. 'ഉസിയ' ലത്തീനിലെ 'സബ്സ്റ്റാൻസ്യായും' ഹ്യപ്പോസ്റ്റസിസ്' 'പെർസോണ'യുമാണ്. പ്രോസൊപ്പോൺ (prosopon) എന്ന പദത്തേക്കാൾ മെച്ചമായ ഒരു പദമായിട്ടാണ് ബേസിൽ ഹ്യപ്പോസ്റ്റസിസിനെ കാണുന്നത്. കാരണം, തന്റെ വിവരണത്തിൽ സബെല്ലിയൂസ് പ്രോസൊപ്പോൺ' ഉപയോഗിക്കുകയും പാഷണ്ഡതയിലേയ്ക്ക് വീഴുകയും ചെയ്തു. 451—ലെ കാൽസിഡോൺ സൂനഹദോസിലേക്കുള്ള ചവിട്ടുപടിയായി ബസേലിയൻ ചിന്തയെ കരുതാം. പ്രത്യേകിച്ച് ഉസിയയും ഹ്യപ്പോസ്റ്റസിസും തമ്മിലുള്ള വ്യത്യാസം വരച്ചുകാട്ടിയതിൽ. ഗ്രിഗറി നസ്യാൻസനും ഗ്രിഗറി നീസ്സായും ബേസിലിന്റെ കാൽപ്പാടുകളിൽ കൂടിത്തന്നെയാണ് യാത്ര ചെയ്തതും ത്രിത്വസംബന്ധമായ ദൈവശാസ്ത്രം വളർത്തിയെടുത്തതും.

(2) സമസത്ത (ഹോമോഉസിയോസ്)

ഉസിയായും ഹ്യപ്പോസ്റ്റസിസും തമ്മിലുള്ള അർത്ഥവ്യത്യാസം വ്യക്തമായപ്പോൾ 'ഹോമോഉസിയോസ്' എന്ന വാക്ക് സാർവത്രികമായി അംഗീകരിക്കപ്പെടാൻ തുടങ്ങി. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡ് ഈ പാതയിലൂടെ തന്നെയാണ് നീങ്ങിയത്. എന്നാൽ ചിലയാളുകൾ കപ്പദോചിയൻ ചിന്തകരെ സെമി ആര്യൻ ഗ്രൂപ്പിലുൾപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. കപ്പദോചിയൻ ചിന്തകർ നിഖ്യായെ വളച്ചൊടിക്കുകയും അൻസീറായിലെ ബേസിലിന്റെ ചിന്താഗതിയിലൂടെ നീങ്ങുകയും ചെയ്തു എന്ന് ഹാർനാക്ക് കരുതുന്നു. സത്തയിലുള്ള സാമ്യം മാത്രമേ മൂന്നാളുകൾ തമ്മിലുള്ളു എന്ന് പറഞ്ഞത്രേ.

www.malankaralibrary.com



എന്നാലീയാരോപണത്തെ മററു ചിലർ ബസേലിയൻ കൃതികളുദ്ധരിച്ച് നിഷേധിച്ചിട്ടുണ്ട്.

(3) പരിശുദ്ധാത്മാവ്

ബേസിൽ തന്റെ കൃതിയിൽ സ്പഷ്ടമായി പരിശുദ്ധാത്മാവ് ദൈവമാകുന്നു എന്ന് പറഞ്ഞിട്ടില്ലെന്ന് ആരോപണം ഉന്നയിക്കുന്നവരുണ്ട്. എന്നാൽ സത്തയിലും സാരാംശത്തിലും പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും തുല്യനാണെന്ന് അദ്ദേഹം പഠിപ്പിച്ചിരുന്നതായി കൃതികളിൽനിന്ന് തെളിയിക്കാം. പൗരസ്ത്യചിന്താരീതിയനുസരിച്ച്, പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുകയും പുത്രനിൽനിന്നും എടുക്കപ്പെടുകയും ചെയ്യുന്നു. അതാണ് ബേസിലിന്റെയും ചിന്ത. പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുന്നു; എന്നാൽ പുത്രൻ ജനിക്കുന്നതുപോലെയല്ല; അവന്റെ വായിലെ ശ്വാസമാകുന്ന റൂഹാ (പരിശുദ്ധാ. 46, 38). ക്രിസ്തുവിന്റെ അരൂപി എന്നും പരിശുദ്ധാത്മാവ് അറിയപ്പെടുന്നു. എന്നാൽ അതുകൊണ്ട് റൂഹാ പുത്രനിൽനിന്നുമാത്രമെന്ന് കരുതുക ശരിയല്ല. എവുണോമിയൻ ചിന്തകർ അങ്ങനെ കരുതുന്നു. വി. ഗ്രന്ഥം അവനെ പിതാവിന്റെ അരൂപിയെന്നും പുത്രന്റെ അരൂപിയെന്നും വിളിക്കുന്നു.

(4) കുർബാന

ബേസിലിന്റെ ഒരു കത്ത് (93) 372-ൽ ചെസറിയാ എന്ന പട്രീഷ്യൻ സ്ത്രീക്ക് എഴുതിയതാണ്. അതിൽ വി. കുർബാന സ്വീകരണം സംബന്ധിച്ച് വിവരിക്കുന്നു. വ്യക്തികൾക്ക് സ്വഭവനങ്ങളിൽ അവരുടെ ഉപയോഗത്തിനു കുർബാന സൂക്ഷിക്കാം എന്നു പറയുന്നുണ്ട്. അതുപോലെ അനുദിന കുർബാന സ്വീകരണം, അപ്പവീഞ്ഞുകളിൽ ക്രിസ്തുവിന്റെ ശരീരരക്തങ്ങളുണ്ടെന്നുള്ള വിശ്വാസം, എന്നിവയെല്ലാം ഈ കത്തിൽനിന്നു ഗ്രഹിക്കാം:

'എല്ലാ ദിനവും കുർബാനസ്വീകരിക്കുകയും, ക്രിസ്തുവിന്റെ വിശുദ്ധ ശരീരരക്തങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്യുന്നതു് നല്ലതും പ്രയോജനപ്രദവുമായ കാര്യമത്രേ. കാരണം, 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്' (യോഹ. 6, 54) എന്ന് അവൻ വ്യക്തമായി പറയുന്നു. കൂടെക്കൂടെ ജീവനിൽ ഭാഗഭാഗിത്വം നടത്തുക, പല ജീവനുണ്ടാകുന്നതിനു് തുല്യമാണെന്നു് ആരാണു കരുതുക! ഞാൻ തന്നെയും ആഴ്ചയിൽ നാലു പ്രാവശ്യം കുർബാന സ്വീകരിക്കുന്നു! കർത്തൃദിനത്തിൽ, ബുധനാഴ്ച, വെള്ളിയാഴ്ച, ശനിയാഴ്ച; മററു ദിവസങ്ങളിൽ വിശുദ്ധരുടെ സ്മരണ ഉണ്ടെങ്കിൽ

www.malankaralibrary.com



ആണ്; മതപീഡനാവസരം, വൈദികൻെറയോ മററു ശുശ്രൂഷകരുടെയോ സാന്നിദ്ധ്യം കൂടാതെ ഒരാൾക്ക കുർബാന എടുത്തു ഭക്ഷിക്കേണ്ടിവരിക ഒരിക്കലും ഒരു തെററായി കരുതാൻ പാടില്ലെന്നു് പറയേണ്ടതില്ലല്ലോ. ഈ രീതി പണ്ടേ നടപ്പുള്ളതാണ്. മരുഭൂമിയിലെ ഏകാന്ത ജീവിതക്കാർ വൈദികരില്ലാത്തപ്പോൾ സ്വയം കുർബാന എടുത്തു സ്വീകരിക്കുകയും, വീട്ടിൽ സൂക്ഷിക്കുകയും ചെയ്യുന്നു. അലക്സാണ്ട്രിയായിലും ഈജിപ്റ്റിലും അൽമായർ മിക്കവാറും വീട്ടിൽ കുർബാന സൂക്ഷിക്കുകയും, ഇഷ്ടമുള്ളപ്പോൾ അതിൽനിന്നു ഭക്ഷിക്കുകയും ചെയ്യുന്നു. കാരണം, പുരോഹിതൻെറ അർപ്പണം പൂർത്തിയാക്കി കൊടുത്തുകഴിയുമ്പോൾ സ്വീകരിക്കുന്നയാൾ ഓരോ അവസരവും പൂർണ്ണമായി സ്വീകരിക്കുന്നു. അവനതു് ശ്രദ്ധാപൂർവം എടുക്കുകയും ദാതാവിൽനിന്നു് സ്വീകരിക്കുകയും ചെയ്യുന്ന എന്നു് കരുതുകയും വേണം. പള്ളിയിൽതന്നെ വൈദികനൊരുഭാഗം കൊടുക്കുമ്പോൾ സ്വീകരിക്കുന്നവൻ പൂർണമായി സ്വീകരിക്കുന്നു. പൂർണ്ണമായി അവനതിനു് അവകാശിയാകുന്നു. അവനതു് സ്വന്തകൈകൊണ്ടു് തൻെറ അധരങ്ങളിലേക്കുയർത്തുന്നു. ഒരു ഭാഗമോ പല ഭാഗമോ സ്വീകരിച്ചാലും ഫലംമൊന്നുതന്നെ.'

(5) കമ്പസാരം

ആരാധനാസമൂഹത്തിൽനിന്നു് അനുതാപികളെ വേർതിരിച്ചിരുന്നു. നാലുതരം അനുതാപികളെപ്പററി പറയുന്നുണ്ടു്. പള്ളിക്കു പുറത്തുനിന്നു് കരയുന്നവർ (weepers), സുവിശേഷവായനയും പ്രസംഗവും കേൾക്കാൻ മാത്രം അനുവാദമുണ്ടായിരുന്ന ശ്രോതാക്കൾ (hearers), പ്രാർത്ഥനാ സമയങ്ങളിൽ മുട്ടുകുത്തിനിന്നും കവിഴ്ന്നുവീണും പ്രാർത്ഥിക്കുന്നവർ (prostrators) നാലാമത്തെ കൂട്ടർ ശുശ്രൂഷയിൽ സംബന്ധിച്ചെങ്കിലും കുർബാന സ്വീകരിക്കാൻ അനുവദിക്കപ്പെട്ടിരുന്നില്ല (standers) (ലേഖനം 217).

## ബേസിലും സന്യാസവും

ഗ്രീക്കു സഭയിലെ സന്യാസപ്രസ്ഥാനത്തിൻെറ പിതാവാണു് മഹാനായ വിശുദ്ധ ബേസിൽ. ഈ ലോകജീവിതം നയിക്കുന്നവർ ബഹുവിധ പര്യാകുലതകളാൽ അലട്ടപ്പെടുന്നു. സന്യാസിക്കാകട്ടെ ദൈവവുമായി ബന്ധം പുലർത്തിക്കൊണ്ടു് സഹവസിക്കാൻ സാധിക്കുന്നു. തിന്മയുടെ വേരറുക്കുന്നതിനും വിശുദ്ധിയിൽ വളരുന്നതിനും സന്യാസജീവിതത്തിലെ ഏകാന്തത സഹായിക്കുന്നു: ദൈവികൈക്യത്തിൽ അടിയുറച്ച വ്യക്തികളുടെ

www.malankaralibrary.com



സമൂഹമാണ് ആശ്രമം. ഏകാന്തവാസവും സാമൂഹ്യജീവിതവും കോർത്തിണക്കിക്കൊണ്ടുപോകുവാൻ ബേസിലിനു സാധിച്ചു. ബേസിൽ നിരവധി ആശ്രമങ്ങളും ഏകാന്തവാസക്കാർക്കായുള്ള ആലയങ്ങളും പണികഴിപ്പിച്ചു. പ്രാർത്ഥന, പഠനം, ജോലി എന്നീ മൂന്നും കോർത്തിണക്കിക്കൊണ്ടുള്ള ഒരു പ്രസ്ഥാനമായിരുന്നു ബേസിലിൻേറതു്. സ്വന്തം പരിപൂർണതയ്ക്കു് ശ്രദ്ധിക്കുന്നതോടൊപ്പം മററുള്ളവരുടെ വളർച്ചയെ ത്വരിതപ്പെടുത്താനുള്ള കടമയും സന്യസ്ഥർക്കുണ്ടു്.

## ബേസിലും സാമൂഹ്യപ്രവർത്തനവും

ലോകത്തിൽനിന്നു് ഓടി ആശ്രമത്തിൽ അഭയംപ്രാപിച്ചു് ദൈവവുമായി നിരന്തര സംസർഗത്തിൽ എത്തുന്നതു്, ശക്തി പ്രാപിച്ചു് ലോകത്തിലേക്കിറങ്ങാനാണു്. തികഞ്ഞ സാമൂഹ്യപ്രവർത്തകനായ ബേസിലിനു് ഗുഹയിലോ, മതിൽക്കെട്ടിലോ ഒളിച്ചിരിക്കാൻ കഴിഞ്ഞില്ല. അഗതികളെയും ആവശ്യക്കാരെയും സേവിക്കാൻ കഴിഞ്ഞെങ്കിലേ സന്യാസം പൂർണമാകൂ. വിശപ്പും ദാഹവും സഹിക്കുകയും, കഷ്ടപ്പെടുകയും, വേദനിക്കുകയും, രോഗഗ്രസ്ഥരായിരിക്കുകയും ചെയ്യുന്നവരുടെ നേരേ തിരിയാൻ സന്യാസികൾക്കു സാധിക്കണം എന്നു് അദ്ദേഹം പഠിപ്പിച്ചു.

ധനവാന്മാരെയും പൂഴ്ത്തിവയ്പുകാരെയും അദ്ദേഹം നിശിതമായി വിമർശിച്ചു. നിർദ്ദാക്ഷിണ്യം അവരെ കുററപ്പെടുത്തി:

'വിശപ്പാണു് ഏററം ദയനീയമായ കെടുതി. മരണത്തിൽ ഏററം ദാരുണമായ മരണം. വാളിൻെറ വായ്ത്തല ഒരു നിമിഷംകൊണ്ടു് കഥ കഴിക്കുന്നു. ജ്വലിക്കുന്ന അഗ്നിയും കാട്ടുമൃഗങ്ങളുടെ പല്ലും അപ്രകാരംതന്നെ. വിശപ്പാകട്ടെ, ദീർഘവും, സാവധാനവുമായ നരകയാതനയാണു്; അവസാനിക്കാത്ത രക്തസാക്ഷിത്വമാണു്. മരണം സമീപത്തുള്ളതും,പടന്നുകയറുന്നതുമായ രോഗമാണതു്; പക്ഷേ മരണം അകന്നകന്നു പോകുന്നു. ശരീരത്തിൻെറ സ്വാഭാവിക ജലാംശം അതു് ഇല്ലാതാക്കുന്നു; ശരീരത്തിൻെറ താപനില കുറയ്ക്കുന്നു; മാംസം കുറഞ്ഞു കുറഞ്ഞു് ശക്തി ഇല്ലാതാക്കുന്നു; നിറം മങ്ങിയ മാംസം ചിലന്തിവലപോലെ അസ്ഥിയോടു് പററിപ്പിടിക്കുന്നു. രക്തം കുറഞ്ഞുപോകുന്നതിനാൽ ത്വക്കിൻെറ പ്രകാശം കുറയുന്നു; അതു് കറുത്തു് ഉണങ്ങിപ്പോകുന്നു. ദാരിദ്ര്യത്താൽ വിളറിയ ശരീരം പാണ്ടുപിടിച്ചു്, ഇരുണ്ടു് വല്ലാതാകുന്നു. ശരീരത്തെ താങ്ങാൻ കാൽമുട്ടുകൾക്കു് കെൽപ്പില്ല; ശക്തി പ്രയോഗിച്ചാലേ അവ അനക്കാൻ കഴിയൂ. ശബ്ദം പുറത്തു വരുന്നില്ല. തോടുകളിൽ പററിപ്പിടിച്ചിരുന്ന ഉണങ്ങിയ അണ്ടികൾപോലെ ഗുഹസമാനമായ കുഴിയിൽ ബലഹീനവും ഉപയോ

www.malankaralibrary.com



സമൂഹമാണ് ആശ്രമം. ഏകാന്തവാസവും സാമൂഹ്യജീവിതവും കോർത്തിണക്കിക്കൊണ്ടുപോകുവാൻ ബേസിലിനു സാധിച്ചു. ബേസിൽ നിരവധി ആശ്രമങ്ങളും ഏകാന്തവാസക്കാർക്കായുള്ള ആലയങ്ങളും പണികഴിപ്പിച്ചു. പ്രാർത്ഥന, പഠനം, ജോലി എന്നീ മൂന്നും കോർത്തിണക്കിക്കൊണ്ടുള്ള ഒരു പ്രസ്ഥാനമായിരുന്നു ബേസിലിന്റേത്. സ്വന്തം പരിപൂർണതയ്ക്കു ശ്രദ്ധിക്കുന്നതോടൊപ്പം മററുള്ളവരുടെ വളർച്ചയെ ത്വരിതപ്പെടുത്താനുള്ള കടമയും സന്യസ്ഥർക്കുണ്ട്.

## ബേസിലും സാമൂഹ്യപ്രവർത്തനവും

ലോകത്തിൽനിന്ന് ഓടി ആശ്രമത്തിൽ അഭയംപ്രാപിച്ച് ദൈവവുമായി നിരന്തര സംസർഗത്തിൽ എത്തുന്നത്, ശക്തി പ്രാപിച്ച് ലോകത്തിലേക്കിറങ്ങാനാണ്. തികഞ്ഞ സാമൂഹ്യപ്രവർത്തകനായ ബേസിലിന് ഗുഹയിലോ, മതിൽക്കെട്ടിലോ ഒളിച്ചിരിക്കാൻ കഴിഞ്ഞില്ല. അഗതികളെയും ആവശ്യക്കാരെയും സേവിക്കാൻ കഴിഞ്ഞെങ്കിലേ സന്യാസം പൂർണമാകൂ. വിശപ്പും ദാഹവും സഹിക്കുകയും, കഷ്ടപ്പെടുകയും, വേദനിക്കുകയും, രോഗഗ്രസ്ഥരായിരിക്കുകയും ചെയ്യുന്നവരുടെ നേരേ തിരിയാൻ സന്യാസികൾക്കു സാധിക്കണം എന്ന് അദ്ദേഹം പഠിപ്പിച്ചു.

ധനവാന്മാരെയും പൂഴ്ത്തിവയ്പുകാരെയും അദ്ദേഹം നിശിതമായി വിമർശിച്ചു. നിർദ്ദാക്ഷിണ്യം അവരെ കുററപ്പെടുത്തി:

'വിശപ്പാണ് ഏററം ദയനീയമായ കെടുതി. മരണത്തിൽ ഏററം ദാരുണമായ മരണം. വാളിന്റെ വായ്ത്തല ഒരു നിമിഷംകൊണ്ട് കഥ കഴിക്കുന്നു. ജ്വലിക്കുന്ന അഗ്നിയും കാട്ടുമൃഗങ്ങളുടെ പല്ലും അപ്രകാരംതന്നെ. വിശപ്പാകട്ടെ, ദീർഘവും, സാവധാനവുമായ നരകയാതനയാണ്; അവസാനിക്കാത്ത രക്തസാക്ഷിത്വമാണ്. മരണം സമീപത്തുള്ളതും,പടന്നുകയറുന്നതുമായ രോഗമാണത്; പക്ഷേ മരണം അകന്നകന്നു പോകുന്നു. ശരീരത്തിന്റെ സ്വാഭാവിക ജലാംശം അത് ഇല്ലാതാക്കുന്നു; ശരീരത്തിന്റെ താപനില കുറയ്ക്കുന്നു; മാംസം കുറഞ്ഞു കുറഞ്ഞു്ശക്തി ഇല്ലാതാക്കുന്നു; നിറം മങ്ങിയ മാംസം ചിലന്തിവലപോലെ അസ്ഥിയോട് പററിപ്പിടിക്കുന്നു. രക്തം കുറഞ്ഞുപോകുന്നതിനാൽ ത്വക്കിന്റെ പ്രകാശം കുറയുന്നു; അത് കറുത്ത് ഉണങ്ങിപ്പോകുന്നു. ദാരിദ്ര്യത്താൽ വിളറിയ ശരീരം പാണ്ടുപിടിച്ച്, ഇരുണ്ട് വല്ലാതാകുന്നു. ശരീരത്തെ താങ്ങാൻ കാൽമുട്ടുകൾക്ക് കെൽപ്പില്ല; ശക്തി പ്രയോഗിച്ചാലേ അവ അനക്കാൻ കഴിയൂ. ശബ്ദം പുറത്തു വരുന്നില്ല. തോടുകളിൽ പററിപ്പിടിച്ചിരുന്ന ഉണങ്ങിയ അണ്ടികൾപോലെ ഗുഹസമാനമായ കുഴിയിൽ ബലഹീനവും ഉപയോ

www.malankaralibrary.com



തമായ പ്രവൃത്തി കണ്ട് ബേസിലിന്റെ ഹൃദയം പൊട്ടിത്തകർന്നുപോയി.

തന്റെ പിതാവിൽനിന്ന് കുടുംബസ്വത്തായി കിട്ടിയവ വിറ്റ് പാവപ്പെട്ടവർക്ക് ദാനം ചെയ്തു. അദ്ദേഹം കെസാറിയായിൽ ഉടനീളം ചുററിനടന്ന് തനിക്ക് പരിചയമുള്ള ധനവാന്മാരെ കണ്ട്, ദരിദ്രർക്ക് വസ്ത്രവും ഭക്ഷണവും ധനവും നൽകാൻ അവരെ നിർബന്ധിച്ചു: 'നിങ്ങളുടെ സമ്പാദ്യത്തിൽനിന്ന് നിങ്ങൾക്കാവശ്യമുള്ളവ എടുത്തിട്ട്, മററുള്ളവർക്കില്ലാത്തവ അവർക്കു കൊടുത്താൽ ഇവിടെ ധനികരും ദരിദ്രരും ഉണ്ടായിരിക്കയില്ല.' ആരുമതു ശ്രദ്ധിച്ചില്ല. തന്റെ പ്രസംഗങ്ങളിലൂടനീളം ധനതൃഷ്ണയ്ക്കെതിരെ അദ്ദേഹം ജനങ്ങളെ നിരന്തരം പ്രബോധിപ്പിച്ചു. ദരിദ്രരോട് അദ്ദേഹം പറഞ്ഞു: 'നിങ്ങൾക്കൊന്നുമില്ലാത്തതിനാൽ നിങ്ങൾക്കുള്ളതു് ദൈവത്തിനു വായ്പ കൊടുക്കുക.' ധനവാന്മാരുടെ ഇടയിൽ എന്നതിനെക്കാൾ സ്നേഹവും സാഹോദര്യവും പാവപ്പെട്ടവരുടെ ഇടയിലുണ്ട് എന്ന് അദ്ദേഹം സ്പഷ്ടമായി പഠിപ്പിച്ചു:

'നിനക്ക് ഒരപ്പം മാത്രം ഉണ്ടായിരിക്കുകയും നിന്റെ പടിക്കൽ ഒരു ഭിക്ഷു വന്നുനിൽക്കുകയും ചെയ്താൽ, നീ ആ അപ്പം എടുത്ത് കൈകൾ ആകാശത്തേക്കുയർത്തി ഈ പ്രാർത്ഥന ചൊല്ലുക: 'കർത്താവേ, നീ ഈ കാണുന്ന ഒരപ്പം മാത്രമേ ഇവിടെയുള്ളു; വിശപ്പ് എന്നെ കാത്തു് പതിയിരിക്കുന്നു; എന്നാൽ മറെറന്തിനേക്കാളും നിന്റെ കല്പന ശിരസ്സാ വഹിക്കുന്നു; അതുകൊണ്ട് വിശപ്പുകൊണ്ട് വലയുന്ന എന്റെ സഹോദരന് എനിക്കുള്ള ഈ നിസ്സാരത ഞാൻ നൽകുന്നു. ആപത്തിൽ ഉൾപ്പെട്ടിരിക്കുന്ന നിന്റെ ദാസനെ നീ തുണയ്ക്കില്ലേ? നിന്റെ ദയയിൽ ഞാൻ ശരണപ്പെടുന്നു. നിന്റെ ശക്തിയിൽ എനിക്ക് വിശ്വാസം ഉണ്ട്. നിന്റെ മുഖം എന്നിൽനിന്ന് തിരിക്കരുതേ; തിരുഹിതപ്രകാരം എന്നോട് കരുണ കാണിക്കണമെ.' 'നീ ഇപ്രകാരം ചെയ്താൽ, നിന്റെ ദാരിദ്ര്യത്തിൽ നീ ദാനംചെയ്ത അപ്പം സമൃദ്ധമായ വിളവെടുപ്പായി മാറും' (In Famem. 68).

ബേസിൽ സ്വന്തം കൈകൊണ്ട് പാവങ്ങളെ തീററിപ്പോററിയിട്ടുണ്ട്; അവരുടെ പാദം കഴുകിയിട്ടുണ്ട്; പൊടിപിടിച്ച വസ്ത്രം ധരിച്ച് ഗ്രാമപ്രദേശങ്ങളിൽ ചുററിനടന്ന് വിശക്കുന്നവരെ സന്ദർശിച്ചിട്ടുണ്ട്. അദ്ദേഹം മററുള്ളവരിൽനിന്ന് തികച്ചും വ്യത്യസ്തനായിരുന്നു. അതു് അദ്ദേഹത്തെ വലിയവനാക്കി. സ്വർഗീയ പിതാവ് തന്റെ ഏകജാതനിലൂടെ കാണിച്ച കരുണയുടെ ഒരംശം തന്റെ ജീവിതത്തിലൂടെ കാട്ടി. അതു് അദ്ദേഹത്തെ ധന്യനാക്കി. മഹാൻ എന്ന് അദ്ദേഹം വിളിക്കപ്പെടുന്നു—ഇന്നത്തെ ലോകം എത്ര വ്യത്യസ്തം!

(Cfr, R. Payne, The Holy Fire. London 1958. p. 137 ff).

www.malankaralibrary.com

അദ്ധ്യായം 18

# വി. ഗ്രിഗറി നസ്യാൻസൻ

ബേസിലിനെപ്പോലെ ഗ്രിഗറി നസ്യാൻസനും കപ്പദോചി യായിലെ ഒരുന്നത കുടുംബത്തിൽപ്പെട്ട ആളായിരുന്നു; ബേസിലിന്റെ സമപ്രായക്കാരനുമായിരുന്നു; ബേസിലിനെപ്പോലെ ഉന്നതവിദ്യാഭ്യാസം നടത്തി. എന്നാൽ ഗ്രിഗറി ബേസിലിൽ നിന്നും വളരെ വ്യത്യസ്തനായിരുന്നു. ചെസാറിയൻ മെത്രാനായി വിരാജിച്ച ബേസിലിന്റെ കർമ്മശക്തിയോ, നേതൃത്വ കഴിവുകളോ ഗ്രിഗറിക്കില്ലായിരുന്നു. ധ്യാനനിരതമായി അടങ്ങിയൊതുങ്ങിയുള്ള ജീവിതമാണ് ഗ്രിഗറി ഇഷ്ടപ്പെട്ടിരുന്നത്. സഭാതലത്തിൽ ഉയർന്ന പദവികളോ, കർമ്മനിരതമായ ജീവിതത്തിന്റെ വർണ്ണപ്പകിട്ടോ ഒന്നും അദ്ദേഹത്തിനിഷ്ടമില്ലായിരുന്നു. എങ്കിലും തന്റെ സ്വഭാവത്തിനു യോജിച്ച രീതിയിൽ അടങ്ങിയൊതുങ്ങി കഴിയാൻ ബാഹ്യപ്രേരണകൾ അദ്ദേഹത്തെ അനുവദിച്ചില്ല. അതിന്റെ ഫലമായി ഒരുറച്ച തീരുമാനമെടുത്ത് മുന്നോട്ടു പോകാനുള്ള കഴിവുകേട് ജീവിതത്തിലുടനീളം പ്രകടമാകുന്നുണ്ട്. അദ്ദേഹം ഏകാന്തത ആഗ്രഹിച്ചു. എന്നാൽ സുഹൃത്തുക്കളുടെ പ്രേരണയും ഏതു സാഹചര്യത്തിനും അനുസരണമായി ജീവിക്കാനുള്ള കഴിവും കർത്തവ്യനിർവഹണചിന്തയും അന്നത്തെ സാഹചര്യങ്ങളിലൂടെലെടുത്ത തർക്കങ്ങളിലും വാദപ്രതിവാദങ്ങളിലും പങ്കെടുക്കാൻ അദ്ദേഹത്തെ നിർബന്ധിച്ചു. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ലോകത്തിൽ നിന്നുള്ള ഓട്ടവും, ലോകത്തിലേയ്ക്കുള്ള തിരിച്ചുവരവുമാണ്.

ബൈസന്റൈൻ കാലത്തെ ക്രിസ്തീയ ഡെമോസ്തനസ് എന്നു ഗ്രിഗറി അറിയപ്പെട്ടു. അക്കാലത്തെ ഒരൊന്നാന്തരം പ്രഭാഷകനാണ് ഗ്രിഗറി എന്നതിൽ രണ്ടു പക്ഷമില്ല. പ്രഭാഷണകലയിൽ ബേസിലിനേക്കാൾ ഉയർന്ന ഒരു തലത്തിലത്രേ ഗ്രിഗറി വർത്തിക്കുന്നത്. ഹെല്ലനികപ്രഭാഷണകല ഗ്രിഗറിയുടെ പ്രസംഗങ്ങളിൽ പടർന്നു പന്തലിച്ചു നിൽക്കുന്നതായി കാണാം.

www.malankaralibrary.com



കപ്പദോച്ചിയായിലെ അരിയാൻസും എന്ന സ്ഥലത്താണ് 330ൽ ഗ്രിഗറി ജനിച്ചത്. അദ്ദേഹത്തിൻെറ പിതാവ് നസ്യാൻസൂസ് എന്ന സ്ഥലത്തെ മെത്രാനായിരുന്നു. അദ്ദേഹത്തിൻെറ പേരും ഗ്രിഗറി എന്നായിരുന്നു. ക്രിസ്തീയ മാതാപിതാക്കളുടെ മകളായിരുന്നു അദ്ദേഹത്തിൻെറ അമ്മയായ നൊണ്ണാ. അവരുടെ മാതൃകയാണ് ഭർത്താവിൻെറ തന്നെ മാനസാന്തരത്തിനു വഴി തെളിച്ചതെന്നു പറയപ്പെടുന്നു. തന്നെ ജനനത്തിനു മുൻപുതന്നെ അമ്മ ദൈവത്തിനായി സമർപ്പിച്ചിരുന്നു എന്നു ഗ്രിഗറി തൻെറ ഒരു പ്രസംഗത്തിൽ പറയുന്നു (2,77). കപ്പദോച്ചിയയിലെ ചെസാറിയായിൽ പ്രഭാഷണകല അഭ്യസിച്ചുകൊണ്ടിരുന്നപ്പോഴാണ് ഗ്രിഗറി ബേസിലുമായി പരിചയപ്പെട്ടത്. ബേസിൽ ഉടനെ കോൺസ്റ്റാൻറിനോപ്പിളിൽ പഠിക്കാൻ പോയി. എന്നാൽ ഗ്രിഗറി ആകട്ടെ പലസ്തീനയിലെ ചെസാറിയായിലും ഈജിപ്തിലെ അലക്സാണ്ഡ്രിയായിലും ഉള്ള ക്രിസ്തീയ കലാലയങ്ങളിൽ കുറെനാരം പഠിച്ചു. തുടർന്ന് ആഥൻസിൽ പഠിക്കാൻ എത്തിയപ്പോഴം ബേസിലുമായുള്ള സൗഹൃദ്ബന്ധം ഏറെ ആഴമായിത്തീർന്നു. 379–ൽ ബേസിൽ മരിച്ചപ്പോഴം ഗ്രിഗറി ചെയ്ത ചരമപ്രസംഗത്തിൽ നാലാം നൂററാണ്ടിലെ അഥീനിയൻ വിദ്യാഭ്യാസത്തെപ്പററി നല്ലൊരു വിവരണം നൽകുന്നുണ്ട്. ബേസിൽ നാട്ടിൽ തിരിച്ചു പോയ ഉടനെ 357 ൽ ഗ്രിഗറിയും ആഥൻസ് വിട്ടു. 357നും 358നും ഇടയ്ക്കു ഗ്രിഗറി മാമോദീസാ സ്വീകരിച്ചു.

ആഥൻസ് വിട്ട ബേസിൽ പോൺതൂസിൽ സന്യാസജീവിതം തുടങ്ങി. ഗ്രിഗറി പല പ്രാവശ്യം ബേസിലിനെ സന്ദർശിക്കുകയും ബേസിലുമൊന്നിച്ച് വളരെയധികം സമയം ചെലവഴിക്കുയും ചെയ്തു. ബേസിലുമൊത്തുള്ള സന്യാസജീവിതം ഗ്രിഗറിക്ക് വളരെ ഇഷ്ടപ്പെട്ടു. എന്നാൽ ഗ്രിഗറിയുടെ പിതാവിനു് അദ്ദേഹത്തെ തൻെറ വാർദ്ധക്യകാലത്തു് സഹായിയായി കിട്ടണമെന്നു വലിയ ആഗ്രഹമായിരുന്നു. നസ്യാൻസൂസിലെ ജനങ്ങളും ഇതംഗീകരിച്ചു, 362 ൽ ഗ്രിഗറിയുടെ പിതാവ് അദ്ദേഹത്തെ വൈദികനാക്കി. ഗ്രിഗറിക്കിതൊട്ടും താൽപര്യമില്ലായിരുന്നു. ഈ കടുംകൈക്കെതിരെ ഭയവിഹ്വലനായി ഗ്രിഗറി അവിടെ നിന്നൊളിച്ചോടി തൻെറ സുഹൃത്തായ ബേസിലിൻെറ അടുത്തെത്തി. എന്നാൽ തൻെറ കടമയെപ്പററിയുള്ള ചിന്തമൂലം പിന്നീട് തിരികെ പിതാവിൻെറ അടുത്തെത്തി ആധ്യാത്മികകാര്യങ്ങളിൽ പിതാവിനെ സഹായിച്ചു.

371 ൽ ബേസിൽ ഗ്രിഗറിയെ മെത്രാനാക്കി സാസിമാ പഎന്ന ീരിച്ചു കൊടുത്തു. എന്നാൽ ഗ്രിഗറി ഇതു് ഇഷ്ടപ്പെട്ടില്ല. ഗ്രിഗറി ഒരിക്കലും ഭരണമേൽക്കാൻ അവിടെ പോ

www.malankaralibrary.com



യില്ല. പ്രത്യുത, നസ്യാൻസുസിൽ തന്നെ താമസിച്ച് തന്റെ പിതാവിനെ സഹായിച്ചുകൊണ്ടിരുന്നു. 374 ൽ പിതാവ് മരിച്ചപ്പോൾ ഗ്രിഗറി നസ്യാൻസുസ് രൂപതയുടെ ഭരണമേറെറടുത്തു. ഒരു വർഷം കഴിഞ്ഞ് പൂർണമായി ധ്യാനനിരതമായ ജീവിതം നയിക്കാൻ ഇസൗരിയായിലെ സെലൂഷ്യയിലേക്ക് അദ്ദേഹം പിൻവാങ്ങി.

379-ൽ കോൺസ്റ്റാൻറിനോപ്പിളിൽ നിന്ന് സത്യവിശ്വാസികളായ കുറേപ്പേർ ഗ്രിഗറിയുടെ പക്കലെത്തി. അവിടത്തെ സഭയെ ക്രമപ്പെടുത്താനുള്ള ആഹ്വാനം അദ്ദേഹം സ്വീകരിച്ചു. ആരിയൻ മെത്രാന്മാരും രാജാക്കന്മാരുമെല്ലാം കിഴക്ക് കൊടികുത്തി വാഴുന്ന കാലമായിരുന്നു. ഗ്രിഗറി രണ്ടു വർഷത്തോളം അവിടെ ഒരു സുപ്രധാന വ്യക്തിയായി കഴിഞ്ഞു; തലസ്ഥാനത്തുണ്ടായിരുന്ന മിക്ക സഭാമന്ദിരങ്ങളും ആര്യൻ പക്ഷക്കാരുടെ കയ്യിലായിരുന്നു. തന്റെ ഒരു ബന്ധു അയാളുടെ ഭവനം ഗ്രിഗറിക്ക് കൊടുത്തു. അനസ്താസിയ (ഉത്ഥാനം) എന്ന പേരിൽ ഗ്രിഗറി അതൊരു പള്ളിയായി കൂദാശ ചെയ്തു. പെട്ടെന്ന് പ്രസംഗചാതുരിവഴി നിരവധിയാളുകളെ തന്റെ കൂടെ കൂട്ടുവാൻ ഗ്രിഗറിക്കു കഴിഞ്ഞു. വചനത്തിന്റെ ദൈവത്വത്തെ സംബന്ധിച്ചുള്ള അഞ്ചു് പ്രസിദ്ധ പ്രസംഗങ്ങൾ ഗ്രിഗറി ഇവിടെ വച്ചാണ് നടത്തിയത്.

380 ഡിസംബർ 24ന് തിയഡോഷ്യസ് ചക്രവർത്തി കോൺസ്റ്റാൻറിനോപ്പിളിൽ അധികാരത്തിൽ വന്നു. കത്തോലിക്കർ അവരുടെ കെട്ടിടങ്ങൾ സഭയ്ക്കു നൽകി. ഗ്രിഗറി ആഘോഷപൂർവം ശ്ലീഹന്മാരുടെ പള്ളിയിൽ താമസമാക്കി. 381 മെയ്മാസത്തിൽ കൂടിയ കോൺസ്റ്റാൻറിനോപ്പിൾ സിനഡിൽ വച്ച്, ഗ്രിഗറിയെ കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായി കൂടിയിരുന്നവർ തിരഞ്ഞെടുത്തു. എന്നാൽ ഈജിപ്തിലെയും മാസിഡോണിയയിലെയും മെത്രാന്മാർ ഈ തെരഞ്ഞെടുപ്പിനെ എതിർത്തു. കലഹങ്ങളിൽ വിവാദപുരുഷനാകാൻ ഇഷ്ടപ്പെടാത്ത ഗ്രിഗറിയാകട്ടെ കുറെ ദിവസങ്ങൾക്കകം കോൺസ്റ്റാൻറിനോപ്പിളിലെ ആർച്ചുബിഷപ്പുസ്ഥാനം രാജിവച്ച് അവിടെ വച്ച് ഒരു വിടവാങ്ങൽ പ്രസംഗം നടത്തി(പ്രഭാ. 42).നാട്ടിലെത്തി 384 വരെ സ്വന്തം രൂപതയുടെ ഭരണം നടത്തി. 384ൽ ഗ്രിഗറി തന്റെ സുഹൃത്തായ എവുലാലിയുസിനെ നസ്യാൻസുസിലെ മെത്രാനായി നിയമിച്ചു. തുടർന്നുള്ള സമയമത്രയും പ്രാർത്ഥനയിലും ധ്യാനത്തിലും തപസിലുമായി ഗ്രിഗറി ചെലവഴിച്ചു. 390 ൽ മരിക്കുന്നതുവരെ അവിടെ കഴിഞ്ഞു.

www.malankaralibrary.com



## കൃതികൾ

ഗ്രിഗറി നസ്യാൻസൻ ഒരു വലിയ എഴുത്തുകാരനായിരുന്നില്ല. ബൈബിൾ ഭാഷ്യങ്ങളോ, ദൈവശാസ്ത്ര കൃതികളോ അദ്ദേഹം രചിച്ചില്ല. പ്രസംഗങ്ങൾ, കവിതകൾ, കത്തുകൾ എന്നിവയിലൊതുങ്ങിനില്ക്കും അദ്ദേഹത്തിൻെറ സാഹിത്യസൃഷ്ടി മുഴുവൻ. നാലാം നൂററാണ്ടിലെ ഗ്രീക്കസഭാപിതാക്കന്മാരിൽ ഏകകവിയാണ് ഗ്രിഗറി. അദ്ദേഹം ഒരു വലിയ പ്രഭാഷകൻകൂടിയായിരുന്നു. പ്രഭാഷണകലയുടെ നാനാവശങ്ങളും വളരെ മനോഹരമായി അദ്ദേഹത്തിൻെറ കൃതികളിൽ പ്രകടമായിരുന്നു. പിൽക്കാല തലമുറയിൽ അദ്ദേഹത്തിൻെറ കൃതികൾ വായിക്കാൻ വളരെ ശക്തിയായ ആവേശം കാണുന്നുണ്ട്.

### 1. പ്രഭാഷണങ്ങൾ

ഗ്രിഗറിയുടേതായി 45 പ്രസംഗങ്ങൾ ഉണ്ട്. മിക്കതും 379-നും 381-നും ഇടയ്ക്കുള്ളവയാണ്. അദ്ദേഹത്തിൻെറ മരണാനന്തരം അധികം വൈകാതെ പ്രസംഗങ്ങൾ സമാഹരിക്കപ്പെട്ടു. 'ഏഷ്യാററിക് പ്രഭാഷണകല' ഇഷ്ടപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൻെറ സന്തതികളെ പ്രീതിപ്പെടുത്താനുള്ള ഉപാധികളൊക്കെ ഗ്രിഗറി തൻെറ പ്രസംഗങ്ങളിലുപയോഗിച്ചിരുന്നു. ഗ്രീക്ക് പ്രഭാഷകരുടെ പിൻതുടർച്ചയായി പ്രഭാഷണകലയിൽ ഗ്രിഗറി മുൻപന്തിയിൽനിന്നു. ഗ്രിഗറിയുടെ പ്രസംഗങ്ങൾ അധികം താമസിയാതെ പ്രഭാഷണകലയുടെ മകുടോദാഹരണങ്ങളായി പാഠപുസ്തകങ്ങളായി. പല പല പതിപ്പുകളുണ്ടായി. 399/400-ൽ റൂഫിനസ് ഒൻപതു പ്രസംഗങ്ങൾ ലത്തീനിലേക്ക് ഭാഷാന്തരം ചെയ്തു. അർമേനിയൻ, സുറിയാനി, സ്ളാവോണിക്, കോപ്ററിക്, ജോർജിയൻ, അറബിക്, എത്യോപിക് വിവർത്തനങ്ങളിൽ ഗ്രിഗറിയുടെ പ്രസംഗം കാണാം.

#### (i) അഞ്ച് ദൈവശാസ്ത്ര പ്രസംഗങ്ങൾ (പ്രഭാ. 27-31)

ക്രി.വ.380ൽകോൺസ്റ്റാൻറിനോപ്പിളിൽ വച്ച് ചെയ്ത പ്രസംഗങ്ങളാണവ. 'ദൈവശാസ്ത്രജ്ഞൻ' എന്നപേര് അദ്ദേഹത്തിന് സമ്പാദിച്ചുകൊടുത്തതു് ഈ അഞ്ചുപ്രസംഗങ്ങളാണ്. ആര്യനിസത്തിനെതിരെ വചന സംബന്ധമായ നിഖ്യായുടെ പ്രബോധനം വ്യാഖ്യാനിക്കയാണ് ലക്ഷ്യം.

#### (ii) മെത്രാൻ സ്ഥാനക്രമം സംബന്ധിച്ചുള്ളപ്രസംഗവും (പ്രഭാ.20)

തർക്കങ്ങളെ സംബന്ധിച്ചുള്ള പ്രസംഗവും (32): വാദകോലാഹലങ്ങൾ നടത്തുന്നവരെ ശാസിച്ചുകൊണ്ടുള്ളതാണിതു്. ഒന്നാമ

www.malankaralibrary.com



ത്തേതു്. അതിനും പുറമെ ത്രിത്വസംബന്ധമായ ഒരു പഠനവും വിശദീകരിക്കുന്നു.

(iii) മതസമർത്ഥനപരം

ജൂലിയനെതിരെ രണ്ടു് പ്രസംഗങ്ങൾ (പ്രഭാ 4-5): ആഥൻസിൽവെച്ചു് ഗ്രിഗറിക്കു് ജൂലിയനെ നേരിട്ടറിയാം. എന്നാൽ ഈ പ്രസംഗങ്ങൾ പരസ്യപ്രസംഗങ്ങളാണോ, അതോ കൃതികൾ മാത്രമോ എന്നു് നിശ്ചയമില്ല.

(iv) സ്തുതിപ്രഭാഷണങ്ങൾ

നിരവധി പ്രസംഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ക്രിസ്മസ് ദനഹാ, കൃംതാ, പുതുഞായർ, പെന്തിക്കോസ്തി തുടങ്ങിയ ലിററർജിക്കൽ സന്ദർഭങ്ങളിലേക്കുള്ളവയാണു് ചിലതു്; മററു ചിലതു് മക്കബായക്കാർ, കാർത്തേജിലെ സിപ്രിയാൻ, വി. അത്തനാസ്യോസ്, തത്വശാസ്ത്രജ്ഞൻ മാക്സിമൂസ് തുടങ്ങിയവരെ സ്തുതിച്ചുകൊണ്ടുള്ള പ്രസംഗങ്ങളാണു്. വേറൊരു വിഭാഗം ചരമപ്രസംഗങ്ങളാണു്: തൻെറ പിതാവായ ഗ്രിഗറി, സഹോദരൻ ചെസാറിയൂസ്, സഹോദരി ഗൊർഗോണിയ, സുഹൃത്തു് ബേസിൽ എന്നിവരുടെ ചരമാവസരങ്ങളിൽ ചെയ്ത പ്രസംഗങ്ങൾ.

(v) സാന്ദർഭിക പ്രസംഗങ്ങൾ എന്ന ഒരു വിഭാഗത്തിൽ ബാക്കിയുള്ളവയെ ഉൾപ്പെടുത്താം. ഓരോരോ സന്ദർഭത്തിൽ ചെയ്യുവയാണവ.

2. കവിതകൾ

തൻെറ ജീവിതാവസാനമാണു് ഗ്രിഗറി കവിത ചമയ്ക്കാൻ ഒരുമ്പെട്ടതു്. ഏതാണ്ടു് 400 കവിതകൾ നമുക്കു് കിട്ടിയിട്ടുണ്ടു്. പലതും വളരെ മനോഹര കവിതകളാണെങ്കിലും അനുഗ്രഹീതനായൊരു കവിയെന്നു് ഗ്രിഗറിയെ വിളിക്കാനാവില്ല എന്നു് കരുതുന്നവരുണ്ടു്. പല ഭാഗങ്ങളും പദ്യമീററിൽ ഗദ്യം എഴുതിയിരിക്കുന്നവയാണു്. അപ്പൊള്ളിനാരിയൻ അബദ്ധോപദേശകർ പദ്യംവഴി പാഷണ്ഡത പരത്തിക്കൊണ്ടിരുന്നു. അവരെ നേരിടുന്നതിനു് ഇത്തരം ഒരു സമീപനം ആവശ്യമായിവന്നു.

3. കത്തുകൾ

ആദ്യമായി കത്തുകളുടെ ഒരു സമാഹാരം പ്രസിദ്ധീകരിച്ച ഗ്രീക്കു് എഴുത്തുകാരൻ ഗ്രിഗറിയാണു്. തൻെറ സഹോദരിയുടെ പൗത്രനായ നിക്കോബുളൂസിൻെറ ആവശ്യപ്രകാരമാണു് ഗ്രിഗറി ഇങ്ങനെ ചെയ്തതു്. കത്തെഴുതുന്നതിലുള്ള നിയമങ്ങളും സാന്ദർഭികമായി ഗ്രിഗറി പറയുന്നുണ്ടു്. നല്ല കത്തിനു് നാലു് ഗുണങ്ങളുണ്ടായിരിക്കണമത്രേ: ഹ്രസ്വത, വ്യക്തത, ആസ്വാദ്യത, ലാളിത്യം. ഗ്രിഗറിയുടെകത്തുകളെല്ലാം ശ്രദ്ധാപൂർവ്വം എഴുതപ്പെട്ടവയാണു്.

www.malankaralibrary.com



## ദൈവശാസ്ത്രം

ഗ്രിഗറിയുടെ ദൈവശാസ്ത്രത്തിന്റെ കടപ്പാട് ബേസിലിനോടാണെന്ന് ഒരു കത്തിൽ ഗ്രിഗറി തന്നെ സമ്മതിക്കുന്നു. എന്നാൽ ബസ്സേലിയൻ ചിന്തയിൽനിന്നൊരു വളർച്ച സ്പഷ്ടമായി ഗ്രിഗോറിയൻ ചിന്തയിൽ കാണാം.

## ത്രിത്വം

ത്രിത്വസത്യം അപഗ്രഥിക്കാനും അപദ്ധോപദേശകർക്കെതിരായി ആവർത്തിച്ചുറപ്പിക്കാനും ഗ്രിഗറി തുടരെത്തുടരെ പരിശ്രമിക്കുന്നതു് കാണാം. മിക്കവാറും എല്ലാ പ്രതിപാദനങ്ങളും ത്രിത്വചിന്തയിലേക്ക് കടന്നുവരുന്നു. സ്നാനത്തെ സംബന്ധിച്ച പ്രസംഗത്തിൽ (40, 41) ത്രിത്വത്തെപ്പററി ചുരുക്കി വിവരിക്കുന്നതു് കേൾക്കുക:

'ജീവിതം മുഴുവനുമുള്ള വഴികാട്ടിയും സംരക്ഷകനുമായി ഈ വിശ്വാസപ്രമാണം നിങ്ങൾക്ക ഞാൻ തരുന്നു. ഒരേ ഒരു ദൈവത്വവും ഒരേ ഒരു ശക്തിയും മൂന്നിലെ ഏകത്വത്തിൽ കാണുന്നു; മൂന്നും വെവ്വേറെ ഉൾക്കൊള്ളുന്നു. സ്വഭാവത്തിലും സാരാംശത്തിലും തുല്യമാണ്; കൂട്ടിച്ചേർക്കൽകൊണ്ടോ, വെട്ടിമാററംകൊണ്ടോ ഏററക്കുറച്ചിൽ സംഭവിക്കുന്നില്ല. എല്ലാററിലും തുല്യതയുള്ളവർ. എല്ലാത്തരത്തിലും ഒരേ ഒരു ദൈവം. ആകാശത്തിന്റെ നന്മയും ആകാശത്തിന്റെ മനോഹാരിതയും ഒന്നായിരിക്കുന്നതുപോലെ തന്നെ; മൂന്നു അനന്തതകളുടെ അനന്തമായ ഐക്യം. ഒററയ്ക്കു ഓരോരുത്തരും ദൈവമാകുന്നു; പിതാവ് ദൈവമാകുന്നതുപോലെ പുത്രനും; പുത്രൻ ദൈവമാകുന്നതുപോലെ പരിശുദ്ധാത്മാവും; ഓരോരുത്തരെയും വ്യത്യസ്തരാക്കുന്നതു് അവരവരുടെ വ്യക്തിപരമായ സവിശേഷതകളത്രേ. ഒന്നായി ധ്യാനിക്കുമ്പോൾ ത്രിയേക ദൈവം; സമസത്തവഴി ഓരോരുത്തരും ദൈവമാണ്; മൊണാർക്കിയാ നിമിത്തം ഒരു ദൈവം.'

ഈ വിശ്വാസപ്രമാണം വഴി ആരിയുസിന്റെയും സബെല്ലിയുസിന്റെ അബദ്ധോപദേശങ്ങളെ ഒഴിവാക്കാമെന്ന് ഗ്രിഗറി കരുതുന്നു.

'മൂന്ന് വ്യക്തിത്വങ്ങൾ, അഥവാ, ഹ്യൂപോസ്റ്റാസെസ്; നിങ്ങൾക്ക് താല്പര്യമെങ്കിൽ പ്രോസോപ്പാകൾ എന്നും വിളിച്ചുകൊള്ളൂ. സിലബിളുകൾക്ക് ഒരേ അർത്ഥമാണെങ്കിൽ നാം പേരുകളെ ചൊല്ലി കലഹിക്കുകയില്ല; എന്നാൽ സത്തയിൽ ഒന്നുമാത്രം—അതായതു്, ദൈവത്വം. അവർ വിഭജനം കൂടാതെ വേർതിരിക്കപ്പെട്ടിരിക്കുന്നു—അങ്ങനെ പറയാൻ സാധിക്കുമെങ്കിൽ! അവർ വിഭജനത്തിൽ ഒന്നായിരിക്കുന്നു. കാരണം ദൈവത്വം മൂന്നിൽ ഒന്നാണ്. മൂന്നായിരിക്കുന്ന ദൈവത്വം ഒന്നാണ്. കുറേക്കൂടി കൃത്യമായി പറഞ്ഞാൽ അവർ ദൈവത്വമാണ്. അതിശയോക്തികളും കുറവുകളും നാം തള്ളിക്കളയുന്നു. ഐക്യത്തെ നാം

www.malankaralibrary.com



കലർപ്പാക്കുന്നില്ല; വിഭജനത്തെ മാററമാക്കുന്നില്ല. നാം സബെല്ലിയുസിൻെറ കൂടിക്കുഴച്ചിലിൽ നിന്നും ആരിയൂസിൻെറ വിഭജനത്തിൽനിന്നും അകന്നുമാറുന്നു. പരസ്പരവിരുദ്ധങ്ങളായ തിന്മകളാണ് രണ്ടും; ദുഷ്ടതയിൽ രണ്ടും തുല്യമാണ്. ദൈവത്തെ അബദ്ധചിന്താഗതിയനുസരിച്ച് കൂട്ടിക്കുഴയ്ക്കുന്നതിൻെറയും തുല്യതയില്ലാത്ത നിലയിൽ വെട്ടിമുറിക്കുന്നതിൻെറയും ആവശ്യം എന്താണ്"? (പ്രഭാ. 39, 11).

ത്രിത്വസംബന്ധമായി ബേസിലിൻെറ പ്രബോധനത്തേക്കാറം ഗ്രിഗറി വളരെയധികം പുരോഗമിച്ചിട്ടുണ്ട്. ദൈവത്തിൻെറ ഏകത്വം, ത്രിത്വത്തിലെ ബന്ധം എന്നിവ വളരെ വ്യക്തമായും കൃത്യമായും അദ്ദേഹം വരച്ചുകാട്ടുന്നു. സബെല്ലിയൻ മൊണാർക്കിയനിസത്തിനും ആരിയനിസത്തിനും ഇടയ്ക്കുകൂടിയുള്ള യാത്ര അപകടം പിടിച്ചതാണ്. അപകടം കൂടാതെ ഒരു പാതവെട്ടി, 381–ലെ കോൺ. സൂനഹദോസിന് വഴിയൊരുക്കിയതിൽ ഗ്രിഗറിക്കും ഒരു നല്ല പങ്കുണ്ട്. 'പിതാവ് ജനിച്ചവനല്ല; പുത്രൻ ജനിച്ചവനാണ്; പരിശുദ്ധാത്മാവ് 'പുറപ്പെടുന്നു.', ഈ പരസ്പര ബന്ധത്തിൽ മാത്രമാണ് മൂന്നാളുകറം തമ്മിൽ വ്യത്യാസമുള്ളത്. മറെറാന്നിലുമില്ല' (പ്രഭാ. 30, 19). 'പുറപ്പാട്' എന്ന പദം ഗ്രിഗറിയുടെ സംഭാവനയാണ്. പിതാവിൽനിന്ന് കാലാരംഭത്തിന് മുൻപേ പുത്രൻ ജനിച്ചതുപോലെയല്ല പരിശുദ്ധാത്മാവിൻെറ പുറപ്പാട്. 'പിതാവ് പിതാവും ഉത്ഭവരഹിതനുമാണ്; കാരണം, അവിടുന്ന് ആരിൽനിന്നുമല്ല; പുത്രൻ പുത്രനാണ്; ഉത്ഭവരഹിതനല്ല; കാരണം അവിടുന്ന് പിതാവിൽനിന്നാണ്. 'ഉത്ഭവം' എന്ന വാക്ക്, കാലികാർത്ഥത്തിൽ മനസ്സിലാക്കിയാൽ പുത്രനും ഉത്ഭവരഹിതനാണ്; കാരണം സമയത്തിൻെറ നിർമ്മാതാവാണ് അവിടുന്ന്. അവിടുന്ന് സമയത്തിനു വിധേയനുമല്ല. പരിശുദ്ധാത്മാവ് യഥാർത്ഥത്തിലുള്ള ആത്മാവാണ്, അവിടുന്ന് യഥാത്ഥത്തിൽ പിതാവിൽനിന്നു വരുന്നു; എന്നാൽ പുത്രനെപ്പോലെയല്ല; ജനനം വഴിയല്ല, പുറപ്പാടു വഴിയാണ്. വ്യക്തതയ്ക്കുവേണ്ടി ഞാൻ ഒരു പദം ഉണ്ടാക്കുകയാണ്. ജനിപ്പിക്കൽവഴി പിതാവ് ജനനമില്ലാത്തവനല്ലാതായി തീരുന്നില്ല. ജനനമില്ലാത്തവനിൽനിന്നാകയാൽ പുത്രൻ ജനിച്ചവനല്ലാതായിത്തീരുന്നില്ല; പരിശുദ്ധാത്മാവ് പുറപ്പെടുന്നതിനാൽ പിതാവോ പുത്രനോ ആയി മാറുന്നില്ല; കാരണം അവിടുന്നും ദൈവമാണ്–നിരീശ്വരന്മാർ മാത്രം ഇതു് നിഷേധിക്കുന്നു(പ്രഭാ.39.12).

## പരിശുദ്ധാത്മാവ്

പരിശുദ്ധാത്മാവിൻെറ ദൈവത്വം സംബന്ധിച്ചും സ്പഷ്ടമായി ഗ്രിഗറി പഠിപ്പിച്ചു. 372–ലെ ഒരു പ്രസംഗത്തിൽതന്നെ പരിശു

www.malankaralibrary.com



ദ്ധാത്മാവിനെ 'ദൈവം' എന്ന് അദ്ദേഹം വിളിക്കുന്ന (തോപ്പെവുമാ ഹാഗിഓൻ കായ് തെയോസ്). അദ്ദേഹം ചോദിക്കുന്നു: 'വിളക്ക് എത്രനാൾ നാം പറയുടെ കീഴെ ഒളിച്ചുവയ്ക്കും? എത്രനാൾ (പരിശുദ്ധാത്മാവിന്റെ) ദൈവത്വത്തെക്കുറിച്ചുള്ള അറിവ് മററുള്ളവരിൽനിന്ന് മറച്ചുവയ്ക്കും? ദീപം വിളക്കുതണ്ടിന്മേലത്രേ വയ്ക്കേണ്ടത്. അങ്ങനെ അത് എല്ലാ സഭകൾക്കും, ആത്മാക്കൾക്കും, ലോകം മുഴുവനും, ഉപമകളിൽ കൂടിയോ, അലങ്കാര പ്രയോഗങ്ങൾ വഴിയോ അല്ല കൃത്യമായ പ്രഖ്യാപനംവഴി പ്രകാശം നൽകും' (പ്രഭാ. 12. 6). ഗ്രിഗറിയുടെ അഞ്ചാം ദൈവശാസ്ത്രപ്രഭാഷണം പരിശുദ്ധാത്മാവിനെപ്പററിത്തന്നെയാണ്. അതിൽ അദ്ദേഹം പറയുന്നു: 'ആത്മാവ് ദൈവമാണോ? തീർച്ചയായും. അങ്ങനെയാണെങ്കിൽ അവിടുന്ന് സമസത്തയാണോ? ദൈവമാണെങ്കിൽ, അതേ' (പ്രഭാ. 31, 10). പരിശുദ്ധാത്മാവിനെപ്പററി പഴയനിയമത്തിൽ സ്പഷ്ടമായി പഠിപ്പിക്കാതിരുന്നത് ദൈവിക പദ്ധതി അനുസരിച്ചാണെന്ന് അദ്ദേഹം പറയുന്നു: 'പഴയനിയമം പിതാവിനെ വ്യക്തമായും പുത്രനെ അവ്യക്തമായും പ്രഖ്യാപിച്ചു. പുതിയനിയമം വ്യക്തമായി പുത്രനെ വെളിപ്പെടുത്തി; എന്നാൽ പരിശുദ്ധാത്മാവിന്റെ ദൈവത്വം സംബന്ധിച്ച് സൂചിപ്പിച്ചതേയുള്ളു. ഇപ്പോൾ, പരിശുദ്ധാത്മാവ് നമ്മുടെ ഇടയിൽ വസിക്കുകയും, തന്നെപ്പററിയുള്ള വെളിപാട് നമുക്ക് ഉറപ്പാക്കിത്തരികയും ചെയ്യുന്നു. പിതാവിന്റെ ദൈവത്വം അംഗീകരിക്കാത്തിടത്തോളം കാലം പുത്രന്റേത് പരസ്യമായി പ്രബോധിപ്പിക്കുക സുരക്ഷിതമല്ലായിരുന്നു. ഇത് അംഗീകരിക്കാതെ പരിശുദ്ധാത്മാവിന്റെ നുകം–അങ്ങനൊന്ന് പ്രയോഗിക്കാമെങ്കിൽ–കെട്ടിവയ്ക്കുക സുരക്ഷിതമല്ലായിരുന്നു' (പ്രഭാ. 31, 26).

## ക്രിസ്തുശാസ്ത്രം

ഗ്രിഗറിയുടെ വചനസംബന്ധമായ പ്രബോധനം വളരെ വ്യക്തമാണ്. എഫേസൂസ് (431), കാൽസിഡോൺ (451) എന്നീ സൂനഹദോസുകൾ അത് അംഗീകരിച്ചിട്ടുമുണ്ട്. യേശുക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും അദ്ദേഹം സ്പഷ്ടമായി പഠിപ്പിക്കയും വിവിധ ആരിയൻ വിഭാഗക്കാരുടെ അബദ്ധോപദേശങ്ങളെ ഖണ്ഡിക്കയും അനേകരെ സത്യവിശ്വാസത്തിലേക്ക് കൊണ്ടുവരികയും ചെയ്തു. ഗ്രിഗറി ക്ലെദോണിയൂസിനയച്ച കത്ത് ക്രിസ്തുശാസ്ത്രത്തിൽ ഒരു നാഴികക്കല്ലാണ്. ത്രിത്വസംബന്ധമായ പദപ്രയോഗങ്ങൾ ക്രിസ്തുശാസ്ത്രത്തിൽ ആദ്യമായുപയോഗിച്ചത് ഗ്രിഗറിയാണ്:

'ചുരുക്കിപ്പറഞ്ഞാൽ, ഒന്ന് മറെറാന്നിൽനിന്ന് വ്യത്യസ്തമായ പദാർത്ഥങ്ങൾകൊണ്ടാണ് രക്ഷകൻ ഉണ്ടാക്കപ്പെട്ടിരി

www.malankaralibrary.com



കുന്നതു്; കാരണം, അദൃശ്യവും ദൃശ്യവും ഒന്നല്ലല്ലോ. കാലത്തിനു് അതീതവും കാലത്തിനു് വിധേയമായതും ഒന്നല്ലല്ലോ. എന്നാൽ അവിടുന്നു് രണ്ടു വ്യക്തികളല്ല, ഒരിക്കലുമല്ല. ദൈവത്വം മനുഷ്യനായി തീരുന്നു; മനുഷ്യത്വം ദൈവീകരിക്കപ്പെടുന്നു. അല്ലെങ്കിൽ മനുഷ്യനു് പറയാവുന്ന മറേറതെങ്കിലും രീതിയിൽ യോജിപ്പുവഴി ഇരുസ്വഭാവങ്ങളും ഒന്നായിത്തീരുന്നു. 'വ്യത്യസ്തമായ പദാർത്ഥങ്ങൾ' എന്നു് ഞാൻ പറഞ്ഞതു്, ത്രിത്വത്തിലുള്ളതിന്റെ വിപരീതമാണിവിടെ. അവിടെ മൂന്നാളുകളായി നാം അംഗീകരിക്കുന്നു; ഹ്യപ്പോസ്റ്റസുകൾ തമ്മിൽ കൂട്ടിക്കുഴയ്ക്കപ്പെടുന്നില്ല; വ്യത്യസ്ത പദാർത്ഥങ്ങളുമല്ലവിടെ. കാരണം, ദൈവത്വത്തിൽ മൂന്നും ഒന്നുതന്നെയാകുന്നു' (ലേഖനം, 101). 'യേശുക്രിസ്തുവിനു് മനുഷ്യാത്മാവും മനുഷ്യമനസ്സും ഉണ്ടായിരിക്കണം' എന്നു് ഗ്രിഗറി തറപ്പിച്ചു പറഞ്ഞു. കാരണം, അവിടുന്നു് പൂർണ്ണമനുഷ്യനാണു്. 'വചനം മനുഷ്യാത്മാവിന്റെ സ്ഥാനം എടുത്തു' എന്ന അപ്പൊള്ളിനാരിയൻ അബദ്ധോപദേശം ഗ്രിഗറി സ്വീകരിക്കുന്നില്ല.

ഗ്രിഗറി ഒരു വ്യക്തിത്വവും (ആളത്വവും) രണ്ടു സ്വഭാവങ്ങളും എന്നു് പഠിപ്പിച്ചു. അടുത്ത തലമുറയിൽ വന്ന ചിലർ ഇതു് മനസ്സിലാക്കാതെ ഏക സ്വഭാവ വാദത്തിൽ വീണു. പേർഷ്യൻ സഭയിൽ ഗ്രിഗറി വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ടു്. നെസ്തോറിയസ് തന്നെയും ഗ്രിഗറിയുടെ കൃതികളിൽനിന്നു് ഉദ്ധരിക്കുന്നു.

## കന്യകമറിയം

'ദൈവമാതാവു്' (തെയോതോക്കോസ്) എന്ന പദം ഗ്രിഗറിയുടെ കൃതികളിൽ കാണാം. ഗ്രിഗറിയുടെ കാലത്തും ഈ പദം സത്യവിശ്വാസത്തിന്റെ ഉരകല്ലായിരുന്നു (പ്രഭാ. 43,62). പരിശുദ്ധമറിയം ദൈവമാതാവാണു് എന്നു് വിശ്വസിക്കാത്തവർ ദൈവത്വത്തിൽനിന്നു് വിച്ഛേദിക്കപ്പെടുന്നു. ക്രിസ്തു, മറിയത്തിൽനിന്നു് ഒരു കനാലിലൂടെയെന്നവണ്ണം കടന്നുപോരുകയേ ചെയ്തുള്ളു. ദൈവികവും മാനുഷികവുമായ രീതിയിൽ അവളിൽ രൂപീകരിക്കപ്പെട്ടില്ല എന്നു പറയുന്നവൻ നാസ്തികനാകുന്നു (പുരുഷസംസർഗം കൂടാതെ ആയതിനാൽ, ദൈവികമായി; പ്രകൃതിനിയമമനുസരിച്ചായതിനാൽ മാനുഷികമായി). മനുഷ്യത്വം ആദ്യം ഉരുവായി, പിന്നെ ദൈവത്വം ധരിപ്പിക്കപ്പെട്ടു എന്നു് പറയുന്നവനെയും ശപിക്കണം. കാരണം, ഇതു് ദൈവിക ജനനമായിരിക്കയില്ല; ജനനത്തിൽനിന്നു് വ്യത്യസ്തമായ ഒന്നായിരിക്കും. പിതാവായ ദൈവത്തിന്റെ പുത്രൻ, അമ്മയുടെ മകൻ

www.malankaralibrary.com



എന്നിങ്ങനെ ഇരു പുത്രന്മാർ എന്ന ആശയം പ്രചരിപ്പിച്ച്, ഐക്യത്തെയും താദാത്മ്യത്തെയും താറടിക്കുന്നവർ ശരിയായി വിശ്വസിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ദത്തുപുത്രസ്ഥാനത്തിലുള്ള ഭാഗഭാഗിത്വം നഷ്ടമാക്കിയേക്കാം. ക്രിസ്തുവിന്റെ ശരീരം ഇഹത്തിൽ നിന്നല്ല, പ്രത്യുത സ്വർഗത്തിൽനിന്നു വന്നതാണ്; നമ്മുടേതുപോലെയുള്ളതല്ല, അതിനുപരിസ്ഥമാണ് എന്നു പറയുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ. മനുഷ്യമനസ്സു കൂടാത്ത ഒരു മനുഷ്യൻ എന്ന നിലയിൽ അവനിൽ ആശ്രയം വയ്ക്കുന്നവർ വിഡ്ഢിയും രക്ഷയ്ക്ക് അനർഹനുമാകുന്നു. കാരണം, താൻ എടുക്കാത്തത് അവൻ സൗഖ്യമാക്കിയില്ല; മറിച്ച് തന്റെ ദൈവത്വത്തോട് ഐക്യപ്പെട്ടതൊക്കെ രക്ഷിക്കപ്പെട്ടു (ലേഖനം 101, 4–6).

## കുർബാന

കുർബാന ഒരു ബലിയാണെന്നുള്ളത് ഗ്രിഗറി സ്പഷ്ടമായി പഠിപ്പിച്ചു. ഇക്കോണിയത്തിലെ മെത്രാനായ ആംഫിലൊക്കിയൂസിനെഴുതിയ കത്തിൽ ഗ്രിഗറി പറയുന്നു: 'കർത്താവിനെ ധ്യാനിക്കുന്ന പുരോഹിതന്റെ നാവ് രോഗിയെ സൗഖ്യമാക്കുന്നു. അങ്ങനെയെങ്കിൽ കുർബാന അർപ്പിച്ച് എന്റെ കഠിന പാപങ്ങൾ നീക്കിക്കളയുക. അങ്ങനെ ഉത്ഥാനബലിയർപ്പിച്ച് ഈ മഹാകാര്യം ചെയ്യുക. ഏറ്റം പൂജ്യനായ സുഹൃത്തേ, എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നതിലും മാദ്ധ്യസ്ഥ്യം വഹിക്കുന്നതിലും നിന്ന് നീ പിൻതിരിയരുത്. നിന്റെ വാക്കുകൊണ്ട് വചനത്തെ നീ വിളിച്ചുകൂട്ടിപ്പിക്കുമ്പോഴും, രക്തരഹിതമായ മുറിക്കൽവഴി കർത്തൃശരീരം നീ പങ്കിടുമ്പോഴും എന്നെ അനുസ്മരിക്കുക' (ലേഖനം, 171).

## ഗ്രിഗറി നസ്യാൻസൻ –വ്യക്തി

ഗ്രിഗറി രൂപത്തിൽ ഒരു ചെറിയ മനുഷ്യനായിരുന്നു; കഷണ്ടിത്തലയനും, ജനമധ്യത്തിൽ നിന്ന് ഒളിച്ചോടാൻ തിടുക്കം കാട്ടിക്കൊണ്ടിരുന്നവനും, കർമ്മനിരതനും ആയിരുന്നു. നീണ്ട ചെമ്പിച്ച മീശയും, അത്തനാസ്യോസിനെപ്പോലെ ചെമ്പിച്ച പുരികങ്ങളും, ചുക്കിച്ചുളുങ്ങിയ മുഖവും, നിരന്തരവേദന സ്ഫുരിക്കുന്ന മുഖഭാവങ്ങളും, ഉപവാസവും ജാഗരണവുംകൊണ്ട് വിരൂപമായ പ്രകൃതിയും ആയിരുന്നു അദ്ദേഹത്തിന്റേത്. വളരെ ദരിദ്രജീവിതം നയിച്ച അദ്ദേഹം വസ്ത്രധാരണത്തിൽ അൽപ്പംപോലും ശ്രദ്ധിച്ചില്ല. സംസാരത്തിൽ കുലീനശൈലി പുലർത്തിയില്ല; വളരെ വേഗത്തിലായിരുന്നു സംസാരരീതി. ഫലിതപ്രിയനായിരുന്നു അദ്ദേഹം. ഉടൻ തിരിച്ചടിക്കുക അദ്ദേഹത്തിന്റെ പ്രകൃതമായിരുന്നു. ബേസിലിനോട് എതിർത്തു സംസാരിച്ചിട്ടുള്ളത് ഗ്രിഗറി മാത്രമേയുള്ളു. മിക്ക മനുഷ്യരുടെയും മധ്യത്തിൽ അദ്ദേഹം അസ

www.malankaralibrary.com



ഇഷ്ടനായിരുന്നു. ലോകത്തിൽനിന്ന് വളരെ അകന്ന് ജീവിച്ചു. ഗ്രീക്കസഭാപിതാക്കന്മാരിൽ പദ്യരൂപത്തിൽ കൃതികൾ എഴുതിയ ആദ്യത്തെയാൾ ഗ്രിഗറിയാണ്.

ഒരിക്കൽ ഗ്രിഗറിക്ക് ഒരു സ്വപ്നമുണ്ടായി. ഏഴു വയസ്സുള്ള ഒരു കുട്ടിയായിരുന്നപ്പോൾ ഉണ്ടായ ആ സ്വപ്നം ഗ്രിഗറിയെ വളരെ സ്വാധീനിച്ചു. തന്റെ കിടക്കയ്ക്കു സമീപം രണ്ട് സ്ത്രീകൾ നീണ്ട വെള്ളവസ്ത്രങ്ങൾ ധരിച്ച് നിൽക്കുന്നതായി അദ്ദേഹം കണ്ടു. അവർ ശിരോവസ്ത്രം അണിഞ്ഞിരുന്നു. അതിലൂടെ അദ്ദേഹം അവരുടെ നയനങ്ങളുടെ തിളക്കം ദർശിച്ചു. വിശുദ്ധിയെന്നും ചാരിത്ര്യം എന്നുമാണ് തങ്ങളുടെ പേരുകൾ എന്ന് അവർ അറിയിച്ചു. തങ്ങളോടുകൂടെ ചേരാൻ അവർ അവനെ ആഹ്വാനം ചെയ്തു. എന്നിട്ട് അവർ മറഞ്ഞുപോയി. അതിനുശേഷം ഗ്രിഗറി ക്രിസ്തുവിന് സ്വയം സമർപ്പിച്ചു എന്ന് പറയപ്പെടുന്നു.

ആഥൻസിൽവച്ച് ബേസിലുമായി സുഹൃദ്ബന്ധം സ്ഥാപിച്ചു. എങ്കിലും ഗ്രിഗറിയുടെ തുറന്നടിക്കുന്ന മനഃസ്ഥിതി അതിൽ മങ്ങലേൽപ്പിച്ചോ എന്ന് സംശയിക്കുന്നവരുണ്ട്. ബേസിലിന്റെയും തന്റെ പ്രിയപ്പെട്ടവരുടെയും മരണം ഗ്രിഗറിയിൽ ഏൽപ്പിച്ച ആഘാതം കുറച്ചൊന്നുമല്ല. എവുഡോക്സിയൂസ് എന്ന പ്രഭാഷകന് അദ്ദേഹം എഴുതി:

'എനിക്കു സുഖമാണോ എന്ന് നീ ആരാഞ്ഞല്ലോ ഞാൻ പറയാം—വേദന നിറഞ്ഞു കവിഞ്ഞൊഴുകുന്ന പാനപാത്രമാണ് ഞാൻ. ബേസിൽ എനിക്കു നഷ്ടപ്പെട്ടു; മാംസത്തിലും അരൂപിയിലും എന്റെ സഹോദരനായിരുന്ന ചെസാരിയൂസ് എനിക്കു നഷ്ടപ്പെട്ടു. സങ്കീർത്തകനോടുകൂടെ ഞാൻ പറയുന്നു, 'എന്റെ മാതാപിതാക്കൾ എന്നെ ഉപേക്ഷിച്ചപ്പോൾ....' (27,10). എന്റെ ആരോഗ്യം നശിച്ചു; വാർദ്ധക്യം എന്റെ തലയ്ക്കുമീതെ തൂങ്ങിക്കിടക്കുന്നു; ബഹുവിധ പര്യാകുലതകളാൽ ഞാൻ മൂടപ്പെടുന്നു; എന്റെ സ്നേഹിതർ അവിശ്വസ്തരായിത്തീർന്നു; സഭയ്ക്ക് ഇടയനില്ലാതായി. എല്ലാ ബഹുമാനവും നഷ്ടപ്പെട്ടു; തിന്മ നഗ്നമായി നമ്മുടെ മുൻപാകെ കിടക്കുന്നു; നാം അന്ധകാരത്തിലേക്കു യാത്രചെയ്യുന്നു; ഒരു ദീപവും അവിടെങ്ങും കാണാനില്ല. ക്രിസ്തു ഉറങ്ങിക്കിടക്കുകയാണ്; നമുക്ക് എന്തു സംഭവിക്കും? മരണമാകുന്ന വിടുതലല്ലാതെ ഈ കെടുതികളിൽനിന്ന് ഒരു മോചനവും ഞാൻ തേടുന്നില്ല; ഇവിടെയുള്ള സംഗതികളനുസരിച്ച് ഞാൻ വിധിക്കയാണെങ്കിൽ ശവക്കുഴിക്ക് അപ്പുറത്തുള്ള സംഗതികളെക്കുറിച്ച് ഞാൻ പരിഭ്രാന്തനാകുന്നു' (ലേഖനം, 80).

ഗ്രിഗറി കുറേനാൾ കോൺസ്റ്റാൻറിനോപ്പിളിലെ ആർച്ചുബിഷപ്പുമായിരുന്നു. അദ്ദേഹത്തെ ആദ്യമാദ്യം ആര്യർ എതിർത്തു

www.malankaralibrary.com



'മററാളുകളുടെനേരെ അവർ രോസാപുഷ്പം വിതറുന്നു; എന്റെ നേരെ കല്ലുകളും' എന്നു് അദ്ദേഹം പറയുകയുണ്ടായി. തിയഡോഷ്യസ് ചക്രവർത്തിതന്നെ ഗ്രിഗറിയെ സ്ഥലത്തെ മെത്രാനായി അവരോധിച്ചു. കോൺസ്റ്റാൻറിനോപ്പിളിൽവച്ചാണു് ചരിത്രപ്രസിദ്ധമായ അഞ്ചു് 'ദൈവശാസ്ത്രപ്രഭാഷണങ്ങൾ' നടത്തിയതു്. ഗ്രിഗറിക്കു് ദൈവശാസ്ത്രജ്ഞൻ എന്ന പേരു് നേടിക്കൊടുത്തതു് ഇവയാണു്. ഒരു പ്രസംഗത്തിൽ ക്രിസ്തുവിനെപ്പററി ഗ്രിഗറി പ്രതിപാദിച്ചവ 'ദ്വിസ്വഭാവക്രിസ്തുശാസ്ത്ര'ത്തിന്റെ മകുടോദാഹരണമാണു്. ഗ്രിഗറിയെത്തുടർന്നു് പലരും ഈ ശൈലിയിൽ ക്രിസ്തുശാസ്ത്രം വികസിപ്പിച്ചെടുത്തിട്ടുണ്ടു്.

'ക്രിസ്തു ജനിച്ചു; എന്നാൽ അവൻ മുമ്പേ തന്നെ ജനിപ്പിക്കപ്പെട്ടവനാണു്; അവൻ ഒരു സ്ത്രീയിൽനിന്നു ജനിച്ചു; എന്നാൽ അവൾ കന്യകയായിരുന്നു....അവൻ പിള്ളക്കച്ചകളാൽ ചുററപ്പെട്ടു; അവൻ ഉത്ഥാനം ചെയ്തപ്പോൾ കല്ലറയിലെ കച്ചകൾ മാററിവച്ചു. അവൻ കാലിത്തൊഴുത്തിൽ കിടത്തപ്പെട്ടു; എന്നാൽ അവൻ മാലാഖമാരാൽ മഹത്വീകരിക്കപ്പെട്ടു; നക്ഷത്രത്താൽ പ്രഘോഷിക്കപ്പെട്ടു; വിദ്വാന്മാരാൽ ആരാധിക്കപ്പെട്ടു. യഹൂദന്മാരുടെ ദൃഷ്ടിയിൽ അവനു് രൂപവും സൗന്ദര്യവും ഇല്ലായിരുന്നു; എന്നാൽ ദാവീദിനാകട്ടെ, അവൻ മനുഷ്യമക്കളിൽ ഏററം സുന്ദരനായിരുന്നു. മലയിൽ അവൻ മിന്നൽപോലെ ശോഭിതനായിരുന്നു; ദൈവിരഹസ്യങ്ങളിലേക്കു് നമ്മെ ആനീതരാക്കിക്കൊണ്ടു് സൂര്യനേക്കാൾ ശോഭയേറിയവനായിത്തീർന്നു.'

'മനുഷ്യനെന്ന നിലയിൽ അവൻ സ്നാനം സ്വീകരിച്ചു; ദൈവമെന്ന നിലയിൽ അവൻ പാപം പോക്കി. മനുഷ്യനെന്ന നിലയിൽ അവൻ പരീക്ഷിക്കപ്പെട്ടു. ദൈവം എന്ന നിലയിൽ അവൻ അതിനെ കീഴടക്കി. അവനു് വിശന്നു; എന്നാൽ അവൻ ആയിരങ്ങളെ സംതൃപ്തരാക്കി. അവനു് ദാഹിച്ചു, എന്നാൽ 'ദാഹിക്കുന്നവർ എന്റെ പക്കൽ വന്നു് കുടിക്കട്ടെ' എന്നു് അവൻ അട്ടഹസിച്ചു. അവൻ വിവശനായി. എന്നാൽ ദുഃഖിതരുടെയും ഭാരം വഹിക്കുന്നവരുടെയും ആശ്വാസമാണവൻ.'

'അവൻ പ്രാർത്ഥിക്കുന്നു; എന്നാൽ അവൻ പ്രാർത്ഥന കേൾക്കുന്നു. അവൻ കരയുന്നു; എന്നാൽ അവൻ കണ്ണുനീരൊപ്പുന്നു. 'ലാസറിനെ എവിടെ വച്ചു' എന്നു് മനുഷ്യനെന്ന നിലയിൽ അവിടുന്നു് ആരാഞ്ഞു; അവിടുന്നു് ദൈവമായതിനാൽ ലാസറിനെ ഉയിർപ്പിക്കുന്നു... വെട്ടുവാനുള്ള ആടുപോലെ അവൻ ആനീതനാക്കപ്പെടുന്നു; എന്നാൽ അവൻ ഇസ്രായേലിന്റെയും ഇപ്പോൾ ലോകം മുഴുവന്റെയും ഇടയനാകുന്നു....അവിടുന്നു് കുത്തി മുറിവേല്പിക്കപ്പെട്ടു; എന്നാൽ അവൻ എല്ലാ രോഗവും വേദനയും സൗഖ്യമാക്കുന്നു. അവൻ ഉയിർത്തപ്പെട്ടു് മരത്തിന്മേൽ തറയ്ക്കപ്പെട്ടു;

www.malankaralibrary.com



എന്നാൽ ജീവവൃക്ഷത്താൽ അവൻ നമ്മെ വീണ്ടെടുത്തു.... അവൻ തന്റെ ജീവനർപ്പിച്ചു; എന്നാൽ അതു് വീണ്ടും എടുക്കുന്നതിനു് അവനു് അധികാരം ഉണ്ടു്. സ്വർഗത്തിന്റെ രഹസ്യകവാടങ്ങൾ തുറക്കപ്പെട്ടതിനാൽ വാതിൽ മറ കീറിപ്പോയി; പാറ പിളന്നു; മരിച്ചവർ ഉയിർത്തെഴുന്നേററു. അവൻ മരിച്ചു, എന്നാൽ അവൻ അവൻ ജീവദാതാവാണു്; തന്റെ മരണത്താൽ അവൻ മരണത്തെ നശിപ്പിച്ചു; അവൻ സംസ്ക്കരിക്കപ്പെട്ടു; എന്നാൽ അവൻ ഉത്ഥാനം ചെയ്തു. അവൻ പാതാളത്തിലേക്കു് പോകുന്നു; എന്നാൽ അവൻ വിധിക്കപ്പെട്ടവരെ രക്ഷിക്കുന്നു' (പ്രഭാ. 29,19–20).

കോൺസ്റ്റാൻറിനോപ്പിളിലെ ശബ്ദായമാനവും ചരടുവലികരം നിറഞ്ഞതുമായ ജീവിതം ഗ്രിഗറി ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തെ എതിർത്തിരുന്ന ചിലയാളുകളും ഉണ്ടായിരുന്നു. കോൺസ്റ്റാൻറിനോപ്പിളിൽ തുടരാൻ ഗ്രിഗറി ഒട്ടും ആഗ്രഹിച്ചില്ല. അവിടെ നിന്നു് രാജിവച്ചു് പോകുന്നതിനുമുമ്പുള്ള വിടവാങ്ങൽ പ്രസംഗം സംഗ്രതമാണു്:

'നേരത്തെയുള്ളതുപോലെ, നമ്മുടെ വിഭവസമൃദ്ധമായ ഭക്ഷണമേശയും, വർണശബളമായ വസ്ത്രങ്ങളും, പൊതുപ്രദർശനങ്ങളും, നമ്മെ സന്ദർശിക്കുന്നവരോടുള്ള അവജ്ഞ നിറഞ്ഞ പെരുമാററവും മൂലം, നാം കുററപ്പെടുത്തപ്പെട്ടേക്കാം! തങ്ങളുടെ വരുമാനം ചെലവാക്കാൻ ഒരു മാർഗവും ഇല്ലാത്ത കോൺസൂരംമാർ, ഗവർണർമാർ, മഹനീയരായ ജനറൽമാർ തുടങ്ങിയവരെ നാം കടത്തിവെട്ടണമെന്നു് എനിക്കറിയില്ലായിരുന്നു; അല്ലെങ്കിൽ, പാവപ്പെട്ടവരുടെ വസ്തുവകകരം അനുഭവിക്കാനും, അവർക്കാവശ്യമായവ നമ്മുടെ സുഖഭോഗവസ്തുക്കരംക്കായി ചെലവഴിക്കാനം, അരംത്താരയിലേക്കു് കമഴ്ന്നുകിടന്നു് ഏമ്പക്കം വിടാനും നമ്മുടെ വയർ അത്യാർത്തി കാട്ടണമെന്നു് ഞാൻ അറിഞ്ഞിരുന്നില്ല! അലങ്കരിക്കപ്പെട്ട കുതിരപ്പുറത്തു് യാത്ര ചെയ്യണമെന്നും, വിശിഷ്ടരഥങ്ങളിൽ സംവഹിക്കപ്പെടണമെന്നും, ജനകോടികരം നമ്മുടെ മുൻപിൽ പോകുണമെന്നും, കയ്യടിക്കുന്നവരാൽ ചുററപ്പെടണമെന്നും വന്യമൃഗങ്ങളെയെന്നവണ്ണം മററുള്ളവർ നമുക്കു് വഴിമാറിത്തന്നു് നമ്മുടെ വരവു് ദൂരെനിന്നുതന്നെ കാണുവാൻ സൗകര്യപ്പെടുത്തണമെന്നും ഞാൻ അറിഞ്ഞിരുന്നില്ല. ഇതാണു് ഞാൻ ചെയ്ത തെറെറങ്കിൽ, അവയെല്ലാം കഴിഞ്ഞകാലസംഭവങ്ങളാണെന്നു് കരുതിക്കൊള്ളുവിൻ. ഈ തെററു് എന്നോടു് ക്ഷമിക്കുവിൻ. ഭൂരിപക്ഷത്തെ സന്തോഷിപ്പിക്കുന്ന ഒരാളെ തെരഞ്ഞെടുക്കുവിൻ. എനിക്കു് എന്റെ മരുഭൂമിയും, ഗ്രാമത്തിലെ ജീവിതവും, എന്റെ ദൈവത്തേയും തന്നേക്കു. എനിക്കു് അവനെ മാത്രം' പ്രസാദിപ്പിച്ചാൽ മതിയല്ലോ. എന്റെ സരളജീവിതം വഴി അവനെ ഞാൻ പ്രസാദിപ്പിക്കും.'

www.malankaralibrary.com



'എന്റെ അനസ്താസ്യായേ, സ്വസ്തി. ഭക്തിയിൽ നിന്നരുവായതാണല്ലോ നിന്റെ നാമം: വെറുക്കപ്പെട്ടിരുന്ന പ്രബോധനം നീയാണല്ലോ ഞങ്ങാംക്കവേണ്ടി ഉയിർപ്പിച്ചതു്. ഞങ്ങളുടെ പൊതുവിജയരംഗമായ ശീലോഹായേ, (ജോഷ്വ. 18.1) സ്വസ്തി. മരുഭൂമിയിലെ നാൽപതു വർഷത്തെ അലഞ്ഞുതിരിയലിനു ശേഷം വാഗ്ദാനപെട്ടകം അവിടെയാണല്ലോ ആദ്യമായി ഉറപ്പിക്കപ്പെട്ടതു്. മഹനീയവും കീർത്തിതവും ഞങ്ങളുടെ അവകാശവുമായ ആലയമേ, സ്വസ്തി. നിന്റെ ശ്രേഷ്ഠത, വചനം നിമിത്തമാണല്ലോ. ഒരിക്കൽ അതു് ജേബൂസ് (1 ദിന. 11.4) ആയിരുന്നു. ഞങ്ങാം അതു് ഇപ്പോാം യറുശലേമാക്കി മാററി. സൗന്ദര്യത്തിൽ ഇതിനോടു് മാത്രം താഴെ നിൽക്കുന്നതും, നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരന്നുനിൽക്കുന്നതുമായ മററുള്ളവയേ, സ്വസ്തി. അവ ഒന്നിച്ചുചേർന്നു് കണ്ണികളാം കണക്കെ നിന്റെ പാർശ്വം അലങ്കരിക്കുന്നു. അവയിലെല്ലാം ആരാധകർ നിറഞ്ഞുകവിയുന്നു. അവരെ പ്രതിയാണു് ഞാൻ ഉൽക്കണ്ഠാകുലനായതു്—എന്റെ ബലഹീനതയിൽ, ഞാനല്ല എന്നിൽ വസിക്കുന്ന ദൈവകൃപ—ഇവിടെ വസിക്കുന്ന ശ്രേഷ്ഠവാസികളും പോരാട്ടത്തിൽ എന്റെ നാഥരുമായ 'ശ്ലീഹന്മാരേ', സ്വസ്തി. നിന്നോടുകൂടി പലപ്പോഴും ഞാൻ പെരുന്നാാം കൊണ്ടാടിയിട്ടില്ല; എന്റെ ശരീരത്തിൽ എന്റെ നന്മയ്ക്കായി, നിങ്ങളിലൊരുവനായ പൗലോസിനെപ്പോലെ ഞാൻ വഹിക്കുന്ന സാത്താനാണിതിനു് മിക്കവാറും കാരണം. ഞാൻ നിന്നെ ഇപ്പോാം ഉപേക്ഷിക്കുന്നതിന്റെ കാരണവും ഇതാണു്. അസൂയാർഹവും അപകടകരവുമായ ഉയരമുള്ള എന്റെ സിംഹാസനമേ, സ്വസ്തി; മഹാപുരോഹിതരുടെ ബഹുമാനംകൊണ്ടും വൈദികരുടെ പ്രായം കൊണ്ടും പൂരിതമാണു് ഈ സമൂഹം. വിശുദ്ധ അാംത്താരയ്ക്കു ചുററുമുള്ള ദൈവശുശ്രൂഷകരായി, ദൈവത്തിലേക്കണയുന്ന മററുള്ളവരുടെയും സമൂഹമേ, സ്വസ്തി. ദൈവം നിങ്ങളുടെ പക്കലേക്കണയുന്നു.'

'ക്രിസ്തു സ്നേഹം നിറഞ്ഞ ശക്തമായ നഗരമേ, സ്വസ്തി. നിന്റെ തീക്ഷ്ണത അറിവിനൊത്തവിധമല്ലെങ്കിലും ഞാൻ സത്യത്തിനു സാക്ഷ്യം വഹിക്കും. നമ്മുടെ വേർപാടു് ദയാപൂർവം നമ്മെ വേർതിരിക്കുന്നു. സത്യത്തെ സമീപിക്കുക. ഈ അവസാന നാഴികയിലെങ്കിലും മാനസ്സാന്തരപ്പെടുക. നിനക്കു പതിവായിരിക്കുന്നതിലുപരി ദൈവത്തെ ബഹുമാനിക്കുക. മാറുന്നതിൽ ലജ്ജിക്കേണ്ടതില്ല; തിന്മയോടു് പററിച്ചേർന്നിരിക്കുന്നതു് മരണകരമാണു്. കിഴക്കേ, പടിഞ്ഞാറേ, സ്വസ്തി. നിങ്ങാംക്കെതിരായും നിങ്ങാംക്കുവേണ്ടിയും എനിക്കു് യുദ്ധം ചെയ്യേണ്ടിവന്നു. കുറേപ്പേരെങ്കിലും എന്റെ രാജിയെ അനുകരിച്ചാൽ നിങ്ങാംക്കു് സമാധാനം ലഭിക്കും എന്നതിനു ദൈവം തന്നെ സാക്ഷിയാണു്.

www.malankaralibrary.com



സിംഹാസനങ്ങൾ ഉപേക്ഷിക്കുന്നവർക്ക് ദൈവം കൂടി നഷ്ടപ്പെടില്ല; മറിച്ച്, മുകളിൽ സിംഹാസനം സജ്ജമാക്കപ്പെട്ടും; അതു് മറേറതിനെക്കാൾ ശ്രേഷ്ഠവും സുരക്ഷിതവുമാണ്. അവസാനമായി, എന്നാൽ ഏററം പ്രധാനമായി ഞാൻ വിളിച്ചു പറയും: ഈ സഭയുടെയും എൻെറ സാന്നിദ്ധ്യത്തിൻെറയും തീർത്ഥാടനത്തിൻെറയും സംരക്ഷകരായ 'മാലാഖമാരേ', സ്വസ്തി. കാരണം, നമ്മുടെ സംഗതികളെല്ലാം ദൈവതൃക്കരങ്ങളിലാണല്ലോ. എൻെറ ധ്യാനവും എൻെറ മഹത്വവുമായ 'ത്രിത്വമേ', സ്വസ്തി. ഇവിടെയുള്ളവർ നിങ്ങളെ സംരക്ഷിക്കട്ടെ; എൻെറ ജനങ്ങളെ സംരക്ഷിക്കട്ടെ. കാരണം, എനിക്കു് മറെറാരിടത്തു് ആസ്ഥാനം ലഭിച്ചാലും, ഇവർ എൻേറതാണ്. നീ വചനത്തിലും പ്രവൃത്തിയിലും സദാ മഹത്വീകരിക്കപ്പെട്ടവനും ഉയർത്തപ്പെട്ടവനുമാണെന്നു് ഞാൻ ഗ്രഹിക്കട്ടെ' (പ്രഭാ. 42,26–27: Creeds. p. 145–6).

മെത്രാന്മാരുടെ യോഗങ്ങളെപ്പററി ഗ്രിഗറിക്കു് വളരെനല്ല അഭിപ്രായം ഇല്ലായിരുന്നു. പലപ്പോഴും വാഗ്വാദങ്ങളും തർക്കങ്ങളും വർദ്ധിക്കാനല്ലാതെ കലഹങ്ങൾ ശമിപ്പിക്കാൻ അവ സഹായകമായിരുന്നില്ല. ആരിയനിസത്തിൻെറ പശ്ചാത്തലത്തിൽ ഉണ്ടായ കലഹങ്ങളിലേക്കാണ് ഗ്രിഗറി വിരൽ ചൂണ്ടുന്നതു്: 'സത്യം പറഞ്ഞാൽ, എന്നെ സംബന്ധിച്ച്, മെത്രാന്മാരുടെ എല്ലാ യോഗങ്ങളിൽനിന്നും ഒഴിഞ്ഞു നിൽക്കാനാണ് എൻെറ പ്രവണത; കാരണം, ഏതെങ്കിലും കൗൺസിൽ ശരിയായി അവസാനിച്ചതായോ, തിന്മകളുടെ പരിഹാരമായോ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. മറിച്ച്, അതു് വർദ്ധിപ്പിക്കുകയത്രേ ചെയ്തിട്ടുള്ളതു്. അധികാരദുർമോഹവും കലഹപ്രിയവുമാണ് അവിടെ മുന്നിട്ടുനിൽക്കുന്നതു്....മററുള്ളവരെ വിധിക്കാൻ ഇരിക്കുന്നവൻ, തൻെറ എതിരാളികളുടെ തെററായ പ്രവൃത്തികളെ വിമർശിക്കുന്നതിനു മുൻപുതന്നെ കുററക്കാരനായി വിധിക്കപ്പെടാനിടയുണ്ട്. അതുകൊണ്ട് ഞാൻ ശാന്തനായിരുന്നു. നിശ്ശബ്ദനായിരിക്കുക എന്നതാണ് ആത്മസുരക്ഷിതത്വത്തിനുള്ള ഏക പോംവഴി എന്നുള്ള തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നു. കൂടാതെ ഇപ്പോൾ എൻെറ ശാരീരികരോഗം മറെറാരു കാരണംകൂടിയായി; പലപ്പോഴും ഞാൻ എൻെറ അവസാനശ്വാസത്തിലെത്തിയവണ്ണമായിട്ടുണ്ട്. ഒന്നും ചെയ്യാൻ കഴിവില്ലാത്തവനായി തീർന്നുകഴിഞ്ഞു' (ലേഖനം, 130: Creeds, p. 150).

ഗ്രിഗറിയുടെ മരണശേഷം തിരുശേഷിപ്പ് കോൺസ്റ്റാൻറിനോപ്പിളിൽ കൊണ്ടുവന്നു. 1204 ൽ കുരിശുയുദ്ധക്കാർ നഗരം വളയുന്നതുവരെ അതു് അവിടെ വച്ചുപ്പെട്ടിരുന്നു. പിന്നീടു് രഹസ്യമായി അതു് റോമിലേക്കു് മാററപ്പെട്ടു. ഇപ്പോൾ അതു് വത്തിക്കാനിൽ വി. ഗ്രിഗറിയുടെ ചാപ്പലിൽ സൂക്ഷിക്കപ്പെടുന്നു.

www.malankaralibrary.com

അദ്ധ്യായം 19

# നീസ്സായിലെ വി. ഗ്രിഗോറിയോസ്

ബേസിലിനെപ്പോലെ ഒരു ഭരണകർത്താവോ സമർത്ഥനായ സന്യാസനിയമനിർമ്മാതാവോ അല്ലായിരുന്നു നീസ്സായിലെ വി. ഗ്രിഗറി. ഗ്രിഗറി നസ്യാൻസനെപ്പോലൊരു വാഗ്മിയോ ഒരു കവിയോ അല്ലായിരുന്നു. എന്നാൽ താത്വിക ദൈവശാസ്ത്രത്തിലും 'മിസ്റ്റിക്' എന്ന നിലയിലും കപ്പദോചിയൻ ചിന്തകരിൽ ഏററം അനുഗ്രഹീതനായി ഗ്രിഗറി നീസ്സായെ കണക്കാക്കാം.

ഗ്രിഗറി ജനിച്ചതു് 335—ലാണു്. സഹോദരനായ ബേസിലായിരുന്നു ആദ്യകാലഗുരു. സഭയിൽ 'വായനക്കാര'നായി (കാറോയാ) കുറേനാൾ ജീവിച്ചശേഷം ലൗകിക കാര്യങ്ങളിൽ ഇടപെട്ടു് ജീവിക്കാൻ തീരുമാനിച്ച ഗ്രിഗറി ഒരു പ്രഭാഷകാധ്യാപകനായി. തെയോസെബിയാ എന്ന ഒരു യുവതിയെ വിവാഹം കഴിച്ചു. എന്നാൽ സുഹൃത്തുക്കളുടെ, പ്രത്യേകിച്ചു് ഗ്രിഗറി നസ്യാൻസൻെറ പ്രേരണയാൽ വീണ്ടും സന്യാസജീവിതത്തിനായി ഗ്രിഗറി ബേസിലിൻെറ അടുത്തെത്തി. 371 ൽ ചെസാറിയായിലെ നീസ്സാ എന്ന സ്ഥലത്തെ മെത്രാനായി ഗ്രിഗറിയെ ബേസിൽ നിയമിച്ചു. സ്വന്ത ഇഷ്ടത്തിനു വിരുദ്ധമായിട്ടാണു് മെത്രാനായതെങ്കിലും നസ്യാൻസനെപ്പോലെ ബേസിലിനെ നിരാശനാക്കിയില്ല. നീസ്സായിൽ ഗ്രിഗറി ചെല്ലുകയും അവിടെ താമസിക്കുകയും ചെയ്തു. എന്നാൽ ബേസിലിൻെറ പ്രതീക്ഷ അനുസരിച്ചു് ഗ്രിഗറി ജീവിച്ചില്ല, ആളുകളോടിടപെടുന്നതിലുള്ള അയഞ്ഞ മനഃസ്ഥിതിയും, സഭാരാഷ്ട്രീയത്തിൽ പ്രവർത്തിക്കാനുള്ള കഴിവുകേടും എല്ലാം ബേസിൽ ചൂണ്ടിക്കാട്ടി (ലേഖ. 100). പണസംബന്ധമായ കാര്യങ്ങളെപ്പററി പറയാനുമില്ല. കൂടാതെ ആ സ്ഥലത്തെ പാഷണ്ഡവിഭാഗക്കാരിൽനിന്നു് വലിയ എതിർപ്പുകൾ നേരിടേണ്ടിവന്നു. സഭാസ്വത്തുക്കൾ ധൂർത്തടിക്കുന്നെന്നു് അവർ ആരോപണങ്ങൾ ഉന്നയിച്ചു. തത്ഫലമായി 376—ൽ നീസ്സായിൽവച്ചു കൂടിയ ആരിയൻ സിനഡു് അദ്ദേ-

www.malankaralibrary.com



ഹത്തിൻെറ അഭാവത്തിൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. 378–ൽ ആരിയൻ പക്ഷപാതിയായ വാലൻസ് ചക്രവർത്തി മരിച്ചപ്പോൾ ഗ്രിഗറി സാഘോഷം നീസ്സായിൽ സ്വീകൃതനായി. 379–ൽ നടന്ന അന്ത്യോക്യൻ സിനഡിൽ ഗ്രിഗറി സംബന്ധിച്ചു. പോൻതൂസ് രൂപത സന്ദർശിക്കാൻ സിനഡ് ഗ്രിഗറിയെ നിയമിച്ചയച്ചു. ഈ യാത്രയ്ക്കിടയ്ക്ക് 380–ൽ അദ്ദേഹം സെബാസ്റ്റേയുടെ ആർച്ചുബിഷപ്പായി നിയമിതനായി. കുറച്ചു മാസങ്ങൾ ആ രൂപതയുടെ ഭരണം നടത്തി. 381–ൽ നടന്ന കോൺസ്റ്റാൻറിനോപ്പിൾ സിനഡിൽ ഗ്രിഗറി നല്ല പങ്കു വഹിച്ചു. പല പ്രാവശ്യം തലസ്ഥാന നഗരിയിൽ എത്തിയിട്ടുണ്ട്. ഏററം അവസാനം എത്തിയതു് 394–ലെ സിനഡിലാണ്. മിക്കവാറും ആ വർഷംതന്നെ അദ്ദേഹം മരിച്ചു.

## കൃതികൾ

കപ്പദോച്ചിയൻ പിതാക്കന്മാരിൽ ഏററം കൂടുതൽ എഴുതിയിട്ടുള്ളതും എഴുത്തിൽ വിജയിച്ചിട്ടുള്ളതും ഗ്രിഗറി നീസ്സായാണ്. ബേസിലിൻേറതിനെക്കാളും നസ്യാൻസൻേറതിനെക്കാളും ആഴവും പരപ്പുമാർന്ന ചിന്തയാണ് നീസ്സായുടേതു്. സമകാലീന ബൗദ്ധികജീവിതത്തിലെ അടിയൊഴുക്കുകളോട് തുറന്ന മനഃസ്ഥിതി, ചുററുപാടുകളുമായി പൊരുത്തപ്പെട്ടുപോകാനുള്ള കഴിവ്, കൂർമ്മബുദ്ധി എന്നിവ അദ്ദേഹത്തിൻെറ കൃതികളിൽ പ്രകടമാണ്.

മററു് കപ്പദോച്ചിയൻ ചിന്തകരെക്കാൾ സമകാലീന 'സോഫിസ്സം' ഗ്രിഗറിയിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. വാക്കുകൾ തെരഞ്ഞെടുക്കുന്നതിൽ ക്ലാസ്സിക്കൽ കർത്താക്കളെയാണ് ഗ്രിഗറി അനുധാവനം ചെയ്യുന്നതു്. എന്നാൽ ഗ്രീക്കുവേദപുസ്തകത്തിൽ നിന്നുമുള്ള നിരവധി കടമെടുക്കലുകളുമുണ്ട്. സമകാലീന ഗ്രീക്ക് പ്രഭാഷണകലയുടെ എല്ലാ അധികപ്പററുകളും നീസ്സായിൽ ഉണ്ടായിരുന്നു: മാധുര്യരഹിതമായ ശൈലി; നീണ്ട നീണ്ട് ചങ്ങലസമാനമായ വാചകങ്ങൾ. എന്നാൽ ചിലയിടങ്ങളിൽ തികച്ചും തീക്ഷ്ണവും ശക്തിമത്തുമായ ശൈലിയാണ് കാണുന്നതു്. അതിഭാഷണവും, പ്രകടനമനസ്ഥിതിയും വാക്കുകളിൽ തിങ്ങിനില്ക്കുന്നു എന്നു പറയുന്നവരുണ്ട്. ആധുനികകാലത്തെ വായനക്കാർക്കതു് രുചിക്കാനല്പം പ്രയാസമാണ്. എന്നാൽ അന്നത്തെ സോഫിസ്റ്റിക് ചുററുപാടുകാർക്കിതൊക്കെ പ്രിയംകരമായിരുന്നു—എന്നു പറയപ്പെടുന്നു. കൃതികളെ അഞ്ചായി തിരിക്കാം:

1. താത്വിക കൃതികൾ
2. ഭാഷ്യകൃതികൾ

www.malankaralibrary.com



3. സന്യാസകൃതികൾ
4. പ്രസംഗങ്ങൾ
5. കത്തുകൾ

## I. താത്വിക കൃതികൾ

ഈ വിഭാഗത്തിൽപെടുന്ന മിക്കതും ആര്യർക്കെതിരെയുള്ള കൃതികളാണ്.

### (i) എവുണോമിയസിനെതിരെ

എവുണോമിയസിനെതിരെ ഗ്രിഗറി നാല് കൃതികളെഴുതി. എവുണോമിയസിന്റെ 'ഹ്യപെർ തേണ് അപ്പൊളൊഗിയാ' എന്ന കൃതിക്കെതിരെയാണ് 380_ൽ എഴുതിയ ആദ്യകൃതി. ഗ്രിഗറിയുടെ രണ്ടാം കൃതി, എവുണോമിയസിന്റെ രണ്ടാം കൃതിയുടെ ഖണ്ഡനമാണ്. 381_നും 383—നും ഇടയ്ക്ക ഗ്രിഗറി മൂന്നാമതൊന്നെഴുതി. ബേസിലിനെ ആര്യൻ നേതാവ് പുതുതായി ആക്രമിച്ചപ്പോൾ എഴുതിയതാണത്. ഈ മൂന്നാമത്തെ ഗ്രന്ഥം പത്ത് പുസ്തകങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഇങ്ങനെ മൂന്ന് കൃതികൾവഴി തന്റെ സഹോദരനെ ന്യായീകരിക്കാൻ ഗ്രിഗറി ശ്രമിച്ചു. 381_ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡിൽ ഗ്രിഗറി ആദ്യത്തെ രണ്ട് കൃതികളും നസ്യാൻസനെയും ജറോമിനെയും വായിച്ചു കേൾപ്പിച്ചു (മഹത്. 128).

383_ൽ എവുണോമിയസ് ഒരു വിശ്വാസപ്രമാണമെഴുതി തിയഡോഷ്യസ് ചക്രവർത്തിക്കു കൊടുത്തു. ഗ്രിഗറി അതിനെ വളരെ വിസ്തരിച്ചു വിമർശിച്ച് നാലാമതൊരു കൃതിയെഴുതി. എന്നാലിതിനു് ആദ്യത്തെ മൂന്നെണ്ണവുമായി ബന്ധമില്ല.

### (ii) അപ്പൊള്ളിനാരിയർക്കെതിരെ

അലക്സാന്ത്രിയൻ പാത്രിയർക്കീസായ തിയോഫിലസിനെഴുതിയതാണ്. അപ്പൊള്ളിനാരിസത്തെ വിശദമായി എതിർക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ളതാണിത്. 'കത്തോലിക്കർ രണ്ടു ദൈവസുതന്മാരിൽ വിശ്വസിക്കുന്നു' എന്നുള്ള അപ്പൊള്ളിനാരിയൻ ആരോപണത്തെ ഇതിൽ നിഷേധിക്കുന്നു. തിയോഫിലസ് 385—ൽ ആണ് മെത്രാനായത്. അപ്പോൾ, ഗ്രിഗറിയുടെ ജീവിതാവസാനമായിരിക്കാം ഇതെഴുതിയത്.

www.malankaralibrary.com



(iii) ആൻറിറെത്തിക്കസ്

'മനുഷ്യസാദൃശ്യത്തിൽ ദൈവാവതാരത്തിൻെറ വരച്ചുകാട്ടൽ' എന്നൊരു കൃതി അപ്പൊള്ളിനാരിസ് എഴുതി. ഈ കൃതിയുടെ മറുപടിയായിട്ടാണ് 'ആൻറിറെത്തിക്കസ്' എന്ന കൃതി ഗ്രിഗറി എഴുതിയതു്. ക്രിസ്തുവിൻെറ രണ്ടു സ്വഭാവങ്ങളും തമ്മിലുള്ള യോജിപ്പിനെപ്പററി ഗ്രിഗറി ചർച്ച ചെയ്യുന്നു. ക്രിസ്തുവിൻെറ ശരീരം ഉയരത്തിൽനിന്നു വന്നു എന്നും വചനം മനുഷ്യാത്മാവിൻെറ സ്ഥാനം വഹിക്കുന്നു എന്നും ഉള്ള അബദ്ധാഭിപ്രായത്തെ ഇവിടെ ഖണ്ഡിക്കുന്നു.

(iv) പരിശുദ്ധാത്മാവിനെപ്പററി

'പ്നെവുമാത്തോമാക്കോയ്' എന്ന വിഭാഗക്കാർ പരിശുദ്ധാത്മാവിൻെറ ദൈവത്വം നിഷേധിച്ചു. മാസിഡോണിയുസ് ആയിരുന്നു അവരുടെ നേതാവു് സത്യവിശ്വാസിയായ പൗലോസിനെ സ്ഥാനഭ്രഷ്ടനാക്കിയിട്ടു് ആര്യൻ മെത്രാനായ മാസിഡോണിയുസ് കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായി. എന്നാൽ 360-ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡ് മാസിഡോണിയുസിനെ സ്ഥാനഭ്രഷ്ടനാക്കി. ഈ മാസിഡോണിയുസിനെതിരായിട്ടാണ് ഈ കൃതി.

(v) മൂന്നു് ദൈവങ്ങളില്ല

ത്രിത്വസംബന്ധമായ സഭാപ്രബോധനം വ്യക്തമാക്കാൻ ഗ്രിഗറി പല കൃതികളുമെഴുതിയിട്ടുണ്ടു്. 'മൂന്നു ദൈവങ്ങളില്ല, ഏകദൈവമേയുള്ളൂ' എന്ന കൃതി ഇത്തരത്തിൽപെട്ടതാണു്. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണെങ്കിൽ എന്തുകൊണ്ടു് മൂന്നു് ദൈവങ്ങളെപ്പററി പറഞ്ഞുകൂടാ എന്നു് ഒരു അബ്ലാബിയുസ് എന്ന സഭാനേതാവു് ചോദിച്ചു. ഗ്രിഗറി പറയുന്നു: ദൈവം എന്ന പദം ദൈവികസത്തയെ (യാഥാർത്ഥ്യത്തെ) കുറിക്കുന്നു. വ്യക്തികളെയല്ല കുറിക്കുക. അതുകൊണ്ടു് ഓരോ വ്യക്തിയെപ്പററി പറയുമ്പോഴും ഏകവചനത്തിലേ ഉപയോഗിക്കാവൂ. അതുകൊണ്ടു് നാം പറയുന്നു: 'പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം.' പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നിവർ മൂന്നു് ബന്ധങ്ങളാണു്; എന്നാൽ സത്ത ഒന്നുതന്നെ. അതുകൊണ്ടു് ദൈവത്തെപ്പററി പ്രതിപാദിക്കുമ്പോഴും ഏകവചനംതന്നെ ഉപയോഗിക്കണം.

www.malankaralibrary.com



(vi) പൊതു പഠങ്ങൾ

ത്രിത്വത്തെ വിശദീകരിക്കാൻ ഉപയോഗിക്കുന്ന എല്ലാ പദങ്ങളും ഇതിൽ ചർച്ചചെയ്യുന്നു. സാധാരണമായ ഒരു താത്വികാപഗ്രഥനം വഴി അബദ്ധാഭിപ്രായങ്ങളെ ഖണ്ഡിക്കയാണിതിൽ.

(vii) ത്രിത്വസംബന്ധമായി–എവുസ്താത്യോസിനു്

വൈദ്യനായ എവുസ്താത്യോസിനു് 'പ്നെവുമാത്തോമാക്കോയ്' എന്ന വിഭാഗക്കാരുടെ അബദ്ധാഭിപ്രായത്തിനെതിരെ എഴുതിയ കൃതിയാണിതു്. 'വിശുദ്ധ വിശ്വാസത്തെപ്പററി സിംപ്ലിച്ചിയൂസിനു്' 'ആത്മാവിനെയും ഉയിർപ്പിനെയും സംബന്ധിച്ചു് മക്രീനായുമായുള്ള സംവാദം', 'വിധി'ക്കെതിരെ എന്നിവയും ഇത്തരത്തിൽ പെട്ടവയാണു്. 'മതബോധന പ്രസംഗം' എന്ന കൃതി ത്രിത്വം, മനുഷ്യാവതാരം, രക്ഷാകരകർമ്മം, മാമോദീസാ, കർബാന മുതലായ വിശ്വാസസത്യങ്ങളുടെ സമഗ്ര വിശകലനമാണു്.

## 2. ഭാഷ്യകൃതികൾ

ഭാഷ്യകൃതികളിൽ ഗ്രിഗറി ഒരിജൻെറ ഭാഷ്യരീതിയാണു് അവലംബിച്ചിരിക്കുന്നതു്. എന്നാൽ സൃഷ്ടിയെപ്പററിയുള്ള വിവരണം അടങ്ങിയ രണ്ടു് കൃതികൾ ഇതിൽനിന്നു് വ്യത്യസ്തമായ ശൈലി സ്വീകരിക്കുന്നു.

(i) മനുഷ്യസൃഷ്ടി

'ആറുദിവസസൃഷ്ടി' സംബന്ധിച്ചുള്ള ബസ്സേലിയൻ ഹോമിലികളുടെ പൂർണതയ്ക്കായിട്ടാണു് ഗ്രിഗറി ഇതെഴുതിയതു്. സെബസ്ത്യയിലെ മെത്രാനും തൻെറ സഹോദരനുമായ പീററിനു് ഈസ്റ്റർ സമ്മാനമായി ഗ്രിഗറി ഇതയച്ചുകൊടുത്തു. ബേസിലിൻെറ 'ഹെക്സേമെറോൻ' ഹോമിലിയിൽ മനുഷ്യസൃഷ്ടി സംബന്ധമായ വിവരണത്തിൻെറ അഭാവം നികത്താനാണിതെഴുതുന്നതു്, അല്ലാതെ, ബസ്സേലിയൻ കൃതിയിൽ കുത്തിത്തിരുകലുകൾ നടത്താനല്ല എന്നു ഗ്രിഗറി സ്പഷ്ടമായി പറയുന്നു.

(ii) അപ്പോളൊജെററിക്കൽ വിവരണം

സൃഷ്ടിയെപ്പററിയുള്ള ഈ രണ്ടാംകൃതി ഹെക്സേമെറോൻ സംബന്ധിച്ചുള്ള വേദപുസ്തക ഭാഗങ്ങളെപ്പററിയും ബേസിലിൻെറ ഭാഷ്യത്തെപ്പററിയുമുള്ള ധാരണപ്പിശകുകൾ മാററാനായി എഴുതപ്പെട്ടതാണു്. ഈ രണ്ടു കൃതികളിലും ഗ്രിഗറി വാച്യാർത്ഥ വിവരണമാണു് കൂടുതൽ ഇഷ്ടപ്പെടുന്നതു്. എന്നാൽ മററു ചില കൃതികളിൽ ഓരോ വാക്കിനും രൂപകാർത്ഥം നൽകാനുള്ള ബദ്ധപ്പാടു് ഉടനീളം കാണാം.

www.malankaralibrary.com



(iii) മോശയുടെ ജീവചരിത്രം

ഒരു മിസ്റ്റിക്കൽ കൃതിയാണിതു്. മോശയുടെ മാതൃകാപരമായൊരു ചിത്രം വരച്ചുകാട്ടി സുകൃത ജീവിതം കാട്ടുകയാണിതിൽ. ഇതിനു് രണ്ടു ഭാഗങ്ങളുണ്ടു്; രണ്ടും രണ്ടു് രീതിയിലുള്ള ഭാഷ്യ രീതികളിലുമാണു്. ഒന്നാമത്തേതു്, പുറപ്പാടും സംഖ്യയുമനുസരിച്ചു് മൂശയുടെ യഥാർത്ഥ ജീവിതം വരച്ചു കാട്ടുന്നു. ഇവിടെ അദ്ദേഹം വാച്യാർത്ഥത്തിലാണേറെ ശ്രദ്ധിച്ചിരിക്കുന്നതു്. രണ്ടാമത്തേതു്, രൂപകാർത്ഥ ഭാഷ്യരീതിയാണു് ഗ്രിഗറി അവലംബിച്ചിരിക്കുന്നതു്. ഇസ്രായേലിന്റെ വലിയ നിയമദാതാവും ആത്മീയ നേതാവും ആയ മൂശ, ആത്മാവിന്റെ ദൈവത്തിൻപക്കലേക്കുള്ള മിസ്റ്റിക്കൽ കടിയേററവും ഉയർച്ചയും സൂചിപ്പിക്കുന്നതായിട്ടാണു് വിവരണം. ഈ കൃതിയിൽ പ്ളേറേറായുടെയും ഫീലോയുടെയും സ്വാധീനം വളരെ സ്പഷ്ടമാണു്.

(iv) സങ്കീർത്തനശീർഷകങ്ങളെപ്പററി

സങ്കീർത്തനങ്ങളുടെ തലക്കെട്ടുകളെക്കുറിച്ചു് രണ്ടു ലേഖനങ്ങളുണ്ടു്. അഞ്ചു് സങ്കീർത്തന പുസ്തകങ്ങളും പൂർണതയിലേക്കുള്ള ചവിട്ടുപടികളായിട്ടാണു് ഗ്രിഗറി കാണുന്നതു്. 'സെപ്റ്റുജിന്തു്' തലക്കെട്ടുകളുടെ ഉദ്ദേശ്യം നമ്മെ നന്മയിലേക്കു് നയിക്കുക മാത്രമാണു്. സങ്കീർത്തനം മുഴുവൻ ഒരു അസ്സെററിക്കോ–മിസ്റ്റിക് നിയമാവലി ആയിട്ടു് ഗ്രിഗറി കാണുന്നു. അതനുസരിച്ചാണു് അവ ക്രമപ്പെടുത്തിയിരിക്കുന്നതും. ആറാം സങ്കീർത്തനത്തെ ആധാരമാക്കിയുള്ള ഒരു ഹോമിലി അച്ചടിച്ച കൃതികളിൽ കാണുന്നു. എന്നാൽ അതു് ഗ്രിഗറിയുടേതാകാൻ തരമില്ല എന്നു കരുതുന്നവരുണ്ടു്.

(v) സഭാപ്രസംഗിയെക്കുറിച്ചുള്ള എട്ടു പ്രഭാഷണങ്ങൾ

സഭാപ്രസംഗി 1:1–3:13 ന്റെ ഒരു മിസ്റ്റിക്കൽ ഭാഷ്യമാണു് ഈ എട്ടു പ്രഭാഷണങ്ങൾ. ഇന്ദ്രിയങ്ങൾക്കുപരി അരൂപിയെ ഉയർത്തുകയാണു് ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യമെന്നു് കാട്ടുന്നു. രൂപകാർത്ഥകഭാഷ്യരീതിയാണു് ഗ്രിഗറി ഇവിടെ അവലംബിച്ചിരിക്കുന്നതു്. ഭൗമിക നേട്ടങ്ങളെ ത്യജിക്കുന്നതുവഴി അരൂപി ഇന്ദ്രിയങ്ങളെ ശാന്തിയുടെ ലോകത്തെത്തിക്കും എന്നു പറയുന്നു.

(vi) ഉത്തമഗീതത്തെക്കുറിച്ചു് പതിനഞ്ചു പ്രഭാഷണങ്ങൾ

ഉത്തമഗീതം 1:1–6:8 വരെയുള്ള ഭാഗത്തിന്റെ ഭാഷ്യമാണിതു്. ടിപ്പോളജിയെന്നോ (typology) അല്ലെഗൊറിയെന്നോ

www.malankaralibrary.com



(allegory) എങ്ങനെ വിളിച്ചാലും 'ആധ്യാത്മിക ഭാഷ്യരീതി' ബൈബിൾ ഭാഷ്യത്തിൽ അത്യാവശ്യമാണെന്ന് ഗ്രിഗറി ഇതിൽ സമർത്ഥിക്കുന്നു. ആമുഖഭാഗം ഒരിജനെ വളരെയധികം സ്തുതിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു. ഒരിജൻെറ മിസ്റ്റിക്കൽ ഭാഷ്യരീതി ഗ്രിഗറിയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. എന്നാൽ ഗ്രിഗറി അഗാധചിന്തകനും, സ്വതന്ത്ര വീക്ഷണമുള്ളവനുമാകയാൽ പദാനുപദം അലക്സന്ത്രിയൻ ഗുരുവിനെ അനുധാവനം ചെയ്യുന്നില്ല. ദൈവത്തെപ്പററിയും, സ്രഷ്ടാവും സൃഷ്ടികളും തമ്മിലുള്ള ബന്ധത്തെപ്പററിയും, പരിശുദ്ധാത്മാവിയുടെ പവിത്രീകരണകർമത്തെപ്പററിയും ഗ്രിഗറിക്ക് സ്വന്തമായ ആശയങ്ങളുണ്ട്. ഇതിലൊക്കെ ഗ്രിഗറി പ്ലോത്തീനൂസിൻെറ പിൻതുണ അവകാശപ്പെടുന്നു.

ഉത്തമഗീതം ദൈവവും മനുഷ്യാത്മാവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. വിവാഹത്തിൻെറ സാദൃശ്യത്തിലാണതു് വരച്ചുകാട്ടിയിരിക്കുന്നതെന്നുമാത്രം.

(vii) എൻഡോറിലെ ദർശനക്കാരി

1 രാജാ. 28:12 മുതലുള്ള ഭാഗങ്ങളുടെ ഒരു ഭാഷ്യം തിയഡോഷ്യസ് എന്ന മെത്രാന് എഴുതി അയച്ചു കൊടുത്തു. എൻഡോറിലെ ദർശനക്കാരി ശമുവേലിനെയല്ല, പ്രവാചകൻെറ രൂപത്തിൽ ഒരു പിശാചിനെയാണ് കണ്ടതു് എന്നു പറയുന്നു. ഒരിജൻെറ അഭിപ്രായത്തിൽ ദർശനക്കാരി ശമുവേലിനെയാണ് കണ്ടതു്.

(viii) കർത്തൃപ്രാർത്ഥന

അഞ്ചു പ്രഭാഷണങ്ങളായിട്ടാണ് ഗ്രിഗറി കർത്തൃപ്രാർത്ഥനയെ അപഗ്രഥിച്ചിരിക്കുന്നതു്. ഒന്നാമത്തേതു്, പ്രാർത്ഥനയുടെ ആവശ്യത്തെപ്പററിയും പലരും അതുപേക്ഷിക്കുന്നതിനെപ്പററിയും ചർച്ചചെയ്യുന്നു. പിന്നത്തെ നാലും കർത്തൃപ്രാർത്ഥനയിലെ ഓരോരോ ഭാഗങ്ങളെപ്പററിയുള്ള ഭാഷ്യമാണ്. പ്രായോഗികമായ സന്മാർഗചിന്തകൾ ഉൾക്കൊള്ളുന്ന പലതും കർത്തൃപ്രാർത്ഥനാഭാഷ്യത്തിൽ ഗ്രിഗറി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ix) ഗിരിപ്രഭാഷണം

എട്ട് പ്രഭാഷണങ്ങളിലായി 'സുവിശേഷഭാഗ്യങ്ങളെ' ഗ്രിഗറി അപഗ്രഥിക്കുന്നു. ഒരു ഗോവണിയിലെന്നപോലെ ദൈവവചനം നമ്മെ സാവധാനം അവവഴി പൂർണതയിലെത്തിക്കുന്നു. പ്ലൊത്തീനൂസിൻെറ 'ഏന്നെയാഡിനെ' അനുസ്മരി

www.malankaralibrary.com



പ്പിക്കുന്നതാണ് ഗ്രിഗറിയുടെ പല ആശയങ്ങളും. എന്നാൽ പൂർണ്ണമായും നെയോ—പ്ളേറ്റോണിസ്റ്റ് കടമെടുക്കലുകളെ ക്രിസ്തീയമാക്കിയിട്ടുണ്ടിവിടെ.

(x) 1 കൊറിന്തോസ്—രണ്ടു് പ്രഭാഷണങ്ങൾ

1 കൊറി. 6:18 നെ ആധാരമാക്കി ഒന്നു്; 1 കൊറി. 15:28 നെ ആധാരമാക്കി മറ്റൊന്നു്. പുത്രന്റെ ദൈവത്വം പൗലോസിന്റെ വാക്കുകളിൽനിന്നു തെളിയിക്കുകയാണു് രണ്ടാമത്തേതു്.

## 3. ആധ്യാത്മിക കൃതികൾ

ഗ്രിഗറിയുടെ ആധ്യാത്മികതത്വങ്ങളെല്ലാം ആധ്യാത്മിക കൃതികളിലാണു് പ്രധാനമായി കാണുന്നതു്. 'മിസ്റ്റിസിസത്തിന്റെ പിതാവ്'' എന്ന നാമം അവ അദ്ദേഹത്തിനു സമ്പാദിച്ചു കൊടുത്തു. ബേസിൽ പൗരസ്ത്യ സന്യാസത്തിന്റെ നിയമദാതാവും, സഹോദരി മക്രീനാ സ്ത്രീകൾക്കിടയിൽ സന്യാസജീവിതം പ്രചരിപ്പിച്ചയാളും ആയി വർത്തിച്ചപ്പോൾ ഗ്രിഗറി ആദ്ധ്യാത്മികതത്വത്തെ സംബന്ധിച്ച തത്വങ്ങൾ പഠിപ്പിക്കാനൊരുമ്പെട്ടു. പൗരസ്ത്യസന്യാസം സംഘടിപ്പിച്ചതു് ബേസിലാണു്; എന്നാൽ അതിന്റേതായ മതാത്മകവീക്ഷണം നൽകിയതു് ഗ്രിഗറിയാണു്.

(i) കന്യാത്വത്തെപ്പററി

ഗ്രിഗറിയുടെ ഒരു ആദ്യകാല കൃതിയാണിതു്. 370നും 371 നും ഇടയ്ക്കു് ഇതെഴുതപ്പെട്ടു. ബേസിലിനെപ്പററിയും അദ്ദേഹത്തിന്റെ നിയമാവലിയെപ്പററിയും മാതൃകയെപ്പററിയും ആരംഭം മുതലേ ഗ്രിഗറി ഇതിൽ പരാമർശിക്കുന്നു. കൂടുതൽ പാവനമായൊരു ജീവിതത്തിനുള്ള കവാടമാണു് കന്യാത്വം എന്ന ആശയമാണു് ഗ്രിഗറിക്കുള്ളതു്. മാനുഷികാവസ്ഥയിൽ ഭാഗഭാഗിത്വം നേടുവാൻ ദൈവത്വത്തെ പിടിച്ചടുപ്പിക്കുന്ന ചാനലാണിതു്; ഇതു് സ്വർഗീയകാര്യങ്ങൾക്കായി മനുഷ്യനു് ആഗ്രഹം നിലനിർത്തുന്ന ചിറകുകളാണു്; ദൈവവും മനുഷ്യനുമായി ഐക്യം പുലർത്തുന്ന കണ്ണിയുമാണു്.

കന്യാത്വത്തിന്റെ വെളിച്ചത്തിലാണു് രക്ഷാകരചരിത്രത്തിന്റെ ശൃംഖല ഗ്രിഗറി കാണുക. ത്രിത്വത്തിലെ മൂന്നാളുകളിൽനിന്നു ദൂതന്മാർ വഴി അതു് മനുഷ്യനിലെത്തുന്നു. ക്രിസ്തുവിനെ അദ്ദേഹം 'ആർച്ച്‌വെർജിൻ' (Archiparthenos) എന്നു വിളിക്കുന്നു.

www.malankaralibrary.com



കന്യാത്വത്തിന്റെ ഉത്തമ മാതൃക മറിയമാണ്. എല്ലാ കന്യാത്വാരൂപിയിലും ദൈവം ആത്മീയമായി ജനിക്കുന്നു. കന്യകയിൽ സംഭവിച്ചത് കന്യാത്വാരൂപിയിലും സംഭവിക്കുന്നു. കന്യാത്വം സുകൃതങ്ങളുടെയെല്ലാം അടിസ്ഥാനമാണ്. ദൈവദർശനത്തിനുള്ള ഒരുക്കമാണത്. മാനുഷിക പരിശ്രമത്താൽ മാത്രം കന്യാത്വപൂർണ്ണത അസാധ്യമത്രെ. കൃപാവരമാണ് കന്യാത്വത്തെ നിലനിർത്തുന്നത്. വിവാഹം കഴിച്ചവനായ താൻ ഇതിൽനിന്ന് അന്യനായിപ്പോയതിൽ ഗ്രിഗറി ദുഃഖിക്കുന്നു.

മദ്ധ്യകാലഘട്ടങ്ങളിൽ ഈ കൃതി ധാരാളമായി ഉപയോഗിച്ചിരുന്നു. ഒരിജന്റെയും മെത്തോഡിയസിന്റെയും ചിന്താധാരയിൽ കൂടി തന്നെയാണ് ഗ്രിഗറിയുടെയും യാത്ര. താപസജീവിതം ഗ്രീക്ക് താത്ത്വികർ വരച്ചുകാട്ടിയ ധ്യാനാത്മകജീവിതം ആണെന്ന് ഗ്രിഗറി കൃതിയിലൂടെ ധ്വനിപ്പിക്കുന്നു.

## (ii) ക്രിസ്തീയ നാമവും ജീവിതവും

'ക്രിസ്തീയ നാമവും ജീവിതവും എന്താണ്' എന്ന കൃതി ഒരു ഹാർമോണിയസിന് എഴുതിയ കത്തിന്റെ രൂപത്തിലാണ്. ക്രിസ്തീയ ജീവിതം ദൈവസ്വഭാവത്തിന്റെ അനുകരണമാണ്. മനുഷ്യൻ ദൈവച്ഛായ ആയതിനാൽ ഇത് മനുഷ്യനേററം യോജിച്ചതുമാണ്.

## (iii) പുണ്യപൂർണ്ണത

ഒളിംപിയുസ് എന്ന സന്യാസി പൂർണ്ണതയ്ക്കുള്ള വഴി അന്വേഷിച്ചപ്പോൾ അദ്ദേഹത്തിനുവേണ്ടി പൗലോസിന്റെ ക്രിസ്തുശാസ്ത്ര ഭാഗങ്ങളെ ആധാരമാക്കി എഴുതിയിട്ടുള്ളതാണിത്. സുകൃതപൂർണ്ണതയ്ക്കുള്ള പരിശ്രമത്തിൽ ക്രിസ്ത്യാനിക്കേററം സുരക്ഷിതമായിട്ടുള്ളത് ക്രിസ്തുവിനെ അനുകരിക്കുകയാണ്. വിശുദ്ധീകരണം സ്വതന്ത്ര പ്രവൃത്തിയും ആത്മാവിൽ അരൂപിയുടെ പ്രവർത്തനവുമാണ്. ക്രിസ്തു, ദൈവശക്തിയും, ദൈവജ്ഞാനവും, ആത്മാവിന്റെ ശാന്തിയും, യഥാർത്ഥ വെളിച്ചവും, വീണ്ടെടുപ്പും, നമ്മുടെ പെസഹായും, മഹാപുരോഹിതനും, പരിഹാരവും, അവന്റെ മഹത്വത്തിന്റെ ശോഭയും അവന്റെ സത്തയുടെ പ്രതിഫലനവും, നമ്മുടെ ആത്മീയ ഭക്ഷണ പാനീയവും, വിശ്വാസത്തിന്റെ അടിസ്ഥാനവും മൂലക്കല്ലും, അദൃശ്യദൈവത്തിന്റെ ഛായയും, സഭാശരീരത്തിന്റെ ശിരസ്സും, സൃഷ്ടിയുടെ ആദ്യജാതനും, മരിച്ചവരിൽനിന്നുള്ള ആദ്യജാതനും, അനേക സഹോദരന്മാരിൽ ആദ്യജാതനും, മനുഷ്യരുടെയും ദൈവത്തിന്റെയും ഇടയിലുള്ള മദ്ധ്യസ്ഥനും, ഏകജാതനും, മഹത്വത്തിന്റെ കർത്താവും, സത്തയുടെ തത്ത്വവും

www.malankaralibrary.com



നീതിയുടെയും, ശാന്തിയുടെയും രാജാവുമാകുന്നു. ഈ വിവിധ നാമങ്ങളെല്ലാം ഗ്രിഗറി ചർച്ച ചെയ്ത് അപഗ്രഥനാവിഷയമാക്കുന്നുണ്ട്.

(iv) ദെ ഇൻസ്റ്റിത്തോ ക്രിസ്ത്യാനോ (De instituto Christiano)

വളരെ നാളത്തേക്ക് ഈ കൃതിയുടെ കർത്തൃത്വത്തെ സംബന്ധിച്ച് പണ്ഡിതന്മാർക്ക് സംശയമായിരുന്നു. മിക്കവാറും 390–നു ശേഷം ഗ്രിഗറിതന്നെ ഇതെഴുതി എന്നാണ് പണ്ഡിതന്മാർ ഇപ്പോൾ കരുതുന്നത്. എഴുതാനുള്ള സാഹചര്യം ഗ്രിഗറി വിവരിക്കുന്നു. താപസ ജീവിതത്തിന്റെ ലക്ഷ്യവും അതു പ്രാപിക്കാനുള്ള മാർഗങ്ങളും സംബന്ധിച്ച് ഗ്രിഗറിയുടെ ആശയങ്ങൾ ചുരുക്കി വിവരിച്ചു കൊടുക്കണമെന്ന് ചില സന്യാസികളാവശ്യപ്പെട്ടു; അതുപോലെ സമൂഹത്തെ നയിക്കാനും, അരൂപിയെ സ്വീകരിക്കാനുതകുന്ന ആദ്ധ്യാത്മിക നടപടികളെ സംബന്ധിച്ചും ഒക്കെ അവക്ക് വിശദീകരണം വേണ്ടിയിരുന്നു;പില്കാല പൗരസ്ത്യ സന്യാസത്തിൽ ഈ കൃതി വളരെയധികം സ്വാധീനം ചെലുത്തി.

(v) De castigatione

ഗ്രിഗറിയുടെ ആദ്ധ്യാത്മികോപദേശം കേട്ട് പിൻമാറിയവക്കെതിരായിട്ടെഴുതിയ വളരെ ചെറിയൊരു കൃതിയാണിത്.

(vi) മക്രീനയുടെ ജീവചരിത്രം

മക്രീന 379 ഡിസംബറിൽ മരിച്ചു. അധികം താമസിയാതെ അവളുടെ സുകൃത ജീവിതത്തെപ്പററി എഴുതുവാൻ ഗ്രിഗറി ബദ്ധപ്പെട്ടു. ആദ്ധ്യാത്മിക ജീവിതത്തിൽ പുരോഗമിച്ചവരുടെ ജീവിത മാതൃക പിറകെ വരുന്നവർക്ക് പ്രചോദനം നൽകും എന്ന ഉറപ്പിന്മേലത്രെ ഇതെഴുതിയത്. അതുപോലെ, യഥാർത്ഥജ്ഞാനത്തിൽ വളരെ പുരോഗമിച്ച മക്രീനയുടെ ജീവചരിത്രം വിസ്മൃതിയിലാണ്ടുപോകുന്നത് ശരിയുമല്ല. ബേസിലിനെയും ഗ്രിഗറിയെയും ദൈവിക ജീവിതത്തിലേക്ക് കൈപിടിച്ചു നടത്തിയതു് മക്രീനായാണെന്നാണ് ഗ്രന്ഥകാരൻ പറയുക.

## 4. പ്രസംഗങ്ങളും പ്രഭാഷണങ്ങളും.

(i) ആരാധന ക്രമ സംബന്ധമായ പ്രഭാഷണങ്ങൾ

ആണ്ടുവട്ടത്തെ പ്രധാന പെരുന്നാളുകൾക്കുവേണ്ടിയുള്ളതാണ് മിക്കവയും.

www.malankaralibrary.com



(ii) രക്തസാക്ഷികളുടെയും വിശുദ്ധരുടെയും സ്തുതിപ്പുകൾ

സ്റ്റീഫനെപ്പററിയുള്ള സ്തുതിപ്പ് പരിശുദ്ധാത്മാവിൻെറ ദൈവത്വത്തെപ്പററി പ്രതിപാദിക്കുന്നു. 'സ്റ്റീഫൻ മരിച്ച നിമിഷം പിതാവിനേയും പുത്രനേയുമേ കണ്ടുള്ളു. പരിശുദ്ധാത്മാവിനെ കണ്ടില്ല' എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്ന് തെളിയിക്കയാണിവിടെ. അതുപോലെ രണ്ടാം പ്രഭാഷണം ആരിയൻ ചിന്തകർക്കെതിരായി പുത്രൻെറ ദൈവത്വം ആവർത്തിച്ച് ഉറപ്പിക്കുന്നു.386 ഡിസംബർ 26–ന് ചെയ്തതാണ് ഒന്നാം പ്രസംഗം; രണ്ടാമത്തേത് അതിനടുത്ത ദിവസവും.

അത്ഭുതപ്രവർത്തകനായ ഗ്രിഗറിയെ സ്തുതിച്ചുകൊണ്ട് ഒരു നീണ്ട പ്രഭാഷണമുണ്ട്. സഭാശാസ്ത്രങ്ങളിലും തത്ത്വശാസ്ത്രത്തിലും പ്രഭാഷണകലയിലും അദ്ദേഹം നേടിയിട്ടുള്ള നേട്ടങ്ങളെ എടുത്തു കാണിക്കയും അദ്ദേഹത്തെ മോശയുമായി താരതമ്യപ്പെടുത്തുകയും ചെയ്യുന്നു.

രക്തസാക്ഷിയായ തിയഡോറിനെ പ്രകീർത്തിച്ചുകൊണ്ടുള്ളതാണ് മറെറാന്ന്. തിയഡോർ രക്തസാക്ഷിയായ എവുക്കേറ്റ്സ് എന്ന സ്ഥലത്തു വച്ച് 381 ഫെബ്രുവരി 7–ന് ഈ പ്രഭാഷണം നടന്നു.

സെബാസ്റ്റേയിലെ നാല്പതു രക്തസാക്ഷികളെക്കുറിച്ച് മൂന്ന് പ്രഭാഷണങ്ങളുണ്ട്. ആദ്യത്തേത് രണ്ടും സെബാസ്റ്റേയിൽ വച്ച് 383മാർച്ച് 9–നും 10–നുംമൂന്നാമത്തേത് 379 മാർച്ച് 9–ന് ചെസാറിയായിൽ വച്ചും നടന്നു.

(iii) ചരമ പ്രസംഗങ്ങൾ

കൃത്യമായി പറഞ്ഞാൽ മൂന്ന് ചരമ പ്രസംഗങ്ങളേ ഗ്രിഗറി നടത്തിയിട്ടുള്ളു. അതു മൂന്നും കോൺസ്റ്റാൻറിനോപ്പിളിൽ വച്ചാണ് നടന്നത്. അന്ന് പ്രശസ്തരായ പല പ്രസംഗകരുണ്ടായിരുന്നിട്ടും ഗ്രിഗറിയെപ്രസംഗിക്കാൻ വിളിച്ചത് അദ്ദേഹത്തിനുണ്ടായിരുന്ന ഖ്യാതിയെ വിളിച്ചറിയിക്കുന്നു. ഒന്നാമത്തേത് 381 മെയ്മാസത്തിൽ അന്ത്യോക്യൻ മെത്രാനായ മെലേഷ്യസ് മരിച്ചപ്പോഴാണ്. രണ്ടാം സാർവത്രിക സുനഹദോസിൽ സംബന്ധിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് മെലേഷ്യസ് മരിച്ചു. രണ്ടാമത്തേത്, തിയഡോഷ്യസിൻെറ ഏക മകളായ പുൾക്കേറിയ 385–ൽ പെട്ടെന്ന് മരിച്ചപ്പോൾ ചെയ്തതാണ്; മൂന്നാമത്തേത്385 സെപ്റ്റംബർ 15–ന് തിയഡോഷ്യസിൻെറ ഭാര്യ ഫ്ളാച്ചില്ല മരിച്ച അവസരത്തിലും.

www.malankaralibrary.com



ബേസിലിനെ സംബന്ധിച്ച് ഗ്രിഗറി ചെയ്ത പ്രസംഗം കൃത്യമായി പറഞ്ഞാൽ ഒരു ചരമപ്രസംഗമായി കണക്കാക്കാൻ പാടില്ല. അതു് ബേസിലിന്റെ ചരമ വാർഷികത്തിൽ ചെയ്തതാകാനാണിട. ജനവരി ഒന്നാം തീയതി ബേസിലിന്റെ ഓർമ്മ കൊണ്ടാടണം എന്ന ഉദ്ദേശ്യമായിരുന്നു ഗ്രിഗറിക്ക്. കാരണം, ബേസിൽ ഒരു വിശുദ്ധനാണെന്നു് ഗ്രിഗറി കരുതിയിരുന്നു. അതുപോലെ എഫ്രേമിനെ സ്തുതിച്ചുകൊണ്ടും ഗ്രിഗറി ഒരു പ്രസംഗം ചെയ്തിട്ടുണ്ടു്. ബേസിലുമായി അദ്ദേഹം എഫ്രേമിനെ താരതമപ്പെടുത്തുന്നു.

(iv) സാന്മാർഗിക പ്രഭാഷണങ്ങൾ

പ്രഭാഷണചട്ടക്കൂട്ടിന്റെ കെട്ടും മട്ടുമൊന്നും കൂടാതെ തികച്ചും സ്വാഭാവികമായി ചെയ്തവയാണ് ഈ പ്രസംഗങ്ങൾ. അവ വിവിധ സാന്മാർഗിക വിഷയങ്ങൾ അപഗ്രഥിക്കുന്നു.

(v) ദൈവശാസ്ത്ര പ്രസംഗങ്ങൾ

പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വത്തെ സംബന്ധിച്ച പ്രധാനപ്പെട്ട താത്വികപ്രസംഗം: തന്റെ കാലത്തെ പാഷണ്ഡികളെ പൗലോസിന്റെ കാലത്തെ സ്റ്റോയിക്കുകളോടും എപ്പിക്കൂരിയന്മാരോടും അദ്ദേഹം ഉപമിക്കുന്നു. ത്രിത്വസംബന്ധമായി അവർക്കുള്ള അബദ്ധാഭിപ്രായങ്ങളെ ഖണ്ഡിക്കുകയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വത്തെ ആവർത്തിച്ചുറപ്പിക്കുകയുംചെയ്യുന്നു. 383 മെയ്മാസത്തിൽ കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ ചെയ്തതാണു് ഈ പ്രസംഗം. ഗ്രീക്കു സഭയിലെ എഴുത്തുകാർ ഇതിനെ വളരെയധികം മാനിക്കുകയും കൂടെക്കൂടെ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ടു്.

## 5. കത്തുകൾ

പുതിയ പതിപ്പുകളിൽ 30 കത്തുകൾ ഗ്രിഗറിയുടേതായി അച്ചടിക്കപ്പെട്ടിട്ടുണ്ടു്. ഗ്രിഗറിയുടെ വ്യാപകമായ താൽപര്യങ്ങളിലേക്കും ബന്ധങ്ങളിലേക്കും വെളിച്ചം വീശുന്നവയാണവയെല്ലാം. ചിലവ വെറും സാമൂഹ്യബന്ധങ്ങളെപ്പറ്റി പ്രതിപാദിക്കുന്നവയാണു്. മററു ചിലവ ആളുകളെ പരിചയപ്പെടുത്തിക്കൊണ്ടുള്ളതോ ശുപാർശ ചെയ്തുകൊണ്ടുള്ളതോ അത്രേ. ചില കത്തുകൾ ദൈവശാസ്ത്ര സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നു.

## ദൈവശാസ്ത്രം

ഒരിജനുശേഷം ക്രിസ്തീയ വിശ്വാസംസമ്യക്കായും ക്രമാനുഗതമായും വരച്ചുകാട്ടിയതു് ഗ്രിഗറിയാണു്. ഇക്കാര്യത്തിൽ ബേസി

www.malankaralibrary.com



ലിനെക്കാളും നസ്യാൻസനേക്കാളും ഗ്രിഗറിനീസ്സാ വിജയിച്ചിട്ടുണ്ട്. സമകാലീന തർക്കങ്ങളിൽ തലയിട്ട് അവയെ എതിർക്കുന്നതിലുപരി ദൈവശാസ്ത്രത്തിന്റെ വളർച്ചയ്ക്കുതകുന്ന ചിന്താസരണി തുറന്നു എന്നതും അതിലൂടെ ബഹുദൂരം സഞ്ചരിച്ചു എന്നതും നീസ്സായുടെ നേട്ടം തന്നെയാണ്.

1. തത്വശാസ്ത്രവും ദൈവശാസ്ത്രവും

വിശ്വാസരഹസ്യങ്ങളെ മനസ്സിലാക്കാൻ നാലാം നൂററാണ്ടിലെ ഏതൊരു സഭാപിതാവിനെക്കാളും ഗ്രിഗറി കൂടുതൽ വ്യാപകമായി തത്വശാസ്ത്രം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഉത്തമഗീതത്തിലെ വധുവിനോടാണ് അദ്ദേഹം തത്വശാസ്ത്രത്തെ താരതമ്യപ്പെടുത്തുന്നത്. എന്നാൽ പേഗൻ തത്വശാസ്ത്രത്തിന്റെ പല വഴിപിഴച്ചപോക്കുകളെയും അദ്ദേഹം നിശിതമായി വിമർശിക്കുന്നുമുണ്ട്. മിസ്രേം രാജാവിന്റെ സന്താനമില്ലാത്ത വന്ധ്യയായ പുത്രിയോടാണ് (പുറ. 2, 1–10) അതിനെ ഉപമിക്കുന്നത്.

പേഗൻ വിജ്ഞാനം സമചിത്തതയോടുകൂടി ഉപയോഗിക്കണം. സുകൃതസമ്പാദനത്തിനുതകുന്ന പലതും പേഗൻ ചിന്തയിലുണ്ട്. അതു നിഷേധിക്കാനാവില്ല. തത്വശാസ്ത്രത്തോടുള്ള സമീപനത്തിൽ ഗ്രിഗറി ഒരിജന്റെ ഒരുത്തമശിഷ്യൻ തന്നെയാണ്. എന്നാൽ തത്വശാസ്ത്രം അന്തിമം ആകില്ല. 'നമുക്കിഷ്ടമുള്ളതെന്തും നമുക്ക് പറയാനാവില്ല; വേദപുസ്തകമാണ് നമ്മുടെ അളവുകോലും നിയമവും. അതുമായി യോജിക്കുന്നവ മാത്രമേ നാം അംഗീകരിക്കുന്നുള്ളു' എന്നൊരിടത്തു് ഗ്രിഗറി പറയുന്നു. ചിന്തയുടെ വഴികാട്ടി ദൈവവചനമാണ്; സത്യത്തിന്റെ മാനദണ്ഡവും അതത്രേ.

പ്ലേറേറാ ഗ്രിഗറിയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ടെങ്കിലും പ്ലേറേറായുടെ ചിന്തകളാണപ്പാടെ ഗ്രിഗറിയുടേതു് എന്നു് കരുതുന്നതു് ശരിയല്ല. നെയോപ്ലേറേറാണിസ്റ്റായ പ്ലൊത്തീനസും ഗ്രിഗറിയെ സ്വാധീനിച്ചിട്ടുണ്ട്. ഗ്രിഗറിയുടെ കാലമായപ്പോഴേയ്ക്കും പ്ളേറേറായുടെയും പ്ളൊത്തീനസിന്റെയും ചിന്തകൾ പലതും പൊതുപഠനങ്ങളുടെ ഭാഗമായിത്തീർന്നിരുന്നു എന്ന വസ്തുത നാം വിസ്മരിക്കരുതു്.

2. ത്രിത്വപഠനം

ദൈവത്തിന്റെ ഏകത്വവും ത്രിത്വവും അപഗ്രഥിക്കാൻ പല കൃതികളിലായി ഗ്രിഗറി ശ്രമിക്കുന്നു. പ്ളേറേറായുടെ ചിന്താസരണിയിലൂടെയാണ് ഗ്രിഗറിയുടെ യാത്രയും. ത്രിത്വത്തിലെ ഏകത്വം വിശദീകരിക്കാനുള്ള ശ്രമത്തിൽ ചിലയിടങ്ങളിൽ 'യൂണിവേഴ്സൽ ആശയങ്ങൾക്ക്' (universal ideas) യാഥാർത്ഥ്യം നൽകുന്നൊരു പ്രവണത കാണു

www.malankaralibrary.com



ന്നുണ്ട്. ദൈവത്തിലുള്ള ത്രിത്വം പരസ്പരബന്ധത്തിൽനിന്നുടലെടുക്കതാണ്. അതുകൊണ്ട് പുറത്തുള്ള എല്ലാ പ്രവർത്തനങ്ങളും ഏകദൈവത്തിന്റെ പ്രവൃത്തികളാണ്.

ക്രിസ്തുവിന്റെ രണ്ടു സ്വഭാവങ്ങളും തമ്മിൽ കൂടിക്കലരാതെ ഏകവ്യക്തിയിൽ സ്ഥിതിചെയ്യുന്നു എന്ന ധാരണയാണ് ഗ്രിഗറിക്കുള്ളത്.

3. കന്യകമറിയം

ദൈവപുത്രൻ കന്യകയിൽനിന്ന് ശരീരമെടുത്ത് മനുഷ്യനായി. അവനിൽ മനുഷ്യാത്മാവും മാനുഷിക ഇച്ഛയുമുണ്ട്. കന്യകയെ ദൈവമാതാവെന്ന് വിളിക്കണം. 'തെയോത്തോക്കോസ്'' എന്ന പദം ഗ്രിഗറി അഞ്ചു പ്രാവശ്യം ഉപയോഗിക്കുന്നു. ആൻത്രൊപ്പോതോക്കോസ് (മനുഷ്യമാതാവ്) എന്ന പദം തള്ളിക്കളയുന്നു.

കന്യകയുടെ കന്യാത്വം മരണശക്തിയെ തകർത്തു. അവളുടെ കന്യാത്വഫലത്തിൽ തട്ടി മരണം തകർന്നടിഞ്ഞു (കന്യാത്വം 13). അവൾ എന്നും കന്യക തന്നെയായിരുന്നു. അവളുടെ കന്യാത്വ മുദ്രയെ ഭഞ്ജിക്കാതെ ദൈവപുത്രൻ അവളിൽ നിന്നവതരിച്ചു (19).

4. കാലാന്ത്യം

ഒരിജന്റെ പല ആശയങ്ങളും ഗ്രിഗറി സ്വീകരിക്കുണ്ടെങ്കിലും ആത്മാക്കളുടെ പൂർവാസ്തിത്വത്തെ സംബന്ധിച്ച ഒരിജന്റെ വീക്ഷണം ഗ്രിഗറി തിരസ്കരിക്കുന്നു. അതുപോലെ ആത്മാക്കൾ ശിക്ഷയേററ് തടവിലെന്നവണ്ണം ശരീരത്തിൽ കഴിഞ്ഞുകൂടുന്നു എന്ന ചിന്തയും ഗ്രിഗറി അംഗീകരിക്കുന്നില്ല. എന്നാൽ നരകം നിത്യമല്ലെന്നും നരകവേദനയ്ക്കറുതിയുണ്ടാകുമെന്നും ഗ്രിഗറി കരുതുന്നു. നിത്യമായ പീഡനത്തെപ്പററിയും പുഴുവിനെപ്പററിയും ഗ്രിഗറി പറയുന്നുണ്ടെങ്കിലും നിത്യമായി ദൈവത്തിൽ നിന്നകന്നിരിക്കുന്ന ദുരവസ്ഥയെ പററി ചിന്തിക്കാനദ്ദേഹത്തിന് വലിയ പ്രയാസമാണ്.

കാലാന്ത്യത്തിലെല്ലാം തിരികെ എടുക്കപ്പെടും എന്നും നന്മ പരിപൂർണ്ണമായി വിജയിക്കുമെന്നും ഒരിജനോടൊപ്പം ഗ്രിഗറിയും കരുതിയിരുന്നു. എന്നാൽ 'അപ്പൊക്കത്താസ്തസിസ്'' ലോകാന്ത്യമാകില്ല. പുനരാഗമനം ചെയ്തുകൊണ്ടിരിക്കുന്ന ലോകങ്ങളുടെ ഒരു ഭാഗം മാത്രമേയാകൂ എന്ന ഒരിജനിസ്റ്റ് വീക്ഷണം ഗ്രിഗറി തള്ളിക്കളയുന്നു. ഈ അപ്പോക്കത്താസ്തസിസിനോടുകൂടി രക്ഷാകരചരിത്രം അതിന്റെ പൂർണ്ണതയിലെത്തുമെന്നും സമസ്തജീവികളും ദൈവത്തിനൊരു കൃതജ്ഞതാഗീതം പാടുമെന്നും തിന്മയുടെ ഉറവിടം തന്നെ സുഖപ്പെടുത്തപ്പെടുമെന്നും ഗ്രിഗറി പറയുന്നു.

www.malankaralibrary.com



ഒരിജനിസ്റ്റ് ചിന്തകർ ഗ്രിഗറിയുടെ കൃതികളിൽ കത്തി ച്ചെലുത്തലുകാം നടത്തിയെന്ന് കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായിരുന്ന ജർമ്മാനസ് (+733) പറയുന്നു. എന്നാലതു് ശരിയല്ല. ഗ്രിഗറിയുടെ പല കൃതികളിലും ഒരിജൻെറ സ്വാധീനം ദൃശ്യമാണ്. ഈ വിഷയത്തിൽ ഒരിജൻെറ ചുവടുവച്ചുതന്നെ ഗ്രിഗറിയും ചിന്തിച്ചു. ആ ചിന്ത അത്ര ശരിയല്ല എന്നു തന്നെ സമ്മതിക്കേണ്ടിയിരിക്കുന്നു.

## മിസ്റ്റിസിസം

ഗ്രിഗറിയുടെ ബൗദ്ധിക നേട്ടങ്ങൾ അതിൻെറ അത്യുച്ചകോടിയിലെത്തുന്നതും മുടി ചൂടുന്നതും മിസ്റ്റിസിസത്തിലും മിസ്റ്റിക്കൽ ദൈവശാസ്ത്രത്തിലുമാണ്. ഈ അടുത്തകാലത്തു് പല പണ്ഡിതന്മാരും ഈ കാര്യത്തെപ്പററി കൂടുതൽ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

ക്രിസ്തീയ മിസ്റ്റിസിസത്തിനാരംഭമിടാനും അതു് വികസിപ്പിച്ചെടുക്കാനും ഗ്രിഗറി നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട് എന്നതു് തർക്കമററ സംഗതിയാണ്. ഫീലോ തുടങ്ങിയ അലക്സാണ്ഡ്രിയൻ ചിന്തകർ, പ്ലൊത്തീനസ്, ഡയനീഷ്യസ് അരെയൊപഗൈററ്, വിശ്വാസസാക്ഷിയായ മാക്സിമൂസ്, ബൈസൈൻറൻ മിസ്റ്റിസിസം എന്നിവയുടെയെല്ലാം കണ്ണിയായി ഗ്രിഗറിയെ കണക്കാക്കാം. പിൽക്കാലത്തെ പല മിസ്റ്റിക്കൽ വ്യാഖ്യാതാക്കളും ഗ്രിഗറിയെ ഒന്നല്ലെങ്കിൽ മറെറാരു രീതിയിൽ ആശ്രയിക്കുന്നു.

### (1) മനുഷ്യനിലുള്ള ദൈവഛായ

ഗ്രിഗറിയുടെ അടിസ്ഥാനാശയമാണിതു്. ദൈവദർശനത്തിൻെറയും മിസ്റ്റിക്കൽ കയററത്തിൻെറയും അടിസ്ഥാനമായി ഈ ദൈവഛായയെ ഗ്രിഗറി കാണുന്നു. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. അവൻ പ്രപഞ്ചത്തെ തന്നിലൊളിക്കുന്നു; പ്രപഞ്ചത്തിൽ കാണുന്ന ക്രമവും താളലയവും മനുഷ്യനിൽ നാം കാണുന്നു. എന്നാൽ മനുഷ്യൻെറ മഹത്വം പ്രപഞ്ചവുമായുള്ള സാധർമ്മ്യത്തിലല്ല; പ്രത്യുത, അവനിലുള്ള ഈശ്വരഛായയിലാണ് (മനുഷ്യസൃഷ്ടി. 16). മനുഷ്യൻ ആത്മാവുവഴി സ്രഷ്ടാവിൻെറ ഛായയാണ്. ഈ ആത്മാവുവഴി അവൻ ബുദ്ധിയും ഇച്ഛാശക്തിയുമുള്ളവനാകുന്നു. അവനിൽ ദൈവികകൃപാവരം വസിക്കയും പ്രവർത്തിക്കയും ചെയ്യുന്നു. മനുഷ്യനിൽ ഈ ദൈവഛായ ബൗദ്ധിക ഭാഗത്താണ് എന്ന് ക്ളെമെൻറും ഒരിജനും പറയുന്നു.

www.malankaralibrary.com



ഇരനെയൂസ്  സ്വാതന്ത്ര്യമനസ്സിലാണ്  ഛായ  കാണുക. ഗ്രിഗറിയാകട്ടെ, അത് നൂസിലും (nous). ഔട്ടേക്സൂസിലും (autexousion) മാത്രമല്ല, അരേത്തേ (arete) യിലുമുണ്ട് എന്ന് അഭിപ്രായപ്പെടുന്നു. ഈശ്വരച്ഛായയിൽ മനുഷ്യൻ പ്രപഞ്ചത്തിലെ ഒന്നാമത്തെ അത്ഭുതമായിത്തീരുന്നു.

(2) ദൈവദർശനം

ദൈവഛായയിൽ മനുഷ്യൻ ദൈവത്തിൻെറ ബന്ധുവും അവനെ അറിയാൻ കഴിവുററവനുമായിത്തീരുന്നു. നമ്മുടെ ആത്മാവിന് ദൈവത്തോടുള്ള സാധർമ്മ്യമാണ് ദൈവത്തെ അറിയാനുള്ള കഴിവു നമുക്ക് നേടിത്തരുന്നത്. 'സമസ്വഭാവങ്ങൾ പരസ്പരമറിയുന്നു'. ഈ തത്വം ആദ്യമായി വരച്ചുകാട്ടിയത് പിത്തഗോറസാണ്. എമ്പഡോക്ളസ് അതിനു കൃത്യരൂപം നൽകി. പ്ളേറോയുടെ കാലത്തൊരു സാമാന്യതത്വമായിതീർന്നു. 'ദിവ്യത്വം ദിവ്യത്വംകൊണ്ടേ അറിയാൻ സാധിക്കൂ' എന്ന തത്വത്തിൽ നെയോപ്ളറേറാണിസ്റ്റ് ചിന്തയിലും ഇത് സ്ഥാനം പിടിച്ചു.

ഗ്രിഗറി ഇതാവർത്തിച്ചു. കണ്ണിനു പ്രകാശ രശ്മികൾ സ്വീകരിക്കാൻ കഴിവുണ്ട്; കാരണം, പ്രകാശം അതിൻെറ സ്വഭാവത്തിൻെറ ഒരു ഭാഗമാണ്. അതുപോലെ മനുഷ്യന് ദൈവത്തെ കാണാം; കാരണം ഒരു ദൈവികഘടകം അവനിലുണ്ട്.

മനുഷ്യബുദ്ധിയിലുള്ള കുറവിനെ തീർക്കുവാൻ ഈ ദിവ്യദർശനം സഹായിക്കുന്നു. സ്വർഗീയ ദർശനത്തിൻെറ ഒരു മുൻ ആസ്വാദനമാണ് മിസ്റ്റിക് ദർശനം. ശ്രേഷ്ഠമായ സൗന്ദര്യത്തിൻെറ ഏററം പരിപൂർണമായ ദർശനസാദ്ധ്യത ഇവിടെയാണ്. ഈ ഭൂമിയിൽവച്ച് മനുഷ്യൻ തന്നിൽനിന്ന് പുറത്തു കടക്കുന്നൊരു ഘട്ടമെന്നിതിനെ വിളിക്കാം. നന്നായി ഒരുങ്ങി, കറകൾ നീങ്ങിയവർക്ക് ദൈവം പ്രത്യേകമായി ഈ ദാനം നൽകുന്നു.

(3) മിസ്റ്റിക് കയററം

നിരന്തരം പ്രലോഭനങ്ങളുമായി പടപൊരുതണം. നിസ്സംഗത (apatheia) എന്ന അവസ്ഥയിലെത്തണം. അപ്പോൾ മിസ്റ്റിക് കയററം ആരംഭിക്കയായി. തിന്മകളിൽനിന്നോടിയോടി ദൈവഛായ പൂർണമാകാൻ പരിശ്രമിക്കണം. ദൈവത്തെപ്പോലെയാകുക എന്നാൽ, 'നീതിമാനാകുക, വിശുദ്ധനാകുക, നല്ലവനാകുക, അതുപോലെ മററു കാര്യങ്ങളിലും ആയിരിക്കുക' എന്നാണർത്ഥം. കഴിവനുസരിച്ച് ഈ സുകൃതങ്ങളിൽ വ്യാപരിക്കുന്നവൻ

www.malankaralibrary.com



വൈഷമ്യം കൂടാതെ ഈ ഭൗമിക ജീവിതത്തിൽനിന്ന് സ്വർഗീയ ജീവിതത്തിലെത്തും. ദൈവവും മനുഷ്യനും തമ്മിലുള്ള അകലം സ്ഥാനികമല്ല. ദൈവിക ഗുണങ്ങളുള്ളവരായി, ദൈവത്തെ നാം തിരഞ്ഞെടുക്കുമ്പോഴും നാം സ്വർഗത്തിലാണ്; അവനിരിക്കുന്നിടത്ത് സ്വർഗത്തിലാണ്. അവനെ പ്രാപിപ്പാൻ നിരന്തരം പരിശ്രമിക്കണം. മിസ്റ്റിസിസംവഴി, കറ തീർന്ന മനുഷ്യജീവിതംവഴി, നിരന്തരം സ്വർഗത്തിലായിരിക്കാൻ സാധിക്കും. സ്വർഗ്ഗം ഇവിടെ ഉദിച്ചു പ്രകാശിക്കയായി.

www.malankaralibrary.com

അദ്ധ്യായം 20

# കോൺസ്റ്റാൻറിനോപ്പിളിലെ നാലു സഭാചരിത്രകാരന്മാർ

നാലു സഭാചരിത്രകാരന്മാർ ബൃഹദ് വാല്യങ്ങൾ എഴുതാൻ കോൺസ്റ്റാൻറിനോപ്പിൾ തിരഞ്ഞെടുത്തു. അവരിൽ മൂന്നുപേർ അൽമായരായിരുന്നു. അവർ എവുസേബിയസിൻെറ സഭാചരിത്രത്തിൻെറ തുടർച്ചയെഴുതി. അവരിലൊരാൾ ഫിലോസ്റ്റോർജിയൂസ് ആര്യനായിരുന്നു. ഫിലിപ്പെന്ന വൈദികൻ ലോകസൃഷ്ടിമുതലുള്ള ഒരു ക്രിസ്തീയ ചരിത്രമെഴുതി.

## 1. സീദിലെ ഫിലിപ്പ്

പംഫീലിയായിലെ സീദ് പട്ടണത്തിൽനിന്നാണ് ഫിലിപ്പ്. കോൺസ്റ്റാൻറിനോപ്പിളിൽവച്ച് ജോൺ ക്രിസോസ്റ്റോം അദ്ദേഹത്തിന് ശെമ്മാശപട്ടം നൽകി. ജോണും ഫിലിപ്പും വലിയ സുഹൃത്തുക്കളായിത്തീർന്നു. ഒരു വൈദികനെന്ന നിലയിൽ മൂന്നു പ്രാവശ്യം പാത്രിയർക്കീസ് തിരഞ്ഞെടുപ്പിൽ ഫിലിപ്പും സ്ഥാനാർത്ഥിയായിരുന്നു. എന്നാൽ 426-ൽ സിസ്സിനിയൂസും, 428-ൽ നെസ്റ്റോറിയൂസും, 431-ൽ മാക്സിമിയാനുസും തിരഞ്ഞെടുക്കപ്പെട്ടു.

434നും 439 നും ഇടയ്ക്ക് 'ക്രിസ്തീയ ചരിത്രം' (ഹിസ്റ്റ്യാനികേ ഹിസ്റ്റോറിയാ) എന്ന പേരിൽ 36 വാല്യങ്ങളിലായി ഫിലിപ്പ് ഒരു വലിയ ചരിത്രഗ്രന്ഥം എഴുതി. ലോകസൃഷ്ടി മുതൽ ക്രിസ്തുവർഷം 426 വരെയുള്ള ചരിത്രം 1000 'തോമോയ്' കളിലായി എഴുതിയിരിക്കയാണിതിൽ. ഈ കൃതിയുടെ ചില ഭാഗങ്ങൾ മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു. എന്നാൽ അതിൻെറ സ്വഭാവത്തെപ്പററി സൊക്രാട്ടസും ഫോസിയൂസും വിലയേറിയ വിവരണങ്ങൾ നൽകുന്നു. സൊക്രാട്ടസ് പറയുന്നു:

www.malankaralibrary.com



'സഭാചരിത്രമെന്നല്ല, ക്രിസ്തീയ ചരിത്രമെന്നാണ് അദ്ദേഹം ഇതിനു പേരിട്ടിരിക്കുന്നതു്; അനേക കാര്യങ്ങൾ ഒന്നിച്ച് ഇതിൽ കൂട്ടിച്ചേർത്തിരിക്കയാണ്; താത്വികവും, ശാസ്ത്രീയവുമായ കാര്യങ്ങളിൽ താൻ അജ്ഞനല്ല എന്നു് കാണിക്കാനുള്ള ഒരാഗ്രഹം ഇതിൽ പ്രകടമാണ്. ജ്യോമട്രിക്കൽ തത്വങ്ങൾ, വാനശാസ്ത്ര സംബന്ധമായ അപഗ്രഥനങ്ങൾ, കണക്കശാസ്ത്രസംബന്ധമായവ, സംഗീതതത്വങ്ങൾ, ദ്വീപുകൾ, മലകൾ, വനങ്ങൾ എന്നിവയുടെ ഭൂമിശാസ്ത്രവിവരണങ്ങൾ, മററനേകം നിസ്സാരകാര്യങ്ങൾ എന്നിവയെല്ലാമുണ്ടിതിൽ. അപ്രസക്തമായ കാര്യങ്ങൾ വിഷയവുമായി കൂട്ടിക്കുഴച്ചതുവഴി, അദ്ദേഹം തന്റെ കൃതി വളരെ കുത്തഴിഞ്ഞ രീതിയിലാണ് ചമച്ചിരിക്കുന്നതു്; അതുപോലെ, എന്റെ നോട്ടത്തിൽ പണ്ഡിതർക്കും പാമരർക്കും ഒരുപോലെ ഉപയോഗശൂന്യമാണ് അതു്. അതിലെ ഉള്ളടക്കത്തിന്റെ ഗൗരവം പാമരന്മാർക്കൊട്ടും ദഹിക്കുന്നതല്ല; വിലയിരുത്താൻ കഴിവുള്ളവർ അദ്ദേഹത്തിന്റെ ആവർത്തന വിരസതയെ (tautology) അപലപിക്കയും ചെയ്യുന്നു. എന്നാൽ ഓരോരുത്തരും തന്റെ രുചിക്കനുസരണമായി ഈ ഗ്രന്ഥത്തെ വിലയിരുത്തട്ടെ. എനിക്കു പറയാനുള്ളതിത്രമാത്രമാണ്. താൻ വിവരിക്കുന്ന സംഗതികളുടെ കാലക്രമപ്പട്ടിക അദ്ദേഹം കൂട്ടിക്കുഴസ്സുന്നു; തിയഡോഷ്യസ് ചക്രവർത്തിയുടെ കാലത്തു നടന്ന സംഗതികൾ വിവരിച്ചതിനു ശേഷം ഉടനെ അത്തനാസ്യോസിന്റെ കാലത്തേക്കു പോകുന്നു. അതുപോലുള്ള കാര്യങ്ങൾ തുടരെത്തുടരെ കൃതിയിൽ കാണാം' (സഭാ. 7. 27).

36 ഗ്രന്ഥങ്ങൾ ഫോസിയൂസിന്റെ കാലമായപ്പോഴേക്കും 24 ആയിട്ടേ വായനക്കാരുടെ കയ്യിലെത്തിയുള്ളു: ഗ്രന്ഥത്തിന്റെ ഭാഷയെപ്പററിയും ശൈലിയെപ്പററിയും ഫോസിയസ് പറയുന്നു:

'ക്രിസ്തീയ ചരിത്രം' എന്ന പേരിൽ സീദിലെ ഫിലിപ്പെഴുതിയ കൃതി വായിക്കു: 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു' എന്ന വാചകം കൊണ്ടാണതു തുടങ്ങുന്നതു്. 'മോശ എഴുതിയ ചരിത്രത്തിന്റെ ഒരു വിവരണം അദ്ദേഹം നൽകുന്നുണ്ട്; ചിലയിടത്തു് ചുരുക്കി; ചിലയിടത്തു് വിസ്തരിച്ച്... ഒന്നാം പുസ്തകത്തിന് 24 വാല്യങ്ങളുണ്ട്, മററു് 23 പുസ്തകങ്ങൾക്കും അതുപോലെതന്നെ. അവ ഞാൻ കണ്ടിട്ടുണ്ട്. ഭാഷയ്ക്കു് ഓജസ്സോ ശ്രേഷ്ഠതയോ ഇല്ല; ശൈലിക്കു് കുലീനത്വമില്ല; പരത്തിപ്പറഞ്ഞിരിക്കയാണ്; മനം മടുപ്പിക്കുന്ന ശൈലിയാണ്. വായനക്കാരനു ഗുണം വരണമെന്നതിലുപരി, തന്റെ അറിവു പ്രദർശിപ്പിക്കാനാണദ്ദേഹം ശ്രമിക്കുന്നതു്. വിവരണത്തിൽ മിക്കതും

www.malankaralibrary.com



ചരിത്രവുമായി ബന്ധമില്ലാത്തതാണ്. ചരിത്രമെന്നതിനേക്കാ ഉം എല്ലാത്തരം വിഷയവും കൈകാര്യം ചെയ്യുന്ന ഗ്രന്ഥമെന്ന് വിളിക്കുന്നതാകും ഭേദം....കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസന്മാരായ സിസ്സിന്നിയുസ്, പ്രോക്കളസ് എന്നിവരുടെ സമകാലീനനായിരുന്നു ഫിലിപ്പ്. പലപ്പോഴും അദ്ദേഹം സിസ്സിന്നിയുസിനെ തൻെറ ചരിത്രത്തിൽ കടന്നാക്രമിക്കുന്നുണ്ട് കാരണം സിസ്സിന്നിയുസും പ്രോക്കളസും പാത്രിയർക്കീസുമാരായിരുന്നു; കൂടുതൽ വാഗ്മിയായി കരുതിയിരുന്നത് ഫിലിപ്പിനെയായിരുന്നു; എന്നാൽ സിസ്സിന്നിയുസ് തിരഞ്ഞെടുക്കപ്പെട്ടു' (ബിബ്ളി. കോഡ. 35).

വളരെ ബൃഹത്തായ ഒരു ഗ്രന്ഥമായിരുന്നതിനാലാകാം ഇത് നഷ്ടപ്പെടുവാൻ ഇടയായത്. എവുസേബിയസിൻെറ സഭാചരിത്രത്തിലില്ലാത്ത പല കാര്യങ്ങളും ഇതിൽ ഉണ്ടായിരുന്നിരിക്കാം. സൊക്രാട്ടസും ഫോസിയുസും എന്തുതന്നെ പറഞ്ഞാലും ഇതു നഷ്ടപ്പെട്ടതു് വലിയ കഷ്ടമായിപ്പോയി. ചില ഭാഗങ്ങൾ മാത്രം നമുക്ക് കിട്ടിയിട്ടുണ്ട്. അവ ഓക്സ്ഫോർഡിലാണ്.

'ക്രിസ്തീയചരിത്രംകൂടാതെ മററു പലതും ഫിലിപ്പ് എഴുതിയിരുന്നു' എന്ന് സൊക്രാട്ടസ് പറയുന്നു. (സഭാ. 7, 27). എന്നാൽ ക്രിസ്തീയചരിത്രത്തിൻെറ ഗതിതന്നെ മററു കൃതികൾക്കും സംഭവിച്ചു.

## 2 ഫിലൊസ്തോർജിയുസ്

കപ്പദോചിയാ സെക്കൻഡായിലെ ബോറിസ്സസ്സിൽ 368ൽ ഫിലൊസ്തോർജിയുസ് ജനിച്ചു. 20-ാം വയസ്സിൽ കോൺസ്റ്റാൻറിനോപ്പിളിൽ പോയി; ജീവിതത്തിൻെറ മുക്കാൽപങ്കും അവിടെത്തന്നെ താമസിച്ചു. ഒരൽമായനായിരുന്നെങ്കിലും എവുണോമിയുസ് എന്ന ആര്യൻ നേതാവിൻെറ ഒരു പിൻഗാമിയും ആരാധകനുമായിത്തീർന്നു.

കോൺസ്റ്റാൻറിനോപ്പിളിൽ ആയിരുന്ന കാലത്ത് 425 നും 433 നും ഇടയ്ക്ക് 12 പുസ്തകങ്ങളിലായി അദ്ദേഹം ഒരു 'സഭാചരിത്രം' പ്രസിദ്ധീകരിച്ചു. എവുസേബിയസിൻെറ സഭാചരിത്രത്തിൻെറ തുടർച്ച എന്ന നിലയിലാണ് എഴുതിയത്. 300 നും 425 നും ഇടയ്ക്കുള്ള കാലഘട്ടവിവരണമാണ്. എന്നാൽ എവുണോമിയസിനുവേണ്ടിയുള്ള ഒരപ്പോളജിയാണിതു് എന്നു പറയുന്നതാകും ഏറെ ശരി. ഫോസിയസിൻെറ വിവരണം കേൾക്കുക:

www.malankaralibrary.com



'ഫിലൊസ്റ്റോർജിയുസ്' എന്ന ആര്യൻെറ സഭാചരിത്രം എന്നു പറയപ്പെടുന്ന കൃതി വായിക്കു: മറെറല്ലാ സഭാചരിത്രകാരന്മാരുടേതിൽനിന്നും വ്യത്യസ്തമാണിതിൻെറ പോക്ക്. അയാരം എല്ലാ ആര്യന്മാരെയും പുകഴ്ത്തുന്നു; സത്യവിശ്വാസികളെ നിന്ദിക്കുന്നു; ഇതു് സത്യവിശ്വാസത്തോടുള്ള ഒരാക്രമണമല്ലാതെ മറെറാന്നുമല്ല; ചരിത്രമെന്നതിനേക്കാരം പാഷണ്ഡികളുടെ ഒരു സ്തുതിപ്പാണിതു്. ശൈലി ഉന്നതംതന്നെ; ഭാഷ പലപ്പോഴും കാമ്യവും; ആലങ്കാരികപ്രയോഗങ്ങരം വളരെ നന്നായി വ്യക്തമാകുന്നവതന്നെ. ഈ കൃതി രസകരവും വായിക്കാനിഷ്ടപ്പെടുന്നതുമാണു്; എന്നാൽ ചിലപ്പോഴൊക്കെ ഉദാഹരണങ്ങരം അനവസരോചിതവും അരസികവുമായി തോന്നും. അനാവശ്യമായി പൊടിപ്പും തൊങ്ങലും വച്ചതാണു് ഭാഷ; അതൃപ്തികരമായ ഒരവ്യക്തതയിലേക്കു് വഴുതി വീഴുന്നതായി വായനക്കാരനു് തോന്നും. ഗ്രന്ഥകാരൻ പലപ്പോഴും ധാർമികവിചിന്തനങ്ങരം നടത്തുന്നുണ്ടു്. ആരിയൻ പാഷണ്ഡതയുടെ ഉത്ഭവംകൊണ്ടാരംഭിച്ചു്, അഭക്തനായ ഏയ്ഷ്യസിൽ അവസാനിപ്പിക്കുന്നു'.

'ഈ ഏയ്ഷ്യസിനെ സഹപാഷണ്ഡികരം അധികാരത്തിൽ നിന്നു് നീക്കി; മററുള്ളവരേക്കാരം അവൻ ദുഷ്ടതയിൽ മുന്നിട്ടുനിന്നു എന്നതാണു് കാരണം. മനസ്സില്ലാമനസ്സോടെയാണെങ്കിലും ഫിലൊസേ്താർജിയൂസ് ഇതു് അംഗീകരിക്കുന്നുണ്ടു്. എന്നാൽ അഭക്തനായ ജൂലിയൻ അവനെ തിരികെ വിളിക്കുകയും സ്വീകരിക്കുകയും ചെയ്തു. ചരിത്രം ഈ കാലഘട്ടം വരെ വിവരിക്കുന്നു'.

'ഗ്രന്ഥകർത്താവ് ഒരു കള്ളനും വിവരണം ഭാവനാസൃഷ്ടിയുമാണു്. ഏയ്ഷ്യസിനേയും എവുണോമിയൂസിനേയും അവൻ പ്രധാനമായി പുകഴ്ത്തുന്നു; കാലപ്പഴക്കത്തിൽപെട്ട വിശ്വാസസത്യങ്ങരം അവർ ശുദ്ധീകരിച്ചുത്രേ. ഇതുവഴി അവനൊരു പെരുംകള്ളനായി സ്വയം ചിത്രീകരിക്കയാണു്. നിക്കൊമേദിയായിലെ എവുസേബിയസിനെയും അവൻ പുകഴ്ത്തുന്നു; മഹാനെന്നാണു് അവൻ അവനെ വിളിക്കുന്നതു്. കൂടാതെ ഇന്ത്യാക്കാരൻ തിയഫിലസ് തുടങ്ങി പലരേയും—അവരുടെ ജീവിതത്തേയും പ്രവൃത്തികളെയും—അവൻ സ്തുതിക്കുന്നു'.

'പലസ്തീനയിലെ ചെസാറിയൻ മെത്രാൻ അകാചിയുസിനെ കടന്നാക്രമിക്കുന്നു; ഗ്രന്ഥകാരൻെറ കർക്കശമനഃസ്ഥിതിയും, കൊടിയ വക്രതയുമത്രേ അതിനു കാരണം; അകാചിയുസിൻെറ സഹപാഷണ്ഡികളെ ഈ കാര്യത്തിൽ കടത്തിവെട്ടിയെന്നു് അവൻ തന്നെ പറയുന്നു. അവർ പരസ്പരം ദ്വേഷി

www.malankaralibrary.com



ച്ചിരുന്നു. ഇതുവരെ ഞാൻ വായിച്ചു. പിന്നീട് മറെറാരു വാല്യത്തിൽ ആറ് ഗ്രന്ഥങ്ങൾകൂടെ കാണാനിടയായി. അങ്ങനെ മൊത്തം 12 ഗ്രന്ഥങ്ങൾ ഉണ്ടായിരിക്കാം. ഓരോ ഗ്രന്ഥത്തിൻെറയും ആദ്യക്ഷരം ഒന്നിച്ചുചേർന്നാൽ ഫിലസ്റ്റോർജിയൂസിൻെറ പേരായി' (ബിബ്ലി. കോഡ. 40) ഇങ്ങനെ പോകുന്നു ഫോസിയൂസിൻെറ കുറിപ്പ്. ഇതിനും പുറമെ 12 ഗ്രന്ഥങ്ങളിൽനിന്നുള്ള ഉദ്ധരിണികൾ എടുത്ത് ഒരു സംഗ്രഹവും (എപ്പിറോമും) ഫോസിയൂസ് തയ്യാറാക്കിയിരുന്നു. ഇത് നമുക്ക് കൈവന്നിട്ടുണ്ട്. ഫിലസ്റ്റോർജിയൂസിൻെറ കൃതി നഷ്ടപ്പെട്ടു. എന്നാൽ ഈ എപ്പിറോം ഒരു ചൂണ്ടുപലകയായി വർത്തിക്കുന്നു. നമുക്ക് ലഭ്യമാകാത്ത പല കൃതികളും ഫിലസ്റ്റോർജിയൂസ് ഉപയോഗിച്ചു എന്ന് ഫോസിയൂസിൻെറ എപ്പിറോമിൽനിന്ന് തെളിയുന്നു. ഈ കൃതിക്കുപുറമേ, മററ് പല കൃതികളും ഫിലസ്തോർജിയൂസ് രചിച്ചിരിക്കാം. എന്നാൽ അവയെല്ലാം നഷ്ടമായിപ്പോയി.

## 3. സൊക്രാട്ടസ്

ക്രി. വ. 380—നോടടുത്ത് കോൺസ്റ്റാൻറിനോപ്പിളിലാണ് സഭാചരിത്രകാരനായ സൊക്രാട്ടസ് ജനിച്ചത്. ഹെല്ലാഡിയൂസ്, അമ്മോണിയൂസ് എന്നീ വ്യാകരണ പണ്ഡിതന്മാരുടെ കീഴിൽ വിദ്യ അഭ്യസിച്ചു; അവസാനം ഒരു അഭിഭാഷകനായി തീർന്നു. ഏതോ ഒരു തിയഡോറിൻെറ പ്രേരണയാൽ ഏഴു ഗ്രന്ഥങ്ങളിലായി സൊക്രാട്ടസ് ഒരു സഭാചരിത്രമെഴുതി. അതു എവുസേബിയസിൻെറ ചരിത്രത്തിൻെറ തുടർച്ചയാണെന്ന് ആമുഖത്തിൽതന്നെ അദ്ദേഹം പറയുന്നു. 305—ൽ ഡയക്ലീഷൻ ചക്രവർത്തി സ്ഥാനത്യാഗം ചെയ്തതു മുതൽ 439 വരെയുള്ള കാര്യങ്ങളാണതിൽ അടങ്ങിയിരിക്കുന്നത്. ഓരോ പുസ്തകവും ഓരോ ചക്രവർത്തിയുടെ മരണം വരെയുള്ള കാര്യം ചർച്ചചെയ്യുന്നു. എവുസേബിയസിൻെറ സഭാചരിത്രത്തിന് പലരും തുടർച്ച എഴുതിയെങ്കിലും സൊക്രാട്ടസിൻേറതാണ് ഏററം മെച്ചം; വസ്തുനിഷ്ഠമായും ആത്മാർത്ഥമായും പ്രതിപാദിക്കുന്നതിൽ എവുസേബിയസിനെ ചിലയിടങ്ങളിൽ ഇദ്ദേഹം കവച്ചുവയ്ക്കുന്നു. എന്നാൽ പ്രതിപാദനത്തിന് നിറപ്പകിട്ടോ, ദൈവശാസ്ത്രതാല്പര്യമോ ഇല്ല. സഭയ്ക്കുണ്ടായ കോളിളക്കങ്ങളാണ് സൊക്രാട്ടസിൻെറ താൽപ്പര്യവിഷയം; എന്നാൽ ലോകചരിത്രം അദ്ദേഹം മറന്നിട്ടില്ല. കോൺസ്റ്റാൻറിനോപ്പിളുമായി ബന്ധപ്പെട്ട കാര്യങ്ങളിലാണദ്ദേഹത്തിനേറെ താൽപ്പര്യം. നോവേഷ്യൻ വിഭാഗക്കാരോട് പ്രതിപത്തി കാണിക്കുന്നുണ്ട്. തൻെറ ശ്രോതസ്സുകളെ സൂക്ഷ്മനിരീക്ഷണം ചെയ്കയും മിക്കയിടങ്ങളിലും അവയെടുത്തു പറ

www.malankaralibrary.com



കയും ചെയ്യുന്നു. റൂഫീനസ്, എവുസേബിയസ്, അത്തനാസ്യോസ്, ചെസറിയായിലെ ജലാസിയൂസ്, എവുത്രോപ്പിയൂസ്, മെത്രാന്മാരുടെ പട്ടികകൾ, പ്രത്യേകിച്ച്, 375ൽ (മാസിഡോണിക്കാരൻ) ഹെരാക്ളിയായിലെ സബീനുസ് പ്രസിദ്ധീകരിച്ച കൺസീലിയർ സമാഹാരം, രാജാക്കന്മാരുടെയും മെത്രാന്മാരുടെയും കത്തുകൾ എന്നിവയാണ് സൊക്രാട്ടസിൻെറ സ്രോതസ്സുകൾ. പലയിടങ്ങളിലും സ്രോതസ്സുകളെ പദാനുപദം അദ്ദേഹം ഉദ്ധരിക്കുന്നതിനാൽ സഭാചരിത്രകാരന്മാർക്ക് സൊക്രാട്ടസാണ് ഉത്തമസ്രോതസ്സ്.

നമുക്ക് കിട്ടിയിരിക്കുന്ന ഗ്രന്ഥം രണ്ടാം പതിപ്പാണ്. ഒന്നാമത്തേത് പ്രസിദ്ധീകരിച്ചശേഷം അതിൽ കുറവുകളുള്ളതായി സൊക്രാട്ടസിനു ബോധ്യമായി. ചില സ്രോതസ്സുകൾ, പ്രത്യേകിച്ച് റൂഫീനസ്, വസ്തുനിഷ്ഠമല്ലെന്ന് അദ്ദേഹത്തിന് ബോധ്യമായി. അതുകൊണ്ട് അദ്ദേഹം ആദ്യത്തേത് ഒന്ന് പുനരവലോകനം ചെയ്തു.

സൊക്രാട്ടസ് ഒരൽമായനായിരുന്നു. ഒരു വൈദികനോ, ഒരു സന്യാസാംഗമോ ആയ തിയഡോറിനാണ് സൊക്രാട്ടസ് തൻെറ ഗ്രന്ഥം സമർപ്പിച്ചിരിക്കുന്നത്.

## 4. സൊസോമെൻ

സൊക്രാട്ടസിൻെറ ഒരു സമകാലീനനായിരുന്ന സൊസോമനും കോൺസ്റ്റാൻറിനോപ്പിളിലെ ഒരു അഭിഭാഷകനായിരുന്നു. പലസ്തീനയിൽ ഗാസ്സായ്ക്കടുത്തുള്ള ബെഥേലിയായിലാണ് സൊസോമെൻ ജനിച്ചത്. വളരെയധികം യാത്രകൾക്കുശേഷം അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിൽ താമസമുറപ്പിച്ചു. ഇവിടെ വച്ചാണ് 439 നും 450 നും ഇടയ്ക്ക് അദ്ദേഹം തൻെറ സഭാചരിത്രം എഴുതിയത്. എവുസേബിയസിൻെറ സഭാചരിത്രത്തിൻെറ തുടർച്ചയായിട്ടാണ് സൊസോമെനും എഴുതിയത്. 324 മുതൽ 425 വരെയുള്ള കാലഘട്ടമാണ് സൊസോമെൻ വിവരിക്കുന്നത്.

അദ്ദേഹത്തിൻെറ പൂർണനാമം സലാമീനിയൂസ് ഹെർമിയാസ് സൊസോമെൻ എന്നാണ്. 'സഭാചരിത്രം' എഴുതുന്നതിനു മുമ്പ് മറെറാരുകൃതി സൊസോമെൻ എഴുതിയിരുന്നു: കർത്താവിൻെറ സ്വർഗാരോഹണം മുതൽ 323 വരെയുള്ള കാലഘട്ടത്തിലെ സഭാചരിത്രസംഗ്രഹം ആണ് പ്രസ്തുത കൃതി. എന്നാലതു് നമുക്ക് കിട്ടിയിട്ടില്ല.

സൊസോമെൻെറ സഭാചരിത്രം ഒൻപതു പുസ്തകങ്ങളിലായിട്ടാണ് എഴുതപ്പെട്ടിരിക്കുന്നത്. തിയഡോഷ്യസ് രണ്ടാമൻ

www.malankaralibrary.com



ചക്രവർത്തിക്ക് ഇത് സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഗ്രന്ഥത്തിൻെറ ആരംഭത്തിൽ തിയഡോഷ്യസിനുള്ള ഒരു സമർപ്പണമുണ്ട്. അതു കഴിഞ്ഞ് വിഷയവിവരം;അതിൽനിന്നു്425 മുതൽ 439 വരെയുള്ളകാലഘട്ടവിവരണം നമുക്ക് ലഭ്യമായിട്ടില്ല എന്ന് തെളിയുന്നു.

450 ൽ തിയഡോഷ്യസ് ചക്രവർത്തി മരിച്ചു; ഈ ഗ്രന്ഥം 439 നും 450 നും ഇടയ്ക്കു് എഴുതപ്പെട്ടതായിരിക്കാം. സൊക്രാട്ടസിൻെറയും സൊസോമെൻേറയും കൃതികളിൽ സാമ്യങ്ങളായ അനേക സംഗതികളുണ്ട്. സൊസോമെൻ സൊക്രാട്ടസിനെ ആശ്രയിച്ചെഴുതി എന്നാണ് പണ്ഡിതമതം. എന്നാൽ സൊസോമെൻ അക്കാര്യം തൻെറ കൃതിയിൽ എടുത്തു പറയുന്നില്ല. എന്നാൽ സ്വയമായി അനേകം മൂലഗ്രന്ഥങ്ങൾ അദ്ദേഹം തന്നെ വായിച്ച് ഗ്രഹിച്ചിട്ടുണ്ട്. കൂടുതൽ പാശ്ചാത്യസ്രോതസ്സുകൾ സൊസോമെൻ ഉപയോഗിച്ചിട്ടുണ്ട്. സൊസോമെൻെറ ശൈലി സൊക്രാട്ടസിൻേറതിലും മെച്ചപ്പെട്ടതാണെന്നത്രേ ഫോസിയസിൻെറ അഭിപ്രായം (ബിബ്ളി. കോഡ. 30).

## അനുബന്ധം I

# അൻസീറാ സിനഡ് (314 ൽ)

കോൺസ്റ്റൻൈൻറനും ലിചീനിയുസും കൂടി 313 ൽ 'മിലാൻ വിളംബരത്തിലൂടെ റോമൻ സാമ്രാജ്യത്തിലെ സഭയ്ക്കു് സ്വാതന്ത്ര്യം അനുവദിച്ചു. അതിനുശേഷം നടന്ന ആദ്യത്തെ സഭായോഗമാണ് അൻസീറാ സിനഡ്. ഏഷ്യമൈനറിൽ ഗലാത്യയുടെ തലസ്ഥാനമായ അൻസീറായിൽ വച്ച് ക്രി. വ. 314 ൽ 13 മെത്രാന്മാരുടെ നേതൃത്വത്തിൽ ഈ സിനഡു നടന്നു. സിറിയായിൽ നിന്നും ഏഷ്യാമൈനറിൽ നിന്നുമുള്ള മെത്രാന്മാരുടെ പ്രതിനിധികളായിരുന്നു ഇവർ. സമ്മേളനത്തിൻെറ ആധ്യക്ഷ്യം വഹിച്ചതു് ആരാണെന്ന് അറിവില്ല. മതപീഡനാവസരം വിശ്വാസം ത്യജിച്ചവരെപ്പററിയാണ് യോഗം പ്രധാനമായി ചർച്ചചെയ്തതു്. വിശ്വാസത്യാഗികൾ 'വീണവർ' (lapsi) എന്നറിയപ്പെടുന്നു. ഇക്കൂട്ടർ പലതരം സർട്ടിഫിക്കററുകൾ സമ്പാദിച്ചിരുന്നു. അത്തരം സർട്ടിഫിക്കററുകൾക്കുള്ള അപേക്ഷയ്ക്കു് ഒരുദാഹരണം: 'ദിയോജനസ് ആയ ഞാൻ എപ്പോഴും ബലി അർപ്പിക്കുകയും അർപ്പണം നടത്തുകയും ചെയ്തിരുന്നു; നിങ്ങളുടെ മുൻപാകെ ബലി മാംസം ഭക്ഷിച്ചു. എനിക്കൊരു സർട്ടിഫിക്കററു തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.' ഇത്തരക്കാർ

www.malankaralibrary.com



'സർട്ടിഫിക്കററ് ലഭിച്ചവർ' (Certificati) എന്നു് വിളിക്കപ്പെട്ടു. ഇക്കൂട്ടർ പല ഗ്രേഡുകളിൽ ഉണ്ടായിരുന്നു. വിശ്വാസ ധ്വംസകരുടെ പ്രശ്നം വളരെ ഖേദത്തോടുകൂടി സിനഡ് ചർച്ച ചെയ്തു് പരിഹാരം നിർദേശിച്ചു.[1]

പങ്കെടുത്തവർ താഴെ പറയുന്നവരാണു്:[2]

1. അന്ത്യോക്യയിലെ (സിറിയ) വിത്താലിസ്, (2) അൻസീറയിലെ (ഗലാത്യ) മർസെല്ലൂസ്, (3) ചെസറിയായിലെ (കപ്പദോചിയ) അഗ്രിക്കൊളോസ്, തർസോസിലെ (സിലിഷ്യ) ലൂപ്പൂസ്, (5) അമാസെയായിലെ (വലിയ അർമേനിയ) ബേസിൽ, (6) യൂലിയോപ്പൊലീസിലെ (ഗലാത്യ) ഫിലാദെൽഫോസ്, (7) നിക്കൊമേദിയായിലെ (ബിത്തീനിയ) ഔസ്തിയോസ്, (8) സേലായിലെ (വലിയ അർമേനിയാ) ഹെരാക്ലെയോസ്, (9) ഇക്കോണിയത്തിലെ (ലിക്കവോനിയ) പത്രോസ്, (10) ലവദീക്യയിലെ (പിസീദിയ) നനൂക്കിയോസ്, (11) അന്ത്യോക്യയിലെ (പിസീദിയ) സർഗിയാനോസ്, (12) നെറോണിയാദിലെ നർചീസൂസ്.

### കാനോനാകൾ (25 എണ്ണം)

1. വിഗ്രഹങ്ങൾക്കു് ബലി അർപ്പിച്ചെങ്കിലും, പിന്നീടു് കാപട്യത്തോടുകൂടിയല്ല ആത്മാർത്ഥമായി തന്നെ സത്യാരാധനയിലേക്കു തിരികെ വന്ന പ്രെസ്ബിററർമാരെ സംബന്ധിച്ച്: അങ്ങനെയുള്ളവർ തങ്ങളുടെ സ്ഥാനത്തിന്റെ ബഹുമാനത്തിൽ നിലനില്ക്കട്ടെ. ഏതെങ്കിലും വിധത്തിലുള്ള ക്രമീകരണം നടത്തിയോ സ്വാധീനം ഉപയോഗിച്ചോ പ്രേരിപ്പിച്ചോ പീഡനങ്ങൾക്കു് വിധേയരാക്കപ്പെട്ടു എന്ന തോന്നൽ ഉളവാകത്തക്കവിധം നാട്യഭാവത്തിലോ കാണിക്കാൻ വേണ്ടിയോ 'പീഡനമേററ' വരെപ്പററിയല്ല ഇവിടെ വിവക്ഷ. എങ്കിലും ഇക്കൂട്ടർ ബലി അർപ്പിക്കാനോ പ്രസംഗിക്കാനോ മററെന്തെങ്കിലും വൈദികകർമ്മം ചെയ്യാനോ പാടില്ല.

2. അതുപോലെ,വിഗ്രഹങ്ങൾക്കു് ബലി അർപ്പിച്ചെങ്കിലും പിന്നീടു് അനുതപിച്ച ഡീക്കന്മാരും തങ്ങളുടെ സ്ഥാനത്തു് നിലനില്ക്കട്ടെ. എന്നാൽ കുർബാന കൊടുക്കുക, അറിയിപ്പുകൾ നടത്തുക, തുടങ്ങി സ്ഥാനത്തിനടുത്ത ഒരു കർമ്മവും നിർവഹിക്കരുതു്. എന്നാൽ അവരിൽ 'നുറുങ്ങിയ ഹൃദയവും' തികഞ്ഞ അനുതാപചൈതന്യവും മെത്രാൻ ദർശിച്ചാൽ അവരോടു് കൂടുതൽ കാരുണ്യം കാണിക്കാൻ മെത്രാനു് അനുവാദമുണ്ടു്; അവരുടെ മുടക്കു് നീക്കുന്നതിനും മെത്രാനു സാധിക്കും.

www.malankaralibrary.com



3. മത പീഡനാവസരം ഓടിപ്പോയപ്പോഴോ പിടിക്കപ്പെട്ടവർ, ദാസന്മാരാൽ ഒററുകൊടുക്കപ്പെട്ടവർ, ക്രിസ്ത്യാനി എന്ന കാരണത്താൽ വസ്തുവകകൾ നഷ്ടപ്പെട്ടവർ, പീഡനം സഹിച്ചവർ, ജയിലിൽ അടയ്ക്കപ്പെട്ടവർ, നിന്ദിക്കപ്പെട്ടവർ, വിഗ്രഹങ്ങൾക്ക് അർപ്പിക്കപ്പെട്ട വസ്തുക്കളോ മാംസമോ നിർബന്ധപൂർവം കെട്ടിയേൽപ്പിക്കപ്പെട്ടപ്പോഴും തങ്ങൾ ക്രിസ്ത്യാനികളാണെന്ന് പ്രഖ്യാപിച്ചുകൊണ്ടിരുന്നവർ, വന്നുപോയവയെക്കുറിച്ച് ജീവിതത്തിലും പ്രവർത്തനങ്ങളിലും പെരുമാററത്തിലും അനുതാപസൂചനകൾ നൽകിയവർ—മേൽപ്പറഞ്ഞവർ പാപവിമുക്തരാകയാൽ സംസർഗത്തിൽനിന്ന് അകററപ്പെടേണ്ടവരല്ല; കാർക്കശ്യം മൂലമോ, അജ്ഞത നിമിത്തമോ ഇത്തരക്കാരെ ആരെങ്കിലും അകററിനിർത്തിയിട്ടുണ്ടെങ്കിൽ അവരെ ഉടനെ തിരികെ എടുക്കണം. ഇതു് വൈദികർക്കും അൽമായർക്കും ബാധകമാണ്. പ്രേരണകൾക്കു വശംവദരായി മേൽപ്പറഞ്ഞവിധം വീണുപോയ അൽമായരെ വൈദികസ്ഥാനത്ത് പ്രവേശിപ്പിക്കാമോ എന്നതു് സംബന്ധിച്ചു ചർച്ച നടന്നു. അവർ കുററക്കാരല്ലാത്തതിനാൽ അവർക്ക് പട്ടം കൊടുക്കാം എന്നു ഞങ്ങൾ തീരുമാനിക്കുന്നു; അവരുടെ മുൻകാല ജീവിതം കളങ്കരഹിതമായിരിക്കണം എന്നുമാത്രം.

4. വിഗ്രഹങ്ങൾക്ക് ബലി അപ്പിക്കാൻ നിർബന്ധിക്കപ്പെടുകയും, വിഗ്രഹങ്ങളുടെ ബഹുമാനാർത്ഥമുള്ള ഉത്സവങ്ങളിൽ പങ്കെടുക്കുകയും ചെയ്തവർ, ആദ്യം ബലമായി വലിച്ചിഴക്കപ്പെട്ടെങ്കിലും പിന്നീട് മോടിയായി വസ്ത്രധാരണം ചെയ്തു് സന്തോഷപൂർവം കടന്നുചെന്ന് മടികൂടാതെ വിരുന്നിൽ പങ്കെടുത്തവർ. ഇപ്രകാരമുള്ളവരെല്ലാം ഒരുവർഷം 'ശ്രോതാക്കളും' മൂന്നു വർഷം 'പ്രണാമകരും' ആയിരിക്കട്ടെ.[3] അതിനുശേഷം പരിപൂർണ സംസർഗം അവർക്കനുവദിച്ചുകൊടുക്കാം.[4]

5. ദുഃഖസൂചകമായ വസ്ത്രങ്ങൾ ധരിച്ചു (ബലിമാംസം) ഭക്ഷിക്കുകയും, ആഘോഷാവസരം മുഴുവൻ കരയുകയും ചെയ്തവർ മൂന്നുവർഷം 'പ്രണാമകരായിരിക്കണം. അതിനുശേഷം സമ്പർക്കം പുലർത്തട്ടെ; എന്നാൽ ബലിയിൽ പങ്കെടുപ്പിക്കാൻ പാടില്ല; ഭക്ഷിക്കാതിരുന്നെങ്കിൽ രണ്ടുവർഷം 'പ്രണാമകരായി'രുന്നാൽ മതി; മൂന്നാംവർഷം സമ്പർക്കം പുലർത്തട്ടെ;എന്നാൽ അർപ്പണത്തിൽ വേണ്ട. നാലാം വർഷം പരിപൂർണ സംസർഗത്തിൽ അവരെ ഉൾപ്പെടുത്താവുന്നതാണ്. അവരുടെ മാനസാന്തര സ്വഭാവം നന്നായി പരിശോധിച്ച് അവരുടെ അനുതാപകാലാവധി നീട്ടാനോ കുറയ്ക്കാനോ മെത്രാന് അനുവാദമുണ്ട്. അവരുടെ മുൻകാലജീവിതവും ഇപ്പോഴത്തെ ജീവിതവും പരിശോധിക്കേണ്ടതുണ്ട്. അതനുസരിച്ചുള്ള ക്രമം അവർക്ക് നൽകണം.

www.malankaralibrary.com



6. വസ്തുവകകൾ കണ്ടുകെട്ടുമെന്നോ, നാടുകടത്തുമെന്നോ ഉള്ള ഭീഷണികേട്ട് (വിഗ്രഹങ്ങൾക്ക്) ബലി അർപ്പിക്കുകയും, ഇതുവരെ അനുതപിച്ച് മാനസാന്തരപ്പെടാതിരിക്കുകയും ചെയ്തവർ ഈ സിനഡിന്റെ അവസരം അനുതാപചൈതന്യം കാണിച്ചാൽ അവരെ 'വലിയ ദിവസം'5 വരെ ശ്രോതാക്കളായി സ്വീകരിക്കണം: വലിയ ദിവസത്തിനുശേഷം അവർ മൂന്നുവർഷത്തേക്കു പ്രണാമകരായി കഴിയണം; വീണ്ടും രണ്ടുവർഷം അർപ്പണത്തിൽ ഭാഗഭാക്കാകാതെ സമ്പർക്കം പുലർത്തുന്നവരായി കഴിയണം. ആകെ ആറുവർഷം കഴിയുമ്പോൾ അവരെ പരിപൂർണ സംസർഗത്തിൽ കൊണ്ടുവരാവുന്നതാണ്. ഈ സിനഡിനുമുൻപേതന്നെ ആരേയെങ്കിലും പ്രായശ്ചിത്തത്തിലേക്ക് ആനയിച്ചിട്ടുണ്ടെങ്കിൽ, ആനയിച്ച ദിവസംമുതൽ ആറുവർഷം കണക്കാക്കണം. എങ്കിലും രോഗം മൂലമോ മറെറന്തെങ്കിലും നിമിത്തമോ ഏതെങ്കിലും മരണാസന്ന സാഹചര്യം ഉണ്ടായാൽ ചില വ്യവസ്ഥകളിന്മേൽ അവരെ സ്വീകരിക്കണം.

7. ജാതികൾക്കായി വേർതിരിക്കപ്പെട്ട സ്ഥലത്തുവച്ച്, അവരുടെ ആഘോഷാവസരം സ്വന്തം ഭക്ഷണം കൊണ്ടുവന്നു ഭക്ഷിച്ചവരെപ്പററി ഇപ്രകാരം തീരുമാനിക്കുന്നു: അവർ രണ്ടുവർഷം പ്രണാമകരായി കഴിയട്ടെ. പിന്നീട് അവരെ സ്വീകരിക്കാവുന്നതാണ്. അവരുടെ പിൽക്കാല ജീവിതം പരിശോധിച്ചശേഷം, അവരെ കുർബാനയിൽ ഭാഗഭാക്കുകളാക്കണമോ വേണ്ടയോ എന്ന് ഓരോ മെത്രാനും തീരുമാനിക്കട്ടെ.

8. നിർബന്ധം നിമിത്തം രണ്ടോമൂന്നോ പ്രാവശ്യം ബലികഴിച്ചവർ നാലുവർഷം 'പ്രണാമകരായി'രിക്കട്ടെ. രണ്ടുവർഷം അർപ്പണംകൂടാതെ 'സമ്പർക്കം പുലർത്തട്ടെ'. ഏഴാംവർഷം അവരെ 'പരിപൂർണ സംസർഗ്ഗത്തിൽ' സ്വീകരിക്കാം.

9. വിശ്വാസം ത്യജിക്കുകയും മററുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്തു് കുററക്കാരായി തീർന്നവർ മൂന്നുവർഷം 'ശ്രോതാക്കളായും' ആറുവർഷം 'പ്രണാമകരായും' ഒരുവർഷം അർപ്പണം കൂടാതെ 'സമ്പർക്കം പുലർത്തുന്നവരായും' കഴിയണം. അങ്ങനെ മൊത്തം പത്തുവർഷം കഴിയുമ്പോൾ അവർക്ക് കുർബാന സ്വീകരിക്കാം. ഇക്കാലയളവിൽ അവരുടെ ജീവിതവും പരിശോധനാവിധേയമാക്കണം.

10. അവിവാഹിത ജീവിതംകഴിക്കാൻ പ്രയാസമുള്ളതിനാൽ വിവാഹിതനാകണമെന്ന് പട്ടത്തിന്റെ അവസരം മെത്രാനെ അറിയിച്ചവർ ഡീക്കൻമാരായശേഷം വിവാഹിതരായി സേവന-

www.malankaralibrary.com



ത്തിൽ തുടരട്ടെ. കാരണം, അതു് മെത്രാൻ അനുവദിച്ചതാണു്. എന്നാൽ പട്ടത്തിന്റെ അവസരം വിവാഹത്തെപ്പററി ഒന്നും സംസാരിക്കാതിരിക്കുകയും പിന്നീടു് വിവാഹം കഴിക്കുകയും ചെയ്തവർ ഡീക്കൻ സ്ഥാനത്തു തുടരാൻ പാടില്ല.

11. വിവാഹവാഗ്ദാനം ചെയ്ത കന്യകകളെ ബലമായി പിടിച്ചുകൊണ്ടുപോയി ദുഷ്ടതയ്ക്കു വിധേയരാക്കിയാലും വാഗ്ദാനം ചെയ്ത പുരുഷനു് തിരികെ കൊടുക്കണം.

12. മാമോദീസായ്ക്കുമുൻപു് വിഗ്രഹങ്ങൾക്കു് ബലിയർപ്പിച്ചെങ്കിലും പിന്നീടു് മാമോദീസാവഴി ശുദ്ധീകരണം പ്രാപിച്ചവർക്കു് പട്ടം കൊടുക്കാം.

13. വൈദികരെയോ ഡീക്കൻമാരെയോ വാഴിക്കാൻ കോറെപ്പിസ്ക്കോപ്പാസ്സു് അനുവാദമില്ല. മെത്രാന്റെ രേഖാമൂലമായ അനുവാദം കൂടാതെ പട്ടണത്തിലെ മറെറാരിടവകയിൽ പ്രെസ്ബിററർമാരെ വാഴിക്കാൻ നിശ്ചയമായും കോറെപ്പിസ്ക്കോപ്പായ്ക്കു് അനുവാദമില്ല.

14. മാംസം വർജിക്കുന്ന പ്രെസ്ബിററർമാരും ഡീക്കൻമാരും രുചിച്ചുനോക്കിയിട്ടു് വേണ്ടെങ്കിൽ വർജിക്കട്ടെ. എന്നാൽ ഈ കാനനെതിരെനിന്നു്, മാംസത്തോടുകൂടി വേവിച്ച സസ്യങ്ങൾപോലും ഭക്ഷിക്കാത്ത പട്ടമുള്ളയാളെ പട്ടശുശ്രൂഷയിൽനിന്നു് മാററിനിർത്തണം.

15. മെത്രാനില്ലാതിരുന്ന അവസരം വൈദികർ വിററുകളഞ്ഞ സഭാവസ്തുക്കളെ സംബന്ധിച്ചു്: സഭാവസ്തുക്കൾ തിരികെ എടുക്കണം എന്നു കല്പിക്കുന്നു. വില കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടതു മെത്രാനാണു്; കാരണം, അതിന്റെ വരുമാനം വിലയേക്കാൾ വളരെ കൂടുതലായിരിക്കും.

16. ഇരുപതു വയസ്സിനു താഴെയുള്ളയാൾ ഏതെങ്കിലും മൃഗവുമായി ലൈംഗികബന്ധം നടത്തിയാൽ 15 വർഷം 'പ്രണാമകനായി' കഴിയട്ടെ; അതിനുശേഷം പ്രാർത്ഥനകളിൽ 'സമ്പർക്കം പുലർത്തട്ടെ'. അങ്ങനെ അഞ്ചുവർഷം കഴിഞ്ഞിട്ടു് അർപ്പണത്തിൽ സഹകരിക്കട്ടെ. പ്രണാമകാലത്തെ അവരുടെ ജീവിതം പരിശോധിച്ചു് ഈ കാരുണ്യം അവർക്കനുവദിക്കണം. എന്നാൽ അതിനിടയിൽ വീണ്ടും ഈ പാപം ചെയ്താൽ പ്രണാമകാലഘട്ടം ദീർഘിപ്പിക്കണം. ഇരുപതു് വയസ്സിനുമുകളിൽ പ്രായമുള്ള വിവാഹിതൻ ഈ തെറെറു ചെയ്താൽ 25 വർഷം പ്രണാമകനായി കഴിയട്ടെ; അതിനുശേഷം പ്രാർത്ഥനയിൽ സമ്പർക്കം പുലർത്തട്ടെ; അങ്ങനെ അഞ്ചു വർഷം കഴിഞ്ഞിട്ടു് അർപ്പണത്തിൽ

www.malankaralibrary.com



സഹകരിക്കട്ടെ. 50 വയസ്സിനുമേൽ പ്രായമുള്ള വിവാഹിതൻ ഇപ്രകാരം ചെയ്താൽ മരണസമയത്തു മാത്രമേ സഭയിൽ ചേർക്കാവൂ.

17. മൃഗങ്ങളുമായി ലൈംഗികബന്ധം പുലർത്തി സ്വയം അശുദ്ധരാകുകയും കുഷ്ഠരോഗികളായിതീർന്ന് മററുള്ളവക്ക് അതു് പകർന്നുകൊടുക്കുകയും ചെയ്യുന്നവർ കരയുന്നവരുടെ കൂടെനിന്നു പ്രാർത്ഥിക്കട്ടെ.

18. ഇടവകക്കാർ സ്വീകരിക്കാതിരിക്കുന്ന സാഹചര്യത്തിൽ മെത്രാനായി നിയമിക്കപ്പെട്ടയാാം മററിടവകകളിൽ കടന്നാക്രമണം നടത്തി, നിയമപരമായി അവിടെ നിയമിതരായ മെത്രാന്മാർക്കെതിരെ പ്രവർത്തിക്കുകയും കലഹത്തിനു പ്രേരിപ്പിക്കുകയും ചെയ്താൽ അയാളെ സ്ഥാനത്തുനിന്നും സംസർഗത്തിൽ നിന്നും നീക്കണം. എന്നാൽ മുൻപു് പ്രെസ്ബിററർ ആയിരുന്നിടത്തു് പ്രെസ്ബിററർമാരുടെ ഇടയിൽ തുടരാൻ ആഗ്രഹിച്ചാൽ ആ ബഹുമാനം നൽകണം. അവിടെ നിയമാനുസൃതം നിയമിതരായ മെത്രാന്മാർക്കെതിരായി പ്രവത്തിക്കാൻ മുതിർന്നാൽ വൈദികസ്ഥാനത്തു നിന്നുകൂടി നീക്കി അയാളെ പുറത്താക്കണം.

19. കന്യാവ്രതം സ്വീകരിച്ചയാാം വാഗ്ദാനം മറന്നു് പ്രവർത്തിച്ചാൽ രണ്ടാം വിവാഹം നടത്തിയവരുടെ കാലാവധി പൂർത്തിയാക്കട്ടെ. കന്യകകളായ സ്ത്രീകാം സഹോദരിമാരെപ്പോലെ പുരുഷന്മാരുടെകൂടെ പാർക്കുന്നതു് നാം വിലക്കുന്നു.

20. ഏതെങ്കിലും ഭാര്യയോ ഭർത്താവോ വ്യഭിചാരം ചെയ്താൽ നിശ്ചയിക്കപ്പെട്ട രീതിയിൽ ഏഴുവർഷം പ്രായശ്ചിത്തം ചെയ്യുമ്പോാം സംസർഗത്തിലേക്കെടുക്കാം.

21. വ്യഭിചാരം ചെയ്യുകയോ, ഉദരഫലത്തെ നശിപ്പിക്കുകയോ, ഭ്രൂണഹത്യയ്ക്കായി മരുന്നുപയോഗിക്കുകയോ ചെയ്തവരെ ഒരു മുൻകാല ഡിക്രി മരണംവരെ അകററിനിർത്തിയിരുന്നു. ചിലർ ഇതു് അംഗീകരിക്കുകയും ചെയ്തു. 'നിശ്ചയിക്കപ്പെട്ട രീതിയിൽ പത്തു വർഷം അവർ പ്രായശ്ചിത്തം നിർവഹിക്കട്ടെ' എന്നു് ഞങ്ങാം കുറേക്കൂടി മയപ്പെടുത്തി കല്പിക്കുന്നു.

22. മനഃപൂർവം കൊല നടത്തുന്നവർ 'പ്രണാമകരായി' കഴിയട്ടെ. എന്നാൽ ജീവിതാന്ത്യത്തിൽ അവരെ പരിപൂർണ സംസർഗത്തിൽ പ്രവേശിപ്പിക്കാം.

www.malankaralibrary.com



23. മനഃപൂർവമല്ലാത്ത കൊലപാതകത്തിന്, നിശ്ചയിക്കപ്പെട്ട രീതിയിൽ ഏഴുവർഷം പ്രായശ്ചിത്തം ചെയ്യണമെന്ന് ഒരു മുൻകാലഡിക്രി അനുശാസിക്കുന്നു; അവർ അഞ്ചുവർഷം പൂർത്തിയാക്കിയാൽ മതിയെന്ന് ഈ സിനഡ് കല്പിക്കുന്നു.

24. മന്ത്രവാദം ചെയ്യുകയും വിജാതികളുടെ ആചാരങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരും, ആഭിചാരത്തിനും ക്ഷുദ്രപ്രയോഗത്തിനുമായി ആളുകളെ വീട്ടിൽവിളിച്ചുവരുത്തുന്നവരും നിശ്ചയിക്കപ്പെട്ട ക്രമത്തിൽ അഞ്ചുവർഷം കാനനു് വിധേയരാണു്. അതായത്, മൂന്നുവർഷം പ്രണാമകരായും രണ്ടുവർഷം അപ്പംകൂടാതെ പ്രാർത്ഥനയിൽ സമ്പർക്കം പുലർത്തുന്നവരായും കഴിയണം.

25. ഒരാൾ ഒരു യുവതിയുമായി വിവാഹവാഗ്ദാനം നടത്തിയിട്ട്, അവളുടെ സഹോദരിയെ ചീത്തയാക്കി ഗർഭിണിയാക്കി. പിന്നീട് ഉടമ്പടി ചെയ്തവളെതന്നെ അയാൾ വിവാഹം ചെയ്തു. ഉടനെ മററവൾ കെട്ടിഞാന്നു ചത്തു. ഇതുമായി ബന്ധപ്പെട്ടവരെല്ലാം നിശ്ചിത ക്രമത്തിൽ പത്തുവർഷം പ്രായശ്ചിത്തം ചെയ്തിട്ട് വിശ്വാസികളുടെ കൂടെ സ്വീകരിക്കപ്പെടട്ടെ.

## അടിക്കുറിപ്പ്

1. Cfr, NPNF, 14, p. 62–75, Compare with A. Voobus, The Synodicon, I. P. 101–7.
2. P. Schulthess, Die syrischen Kanones, p. 29-31.
3. ജി. ചേടിയത്ത്, സഭാപിതാക്കന്മാർ, പേജ്–212.
4. 'കുർബാനയിലുള്ള സംസർഗം' എന്നർത്ഥം.
5. ഉയിർപ്പു ഞായർ
6. പ്രാചീന സഭ പൊതുവെ രണ്ടാം വിവാഹം നിരുൽസാഹപ്പെടുത്തിയിരുന്നു. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള ബന്ധമത്രേ ഏററം മാതൃകാപരവും മഹനീയവും. എന്നാൽ വിവാഹത്തിന്റെ കടമകൾ മരണംവഴി അവസാനിക്കുന്നു എന്നു് പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു. പുനർവിവാഹം അത്ര പന്തിയല്ല എന്നു് പലരും കരുതി. മിനൂചിയൂസ് ഫേലിക്സ് ഏകഭാര്യാത്വവും ഏക ഭർതൃത്വവും പ്രോൽസാഹിപ്പിക്കുന്നു (ഒക്താവിയസ്, 31.15). വിവാഹം എന്ന പദം ആദ്യവിവാഹത്തിനു മാത്രമേ ഉപയോഗിക്കാവൂ എന്നു് അലക്സാണ്ഡ്രിയയിലെ ക്ലെമൻറ് കരുതി (സ്ട്രോമാത്ത, 2). പാഷണ്ഡികളായ നൊവേ

www.malankaralibrary.com



ഷ്യർ (കത്തറികാം), മോണ്ടനിസ്റ്റുകാം ആദിയായവർ രണ്ടാം വിവാഹത്തെ പാടേ എതിർത്തു. കത്തോലിക്കാസഭ ഇക്കാര്യത്തിൽ കാർക്കശ്യം ആവശ്യപ്പെട്ടില്ല. ജനങ്ങളുടെമേൽ ഭാരമുള്ള നുകം വച്ചുമില്ല. രണ്ടാം വിവാഹം വിലക്കുന്നതോ അതു് വേശ്യാവൃത്തിയായി കരുതുന്നതോ പാഷണ്ഡതയുടെ അടയാളമായി അഗസ്റ്റിൻ കണക്കാക്കി. 'നാം രണ്ടാംവിവാഹം വിലക്കുന്നില്ല; എന്നാൽ കൂടെക്കൂടെയുള്ള വിവാഹം അംഗീകരിക്കുന്നില്ല' എന്നു വി. അംബ്രോസ് (വിധവകളെപ്പററി, 11) പറയുന്നു. 'ഞാൻ രണ്ടാം വിവാഹക്കാരെയും മൂന്നാം വിവാഹക്കാരെയും, പറയാൻ സാധിക്കുമെങ്കിൽ എട്ടാം വിവാഹക്കാരെയും വിധിക്കുന്നില്ല' എന്നു് ജറോംപ്രസ്താവിച്ചതു് ശ്രദ്ധേയമാണു് (ലേഖ. 67).

രണ്ടാം വിവാഹത്തിനു് വിവാഹാശീർവാദം പാടില്ലെന്നു് ഒരു വിലക്കു് പാശ്ചാത്യസഭയിലുണ്ടായിരുന്നു. പൗരസ്ത്യസഭകളിലാകട്ടെ കിരീടധാരണപ്രാർത്ഥന ചൊല്ലിയിരുന്നുമില്ല. അനുതാപസൂചകമായ പ്രാർത്ഥനകാംക്കായിരുന്നു മുൻതൂക്കം. മലങ്കര കത്തോലിക്കാസഭ ഈ രീതി 1973 മുതൽ ഉപേക്ഷിച്ചിരിക്കയാണു്.

നിഖ്യായുടേതായി അറിയപ്പെടുന്ന കാനോനാകളിൽ ഇപ്രകാരം കാണുന്നു: വൈധവ്യം സംഭവിച്ചവർക്കു് പുനർവിവാഹം നടത്താം. 'എന്നാൽ കിരീടധാരണശുശ്രൂഷ നടത്തേണ്ടതില്ല; ആദ്യവിവാഹത്തിനുമാത്രമേ കിരീടധാരണമുള്ളു; അതു് ആവർത്തിക്കേണ്ട ആവശ്യമില്ല. ഒരാാം വൈധവ്യം സംഭവിച്ച ആളല്ലെങ്കിൽ അയാാംക്കുമാത്രം കിരീടധാരണ ശുശ്രൂഷ നടത്താം' (Mansi. II, col. 1029).

## അനുബന്ധം 2

# നെയോ ചെസാറിയാ സിനഡ് (315ൽ)[1]

ക്രി. വ. 314 നും 325 നും ഇടയ്ക്കു് പോന്തുസിലെ നെയോ ചെസാറിയായിൽവച്ചു് ഒരു സിനഡ് നടന്നു. ചില ശിക്ഷണക്രമങ്ങളാം സംബന്ധിച്ചാണു് ഈ സിനഡിൻെറ കാനോനാകാം.

### കാനോനാകൾ (15)

1. വിവാഹം കഴിക്കുന്ന വൈദികനെ സ്ഥാനഭ്രഷ്ടനാക്കണം; എന്നാൽ അവൻ വ്യഭിചാരം ചെയ്താൽ അവനെ കൂട്ടായ്മയിൽ നിന്നു പുറത്താക്കി പ്രായശ്ചിത്തം കൽപ്പിക്കണം.

www.malankaralibrary.com



2. രണ്ടു് സഹോദരന്മാരെ വിവാഹം കഴിക്കുന്ന സ്ത്രീ മരണം വരെ സഭാഭ്രഷ്ടയായിരിക്കട്ടെ. എന്നാൽ മരണാസന്നസമയത്തു് ഒരു കാരുണ്യപ്രവൃത്തി എന്ന നിലയിൽ അവൾക്കു് മോചനം നൽകാം; സുഖം പ്രാപിച്ചാൽ ഈ വിവാഹബന്ധം ഉപേക്ഷിക്കാം എന്നു് അവൾ പ്രഖ്യാപിച്ചിരിക്കണം. എന്നാൽ ഇത്തരം വിവാഹത്തിൽ സ്ത്രീയോ പുരുഷനോ മരിച്ചാൽ അവശേഷിച്ചിരിക്കുന്ന വ്യക്തിക്കു് പാപമോചനം വളരെ പ്രയാസമായിരിക്കും.

3. ഒന്നിലേറെ വിവാഹബന്ധത്തിലേർപ്പെടുന്നവരെ സംബന്ധിച്ചു് പ്രായശ്ചിത്ത കാലാവധി വ്യക്തമാണല്ലോ[2]. എ എന്നാൽ അവരുടെ ജീവിതക്രമം അനുസരിച്ചു് സമയം കുറയ്ക്കാം.

4. ഒരാൾ വ്യഭിചാരോദ്ദേശ്യത്തോടുകൂടി ഒരു സ്ത്രീയെ മോഹിച്ചെങ്കിലും അതു് സംഭവിക്കാതിരുന്നാൽ കൃപയാൽ രക്ഷിക്കപ്പെട്ടു എന്നു് വ്യക്തമാണു്.[3]

5. സ്നാനാർത്ഥികളുടെ ഇടയിൽ സ്ഥാനം ലഭിച്ചയാൾ സഭയിൽ വരികയും പാപത്തിൽ വീഴുകയും ചെയ്താൽ, 'പ്രണാമകൻ' ആണെങ്കിൽ 'ശ്രോതാവായി' തരം താഴ്ത്തപ്പെടണം; അയാൾ മേലിൽ പാപം ചെയ്യുകയുമരുതു്. 'ശ്രോതാവായി'രിക്കുമ്പോഴും പാപം ചെയ്താൽ അയാളെ പുറംതള്ളണം.

6. ആഗ്രഹിക്കുന്ന സമയത്തുതന്നെ ഗർഭിണികൾക്കു് മാമോദീസാ നൽകണം എന്നു് തീരുമാനിക്കുന്നു. കാരണം, അവൾ അതുവഴി ശിശുവിനു് ഒന്നും പകർന്നു കൊടുക്കുന്നില്ല; (ക്രിസ്തുവിനെ) ഏറ്റുപറയുക എന്നതു് വ്യക്തമായി ഓരോ ആളിന്റെയും വ്യക്തിപരമായ അവകാശമാണു്.

7. രണ്ടാം വിവാഹക്കാരുടെ വിവാഹവിരുന്നിൽ വൈദികർ പങ്കെടുക്കരുതു്. കാരണം, പുനർവിവാഹം നടത്തുന്ന ആൾ പ്രായശ്ചിത്തത്തിനു കടപ്പെട്ടവനാകയാൽ, അത്തരം വിവാഹത്തിന്റെ ആഘോഷങ്ങളിൽ പങ്കെടുത്തു് അതംഗീകരിക്കുന്ന വൈദികൻ ഏതു രീതിയിലുള്ള പുരോഹിതനായിരിക്കും?[4]

8. ആരുടെയെങ്കിലും ഭാര്യ വ്യഭിചാരിണിയായി തീരുകയും അതു് വ്യക്തമായി വെളിപ്പെടുകയും ചെയ്താൽ, അയാൾ സഭാശുശ്രൂഷകനാകാൻ പാടില്ല; അയാളുടെ പട്ടത്തിനുശേഷം അവൾ വ്യഭിചാരിണിയായി തീർന്നെങ്കിൽ അവളെ ഉപേക്ഷിക്കണം. അവളെക്കൂടെ തുടർന്നു് പാർപ്പിച്ചാൽ അവൻ സഭാശുശ്രൂഷ നടത്തരുതു്.[5]

9. ജഡിക പാപത്തിൽ വീണയാൾ പട്ടം സ്വീകരിക്കുകയും പിന്നീടതു് ഏറ്റുപറയുകയും ചെയ്താൽ തുടർന്നു് ബലി അർപ്പിക്കരുതു്. എന്നാൽ മറ്റു് സംഗതികളിലുള്ള തീക്ഷ്ണത പരിഗണിച്ചു് അയാൾ മറ്റു് സഭാശുശ്രൂഷകൾ നിർവഹിക്കട്ടെ.

www.malankaralibrary.com



പട്ടം മററു പാപങ്ങളെല്ലാം നീക്കിക്കളയുന്ന എന്നാണ് ഭൂരിപക്ഷവും അഭിപ്രായപ്പെട്ടത്. എന്നാൽ അയാൾ ഏററുപറയാതെയും തെററ് തെളിയിക്കപ്പെടാതെയും ഇരുന്നാൽ അതു സംബന്ധിച്ചുള്ള തീരുമാനം അയാളെ ആശ്രയിച്ചിരിക്കുന്നു.

10. അതുപോലെ, ഒരു ഡീക്കൻ ഇത്തരം പാപത്തിൽ വീണാൽ അയാൾ സബ്ഡീക്കന്റെ ശുശ്രൂഷകൾ നിർവഹിക്കട്ടെ.

11. എല്ലാത്തരത്തിലും യോഗ്യനായിരുന്നാലും മുപ്പതു വയസ്സിനുമുൻപ് ആർക്കും പട്ടം കൊടുക്കരുത്; മറിച്ച്, അയാൾ കാത്തിരിക്കട്ടെ. കാരണം, നമ്മുടെ കർത്താവിശോമിശിഹാ സ്നാനം സ്വീകരിച്ചതും പഠിപ്പിക്കാൻ തുടങ്ങിയതും മുപ്പതാം വയസ്സിലാണ്.

12. രോഗഗ്രസ്ഥനായിരുന്നപ്പോൾ മാമോദീസാ സ്വീകരിച്ചയാളെ വൈദികസ്ഥാനത്തേക്ക് പ്രവേശിപ്പിച്ചുകൂടാ. കാരണം, അയാളുടെ വിശ്വാസപ്രഖ്യാപനം സ്വമേധയാ അല്ല, സാഹചര്യം കൊണ്ടാണ്. എങ്കിലും അയാളുടെ തുടർന്നുള്ള തീക്ഷ്ണതയും വിശ്വാസവും യോഗ്യരായ ആളുകളുടെ അഭാവവും പരിഗണിച്ച് അയാളെയും സ്വീകരിക്കാവുന്നതാണ്.

13. ഗ്രാമത്തിലെ വൈദികൻ നഗരത്തിലെ പള്ളികളിൽ നഗരത്തിലെ മെത്രാനും വൈദികരും സന്നിഹിതരായിരിക്കുമ്പോൾ അർപ്പണം നടത്തുകയോ, അപ്പവും കാസായും പ്രാർത്ഥിച്ചു കൊടുക്കുകയോ ചെയ്യരുത്. അവരാരും അടുത്തില്ല, അയാൾ മാത്രമേ ലഭ്യമായിട്ടുള്ളു എന്നു വരുന്ന സാഹചര്യത്തിൽ അയാൾക്കും ആകാം.

14. കോറെപ്പിസ്കോപ്പാമാർ എഴുപതു പേരുടെ സ്ഥാനത്താണ്. ദരിദ്രരോടുള്ള താല്പര്യം നിമിത്തവും, സഹശുശ്രൂഷകരെന്ന നിലയിലും അവർക്ക് അർപ്പണം നടത്താൻ അവകാശമുണ്ട്.

15. പട്ടണം വലുതാണെങ്കിലും കാനൻ അനുസരിച്ച് ഡീക്കന്മാർ ഏഴുപേരേ ആകാവൂ. ഇതു നടപടി പുസ്തകത്തിൽ നിന്ന് വ്യക്തമാണല്ലോ.[6]

## അടിക്കുറിപ്പ്

1. NPNF2, 14. p. 79–86. Compare with A. Voobus, op. cit. p. 107–109.

2. ഒരേ സമയം രണ്ട് വിവാഹം കഴിച്ചവർക്ക് പിൽക്കാലത്ത് ഒരു വർഷം പ്രായശ്ചിത്തവും, മൂന്നു വിവാഹം കഴിച്ചവർക്ക്

www.malankaralibrary.com



രണ്ടുമുതൽ അഞ്ചുവർഷംവരെ പ്രായശ്ചിത്തവും നിശ്ചയിക്കപ്പെട്ടിരുന്നു. വി. ബേസിൽ ഇക്കൂട്ടരെ 'ശ്രോതാക്കളുടെ'കൂടെ മൂന്നുവർഷവും, പ്രാർത്ഥനകളിൽ 'സമ്പർക്കം പുലർത്തുന്നവരുടെ' കൂടെ കുറേ സമയവും ഉൾപ്പെടുത്തുന്നു. ഇതു് പാരമ്പര്യത്തിലൂടെ കൈവന്ന നിയമമാണെന്നു് ആംഫിലോക്കിയൂസിനുള്ള കത്തിൽ (കാനൻ,4) അദ്ദേഹം വ്യക്തമാക്കുന്നു.

3. പാപപ്രേരണ, പ്രേരണയ്ക്കെതിരിയുള്ള പ്രവർത്തനം, സമ്മതം, പാപപ്രവൃത്തി എന്നിങ്ങനെ നാലു് ഘട്ടങ്ങളായി പ്രലോഭനത്തെ തിരിക്കുന്നവരുണ്ടു്. ആദ്യത്തേ രണ്ടും പാപമല്ല. ആദ്യത്തെ രണ്ടു് ഘട്ടങ്ങളെപ്പറ്റിയാകാം ഇവിടെ പരാമർശനം. അല്ലാതെ പാപം ചെയ്യാനുള്ള സമ്മതം (ഉദ്ദേശ്യം) അല്ല.

4. മുകളിൽ പേജ് 367–8 നോക്കുക.

5. വിവാഹിതർക്കു് വൈദികാന്തസ്സിൽ പ്രവേശിക്കാം എങ്കിലും പാപത്തിന്റെ ലാഞ്ചന പോലും അവക്കുണ്ടാകുവാൻ പാടില്ല എന്നു് കാനൻ അനുശാസിക്കുന്നു.

6. നടപടി,6.

## അനുബന്ധം 3

## ഗാംഗ്ര സിനഡ്[1] (ക്രി. വ. 325നും 331നും ഇടയ്ക്കു്[2])

പഫ്ലഗോണിയായിലെ ഗാംഗ്രയിൽ വച്ചു് എവുസേബിയസിന്റെ നേതൃത്വത്തിൽ 13 മെത്രാന്മാരുടെ ഒരു സിനഡ് നടന്നു. ഏലിയൻ, എവുജേനിയൂസ്, ഒളിംപിയൂസ്, ബിത്തീനിക്കുസ്, ഗ്രിഗറി, ഫിലേത്തൂസ്, പാപ്പൂസ്, എവുലാലിയൂസ്, ഹിപ്പാസ്യൂസ്, പ്രോഎരേസ്യൂസ്, ബേസിൽ, ബാസ്സൂസ് എന്നിവരായിരുന്നു മറ്റു് മെത്രാന്മാർ. അർമേനിയായിലെ സെബാസ്റ്റ്രുപതാധ്യക്ഷൻ എവുസ്താത്യോസ് അവിടെയുള്ള സഭയിൽ ചില നവീകരണങ്ങൾ നടത്തി. അന്നുവരെ സഭയിൽ നടപ്പിലിരുന്ന പാരമ്പര്യങ്ങൾക്കെതിരെ അദ്ദേഹം പഠിപ്പിച്ചു. അവ താഴെപ്പറയുന്നവയാണു്: വിവാഹത്തെ വെറുത്തു. വിവാഹിതർക്കു് സ്വർഗരാജ്യപ്രവേശനം അസാധ്യമാണു് എന്നു പഠിപ്പിച്ചു. സ്ത്രീപുരുഷന്മാർ വിവാഹപങ്കാളിയെ ഉപേക്ഷിക്കാൻ പ്രേരിപ്പിച്ചു. സ്വയം നിയന്ത്രണത്തിനു് അശക്തരായിത്തീർന്നതിനാൽ അവർ വ്യഭിചാരത്തിലേക്കു് തിരിഞ്ഞു. വൈ-

www.malankaralibrary.com



ത്തിന്റെ സഭയിൽ നിന്നും സഭായോഗങ്ങളിൽനിന്നും അകന്നു മാറി രഹസ്യയോഗങ്ങൾ സംഘടിപ്പിച്ചു. സഭാംഗങ്ങളെ പുച്ഛിച്ച് സംസാരിക്കാനും നിന്ദിക്കാനും, തങ്ങളാണ് യഥാർത്ഥ ക്രൈസ്തവരെന്ന് വീമ്പടിക്കാനും തുടങ്ങി. പ്രത്യേകവസ്ത്രം ഉണ്ടാക്കി ഉപയോഗിച്ചു. സഭാവരുമാനമെടുത്ത് തങ്ങളുടെ ആളുകളുടെ ഇടയിൽ വിതരണം ചെയ്തു. യജമാനന്മാരെ ധിക്കരിച്ച് അവരിൽ നിന്ന് ഓടിപ്പോകാൻ അടിമകളെ പ്രേരിപ്പിച്ചു. സ്ത്രീകൾ മുടി പറെറവെട്ടി; പുരുഷന്മാരുടെ വസ്ത്രം ധരിച്ചു. ഇതിനാൽ നീതീകരിക്കപ്പെടുമെന്ന് അവർ കരുതി. കർതൃദിവസം ഉപവസിക്കയും സഭയിലെ ഉപവാസദിവസം അനുഷ്ഠിക്കാതിരിക്കുകയും ചെയ്തു. മാംസാഹാരം നിഷിദ്ധമെന്ന് വിധിച്ചു. വിവാഹിതരുടെ ഭവനങ്ങളിലെ പ്രാർത്ഥനകൾ മുടക്കി. വിവാഹിതരായ പട്ടക്കാരുടെ ബലികളിൽ പങ്കെടുക്കാൻ വിസമ്മതിച്ചു രക്തസാക്ഷികളുടെ ബഹുമാനാർത്ഥമുള്ള സഭായോഗങ്ങളെ പുച്ഛിച്ചുതള്ളി.

ഇതിനെതിരെ സിനഡ് എവുസ്താത്യോസിനെ കുററപ്പെടുത്തുകയും [3] കാനോനാകൾ പാസ്സാക്കുകയും അർമേനിയൻ സഭയ്ക്ക് ഒരു സിനഡൽലേഖനം അയയ്ക്കുകയും ചെയ്തു.

## കനോനാകൾ (20)

1. വിവാഹം വിലക്കുകയോ, വിശ്വാസിനിയും ഭക്തയും സ്വഭർത്താവിന്റെ കൂടെ പാർക്കുന്നവളുമായ ഭാര്യയെ സ്വർഗരാജ്യത്തിനർഹയല്ല എന്നു പറഞ്ഞ് നിന്ദിച്ച് ശപിക്കുകയോ ചെയ്യുന്നവൻ ശപിക്കപ്പെടട്ടെ.[4]

2. രക്തം കൂടാത്തതും വിഗ്രഹങ്ങൾക്കർപ്പിക്കാത്തതും കഴുത്തു ഞെരിച്ച് കൊന്ന മൃഗത്തിൽ നിന്നല്ലാത്തതുമായ മാംസം ഭക്ഷിക്കുന്ന ഭക്തനായ വിശ്വാസിയെ, ഭക്ഷണം നിമിത്തം, രക്ഷയെക്കുറിച്ച് പ്രതീക്ഷ നശിച്ചവൻ എന്ന നിലയിൽ വിധിച്ചു തള്ളുന്നവൻ ശപിക്കപ്പെടട്ടെ.

3. സ്വന്തം യജമാനനെ നല്ല മനസ്സോടും എല്ലാവിധ ബഹുമാനത്തോടുംകൂടെ സേവിക്കാതെ, അയാളെ നിന്ദിച്ച് ഭക്തിയുടെ പേരിൽ അയാളുടെ സേവനത്തിൽനിന്ന് ഓടിപ്പോകാൻ പ്രേരിപ്പിക്കുന്നവൻ ശപിക്കപ്പെടട്ടെ.

4. വിവാഹിതനായ പട്ടക്കാരൻ അർപ്പിക്കുന്ന കുർബാനയിൽനിന്ന് സ്വീകരിക്കാൻ പാടില്ല എന്ന് പഠിപ്പിക്കുന്നവൻ ശപിക്കപ്പെടട്ടെ.

5. ദൈവഭവനവും അവിടത്തെ സഭായോഗ്യവും നിന്ദ്യമാണെന്ന് പഠിപ്പിക്കുന്നവൻ ശപിക്കപ്പെടട്ടെ.

www.malankaralibrary.com



6. സഭയ്ക്കുപുറത്തു രഹസ്യസമ്മേളനങ്ങൾ നടത്തുകയും കനോനാകളെ ധിക്കരിക്കുകയും സഭാകർമ്മങ്ങൾ ചെയ്യുന്നു എന്നു കരുതുകയും മെത്രാന്റെ അനുവാദം കൂടാതെയും വൈദികന്റെ സാന്നിദ്ധ്യം കൂടാതെയും പ്രവർത്തിക്കുകയും ചെയ്യുന്നവൻ ശപിക്കപ്പെടട്ടെ.

7. ദേവാലയത്തിൽ അർപ്പിച്ച വസ്തുക്കൾ എടുക്കാൻ മുതിരുകയോ, മെത്രാന്റെയോ ചുമതലയുള്ള വ്യക്തിയുടെയോ അനുവാദം കൂടാതെ അവ പള്ളിക്കു പുറത്തെടുക്കുകയോ, ചുമതലയുള്ള ആളിന്റെ തീരുമാനമനുസരിച്ച് പ്രവർത്തിക്കാൻ കൂട്ടാക്കാതിരിക്കുകയോ ചെയ്യുന്നവൻ ശപിക്കപ്പെടട്ടെ.

8. മെത്രാനോ, സഭാസ്വത്തുക്കളുടെ ചുമതലക്കാരനായി അദ്ദേഹം നിശ്ചയിച്ചിരിക്കുന്ന വ്യക്തിയോ അല്ലാതെ ആരെങ്കിലും സഭാസ്വത്തുക്കൾ വിററാൽ വില്ക്കുന്നവനും വാങ്ങുന്നവനും ശപിക്കപ്പെടട്ടെ.

9. കന്യാത്വത്തിന്റെ ഔന്നത്യവും പരിശുദ്ധിയും പരിഗണിക്കാതെ, വിവാഹത്തെ വെറുക്കുന്നതുകൊണ്ടു മാത്രം കന്യകയായിരിക്കുകയും വിരക്തി പാലിക്കുകയും വിവാഹത്തിൽനിന്ന് ഒഴിഞ്ഞിരിക്കുകയും ചെയ്യുന്നവർ ശപിക്കപ്പെടട്ടെ.

10. കർത്താവിനെ പ്രതി ബ്രഹ്മചാരിയായി ജീവിക്കുകയും അതേസമയം വിവാഹിതരെനിന്ദിക്കുകയും ചെയ്യുന്നയാൾ ശപിക്കപ്പെടട്ടെ. [5]

11. വിശ്വാസത്താൽ പ്രേരിതനായി 'അഗാപ്പെ' നടത്തുകയും കർത്തൃസ്നേഹത്താൽ സഹോദരങ്ങളെ ക്ഷണിക്കുകയും ചെയ്യുമ്പോൾ, അതിനെ നിന്ദിച്ച് ക്ഷണം സ്വീകരിക്കാൻ വിസമ്മതിക്കുന്നവർ ശപിക്കപ്പെടട്ടെ.

12. ആത്മീയതയുടെ പേരിൽ പെരിബോലെയം (periboloeum) ധരിക്കുകയും അതു് അവനെ നീതീകരിക്കുന്നു എന്നചിന്തയാൽ, ഭക്തിപൂർവം ബേറൂസും (Berus) മററ് സാധാരണ പതിവുള്ള വസ്ത്രങ്ങളും ധരിക്കുന്നവരെ നിന്ദിക്കുകയും ചെയ്യുന്നവർ ശപിക്കപ്പെടട്ടെ. [6]

13. ആത്മീയതയുടെ പേരിൽ സ്വന്തവസ്ത്രം മാററി, സ്ത്രീകൾക്ക് സാധാരണമായിട്ടുള്ള വസ്ത്രത്തിനുപകരം പുരുഷന്മാരുടെ വസ്ത്രം ധരിക്കുന്ന സ്ത്രീകൾ ശപിക്കപ്പെടട്ടെ.

14. വിവാഹത്തെ വെറുക്കുന്നതിന്റെ പേരിൽ ഭർത്താക്കന്മാരെ ഉപേക്ഷിച്ച് ഇറങ്ങി പുറപ്പെടാൻ തീരുമാനിക്കുന്ന സ്ത്രീകൾ ശപിക്കപ്പെടട്ടെ.

www.malankaralibrary.com



15. മക്കളെ ഉപേക്ഷിക്കുകയോ, കഴിവനുസരിച്ച് അവരെ വളർത്തുകയോ ഭക്തിയിൽ അഭ്യസിപ്പിക്കാതിരിക്കയോ ചെയ്ത് സന്യാസത്തിന്റെ പേരിൽ അവരെ അവഗണിക്കുന്നവർ ശപിക്കപ്പെടട്ടെ.

16. 'ഭക്തി'യുടെ പേരിൽ മാതാപിതാക്കളെ, പ്രത്യേകിച്ച് വിശ്വാസികളായ മാതാപിതാക്കളെ ഉപേക്ഷിക്കുകയോ, അവർക്കർഹമായ ബഹുമാനം കൊടുക്കാതിരിക്കുകയോ, മാതാപിതാക്കളേക്കാൾ 'ഭക്തി'ക്കു പ്രാധാന്യം നൽകുന്നു എന്ന വ്യാജേന[7] വ്യാപരിക്കുകയോ ചെയ്യുന്ന കുട്ടികൾ ശപിക്കപ്പെടട്ടെ.

17. വിധേയത്വത്തിന്റെ അടയാളമായി ദൈവം സ്ത്രീകൾക്കു കൊടുത്തിരിക്കുന്ന മുടി[8] ഭക്തിയുടെ നാട്യത്തിൽ മുറിച്ചുകളഞ്ഞു് ദൈവികശാസനയെ ധിക്കരിക്കുന്ന സ്ത്രീകൾ ശപിക്കപ്പെടട്ടെ.

18. സന്യാസത്തിന്റെ പേരിൽ ഞായറാഴ്ച ഉപവസിക്കുന്നവർ ശപിക്കപ്പെടട്ടെ.

19. ഏതെങ്കിലും താപസ്സൻ, പ്രത്യേകശാരീരിക കാരണം കൂടാതെ സഭ നിശ്ചയിച്ച് പൊതുവെ ആചരിക്കുന്ന ഉപവാസങ്ങളെ അവഗണിക്കുകയും ധിക്കാരപൂർവ്വം പെരുമാറുകയും ചെയ്താൽ, ഇതു സംബന്ധിച്ച് അവനു് ശരിയായ അറിവുള്ളതിനാൽ അവൻ ശപിക്കപ്പെടട്ടെ.

20. രക്തസാക്ഷികളുടെ ഓർമ്മദിവസമുള്ള സമ്മേളനങ്ങളെയും, അവിടെ നടക്കുന്ന ശുശ്രൂകളെയും, അവരുടെ അനുസ്മരണകളെയും ധിക്കാരപൂർവം നിന്ദിച്ച് പുച്ഛിക്കുന്നവൻ ശപിക്കപ്പെടട്ടെ.

## അടിക്കുറിപ്പ്

1. NPNF 2, 14, p. 87-101: Compare with A. Voobus, op.cit. p. 109-110.

2. സിനഡ് 365ലാണെന്ന് സോക്രാട്ടസും (സഭാ. 2. 33) 340 ലാണെന്ന് സൊസോമനും (സഭാ. 4. 24) പറയുന്നു.

3. സൊക്രാ. സഭാ. 2. 43; സൊസോ. സഭാ. 3. 14; ബേസിൽ, ലേഖ. 223.

4. കന്യാത്വത്തിന്റെ ഔന്നത്യത്താൽ ആകൃഷ്ടരായി നിരവധിയാളുകൾ അവിവാഹിതരായി ജീവിച്ചു. വി. ഗ്രന്ഥവും പിതാക്കന്മാരും അവരെ പ്രേരിപ്പിച്ചു (മത്താ, 19: 12; 1 കൊരി. 7 : 38; വെളി.14:4; ഹെർമാസിന്റെ ഇടയൻ, ഉപമ, X:11 ജസ്റ്റിൻ, അപ്പോളജി, 1: 15). സിപ്രിയാൻ, അത്തനാസ്യോസ്, യറുശലേ

www.malankaralibrary.com



മിലെ സിറിൽ,അഗസ്റ്റീനോസ് ആദിയായ പിതാക്കന്മാർ കന്യാത്വത്തിന്റെ മഹത്വം ഉയർത്തിക്കാട്ടിയവരാണ്. എന്നാൽ ഈ സംഗതി സംബന്ധിച്ച് ചില ക്രിസ്ത്യാനികൾ വഴിപിഴച്ചുപോകുകയും വിവാഹിതരെ അപലപിക്കുകയും ചെയ്തു. അതേപ്പററിയാണ് കാനാൻ സൂചിപ്പിക്കുന്നത്.

5. റോമിലെ ക്ലെമന്റ്,1 കൊറി. 38;അന്ത്യോക്യയിലെ ഇഗ്നേഷ്യസ്, പോളിക്കാർപ്പിനു്, 5 എന്നിവയുമായി താരതമ്യപ്പെടുത്തുക.

6. താപസികർ ധരിക്കുന്നതുപോലെയുള്ള നീണ്ട വസ്ത്രം; മററതു് പുരുഷന്മാർ ധരിക്കുന്ന മേൽവസ്ത്രമാണ്.

7. മത്താ. 15 മായി താരതമ്യപ്പെടുത്തുക.

8. 1 കൊറി. 11, 10 കാണുക.

9. ദൈവത്തിന്റെ സഭയിൽ യഥാർത്ഥസന്യാസിയായി ജീവിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സിനഡ് തടസ്സം നിൽക്കുകയല്ല. മിതത്വത്തോടും താഴ്മയോടും സഭാകാനൻ അനുസരിച്ച് സഭയിൽ വ്യാപരിക്കണമെന്നു മാത്രമേ ഇതുകൊണ്ടു് ഉദ്ദേശിക്കുന്നുള്ളു എന്ന് പിതാക്കന്മാർ വ്യക്തമാക്കുന്നു.

www.malankaralibrary.com

# പേരുകൾ

## (മലയാളം-ഇംഗ്ലീഷ്)

| | |
|---|---|
| അകാപ്പിയുസ് | Acacius |
| അക്കില്ലെസ് | Achilles |
| അഗസ്റ്റീനോസ് | Augustine |
| അത്തനാസ്യോസ് | Athanasius |
| അദെൽഫിയുസ് | Adelphius |
| അനസ്താസ്യൂസ് | Anastasius |
| അനിയാനുസ് | Anianus |
| അനോമയർ | Anomoeans |
| അൻത്രൂസാ | Anthusa |
| അന്തോണിയുസ് | Antony |
| അന്ത്യോക്കസ് | Antiochus |
| അൻഡ്രഗാത്തിയുസ് | Andragathius |
| അപ്പൊള്ളിനാരീസ് | Apollinaris |
| അമ്മോണാസ് | Ammonas |
| അംബ്രോസ് | Ambrose |
| അസ്ക്ലെപ്പാസ് | Asclepas |
| അസ്തേരിയുസ് | Asterius |
| അലക്സാണ്ടർ | Alexander |
| അൽബിയാൻ | Albianus |
| അർക്കേഡിയുസ് | Arcadius |
| അർസേനിയുസ് | Arsenius |
| ആഫ്രിക്കാനുസ് | Africanus |
| ആമ്മൻ | Ammon |
| ആംഫിലോക്കിയുസ് | Amphilochius |
| ആരിയുസ് | Arius |
| ഇന്നസെൻറ് | Innocent |
| ഇസിദോർ | Isidore |
| ഈശോയാബ് | Ishoyahb |
| ഉർസാചിയുസ് | Ursacius |
| എൻക്രത്തീത്തർ | Encratites |
| എപ്പിക്റ്റെറസ് | Epictetus |
| എപ്പിഫാനിയസ് | Epiphanius |
| എഫ്രേം | Ephraem |
| എമ്മേലിയ | Emmelia |
| എലെവ്സിയുസ് | Eleusius |
| എവാഗ്രിയുസ് | Evagrius |
| എവുഡോക്സിയ | Eudoxia |
| എവുണോമിയുസ് | Eunomius |
| എവുത്തീമിയുസ് | Euthymius |
| എവുത്തേരിയുസ് | Eutherius |
| എവുത്രോപ്പിയുസ് | Eutropius |
| എവുപ്സിയുസ് | Euoptius |
| എവുലാലിയുസ് | Eulalius |
| എവുസേബിയുസ് | Eusebius |
| എവുസോയിയുസ് | Euzoius |
| എവുളോഗിയുസ് | Eulogius |
| എവുസ്താത്യൂസ് | Eustathius |
| ഏസ്യൂസ് | Aetius |
| ഒരിജൻ | Origen |
| ഒളിംപിയുസ് | Olympius |
| ഔഗേൻ | Augen |
| കസ്സിയദോർ | Cassiodorus |
| കർപ്പോണെസ് | Carpones |
| കൊള്ളൂഷ്യനിസ്റ്റുകൾ | Collucianists |
| കോൺസ്റ്റൻറൈൻ | Constantine |
| കോൺസ്റ്റാൻസ് | Constans |
| കോൺസ്റ്റാൻസ്യാ | Constantia |
| കോൺസ്റ്റാൻസ്യൂസ് | Constantius |
| കോസ്മാസ് | Cosmas |
| ക്ലെമെൻറ് | Clement |
| ക്രൊമാസ്യൂസ് | Chromatius |
| ഗായുസ് | Gaius |
| ഗെമെല്ലീത്തർ | Gemelli |
| ഗ്രിഗറി | Gregory |
| ചെചീലിയൻ | Cecilian |
| ചെസാരിയുസ് | Caesarius |
| ജന്നാഡിയുസ് | Gennadius |
| ജലാസിയുസ് | Gelasius |
| ജസ്റ്റീനിയൻ | Justinian |
| ജർമാനുസ് | Germanus |
| ജർമീനിയുസ് | Germinius |
| ജറോം | Jerome |
| ജൂലിയൻ | Julian |
| ജൂലിയസ് | Julius |
| ജോൺ കാസ്സിയൻ | John Cassian |
| ,, ക്രിസോസ്റ്റോം | JohnChrysostom |
| ,, ഡമഷേൻ | John Damascene |
| ടൈററസ് | Titus |
| ഡിയഡോക്കസ് | Diadochus |
| ഡേഷ്യസ് | Decius |
| ഡൊറോത്തേയുസ് | Dorotheus |
| ഡ്രക്കോൺസ്യൂസ് | Dracontius |

www.malankaralibrary.com



| | |
|---|---|
| തലാസ്സിയൂസ് | Thalassius |
| തെയോഗ്നോസ്റ്റുസ് | Theognostus |
| തെയോഗ്നിസ് | Theognis |
| തെയോഡൊളൂസ് | Theodolus |
| തെയോഡോട്ടൂസ് | Theodotus |
| തെയോനാസ് | Theonas |
| തെയോഫിലസ് | Theophilus |
| തെയോഫ്രോണിയൂസ് | Theophronius |
| തെയോസൊബെയാ | Theosobea |
| തിയഡൊറെറ്റ് | Theodoret |
| തിയഡോഷ്യസ് | Theodosius |
| ദിയദോർ | Diodore |
| ദിദീമൂസ് | Didymus |
| ദിവന്നാസ്യോസ് | Dionysius |
| ദോമ്നൂസ് | Domnus |
| നർചീസൂസ് | Narcissus |
| നിക്കോസിയൂസ് | Nicosius |
| നിസെഫൊറൂസ് | Nicephorus |
| നിസേറ്റാസ് | Nicetas |
| നീലൂസ് | Nilus |
| നെക്താരിയൂസ് | Nectarius |
| നെമേസിയൂസ് | Nemesius |
| നെസ്തോറിയൂസ് | Nestorius |
| നൊണ്ണാ | Nonna |
| നോണ്ണൂസ് | Nonnus |
| പക്കോമിയൂസ് | Pachomius |
| പത്രോഫീലൂസ് | Patrophilus |
| പംഫീലൂസ് | Pamphilus |
| പല്ലാഡിയൂസ് | Palladius |
| പെലാജിയ | Pelagia |
| പുൾക്കേറിയ | Pulcheria |
| പൊളീബിയൂസ് | Polybius |
| പൊർഫീരി | Porphyry |
| പൊളിക്രോണിയോസ് | Polychronios |
| പൗളീനൂസ് | Paulinus |
| പ്ന്യൂമാത്തോമാക്കോയ് | Pneumatomakoi |
| പ്ളേറ്റോ | Plato |
| പ്രൊത്തോജെനെസ് | Protogenes |
| പ്രൊസ്ദോസ് | Prosdoce |
| പ്രോക്ലൂസ് | Proclus |
| ഫക്കൻഡൂസ് | Facundus |
| ഫിലൊഗോണിയൂസ് | Philogonius |
| ഫിലൊസ്തോർജിയൂസ് | Philosthorgius |
| ഫൊത്തീനൂസ് | Photinus |
| ഫോസിയൂസ് | Photius |
| ഫ്ളാച്ചില്ല | Flacilla |
| ഫ്ളാച്ചില്ലൂസ് | Flacillus |
| ഫ്ളാവിയൻ | Flavian |
| ബസ്സേലിയോസ് | Basil |
| ബനഡിക്റ്റ് | Benedict |
| ബാബിലാസ് | Babylas |
| ബെരെനീസ് | Berenice |
| ബേസിൽ | Basil |
| മക്കാരിയോസ് | Macarios |
| മക്രീന | Macrina |
| മർക്കോസ് സന്യാസി | Marcus Eremita |
| മർസെല്ലൂസ് | Marcellus |
| മാക്സിമിനൂസ് | Maximinus |
| മാക്സിമൂസ് | Maximus |
| മാരിയൂസ്– മെർക്കത്തോർ | Marius Mercator |
| മാരിയൂസ്– വിക്തോറിനൂസ് | Marius– Victorinus |
| മാരിസ് | Maris |
| മാൽക്കിയോൻ | Malchion |
| മാസിഡോണിയൂസ് | Macedonius |
| മീഞ്ഞ് | Migne |
| മെത്തോഡിയോസ് | Methodius |
| മെലീഷ്യസ് | Melitius |
| മെലേസ്യൂസ് | Meletius |
| മെസ്സാലിയർ | Messalians |
| മേനാസ് | Menas |
| മൊദെസ്തൂസ് | Medestus |
| ലിചീനിയൂസ് | Licinius |
| ലിബാനിയൂസ് | Libanius |
| ലിബേരിയൂസ് | Liberius |
| ലൂചി(സി)യൻ | Lucian |
| ലൂചിയസ് | Lucius |
| ലെയോ | Leo |
| വാലെൻസ് | Valens |
| വിജീലിയൂസ് | Vigilius |
| വെനേരിയൂസ് | Venerius |
| ഷെനൂദ് | Shenoute |
| സബെല്ലിയൂസ് | Sabellius |
| സ്റ്റഗീറിയൂസ് | Stagirius |
| സാബോറീശോ | Sabariso |
| സിക്സ്റ്റൂസ് | Sixtus |
| സിനേസിയൂസ് | Synesius |
| സിറിൽ | Cyril |
| സുൽപീചിയൂസ് | Sulpicius |
| സെക്കൻഡൂസ് | Secundus |
| സെലസ്റ്റിൻ | Celestine |
| സെവേരിയൻ | Severian |
| സെവേരൂസ് | Severus |
| സെറാപിയോൻ | Serapion |
| സൊക്രാട്ടസ് | Socrates |

www.malankaralibrary.com



| | |
|---|---|
| സൊസോമെൻ | Sozomen |
| ഹിപാസ്യ | Hypatia |
| ഹിപ്പോളിററസ് | Hippolytus |
| ഹെല്ലാഡിയൂസ് | Helladius |
| ഹിലരി | Hilary |
| ഹെർമിയാനെ | Hermiane |
| ഹെസീക്കിയൂസ് | Hesychius |

| | |
|---|---|
| ഹൊമൊയർ | Homoeans |
| ഹോസിയൂസ് | Hosius |
| ഹോർസിയെസി | Horsiesi |
| റാബുള | Rabbulla |
| റുഫീനസ് | Rufinus |
| റുഫിയാനസ് | Rufianus |
| റൊമാനോസ് | Romanos |

# സ്ഥലനാമങ്ങൾ

## (മലയാളം—ഇംഗ്ലീഷ്)

| | |
|---|---|
| അത്രിപ്പേ | Atripe |
| അൻസീറ | Ancyra |
| അന്ത്യോക്യ | Antiochea |
| അപ്പമേയ | Apamea |
| അമാസെയാ | Amasea |
| അരിയാൻസൂം | Arianzum |
| അരെത്തൂസാ | Arethusa |
| അലക്സാന്ത്രിയ | Alexandria |
| അർമേനിയ | Armenia |
| ആതൻസ് | Athens |
| ആറംസ് | Arles |
| ഇക്കോണിയം | Iconium |
| ഇല്ലിരിക്കം | Illiricum |
| ഇല്ലീരിയാ | Illiria |
| ഇസൗറിയ | Isauria |
| ഈജിപ്ത് | Egypt |
| എഡേസ്സ | Edessa |
| എപ്പീരൂസ് | Epirus |
| എമേസ | Emesa |
| എലെവുത്തെരോപ്പോലീസ് | Eleutheropolis |
| എവുബെയാ | Euboea |
| ഐറിസ് | Iris |
| കപ്പദോചിയ | Cappadocia |
| കൽക്കദോനിയ | Chalcedon |
| കലാബ്രിയ | Calabria |
| കാൽചിസ് | Calcis |
| കാൽസിഡോൺ | Calcedon |
| കാർത്തേജ് | Carthage |
| കുക്കുസൂസ് | Cucusus |

| | |
|---|---|
| കൊർദോബാ | Cordoba |
| കോൺസ്റ്റാൻറിനോപ്പിൾ | Constantinople |
| കൈസറിയ | Caesarea |
| ഗാബാല | Gabala |
| ഗാറം | Gaul |
| ഗാസാ | Gaza |
| ചെലേദ | Celeda |
| ചെസാറിയ | Caesarea |
| ടയർ | Tyre |
| തർസോസ് | Tarsus |
| തിയാനാ | Tyana |
| തൊളെമായിസ് | Ptolemais |
| ത്രേവെസ് | Treves |
| ദെർ–ബലിസെ | Der–Balizeh |
| നസ്യാൻസൂസ് | Nazianzus |
| നിക്കൊമേദിയ | Nicomedia |
| നിഖ്യാ | Nicaea |
| നിത്രിയ | Nitria |
| നീസ്സാ | Nyssa |
| നെയോ ചെസാറിയ | Neo Caesarea |
| നെറോണിയ | Neronia |
| പനോപ്പൊളീസ് | Panopolis |
| പലസ്തീന | Palestine |
| പിത്യൂസ് | Pityus |
| പെലൂസിയം | Pelusium |
| പോൻതൂസ് | Pontus |
| പൗരസ്ത്യം | Oriens |
| പ്തൊളെമായിസ് | Ptolemais |
| ഫിനീഷ്യ | Phoenicia |
| ഫൊത്തീസ് | Photice |

www.malankaralibrary.com



Homoeans
Hosius
Horsiesi
Rabbulla
Rufinus
Rufianus
Romanos

| | | | |
|---|---|---|---|
| ബരീത്തൂസ് | Berytus | സാർദിക്ക | Sardica |
| ബെറോയാ | Beroea | സിൻജിദൂണം | Singidunum |
| ബൊസ്ട്രാ | Bostra | സിസിക്കൂസ് | Cyzicus |
| ഗ്നേഷ്യ | Magnesia | സിസിലി | Sicily |
| ർമറിക്ക | Marmarica | സിർമിയം | Sirmium |
| ാസിഡോണിയ | Macedonia | സിറിയ | Syria |
| മസപ്പൊട്ടേമിയ | Mesopotamia | സീദ് | Side |
| ർസ | Mursa | സെബാസ്റ്റെ | Sebaste |
| റുശലേം | Jerusalem | സെലൂഷ്യ | Seleucia |
| വദീക്യ | Laodicea | സേലാ | Zela |
| ിദ്ദാ | Lidda | സൈപ്രസ് | Cyprus |
| ിത്തോപ്പോലീസ് | Scythopolis | സ്ട്രീദോ | Stride |
| ലാമീസ് | Salamis | ഹിയെരാപ്പൊളീസ് | Hierapolis |
| ർചെള്ളി | Vercelli | ഹെരാക്ലെയാ | Heraclea |
| ാമസോട്ട | Samosata | റിമിനി | Rimini |

Cordoba
Constantinople

Caesarea
Gabala
Gaul
Gaza
Celeda
Caesarea
Tyre
Tarsus
Tyana
Ptolemais
Treves
Der-Balizeh
Nazianzus
Nicomedia
Nicaea
Nitria
Nyssa
Neo Caesarea
Neronia
Panopolis
Palestine
Pityus
Pelusium
Pontus
Oriens
Ptolemais
Phoenicia
Photice

## ചുരുക്കെഴുത്തുകളുടെ പൂർണ്ണരൂപം

എപ്പിഫാനിയൂസ്, പാഷ=പാഷണ്ഡതകാം
എവു. സഭാ.=എവുസേബിയസ്, സഭാചരിത്രം
ജറോം, മഹത്.=മഹത്‌വ്യക്തികാം
ജന്നാഡിയൂസ്, മഹത്.= ,,
തിയഡൊറെററ്, സഭാ.=സഭാചരിത്രം
,, പാഷ=പാഷണ്ഡതാചരിത്രം
പല്ലാഡിയസ്, സംഭാ.=സംഭാഷണം
പ്രഭാ.=പ്രഭാഷണം
ഫിലൊസ്റ്റോർജിയൂസ്, സഭാ.=സഭാചരിത്രം
ഫോസിയസ്, ബിബ്‌ളി.=ബിബ്‌ളിയോത്തേക്കാ
ലേഖ.=ലേഖനം
സൊക്രാട്ടസ്, സഭാ.=സഭാചരിത്രം
സൊസോമൻ, സഭാ.=സഭാചരിത്രം
ഹോ.=ഹോമിലി
Bo=Bibliotheca Orientalis by J. S. Assemani
Cat. Hom.=Catechetical Homilies
Cat. ad Illum. =Catecheses ad illuminandos
Hom. de prod. Jud.=Homiliae de proditione Judae
LH=Liber Heracleides of Nestorius, tr. by G. R. Driver
NPNF2=Nicene and post Nicene Fathers of the Christian Church, Second Series.
PG=Patrologia Graeca
PL=Patrologia Latina
PO=Patrologia Orientalis
SO=Synodicon Orientale, ed. J. B. Chabot, Paris. 1902
Top. Christ.=Christian Topography of Cosmas
WWS=Wort und Wahrheit, Supplement

www.malankaralibrary.com

## Bibliography


Bethune Baker, J. F., Nestorius and his Teaching, Cambridge, 1908.

Campbell, J. M., The Greek Fathers, London–N.Y., 1929.

Cayre, F., Manual of Patrology and History of Theology, tr. by H. Howitt, Paris, 1946.

Cross, F. L., The Oxford Dictionary of the Christian Church, London, 1974.

Deiss, L., Early Sources of the Liturgy, Collegeville (Mn), 1975.

Goodspeed, E. J., A History of Early Christian Literature, Chicago, 1942.

Grillmeier, A. Christ in Christian Tradition, I, London–Oxford 1965.

Hahn, A. Bibliothek der Symbole und Glaubensregeln der alten Kirchen, Hildesheim, 1962.

Hess, H., The Canons of the Council of Sardica, A.D. 343, Oxford 1958.

Holland, D.L., "The Creeds of Nicaea and Constantinople Revisited", Church History, 38 (1969), P. 248–61.

Jurgens, W. A., The Faith of the Early Fathers, Collegeville, 1970.

Kelly, J. N. D., Early Christian Creeds, London, 1972.

Kopecek, T. A., A History of Neo-Arianism, 2 Vols., Cambridge (Mass), 1979.

Leigh, E.-Bennet, Handbook of the Early Christian Fathers, London, 1920.

LH (Driver), = Liber Heracleides of Nestorius, tr. by G.R. Driver, L. Hodgson, Oxford, 1925.

Loofs, F., Nestoriana, Halle, 1905.

Payne, R., The Holy Fire, London, 1958.

Prestige, G. L., Fathers and Heretics, 1940.

Quasten, J., Patrology, Vol. III, Utrect–Antwerp, 1975.

Schulthess, P., Die syrischen Kanones der Synoden Von Nicaea bis Chalcedon, Berlin, 1908.

Simonetti, M., La Crisi Ariana nel IV Secolo, Roma, 1975.

Stevenson, J., A New Eusebius, London, 1957.


,, Creeds, Councils and Controversies, London, 1966.

Tixeront, J., A Handbook of Patrology, tr. by S.A. Raemers, St. Louis, 1934.

Voobus, A., The Synodicon in the West Syrian Tradition I (CSCO, 368) Louvain, 1975.

Wright, A., A History of Later Greek Literature (to A.D. 565), London, 1932.

www.malankaralibrary.com




പശ്ചിമേഷ്യ - പ്രധാന നഗരങ്ങൾ

[ക്രി.വ. ൬൦൦.]

www.malankaralibrary.com




പൗരസ്ത്യ റോമാസാമ്രാജ്യം
പ്രോവിൻസുകളും തലസ്ഥാനങ്ങളും
(ക്രി.വ. 600)

www.malankaralibrary.com

